# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ജനുവരി 30, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 193 –നമ്പർ 3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പത്താം സമ്മേളനം

2024 ജനുവരി 30, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. ഷാജി സി. ബേബി

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

**ഉള്ളടക്കം** **പേജ്**


**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4337-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III അറിയിപ്പ്**

രാഷ്ട്രപിതാവിന്റെ 76-ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായുള്ള അനുസ്മരണം

**IV അടിയന്തരപ്രമേയ നോട്ടീസ്**

ധനപ്രതിസന്ധി

**V ശ്രദ്ധ ക്ഷണിക്കൽ**

(1) വയനാട് ജില്ലയിലെ വന്യജീവി ആക്രമണങ്ങൾ

- ശ്രീ. ഒ. ആർ. കേളു

(2) ട്രാവൻകൂർ സിമന്റ്സ് ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**VI സബ്മിഷൻ**

1. പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. ചെർപ്പുളശ്ശേരിയിൽ ഫയർഫോഴ്സ് യൂണിറ്റ്

- ശ്രീ. പി. മമ്മിക്കുട്ടി

3. കോഴിക്കോട് ജില്ലയിലെ സർവ്വേയർമാരുടെ ക്ഷാമം

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

4. ജൽ ജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം

- ശ്രീ. അൻവർ സാദത്ത്

5. താമരശ്ശേരി ചുരത്തിന് ബദൽ പാത

- ശ്രീ. ഒ. ആർ. കേളു

6. ചിറ്റൂർകടവ് പാലം നിർമ്മാണം

- ശ്രീ. കെ. യു. ജനീഷ് കുമാർ

7. പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

8. വണ്ടൂർ താലൂക്കാശുപത്രിയുടെ പ്രവർത്തനം

- ശ്രീ. എ. പി. അനിൽ കുമാർ

9. അരിയുടെ ടൈഡ് ഓവർ വിഹിത വർദ്ധനവ്

- ശ്രീ. പി. എസ്. സുപാൽ

10. ഹജ്ജ് യാത്രക്കാരുടെ വിമാനക്കൂലി വർദ്ധനവ്

- ശ്രീ. പി. ടി. എ. റഹീം

-ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

**VIII റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

**IX റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

**X ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

**XI അടിയന്തരപ്രമേയ ചർച്ച**

ധനപ്രതിസന്ധി

-ശ്രീ. റോജി എം. ജോൺ

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പത്താം സമ്മേളനം

2024 ജനുവരി 30, ചൊവ്വ

---

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

---

നിയമസഭ 2024 ജനുവരി മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

<u>മി. സ്പീക്കർ</u>: ഓർഡർ......... ഓർഡർ...... ചോദ്യം നമ്പർ (*31)

**നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് നടപടി**

1 (*31) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ പുതുതായി നൽകിയിട്ടുള്ള നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; അവ സംസ്ഥാനത്ത് പ്രാവർത്തികമാണോയെന്ന് അറിയിക്കാമോ;

(സി) കോടതികളിലും ട്രിബ്യൂണലുകളിലുമുള്ള ജി.എസ്.ടി., വാല്യൂ ആഡഡ് ടാക്സ് എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ സ്കീമുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി ചോർച്ച തടയുന്നതിന് രജിസ്ട്രേഷൻ, എക്സൈസ്, നികുതി വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

**രജിസ്ട്രേഷൻ വകുപ്പ്**

2010-ൽ ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020, 2022 എന്നീ വർഷങ്ങളിൽ 10 ശതമാനം വീതവും വർദ്ധിപ്പിക്കുകയുമുണ്ടായി. നിലവിലുള്ള വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാനും നികുതി പിരിവ് കാര്യക്ഷമമാക്കാനുമായി ഭൂമിയുടെ ന്യായവില സമഗ്രമായി പുന:നിർണ്ണയിക്കാൻ റവന്യൂ (ജി) വകുപ്പിന്റെ 14-08-2018-ലെ ജി.ഒ.(എം.എസ്.)നം.302/18/ആർ.ഡി. പ്രകാരം

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില സമഗ്രമായി പുന:നിർണ്ണയിക്കുന്നതിലൂടെ വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനും അതുവഴി നികുതി പിരിവ് കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. ഈ ഉത്തരവുപ്രകാരമുള്ള നടപടികൾ റവന്യൂ വകുപ്പിലാണ് നടന്നുവരുന്നത്. ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ എന്നിവ വില കുറച്ച് രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി 2016-ലെ ഫിനാൻസ് ആക്ടിലൂടെ ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. അതിനുശേഷം 2020 ഏപ്രിൽ 1 മുതൽ ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡമനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവസമാഹരണം

നടത്തുന്നതിനും 23-05-2018-ലെ ജി.ഒ.(പി)നം.74/2018/റ്റി.ഡി. പ്രകാരം ആവിഷ്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 2023 മാർച്ച് 31-ന് അവസാനിച്ചു. ഇതനുസരിച്ചുള്ള വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

**എക്സൈസ് വകുപ്പ്**

എക്സൈസ് വകുപ്പിൽ അനധികൃത മദ്യവ്യാപനം തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന അതിർത്തി പ്രദേശങ്ങൾ വഴി അനധികൃത മദ്യവും കേരളത്തിൽ നികുതി അടയ്ക്കാത്ത അന്യസംസ്ഥാന മദ്യവും കടത്തുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിലെ പരിശോധനയും ചെക്ക്പോസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (കെമു) മുഖേനയുള്ള പരിശോധനകളും ബോർഡർ പട്രോളിംഗ്, ഹൈവേ പട്രോളിംഗ് എന്നിവ ശക്തിപ്പെടുത്തിയിട്ടുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**നികുതി വകുപ്പ്**

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പുനഃസംഘടന നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവ്വീസസ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു.

വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്ക് നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും ജി.എസ്.ടി. നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനുമാവശ്യമായ വിദഗ്ധ പരിശീലനം പ്രഗൽഭരായ പരിശീലകരെ ഉൾപ്പെടുത്തി നൽകിയതിലൂടെ ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നികുതി വരുമാനം വർദ്ധിപ്പിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്റലിജൻസ് വിഭാഗത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനഫലങ്ങൾ ഇതിന് തെളിവാണ്. നികുതി വെട്ടിപ്പുമായി

ബന്ധപ്പെട്ട് സംസ്ഥാനത്തെ ഇൻവെസ്റ്റിഗേഷൻ/ഇന്റലിജൻസ് വിഭാഗം 2021-22 കാലയളവിൽ 35 കേസുകളിൽനിന്നായി 47.58 കോടി രൂപയും 2022-23 കാലയളവിൽ 203 കേസുകളിൽനിന്നായി 445.39 കോടി രൂപയും 2023-24 കാലയളവിൽ ഡിസംബർ 31 വരെ 210 കേസുകളിൽ നിന്നായി 1590.84 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗവും ജി.എസ്.ടി.-യിലെ നികുതി ചോർച്ച തടയുന്നതുമായി ബന്ധപ്പെട്ട് സജീവമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ജി.എസ്.ടി. വകുപ്പുകളുമായി സഹകരിച്ച് ജോയിന്റ് ഓപ്പറേഷൻ നടത്തി, നികുതി വെട്ടിപ്പും വ്യാജ ബിൽ, വ്യാജ രജിസ്ട്രേഷൻ എന്നിവയും തടയുന്നതിനുവേണ്ട ഊർജ്ജിത നടപടികൾ കൂടുതൽ കാര്യക്ഷമമായി നടന്നുവരുന്നു. കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ ഇന്റലിജൻസ് പ്രവർത്തനങ്ങളുടെ രീതി മാതൃകയാക്കുന്നതുമായി ബന്ധപ്പെട്ട് പഠന സംഘങ്ങൾ കേരളത്തിലെത്തിച്ചേരുന്നുവെന്നത് നമ്മുടെ സംവിധാനത്തിന്റെ മികവിനുള്ള അംഗീകാരമാണ്. കഴിഞ്ഞ രണ്ട്

ജി.എസ്.ടി. ഉദ്യോഗസ്ഥ മീറ്റിംഗുകളിലും സെൻട്രൽ ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ സംസ്ഥാന ഇന്റലിജൻസിന്റെ പ്രവർത്തനത്തിന്റെ രീതികൾ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ചൂണ്ടിക്കാണിച്ചതും സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസിന്റെ മികവിന്റെ തെളിവാണ്. ഇതുകൂടാതെ വകുപ്പിൽ പുതുതായി രൂപീകരിക്കപ്പെട്ട ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് വിംഗിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നികുതി ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജി.എസ്.ടി. വിവര കൈമാറ്റവുമായി ബന്ധപ്പെട്ട് കേന്ദ്ര ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോയുടെ നിർദേശങ്ങൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.

(സി) നികുതി അധികാരികൾ പുറപ്പെടുവിക്കുന്ന വിധിനിർണ്ണയ ഉത്തരവുകളിൽ നികുതിദായകർക്ക് അപ്പീലുകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഒന്നാം അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിന്, സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ആറ് ജില്ലകളിലായി ഒന്നാം അപ്പീൽ അധികാരികളെ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അധികാരികൾ ജി.എസ്.ടി. നികുതി നിയമം, മൂല്യ വർദ്ധിത നികുതി നിയമം എന്നിവ ഉൾപ്പെടെ പ്രീ-ജി.എസ്.ടി. ആക്റ്റുകൾക്ക് കീഴിലുള്ള ഒന്നാം അപ്പീലുകൾ തീർപ്പാക്കിവരുന്നു. അഡീഷണൽ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിങ്ങനെ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരെയാണ് ഒന്നാം അപ്പീൽ അധികാരികളായി ചുമതലപ്പെടുത്തിയിട്ടുള്ളത്. മൂല്യവർദ്ധിത നികുതി നിയമം ഉൾപ്പെടെ പ്രീ-ജി.എസ്.ടി. ആക്റ്റുകൾക്ക് കീഴിലുള്ള രണ്ടാം അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ നാല് ജില്ലകളിലായി അപ്പലേറ്റ് ട്രിബ്യൂണലുകൾ നിലവിലുണ്ട്. എന്നാൽ ജി.എസ്.ടി. നിയമപ്രകാരമുള്ള അപ്പലേറ്റ് ട്രിബ്യൂണലുകൾ സ്ഥാപിതമായിട്ടില്ല. ആയതിനാൽ ജി.എസ്.ടി. അപ്പീലുകൾ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഫയൽ ചെയ്യാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് 31-12-2019-ലെ സർക്കാർ

വിജ്ഞാപനപ്രകാരം അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി ട്രിബ്യൂണലുകൾ സ്ഥാപിതമാവുന്ന തീയതി മുതൽ മാത്രം കണക്കാക്കുന്നതിനായി ഉത്തരവിറക്കിയിട്ടുണ്ട്. ഇത് സാധാരണ നികുതിദായകരെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്ര നിയമത്തിന്റെ പ്രശ്നംകാരണം ഇതുവരെ ജി.എസ്.ടി. കൗൺസിൽ അത് നടപ്പാക്കായിട്ടില്ല. എന്നിരുന്നാലും ചില നികുതിദായകർ ജി.എസ്.ടി. ഒന്നാം അപ്പീൽ ഉത്തരവിനെതിരെ നേരിട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിക്കുകയും ചെയ്യുന്നുണ്ട്. ഒന്നാം അപ്പീൽ അധികാരികൾക്ക് മുമ്പാകെയുള്ള എല്ലാ അപ്പീലുകളും വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി വകുപ്പ് ബന്ധപ്പെട്ട അധികാരികൾക്ക് സർക്കുലർ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള നികുതി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ജോയിന്റ് കമ്മീഷണറുടെ കേഡറിലുള്ള വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസ്, അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി പ്രത്യേക ലെയ്സൺ

പ്രവർത്തനം നടത്തിവരുന്നു. നിലവിലെ ബെഞ്ചുകളുടെ സിറ്റിംഗ് എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസിന് മുമ്പാകെ സമർപ്പിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള ഹൈക്കോടതിയിൽ നിലവിൽ 3738 നികുതി കേസുകളും സുപ്രീംകോടതിയിൽ 192 കേസുകളും തീർപ്പാക്കാനുണ്ട്. KVAT അപ്പലേറ്റ് ട്രിബ്യൂണലുകൾ മുമ്പാകെയുള്ള കേസുകളുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

**(ഡി) രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയംതന്നെ ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നുണ്ട്. ആയതിനാൽ ആധാര രജിസ്ട്രേഷൻമൂലം നികുതി കുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ ടി ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി ആധാരങ്ങളിന്മേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യാറുണ്ട്. അത് പിരിച്ചെടുക്കുന്നതിനായി കേരള മുദ്രപത്ര നിയമത്തോടനുബന്ധിച്ചുള്ള

\+ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

1968-ലെ പി.യു.വി.ഐ. ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**എക്സൈസ് വകുപ്പ്**

അബ്കാരി കുടിശ്ശിക തീർപ്പാക്കുന്നതിന് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 2024 ജനുവരി വരെയാണ് ഈ സ്കീം പ്രാബല്യത്തിലുള്ളത്.

**നികുതി വകുപ്പ്**

നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല. എന്നാൽ റവന്യൂ റിക്കവറി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിൽ എല്ലാ ജില്ലകളിലും റവന്യൂ റിക്കവറിക്കായി പ്രത്യേക വിഭാഗം രൂപീകരിക്കുകയും കാര്യക്ഷമമായ രീതിയിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക സമീപനങ്ങൾക്കിടയിലും നമ്മുടെ വിഭവശേഷിയെ

പരമാവധി ഉപയോഗപ്പെടുത്തി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് നല്ല നിലയിലുള്ള ഊർജ്ജം പകരാൻ ധനകാര്യ വകുപ്പിന് സാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. വിവിധ സോഴ്സുകളിൽനിന്ന് പണം കണ്ടെത്താനുള്ള സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ അഭിനന്ദനം അർഹിക്കുന്നു. എന്റെ ചോദ്യം, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വില്പന നടക്കുന്നത് സ്വർണ്ണ വ്യാപാര മേഖലയിലാണ്. എന്നാൽ കേരളത്തിലെ സ്വർണ്ണ വ്യാപാര മേഖലയുടെ ടേൺ ഓവർ അനുസരിച്ചുള്ള നികുതി വരുമാനം സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നില്ല. സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി ചോർച്ച തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണ്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നികുതി ചോർച്ച തടയുന്നതിന് വിവിധ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചാണ് മറുപടിയിൽ പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ഏറ്റവും അവസാനം സ്വർണ്ണ വ്യാപാര മേഖലയെക്കുറിച്ചുള്ള ചോദ്യമാണ് പ്രത്യേകമായി ചോദിച്ചത്. സ്വർണ്ണവ്യാപാര മേഖലയിൽ ഓരോ ഉൽപ്പന്നത്തിനും പ്രത്യേകമായി HSN

(Harmonized System of Nomenclature) നമ്പർ കോഡുകളില്ലാത്തതിനാൽ കൃത്യമായ കണക്ക് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. നിലവിൽ ഈ മേഖലയിൽനിന്നും ലഭിക്കുന്ന നികുതി വരുമാനം നേരത്തെ ഉണ്ടായിരുന്നതിനേക്കാളും കുറവാണ്. നേരത്തെ 5% ആയിരുന്നു നികുതി. ജി.എസ്.ടി. വന്നതിനുശേഷം അത് 3% ആയി. അതിൽ ഒന്നര ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. അതുപോലെ സ്വർണ്ണ വ്യാപാര മേഖലയിൽ ഇ-വേ ബിൽ സംവിധാനമില്ലാത്തതിനാൽ കൃത്യമായ കണക്ക് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്. അതുമൂലം നികുതി വെട്ടിപ്പുമുണ്ടാകുന്നുണ്ട്. സ്വർണ്ണം വിലപിടിപ്പുള്ള വസ്തുവായതിനാൽ അത് പരസ്യമായി കൊണ്ടുവരാൻ സാധിക്കില്ല. ഡൽഹി, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും സ്വർണ്ണം കൊണ്ടുവരുമ്പോൾ ഇ-വേ ബിൽ നേരത്തെ എടുത്താൽ വഴിമദ്ധ്യേ തട്ടിയെടുക്കാനോ ആക്രമിക്കപ്പെടാനോ സാഹചര്യമുണ്ടാകുമെന്ന കാരണത്താലാണ് ഈ സംവിധാനം നടപ്പാക്കാത്തത്. എന്നാൽ ഇക്കാര്യത്തിൽ കേരളം നിരന്തരം ഇടപെട്ടതിന്റെ ഫലമായി മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ

കാലത്ത് ജി.എസ്.ടി. കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായി ചുമതലയേറ്റെടുത്തശേഷവും ആ കമ്മിറ്റി പ്രവർത്തിച്ചിരുന്നു. സർക്കാരിന്റെ നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി സ്വർണ്ണ വ്യാപാര മേഖലയിൽ ഇ-വേ ബിൽ സംവിധാനം കൊണ്ടുവരണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഇൻട്രാസ്റ്റേറ്റ് (സ്റ്റേറ്റിനകത്തുള്ള) വ്യാപാരത്തിന് മാത്രം ഇ-വേ ബിൽ മതിയെന്നും ഇന്റർസ്റ്റേറ്റ് വ്യാപാരത്തിന് വേണ്ടെന്നുമാണ് അവർ സമ്മതിച്ചിട്ടുള്ളത്. അതുപ്രകാരം രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ നിർബന്ധമാക്കും. ഇക്കാര്യത്തിൽ സെൻട്രൽ ജി.എസ്.ടി. വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിക്കാനുണ്ട്. ഇ-വേ ബിൽ ഏർപ്പെടുത്തിയതുകൊണ്ടുമാത്രം ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. സ്വർണ്ണം വളരെ ചെറിയൊരു ഉൽപ്പന്നമായതുകൊണ്ട് എയർപോർട്ടിലൂടെയും മറ്റും കടത്തിക്കൊണ്ടു പോകുന്നുണ്ട്. ഇത് കണ്ടുപിടിക്കുന്നതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് ധാരാളം ഓപ്പറേഷനുകൾ നടത്തിയിട്ടുണ്ട്. കണക്കിൽപ്പെടാത്ത സ്വർണ്ണം

കണ്ടെത്താൻ പ്രയാസമാണ്. അതിനാൽ കൃത്യമായി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മുപ്പതോളം കടകളിൽ റെയ്ഡുകളും പരിശോധനകളും നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തിയതിലൂടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. സ്വർണ്ണക്കച്ചവടത്തിൽ ബിൽ അടിക്കുമ്പോൾതന്നെ വിവരങ്ങൾ നേരിട്ട് സോഫ്റ്റ്‌വെയറിലേയ്ക്ക് എത്തുന്ന സംവിധാനമുണ്ടായാൽ മാത്രമേ നികുതി കൂടുതൽ ലഭ്യമാകുകയുള്ളൂ. എച്ച്.എസ്.എൻ. നമ്പർ കോഡിന്റെ കാര്യങ്ങളെ സംബന്ധിച്ചും കേന്ദ്രസർക്കാരിൽ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായാണ് ഇൻട്രാസ്റ്റേറ്റ് സ്വർണ്ണ വ്യാപാരത്തിന് ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയത്. ഇക്കാര്യങ്ങളിൽ ഇടപെടുകയും പരിശോധനകൾ കൃത്യമായി നടത്തുകയും ചെയ്യുന്നതിലൂടെ ധാരാളം പുരോഗതിയുണ്ടായിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ഐ.ജി.എസ്.ടി. വിഹിതം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതിൽ നിലവിലുള്ള അശാസ്ത്രീയത വളരെ കൃത്യമായി നമുക്ക് ബോധ്യപ്പെടുന്നതാണ്. കേരളത്തിന് ഐ.ജി.എസ്.ടി. വിഹിതം കൃത്യസമയത്ത് ലഭിക്കുന്നതിന് ഇപ്പോഴും പല തടസ്സങ്ങളുണ്ട്. അവ

പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഐ.ജി.എസ്.ടി. നടപ്പാക്കിയതുമുതൽ ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ കാര്യങ്ങൾ ഉന്നയിക്കുന്നതും ഇടപെട്ടുകൊണ്ടിരിക്കുന്നതും സംസ്ഥാന ഗവൺമെന്റാണ്. ആദ്യഘട്ടത്തിൽ അൺക്ലെയിമ്ഡായിട്ടുള്ള ഐ.ജി.എസ്.ടി. വിഹിതം വളരെ കൂടുതലായിരുന്നു, അത് ഡിവൈഡ് ചെയ്യുന്നൊരു പൂൾ ഉണ്ട്. സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. വിഹിതം ലഭിക്കുന്നത് എങ്ങനെയാണെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതാണ്. മുമ്പ് കേരളത്തിൽനിന്ന് 100 രൂപയുടെ ഒരു സാധനം വാങ്ങുമ്പോൾ സെയിൽസ് ടാക്സായി ഈടാക്കുന്ന 10 രൂപ മുഴുവനായും നമുക്ക് ലഭിക്കുമായിരുന്നു. എന്നാൽ ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ആ 10 രൂപയിൽ 5 രൂപ കേന്ദ്രത്തിനും 5 രൂപ സംസ്ഥാനത്തിനുമായിട്ടാണ് ലഭിക്കുന്നത്. മറ്റ് സംസ്ഥാനത്തുനിന്നും ഒരു ഉൽപ്പന്നം കേരളത്തിലേയ്ക്ക് അയച്ചാൽ അതിന്റെ ജി.എസ്.ടി.-യുടെ പകുതി കേന്ദ്രഗവൺമെന്റിനും

പകുതി കേരളത്തിനും ലഭിക്കണം; ഈ തുക ട്രാൻസ്ഫർ ചെയ്തു വരണം. എന്നാൽ പലപ്പോഴും അക്കൗണ്ടിംഗ് കൃത്യമാകാത്തതുകൊണ്ട് നമുക്ക് നികുതി വിഹിതം യഥാസമയം ലഭിക്കുന്നില്ല. അത് അൺക്ലെയിമ്ഡ് പൂളിൽ ഉണ്ടായിരിക്കും. ഐ.ജി.എസ്.ടി. വിഹിതം കുറഞ്ഞുവരുന്നതിനാൽ ഇതിൽ കൃത്യത വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്റ്റേറ്റുകളിൽ ഒന്നാണ് കേരളം. കോടതികളുടെ കാര്യം ഞാൻ മറുപടിയിൽ സൂചിപ്പിച്ചിരുന്നു. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ഇതുവരെ അപ്പലേറ്റ് ട്രിബ്യൂണലുകൾ ആരംഭിച്ചിട്ടില്ല. 5 വർഷം മുമ്പുള്ള കേസുകൾ പരിഗണിക്കാൻ ഇപ്പോഴും ട്രിബ്യൂണലുകളില്ല. ഏറ്റവും അവസാനം കൂടിയ ജി.എസ്.ടി. കൗൺസിലിൽ ട്രിബ്യൂണലിനെ നിയമിക്കാൻ തീരുമാനിച്ചെങ്കിലും ഒരു സ്ഥലത്തും നിയോഗിച്ചിട്ടില്ല. അതുകൊണ്ട് കേസുകളുടെ കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുകയാണ്. പുതിയ സമ്പ്രദായം വന്നപ്പോൾ നികുതി ഡിവൈഡ് ചെയ്യുന്ന കാര്യത്തിലും പ്രശ്നമുണ്ട്. ഓരോ ജി.എസ്.ടി. കൗൺസിൽ യോഗത്തിലും പുതിയ നിർദ്ദേശങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്; ഇപ്പോഴും അത് പൂർണ്ണമായിട്ടില്ല. സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി.

നൽകണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. അതിൽ ചെറിയ പുരോഗതിയുണ്ടായെങ്കിലും ഇപ്പോഴും പൂർണ്ണമായിട്ടില്ല. നമ്മുടെ ഐ.ടി. സിസ്റ്റം ഡെവലപ് ചെയ്യുന്നതിന് ഹരിയാന ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ അദ്ധ്യക്ഷനായുള്ള ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുവിൽ ഐ.ടി. ഫെസിലിറ്റി ഉപയോഗിച്ച് ഇക്കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനെപ്പറ്റിയാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ആമസോൺ, ഫ്ലിപ്കാർട്ട് പോലുള്ള കമ്പനികൾ ഓൺലൈനിലൂടെ വിൽക്കുന്ന സാധനങ്ങൾ പലപ്പോഴും നികുതിയുടെ പരിധിയിൽ വരാറില്ല. ചെറുകിട കച്ചവടക്കാരെയും ഇത് ബാധിക്കുന്നുണ്ട്, കാരണം ടാക്സ് ഉണ്ടോ ഇല്ലയോ എന്നുള്ളത് അവർ അറിയുന്നില്ല. ജി.എസ്.ടി. വന്നതിനുശേഷം വ്യാപാര രംഗത്ത് ധാരാളം പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങി കേരളത്തിലേയ്ക്ക് അയച്ചാൽ നികുതി വിഹിതം നമുക്ക് ലഭിക്കണമെന്നതാണ് നിയമം. ഇക്കാര്യങ്ങളിലെല്ലാം ചില പരിമിതികളുണ്ട്. എന്നാൽ ഇപ്പോൾ കുറച്ച് വ്യത്യാസം വന്നിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക്

ഐ.ജി.എസ്.ടി. എത്രയാണെന്ന് കൃത്യമായി അറിയാൻ സാധിക്കുന്നില്ല. ഐ.ജി.എസ്.ടി.-യുടെ കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് എത്ര നഷ്ടം വരുന്നുവെന്നറിയാനുള്ള കണക്കുകളില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇക്കാര്യം സംബന്ധിച്ച നിയമങ്ങളും അവകാശങ്ങളുമെല്ലാം കേന്ദ്രത്തിന്റെ കൈയിലാണ്. ജി.എസ്.ടി. നിലവിൽ വരുന്ന സമയത്തുതന്നെ ഇതുസംബന്ധിച്ച് ഞങ്ങളുടെ ആശങ്ക രേഖപ്പെടുത്തിയിരുന്നു. അന്ന് ജി.എസ്.ടി. നല്ലതാണെന്ന് അഭിപ്രായപ്പെട്ട പല സംസ്ഥാനങ്ങളും ഇപ്പോൾ അതിനെതിരെ പറയുന്നുണ്ട്. ഇപ്പോഴും ഇക്കാര്യത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ഓരോ ജി.എസ്.ടി. കൗൺസിൽ മീറ്റിംഗ് കഴിയുമ്പോഴും പഴയതിനേക്കാളും കൂടുതൽ ഇംപ്രൂവ് ചെയ്തുവരുന്നുണ്ട്. ഐ.ജി.എസ്.ടി. പ്രശ്നം ശക്തമായി ഉന്നയിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇ-വേ ബിൽ മാത്രമല്ല, കുറച്ചുകൂടി വ്യക്തമായ കണക്കുണ്ടാകുന്ന തരത്തിലുള്ള സംവിധാനമാണുണ്ടാകേണ്ടത്. അതുകൊണ്ട് മുഴുവൻ ആക്ടിവിറ്റീസും സോഫ്റ്റ്‌വെയറിലാക്കി വ്യക്തമായ കണക്കുണ്ടാക്കണമെന്ന തരത്തിലുള്ള ചർച്ചകൾ ഉയർന്നുവരുന്നുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ കാരണം സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മി ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവ നിഷേധിക്കുന്നതുമൂലമുണ്ടായ കുറവ് നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമുക്ക് അക്കാര്യത്തിൽ വലിയ കുറവാണുണ്ടായിട്ടുള്ളത്, അതാണ് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. റവന്യൂ കമ്മി ഗ്രാന്റും ജി.എസ്.ടി. കോമ്പൻസേഷനും കേന്ദ്രഗവൺമെന്റ് ഏകപക്ഷീയമായി നിർത്തലാക്കി. എന്നാൽ അത് നിർത്തേണ്ടതാണെന്ന് വാദിക്കുന്നവർ നമ്മുടെ സഭയിൽത്തന്നെയുണ്ട്. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷമുള്ള ആദ്യത്തെ രണ്ടുവർഷക്കാലം കോവിഡുകാരണമുള്ള വലിയ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. ഇന്ത്യയിലാകമാനമുള്ള വ്യാപാരം തകരുന്ന തരത്തിലേയ്ക്ക് കോവിഡ് മഹാമാരിയും കേരളത്തിൽ അതുകൂടാതെ പ്രളയവുമുണ്ടായി. ഇന്ത്യയിലാകെയുള്ള വാണിജ്യരംഗത്തിന്റെ വളർച്ചയെ ഇതൊക്കെ

ബാധിച്ചിട്ടുണ്ട്. കൂടാതെ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ചതും സംസ്ഥാനങ്ങളെ ബാധിച്ചു. നേരത്തെ 16 ശതമാനം നികുതിയുണ്ടായിരുന്നത് 11 ശതമാനമായി ചുരുക്കിയെങ്കിലും അതിന്റെ ഗുണം ഉപഭോക്താക്കൾക്കല്ല വലിയ കമ്പനികൾക്കാണ് ലഭിച്ചതെന്നതിന്റെ ശാസ്ത്രീയ പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. നികുതിയിലും ഗ്രാന്റിലും കുറവ് വരുത്തിയത് എല്ലാ സംസ്ഥാനങ്ങളേയും ബാധിച്ചിട്ടുണ്ട്. കൂടാതെ സാമ്പത്തിക രംഗ<u>ത്തു</u>ണ്ടാകുന്ന ഓരോ പ്രശ്നങ്ങളും നമ്മെ ബാധിക്കുന്നുണ്ട്. അതിനെ നേരിടാൻ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നികുതിശേഖരണം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. നികുതി വർദ്ധിപ്പിച്ചിട്ടില്ലെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. നികുതി വർദ്ധിപ്പിക്കാൻ നമുക്ക് അവകാശമില്ല. ജി.എസ്.ടി. കൗൺസിലിന് മാത്രമേ നികുതി തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. രണ്ട് വർഷംകൊണ്ട് ഏകദേശം 24000 കോടി രൂപയാണ് നികുതി ഇനത്തിൽ

അവർ വർദ്ധിപ്പിച്ചത്. അതുകൊണ്ടാണ് നമുക്ക് ചെലവുകൾ ചുരുക്കാതെ മുന്നോട്ടുപോകാൻ സാധിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടന പ്രാബല്യത്തിൽ വന്നതിനുശേഷം കേരളത്തിലെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ചെക്ക് പോസ്റ്റുകളുടെ അഭാവം പരിഗണിച്ചുകൊണ്ട് വാഹനങ്ങളിൽ വരുന്ന ചരക്കുകളുടെ യഥാർത്ഥ വിവരം മനസ്സിലാക്കുന്നതിനും ഇ-വേ ബിൽ തട്ടിപ്പ് പരിഹരിക്കുന്നതിനും എ.ഐ. ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളുടെ സാധ്യത സർക്കാർ പരിഗണിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾത്തന്നെ സംസ്ഥാന അതിർത്തികളിൽ വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് നോക്കി ഇ-വേ ബിൽ അസസ്സ് ചെയ്യാവുന്ന, എ.ഐ. ടെക്നോളജിയുടെ പ്രാഥമിക രൂപമെന്ന തരത്തിലുള്ള സംവിധാനമുണ്ട്. പക്ഷേ ഏതൊക്കെ ടെക്നോളജി വന്നാലും തട്ടിപ്പ് നടത്തുന്നവർ അത് തുടർന്നുകൊണ്ടേയിരിക്കും. തട്ടിപ്പ് ഒരിക്കലും ഇല്ലാതാകുമെന്ന് നമ്മൾ കരുതരുത്. ജി.എസ്.ടി. പ്രാവർത്തികമായാൽ

കാര്യങ്ങളെല്ലാം കംപ്യൂട്ടർ വഴിയായതിനാൽ സുതാര്യമായിരിക്കുമെന്നാണ് ആദ്യം വിചാരിച്ചത്. പക്ഷേ ഏത് രീതി വന്നാലും തട്ടിപ്പുണ്ടാകും. ഉദാഹരണത്തിന് 100 ചാക്ക് സാധനം കൊണ്ടുവരുന്നുവെന്ന് ഇ-വേ ബില്ലിൽ ഉണ്ടെങ്കിലും അതിനകത്തുള്ള സാധനത്തിന്റെ ക്വാണ്ടിറ്റിയിൽ വ്യത്യാസം വന്നാൽ അറിയാൻ സാധിക്കുകയില്ല. അതിന് കുറച്ചുകൂടി ഫിസിക്കലായ പരിശോധന വേണ്ടിവരും. തട്ടിപ്പിന്റെ സാധ്യത എപ്പോഴുമുള്ളതിനാൽ അത് തടയാൻ നിരന്തര പരിശോധനകൾ നടത്തണം. എ.ഐ. അടക്കമുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ആധുനികവൽക്കരിച്ചുകൊണ്ടിരിക്കണം. ആ കാഴ്ചപ്പാടോടുകൂടിയാണ് വകുപ്പ് പ്രവർത്തിക്കുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.9 ശതമാനമായിരുന്നത് പടിപടിയായി കുറഞ്ഞ് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ 1.92 ശതമാനമായി. പതിനാറാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ തുടക്കം

കുറിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ധനകാര്യ കമ്മീഷൻ വിഹിതം വർദ്ധിപ്പിച്ചു കിട്ടുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഭരണഘടനാപരമായി നിശ്ചയിക്കപ്പെടുന്ന ഒന്നാണ് ധനകാര്യ കമ്മീഷൻ. ആ ധനകാര്യ കമ്മീഷനെ നിയമിച്ചതിനെത്തുടർന്നുണ്ടായ പല കാര്യങ്ങളും ഇപ്പോൾ സാമൂഹികമാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെടുകയാണ്. കഴിഞ്ഞ ദിവസം കർണ്ണാടക മുഖ്യമന്ത്രിയുടെ ശ്രദ്ധേയമായ ഒരു ട്വീറ്റ് കാണാനിടയായി. പിന്നീട് മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും അതുപോലെ അഭിപ്രായപ്പെടുകയുണ്ടായി. പതിനാലാം ധനകാര്യ കമ്മീഷനെ നിശ്ചയിച്ച സമയത്ത് കേന്ദ്ര ഗവൺമെന്റ് കളക്ട് ചെയ്യുന്ന നികുതിയിൽനിന്നും 42 ശതമാനം സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നത് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പി.എം.ഒ. (പ്രൈം മിനിസ്റ്റേഴ്സ് ഓഫീസ്)-യിൽ നിന്നാണെന്ന് പറഞ്ഞ് അന്നത്തെ ധനകാര്യ കമ്മീഷന്റെ ചെയർമാനെ വിളിച്ച് സംസാരിച്ചു. ഇപ്പോൾ നീതി ആയോഗിന്റെ സി.ഇ.ഒ.

ആയി ചുമതല വഹിക്കുന്ന ഒരു വ്യക്തിയാണ് ഇക്കാര്യം പറഞ്ഞത്. അത് വലിയ ചർച്ചയായി വരികയും ചെയ്തു. ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രിതന്നെ ഇക്കാര്യം സംബന്ധിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. അതുപോലെ മറ്റ് പല സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുടെ അഭിപ്രായവും വന്നു. സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം വെട്ടിക്കുറയ്ക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. കഴിഞ്ഞ ധനകാര്യ കമ്മീഷൻ വന്നപ്പോൾ നികുതിയെ മാത്രമല്ല, പാർലമെന്ററി സിസ്റ്റത്തിലെ റെപ്രസെന്റേഷനെപ്പോലും ദൂരവ്യാപകമായി ബാധിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയുണ്ടായി. നികുതി വിതരണത്തിന് 1971-ലെ ജനസംഖ്യയായിരുന്നു അടിസ്ഥാനമായെടുത്തിരുന്നതെങ്കിൽ, 2011-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ധനകാര്യ കമ്മീഷൻ നികുതി വിതരണം നടത്തിയത്. 1971-ൽ ജനസംഖ്യാ നിയന്ത്രണത്തിന്റെ കണ്ടീഷൻ അംഗീകരിച്ചതനുസരിച്ച് എല്ലാ തരത്തിലുള്ള വികസനങ്ങളും വരുമെന്ന് വിശ്വസിച്ച സംസ്ഥാനങ്ങളുണ്ട്. കേരളമടക്കമുള്ള സംസ്ഥാനങ്ങളിലെ നിലവിലെ ജനസംഖ്യയെ ഭാഗിച്ച് ആകെ പാർലമെന്റ്

സീറ്റുകളെ കണക്കുകൂട്ടിയാൽ 20 എന്നുള്ളത് പന്ത്രണ്ടോ പതിമൂന്നോ ആയി ചുരുങ്ങാം. 2011-ലെ ജനസംഖ്യയെ അടിസ്ഥാനമാക്കിയതിലൂടെ അത്തരം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകാമെന്ന പ്രശ്നവുമുണ്ട്. അതിനെ കേരളത്തിലെ പ്രതിപക്ഷമുൾപ്പെടെയുള്ളവർ വിമർശിച്ചിട്ടുള്ളതാണ്. മാത്രമല്ല പതിനഞ്ചാം ധനകാര്യ കമ്മീഷൻ കൊണ്ടുവന്ന പല ക്രൈറ്റീരിയയും കേരളത്തിനെതിരായിരുന്നു. കേരളത്തിലെ ആളോഹരി വരുമാനം ഉയർന്നതിനാൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളുമുണ്ട്, അതുകൊണ്ട് കൂടുതൽ പണം നൽകേണ്ടെന്ന തരത്തിലേയ്ക്ക് വന്നു. പക്ഷേ കേരളത്തിന്റെ സവിശേഷ പ്രശ്നങ്ങളൊന്നും അവർ വിലയിരുത്തിയിട്ടില്ല. കേരളത്തിൽ മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ജെറിയാട്രിക് ഡിസീസും കൂടുന്നുണ്ട്. കേരളത്തിലെ മിനിമം കൂലി ഇന്ത്യയുടെ ശരാശരിയേക്കാൾ മൂന്നിരട്ടിയാണ്, ഇവിടെ സ്ഥലം വാങ്ങാനും നിർമ്മാണ പ്രവർത്തനങ്ങൾക്കും കൂടുതൽ പണം ആവശ്യമാണ്. ഇത്തരത്തിൽ എല്ലാ കാര്യങ്ങൾക്കും ഇവിടെ ചെലവ് കൂടുതലാണ്. ബീഹാറിലോ, മദ്ധ്യപ്രദേശിലോ ഒരു സെന്റ് ഭൂമിക്ക് നൽകുന്ന വിലയുടെ

മൂന്നിരട്ടി കൊടുത്താലും ഇവിടെ അത്രയും സ്ഥലം ലഭിക്കുകയില്ല. അവിടെ ഒരു തൊഴിലാളിക്ക് കൊടുക്കുന്ന കൂലിയുടെ മൂന്നിരട്ടി കൊടുത്താലും ഇവിടെ തൊഴിലാളികളെ ലഭിക്കുകയില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ പരിഗണിക്കാതെയാണ് ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചത്. നികുതി വിഹിതം കുറഞ്ഞതും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുൾപ്പെടെ നമുക്ക് പോകേണ്ടി വന്നത് ഇതിന്റെ ഭാഗമായാണ്. അതുമാത്രം പോരാ, നമ്മൾ ഒരുമിച്ചുനിന്ന് കേരളത്തിനുവേണ്ടി വാദിക്കണം. അതിനാണ് എട്ടാം തീയതി ഡൽഹിയിൽ നടക്കുന്ന പ്രക്ഷോഭത്തിൽ പങ്കെടുക്കണമെന്ന് എല്ലാവരോടും അപേക്ഷിച്ചത്. പക്ഷേ നിങ്ങൾക്ക് മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു. (...ബഹളം....) പ്രക്ഷോഭം ആണെങ്കിൽ വരുന്നില്ല, സമ്മേളനം ആണെങ്കിൽ വരാമെന്നാണോ നിങ്ങൾ പറയുന്നത്; എന്താണ് കാര്യം? എന്തായാലും അത് പ്രക്ഷോഭമാണ്, ഇന്ത്യാ ഗവൺമെന്റിന്റെ നിലപാടിനെതിരെ അതിശക്തമായ സമരം നടത്താനാണ് ഡൽഹിയിൽ പോകുന്നത്. പേരിന്റെ

കാര്യത്തിലാണ് കോൺഗ്രസ്സ് നേതാക്കൾക്ക് സംശയമെങ്കിൽ അക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് ആലോചിച്ച് തീരുമാനമെടുക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ജി.എസ്.ടി. വന്നതോടുകൂടി അതിർത്തിയിൽ നേരത്തെയുണ്ടായിരുന്ന ചെക്ക്പോസ്റ്റുകൾ അടഞ്ഞുകിടക്കുകയാണ്. ഇതുവഴി അധികൃതവും അനധികൃതവുമായി ധാരാളം ചരക്കുകൾ വരികയും ഈയിനത്തിൽ വളരെയധികം നികുതി ചോർച്ച സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള നികുതി ചോർച്ച തടയുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളെന്തൊക്കെയാണ്; പ്രസ്തുത നടപടികളുടെ ഫലപ്രാപ്തി സംബന്ധിച്ച പരിശോധന നടത്തപ്പെടുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇ-വേ ബിൽ വന്നതിനാൽ ചെക്ക് പോസ്റ്റുകളിൽ പഴയരീതിയിൽ വാഹനങ്ങൾ തടഞ്ഞുള്ള പരിശോധന വളരെയധികം കുറവാണ്. ഒരു വാഹനം അതിർത്തി കടന്നുവരുമ്പോൾ വാഹന നമ്പർ മനസ്സിലാക്കിയാൽ പ്രസ്തുത വാഹനത്തിലുള്ള ഉൽപന്നം എന്താണെന്നും എത്രമണിക്ക് ലോഡ് ചെയ്തെന്നും അത് എവിടേയ്ക്കാണ്

കൊണ്ടുപോകുന്നതെന്നുമുൾപ്പെടെയുള്ളവ നിലവിലുള്ള സംവിധാനത്തിൽ അറിയാൻ സാധിക്കുമെങ്കിലും തട്ടിപ്പ് ഇപ്പോഴും നടക്കുന്നുണ്ട്. ഇത് പൂർണ്ണമായും അവസാനിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ നികുതി തട്ടിപ്പിനെതിരെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനായി ക്യാമറ സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ഫിസിക്കൽ വെരിഫിക്കേഷൻ കൂടുതലായി നടത്തേണ്ടതാണെന്നാണ് അനുഭവത്തിൽനിന്നും മനസ്സിലാകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 'One Nation One Tax' എന്ന ആശയം ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഒരു രാത്രിയിൽ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽവച്ച് പ്രഖ്യാപിച്ചതും യാതൊരുവിധ ഗൃഹപാഠവും അവധാനതയുമില്ലാതെ നടപ്പാക്കിയതുമാണ്. അന്നുതന്നെ ഞങ്ങളെല്ലാവരും വളരെ ശക്തമായി ഇതിനെ എതിർത്തതുമാണ്. പ്രസ്തുത ആശയം നല്ലതാണെങ്കിലും ഒരു മുന്നൊരുക്കവുമില്ലാതെ നടപ്പാക്കിയതുമൂലമുണ്ടായ പ്രയാസം രാജ്യത്തൊട്ടാകെ ഇപ്പോഴും തുടരുകയാണ്. മാത്രമല്ല, കേരളത്തെ സംബന്ധിച്ച് വാറ്റ്-ൽനിന്നും ജി.എസ്.ടി.-യിലേയ്ക്ക് മാറാൻ സമയമുണ്ടായിട്ടും

കഴിഞ്ഞ ആറ് വർഷമായിട്ടും ഒരു വിധത്തിലുള്ള മുന്നൊരുക്കവും സംസ്ഥാനം നടത്തിയില്ല. തത്ഫലമായി അർഹതപ്പെട്ട നികുതി വരുമാനം സംസ്ഥാനത്തിന് ലഭ്യമാകുന്നില്ല. എന്നാൽ നമ്മുടെ ചെലവ് കുറയുന്നുമില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുകയും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുകയും ചെയ്താൽ മാത്രമേ ഒരു ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇവിടെ സംഭവിക്കുന്നത് എന്താണ്? വാറ്റ്-ൽനിന്നും ജി.എസ്.ടി.-യിലേയ്ക്ക് മാറുന്ന സാഹചര്യത്തിൽ ആവശ്യമായ മുന്നൊരുക്കം നടത്താത്തതിനാൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിക്കാതിരിക്കുകയും അനാവശ്യ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കേന്ദ്രഗവൺമെന്റിനെതിരെ സമരം നടത്തുമെന്ന് നിങ്ങൾ പ്രഖ്യാപിച്ചിട്ട് അതിപ്പോൾ സമ്മേളനമാക്കി മാറ്റിയിരിക്കുകയാണ്. സായിപ്പിനെ കണ്ടപ്പോൾ കവാത്ത് മറന്നതുപോലെയുള്ള സ്ഥിതിയാണ്. ഇ.ഡി. വന്നുവെന്ന് കേട്ടപ്പോൾത്തന്നെ സമരം സമ്മേളനമാക്കി മാറ്റിക്കൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ധനകാര്യ മാനേജ്മെന്റിലുണ്ടായിട്ടുള്ള പിഴവും അനാവശ്യ ധൂർത്തും കേരളത്തെ വൻതോതിലുള്ള കടക്കെണിയിലേയ്ക്ക് എത്തിച്ചുവെന്ന ഞങ്ങളുടെ പ്രധാനപ്പെട്ട ആരോപണം അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വാറ്റ് സമ്പ്രദായത്തിൽനിന്നും ജി.എസ്.ടി.-യിലേയ്ക്ക് വന്നപ്പോൾ ഞങ്ങളെല്ലാം ഇത്തരത്തിലുള്ള ആശങ്കകൾ ഉന്നയിച്ചതാണ്. ജി.എസ്.ടി. കൊണ്ടുവരുന്നതിന് ശക്തമായി അനുകൂലിച്ചത് ആരാണ്? ഇത് നിങ്ങളുടെ കുഞ്ഞാണ്, അങ്ങയുടെ പാർട്ടിയുടെ അഖിലേന്ത്യാ തലത്തിലുള്ള ഗവൺമെന്റിന്റെ സൃഷ്ടിയാണ്, ആ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടക്കമിട്ടതാണ്. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ധനകാര്യ അവസ്ഥ വളരെയധികം പരിതാപകരമാണെന്ന് അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. പി. ചിദംബരം ഉൾപ്പെടെയുള്ളവർ കഴിഞ്ഞയാഴ്ച ചെന്നൈയിൽ വച്ചുനടന്ന ഒരു സെമിനാറിൽ പറഞ്ഞിരുന്നു. മൊത്തം റവന്യൂ റെസീപ്റ്റിൽ കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭ്യമാകുന്നത് 29 ശതമാനം മാത്രമാണ്,

ബാക്കിവരുന്ന 71 ശതമാനം സംസ്ഥാനം തനതായി കണ്ടെത്തേണ്ടതാണ്. നേരത്തെ ഈ അനുപാതം 46 ശതമാനമായിരുന്നു. 70 ശതമാനംവരെ ലഭ്യമാകുന്ന സംസ്ഥാനങ്ങളും ഇന്ത്യയിലുണ്ട്. നികുതി വിഹിതം ഇത്രയും കുറച്ച് ലഭ്യമായാൽ ഒരു സംസ്ഥാനത്തിന് എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന ആശങ്ക ശ്രീ. പി. ചിദംബരംതന്നെ പരസ്യമായി അവിടെ ഉന്നയിച്ചതാണ്. അദ്ദേഹത്തിന് ഇപ്പോൾ ഇക്കാര്യങ്ങളെല്ലാം മനസ്സിലാകുന്നുണ്ട്. എന്നാൽ ഈ സംവിധാനത്തിന് തുടക്കമിട്ടപ്പോഴേ ഞങ്ങളെല്ലാം ഇത്തരം ആശങ്ക പങ്കുവച്ചിട്ടുണ്ട്. ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയ ജി.എസ്.ടി. നിയമത്തെയും ജി.എസ്.ടി. കൗൺസിലിനെയും സംബന്ധിച്ച് രാജ്യസഭയുടെ സെലക്ട് കമ്മിറ്റിയിൽ വിയോജിപ്പ് രേഖപ്പെടുത്തിയത് ഞാനും സഖാവ് ഡി. രാജയും മാത്രമാണ്. ആ പേപ്പർ ആവശ്യമെങ്കിൽ നിങ്ങൾക്ക് തരാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡോ. ടി. എം. തോമസ് ഐസക് ഇതിനെ അനുകൂലിച്ചിരുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജി.എസ്.ടി. സംവിധാനം കൃത്യമായി നടപ്പാക്കുകയാണെങ്കിൽ സംസ്ഥാനത്തിന് നികുതി വരുമാനം വർദ്ധിക്കാമെന്ന സാങ്കേതികമായ കാര്യം ഞങ്ങൾ ഇതുസംബന്ധിച്ച ചർച്ചകളിൽ പറഞ്ഞിട്ടുണ്ടാകും. പക്ഷേ ഒരിക്കലും ഒരു കേന്ദ്രഭരണകൂടവും അവരുടെ കൈവശമുള്ള അവകാശങ്ങളൊന്നും സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കില്ലെന്ന സാമാന്യയുക്തിയനുസരിച്ച് ഞങ്ങൾ സെലക്ട് കമ്മിറ്റിയിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് രണ്ടോമൂന്നോ പാർട്ടികൾ മാത്രമാണ്. അനുകൂലമായി വോട്ടുചെയ്തത് കോൺഗ്രസ്സും ബി.ജെ.പിയും ഒരുമിച്ചായിരുന്നു. ഞങ്ങളുടെ കുഞ്ഞാണെന്ന് പറഞ്ഞുകൊണ്ട് കോൺഗ്രസ് കൂടുതൽ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഈ നിയമം പാസ്സാക്കിയപ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അരുൺ ജെയ്റ്റിലി ആയിരുന്നു. അത്തരത്തിൽ പാസ്സാക്കിയ ഒരു ബില്ലിനെ അന്ന് ന്യായീകരിച്ചത് ആരാണ്? ഞങ്ങൾ ഒരിക്കലും ന്യായീകരിച്ചിട്ടില്ല. സെമിനാറുകളിലും ചർച്ചകളിലും ഇതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ടാകാമെങ്കിലും പാർലമെന്റിലെ രേഖകളിൽ

കാണുന്നത് വിയോജിപ്പാണ്, പ്രസ്തുത രേഖ ഞാൻ അടുത്ത ദിവസം ഹാജരാക്കാം. "The Finance Ministers have come to the Centre with begging bowls" എന്നതായിരുന്നു വിയോജനക്കുറിപ്പിലെ അവസാന വാചകം. State Government have to come to the Centre with begging bowls, പിച്ചച്ചട്ടിയുമായി കേന്ദ്രത്തിലേയ്ക്ക് പോകണമെന്ന് പറഞ്ഞത് ഇപ്പോൾ ശരിയായല്ലോ. ജി.എസ്.ടി. നിയമം കൊണ്ടുവന്ന കാലത്തേക്കാളും ഇപ്പോൾ ആശങ്ക കൂടുതലാണ്; ഓരോന്നും നമ്മളിൽനിന്നും പിടിച്ചുകൊണ്ടുപോകുകയാണ്. അതിനെതിരെ ഡൽഹിയിൽ നടക്കാൻ പോകുന്നത് സമരമാണെന്ന കാര്യത്തിൽ നിങ്ങൾക്ക് സംശയമുണ്ടോ? സമര പരിപാടിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി പല രാഷ്ട്രീയ പാർട്ടികളിലെയും പ്രധാനപ്പെട്ട വ്യക്തികൾ അവിടെ വരും. ഞങ്ങൾ എല്ലാവരെയും ക്ഷണിച്ചിട്ടുണ്ട്. അവർ അവിടെ വന്ന് അഭിവാദ്യം ചെയ്ത് സംസാരിക്കും. ഒരു ഉദ്ഘാടന സമ്മേളനത്തിന്റെ രീതി അങ്ങനെയാണ്. ഇത് ഫെഡറലിസത്തിന്റെ പ്രശ്നമാണ്. ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങൾ മാനസികമായി അനുകൂലിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച യോഗത്തിൽ

അവരുടെ സാന്നിദ്ധ്യമുണ്ടാകും. അതുകഴിഞ്ഞ് നമ്മുടെ അണികൾ അവിടെ സമരമിരിക്കും. ചർച്ചകളുടെ അടിസ്ഥാനത്തിലും ജനങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തെ മനസ്സിലാക്കിയും യു.ഡി.എഫ്. കൂടി ഈ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് ഞാൻ ഇപ്പോഴും പ്രതീക്ഷിക്കുന്നത്. ഞങ്ങൾ സമരംതന്നെയാണ് നടത്തുന്നത്, അതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസിന് പോകുകയും സമരം നടത്തുന്നതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നത് അക്കാര്യത്തിൽ ഞങ്ങൾക്ക് ബോധ്യമുള്ളതുകൊണ്ടും അതിനുവേണ്ടി പൊരുതാനുള്ള മനസ്സുള്ളതുകൊണ്ടുമാണ്. അല്ലാതെ അവിടെ ഞങ്ങൾ കീഴടങ്ങി പോകുകയല്ല ചെയ്യുന്നത്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

2 (*32) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനായി വേണ്ടി വരുന്ന തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ കൊടുക്കാനുള്ള തുക എന്നത്തേയ്ക്ക് നൽകാൻ കഴിയും; വിശദമാക്കാമോ;

(ഡി) കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാത്തതിനാൽ മരാമത്ത് പണികൾ സ്തംഭിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം പരിഗണിച്ച് തുക എത്രയും വേഗം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ,

നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് എന്നിവയാണ് മേൽ പ്രതിപാദിച്ച സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും കാരണമായത്.

കേന്ദ്ര സർക്കാർ, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. അതേസമയം കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെയും ചരക്ക് സേവന നികുതി നടപ്പാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 7246 കോടി രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. കേന്ദ്ര

സർക്കാർ നടപ്പാക്കിയ മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതി (Scheme for Special Assistance for Capital Expenditure) 2023-24-ന്റെ ഒന്നാം ഭാഗത്തിന് കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 1925 കോടി രൂപയുടെ വായ്പാ സഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന 5 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ വായ്പാസഹായം അനുവദിക്കാൻ നിർവാഹമില്ലെന്നാണ് കേന്ദ്രം മറുപടി നൽകിയിട്ടുള്ളത്. കേരളത്തെയാകെ ബാധിക്കുന്ന പുതിയ പ്രശ്നം ഇപ്പോൾ ഉയർന്നുവന്നിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. എങ്കിലും ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്. കേന്ദ്ര സർക്കാർ ബ്രാൻഡിംഗ് നിർദ്ദേശിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), ആയുഷ്മാൻ ഭാരത് ഹെൽത്ത് & വെൽനസ് സെന്റേഴ്സ്, പ്രധാൻമന്ത്രി ആവാസ് യോജന (അർബൻ), പോഷൺ അഭിയാൻ, നാഷണൽ ഹെൽത്ത് മിഷൻ എന്നീ

സ്കീമുകളിൽ Branding/naming-മായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ കേന്ദ്ര മന്ത്രാലയങ്ങളെ അറിയിച്ചുവെങ്കിലും കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാനത്തിനനുകൂലമായ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. മൂലധനചെലവുകൾക്കായുള്ള പ്രത്യേക സഹായ പദ്ധതിയുടെ വിവിധ ഭാഗങ്ങളിലായി അനുവദിക്കേണ്ട ഒരു തുകയും നടപ്പുവർഷം ഇതുവരെ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടില്ല. കാപെക്സ് ഇനത്തിൽ മാത്രമായി ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പയാണ് കിട്ടേണ്ടത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതവും വലിയതോതിൽ കുടിശ്ശികയായിട്ടുണ്ട്.

മുൻ ഖണ്ഡികകളിൽ പരാമർശിക്കുന്ന തോതിലുള്ള സംസ്ഥാനത്തിന്റെ വരുമാനത്തിലെ കുറവ് പൂർണ്ണമായും തനത് വരുമാന വർദ്ധനവിലൂടെ നികത്താൻ സാധിക്കുന്നതല്ല. അതിനാനുപാതികമായി നമ്മുടെ ചെലവുകൾ വെട്ടിച്ചുരുക്കാനും കഴിയില്ല. അത്തരത്തിലുള്ള സമീപനമല്ല സർക്കാർ

സ്വീകരിക്കുന്നത്. കഴിഞ്ഞവർഷത്തേക്കാളും കൂടുതൽ ചെലവാണ് ഈ വർഷമുള്ളത്. ഓരോ വർഷവും ചെലവ് വർദ്ധിക്കുന്നുണ്ട്. ഈ വർഷവും അധികം ചെലവഴിച്ചിട്ടുണ്ട്.

(ബി) നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും വിവിധ മേഖലകളിലായി പരമാവധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിച്ചു പോരുന്നുണ്ട്. വിവിധ ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ തുക കണക്കാക്കി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സപ്ലൈകോയുടെ വിപണി ഇടപെടലിനായുള്ള 2408-01-102-99 (NP) Grant to KSCSC Ltd for MIO-33-Subsidies എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 190.80 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽനിന്നും 2022 ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണം ചെയ്ത വകയിലുള്ള സബ്സിഡി തുകയായ 89,60,586/- രൂപയും വിപണിയിടപെടലിനായി 157.64 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 32.27 കോടി രൂപയും ചേർത്ത് 190.80 കോടി രൂപ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ഇത് മാർക്കറ്റ്

ഇന്റർവെൻഷനുള്ളതാണ്. മേൽ ശീർഷകത്തിൽ അധിക ധനാനുമതിക്കുള്ള ഭരണ വകുപ്പ് പ്രൊപ്പോസൽ ധന ബജറ്റ് വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) മരാമത്ത് പണികൾ സ്തംഭിച്ചിരിക്കുന്ന സ്ഥിതിയില്ല. കോൺട്രാക്ടർമാർക്ക് പേമെന്റ് കൊടുക്കുന്നതിന് ബി.ഡി.എസ്. (ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം) അടക്കം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എന്ത് ചോദിച്ചാലും കേന്ദ്രസർക്കാർ തരട്ടെയെന്നാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഇതൊരു സർക്കാർ സംവിധാനമല്ലേ? പെൻഷൻ, ശമ്പളം എന്നിവ ആവശ്യപ്പെട്ടാലും ആശുപത്രികളിൽ മരുന്നില്ലേയെന്ന് ചോദിച്ചാലും കേന്ദ്രസർക്കാർ നൽകിയില്ലെന്നാണ് പറയുന്നത്. ഇതൊരു സർക്കാർ സംവിധാനമാണ്. കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളായ പോസ്റ്റോഫീസോ ബി.എസ്.എൻ.എൽ.-ഓ അല്ല, കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിച്ചിട്ട് സംസ്ഥാനം നന്നാകുമെന്ന വിചാരം നമുക്കുണ്ടോ; ഒരിക്കലുമില്ല. കേന്ദ്രം വിഹിതം തരാതിരിക്കാനുള്ള കാരണത്തിനായി കാത്തിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഇത് പ്രസംഗമല്ല, അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാന ഗവൺമെന്റ് യഥാസമയം കണക്ക് കൊടുക്കാത്തതുകൊണ്ട് പല ഫണ്ടും നമുക്ക് നഷ്ടപ്പെട്ടു. ഒരു ഉദാഹരണം മാത്രം ഞാൻ സൂചിപ്പിക്കാം. യു.ജി.സി. ശമ്പള സ്കെയിലിലെ 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക ഇതുവരെ നമുക്ക് വാങ്ങാൻ സാധിച്ചിട്ടില്ല. അതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കുമോ; അതുപോലെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന ജൽജീവൻ പദ്ധതി ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത്? ഇതിന് കേന്ദ്ര വിഹിതമുണ്ടെങ്കിലും സംസ്ഥാന വിഹിതം കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. യഥാസമയം കണക്കുകൾ കൊടുക്കാത്തതുകൊണ്ട് നമുക്ക് എത്ര ഫണ്ടാണ് നഷ്ടമായത്; കുടിശ്ശികയിനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നും എത്രരൂപ ലഭിക്കാനുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എപ്പോൾ ചോദിച്ചാലും കേന്ദ്രത്തിന്റെ കാര്യം പറയുന്നുവെന്നതാണ് അദ്ദേഹത്തിന്റെ പരാതി. കേന്ദ്രത്തിനെ കുറ്റപ്പെടുത്തരുതെന്ന അഭിപ്രായം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കുമുണ്ടോയെന്ന് എനിക്കറിയില്ല. കിട്ടാത്ത

പണത്തെപ്പറ്റി മാത്രമാണ് നമ്മൾ പറയുന്നത്. കേരളത്തിൽനിന്നും പിരിച്ചുകൊണ്ടുപോകുന്ന നികുതിയുടെ അർഹമായ പങ്ക് നൽകണമെന്നും നേരത്തെയുള്ളതുപോലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതുപോലെയും ഇപ്പോൾ നൽകുന്നില്ലെന്നുമാണ് പറയുന്നത്. ഒരു ലക്ഷം കോടി രൂപ ക്യാപക്സ് എന്ന നിലയിൽ കൊടുക്കുമ്പോൾ നമുക്ക് 3,000 കോടി രൂപ കിട്ടാൻ അർഹതയുണ്ട്. 60,000 കോടി രൂപ ലഭിച്ച സംസ്ഥാനവുമുണ്ട്. അങ്ങനെ കൊടുക്കുന്നതല്ല ശരി. നമുക്ക് അർഹമായത് കിട്ടണമെന്നാണ് പറയുന്നത്. ഇതൊന്നും പറയേണ്ടെന്നാണോ? പാട്ടത്തിന് കൊടുത്തിട്ട് ജന്മി മുഴുവനായി എടുത്തുകൊണ്ടുപോകുന്നത് പോലെയാണ്. പാട്ടം കൊടുക്കുന്നതുപോലെയല്ല ഒരു രാജ്യത്തിന്റെ കാര്യം. ജന്മി-പാട്ടക്കാരൻ എന്ന രീതിയിലുള്ള ഒരു കമ്പാരിസൺ ഇവിടെ പറയാൻ പാടില്ലാത്തതാണ്. പാർട്ണർഷിപ്പ് വ്യവസ്ഥയിലാണെങ്കിൽപോലും അർഹമായ പണം കിട്ടേണ്ടതാണ്. ഇൻകം ടാക്സ്, കസ്റ്റംസ് ഡ്യൂട്ടി തുടങ്ങിയ പലതരത്തിലുള്ള നികുതികൾ സംസ്ഥാനങ്ങളിൽനിന്നും ശേഖരിക്കുന്നുണ്ട്. എന്നാൽ അതിൽനിന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക്

കൊടുക്കുന്നതുപോലെ നമുക്ക് ലഭിക്കുന്നില്ല. എന്നാൽ ഇവിടത്തെ ചെലവുകളൊന്നും നടക്കാതിരിക്കുന്നുമില്ല. യു.ജി.സി. കുടിശ്ശിക ഉൾപ്പെടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. യു.ജി.സി. കുടിശ്ശിക ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവർ പറഞ്ഞതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവർ പറഞ്ഞ തീയതിയനുസരിച്ച് 2022 മാർച്ചിനുമുമ്പുതന്നെ ഇതുമായി ബന്ധപ്പെട്ട പേപ്പറുകൾ എത്തിച്ചിട്ടുണ്ട്. ഇ-മെയിൽ അയച്ചാൽ മാത്രം പോരെന്നുള്ളതുകൊണ്ട് അതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ നേരിട്ടാണ് പേപ്പറുകൾ കൊടുത്തത്. എന്നാൽ അതെല്ലാം കഴിഞ്ഞ്, കോടതിയിൽ കേസ് വന്നപ്പോൾ നമ്മൾ അതൊന്നും കൊടുത്തിട്ടില്ലെന്നാണ് പറയുന്നത്. എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ചിറ്റമ്മനയം കേരളത്തോട് സ്വീകരിക്കുന്നതെന്നറിയില്ല? ആ പ്രശ്നം മാത്രമേ കേന്ദ്രത്തെക്കുറിച്ച് പറയുന്നുള്ളൂ. നമുക്ക് അർഹമായ പണം കിട്ടണം. പക്ഷേ പണം കിട്ടിയില്ലെങ്കിലും ഇവിടെ ചെലവ് ചെയ്യുന്നതിൽ കുറവ് വന്നിട്ടില്ല. ഈ വർഷത്തെ കണക്കെടുക്കാമെങ്കിൽ കഴിഞ്ഞവർഷം ചെലവായതിനെക്കാളും 4000 കോടി രൂപയിലധികം ഡിസംബർ വരെ

ചെലവഴിച്ചിട്ടുണ്ട്. പണം ചെലവാക്കാതെയല്ല പോകുന്നത്. ഇവിടെ പറഞ്ഞതുപോലെ വലിയ തോതിലുള്ള കുടിശ്ശികകൾ ഒന്നുംതന്നെയില്ല. കോൺട്രാക്ടർമാരുടെ കാര്യം നേരത്തെ പറഞ്ഞു, അവരുടെ പേമെന്റുകൾക്ക് ബി.ഡി.എസ്. പോലുള്ള സമ്പ്രദായം നടപ്പാക്കി. എന്നാൽ കേന്ദ്രസർക്കാർ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ചതിന്റെ ഫലമായി നമുക്ക് ചെലവ് ചെയ്യാവുന്നതിൽ 50,000 കോടി രൂപയുടെയെങ്കിലും കുറവ് സംഭവിച്ചിട്ടുണ്ട്. അത് നമ്മളെയെല്ലാം ബാധിക്കുന്നതാണ്. അക്കാര്യം പറഞ്ഞെന്നേയുള്ളൂ. കാസർഗോഡ് ജില്ലയെടുത്താലും അങ്ങയുടെ നിയോജകമണ്ഡലമെടുത്താലും എത്രയോ അധികം പ്രവർത്തനങ്ങൾ ഈ സമയത്ത് നടന്നിട്ടുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിച്ചതല്ല. കേന്ദ്രഗവൺമെന്റിൽനിന്നുള്ള ധനസഹായം പ്രതീക്ഷിച്ചിരുന്നാൽ നമ്മുടെ സംസ്ഥാനത്തെ നന്നാക്കാൻ കഴിയില്ല എന്നാണ് പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ട്രഷറി നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ; മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത

കരാറുകാരുടെ പതിനയ്യായിരം കോടി രൂപയുടെ കുടിശ്ശിക എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒരു ചോദ്യം മാത്രമെ ചോദിക്കാൻ പാടുള്ളുവെങ്കിലും അദ്ദേഹം രണ്ട് ചോദ്യങ്ങൾ ചോദിച്ചു. കേന്ദ്രസർക്കാരുമായി സഹകരിച്ചാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാന സർക്കാരിന് അർഹമായ സഹായങ്ങൾ ലഭിക്കണമെന്ന കാര്യം ഞാൻ ആവർത്തിച്ച് പറയുകയാണ്. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ കുടിശ്ശിക സംബന്ധിച്ചാണ് അങ്ങ് സ്പെസിഫിക്കായി ചോദിച്ച മറ്റൊരു ചോദ്യം. പതിനയ്യായിരം കോടി രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാനുണ്ടെന്ന് ഇന്നും ഒരു ദിനപ്പത്രത്തിൽ കാണുകയുണ്ടായി. തെറ്റിദ്ധാരണയിലൂടെ നമ്മുടെ സഭ മുന്നോട്ട് പോകാൻ പാടില്ല. ഇന്നത്തെ കണക്കനുസരിച്ച്, 1021 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ഇത് ട്രഷറിയിലെ കണക്കാണ്. ബാക്കി തുക ബി.ഡി.എസ്.-ൽ മാറിയിട്ടുണ്ടാകും. ബില്ലുകൾ വന്നിട്ടുള്ളത്, ട്രഷറിയിലേയ്ക്ക് പോയിട്ടുള്ളത്, അവിടെ

കൃൂവിലുള്ളത് എന്നിവയുടെ അടിസ്ഥാനത്തിലാണ് ധനകാര്യ വകുപ്പിൽ കണക്കെടുക്കുന്നത്. വേയ്സ് ആൻഡ് മീൻസിലും അവിടെയുള്ള കണക്കനുസരിച്ചാണ് പറയുന്നത്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കഴിഞ്ഞ കുറേ വർഷങ്ങളായി നടപ്പാക്കുന്നുണ്ട്. ഇതുവഴി ബില്ലുകൾ മാറുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറയാനുണ്ട്. ബില്ലുകൾ സമർപ്പിച്ചിട്ടും പണം ലഭിക്കുന്നില്ലെന്ന പരാതിയുമായി കൊല്ലത്തുള്ള ഇടത്തരം/ചെറുകിട കോൺട്രാക്ടർമാർ സമീപിച്ചിരുന്നു. അവരുടെ ബില്ലുകൾ ട്രഷറിയിലേയ്ക്ക് പോയിട്ടില്ലെന്നാണ് അന്വേഷണത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ഫസ്റ്റ് പേജ് മാത്രം ട്രഷറിയിലേയ്ക്ക് പോയാൽ പോരാ, അതിൽ ഫിസിക്കൽ വെരിഫിക്കേഷൻകൂടി നടത്തണം. എങ്കിൽ മാത്രമേ ബിൽ ട്രഷറിയിലേയ്ക്ക് പോകുകയുള്ളൂ. പലപ്പോഴും ഇത്തരത്തിലുള്ള പല സാങ്കേതിക കാരണങ്ങളുമുണ്ടാകാം. ചിലയിടത്ത് പണമില്ലാത്ത അവസ്ഥയുമുണ്ട്. എന്നാൽ നിലവിൽ പതിനയ്യായിരം കോടി രൂപയുടെ കുടിശ്ശിക ഇല്ല. ബഹുമാനപ്പെട്ട അംഗം ചോദിച്ചതിനാലാണ് ലേറ്റസ്റ്റ് കണക്ക് പറഞ്ഞത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കിഫ്ബി, പെൻഷൻ ഫണ്ട് ബോർഡ് തുടങ്ങി ബഡ്ജറ്റിന് പുറത്തുനിന്നെടുത്ത കടത്തിന്റെ തിരിച്ചടവിലേയ്ക്കും അതിന്റെ പലിശയിലേയ്ക്കുമായി പ്രതിവർഷം എത്ര കോടി രൂപയാണ് മാറ്റിവയ്ക്കുന്നത്; ഈ തിരിച്ചടവ് ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ എത്രത്തോളം പങ്ക് വഹിക്കുന്നുണ്ട്; നിലവിൽ ട്രഷറി നിയന്ത്രണം ഏത് വിധത്തിലാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഇത് എന്ന് അവസാനിക്കും?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സൂക്ഷ്മ പരിശോധനകൾക്ക് ശേഷം മാത്രമെ കടത്തിന്റെ തിരിച്ചടവിലേയ്ക്കായി എത്ര തുകയാണ് മാറ്റിവയ്ക്കുന്നത് എന്നതുസംബന്ധിച്ച് മറുപടി നൽകാൻ കഴിയൂ. മറ്റ് പദ്ധതികൾപോലെതന്നെ കൃത്യമായി കടം തിരിച്ചടയ്ക്കുന്ന പദ്ധതിയാണിത്. മറ്റ് രീതിയിൽ കടമെടുക്കുന്നതുപോലെ തന്നെയാണ് ഇതും. അതിൽ സംസ്ഥാനത്തിന് ഗുണമല്ലാതെ ദോഷമുണ്ടാകില്ല. ഇന്ത്യയിലെ ഏറ്റവും കൂടിയ അസ്സറ്റ് ക്രിയേഷൻ നമ്മുടെ സംസ്ഥാനത്താണെന്ന് കഴിഞ്ഞ ദിവസം പുറത്തുവന്ന ചില റിപ്പോർട്ടുകൾ എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും. അസ്സറ്റ് ക്രിയേഷന്റെ ഒരു വർഷത്തെ ശതമാനം നോക്കിയാൽ മുന്നിട്ടുനിൽക്കുന്നത്

കേരളമാണ്. കടം നമുക്ക് തിരിച്ചടയ്ക്കാൻ കഴിയുന്നതുതന്നെയാണ്. ട്രഷറിയിൽ നിലവിൽ വലിയ രീതിയിലുള്ള നിയന്ത്രണമുണ്ടെന്ന് പറയാൻ കഴിയില്ല, എന്നാൽ നിയന്ത്രണമുണ്ട്. ഒരു മാസത്തെ ബിൽ മാത്രമേ കുടിശ്ശിക കാണുകയുള്ളൂ. ബാക്കി തുകയൊന്നും കുടിശ്ശികയില്ല. കിട്ടാനുള്ള തുകകൾ അതത് സമയത്ത് ക്ലിയർ ചെയ്ത് കൊടുക്കുന്നുണ്ട്. വലിയ ഫെസ്റ്റിവൽ വരുമ്പോൾ നിയന്ത്രണങ്ങളുണ്ടാകുമെങ്കിലും വലിയ തുക കുടിശ്ശികയില്ല. കേന്ദ്രസർക്കാരിൽനിന്നുള്ള തുക കിട്ടാത്തതിനാലുള്ള ബുദ്ധിമുട്ടുകളാണ് ഇവിടെ നിലവിലുള്ളത്. എപ്പോൾ ട്രഷറി നിയന്ത്രണം തീരുമെന്ന് അങ്ങ് ചോദിച്ചു. സംസ്ഥാന ഗവൺമെന്റിന് ലഭിക്കാനുള്ള തുകയുടെ അൻപത് ശതമാനമെങ്കിലും കേന്ദ്രസർക്കാരിൽനിന്ന് റിലീസ് ചെയ്ത് കിട്ടിയാൽ ഇപ്പോഴുള്ള ചെറിയ ട്രഷറി നിയന്ത്രണങ്ങൾ ഇല്ലാതാകും. നിലവിൽ ചെറിയ നിയന്ത്രണങ്ങൾ ഇടയ്ക്കിടെ ഏർപ്പെടുത്തുകയും അത് മാറ്റുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ഏതെങ്കിലുമൊരു വിഷയത്തിൽ സംസ്ഥാന സർക്കാരിനെ വിമർശിക്കുമ്പോൾ അതിന്റെ ഉത്തരവാദി കേന്ദ്രസർക്കാരാണെന്ന് പറയുകയാണ്. കടത്തിന്റെ പരിധി കൂട്ടുന്നതിനായി

സമരം ചെയ്യുന്നത് കേരളത്തിലല്ലാതെ ലോകത്തെവിടെയും കേട്ടിട്ടില്ല. നമുക്കൊരു നിലപാട് വേണ്ടേ? സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭിക്കണം. കേന്ദ്രസർക്കാരിന്റെ അവഗണനയെ എതിർക്കുകതന്നെ വേണം. എനിക്ക് ഒരു ബാങ്കിൽനിന്ന് പത്ത് ലക്ഷം രൂപ വായ്പ ലഭിച്ചു, എന്നാൽ മറ്റ് ബാങ്കുകൾ തരുന്നില്ലെന്ന് പറഞ്ഞ് സമരം ചെയ്യാൻ കഴിയുമോ? സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിക്കുമെന്ന് ധനകാര്യ കമ്മീഷൻ കണക്കുകൂട്ടിയിട്ടും അത്തരത്തിൽ വർദ്ധിക്കുന്നില്ല എന്നതാണ് സ്ഥിതി. അങ്ങനെയെങ്കിൽ നികുതി പിരിവ് കാര്യക്ഷമമല്ലെന്നത് അംഗീകരിക്കുമോ; നികുതി സമാഹരണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കടമെടുപ്പ് പരിധി കൂട്ടാനായി സമരം ചെയ്യുന്നത് ലോകത്താദ്യമായാണ് എന്നൊക്കെ പറയുന്നതിൽ അത്ഭുതം തോന്നുന്നു. നിയമസഭയ്ക്കും സംസ്ഥാനത്തിനും ജനങ്ങൾക്കും ഒരവകാശമുണ്ട്. നിയമസഭയുടെ അവകാശത്തെയാണ് ഫെഡറലിസമെന്ന് പറയുന്നത്. അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പറയുമ്പോൾ തെറ്റായ

കാര്യങ്ങൾക്ക് അവകാശം ചോദിക്കുകയാണോയെന്ന് തോന്നും? നമുക്ക് നിയമസഭ പാസാക്കുന്ന ബഡ്ജറ്റും നിയമവുമുണ്ട്. എന്നാൽ അതൊന്നും വേണ്ട, കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചാൽ മതിയെന്നാണോ പറയുന്നത്? ഈയടുത്ത സമയത്ത് ജമ്മുകാശ്മീരുമായി ബന്ധപ്പെട്ട ഒരു വിധി വരികയുണ്ടായി. കോടതി റാറ്റിഫിക്കേഷനെല്ലാം വന്നപ്പോൾ കേന്ദ്ര സർക്കാർ അതിനെ എങ്ങനെയാണ് വ്യാഖ്യാനിച്ചത്? നിയമസഭയില്ലെങ്കിൽ ഗവർണ്ണർക്ക് തീരുമാനിക്കാമെന്നാണ് പറയുന്നത്. അവിടത്തെ അസംബ്ലി സീറ്റുകൾ, റിസർവേഷൻ തുടങ്ങി വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ സംബന്ധിച്ചും മറ്റും ഏറ്റവും അവസാനം വന്ന വിധിയിൽ നിയമസഭയുടെ അവകാശം വേണമെങ്കിൽ ഗവർണ്ണറിലേയ്ക്ക് കൊടുക്കാമെന്ന നിലയിൽ വ്യാഖ്യാനിച്ചിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പുതിയ പ്രശ്നം. എന്തും ചെയ്യാൻ തയ്യാറാകുന്ന തരത്തിലേയ്ക്ക് ഭരണകൂടത്തെ ഉപയോഗിക്കുന്നു എന്നുള്ളതാണ് പ്രശ്നം. നമുക്ക് FRBM (The Fiscal Responsibility and Budget Management Act)-ഉം മറ്റ് ആക്ടുകളുമുണ്ട്. നമ്മൾ പാസാക്കുന്ന നിയമമനുസരിച്ച് നമുക്ക് കടമെടുക്കാനറിയണം. ശ്രീ. പി. കെ. ബഷീർ ഒരു

വീട് വയ്ക്കുമ്പോൾ, തിരിച്ചടയ്ക്കാനുള്ള താങ്കളുടെ ശേഷിയനുസരിച്ച് ഒരു തുക കടം നൽകുന്നതിന് ബാങ്ക് തയ്യാറാകുമ്പോൾ, അങ്ങനെ ചെയ്യരുതെന്ന് മറ്റൊരാൾ പറഞ്ഞാൽ എന്താണ് ചെയ്യാൻ കഴിയുന്നത്. കടമെടുക്കുന്നത് സംസ്ഥാനത്തിന്റെ അവകാശമാണ്. കടമെടുത്ത് എന്തെങ്കിലും കാര്യം സംസ്ഥാന സർക്കാർ തെറ്റായി ചെയ്തിട്ടുണ്ടോ? സംസ്ഥാനത്തിന്റെ അവകാശത്തെ ചോദ്യം ചെയ്താൽ ഇനിയും സമരം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗവും അതിനെത്തുടർന്നുള്ള ചർച്ചയും ചർച്ചയ്ക്കുള്ള മറുപടിയും ബഡ്ജറ്റിന്റെ ഭാഗമാണ്. കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് ക്രമീകരിക്കുമെന്നത് സംബന്ധിച്ച് കഴിഞ്ഞ വർഷം ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെട്ട പ്രോജക്ടുമായി സമീപിച്ചപ്പോൾ അതിന് ഫണ്ടില്ലെന്നാണ് പറയുന്നത്. ക്ഷേമ പെൻഷനുകൾ നൽകാനായി പെട്രോൾ, ഡീസൽ എന്നിവയ്ക്ക് രണ്ട് രൂപ നിരക്കിൽ സാമൂഹിക സുരക്ഷ

സെസ് ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ സെസ് ഏർപ്പെടുത്തിയതുവഴി കേരളത്തിൽ എത്ര രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടുത്ത രണ്ട് ചോദ്യങ്ങൾ ഈ വിഷയംതന്നെയാണ് വിശദമായി പ്രതിപാദിക്കുന്നത്. ഇതിനുള്ള മറുപടി ആ ചോദ്യങ്ങൾ പരിഗണിക്കുമ്പോൾ പറയാം. കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് വികസനത്തിനായി സ്ഥലമെടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ ദിവസം വ്യക്തിപരമായും ഇക്കാര്യം എന്നോട് പറഞ്ഞിരുന്നു. വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് യാഥാർത്ഥ്യമാക്കും.

ശ്രീമതി യു. പ്രതിഭ: സർ, ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ പേർക്ക് ക്ഷേമ പെൻഷൻ നൽകുകയും വിദ്യാഭ്യാസവും ചികിത്സയും സൗജന്യമായി നൽകുകയും ചെയ്യുന്ന നാടാണ് കേരളം. മെറിറ്റിൽ വരുന്നയാളിന് എല്ലാ സമയത്തും സൗജന്യ പഠനം നടത്താൻ ഇവിടെ സാധിക്കും. ഇതെല്ലാം ധൂർത്താണെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. പ്രതിപക്ഷത്തിന്റെ

ഒരുതരം രോദനമാണ് കേൾക്കുന്നത്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധത്തെക്കുറിച്ച് അവർ ഒന്നും പറയുന്നില്ല. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കഴിയുന്നതെങ്ങനെ എന്നത് സംബന്ധിച്ച് ഒരു വാക്കുപോലും അവരുടെ ആത്മാർത്ഥമായ ചർച്ചയിൽ കേട്ടില്ല എന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഇക്കാലത്ത് നമ്മുടെ നാട്ടിൽ ആഡംബര വിവാഹങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. ഇത്തരം ആഡംബര വിവാഹങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയൊരു നിർദ്ദേശം പരിശോധിക്കാം. കൂടുതൽ പരിശോധിക്കാതെ ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയില്ല.

**സാമൂഹിക സുരക്ഷ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി**

3(*33) ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ (ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയപ്രകാരം):
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക സുരക്ഷ പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായെന്നും മുടങ്ങാനുണ്ടായ സാഹചര്യമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിലെ സാമൂഹിക സുരക്ഷ പെൻഷൻ കുടിശ്ശിക എന്നത്തേയ്ക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹിക സുരക്ഷ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) 2023 നവംബറിലും ഡിസംബറിലും പെൻഷൻ നൽകിയിരുന്നു. 2023 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ നൽകാനുണ്ട്. പെൻഷൻ കമ്പനിയുടെ ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതും പെൻഷന്റെ കേന്ദ്രവിഹിതം യഥാസമയം നൽകാത്തതും കാരണമാണ് പെൻഷൻ യഥാസമയം നൽകാൻ കഴിയാത്തത്. 2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതത് മാസംതന്നെ

നൽകിവന്നിരുന്നു. ചില അവസരങ്ങളിൽ രണ്ട് മാസത്തെ പെൻഷൻ ഒന്നിച്ച് നൽകിയിട്ടുണ്ട്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നൊരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ കൊടുത്തുതീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമൂഹിക സുരക്ഷ പെൻഷൻ വിതരണം ഉറപ്പാക്കുന്നതാണ്.

(സി) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹിക സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടി രൂപ ആവശ്യമാണ്. പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനായി സർക്കാർ ഇതിനോടകം തന്നെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചതും സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിനായി പെട്രോൾ, ഡീസൽ സെസ് ഏർപ്പെടുത്തിയതും ഈ നടപടികളുടെ ഭാഗമാണ്. എന്നാൽ പ്രസ്തുത കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്.

അതുപോലെതന്നെ 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്തുതന്നെ ഇത് സോഷ്യൽ സെക്യൂരിറ്റിക്കുള്ള സീഡ് ഫണ്ടാണെന്ന് പറഞ്ഞിരുന്നു. അത് ബഡ്ജറ്റ് പ്രസംഗത്തിൽ അച്ചടിച്ച് വരികയും ചെയ്തിരുന്നു. സീഡ് ഫണ്ടിനത്തിൽ ആയിരം കോടി രൂപയ്ക്കകത്ത് ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിച്ചിരുന്നത്. അതിൽ എട്ട് മാസത്തേതായി 740 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. മൊത്തം ചെലവ് നോക്കുമ്പോൾ വളരെ ചെറിയ തുകയാണ്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുപോലും തികയില്ല. മാത്രമല്ല സോഷ്യൽ സെക്യൂരിറ്റി ചെലവെന്ന് പറയുന്നത് പെൻഷൻ മാത്രമല്ല. കേരളത്തിൽ ഏകദേശം 14,000 കോടി രൂപ സാമൂഹിക സുരക്ഷ ചെലവ് ഇനത്തിൽ വരും. അതിലൊരു ചെറിയ വിഭാഗം മാത്രമാണ് സാമൂഹിക

സുരക്ഷ പെൻഷൻ എന്നത്. ഇക്കാരണത്താൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമ പെൻഷനുകൾ പരമാവധി മുടക്കം കൂടാതെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹിക സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ഇക്കാര്യങ്ങൾ ഇന്നലെ വളരെ വിശദമായി ചർച്ച ചെയ്തതാണ്. അതിനപ്പുറം അക്കാര്യത്തെ സംബന്ധിച്ച് വിശദീകരിക്കേണ്ട കാര്യമുണ്ടെന്ന് കരുതുന്നില്ല.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഏകദേശം 5057000 പേർക്ക് 5 മാസത്തെ സാമൂഹിക സുരക്ഷ പെൻഷനും കെട്ടിട നിർമ്മാണ തൊഴിലാളികൾക്കടക്കം വർഷങ്ങളായി ക്ഷേമനിധി പെൻഷനും മുടങ്ങിക്കിടക്കുന്ന ഒരു സാമൂഹിക സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളത്. ഒരു ചായ കുടിക്കാനോ മരുന്ന് വാങ്ങാനോ പോലും പണമില്ലാതെ പലരും എം.എൽ.എ.-മാരുടെ

ഓഫീസുകളിൽ കയറിയിറങ്ങുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. സാമൂഹിക സുരക്ഷ പെൻഷൻ വിതരണത്തിനായി സർക്കാർ രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി പെൻഷൻ വിതരണത്തിനല്ലാതെ വായ്പ ലഭ്യമാക്കിയെന്നും ഇതുസംബന്ധിച്ച കണക്കുകൾ ശരിയായി സൂക്ഷിച്ചില്ലെന്നുമുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം ഏത് റിപ്പോർട്ടിനെക്കുറിച്ചാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. സമയാസമയങ്ങളിൽ സി.&എ.ജി. ചൂണ്ടിക്കാണിക്കുന്ന വിഷയങ്ങളിലെല്ലാം നിയമപരമായ നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. മുൻപൊരു ഘട്ടത്തിൽ തെറ്റായി പെൻഷൻ വാങ്ങുന്നവരെപ്പറ്റി ചൂണ്ടിക്കാണിച്ചിരുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്ന നിലപാട് എടുത്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ഓരോ ഘട്ടത്തിലും നിയമപരമായി പരിശോധിച്ചുകൊണ്ടുതന്നെയാണ്

ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലൂൾപ്പെടെ ഇക്കാര്യങ്ങൾ ചർച്ച ചെയ്യാറുള്ളതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, പെൻഷൻ ഏകീകരണത്തിന്റെ ഭാഗമായി സർക്കാർ സാമൂഹിക സുരക്ഷ പെൻഷൻ, ക്ഷേമനിധി പെൻഷൻ, വികലാംഗ പെൻഷൻ അടക്കം ഒറ്റ പെൻഷൻ മാത്രമാണ് നൽകുന്നത്. അംശദായം അടച്ചിട്ടുണ്ടെങ്കിലും ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ നൽകാത്ത സാഹചര്യമാണ് ഇന്നുള്ളത്. നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ഷേമനിധി പെൻഷനും കേന്ദ്രനിയമമായ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ടിലെ സെക്ഷൻ 24 പ്രകാരമുള്ള വികലാംഗ പെൻഷനും ഒരു എക്സിക്യൂട്ടീവ് അധികാരം വഴി നിജപ്പെടുത്തിയ നടപടി നിയമപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിയമപരമായിത്തന്നെ കാര്യങ്ങളെല്ലാം പരിശോധിച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേരളം നൽകുന്ന ക്ഷേമപെൻഷൻ ഒരു സ്റ്റാറ്റ്യൂട്ടറി റൈറ്റാണ്. അത് ജനങ്ങൾക്ക് നിഷേധിക്കുമ്പോൾ

സ്വാഭാവികമായും നിയമലംഘനമാണുണ്ടാകുന്നത്. സർക്കുലർ നം.39/2019 പ്രകാരമാണ് രണ്ട് പെൻഷൻ ഒരാൾക്ക് കൊടുക്കില്ല എന്ന ഉത്തരവ് ഇറക്കിയത്. നിയമസഭ നിയമം പാസ്സാക്കാതെ ഒരു സ്റ്റാറ്റ്യൂട്ടറി റൈറ്റ് ഗവൺമെന്റിന് എടുത്ത് മാറ്റാൻ സാധിക്കുമോ; ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റാറ്റ്യൂട്ടറി റൈറ്റ് നിഷേധിക്കുന്നത് എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ക്ഷേമനിധി പെൻഷൻ എന്നത് ഒരു സ്റ്റാറ്റ്യൂട്ടറി പെൻഷനല്ല. അടുത്ത കാലത്ത് കോടതി പരിഗണിച്ച വിഷയമാണിത്. ക്ഷേമനിധി എന്നുപറയുന്നത് ഒരു വെൽഫെയർ ആക്റ്റിവിറ്റിയുടെ ഭാഗമാണ്. ഇന്നലെ ഇവിടെ Directive Principles-നെക്കുറിച്ച് പറഞ്ഞു. അതേസമയം ക്ഷേമ പെൻഷൻ ക്ഷേമനിധികളിൽനിന്നാണ് കൊടുക്കുന്നത്. എന്തായാലും സ്റ്റാറ്റ്യൂട്ടറി റൈറ്റ് ലംഘിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നിട്ടില്ല. നിലവിൽ പതിനാറ് ക്ഷേമനിധി പെൻഷനും സർക്കാർ ഫണ്ട് നൽകിയാണ് കൊടുക്കുന്നത്. വെൽഫെയർ ആക്റ്റിവിറ്റിയൊന്നും അതിൽ സാധാരണഗതിയിൽ വരുന്നതല്ല. എങ്കിലും

അത് സ്റ്റാറ്റ്യൂട്ടറിയാണോ അല്ലയോ എന്ന് നോക്കിയിട്ടല്ല അങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആയിരുന്നെങ്കിൽ മാസങ്ങളോളം പെൻഷൻ മുടങ്ങിയാൽ പ്രശ്നമുണ്ടാകുമായിരുന്നല്ലോ. അത് ഗവൺമെന്റിന്റെ ഒരു വെൽഫെയർ മെഷറാണ്. ആ നിലയിൽത്തന്നെ കാര്യങ്ങൾ ശക്തിപ്പെടുത്തും. സ്റ്റാറ്റ്യൂട്ടറി എന്നുള്ള സാങ്കേതികത്വത്തിൽ നിന്നുകൊണ്ട് പെൻഷൻ നിഷേധിക്കുന്ന സമീപനം സർക്കാരിനില്ല. പെൻഷൻ കൊടുക്കേണ്ടതാണെന്ന സമീപനമുള്ളതുകൊണ്ടാണ് പെൻഷൻ തുക വർദ്ധിപ്പിക്കുന്നതും കൂടുതൽ പേർക്ക് കൊടുക്കുന്നതും അത് നന്നായി നടത്താൻ തീരുമാനിക്കുന്നതും.

ശ്രീമതി ഉമ തോമസ്: സർ, തണുക്കുമ്പോഴല്ലേ കമ്പിളിപ്പുതപ്പിന്റെ ആവശ്യം? പെൻഷൻ കമ്പനിയിലേയ്ക്ക് പണം വകയിരുത്താൻ കഴിഞ്ഞ ബഡ്ജറ്റിൽ ഏർപ്പെടുത്തിയ ഇന്ധന സെസ് വഴി എത്ര കോടി രൂപ സമാഹരിച്ചുവെന്നും അതിൽ എത്ര കോടി രൂപ പ്രസ്തുത കമ്പനിക്ക് നൽകിയെന്നും വ്യക്തമാക്കാമോ; സമയബന്ധിതമായി പെൻഷൻ നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ചോദ്യങ്ങൾക്കെല്ലാം ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞതാണ്. സോഷ്യൽ സെക്യൂരിറ്റി സീഡ് ഫണ്ടിലേയ്ക്കുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വരുന്നത്. ക്ഷേമപെൻഷനുകൾ കൃത്യമായി കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടക്കുകയാണ്. അതെല്ലാം കൃത്യമായി കൊടുക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന് അർഹമായ തുക കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടും ഇക്കാര്യങ്ങൾ നന്നായി ചെയ്യുന്നുണ്ട്. എല്ലാ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും നടത്താൻ നാം സംയുക്തമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ആറ് മാസം തുടർച്ചയായി പെൻഷൻ ലഭിക്കാത്തതുമൂലം നാട്ടിൽനിന്നാകെ കടം വാങ്ങി അവസാനം ഒരു മാസത്തെ പെൻഷൻ കിട്ടുമ്പോൾ കടം തീർക്കാൻ പറ്റാത്ത സമ്മർദ്ദത്തിൽ മരണപ്പെട്ട ചക്കിട്ടപാറയിലെ ജോസഫിന്റെ വിഷയം ഇന്നലെ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയ 09-08-2023-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 531 പ്രകാരം സംസ്ഥാന സർക്കാർ

ബഡ്ജറ്റിൽ വകയിരുത്തിയ 9764 കോടി രൂപയിൽ വെറും 1500 കോടി രൂപ മാത്രമാണ് പെൻഷൻ നൽകാൻ ഇതുവരെ അനുവദിച്ചിട്ടുള്ളത്. സർക്കാർ പണം കൃത്യമായി കൊടുത്തിരുന്നെങ്കിൽ ഇത്തരം ആത്മഹത്യകളും പെൻഷൻ മുടങ്ങുന്നതും ഒഴിവാക്കാമായിരുന്നില്ലേ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ലെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. ചക്കിട്ടപാറയിലെ ജോസഫിന്റെ ആത്മഹത്യയ്ക്ക് കാരണം ക്ഷേമ പെൻഷൻ മുടങ്ങിയതല്ല എന്നത് ഇന്നലെ സഭയിൽ വ്യക്തമാക്കിയതാണ്. നിയമസഭാ സാമാജികൻ ഒരു കണക്ക് പറയുമ്പോൾ അത് ജനങ്ങൾക്ക് ബോധ്യപ്പെടുന്നതായിരിക്കണം. ക്ഷേമ പെൻഷൻ നൽകാൻ ഒരു മാസം 900 കോടി രൂപ വേണ്ടിവരുമ്പോൾ ഇത്രയും കാലമായി 1500 കോടി രൂപയേ കൊടുത്തുള്ളൂ എന്നത് ബഹുമാനപ്പെട്ട അംഗം ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. നമുക്ക് പരസ്പരം ഒരു ബോധ്യം വേണ്ടേ? (...ബഹളം......) ഇത്തരം കാര്യങ്ങൾ പുറത്തിറങ്ങി പ്രസംഗിക്കാമെങ്കിലും

സഭയിൽ എല്ലാവർക്കും ബോധ്യപ്പെടുന്ന രീതിയിൽ പറയുന്നതായിരിക്കും നല്ലത്.

**സാമൂഹിക സുരക്ഷ പെൻഷൻ കുടിശ്ശിക**

4(*34) ശ്രീ. അൻവർ സാദത്ത് (ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയപ്രകാരം):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി മാസങ്ങളായി സാമൂഹിക സുരക്ഷ പെൻഷൻ നൽകാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സാമൂഹിക സുരക്ഷ പെൻഷൻ നൽകാനെന്ന പേരിൽ പെട്രോളിനും ഡീസലിനും സാമൂഹിക സുരക്ഷ സെസ് ഏർപ്പെടുത്തിയതടക്കമുള്ള നികുതി വർദ്ധനവ് നടപ്പാക്കിയിട്ടും പെൻഷൻ കുടിശ്ശികയായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) സാമൂഹിക സുരക്ഷ പെൻഷനുകളുടെ കുടിശ്ശിക തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സാമൂഹിക സുരക്ഷ പെൻഷനുകൾ അതത് മാസത്തിൽതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) നിരവധി മാസങ്ങളായുള്ള പെൻഷൻ കുടിശ്ശിക ഇല്ല. 2023 നവംബറിലും ഡിസംബറിലും പെൻഷൻ നൽകിയിരുന്നു. 2023 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തെ പെൻഷൻ നൽകാനുണ്ട്. പെൻഷൻ കമ്പനിയുടെ ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതും പെൻഷന്റെ കേന്ദ്ര വിഹിതം യഥാസമയം നൽകാത്തതും കാരണമാണ് പെൻഷൻ യഥാസമയം നൽകാൻ കഴിയാത്തത്.

(ബി) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ്

സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹിക സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടി രൂപ ആവശ്യമാണ്. എന്നാൽ 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. സെസ് ഉൾപ്പടെ വരവിനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹിക സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

(ഡി) 2016 മുതൽ 2020 വരെ നാല് മാസത്തിലൊരിക്കൽ പെൻഷൻ നൽകിയിരുന്നു. 06-09-2020-ലെ സ.ഉ. (പി)നം.118/2020/ധന. പ്രകാരം അതത് മാസത്തെ പെൻഷൻ എല്ലാ മാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു. അപ്രകാരം 2020 സെപ്തംബർ മാസം മുതൽക്ക് പരമാവധി അതത് മാസം തന്നെ സാമൂഹിക സുരക്ഷ പെൻഷനുൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹിക സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സംസ്ഥാനത്ത് കഴിഞ്ഞ വർഷം സമയബന്ധിതമായി പെൻഷൻ മസ്റ്ററിംഗ് നടത്താത്തതിന്റെ പേരിൽ എത്ര പേർക്ക് സാമൂഹിക സുരക്ഷ പെൻഷൻ നിഷേധിച്ചെന്ന് വ്യക്തമാക്കാമോ; പിന്നീട് മസ്റ്ററിംഗ് നടത്തുന്നവർക്ക് മുൻകാല പ്രാബല്യത്തോടെ പെൻഷൻ നൽകുന്നുണ്ടോ, ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, മസ്റ്ററിംഗിന്റെ വിശദമായ കണക്ക് പരിശോധിച്ച് മാത്രമെ പറയാൻ സാധിക്കൂ. ലൈഫ് സർട്ടിഫിക്കറ്റിനാണ് മസ്റ്ററിംഗ് നടത്തുന്നത്. അതിൽ വിട്ടുപോയവരെ പിന്നീട് കൂട്ടിച്ചേർത്തിട്ടുണ്ട്. അത് സാധാരണ സമ്പ്രദായമാണ്. കോവിഡ് സമയത്ത് കുറച്ചുകാലം മസ്റ്ററിംഗ് നടത്തിയിരുന്നില്ല. മരിച്ചുപോയ വ്യക്തികളുടെ അക്കൗണ്ടിൽവരെ പെൻഷൻ പോയിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ ഒഴിവാക്കാനാണ് മസ്റ്ററിംഗ് വേണ്ടിവരുന്നത്. മസ്റ്ററിംഗിന് നാല് മാസക്കാലയളവ് നൽകിയിരുന്നു. അതിനുള്ളിൽ മസ്റ്ററിംഗ് നടത്താത്ത ഒരു പ്രശ്നമുണ്ട്. വിശദമായ കണക്കുകൾ പരിശോധിച്ചതിനുശേഷം വ്യക്തമാക്കാം.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.)

**10.00 a.m]**

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4337-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 18-07-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4337-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട തുറമുഖ-സഹകരണ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 18-07-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4337-ന് നൽകിയ

\+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

**10.01 a.m]**

**III അറിയിപ്പ്**

രാഷ്ട്രപിതാവിന്റെ 76-ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായുള്ള അനുസ്മരണം

മി. സ്പീക്കർ: രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 76-ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 11.00 മണിക്ക് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ചെയറിൽനിന്നും അറിയിപ്പ് ലഭിക്കുന്ന സമയം ബഹുമാനപ്പെട്ട അംഗങ്ങൾ രണ്ടുമിനിറ്റ് എഴുന്നേറ്റുനിന്ന് മൗനമാചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**IV അടിയന്തരപ്രമേയ നോട്ടീസ്**

ധനപ്രതിസന്ധി

മി. സ്പീക്കർ: സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയും ധൂർത്തുംമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി

+ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരമൊരു പ്രമേയം കൊണ്ടുവന്ന പ്രതിപക്ഷത്തോട് ആദ്യംതന്നെ നന്ദി രേഖപ്പെടുത്തുകയാണ്. സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതര ധനപ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുടർച്ചയായി സ്വീകരിച്ചുവരുന്ന നിലപാടിന്റെ ഭാഗമായി സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്താനാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നതെങ്കിലും പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിൽ യഥാർത്ഥ വസ്തുത പ്രതിപക്ഷത്തിന് പറയേണ്ടിവന്നിരിക്കുകയാണ്. പ്രസ്തുത ഭാഗം ഞാൻ വായിക്കാം, "കേന്ദ്ര സർക്കാർ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായി സംസ്ഥാനത്തോട് കാട്ടിയ അവഗണന ധനപ്രതിസന്ധിയുടെ കാരണങ്ങളിലൊന്നാണ്."

അതിനും നന്ദി രേഖപ്പെടുത്തുന്നു. ഇത് പ്രതിസന്ധിയുടെ കാരണങ്ങളിലൊന്ന് മാത്രമാണെന്ന് മനസ്സിലായെങ്കിൽ മറ്റ് കാര്യങ്ങളെല്ലാം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലപാട് നമുക്ക് സ്വീകരിക്കാം. ലോക്സഭയിൽ യു.ഡി.എഫ്.-ന്റെ പതിനെട്ട് അംഗങ്ങളുണ്ടെന്ന കാര്യംകൂടി ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണ്. കേന്ദ്ര അവഗണനയ്ക്കെതിരെ ലോക്സഭയിൽ ഇതുപോലൊരു പ്രമേയം കൊണ്ടുവരാനും ചർച്ച ചെയ്യാനും യു.ഡി.എഫ്.-ന്റെ പതിനെട്ട് എം.പി.-മാർ തയ്യാറായില്ലെന്നതും ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. ഏതായാലും പ്രതിപക്ഷം മറ്റ് കാരണങ്ങൾകൂടി മനസ്സിലാക്കുന്നതിനായി ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് വിശദമായി ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച അടിയന്തരപ്രമേയ നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണ്. ചട്ടം 55 പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് ചർച്ച അനുവദിക്കുന്നതാണ്. രണ്ട് മണിക്കൂറാണ് ചർച്ചയ്ക്കായി നീക്കിവയ്ക്കുന്നത്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

**10.04 a.m]**

**V ശ്രദ്ധക്ഷണിക്കൽ**

(1) വയനാട് ജില്ലയിലെ വന്യജീവി ആക്രമണങ്ങൾ

ശ്രീ. ഒ. ആർ. കേളു: സർ, അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യം കാരണം ഒരുതരത്തിലും ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് വയനാട് ജില്ലക്കാർക്കുള്ളത്. പകൽ സമയങ്ങളിൽ ആന, മാൻ എന്നിവ കൂട്ടത്തോടെ ജനവാസ മേഖലകളിലേയ്ക്കിറങ്ങുകയാണ്. കാട്ടുപോത്ത്, കരടി, മലമ്പാമ്പ്, രാജവെമ്പാല തുടങ്ങിയവയുടെ ശല്യവും വയനാട് ജില്ലയിൽ അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. വയനാട് ഒരു കാർഷിക ജില്ലയാണ്. കാർഷിക മേഖലയെ ആശ്രയിച്ചാണ് അവിടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും ജീവിക്കുന്നത്. എന്നാൽ വന്യമൃഗശല്യത്തിന്റെ അതിരൂക്ഷതമൂലം ഒരുതരത്തിലും കൃഷി ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയാണ്. അദ്ദേഹത്തെ ക്രോസ് ചെയ്ത് മറ്റംഗങ്ങൾ പോകരുത്.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, നെല്ല്, പച്ചക്കറി, കവുങ്ങ്, തെങ്ങ് തുടങ്ങിയ കൃഷികളും ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. കഴിഞ്ഞ ദിവസം പകൽ സമയത്താണ് മാനന്തവാടിയിലെ പനമരം പ്രദേശത്ത് ആന കൂട്ടത്തോടെ ഇറങ്ങിയത്. കരടിയുടെ ശല്യവും രൂക്ഷമാണ്. മാത്രമല്ല, മാനുകൾ കൂട്ടത്തോടെവന്ന് പച്ചക്കറി മുഴുവൻ നശിപ്പിക്കുകയാണ്. ഒരുതരത്തിലും വയനാട് ജില്ലയിലുള്ളവർക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. കഴിഞ്ഞ ദിവസം പുൽപ്പള്ളിയിൽ കടുവ ഒരാളെ ആക്രമിച്ച് കൊന്ന് ഭക്ഷിക്കുകയുണ്ടായി. സ്കൂളിൽപോകുന്ന സമയത്ത് ആന ആക്രമിച്ചതിനെത്തുടർന്ന് ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായ അഭിജിത്ത് ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. മൂന്ന് മാസംമുമ്പ് മാനന്തവാടിയിൽ തോമസ് എന്ന വ്യക്തിയെ അദ്ദേഹത്തിന്റെ വീടിനടുത്തുവന്ന് ആക്രമിച്ചാണ് കടുവ കൊലപ്പെടുത്തിയത്. വയനാട് ജില്ലയിൽ നിരന്തരമായി മനുഷ്യർക്കും കൃഷിക്കും ഭീഷണിയാകുന്ന

അതിരൂക്ഷമായ വന്യമൃഗാക്രമണത്തിന് ശാശ്വതപരിഹാരം കാണുന്നതിന് സാധിക്കുന്നില്ലെന്നാണ് സങ്കടത്തോടെ പറയാനുള്ളത്. വയനാട് ജില്ലയിലുള്ളവർ ഗുരുതര പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈ വിഷയം ഗൗരവമായി പരിഗണിച്ച് പരിഹാരമുണ്ടാക്കുന്നതിന് സർക്കാരിനും വനം വകുപ്പിനും സാധിക്കുമോയെന്നാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം കേരളത്തിലെ ഒരു പ്രധാനപ്പെട്ട ജില്ല നേരിടുന്ന വളരെ ഗൗരവമേറിയ പ്രതിസന്ധിയെക്കുറിച്ചാണ് ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഇതൊന്നും ഞങ്ങളെ ബാധിക്കുന്ന വിഷയമല്ലെന്ന രീതിയിൽ പല അംഗങ്ങളും ഫ്ലോറിൽ അലസമായി നടന്നത് ശരിയല്ല.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വന്യജീവി ആക്രമണംമൂലം വയനാട്ടിലെ ജനങ്ങൾ പ്രത്യേകിച്ചും കർഷക സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് അവിടത്തെ എം.എൽ.എ.

കൂടിയായ ശ്രീ. ഒ. ആർ. കേളു സഭയുടെ ശ്രദ്ധക്ഷണിച്ചത്. അദ്ദേഹം ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് എനിക്ക് വിയോജിപ്പില്ല. കാരണം, കഴിഞ്ഞ മൂന്നുനാല് മാസക്കാലമായി നിരന്തരം കടുവ ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ മേഖലകളിലും കൃഷിയിടങ്ങളിലുമെത്തി നാശനഷ്ടങ്ങളുണ്ടാക്കുകയും മനുഷ്യർക്ക് ജീവഹാനി വരുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ഉന്നയിച്ചതുപോലെ ഒരു നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നമെന്ന നിലയിൽത്തന്നെയാണ് സർക്കാർ ഇതിനെ നോക്കിക്കാണുന്നത്. എന്നാൽ അതിനൊരു ശാശ്വതപരിഹാരം കാണുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. ശാശ്വതപരിഹാരത്തെക്കുറിച്ച് ആലോചിക്കുമ്പോൾ നിരവധി കടമ്പകൾ കടന്നുപോകേണ്ടതുണ്ടെന്ന് അദ്ദേഹത്തിനും നല്ലതുപോലെ അറിയാം. വന്യജീവികളുടെ കണക്കെടുപ്പ് നടത്തിയതിൽനിന്നും വയനാട് ജില്ലയിൽ വന്യജീവികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. അവയെ

നിയന്ത്രിക്കാനാവശ്യമായ നടപടികൂടി സ്വീകരിക്കുമ്പോൾ മാത്രമേ ഈ അതിക്രമത്തെ തടയാൻ നമുക്ക് സാധിക്കുകയുള്ളു.

മറ്റൊന്ന്, കാട്ടിലെ ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. കാലാവസ്ഥാ വ്യതിയാനം നമ്മുടെ നാടിനെ മാത്രമല്ല വന്യജീവികളെയും ബാധിച്ചിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാനാകില്ല. എന്നാൽ അതിന് ശാശ്വതപരിഹാരം കാണുന്നതുവരെ കാത്തിരിക്കാതെ ബദൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് രണ്ട് വർഷം മുമ്പ് വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ദീർഘ-ഹ്രസ്വകാല പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്കരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. മുന്തിയ പരിഗണന ലഭിക്കുമെന്ന് പ്രതീക്ഷിച്ച് സമർപ്പിച്ച 620 കോടി രൂപ ചെലവ് വരുന്ന പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകാൻ സാധ്യമല്ലെന്ന അസന്ദിഗ്ദ്ധമായ മറുപടിയാണ് ദൗർഭാഗ്യവശാൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികളുള്ളിൽ നിന്നുകൊണ്ട് ഇതിനോടകംതന്നെ ഏതാനും നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. പ്രശ്നം പരിഹരിക്കുന്നില്ലെന്ന വസ്തുത നിലനിൽക്കെത്തന്നെ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി വനം വകുപ്പിലെ ഉദ്യോഗസ്ഥർ ജാഗ്രതയോടുകൂടിയ പ്രവർത്തനമാണ് വയനാട് ജില്ലയിൽ നടത്തിവരുന്നത്. ഒരു സംഭവമുണ്ടായാൽ  വനം വകുപ്പിലെ ജീവനക്കാർ കഴിവിന്റെ പരമാവധി ശ്രമിക്കുന്നുണ്ടെന്നുതന്നെയാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനോടകംതന്നെ സൗരോർജ്ജവേലി ഉൾപ്പെടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് വയനാട് പാക്കേജിന് പ്രത്യേക ഫണ്ട് അനുവദിക്കുകയും അതുൾപ്പെടെ 220 ലക്ഷം രൂപയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.  വനമേഖലയിലെ കാട്ടുപന്നികളെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി രണ്ട് വർഷത്തിനിടയിൽ 4115 കാട്ടുപന്നികളെ പഞ്ചായത്തുകൾ/സർക്കാർ മുൻകൈയെടുത്ത് കൊന്നൊടുക്കിയിട്ടുണ്ട്. 10 കടുവകളെയും ഒരു കാട്ടാനയെയും ഇതിനോടകം പിടികൂടി സംരക്ഷിച്ച് പോരുന്നുണ്ട്. അവയെല്ലാം വനത്തിൽനിന്നും പരിക്കേറ്റതും ഇര പിടിക്കാൻ

കഴിവില്ലാത്തതുമായിട്ടുള്ളതാണ്. 2022-23 വരെ വിവിധയിനം ളുക്കവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ്, ജൈവവേലി എന്നിങ്ങനെ 1472 കി.മീ. നീളത്തിലാണ് പ്രതിരോധ കിടങ്ങുകളും മതിലുകളും സ്ഥാപിച്ചിട്ടുള്ളത്. ഇതിനുപുറമെ നടപ്പുവർഷം നബാർഡിന്റെ പദ്ധതിയിലുൾപ്പെടുത്തി 68 കോടി രൂപ ചെലവ് വരുന്ന 801.24 കി.മീ. ളുക്കവേലി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിവരികയാണ്. 'നവകിരണം' പദ്ധതിയുടെ ഭാഗമായി 782 അർഹതപ്പെട്ട കുടുംബങ്ങളെ പാക്കേജ് പ്രകാരമുള്ള ആനുകൂല്യം നൽകി മാറ്റി പാർപ്പിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുന്നുണ്ട്. നമുക്ക് പൂർണ്ണമായും തൃപ്തികരമായും അത് നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. എന്നിരുന്നാലും അഞ്ച് വർഷത്തിനിടയിൽ 10.49 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മൂന്നുപേരിൽ രണ്ടുപേരുടെ കുടുംബങ്ങൾക്ക്

പൂർണ്ണമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മൂന്നാമത്തെയാളുടെ കുടുംബം ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ പ്രകാരം കടുവയെ നിരീക്ഷിക്കുന്നതിനായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കടുവയുടെ സാന്നിദ്ധ്യം അറിയുന്നതിനും പൊതുജനങ്ങൾക്കാവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനുമായി വന്യമൃഗ സാന്നിദ്ധ്യമുള്ള മേഖലകളിൽ ക്യാമറ ട്രാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 1 കോടി രൂപയാണ് പ്ലാൻ ഫണ്ടിൽ നീക്കിവച്ചിട്ടുള്ളത്. നിലവിൽ 7 കടുവകളെ അനിമൽ ഹോസ്പൈസ് സെന്ററിൽ പാർപ്പിക്കുകയും ബാക്കിയുള്ളവയെ തൃശ്ശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിലേയ്ക്ക് മാറ്റിയിരിക്കുകയുമാണ്. സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തുവരുന്നുണ്ടെങ്കിലും ജനങ്ങൾക്ക് സമാധാനവും ആശ്വാസവും നൽകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് പൂർണ്ണത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ അതിന് പല കേന്ദ്ര നിയമങ്ങളും തടസ്സമായി നിൽക്കുകയാണ്. ജീവനക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ

ചെയ്തുകൊടുക്കുന്നതിലും ധാരാളം പരിമിതികളുണ്ട്. ഇത് മനസ്സിലാക്കി വയനാട് മുൻ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രനും വയനാട് എം. പി. ശ്രീ. രാഹുൽ ഗാന്ധിയും ഓരോ ആംബുലൻസ് വാങ്ങുന്നതിനുള്ള തുക അനുവദിച്ച് നൽകിയിട്ടുണ്ട്. താൽക്കാലിക ക്യാമ്പ് ഷെഡ്ഡുകൾ സ്ഥാപിച്ച് വനം വകുപ്പുദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പാക്കുകയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം കാര്യക്ഷമമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനായി നബാർഡ് പദ്ധതിയിൽ 310 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.)-നെ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ ഉപയോഗത്തിനായി 20 വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ധനകാര്യ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. ആവശ്യാനുസരണം കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിന് ധനകാര്യ വകുപ്പ് ഉദാര നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് നമുക്ക് കുറച്ചുകൂടി ഗൗരവത്തിൽ കാണേണ്ടൊരു പ്രശ്നം തന്നെയാണ്. വയനാട് മാത്രമല്ല മലയോര മേഖലകളിലെല്ലാം തന്നെ

ഈ പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നതിനാൽ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ മുൻകരുതലുകളും ശ്രദ്ധയും ചെലുത്താമെന്ന് അദ്ദേഹം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സഭയുടെ വികാരമായി കണക്കാക്കി കർശനവും ഫലപ്രദവുമായ നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണെന്ന് അറിയിക്കുകയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തിലെടുക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി കേന്ദ്ര ഗവൺമെന്റിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഉന്നയിക്കാനുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഫെബ്രുവരി എട്ടാം തീയതി ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെ ഡൽഹിയിൽ എത്തുന്നതിന് മുന്നോടിയായി ഏഴാം തീയതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയുമായി ഞാനും റവന്യൂ വകുപ്പുമന്ത്രിയും ഒരു കൂടിക്കാഴ്ചയ്ക്ക് സമയം ചോദിച്ചിട്ടുണ്ട്. ആ സന്ദർഭത്തിൽ ഈ പ്രശ്നം ഉന്നയിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ഇക്കാര്യത്തിൽ കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ട്. ഇനിയും സഭയുടെ ഒറ്റക്കെട്ടായ വികാരമനുസരിച്ച് പ്രവർത്തിക്കാൻ സർക്കാർ ഒരുക്കമാണ്.

(2) ട്രാവൻകൂർ സിമന്റ്സ് ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാട്ടകം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള കക്കയിൽനിന്ന് വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിന്റെ കുത്തകയായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി വളരെ ദയനീയമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെന്ന് കണക്കാക്കുകയാണ്. വെള്ള സിമന്റ് ഉൽപ്പാദനത്തിൽ കേരളത്തിനുണ്ടായിരുന്ന കുത്തക അവസാനിച്ചു. ലാഭത്തിൽ പ്രവർത്തിച്ചുവരികയും 2000 വരെ സംസ്ഥാന ഗവൺമെന്റിന് ലാഭവിഹിതം കൊടുക്കുകയും ചെയ്തുകൊണ്ടിരുന്ന ഫാക്ടറിയാണ് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്. എറണാകുളം ജില്ലയിലെ വാഴക്കാലയിൽ 2.79 ഏക്കർ ഭൂമിയും കോട്ടയം ജില്ലയിലെ വൈക്കത്ത് 1.8 ഏക്കർ ഭൂമിയും 1980-85 കാലഘട്ടത്തിൽ കമ്പനിയുടെ ലാഭവിഹിതത്തിൽനിന്നാണ് വാങ്ങിയത്.

പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം കക്കയുടെ ഖനനം 2004 മുതൽ പൂർണ്ണമായും നിർത്തലാക്കിയതിനാൽ ക്ലിങ്കർ ഇറക്കുമതി ചെയ്താണ് അവിടെ സിമന്റ് ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ ഈ സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. 2023 മാർച്ച് വരെയുള്ള കമ്പനിയുടെ ബാധ്യത 156.56 കോടി രൂപയാണ്. പി.എഫ്.-ഉം ഗ്രാറ്റുവിറ്റിയുമുൾപ്പെടെയുള്ള നിയമാനുസൃതമായ പേമെന്റുകൾപോലും കുടിശ്ശികയാണ്. നാല് മാസമായി തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. ശമ്പളം ലഭിക്കാത്ത തൊഴിലാളികൾക്ക് പലവ്യഞ്ജനകിറ്റ് കൊടുക്കുന്ന ചിത്രമാണ് ഇന്നത്തെ ദിനപത്രത്തിൽ വന്നിട്ടുള്ളത്. ഈ ദയനീയാവസ്ഥയിൽനിന്ന് സ്ഥാപനത്തെ കരകയറ്റുന്നതിന് നടപടി സ്വീകരിക്കണം. 2019 മുതൽ ജീവനക്കാരിൽനിന്നും ഈടാക്കുന്ന പി.എഫ്.-ഗ്രാറ്റുവിറ്റി വിഹിതവും കമ്പനി അതിലേയ്ക്ക് അടയ്ക്കുന്നില്ല. കഴിഞ്ഞ ഒരു വർഷക്കാലമായി അവിടെ  വല്ലപ്പോഴുമാണ് ഉൽപാദനം നടക്കുന്നത്. ക്ലിങ്കർ വാങ്ങുന്നതിനുള്ള പണവുമില്ല. പ്രതിദിനം 120 ടൺ വെള്ള സിമന്റ് ഉൽപ്പാദിക്കുന്ന അതിന്റെ ആകെ ഉൽപാദനശേഷി 43200 ടണ്ണാണ്.

എന്നാൽ ഇപ്പോൾ വല്ലപ്പോഴും ഇരുന്നൂറോ മുന്നൂറോ ടൺ ക്ലിങ്കർ വാങ്ങി അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന രീതിയിൽ ഒരു പൊതുമേഖലാ സ്ഥാപനം പോകുന്നത് നമ്മുടെ നാടിന് ഗുണകരമല്ലാത്തതുകൊണ്ട് അതിനെ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട മന്ത്രി അവിടെ ചില കാര്യങ്ങൾ ചെയ്യാനായി ശ്രമിച്ചിട്ടുണ്ട്. ഇലക്ട്രിക് പോൾ നിർമ്മാണത്തിന് വ്യവസായ വകുപ്പും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും പദ്ധതി നടപ്പാക്കുമെന്ന് തൊഴിലാളികളെ സാക്ഷി നിർത്തി അന്നത്തെ രണ്ട് മന്ത്രിമാർ ഉറപ്പ് നൽകിയതാണ്. പക്ഷേ അതിനുള്ള നടപടികളും എങ്ങുമെത്തിയിട്ടില്ല. 12-09-2023-ലെ വ്യവസായ വകുപ്പിന്റെ ഉത്തരവുപ്രകാരം ഈ ഫാക്ടറിയുടെ വസ്തുവകകൾ പൊതുലേലത്തിൽ വിൽക്കുന്നതിന് അനുമതി നൽകിയിരിക്കുകയാണ്. കടബാധ്യതകൾ സർക്കാർ ഏറ്റെടുത്ത് ഈ കമ്പനിയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടിയെടുക്കണം. കമ്പനിയുടെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്.

ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളുമുൾപ്പെടുന്ന ട്രേഡ് യൂണിയനുകൾക്കും ജനങ്ങൾക്കും ഒരേ അഭിപ്രായമാണുള്ളത്. പൊതുമേഖലയിലെ അഭിമാനകരമായ ഈ കമ്പനിയെ സംരക്ഷിക്കാൻ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ പ്രശ്നം പല തവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെയും ഇപ്പോൾ നമ്മോടൊപ്പമില്ലാത്ത മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും സാന്നിദ്ധ്യത്തിൽ ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്യുകയുണ്ടായി. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള കക്കയിൽനിന്ന് വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയായിരുന്നു. എന്നാൽ, വേമ്പനാട്ട് കായലിൽനിന്ന് കക്കയുടെ ഖനനം കോടതി നിരോധിച്ചതോടുകൂടിയാണ് കമ്പനിയുടെ പ്രതിസന്ധിയുടെ തുടക്കമെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. 2000 മുതൽ ഭീമമായ നഷ്ടത്തിലാണ് ഈ കമ്പനി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ എല്ലാ സർക്കാരുകളുടെയും

പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, ഓരോ ഘട്ടത്തിലും സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പിന്തുണയെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഈ സ്ഥാപനവും നിലനിന്നുപോകുന്നത് എന്നതാണ് യാഥാർത്ഥ്യം. 2016 മുതൽ ഈ സാമ്പത്തികവർഷം വരെ 41.18 കോടി രൂപ സർക്കാർ ഈ സ്ഥാപനത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്. അതുകൊണ്ട് മാത്രം പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്നതല്ല. വിദേശത്തുനിന്ന് ക്ലിങ്കർ ഇറക്കുമതി ചെയ്താണ് ഇപ്പോൾ അവിടെ സിമന്റ് ഉൽപ്പാദിപ്പിക്കുന്നത്. ഉൽപ്പന്നത്തിന്റെ വിലയും ഉൽപ്പാദന ചെലവും താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള പ്രതിസന്ധി മറികടക്കാൻ സാധ്യമല്ല. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്പനിയുടെ എറണാകുളം ജില്ലയിലെ വാഴക്കാലയിലെ 2.7 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് നൽകാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കിൻഫ്രയിൽനിന്ന് ലഭിച്ച 5 കോടി രൂപ ഉപയോഗിച്ചാണ് അന്ന് പിരിഞ്ഞുപോയവരുടെ ഗ്രാറ്റുവിറ്റിയുൾപ്പെടെ നൽകിയത്. അങ്ങ് പറഞ്ഞതുപോലെ പ്രസ്തുത സ്ഥലം കമ്പനിയുടെ

ലാഭവിഹിതത്തിൽനിന്ന് വാങ്ങിയതാണെങ്കിലും കിൻഫ്രയ്ക്ക് ഉപയോഗിക്കാൻ കഴിയില്ല. കാരണം ചെറിയ റോഡുള്ള റെസിഡൻഷ്യൽ ഏരിയയ്ക്കുള്ളിലാണ് ഈ സ്ഥലമുള്ളത്. കിൻഫ്ര ഏറ്റെടുക്കുന്നതിൽ ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്നാണ് തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി വിശദമായ യോഗം ചേർന്ന് കമ്പനിയുടെ രണ്ട് സ്ഥലങ്ങൾ വിൽക്കാൻ തീരുമാനമെടുത്തത്. സ്ഥലങ്ങൾ ഓപ്പൺ ടെണ്ടറിലൂടെ വിൽക്കാൻ സർക്കാർ അനുമതി നൽകണമെന്ന് എല്ലാ ട്രേഡ് യൂണിയനുകളും ജനപ്രതിനിധികളും ഒരേ സ്വരത്തിൽ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചാൽ കൂടുതൽ വില കിട്ടുമെന്ന് ചില യൂണിയൻ പ്രതിനിധികൾ മീറ്റിംഗിൽ അഭിപ്രായപ്പെട്ടത് സർക്കാർ പരിഗണനയ്ക്കെടുക്കുകയും പരിശോധിച്ച് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ ആദ്യത്തെ ഗ്ലോബൽ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. രണ്ടാമത്തേത് ഇന്നലെയാണ് അവസാനിച്ചത്. അതിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്

എറണാകുളത്തെയും വൈക്കത്തെയും സ്ഥലം വിൽപ്പന നടത്തി ലഭിക്കുന്ന പണമുപയോഗിച്ച് ബാധ്യതകൾ തീർക്കുന്നതിന് മുൻഗണന നൽകാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. അതോടൊപ്പം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ മറ്റ് സാധ്യതകളുണ്ടോയെന്നുള്ളതും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കമ്പനിയോട് ചേർന്നുള്ള സ്ഥലം പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് കിൻഫ്രയും ട്രാവൻകൂർ സിമന്റ്സും ചേർന്ന് ഫുഡ് പ്രോസസ്സിംഗ് പാർക്ക് സ്ഥാപിക്കാൻ കഴിയുമോയെന്നും ശ്രമിച്ചിരുന്നു. പക്ഷേ അവിടത്തെ നിലവിലെ സ്ഥിതിയനുസരിച്ച് അതിന് അനുമതി ലഭിക്കാനിടയില്ലാത്തതിനാൽ മറ്റ് സാധ്യതകളുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. അവിടെയുള്ള തൊഴിലാളികൾക്ക് ശമ്പളമില്ലെന്ന പ്രശ്നമുണ്ടെങ്കിലും യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. അതിൽ എല്ലാവരുടെയും പങ്ക് പ്രധാനപ്പെട്ടതാണ്. ആഗോള ടെണ്ടറിന്റെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി പ്രശ്ന പരിഹാരത്തിനുള്ള ശ്രമം നടത്തി മുന്നോട്ട് പോകാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങേയ്ക്ക് ഇക്കാര്യങ്ങളെക്കുറിച്ച് വ്യക്തമായി അറിയാവുന്നതിനാൽ വിശദമായി പറയുകയുണ്ടായി; എപ്പോഴാണ് ഇതിനൊരു അവസാനമുണ്ടാകുന്നത്; ദീർഘകാലമായി ഈയൊരു കാര്യത്തിനായി സ്വപ്നം കണ്ടിരുന്നാൽ പറ്റില്ലല്ലോ? കമ്പനിയുടെ കടങ്ങളെല്ലാം ഏറ്റെടുക്കുകയോ പ്രശ്നത്തിന് പരിഹാരം കാണുകയോ ചെയ്ത് ഈ ഫാക്ടറി പഴയതുപോലെ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. രാജീവ്</u>: സർ, ടെണ്ടർ നൽകാനുള്ള സമയം ഇന്നലെ അവസാനിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ടെണ്ടർ ക്വാട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തി ലഭിക്കുന്ന പണം പൂർണ്ണമായി ധാരണയുണ്ടാക്കിയ കാര്യങ്ങൾക്കുവേണ്ടി മാത്രമായി വിനിയോഗിക്കാം. അതോടുകൂടി മാറ്റമുണ്ടാക്കാൻ കഴിയും. അക്കാര്യത്തിൽ നമുക്കൊരുമിച്ച് ഇടപെടൽ നടത്താം.

**10.27 a.m]**

**VI സബ്മിഷൻ**

<u>മി. സ്പീക്കർ</u>: ഇന്ന് മൂന്ന് മണിക്കൂർ നന്ദിപ്രമേയത്തിന്റെയും രണ്ട് മണിക്കൂർ അടിയന്തരപ്രമേയത്തിന്റെയും ചർച്ചയുള്ളതുകൊണ്ട് സബ്മിഷൻ പരമാവധി ചുരുക്കി അവതരിപ്പിക്കുകയും മറുപടി പറയുകയും ചെയ്യണമെന്ന് ബഹുമാന്യരായ അംഗങ്ങളോടും മന്ത്രിമാരോടും അഭ്യർത്ഥിക്കുകയാണ്.

(1) <u>പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കേരള നിയമസഭ പാസ്സാക്കിയ 2011-ലെ പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആൻഡ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകാത്തതുകൊണ്ട് ദുരിതബാധിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ദീർഘകാലത്തെ ജനകീയ സമരത്തെ തുടർന്നാണ് 2005-ൽ പ്ലാച്ചിമട പ്ലാന്റ് അടച്ചുപൂട്ടിയത്. തുടർന്ന് സർക്കാർ പരിസ്ഥിതി ആഘാതം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി അന്നത്തെ

അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ ട്രിബ്യൂണൽ രൂപീകരിക്കാനുള്ള ബിൽ കേരള നിയമസഭ പാസ്സാക്കിയത്. പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ പ്ലാന്റ് പ്രവർത്തിച്ചതുമൂലം ഭൂഗർഭ ജലവിതാനത്തിൽ വലിയ കുറവുണ്ടായി, ജലസ്രോതസ്സുകളെയും പൊതുജനാരോഗ്യത്തെയും ദോഷകരമായി ബാധിച്ചു, മണ്ണ് കൃഷിയോഗ്യമല്ലാതായി, കാർഷികോത്പാദനം ഗണ്യമായി കുറഞ്ഞു, കാഡ്മിയം, ലെഡ്, ക്രോമിയം തുടങ്ങിയവമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, കുട്ടികൾക്ക് ഭാരക്കുറവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും, കുടിവെള്ള ക്ഷാമം തുടങ്ങിയ ദൂഷ്യഫലങ്ങളെക്കുറിച്ച് കാര്യകാരണസഹിതം പ്രസ്തുത റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ടായിരുന്നു. അന്നത്തെ റേറ്റിന്റെ അടിസ്ഥാനത്തിൽ വിവിധ ഇനങ്ങളിലായി 216.26 കോടി രൂപയുടെ നഷ്ടമാണ് പ്രസ്തുത സമിതി തിട്ടപ്പെടുത്തിയത്. ആ തുക ഈടാക്കുന്നതിനുവേണ്ടി കേരള നിയമസഭ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ പാസ്സാക്കിയെങ്കിലും അതിന് രാഷ്ട്രപതി അംഗീകാരം നൽകാതെ

തിരിച്ചയയ്ക്കുകയാണുണ്ടായത്. മാത്രമല്ല, ഈ കമ്പനി അടച്ചുപൂട്ടിയെങ്കിലും അതിനെതിരായി മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ (പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ടിലെ 43, 47 വകുപ്പുകൾ പ്രകാരമോ ആദിവാസി മേഖലയിൽ ഗുരുതരമായ കുറ്റകൃത്യം നടത്തിയതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം അനുസരിച്ചോ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. നമ്മുടെ നാട്ടിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ അട്ടിമറിക്കുന്ന രീതിയിൽ ഒരു ബഹുരാഷ്ട്ര കമ്പനി നടത്തിയ ജലമലിനീകരണ പ്രവർത്തനങ്ങൾ ആദിവാസി മേഖലയിൽ ഉൾപ്പെടുന്ന ഒരു ജനസമൂഹത്തെ സാമൂഹികമായും സാമ്പത്തികമായും ആരോഗ്യപരമായും കടുത്ത ദുരിതത്തിലേയ്ക്ക് തള്ളിവിട്ടത് തെളിവുസഹിതം ബോധ്യപ്പെട്ടിട്ടും നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ രാഷ്ട്രപതിയുടെ അനുമതി ലഭിക്കാതിരുന്ന ഈ ബില്ലിലെ പോരായ്മകൾ ഒഴിവാക്കി പുതിയ നിയമനിർമ്മാണം നടത്തുന്നതിനുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ചുകൊണ്ട് പ്ലാച്ചിമടയിലെ ദുരിതബാധിതർക്ക് അർഹതപ്പെട്ട

നഷ്ടപരിഹാരം അടിയന്തരമായി ലഭിക്കുന്നതിനുവേണ്ടിയുള്ള പാക്കേജ് നടപ്പാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരോട് പറയാനുള്ളത്. ആദിവാസി മേഖലയിൽ ഗുരുതരമായ കുറ്റകൃത്യം ചെയ്ത കമ്പനിക്കെതിരായി മേൽപ്പറഞ്ഞ നിയമങ്ങൾ പ്രകാരം കർശന നടപടി സ്വീകരിക്കണം. 2010-ലാണ് 216 കോടി രൂപയുടെ നഷ്ടം കണക്കാക്കിയത്. അതുകൊണ്ട് ഇപ്പോഴത്തെ റേറ്റിൽ നഷ്ടപരിഹാരം കണക്കാക്കി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് വളരെ ഗൗരവമുള്ള വിഷയമാണ് സബ്മിഷനായി അവതരിപ്പിച്ചത്. അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നിയമസഭ 2011-ൽ പാസ്സാക്കിയ ബിൽ രാഷ്ട്രപതി തിരിച്ചയച്ച സാഹചര്യത്തിൽ തുടർന്നുള്ള നടപടികൾക്കാണ് പ്രാധാന്യം കൽപ്പിക്കേണ്ടതായിട്ടുള്ളത്. ഇക്കാര്യങ്ങളിലെല്ലാം നല്ല നിലയിലുള്ള ചർച്ചകൾ നേരത്തെ നടന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സോളിസിറ്റർ ജനറലിൽനിന്നും

നിയമോപദേശം തേടിയപ്പോൾ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിലെ 14(3), 15(3) എന്നീ വകുപ്പുകൾക്ക് കീഴിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലതാമസം കണക്കാക്കുന്ന വ്യവസ്ഥയിൽ ഇളവ് നൽകണമെന്നൊരു അപേക്ഷയോടുകൂടി സംസ്ഥാനം ഒരു റെപ്രസെന്റേറ്റീവ് സ്യൂട്ട് ഫയൽ ചെയ്യണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. മാത്രമല്ല ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ആവശ്യമായ ഭേദഗതികളോടുകൂടിയ നിയമനിർമ്മാണം നടത്താൻ കഴിയുമോയെന്നും ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. കമ്പനിയിൽനിന്നും നഷ്ടപരിഹാരം നേടിയെടുക്കണമെന്ന നിലയിലാണ് ആദ്യം ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആ സ്പിരിറ്റിൽനിന്നും ഒരിക്കലും പുറകോട്ട് പോയിട്ടില്ല. പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടായ നാശങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിൽ അവലോകനം നടത്തുകയും അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് സ്പെഷ്യൽ ട്രൈബ്യൂണൽ

രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം വീണ്ടും നടത്തുന്നതിനുള്ള സാധ്യതയെക്കുറിച്ച് പരിശോധിച്ചുവരികയുമാണ്.

(2) <u>ചെർപ്പുളശ്ശേരിയിൽ ഫയർഫോഴ്സ് യൂണിറ്റ്</u>

<u>ശ്രീ. പി. മമ്മിക്കുട്ടി:</u> സർ, പാലക്കാട് ജില്ലയിൽ നാലാമത്തെ നഗരമായി പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന ചെർപ്പുളശ്ശേരിയിൽ വിദ്യാലയങ്ങൾ, ആശുപത്രികൾ, പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ, കടകമ്പോളങ്ങൾ തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയിരക്കണക്കിനാളുകൾ ദിവസേന വന്നുപൊയ്ക്കൊണ്ടിരിക്കുന്ന ചെർപ്പുളശ്ശേരിയിൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയ്ക്ക് തീപിടിത്തവും പുഴയിൽ ജീവഹാനി സംഭവിച്ചതുമായി ബന്ധപ്പെട്ടും നാല്പത്തൊമ്പതോളം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അപകടങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിലൊക്കെ കോങ്ങാട്, പെരുന്തൽമണ്ണ, ഷൊർണ്ണൂർ എന്നീ ഭാഗങ്ങളിലുള്ള ഫയർഫോഴ്സ് യൂണിറ്റ് ഇടപെട്ട് കൂടുതൽ ആളപായമുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ തുണിക്കട, സാമില്ലുകൾ, മാർക്കറ്റുകൾ

എന്നിവയിലെ തീപിടിത്തത്തിലും മറ്റുമായി ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണുണ്ടാകുന്നത്. ഫയർഫോഴ്സിന് കിലോമീറ്ററോളം ദൂരം സഞ്ചരിച്ചാൽ മാത്രമേ ചെർപ്പുളശ്ശേരിയിൽ എത്താൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ സ്ഥലം ലഭ്യമായിട്ടുള്ളതിനാൽ ചെർപ്പുളശ്ശേരി കേന്ദ്രമാക്കി ഒരു ഫയർഫോഴ്സ് യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി പത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അനുമതി നൽകിയ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിൽ ചെർപ്പുളശ്ശേരി ഉൾപ്പെട്ടിട്ടില്ല. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സ്റ്റേഷൻ ആരംഭിച്ചതിനുശേഷം ആവശ്യകതയനുസരിച്ച് പുതിയ സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## (3) കോഴിക്കോട് ജില്ലയിലെ സർവ്വേയർമാരുടെ ക്ഷാമം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ബൈപ്പാസിനും കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡിനും കിഫ്ബിയുടെ അംഗീകാരം ലഭിച്ച് ഏഴ് വർഷമായിട്ടും ഭൂമി ഏറ്റെടുക്കൽ നടപടികളിലുള്ള കാലതാമസംമൂലം പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വടകര-കുറ്റ്യാടി-നാദാപുരം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിൽ 12 മീറ്റർ ഫ്രീ സറണ്ടർ ചെയ്ത് നൽകേണ്ടതാണ്. സർവ്വേയർമാരുടെ അപര്യാപ്തതയാണ് റോഡ് കൈയേറ്റങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പ്രധാന തടസ്സം. കേരളത്തിലെ മലയോരമേഖല ഉൾക്കൊള്ളുന്നതും ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കൊയിലാണ്ടി, വടകര താലൂക്കുകളിൽ ഒരു താലൂക്ക് സർവ്വേയർ മാത്രമേയുള്ളൂ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മലയോരമേഖലകളിലെ അതിർത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കോടതി നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും ഒരു സർവ്വേയറെക്കൊണ്ട് കഴിയില്ലെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. അതുകൊണ്ട് ഇക്കാര്യം

പരിഗണിച്ച് അടിയന്തരമായി താൽക്കാലികാടിസ്ഥാനത്തിലെങ്കിലും സർവ്വേയർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നോട്ടിഫിക്കേഷൻ നീണ്ടുപോകുന്നതിന്റെ ഫലമായി സർക്കാരിനുണ്ടാകുന്ന നഷ്ടം ഭീമമാണ്. കോഴിക്കോട് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന മൂന്നിലൊന്ന് തസ്തികകളിൽ മുഴുവനും സ്ഥിരനിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം. നിലവിലുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ സർവ്വേയർമാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് വികസനത്തിനുവേണ്ടി 6.0190 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച്

സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ആക്ടിലെ സെക്ഷൻ 8 (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 09-11-2023-ലെ സ.ഉ.(അച്ചടി)നം.281/2023/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 09-11-2023-ലെ 3622-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി ചെയ്യുന്നത് കൊയിലാണ്ടി എൽ.എ. ജനറൽ ഓഫീസിൽ നിന്നാണ്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഒരു സർവ്വേയറുടെ ഒഴിവ് പ്രസ്തുത ഓഫീസിലുള്ളതിൽ 19-12-2023-ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ സർവ്വേയറെ നിയമിച്ചിട്ടുള്ളതും പ്രസ്തുത റോഡ് പ്രവൃത്തിയുടെ എൽ.എ. (ലാൻഡ് അക്വിസിഷൻ) സബ് ഡിവിഷൻ ആരംഭിച്ചിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവയ്ക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലം സമയബന്ധിതമായി അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ 159.806 ഹെക്ടർ ഭൂമി കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളാരംഭിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 12-01-2023-ലെ സ.ഉ. (അച്ചടി) നം.07/2003/റവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 12-01-2023-ലെ കേരള അസാധാരണ ഗസറ്റിൽ നമ്പർ 132 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ കുറ്റ്യാടി ബൈപ്പാസിന്റെ എൽ.എ. സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡി.വി.എസ്. (ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ്) അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ബന്ധപ്പെട്ടിട്ടുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവയ്ക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലം

അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വടകര-വില്യാപ്പിള്ളി-ചേലക്കാട് റോഡിലെ കൈയേറ്റം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വടകര താലൂക്ക് ഓഫീസിലെ സർവ്വേയർമാർ ആരംഭിച്ചിട്ടുള്ളതും ആകെ 18 കി.മീ. ഉള്ളതിൽ 6.5 കി.മീ. ജോലി പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു. നിലവിൽ വടകര, കൊയിലാണ്ടി താലൂക്കുകളിൽ ഒരു താലൂക്ക് സർവ്വേയർ തസ്തിക മാത്രമാണ് നിലവിലുള്ളതെങ്കിലും റീ-സർവ്വേ ഓഫീസുകളിൽനിന്നും എൽ.ആർ.എം., സ്പെഷ്യൽ സർവ്വേ എന്നീ ജോലികൾക്കായി മൂന്ന് സർവ്വേയർമാരെ ജോലിക്രമീകരണവ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതുമാണ്. ആയതിൽ ഒരാൾ സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് വിടുതൽ ചെയ്തുപോയിട്ടുള്ളതാണ്. നിലവിൽ വടകര, കൊയിലാണ്ടി താലൂക്കുകളിൽ മൂന്നുപേർ വീതമാണ് ജോലി ചെയ്യുന്നത്. കോഴിക്കോട് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ ആകെ 24 സർവ്വേയർ തസ്തികകളാണ് നിലവിലുള്ളത്. സർവ്വേയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുള്ള 8 തസ്തികകളിലേയ്ക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്ത് 4 വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സർക്കാരിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഡിജിറ്റൽ റീസർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ റീസർവ്വേ ഓഫീസുകളിൽനിന്നും കൂടുതൽ സർവ്വേയർമാരെ ജോലി ക്രമീകരണവ്യവസ്ഥയിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. എങ്കിൽപ്പോലും നിലവിൽ റീസർവ്വേ ഓഫീസുകളിൽനിന്നും എൽ.ആർ.എം., എൽ.എ. സ്പെഷ്യൽ ജോലികൾക്കായി 13 സർവ്വേയർമാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ എടുത്തുകൊണ്ട് ജോലി പുരോഗതികൾ വിലയിരുത്തിയശേഷം ജോലി കുറവുള്ള ഓഫീസുകളിൽനിന്നും കൂടുതലുള്ള ഓഫീസുകളിലേയ്ക്ക് ജോലികളുടെ മുൻഗണന പരിശോധിച്ചുകൊണ്ട് ക്രമീകരണങ്ങൾ നടത്തിവരുന്നുണ്ട്.

കിഫ്ബി നിലവിൽവന്നതിനുശേഷം ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ് വർദ്ധിച്ചതോടെ സർവ്വേയർമാരും ചില പ്രയാസങ്ങൾ നേരിടുന്നുണ്ട്.

ജോലിക്രമീകരണ വ്യവസ്ഥയിലൂടെ അത് മറികടക്കാനുള്ള ശ്രമമാണ് നടത്തുന്നത്. റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ സ്ഥിരനിയമനങ്ങൾ നടത്തുന്നതും അതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിക്കാവുന്നതുമാണ്. അങ്ങ് പറഞ്ഞ കാര്യം ഗൗരവമായി സർക്കാർ പരിശോധിക്കും.

(4) ജൽ ജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഉന്നയിക്കുന്ന സബ്മിഷൻ ആലുവ നിയോജകമണ്ഡലത്തിൽ മാത്രമുള്ള വിഷയത്തെക്കുറിച്ചല്ല. കേരളത്തിലെ എല്ലാ പഞ്ചായത്ത്-പി.ഡബ്ല്യു.ഡി. റോഡുകളിലും വിവിധ ഫണ്ടുകളുപയോഗിച്ച് നിർമ്മാണങ്ങൾ നടത്തുന്നുണ്ട്. ആലുവ-പെരുമ്പാവൂർ പി.ഡബ്ല്യു.ഡി. റോഡിന് ഫണ്ട് അനുവദിച്ച് ടെണ്ടർ ക്ഷണിച്ചുവെങ്കിലും അവിടെ ജൽ ജീവൻ മിഷന്റെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ അത് ക്യാൻസൽ ചെയ്യേണ്ട സാഹചര്യമുണ്ടായി. ഇപ്പോൾ അത് റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ചിലപ്പോൾ ആ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം നടത്താൻ കഴിയാത്തൊരു

സാഹചര്യവുമുണ്ടാകും. ജനങ്ങൾക്ക് യാത്ര ചെയ്യാൻ കഴിയാത്ത വളരെ മോശമായ സ്ഥിതിയിലേയ്ക്ക് ആ റോഡ് മാറിയിട്ടും റീ-ടെണ്ടർ ചെയ്യാൻ സാധിക്കാത്തത് ജൽ ജീവൻ മിഷന്റെ പദ്ധതി പൂർത്തീകരിക്കാത്തതിനാലാണ്.

പ്ലാൻ/തനത് ഫണ്ടുകളുപയോഗിച്ച് റോഡുകൾ റീ ടാറിംഗ് നടത്താൻ പല പഞ്ചായത്തുകളും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ഈ വർക്കുകൾ ചെയ്തതിനുശേഷം ടെണ്ടർ ചെയ്യാൻ നോക്കുകയാണ്. ജൽ ജീവൻ മിഷന്റെ പൈപ്പിടൽ പദ്ധതി പൂർത്തിയാക്കാത്തതിനാലാണ് ടെണ്ടർ ചെയ്ത വർക്കുകൾ പൂർത്തീകരിക്കാനോ ഫണ്ട് അനുവദിച്ച റോഡുകൾ ടെണ്ടർ ചെയ്യാനോ സാധിക്കാത്തത്. കഴിഞ്ഞ സെപ്റ്റംബർ മാസം അവസാനമാണ് ജൽ ജീവൻ മിഷന്റെ കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്ത തുക അനുവദിച്ചത്. അതിനുശേഷമുള്ള വർക്കുകൾക്ക് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ യഥാസമയം ബിൽ അപ്‌ലോഡ് ചെയ്തെങ്കിലും ഫണ്ട് അനുവദിക്കുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഏകദേശം മൂവായിരം കോടി രൂപ കോൺട്രാക്ടർമാർക്ക് നൽകാനുണ്ട്. ഇത് ഒരു കേന്ദ്ര-സംസ്ഥാന

പദ്ധതിയാണ്. നാൽപ്പത്തിരണ്ടായിരം കോടി രൂപയാണ് ഈ പദ്ധതി നടപ്പാക്കുമ്പോൾ ആകെ ചെലവാകാൻ പോകുന്നത്. എന്നാൽ നാലായിരം കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി കുഴിയെടുത്തശേഷം മെയിന്റനൻസ് ചെയ്യാത്തതുമൂലം പഞ്ചായത്ത്-പി.ഡബ്ല്യു.ഡി. റോഡുകൾ ഉൾപ്പെടെ തകർന്നുകിടക്കുന്നതിനാൽ ജനങ്ങൾക്ക് നടക്കാനോ വാഹനങ്ങളിൽ പോകാനോ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഇത്തരം വിഷയങ്ങൾ ആലുവയിലും കേരളത്തിലുടനീളവുമുണ്ട്. അതുകൊണ്ട് കോൺട്രാക്ടർമാരുടെ കുടിശ്ശിക അടിയന്തരമായി നൽകണം. ഇതൊരു നല്ല പദ്ധതിയാണ്. അതുകൊണ്ട് ഇത്തരം പദ്ധതികൾ പൂർത്തീകരിച്ച് ജനങ്ങൾക്ക് സുഗമമായി വെള്ളം ലഭ്യമാക്കാനും റോഡിലൂടെ യാത്ര ചെയ്യാനുമുള്ള സൗകര്യമൊരുക്കാൻ എത്രയും വേഗം നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്

ഉന്നയിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് കൃത്യമായി റിവ്യൂ നടത്തി വിവരങ്ങൾ എല്ലാ എം.എൽ.എ.-മാരെയും എന്റെ ഓഫീസിൽ നിന്നുതന്നെ അറിയിക്കുന്നുണ്ട്. കഴിയുന്നത്ര എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഒന്നുകൂടി റിവ്യൂ നടത്തി മറുപടി നൽകുന്നുണ്ട്. ഇത്തരം കാര്യങ്ങൾ തീർച്ചയായും ഈ നിലയിൽ തുടർന്നുപോകണം. റോഡുകളുടെ റെസ്റ്റൊറേഷനുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. സംസ്ഥാനത്ത് 1, 2, 3 ഘട്ടങ്ങളിലായി ഭരണാനുമതി നൽകിയ വർക്കുകളിൽ റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടില്ലായിരുന്നു. താൽക്കാലിക പുനഃസ്ഥാപനം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പഞ്ചായത്തുകൾക്ക് വലിയ ബുദ്ധിമുട്ടുകളുണ്ടാക്കുകയും റോഡ് പുനഃസ്ഥാപിക്കാൻ സാധിക്കാതെ വരികയും ചെയ്തു. 15-ാം ധനകാര്യ കമ്മീഷന്റെ ടൈഡ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകിയിരുന്നു. എന്നാൽ 4, 5, 6 ഘട്ടങ്ങളിലായി ഭരണാനുമതി നൽകിയതിന് റോഡ് പുനഃസ്ഥാപനത്തിനാവശ്യമായ തുക അനുവദിച്ചിരുന്നു. കേന്ദ്രസർക്കാരിൽ

നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 1, 2, 3 ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ വർക്കുകളിൽ റോഡ് പുനഃസ്ഥാപനം നടത്തിയിട്ടില്ലാത്തവയ്ക്ക് അത് ചെയ്യുന്നതിനാവശ്യമായ തുകകൂടി അനുവദിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. അതത് പഞ്ചായത്തുകൾ എസ്റ്റിമേറ്റും മറ്റ് കാര്യങ്ങളും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തയ്യാറാക്കി അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് റെസ്റ്റൊറേഷൻ പ്രവൃത്തികൂടി ചെയ്യാൻ സമ്മതമാണെങ്കിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയോടൊപ്പം അതും ചെയ്ത് മുന്നോട്ടുപോകുന്നതിന് തടസ്സമില്ല. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ അത് ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ നിശ്ചിത തുകയിൽ നിന്നുകൊണ്ട് പഞ്ചായത്തുകൾക്ക് പ്രസ്തുത വർക്ക് ചെയ്യുന്നതിനും തടസ്സമില്ല. സംസ്ഥാനത്തൊട്ടാകെ വലിയതോതിൽ ഇത്തരത്തിലുള്ള വർക്കുകൾ നടന്നുവരുന്നുവെന്നതാണ് നമ്മൾ കാണേണ്ട കാര്യം. ശ്രീ. അൻവർ സാദത്ത് പറഞ്ഞത് ശരിയാണ്. മുൻകാലങ്ങളെ പോലെയല്ല, ഇന്ന് ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ, നാഷണൽ ഹൈവേ തുടങ്ങിയവ ഉൾപ്പെടെ തകരുകയാണ്.

അതുകൊണ്ടാണ് റോഡ് പുനഃസ്ഥാപനത്തിന് ആവശ്യമായ തുകകൂടി കണ്ടെത്താൻ നമുക്ക് സാധിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ നല്ല ഇടപെടലുകളാണ് നമുക്കാവശ്യം. മറ്റിതര ഏജൻസികൾ മാർഗ്ഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് പ്രവൃത്തികൾ ചെയ്ത് മുന്നോട്ടുപോകുന്നുണ്ട്. ഇതിൽ മറ്റ് തടസ്സങ്ങൾ കാണുന്നില്ല. എന്നാൽ പൈപ്പിട്ടതിനുശേഷം പ്രഷർ ടെസ്റ്റ് നടത്താനുള്ള സമയം ആവശ്യമാണ്. അതല്ലാതെ റോഡ് പുനഃസ്ഥാപിച്ചാൽ പൊളിക്കേണ്ട സ്ഥിതി വരുന്നതാണ്. കരാറുകാർക്ക് നൽകിയിരിക്കുന്ന നിശ്ചിത കാലഘട്ടംവരെ അത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് ചില പ്രയോഗിക ബുദ്ധിമുട്ടുകളുമുണ്ട്. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയല്ല. ഇത്തരം വിഷയങ്ങളിൽ രണ്ടോ മൂന്നോ മാസത്തെ പെന്റിംഗുണ്ടാകുന്നതാണ്. ഏത് ഗവൺമെന്റ് ഭരിച്ചാലും കുടിശ്ശികകൾ വരാറുണ്ട്. എന്നാൽ രണ്ട് മാസത്തെ കുടിശ്ശികയാണോ ഈ രാജ്യത്തെ ഏറ്റവും വലിയ പ്രതിസന്ധിയായി പറയുന്നത്; അതൊരു കാരണമായി

പറയരുത്. എം.എൽ.എ.-മാരെന്ന നിലയിൽ നമ്മൾ ഓരോരുത്തരും ഇതിന്റെ ഗൗരവം മനസ്സിലാക്കി വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രമിക്കണം. അതിനാവശ്യമായ എല്ലാ സഹകരണവും സഹായവും ധനകാര്യ വകുപ്പ് നൽകുന്നുണ്ട്. കേന്ദ്രസർക്കാർ നൽകുന്ന വിഹിതത്തോടൊപ്പം സംസ്ഥാനവും വിഹിതം നൽകുന്നുണ്ട്. അത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കാവുന്നതാണ്. നിലവിൽ റോഡ് പുനഃസ്ഥാപനം സംബന്ധിച്ച വിഷയങ്ങൾ പരിപൂർണ്ണമായും പരിഹരിക്കപ്പെട്ടതുപോലെയാണ് പോകുന്നത്. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി റിവ്യൂ നടത്തുകയും ഇത്തരം കാര്യങ്ങളിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിച്ചുപോകുന്നതിന് നല്ല നിലയിലുള്ള സഹകരണം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആ നിലയിൽ ഇത്തരം പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നതിന് സാധിക്കുന്നതാണ്. അതിനാവശ്യമായ സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്നുമുണ്ടാകണമെന്ന് മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്.

(5) താമരശ്ശേരി ചുരത്തിന് ബദൽ പാത

ശ്രീ. ഒ. ആർ. കേളു: സർ, പണ്ടുകാലം മുതൽ ആറ് ചുരങ്ങൾ വഴിയാണ് വയനാട് ജില്ലയിലേയ്ക്ക് എത്തിച്ചേരുന്നത്. അതിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിർമ്മിച്ച തുരങ്കപാത പ്രവർത്തനം ആരംഭിക്കാനിരിക്കുന്നുവെന്നതിൽ വളരെ സന്തോഷമുണ്ട്. തുരങ്കപാത വളരെ വേഗത്തിൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വയനാട് ജില്ലയിൽ എയർസ്ട്രിപ് വേണമെന്നുള്ള സർക്കാരിന്റെ നിലപാടും സ്വാഗതാർഹമാണ്. വയനാട് ജില്ലയിലേയ്ക്ക് വരുന്നതിന് ചുരമില്ലാത്ത രണ്ട് റോഡുകൾക്ക് സാധ്യതയുണ്ട്. ഒന്ന്, ചക്കിട്ടപ്പാറയിൽനിന്നും പൂഴിത്തോട് വഴി വയനാട് ജില്ലയിലേയ്ക്കും രണ്ട്, വിലങ്ങാട് നിന്നും കുഞ്ഞോം വഴി മാനന്തവാടിയിലേയ്ക്കും. ചുരം വഴിയല്ലാതെ വയനാട് ജില്ലയിൽ വളരെ വേഗത്തിൽ എത്തിച്ചേരാൻ കഴിയുന്ന റോഡുകളാണിവ. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും സർവ്വേ നടത്തുന്നതിനും കഴിയുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

മി. സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വയനാട് ജില്ലയിലേയ്ക്കുള്ള ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചത്. ഇക്കാര്യത്തിൽ ബദൽ മാർഗ്ഗങ്ങൾക്കുള്ള സർക്കാരിന്റെ ആത്മാർത്ഥമായ പരിശ്രമം ഏറെ മുന്നോട്ടുപോയിട്ടുണ്ടെന്നത് സന്തോഷത്തോടെ ഈ സഭയെ അറിയിക്കുകയാണ്. ചുരം പാതയ്ക്ക് ബദലായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവച്ച പ്രധാനപ്പെട്ട പദ്ധതിയായ ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം ടെണ്ടർ നടപടികളിലേയ്ക്കെത്തിക്കാൻ സാധിച്ചിട്ടുണ്ട്. മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഈ വർഷം അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, നിലവിലുള്ള ചുരം റോഡിന്റെ വികസനമാണ്. ചുരം റോഡിൽ ആറ്, ഏഴ്, എട്ട് വളവുകൾ സംരക്ഷണഭിത്തി നിർമ്മിച്ച് നവീകരിക്കുന്നതിന് 40,70,00,000 രൂപയുടെ

പദ്ധതി പൊതുമരാമത്ത് ദേശീയപാത വിഭാഗം, കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരികയുമാണ്. ദേശീയപാത ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥർ ഡൽഹിയിലെത്തി കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. ചുരം ഒഴികെയുള്ള ഭാഗം നാല് വരിയായി വികസിപ്പിക്കാനുള്ള പദ്ധതി നിർദ്ദേശവും സംസ്ഥാന പൊതുമരാമത്ത് വകുപ്പ് കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. രണ്ട് ബദൽ പാതകളെ സംബന്ധിച്ച ചർച്ചകളും നേരത്തെതന്നെ നടത്തിയിട്ടുണ്ട്. പൂഴിത്തോട്-പടിഞ്ഞാറത്തറ പാതയും ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ ചുരം പാതയും സാധ്യമാക്കാനുള്ള ശ്രമം നടക്കുകയാണ്. എന്നാൽ ഈ രണ്ട് പാതകളിലും വനഭൂമി ഉൾപ്പെട്ടുവെന്നത് വികസനത്തിന് തടസ്സമായി നിൽക്കുന്ന ഒരു ഘടകമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. പൂഴിത്തോട്-പടിഞ്ഞാറത്തറ ചുരം ബദൽ പാത കോഴിക്കോട്, വയനാട് ജില്ലകളിലായി 28.83 കി. മീ.

ദൂരമുള്ളതാണ്. ഇതിൽ 10.61 കി. മീ. കോഴിക്കോട് ജില്ലയിലും 18.22 കി.മീ. വയനാട് ജില്ലയിലുമാണ്. ഈ പാത സംബന്ധിച്ച ചില ശ്രമം നേരത്തെ നടന്നിരുന്നുവെങ്കിലും യാഥാർത്ഥ്യമായിരുന്നില്ല. കഴിഞ്ഞ നവകേരള സദസ്സിൽ ഈ പാത യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഗൗരവതരമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പ് മറ്റ് വകുപ്പുകളുമായി കൂടിച്ചേർന്ന് ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇത്തരത്തിൽ പല പ്രശ്നങ്ങളും പരിഹരിക്കാൻ നവകേരള സദസ്സ് കാരണമായിട്ടുണ്ട്. അതുപോലെ പല പ്രശ്നങ്ങളും പരിഹരിക്കാനുള്ള നീക്കങ്ങൾക്കും നവകേരള സദസ്സ് ഏറെ സഹായകരമായിയെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ജനുവരി 23-ന് പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് പൂഴിത്തോടുനിന്നും വനമുൾപ്പെടെയുള്ള സ്ഥലത്തിന്റെ പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. തുടർപ്രവർത്തനമെന്ന നിലയിൽ റോഡ് നിർമ്മാണത്തിന്റെ

സാധ്യത കണ്ടെത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് വനം വകുപ്പിന്റെ സഹകരണംകൂടി ആവശ്യമാണ്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിക്കാനുള്ള ശ്രമം നടത്തുന്നതാണ്. അദ്ദേഹം ഇക്കാര്യത്തിൽ പോസിറ്റീവായ നിലപാടാണ് കൈക്കൊള്ളുന്നത്.

(6) ചിറ്റൂർകടവ് പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി അച്ചൻകോവിലാറിന് കുറുകെ ചിറ്റൂർകടവിൽ പാലമെന്നത് പ്രദേശവാസികളുടെ വർഷങ്ങളായുള്ള ആഗ്രഹമാണ്. പുനലൂർ-മൂവാറ്റുപുഴ പാതയെയും കുമ്പഴ-വെട്ടൂർ-കോന്നി പാതയെയും തമ്മിൽ ബന്ധിപ്പിക്കുന്നതും ചിറ്റൂർ ക്ഷേത്രത്തിലേയ്ക്കും മലയാലപ്പുഴയിലേയ്ക്കും വടശ്ശേരിക്കരയിലേയ്ക്കും കോന്നി മെഡിക്കൽ കോളേജിലേയ്ക്കുമെത്താൻ ഏറെ സഹായകരവുമാണ് ഈ നിർദ്ദിഷ്ട പാലം. കോന്നിക്കാരുടെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ അതിനായി 12 കോടി രൂപ വകയിരുത്തുകയും പി.ഡബ്ല്യു.ഡി. അതിന്റെ നടപടിക്രമങ്ങൾ നടത്തിവരികയുമാണ്. ചിറ്റൂർകടവ് പാലം

യാഥാർത്ഥ്യമാക്കാനായി അതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ ഇടപെടണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ അച്ചൻകോവിലാറിനുകുറുകെ ചിറ്റൂർകടവ് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 2023-24-ലെ ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. 232.150 മീറ്റർ നീളവും ഇരുവശങ്ങളിലും ഒന്നര മീറ്റർ വീതിയുമുള്ള ഫുട്ട്പാത്തുകൾ ഉൾപ്പെടെ ആകെ 11 മീറ്റർ വീതിയുള്ള പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം പദ്ധതി തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചു. 2024 ജനുവരി 19-ന് കൂടിയ എ.എസ്. കമ്മിറ്റി ചിറ്റൂർകടവ് പാലം നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിന് കൈമാറാൻ നിർദ്ദേശിച്ചു. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പി.ഡബ്ല്യു.ഡി. കടക്കുമെന്ന് അറിയിക്കുകയാണ്.

(7) പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുകയും നിർമ്മാണത്തിനാവശ്യമായ തുകയ്ക്കുമുള്ള പ്രൊപ്പോസൽ നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യമായ പ്രസ്തുത ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം കാരണം ജനങ്ങൾ ഏറെ യാത്രാക്ലേശം അനുഭവിക്കുകയാണ്. പ്രസ്തുത ബൈപ്പാസിന്റെ ഒന്നുംരണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബൈപ്പാസിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി 14-1-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതാണ്. എന്നാൽ 17-5-2022-ലെ തിരൂർ തഹസിൽദാർ സമർപ്പിച്ച ഡി.വി.എസ്. പ്രകാരം സ്ഥലമേറ്റെടുക്കലിന് 15 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

ആയതിൻപ്രകാരം സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ 15 കോടി രൂപയും പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഭരണാനുമതി ലഭിച്ച തുകയും ചേർത്ത് 31.15 കോടി രൂപയാണ് ചെലവായി കണക്കാക്കിയിട്ടുള്ളത്. പുതിയ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനിടയിലാണ് അലൈൻമെന്റ് മാറ്റണമെന്ന നിർദേശം വന്നിരിക്കുന്നത്. വർഷങ്ങൾക്കുമുമ്പേ സർവ്വേ/നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചതിനാൽ അലൈൻമെന്റ് മാറ്റി പുതിയ എൽ.എ. നടപടികൾ സ്വീകരിക്കുകയെന്നത് പ്രായോഗിക തലത്തിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ആയതിനാൽ നിലവിലെ സാഹചര്യം പരിഗണിച്ച് പ്രവൃത്തിക്കായി അധികം സ്ഥലമേറ്റെടുക്കാത്ത രീതിയിൽ അലൈൻമെന്റിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് ഐ.ആർ.സി. മാനദണ്ഡങ്ങളിൽ ഇളവുനൽകി ഈ പ്രൊപ്പോസലിന് അംഗീകാരം നൽകണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ പുത്തൂർ-ചെനക്കൽ

ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിന്റെ പ്രാഥമിക നടപടികൾ നേരത്തെ ആരംഭിച്ചിട്ടുള്ളതാണ്. ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസൃതമായി ഗ്രേഡിയന്റ് കൊടുത്തുകൊണ്ട് റോഡ് നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ഡിസൈൻ വിഭാഗം അറിയിച്ചു. അലൈൻമെന്റ് മാറ്റി റോഡ് നിർമ്മാണം സാധ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ഫീൽഡിൽ പ്രയാസം നിലനിൽക്കുന്നുണ്ട്. ഡിസൈൻ വിഭാഗം ഉദ്യോഗസ്ഥർ 2023 നവംബർ 16-ന് സ്ഥലം വീണ്ടും പരിശോധിച്ചു. ആ റിപ്പോർട്ടും പൂർണ്ണമായും അനുകൂലമല്ലെന്നാണ് ചീഫ് എഞ്ചിനീയർ (റോഡ്സ്) അറിയിച്ചിരിക്കുന്നത്. ഡിസൈൻ വിഷയത്തിൽ പ്രായോഗികമായി പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരത്ത്, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർമാരുമായി വകുപ്പ് സെക്രട്ടറി ഈ വിഷയം ചർച്ച

ചെയ്തതിനുശേഷം പ്രസ്തുത വിഷയം പരിഹരിക്കാൻ എപ്രകാരം ഇടപെടാൻ കഴിയുമെന്ന് അറിയിക്കും.

(8) വണ്ടൂർ താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ ഗവൺമെന്റ് താലൂക്കാശുപത്രിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തവിധം പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ അഭാവം, മരുന്നുകളുടെ ലഭ്യതക്കുറവ്, നിലവിലുണ്ടായിരുന്ന ഗൈനക്കോളജി വിഭാഗം പൂർണ്ണമായും അടഞ്ഞുകിടക്കുന്ന സാഹചര്യം എന്നിവ കാരണം വളരെയേറെ പ്രയാസങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. 'മരുന്നില്ലാതെ എന്ത് ഫാർമസി', 'ആശുപത്രിയിൽ മരുന്നുകൾക്ക് ക്ഷാമം; ആകെയുള്ളത് പാരസെറ്റമോൾ മാത്രം' എന്നിങ്ങനെയുള്ള വാർത്തകൾ കഴിഞ്ഞ കുറെ ദിവസങ്ങളായി നിരന്തരം പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മൂന്നുമാസം മുൻപ് അവിടം സന്ദർശിച്ച് നല്ലരീതിയിൽ കാര്യങ്ങൾ നോക്കിക്കാണുകയും ആവശ്യമായ ജീവനക്കാരെ

നിയമിക്കുന്നതാണെന്ന് പറയുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കുമ്പോൾ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ഡോക്ടർമാരാണുണ്ടായിരുന്നത്. മൂന്നാമത് ഒരു ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച് മന്ത്രി നിർദേശം കൊടുക്കുകയും ചെയ്തു. എന്നാൽ രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന രണ്ട് ഡോക്ടർമാരും ലീവെടുക്കുകയാണ് ചെയ്തത്. അതാണ് ഇന്നത്തെ അവസ്ഥ. ഒരാൾ വിദേശത്തുപോകാൻ ലീവെടുത്തു; മറ്റൊരാൾ അദ്ദേഹത്തിന്റെ ക്രെഡിറ്റിലുണ്ടായിരുന്ന ലീവെടുത്തു. ചുരുക്കിപ്പറഞ്ഞാൽ ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടറില്ലാത്തതിനാൽ പ്രസവ സംബന്ധമായ ചികിത്സ ഒന്നുംതന്നെ നടക്കുന്നില്ല. ഇതുസംബന്ധിച്ച് ആരോടാണ് പറയേണ്ടത്? മന്ത്രിയുടെ നിർദ്ദേശം നടപ്പാക്കേണ്ടവരാണ് ഉദ്യോഗസ്ഥർ, ഇക്കാര്യം പറയാനായി ഞാൻ ഡി.എച്ച്.എസ്.-നെ പലപ്രാവശ്യം വിളിച്ചുവെങ്കിലും അദ്ദേഹത്തിന് ഫോണെടുക്കാൻപോലും സൗകര്യമുണ്ടായില്ല. പിന്നീട് ഇതെല്ലാം ചൂണ്ടിക്കാണിച്ച് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ കത്തുനൽകി. ഈ രീതിയിൽ പോയാൽ എങ്ങനെയാണ്?

രാഷ്ട്രീയപരമായോ വ്യക്തിപരമായോ അല്ല ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. മരുന്നില്ലെന്നുള്ള വിവരം ദിനപത്രങ്ങളിൽ വരുമ്പോഴാണ് നമ്മൾ അറിയുന്നത്. അറിയുന്ന കാര്യങ്ങൾ എവിടെയാണ് പറയുക? ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടർമാരെ നിയമിക്കുന്ന കാര്യത്തിൽ മന്ത്രി വളരെ പോസിറ്റീവായ മറുപടിയാണ് പറഞ്ഞതെങ്കിലും ഉദ്യോഗസ്ഥർ അത് നടപ്പാക്കുന്നില്ല. ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ എത്തിക്കാനും ജീവനക്കാരുടെ കുറവ് പരിഹരിക്കാനുമാവശ്യമായ നടപടിയുണ്ടാകണം. ഒരുദിവസം ഏകദേശം 1000-1200 ഒ.പി. വരെയുള്ള വണ്ടൂർ താലൂക്കാശുപത്രിയിൽ കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും ജീവനക്കാരുടെയും ഡോക്ടർമാരുടെയും ഭാഗത്തുനിന്നുമുണ്ടാകുന്ന അലംഭാവം കാരണം ജനങ്ങളിന്ന് കഷ്ടപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടം സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കിയ സാഹചര്യത്തിൽ ഡോക്ടർമാരെ നിയമിക്കുന്ന കാര്യത്തിൽ വളരെ ശക്തമായ നിലപാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വണ്ടൂർ താലൂക്കാശുപത്രിയിലെ അംഗീകൃത ബെഡ് സ്ട്രെംഗ്ത് 68 ആണ്. ശരാശരി പ്രതിദിന ഒ.പി. 720-ഉം ഐ.പി. 32-ഉം ആണ്. ബോർഡ് മാത്രം മാറ്റിവച്ചാൽ താലൂക്കാശുപത്രിയാകില്ല. ഓരോ കാലഘട്ടങ്ങളിൽ അങ്ങനെ ചെയ്തതിന്റെ ഫലമായുണ്ടായ പ്രശ്നങ്ങളാണ് . വണ്ടൂർ താലൂക്കാശുപത്രിയിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-4, ഗൈനക്കോളജിസ്റ്റ്-1, പീഡിയാട്രിഷ്യൻ-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4, ദന്തൽ സർജൻ-1 എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ 60 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. എന്നാൽ നിലവിൽ ഡോക്ടർമാരുടെ തസ്തികകളിൽ ഒന്നിൽപ്പോലും ഒഴിവില്ല. ഒരു ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതുകൂടാതെ എൻ.എച്ച്.എം. മുഖാന്തരം 6 മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 27 താൽക്കാലിക ജീവനക്കാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൊരു ഗൈനക്കോളജിസ്റ്റുകൂടി ഉൾപ്പെടുന്നുണ്ട്. ഞാൻ താലൂക്കാശുപത്രി സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-യും അവിടെ ഉണ്ടായിരുന്നു. ഈ വിഷയം പ്രത്യേകം

ശ്രദ്ധയിൽപ്പെട്ടു. അവിടത്തെ സൗകര്യങ്ങൾ ഉപയോഗിക്കുന്നില്ലായെന്നത് കുറ്റകരമായ കാര്യമാണ്. കാരണം ജനങ്ങൾക്കുവേണ്ടിയാണ് സർക്കാർ സംവിധാനങ്ങളൊരുക്കുന്നത്. അത് ഉപയോഗിക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവിടെ ഒരു ഗൈനക്കോളജിസ്റ്റിന്റെ തസ്തികയേയുള്ളൂ. അതുകൊണ്ട് എൻ.എച്ച്.എം. വഴി ഒരു ഗൈനക്കോളജിസ്റ്റിനെക്കൂടി നിയമിച്ചു. അതുകൂടാതെ ഞാൻ അന്നുപറഞ്ഞതനുസരിച്ച് ഒരു ഗൈനക്കോളജിസ്റ്റിനെക്കൂടി ജോലിക്രമീകരണ വ്യവസ്ഥയിൽ മൂന്നുദിവസത്തേയ്ക്ക് അവിടെ നിയമിച്ചു. അതുകൂടാതെ ഇപ്പോൾ എൻ.എച്ച്.എം. മുഖാന്തരം 9 ജീവനക്കാരെയും കാസ്പ് ഫണ്ട് ഉപയോഗിച്ച് 10 ജീവനക്കാരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഗൈനക്കോളജി വിഭാഗത്തിലുള്ള സ്ഥിരം തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ഡോക്ടർ അർഹതപ്പെട്ട അവധിയിലാണ്. അതായത് സർജറിയുമായി ബന്ധപ്പെട്ട് അദ്ദേഹം മെഡിക്കൽ ലീവിലായിരുന്നു. ഇന്ന് അദ്ദേഹം ജോയിൻ ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അദ്ദേഹം അവധി ദീർഘിപ്പിക്കുകയാണെങ്കിൽ അതൊരു

ഒഴിവായി കണക്കിലെടുത്ത് പകരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**11.00 a.m]**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും ഓർഡറായി ഇരിക്കണം. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 76-ാം ചരമവാർഷിക ദിനത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 11 മണിക്ക് രണ്ടുമിനിറ്റ് മൗനമാചരിച്ചുകൊണ്ട് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിക്കുന്നതാണ്. അംഗങ്ങളെല്ലാവരും എഴുന്നേറ്റുനിന്ന് രണ്ടുമിനിറ്റ് മൗനമാചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭാംഗങ്ങൾ ഒന്നടങ്കം രണ്ടുമിനിറ്റ് എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു)

**സബ്മിഷൻ (തുടർച്ച)**

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം അവിടത്തെ മരുന്നുക്ഷാമത്തെക്കുറിച്ചും പാരസെറ്റമോൾ ഗുളിക മാത്രമേയുള്ളൂവെന്നും പറയുകയുണ്ടായി. അവിടത്തെ വിവിധ വിഭാഗങ്ങളിലുള്ള മരുന്നിന്റെ ഇന്ന് രാവിലത്തെ കണക്ക് വായിക്കാം. പാരസെറ്റമോൾ - 213470, അമോക്സിലിൻ

(ആന്റിബയോട്ടിക്സ്) 500 എം.ജി. - 20000, ഗ്യാസ്ട്രബിളിനുള്ള ഒമിപ്രസോൾ - 35000, പ്രമേഹത്തിനുള്ള മെറ്റ്ഫോർമിൻ - 60000, ടെൽമിസാർട്ടൻ - 90000, മൾട്ടി വൈറ്റമിൻ - 60000, അയൺസൾഫേറ്റ് - 35000, സെട്രിസിൻ - 40000, കാൽസ്യം പ്ലസ് വൈറ്റമിൻ ഡി - 45000, അമോക്സിലിൻ സിറപ്പ് തുടങ്ങിയവ അവിടെയുണ്ട്. കഴിഞ്ഞ തവണത്തേക്കാൾ ഫിനാൻഷ്യൽ ഗ്യാപ്പ് ഉയർത്തിയാണ് മരുന്നുകൾ നൽകിയിരുന്നത്. ആ ആശുപത്രിയിൽ നൂറ് ശതമാനം ഇൻഡന്റ് ഉപയോഗിക്കപ്പെട്ടുകഴിഞ്ഞു. അതായത് അത്രയധികം രോഗികൾ അവിടെ ചികിത്സയ്ക്കായെത്തിയിട്ടുണ്ട് എന്നാണ്. 229 ഇനം മരുന്നുകൾ ഇൻഡന്റ് അളവിന്റെ നൂറ് ശതമാനം വിതരണം ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

(9) <u>അരിയുടെ ടൈഡ് ഓവർ വിഹിത വർദ്ധനവ്</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, രാജ്യത്തിനുതന്നെ മാതൃകയായ പൊതുവിതരണ സമ്പ്രദായം ഏറ്റവും ഫലപ്രദമായി നടപ്പാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നമ്മുടെ

ഭക്ഷ്യധാന്യത്തിന്റെ 15 ശതമാനം മാത്രമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നതിനുശേഷം നമ്മുടെ റേഷൻ വിഹിതത്തിലുള്ള അവകാശം സംസ്ഥാനത്തെ ജനസംഖ്യയുടെ 43 ശതമാനത്തിന് മാത്രമായി പരിമിതപ്പെടുത്തിയതുമൂലം 57 ശതമാനം വരുന്ന ജനവിഭാഗം റേഷൻ പരിധിയിൽനിന്നും പുറത്താവുകയും ഇവർ അരിക്കുവേണ്ടി പൊതുവിപണിയെ ആശ്രയിക്കേണ്ട സാഹചര്യവുമാണ് സംജാതമായിരിക്കുന്നത്. കേരളത്തിന് നൽകിയിരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിഹിതം 16.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 14.25 ലക്ഷം മെട്രിക് ടണ്ണായി കേന്ദ്ര സർക്കാർ കുറയ്ക്കുകയുണ്ടായി. എന്നാൽ ലഭ്യതയുടെ തോതനുസരിച്ച് എല്ലാവർക്കും ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിനുള്ള അരിയുടെ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ദീർഘകാലമായ ആവശ്യം കേന്ദ്ര സർക്കാർ അവഗണിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. അനുവദിക്കുന്ന ടൈഡ് ഓവർ വിഹിതം

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കർശന നിബന്ധനകൾ സംസ്ഥാനത്തിന് പ്രയാസം സൃഷ്ടിക്കുന്നു. ഈ സാഹചര്യം അതിജീവിച്ച് അടിയന്തരമായി കൂടുതൽ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ ഗൗരവമേറിയതാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയ രണ്ടാം യു.പി.എ. സർക്കാർ ഭക്ഷ്യോൽപ്പാദനത്തിനുള്ള കേരളത്തിന്റെ പിന്നാക്കാവസ്ഥയ്ക്ക് അർഹമായ പരിഗണന നൽകിയിരുന്നുവെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാമായിരുന്നു. എന്നാൽ ലഭ്യമാകുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽനിന്നും 57 ശതമാനം വരുന്ന മുൻഗണനേതര വിഭാഗത്തിനുകൂടി റേഷൻ നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് വലിയ തുകയാണ് സംസ്ഥാന സർക്കാർ

ചെലവഴിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ പ്രതിവർഷം 336 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഇനത്തിൽ പ്രതിവർഷം 324 കോടി രൂപയും ഗതാഗത കൈകാര്യ ചെലവ്, ഗോഡൗൺ വാടക, ജീവനക്കാർക്കുള്ള ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി പ്രതിവർഷം 252 കോടി രൂപയുമുൾപ്പെടെ 912 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നു. ഇതിന്റെ കേവലം 9.4 ശതമാനമായ 86 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള റേഷൻ വിതരണത്തിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. പൊതുവിപണിയിൽ അരിയുടെ വിലവർദ്ധനവ് തടയുന്നതിനും റേഷൻ കടകളിലൂടെ കൂടുതൽ അരി ലഭ്യമാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തെ റേഷൻ വിഹിതത്തിൽ നീല കാർഡുടമകൾക്ക് പ്രതിമാസ വിഹിതത്തിനുപുറമെ 4 കിലോ അരിയും വെള്ള കാർഡുടമകൾക്ക് 5 കിലോ അരിയും സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഉത്സവ സീസണുകളിൽ കൂടുതൽ അരി

നൽകണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. മാത്രമല്ല അനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ വിതരണത്തിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കർശന നിബന്ധനകൾ പ്രത്യേക സാഹചര്യങ്ങളിൽ കൂടുതൽ അരി വിതരണം ചെയ്യുന്നതിന് തടസ്സമായി നിൽക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ സംസ്ഥാനത്തിന് അനുവദിച്ചുവന്നിരുന്ന ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിലും വലിയതോതിലുള്ള വെട്ടിക്കുറവാണ് കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും വിഹിതം വർദ്ധിപ്പിക്കുന്നതിനും ടൈഡ് ഓവർ അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ പിൻവലിക്കുന്നതിനും കക്ഷിഭേദമന്യേ കേരളത്തിന്റെ ഒറ്റക്കെട്ടായ ശബ്ദം ഉയരേണ്ടതുണ്ട്.

### (10) <u>ഹജ്ജ് യാത്രക്കാരുടെ വിമാനക്കൂലി വർദ്ധനവ്</u>

<u>മി. സ്പീക്കർ:</u> പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, 2024-ൽ ഹജ്ജ് കർമ്മത്തിനായി കേരളത്തിൽനിന്നും കോഴിക്കോട്, കൊച്ചി, കണ്ണൂർ എന്നീ മൂന്ന് എംബാർക്കേഷൻ പോയിന്റുകളാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഹജ്ജ് ഹൗസ് ഉൾപ്പെടെ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള കോഴിക്കോട് എംബാർക്കേഷൻ പോയിന്റാണ് 75 ശതമാനം ആളുകളും യാത്ര ചെയ്യാൻ തെരഞ്ഞെടുത്തിരിക്കുന്നത്. കൊച്ചി, കണ്ണൂർ എയർപോർട്ടുകളിലുള്ളതിനേക്കാൾ കോഴിക്കോടുനിന്നും മുക്കാൽ ലക്ഷത്തോളം രൂപ വിമാനയാത്രാ ചെലവിൽ അധികമായി ഈടാക്കുന്നതിന് എയർ ഇന്ത്യ തീരുമാനിച്ചിട്ടുണ്ട്. മറ്റ് രണ്ടിടങ്ങളിലും സൗദി എയർലൈൻസാണ് സർവ്വീസ് നടത്തുന്നത്. ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ പരിഹാര നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഹജ്ജ് തീർത്ഥാടന സമയത്ത് വിമാന യാത്രാ ചാർജ്ജ് ഭീമമായി വർദ്ധിപ്പിച്ചാൽ തീർത്ഥാടകർക്ക്

ഹജ്ജിന് പോകാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര സർക്കാരിന് അടിയന്തരമായി നിവേദനം നൽകി ഈ പ്രശ്നത്തിന് എത്രയുംവേഗം പരിഹാരമുണ്ടാക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടൊരു കാര്യമാണ് ശ്രീ. പി. ടി. എ. റഹീമും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും മുന്നോട്ടുവച്ചത്. 2024-ൽ ഹജ്ജ് കർമ്മത്തിനായി ആകെ 24784 പേരാണ് അപേക്ഷ നൽകിയത്. കേരളത്തിൽനിന്നും 16776 പേർക്കാണ് സെൻട്രലൈസ്ഡ് നറുക്കെടുപ്പിലൂടെ ഇതുവരെ അനുവാദം നൽകിയിട്ടുള്ളത്. 70 വയസ്സ് വിഭാഗത്തിൽനിന്നും 1250 പേരെയും പുരുഷ സഹായമില്ലാത്ത സ്ത്രീകളുടെ വിഭാഗത്തിൽനിന്നും 3584 പേരെയും നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുത്തു. 2024 ഹജ്ജ് പോളിസി പ്രകാരം ഇന്ത്യയ്ക്ക് അനുവദിച്ച 175025 ഹജ്ജ് ക്വാട്ടയിൽ 80 ശതമാനം കേന്ദ്രഹജ്ജ് കമ്മിറ്റിക്കും 20 ശതമാനം പ്രൈവറ്റ് ഗ്രൂപ്പുകൾക്കുമാണ്. കേരളത്തിൽനിന്നും കോഴിക്കോട്, കൊച്ചി, കണ്ണൂർ എയർപോർട്ടുകളാണ് ഹജ്ജ്

എംബാർക്കേഷൻ പോയിന്റുകളായി നിശ്ചയിച്ചിട്ടുള്ളത്. കോഴിക്കോടാണ് ഏറ്റവും കൂടുതലാളുകൾ എംബാർക്കേഷൻ പോയിന്റായി തെരഞ്ഞെടുത്തിട്ടുള്ളത്. 14464 പേർ കോഴിക്കോട് എംബാർക്കേഷൻ പോയിന്റിൽനിന്നും യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നു. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്താണ് ഹജ്ജ് ഹൗസും വനിതകൾക്കായി പുതുതായി നിർമ്മിച്ച ബ്ലോക്കും സ്ഥിതിചെയ്യുന്നത്. എന്നാൽ കൊച്ചി, കണ്ണൂർ എയർപോർട്ടുകളേക്കാൾ കോഴിക്കോടുനിന്നും മുക്കാൽ ലക്ഷത്തോളം രൂപ ഹജ്ജിന് വിമാനയാത്രാ ചെലവിൽ അധികമായി ഈടാക്കാനാണ് എയർ ഇന്ത്യ തീരുമാനിച്ചിട്ടുള്ളത്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാർ എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഔദ്യോഗിക അറിയിപ്പുകൾ ലഭിച്ചിട്ടില്ലെങ്കിലും ലഭ്യമായ വിവരമനുസരിച്ച് കേരളത്തിലെ എംബാർക്കേഷൻ പോയിന്റുകളിൽ കോഴിക്കോടുനിന്നും 1,65,000/- രൂപയും കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിൽനിന്നും 86,000/- രൂപയുമാണ് വിമാന ചാർജ്ജിനത്തിൽ ഈടാക്കുന്നത്. കൊച്ചി, കണ്ണൂർ എംബാർക്കേഷൻ പോയിന്റുകളേക്കാൾ

79,000/- രൂപ കൂടുതലാണ് കോഴിക്കോട് വിമാനത്താവളംവഴി പോകുന്നവർ നൽകേണ്ടിവരുന്നത്. ദൂരപരിധി മാനദണ്ഡമാക്കുകയാണെങ്കിൽ കേരളത്തിൽനിന്നുള്ള 3 എംബാർക്കേഷൻ പോയിന്റുകളിൽനിന്നും ഏകീകൃത ചാർജ്ജാണ് ഈടാക്കേണ്ടത്. ന്യായരഹിതവും തീർത്ഥാടകർക്ക് സാമ്പത്തികമായി താങ്ങാൻ കഴിയാത്തതുമായ ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും ചാർജ്ജ് കുറയ്ക്കാൻ ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷ വകുപ്പുമന്ത്രിക്കും ഇതിനോടകം കത്തുകളും ഇ-മെയിൽ സന്ദേശങ്ങളും അയച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല നടപടികൾ ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ ഡൽഹിയിൽ പോയി ബഹുമാനപ്പെട്ട ഏവിയേഷൻ മിനിസ്റ്ററേയും ഹജ്ജ് വകുപ്പിന്റെ ചാർജ്ജുള്ള മന്ത്രിയേയും കാണാൻ തീരുമാനിച്ചിട്ടുമുണ്ട്.

**11.11 a.m]**

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(I) <u>ലിസ്റ്റ് 1 [ചട്ടം 47(2) പ്രകാരമുള്ളത്]</u>

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1858, പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2049, പതിനാലാം സമ്മേളനത്തിലെ 2067, പതിനാറാം സമ്മേളനത്തിലെ 5504, പതിനെട്ടാം സമ്മേളനത്തിലെ 104, 1893, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 141, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1379, 3078, മൂന്നാം സമ്മേളനത്തിലെ 3787, അഞ്ചാം സമ്മേളനത്തിലെ 3720, എട്ടാം സമ്മേളനത്തിലെ 118, 5598, 5715, ഒൻപതാം സമ്മേളനത്തിലെ 30, 103, 2187 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2290, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 6369 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4904, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 927, മൂന്നാം സമ്മേളനത്തിലെ 14 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 514; പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2389; അഞ്ചാം സമ്മേളനത്തിലെ 444; പതിമൂന്നാം സമ്മേളനത്തിലെ 4142; പതിനഞ്ചാം സമ്മേളനത്തിലെ 2273, 3795; പതിനെട്ടാം സമ്മേളനത്തിലെ 447, 508; പത്തൊൻപതാം സമ്മേളനത്തിലെ 2021; ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2329, 2337, 2370; പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 304; രണ്ടാം സമ്മേളനത്തിലെ 63, 1778, 5193; നാലാം സമ്മേളനത്തിലെ 457, 2482; അഞ്ചാം സമ്മേളനത്തിലെ 394, 497, 2338, 2340, 2342, 2358, 2367, 2374, 4145, 4150; ആറാം സമ്മേളനത്തിലെ 420, 491, 493, 512, 513, 514, 515, 516, 517; ഏഴാം സമ്മേളനത്തിലെ 512, 515, 544, 559, 556, 577, 2619, 2620, 2651, 2659, 2673, 2689; എട്ടാം സമ്മേളനത്തിലെ 412, 431, 478, 482, 491, 507, 510, 511, 514, 2401, 2408, 2409, 2414, 2433, 4200, 4252, 4258, 4260, 4261, 4300, 5977, 5978,

5982, 6004, 6008, 6028, 6030, 6037, 6079, 6094; ഒൻപതാം സമ്മേളനത്തിലെ 445, 447, 450, 455, 458, 459, 462, 465, 466, 468, 470, 471, 475, 478, 479, 502, 504, 515, 522, 523, 525, 526, 527, 528, 532, 533, 535, 538, 540, 545, 552, 555, 559, 560, 563, 574, 600, 601, 2561, 2587, 2589, 2591, 2599, 2625, 2657, 2661, 2662, 2679, 2691, 2694, 2697, 2703 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 588, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 600 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2335, 4151 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 4682 എന്ന നമ്പറിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

8. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6287 എന്ന നമ്പറിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2188, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 1734, ഒൻപതാം സമ്മേളനത്തിലെ 1831, 1875 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

10. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1568 എന്ന നമ്പറിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

11. പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1212, എട്ടാം സമ്മേളനത്തിലെ 4899 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

12. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 163, 211 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

13. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2263 എന്ന നമ്പറിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(II) ലിസ്റ്റ്-2 [ചട്ടം 236(5) പ്രകാരമുള്ളത്]

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II- ഭൂനികുതിയും ദേവസ്വവും | 2022-23 | 2 | 6 |
| XIV – ആഭ്യന്തരകാര്യങ്ങൾ | 2018-19 | 3 | 15-24, 113-116 |
| | 2019-20 | 4 | 15-20, 24, 25, 29-31 |
| | 2020-21 | 5 | 24-45, 51, 53-55, 57, 59-61, പുതിയ ശീർഷകം (ii) |
| | 2021-22 | 1 | 24-37, 40, 41, 45, 46, 48-51 |

| | | | |
|---|---|---|---|
| | 2022-23 | 2 | 16-20, 22-30, 34, 35, 40, 41, 43-45, 47-49, 53-128, 176 |

2. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2021-22 | 1 | 77, 78 |
| | 2022-23 | 2 | 66 |

3. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV – വ്യവസായവും ധാതുക്കളും | 2019-20 | 4 | 23 |
| | 2020-21 | 5 | 2, 32 |

| | | | |
|---|---|---|---|
| | | | |
| | 2021-22 | 1 | 32, 33 |
| | 2022-23 | 2 | 3, 4, 15, 16, 18, 21-23, 25, 28-31, 39-41, 43, 45 |
| XIV – ആഭ്യന്തരകാര്യങ്ങൾ | 2022-23 | 2 | 4, 5, 31-33, 36, 37, 42, 46, 166-169 |

**4. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:**

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2022-23 | 2 | 31-69 |

**5. കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:**

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |

| | | | |
|---|---|---|---|
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 12 |
| | 2021-22 | 1 | 5, 7, 18, 19, 21, 25, 28, 50 |
| | 2022-23 | 2 | 3, 5-8, 14, 15, 18-43, 45, 47, 49, 54, 60, 66, 68, 69, 74, 75 |

6. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI–വിദ്യാഭ്യാസം | 2021-22 | 1 | 65 |
| | 2022-23 | 2 | 66 |

7. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും | 2021-22 | 1 | 22 |

| | | | |
|---|---|---|---|
| തൊഴിലാളിക്ഷേമവും | | | |

8. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII – ആരോഗ്യവും കുടുംബക്ഷേമവും | 2022-23 | 2 | 36 |

9. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII – സാമ്പത്തിക കാര്യങ്ങൾ | 2022-23 | 2 | 53 |

(III) ലിസ്റ്റ് 3 [ചട്ടം 236 (6) പ്രകാരമുള്ളത്]

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| III -നീതിന്യായ നിർവ്വഹണം | 2021-22 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര വകുപ്പ് (ജുഡീഷ്യറി) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) |
| III-നീതിന്യായ നിർവ്വഹണം | 2022-23 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര വകുപ്പ് (ജുഡീഷ്യറി) |
| XVI - പെൻഷനും പലവകയും | 2022-23 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് (രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി ) |
| XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2022-23 (കാലതാമസ പത്രിക സഹിതം) | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് [ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ് -കേരള (ടെക്നോപാർക്ക്)] |

2. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV – പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2021-22 (കാലതാമസ പത്രിക സഹിതം) | പട്ടികജാതി വികസന വകുപ്പ് |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 (കാലതാമസ പത്രിക സഹിതം) | പാർലമെന്ററികാര്യ വകുപ്പ് |

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VI – ഭൂനികുതി<br>XI - ജില്ലാ ഭരണവും പലവകയും<br>XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് |
| XI - ജില്ലാ ഭരണവും പലവകയും<br>XVI - പെൻഷനും പലവകയും | 2022-23 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് |

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2019 -20 (കാലതാമസ പത്രിക സഹിതം) | കേരള വാട്ടർ അതോറിറ്റി |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2020 -21 (കാലതാമസ പത്രിക സഹിതം ) | കേരള വാട്ടർ അതോറിറ്റി |
| XXIX– കൃഷി (ചെറുകിട ജലസേചനം) | 2022 -23 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് |
| XXXVIII-ജലസേചനം | | ജലവിഭവ വകുപ്പ്, ഇറിഗേഷൻ പ്രോജക്ട് -1, ഇറിഗേഷൻ പ്രോജക്ട്-2 , കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി. |

5. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIX - വൈദ്യുത പദ്ധതികൾ | 2022-23 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് [കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL)] |

6. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V-ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2022-23 (കാലതാമസ പത്രിക സഹിതം) | ചരക്ക് സേവന നികുതി വകുപ്പ് |

7. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2012-13 | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ -ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)] |
| XXXVII - വ്യവസായങ്ങൾ | 2017-18 | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ)] |
| XXXVII - വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC Limited)] |

| | | |
|---|---|---|
| XXXVII - വ്യവസായങ്ങൾ | 2020-21 (കാലതാമസ പത്രിക സഹിതം) | കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ് (കൈത്തറി - യന്ത്രത്തറി വ്യവസായങ്ങൾ) |
| XXXVII - വ്യവസായങ്ങൾ | 2020-21 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC Limited)] |
| XXXVII - വ്യവസായങ്ങൾ | 2021-22 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള റബ്ബർ ലിമിറ്റഡ് കമ്പനി) |
| XXXVII - വ്യവസായങ്ങൾ | 2021-22 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC Limited)] |
| II –സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, III -നീതിന്യായ നിർവ്വഹണം | 2022-23 (കാലതാമസ പത്രിക സഹിതം) | നിയമ (പാർല) വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെ.എസ്.ഐ.ഇ.) ലിമിറ്റഡ്] |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കെ.സി.സി.പി. ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക | വ്യവസായ വകുപ്പ് [ കേരള ഇൻഡസ്ട്രിയൽ |

| | | |
|---|---|---|
| | സഹിതം) | ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)] |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സംസ്ഥാന പന ഉല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം)] |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപെക്സ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി)] |
| XXXVII –വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള കരകൗശല വികസന കോർപ്പറേഷൻ) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് ) |
| XXXVII - വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്) |

**8. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്):**

**സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:**

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VIII - എക്സൈസ് | 2022-23 (കാലതാമസ പത്രിക സഹിതം) | എക്സൈസ് വകുപ്പ് |

9. തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2021-22 (കാലതാമസ പത്രിക സഹിതം) | രജിസ്ട്രേഷൻ വകുപ്പ് |

10. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2017-18 | സാംസ്കാരികകാര്യ വകുപ്പ് |
| XXXIII - മത്സ്യബന്ധനം | 2021-22 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് |

11. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV - തൊഴിലും തൊഴിലാളി | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് |

| | | |
|---|---|---|
| ക്ഷേമവും പ്രവാസി ക്ഷേമവും | (കാലതാമസ പത്രിക സഹിതം) | (കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്) |

12. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLII - വിനോദസഞ്ചാരം | 2022-23 (കാലതാമസ പത്രിക സഹിതം) | വിനോദസഞ്ചാര വകുപ്പ് |

13. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXII-ക്ഷീരവികസനം | 2021-22 (കാലതാമസപത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് |
| | | മൃഗസംരക്ഷണവകുപ്പ് |
| | | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് |

| | | |
|---|---|---|
| XXXI - മൃഗസംരക്ഷണം | 2022-23 (കാലതാമസപത്രിക സഹിതം) | ലിമിറ്റഡ് |
| | | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് |
| | | കേരള ഫീഡ്സ് ലിമിറ്റഡ് |
| | | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് |
| | | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല |
| XXXII-ക്ഷീരവികസനം | 2022-23 (കാലതാമസ പത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് |

14. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLVI - സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും | 2022-23 (കാലതാമസ പത്രിക സഹിതം) | വനിത-ശിശുവികസന വകുപ്പ് |

15. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം |
|---|---|

| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
|---|---|---|
| XXX-ഭക്ഷ്യം | 2022-23 (കാലതാമസ പത്രിക സഹിതം) | ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

(IV) ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നു.

**11.16 a.m]**

**VIII റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കാര്യോപദേശക സമിതി അംഗമായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**IX റിപ്പോർട്ട് പരിഗണന**

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**11.17 a.m]**

**X ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

ശ്രീ. എ. സി. മൊയ്തീൻ: സർ, നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഭരണഘടനാ ബാധ്യത നിർവ്വഹിക്കുന്നുവെന്ന് വരുത്തിത്തീർക്കാൻ ബഹുമാന്യനായ ഗവർണ്ണർ നടത്തിയ അപഹാസ്യമായ നാടകത്തെ മലയാളികളോടുള്ള വെല്ലുവിളിയായി നമ്മുടെ നാട് കണ്ടിട്ടുണ്ട്. കേരളത്തിൽ ഗവർണ്ണറുടെ സംഘി അനുകൂല അജണ്ട നടപ്പാക്കാനുള്ള നടപടികളുമായി അത് പ്രോത്സാഹിപ്പിക്കുന്നവർ കേരളത്തോടുള്ള വെല്ലുവിളിയോടൊപ്പം നിൽക്കുകയാണെന്ന പ്രത്യേകതയും ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യം, മതനിരപേക്ഷത, സാമൂഹികനീതി എന്നിവയോടൊപ്പം മറ്റെല്ലാ മൂല്യങ്ങളും ഭരണഘടനയുടെ സംരക്ഷണവും ഉറപ്പാക്കുന്ന നിലപാടുകളും നവകേരള സൃഷ്ടിക്കുവേണ്ടി കേരള സർക്കാർ മുന്നോട്ടുവച്ച കാഴ്ചപ്പാടുകളുടെ ബദലുകളും നയപ്രഖ്യാപന പ്രസംഗത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നാൽ കാണാൻ കഴിയും. രാജ്യത്തെ മറ്റെല്ലാ

സംസ്ഥാനങ്ങളുടെയും കഴിഞ്ഞ 7 വർഷത്തെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നതിൽ മലയാളികൾക്ക് അഭിമാനിക്കാം. സമയക്കുറവുമൂലം എല്ലാ മേഖലകളിലും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളെക്കുറിച്ച് എടുത്തുപറയേണ്ടതാണ്. വിദ്യാഭ്യാസ പുരോഗതിയിലും ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നാം സ്വീകരിക്കുന്ന നിലപാടുകൾ രാജ്യം ഉറ്റുനോക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നത് കേന്ദ്ര ഏജൻസികളും സാമ്പത്തിക ഏജൻസികളും വ്യക്തമാക്കിയിട്ടുണ്ട്. മലയാളികളെന്ന നിലയിൽ ഈ വളർച്ചയിൽ ആവേശം കൊള്ളുകയും ആ നേട്ടങ്ങളെ ഉയർത്തിപ്പിടിച്ച് കൂടുതൽ മുന്നോട്ടുപോകാൻ ശ്രമിക്കുകയുമാണ് ചെയ്യേണ്ടത്. പക്ഷേ കഴിഞ്ഞ കുറച്ച് കാലങ്ങളായി കേരളത്തിലെ കോൺഗ്രസ് അടങ്ങുന്ന പ്രതിപക്ഷം അത്തരത്തിലൊരു നിലപാടല്ല സ്വീകരിക്കുന്നതെന്ന് നമുക്കറിയാം. ക്രിയാത്മക പ്രതിപക്ഷമാകുമെന്നാണ്

അവർ പറഞ്ഞിരുന്നത്. പക്ഷേ ഈ ക്രിയാത്മക പ്രതിപക്ഷം ഇപ്പോൾ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ നശിപ്പിക്കാനുള്ള പ്രവണത സ്വീകരിക്കുന്നുവെന്ന് പറയുന്നതിൽ അതിശയോക്തിയുണ്ടെന്ന് കരുതുന്നില്ല. അവരെ വിഷമിപ്പിക്കുന്ന കാര്യം രാഷ്ട്രീയമാണ്. 2021-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമെന്ന് സങ്കൽപ്പിക്കാത്തവരാണ് അവർ. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും ഒന്നുകൂടി കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ, ഇനി തങ്ങൾക്ക് അധികാരം ലഭ്യമാകില്ലെന്ന ഓർമ്മയിൽ രാഷ്ട്രീയ സമനില തെറ്റിയവർ എന്ന നിലയ്ക്കുള്ള പെരുമാറ്റമാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും സംഭവിക്കുന്നത്. ആ നശീകരണ പ്രവണത കേരളത്തിലെ വികസന പ്രവർത്തനങ്ങളൊന്നും നടക്കാൻ പാടില്ലെന്ന നിലവാരത്തിലേയ്ക്ക് എത്തിയതിന്റെ നിരവധി ഉദാഹരണങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാനാകും.

നാഷണൽ ഹൈവേയുടെ കാര്യമെടുക്കാം. ഒരു ഐക്യമുന്നണി രൂപീകരിച്ച് ദേശീയപാതാ വികസനം നടപ്പാക്കാതിരിക്കാൻവേണ്ടി സമരം

ചെയ്തതിൽ യു.ഡി.എഫ്. നേതൃത്വത്തിന് പങ്കില്ലേ? വയൽക്കിളികളുടെ സമരം പ്രൊമോട്ട് ചെയ്ത് ബി.ജെ.പി.-യുമായി ചേർന്ന് മാധ്യമങ്ങൾ സൃഷ്ടിച്ച തിരക്കഥയുടെയും അജണ്ടയുടെയും അടിസ്ഥാനത്തിൽ ദേശീയപാതാ വികസനത്തെ തടസ്സപ്പെടുത്താൻ നിങ്ങൾ ശ്രമിച്ചു. ആ വികസന പ്രവർത്തനം നടക്കാതെയിരുന്നെങ്കിൽ കേരളത്തിന് എന്തുമാത്രം പ്രയാസമുണ്ടാകുമായിരുന്നുവെന്ന് വിവേകമുള്ളവർ ചിന്തിക്കില്ലേ; വിവേകമുള്ള പ്രതിപക്ഷമായിരുന്നെങ്കിൽ ആ ചിന്ത ഉണ്ടാകേണ്ടതല്ലേ? അതുമായി ബന്ധപ്പെട്ട് എന്റെ നാട്ടിലെ ഒരനുഭവം പറയാം. നാഷണൽ ഹൈവേയുടെ തൃശ്ശൂർ ഭാഗത്തെ പ്രവർത്തനം നടക്കുമ്പോൾ അവിടത്തെ എം.പി. പറഞ്ഞത് 'ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇത് ചെയ്യാൻ അനുവദിക്കില്ല' എന്നാണ്. നാഷണൽ ഹൈവേ വരുന്നതിനെതിരെ എല്ലാവരെയും കൂട്ടിച്ചേർത്ത് അദ്ദേഹം സമരം ചെയ്തു. പക്ഷേ ഇപ്പോൾ അതിവേഗത്തിൽ ജോലി പുരോഗമിക്കുന്നതുകണ്ട് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്ന കോൺട്രാക്ടർക്ക് ഒരു പവൻ സ്വർണ്ണം കൊടുക്കുമെന്നാണ് അദ്ദേഹം പറയുന്നത്. ഇതിനെയാണ് ഇരട്ടത്താപ്പ് എന്ന് പറയുന്നത്.

തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ കേരളത്തിനകത്ത് ഒരു നിലപാടും പുറത്ത് മറ്റൊന്നും എന്ന രീതിയാണ് യു.ഡി.എഫ്. നേതൃത്വം സ്വീകരിക്കുന്നത്. അതിന്റെ പ്രതിഫലനമാണ് കെ-ഫോൺ, കെ-റെയിൽ തുടങ്ങിയ സംസ്ഥാന പദ്ധതികളോടും അവർ സ്വീകരിക്കുന്നത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണം ഇടതുപക്ഷത്തിന് ലഭിക്കുകയും തങ്ങളുടെ സ്വപ്നം തകർന്നുപോകുമോയെന്നുമുള്ള ചിന്ത യു.ഡി.എഫ്.-നെ ഭരിക്കുന്നു എന്നുവേണം കരുതാൻ. അതിന്റെ ഭാഗമായിട്ടായിരിക്കാം ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നത്. പക്ഷേ ആ നിലപാട് കേരള വിരുദ്ധമാണ്, മലയാളികളോടുള്ള വെല്ലുവിളിയാണ്. ആ നിലപാട് നിങ്ങൾ എല്ലാ കാര്യത്തിലും സ്വീകരിക്കുകയാണ്. കേരളത്തിനെ ശ്വാസംമുട്ടിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നിലപാടുകളും നിങ്ങളും സ്വീകരിക്കുകയാണ്. ആർ.എസ്.എസ്.-ന്റെ അജണ്ട ഇടതുപക്ഷത്തിനും മതനിരപേക്ഷതയ്ക്കും മതന്യൂനപക്ഷങ്ങൾക്കും എതിരാണ്. ആ അജണ്ടയെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകളിലേയ്ക്ക് നിങ്ങൾ പോകാമോ? നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ

മേഖലകളിലെയും വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച അടിയന്തരപ്രമേയ ചർച്ച കുറച്ചുകഴിയുമ്പോൾ ഇവിടെ നടക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെ യു.ഡി.എഫ്. പിന്തുണയ്ക്കുന്നത് എന്തിനാണ്? സംസ്ഥാനത്തെ എം.പി.-മാർ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി ഒരുമിച്ചുനിന്ന് പൊരുതിയ പാരമ്പര്യം കേരളത്തിനില്ലേ? കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നടപ്പാക്കുന്നതിനുവേണ്ടി എ.കെ.ജി.-യുടെ നേതൃത്വത്തിൽ കക്ഷിരാഷ്ട്രീയ ഭേദമന്യേ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ച പാരമ്പര്യം നമ്മുടെ എം.പി.-മാർക്കുണ്ട്. ഇപ്പോൾ നിങ്ങളുടെ എം.പി.-മാർ സ്വീകരിക്കുന്ന സമീപനം അതാണോ? പാർലമെന്റ് സമ്മേളനം നടക്കുന്നതിന് മുന്നോടിയായി ഓരോ ഘട്ടത്തിലും കേരളത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിച്ച് ഉന്നയിക്കേണ്ട വിഷയങ്ങളെക്കുറിച്ച് വ്യക്തതമാക്കുകയും നിവേദനങ്ങളുടെ കോപ്പി കൊടുക്കുകയും ചെയ്യുന്നുണ്ട്. യു.ഡി.എഫ്.-ന്റെ എം.പി.-മാർ

അക്കാര്യത്തിൽ സ്വീകരിക്കുന്ന സമീപനം എന്താണ്? സംസ്ഥാന ഗവൺമെന്റിനെ എങ്ങനെ സാമ്പത്തികമായി ശ്വാസംമുട്ടിക്കാമെന്നാണ് നിങ്ങൾ നോക്കുന്നത്. സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അല്ല, കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെയാണ് ശ്വാസംമുട്ടിക്കുന്നത്. സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിക്കാനും ബന്ധപ്പെട്ടവർക്ക് നിവേദനം കൊടുക്കാനും രണ്ട് തവണ എം.പി.-മാരുടെ യോഗം വിളിച്ചു. ഇവിടെനിന്നും അഭിപ്രായസമന്വയമുണ്ടാക്കുകയും ഡൽഹിയിൽ എത്തുമ്പോൾ നിങ്ങളുടെ തീരുമാനങ്ങൾ മാറുകയും ചെയ്യുന്നത് എങ്ങനെയാണ്? നിവേദനം തയ്യാറാക്കിയ അവസരത്തിൽ നിങ്ങളുടെ ഭേദഗതി അംഗീകരിച്ചു. അതിനുശേഷവും അത് കൊടുക്കാതിരുന്നതിന് നിങ്ങളെ തെരഞ്ഞെടുത്ത് അയച്ച മലയാളികളോട് എന്ത് സമാധാനമാണ് പറയാനുള്ളത്? ആ നിലപാട് നിങ്ങൾ തുടരുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നിലപാട് കണ്ട് അതിൽ ആനന്ദം കൊള്ളുകയാണ്. അതുമാത്രമല്ല ഇടതുപക്ഷത്തോടുള്ള വൈരാഗ്യം തീർക്കാൻവേണ്ടി അത്തരം നിലപാടുകളെ സഹായിക്കുന്ന കാര്യങ്ങൾകൂടി നിങ്ങൾ സ്വീകരിക്കുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണർ അദ്ദേഹത്തിന്റെ ശാരീരിക അസുഖം കൊണ്ട് നയപ്രഖ്യാപനം വായിക്കാതെ പോയതല്ലെന്ന് നമുക്കറിയാം. നിലമേൽ ജംഗ്ഷനിൽ അദ്ദേഹം കാട്ടിക്കൂട്ടിയ പേക്കൂത്തുകളും അറിയാം. അതിനെയൊക്കെ പ്രോത്സാഹിപ്പിക്കണോ; ബഹുമാനപ്പെട്ട ഗവർണ്ണർ സ്വീകരിക്കുന്ന അത്തരം നിലപാടുകളെ എപ്പോഴെങ്കിലും തള്ളിപ്പറയാൻ സാധിച്ചോ? ഇന്ത്യൻ യൂണിയനിലെ ഒരു ഫെഡറൽ അധികാരമുള്ള, മലയാളികളുടെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനോടുള്ള കേന്ദ്ര ഭരണ കക്ഷിയുടെ രാഷ്ട്രീയ നിലപാട് ഈ സംസ്ഥാനത്ത് നടപ്പാക്കാൻ പരിശ്രമിക്കുന്നതിന്റെ കൂടെ നിൽക്കാമോ? എന്നാൽ നിങ്ങൾ ആ നിലപാടാണ് പലപ്പോഴും സ്വീകരിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത്, അവർക്കൊരു അജണ്ടയുണ്ട്. താൽക്കാലിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ആ അജണ്ടയുടെ പുറകെപോയി കേന്ദ്ര ഭരണകക്ഷിയെ സഹായിക്കുന്ന നിലപാട് നിങ്ങൾ സ്വീകരിക്കുകയും അതിനോട് പലപ്പോഴും ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്യുന്നു. നിങ്ങൾ കഴിഞ്ഞ ദിവസം 'സർക്കാരും ഗവർണ്ണറും തമ്മിലുള്ള ഒത്തുതീർപ്പല്ലേ' എന്ന ചോദ്യം ഉന്നയിച്ചു. പക്ഷേ ആര്

തമ്മിലാണ് ഒത്തുതീർപ്പ്? ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കുന്ന നിലപാടുകൾക്ക് ഗവർണ്ണർ എങ്ങനെയാണ് തുരങ്കം വയ്ക്കുന്നതെന്ന് നിങ്ങൾ അറിയുന്നില്ലേ; ഇവിടത്തെ സർവ്വകലാശാലകളുടെ വൈസ്-ചാൻസലർമാരെ ഗുണ്ടകളെന്ന് വിളിച്ച് ആക്ഷേപിച്ചില്ലേ; എല്ലാ കാര്യത്തിനും പ്രതികരിക്കുന്ന കേരളത്തിലെ യു.ഡി.എഫ്.-ന്റെ പ്രതിഷേധം അക്കാര്യത്തിലുണ്ടായോ? ഗവർണ്ണർ അക്കാദമിക് സമൂഹത്തെയാകെ വെല്ലുവിളിക്കുന്ന നിലപാട് സ്വീകരിക്കുന്നതിനെ നിങ്ങൾ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്കെതിരായ നിലപാട് നിങ്ങൾ സ്വീകരിക്കുന്നു. ഈ ബദൽ നയങ്ങളെ നിങ്ങളുടെ മാർഗ്ഗമല്ലെന്ന് പറഞ്ഞ് തള്ളിക്കളയാം. പക്ഷേ കേരളത്തിന്റെ വികസനം, താത്പര്യങ്ങൾ എന്നിവ ഉയർത്തിപ്പിടിക്കാൻ മലയാളികളെന്ന നിലയ്ക്ക് നമുക്ക് ചുമതലയില്ലേ? ആ ചുമതല നിർവ്വഹിക്കുന്നില്ലെന്നതാണ് കോൺഗ്രസ് ഉൾപ്പെടുന്ന പ്രതിപക്ഷത്തിന്റെ ഗതികേട്. കോൺഗ്രസ് ഉൾപ്പെടുന്ന സമരങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാകും. ഇന്നലെ നിങ്ങൾ വിലക്കയറ്റത്തിനെതിരെ സമരം നടത്തി. അത് കേരളത്തിന്റെ മാത്രം

പ്രശ്നമാണോ, പാർലമെന്റിൽ എപ്പോഴെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ നിങ്ങൾ ഒരക്ഷരം പറയുന്നുണ്ടോ? യൂത്ത് കോൺഗ്രസുകാരെ പ്രയോജനപ്പെടുത്തി മുഖ്യമന്ത്രിയെ ആക്രമിക്കുക എന്നതല്ലാതെ രാജ്യത്തെ തൊഴിലില്ലായ്മയ്ക്കെതിരെ, ബി.ജെ.പി. ഉണ്ടാക്കിയ അപകടങ്ങൾക്കെതിരെ എപ്പോഴെങ്കിലും യൂത്ത് കോൺഗ്രസ് ഒരു സമരം നടത്തിയിട്ടുണ്ടോ? ഇതൊക്കെ നിങ്ങൾ ഒത്തുതീർപ്പുണ്ടാക്കിയെന്നതിന്റെ ഉദാഹരണങ്ങളാണ്. ആരെ കൂട്ടുപിടിച്ചിട്ടാണെങ്കിലും കേരളത്തിലെ ഭരണക്രമത്തെ അട്ടിമറിക്കുകയും ദുർബലപ്പെടുത്തുകയും സംസ്ഥാനത്തിന്റെ നേട്ടങ്ങളെ ഇകഴ്ത്തി കാണിക്കുകയും ചെയ്യുകയെന്നുള്ളതാണ് നിങ്ങളുടെ ലക്ഷ്യം. ജനങ്ങളുടെ മുമ്പിൽ പരിഹാസ കഥാപാത്രമാക്കി, ഈ ഗവൺമെന്റിന്റെ കാലത്ത് ഒന്നും നടക്കില്ല എന്ന് വരുത്തിത്തീർത്ത് ജനങ്ങളുടെ പ്രതിഷേധം നേടിയെടുക്കാൻ നിങ്ങൾക്കാവശ്യമായ വിവരങ്ങൾ നൽകുന്ന സുനിൽ കനഗോലുവും കേരളത്തിലെ മാധ്യമ തമ്പുരാക്കന്മാരും ഉൾപ്പെടെയുള്ളവരുടെ അജണ്ടയുടെ കൂടെ പോയാൽ കേരളത്തിലെ ജനങ്ങൾ നിങ്ങളെ ഒറ്റപ്പെടുത്തുമെന്ന കാര്യത്തിൽ സംശയംവേണ്ട. 2019-ലെ

പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ വിജയം കഴിഞ്ഞ് 2020 ആയപ്പോൾ കേരളം മാറി ചിന്തിച്ചു; 2021 എത്തിയപ്പോൾ നിങ്ങളുടെ അഹങ്കാരത്തിന് കേരളം മറുപടിയും നൽകി. നിങ്ങൾ കേരളത്തിന്റെ താത്പര്യങ്ങൾക്കൊപ്പം നിൽക്കുകയും അതിനെതിരായ നിലപാട് തിരുത്തുകയും വേണം. ഫെഡറലിസത്തിന്റെയും ഈ നാടിന്റെ താത്പര്യത്തിന്റെയും സംരക്ഷണത്തിനുവേണ്ടി ഡൽഹിയിൽ ഞങ്ങൾ സമരം ചെയ്യാൻ പോകുന്നതിനെ ഉത്സവം നടത്താൻ പോകുകയാണെന്ന് പ്രതിപക്ഷം ആരോപിക്കുന്നതിൽനിന്നും കേരളത്തിന്റെ ആവശ്യം ഉന്നയിക്കാനോ പഴയ നിലപാടുകളിൽനിന്ന് മാറാനോ നിങ്ങൾ തയ്യാറല്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. ആ നിലപാട് തിരുത്താതെയിരുന്നാൽ കേരളത്തിലെ ജനങ്ങൾക്കുമുമ്പിൽ നിങ്ങൾ ഒറ്റപ്പെട്ടുപോകുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്തവിധം നിയമസഭയെ അവഹേളിക്കുന്നതരത്തിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ഗവർണ്ണറുടെ നിലപാടിനെ ശക്തമായി

അപലപിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എല്ലാ കാര്യങ്ങളിലും പ്രതിപക്ഷം ഗവർണ്ണറെ സപ്പോർട്ട് ചെയ്യുന്നുവെന്നാണ് എനിക്കുമുൻപ് സംസാരിച്ച ശ്രീ. എ. സി. മൊയ്തീൻ സൂചിപ്പിച്ചത്. പ്രതിപക്ഷം ഗവർണ്ണറെ തടഞ്ഞപ്പോൾ നിങ്ങൾ രണ്ട് കൈയുംനീട്ടി അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ടുവന്നത് ഈ ഫ്ലോറിൽ നടന്ന സംഭവമാണെന്നത് മറന്നുപോകരുത്. ഗവർണ്ണറെ ഞങ്ങളാണ് തടഞ്ഞത്. ഇന്ത്യയിലെവിടെയെങ്കിലും ഒരു ഗവർണ്ണർ പ്രതിപക്ഷനേതാവിനെ പരസ്യമായി വിമർശിച്ചിട്ടുണ്ടെങ്കിൽ അത് കേരള ഗവർണ്ണർ കേരളത്തിലെ പ്രതിപക്ഷനേതാവിനെയാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കുരുടൻ ആനയെ കണ്ടതുപോലെ ഇക്കാര്യങ്ങളെ കാണരുതെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. ഇവിടെ ബഹുമാന്യരായ ഗവർണ്ണറും മുഖ്യമന്ത്രിയും തമ്മിലുള്ള അന്തർധാര നമുക്കറിയാവുന്നതാണ്. ഗവർണ്ണറും മുഖ്യമന്ത്രിയും തമ്മിൽ ചക്കിക്കൊത്ത ചങ്കരൻ കളിക്കുകയാണ്. ഒരുകാലത്ത് ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. പിണറായി വിജയനും സ്റ്റേജിൽ ഇരിക്കുന്നതുപോലെയാണ് ഇപ്പോഴും സംഭവിക്കുന്നത്. ഇവർ ഒരുമിച്ച് ഒരു

സ്റ്റേജിലിരിക്കുമ്പോൾപോലും പരസ്പരം നോക്കാറില്ല. ബക്കറ്റിലെ വെള്ളത്തിന്റെ കഥപറഞ്ഞുകൊണ്ടിരുന്ന സമയത്ത് ഒരു ആരവത്തോടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവിടേയ്ക്ക് കയറിവന്നതും ബഹുമാന്യനായ പിണറായി വിജയൻ അദ്ദേഹത്തെ മൈൻഡ് ചെയ്യാതിരുന്നതുമൊക്കെ നമ്മൾ കേട്ടിട്ടില്ലേ; അതുപോലുള്ള നാടകങ്ങളാണ് ഇവിടെ ഇപ്പോഴും അരങ്ങേറുന്നത്. ഗവർണ്ണർ വരുമ്പോൾ മുഖ്യമന്ത്രിയും മുഖ്യമന്ത്രി വരുമ്പോൾ ഗവർണ്ണറും പരസ്പരം നോക്കുന്നില്ല. ഇവർ രണ്ടുപേരും ചക്കിക്കൊത്ത ചങ്കരനാണ്; ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ഞങ്ങൾ ഇവരെ രണ്ടുപേരെയും ശക്തമായി എതിർക്കുകതന്നെ ചെയ്യും. രണ്ട് മിനിറ്റ് നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ഇ. ചന്ദ്രശേഖരനെക്കൊണ്ട് ഇരുപത് മിനിറ്റ് നന്ദിപ്രമേയം അവതരിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നോ? നന്ദി ആരോട് ഞാൻ ചൊല്ലേണ്ടതെന്നാണ് അദ്ദേഹം ചോദിച്ചത്, പിന്നെ എങ്ങനെയാണ് നിങ്ങൾക്ക് ഈ നന്ദിപ്രമേയത്തെ പിന്തുണച്ച് സംസാരിക്കാൻ സാധിക്കുന്നത്. നയപ്രഖ്യാപനത്തിലൂടെ 101 തവണയാണ് ഗവർണ്ണറെക്കൊണ്ട് 'എന്റെ സർക്കാർ' എന്ന് പറയിക്കാൻ നിങ്ങൾ

ശ്രമിച്ചത്. പക്ഷേ ഗവർണ്ണറാകട്ടെ 'എന്റെ സർക്കാർ' എന്നില്ലാത്ത ഒരു പാരഗ്രാഫ് വായിച്ചിട്ട് പോകുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ 68 പ്രാവശ്യമാണ് 'എന്റെ സർക്കാർ' എന്നുണ്ടായിരുന്നതെങ്കിൽ ഇത്തവണ അത് 101 ആയിരുന്നു. ഇവിടെ എന്താണ് സംഭവിക്കുന്നത്; കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായും അവരുടെ അഴിമതിക്കും വിലക്കയറ്റത്തിനുമെതിരായും ജനരോഷം അതിരൂക്ഷമാകുന്ന സന്ദർഭങ്ങളിൽ ശ്രദ്ധ തിരിക്കുന്നതിനുവേണ്ടിയാണ് ഗവർണ്ണറും സർക്കാരും തമ്മിലുള്ള നാടകങ്ങൾ ഇവിടെ നടക്കുന്നത്. സർക്കാരിനെതിരെ ജനരോഷം ഉയർന്നപ്പോഴെല്ലാം ആപത്ബാന്ധവനെപ്പോലെ ഗവർണ്ണർ സർക്കാരിന്റെ മുന്നിൽ അവതരിക്കുന്ന കാഴ്ചയാണ് നാം കണ്ടിട്ടുള്ളത്. ബി.ജെ.പി.-യെ എതിർക്കുന്നത് ഞങ്ങളാണ്. അതിന്റെപേരിൽ പാർലമെന്റിൽ എത്രതവണയാണ് ഞങ്ങൾക്ക് സസ്പെൻഷൻ ലഭിച്ചത്; അത് ഞങ്ങൾ അവരെ പിന്തുണച്ചതുകൊണ്ടാണോ? ഞങ്ങളെപ്പോലെ പാർലമെന്റിൽ ബി.ജെ.പി. സർക്കാരിനെതിരെ ഇത്രയധികം പോരാടിയ

ആരെങ്കിലുമുണ്ടോ? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ എന്താണുള്ളത്? കേന്ദ്രസർക്കാരിനെ തഴുകിത്തലോടുന്ന നയപ്രഖ്യാപനമല്ലേ ഇവിടെ നടത്തിയത്. സാമ്പത്തികമായി ഞെരുക്കുന്നുവെന്ന് പറയുമ്പോഴും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അതിനുള്ള പ്രതിഷേധമുണ്ടോ? കേന്ദ്രസർക്കാർ 2 ലക്ഷം മെട്രിക് ടൺ അരി വെട്ടിക്കുറയ്ക്കുകയും ഗോതമ്പ് ഒരു വിഭാഗത്തിനുമാത്രമായി പരിമിതപ്പെടുത്തുകയും മണ്ണെണ്ണ നൽകാതിരിക്കുകയും ചെയ്തതിൽ നിങ്ങൾക്ക് പ്രതിഷേധമുണ്ടോ; കേന്ദ്രത്തിനെതിരെ സമരം പ്രഖ്യാപിച്ചപ്പോൾ കേന്ദ്രവുമായി സമരസപ്പെടുകയല്ലേ നിങ്ങൾ ചെയ്തത്? കേന്ദ്രത്തിനെതിരെ സമരം ചെയ്യുന്ന ഒരു നേതാവ് മണിപ്പൂരിൽനിന്നും യാത്ര ആരംഭിച്ച് തലയുയർത്തി വരുന്നുണ്ട്. ചുട്ടുപൊള്ളുന്ന കന്യാകുമാരിയിൽനിന്നും മഞ്ഞുപൊഴിയുന്ന കാശ്മീർവരെ ഈ രാജ്യത്തെ സംഘ്പരിവാർ ശക്തികൾക്കെതിരായി കാൽനടയായി വരുന്ന ഒരു മനുഷ്യനുണ്ട്. മണിപ്പൂരിലെ മെയ്തേയ്, കുകി വിഭാഗക്കാരുടെയിടയിലേയ്ക്ക് ധൈര്യപൂർവ്വം നെഞ്ചുവിരിച്ചുപോയ ഒരു മനുഷ്യനുണ്ട്. അവർക്ക് നേരെ സംഘ്പരിവാർ ഉയർത്തിയ ബാരിക്കേഡുകൾ തട്ടിത്തെറിപ്പിച്ചുകൊണ്ട്

പോകുന്ന ഒരു മനുഷ്യനെ നിങ്ങൾ കാണണം. അദ്ദേഹത്തിനെതിരെ ജാമ്യമില്ലാ കേസ്സെടുക്കുമ്പോൾ എനിക്കെതിരെ ഒന്നല്ല ഒരായിരം കേസ്സുകളെടുക്കുവെന്ന് പറഞ്ഞ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് ഈ രാജ്യത്ത് സംഘ്പരിവാറിനെതിരെ പോരാട്ടം നടത്തുന്നത്. സംഘ്പരിവാറിനും ശ്രീ. നരേന്ദ്ര മോദിക്കുമെതിരെ സമരം നടത്തുമ്പോൾ നിങ്ങൾക്ക് മുട്ടുവിറയ്ക്കും. എനിക്ക് ബഹുമാന്യരായ മുഖ്യമന്ത്രിയോടും മന്ത്രിമാരോടും പറയാനുള്ളത് കേന്ദ്രത്തിനെതിരായി, ആർ.എസ്.എസ്.-ന് എതിരായി സമരം ചെയ്യാൻ നിങ്ങൾക്ക് ധൈര്യം ലഭിക്കണമെങ്കിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഒരു ഫോട്ടോ നിങ്ങളുടെ പോക്കറ്റിലിടണമെന്നാണ്. എങ്കിൽ കേന്ദ്രത്തിനെതിരായുള്ള പോരാട്ടത്തിന് നിങ്ങൾക്ക് ശക്തി ലഭിക്കും. അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു സർക്കാരാണിത്. 1028 കോടി രൂപയുടെ കെ-ഫോൺ പദ്ധതിയിൽ അൻപത്തെട്ടര ശതമാനം അധികം ടെണ്ടർ തുകയിട്ട് ശ്രീ. എം. ശിവശങ്കറിന്റെ ഒരു കത്തിന്റെ അടിസ്ഥാനത്തിൽ 500 കോടി രൂപയാണ് അധികമായി നൽകിയത്. 18 മാസംകൊണ്ട് 20 ലക്ഷം

കണക്ഷൻ നൽകുമെന്ന് പറഞ്ഞിട്ട് 3000 കണക്ഷൻ മാത്രമാണ് നൽകിയത്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലായത് 9 കോടി രൂപയുടെ അഴിമതിയിലാണ്. ഇവരുടെ കൃത്രിമബുദ്ധിയിൽ വിടർന്നതാണ്  150 കോടി രൂപയുടെ എ.ഐ. ക്യാമറ അഴിമതി. കാർഗിൽ യുദ്ധകാലത്ത് ശവപ്പെട്ടി വാങ്ങി ബി.ജെ.പി. കുംഭകോണം നടത്തിയതുപോലെയാണ് കോവിഡ് കാലത്ത് പി.പി.ഇ. കിറ്റും മാസ്കും തെർമ്മോമീറ്ററും ഫേസ് ഷീൽഡും ഉൾപ്പെടെ വാങ്ങി നിങ്ങളുടെ സർക്കാർ കുംഭകോണം നടത്തിയത്. അഴിമതിയുടെ കഥപറഞ്ഞാൽ ഒരുപാട് പറയാനുണ്ട്. മാസപ്പടി, സ്വർണ്ണ കള്ളക്കടത്ത്, പവർ പർച്ചേസ്, മരുന്ന് തട്ടിപ്പ് തുടങ്ങിയവയെല്ലാമുണ്ട്. അഴിമതി നടത്താനും അതിൽനിന്നും രക്ഷപ്പെടാനും നൂതനമായ മാർഗ്ഗങ്ങളാണ് ഇവർ സ്വീകരിക്കുന്നത്. അഴിമതി നടത്താൻ കൈതോലപ്പായയും ബിരിയാണി ചെമ്പും. 'മിഥുനം' എന്ന സിനിമയിൽ മോഹൻലാലും ശ്രീനിവാസനുംകൂടി ഉർവശിയെ കൈതോലപ്പായയിൽ ചുറ്റി കടത്തുന്ന സീൻ ഇവർക്ക് പ്രചോദനം നൽകിയിട്ടുണ്ടാകും. ആ സീനിന്റെ പ്രചോദനമുൾക്കൊണ്ടുകൊണ്ടാണ്

കൈതോലപ്പായയിൽ പണം കൊണ്ടുപോകുന്നത്. രക്ഷപ്പെടാനിവർക്ക് മാർഗ്ഗമുണ്ട്. മജീഷ്യൻമാർ നടത്തുന്ന ഫയർ എസ്കേപ്പാണ് അഴിമതിയിൽനിന്നും രക്ഷപ്പെടാൻ ഇവർ ഉപയോഗിക്കുന്നത്. ഇവർ പറഞ്ഞത് അഴിമതി തുടച്ചുനീക്കുമെന്നാണ്; ഫലത്തിലിപ്പോൾ അഴിമതിക്കെതിരായുള്ള തെളിവുകൾ തുടച്ചുനീക്കുന്നവരായി ഇവർ മാറിയിരിക്കുകയാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)-ന്റെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഗോഡൗണുകൾ തീ കത്തുകയാണ്. മരുന്നുകൾ സൂക്ഷിച്ചിട്ടുള്ള ഗോഡൗണുകളിൽ മാത്രം തീ കത്തുകയാണ്. സ്വർണ്ണക്കടത്ത് കേസുണ്ടായ സന്ദർഭത്തിൽ യാത്രാരേഖകളുൾപ്പെടുന്ന ഫയലുകളിരിക്കുന്ന സെക്രട്ടേറിയറ്റിലെ സെക്ഷനിൽ തീപിടുത്തമുണ്ടായി. അങ്ങനെ അഴിമതിയിൽനിന്നും രക്ഷപ്പെടാൻ ഫയർ എസ്കേപ്പ് കണ്ടുപിടിച്ച ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. തീരദേശത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് തലചായ്ക്കാൻ ഒരു വീടില്ലാത്തതാണ്. അവർക്കുണ്ടായിരുന്ന പ്രത്യേക ഭവനനിർമ്മാണ പദ്ധതി ലൈഫ് മിഷനിൽ ലയിപ്പിച്ചതോടുകൂടി

വീട് ലഭിക്കാത്ത അവസ്ഥയുണ്ട്. പുനർഗേഹം പദ്ധതിയിലൂടെ 18000 പേരെ പുനരധിവസിപ്പിക്കുമെന്ന് പറഞ്ഞെങ്കിലും 4000 പേർക്കുമാത്രമാണ് വീട് നൽകിയിട്ടുള്ളത്. അവർക്കുള്ള തുക വർദ്ധിപ്പിച്ചുനൽകണം. അതുപോലെ പട്ടയ പ്രശ്നവുമുണ്ട്. തീരദേശ ഹൈവേ വരുന്ന ഈ സമയത്ത് പട്ടയം ലഭിച്ചില്ലെങ്കിൽ ഭൂമിയുടെ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം രണ്ടുവർഷമായി തടഞ്ഞുവച്ചിരിക്കുകയാണ്. ഉപരിപഠനത്തിനുപോകുന്നവർക്ക് കോളേജുകളിൽനിന്നും ടി.സി.-യും സർട്ടിഫിക്കറ്റും നൽകുന്നില്ല. ഹോസ്റ്റലുകളിൽനിന്നും അവരെ ഇറക്കിവിടുകയാണ്. ട്യൂഷൻ ഫീസും പരീക്ഷാ ഫീസും നൽകാത്തതുകൊണ്ട് പലർക്കും പഠനം ഉപേക്ഷിക്കേണ്ടിവരികയാണ്. 2017-ൽ തുടങ്ങിയ തീരദേശ ഹൈവേയുടെ ഡി.പി.ആർ. പോലും പൂർത്തീകരിച്ചിട്ടില്ല. മലയോര ഹൈവേയിലെ 793 കിലോമീറ്ററിൽ ആകെ പൂർത്തിയായത് 112 കിലോമീറ്റർ മാത്രമാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതിലും മൂന്നുമാസത്തെ

കുടിശ്ശികയായിരിക്കുകയാണ്. കുടിശ്ശികയെല്ലാം നൽകിയാൽപ്പോലും അദ്ധ്യാപകർക്ക് വീണ്ടും കടം വാങ്ങേണ്ടിവരും. കാരണം രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും വിതരണം ചെയ്യുന്നതിന് ഒരു കുട്ടിക്ക് നൽകുന്നത് 8 രൂപയാണ്. അതുകൊണ്ട് പ്രസ്തുത തുക വർദ്ധിപ്പിച്ചുനൽകണം. കോൺട്രാക്ടർമാർക്ക് 14,000 കോടി രൂപയുടെയും കാരുണ്യ പദ്ധതിയിൽ 1200 കോടി രൂപയുടെയും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് 900 കോടി രൂപയുടെയും കുടിശ്ശികയാണുള്ളത്. സർക്കാർ ജീവനക്കാർക്ക് ഡി.എ., ലീവ് സറണ്ടർ, പേ റിവിഷൻ അരിയർ എന്നിവയിൽ 20,000 കോടി രൂപ കുടിശ്ശികയുണ്ട്. ലൈഫ് പദ്ധതിക്ക് 217 കോടി രൂപ വകയിരുത്തിയെങ്കിലും 4 ശതമാനം മാത്രമാണ് ചെലവാക്കിയത്. നവംബർ മുതൽ ആർ.സി. ബുക്കും ലൈസൻസും പ്രിന്റ് ചെയ്ത് നൽകുന്നില്ല. പുറംകരാർ കൊടുത്തിട്ടുള്ള എറണാകുളത്തെ ഒരു കമ്പനിക്ക് തുക കൊടുക്കാത്തതുകൊണ്ട് അത് നിർത്തിവച്ചിരിക്കുകയാണ്. 11 ലക്ഷം ആർ.സി. ബുക്കും ലൈസൻസും പെന്റിംഗിലാണ്. കിഫ്ബിയിൽനിന്നും നാല് ശതമാനം പലിശയ്ക്ക് പണമെടുത്ത് കെ.എസ്.ആർ.ടി.സി. വാങ്ങിയ 50 ഇലക്ട്രിക് ബസ്സുകളിൽ

ഓരോന്നിനും മൂവായിരത്തിലേറെ രൂപ ഒരു ദിവസം നഷ്ടമാണ്. അതിന്റെ കണക്ക് സഹിതം ഞാൻ പറയുന്നില്ല. പലിശയ്ക്ക് കടമെടുത്തുവാങ്ങിയ ബസ്സുകൾ അഞ്ച് വർഷംകൊണ്ട് ആറ് കോടി രൂപയുടെ നഷ്ടം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാക്കുകയാണ്. ഈ തെറ്റായ പരിഷ്കാരങ്ങളിലൂടെ ശമ്പളംപോലും നൽകാൻ നിവൃത്തിയില്ലാത്ത സ്ഥാപനത്തിന് വരുത്തുന്ന ബാധ്യത സർക്കാർ കാണണമെന്നാണ് സൂചിപ്പിക്കാനുള്ളത്. പോസ്റ്റുമോർട്ടത്തിനുള്ള കിറ്റുകൾപോലും മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് വാങ്ങിക്കൊടുക്കേണ്ടിവരികയാണ്. സ്കൂൾ യുവജനോത്സവത്തിന് ഭക്ഷണത്തിന് കുട്ടികൾതന്നെ അരിയും മറ്റ് സാധനങ്ങളും കൊണ്ടുപോകണമെന്നുള്ള ഒരു ഉത്തരവിറക്കിയിരിക്കുകയാണ്. അഴിമതിയിൽ മുങ്ങിനിൽക്കുന്ന ഈ സർക്കാരിന്റെ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, പതിനഞ്ചാം നിയമസഭയുടെ പത്താം സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ,

എം.എൽ.എ. അവതരിപ്പിച്ച നന്ദിപ്രമേയ ചർച്ചയ്ക്കൊരുങ്ങുമ്പോൾ മലയാളികളുടെ ജനാധിപത്യസഭയെ അതിരുവിട്ട് ആക്ഷേപിച്ച ഗവർണ്ണറോടുള്ള പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. 'എന്റെ ഗവൺമെന്റ് ' എന്നുപറഞ്ഞ് അവതരിപ്പിക്കേണ്ട നയപ്രഖ്യാപനം ഒരു ചിറ്റമ്മ നയത്തോടെയാണ് ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ചത്. വിവരമുള്ളവരും വിവേകശാലികളുമായ കേരള ജനതയോട് അദ്ദേഹം പുലർത്തുന്ന കേരള വിരുദ്ധ നയം ഇതിനോടകം വ്യക്തമായിക്കഴിഞ്ഞു. കേരളത്തെ ഇന്ത്യയ്ക്കും ലോകത്തിനുംമുന്നിൽ അവതരിപ്പിച്ച കേരളീയം പരിപാടിയെക്കുറിച്ചും നവകേരള സദസ്സിനെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. പെരുമഴക്കാലത്ത് കേരളം നടത്തിയ ധൂർത്തെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് അധിക്ഷേപിച്ച 'കേരളീയം' ഓരോ മലയാളിയുടെയും പുതുലോക ഭാവനയെയും നവനൈപുണ്യത്തെയും ഹൃദ്യമായ ആതിഥേയത്തിൽ ലോകത്തിനുമുന്നിൽ വരച്ചുകാട്ടുകയാണ് ചെയ്തത്. സത്യത്തിൽ മലയാളികളുടെ ആത്മാഭിമാനം ആകാശംമുട്ടെ ഉയർത്തുന്ന ദിനങ്ങളായിരുന്നു കേരളീയത്തിന്റേത്. അതിനെ

പെരുമഴക്കാലത്തെ ധൂർത്തെന്ന് അധിക്ഷേപിച്ച പ്രതിപക്ഷത്തോടുള്ള അനുകമ്പയും ദയയും രേഖപ്പെടുത്തുന്നതോടൊപ്പം ചരിത്രത്തോടൊപ്പം ഇനിയെങ്കിലും നിങ്ങൾ നീങ്ങിയില്ലെങ്കിൽ ദയനീയമായി ഒറ്റപ്പെടുമെന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. നവകേരള സദസ്സിലൂടെ ലോകചരിത്രത്തിലാദ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കാബിനറ്റും ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നു. ജനങ്ങളുടെ ആഗ്രഹങ്ങളും ആശയങ്ങളും അവർക്കുവേണ്ടിയുള്ള വികസനപ്രവർത്തനങ്ങളും അവരോടൊപ്പംനിന്ന് ചർച്ച ചെയ്യാനും അവരിൽനിന്ന് ഉൾക്കൊള്ളുന്ന ആശയങ്ങൾ ഭാവിയിൽ നവകേരളത്തിന്റെ പുന:സൃഷ്ടിയിലേയ്ക്ക് മാറ്റുന്നതിനുംവേണ്ടി തുടക്കം കുറിച്ച നവകേരള സദസ്സിനെ നിങ്ങൾ ആക്ഷേപിക്കുകയാണ് ചെയ്തത്. പതിനായിരക്കണക്കിന് ജനങ്ങളുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്ന വേദികളായി നവകേരള സദസ്സ് മാറുന്ന കാഴ്ചയാണ് അന്ന് നാം കണ്ടത്. മഞ്ഞ പുതപ്പുകൊണ്ട് പുതപ്പിക്കാനോ ജനങ്ങളെ സ്തബ്ധരാക്കി നിർത്താനോ അല്ല പകരം ജനങ്ങളുടെ ആശയങ്ങൾ ഉൾക്കൊള്ളാനാണ് ബഹുമാന്യനായ മുഖ്യമന്ത്രി ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നത്. അങ്ങനെ കേരളത്തെ

മാറ്റങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പുതിയ ചരിത്രം കുറിക്കാനാണ് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയും കാബിനറ്റും ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നത്. ഇനിയുള്ള കാലഘട്ടങ്ങളിൽ കേരളത്തിൽ ജനാധിപത്യ സംവിധാനങ്ങളും വികസനപ്രവർത്തനങ്ങളും എങ്ങനെ മുന്നോട്ടുകൊണ്ടുപോകണമെന്ന ചിന്തകളിലേയ്ക്കുള്ള കാൽവയ്പ്പായിട്ടാണ് നവകേരള സദസ്സിനെ കാണേണ്ടത്. നിങ്ങളുടെ പഴമുറങ്ങൾ കൊണ്ട് ഈ നക്ഷത്ര വെളിച്ചത്തെ മറച്ചുവയ്ക്കാൻ സാധിക്കില്ല. നവനൈപുണ്യ കേരളം, കേരള മോഡൽ, വികസനത്തിൽ ജനകീയത, മതേതരത്വ പ്രബുദ്ധത, സാംസ്കാരിക ഔന്നത്യം എന്നിവ എന്താണെന്ന് മനസ്സിലാക്കിയവർക്ക് മാത്രമേ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന്റെ ഉള്ളടക്കം ബോധ്യമാകുകയുള്ളുവെന്ന ബോധ്യംകൂടി മറുപക്ഷത്ത് ഇരിക്കുന്നവർക്കുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് നായ പെറ്റുകിടന്ന സർക്കാർ സ്കൂളുകളുടെ വരാന്തയിലേയ്ക്ക് പത്ത് ലക്ഷം കുട്ടികളെ വഴിനടത്തിച്ച പുതിയ പാഠ്യപദ്ധതിയും ബോധശാസ്ത്രവും ആഗോളനിലവാരത്തിലേയ്ക്കുള്ള കേരളത്തിന്റെ നാഭി-

നാളബന്ധവും യാഥാർത്ഥ്യമാക്കിയാണ് പുതിയ വിദ്യാഭ്യാസ നയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കാൾ മാർക്സും ആൽബർട്ട് ഐൻസ്റ്റീനും രബീന്ദ്രനാഥ ടാഗോറും സ്വപ്നംകണ്ട ലോകമുണ്ട്. എല്ലാ മനുഷ്യരും ഒരുപോലെയാണെന്നും എല്ലാ ലോകവും ഒരുപോലെയാകട്ടെയെന്നും എന്നതിനെ കാൾ മാർക്സ് പറഞ്ഞ രീതിയിൽ 'The State Withers Away' എന്നുള്ളതിലേയ്ക്കും ഇന്ത്യയെന്ന ചിന്തയിൽനിന്നുപരിയായി ലോകംതന്നെ തറവാടാകട്ടെ എന്ന രബീന്ദ്രനാഥ ടാഗോറിന്റെ ചിന്തയിലേയ്ക്കും മനുഷ്യസമൂഹത്തെ കൊണ്ടെത്തിക്കുന്നതിനുള്ള ഏറ്റവും നല്ല പരിശ്രമം നടത്തിയത് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ മേഖലകളാണ്. അതായത് സർവ്വമനുഷ്യരെയും ഒന്നായി കണ്ട് ഒരേ ലോകത്തിനുവേണ്ടി ഒരേ ചിന്തകളിലേയ്ക്കും സംസ്കാരങ്ങളിലേയ്ക്കും അറിവുകളിലേയ്ക്കും സാങ്കേതികവിദ്യകളുടെ മാറ്റത്തിനനുസൃതമായി ലോകത്തെ മാറ്റിയെടുക്കുകയും മനുഷ്യന്റെ ചിന്തകളെത്തന്നെ ഒരുപോലെ കൂട്ടിയിണക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് കേരളത്തിന്റെ വിദ്യാഭ്യാസ മേഖല മാറിയതിന്റെ ഫലമായാണ് കേരളത്തിലെ വിദ്യാർത്ഥി സമൂഹം

ഒന്നടങ്കം തൊഴിൽ ശാഖകളിലേയ്ക്കും അറിവിന്റെ മേഖലകളിലേയ്ക്കും കടന്നുവരുന്നത്. അങ്ങനെ പുതിയ അറിവുകൾ സ്വാംശീകരിക്കുകയും ജനങ്ങൾക്ക് പകർന്നുനൽകുകയും ചെയ്തുകൊണ്ട് കേരളത്തെ പുതിയ സംസ്കാരത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. ഒരു പുതിയ സമ്മിശ്ര, ജാതിയും മതവുമില്ലാത്ത സംസ്കാരത്തിലേയ്ക്കും പുതിയ തൊഴിൽ സാധ്യതകളിലേയ്ക്കും കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ എത്തിക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമാണെന്നതിൽ യാതൊരു സംശയവുമില്ല. ഇന്ന് ലോകത്തിനുതന്നെ ഏറ്റവും നല്ല മാതൃകയായി നമ്മുടെ ആരോഗ്യ മേഖല മാറിയെന്നതിൽ ആർക്കാണ് സംശയമുള്ളത്; ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. ധർമ്മാശുപത്രികളെന്ന് കൊളോണിയൽ ഭരണകാലത്ത് വിശേഷിപ്പിച്ചിരുന്ന നമ്മുടെ സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളുമൊക്കെ ഇന്ന് പാവപ്പെട്ടവർക്കുതകുന്ന തരത്തിൽ അവയവമാറ്റ ശസ്ത്രക്രിയവരെ നടത്തുന്ന ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റി. മാറാരോഗങ്ങളെയും നടപ്പുദീനങ്ങളെയും പിടിച്ചുകെട്ടാൻ ആരോഗ്യ മേഖലയ്ക്ക് സാധിച്ചു. ആരോഗ്യ സംരക്ഷണത്തിൽ

ഡബ്ല്യു.എച്ച്.ഒ.-യുടെ ഗുഡ്ബുക്കിൽ ഇടംപിടിക്കാൻ കേരളത്തിന് സാധിച്ചുവെന്നത് വലിയ മാറ്റങ്ങളുടെ തുടക്കമാണ്. ആക്ഷേപങ്ങളല്ല വേണ്ടത്, ആവശ്യങ്ങൾ തുടർന്നും നിറവേറ്റപ്പെടാനുണ്ടെന്ന യാഥാർത്ഥ്യം മുന്നിൽ നിൽക്കുമ്പോഴും പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ളവയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. റവന്യൂ വകുപ്പ് മുഖേന ചരിത്രപരമായ വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിക്കാൻ ഈ രണ്ട് സർക്കാരുകൾക്കും സാധിച്ചിട്ടുണ്ട്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ചരിത്രപരമായ മാറ്റങ്ങൾക്ക് റവന്യൂ വകുപ്പ് ഈ കാലയളവിൽ സാക്ഷ്യം വഹിച്ചതാണ്. 121604 പേർക്ക് പട്ടയം നൽകാനും സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പാവപ്പെട്ട പതിനായിരക്കണക്കിനാളുകൾക്ക് ഭൂമിയും വീടും നൽകാനും വീടില്ലാത്ത രണ്ട് ലക്ഷത്തിൽപ്പരം പേർക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് വച്ചുകൊടുത്തുകൊണ്ട് വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിക്കാനും ഈ സർക്കാരിന് സാധിച്ചു. നാളെകളിൽ എല്ലാവർക്കും ഇടം നൽകുന്ന ഒന്നായി ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ മാറ്റപ്പെടുമെന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല. ഇതെല്ലാം ഇല്ലാതായി എന്ന് പറഞ്ഞുകൊണ്ട് പ്രതിപക്ഷം പ്രചരണം നടത്തുമ്പോഴും അവരുടെ സ്വന്തം നിയോജകമണ്ഡലങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കിയാൽ അവിടെയുണ്ടായിട്ടുള്ളതും ഇന്ന് തുടക്കം കുറിച്ചിട്ടുള്ളതും നാളെകളിൽ ഉണ്ടാകാൻപോകുന്നതുമായ ഭൗതിക/പശ്ചാത്തല സൗകര്യങ്ങളിലുണ്ടായിട്ടുള്ള, എടുത്തുകളയാൻ സാധിക്കാത്തതരത്തിലുള്ള മാറ്റങ്ങളെന്തൊക്കെയാണെന്ന് കാണാൻ സാധിക്കും. കേന്ദ്ര സർക്കാർ നടപ്പാക്കികൊണ്ടിരിക്കുന്ന 'സീ പ്ലെയിൻ', 'ബ്ലൂ ഇക്കോണമി' തുടങ്ങിയ പദ്ധതികളിലൂടെ മത്സ്യത്തൊഴിലാളികളെ ഇല്ലാതാക്കാൻ ശ്രമിച്ചപ്പോൾ അവരെ ഏറ്റവും നല്ല രീതിയിലേയ്ക്ക് കൊണ്ടുവരികയും അവർക്ക് ഭക്ഷണവും വിദ്യാഭ്യാസവും നൽകുകയും പുനർഗേഹം പദ്ധതിയിലൂടെ വീട് വച്ചുകൊടുക്കുകയും ചെയ്തു. കേരളത്തിലെ എല്ലാവർക്കും എല്ലാ സൗകര്യങ്ങളും എത്തിച്ചുകൊടുക്കുന്ന ഒരു സർക്കാരായി ഈ സർക്കാർ മാറിയില്ലേയെന്ന് സ്വയം പരിശോധിക്കപ്പെടണം. ഞങ്ങൾ വിമർശനങ്ങൾ അനിവാര്യമാണെന്ന് പറയുമ്പോഴും തെറ്റുകൾ തിരുത്തപ്പെടുമ്പോഴും ഇന്നലെകൾ എന്തായിരുന്നുവെന്നും നാളെകളിൽ

എന്തായിരിക്കുമെന്നുമുള്ള ചിന്തയോടുകൂടി നിങ്ങൾ മുന്നോട്ടുപോകണമെന്ന് മാത്രമാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. തങ്ങൾക്ക് ലഭിച്ച അർജ്ജുന അവാർഡും പത്മശ്രീയും പത്മഭൂഷനുമടക്കം ശ്രീ. ബ്രിജ് ഭൂഷൻ എന്ന ആർ.എസ്.എസ്.-കാരന്റെ ക്രൂരമായ ആക്രമണത്തിനുമുന്നിൽ അടിയറവ് വച്ചപ്പോഴും കേരളത്തിന്റെ കായികരംഗം അതിന്റെ തനത് തുറസ്സുകൾ വെട്ടിത്തുറന്ന് എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായി മുന്നോട്ടുപോകുകയാണ്. കായികരംഗത്തുണ്ടായ മാറ്റങ്ങൾ പഠിക്കപ്പെടേണ്ടതായിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അവഗണനകളെ തൃണവത്കരിച്ചുകൊണ്ട് കാർഷിക മേഖല സ്വയംപര്യാപ്തതയിലേയ്ക്ക് മാറുന്നത് ഒരു യാഥാർത്ഥ്യമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കാർഷിക മേഖല എത്രത്തോളമുണ്ടെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് നടന്നടുക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. പുറംലോകത്തുനിന്നുള്ള ഭക്ഷണങ്ങൾക്കുപരിയായി നമ്മുടേതായ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന രീതിയിലേയ്ക്ക് കേരളത്തെ

മാറ്റിയെടുക്കാൻ ശ്രമിച്ചിട്ടുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. കേന്ദ്ര സർക്കാർ സംവരണതത്വങ്ങൾ മാറ്റിയെഴുതിക്കൊണ്ട് പാവപ്പെട്ട പട്ടികജാതി ജനവിഭാഗങ്ങൾക്ക് സംവരണം അനുവദിക്കപ്പെടാത്ത രീതിയിലേയ്ക്ക് ബ്രാഹ്മണിക്കൽ അജണ്ട നടപ്പാക്കാൻ ശ്രമിക്കുകയാണ്. എന്നാൽ അടിസ്ഥാന ജനവിഭാഗങ്ങളെ പഴയകാല രീതിയിലേയ്ക്ക് കൊണ്ടെത്തിക്കാൻ ശ്രമിക്കുന്നവർക്കെതിരെയുള്ള നയപരിപാടികളുമായാണ് നമ്മുടെ സർക്കാർ മുന്നോട്ടുപോകുന്നത്. ഹോം, എല്ലാവർക്കും ഭൂമി, സേഫ്, ഉന്നതി, പഠനമുറി തുടങ്ങിയ പദ്ധതികളിലൂടെ അടിസ്ഥാന ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള മാറ്റങ്ങൾക്ക് ഈ സർക്കാർ തുടക്കംകുറിച്ചു. എല്ലാത്തിനുമുപരി കുഞ്ഞുങ്ങളുടെ ഉച്ചഭക്ഷണം മുടക്കാൻ ശ്രമിക്കുന്ന, കർഷകരുടെ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്ന, പാചകവാതകത്തിന് വിലവർദ്ധിപ്പിക്കുന്ന, റേഷൻ അരിപോലും നിഷേധിക്കുന്ന, കേരളത്തെ ക്രൂരമായ രാഷ്ട്രീയ വിവേചനത്തിൽ അവഗണിക്കുന്ന കേന്ദ്രത്തോടല്ല പ്രതിപക്ഷത്തിന് കേരളത്തോടാണ് ശത്രുത തോന്നുന്നത്. മതപുരോഹിതർ പാർലമെന്റ് ഉദ്ഘാടനം ചെയ്യുകയും പ്രധാനമന്ത്രി ക്ഷേത്രം ഉദ്ഘാടനം ചെയ്യുകയും ചെയ്യുന്ന ഈ

സാഹചര്യത്തിൽ തീർച്ചയായും രാഷ്ട്രീയ അധികാരത്തിനുമേൽ മതാധികാരം ആധിപത്യം നേടുന്നുവെന്ന് മനസ്സിലാക്കുന്നു. ഈ വഴി തീവ്ര ഫാസിസത്തിന്റേതാണ്. അവിടേയ്ക്ക് കടന്നുചെല്ലുമ്പോൾ castle സന്ദർശനത്തിനുള്ള ബസ്സിൽ സൈഡ് സീറ്റിനുവേണ്ടി മത്സരിക്കുന്നവരാകരുത് മലയാളികൾ. ഇതാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഇവിടെ ഗവർണ്ണർ നടത്തി എന്നുപറയുന്ന നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഗവർണ്ണർ നടത്തിയത് പ്രസംഗമല്ല, കോപ്രായമെന്നൊക്കെ പറയാം. അതിന് നന്ദിപ്രമേയം അവതരിപ്പിച്ച ശ്രീ. ഇ. ചന്ദ്രശേഖരനോട് എനിക്ക് വിഷമമുണ്ട്. അങ്ങയുടെ പ്രസംഗം മുഴുവൻ ഗവർണ്ണർക്ക് എതിരാണ്. എന്നാൽ ഈ സഭ കഴിഞ്ഞാൽ ഗവർണ്ണർക്ക് നന്ദി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹത്തിന് കത്ത് നൽകും. എന്താണ് അതിന്റെ സ്ഥിതി; വിരോധാഭാസമല്ലേ? വാസ്തവത്തിൽ നന്ദിപ്രമേയ ചർച്ച തന്നെ അനാവശ്യമാണ്. ഗവർണ്ണറും

നിങ്ങളും ഒന്നുതന്നെയാണ്. അത് ഇപ്പോൾ തുടങ്ങിയ ചങ്ങാത്തമല്ല. ശ്രീ. ഇ. ചന്ദ്രശേഖരന് അതറിയാം. ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ് ശരീ-അത്ത് വിവാദമുണ്ടായത്. അന്ന് രാജീവ് ഗാന്ധി ഗവൺമെന്റിന്റെ കാബിനറ്റിൽനിന്നും ഈ ഗവർണ്ണർ രാജിവച്ചു. ആ ഗവർണ്ണറെ കോഴിക്കോട് കൊണ്ടുവന്ന് പ്രസംഗിപ്പിച്ചവർ നിങ്ങളല്ലേ; സി.പി.ഐ.(എം.)-നോടാണ് ചോദിക്കുന്നത്. അന്നുതൊട്ടുള്ള ബന്ധമാണ്. ഞങ്ങളൊക്കെ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ കാണുന്നതിനുമുമ്പ് അദ്ദേഹത്തോടൊപ്പമിരുന്ന് സമ്മേളനം നടത്തിയവരാണ് നിങ്ങൾ. അതുകൊണ്ട് അദ്ദേഹത്തോടുള്ള വിരോധത്തെക്കുറിച്ചൊന്നും പറയേണ്ട. പക്ഷേ ഈ ഗവർണ്ണർ ചെയ്യുന്ന ഒരു നടപടിയോടും ഞങ്ങൾക്ക് യോജിപ്പില്ല. ബി.ജെ.പി. ഇതര ഗവൺമെന്റുകളെ അസ്ഥിരപ്പെടുത്താൻ വേണ്ടിയുള്ള ഒരു ഉപകരണമായിട്ടാണ് എല്ലാ ഗവർണ്ണർമാരെയും കേന്ദ്രസർക്കാർ ഉപയോഗിക്കുന്നത്. ഒരു ഗവർണ്ണറുടെ അന്തസ്സിന് യോജിക്കാത്ത രീതിയിലാണ് കേരളത്തിൽ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പെരുമാറുന്നത്. പക്ഷേ ഈ ഗവർണ്ണറും നിങ്ങളും തമ്മിൽ എന്തെല്ലാം

അഡ്ജസ്റ്റ്മെന്റുകളാണ് നടത്തുന്നത്; നിങ്ങൾ തമ്മിൽ നല്ല ബന്ധമാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ വൈസ്-ചാൻസലറെ നിയമിക്കാൻ ധാരണയുണ്ടാക്കിയത് നിങ്ങൾ തമ്മിലല്ലേ? നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം ഇങ്ങനെ കുളംതോണ്ടിയതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനും ഗവർണ്ണർക്കുമാണ്. യൂണിവേഴ്സിറ്റിയിൽ നിങ്ങൾക്കാവശ്യമുള്ളവരെ പിൻവാതിലിലൂടെ നിയമിച്ചു. ഗവർണ്ണർ അദ്ദേഹത്തിന്റെ ആളുകൾക്കും നിയമനം നൽകി; സെനറ്റിൽ ബി.ജെ.പി.-ക്കാരെ നിയമിച്ചു. നിങ്ങൾ രണ്ടുകൂട്ടരും ചെയ്ത കാര്യങ്ങളാണ് പറയുന്നത്. അതിന്റെ ഫലമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല തകർന്ന് തരിപ്പണമായി. കുട്ടികൾ മുഴുവൻ ഉപരിപഠനത്തിനായി വിദേശത്ത് പോകുകയാണ്. ഇവിടെ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കാൻ കുട്ടികളില്ലെന്നാണ് പറയുന്നത്. അതിന് ആരാണ് ഉത്തരവാദി; കേരളത്തിലെ എത്ര യൂണിവേഴ്സിറ്റികളിൽ വി.സി.-മാരുണ്ട്; എത്ര കോളേജുകളിൽ പ്രിൻസിപ്പാൾമാരുണ്ട്; ഇതുസംബന്ധിച്ച് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ; അവരെ നിയമിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

യൂണിവേഴ്സിറ്റികളിൽ പരീക്ഷകൾ യഥാസമയം നടത്തി റിസൾട്ട് പ്രസിദ്ധീകരിക്കുന്നുണ്ടോ; പരീക്ഷയുടെ ചോദ്യപേപ്പർ കാണാനില്ലാത്ത പരാതി വന്നിട്ടില്ലേ; ഇവിടെ നടക്കുന്നത് എന്താണ്? നിങ്ങളും ഗവർണ്ണറും കൂടി ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങളുടെ ഫലമായാണ് ഇന്ന് ഇതെല്ലാം നമ്മൾ സഹിക്കേണ്ടിവരുന്നത്. അതുപോലെ പ്രതിഷേധിക്കുന്നവരോട് ഗവർണ്ണർക്ക് എതിരാണ്. ഒരാൾ എവിടെയും നിൽക്കാനോ കരിങ്കൊടി കാണിക്കാനോ പാടില്ല. കരിങ്കൊടി കാണിച്ചാൽ അദ്ദേഹം ഇറങ്ങിവരികയും ചോദ്യം ചെയ്യുകയും ചെയ്യും. അതേസമയം പ്രതിഷേധിക്കുന്നവരോട് ജനാധിപത്യപരമായ സമീപനമാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുള്ളത്? അദ്ദേഹം സഞ്ചരിക്കുന്നിടത്ത് ആരെങ്കിലും കരിങ്കൊടി കാണിക്കാൻ നിന്നാൽ അവരെ പോലീസിനെയും ഗൺമാനെയും വിട്ട് തല്ലുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഞ്ചരിക്കുന്ന വാഹനത്തിൽ ഗുണ്ടകൾ യാത്ര ചെയ്യുന്നുവെന്ന പരാതിയുണ്ട്; അങ്ങനെ ദിനപത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അവർ ഹെൽമറ്റ് കൊണ്ടും മറ്റ് രീതിയിലുമൊക്കെ അടിക്കും. പ്രതിഷേധിക്കുന്നവരോട് മുഖ്യമന്ത്രിക്ക് ഈ നിലപാട് വേണോ എന്നാണ്

ചോദിക്കുന്നത്? മന്ത്രിമാർക്കെതിരെയും മറ്റ് സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്കെതിരെയും പ്രതിഷേധമുണ്ടാകും. കേരളത്തിൽ മുമ്പ് പ്രതിഷേധമുണ്ടായിട്ടില്ലേ; കരിങ്കൊടി കാണിക്കുക എന്നത് സമരത്തിന്റെ ഒരു മാർഗ്ഗമല്ലേ; നിങ്ങൾ അത് ചെയ്തിട്ടില്ലേ? എല്ലാവരും ചെയ്യുന്ന കാര്യമാണ്. എന്നാൽ അങ്ങനെ ചെയ്യാനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഞ്ചരിക്കുന്ന ഒരു സ്ഥലത്തും ആരെയും കാണാനോ പാടില്ലെന്നാണ് നിലപാട്. ഇതുതന്നെയല്ലേ ഗവർണ്ണറുടെതും? നിങ്ങൾ പ്രതിഷേധിക്കുന്നവരെ ഗുണ്ടകളെയും പോലീസിനെയും ഗൺമാനെയും വച്ച് തല്ലിക്കുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, മുസ്ലീംലീഗിന്റെ നിലപാടാണോ ഇത്?

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, മുസ്ലീംലീഗിന്റെ നിലപാട് ഇതിനകത്ത് എല്ലാം വരുന്നില്ല. ഞങ്ങളുടെ മന്ത്രിമാർക്കെതിരെ നിങ്ങൾ പ്രതിഷേധിക്കുകയും കരിങ്കൊടി കാണിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ തല്ലാൻ വന്നിട്ടുണ്ടോ; സി.പി.ഐ.(എം.)-ന്റെ നേതാക്കൾ കരിങ്കൊടി കാണിച്ചിട്ടില്ലേ; ഞങ്ങൾ ആക്രമിക്കാൻ വന്നിട്ടുണ്ടോ? പ്രതിഷേധിക്കുക എന്നുള്ള ജനാധിപത്യപരമായ സംവിധാനത്തോടും സമരരീതിയോടും

ബഹുമാന്യരായ മുഖ്യമന്ത്രിയും ഗവർണ്ണറും അസ്വസ്ഥത കാണിക്കുന്നത് എന്തിനാണ്? ഗവർണ്ണർക്കെതിരെ പ്രതിഷേധം വരുമ്പോൾ പോലീസ് സമരക്കാരുമായി യോജിച്ച് സൗഹാർദ്ദപരമായി നിൽക്കുകയാണ്; അവരെ നീക്കുകയില്ല. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാഹനം വന്നാൽ സമരക്കാരെ അടിച്ച് ഒതുക്കുകയാണ്. ഏതോ  ഒരുത്തൻ ബസിലേയ്ക്ക് ഷൂസ് എറിഞ്ഞതിന് വധശ്രമത്തിനാണ് കേസ് എടുത്തത്. ഷൂസ് എറിഞ്ഞിട്ട് എവിടെയെങ്കിലും ആരെങ്കിലും മരിച്ചിട്ടുണ്ടോ; എന്താണ് ഇവിടെ നടക്കുന്നതെന്ന് നിങ്ങൾ ആലോചിക്കണം. ഒരു മുഖ്യമന്ത്രിയും ഗവർണ്ണറും കൂടി നമ്മുടെ സംസ്ഥാനത്തെ എവിടെ എത്തിച്ചുവെന്ന് നിങ്ങളാലോചിക്കണം. ഞങ്ങൾ ഗവർണ്ണറെ അനുകൂലിക്കുന്നില്ല. അദ്ദേഹം ചെയ്യുന്ന ഒരു കാര്യത്തോടും ഞങ്ങൾ യോജിക്കുന്നില്ല. പക്ഷേ നിങ്ങളും ഗവർണ്ണറും തമ്മിൽ കള്ളനും പോലീസും കളിക്കുകയായിരുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, സെനറ്റിലേയ്ക്ക് എങ്ങനെയാണ് രണ്ട് പ്രതിനിധികളെ മുസ്ലീംലീഗിന് ലഭിച്ചതെന്ന് അങ്ങേയ്ക്കറിയാമോ? യാതൊരു യോഗ്യതയുമില്ലാത്തവരും വൈസ്-ചാൻസലർ ശിപാർശ ചെയ്ത

ലിസ്റ്റിലില്ലാത്തവരുമായ മുസ്ലീംലീഗിന്റെ പ്രതിനിധികളെ സെനറ്റിലേയ്ക്ക് ഗവർണ്ണർ നോമിനേറ്റ് ചെയ്തത് ഏത് ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്?

ശ്രീ. കെ. പി. എ. മജീദ്: സർ, അതാണ് ഞാൻ നേരത്തെ പറഞ്ഞത്, നിങ്ങൾക്കാവശ്യമുള്ളവരെ യാതൊരു യോഗ്യതയില്ലെങ്കിലും പിൻവാതിലിലൂടെ നിയമനം നടത്തുമ്പോൾ ഗവർണ്ണർ അദ്ദേഹത്തിന് ഇഷ്ടമുള്ളവരെയും നിയമിക്കുന്നു. നിങ്ങൾ രണ്ടുകൂട്ടരും കൂടി ഉന്നതവിദ്യാഭ്യാസ മേഖലയെ തകർത്തുകളഞ്ഞുവെന്നാണ് എന്റെ ആക്ഷേപം. അതാണ് പ്രിയപ്പെട്ട അംഗം മനസ്സിലാക്കേണ്ടത്. ഞാൻ പറയുന്നത് നിഷ്പക്ഷമായിട്ടാണ്. നിങ്ങൾ രണ്ടുപേരുംകൂടി ഉന്നതവിദ്യാഭ്യാസ മേഖലയെ തകർത്തുകളഞ്ഞുവെന്നതാണ് എന്റെ പോയിന്റ്.

നവകേരള സദസ്സിനെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ; സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. നവകേരള സദസ്സിന് ധാരാളംപേർ പങ്കെടുത്തുവെന്നാണ് നിങ്ങൾ പറയുന്നത്. ഇവിടെ അരിക്കൊമ്പന്റെ പ്രശ്നമുണ്ടായില്ലേ; അരിക്കൊമ്പൻ ഈ വണ്ടിയുടെ പിന്നാലെയുണ്ടെന്ന് അനൗൺസ് ചെയ്താൽ ഇതിനേക്കാൾ ജനം

കൂടുകയില്ലേ? ഒരു ബസ്സിൽ ഒരു പോക്കറ്റടിക്കാരനല്ലേ കാണുകയുള്ളൂ; എന്നാൽ ഒരു ബസ് നിറയെ പോക്കറ്റടിക്കാർ ആയാലോ; അതാണ് നിങ്ങളുടെ സദസ്സ്. നിങ്ങൾക്ക് കിട്ടിയ ഹർജികൾ എന്തുചെയ്തു? അതുസംബന്ധിച്ച് എന്റെ മണ്ഡലത്തിലെ ഒരു സംഭവം മാത്രം പറയാം. എടരിക്കോട് സ്പിന്നിംഗ് മിൽ പൂട്ടിക്കിടക്കുകയാണെന്നും അത് ഉടനെ തുറക്കണമെന്നും പറഞ്ഞ് സി.ഐ.ടി.യു. സെക്രട്ടറി ശ്രീ. പി. പി. അജിത്ത് ഒരു ഹർജി നൽകി. ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ 10 കോടി രൂപ ലഭിക്കാനുമുണ്ട്. നവകേരള സദസ്സിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി നൽകിയാൽ ഉടൻ തീരുമാനമുണ്ടാകുമല്ലോ? ബഹുമാനപ്പെട്ട മന്ത്രി ചെയ്തത് എന്താണെന്ന് അറിയാമോ? പ്രസ്തുത ഹർജി എടരിക്കോട് ഗ്രാമപഞ്ചായത്തിന് നൽകി. ആ 10 കോടി രൂപ ഗ്രാമപഞ്ചായത്ത് നൽകണം. നിങ്ങൾ ഈ പരാതികൾ എങ്ങനെയാണ് തീർപ്പാക്കുന്നതെന്ന് മനസ്സിലായില്ലേ; കുറെ പരാതികൾ ജില്ലാ പഞ്ചായത്തിന് അയച്ചുകൊടുക്കുകയാണ്. അവിടെ വന്ന സാധാരണക്കാരുടെ പ്രയാസങ്ങൾ മന്ത്രിമാർ ആരെങ്കിലും കേട്ടിരുന്നോ; വീൽചെയറിൽ വരുന്ന രോഗികളോട്

അവരുടെ പ്രശ്നമെന്താണെന്ന് ചോദിക്കാൻ നിങ്ങൾക്ക് മനസ്സുണ്ടായോ; നിങ്ങൾ ചോദിച്ചത് പണക്കാരോടാണ്. പൗരമുഖ്യന്മാർ എന്നുപറയുന്ന ചില മാന്യന്മാരുമായി ഇരുന്ന് ചായ കുടിച്ച് പ്രസംഗം കേട്ടും കുശലാന്വേഷണം നടത്തിയുമാണ് പോയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ നിർത്തുകയാണ്. ഇവിടത്തെ എല്ലാ റോഡുകളും ന്യൂയോർക്കിലേതുപോലെയാണെന്നാണല്ലോ പറഞ്ഞത്. ന്യൂയോർക്കിലെ റോഡിൽ യാത്ര ചെയ്താൽ സ്വിമ്മിംഗ് പൂളിനുള്ള സൗകര്യമുണ്ടാകില്ല. എന്നാൽ കേരളത്തിലെ റോഡുകളിലൂടെ സഞ്ചരിച്ചാൽ അവർക്ക് നീന്താനുള്ള സൗകര്യമുണ്ട്. ഇവിടെ ഒരു കാര്യവും നടക്കുന്നില്ല. നിങ്ങളും ഗവർണ്ണറും തമ്മിലുള്ള ഈ കളി നമ്മുടെ സംസ്ഥാനത്തിന്റെ യശസ്സിനെപ്പോലും തകർത്തിരിക്കുകയാണ്. ഇത്രയുംപറഞ്ഞുകൊണ്ട് നിർത്തുന്നു.

**12.00 noon]**

ശ്രീ. ജോബ് മൈക്കിൾ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച

നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ സംസ്ഥാനത്ത് ഒരു വികസനവും നടക്കുന്നില്ലെന്നാണ് ശ്രീ. കെ. പി. എ. മജീദ് പറഞ്ഞത്. മലപ്പുറത്തുനിന്നുതന്നെയാണോ അദ്ദേഹം വരുന്നതെന്നതിൽ എനിക്ക് സംശയമുണ്ട്. അവിടെയുള്ള നാഷണൽ ഹൈവേയും റോഡ് നിർമ്മാണവുമൊക്കെ കണ്ടിട്ട് അങ്ങേയ്ക്ക് ഇവിടെ വന്ന് എങ്ങനെ ഇത്തരത്തിൽ പച്ചക്കള്ളം പറയാൻ സാധിക്കുന്നു?

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇരിക്കൂ, അദ്ദേഹം തുടരട്ടെ. പോയിന്റ് ഓഫ് ഓർഡർ ഇല്ല. ഏത് പോയിന്റാണ്, എന്താണ് വകുപ്പ്?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ച കാര്യത്തെക്കുറിച്ച് പച്ചക്കള്ളമാണെന്ന് പറഞ്ഞത് അൺപാർലമെന്ററിയാണ്. അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ, അങ്ങ് പ്രസംഗം തുടരുക.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഇന്നലെ ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 'പച്ചക്കള്ളം' എന്ന വാക്ക് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത് അവിടെ ഇരിക്കുന്നവർ മറക്കേണ്ട.

ശ്രീ. ജോബ് മൈക്കിൾ: സർ, 'Z' കാറ്റഗറി സുരക്ഷയുള്ള കേരളത്തിന്റെ ഗവർണ്ണർ തെരുവുഗുണ്ടയെപ്പോലെ പെരുമാറുന്നത് മോശമാണ്. അദ്ദേഹം സഞ്ചരിക്കുന്ന വഴിയിൽ ആരെങ്കിലും കരിങ്കൊടിയുമായി നിന്നാൽ ഉടനെ വാഹനത്തിൽനിന്നും ഡോർ തുറന്ന് പുറത്തിറങ്ങി തെരുവുഗുണ്ടകളെപ്പോലെ നേരിടാൻ പോകുന്നത് എവിടത്തെ സംസ്കാരമാണ്; അത് എവിടെനിന്നും പഠിച്ചതാണ്? അദ്ദേഹത്തിന്റെ രാഷ്ട്രീയ പാരമ്പര്യം നമുക്കെല്ലാവർക്കും അറിയാം; കോൺഗ്രസ് പാർട്ടിയിൽ പ്രവർത്തിച്ച് മന്ത്രിയായി, എല്ലാ ആനുകൂല്യങ്ങളും വാങ്ങിയതിനുശേഷം അവിടെനിന്നും രാജിവച്ച് രാജീവ് ഗാന്ധിയെ വരെ പറ്റിച്ച് വന്നയാളാണ് നമ്മുടെ ഈ ഗവർണ്ണർ. അദ്ദേഹം ഇവിടെ നടത്തുന്ന രീതികൾ കണ്ട് നിങ്ങൾ അത്ഭുതപ്പെടേണ്ട. സത്യസന്ധമായി കാര്യങ്ങളെ വിലയിരുത്തണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത്. ഇവിടെ ഗവർണ്ണർ കാണിക്കുന്നതെന്താണ്?

അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ വിശദീകരിക്കുന്നില്ല. 2023 നവംബർ മാസം 1-ാം തീയതി മുതൽ 7-ാം തീയതി വരെ നടത്തിയ കേരളീയം പരിപാടി മോശമായിപ്പോയെന്ന് പറഞ്ഞു. ദുബായ് ഫെസ്റ്റ് കാണാൻ എന്റെ പ്രിയപ്പെട്ട സ്നേഹിതരെല്ലാം ഫ്ലൈറ്റിൽ ദുബായിലേയ്ക്ക് പോകാറില്ലേ; കേരളത്തിൽ കേരള ഫെസ്റ്റ് വന്നാൽ അതിന് കുഴപ്പമെന്താണ്? കേരളത്തിലെ ജനങ്ങളെയും വിദേശ ടൂറിസ്റ്റുകളെയും ആകർഷിക്കാനും കേരളത്തിന്റെ സാംസ്കാരികപ്പെരുമ ജനങ്ങളെ ബോധ്യപ്പെടുത്താനും നമ്മൾ നടത്തിയ കേരളീയം പരിപാടി ധൂർത്താണെന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറയുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, അങ്ങും വിദേശത്തൊക്കെ പോയി മലയാളികളുടെ കലാസാംസ്കാരിക പരിപാടികളിൽ പങ്കെടുക്കാറുണ്ടല്ലോ; അപ്പോഴൊന്നും അങ്ങേയ്ക്ക് ധൂർത്ത് കാണാൻ സാധിച്ചില്ലേ? ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളീയം പരിപാടി കേരളത്തിന്റെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്ന് പറഞ്ഞതിനെ ആത്മാർത്ഥമായി ഞാൻ സ്വാഗതം ചെയ്യുന്നു. കേന്ദ്രസർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന

കടുത്ത അവഗണനയും സാമ്പത്തിക ഉപരോധവും മറികടന്ന് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്ന ഒരു സർക്കാരാണ് ഇവിടെ ഭരിക്കുന്നത്. സംസ്ഥാനത്തെ യുവതലമുറയിൽ ശാസ്ത്രബോധം സൃഷ്ടിക്കാനും സമഗ്ര ചരിത്രബോധം വളർത്താനും ഊന്നൽ നൽകിക്കൊണ്ട് നവകേരള സൃഷ്ടിയെന്ന ആശയം മുന്നോട്ടുവച്ചുകൊണ്ട് സർക്കാർ നടത്തുന്ന ദീർഘവീക്ഷണമുള്ള പ്രഖ്യാപനങ്ങളല്ലേ പ്രിയപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ നടത്തിയത്. കേരളത്തിലെ ജനങ്ങൾ അർപ്പിച്ച വിശ്വാസവും പ്രതീക്ഷയും ഉയർത്തിപ്പിടിച്ചുകൊണ്ട് അഴിമതിയില്ലാതെ എല്ലാ മേഖലയിലും വികസനം എത്തിക്കുന്നതിന് പരിശ്രമിക്കുന്ന ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഇതിനെയൊക്കെ ഏതെങ്കിലും രീതിയിൽ എതിർത്ത് പറയാൻ കഴിയുമോ? കേരളത്തിന്റെ മഹത്തായ പാരമ്പര്യവും സംസ്കാരവും ഉൾക്കൊണ്ടുകൊണ്ട് അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വ്യക്തികളെ കൊണ്ടുവന്ന് ഇവിടെ സിമ്പോസിയങ്ങളും പരിപാടികളും നടത്തിയത് നമുക്ക് മറക്കാൻ സാധിക്കില്ല. അതുപോലെ സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ

സംഘടിപ്പിച്ച നവകേരള സദസ്സിനെക്കുറിച്ച് പറഞ്ഞത് 20 ആളുകൾ പോയത് ജനങ്ങളുടെ പോക്കറ്റടിക്കാനാണെന്നാണ്. ഇവിടെ ആരാണ് പോക്കറ്റടിക്കുന്നത്? പ്രതിപക്ഷത്തോട് ശക്തിയുക്തമായി പറയുകയാണ്, 140 നിയോജകമണ്ഡലങ്ങളിൽ നടത്തിയ നവകേരള സദസ്സിൽ പതിനായിരക്കണക്കിനാളുകൾ ഒഴുകിയെത്തിയെങ്കിൽ അത് കേരള സർക്കാരിനുള്ള ജനങ്ങളുടെ അംഗീകാരമാണ്. അത് നിങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. കേരളീയർ നവകേരള സദസ്സിലൂടെ മുന്നോട്ടുവച്ച പുതിയ ആശയങ്ങൾക്ക് ഇപ്രാവശ്യത്തെ ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അംഗീകാരം നൽകുമെന്നതിൽ യാതൊരു സംശയവും വേണ്ട. കേരളത്തിലെ ജനങ്ങൾ ഇരുകൈകളും നീട്ടി സ്വീകരിച്ച നവകേരള സദസ്സിനെ കുറച്ചുകാണിച്ചുകൊണ്ട് നടത്തിയ പരിപാടിയുടെ പേരെന്താണെന്ന് നിങ്ങൾക്കുപോലും ഓർമ്മയുണ്ടാകില്ല. ആ പരിപാടിക്ക് എത്രയാളുകളെ സംഘടിപ്പിക്കാൻ നിങ്ങൾക്ക് സാധിച്ചു; അത് എത്ര സ്ഥലത്ത് സംഘടിപ്പിക്കാൻ സാധിച്ചു? അവിടെയൊന്നും ജനങ്ങൾ എത്തിയില്ല, അതൊന്നും ഞങ്ങളുടെ കുഴപ്പം കൊണ്ടല്ല. സംസ്ഥാനത്തെ

സർക്കാരിന് നൽകുന്ന സപ്പോർട്ടിന്റെ ഫലമായിട്ടാണ് ജനങ്ങൾ ഒഴുകിയെത്തുന്നത്. അല്ലാതെ ഏതെങ്കിലും രീതിയിൽ കുപ്രചരണങ്ങൾ നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നോക്കിയാൽ അതിന് അവർ വഴങ്ങില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. നമുക്കറിയാം, കേരളത്തിലെ മുഴുവൻ മന്ത്രിസഭാംഗങ്ങളും എല്ലാ വകുപ്പുമേധാവികളും ഒരുമിച്ചാണ് ജനങ്ങളിലേയ്ക്കിറങ്ങിച്ചെന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി അടിയന്തര പരിഹാരമുണ്ടാക്കുന്നതിനും അവരിൽനിന്നും പുതിയ ആശയങ്ങൾ സ്വീകരിച്ച് നടപ്പാക്കുന്നതിനുംവേണ്ടിയാണ് നവകേരള സദസ്സ് നടത്തിയത്. അതിന്റെ തുടർച്ചയായി അടുത്തമാസം (ഫെബ്രുവരി) 18-ാം തീയതി മുതൽ കേരളത്തിന്റെ ഏതാണ്ട് 10 മേഖലകളിൽ വിവിധ ചർച്ചകളും സിമ്പോസിയങ്ങളും നടക്കാൻ പോകുകയാണ്. ഈ രീതിയിൽ മുമ്പോട്ട് പോകുമ്പോൾ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നതും കേരളത്തിലെ ജനങ്ങളോടൊപ്പം നിൽക്കുന്നതുമായ ഈ സർക്കാരിനെ അവരുടെ മുന്നിൽ താറടിച്ചുകാണിക്കാനും തെറ്റിദ്ധാരണ പരത്താനും പ്രതിപക്ഷം നടത്തുന്ന ശ്രമം ഓരോ ദിവസവും പൊളിഞ്ഞുപോകുന്നത് നമ്മൾ

കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനകീയ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെട്ട മന്ത്രിസഭ അംഗീകരിച്ച് നൽകിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ ആദ്യാവസാനം വരെ ബഹുമാനപ്പെട്ട ഗവർണ്ണർ വായിച്ചില്ലെങ്കിലും നന്ദിപ്രമേയം ഇവിടെ അവതരിപ്പിച്ചു. അതിന് സർവ്വവിധ പിന്തുണയും അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഗവർണ്ണറുടെ സമീപനം പ്രതിഷേധാർഹം തന്നെയാണ്. പക്ഷേ ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം മൂന്നുനാല് മണിക്കൂർ ഇവിടെ വായിച്ചതുകൊണ്ട് എന്തെങ്കിലും പ്രത്യേകത നമ്മുടെ നാടിനുണ്ടാകുമോയെന്നുചോദിച്ചാൽ, ഒന്നുമുണ്ടാകില്ല. കാരണം പൊള്ളയായ ഒരു നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചത്. അഞ്ചുവർഷത്തിനുള്ളിൽ 1000 കോടി രൂപയുടെ ജനറിക് മരുന്നുകൾ കേരള ജനറിക് ബ്രാൻഡിൽ വിപണിയിലെത്തിക്കുമെന്നത് ഈ ഗവൺമെന്റ് 2017-ൽ പ്രഖ്യാപിച്ച പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു. 2024-ൽ എത്തുമ്പോൾ അതിന്റെ

അവസ്ഥയെന്താണ്? ഇങ്ങനെ എത്രയോ പൊള്ളയായ പ്രഖ്യാപനങ്ങൾ നമ്മുടെ രേഖകളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ ഗവൺമെന്റ് ഒരു പി.ആർ. വർക്കിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുകയാണ്. യഥാർത്ഥ പ്രശ്നങ്ങളിൽനിന്നും ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുകയാണ്. ലോക കേരള സഭ, കേരളീയം, നവകേരള സദസ്സ് തുടങ്ങിയ വിവിധ പരിപാടികളിലൂടെ കോടിക്കണക്കിന് രൂപയുടെ ധൂർത്ത് നടത്തി മുന്നോട്ടുപോകുമ്പോൾ അടിസ്ഥാനപരമായ പ്രശ്നങ്ങളിൽനിന്ന് ഈ ഗവൺമെന്റ് വ്യതിചലിക്കുകയാണ്. പല യാഥാർത്ഥ്യങ്ങളും ജനങ്ങളുടെ മുമ്പിൽ ചർച്ചയ്ക്ക് വരരുതെന്നുള്ളതാണ് ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനുമില്ലാത്ത അവസ്ഥ, കെ.എസ്.ഇ.ബി.എൽ.-ന്റെ ബാധ്യത നാല്പതിനായിരം കോടി രൂപ, സർക്കാർ ജീവനക്കാരുടെ ഡി.എ./ശമ്പള കുടിശ്ശിക, മാസങ്ങളായി മുടങ്ങിക്കിടക്കുന്ന സാമൂഹിക സുരക്ഷ പെൻഷൻ, സ്കൂൾ ഉച്ചഭക്ഷണത്തിനായി സർക്കാർ അദ്ധ്യാപകർ നെട്ടോട്ടമോടുന്ന സാഹചര്യം, വൈദ്യുതി നിരക്ക് വർദ്ധന, സപ്ലൈകോയിൽ സാധനങ്ങളുടെ ലഭ്യതക്കുറവ്, ആശുപത്രികളിലെ മരുന്നുക്ഷാമം

തുടങ്ങിയവയടക്കമുള്ള ഗുരുതരമായ വിഷയങ്ങൾ നിലനിൽക്കുകയാണ്. കേരളത്തിലെ കാർഷിക മേഖലയെ സമ്പൂർണ്ണമായും നശിപ്പിച്ച ഒരു കാലഘട്ടമാണിത്. റബ്ബർഅടക്കമുള്ള നാണ്യവിളകളുടെ അവസ്ഥയെന്താണ്? റബ്ബറിന്റെ അടിസ്ഥാന വില 250 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞതാണ്. 2024 ആകുമ്പോഴും സ്ഥിതി വിഭിന്നമല്ല. റബ്ബർ കർഷകർ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. അത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളിൽനിന്നുള്ള ഒരു ഒളിച്ചോട്ടമാണ് ഗവൺമെന്റ് ഇവിടെ നടത്തുന്നത്. റബ്ബറിന്റെ അടിസ്ഥാന വില 300 രൂപയായെങ്കിലും വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കഴിഞ്ഞ ബജറ്റിൽ വിലസ്ഥിരതാഫണ്ടിനായി 600 കോടി രൂപ മാറ്റിവച്ചതിൽ 33 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതുപോലെ സംഭരിച്ച നെല്ലിന്റെ വില ഇതുവരെ നൽകാത്തതിനാൽ നെൽകർഷകർ പ്രതിസന്ധിയിലാണ്. ഓരോ മേഖലയും പരിശോധിച്ച് കഴിഞ്ഞാൽ കൃത്യമായി കാണാൻ കഴിയുന്ന ഒരു

യാഥാർത്ഥ്യമാണിത്. ഇവയൊക്കെ ജനങ്ങളെ വലിയ രീതിയിൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)**

ക്ഷേമ പെൻഷനുകൾ കുടിശ്ശികയായി നിൽക്കുകയാണ്. 2011-ലെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ പെൻഷൻ ലഭിക്കുമായിരുന്നു. ഒന്നാം എൽ.ഡി.എഫ്. സർക്കാർ വിവിധ ഉത്തരവുകളിലൂടെ അതിനെ ഒറ്റ പെൻഷനായി ചുരുക്കുകയുണ്ടായി. ക്ഷേമനിധി പെൻഷൻപോലും പൊതുജനങ്ങൾക്ക് നിഷേധിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? ഒരു വ്യക്തിയുടെ അദ്ധ്വാനത്തിന്റെ ഫലമായി അടയ്ക്കുന്ന അംശദായത്തിന്റെ അടിസ്ഥാനത്തിലാണ് അയാൾക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കുന്നത്. വേറൊരു പെൻഷൻ കൈപ്പറ്റുന്നുവെന്ന കാരണത്താൽ ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നത് ജനാധിപത്യ ധ്വംസനമാണ്. കൂടുതൽ പേർക്ക് പെൻഷൻ നൽകുകയെന്നുള്ളതല്ല, എങ്ങനെ പെൻഷൻ കുറയ്ക്കാൻ കഴിയുമെന്നാണ് ഈ സർക്കാർ ആലോചിക്കുന്നത്. മാസങ്ങളോളം പെൻഷൻ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. കഴിഞ്ഞ

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക 18 മാസമായി പർവ്വതീകരിച്ച് തെറ്റായ പ്രചാരണമാണ് എൽ.ഡി.എഫ്. നടത്തിക്കൊണ്ടിരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. എം. സ്വരാജിന് രേഖാമൂലം നൽകിയ മറുപടിയിൽ ഇതുസംബന്ധിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. സോഫ്റ്റ്‌വെയറിലുണ്ടായ പ്രശ്നം കൊണ്ടാണ് അന്ന് പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാത്തത്. എന്നാൽ ഇന്ന് മാസങ്ങളോളം ക്ഷേമ പെൻഷൻ അടക്കമുള്ളവ കുടിശ്ശിക വരുത്തുന്നത് സാധാരണക്കാരോട് കാണിക്കുന്ന വലിയൊരു വെല്ലുവിളിയായി നിലകൊള്ളുകയാണ്. ജൽജീവൻ മിഷൻ, കെ.എസ്.ടി.പി. അടക്കമുള്ള പ്രധാന പദ്ധതികളുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. ജൽ ജീവൻ മിഷന്റെ യാതൊരു പ്രവൃത്തിയും സംസ്ഥാനത്ത് നടക്കുന്നില്ലെന്നത് നിയോജകമണ്ഡലങ്ങളിലെ സ്ഥിതി പരിശോധിച്ചാൽ മനസ്സിലാകും. യഥാസമയം ബില്ലുകൾ മാറി നൽകാത്തതാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് പല പ്രവൃത്തികളും നിശ്ചലാവസ്ഥയിലാണ്. കുടിവെള്ള പ്രശ്നം ശാശ്വതമായി

പരിഹരിക്കാൻ ആവിഷ്കരിച്ച ജൽ ജീവൻ മിഷന്റെ അവസ്ഥയാണിത്. ഇതുതന്നെയാണ് കെ.എസ്.ടി.പി. റോഡ് വർക്കുകളുടെയും അവസ്ഥ. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളടക്കം കെ.എസ്.ടി.പി.-യാണ് ഏറ്റെടുത്തിരിക്കുന്നത്. ബില്ലുകൾ കൃത്യമായി മാറി നൽകാൻ കഴിയാത്തതിനാൽ എന്റെ നിയോജകമണ്ഡലത്തിലെ പെരുവംമൂഴി റോഡ് നിർമ്മാണം മാസങ്ങളായി നിശ്ചലമായിരിക്കുകയാണ്. എം.എൽ.എ. ഫണ്ട് നൽകുന്നവയ്ക്കുപോലും കരാറുകാർ വർക്ക് ക്വാട്ട് ചെയ്യാൻ തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ചെയ്ത പ്രവൃത്തികളുടെ ബില്ലുകൾ മാറിക്കൊടുക്കാത്തത് ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണം കേരളത്തിലെ പ്രാദേശിക വികസനം സ്തംഭനാവസ്ഥയിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ അതിന് മറുപടി പറയാതെ മറ്റ് തലങ്ങളിലേയ്ക്ക് ശ്രദ്ധതിരിച്ചുവിടാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാരിനെതിരെ വലിയൊരു പ്രതിഷേധം

ഉയർന്നുവരുന്നുവെന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം. സർക്കാരിന്റെ ഇത്തരത്തിലുള്ള നയപരമായ അനവധി വൈകല്യങ്ങൾ പൊതുവികസനത്തെ പിന്നോട്ടടിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടാൻ ഈ അവസരം വിനിയോഗിക്കുന്നു. ഇത്രയുംപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയ നയപ്രഖ്യാപനവും അദ്ദേഹം നടുറോഡിൽ കുത്തിയിരുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിക്കുമ്പോൾ ഭരണഘടനയോടുള്ള വെല്ലുവിളിയായാണ് അതിനെ കാണാൻ സാധിക്കുന്നത്. അദ്ദേഹം അത്തരമൊരു സമീപനം നമ്മുടെ ഭരണഘടനയോടും ഈ ഗവൺമെന്റിനോടും സ്വീകരിക്കാൻ പാടില്ലായിരുന്നു. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനാധിഷ്ഠിതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം, ടൂറിസം, ആരോഗ്യം, വ്യവസായം, കാർഷികം തുടങ്ങിയ മേഖലകളിലും തൊഴിൽപരമായ പുതിയ

സ്റ്റാർട്ടപ്പ് പദ്ധതികളിലും പൊതുവായ വികസനവും ജനക്ഷേമവും മുൻനിർത്തിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതോടൊപ്പം പാർപ്പിട പ്രശ്നം, ദാരിദ്ര്യം, മാലിന്യസംസ്കരണം, അടിസ്ഥാന വർഗ്ഗമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം, വനിതകളുടെയും ഭിന്നശേഷിക്കാരുടെയും പരിരക്ഷ, ട്രാൻസ്ജെൻഡറുകളുടെ ക്ഷേമം, വയോജനങ്ങളുടെ സംരക്ഷണം തുടങ്ങി എല്ലാ കാര്യങ്ങളും പരിശോധിക്കുമ്പോൾ കൃത്യതയും വലിയൊരു കാഴ്ചപ്പാടും വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് സംസ്ഥാനത്തെ മുന്നോട്ടുനയിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമെന്നത് യാഥാർത്ഥ്യം തന്നെയാണ്. ഇങ്ങനെ നല്ല രീതിയിൽ ലോകത്തിനും രാജ്യത്തിനും മാതൃകയായിക്കൊണ്ട്, ഭരണഘടനാധിഷ്ഠിതമായി നല്ല ഭരണം നടത്തുന്ന ഈ സർക്കാരിനെ ഇകഴ്ത്തിക്കാട്ടുന്നതിനും പരാജയപ്പെടുത്തുന്നതിനുമാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. അതിന് ദൃഷ്ടാന്തമാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ കേരള ഗവർണ്ണറായി ചാർജ്ജെടുത്ത അന്ന് മുതൽ ഇന്നുവരെ

സംസ്ഥാന സർക്കാരുമായി ഒരു തരത്തിലും യോജിക്കാതെ ശത്രുതാമനോഭാവത്തോടുകൂടി പെരുമാറിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ പഴയകാല ചരിത്രങ്ങളും അതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഗവർണ്ണറെക്കൂടി ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിനെ പരാജയപ്പെടുത്താനും മോശമായി ചിത്രീകരിക്കാനും ശ്രമിക്കുന്നത് കാണാതിരിക്കാൻ കഴിയില്ല. അതിന് കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനം ഒട്ടും ആശാസ്യകരമല്ല. ജി.എസ്.ടി. നിയമ പ്രകാരം അർഹമായ സാമ്പത്തിക സഹായം സംസ്ഥാനത്തിന് ലഭിക്കുന്നില്ല. ഭരണഘടന പ്രകാരം സംസ്ഥാനത്തിന് അർഹമായ സാമ്പത്തികാനുകൂല്യം കേന്ദ്ര ഗവൺമെന്റ് നൽകേണ്ടതാണ്. എന്നാൽ അത് തരാതെ ചില മുട്ടുന്യായങ്ങൾ പറയുകയാണ് ചെയ്യുന്നത്. കണക്കുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റിന് നൽകേണ്ട 57,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. അതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് ചെറിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തിനുണ്ടാകുന്നത്. അത്തരം കാര്യങ്ങൾ പരിഹരിക്കാനാണ്

സംസ്ഥാന ഗവൺമെന്റ് കടമെടുക്കാനുള്ള ശ്രമം നടത്തിയത്. കാലാകാലങ്ങളായി എല്ലാ സർക്കാരുകളും കടമെടുക്കാറുണ്ട്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും കടമെടുക്കാറില്ലേ; ഓരോ വ്യക്തിയും കടമെടുക്കാറില്ലേ; ഈ ആധുനിക കാലഘട്ടത്തിൽ കടമെടുത്തേ മുന്നോട്ടുപോകാൻ സാധിക്കുവെന്നത് ആർക്കാണ് അറിയാനാകാത്തത്? എന്നാൽ അക്കാര്യത്തിൽപ്പോലും സംസ്ഥാന സർക്കാരിനെ കേന്ദ്രം തടയുന്നു. സംസ്ഥാനത്തിന് അർഹമായ പണം തരാതെയും കടമെടുപ്പ് തടസ്സപ്പെടുത്തിയും കേന്ദ്രസർക്കാർ ബുദ്ധിമുട്ടിക്കുകയാണ്. കേരളത്തിൽ ഒരു ദുരന്തമുണ്ടായപ്പോൾ അതിൽനിന്നും കരകയറ്റാൻ പല ലോകരാജ്യങ്ങളും മുന്നോട്ടുവന്നപ്പോൾ അതുപോലും തടസ്സപ്പെടുത്തുന്ന രീതിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഇ.ഡി.-യെ ഉപയോഗിച്ച് കേരളത്തിന്റെ ധനസ്ഥിതിയെ മോശപ്പെടുത്താനുള്ള ശ്രമവും കേന്ദ്ര ഗവൺമെന്റ് നടത്തുകയാണ്. അതേസമയം കേന്ദ്ര ഗവൺമെന്റിന് എന്തുമാകാം; അവർക്ക് കടമെടുക്കുന്നതിന് ഒരു പരിധിയുമില്ല, എത്ര വേണമെങ്കിലും എടുക്കാം, ആരും ചോദിക്കാനും പറയാനുമില്ല. ഈ രാജ്യത്തെ ഫെഡറൽ സംവിധാനത്തെ

സംരക്ഷിക്കേണ്ട കേന്ദ്ര ഗവൺമെന്റുതന്നെ അതിനെ ദുരുപയോഗം ചെയ്യുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. ഇവിടെ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന മറ്റൊരു നയമെന്താണ്? നമ്മുടെ രാജ്യത്ത് വെറുപ്പിന്റെ രാഷ്ട്രീയമല്ലേ അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ ജനവിഭാഗങ്ങളെയും പരസ്പരം ശത്രുക്കളാക്കി മാറ്റുന്നൊരു നയസമീപനവും ഇതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് എടുക്കുന്നുവെന്നുള്ളത് കാണാതിരിക്കാൻ സാധിക്കില്ല. ഇങ്ങനെ എല്ലാതരത്തിലും കേരള ഗവൺമെന്റിനെയും സമൂഹത്തെയും പുറകോട്ടടിപ്പിക്കുന്ന നയപരമായ നിലപാടുകൾ കേന്ദ്ര ഗവൺമെന്റ് ശത്രുതാമനോഭാവത്തോടുകൂടി സ്വീകരിക്കുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേരള മന്ത്രിസഭയും നിരന്തരമായി ഇക്കാര്യങ്ങൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് പറയുന്നുണ്ടെങ്കിലും അനങ്ങാപ്പാറ നയമാണ് അവർ സ്വീകരിക്കുന്നത്. അതേസമയം കേന്ദ്ര ഗവൺമെന്റ് കേരള ഗവൺമെന്റിനെ കടന്നാക്രമിക്കുമ്പോൾ കേരളത്തിലെ പ്രതിപക്ഷമെടുക്കുന്ന നിലപാടുകൂടി പരിശോധിക്കാതിരിക്കാൻ കഴിയില്ല.

കേരളത്തിലെ യു.ഡി.എഫ്. സ്വീകരിക്കുന്ന നയസമീപനം എന്താണ്? ചരിത്രത്തിൽ ആദ്യമായാണ് ഒരു എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ തുടർഭരണത്തിന് നേതൃത്വം കൊടുക്കുന്നത്. അത് ചരിത്രമാണ്. ചരിത്രപരമായി എൽ.ഡി.എഫ്. ഗവൺമെന്റ് തുടർഭരണത്തിൽ വന്നപ്പോൾ വല്ലാത്തൊരു നിരാശയാണ് പ്രതിപക്ഷത്തുനിന്നും കാണാൻ സാധിക്കുന്നത്. അതിൽനിന്നുമുണ്ടാകുന്ന പ്രതിഫലനമാണ് സർക്കാർ നടപ്പാക്കുന്ന പദ്ധതികളെയെല്ലാം നഖശിഖാന്തം എതിർത്തുകൊണ്ട് കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാട്.

കേരളീയം പരിപാടിയെപ്പറ്റി നമുക്കെല്ലാം അറിയാവുന്നതാണ്. കേരളത്തിന്റെ അന്ത:സത്ത ഉയർത്തിപ്പിടിക്കുക, മതേതരത്വവും ജനാധിപത്യവും സാഹോദര്യവും ഐക്യവും ഊട്ടിയുറപ്പിക്കുക എന്നിവയായിരുന്നു കേരളീയത്തിന്റെ ലക്ഷ്യം. അത്തരം കാര്യങ്ങൾ മനസ്സിലാക്കാതെ പ്രതിപക്ഷം അതിനെ എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഒന്നിച്ചുനിൽക്കാൻ പാടില്ലെന്നും കേരളസംസ്ഥാനം തകർന്ന് പോകട്ടെയെന്നുമാണോ പ്രതിപക്ഷം ആഗ്രഹിക്കുന്നത്. മറ്റൊന്ന്, നവകേരള

സദസ്സുമായി ബന്ധപ്പെട്ട് ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും പതിനാല് ജില്ലകളും സന്ദർശിച്ചു. ഭരണഘടനപ്രകാരം അധികാരത്തിലുള്ള മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സ്വാഭാവികമായും ജനങ്ങളെ നേരിട്ട് കാണുന്നതിനും അവരുമായി സംവദിക്കുന്നതിനും സാധിക്കും. എന്നാൽ നവകേരള സദസ്സിനെ പ്രതിപക്ഷം ശക്തമായി എതിർക്കുന്നതായിട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കെ-ഫോൺ, എ.ഐ. ക്യാമറ, തീരദേശ ഹൈവേ, കെ-റെയിൽ, വിഴിഞ്ഞം തുറമുഖം തുടങ്ങിയ പദ്ധതികളെ പ്രതിപക്ഷം എതിർക്കുകയാണ്; ചില പദ്ധതികൾക്കെതിരെ കേസും കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ വികസന കുതിപ്പിന് വലിയ മാറ്റമുണ്ടാക്കിയ പദ്ധതിയായ കിഫ്ബിയെ തുടക്കം മുതൽ ഇന്നുവരെ പ്രതിപക്ഷം എതിർത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ എല്ലാ മേഖലകളെയും എതിർക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് കേരള ജനതയോടും സമൂഹത്തോടും ചെയ്യുന്ന ഏറ്റവും വലിയ തെറ്റാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ സമീപനങ്ങൾ തിരുത്തി കേരളത്തിന്റെ പൊതുവായ വികസന കാഴ്ചപ്പാടിനുവേണ്ടി ഒന്നിച്ചുനിൽക്കാൻ

സാധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാന്യനായ അംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. നയപ്രഖ്യാപന വേളയിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ സമീപനവും നിലപാടും ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണെന്ന സഭയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അദ്ദേഹത്തിന് ശാരീരികമായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായതുകൊണ്ടാണ് മുഴുവൻ വായിക്കാതെ പോയതെന്നാണ് ആദ്യം വിചാരിച്ചത്. എന്നാൽ പിന്നീടുണ്ടായ സംഭവങ്ങൾ പരിശോധിച്ചപ്പോൾ അദ്ദേഹത്തിന് ശാരീരിക പ്രശ്നങ്ങളൊന്നുമില്ലെന്ന് മനസ്സിലായി. പക്ഷേ മാനസിക പ്രശ്നങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഗവർണ്ണർ എന്നത് ഒരു ഭരണഘടനാ പദവിയാണ്. അത് വഹിക്കുന്ന വ്യക്തി ആ പദവിയുടെ നിലവാരവും മാന്യതയും കാത്തുസൂക്ഷിക്കേണ്ടതാണ്. അങ്ങനെയല്ലെങ്കിൽ ഗൗരവതരമായ

വിമർശനവും ഇടപെടലും ആവശ്യമായിവരും. നയപ്രഖ്യാപനത്തിലെ 136 ഖണ്ഡികകളിലായി കേരളത്തെ ഒരു നവകേരളമായി പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള വിവിധ പ്രവൃത്തികളെയും പദ്ധതികളെയും സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഒരു മേഖലയെയും ഒഴിവാക്കാതെ സമസ്ത മേഖലകളുടെയും വികസനമാണ് ലക്ഷ്യംവയ്ക്കുന്നത്. ഒരു വൈജ്ഞാനിക സമൂഹമായും വിജ്ഞാന സമ്പദ്ഘടനയുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്നതുമായ ഒരു നവകേരളമാണ് വിഭാവന ചെയ്യുന്നതെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെ നേരത്തെ പറയുകയുണ്ടായി. അത്തരത്തിൽ ഒരു മധ്യവരുമാനമുള്ള, വികസിത രാജ്യത്തോട് കിടപിടിക്കുന്ന രീതിയിലേയ്ക്ക് കേരളത്തെ മാറ്റണമെന്നതാണ് കാഴ്ചപ്പാട്. നയപ്രഖ്യാപന പ്രസംഗത്തിൽ ഓരോ ഭാഗത്തും ഇക്കാര്യം വിശദമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഞാൻ അത് ആവർത്തിക്കുന്നില്ല.

സാമൂഹിക സുരക്ഷ പെൻഷൻ ലഭിക്കാതെ ഒരു വ്യക്തി ആത്മഹത്യ ചെയ്തുവെന്ന് പറയപ്പെടുന്ന സംഭവത്തെക്കുറിച്ചാണ് കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം കൊണ്ടുവന്നത്. ആത്മഹത്യയെന്നത് ദുഃഖകരമായ

കാര്യമാണ്. അഞ്ച് മാസത്തെ പെൻഷൻ ലഭിച്ചില്ലെന്ന് ഇന്നും പലരും സംസാരിക്കുന്നത് കേട്ടു. നാട്ടിൽ പെൻഷൻ വാങ്ങുന്നവരോട് ചോദിച്ചാൽ മാത്രമേ ഇക്കാര്യം അറിയാൻ സാധിക്കൂ. ഒരു മാസത്തെയോ, അഞ്ച് മാസത്തെയോ പെൻഷനാണ് കിട്ടാനുള്ളതെങ്കിൽപ്പോലും അതിനുവേണ്ടി അവർ കാത്തിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പെൻഷൻ കിട്ടുമെന്ന പ്രതീക്ഷയിൽ ആരും കാത്തിരുന്നിട്ടില്ല. അത് കിട്ടുമ്പോൾ കിട്ടും, ഇല്ലെങ്കിൽ കിട്ടില്ല എന്ന അവസ്ഥയായിരുന്നു. പോസ്റ്റ് ഓഫീസിലോ നാഷണലൈസ്ഡ് ബാങ്കിലോ പോയി അക്കൗണ്ട് എടുക്കണം എന്ന തരത്തിൽ വൃദ്ധജനങ്ങളെ അങ്ങോട്ടുമിങ്ങോട്ടുമിട്ട് അമ്മാനമാടുന്ന സ്ഥിതിയാണ് അന്നുണ്ടായിരുന്നത്. അവസാനം പെൻഷൻ ലഭിക്കാത്ത അവസ്ഥയാണുണ്ടായത്. എന്നാൽ അന്നത്തെ ഒരു മാസത്തെ പെൻഷൻ തുകയായ 600 രൂപ ഇന്ന് 1600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ഇനിയും വർദ്ധിപ്പിക്കും. 1980-ൽ ഇ. കെ. നായനാർ സർക്കാരിന്റെ കാലത്താണ് ക്ഷേമ പെൻഷൻ സമ്പ്രദായം കൊണ്ടുവന്നത്. അന്ന് അതിനോട് നിങ്ങളെടുത്ത സമീപനം എന്തായിരുന്നു? പാവപ്പെട്ട

കർഷകത്തൊഴിലാളികൾ മുഴുവൻ കള്ളുകുടിയന്മാരും ധൂർത്തടിക്കുന്നവരുമാണെന്നും അവർക്ക് എന്തിനാണ് പണം കൊടുക്കുന്നതെന്നും പറഞ്ഞ് അതിനെ അധിക്ഷേപിച്ചവരല്ലേ നിങ്ങൾ? അതിന് അന്നത്തെ പ്രതിപക്ഷനേതാവിനോട് ഇ. കെ. നായനാരുടെ സരസമായ ഒരു മറുപടി ഉണ്ടായിരുന്നു. കർഷത്തൊഴിലാളി പെൻഷൻ നിയമമാക്കുന്ന സമയത്ത്  നിഷേധാത്മക സമീപനമെടുത്ത് അതിനെ തകർക്കാൻ ശ്രമിച്ചു, പക്ഷേ തകർന്നില്ല. അങ്ങനെയുള്ളവരാണ് ഇന്ന് കർഷകത്തൊഴിലാളി പെൻഷൻ സമയത്തിന് കിട്ടുന്നില്ലെന്ന് പരാതിപ്പെടുന്നത്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് പെൻഷൻ തുക 600 രൂപയിൽ നിന്ന് 1600 രൂപയാക്കി വർദ്ധിപ്പിച്ചത്.

മറ്റൊന്ന്,  മാവേലി സ്റ്റോറിലും നീതി സ്റ്റോറിലും സാധനങ്ങളില്ല എന്ന പരാതിയെ സംബന്ധിച്ചാണ്. എന്നാണ് മാവേലി സ്റ്റോർ ഉണ്ടായത്; എന്നാണ് അതിനോട് നിങ്ങൾക്കിത്ര സ്നേഹം തോന്നിയത്; എന്നാണ് സിവിൽ സപ്ലൈസ് ചന്തകളോട് സ്നേഹം തോന്നിയത്? ജനക്ഷേമകരമായ

പദ്ധതികൾ കൊണ്ടുവരുമ്പോൾ നിഷേധാത്മക സമീപനം സ്വീകരിച്ച് നിയമനിർമ്മാണ സമയത്ത് അതിനെ എതിർത്തുകൊണ്ട് സംസാരിക്കുകയും വോട്ട് ചെയ്ത് പരാജയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തവർക്ക് ഇപ്പോൾ മാവേലി സ്റ്റോറിൽ സാധനങ്ങളില്ലെന്നാണ് പരാതി. മാവേലി സ്റ്റോറിൽ ചിലപ്പോൾ സാധനങ്ങളുണ്ടാവും; ചിലപ്പോൾ ഉണ്ടാകില്ല. തൊട്ടടുത്ത പലചരക്കുകടയിൽ പോയി ശർക്കര ചോദിച്ചാൽ ഇല്ലെങ്കിൽ ഇല്ലെന്നുതന്നെ പറയും. അതുതന്നെയാണ് മാവേലി സ്റ്റോറിന്റെയും സ്ഥിതി. മറ്റ് മാർക്കറ്റുകളിൽ പോയി സാധനങ്ങൾ വാങ്ങിയാണ് മാവേലി സ്റ്റോറിൽ കൊണ്ടുവന്ന് വിൽക്കുന്നത്. അവിടെനിന്നും വില കുറച്ച് സാധനങ്ങൾ വിൽക്കണമെങ്കിൽ സബ്സിഡി കൊടുക്കണം. കർഷകത്തൊഴിലാളി/സാമൂഹികക്ഷേമ പെൻഷനുകൾ യഥാസമയം നൽകണമെങ്കിലും സർക്കാരിന് പണം ലഭിക്കണം. നമ്മുടെ സംസ്ഥാനത്തിന് നോട്ടടിക്കാൻ അധികാരമില്ല. എന്നാൽ കേന്ദ്രത്തിന് ഇഷ്ടംപോലെ നോട്ടടിക്കുകയും കടം വാങ്ങിക്കുകയും ചെയ്യാം. കേന്ദ്ര ഗവൺമെന്റിന്റെ നിലവിലെ കടം എത്ര ലക്ഷം കോടി രൂപയാണ്?

കേരളത്തിന്റെ കടം ആകെ വരുമാനത്തിന്റെ 37 ശതമാനമാണ്. കോൺഗ്രസ് ഭരണം നടത്തുന്ന ചില സംസ്ഥാനങ്ങളിൽ 57-ഉം 60-ഉം 70-ഉം ശതമാനമാണ് കടം. ഞാനതിനെ ന്യായീകരിക്കുകയല്ല. അതുകൊണ്ട് അർഹമായ പണം കൊടുക്കാതിരിക്കാൻ ഇടപെടലുകൾ നടത്തുകയും പ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ട് ഇവിടെ വന്ന് ജനങ്ങളുടെ പക്ഷത്തുനിന്ന് സംസാരിക്കുന്നത് ശരിയല്ല. ഈ നിലപാടുകൾ തമ്മിൽ യോജിക്കില്ല. ഒന്നുകിൽ 'വേണം' അല്ലെങ്കിൽ 'വേണ്ട' എന്നായിരിക്കണം; രണ്ടുംകൂടി ചേർന്ന് 'വേണ്ടണം' എന്ന നിലപാട് സ്വീകരിക്കാൻ സാധിക്കില്ല. മാവേലി സ്റ്റോർ തുടങ്ങിയപ്പോൾ 'വാമന' സ്റ്റോർ തുടങ്ങിയവരാണ് നിങ്ങൾ. ഏത് പദ്ധതിയുടെയും നെഗറ്റീവ് വശങ്ങളെടുത്തുകൊണ്ട് അതിനെ തകർക്കാൻ ശ്രമിച്ചവരല്ലേ നിങ്ങൾ? കിഫ്ബി കൊണ്ടുവന്നപ്പോൾ ഓഫീസ് അടച്ചുപൂട്ടുമെന്നും ലൈഫ് പദ്ധതി അവസാനിപ്പിക്കാൻ അതിനെതിരെ കോടതിയിൽ പോകുമെന്നും നിങ്ങൾ ഭീഷണിപ്പെടുത്തി. കൊറോണ കാലത്ത് ഭക്ഷ്യക്കിറ്റ് കൊടുത്തപ്പോൾ വോട്ട് പിടിക്കാനാണെന്ന് പറഞ്ഞ് അതിനെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ പോയവരല്ലേ നിങ്ങൾ.

അതൊക്കെ മറന്നോ? നവകേരള സദസ്സ്, ലോക കേരള സഭ, കേരളീയം തുടങ്ങിയവയെ നിങ്ങൾ എതിർത്തില്ലേ; നിഷേധിച്ചില്ലേ? ജനാധിപത്യപരമായി പ്രതിഷേധിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരുവിധ അഭിപ്രായവ്യത്യാസങ്ങളുമില്ല. എന്നാൽ കേരളീയ സമൂഹം ഒന്നിച്ച് ഒരു കാര്യത്തിന് നിൽക്കുമ്പോൾ അതിൽ ഇടങ്കോലിടുന്ന സമീപനം അനുവദിക്കാൻ കഴിയില്ല.

നവകേരള സദസ്സിൽ ലക്ഷോപലക്ഷം ജനങ്ങളാണ് പങ്കെടുത്തത്. അവിടെ വന്ന എല്ലാവരുടെയും പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണാൻ കഴിയില്ല. നവകേരള സദസ്സിനെ വിമർശിക്കുന്ന നിങ്ങൾ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കാലത്ത് 2000 രൂപയുടെ ആനുകൂല്യത്തിനുവേണ്ടി നട്ടപ്പാതിരയ്ക്ക് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചില്ലേ? ഒരു വില്ലേജോഫീസറോ തഹസീൽദാരോ അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിയോ കൈകാര്യം ചെയ്യേണ്ട വിഷയത്തിനുവേണ്ടി, ആളുകളെ തട്ടിക്കൂട്ടി കൊണ്ടുവന്ന് രാത്രി രണ്ടുമണിക്കും മൂന്നുമണിക്കും കാവലിരുന്ന് നിങ്ങൾ നടത്തിയ ജനസമ്പർക്ക പരിപാടിക്ക് എത്ര കോടി

രൂപ ചെലവഴിച്ചു? നവകേരള സദസ്സിനുവേണ്ടി സർക്കാർ ഒരു പൈസയെങ്കിലും ചെലവഴിച്ചിട്ടുണ്ടോ? ഒരു പൈസയും ചെലവഴിച്ചില്ലെങ്കിലും ആ പരിപാടി ധൂർത്താണെന്നും അഴിമതിയാണെന്നുമാണ് നിങ്ങൾ പറയുന്നത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ഇന്ത്യയിൽ ഇപ്പോൾ ആസൂത്രണ കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ? ഒരു കമ്മീഷനുമില്ല, ജനാധിപത്യവുമില്ല, മതേതരത്വവുമില്ല, ഏകപക്ഷീയമായി മുന്നോട്ടുപോകുകയാണ്. പാർലമെന്റിൽ ഒരു ചർച്ചയും നടക്കുന്നില്ല. എന്നാൽ നമ്മുടെ നിയമസഭ ജനാധിപത്യപരമായ രീതിയിൽ ചർച്ച, പരിശോധന, മറ്റ് രീതിയിലുള്ള ആസൂത്രണം എന്നിവയെല്ലാം നിർവ്വഹിച്ചുകൊണ്ട് പരിമിതികളുള്ളിൽനിന്നുകൊണ്ട് മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി തങ്ങളാൽ കഴിയുന്ന സപ്പോർട്ട് കൊടുക്കണമെന്നല്ലേ ചിന്തിക്കേണ്ടത്? അതല്ലേ ഒരു പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും ചുമതല. പ്രതിപക്ഷത്തിന് വിമർശിക്കാം. പക്ഷേ പതിനെട്ട് പാർലമെന്റ് അംഗങ്ങളുണ്ടായിട്ട് അതിലേതെങ്കിലും ഒരംഗത്തിന്റെ പ്രയോജനം കേരള സമൂഹത്തിന് ലഭ്യമാക്കാനാവശ്യമായ നടപടി

സ്വീകരിക്കാൻ നിങ്ങൾക്ക് സാധിച്ചോ? കേരളത്തിന്റെ ഭാഗമായി ഒട്ടേറെ കാലങ്ങളിൽ ഭരണ/വിദ്യാഭ്യാസ രംഗങ്ങളും മറ്റ് മേഖലകളും കൈകാര്യം ചെയ്തവരാണ് ഇപ്പോൾ ഈ രാജ്യത്ത് പുതുതായി പ്രത്യക്ഷപ്പെട്ട ചില രാഷ്ട്രീയക്കാരെപ്പോലെ പ്രശ്നങ്ങളെ സമീപിക്കുന്നത്. ഇത് ശരിയല്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച പ്രമേയത്തോടുള്ള വിയോജിപ്പ് പ്രതിപക്ഷാംഗമെന്ന നിലയിൽ ഞാൻ രേഖപ്പെടുത്തുകയാണ്. ഗവർണ്ണറുടെ ഈ നടപടിയെ പ്രതിപക്ഷം വിമർശിച്ചില്ല, എതിർക്കാൻ തയ്യാറായില്ല എന്നാണ് ഇന്നിവിടെ പ്രസംഗത്തിന് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞത്. അതുതന്നെ വാസ്തവവിരുദ്ധമാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുശേഷം പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശന്റെ പത്രസമ്മേളനമാണ് ആദ്യം പുറത്ത് നടന്നത്. അതിൽ ഗവർണ്ണറുടെ ഈ നടപടിയെ അതിശക്തമായി വിമർശിച്ചുകൊണ്ടാണ്

പ്രതിപക്ഷനേതാക്കളെല്ലാം സംസാരിച്ചത്. നയപ്രഖ്യാപന പ്രസംഗം നടത്താൻ ഭരണഘടനാപരമായ ബാധ്യതയുള്ള ഗവർണ്ണർ, അവസാന ഖണ്ഡിക മാത്രം വായിച്ച് മടങ്ങിയത് നിയമസഭയോടുള്ള അവഹേളനവും നിയമസഭാംഗങ്ങളെ അപമാനിക്കലുമായിരുന്നുവെന്ന് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഉൾപ്പെടെയുള്ള നേതാക്കൾ പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. പ്രതിപക്ഷ നേതാക്കളെല്ലാം ഗവർണ്ണറുടെ നടപടിയെ വിമർശിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചത്. ഗവർണ്ണറുടെ നിലപാടിനോട് ഞങ്ങൾ ഒരുകാരണവശാലും യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ നടപടിയെ ആദ്യംമുതൽതന്നെ ശക്തമായി എതിർക്കുന്ന നിലപാടിൽ കേരളത്തിലെ പ്രതിപക്ഷമായ യു.ഡി.എഫ്. നിൽക്കുകയാണ്. പക്ഷേ ഒരു ഭാഗത്ത് ലോഹ്യം കൂടുകയും ഇടക്കാലത്ത് വിയോജിപ്പ് കാണിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ നാടകം ഗവർണ്ണറും എൽ.ഡി.എഫ്.-ഉം ഇവിടെ സ്ഥിരമായി നടത്തിക്കൊണ്ടിരിക്കുന്നുവെന്ന അപഹാസ്യമായ രാഷ്ട്രീയ പരാജയത്തെക്കുറിച്ചാണ് പ്രതിപക്ഷം വിമർശിക്കുന്നത്. ഗവൺമെന്റിന്റെ

മുമ്പിൽ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, ഗവർണ്ണറുമായി നടത്തുന്ന ഈയൊരു ചക്കളത്തിൽ പോരാട്ടം കേരളത്തിലെ രാഷ്ട്രീയ/ജനകീയ പ്രശ്നങ്ങളെ മൂടിവയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണെന്ന് ജനങ്ങൾ സംശയിക്കുന്ന അവസ്ഥയിലേയ്ക്ക് വന്നിട്ടുണ്ട് എന്നാണ്. ഗവർണ്ണർ ഈയൊരു നടപടിയിലേയ്ക്ക് വന്നതിന്റെ പശ്ചാത്തലം എന്താണെന്ന് പരിശോധിക്കേണ്ടതല്ലേ? യഥാർത്ഥത്തിൽ ഗവൺമെന്റും ഗവർണ്ണറും നടത്തിക്കൊണ്ടിരിക്കുന്ന ഈ സ്ഥിരമായ ഏറ്റുമുട്ടലിന് സാഹചര്യമൊരുക്കിയത് സർക്കാരാണ്. സർക്കാരിന്റെ ഭരണപരാജയത്തിന്റെകൂടി ഭാഗമാണ് ഈ ഏറ്റുമുട്ടൽ. ഇത് രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള ഏറ്റുമുട്ടലാണോ? അനാവശ്യമായ ഒരു രാഷ്ട്രീയ ഏറ്റുമുട്ടലിനപ്പുറത്തേയ്ക്ക് ഇതിനെ കാണാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് നടപ്പാക്കുന്ന ജനക്ഷേമപദ്ധതികളിലെ വീഴ്ചകളും പരാജയങ്ങളും പ്രതിപക്ഷം ചൂണ്ടിക്കാണിക്കുമ്പോൾ അതുൾക്കൊള്ളാനും ഗവൺമെന്റിന്റെ തെറ്റായ നിലപാടുകൾ തിരുത്താനുമുള്ള നയസമീപനമാണ് ഗവൺമെന്റ്

സ്വീകരിക്കേണ്ടത്. അതിവിടെ ചെയ്യുന്നില്ലെന്ന് മാത്രമല്ല, ചെയ്തുകൊണ്ടിരിക്കുന്ന കുഴപ്പങ്ങളെ മുഴുവൻ ന്യായീകരിക്കുന്നതിനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട അംഗങ്ങളുൾപ്പെടെ ഇവിടെ നടത്തുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കടകളിൽ സാധനങ്ങൾ ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടാകാമെന്ന് ഇവിടെ ഏറ്റവും അവസാനം സംസാരിച്ച ശ്രീ. പി. മമ്മിക്കുട്ടി ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെ സംഭവിക്കുന്നത് ഒരു ദിവസം മാത്രമാണെങ്കിൽ നമുക്ക് ന്യായീകരിക്കാം. എന്നാൽ സ്ഥിരമായി അവിടെ ഒരു സാധനവും ലഭ്യമല്ലാത്ത സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ നമ്മുടെ പൊതുവിതരണ മേഖലയുടെ ഇന്നത്തെ ദുരവസ്ഥയല്ലേ അതിലൂടെ പുറത്തുവരുന്നത്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന അവസ്ഥ ഒരു ഭാഗത്ത് നിലനിൽക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് വില കുറച്ച് കൊടുക്കുന്നതിനുള്ള പൊതുവിതരണ മേഖല പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നത് പച്ചയായ യാഥാർത്ഥ്യമാണ്. ധനകാര്യ വകുപ്പിൽനിന്നും പണം കിട്ടാത്തതുൾപ്പെടെയുള്ള പ്രശ്നങ്ങൾ മുഴുവൻ ഇവിടെ ചർച്ച

ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം കേന്ദ്ര ഗവൺമെന്റിനെയാണ് വിമർശിക്കുന്നത്. കേരളത്തിലെ യു.ഡി.എഫ്. കേന്ദ്രത്തെ വിമർശിക്കുന്ന കാര്യത്തിലും വളരെ ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്. പ്രതിപക്ഷം കേരള നിയമസഭയിൽ നടത്തുന്ന നിലപാടുകൾപോലെതന്നെ, കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായ നിലപാടാണ് എം.പി.-മാരുടെ നേതൃത്വത്തിൽ യു.ഡി.എഫ്. പാർലമെന്റിലും സ്വീകരിക്കുന്നത്. അക്കാര്യത്തിലൊന്നും യാതൊരു വിട്ടുവീഴ്ചയുമില്ല. പക്ഷേ കേന്ദ്ര വിരുദ്ധ സമരം പറഞ്ഞ് ഡൽഹിക്കുപോകാൻ തീരുമാനിച്ച എൽ.ഡി.എഫ്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട് എന്താണ്? സമരം വേണ്ടെന്ന് വച്ച് സമ്മേളനമാക്കി മാറ്റിയിരിക്കുകയാണ്. ഈ നയപ്രഖ്യാപനത്തിൽത്തന്നെ അത് വ്യക്തമായി കാണുകയല്ലേ; ഇത്രയും ശക്തമായി കേന്ദ്രത്തിനെതിരെ സംസാരിച്ചുകൊണ്ടിരുന്നിട്ട് നയപ്രഖ്യാപനത്തിൽ ഇത്രയും മൃദുലമായ വാക്കുകളിലേയ്ക്ക് മാറ്റപ്പെട്ടത് എങ്ങനെയാണ്? അപ്പോൾ കേന്ദ്ര ഏജൻസികളെയും കേന്ദ്ര ഗവൺമെന്റിനെയും ഭയപ്പെടുന്ന ഒരു ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നതെന്ന്

വ്യക്തമാകുകയാണ്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിൽ മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ സമീപകാലത്ത് നടത്തിയ പരാമർശം ഗവൺമെന്റിന്റെതന്നെ കണ്ണുതുറപ്പിക്കേണ്ടതാണ്. പണം കൊടുക്കാതെ ഇവിടെ ഒരു കാര്യവും നടക്കാത്ത അവസ്ഥയാണ് ഇന്നുണ്ടായിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞതിൽ എല്ലാം വ്യക്തമായിട്ടുണ്ട്. ഇന്നലെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ നോക്കിപ്പറഞ്ഞത്, കേരളത്തിലെ റോഡുകളെല്ലാം തകർന്നുകിടക്കുന്ന സാഹചര്യമാണ്, ഇങ്ങനെയൊരു ദുരവസ്ഥ നമുക്കുണ്ടായിരിക്കുന്നത് നിർഭാഗ്യകരമല്ലേ എന്നാണ്. മുൻ മന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇന്നലെ അങ്ങനെ പറയേണ്ടതായി വന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതിനുള്ള ന്യായീകരണം പറഞ്ഞിട്ടുണ്ടാകും. സർക്കാരിനുവേണ്ടി സംസാരിക്കേണ്ട ഭരണമുന്നണിയിലെ പ്രമുഖ നേതാക്കൾക്കുപോലും ഗവൺമെന്റിനെ ഈ രീതിയിൽ വിമർശിക്കേണ്ടി വരുന്നുവെന്ന് പറയുമ്പോൾ പ്രതിപക്ഷം പറയുന്ന കാര്യങ്ങളിൽ വസ്തുതയുണ്ടെന്ന് വ്യക്തമാകുകയാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ തെറ്റായ

നയസമീപനങ്ങൾ തിരുത്താൻ തയ്യാറാകണം. ഗവർണ്ണറും സർക്കാരും തമ്മിൽ നടത്തുന്ന ഈ അനാവശ്യമായ ഏറ്റുമുട്ടൽ ജനാധിപത്യത്തിനുനേരെയുള്ള വെല്ലുവിളിയാണ്. ഇത്തരം ഏർപ്പാടുകൾ അവസാനിപ്പിച്ചുകൊണ്ട് ഭരണരംഗത്ത് കാര്യക്ഷമതയോടെ മുന്നോട്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യത്തിനുവേണ്ടിയുള്ള പോരാട്ടമാണ് പ്രതിപക്ഷമായ യു.ഡി.എഫ്. നടത്തുന്നത്. അതിനാൽ ഗവൺമെന്റിന്റെ ഈ നിലപാടിനെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്മേൽ ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ഇരുളടഞ്ഞ ഭരണം അവസാനിപ്പിച്ച് എൽ.ഡി.എഫ്. അധികാരത്തിലേറിയിട്ട് ഏഴര വർഷം കഴിഞ്ഞ് മുന്നോട്ടുപോകുകയാണ്. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന് 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന

പേര് വെറുതെയല്ല ലഭിച്ചത്. ദൈവത്തിന്റെ സ്വന്തം നാടായി മാറാൻ വലിയ രീതിയിൽ പ്രയത്നിച്ച് പാകപ്പെടുത്തിയെടുത്ത മണ്ണാണ് കേരളത്തിന്റേത്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കുമെതിരെ വലിയ രീതിയിലുള്ള സമരങ്ങളായിരുന്നു നവോത്ഥാന നായകരും പുരോഗമന പ്രസ്ഥാനങ്ങളുമെല്ലാം ആ കാലഘട്ടത്തിൽ നടത്തിയിട്ടുള്ളത്. അങ്ങനെയാണ് 1957-ൽ ഇ.എം.എസ്. സർക്കാർ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നത്. അക്കാലത്താണ് എല്ലാവർക്കും വിദ്യാഭ്യാസവും ആരോഗ്യവും കുടികിടപ്പവകാശവുമെല്ലാം ലഭിച്ചത്. പിന്നീട് എൽ.ഡി.എഫ്. അധികാരത്തിൽവന്ന ഓരോ കാലഘട്ടത്തിലും പെൻഷൻ സമ്പ്രദായം, സാക്ഷരത അടക്കമുള്ള പല പദ്ധതികളും കൊണ്ടുവന്നു. എണ്ണിയെണ്ണി പറയാനുള്ള ഒട്ടനവധി കാര്യങ്ങൾ ചരിത്രരേഖയിൽ അടയാളപ്പെടുത്തിയ കാലമായിരുന്നു അത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോഴൊക്കെ വലിയ രീതിയിലുള്ള വികസനങ്ങളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിലുള്ള ഈ കൊച്ചുദേശം ഇന്ന് നമ്മുടെ ഭൂപടത്തിൽ മരതകക്കല്ലായി തിളങ്ങുന്ന രൂപത്തിലേയ്ക്ക്

മാറിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ ആഗ്രഹമായ ദേശീയപാതാവികസനത്തിന് തുടക്കം കുറിച്ചത് യു.ഡി.എഫ്. സർക്കാരാണെന്ന് നമുക്കറിയാം. പക്ഷേ, അതേറ്റെടുത്ത് നടത്താനുള്ള ഇച്ഛാശക്തി അവർക്കില്ലായിരുന്നു. സമൂഹത്തിന്റെ പല ഭാഗങ്ങളിൽനിന്നും വലിയ സമര പോരാട്ടങ്ങളുണ്ടായി. അതിനാവശ്യമായ തുക ചെലവഴിക്കാൻ കേരളത്തിന് കഴിയില്ലെന്നുപറഞ്ഞുകൊണ്ട് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഓഫീസുകളടക്കം പൂട്ടിപ്പോയ അവസ്ഥയായിരുന്നു യു.ഡി.എഫ്. ഭരിക്കുമ്പോഴുണ്ടായിരുന്നത്. അവിടെനിന്നാണ് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ഇച്ഛാശക്തിയോടെ പദ്ധതി ഏറ്റെടുത്തതും കേന്ദ്ര സർക്കാരിന് സ്ഥലമേറ്റെടുത്ത് നൽകുകയും ചെയ്തത്. അതുപോലെ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കൊണ്ടുവന്നപ്പോൾ അതും നടപ്പാക്കാതെ തിരിഞ്ഞോടിയ ഗവൺമെന്റായിരുന്നു യു.ഡി.എഫ്.-ന്റേത്. ഇതെല്ലാം ഏറ്റെടുത്താണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോയത്. ഇപ്പോൾ നാഷണൽ ഹൈവേയുടെ പ്രവൃത്തികൾ ഏകദേശം പൂർത്തിയാകാറായി. 2025 ആകുമ്പോഴേയ്ക്കും ഗതാഗതയോഗ്യമായി

നാഷണൽ ഹൈവേ മാറും. അതുപോലെ കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് പദ്ധതിയായ കെ.-ഫോണിനെ എതിർത്ത് യു.ഡി.എഫ്. കേസ് നൽകിയിരിക്കുകയാണ്. സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന കെ.-സ്മാർട്ട്, ടൂറിസവുമായി ബന്ധപ്പെടുത്തി വാട്ടർ മെട്രോ തുടങ്ങി ജനങ്ങൾക്ക് ആശ്വാസകരമായ പദ്ധതികളാവിഷ്കരിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിൽ ടൂറിസം വികസിപ്പിക്കാനായി സമസ്ത മേഖലകളിലെയും സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നല്ലനിലയിൽ മുന്നോട്ടുപോകുകയാണ്. താമസിക്കാൻ ഒരിടം വേണമെന്നാണ് കേരളത്തിലെ ജനങ്ങളെല്ലാം ആഗ്രഹിക്കുന്നത്. അതിനായാണ് ലൈഫ് പദ്ധതി കൊണ്ടുവന്നിരിക്കുന്നത്. കുടികിടപ്പവകാശം കൊണ്ടുവന്നപ്പോൾ അവിടെ വീട് വയ്ക്കാനാവശ്യമായ പദ്ധതികൾ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്ന 1957 മുതൽ നടപ്പാക്കിയിട്ടുണ്ട്; അതിപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പ്രവാസികളെ നമുക്ക് മാറ്റിനിർത്താൻ കഴിയില്ല. വിമാനക്കമ്പനികൾ തോന്നുന്നതുപോലെ ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് പ്രവാസികളെ ചൂഷണം ചെയ്യുകയാണ്.

അതിനാൽ, വിദേശ രാജ്യങ്ങളിലേയ്ക്ക് ജോലിക്ക് പോകുന്നവർക്ക് കുറഞ്ഞ റേറ്റിൽ ബേപ്പൂർ തുറമുഖത്തുനിന്ന് കപ്പൽ യാത്രാസൗകര്യം കൊണ്ടുവരികയാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യം ഞാൻ പറയേണ്ടതില്ലല്ലോ; അത് ഏറ്റെടുക്കുമ്പോഴും ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഉറ്റുനോക്കുന്ന നിലയിലേയ്ക്ക് നമ്മുടെ നാടിന്റെ അന്തസ്സായി വിഴിഞ്ഞം തുറമുഖം മാറിയിരിക്കുകയാണ്. കേരളത്തെക്കുറിച്ച് എല്ലാ കാലങ്ങളിലുമുള്ളൊരു ആക്ഷേപം നിക്ഷേപകർക്ക് അനുയോജ്യമായ സംസ്ഥാനമല്ല എന്നുള്ളതാണ്. എന്നാൽ, ആ കുപ്രചരണങ്ങളെ അതിജീവിച്ചുകൊണ്ട് ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറി എന്നതിൽ അഭിമാനിക്കാൻ സാധിക്കും. ഇങ്ങനെ വികസനത്തിന്റെ എത്രയെത്ര കാര്യങ്ങളാണ് പറയാനുള്ളത്. എന്നാൽ യു.ഡി.എഫ്. എല്ലാത്തിനെയും വിമർശിക്കുകയാണ്; അത് അവസാനിക്കുന്നില്ല. യു.ഡി.എഫ്. ഭരണകാലത്ത് പട്ടി പെറ്റുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഈ സർക്കാർ പ്രസ്തുത

പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം ഏറ്റെടുത്തുകൊണ്ട് ലാഭകരമായി മുന്നോട്ടുപോകുകയാണ്. മാത്രമല്ല, കേന്ദ്രസർക്കാർ വിൽക്കാൻ വച്ചിട്ടുള്ളതിൽ സാധിക്കുന്നതെല്ലാം ഏറ്റെടുത്തുകൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. അഭിമാനത്തിന്റെ നിറവിലാണ് കേരളം ഇന്നുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. അതിദരിദ്രരില്ലാത്തൊരു സംസ്ഥാനം നമ്മുടെ സ്വപ്നമായിരുന്നു. അങ്ങനെയൊരു സംസ്ഥാനമായി കേരളം മാറുകയാണ്. ഇതെല്ലാംതന്നെ നമ്മുടെ അഭിമാന പദ്ധതികളാണ്. എന്നാൽ ഏതൊരു വികസനം കൊണ്ടുവരുമ്പോഴും അതിനെ എതിർക്കുന്നൊരു രീതിയിലേയ്ക്ക് യു.ഡി.എഫ്. പൊയ്ക്കൊണ്ടിരിക്കുകയാണ്. എല്ലാത്തിനും സമരവും ബഹിഷ്കരണവുമാണ്. ഒരു നല്ല കാര്യത്തിനും കൂടെ നിൽക്കില്ല എന്നുള്ളതാണ്. നമ്മുടെ ദാരിദ്ര്യലഘൂകരണത്തിന് ഏറ്റവും വലിയ പങ്ക് വഹിച്ച പ്രവാസികളുടെ കൂട്ടായ്മയാണ് ലോക കേരള സഭ. രണ്ടുതവണ ലോക കേരള സഭ നടത്തിയപ്പോഴും ആവശ്യമില്ലാത്ത കാര്യത്തിന് വെറുതെ ഫണ്ട് ചെലവഴിക്കുന്നു എന്നുപറഞ്ഞ് യു.ഡി.എഫ്. ബഹിഷ്കരിക്കുകയുണ്ടായി. എങ്ങനെയാണ് ഈ രീതിയിൽ

പ്രവാസികൾക്കുനേരെ മുഖം തിരിച്ചിരിക്കാൻ സാധിക്കുന്നത്? നവകേരള സദസ്സ് പ്രതിപക്ഷം ബഹിഷ്കരിച്ചത് എന്തിനാണെന്ന് നമുക്കറിയില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും വരുന്ന ബസ്സിന്റെ കാര്യത്തിൽ വലിയ ചർച്ചയായിരുന്നു എല്ലാ ഭാഗത്തുനിന്നുമുണ്ടായിരുന്നത്. ബസിനകത്ത് ഡൈനിംഗ് ഹാൾ, സ്വിമ്മിംഗ് പൂൾ, ലിഫ്റ്റ് എന്നിവയൊക്കെയുണ്ടെന്ന് പറഞ്ഞ് അത് ചികഞ്ഞ് നോക്കാൻ മാധ്യമ കുട്ടപ്പൻമാരെയുംകൂട്ടി നടക്കുന്ന കാര്യങ്ങളും കണ്ടു. നവകേരള സദസ്സിലേയ്ക്ക് ജനങ്ങൾ അലകടലായി ഒഴുകിയെത്തി. അതിൽ എൽ.ഡി.എഫ്.-ന്റെ മാത്രമല്ല, യു.ഡി.എഫ്.-ന്റെ ആളുകളുമുണ്ടായിരുന്നു; ഒന്നിലുമില്ലാത്തവരും ഉണ്ടായിരുന്നു. നിങ്ങളുടെ പാർട്ടിക്കാർ അതിൽ പങ്കെടുത്തപ്പോൾ അവരെ പുറത്താക്കാൻ നോക്കി. പക്ഷേ അതൊന്നും കഴിയാത്ത കാര്യമാണ്. നല്ലതിനൊപ്പം നിൽക്കുന്നവർ പുറത്തുണ്ട്; നിങ്ങളോടൊപ്പംതന്നെയുണ്ട്. അത് നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കില്ല. നവകേരള സദസ്സ് സംബന്ധിച്ച് ജനങ്ങൾക്ക് ഏറ്റവും നല്ല രീതിയിലുള്ള അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. വലിയ രീതിയിൽ ജനങ്ങൾ പങ്കെടുത്തു എന്നുമാത്രമല്ല,

ഞങ്ങളുണ്ട് നിങ്ങളുടെ കൂടെ എന്നുപറഞ്ഞുകൊണ്ട് എൽ.ഡി.എഫ്.-ന് ഏറ്റവും കൂടുതൽ ബലം നൽകുന്നൊരു രീതിയിലേയ്ക്കാണ് പോയിട്ടുള്ളത്. കേരളീയം പരിപാടിയും അതുപോലെതന്നെയായിരുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഈ രീതിയിലേയ്ക്കെല്ലാം പോകുമ്പോൾ എന്തിനാണ് ഇങ്ങനെ എതിർക്കുന്നത്? പെൻഷൻ നൽകിയില്ല എന്നുപറഞ്ഞുകൊണ്ട് ഇന്നലെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. 5 മാസത്തെ ക്ഷേമ പെൻഷൻ നൽകിയില്ല എന്നുപറഞ്ഞുകൊണ്ട് കുപ്രചരണങ്ങൾ നടത്തുകയാണ്. ഓണത്തിന്റെ ഭാഗമായി ആഗസ്റ്റിൽ 3,200/- രൂപ വീതം രണ്ട് മാസത്തെ പെൻഷൻ വിതരണം ചെയ്തു. നവംബറിൽ ഒരു മാസത്തെ പെൻഷനായ 1,600/- രൂപ നൽകി. ഡിസംബറിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഒരു മാസത്തെ പെൻഷൻ നൽകി. ഇത് മറച്ചുവച്ചുകൊണ്ടാണ് ഇന്നലെ ഇവർ സമരം നടത്തിയത്. നമ്മൾ ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കേന്ദ്ര

സർക്കാരിൽനിന്നും അർഹമായ വിഹിതം കിട്ടുന്നില്ല എന്നതാണ്. കോൺഗ്രസിന് ഇവിടെനിന്നും 18 എം.പി.-മാർ ഉണ്ട്. ഇവിടെയുള്ള ജനങ്ങളുടെ വോട്ട് വാങ്ങി കേരളത്തിലെ എം.പി.-മാർ എന്നുപറഞ്ഞുകൊണ്ട് എന്തിനാണ് ഇവർ അവിടെപ്പോയി ഇരിക്കുന്നത്; കേരളത്തിനുവേണ്ടി ഒരക്ഷരം സംസാരിക്കാറുണ്ടോ; അങ്ങനെ സംസാരിച്ചിരുന്നുവെങ്കിൽ ഇന്നലെ നടത്തിയിരുന്ന സമരത്തിന് അത് നല്ലതായിരുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. ഇനി അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ചയുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: സർ, യു.ഡി.എഫ്. ഈ രീതിയിലുള്ള തീരുമാനവുമായാണ് മുന്നോട്ട് പോകുന്നത്. കുറേ കാലം രാജ്യം ഭരിച്ച കോൺഗ്രസിന്റെ ആളുകളാണ് നട്ടെല്ലില്ലാതെ ഇപ്പോൾ പോകുന്നത്. അതുകൊണ്ട് ഇനിയെങ്കിലും നന്നാകാൻ ശ്രമിക്കണമെന്നാണ് പറയാനുള്ളത്. നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നവകേരള സൃഷ്ടിക്കുള്ള നയങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിഫലിക്കുന്നത്. പിണറായി വിജയൻ സർക്കാരിന്റെ വികസന കാഴ്ചപ്പാടുകളും രാഷ്ട്രീയ നിലപാടുകളും സമഗ്രമായി പ്രതിപാദിക്കുന്ന നയപ്രഖ്യാപനം കേരളത്തിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ നിലപാടുകളെ ശക്തമായി വിമർശിക്കുന്ന ഒന്നായി മാറി. ഭരണഘടനയുടെ അടിസ്ഥാനഘടകങ്ങളായ മതനിരപേക്ഷ മൂല്യങ്ങളെയും ഫെഡറൽ സംവിധാനത്തെയും വെല്ലുവിളിക്കുന്ന ഒരു ഘട്ടംകൂടി നമ്മുടെ മുന്നിലൂടെ കടന്നുപോകുകയാണ്. മതനിരപേക്ഷ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് അടിസ്ഥാന ജനാധിപത്യം ശക്തിപ്പെടുത്തി വിദ്യാഭ്യാസത്തിലൂടെ ശാസ്ത്രാവബോധം പ്രോത്സാഹിപ്പിച്ചുകൊണ്ട് യുവതലമുറയിൽ സമഗ്രമായ ചരിത്രബോധം വളർത്തുക എന്നീ ലക്ഷ്യങ്ങൾക്കൊപ്പം സുസ്ഥിര വികസനം, സാങ്കേതിക പുരോഗതി, സാമൂഹികക്ഷേമം തുടങ്ങിയവ കൈവരിക്കുക എന്നതും നവകേരളത്തിന്റെ ലക്ഷ്യമായി മുന്നോട്ടുവയ്ക്കുന്നു. നമ്മുടെ രാജ്യത്ത്

അതിദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം ഉയർന്നു. 2025 നവംബർ ഒന്നോടുകൂടി രാജ്യത്തെ ആദ്യ അതിദാരിദ്ര്യരഹിത സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ നടന്നുവരികയാണ്. രാജ്യത്ത് ആദ്യമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പാക്കി. പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് 2016-നുശേഷം 28463 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനങ്ങൾ നടത്തി. 234640 പി.എസ്.സി. നിയമനങ്ങൾ നടത്തിയത് റെക്കോർഡാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1976 കോടി രൂപയുടെ ധനസഹായമാണ് ജനങ്ങൾക്ക് നൽകിയത്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം തകർച്ചയിലാണെന്നാണ് നേരത്തെ പ്രതിപക്ഷ നിരയിൽനിന്നും ഒരംഗം പറഞ്ഞത്. ഏത് ഡാറ്റയുടെ അടിസ്ഥാനത്തിലാണ് അത്തരത്തിലുള്ള വർത്തമാനങ്ങൾ നിയമസഭയിൽ പറയുന്നത്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗം ഏറ്റവും

ശക്തിപ്പെട്ടൊരു കാലഘട്ടമാണിത്. NAAC (National Assessment and Accreditation Council)-ന്റെ A++ ഗ്രേഡ് കേരളത്തിലാദ്യമായൊരു യൂണിവേഴ്സിറ്റിക്ക് ലഭിച്ചത് ഈ ഘട്ടത്തിലാണ്. കുസാറ്റും കാലിക്കറ്റ് സർവ്വകലാശാലയുമുൾപ്പെടെയുള്ള മറ്റ് മൂന്ന് യൂണിവേഴ്സിറ്റികൾക്ക് NAAC-ന്റെ A+ ഗ്രേഡ് ലഭിച്ചു. പുതിയ കോഴ്സുകളും പഠന സംവിധാനങ്ങളും പഠനത്തോടൊപ്പം നൂതന തൊഴിൽ സാധ്യതകളും കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശക്തമായ ഇടപെടലുകളാണ് നടക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ മുന്നോട്ടുപോക്കുണ്ടായി. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് പിണറായി വിജയൻ സർക്കാർ മുന്നോട്ടുപോകുകയാണ്. നവംബർ 1 മുതൽ 7 വരെ നടന്ന 'കേരളീയം' സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനുള്ള വലിയ മുതൽക്കൂട്ടായി മാറുകയാണ്. മലയാളിയുടെ മഹോത്സവമായി കേരളീയം മാറിയെന്നുതന്നെയാണ് കാണാൻ കഴിയുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

യു.ഡി.എഫ്. ബഹിഷ്കരിക്കുകയും കരിങ്കൊടി കാണിച്ച് കലാപമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടും നവകേരള സദസ്സിലെ അസാധാരണമായ ജനപങ്കാളിത്തം പിണറായി വിജയൻ സർക്കാരിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ ആവർത്തിച്ച് ഉറപ്പിക്കുന്ന ഒന്നായി മാറി. കേരളത്തിന്റെ ഈ മുന്നോട്ടുപോക്കിനെ തടയാനും സാമ്പത്തികമായി ബുദ്ധിമുട്ടിക്കാനും ഭരണസ്തംഭനമുണ്ടാക്കാനുമുള്ള കേന്ദ്ര പരിശ്രമങ്ങൾക്ക് ഇന്ന് കേരളത്തിന്റെ ഗവർണ്ണറും യു.ഡി.എഫ്.-ഉം കൂട്ടുനിൽക്കുന്നൊരു കാഴ്ചയാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ നെഞ്ചിൽ കത്തി കുത്തിയിറക്കി കൊല്ലാനാണ് ഗവർണ്ണറും കേന്ദ്രസർക്കാരും ശ്രമിക്കുന്നത്. കേരളത്തിലെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം അതിന് കൈയടിക്കുകയാണ്. സ്വയം പരിഹാസ്യനായ ഒരു ഗവർണ്ണറാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ. കേന്ദ്രത്തിന്റെ പാവയാണ് അദ്ദേഹം. സിനിമ കഥാപാത്രങ്ങളിലെ കോമാളികളെപ്പോലെ കേരളത്തിന്റെ ഗവർണ്ണർ നടത്തുന്ന ഇടപെടലുകൾ മറ്റംഗങ്ങൾ ഇന്നലെ ഇവിടെ സൂചിപ്പിച്ചു. ഗവർണ്ണറുമായി കേരളത്തിന്റെ ഗവൺമെന്റ് ഒത്തുകളിക്കുകയാണെന്ന്

പ്രതിപക്ഷനിരയിലെ ചില അംഗങ്ങൾ പറയുകയുണ്ടായി. ആരാണ് ഒത്തുകളിക്കുന്നത്? ഒത്തുകളിക്കുന്നത് ഇവിടത്തെ യു.ഡി.എഫ്. ആണ്. ഗവർണ്ണർ കൊല്ലം ജില്ലയിലെ നിലമേലിൽ ഒരു നാടകം നടത്തി. അദ്ദേഹം റോഡിൽ കുത്തിയിരുന്നു. നിയമസഭയിൽ ഒരു മിനിറ്റ് സംസാരിക്കാൻ അദ്ദേഹത്തിന് സമയമില്ല. എന്നാൽ റോഡിൽ മണിക്കൂറുകളോളം കുത്തിയിരിക്കുന്നു. അദ്ദേഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൂടെ കുത്തിയിരുന്നത് സംഘ്പരിവാറിന്റെ പ്രവർത്തകർ മാത്രമായിരുന്നില്ല; കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റും വാർഡ് മെമ്പറുമായിരുന്നു. ആരാണ് ഗവർണ്ണറുമായി ഒത്തുകളിക്കുന്നത്? ഗവർണ്ണറുമായി ഭായ് ഭായ് ബന്ധത്തിൽ മുന്നോട്ടുപോകുന്നത് ഇവിടത്തെ യു.ഡി.എഫ്. ആണ്. കാലിക്കറ്റ്, കേരള സർവകലാശാലകളിൽ നാളിതുവരെയുള്ള എല്ലാ കീഴ്വഴക്കങ്ങളും ലംഘിച്ച് സർവ്വകലാശാല സെനറ്റിനെ ഗവർണ്ണർ കാവിവൽക്കരിക്കാൻ ശ്രമം നടത്തിയപ്പോൾ, അതിൽ രണ്ട് സീറ്റ് യു.ഡി.എഫ്.-ന് നൽകിയത് അതുകൊണ്ടാണ്. അതുതന്നെയാണ് നിങ്ങളും ഗവർണ്ണറും തമ്മിലുള്ള ബന്ധത്തിന് മറ്റൊരു തെളിവായി കാണാൻ സാധിക്കുന്നത്. കേന്ദ്രസർക്കാർ

കേരളത്തെ പല രൂപത്തിൽ തകർക്കാനുള്ള ശ്രമം നടത്തുകയുണ്ടായി. അതിൽ എന്ത് നിലപാടാണ് ഇവിടത്തെ യു.ഡി.എഫ്.-നുള്ളത്? രാജ്യത്ത് ആദ്യമായി ദേശീയപാത വികസനത്തിനുള്ള സ്ഥലമേറ്റെടുപ്പിനാവശ്യമായ തുകയുടെ 25% കേരളത്തിന് കൊടുക്കേണ്ടിവന്നു. ആ വികസനത്തെ തകർക്കാൻ കേരളത്തിൽ ബി.ജെ.പി.-യും കോൺഗ്രസ്സും കൂട്ടുനിന്ന് ഇടപെടൽ നടത്തിയില്ലേ; വിമാനത്താവളങ്ങളുടെ സ്വകാര്യവൽക്കരണത്തിൽ ഇവിടത്തെ യു.ഡി.എഫ്.-ന്റെ നയമെന്താണ്; കേരളത്തിന്റെ റെയിൽവേ വികസനം, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുൾപ്പെടെ കേന്ദ്രം തടയുന്ന ഘട്ടത്തിൽ യു.ഡി.എഫ്. സ്വീകരിക്കുന്ന സമീപനമെന്താണ്? കേരളത്തിലെ ജനങ്ങളുടെ വോട്ടുവാങ്ങി പാർലമെന്റിലേയ്ക്ക് പോയ 18 എം.പി.-മാരുണ്ട്. കേരളത്തെ സാമ്പത്തികമായി തകർക്കുന്ന കേന്ദ്രനീക്കത്തിനെതിരായി ഇന്ത്യൻ പാർലമെന്റിൽ ഒറ്റക്കെട്ടായി നിൽക്കണമെന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18 എം.പി.-മാരോട് ചർച്ച നടത്തി ആവശ്യപ്പെട്ടിട്ട് അവർ അങ്ങനെ ചെയ്തോ? കേരളത്തെ തകർക്കുന്ന സമീപനം കേന്ദ്രം

സ്വീകരിച്ചപ്പോൾ അവർ ഇന്ത്യൻ പാർലമെന്റിൽ പിന്തുണ പ്രഖ്യാപിച്ചു. കേരളത്തിന് ഒരു രൂപപോലും കൊടുക്കരുത് എന്ന നയത്തിനുവേണ്ടി ഇന്ത്യൻ പാർലമെന്റിൽ അവർ പ്രസംഗം നടത്തി, അവർ ആഘോഷം നടത്തി. തീർച്ചയായും വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ആ 18 യു.ഡി.എഫ്. എം.പി-മാർക്കുമുകളിൽ കേരള ജനതയുടെ താക്കീതായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിനുവേണ്ടിയുള്ള ശക്തമായ സമരമാണ് അടുത്തമാസം എട്ടാം തീയതി ഡൽഹിയിൽ നടക്കാൻ പോകുന്നത്. കേരളത്തിന്റെ ബഹുമാന്യരായ മുഖ്യമന്ത്രി, മന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാരടക്കം പങ്കെടുക്കുന്നുണ്ട്. അതിൽ പങ്കെടുക്കാനായി പ്രതിപക്ഷ നേതാവിനെയും ഉപനേതാവിനെയും വിളിച്ചു, എന്തുണ്ടായി; എന്താണ് അവരുടെ സമീപനം? കേരളത്തിനുവേണ്ടി ഒറ്റക്കെട്ടായി നിൽക്കാൻപോലും തയ്യാറാകാതെ എന്തിനാണ് നിങ്ങൾ മാറി നിൽക്കുന്നത്; നിങ്ങൾ ആരുടെ പക്ഷത്താണ്? കേരളം തകർന്നു തരിപ്പണമാകുന്നതിന് കൂട്ടുനിൽക്കുന്ന സമീപനമാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. “You too Brutus” എന്നത് ലോകമുള്ളിടത്തോളം

കാലം മറക്കാനാവാത്ത ഒരു സംഭാഷണ ശകലമാണ്. വെട്ടേറ്റ് വീഴുന്ന സീസർ നെഞ്ചുപൊട്ടിപ്പറഞ്ഞ വാക്കുകളാണത്. എന്നാൽ ഇന്ന് കേരള ജനത യു.ഡി.എഫ്.-നോട് പറയുന്നത് “You too Brutus” എന്ന ആ പ്രയോഗം തന്നെയാണ്. കേരളത്തെ തകർക്കാനായി സംഘ്പരിവാറിന് കേരളത്തോടുള്ള ശത്രുത നമുക്ക് മനസ്സിലാക്കാം. എന്നാൽ യു.ഡി.എഫ്.-ന് കേരളത്തിലെ ജനതയോട് ഇത്രയും വലിയ ശത്രുത എന്തിനാണ്? കേരളം മുടിഞ്ഞുകാണാൻ മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ് കേരളത്തിലെ യു.ഡി.എഫ്.-ഉം കോൺഗ്രസ്സും. ഇതിന് നിങ്ങൾ കേരള ജനതയോട് മാപ്പ് പറയേണ്ടതായി വരും. കേരളത്തിൽ പിണറായി വിജയൻ സർക്കാർ എല്ലാ പ്രതിസന്ധികളെയും മറികടന്ന് മുന്നോട്ടുപോകുകയാണ്. നിങ്ങൾ കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിനോട് ചേർന്നുനിന്നുകൊണ്ട് കേരളത്തെ തകർക്കാൻ പലവിധ ശ്രമം നടത്തിയാലും അതിനെയെല്ലാം ചെറുത്തുതോൽപ്പിച്ചുകൊണ്ട് കേരളം മുന്നോട്ടുപോകും. കേരളം തകരുകയല്ല നവകേരളത്തിലേയ്ക്ക് മുന്നോട്ട് കുതിക്കുകയാണ്. അതിന് ശക്തിപകരുന്ന ഒരു

അവതരണം കൂടിയാണ് ഇവിടെ നടന്നിട്ടുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

12.57 p.m]

**XI അടിയന്തരപ്രമേയ ചർച്ച**

ധനപ്രതിസന്ധി

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. റോജി എം. ജോൺ: സർ, അടിയന്തരപ്രമേയത്തിന് മറുപടി പറയേണ്ട ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോ മറ്റ് മന്ത്രിമാരോ ട്രഷറി ബെഞ്ചിൽ കാണുന്നില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അവർ വരും.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നുള്ളത് പച്ചയായ യാഥാർത്ഥ്യമാണ്. വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ് എടുത്തശേഷം ഓവർഡ്രാഫ്റ്റിലേയ്ക്ക് നീങ്ങുന്ന അവസ്ഥയാണ് സംസ്ഥാനത്തുള്ളതെന്നാണ് അറിയാൻ സാധിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക നൽകാൻപോലും സർക്കാരിന് സാധിക്കുന്നില്ല. ട്രഷറി പൂട്ടിയിട്ടിരിക്കുന്നതിന് തുല്യമായ അവസ്ഥയാണ് നിലവിലുള്ളത്. വേയ്സ് ആൻഡ് മീൻസ് ക്യൂ ബില്ലുകൾ പാസ്സാക്കാൻ രണ്ടായിരം കോടി രൂപ വേണമെന്നാണ് സർക്കാർ പറയുന്നത്. ഡി.എ. - 7973 കോടി രൂപ, പെൻഷൻകാരുടെ ഡി.ആർ. - 4722 കോടി രൂപ, പേ റിവിഷൻ - 2790 കോടി രൂപ, പാവപ്പെട്ട കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - 920 കോടി രൂപ, കാരുണ്യ പദ്ധതി - 732 കോടി രൂപയടക്കം 26,500 കോടിയിലധികം രൂപ നവംബർ മാസംവരെ കുടിശ്ശികയായിട്ടുണ്ടെന്നാണ് സർക്കാരിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. കരാറുകാരുടെ ബില്ലുകൾ മുഴുവൻ വരികയും സാമ്പത്തിക വർഷാവസാനത്തെ കണക്കുകൾകൂടി പൂർണ്ണമായി എടുക്കുകയും ചെയ്യുമ്പോൾ കുടിശ്ശിക

ഇതിനേക്കാൾ കൂടുതലാകും. സപ്ലൈകോയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ 792 കോടി രൂപ കൊടുക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട പൊതുവിതരണ വകുപ്പുമന്ത്രി ഇന്നലെ നിയമസഭയിൽ നൽകിയ മറുപടിയിലുണ്ട്. "അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നീ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തതിന്റെ കുടിശ്ശിക പൂർണ്ണമായും നൽകാത്തതുമൂലം ഈ ഇനങ്ങളുടെ വിതരണക്കാരിൽ ഭൂരിഭാഗവും കഴിഞ്ഞ മാസങ്ങളിൽ നടത്തിയ ടെണ്ടറുകളിൽ പങ്കെടുക്കാതെ വിട്ടുനിൽക്കുന്നു. ഇതുമൂലം സപ്ലൈകോ ഡിപ്പോകളിൽനിന്നുള്ള ആവശ്യകതയനുസരിച്ച് എല്ലാ സബ്സിഡി സാധനങ്ങളും സംഭരിക്കാൻ സാധിക്കുന്നില്ല" എന്നാണ് പൊതുവിതരണ വകുപ്പുമന്ത്രി നിയമസഭയിൽ ഇന്നലെ മറുപടി നൽകിയത്. ഇതിന്റെ അവസ്ഥ ഏത് തലത്തിലാണെന്നത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എന്തുകൊണ്ടാണ് ഇത്രയും പ്രതിസന്ധിയിലേയ്ക്ക് നമ്മുടെ സംസ്ഥാനമെത്തിയതെന്നത് പ്രസക്ത ചോദ്യമാണ്. അത് നമ്മൾ ഗൗരവമായി ചർച്ച ചെയ്യണം.

**1.00 p.m]**

അടിയന്തരപ്രമേയ നോട്ടീസിൽ ഞങ്ങൾ നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ നികുതി ഭരണസംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിലും സ്വർണ്ണ വ്യാപാര മേഖല, ബാർ ഹോട്ടലുകൾ എന്നിവയിൽനിന്നും നികുതി പിരിക്കുന്നതിൽ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടതും ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമല്ലാത്തതുമാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ മുഖ്യകാരണം. കൂടാതെ ഈ സർക്കാരിന്റെ ധൂർത്തിനും അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കുമൊപ്പം കേന്ദ്ര സർക്കാർ നിലപാടും ഇതിന്റെ ആക്കം കൂട്ടുന്നതിന് കാരണമായിട്ടുണ്ടെന്നതിൽ സംശയമില്ല. നികുതി പിരിവിലെ കെടുകാര്യസ്ഥത സംബന്ധിച്ച് പരിശോധിക്കാം. 14-09-2023-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഉന്നയിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി എന്റെ കൈയിലുണ്ട്. ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. സമ്പ്രദായം

ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടായിട്ടില്ലായെന്ന് ആ മറുപടിയിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമ്മതിക്കുകയാണ്. കേന്ദ്ര സർക്കാർ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന ജി.എസ്.ടി. കളക്ഷൻ സംബന്ധിച്ച റിപ്പോർട്ടിലെ ഓരോ മാസത്തെയും കണക്കുകൾ പരിശോധിച്ചാൽ ദേശീയ ശരാശരിയിൽ താഴെയാണ് കേരളത്തിലെ ജി.എസ്.ടി. കളക്ഷനിലെ വളർച്ചാ നിരക്കെന്ന് കാണാൻ സാധിക്കും. പ്രസ്തുത റിപ്പോർട്ടനുസരിച്ച് ഡിസംബർ മാസത്തിൽ ദേശീയ ശരാശരി 13 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 12 ശതമാനം മാത്രമാണ്. നമ്മുടെ നികുതി പിരിവിനെപ്പറ്റി പഠിക്കാൻ കർണ്ണാടക, മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും പഠന സംഘങ്ങൾ വരുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചോദ്യോത്തരവേളയിൽ സൂചിപ്പിക്കുകയുണ്ടായി. ഡിസംബർ മാസത്തെ കണക്കനുസരിച്ച് നികുതി പിരിവിൽ ഹരിയാനയുടെ വളർച്ചാനിരക്ക് 22-ഉം മഹാരാഷ്ട്രയുടേത് 14-ഉം കർണ്ണാടകയുടേത് 17 -ഉം തമിഴ്നാടിന്റേത് 19-ഉം ശതമാനമാണ്. ഈ

സാഹചര്യത്തിലാണ് 12 ശതമാനം മാത്രം വളർച്ചാനിരക്കുള്ള കേരളം അഭിമാനകരമായ നേട്ടം കൈവരിച്ചുവെന്ന രീതിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഇവിടെ വന്ന് എന്താണ് പഠിക്കാൻ പോകുന്നതെന്ന് അവർ തന്നെ തീരുമാനിക്കട്ടെ. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ നികുതി വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. ജി.എസ്.ടി. വരുമ്പോൾ കേരളത്തിനായിരുന്നു കൂടുതൽ ഗുണമുണ്ടാകേണ്ടിയിരുന്നത്. പ്രതിപക്ഷത്തിരിക്കുന്നവർ ജി.എസ്.ടി.-യെ എതിർത്തവരാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ജി.എസ്.ടി.-യെ ഏറ്റവും കൂടുതൽ അനുകൂലിച്ചവർ ആരാണ്? എന്റെ കൈയിൽ അതുസംബന്ധിച്ച റിപ്പോർട്ടുകളുണ്ട്. ജി.എസ്.ടി.-യെ ഏറ്റവും കൂടുതൽ അനുകൂലിച്ചത് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കാണ്. ജി.എസ്.ടി. കേരളത്തിന് ഗുണം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞതായ എത്രയോ റിപ്പോർട്ടുകളുണ്ട്. 20-25 ശതമാനം വരുമാന വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞ് തുള്ളിച്ചാടി നടന്നയാളാണ്

ഡോ. ടി. എം. തോമസ് ഐസക്. എന്നാൽ ജി.എസ്.ടി. നിലവിൽവന്ന് ആറ് വർഷം കഴിഞ്ഞപ്പോഴും കേരളത്തിലെ നികുതി പിരിവിൽ ഒരു രൂപയുടെ വർദ്ധനവുണ്ടാക്കാനോ ജി.എസ്.ടി.-യിലെ നേട്ടം കൈവരിക്കാനോ സാധിക്കാത്തത് ഇതിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടതിനാലാണ്. കേരളത്തിന് ജി.എസ്.ടി.-യിൽ നഷ്ടം സംഭവിക്കുന്നത് എങ്ങനെയെന്ന് ഡോ. ടി. എം. തോമസ് ഐസക് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇ-വേ ബിൽ തട്ടിപ്പിലൂടെ ഐ.ജി.എസ്.ടി. ഇനത്തിൽ വ്യാപകമായ വെട്ടിപ്പ് നടക്കുന്നതായും ഇത് തടയാൻ എല്ലാ ചെക്കുപോസ്റ്റുകളിലും ഊടുവഴികളിലും എ.എൻ.പി.ആർ. (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റിക്കഗ്നിഷൻ) ക്യാമറകളും വാഹനത്തിന്റെ തൂക്കം അളക്കാൻ സെൻസറുകളും സ്ഥാപിക്കുമെന്നൊക്കെ അദ്ദേഹം പറഞ്ഞു. ഇ-വേ ബിൽ ഇല്ലാത്ത വാഹനങ്ങളെക്കുറിച്ച് സ്ക്വാഡുകൾക്ക് വിവരം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവരെ പിടികൂടി നികുതി ഈടാക്കുമെന്നും വിലകുറച്ച് കാണിക്കുന്ന ഇ-വേ ബില്ലുകൾ കണ്ടുപിടിച്ച് സാധനങ്ങൾ വാങ്ങിയ

കടയിൽപോയി ടെസ്റ്റ് പർച്ചേസ് നടത്തി ചോർന്ന നികുതി തിരിച്ചുപിടിക്കുമെന്നൊക്കെ പറഞ്ഞത് നിലവിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ മുൻഗാമിയായ ഡോ. ടി. എം. തോമസ് ഐസക്കാണ്. നികുതി തിരിച്ചുപിടിക്കുന്നതിലൂടെ 13 ശതമാനവും ക്യാമറകൾ പ്രവർത്തനക്ഷമമാകുന്നതിലൂടെ 14 ശതമാനവും നികുതി വളർച്ചയുണ്ടാകുന്നതോടെ കേരളത്തിന് ആകെ 27 ശതമാനം വർദ്ധനവ് ലഭിക്കുമെന്നും ഈയൊരു സ്ഥിതി സംജാതമാകുമ്പോൾ ജി.എസ്.ടി. കോമ്പൻസേഷൻപോലും വേണ്ടാത്ത സാഹചര്യത്തിലേയ്ക്ക് കേരളം എത്തിച്ചേരുമെന്നൊക്കെ പറഞ്ഞത് കേരളത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കാണ്. എന്നിട്ട് സംഭവിച്ചതെന്താണ്? 27 ശതമാനം നികുതി വർദ്ധനവുണ്ടാകുമെന്ന് കരുതി അദ്ദേഹം നോക്കിയിരുന്നു. ഇതാണ് ഡോ. തോമസ് ഐസക് സ്വപ്നം കണ്ട കിനാശ്ശേരി. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് നിലവിലെ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ കുറ്റം പറയില്ല. ഈ പ്രതിസന്ധിക്ക് പ്രധാന കാരണം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റാണ്. അന്ന്

നടത്തേണ്ടിയിരുന്ന പരിഷ്കാരങ്ങളും ഭേദഗതികളും യഥാസമയം നടപ്പാക്കാതെ ആറ് വർഷം കഴിഞ്ഞപ്പോഴാണ് സംസ്ഥാനത്തിന് ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലായത്. ഇപ്പോഴാണ് ഭേദഗതികൾ നടപ്പാക്കാനായി നികുതി വകുപ്പിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ സർക്കാർ തയ്യാറായത്. അതിന്റെ ദോഷമാണ് സംസ്ഥാനം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. ഓഡിറ്റ് വിഭാഗം രൂപീകരിക്കാനും ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്താനുമൊക്കെ ഇപ്പോഴാണ് സർക്കാർ തയ്യാറായത്. അതുപോലെ ഇവിടെ നികുതികുടിശ്ശിക പിരിക്കേണ്ട ഉദ്യോഗസ്ഥരെ സ്പോൺസർഷിപ്പ് പിരിക്കാൻ ഏൽപ്പിച്ചിരിക്കുകയാണ്. നികുതി വെട്ടിപ്പ് കണ്ടുപിടിക്കേണ്ട ജി.എസ്.ടി. വകുപ്പ് അഡീഷണൽ കമ്മീഷണർ കേരളീയം പരിപാടിക്ക് കൂടുതൽ സ്പോൺസർഷിപ്പ് വാങ്ങിച്ചതിന് മുഖ്യമന്ത്രിയിൽനിന്നും ആദരവ് നേടുകയുണ്ടായി. ജി.എസ്.ടി. അഡീഷണൽ കമ്മീഷണർ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ പോകുമോ; അതോ അവരുടെ കുടിശ്ശികയിന്മേൽ സ്പോൺസർഷിപ്പ് വാങ്ങി സെറ്റിൽമെന്റുണ്ടാക്കാൻ പോകുമോ? ഇങ്ങനെ

സ്പോൺസർഷിപ്പ് വാങ്ങിയതിന്റെയൊക്കെ കണക്കുകൾ പുറത്തുവിടാത്തത് എന്തുകൊണ്ടാണ്? കേരളീയം പരിപാടിക്കായി നിങ്ങൾ ആരുടെയൊക്കെ കെയിൽനിന്നും സ്പോൺസർഷിപ്പ് വാങ്ങിയെന്നും എത്ര തുക വാങ്ങിയെന്നും അതിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള കണക്ക് പുറത്തുവിടാൻ ഈ സർക്കാർ തയ്യാറാകുമോ? അതുപോലെ വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ സ്വർണ്ണം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണ്. ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന 800 ടൺ സ്വർണ്ണത്തിൽ 180 ടൺ ഉപയോഗിക്കുന്നതും കേരളത്തിലാണ്. എന്നാൽ ഇതിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ? കേരളത്തിൽ ആകെ സ്വർണ്ണ വില്പനയുടെ 20 ശതമാനത്തിനുപോലും നികുതി ഈടാക്കാൻ സാധിക്കുന്നില്ലെന്നാണ് പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി മുൻ ചെയർപേഴ്സണും സാമ്പത്തിക വിദഗ്ദ്ധയുമായ ഡോ. മേരി ജോർജ് ഈ മേഖലയിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ മദ്യവില്പനയുമായി

ബന്ധപ്പെട്ട ടേൺ ഓവർ ടാക്സ് ഈടാക്കുന്നതിലും ഗുരുതര വീഴ്ചയാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. രാവിലെ ഐ.ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ചർച്ച നടക്കുകയുണ്ടായി. കേരളത്തിൽ ഐ.ജി.എസ്.ടി. ഇനത്തിൽ കഴിഞ്ഞ 5 വർഷം കൊണ്ട് പ്രതിവർഷം ശരാശരി 5000 കോടി രൂപ വീതം 25,000 കോടി രൂപയുടെ നഷ്ടമുണ്ടായിയെന്നാണ് സർക്കാരിനുകീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും (ഗിഫ്റ്റ്) സർക്കാർ നിയോഗിച്ചിട്ടുള്ള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയും പറഞ്ഞിരിക്കുന്നത്. എന്നാൽ നമുക്കത് കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളൊന്നുമില്ലെന്നാണ് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അന്തർ സംസ്ഥാന വിതരണത്തിൽ കേരളത്തിലേയ്ക്ക് വരുന്ന ചരക്കുകളുടെ കാര്യത്തിൽ കൃത്യമായ ഫയലിംഗ് നടത്താനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? ഐ.ജി.എസ്.ടി. ഇനത്തിൽ ഓരോ വർഷവും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് കോടി രൂപ തിരിച്ചുപിടിക്കാനുള്ള യാതൊരു നടപടിയോ ഇടപെടലുകളോ സർക്കാരിന്റെ

ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. കോമ്പൻസേഷനും കിട്ടുമെന്ന് പറഞ്ഞുകൊണ്ട് സർക്കാർ ചെയ്യേണ്ട യാതൊരു കാര്യവും ചെയ്യാതെ കൈയുംകെട്ടി ഇരുന്നിട്ട് സംസ്ഥാനം പ്രതിസന്ധിയിലായപ്പോൾ മറ്റു വാദങ്ങളുമായി മുന്നോട്ട് വരുന്നതാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. ഇവിടെ കടമെടുപ്പിന്റെ കാര്യം പറയുകയുണ്ടായി. കിഫ്ബിയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയും എടുക്കുന്ന കടം സംസ്ഥാനത്തിന്റെ കടത്തിന്റെ പരിധിയിൽ വരുമെന്ന് ഈ നിയമസഭയിൽ ഞങ്ങൾ ആവർത്തിച്ച് പറഞ്ഞിട്ടും നിങ്ങൾ ചെവിക്കൊള്ളാൻ തയ്യാറായില്ല. അന്ന് പ്രതിപക്ഷം പറഞ്ഞ വാദമുഖങ്ങൾ ശരിയായിരുന്നുവെന്ന് ഇന്ന് സി.&എ.ജി.യും കേന്ദ്ര സർക്കാരുമൊക്കെ അടിവരയിട്ടു പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെ സർക്കാരിന്റെ കടമെടുപ്പ് പരിധി താഴോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ കടമെടുത്തിരിക്കുന്ന സംസ്ഥാനങ്ങളുടെ കണക്ക് എന്റെ കൈയിലുണ്ട്. എഫ്.ആർ.ബി.എം. ആക്ട് പാസ്സാക്കിയ ഒരു സംസ്ഥാനമാണിത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് നിയന്ത്രിച്ച് നിർത്തേണ്ട

ഉത്തരവാദിത്വം നമുക്കുണ്ട്. പക്ഷേ, അത്തരത്തിലുള്ള യാതൊരു ഇടപെടലും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ധനപ്രതിസന്ധിയുടെ പേര് പറഞ്ഞ് എല്ലാ ഉൽപന്നങ്ങളുടെയും നികുതിയും സെസ്സും വർദ്ധിപ്പിക്കുകയുണ്ടായി. സർക്കാർ കഴിഞ്ഞ ബഡ്ജറ്റിലൂടെ എന്താണ് ചെയ്തത്? പെട്രോളിനും ഡീസലിനും ഇന്ധന സെസ്സ് ഇനത്തിൽ രണ്ട് രൂപ വർദ്ധിപ്പിച്ചു. എന്നിട്ട് അതിന്റെ പ്രയോജനം സർക്കാരിനുണ്ടായോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ദയവായി ഇതിനൊക്കെ മറുപടി പറയണം. ഞങ്ങൾക്ക് ലഭ്യമായ കണക്കനുസരിച്ച് ഇന്ധന സെസ്സ് രണ്ട് രൂപ വർദ്ധിപ്പിച്ചതിനുശേഷം സംസ്ഥാനത്ത് ഡീസലിന്റേയും പെട്രോളിന്റേയും ഉപഭോഗത്തിൽ ഗണ്യമായ കുറവുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ആകെ വരുമാനത്തിലും കുറവുണ്ടായിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ഇന്ധന സെസ്സ് ഇനത്തിൽ ചുമത്തിയിരിക്കുന്ന രണ്ടു രൂപ വർദ്ധനവ് സംസ്ഥാന ഖജനാവിന് നഷ്ടമാണെന്ന് കണക്കാക്കി, ദുരഭിമാനം വെടിഞ്ഞ് അടുത്ത ബഡ്ജറ്റിലെങ്കിലും ഈ അധിക സെസ്സ് പിൻവലിക്കാൻ

തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പദ്ധതികളെല്ലാം താറുമാറായി കിടക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയെക്കുറിച്ച് ഞാൻ പറയേണ്ടതില്ല. വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണം എവിടെവരെയെത്തിയെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. എസ്.സി./എസ്.ടി. ഫെലോഷിപ്പ്, യൂണിവേഴ്സിറ്റി ഗ്രാന്റ്, പാചകത്തൊഴിലാളികൾക്കുള്ള വേതനം, കുടുംബശ്രീ ജനകീയ ഹോട്ടലുകൾ, കൃഷിനാശം സംഭവിച്ചവർ, വന്യമൃഗങ്ങളാൽ ആക്രമണം നേരിട്ടവർ, കാരുണ്യ പദ്ധതിയുടെ ഭാഗമായ ചികിത്സ എന്നിവയുടെയെല്ലാം ഇപ്പോഴത്തെ അവസ്ഥയെന്താണ്? ആശുപത്രികളിലെ മരുന്നുക്ഷാമത്തെക്കുറിച്ച് ഇന്നലെയും ചർച്ച ചെയ്തതാണ്. സാമൂഹിക സുരക്ഷ പദ്ധതികളെല്ലാം താറുമാറായി. ഇടതുപക്ഷ ബദലെന്ന് പറയുന്ന ഈ സർക്കാരിന് ക്ഷേമനിധി പെൻഷൻ പോലും കൊടുക്കാൻ സാധിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡിസംബർ മാസത്തിൽ കൊടുക്കേണ്ട മൂന്നാം ഗഡു എന്ന് കൊടുക്കുമെന്ന് പറയാൻ സർക്കാരിന് സാധിക്കുന്നില്ല.

കേന്ദ്രം തരുന്നില്ലെന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങൾ അതേ നടപടിയല്ലേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി ഫണ്ട് അനുവദിക്കാൻ സർക്കാർ തയ്യാറാകുന്നുണ്ടോ? കരാറുകാർക്ക് പണം കിട്ടുന്നില്ല. സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും നികുതി പിരിവിലെ വൻതോതിലുള്ള പാളിച്ചകളുമാണ് ഇത്രയും വലിയ പ്രതിസന്ധിക്ക് കാരണമായിരിക്കുന്നത്. ഇതിനെല്ലാം മറ്റൊരു കാരണം കൂടിയുണ്ട്, സംസ്ഥാനത്ത് വൻതോതിലുള്ള ധൂർത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ക്ലിഫ് ഹൗസിൽ നടത്തിയ ചെലവുകളെക്കുറിച്ച് ഞാൻ ഏറെയൊന്നും പറയുന്നില്ല. ലിഫ്റ്റ് സ്ഥാപിക്കാൻ 25 ലക്ഷം രൂപ, സ്വിമ്മിംഗ് പൂളിന് 40 ലക്ഷം രൂപ, ബാരിക്കേഡ് സ്ഥാപിക്കാൻ 72 ലക്ഷം രൂപ, അധിക സുരക്ഷ ഏർപ്പെടുത്തുന്നതിനായി 39 ലക്ഷം രൂപ, തൊഴുത്ത് നിർമ്മിച്ചതിന് 42 ലക്ഷം രൂപ, ചാണകക്കുഴി നിർമ്മിക്കാൻ 3 ലക്ഷം രൂപ എന്നിങ്ങനെയാണ് സർക്കാരിന്റെ ചെലവുകളുടെ പട്ടിക. കേരളത്തിലേത് എന്തൊരു അവസ്ഥയാണ്! അയോധ്യാ കേസിൽ ഹാജരായ സുപ്രീംകോടതിയിലെ വക്കീലിനെയാണ്

മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിയുമായി ബന്ധപ്പെട്ട കേസ് വാദിക്കാൻ കെ.എസ്.ഐ.ഡി.സി. ഇറക്കിയത്. ആ വക്കീലിന് കൊടുക്കാൻ 25 ലക്ഷം രൂപ കൈവശമുള്ള സർക്കാരിന് സാധാരണക്കാരന്റെ വിഷയങ്ങളിൽ ഒരു രൂപ പോലും കൊടുക്കാൻ സാധിക്കുന്നില്ല. കേന്ദ്രത്തിന്റെ പോരായ്മകൾ ഇവിടെ ഉണ്ടായിട്ടുണ്ട്, അക്കാര്യം അടിയന്തരപ്രമേയ നോട്ടീസിൽ ഞങ്ങൾ പരാമർശിച്ചിട്ടുമുണ്ട്. പക്ഷേ, കണക്കുകൾ കണക്കുകളല്ലാതാകില്ലല്ലോ. അങ്ങ് നൽകിയ കണക്കനുസരിച്ച് കേരളത്തിന് 15-ാം ധനകാര്യ കമ്മീഷൻ നൽകിയത് 53,137 കോടി രൂപയും 14-ാം ധനകാര്യ കമ്മീഷൻ നൽകിയത് 9519 കോടി രൂപയുമാണ്, ഇതെല്ലാം നിയമസഭയിൽ സമർപ്പിച്ച കണക്കാണ്. കഴിഞ്ഞ ധനകാര്യ കമ്മീഷൻ 53,137 കോടി രൂപ നൽകിയിട്ടും ഇപ്പോൾ പറയുന്നത് കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞ തുകയാണ് ഈ വർഷം കിട്ടിയതെന്നാണ്. അതായത് ധനകാര്യ കമ്മീഷൻ അഞ്ച് വർഷത്തേയ്ക്ക് വകയിരുത്തിയ തുക ആദ്യത്തെ മൂന്ന് വർഷം വാങ്ങിയശേഷം നാലാമത്തെ വർഷം തുക കുറഞ്ഞുപോയെന്ന് പരാതിപ്പെടുകയാണ്, ആ കണക്കാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, കേന്ദ്രസർക്കാരിന്റെ ഭാഗത്ത് ഇതുസംബന്ധിച്ച് ഗുരുതര പാളിച്ചയുണ്ടെന്നത് ഞങ്ങൾ ആവർത്തിച്ച് പറയാറുണ്ട്. ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതം ഗണ്യമായി കുറച്ചിരിക്കുന്നതിനെതിരെ ശക്തമായ സമരം നമ്മൾ ചെയ്യേണ്ടതുണ്ട്, ഞങ്ങൾ അതിനുവേണ്ടി സമരം ചെയ്തിട്ടുണ്ട്. (...ബഹളം......) നിങ്ങൾ ഇപ്പോൾ എവിടെയാണ് സമരം ചെയ്യാൻ പോകുന്നത്? പതിനഞ്ചാം ധനകാര്യ കമ്മീഷൻ അഞ്ച് വർഷം മുമ്പ് വിഹിതം നിശ്ചയിച്ചപ്പോൾ നിങ്ങൾ എന്ത് ചെയ്യുകയായിരുന്നു? അന്ന് ഇതിനെതിരെ സമരം ചെയ്യാൻ നിങ്ങളാരുമുണ്ടായിരുന്നില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലാവധി തീരാറായപ്പോൾ തെരഞ്ഞെടുപ്പ് മുമ്പിൽ കണ്ടുകൊണ്ടാണ് സമരം, സമ്മേളനം എന്നൊക്കെ പറഞ്ഞ് നിങ്ങൾ ഇപ്പോൾ ഇറങ്ങിയിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, 16-ാം ധനകാര്യ കമ്മീഷൻ രൂപീകരിക്കപ്പെട്ടു കഴിഞ്ഞപ്പോഴാണ് 15-ാം ധനകാര്യ കമ്മീഷന്റെ തീരുമാനത്തിനെതിരായി സമരം ചെയ്യണമെന്ന് ഓർമ്മ വന്നത്. ഞങ്ങൾ പ്രധാനമന്ത്രിയെ കാണുമ്പോൾ കവാത്ത് മറക്കുന്നവരല്ല. കന്യാകുമാരി മുതൽ കാശ്മീർ വരെയും മണിപ്പൂർ മുതൽ മുംബൈ വരെയും കേന്ദ്രത്തിനെതിരെ സമരയാത്ര ചെയ്തവരാണ് ഞങ്ങൾ. (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങ് സംസാരിക്കൂ...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ,

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. (മൈക്ക് ഓഫ്) (....ബഹളം....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് ശരിയല്ല, ഒരു മിനുട്ട് കൂടി നൽകിക്കൂടേ? അദ്ദേഹത്തെ പറഞ്ഞ് അവസാനിപ്പിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യാൻ പുറകിലേയ്ക്കല്ല നോക്കേണ്ടത്. ചെയറിനെ നോക്കിയാണ് സംസാരിക്കേണ്ടത്. കൺക്ലൂഡ് ചെയ്യാൻ

ചെയറിനെ നോക്കി സംസാരിക്കണം, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങേയ്ക്ക് പ്രസംഗം ആരംഭിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിൽ പ്രതിപക്ഷം ഇതേ വിഷയത്തിൽ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. അന്നത്തെ അടിയന്തരപ്രമേയം സമ്പൂർണ്ണമായും വായുവിൽ അലിഞ്ഞുപോയിട്ടും വീണ്ടും അതേ വിഷയംതന്നെ കൊണ്ടുവന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാൻ ഒരവസരംകൂടി നൽകിയിരിക്കുന്നതിനാൽ ആദ്യമായി അവർക്ക് അഭിവാദ്യമർപ്പിക്കുകയാണ്. അടിയന്തരപ്രമേയം ചർച്ച ചെയ്യാമെന്ന് സമ്മതിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞതുപോലെ ഇതിനൊരു പ്രത്യേകതയുണ്ട്; പേരിനെങ്കിലും ഒരു വാക്യം കേന്ദ്രത്തിനെതിരെ പറയാൻ യു.ഡി.എഫ് തയ്യാറായിരിക്കുന്നുവെന്നതാണ് അത്. കേന്ദ്രത്തെ വിമർശിക്കാൻ മനസ്സ് കാട്ടിയതിന് നമ്മൾ എല്ലാപേരും എഴുന്നേറ്റുനിന്ന് യു.ഡി.എഫ്-.ന് ആദരം അർപ്പിക്കണമെന്നാണ് എനിക്ക്

വിനയപൂർവ്വം പറയാനുള്ളത്. അതോടൊപ്പം ഈ പ്രമേയം ചില്ലിട്ട് വയ്ക്കേണ്ടതുണ്ട്. കാരണം, ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുന്നതോടെ ഇവർക്ക് വീണ്ടും ബി.ജെ.പി.ക്കെതിരായ മിണ്ടാട്ടംമുട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനം നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നാണ് അടിയന്തരപ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിലെ ആദ്യവാചകം. എന്നാൽ ഈ പ്രതിസന്ധിക്ക് ഉത്തരവാദി ആരാണെന്നതിനെക്കുറിച്ചൊന്നും പ്രമേയാവതാരകനായ ശ്രീ. റോജി. എം. ജോണിന് പറയാനില്ല. സംസ്ഥാനങ്ങളുടെ നികുതി വിഹിതം വെട്ടിക്കുറയ്ക്കുന്നതിന് പ്രധാനമന്ത്രിതന്നെ നേരിട്ട് പിൻവാതിൽ ശ്രമം നടത്തിയെന്ന ഗുരുതരമായ വെളിപ്പെടുത്തൽ റിപ്പോർട്ടേഴ്സ് കളക്ടീവ് മീഡിയ പുറത്തുവിട്ടിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ. പ്രധാനമന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയും പതിനാലാം ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. വൈ. വി. റെഡ്ഡിയും ചേർന്ന് നടത്തിയ പിന്നാമ്പുറ നീക്കങ്ങളെക്കുറിച്ച് വെളിപ്പെടുത്തിയത് പ്രധാനമന്ത്രിയുടെ ഓഫീസിൽ അന്ന് ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ബി.വി.ആർ. സുബ്രഹ്മണ്യമാണ്.

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലത്ത് സംസ്ഥാന വിഹിതം 32 ശതമാനമായിരുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ ഇത് 42 ശതമാനമായി ഉയർത്തുമെന്ന സ്ഥിതി വരുമ്പോഴാണ് സംസ്ഥാനങ്ങൾക്ക് നികുതിയായും ഗ്രാന്റുകളായും ലഭ്യമാകേണ്ട വിഹിതം വെട്ടിക്കുറയ്ക്കാൻ ബഹുമാനപ്പെട്ട നരേന്ദ്ര മോദിതന്നെ പിൻവാതിൽ വഴി ഇടപെട്ടത്. ശ്രീ. നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേന്ദ്ര വിഹിതം 50 ശതമാനമാക്കണമെന്നായിരുന്നു ആവശ്യപ്പെട്ടത്. എന്നാൽ ഇന്ന് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ്? ഡിവിസിബിൾ പൂളിൽ വരുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്നത് കേന്ദ്രത്തിന്റെ ഭരണഘടനാ ബാധ്യതയാണ്. സെസ്സുകളും സർചാർജ്ജുകളും ഒഴിച്ചുള്ള യൂണിയൻ സർക്കാർ നികുതികൾ മുഴുവനായും ഡിവിസിബിൾ പൂളിൽ നിക്ഷേപിക്കുകയും അതിലൊരു ഭാഗം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കുകയും ചെയ്യണം. ഇത് ഒഴിവാക്കാനായി ശ്രീ. നരേന്ദ്ര മോദി കണ്ടെത്തിയ വഴി എന്താണ്? സെസ്സിന്റെയും സർചാർജ്ജിന്റെയും എണ്ണവും പിരിവും വർദ്ധിപ്പിക്കുക എന്ന മാർഗ്ഗമാണ് സ്വീകരിച്ചത്. അപ്പോൾ അതൊന്നും

സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ടി വരില്ല. 2010-11 കാലയളവിൽ സെസ്സുകളും സർചാർജ്ജുകളും യൂണിയൻ സർക്കാരിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ പത്ത് ശതമാനമായിരുന്നു. എന്നാൽ 2022-23 വർഷത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ സെസ്സ് മാറ്റിനിർത്തിയാൽത്തന്നെ 23-24 ശതമാനമായി ഇത് കുതിച്ചുയർന്നു. ഉദാഹരണമായി പെട്രോളിയം ഉൽപന്നങ്ങളുടെ മുകളിൽ എക്സൈസ് നികുതിക്ക് പകരം അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഡെവലപ്മെന്റ് സെസ്സ് എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ അധിക നികുതി അടിച്ചേൽപ്പിക്കുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണവിലയിൽ വരുന്ന കുറവ് ജനങ്ങൾക്ക് വിലക്കുറവായി കൈമാറ്റം ചെയ്യുന്നില്ലെന്ന് മാത്രമല്ല, അധികനികുതിയിനത്തിൽ സെസ്സായി ഈടാക്കി സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട വിഹിതം നിഷേധിക്കുകയും ചെയ്യുന്നു. 2023-24 ബഡ്ജറ്റ് കണക്കുകൾപ്രകാരം കേന്ദ്ര സർക്കാർ പിരിക്കുന്ന ആകെ നികുതി 33,60,858 കോടി രൂപയാണ്. സെസ്സുകളും സർചാർജ്ജുകളും 23 ശതമാനമെന്ന മിതമായ കണക്കെടുത്താൽത്തന്നെ 7,73,000 കോടി രൂപയുണ്ടായിരിക്കും. പത്ത് ശതമാനമേ പാടുള്ളൂവെന്നതാണ് തത്വം.

എന്നുവച്ചാൽ 4,37,000 കോടി രൂപ കൂടി ഡിവിസിബിൾ പൂളിൽ അധികമായി ഉണ്ടാകുമായിരുന്നു. ഇതിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വീതം വച്ചാൽ 1,80,000 കോടി രൂപ ലഭിക്കും. ഇപ്പോഴത്തെ ധനകാര്യ കമ്മീഷൻ മാനദണ്ഡമനുസരിച്ചായാൽപ്പോലും 1.9 ശതമാനം തുകയായ 3500 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് ലഭ്യമാകേണ്ടതാണ്. കേരളത്തിന് അർഹമായ പണം കിട്ടാതെ പോകുന്നതിൽ എന്തെങ്കിലും തരത്തിലുള്ള വേവലാതിയുണ്ടെന്ന് പ്രതിപക്ഷാംഗങ്ങളുടെ വർത്തമാനത്തിൽ കാണാൻ സാധിക്കുന്നുണ്ടോ? കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന വിഹിതം ഗണ്യമായി ഉയർത്തിക്കൊണ്ടും സംസ്ഥാനങ്ങളെ കേന്ദ്രം ഉപദ്രവിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളെ മൂന്ന് വിഭാഗങ്ങളാക്കി ഇപ്പോൾ മാറ്റിക്കഴിഞ്ഞു. കോർ ഓഫ് കോർ പദ്ധതികൾ, കോർ പദ്ധതികൾ, ഓപ്ഷണൽ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി ആകെ 28 പദ്ധതികളുണ്ട്. എന്നാൽ ഓരോ പദ്ധതിക്കും ഉപഘടകങ്ങൾ വേറെയുമുണ്ട്. കേന്ദ്രവിഹിതം പഴയ രീതിയിൽ തുടരുന്ന ആകെ പദ്ധതികളുടെ 27 ശതമാനം മാത്രമാണ് കോർ ഓഫ് കോർ വിഭാഗത്തിലുള്ളത്. ബാക്കി 73

ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാനങ്ങളുടെ വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി സംസ്ഥാനങ്ങൾക്കുള്ള അസ്സൽ കേന്ദ്രകൈമാറ്റം ഗണ്യമായി കുറഞ്ഞു. സംസ്ഥാന സർക്കാരുകളുടെ പരിമിതമായ വിഭവം കേന്ദ്രം ആവിഷ്ക്കരിക്കുന്ന ഈ പദ്ധതികളിൽ കുടുങ്ങിക്കിടക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പും ധനകൈമാറ്റവുമെല്ലാം സംസ്ഥാനങ്ങളുടെ അധികാരത്തിലും സ്വാതന്ത്ര്യത്തിലുമുള്ള നഗ്നമായ കടന്നുകയറ്റമായി മാറിയിരിക്കുകയാണ്. സംസ്ഥാനങ്ങളോട് യൂണിയൻ ഗവൺമെന്റ് സ്വീകരിക്കുന്ന പൊതുവായ വിവേചനത്തിന്റെ കെടുതികൾ കൂടാതെ ഏതാണ്ട് ഉപരോധം പോലുള്ള വിവേചനവും കേരളം നേരിടുന്നതിൽ സംസ്ഥാനത്തെ പ്രതിപക്ഷത്തിനോ അടിയന്തരപ്രമേയാവതാരകനോ യാതൊരു പ്രശ്നവുമില്ല. 2023-24 സാമ്പത്തിക വർഷത്തെ നവംബർ മാസംവരെയുള്ള സി.&എ.ജി.-യുടെ താത്കാലിക കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. അതിൽ കേരളത്തിന്റെയും ഉത്തർപ്രദേശിന്റെയും വിഹിതം എത്രയാണെന്ന് പരിശോധിക്കണം. ഉത്തർപ്രദേശിന്റെ റവന്യൂ വരുമാനത്തിന്റെ 37 ശതമാനമാണ്

കേന്ദ്രവിഹിതം. എന്നാൽ കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 17.82 ശതമാനം മാത്രമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. ബീഹാറിന് 40 ശതമാനവും രാജസ്ഥാന് 32 ശതമാനവും ഒഡീഷയ്ക്ക് 36 ശതമാനവും നൽകുമ്പോൾ ഏറ്റവും കുറവ് കേരളത്തിനാണ്. എന്തിനാണ് നമ്മുടെ നാടിനോട് ഇങ്ങനെ പെരുമാറുന്നത്? നിയമപരമായി കടമെടുക്കാനുള്ള നമ്മുടെ അവകാശത്തിലും കേന്ദ്രം കത്തിവച്ചു. ആഭ്യന്തരോൽപാദനത്തിന്റെ 3 ശതമാനം കടമെടുക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. വായ്പ മൂന്ന് ശതമാനത്തിൽ അധികരിക്കരുതെന്നത് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണല്ലോ. പക്ഷേ സംഭവിക്കുന്നത് അങ്ങനെയാണോ? നടപ്പുവർഷം കേന്ദ്രത്തിന്റെ ധനക്കമ്മി 5.9 ശതമാനമായിരിക്കും. എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി 2.9 ശതമാനത്തിൽ അധികരിക്കില്ല. സംസ്ഥാനത്തിന് അവകാശപ്പെട്ട വായ്പയെടുത്താൽപോലും ധനക്കമ്മി മൂന്നുശതമാനത്തിൽ അധികരിക്കില്ല. പിന്നെന്തിനാണ് കേരളത്തിന് മാത്രം ഇങ്ങനെയൊരു നിയന്ത്രണം? 2021-22-ൽ 43,000 കോടി രൂപ വായ്പയെടുത്ത സംസ്ഥാനത്തിന് 2022-23-ൽ 22,000 കോടി രൂപ വായ്പയെടുക്കാനുള്ള

അനുവാദം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇത് സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം അതിലും കുറവായിരിക്കും. ഇതിനെതിരെ പ്രതിപക്ഷത്തിന് എന്തെങ്കിലും പറയാനുണ്ടോ? ഇന്ത്യയിലെ ഒരു സംസ്ഥാനം തന്നെയാണ് കേരളം. കേന്ദ്രസർക്കാർ നിയമപരവും ഭരണഘടനാപരവുമായ അവകാശങ്ങളെ നഗ്നമായി നിഷേധിക്കുകയും കേരളത്തിനെതിരെ സാമ്പത്തിക ഉപരോധം പ്രഖ്യാപിച്ചിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? അതിനിരയാകുന്നവർ സി.പി.ഐ.(എം.)കാരോ ഇടതുപക്ഷക്കാരോ മാത്രമല്ലല്ലോ; എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരു രാഷ്ട്രീയവുമില്ലാത്തവരുമടങ്ങുന്ന കേരള ജനത ഒന്നടങ്കം അതിന്റെ ദുരിതം അനുഭവിക്കേണ്ടിവരികയാണ്. ആ നയത്തിന്റെ രാഷ്ട്രീയത്തിനെതിരെ എന്തുകൊണ്ടാണ് യു.ഡി.എഫ്.-ന്റെ ശബ്ദമുയരാത്തത്? നികുതിഭരണത്തിൽ കെടുകാര്യസ്ഥതയുണ്ടെന്നും ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമല്ലെന്നുമാണ് അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്ന മറ്റൊരു ആരോപണം. സത്യത്തിൽ ഇതൊക്കെ കാണുമ്പോൾ അത്ഭുതമാണ് തോന്നുന്നത്. 2023 മാർച്ച് 17-ന്

നിയമസഭയിൽ സർവ്വശ്രീ ഷാഫി പറമ്പിൽ, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, എന്നിവർ ചോദിച്ച നക്ഷത്രചിഹ്നമിട്ട 483-ാം നമ്പർ ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടി പറഞ്ഞതാണ്. നിങ്ങൾക്ക് ചോദ്യം ചോദിക്കുക മാത്രമേയുള്ളോ; മറുപടി വായിച്ച് മനസ്സിലാക്കുന്ന സ്വഭാവമില്ലേ? എല്ലാം പഠിച്ചുപറയുന്ന ഒരു ആളാണല്ലോ നിങ്ങളെ നയിക്കുന്നത്. ഇതൊന്നും പഠിക്കാൻ ആരും പറഞ്ഞുതന്നിട്ടില്ലേ? എന്താണ് ഐ.ജി.എസ്.ടി. എന്ന് ധനകാര്യ വകുപ്പുമന്ത്രി ആ മറുപടിയിലൂടെ വിശദീകരിച്ചത് വായിച്ചിരുന്നെങ്കിൽ ഈ വിഡ്ഢിത്തം വിളമ്പുമായിരുന്നില്ല. ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. നികുതിദായകൻ ഫയൽ ചെയ്യുന്ന റിട്ടേണിന്മേൽ ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്. അതിൽ സംസ്ഥാന സർക്കാരിനൊരു നിയന്ത്രണവുമില്ല. നിലവിലുള്ള നികുതി നിയമമനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സുഗമമായി നടക്കുന്നുണ്ടെന്നും സംസ്ഥാനത്തിന് എല്ലാമാസവും മുടങ്ങാതെ

ഇതിൽനിന്നുള്ള വിഹിതം കിട്ടുന്നുണ്ടെന്നും അന്നുവരെ ലഭിച്ച കണക്കുൾപ്പെടെ ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ വിശദമായി പറഞ്ഞിരുന്നു. 2019-20-ൽ 10,619.71 കോടി രൂപയും 2020-21-ൽ 10,938.18 കോടി രൂപയും 2021-22-ൽ 14,098.27 കോടി രൂപയും 2022-23-ൽ 15,610 കോടി രൂപയുമായിരുന്നു ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ചത്. ജി.എസ്.ടി. സോഫ്റ്റ്‌വെയർ വഴി ഓട്ടോമാറ്റിക്കായി നടക്കുന്ന ട്രാൻസാക്ഷനാണിത്. ഇതിലെവിടെയാണ് സംസ്ഥാനത്തിന് റോളുള്ളത്? എന്തുരേഖയുടെ അടിസ്ഥാനത്തിലാണ് കൂടുതൽ കിട്ടാനുണ്ടെന്ന് വാദിക്കാൻ കഴിയുന്നത്? ജി.എസ്.ടി.-യെക്കുറിച്ച് പ്രാഥമിക ബോധമെങ്കിലുമുണ്ടെങ്കിൽ ഇങ്ങനെയൊരു അസംബന്ധം ഈ സഭയിൽ ഉന്നയിക്കുമോ? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എങ്ങനെയാണ് ഐ.ജി.എസ്.ടി. ട്രാൻസാക്ഷൻ നടക്കുന്നത്; കൂടുതൽ കിട്ടാനുണ്ടെന്ന് എങ്ങനെയാണ് നിങ്ങളുടെ സർക്കാർ അവിടെ വാദിക്കുന്നത്; എങ്ങനെയാണ് അവർ അവരുടെ അവകാശവാദം സാധൂകരിക്കുന്നത്; അങ്ങനെ വാദിച്ച് ഇന്ത്യയിലെ കോൺഗ്രസ് സർക്കാരുകൾ ഐ.ജി.എസ്.ടി.-യിലെ സംസ്ഥാന വിഹിതം

വർദ്ധിപ്പിച്ച് എത്ര കോടി രൂപയാണ് വാങ്ങിയത്? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം ചൂണ്ടിക്കാണിച്ച് ആ രീതി ഇവിടെയും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടാൽ കേൾക്കാനൊരു അന്തസ്സുണ്ട്. ഐ.ജി.എസ്.ടി.-യെക്കുറിച്ചൊരു ബോധവുമില്ലാതെ ഇത്തരം അസംബന്ധം നിയമസഭയിൽ പറയുന്നത് ശരിയാണോ എന്നത് നിശ്ചയമായും നിങ്ങൾ പരിശോധിക്കണമെന്നാണ് പറയാനുള്ളത്. സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമായി തന്നെയാണ് നടക്കുന്നതെന്ന് അഭിമാനപൂർവ്വം പറയാൻ സാധിക്കും. കേന്ദ്രത്തിന്റെ പകയും പ്രതികാരവും മുടിയഴിച്ചാടുന്നതുമൂലമുണ്ടാകുന്ന കെടുതികളെ പരമാവധി ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ നികുതി പിരിവ് സംവിധാനം പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് നികുതി പിരിവിൽ വർദ്ധനവുണ്ടാകുന്നത്. അതിന് നമ്മുടെ നികുതി വകുപ്പിലെ ഉദ്യോഗസ്ഥരെ അഭിനന്ദിക്കുകയാണ് പ്രതിപക്ഷം ചെയ്യേണ്ടത്. ആ മാന്യത അവരിൽനിന്ന് പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. പക്ഷേ, നട്ടാൽ കുരുക്കാത്ത നുണ പ്രചരിപ്പിച്ച് ആക്ഷേപിക്കാതിരിക്കാനുള്ള വകതിരിവെങ്കിലും ദയവായി

നിങ്ങൾ കാണിക്കണം. കേരളത്തിന്റെ പൊതുസംസ്കാരം നിങ്ങളിൽനിന്ന് അത് പ്രതീക്ഷിക്കുന്നുണ്ട്. കേരളം കുടിശ്ശിക പിരിക്കുന്നില്ലെന്നത് പ്രധാനപ്പെട്ടൊരാഖ്യാനമാണ്. കേരളം രൂപീകൃതമായതുമുതൽ പല ഇനങ്ങളിലുള്ള സഞ്ചിതമായ കുടിശ്ശിക ഇപ്പോൾ പിരിച്ച് കേരളത്തിന്റെ ധന അസന്തുലിതാവസ്ഥ പരിഹരിക്കാമെന്നാണ് ഇവർ വാദിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇനിയും ധാരാളം പറയാനുണ്ട്. കേരളത്തോട് ശത്രുതാപരമായ വിവേചനം കാണിക്കുന്ന കേന്ദ്രസർക്കാരിനെ രക്ഷിക്കാനുള്ള ഉപായം മാത്രമാണ് ഇവർ നടത്തുന്നത്. കേന്ദ്രത്തിന്റെ നിലപാടിനെതിരെ ചെയ്യുന്ന സമരത്തിൽ അണിചേരുകയെന്നുള്ളതാണ് പ്രതിപക്ഷം ചെയ്യേണ്ടതെന്ന് മാത്രമേ സഭ മുമ്പാകെ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കഴിഞ്ഞ കുറച്ചുനാളുകളായി പ്രത്യേകിച്ച് നവകേരള സദസ്സ് നടത്തിയപ്പോൾ കേന്ദ്രസർക്കാരിൽനിന്നും 57,000 കോടി രൂപ

ലഭിക്കാനുണ്ടെന്നാണ് കേരളംമുഴുവൻ നടന്ന് ജനങ്ങളോട് പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന സ്റ്റേറ്റ്മെന്റ് അതാണ്. അതുതന്നെയാണല്ലോ നിങ്ങളുമൊക്കെ വിശ്വസിച്ചിരിക്കുന്നത്. ഇനി അതിൽ കൂടുതലുണ്ടോയെന്ന് അറിയില്ല, ഏതായാലും അക്കാര്യം നിങ്ങൾക്ക് വിടുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 12-07-2023-ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ച കത്താണിത് (പേപ്പർ ഉയർത്തിക്കാട്ടി). നിങ്ങൾക്കാർക്കെങ്കിലും വേണമെങ്കിൽ ഈ കത്ത് പരിശോധിക്കാം. സംസ്ഥാനത്തിന് 57,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകാനുണ്ടെന്ന് കേരളത്തിലെ ജനങ്ങളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും മാറി മാറി സ്റ്റേജിൽ വന്ന് പറയുകയായിരുന്നു. നിങ്ങൾ അതിന്റെ നിജസ്ഥിതി അറിയണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രത്തോട് ചോദിച്ച തുക എത്രയാണെന്ന് നിങ്ങൾക്കറിയാമോ? Shortage of Revenue Deficit Grant ആയി 8,400 കോടി രൂപയും Loss of GST Compensation ഇനത്തിൽ 12,000 കോടി രൂപയും Restriction on borrowing limit, കടമെടുക്കാനുള്ള പരിധി

കുറച്ചതനുസരിച്ച് 8000 കോടി രൂപയുമുൾപ്പെടെ 28,400 കോടി രൂപ ലഭിക്കാനുണ്ടെന്ന് പറഞ്ഞു. അതിനുശേഷമാണ് യു.ജി.സി.-യുടെ അക്കൗണ്ടിൽ അഞ്ഞൂറ്റി ചില്വാനം കോടി രൂപയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വകയായി മറ്റൊരു അഞ്ഞൂറ്റി ചില്വാനം കോടി രൂപയുമുൾപ്പെടെ 3,469 കോടി രൂപ ലഭിക്കാനുണ്ടെന്ന കണക്ക് പറഞ്ഞത്. അങ്ങനെ ആകെ 31,869 കോടി രൂപ തരാൻ കനിവുണ്ടാകണമെന്നാണ് അങ്ങ് അയച്ച കത്തിൽ പറഞ്ഞിട്ടുള്ളത്. 31,869 കോടി രൂപയിൽ 28,400 കോടി രൂപയെന്നത് സംസ്ഥാനത്തിന്റെ wish list ആണ്. അതായത്, നമ്മൾ ആഗ്രഹിക്കുന്ന, യാചിക്കുന്ന, കരുണയായി ചോദിക്കുന്ന പണമാണ്. അങ്ങനെ പറയാൻ കാരണം, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് എന്ന് പറയുന്നത് കേന്ദ്ര സർക്കാർ 5 വർഷം മുമ്പ് പ്രഖ്യാപിച്ചതാണ്. ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതായത് 53,137 കോടി രൂപ 5 വർഷം കൊണ്ട് തരുമെന്ന് പറഞ്ഞു. ഇല്ലെന്ന് പറയാൻ സാധിക്കുമോ? 5 വർഷം മുമ്പ് പറഞ്ഞതാണ്. അന്ന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇതുപോരായെന്ന് അങ്ങ് പറഞ്ഞില്ലല്ലോ.

2022-23-ലെ അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പരിശോധിക്കണം. അതിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ഏകദേശം 8000 കോടി രൂപ കിട്ടുമെന്ന പറഞ്ഞ സ്ഥാനത്ത് 13,174 കോടി രൂപ ലഭിച്ചു. കേന്ദ്ര സർക്കാരിൽനിന്നും ഞങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ പണം കിട്ടിയെന്ന് അങ്ങ് ഇവിടെ ആരോടും പറഞ്ഞില്ലല്ലോ. പക്ഷേ, 53,137 കോടി രൂപയിൽ ബാക്കിയുള്ള 4,749 കോടി രൂപ ഈ വർഷം നൽകുമ്പോൾ സംസ്ഥാനത്തിന് കഴിഞ്ഞ പ്രാവശ്യം ലഭിച്ചതിനേക്കാളും 8,400 കോടി രൂപ കുറഞ്ഞുപോയെന്ന് പറയുന്നത് എന്തുകൊണ്ടാണ്? 53,137 കോടി രൂപയിൽ കൂടുതൽ കിട്ടില്ലല്ലോ. അതുപോലെ Loss of GST compensation 12,000 കോടി രൂപയാണെന്ന് അങ്ങ് പറഞ്ഞു. 5 വർഷം മുമ്പ് ജി.എസ്.ടി. കൗൺസിലിൽ ഈ കോമ്പൻസേഷൻ അംഗീകരിച്ചത് ഇതേ സർക്കാരും മുഖ്യമന്ത്രിയും അല്ലേ? ധനകാര്യ വകുപ്പുമന്ത്രി മാത്രമല്ലേ മാറിയിട്ടുള്ളൂ. 5 വർഷത്തെ ജി.എസ്.ടി. കോമ്പൻസേഷനായി പ്രസ്തുത തുക മതിയെന്ന് ഡോ. ടി. എം. തോമസ് ഐസക് അംഗീകരിച്ചതല്ലേ? നാലാമത്തെ വർഷമാകുമ്പോൾ ജി.എസ്.ടി.-യിൽ നിന്ന് ഇതിനേക്കാൾ കൂടുതൽ പണം കിട്ടുമെന്ന് ഇതേ

നിയമസഭയിൽ നിങ്ങളുടെ മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതല്ലേ? എന്നിട്ട് ഇപ്പോൾ അത് കിട്ടാത്തതിന് കേന്ദ്രത്തോട് 12,000 കോടി രൂപയുടെ കുറവ് വരുന്നുവെന്ന് പറഞ്ഞു. ടാക്സ് പിരിക്കാൻ നിങ്ങൾ പരാജയപ്പെട്ടതാണ് അതിന് കാരണം. 4 വർഷം കഴിയുമ്പോൾ മുഴുവൻ ടാക്സും ലഭിക്കുമെന്നാണ് പറഞ്ഞത്. അതുപോലെ കടം വാങ്ങുന്നതിനുള്ള പരിധി കുറച്ചുവെന്ന് നിങ്ങൾ പറയുന്നു. ഒരു കാര്യം നിങ്ങൾ സത്യസന്ധമായി നിയമസഭയിൽ പറയണം. ഇന്ത്യാ രാജ്യത്ത് ജി.എസ്.ഡി.പി.-ഡെബ്റ്റ് റേഷ്യോ കൂടുതലുള്ള സംസ്ഥാനം പഞ്ചാബാണ്. പഞ്ചാബ് കഴിഞ്ഞാൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. ഇപ്പോൾ നിങ്ങളെത്തി നിൽക്കുന്ന ഡെബ്റ്റ് റേഷ്യോ 39.1 ശതമാനമാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2012-ൽ ഇത് 26 ശതമാനവും പിന്നീട് 26.7 ശതമാനവുമായി. 2014-ൽ ഇത് 27 ശതമാനവും പിന്നീട് 28 ശതമാനമായും മാറിയെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. അങ്ങ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഈ സർക്കാരിന്റെ ഡെബ്റ്റ് റേഷ്യോ 30 ശതമാനത്തിൽ താഴെയായിരുന്നു. അങ്ങ് 7 വർഷം ഭരിച്ച് കഴിഞ്ഞപ്പോൾ ഇന്ത്യാ രാജ്യത്ത്

ഏറ്റവും വലിയ കടബാധ്യതയുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. എന്നിട്ട് ഇനിയും കടമെടുക്കാനുള്ള അനുമതി നൽകണമെന്നാണ് പറയുന്നത്. ബോറോയിംഗ് ലിമിറ്റിൽ എവിടെയാണ് കുറവ് വരുത്തിയത്? ആഭ്യന്തരോൽപാദനത്തിന്റെ മൂന്ന് ശതമാനം വായ്പയെടുക്കാം. എഫ്.ആർ.ബി.എം. ആക്ടിന് കറസ്പോണ്ടിംഗായി ഈ നിയമസഭ പാസ്സാക്കിയ നിയമമനുസരിച്ച് വരുമാനത്തിന്റെ മൂന്ന് ശതമാനത്തിൽ സംസ്ഥാനത്തിന്റെ കടബാധ്യത നിർത്തണ്ടേ? എന്നാൽ അത് റിലാക്സ് ചെയ്തുതരണമെന്നാണ് ഇപ്പോൾ പറയുന്നത്. Off budget borrowing അങ്ങേയ്ക്ക് നടത്താമായിരുന്നു. എങ്ങനെയാണ് അത് നടത്തേണ്ടത്? ഓഫ് ബഡ്ജറ്റ് ബോറോയിംഗ് നടത്തിയിരുന്നെങ്കിൽ സംസ്ഥാനത്തെ ഇത്രയും ബാധിക്കില്ലായിരുന്നു. ഈ സർക്കാർ കിഫ്ബി രൂപീകരിച്ചില്ലേ? കിഫ്ബിക്ക് 'ട്രിപ്പിൾ എ' റേറ്റിംഗുണ്ടായിരുന്നുവെങ്കിൽ സർക്കാർ ഗ്യാരന്റി കൊടുക്കാതെതന്നെ ജനം പണം ഇൻവെസ്റ്റ് ചെയ്യുമായിരുന്നു. അതിനെയാണ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്നുപറയുന്നത്. അതിന് ഈ സർക്കാരിൽ ജനങ്ങൾക്ക്

വിശ്വാസ്യതയുണ്ടാകണം; പണം നിക്ഷേപിച്ചാൽ തിരികെ കിട്ടുമെന്ന ബോധ്യം വേണം. സാധാരണ ഏത് സർക്കാരും കടം വാങ്ങുന്നതുപോലെയാണ് കിഫ്ബിയും വാങ്ങിയത്. കാരണം ഈ സർക്കാരിന്റെ ഗ്യാരണ്ടിയിലല്ലേ പണം കിട്ടിയത്. സർക്കാർ ഗ്യാരണ്ടി കൊടുക്കാതെ ഒരു രൂപ വാങ്ങാൻ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഇതെല്ലാം സർക്കാരിന്റെയും ജനങ്ങളുടെയും ബാധ്യതയായി വന്നില്ലേ? ഞാൻ അങ്ങയോട് ഡെബ്റ്റ് റേഷ്യോയെപ്പറ്റി പറഞ്ഞല്ലോ. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളുടെ ഡെബ്റ്റ് റേഷ്യോയെക്കുറിച്ച് അങ്ങ് അറിയുന്നത് നല്ലതാണ്. നമ്മളെക്കാളും താഴെയാണെന്ന് നമ്മൾ സ്വയം അഹങ്കരിച്ച് പറയുന്ന ആന്ധ്രാപ്രദേശിന്റെ റേഷ്യോ 32.8-ഉം തമിഴ്നാടിന്റേത് 27.7 -ഉം കർണ്ണാടകയുടേത് 27.5-ഉം തെലങ്കാനയുടേത് 25.3-ഉം ശതമാനമാണ്. എന്നാൽ നമ്മൾ 39.1 ശതമാനത്തിൽ നിന്നിട്ടാണ് ഇനിയും കടമെടുക്കാൻ അനുമതി നൽകണമെന്ന് പറയുന്നത്. പക്ഷേ, എത്ര തുക പിരിച്ചെടുക്കാനുണ്ടെന്ന്

അങ്ങ് നിയമസഭയോടോ ജനങ്ങളോടോ പറയാൻ തയ്യാറാകണ്ടേ? ഈ സർക്കാരിന് 28,258 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ഡോ. മാത്യു കുഴൽനാടൻ: സർ, പ്ലീസ്.... ഞാൻ കൺക്ലൂഡ് ചെയ്യട്ടോട്ടേ?

(.....മൈക്ക് ഓഫ്.....)

മി. സ്പീക്കർ: അത് നിങ്ങളുടെ പാർലമെന്ററി പാർട്ടി തീരുമാനിക്കേണ്ടതാണ്. I am helpless.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ഡോ. മാത്യു കുഴൽനാടൻ സംസാരിക്കുന്നത് ആർക്കുവേണ്ടിയാണെന്ന കാര്യം എല്ലാവർക്കും ബോധ്യപ്പെടും. ഇവിടെയില്ലാത്ത ചില കക്ഷികളുടെ പിന്തുണയും പ്രോത്സാഹനവുമാണ് ഈ സഭയിൽ അദ്ദേഹം കാണിക്കുന്നത്. ആ വക്കാലത്ത് വേണ്ടായിരുന്നു എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അതുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തിന് കിട്ടിയത് കുട്ടതലായിപ്പോയി എന്ന് ചിലർ വാദിക്കുന്നത്. ഇത് കുറയ്ക്കണമെന്നാണ് പറയുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കുമ്പോൾ

കുറച്ചുകൂടി ഗൗരവപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കണം. കന്നുകാലിത്തൊഴുത്തും കുളവും ലിഫ്റ്റും നവകേരള സദസ്സിന്റെ ബസ്സും സംബന്ധിച്ച് പറയുന്ന റേഞ്ച് കൂട്ടണം. അങ്ങനെയല്ലാതെ ഇനി മുന്നോട്ട് പോകാൻ കഴിയില്ല എന്നുള്ള കാര്യംകൂടി അറിയിക്കുകയാണ്. മറ്റെങ്ങും കാണാത്ത രീതിയിലാണ് കേന്ദ്ര സർക്കാർ കേരളത്തിന് അവകാശപ്പെട്ട ആനുകൂല്യങ്ങളും ഫണ്ടും വെട്ടിക്കുറയ്ക്കുന്നത്. ഇവിടത്തെ ഗവർണ്ണറും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും മറ്റ് സംവിധാനങ്ങളുമുൾപ്പെടെ കേരളത്തെ നന്നായി വരിഞ്ഞുമുറുക്കുകയാണ്. അത്തരം സന്ദർഭത്തിൽ ഒപ്പമുണ്ടാകേണ്ടവരും കേരളജനത ധാർമ്മിക പിന്തുണ പ്രതീക്ഷിക്കുന്നവരുമായ പ്രതിപക്ഷം ഇപ്പോൾ പുറംതിരിഞ്ഞിരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കാട് കാണാതെ മരം മാത്രം കാണുന്നതുപോലെയാണ് പ്രതിപക്ഷം ഉയർത്തുന്ന ആരോപണങ്ങൾ. ഒരു ചെറിയ ബലൂൺ വീർപ്പിക്കുമ്പോൾ അതിന്റെ അവസാനം എന്ത് സംഭവിക്കുമെന്ന് നമുക്കറിയാം. യഥാർത്ഥ സ്ഥിതിയും ഇതുപോലെയാകുമെന്ന കാര്യത്തിൽ തർക്കമില്ല.

2016 മേയ് മാസത്തിലാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലേറുന്നത്. ആ സർക്കാരിന് അസ്ഥിരമായ ഒരു സമ്പദ്ഘടനയാണ് മുൻ സർക്കാർ കൈമാറിയതെന്ന് എല്ലാവർക്കുമറിയാം. അന്നത്തെ ധവളപത്രവും അതനുസരിച്ചുള്ള കണക്കുകളുമൊക്കെ സാമ്പത്തികസ്ഥിതി വ്യക്തമാക്കുന്നുണ്ട്. 173.46 കോടി രൂപയുടെ കടമായിരുന്നു അന്ന് കൈമാറിയത്. അതിനുശേഷം കേരളം അനുഭവിച്ച തീക്ഷ്ണമായ പ്രശ്നങ്ങളെക്കുറിച്ച് ആവർത്തിക്കേണ്ടതില്ലല്ലോ. ഓഖി, പ്രളയം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കേരളം അഭിമുഖീകരിക്കുകയുണ്ടായി. മാത്രമല്ല, സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും ഹയർ സെക്കണ്ടറി അധ്യാപകർക്ക് നൽകേണ്ട ഭീമമായ സംഖ്യയുമടക്കം വലിയ രീതിയിൽ സാമ്പത്തികം വിനിയോഗിക്കുന്ന ഗവൺമെന്റാണിത്. അതോടൊപ്പമാണ് മറ്റ് പ്രതിസന്ധികളെയും നാം നേരിട്ടത്. ആ സാഹചര്യത്തിലാണ് പുറത്തുനിന്നുള്ള സമ്പത്ത് കണ്ടെത്താനുള്ള ശ്രമമെന്ന നിലയിൽ കിഫ്ബി

രൂപീകരിച്ചത്. അന്ന് നിയമസഭയിൽ ശക്തമായ വാദമുഖങ്ങളാണ് അതിനെതിരെ ഉയർന്നുവന്നത്. ഒരു പുതിയ പദ്ധതി കൊണ്ടുവരുന്നുയെന്ന അർത്ഥത്തിലല്ല, ഇത് തങ്ങളുടെ നിയോജകമണ്ഡലത്തിലും വേണമെന്ന അർത്ഥത്തിൽ അതുമായി ബന്ധപ്പെട്ട വാദഗതികൾ പറയുന്നതോടൊപ്പംതന്നെ ഇത് തെറ്റാണെന്ന് സ്ഥാപിക്കാനും ശ്രമിച്ചു. ഞങ്ങളിത് പാസ്സാക്കിയാൽ കോടതിയിൽ ചലഞ്ച് ചെയ്ത് ഇല്ലാതാക്കാൻ ശ്രമിക്കുമെന്ന് പറഞ്ഞ ചിലർ ഈ നിയമസഭയിൽ ഇപ്പോഴുമുണ്ട്. അന്ന് നിയമസഭയിൽ ഉയർത്തിയ വാദങ്ങളിൽ പ്രധാനപ്പെട്ടത് ഇന്ന് ബി.ജെ.പി. ഉയർത്തുന്ന വാദങ്ങളിലൊന്നാണ്. കിഫ്ബിയുടെ കടബാധ്യതയെ സംസ്ഥാനത്തിന്റെ പൊതുകടത്തിലുൾപ്പെടുത്തുമെന്നാണ് പറഞ്ഞത്. ഇത്തരത്തിൽ പൊതുകടത്തിൽ ഉൾപ്പെടുത്താനുള്ള രീതിയിൽ ചിന്തിക്കുന്ന സ്ഥിതിയുണ്ടാക്കിയതിന് ഉത്തരവാദി യഥാർത്ഥത്തിൽ യു.ഡി.എഫ്. ആണെന്ന് തിരിച്ചറിയേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ കടമെടുപ്പ് ശേഷി വരുമാനത്തിന്റെ മൂന്ന് ശതമാനമെന്ന നിലപാട് സ്വീകരിച്ചത് രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. സംസ്ഥാനത്തിന് കടമെടുക്കാനുള്ള

പരിധി മൂന്ന് ശതമാനത്തിലേയ്ക്കെത്തിച്ചതിന്റെ ഉത്തരവാദിത്വം ഈ നിയമസഭയിലെ യു.ഡി.എഫ്. അംഗങ്ങൾക്കാണ്. നമ്മുടെ സാധ്യതകളെയെല്ലാം ഒന്നൊന്നായി മാറ്റുന്നതിനുവേണ്ടി മറ്റുള്ളവരോടൊപ്പം നിൽക്കുന്ന പരിതാപകരമായ സ്ഥിതിയാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ബി.ജെ.പി. അംഗം മാത്രമാണ് സഭയിലുണ്ടായിരുന്നത്. അടുത്ത പ്രാവശ്യം ആ അക്കൗണ്ടും പൂട്ടുമെന്ന് നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അപ്രകാരം ആ അക്കൗണ്ട് പൂട്ടിത്തന്നെയാണ് രണ്ടാമതും പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നത്. ഇവിടെ അവർക്ക് നഷ്ടപ്പെടാനൊന്നുമില്ലാത്ത സ്ഥിതിയാണ്. നമ്മളെ കൂടുതൽ കുഴപ്പത്തിലാക്കാൻ പരിശ്രമിക്കുകയാണവർ. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസം അനുസരിച്ച് സംസ്ഥാനങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. നേരത്തെയുണ്ടായിരുന്ന സെസ്സും മറ്റും മാറി ജി.എസ്.ടി.-യിലേയ്ക്ക് വന്നപ്പോൾ സംസ്ഥാന സർക്കാരിന് പെട്രോൾ, ഡീസൽ, മദ്യം തുടങ്ങി നാമമാത്രമായ ഇനങ്ങളിൽനിന്ന് മാത്രമെ അധിക വരുമാനം കണ്ടെത്താൻ

സാധിക്കുകയുള്ളൂ. മറ്റ് അധികാരങ്ങളെല്ലാം സംസ്ഥാനത്തിന് നഷ്ടമായി. മാത്രമല്ല, കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നു. ചെലവുകളെല്ലാം സംസ്ഥാന സർക്കാർ വഹിക്കുകയും വരുമാനം തങ്ങൾ എടുത്തുകൊള്ളാമെന്നതുമാണ് കേന്ദ്രത്തിന്റെ രീതി. സംസ്ഥാനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ പരിശോധിച്ചാൽ, ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ധാരാളമായി സാമ്പത്തിക സഹായം കൊടുക്കുന്നതായി കാണാൻ സാധിക്കും. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ, കിഫ്ബി ഉൾപ്പെടെയുള്ളവയുടെ ബാധ്യതയെ പൊതുകടത്തിൽ ഉൾപ്പെടുത്തി മറ്റ് പലവിധ കാരണങ്ങളും പറഞ്ഞുകൊണ്ട് അവരുടെ വാങ്ങാനുള്ള ശേഷി അടക്കമുള്ള കാര്യങ്ങളിൽ എങ്ങനെ കുറവ് വരുത്താൻ കഴിയുമെന്ന ചിന്തയാണ് അവിടെ സംഭവിക്കുന്നത്. മാത്രമല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ആകെ വരുമാനത്തിന്റെ 62.7 ശതമാനം കേന്ദ്രത്തിനും ചെലവിന്റെ 62.4 ശതമാനം സംസ്ഥാനത്തിന്റെയും ഉത്തരവാദിത്വമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, ജി.എസ്.ടി. വരുമാനത്തിന്റെ

ഏകദേശം നേർപകുതി മാത്രമാണ് നമുക്ക് ലഭിക്കുന്നത്. ഇത് ഒരു രാജ്യത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമാണെന്ന് പറയാൻ നാം ഏതെങ്കിലും വേദി ഉപയോഗിക്കുമ്പോൾ അവിടെ ഒരുമിച്ച് നിൽക്കേണ്ടവരല്ലേ നിങ്ങൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമെല്ലാം ഡൽഹിയിൽ നടത്തുന്ന സമരത്തെക്കുറിച്ച് ആദ്യമായി സംസാരിച്ചത് പ്രതിപക്ഷത്തോടാണ്. കേരളത്തിന്റെ ശബ്ദം ഡൽഹിയിൽ ഉയർത്തുമ്പോൾ ഇവർകൂടി ഒരുമിച്ചുണ്ടാകേണ്ടതല്ലേ? ഇത് സമ്മേളനമാണോ, പ്രതിഷേധമാണോ തുടങ്ങിയ നിസ്സാര കാര്യങ്ങളല്ലല്ലോ ഈ അവസരത്തിൽ ഉന്നയിക്കേണ്ടത്. കേരളത്തിലെ ഓരോ പൗരനും അവകാശപ്പെട്ട കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാമെന്ന യോജിപ്പോടുകൂടിയുള്ള സമീപനമല്ലേ ഉണ്ടാകേണ്ടത്.

മറ്റൊരു കാര്യം, നോട്ട് നിരോധനം വന്നപ്പോഴുണ്ടായ സ്ഥിതിയെന്താണ്? സാമ്പത്തിക ഉപദേശകൻ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യൻ, മുൻ റിസർവ് ബാങ്ക് ഗവർണർ ശ്രീ. രഘുറാം രാജൻ എന്നിവരെല്ലാം നോട്ട് നിരോധനം സംബന്ധിച്ചുള്ള കള്ളക്കളികളും

കേരളത്തിനുണ്ടാകുന്ന ദോഷങ്ങളുമെല്ലാം വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അതൊക്കെ നാം വായിക്കുന്നതും അതിനനുസരിച്ചുള്ള പരിപാടികളിൽ പ്രതിപക്ഷമുൾപ്പെടെ സഹകരിക്കുന്നതും നല്ലതായിരിക്കും എന്നാണ് എന്റെ അഭിപ്രായം. ഇതോടൊപ്പംതന്നെ ഭക്ഷ്യ-പൊതുവിതരണ രംഗത്തെ കേന്ദ്ര അവഗണന നാം മനസ്സിലാക്കേണ്ടതാണ്. എത്രത്തോളം പേർക്കാണ് സംസ്ഥാനത്ത് റേഷൻ വിഹിതം പരിമിതപ്പെടുത്തിയത്? വിലക്കയറ്റം, ഭക്ഷ്യ-സിവിൽ സപ്ലൈസ് എന്നീ കാര്യങ്ങളൊക്കെ പറയുമ്പോൾത്തന്നെ കേന്ദ്രം കാണിക്കുന്ന അവഗണനകളെ എതിർത്ത് പറയാൻ പ്രതിപക്ഷത്തിന് സാധിക്കുന്നില്ല. 15480000 പേർക്ക് (ഏകദേശം 40-43 ശതമാനം പേർക്ക്) മാത്രമാണ് നിലവിൽ റേഷൻ ലഭിക്കുന്നത്. അതുപോലെതന്നെ മണ്ണെണ്ണയുടെ ലഭ്യതക്കുറവിൽ മത്സ്യബന്ധന മേഖലയിലുള്ളവർ എത്രത്തോളം വിഷമം അനുഭവിക്കുന്നുണ്ടെന്ന് നമുക്കറിയാം. അങ്ങനെ ഓരോ രംഗത്തും വെട്ടിക്കുറവ് വരുത്തുകയാണ്. ഇത്തരത്തിൽ കുറവുകൾ വരുത്തുമ്പോഴും സംസ്ഥാന സർക്കാർ കടമെടുക്കുന്നത് എന്തിനുവേണ്ടിയാണെന്നത് പ്രധാനപ്പെട്ട ചോദ്യമാണ്.

അത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് വീടുണ്ടാക്കാനും സാധാരണക്കാരന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാനുള്ള സൗകര്യമുണ്ടാക്കാനും ആരോഗ്യമുള്ള നല്ലൊരു ജനതയെ സൃഷ്ടിക്കാനുമാണ്. അത്തരത്തിൽ കടമെടുത്താലും പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന ഒരു ഗവൺമെന്റായി അടയാളപ്പെടുത്തണമെന്ന കൃത്യമായ ബോധ്യത്തിലൂടെയാണ് നമ്മുടെ സർക്കാർ മുന്നോട്ടുപോകുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. പ്രിയപ്പെട്ടവരേ, ഷേക്സ്പിയറിന്റെ ക്ലിയോപാട്രയെക്കുറിച്ചുള്ള കൃതിയിലെ പ്രധാന കഥാപാത്രമായ ജൂലിയസ് സീസറിനെ ബ്രൂട്ടസ് പിന്നിൽനിന്നും കുത്തി പടക്കളത്തിൽ വീഴ്ത്തുന്ന ഒരു രംഗമുണ്ട്. ആ വീഴുന്ന ജൂലിയസ് സീസറിനെപ്പോലെ ആയിരിക്കില്ല ഈ ഇടതുപക്ഷ ഗവൺമെന്റിന്റെ നേതാക്കളെന്നും അതിന് പിന്തുണ നൽകാൻ പ്രതിപക്ഷം ഉറപ്പായും ഉണ്ടാകണമെന്നും മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്ന് രാവിലെ മുതൽ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ആദ്യത്തെ

ചോദ്യംതന്നെ അതിനെക്കുറിച്ചായിരുന്നു; അതുകഴിഞ്ഞ് അടിയന്തരപ്രമേയം ഗവൺമെന്റ് ചർച്ചയ്ക്കെടുത്തു. എല്ലാവരും ഇപ്പോൾ ചർച്ച ചെയ്യുന്നത് സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ്. ഒരു കണക്കിനത് ശരിയാണ്; കാൽ പൈസ കൈയിലില്ലെങ്കിൽ മറ്റെന്താണ് ചെയ്യാനുള്ളത്. അതുകൊണ്ട് ഇപ്പോൾ ആ വിഷയം ചർച്ച ചെയ്യുകയല്ലാതെ വേറെ നിർവ്വാഹമില്ല. നാം അകപ്പെട്ടിരിക്കുന്ന ഈ പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും ഗൗരവമായെടുത്തിട്ടുണ്ടോയെന്നതാണ് എന്റെ സംശയം. കാരണം ഗവൺമെന്റിന് ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. എ. കെ. ആന്റണി മന്ത്രിസഭ അധികാരത്തിൽ വന്ന കാലഘട്ടത്തിൽ ഇതുപോലൊരു സാമ്പത്തിക പ്രതിസന്ധിയുണ്ടായി. ജീവനക്കാരുടെ ലീവ് സറണ്ടറൊക്കെ വെട്ടിച്ചുരുക്കിയതുമൂലം വലിയ പ്രക്ഷോഭമൊക്കെയുണ്ടായ സാഹചര്യം എല്ലാവർക്കും ഓർമ്മയുണ്ടാകും. അന്ന് സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത് എന്നൊരു മെസ്സേജ് ഞങ്ങൾ കൊടുത്ത്, ധവളപത്രം ഇറക്കുകയും സർക്കാർ അടുത്തതായി ചെയ്യാൻ പോകുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും

ചെയ്തിരുന്നു. അതിന്റെ ഭാഗമായാണ് ലീവ് സറണ്ടറൊക്കെ വെട്ടിച്ചുരുക്കിയത്. പക്ഷേ ഞങ്ങൾ അന്ന് മുണ്ടുമുറുക്കി ഉടുക്കുകയാണ് എന്നൊരു മെസ്സേജാണ് കൊടുത്തത്. എന്നാൽ ഇവിടെ സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് ചെലവ് ചുരുക്കുകയാണെന്ന തരത്തിലുള്ള economic measures ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ? ഇവിടെ നിരവധി കാര്യങ്ങളാണ് മുടങ്ങിക്കൊണ്ടിരിക്കുന്നത്. പോലീസിന് അത്യാവശ്യമായി എവിടെയെങ്കിലും പോകേണ്ടിവന്നാൽ പെട്രോളടിക്കാൻപോലും പണമില്ലെന്നാണ് പറയുന്നത്. അങ്ങനെ പോലീസിംഗ് വരെ സാമ്പത്തിക പ്രതിസന്ധി കൊണ്ട് നിന്നുപോകുന്ന ഒരു സ്ഥിതിവന്നാൽ അവസ്ഥയെന്താകും? ഗുരുതര സാമ്പത്തിക പ്രതിസന്ധിയാണ് ഇപ്പോൾ ബാധിച്ചുതുടങ്ങിയിരിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്; പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്രയെണ്ണം തുറന്നു, ഇത്രയെണ്ണം അടച്ചുപൂട്ടി എന്നൊക്കെ നാം പറയാറുണ്ട്. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ട് കിട്ടാനില്ലാതെ ജീവനക്കാർക്ക്

ശമ്പളംപോലും കൊടുക്കാനാകാത്ത സ്ഥിതിയാണ്. എന്നാൽ ഈ വിഷയം ഗവൺമെന്റ് ഗൗരവത്തിലെടുത്തിട്ടില്ല എന്നതാണ് എന്റെ വിമർശനം. അങ്ങനെയല്ലെങ്കിൽ ചെലവ് ചുരുക്കൽ നടപടികൾ എന്നുപറഞ്ഞ് ധൂർത്ത് അവസാനിപ്പിക്കണം. മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

നിലവിലുള്ള ജി.എസ്.ടി. സിസ്റ്റത്തെക്കുറിച്ചുള്ള ചോദ്യത്തിന് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉത്തരം പറഞ്ഞപ്പോൾ എനിക്ക് അതിശയം തോന്നി. സിസ്റ്റം ഇപ്പോഴും ശരിയായിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ജി.എസ്.ടി. നടപ്പാക്കി ഏഴ് വർഷം കഴിഞ്ഞിട്ടും ഐ.ജി.എസ്.ടി. നമുക്ക് കിട്ടുന്നില്ല എന്ന് സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. കേരളം എങ്ങോട്ടാണ് പോകുന്നത്? അനധികൃത ചരക്കുനീക്കം കണ്ടുപിടിക്കാനുള്ള സംവിധാനം ചെക്ക്പോസ്റ്റുകളിൽ നേരത്തെയുണ്ടായിരുന്നു. അതുപോലെ നികുതി ചുമത്താനും നോട്ടീസ് കൊടുത്ത് കേസ് നടത്തി നികുതി പിരിച്ചെടുക്കാനുമൊക്കെ നമുക്ക് അധികാരമുണ്ടായിരുന്നു. എന്നാൽ നിലവിലെ ജി.എസ്.ടി. സമ്പ്രദായമനുസരിച്ച് അതിനൊന്നും സാധിക്കില്ല. ഒരു നിശ്ചിത ശതമാനം

തുക അടച്ച് ഇൻകം ടാക്സിന്റെ കാര്യത്തിൽ ചെയ്യുന്നതുപോലെ അപ്പീൽ പോകാവുന്നതാണ്. പഴയ സിസ്റ്റം മാറിയിട്ടുണ്ട്. സെയിൽസ് ടാക്സ് ഓഫീസർമാർക്ക് ഇപ്പോഴും ഈ സിസ്റ്റം മനസ്സിലായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് രാവിലെ പറഞ്ഞതും അതാണ്; നമുക്കുതന്നെ നേരാംവണ്ണം ഈ സിസ്റ്റം ശരിയാക്കാൻ കഴിഞ്ഞിട്ടില്ല. ടാക്സ് ഈടാക്കാനുള്ള നമ്മുടെ അധികാരം നഷ്ടമായി. നേരത്തെ മാറിമാറി അധികാരത്തിൽ വന്നിരുന്ന ഗവൺമെന്റുകൾ ബജറ്റ് അവതരിപ്പിക്കുമ്പോൾ പണമില്ലെങ്കിൽ ടാക്സ് കൂട്ടി പണം കണ്ടെത്തി കാര്യങ്ങൾ ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ അതിനുള്ള അധികാരമില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് സിസ്റ്റം മെച്ചപ്പെടുത്താൻ മാത്രമല്ല സിസ്റ്റത്തിൽ ചോർച്ചയുണ്ടാക്കാനും സാധിക്കും. അതിനെ മാത്രം ആശ്രയിച്ചിരുന്നിട്ട് കാര്യമില്ല. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും സിസ്റ്റം വർക്ക് ചെയ്യുന്നില്ല, ഫണ്ട് കിട്ടുന്നില്ല, ഐ.ജി.എസ്.ടി. കിട്ടുന്നില്ല, അതുപോലെ ചെലവുകൾ കൂടിയിരിക്കുന്നു. മുണ്ട് മുറുക്കി ഉടുക്കണം എന്നുപറയുമ്പോൾ ഒരു ദയയില്ലാത്ത വിമർശനമായി കരുതരുത്. ഇപ്പോഴത്തെ കോൺട്രാക്ട് അപ്പോയിന്റ്മെന്റുകൾ എത്രയാണ്?

കുറച്ച് പേരെ നിയമിക്കുന്നത് നമുക്ക് മനസ്സിലാക്കാം. പക്ഷേ ഇവിടെ എത്ര കരാർ നിയമനങ്ങളാണുള്ളത്; ഇതിന്റെ ചെലവ് എത്ര വരും? അതുപോലെ ഓരോരുത്തരെ ഓരോ സ്ഥാനത്ത് നിയമിക്കാൻ വേണ്ടി എത്രയോ ബോർഡുകളാണ് രൂപീകരിച്ചിട്ടുള്ളത്. അതിന്റെ ചെയർമാൻമാരെയും ജീവനക്കാരെയും നിയമിച്ചുകൊണ്ട് എത്ര രൂപയാണ് ചെലവാക്കുന്നത്. ഇതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? അതുപോലെ ഇവന്റ് മാനേജ്മെന്റ് കുറച്ച് ചുരുക്കിക്കൂടേ; എത്രയാണ് അധിക ചെലവ് വരുന്നത്? ചെലവുകൾക്കൊന്നും യാതൊരു കുറവുമില്ല. കേന്ദ്രത്തിൽനിന്നും ഫണ്ട് കൃത്യമായി വാങ്ങിയെടുക്കാൻ ശ്രമിക്കണം. റോഡിൽ ഇറങ്ങി പായുന്ന ഒരു ഗവർണ്ണറാണ് നമുക്കുള്ളത്. ഇത് വല്ലാത്തൊരു സ്ഥിതിയാണ്. കൊല്ലത്ത് റോഡിലൂടെയുള്ള ആ ഓട്ടം മിക്കവാറും ആളുകളുടെ മനസ്സിൽനിന്നും മാഞ്ഞുപോകില്ല. ഞങ്ങളാരും അതിനെ അനുകൂലിക്കുന്നില്ല. അതൊരു നാണംകെട്ട ഓട്ടമാണെന്നതിൽ സംശയമില്ല. പക്ഷേ ആ സ്ഥിതിവിശേഷമുണ്ടാക്കുന്ന ആപത്തിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്തിക്കണം. ഞങ്ങളെ ഡൽഹിയിൽ പ്രക്ഷോഭത്തിന് വിളിച്ചു;

എപ്പോഴാണത്? ഇപ്പോൾ ഒന്നിച്ച് പ്രക്ഷോഭത്തിന് വരാൻ കഴിയില്ല. കാരണം ഇപ്പോൾ നാം തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോകുകയാണ്. അങ്ങനെ പ്രക്ഷോഭത്തിന് പോകണമെന്നുണ്ടെങ്കിൽ കുറച്ച് നേരത്തെ ആകാമായിരുന്നു. കേന്ദ്രത്തിന്റെ മുന്നിൽ നമ്മുടെ സാമ്പത്തിക പ്രതിസന്ധി കൃത്യമായി അവതരിപ്പിക്കാൻ സർക്കാരിന് കഴിയുന്നുണ്ടോ? ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഒരു സിസ്റ്റമുണ്ടായിരുന്നു. അദ്ദേഹം കേന്ദ്രത്തിൽ പോകുമ്പോൾ ഞങ്ങൾ മന്ത്രിമാർ കൂടെയുണ്ടാകും. അവിടെ ചെന്ന് നിവേദനം നൽകും, അതുകഴിഞ്ഞ് മന്ത്രിമാർ അത് ഫോളോ അപ്പ് ചെയ്യും. അങ്ങനെയുള്ള സിസ്റ്റമൊന്നും ഇപ്പോഴില്ല. കേന്ദ്രം ശ്രദ്ധിക്കുന്നത് ഗവൺമെന്റും ഗവർണ്ണറും തമ്മിലുള്ള തർക്കമാണ്. ഇപ്പോൾ നാം സമരത്തിന് പോകുമ്പോൾപോലും അടിക്കാൻ വരികയാണെന്നാണ് അവർ കരുതുന്നത്. ആ ഒരു മനോഭാവത്തിലിരിക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റാണ് നമുക്കുള്ളതെന്നതിൽ ആർക്കും സംശയമില്ല. പക്ഷേ കൃത്യമായി ഫോളോ-അപ്പ് ചെയ്ത് കേരളത്തിന് കിട്ടാനുള്ളത് നേടിയെടുക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതിനുള്ള ഒരു ശ്രമവും ഇതുവരെ നടന്നിട്ടില്ല. അത്

നടത്തേണ്ടതായിരുന്നു എന്നതാണ് എന്റെ വിമർശനം. എല്ലാം മുറപോലെ നടന്നോളുമെന്നും ചെലവൊക്കെ പഴയതുപോലെ ആയാലും കുഴപ്പമില്ലെന്നും പുണ്യാളൻ കാത്തോളുമെന്നുമൊക്കെ പറഞ്ഞിരുന്നാൽ ഇവിടെ പെട്രോളടിക്കാനും പെൻഷനും ശമ്പളത്തിനും ഉച്ചക്കഞ്ഞി വിതരണത്തിനും പൈസയില്ലാതെ എല്ലാം മുടങ്ങിയാൽ എന്തു സംഭവിക്കുമെന്നുള്ളതിനെപ്പറ്റി സർക്കാർ ആലോചിക്കണം. നവകേരള സദസ്സ് നടത്തിയപ്പോൾ ലഭിച്ച പരാതികളിന്മേൽ എന്ത് ചെയ്യാൻ സാധിക്കും? പണമില്ലെങ്കിൽ ഒന്നും നടക്കില്ല. സർക്കാരിന്റെ മുന്നിലുള്ള ഗുരുതര പ്രശ്നമാണ് സാമ്പത്തിക പ്രതിസന്ധി. അടിയന്തരപ്രമേയം ചർച്ച ചെയ്യാനെടുത്തത് പ്രതിപക്ഷത്തെ പറഞ്ഞുമനസ്സിലാക്കാനാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ പറഞ്ഞത്. ഞങ്ങളെ പറഞ്ഞ് മനസ്സിലാക്കലല്ല മറിച്ച്, സംസ്ഥാനത്തെയാകെ പ്രതിസന്ധിയിലാക്കിയ ഈ സ്ഥിതിയിൽനിന്നും സർക്കാരിന് എങ്ങനെ തലയൂരാമെന്ന് നോക്കലാണ് പ്രശ്നമെന്നാണ് ഈ അടിയന്തരപ്രമേയ ചർച്ചയിൽ ഇടപെട്ടുകൊണ്ട് എനിക്ക് പറയാനുള്ളത്.

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** സർ, നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു സവിശേഷ ദിവസമാണ്. കാരണം രാഷ്ട്രപിതാവ് രക്ഷസാക്ഷിത്വം വഹിച്ചതിന്റെ ഓർമ്മ പുതുക്കുന്ന ദിനമാണ്. മഹാത്മജിക്ക് രാജ്യത്തെക്കുറിച്ചൊരു സ്വപ്നമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായൊരു ഭരണഘടനയാൽ ഭരിക്കപ്പെട്ട് മുന്നോട്ടുപോകുന്ന രാജ്യമാണ് നമ്മുടെ ഭാരതം. പക്ഷേ ഇന്നത്തെ കേന്ദ്ര ഭരണാധികാരികൾ ഭരണഘടനയുടെ അന്തഃസത്തയും മഹാത്മജിയുടെ സ്വപ്നത്തെയുമെല്ലാം കൊന്നുകുഴിച്ചുമൂടുന്ന സമീപനവുമായി മുന്നോട്ടുപോകുമ്പോൾ ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം അതിനൊപ്പം നീങ്ങുന്ന നിർഭാഗ്യകരമായ കാഴ്ചയാണ് കാണുന്നത്. ഇവിടെ ഡോ. മാത്യു കുഴൽനാടൻ പ്രസംഗിക്കുന്നത് കേട്ടപ്പോൾ ബി.ജെ.പി.-യുടെ ഒരു അംഗം ഈ സഭയിലില്ലാത്തതിന്റെ കുറവ് അദ്ദേഹം പരിഹരിച്ചുവെന്നാണ് എനിക്ക് തോന്നിയത്. കേന്ദ്ര സർക്കാർ വല്ലാതെ ഞെരുക്കി എല്ലാ അർത്ഥത്തിലും നമുക്ക് കിട്ടേണ്ട അവകാശങ്ങൾ നിഷേധിക്കുമ്പോൾ ഈ സംസ്ഥാനത്തിനുവേണ്ടി ശബ്ദമുയർത്താൻ

ബാധ്യതയുള്ള യു.ഡി.എഫ്. അതിൽനിന്നും ഒളിച്ചോടുന്നുവെന്നുമാത്രമല്ല കേന്ദ്രനയങ്ങൾക്ക് സ്തുതി പാടുന്ന സമീപനത്തിലേയ്ക്കെത്തിയിരിക്കുന്നത് സംസ്ഥാന താൽപര്യത്തിന് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിരുദ്ധ നയങ്ങൾക്കെതിരെ നമുക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കേണ്ടിവന്നു. അടുത്തമാസം എട്ടാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിനെതിരെ പ്രക്ഷോഭവുമായി മുന്നോട്ടുപോകുകയാണ്. അതിന് ക്ഷണിച്ചിട്ട് അക്കാര്യത്തിൽ സഹകരിക്കാൻ കൂട്ടാക്കാതെ ഇരയ്ക്കൊപ്പം നിൽക്കുകയും വേട്ടക്കാർക്കൊപ്പം വേട്ടയാടുകയും ചെയ്യുന്ന സമീപനമാണ് കേരളത്തിലെ യു.ഡി.എഫ്.-ന്റേതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനെതിരായി എല്ലാ അർത്ഥത്തിലും നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ലഭിക്കേണ്ട ധനകാര്യ കമ്മീഷൻ വിഹിതവും വായ്പാപരിധിയും വെട്ടിക്കുറച്ചതും ഓഫ് ബഡ്ജറ്റ് ബോറോയിംഗ്സും നമ്മെ കടപരിധിയിലാക്കി തീർക്കുന്നു. രാജ്യത്തെ

പ്രധാനമന്ത്രിതന്നെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടപെടുന്നുവെന്നുള്ള ഗുരുതരമായ വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. രാജ്യത്തിന്റെ ധനനിയമങ്ങളും നയങ്ങളും കേന്ദ്ര ധനകാര്യ മന്ത്രിക്ക് അവരുടെ ഭർത്താവിനെപ്പോലും ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. അവരുടെ ഭർത്താവുതന്നെ അതിനെതിരെ രംഗത്തുവന്നതിന് നമ്മൾ സമീപകാലത്ത് സാക്ഷ്യം വഹിച്ചതാണ്. ഇത്തരം നയങ്ങൾക്കെതിരെ യോജിച്ച പോരാട്ടത്തിന് യു.ഡി.എഫ്. മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഇപ്പോൾ പാർലമെന്റ് സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന സമയമായതിനാൽ കേരളത്തിന് അർഹമായ വിഹിതം നൽകണമെന്നാവശ്യപ്പെട്ട് പാർലമെന്റിൽ പ്രമേയം കൊണ്ടുവരാൻ യു.ഡി.എഫ്. തയ്യാറാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ചരിത്രം കണ്ട വലിയ ധനപ്രതിസന്ധിയിലൂടെയാണ് കേരളം കടന്നുപോകുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തുംതന്നെയാണ് പ്രതിസന്ധിക്ക് പ്രധാന കാരണം.

കേന്ദ്ര സഹായങ്ങൾ വെട്ടിക്കുറയ്ക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതിനെതിരെ ശക്തമായ സമരങ്ങൾ വേണം. വാസ്തവത്തിൽ കേന്ദ്ര അവഗണനയ്ക്കെതിരെയുള്ള വിഷയം പ്രതിപക്ഷവും മറ്റ് ഗവൺമെന്റുകളുമായി ചർച്ച ചെയ്ത് പൊതുമാനദണ്ഡമുണ്ടാക്കി സമരം ചെയ്യേണ്ടതിനുപകരം ഞങ്ങൾ ചിലത് തീരുമാനിച്ചിട്ടുണ്ട് അതിന്റെകൂടെ നിങ്ങൾ നിൽക്കണമെന്ന് പറയുന്നത് രാഷ്ട്രീയ മര്യാദയല്ല; അതിലൊരു ആത്മാർത്ഥതയുമില്ല. ഇത് കണ്ണിൽ പൊടിയിടാനുള്ള ഒരു പ്രഹസന സമരം മാത്രമാണ്. ആശ്വാസ കിരണം പദ്ധതിയുടെ ആനുകൂല്യങ്ങൾ, കാൻസർ രോഗികൾക്കുള്ള ധനസഹായം എന്നിവ ഉൾപ്പെടെയുള്ളവ നൽകുന്നില്ല. സപ്ലൈകോ നിശ്ചലാവസ്ഥയിലാണ്. തൊഴിലാളികൾ സ്വന്തം അധ്വാനത്തിൽനിന്ന് അംശദായം അടച്ച ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻപോലും മുടങ്ങിയിരിക്കുകയാണ്. ക്ലിഫ്ഹൗസിന്റെ നവീകരണം മാത്രം മുടങ്ങാതെ നടക്കുന്നത് ധൂർത്തും കെടുകാര്യസ്ഥതയുമാണ്. ഇവിടെ കുറച്ചുകാണിക്കാൻ പറയുന്നതല്ല. ഒരു വാട്ടർ ടാങ്ക് നിർമ്മിക്കാൻ 5.92 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചിരിക്കുകയാണ്. കർട്ടൻ നിർമ്മിക്കാൻ 7 ലക്ഷം രൂപയും; ആ കർട്ടൻ

സ്വർണ്ണം പൂശിയതാണോ? ഉപയോഗം കഴിഞ്ഞ് അവ മ്യൂസിയത്തിൽ വയ്ക്കുന്നത് നന്നായിരിക്കും. നവകേരള സദസ്, കേരളീയം എന്നിവ നടത്തി ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന സർക്കാരായി മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ചില കാര്യങ്ങൾക്ക് മുടക്കം വരുന്നില്ലെന്നതാണ് വസ്തുത. സാധാരണക്കാരെ ബാധിക്കുന്ന വിധത്തിൽ നികുതി പതിന്മടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ട്. വൻകിടക്കാരെ ഇത് ബാധിക്കുന്നില്ല. വൻകിടക്കാർക്കുള്ള നികുതി പിരിവ് എത്ര ശതമാനമുണ്ടെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. ക്ഷേമ പെൻഷൻ നൽകാനെന്ന പേരിൽ ജനങ്ങളിൽനിന്നും സെസ് പിരിക്കാൻ തീരുമാനിച്ചു. എന്നാൽ ഡീസൽ കമ്പനികളിൽനിന്നും ലഭിക്കുന്ന നികുതിയുടെ കണക്ക് പരിശോധിക്കുമ്പോൾ ആദ്യത്തെ ഒരു വർഷം 10 ശതമാനവും രണ്ടാമത്തെ വർഷം 18 ശതമാനവും കുറവുണ്ടായിയെന്നാണ് കാണിക്കുന്നത്. സ്വാഭാവികമായി ലഭിക്കേണ്ട നികുതി വരുമാനം ഇതിൽക്കൂടി നഷ്ടമാകുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, നികുതി പിരിവിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വലിയ നഷ്ടമുണ്ടാകുകയാണ്. (....മൈക്ക് ഓഫ്.....)

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 'വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ് ' എന്നത് 1924-ൽ ശ്രീനാരായണഗുരു അദ്വൈതാശ്രമത്തിനുമുന്നിൽ സർവ്വമത സമ്മേളനം നടക്കുമ്പോൾ എഴുതിയ വാചകമാണ്. ഇവിടെ യു.ഡി.എഫ്. വാദിക്കുന്നത് കേന്ദ്ര ഗവൺമെന്റിനും നിങ്ങൾ വാദിച്ചുജയിച്ചുയെന്ന് പറയുമ്പോൾ പരാജയപ്പെടുന്നത് മൂന്നരക്കോടിയോളം വരുന്ന മലയാളികളുമാണെന്ന് മറന്നുപോകരുത്. ഏതായാലും അറിയാനും അറിയിക്കാനും കഴിയാവുന്ന തരത്തിലേയ്ക്ക് റൂൾ 50 പ്രകാരമുള്ള ഈ പ്രമേയത്തിന്മേൽ ചർച്ച ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. മുണ്ടുമുറുക്കി ഉടുക്കുന്ന കാര്യം പല അംഗങ്ങളും ആവർത്തിച്ച് പറഞ്ഞു. കേരളത്തിൽ ആദ്യമായി ഈ വാചകം ഉച്ചരിക്കുന്നത് ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ്. അന്ന് മുണ്ടുമുറുക്കി ഉടുക്കാൻ മാത്രമല്ല പറഞ്ഞത്, ഓവർഡ്രാഫ്റ്റിന്റെ പേരിൽ മൂന്ന് മാസത്തോളം ട്രഷറി അടച്ചുപൂട്ടേണ്ടിയും വന്നു. ആ ഒരു ഗതികേട് ഇന്നത്തെ എൽ.ഡി.എഫ്.

സർക്കാരിനില്ലെന്ന് തിരിച്ചറിയുന്നത് നന്നായിരിക്കും. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി എങ്ങനെയാണുണ്ടായതെന്നത് വ്യക്തമാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിതന്നെ ഇടപെട്ട് അവരുടെ രാഷ്ട്രീയ പാർട്ടി ഭരിക്കാത്ത സംസ്ഥാനങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വെട്ടിക്കുറയ്ക്കണമെന്ന് പറയുകയാണ്. അവർ സൃഷ്ടിക്കുന്ന ധനപരമായ പ്രതിസന്ധിയാണ് ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്നത്. പത്താം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത സംസ്ഥാന വിഹിതം 3.89 ശതമാനമാണ്. പതിനാലാം ധനകാര്യ കമ്മീഷൻ അത് 2.5 ശതമാനമാക്കി. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സമയത്ത് അത് 1.9 ശതമാനമായി. ഇങ്ങനെ വെട്ടിക്കുറയ്ക്കുമ്പോൾ 18 എം.പി.-മാർ, പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുത്തുവിട്ട യു.ഡി.എഫ്.-ന് അവിടെ ഏതെങ്കിലും തരത്തിൽ പ്രതിഷേധിക്കാൻ കഴിഞ്ഞോ; അവസാനം ശ്രീ. ടി. എൻ. പ്രതാപൻ ഒരു അപേക്ഷ എഴുതിക്കൊടുത്തുയെന്ന് പത്രങ്ങളിൽ വായിക്കാനിടയായി. സംസ്ഥാനം ജനങ്ങൾക്ക് നൽകുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സാമ്പത്തിക ഞെരുക്കത്താൽ

ഇല്ലാതാകട്ടെയെന്നാണ് നിങ്ങൾ ധരിക്കുന്നതെങ്കിൽ അതിനെ അതിജീവിക്കാൻ കഴിയുമെന്ന് ചരിത്രം രേഖപ്പെടുത്താൻ പോകുകയാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വെട്ടിക്കുറച്ചതുമൂലം 18,000 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയ വകയിൽ 12,000 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റിൽ 8,400 കോടി രൂപയും വായ്പ അനുമതി നിഷേധിച്ചതിൽ 19,000 കോടി രൂപയുമുൾപ്പെടെ ആകെ 57,400 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നത്. 2022-ൽ സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം കൊടുക്കുന്നത് അവസാനിപ്പിച്ചപ്പോഴും അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുക്കുന്നത് 2026 വരെ തുടരാനാണ് അവർ തീരുമാനിച്ചിരിക്കുന്നത്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റിൽ 332 കോടി രൂപ കഴിഞ്ഞ നവംബർ മാസത്തിലാണ് വെട്ടിക്കുറച്ചത്. ഇങ്ങനെ വെട്ടിക്കുറച്ച് കേരളത്തെ സാമ്പത്തിക പ്രതിസന്ധിയിൽ കൊണ്ടെത്തിക്കാമെന്നാണ് അവർ ഇപ്പോഴും ധരിച്ചിരിക്കുന്നത്.

**2.00 p.m]**

ചില പത്രങ്ങൾ സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന് അമ്പതിനായിരം കോടി രൂപയുടെ ബാദ്ധ്യതയുണ്ടെന്നാണ്. എന്നാൽ നമുക്ക് വിവിധ ഇനങ്ങളിലായി കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകാനുണ്ട്. യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ 750.93 കോടി രൂപയും ആരോഗ്യരംഗത്തെ ഗ്രാന്റിനത്തിൽ 174.6 കോടി രൂപയും സാമൂഹിക ക്ഷേമ പെൻഷന് 1100 കോടി രൂപയും മില്ല്യൻ പ്ലസ് സിറ്റി ഗ്രാന്റായി 51.6 കോടി രൂപയും നെല്ല് സംഭരണത്തിന് 1100 കോടി രൂപയും മൂലധന നിക്ഷേപം പ്രത്യേക സഹായമായി 1925 കോടി രൂപയുമുൾപ്പെടെ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽനിന്നും ആകെ ലഭിക്കേണ്ടത് 61624.87 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെട്ട വിഹിതം കേന്ദ്രത്തോട് ചോദിക്കുമ്പോൾ ഔദാര്യമാണെന്നാണ് യു.ഡി.എഫ്.-ന്റെ ധാരണ. മൂന്നരക്കോടിയോളം വരുന്ന മലയാളികൾക്ക് അവകാശപ്പെട്ട ഈ സമ്പത്ത് നേടിയെടുക്കാൻ നിയമപരമായി നേരിട്ട ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം.

കേന്ദ്ര ഗവൺമെന്റിനെതിരെ അടുത്തമാസം എട്ടാം തീയതി നടക്കുന്ന സമരത്തിൽ പങ്കെടുക്കുന്നില്ലെന്നാണ് പ്രതിപക്ഷം പറയുന്നത്. നിങ്ങൾക്ക് മുട്ട് വിറയ്ക്കുന്നുണ്ടോ; കവാത്ത് മറക്കുകയാണോ നിങ്ങൾ? ആ സമരത്തിൽ നിങ്ങളും പങ്കാളികളാവണം; നിങ്ങളുടെ പതിനെട്ട് എം.പി.-മാരെയും പങ്കെടുപ്പിക്കാൻ കഴിയണം.

കേന്ദ്രത്തിന്റെ കടമെടുപ്പ് സംബന്ധിച്ച് ഒരാൾപോലും സൂചിപ്പിച്ചില്ല. മൊത്തം ഉൽപ്പാദനത്തിന്റെ 66.7 ശതമാനമാണ് കേന്ദ്രസർക്കാരിന്റെ കടം. കേരളത്തിലത് ജി.ഡി.പി.-യുടെ 37 ശതമാനമാണ്. സംസ്ഥാനങ്ങളുടെ ദേശീയ ശരാശരി 55.8 ശതമാനമാണ്. എന്നാൽ കേരളത്തിന്റേത് 21.8 ശതമാനമാണെന്ന് മനസ്സിലാക്കണം. കർണ്ണാടകയിൽ 9 ലക്ഷം കോടി രൂപയും ഗുജറാത്തിൽ 10 ലക്ഷം കോടി രൂപയും നിങ്ങൾ ഭരിച്ച രാജസ്ഥാനിൽ 6 ലക്ഷം കോടി രൂപയുമാണ് കടം. നിങ്ങൾ അധികാരത്തിൽനിന്നൊഴിയുമ്പോൾ കേരളത്തിന്റെ കടം ഒന്നര ലക്ഷം കോടി രൂപയായിരുന്നു. ഏഴുവർഷം കൊണ്ട് അത് മൂന്നുലക്ഷം കോടി രൂപയായിട്ടുണ്ട്. തിരിച്ചടയ്ക്കാൻ സാധിക്കുന്ന കടങ്ങൾ മാത്രമെ

ജി.ഡി.പി.-യുടെ തോതനുസരിച്ച് നമ്മൾ എടുക്കുന്നുള്ളൂ. ഒരു രൂപ ജി.എസ്.ടി. പിരിച്ചെടുക്കുമ്പോൾ 25 പൈസയാണ് കേരളത്തിന് ലഭിക്കുന്നത്. എന്നാൽ കർണ്ണാടകയ്ക്ക് 1.50 രൂപയും ഉത്തർപ്രദേശിന് 1.69 രൂപയുമാണ് ലഭിക്കുന്നത്. യു.ഡി.എഫ് അതിനെക്കുറിച്ച് ഒരക്ഷരംപോലും സൂചിപ്പിച്ചില്ല. കേന്ദ്രഗവൺമെന്റിന് ബഡ്ജറ്റിന്റെ നാൽപ്പതുശതമാനം കടമെടുക്കാം. പക്ഷേ കേരളത്തിന് മൂന്നുശതമാനം മാത്രമേ സാധിക്കൂ. ട്രഷറിയിൽ മിച്ചം വച്ചിട്ടുള്ള ഏകദേശം 13,000 കോടി രൂപപോലും കടത്തിന്റെ ഗണത്തിലാണ് അവർ ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും ബാധ്യതകളെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കാക്കുകയാണ്. കേരളം വികസിക്കണ്ടേ? ബഡ്ജറ്റിനുപുറത്ത് 62000-ത്തോളം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി നടത്തുന്നത്. നവകേരള സൃഷ്ടിക്കുവേണ്ടി കണ്ണഞ്ചിപ്പിക്കുന്ന പുരോഗതിയാണ് കേരളം കൈവരിക്കുന്നത്. എല്ലാ നിയോജകമണ്ഡലങ്ങളിലും ആ പ്രവർത്തനങ്ങൾ നടക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഏതെങ്കിലുമൊരു മണ്ഡലത്തിൽ അത്

നടക്കുന്നില്ലെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? പ്രസ്തുത പ്രവർത്തനങ്ങൾക്ക് വായ്പയെടുത്താൽ അത് വായ്പ തന്നെയാണ്. പക്ഷേ ബഡ്ജറ്റിനുപുറത്ത് എടുക്കുന്ന വായ്പയാണ്. കേന്ദ്രധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ കഴിഞ്ഞതിന്റെ മുൻപത്തെ ബഡ്ജറ്റിൽ അഞ്ച് ലക്ഷം കോടി രൂപ കടമെടുത്ത് കിഫ്ബി മാതൃകയിൽ പ്രവർത്തിക്കണമെന്നാണ് സൂചിപ്പിച്ചത്. ഇത് കേരളത്തിന്റെ മാതൃകയാണെന്ന് നിങ്ങൾ അറിയേണ്ടിയിരിക്കുന്നു. ഇവിടെ ധൂർത്തിനെക്കുറിച്ച് ധാരാളം വർത്തമാനങ്ങൾ കേട്ടു. മരിച്ചുപോയ അംഗത്തെക്കുറിച്ച് നിവൃത്തിയില്ലാത്തതുകൊണ്ട് പരാമർശിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് വൺമാൻ ഷോ ആണ് നടത്തിയത്. സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയവർക്ക് നാലായിരം രൂപ ഉടൻതന്നെ അനുവദിച്ചുകൊടുത്തു. ഇവിടെ അത്തരത്തിലുള്ള വൺമാൻ ഷോ ഇല്ല, ഗവൺമെന്റിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരും തിരുവനന്തപുരത്തുനിന്നും സാധാരണക്കാരുടെ ഇടയിലേയ്ക്ക് ഇറങ്ങിത്തിരിച്ചപ്പോൾ ലക്ഷക്കണക്കിനാളുകളാണ് അണിനിരന്നത്. അതിൽ

അസൂയപ്പെട്ടിട്ടല്ലേ നിങ്ങൾ അതിനെ വിചാരണ സദസ്സ് എന്നൊക്കെ പറഞ്ഞത്. ആര് ആരെയാണ് വിചാരണ ചെയ്തത്? ഒഴിഞ്ഞിരിക്കുന്ന കസേരയെ നോക്കി സംസാരിക്കുന്ന പ്രതിപക്ഷനേതാവിന്റെ ഒരു ചിത്രം ഞാൻ കണ്ടു. ആ ഒഴിഞ്ഞിരിക്കലല്ല ഈ കേരളത്തിലെ ഗവൺമെന്റ്, അവരുടെ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ പൂർണ്ണ പിന്തുണയുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഉമ്മൻ ചാണ്ടി സർക്കാർ ധൂർത്തടിക്കാൻ നടത്തിയ പരിപാടിയുടെ പന്തലിനും മറ്റും മുപ്പത് കോടി രൂപയാണ് ചെലവഴിച്ചത്. നവകേരള സദസ്സിന് അങ്ങനെ ചെലവായിട്ടുണ്ടോ? അന്ന് ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയത് 800 കോടി രൂപ മാത്രമായിരുന്നു. എന്നാൽ 7600 കോടി രൂപയാണ് അപേക്ഷിച്ചവരുടെ അക്കൗണ്ടിലേയ്ക്ക് ചികിത്സാ ധനസഹായമായി നൽകിയത്. അതാണ് കേരളത്തിന്റെ അവസ്ഥയെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. ഞങ്ങൾ കടമെടുക്കുന്നതും അവകാശപ്പെട്ട പണം കേന്ദ്രസർക്കാരിനോട് ചോദിക്കുന്നതും എന്തിനാണ്? പാവപ്പെട്ടവർക്ക് വീടുവച്ച് കൊടുക്കാനാണ്. 1972-ൽ വീട് വയ്ക്കുന്നതിനായി 1000 രൂപ കേന്ദ്രം നൽകിയിരുന്നത് ഇപ്പോൾ

നാല് ലക്ഷം രൂപയാക്കിയാണ് സംസ്ഥാനം കൊടുക്കുന്നത്. ആദിവാസി ഊരുകളിലുള്ളവർക്ക് ഒന്നേകാൽ ലക്ഷം രൂപ നൽകുന്നത് സംസ്ഥാനം ആറ് ലക്ഷം രൂപയാക്കി കൊടുക്കുന്നു. സാമൂഹിക സുരക്ഷ പെൻഷന്റെ അവസ്ഥയും ഇതുതന്നെയല്ലേ? ഈ ഇനത്തിൽ കേന്ദ്രഗവൺമെന്റ് ആകെ നൽകുന്നത് 150 കോടി രൂപയാണ്. എന്നാൽ ഒരു വർഷം ഞങ്ങൾ കൊടുക്കുന്നത് ഒമ്പതിനായിരം കോടി രൂപയാണ്. 200 രൂപ, 300 രൂപ, 500 രൂപ എന്നീ ക്രമത്തിൽ നൽകുന്ന കേന്ദ്രവിഹിതംപോലും കുടിശ്ശികയാണ്. ഞങ്ങൾക്കും കുടിശ്ശികയുണ്ട്, ഞങ്ങളത് കൊടുക്കും. എന്നാൽ അത് കൊടുക്കുന്നതിനുള്ള സമ്പത്ത് തരാതിരിക്കുന്നവർക്കെതിരെയുള്ള പോരാട്ടത്തിലാണ് എൽ.ഡി.എഫ് സർക്കാരെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുപോലെതന്നെ ആരോഗ്യ രംഗത്ത് സൗജന്യ ചികിത്സ ലഭിക്കുന്നത് ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ്. നഗരപ്രദേശങ്ങളിൽ പ്രത്യേകമായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയും നെല്ല്, നാളികേരം, പച്ചക്കറികൾ എന്നീ കാർഷിക വിളകൾക്ക് സബ്സിഡി നൽകുകയും റബ്ബറിന് പ്രത്യേക പാക്കേജ് രൂപീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ പുരോഗതി

കൈവരിച്ചിരിക്കുകയാണ്. യു.ജി.സി. ഗ്രാന്റിനത്തിൽ മുഴുവൻ അദ്ധ്യാപകരുടെയും ശമ്പള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി കേന്ദ്രസർക്കാർ ഫണ്ട് നൽകുന്നില്ല. ഇതുസംബന്ധിച്ച് പറയാൻ യു.ഡി.എഫ്.-ന് എന്തുകൊണ്ട് നാവ് പൊങ്ങുന്നില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, കേരള സംസ്ഥാനം ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഈ പ്രശ്നങ്ങളിന്മേൽ സംസ്ഥാന ഗവൺമെന്റ് കാര്യക്ഷമതയോടെ ഇടപെട്ട് തൃപ്തികരമായ പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. അതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയങ്ങൾ പലപ്പോഴായി ഗവൺമെന്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഞങ്ങൾക്ക് വിയോജിപ്പില്ല. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അർഹമായ പരിഗണന സാമ്പത്തിക രംഗത്ത് നൽകേണ്ടതാണ്. അത് നൽകാൻ തയ്യാറാകാത്തതിലുള്ള ശക്തമായ

പ്രതിഷേധം പ്രതിപക്ഷം രേഖപ്പെടുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള പോരാട്ടങ്ങളിൽ പാർലമെന്റിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിശക്തമായ പോരാട്ടം നടത്താൻ കഴിയുന്നതുതന്നെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കുവേണ്ടിയാണ്. എന്നാൽ കേരളത്തിൽ യോജിച്ചുള്ള ഒരു പോരാട്ടത്തിന് അവസരമുണ്ടാകാതെ പോയത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണ്. അതിന് പ്രതിപക്ഷത്തെ കുറ്റം പറയുന്നതിൽ കാര്യമില്ല; ഞങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയും കാരണമാണ് ഭരണ പ്രതിസന്ധിയുണ്ടായത്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 5000 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശമാണ് കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചത്. ഇത് ശരിയല്ലെന്നും പിൻവലിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടിട്ടും ഗവൺമെന്റ് കേട്ടില്ല. എന്നാൽ ഈ പുതിയ നികുതി നിർദ്ദേശത്താൽ കേരളം രക്ഷപ്പെട്ടോ; ഇല്ല. ജനങ്ങൾ കഷ്ടപ്പെടുകയും

ദുരിതമനുഭവിക്കുകയും ചെയ്യുന്നു, ഇവിടെ പാവപ്പെട്ടവർക്ക് പെൻഷൻ കൊടുക്കുന്നില്ല, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന 'കാരുണ്യ' പദ്ധതി ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. ആശുപത്രികളിലെ മരുന്നുക്ഷാമത്തെപ്പറ്റി ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. കാർഷിക മേഖല തകർന്ന് തരിപ്പണമായി കൃഷിക്കാർക്ക് രക്ഷയില്ലാത്ത അവസ്ഥയായി. റോഡ് നന്നാക്കാൻ പണമില്ലാത്തതിന്റെ പേരിലുള്ള ഗുരുതര പ്രശ്നങ്ങൾ, സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഫണ്ട് കൊടുക്കാത്ത സാഹചര്യം തുടങ്ങി എല്ലാരംഗത്തും പ്രതിസന്ധി നിലനിൽക്കുകയാണ്. ഇവ പരിഹരിക്കാൻ സർക്കാർ മുന്നോട്ടുവരേണ്ട സമയത്ത് അനാവശ്യമായി പണം ചെലവഴിച്ചുകൊണ്ട് ധൂർത്തും മറ്റുകാര്യങ്ങളും നടത്തുന്നുവെന്നുള്ളതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇത് അവസാനിപ്പിക്കണം. പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഈ ധനകാര്യ മാനേജ്മെന്റ് പരിപൂർണ്ണമായും പരാജയപ്പെട്ടതിലുള്ള പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാനിടയായതുകൊണ്ട് പ്രതിപക്ഷത്തിന്റെ ഇത്തരം കാര്യങ്ങളോടുള്ള സമീപനവും തനിനിറവും എന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാനുള്ള അവസരമുണ്ടായി എന്നതാണ് പ്രധാനപ്പെട്ട കാര്യം. കേരളം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും എല്ലാം സ്തംഭിക്കാൻ പോകുകയാണെന്നുമാണ് പ്രതിപക്ഷം പറയുന്നത്. അതൊരു ദിവാസ്വപ്നമാണ്. ട്രഷറി പൂട്ടുമെന്നും ശമ്പളം മുടങ്ങുമെന്നുമൊക്കെ പ്രതീക്ഷിക്കുകയും പ്രസംഗിച്ച് നടക്കുകയും ചെയ്യുതല്ലേ? എ. കെ. ആന്റണി സർക്കാരിന്റെ കാലത്ത് കൈയിൽ അഞ്ച് നയാപൈസയില്ലെന്ന അദ്ദേഹത്തിന്റെ വാചകം പിന്നീട് മിമിക്രി കലാകാരന്മാരുടെ സുപ്രധാന വിഷയമായി മാറിയ കാര്യം നമുക്കറിയാം. അന്ന് നിയമനനിരോധനവും ട്രഷറി പൂട്ടേണ്ട അവസ്ഥയുമായിരുന്നു ഉണ്ടായിരുന്നത്. ആ നിലയിൽ ഒരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് ഇപ്പോൾ കേരളം പോകുന്നില്ലെന്നതാണ് കാണേണ്ടത്. ഇവിടെ ഒരു വികസന പ്രവർത്തനവും മുടങ്ങിയിട്ടില്ല. നിങ്ങളുടെ കാലത്ത് ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപയാണ്

നൽകിയിരുന്നത്? 600 രൂപ വച്ച് 34 ലക്ഷം കുടുംബങ്ങൾക്കാണ് നിങ്ങളുടെ കാലത്ത് നൽകിയിരുന്നതെങ്കിൽ ഇപ്പോൾ 64 ലക്ഷം കുടുംബങ്ങൾക്ക് 1600 രൂപ വീതം നൽകുന്നുണ്ട്. അതിൽ രണ്ടുമാസത്തെ കുടിശ്ശിക നൽകാനുണ്ട്. പക്ഷേ, പെൻഷൻ കൊടുക്കാതിരിക്കുന്നില്ല. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2014-ൽ 4 മാസവും 2015-ൽ ഒരു വർഷവും 2016-ൽ രണ്ട് മാസവും വീതം 18 മാസത്തെ കുടിശ്ശികയാണ് വരുത്തിയത്. അത്തരത്തിലൊരു പ്രതിസന്ധി നിലവിൽ കേരളം അനുഭവിക്കുന്നില്ല. നിങ്ങളിൽ ചിലർ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുകയും അവസാനമത് ബി.ജെ.പി. ഏറ്റെടുക്കുകയും ചെയ്യുന്നതാണ് നടന്നുകൊണ്ടിരിക്കുന്നത്. യാഥാർത്ഥ്യങ്ങൾ കാണാതെ മുന്നോട്ടുപോകരുത്. ലൈഫ് പദ്ധതിയുടെ കാര്യമെടുക്കാം. 5 ലക്ഷം പേർക്ക് വീട് നിർമ്മിച്ചുനൽകുന്ന സംസ്ഥാനമാണ് കേരളം. ഇപ്പോൾ അതിൽ ചില പ്രയാസങ്ങളുണ്ട്. എല്ലാ ഭവനനിർമ്മാണ പദ്ധതികളെയും ഏകീകരിച്ചുകൊണ്ടാണ് ലൈഫ് പദ്ധതി തുടങ്ങിയത്. പി.എം.എ.വൈ. (പ്രധാൻമന്ത്രി ആവാസ് യോജന) പ്രകാരം 72,000 രൂപ ലൈഫ് ഭവന

പദ്ധതിയിൽ കേന്ദ്രവിഹിതമുണ്ടായിരുന്നു. എന്നാൽ അത് മുഴുവൻ ഗുണഭോക്താക്കൾക്കും ലഭിക്കുന്നതല്ല. മാത്രമല്ല അതിപ്പോൾ നിർത്തലാക്കിയിരിക്കുകയുമാണ്. അതിനുള്ള കാരണമെന്താണ്? ലൈഫ് പദ്ധതി പ്രകാരം നാല് ലക്ഷം രൂപയും എസ്.ടി. വിഭാഗമാണെങ്കിൽ ആറ് ലക്ഷം രൂപയും മുടക്കി നിർമ്മിച്ച് നൽകുന്ന വീടിന്റെ പൂമുഖത്ത് ശ്രീ. നരേന്ദ്ര മോദിയുടെ വലിയ ഫോട്ടോ വച്ച് കേന്ദ്ര ഗവൺമെന്റിനെ ബ്രാൻഡ് ചെയ്യാത്തതുകൊണ്ടാണ് ഇത് മുടക്കിയിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസങ്ങൾ വിലയിരുത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് തെറ്റാണെന്ന് നിങ്ങൾ ഇവിടെയോ പാർലമെന്റിലോ എന്നല്ല ഒരിടത്തും പറയുന്നില്ല. നിങ്ങളുടെ പ്രമേയത്തിലും ശ്രീ. റോജി എം. ജോൺ പ്രസംഗിക്കുമ്പോഴും ഡിവിസിബിൾ പൂളിൽനിന്ന് കുറച്ച് തുക ലഭിക്കാനുണ്ടെന്ന് സമ്മതിക്കാനുള്ള സന്മനസ് കാണിച്ചു. എന്നാൽ ഡോ. മാത്യു കുഴൽനാടൻ അതും പറയുന്നില്ല. നമുക്ക് ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കേണ്ട ആവശ്യമില്ലെന്നാണ് പറയുന്നത്. കോമ്പൻസേഷൻ കാലാവധി ദീർഘിപ്പിക്കണമെന്ന് കേരളം മുന്നിൽനിന്ന്

പറയുകയും കോൺഗ്രസ് ഭരിക്കുന്ന പ്രതിപക്ഷ സംസ്ഥാനങ്ങളുൾപ്പെടെ ആ ആവശ്യം ഉന്നയിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ഓരോ സംസ്ഥാനത്തിനും കോവിഡ് 19-ഉം അതുപോലെയുള്ള ദുരന്തങ്ങളും ഏൽപിച്ച വലിയ സാമ്പത്തിക നഷ്ടമുണ്ട്. നികുതിയിനത്തിൽ പിരിച്ച് മുഴുവൻ തുകയും എടുക്കുന്നത് കേന്ദ്രമാണ്. അതുകൊണ്ടാണ് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി വർദ്ധിപ്പിക്കണമെന്ന് പ്രതിപക്ഷ സംസ്ഥാനങ്ങളും ഒരുപക്ഷെ ഭരണപക്ഷത്തോട് അനുകൂലിക്കുന്ന സംസ്ഥാനങ്ങളുമുൾപ്പെടെ ആവശ്യപ്പെടുന്നത്. എന്നാൽ നമുക്ക് കേന്ദ്രം ഒന്നും തരാനില്ലെന്ന വാദമാണ് ഡോ. മാത്യു കുഴൽനാടൻ ഉന്നയിക്കുന്നത്. നിങ്ങൾ ആർക്കുവേണ്ടിയാണ് വാദിക്കുന്നത്? ഓരോ മേഖലയിലും നമുക്ക് ലഭിക്കേണ്ട വിഹിതം വെട്ടിക്കുറച്ച് കേന്ദ്രസർക്കാർ മുന്നോട്ടുപോകുകയാണ്. പ്രതിപക്ഷം ഈ കേരളം ഭരിച്ച പാർട്ടിയല്ലേ, ഇനിയും ഭരിക്കാൻ മോഹിക്കുന്നവരല്ലേ? എന്നാൽ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന തരത്തിൽ കേന്ദ്രം സ്വീകരിക്കുന്ന സമീപനത്തിനെതിരെയുള്ള ഞങ്ങളുടെ സമരത്തിൽ പങ്കെടുക്കാതെ മാറിനിൽക്കുകയാണ് പ്രതിപക്ഷം. അതിന്റെ

കാരണം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തുറന്നുപറഞ്ഞു. തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ട് നിങ്ങളുമായി യോജിച്ച് ഒരു സമരം ചെയ്യാനാകില്ലെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അദ്ദേഹത്തിന്റെ നല്ല മനസ്സുകൊണ്ട് പറഞ്ഞതായിരിക്കും. പക്ഷേ, കോൺഗ്രസ് ആ മനസ്സിൽ അല്ലല്ലോ നിൽക്കുന്നത്? ഇന്ത്യയിൽ വളർന്നുവരുന്ന, വർഗ്ഗീയ ശക്തിയായി മാറുന്ന, ഹിന്ദുത്വരാഷ്ട്രമായി ഇന്ത്യയെ കൊണ്ടുപോകാൻ പരിശ്രമിക്കുന്ന ബി.ജെ.പി.-ക്കെതിരായി വോട്ടുകൾ സമാഹരിക്കാനും ഇന്ത്യയിലെ ജനങ്ങളാകെ ബി.ജെ.പി.-ക്ക് എതിരാണെന്ന് ബോദ്ധ്യപ്പെടുത്താനും ലഭിക്കുന്ന അവസരമാണ്. എന്നാൽ അത്തരം അവസരങ്ങളിലൊന്നും ഇവിടത്തെ അധികാര കൊതിമൂത്ത പ്രതിപക്ഷത്തിന്റെ ബുദ്ധിയിൽ അങ്ങനെയൊരു മുദ്രാവാക്യമോ ചിന്തയോ വരുന്നില്ല. ബി.ജെ.പി.-യും നിങ്ങളും ഇടതുപക്ഷത്തെ തകർക്കാൻ ഒന്നിച്ച് നിൽക്കുകയല്ലേ; അത് ഈ നാടിന് ഗുണം ചെയ്യുന്നതാണോയെന്ന് ചിന്തിക്കണം. അതുകൊണ്ടാണ് നിങ്ങൾ ബഹിഷ്കരിക്കുന്ന പല പ്രവർത്തനങ്ങളിലും ഈ നാട്ടിലെ സാധാരണക്കാരായ യു.ഡി.എഫ്. പ്രവർത്തകർ സഹകരിക്കുന്നത്. കേരളത്തെ മുഴുവൻ

സ്തംഭിപ്പിക്കണമെന്നാണോ നിങ്ങൾ പറയുന്നത്? വികസനം വേണ്ടെന്നും കേരളത്തിന്റെ നേട്ടങ്ങൾ മുന്നോട്ടുകൊണ്ടുവരേണ്ടെന്നും സംരംഭകരെ ആകർഷിക്കേണ്ടെന്നുമാണോ നിങ്ങൾ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി നമുക്ക് അർഹമായ തുക നൽകാതെ കേന്ദ്രം സാമ്പത്തിക പ്രയാസമുണ്ടാക്കിയിരിക്കുകയാണ്. അതിൽ ആഹ്ലാദം കൊള്ളുന്നൊരു മനസ്സുമായി കേരളത്തിൽ പ്രതിപക്ഷം നിൽക്കുകയാണ്. നിങ്ങൾ ഈ സമീപനം തിരുത്തിയില്ലെങ്കിൽ കേരളത്തിലെ പ്രബുദ്ധരായ യു.ഡി.എഫ്.-ന്റെ അനുഭാവികൾപോലും എല്ലാകാലത്തും നിങ്ങൾക്കൊപ്പം നിൽക്കുമെന്ന് കരുതരുത്. അത് നവകേരള സദസ്സിലും കേരളീയത്തിലും നമ്മൾ കണ്ടതാണ്. നവകേരള സദസ്സിനെ യു.ഡി.എഫ്. ബഹിഷ്കരിച്ചുവെങ്കിലും നിങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ വോട്ട് ചെയ്തു, നിങ്ങളോടൊപ്പം ചേർന്നുനിൽക്കുന്ന ധാരാളം സാധാരണക്കാരും ആ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. ഞങ്ങളുടെ സമീപനത്തിൽ ആ ഒരു വ്യത്യാസമുണ്ട്. ഉമ്മൻ ചാണ്ടിയുടെ കാലത്തെക്കുറിച്ച് ശ്രീ. കെ. ബാബു

(നെന്മാറ) സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അന്നത്തേതുപോലെയുള്ള സമീപനമല്ല നവകേരള സദസ്സിൽ സ്വീകരിച്ചത്.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ))**

സ്വാഭാവികമായും ജനങ്ങൾക്ക് പരാതിയുണ്ടാകും. ജനങ്ങളിൽനിന്നും സ്വീകരിച്ച പരാതികളിൽ പരിഹരിക്കാൻ കഴിയുന്നവ, ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നവ എന്ന രീതിയിൽ തരംതിരിച്ച് അതിലിടപെട്ട് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. പരാതികൾ പലതരത്തിലുണ്ടാകും. നിയമപരമായും ഗവൺമെന്റ് ഇടപെട്ടും പരിഹരിക്കാൻ കഴിയുന്നതെല്ലാം പരിഹരിക്കും. അത്തരത്തിലുള്ള പ്രായോഗിക സമീപനം തന്നെയാണ് ഇപ്പോഴും സ്വീകരിക്കുന്നത്. ധൂർത്തിനെക്കുറിച്ച് അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്നുണ്ട്. ഭരണ നിർവ്വഹണത്തിൽ അനിവാര്യമായവ ഒഴിവാക്കാൻ കഴിയുമോ? ക്ലിഫ് ഹൗസിൽ കർട്ടൻ വാങ്ങുന്നത് ആദ്യമായാണോ; അവിടെ നീന്തൽ കുളം ഉണ്ടായിട്ടില്ലേ, പശുക്കളെ വളർത്തുന്ന മന്ത്രിമാർ ഉണ്ടായിട്ടില്ലേ, ഇതൊക്കെ ആദ്യമായി കേരളത്തിൽ സംഭവിക്കുന്നതാണോ; അല്ലെങ്കിൽ കർട്ടൻ വാങ്ങുന്നത് മന്ത്രിമാരുടെ

കുടുംബാംഗങ്ങളാണോ? അതിനെല്ലാം ഒരു നിയമവ്യവസ്ഥയുണ്ട്. കാബിനറ്റ് പദവിയുള്ള പ്രതിപക്ഷനേതാവിന് ഓഫീസും സ്റ്റാഫുമുണ്ട്. അതിന് ചെലവുമുണ്ടാകുമല്ലോ, എവിടെയെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ? നിങ്ങൾ ധൂർത്തിൽ വലിയ പ്രതിഷേധമുള്ളവരാണെങ്കിൽ, സാമ്പത്തിക പ്രയാസത്തിൽ ദുഃഖിക്കുന്നവരാണെങ്കിൽ ഞങ്ങൾ മാതൃക കാണിക്കുന്നു എന്നുപറഞ്ഞ് ചെലവുകൾ വെട്ടിക്കുറയ്ക്കാമല്ലോ; അങ്ങനെ ചെയ്തിട്ടുണ്ടോ? ഞങ്ങൾ ആക്ഷേപിക്കുന്നില്ല. അതുകൊണ്ട് അനിവാര്യമായ ഭരണനിർവ്വഹണ ചെലവുകളെ ചെറുതായി കാണരുത്. നിങ്ങളുടെ പ്രചാര വേലകൾ മുഴുവൻ ആ രൂപത്തിൽ മാറിയിരിക്കുന്നുവെന്നതാണ് പരിതാപകരം. വലിയ അപകടമാണ് കേരളത്തിന്മേൽ നിങ്ങൾ വലിച്ചിഴയ്ക്കുന്നതെന്ന് കാണണം. ബി.ജെ.പി. ബഹുമാനപ്പെട്ട ഗവർണ്ണറെപ്പോലും ആയുധമാക്കുകയല്ലേ? രാഷ്ട്രീയമായും സാമ്പത്തികമായുമെല്ലാം പ്രതിസന്ധിയിൽ നിർത്തിക്കൊണ്ട് കേരളത്തെ തകർക്കുന്നതിന് പിന്നിൽ എന്താണ്? അവർക്ക് ഇടതുപക്ഷത്തെ കണ്ണിനുനേരെ കണ്ടുകൂടാ, ഞങ്ങളെ തകർക്കണമെന്നാണ്. ബംഗാളിലും

ത്രിപുരയിലും അത് സംഭവിച്ചു, ഇനി കേരളത്തിൽ മാത്രമാണ് അവശേഷിക്കുന്നത്. അതിന് നിങ്ങളും കൂട്ടുനിൽക്കുകയാണ്. ഇടതുപക്ഷത്തെ തകർത്താൽ ആഗോളവൽക്കരണ, ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ സംസാരിക്കാൻ ആളില്ലാത്ത അവസ്ഥ ബി.ജെ.പി.-ക്ക് ലഭിക്കും. നിങ്ങളെ വിലയ്ക്കെടുക്കാൻ അവർക്ക് പ്രയാസമില്ല. അതല്ലേ ഇന്ത്യയിൽ കണ്ടുകൊണ്ടിരിക്കുന്നത്.

<u>മി. ചെയർമാൻ</u>: പ്ലീസ്.... സമയം പാലിക്കണം.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, അതുകൊണ്ട് ഇക്കാര്യത്തിൽ കുറച്ചുകൂടി രാഷ്ട്രീയ പക്വതയോടുകൂടി കേരളത്തിന്റെ താൽപര്യം ഉയർത്തിപ്പിടിക്കാൻ നിങ്ങൾകൂടി തയ്യാറാകണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. അല്ലെങ്കിൽ നിങ്ങൾക്കുതന്നെ ഭാവിയിൽ അപകടമുണ്ടാകുന്ന ഒരു രാഷ്ട്രീയ നിലപാടായി മാറുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> സർ, വെള്ളത്തിന്റെ വർദ്ധനവിനനുസരിച്ച് ഉയർന്നുനിൽക്കുന്ന തോണിപോലെ കേന്ദ്രത്തിന്റെ കടുംവെട്ടുകൾക്കിടയിലും തനതുവരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ മുന്നോട്ട് നയിക്കുകയാണ് കേരള സർക്കാർ. നവകേരള സദസ്സിലൂടെ കേരളത്തിലെ ആബാലവൃദ്ധം ജനതയെയും ഒന്നിപ്പിച്ച് അവരുടെ വികാരവിചാരങ്ങളെ മനസ്സിലാക്കി പരാതികൾ പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളതെന്നത് എല്ലാവർക്കും ബോധ്യമാണ്. എന്നിട്ടുപോലും നവകേരള സദസ്സിനെ വിമർശിക്കാൻ ചിലർ തയ്യാറായത് ദുഃഖകരമാണ്. കേന്ദ്രസർക്കാരിന്റെ തുല്യതയില്ലാത്ത ശത്രുതാനടപടി കാരണം വികസന ക്ഷേമപദ്ധതികൾക്ക് പണമില്ലാത്തവിധം കേരളത്തെ പ്രയാസപ്പെടുത്തിയിട്ടും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം ചരിത്രത്തിലില്ലാത്തവിധം വർദ്ധിപ്പിച്ച് കേരളത്തിന്റെ സാമ്പത്തിക നൗക ആടി ഉലയാതെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ട് നയിക്കുകയാണ്. എന്ത് തെറ്റിന്റെ പേരിലാണ് കേന്ദ്രം കേരളത്തിൽ

അപ്രഖ്യാപിത സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയത്; അക്കാര്യങ്ങൾ ചർച്ച ചെയ്യാൻ പ്രതിപക്ഷം  വിമുഖത കാണിക്കുന്നതെന്തിനാണ്? രാജ്യം കോവിഡ് മഹാമാരിയിൽപ്പെട്ട് സർവവും അടച്ചിട്ടശേഷമുള്ള പ്രഥമ സാമ്പത്തിക വർഷമായ 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം 12.1 ശതമാനമായി ഉയർത്തിയതും ഏഴ് വർഷംകൊണ്ട് 65 ലക്ഷം പേർക്ക് 1600 രൂപ വീതം ക്ഷേമ പെൻഷൻ അവരുടെ വാതിൽക്കൽ എത്തിച്ചുകൊടുത്തതുമാണോ കേരളം ചെയ്ത തെറ്റ്? പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭരണ-പ്രതിപക്ഷഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലെയും സർക്കാർ സ്കൂളുകളിൽ കിഫ്ബിയിലൂടെ 4000 കോടിയോളം രൂപ ചെലവഴിച്ച് മനോഹരമായ കെട്ടിടങ്ങൾ നിർമ്മിച്ചതും ഉന്നത വിദ്യാഭ്യാസ മേഖലയെ കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുപോകുന്നതുമാണോ ഈ ഗവൺമെന്റ് ചെയ്ത പാതകമെന്ന് പ്രതിപക്ഷം പറയണം. വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച്, ഒരു വർഗ്ഗീയവാദിയെയും കേരളത്തിന്റെ മണ്ണിൽ വളരാൻ അനുവദിക്കുകയില്ലെന്ന സമീപനമെടുത്ത്, മതേതര ജനാധിപത്യ

ഗവൺമെന്റായി നിലനിൽക്കുന്നതിലാണോ ഈ ഗവൺമെന്റിനെതിരായി പ്രതിപക്ഷം നിലപാടുകൾ സ്വീകരിക്കുന്നതെന്ന് അറിയാൻ താൽപര്യമുണ്ട്. ലോകത്തിന് മാതൃകയായ ലൈഫ് ഭവന പദ്ധതിയിലൂടെ മൂന്നരലക്ഷം മനുഷ്യർക്ക് അന്തിയുറങ്ങാൻ അന്തസ്സുള്ള ഭവനം നിർമ്മിക്കാൻ കോടിക്കണക്കിന് രൂപ നൽകിയതാണോ കേരളം ചെയ്ത പാതകം? ഇന്ത്യയിൽ കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ പി.എസ്.സി. വഴി കൂടുതൽ നിയമനങ്ങൾ നൽകിയ സംസ്ഥാനം കേരളമാണ്. ഇതിന്റെ പേരിലാണോ കേന്ദ്രം കേരളത്തെ കഴുത്ത് ഞെരിക്കുന്നതെന്ന് സ്വാഭാവികമായും കേന്ദ്രവും യു.ഡി.എഫ്.-ഉം മറുപടി പറയേണ്ടതായിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ കേരളം ഇന്ത്യയ്ക്ക് മുന്നിൽ തലയുയർത്തി ഒന്നാമതായി നിൽക്കുന്നതാണോ കേരളം ചെയ്ത തെറ്റ്? ധനസഹായത്തിനുവേണ്ടി പാവപ്പെട്ട ജനങ്ങളെ പൊരിവെയിലത്ത് നിർത്താതെ അവരുടെ അന്തസ്സിനെ ബഹുമാനിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 7633 കോടി രൂപ ഈ ഗവൺമെന്റ് അനുവദിച്ചുകൊടുത്തതിനെ ഒരു തെറ്റായി കാണാൻ കഴിയുമോ? അധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്ക്

പാഠപുസ്തകവും യൂണിഫോമും സൗജന്യമായി നൽകുകയും ശതകോടികൾ ചെലവഴിച്ച് കിഫ്ബിയിലൂടെ സംസ്ഥാനത്തെ റോഡുകളും പാലങ്ങളും മനോഹരമായി നിർമ്മിക്കുകയും ചെയ്തതാണോ ഈ ഗവൺമെന്റിന്റെ തെറ്റായി പ്രതിപക്ഷം ഇവിടെ ഉയർത്തിക്കാണിക്കുന്നത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ബാധകമല്ലാത്തവിധം ദേശീയപാതയുടെ വികസനത്തിന് 5000 കോടി രൂപ കേരളത്തിന് ചെലവഴിക്കേണ്ടതായി വന്നു. ഈ തുക നാം കണ്ടെത്തിയത് കിഫ്ബിയിൽ നിന്നാണ്. എന്നാൽ പ്രസ്തുത തുക സംസ്ഥാനത്തിന്റെ കടബാധ്യതയിലുൾപ്പെടുത്തി കേന്ദ്രം കേരളത്തെ ക്രൂരമായി അപമാനിക്കുകയാണ് ചെയ്യുന്നത്. ഇതിനെതിരെ കേരളത്തിലെ പ്രതിപക്ഷം 'ക, മ' എന്ന് ഒരക്ഷരം ഉരിയാടുന്നില്ലെന്നത് ദുഃഖകരമാണ്. യു.ഡി.എഫ്.-ന്റെ 18 എം.പി.-മാർ ഇന്ത്യൻ പാർലമെന്റിലുണ്ട്. സംസ്ഥാനത്തിനെതിരായി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഇത്തരം നടപടികൾക്കെതിരെ പാർലമെന്റിൽ സംസാരിക്കാൻ അവർ തയ്യാറാകാത്തത് എന്തുകൊണ്ടാണ്? കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ മുഖത്തുനോക്കി കേരളത്തോടുള്ള അവഗണനയെക്കുറിച്ച്

സംസാരിച്ചാൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമോയെന്ന ഭയപ്പാടാണോ അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുന്നതെന്ന് നാം സ്വാഭാവികമായും സംശയിക്കേണ്ടതായിട്ടുണ്ട്. കേന്ദ്രത്തിനെതിരെ സമരം ചെയ്യാൻ തയ്യാറാണെന്ന് പ്രതിപക്ഷം മുമ്പ് പലപ്രാവശ്യം സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്രത്തിനെതിരെ സമരവുമായി ഈ സർക്കാർ വരുമ്പോൾ എന്തുകൊണ്ടാണ് പ്രതിപക്ഷം സഹകരിക്കാത്തതെന്ന് ഈ നാട്ടിലെ വോട്ടർമാരോട് പറയാനുള്ള ധാർമ്മിക പ്രതിബദ്ധത പ്രതിപക്ഷത്തിനുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ആകെ റവന്യൂ വരുമാനത്തിന്റെ 67 ശതമാനവും സംസ്ഥാനത്തിന്റെ തനത് വരുമാനമാണെന്നത് കേരളത്തിന്റെ വളർച്ച ആഗ്രഹിക്കുന്നവർക്ക് ആഹ്ലാദം പകരുമ്പോൾ യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ബോധക്ഷയം വരുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. രാജ്യം ഭരിക്കുന്ന ബി.ജെ.പി.-യുടെ സാമ്പത്തികനയങ്ങൾ കോർപ്പറേറ്റുകളുടെ സാമ്പത്തിക താൽപര്യമാണ് സംരക്ഷിക്കുന്നതെന്ന് നിസ്സംശയം പറയാൻ സാധിക്കും.

ഷെഡ്യൂൾഡ് ബാങ്കുകളുടെ 58 ശതമാനം വായ്പകളും കോർപ്പറേറ്റുകൾക്കും വൻകിടക്കാർക്കുമാണ് നൽകിയിരിക്കുന്നത്. കിട്ടാക്കടത്തിന്റെ 86.4 ശതമാനവും ഇത്തരക്കാരുടേതാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 10 ലക്ഷം കോടിയോളം രൂപയുടെ കോർപ്പറേറ്റ് ലോണുകളാണ് പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയത്. ഇതിനെതിരെ ശബ്ദമുയർത്താൻ എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന് സാധിക്കാത്തത്? ഒരു വശത്ത് വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ, ഏതാനും ആയിരങ്ങൾ മാത്രം വായ്പയെടുത്ത ദരിദ്രരായവരുടെ ഭൂമിയും കന്നുകാലികളും കർഷികോപകരണങ്ങളും കണ്ടുകെട്ടുമ്പോഴാണ് വൻകിട കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപയുടെ ഇളവുകൾ നൽകുന്നത്. ഇത്തരം പിഴച്ച ധനകാര്യ മാനേജ്മെന്റുമായി നിലനിൽക്കുന്ന ബി.ജെ.പി. സർക്കാരിനെതിരെ നാം ഒന്നിച്ച് സമരരംഗത്തേയ്ക്ക് ഇറങ്ങേണ്ടതുണ്ട്. ഇവിടെ ഭരണ-പ്രതിപക്ഷ വ്യത്യാസം പാടില്ലെന്ന് സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഒരാൾ തന്റെ പറമ്പിൽ കിളച്ചപ്പോൾ അയാളുടെ തൂമ്പ ഒരു ചെമ്പ് കുടത്തിൽ മുട്ടി. കുടം എടുത്തുനോക്കിയപ്പോൾ അത് ഭദ്രമായി അടച്ചുവച്ചിരിക്കുന്നു. വളരെ പ്രയാസപ്പെട്ട് അയാളത് തുറന്നപ്പോൾ കുടത്തിൽനിന്നും പുകച്ചുരുളുകളുയരുകയും അതിൽനിന്നും ഒരു ഭൂതം പ്രത്യക്ഷപ്പെടുകയും ചെയ്തു. "ഭൂതം പറഞ്ഞു, നന്ദി സുഹൃത്തേ, എന്നെ തുറന്നുവിട്ടതിന് പ്രതിഫലമായി ഞാൻ നിങ്ങൾക്ക് രണ്ട് വരം തരാം, പക്ഷേ നിങ്ങൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി നിങ്ങളുടെ അയൽക്കാരനും ലഭിക്കും. കൃഷിക്കാരൻ സന്തോഷത്തോടെ പറഞ്ഞു. എനിക്ക് ഒരു കോടി രൂപ വേണം. ഭൂതം പറഞ്ഞു, ശരി, നിങ്ങൾക്ക് ഒരു കോടി രൂപയും അയൽക്കാരന് രണ്ട് കോടി രൂപയും തരാം. ഇനി രണ്ടാമത്തെ വരം ചോദിച്ചോളൂ. കൃഷിക്കാരൻ പറഞ്ഞു, എന്റെ ഒരു കിഡ്നി പോകട്ടെ." ഇതാണ് യു.ഡി.എഫ്.-ന്റെ നിലപാട്. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും കടം കാലന് തുല്യമാണ്. മനോവ്യാധിക്ക് മരുന്നില്ല, ചികിത്സിച്ചിട്ട് കാര്യവുമില്ല. ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗവും പ്രതിപക്ഷത്തുള്ള മറ്റംഗങ്ങളും കേന്ദ്രാവഗണനയ്ക്കെതിരെയോ കേരളം നേടിയെടുക്കേണ്ട

ന്യായമായ ആവശ്യങ്ങളെക്കുറിച്ചോ സംസാരിച്ചില്ല. ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തോടുകൂടി ബി.ജെ.പി.-യോടുള്ള വിനീതവിധേയത്വം ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. സംഘപരിവാർ സംഘടനയായ 'സ്വദേശി ജാഗരൺ മഞ്ച്'-ന്റെ സംസ്ഥാന കൺവീനറായ ശ്രീ. രഞ്ജിത്ത് കാർത്തികേയൻ എന്ന ചാർട്ടേർഡ് അക്കൗണ്ടന്റാണ് കേരള സർക്കാരിന്റെ കിഫ്ബിക്കെതിരായി പണ്ട് കോടതിയിൽ പോയത്. ആർ.എസ്.എസ്. മുഖമാസികയായ 'ഓർഗനൈസർ'-ൽ പതിവായി എഴുതുന്ന വ്യക്തിയായ അദ്ദേഹം അനന്തപുരി ഹിന്ദു സമ്മേളനത്തിന്റെ മുഖ്യ സംഘാടകരിലൊരാളായിരുന്നു. അന്ന് കിഫ്ബിക്കെതിരെ വക്കാലത്ത് ഏറ്റെടുത്തത് സാക്ഷാൽ മൂവാറ്റുപുഴ അംഗമാണ്. കിഫ്ബി മസാല ബോണ്ടിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്താണ് അന്നദ്ദേഹം ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി വികസന വിസ്മയങ്ങൾ സൃഷ്ടിക്കാൻ കിഫ്ബിയിലൂടെ കഴിഞ്ഞു. എൺപതിനായിരം കോടിയിലധികം രൂപയുടെ

വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞ സാഹചര്യത്തിലാണ് ഈയൊരു നിലപാട് സ്വീകരിക്കുന്നത്.

മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ നിങ്ങൾ അംഗീകരിക്കുന്നവരാണ്. അദ്ദേഹം 16-02-2016-ന് കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ആർ. രാജേഷ്, ശ്രീ. എളമരം കരീം, ശ്രീ. ബാബു എം. പാലിശ്ശേരി എന്നിവർക്ക് ഈ സഭയിൽ നൽകിയ ഒരു മറുപടിയുണ്ട്. "ഭരണഘടന ഉറപ്പാക്കുന്ന ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളോരൊന്നും കേന്ദ്ര സമീപനത്തിൽ കടുത്ത വെല്ലുവിളികളെ നേരിടുന്നുണ്ടോ" എന്ന ചോദ്യത്തിന് മുൻ മുഖ്യമന്ത്രി നൽകിയ ഉത്തരം, "സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ എല്ലാ അധികാരാവകാശങ്ങളും നിറവേറ്റിത്തരാൻ കേന്ദ്രസർക്കാരിന് ബാധ്യതയുണ്ട്. ഇത്തരം അവകാശങ്ങൾ ഹനിക്കപ്പെടുന്നതായി ബോധ്യപ്പെടുമ്പോഴൊക്കെ അതിനെതിരായി ശക്തമായ പ്രതിഷേധം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിക്കുകയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്" എന്നാണ്. ആ കോൺഗ്രസ്സല്ലേ ഇപ്പോഴത്തെ പ്രതിപക്ഷം. എന്തൊരു നാണക്കേടാണ്? പോയ വർഷങ്ങളിൽ

നിങ്ങളുടെ നിലപാടെന്തായിരുന്നു? നിങ്ങളുടെ അഭിപ്രായം അറിയാൻ ഞങ്ങൾക്ക് താൽപര്യമുണ്ട്. കേന്ദ്രഗവൺമെന്റ് നികുതി വിഹിതത്തിൽ വൻ കുറവ് വരുത്തിയിരിക്കുകയാണ്. പത്താം ധനകാര്യ കമ്മീഷൻ 3.8 ശതമാനം അനുവദിച്ച സ്ഥാനത്ത് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 1.9 ശതമാനമാണ് അനുവദിച്ചത്. പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ കുറവ് 20,564 കോടി രൂപയാണ്. ഗ്രാൻഡ്-ഇൻ-എയ്ഡിൽ 15,000 കോടി രൂപയുടെ കുറവാണ് വരുത്തിയിരിക്കുന്നത്. ഇതെല്ലാം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം 8,425 കോടി രൂപയുടെ കുറവ് വരുത്തിയിരിക്കുകയാണ്. ഇത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം ജി.എസ്.ടി. വന്നതോടെ നഷ്ടപ്പെട്ടു. സംസ്ഥാനത്തിന് വരുന്ന നഷ്ടം നികത്തുമെന്ന് ഉറപ്പ് നൽകിയെങ്കിലും അതും ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. വിവിധ പദ്ധതികൾ നടപ്പാക്കാൻ ഏത് സർക്കാരിനും കടമെടുക്കേണ്ടതായി വരും. കേന്ദ്രത്തിന് കടമെടുക്കാൻ പരിധിയില്ല. എന്നാൽ സംസ്ഥാനങ്ങൾക്ക് കേന്ദ്രം പരിധി നിശ്ചയിച്ചിരിക്കുകയാണ്. കോവിഡ് കാലത്ത്

സംസ്ഥാനത്തിന് നിശ്ചയിച്ച പരിധി 5 ശതമാനമായിരുന്നു. ഇപ്പോൾ അത് മൂന്ന് ശതമാനമായി ചുരുക്കുകയാണുണ്ടായത്. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിക്ക് ന്യായമായ കാരണങ്ങളുണ്ടായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനങ്ങളിലെ നികുതി വിഹിതത്തിൽ വന്നിട്ടുള്ള കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവും ഘടനയുമെല്ലാം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് തുടങ്ങിയ കാരണങ്ങളാലാണ് സാമ്പത്തിക പ്രതിസന്ധിയുണ്ടായത്. എന്തുകൊണ്ടാണ് പ്രതിപക്ഷം ഇത് അംഗീകരിക്കാത്തത്? കർണ്ണാടക ഭരിക്കുന്നത് നിങ്ങളല്ലേ? കർണ്ണാടക സർക്കാരിന് കേന്ദ്ര നികുതി വിഹിതമുൾപ്പെടെ 1,20,000 കോടി രൂപ നൽകാനുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കർണ്ണാടക മുഖ്യമന്ത്രിയും അവിടത്തെ ധനകാര്യ വകുപ്പുമന്ത്രിയുംകൂടിയായ ശ്രീ. സിദ്ധരാമയ്യ നിരവധി തവണ ഇക്കാര്യം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടും ഇതുവരെ നടപടിയുണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിനും

ഈ പ്രശ്നമുണ്ട്. 2016-ൽനിന്നും 2021 ആയപ്പോൾ തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, രാജസ്ഥാൻ, മേഘാലയ, പഞ്ചാബ്, അരുണാചൽപ്രദേശ്, ജമ്മുകാശ്മീർ എന്നീ സംസ്ഥാനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും പൊതുകടം 10 ശതമാനമോ അതിലധികമോ വർദ്ധിച്ചിട്ടുണ്ട്. കേരളത്തിന്റെ പൊതുകടം ഭീമമായി വർദ്ധിച്ചുവെന്നുപറഞ്ഞാണ് പലരും ബഹളം കൂട്ടുന്നത്. 57,000 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള സ്ഥാനത്ത് കേവലം ചില സംഖ്യകളുടെ കണക്കുപറഞ്ഞ് നിങ്ങൾ നവകേരള സദസ്സിനെയും കേരളീയത്തെയും വിമർശിച്ച് അപവാദ പ്രചരണങ്ങളുടെ കൊടുങ്കാറ്റ് അഴിച്ചുവിടുകയാണ്. നിങ്ങളുടെ കാലത്ത് എന്തെല്ലാം ധൂർത്തുണ്ടായി? പഴയ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. 2011 മുതൽ 2016 വരെ അധികാരത്തിലിരുന്ന സർക്കാർ ആകെ പരസ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ എന്ന ശ്രീ. ആർ. രാജേഷിന്റെ 28-06-2016-ലെ ചോദ്യത്തിന് നിയമസഭയിൽ നൽകിയ മറുപടിയുണ്ട്. 2011-16 വരെ അധികാരത്തിലിരുന്ന സർക്കാർ ആകെ 158,00,85,558 രൂപയാണ് പരസ്യയിനത്തിൽ മാത്രം ചെലവഴിച്ചത്. ഇവിടെ ഉമ്മൻ

ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയെക്കുറിച്ച് പറഞ്ഞു. ഒന്നാംഘട്ടത്തിൽ മാത്രമാണ് ജനങ്ങളുടെ അടുത്തുനിന്നും പരാതി വാങ്ങിയത്. പിന്നീട് ഓൺലൈനായിരുന്നു. ജനസമ്പർക്ക പരിപാടിയുടെ ചെലവ് 22,79,03,194 രൂപയായിരുന്നു. ഇതൊന്നും നിങ്ങൾ ഓർക്കണ്ടേ? എന്നാൽ അതായിരുന്നോ നവകേരള സദസ്സ്? കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണാനാവശ്യമായ ശക്തമായ ഇടപെടൽ നടത്താൻ കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി മുഖ്യമന്ത്രിയും മന്ത്രിമാരും നേരിട്ട് ജനങ്ങളിലേയ്ക്കെത്തി അവരുടെ പരാതി സ്വീകരിച്ച് സമയബന്ധിതമായി അവ പരിഹരിക്കാനാവശ്യമായ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അസമത്വം കുറഞ്ഞ ഒരു നവകേരളമാണ് ഈ സർക്കാർ വിഭാവനം ചെയ്യുന്നത്. നവകേരളത്തിൽ വർഗീയതയ്ക്ക് ഇടമില്ല. സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും നാടായിരിക്കണം കേരളം. മതനിരപേക്ഷത, വ്യക്തിസ്വാതന്ത്ര്യം, സാമൂഹിക സുരക്ഷ തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന തുരുത്തായി ഈ കേരളത്തെ

മാറ്റുന്നതിനായി കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായ പോരാട്ടം നടത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിദ്വേഷത്തിനും വെറുപ്പിനും ഇടമില്ലാത്ത നാടായി കേരളത്തെ മാറ്റാൻ കഴിയണം. ഈ മഹത്തായ ആശയങ്ങൾക്കുവേണ്ടിയാണ് കേരളം നിലകൊള്ളുന്നത്.

എയിംസ്, ദേശീയപാതാ/റെയിൽവേ വികസനം, വിമാനത്താവളങ്ങളുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര അവഗണന തുടങ്ങി എല്ലാ മേഖലകളിലും കേന്ദ്ര സർക്കാർ വിവേചനം അനുവർത്തിച്ചുവരികയാണ്. കേന്ദ്രസഹായം ലഭിക്കാൻ പല പദ്ധതികളുടെയും പേര് മാറ്റണമെന്ന് ആവശ്യപ്പെടുകയാണ്. ആർ.എസ്.എസ്.-കാരും സംഘികളും പേര് മാറ്റാൻ പെയിന്റ് പാട്ടയുമെടുത്ത് നടക്കുകയാണ്. കോൺഗ്രസിനാണെങ്കിൽ ഇതിനെ എതിർക്കാൻ യാതൊരു നിവൃത്തിയുമില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പേരിലായിരുന്ന ഡൽഹിയിലെ സ്റ്റേഡിയത്തിന്റെ പേര് മാറ്റി പകരം പ്രൈംമിനിസ്റ്റേഴ്സ് സ്റ്റേഡിയം എന്നാക്കി മാറ്റിയപ്പോൾ കോൺഗ്രസ് എം.പി.-മാരും കേരളത്തിലെ കോൺഗ്രസുകാരും എവിടെയായിരുന്നു? നിങ്ങൾക്ക്

പ്രതികരണശേഷിയുണ്ടായിരുന്നുവെങ്കിൽ അവിടെ കാണിക്കണമായിരുന്നു. പാർലമെന്റ് വേദിയിൽ ഇന്ത്യൻ രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിത്രത്തിനടുത്ത് ഗാന്ധിജിയെ വെടിവച്ചുകൊന്ന നാഥുറാം വിനായക് ഗോഡ്സെയുടെ ചിത്രം കെട്ടിത്തൂക്കിയപ്പോൾ നിങ്ങൾ പ്രതികരിച്ചോ? നിങ്ങൾക്ക് പ്രതികരിക്കാൻ കഴിയില്ല. അതുപോലെ ആരോഗ്യ കേന്ദ്രങ്ങളുടെ പേര് മാറ്റുന്ന നിബന്ധനകൾ വന്നപ്പോൾ ഒരു കോടി രൂപ മുടക്കുന്ന കേരള ഗവൺമെന്റിന്റെ പേര് ഒരിടത്തുമില്ല. എന്നാൽ 5 ലക്ഷം രൂപ മാത്രം മുടക്കുന്ന കേന്ദ്രസർക്കാർ പേര് മാറ്റിയെഴുതാൻ 3000 രൂപ വീതം നൽകുന്ന സ്ഥിതിയാണുള്ളത്. അങ്ങനെ ഓരോ പേര് മാറ്റത്തിനും പുതിയ കാരണങ്ങളുണ്ടാക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് കേരളത്തെയും ഈ ഗവൺമെന്റിനെയുംകുറിച്ച് വിശ്വപ്രസിദ്ധനും നോബൽ സമ്മാന ജേതാവുമായ ഡോ. അമർത്യാസെൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു സന്ദേശമയച്ചു. അതിലെ ഒരു വാചകം, 'നിങ്ങൾക്ക് ചൈനയെ വെല്ലാൻ

കഴിയും - ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും' എന്നാണ്. അങ്ങനെ ഒരു സന്ദേശം ഡോ. അമർത്യാസെൻ ഇരുപത്തെട്ടോളം സംസ്ഥാനങ്ങളുള്ളതും ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതുമായ ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രിക്ക് അയച്ചാൽ അത്ഭുതപ്പെടാനില്ല. പക്ഷേ ഈ പ്രബുദ്ധ, ജനാധിപത്യ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അദ്ദേഹം അയച്ച സന്ദേശം ലോക സമ്പദ്ഘടനയുടെ കാര്യത്തിൽ വിസ്മയകരമായ മുന്നേറ്റം സൃഷ്ടിക്കുന്ന ജനതയോടൊപ്പം നിൽക്കാൻ കഴിയുന്നുവെന്നുള്ളതാണ് കാണിക്കുന്നത്. നിങ്ങൾക്ക് പ്രതികരിക്കാനോ പ്രതിരോധിക്കാനോ കഴിയില്ല. രാമക്ഷേത്ര ദിനത്തിൽ കോൺഗ്രസിന്റെ ഹിമാചൽപ്രദേശിലെയും മറ്റ് പലയിടങ്ങളിലെയും നിലപാട് നമ്മൾ കണ്ടതാണ്. ഒരു പഞ്ചായത്ത് ഭരണസമിതിയുമായി ബന്ധപ്പെട്ട് കോൺഗ്രസ്-ബി.ജെ.പി. സഖ്യമുണ്ടാക്കുന്ന വാർത്തയുമായാണ് ഇന്നത്തെ വർത്തമാനപത്രം ഇറങ്ങിയിരിക്കുന്നത്. അതിനെതിരെ ലീഗ് പ്രതികരിക്കണം. തീർച്ചയായും വരുംനാളുകളിൽ കേന്ദ്രഗവൺമെന്റിനെതിരെ ശക്തമായ സമരത്തിനാണ് ഞങ്ങൾ നേതൃത്വം നൽകുന്നത്. കേരളീയ സമൂഹത്തിന്റെ കണ്ണുകളിൽനിന്ന്

പ്രസരിക്കുന്ന പ്രതിഷേധ ജ്വാലയേറ്റ് കേന്ദ്ര ഗവൺമെന്റിന്റെ അവഗണനാനയം ഭസ്മീകരിക്കപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. ഇവിടെ ജാതിയുടെയോ മതത്തിന്റെയോ ഭാഷയുടെയോ അതിർവരമ്പുകളില്ല. കേരളം ഒറ്റക്കെട്ടായി പൊതുആവശ്യമെന്നുള്ള നിലയിൽ കേന്ദ്ര അവഗണനയ്ക്കെതിരെ ഡൽഹിയിലാണ് സമരം നടത്തുന്നത്. സമരത്തെ സമ്മേളനമായി വ്യാഖ്യാനിക്കുകയാണ് പ്രതിപക്ഷം. വിവരമുള്ളവർ ആ സമരത്തിന് എത്തുമെന്ന് പ്രഖ്യാപിച്ചപ്പോൾ, എല്ലാവരും വരുമെന്ന് ഉറപ്പായപ്പോൾ അതിലുള്ള ഉത്കണ്ഠയും ആശങ്കയും ഉൾഭയവുമാണ് നിങ്ങളെ ആ പ്രതികരണത്തിനും പരാമർശത്തിനും ഇടയാക്കിയത്. വരുംനാളുകളിലും ശക്തമായ പ്രതിഷേധം ഉയർന്നുവരും. നിങ്ങളും അതിനോടൊപ്പം പങ്കാളികളാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളം ചരിത്രത്തിലെ ഏറ്റവും വലിയ ധനപ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുമ്പോഴും

ഇവിടെ ഭരണകക്ഷി അംഗങ്ങൾ പരസ്പരവിരുദ്ധമായ കണക്കുകൾ അവതരിപ്പിക്കുകയും സംസാരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. കേരളത്തിൽ ഒരു സാമ്പത്തിക പ്രതിസന്ധിയുമില്ല; എല്ലാം ശരിയായി പൊയ്ക്കൊണ്ടിരിക്കുകയാണെന്നാണ് ചിലർ പറയുന്നത്. സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊടുത്തിരിക്കുന്ന റിട്ട് പെറ്റീഷൻ വായിച്ചുനോക്കിയാൽ കേരളത്തിന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കും. ട്രഷറി നിയന്ത്രണമില്ലെന്ന് രാവിലെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞെങ്കിലും ട്രഷറി താഴിട്ടുപൂട്ടി താക്കോൽ പോക്കറ്റിലിട്ടുകൊണ്ട് നടക്കുകയാണ് അദ്ദേഹം. സംസ്ഥാനത്ത് ദയനീയ സ്ഥിതിയാണുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആഗസ്റ്റ് മാസത്തിൽ കൊടുക്കേണ്ട രണ്ടാം ഗഡു നാല് മാസങ്ങൾക്കുശേഷം ഡിസംബറിൽ മെയിന്റനൻസ് ഗ്രാന്റ് ഒഴിച്ച് കുറച്ച് തുക മാത്രമാണ് നൽകിയത്. ട്രഷറിയിൽനിന്നും ഏതെങ്കിലും ബിൽ മാറിക്കിട്ടുമോ? പഞ്ചായത്തിൽ പുല്ല് വെട്ടിയതിന് കാശുകൊടുക്കാനുള്ള ബിൽപോലും പാസ്സാകുന്നില്ല. ഓട നിർമ്മിച്ചതിനുള്ള ബിൽ ട്രഷറിയിൽ കൊടുത്താൽ പാസ്സാകില്ല; ഒരു ഓട പോലും നിർമ്മിക്കാൻ

കാശില്ലാത്ത സർക്കാരാണിതെന്ന ബോധ്യം വേണം. സ്കൂളുകളിൽ ഉച്ചഭക്ഷണം കൊടുക്കാൻ പണമില്ല; ഓരോ വകുപ്പിലെയും സ്ഥിതിയെന്താണ്? സപ്ലൈകോയിൽ മൂന്നുനാല് മാസങ്ങളായി വിതരണക്കാർ സാധനങ്ങൾ സപ്ലൈ ചെയ്യുന്നില്ല. കാരണം, സാധനങ്ങൾ സപ്ലൈ ചെയ്ത ഇനത്തിൽ 1500 കോടിയോളം രൂപ അവർക്ക് കുടിശ്ശികയായിട്ട് 6 മാസമായി. മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ ഒന്നുംതന്നെയില്ല. ലൈഫ് മിഷൻ പദ്ധതിയിൽ ഈ വർഷം 717 കോടി രൂപ വകയിരുത്തിയെങ്കിലും അനുവദിച്ചത് 18 കോടി രൂപ മാത്രമാണ്. ഒന്നുംരണ്ടുംമൂന്നും ഗഡുക്കൾ നൽകിയിട്ടില്ല. ഇത് നേരത്തെ ശരിയായ രീതിയിൽ നടന്നിരുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മത്സ്യത്തൊഴിലാളികൾക്കുമടക്കമുള്ള ഭവനനിർമ്മാണ പദ്ധതിയാണ് ഇപ്പോൾ മുടങ്ങിക്കിടക്കുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 151000 പേരാണ് ഈ വർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്. (മൈക്ക് ഓഫ്)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇരിക്കൂ. ഞാൻ വഴങ്ങുന്നില്ല. നിയമസഭയിൽ ഒരു ഡോക്യുമെന്റിന്റെയും പിൻബലമില്ലാതെ ഞാൻ സംസാരിക്കില്ല. I will show the records. എന്തെങ്കിലും ഫാക്ച്വൽ മിസ്റ്റേക്ക് വന്നിട്ടുണ്ടെങ്കിൽ നിയമസഭയോട് ഞാൻ മാപ്പ് പറയാം. എന്നോട് ചലഞ്ച് ചെയ്യാൻ വരരുത്. വാദം ജയിക്കാൻവേണ്ടി തെറ്റായ വസ്തുതകൾ ഞാൻ പറയില്ല. നിങ്ങൾ പണം കൊടുത്തിട്ടില്ല. രണ്ടുംമൂന്നും ഗഡു തുക അനുവദിക്കുന്നതിനുവേണ്ടി പഞ്ചായത്ത് മെമ്പർമാരെ ജനങ്ങൾ വഴിയിൽ തടഞ്ഞുനിർത്തുകയാണ്. പഞ്ചായത്തിലെ വി.ഇ.ഒ.-മാർ ആളുകളെ കാണുമ്പോൾ ഓഫീസിന്റെ പുറകിലത്തെ വാതിലിലൂടെ ഇറങ്ങി ഓടുകയാണ്. ഇതൊക്കെയാണ് യാഥാർത്ഥ്യം. പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. ജീവനക്കാർക്ക് ശമ്പളപരിഷ്കരണ കുടിശ്ശിക കൊടുത്തിട്ടില്ല. മാത്രമല്ല, 6 ഗഡു ഡി.എ.-യും കുടിശ്ശികയുണ്ട്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഡി.എ. കുടിശ്ശിക ഉണ്ടായിട്ടുണ്ടോ? പെൻഷൻ പരിഷ്കരണ കുടിശ്ശിക കിട്ടാതെ ഒരു ലക്ഷം പെൻഷൻകാർ മരിച്ചുപോയി. ജീവനക്കാർക്കും പെൻഷൻകാർക്കുമായി

കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ട്. നിങ്ങൾ ഒരു പേമെന്റും നടത്തുന്നില്ല. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി.എൽ. എന്നീ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ പ്രതിസന്ധിയിലാണ്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഏകദേശം പൂട്ടിയ സ്ഥിതിയിലാണ്. എത്ര ക്ഷേമനിധി ബോർഡുകൾ ഈ വർഷം അടച്ചുപൂട്ടുമെന്നത് കാണേണ്ടിയിരിക്കുന്നു. അത്രയും പരിതാപകരമായ ഒരു ധനപ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. പതിനാലാം ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്ക് വന്നപ്പോൾ 2.5 ശതമാനത്തിൽനിന്നും 1.92 ശതമാനമായി സംസ്ഥാനത്തിന്റെ ഡെവല്യൂഷൻ ഓഫ് ടാക്സ് കുറഞ്ഞത് നമ്മൾ സമ്മതിച്ചുവെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ ഞങ്ങൾക്ക് പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു. ഞങ്ങളുടെ എം.പി.-മാർ കേന്ദ്ര ധനകാര്യമന്ത്രിയെ സന്ദർശിച്ച് മെമ്മോറാണ്ടം കൊടുത്ത വിവരം അങ്ങ് അറിഞ്ഞുകാണില്ല. ഞാൻ നിങ്ങളുടെ കൂടെ ഡൽഹിയിൽ സമരത്തിന് വരാതിരിക്കുന്നതിന്റെ കാരണം മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ

പറഞ്ഞിട്ടുണ്ട്. കോൺഗ്രസ് ദേശവ്യാപകമായി എടുത്ത നിലപാടാണത്. ജനസംഖ്യ കുറഞ്ഞുവെന്നതിന്റെ അടിസ്ഥാനത്തിൽ ഡെവല്യൂഷൻ ഓഫ് ടാക്സ് കുറയ്ക്കാൻ പാടില്ലെന്ന നിലപാടാണ് ഞങ്ങൾ സ്വീകരിക്കുന്നത്. അത് സുചിന്തിതമായ നിലപാടാണ്. നിങ്ങൾ ഇപ്പോൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന കഥയെന്താണ്? കേരളത്തിന്റെ ധനപ്രതിസന്ധിക്ക് മുഴുവൻ കാരണവും കേന്ദ്രത്തിന്റെ അവഗണനയാണെന്നും സംസ്ഥാന ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടല്ലെന്നുമാണ്. ഇക്കാര്യം ഞങ്ങൾക്ക് എങ്ങനെയാണ് സമ്മതിച്ചുതരാൻ സാധിക്കുന്നത്? നിങ്ങളുടെ കെടുകാര്യസ്ഥതയും മിസ്മാനേജ്മെന്റും കാരണമാണ് ധനപ്രതിസന്ധി ഉണ്ടായിരിക്കുന്നതെന്നാണ് ഞങ്ങൾ ജനങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതല്ലേ ഞങ്ങൾക്ക് പറയാൻ സാധിക്കൂ. ധനപ്രതിസന്ധിയുടെ ധാരാളം കാരണങ്ങളിലൊന്ന് മാത്രമാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ടാക്സിന്റെ കുറവ്. കേന്ദ്രത്തിൽനിന്നും 57,000 കോടി രൂപ ലഭിക്കാനുണ്ടെന്നാണ് ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. 61,000 കോടി രൂപ ലഭിക്കാനുണ്ടെന്ന് മറ്റൊരു

അംഗവും പറഞ്ഞു. എന്നാൽ 32,000 കോടി രൂപ ലഭിക്കാനുണ്ടെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ജൂൺ-ജൂലൈ മാസത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞിരിക്കുന്നത്. അതിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. കോമ്പൻസേഷനും കഴിഞ്ഞാൽ യഥാർത്ഥത്തിൽ ലഭിക്കേണ്ടത് 3600 കോടി രൂപയാണ്. പിന്നീട് അതിൽനിന്നും ക്ഷേമ പെൻഷൻ ഇനത്തിൽ 500 കോടി രൂപ ലഭിച്ചു. ധനകാര്യ വകുപ്പുമന്ത്രി ജൂലൈ മാസത്തിൽ പ്രധാനമന്ത്രിക്ക് അയച്ച കത്ത് വായിച്ചാൽ കേന്ദ്രം തടഞ്ഞുവച്ചിരിക്കുന്ന തുക 3100 കോടി രൂപ മാത്രമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ കേന്ദ്രം 5132 കോടി രൂപ തടഞ്ഞുവച്ചിരിക്കുന്നുവെന്ന് നവംബർ 28-ാം തീയതി മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഫെയ്സ് ബുക്കിൽ ഒരു പോസ്റ്റിട്ടിരുന്നു. കേന്ദ്രം നൽകാനുള്ള തുക 3100 കോടി രൂപയാണെന്ന് നിലവിലെ ധനകാര്യ വകുപ്പുമന്ത്രിയും 5132 കോടി രൂപയാണെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രിയും പറയുന്നു. എന്നാൽ 57000

കോടി, 61000 കോടി രൂപ എന്നാണ് മറ്റംഗങ്ങൾ പറയുന്നത്. ഇതിൽ ഏതാണ് ശരിയായ കണക്കെന്ന് പറഞ്ഞാൽ നന്നായിരുന്നു.

ജി.എസ്.ടി. കോമ്പൻസേഷൻ നൽകുന്നത് അഞ്ച് വർഷത്തേയ്ക്കെന്നാണ് ജി.എസ്.ടി. നിയമത്തിൽ പറയുന്നത്. അതുപ്രകാരം അഞ്ചുവർഷം നമ്മൾ വാങ്ങി. റവന്യൂ ന്യൂട്രൽ റേറ്റ് (RNR) എന്നുപറയുന്നത് പതിനാല് ശതമാനമാണ്. അതായത് ഒരു സംസ്ഥാനത്തിന് പതിനാല് ശതമാനം നികുതി വർദ്ധനവ്/വളർച്ച ഇല്ലെങ്കിൽ കോമ്പൻസേഷൻ ലഭിക്കുന്നതാണ്. നമുക്ക് അഞ്ച് വർഷവും കോമ്പൻസേഷൻ ലഭിച്ചു. കോവിഡ് വന്നതുമൂലം ജി.എസ്.ടി. കോമ്പൻസേഷന്റെ കാലാവധി നീട്ടണമെന്നാണ് പറയുന്നത്. മുഖ്യമന്ത്രി എനിക്ക് അയച്ച കത്തിൽ പറഞ്ഞിരിക്കുന്നത് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ 20 ശതമാനത്തിലധികം വളർച്ചാനിരക്ക് കൈവരിച്ചിട്ടുണ്ടെന്നാണ്. നിങ്ങളുടെ ഈ വാദം സമ്മതിച്ചാൽ ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചാൽ കേരളത്തിന് ലഭിക്കില്ല, എന്ത് കണക്കാണിത്. റവന്യൂ ന്യൂട്രൽ റേറ്റ് പതിനാല് ശതമാനമാണ്. അതിന് താഴെ വളർച്ചാ നിരക്ക്

വന്നാൽ മാത്രമാണ് കോമ്പൻസേഷൻ ലഭിക്കുന്നത്. 20 ശതമാനം വളർച്ചാ നിരക്കുണ്ടെന്നാണ് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറയുന്നത്. 20 ശതമാനം എങ്ങനെയാണുണ്ടായതെന്ന് അറിയാമോ? 2017-18-ൽ 3% മാത്രമാണ് വളർച്ചയുണ്ടായിരുന്നത്. 2019-20 ആയപ്പോൾ അത് -4.9 ശതമാനമായി. 2020-21 ആയപ്പോൾ അത് -.3 ശതമാനമായി. 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോവിഡ് കഴിഞ്ഞപ്പോഴുണ്ടായ വർദ്ധനവാണിത്. നോർമൽ കാലഘട്ടത്തിൽ കേരളത്തിന് മുപ്പത് ശതമാനം വളർച്ച ജി.എസ്.ടി.-യിൽനിന്നും ലഭിക്കേണ്ടതാണ്. -4.9 ശതമാനത്തിൽ നിന്നും 20 ശതമാനമാക്കിയെന്നാണ് അവകാശപ്പെടുന്നത്. നിങ്ങളുടെ ഒരു അവകാശവാദവുംകൂടി പൊളിച്ചുതരാം. 2023 ഡിസംബർ 31 വരെ നമ്മുടെ വളർച്ച 12 ശതമാനമാണെന്ന് ജി.എസ്.ടി. റിപ്പോർട്ടിൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. കേരളത്തെക്കുറിച്ച് പഠിക്കാൻ ഹരിയാനയിൽനിന്നും ഒരു സംഘം വരുന്നുണ്ടെന്ന് രാവിലെ ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഹരിയാനയിലെ വളർച്ചാനിരക്ക് 22 ശതമാനവും തമിഴ്നാടിന്റേത് 19 ശതമാനവുമാണ്. ഒരു യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം.

VAT-ൽനിന്നും GST-യിലേയ്ക്ക് മാറിയപ്പോൾ ഇതിന്റെ ടാക്സ് അഡ്മിനിസ്ട്രേഷൻ സ്ട്രക്ചർ മാറ്റണമെന്ന് ഞങ്ങൾ കഴിഞ്ഞ അഞ്ച് വർഷമായി ആവശ്യപ്പെടുകയാണ്. നിങ്ങൾ മാറ്റിയോ? കേരളം ഇന്ത്യയ്ക്ക് മാതൃകയാണെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ഇന്ത്യ മുഴുവൻ മാതൃകയായ ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റത്തിലാണോ ഡിസംബർ 31 വരെ 12 ശതമാനം വളർച്ചയുണ്ടാക്കിയത്? അയൽ സംസ്ഥാനങ്ങളിലെ വളർച്ചാ നിരക്ക് നമ്മളെക്കാൾ  കൂടുതലാണ്. അതാണോ കേരളത്തിന്റെ മോഡൽ? ആയിരത്തോളം ഉദ്യോഗസ്ഥർ ഒരു ജോലിയുമില്ലാതെ ജി.എസ്.ടി. വകുപ്പിൽ വെറുതെയിരിക്കുകയാണ്. ഇതാണോ നിങ്ങളുടെ റീ-സ്ട്രക്ച്ചറിംഗ്? ചെക്ക്പോസ്റ്റുകളിൽ ചെക്കിംഗില്ല, ക്യാമറകളൊന്നും വർക്ക് ചെയ്യുന്നില്ല, ഇന്റലിജൻസ് സംവിധാനം പരാജയപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഏതുതരത്തിലുള്ള സാധനങ്ങളും കൊണ്ടുവന്ന് നികുതി കൊടുക്കാതെ വിൽക്കാൻ സാധിക്കുന്ന നികുതി വെട്ടിപ്പുകാരുടെ പറുദീസയായി കേരളം മാറിയിരിക്കുകയാണ്. കുറെയൊക്കെ നികുതി വെട്ടിപ്പ് നടക്കുന്നുണ്ടെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ കുറെയല്ല,

ഭീകരമായിട്ടാണ് കേരളത്തിൽ നികുതി വെട്ടിപ്പ് നടക്കുന്നത്. അത് അന്വേഷിക്കാനാരുമില്ല. നികുതി വെട്ടിപ്പ് നടത്തുമ്പോഴും പുറത്ത് ബ്ലാക്ക് ബിസിനസ്സ് നടക്കുമ്പോഴും വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം എന്നിവ കൊടുത്ത് ആളുകളെ ജോലിക്ക് നിയോഗിച്ച് സത്യസന്ധമായി ബിസിനസ്സ് ചെയ്യുന്ന ടാക്സ് പേയേഴ്സുമുണ്ട്. ബ്ലാക്ക് ബിസിനസ്സ് കേരളത്തിൽ നടക്കുമ്പോൾ സത്യസന്ധമായി കച്ചവടം നടത്തുന്നവന്റെ കട പൂട്ടിപ്പോകും. അവനാണ് നമുക്ക് ടാക്സ് നൽകുന്ന നികുതിദായകൻ. അവർ നമ്മുടെ ശത്രുവല്ല, മിത്രമാണ്. കേരളത്തിൽ ആ നികുതിദായകരെല്ലാം വിഷമിക്കുകയാണ്. പതിനെട്ടും ഇരുപത്തിയെട്ടും ശതമാനം ടാക്സുള്ള മെറ്റീരിയൽസ് കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുകയാണ്, B2B (ബിസിനസ്സ് ടു ബിസിനസ്സ്), അതായത് പുറത്തുനിന്നും സാധനങ്ങൾ വാങ്ങിച്ച് ഇവിടെ കൊണ്ടുവന്ന് കച്ചവടം ചെയ്യുന്നു. B2C (ബിസിനസ്സ് ടു കൺസ്യൂമർ), അതായത് അയ്യായിരം സ്ക്വയർഫീറ്റ് വീട് നിർമ്മിക്കുന്ന വ്യക്തി ടാക്സ് കൊടുക്കാതെ പുറത്തുനിന്നും ടൈൽസ് വാങ്ങി ഇവിടെ കൊണ്ടുവന്ന് നിർമ്മാണം നടത്തുന്നു. ഇത്രമാത്രം ടാക്സ് വെട്ടിപ്പ് കേരളത്തിന്റെ ചരിത്രത്തിൽ ഒരു കാലത്തുമുണ്ടായിട്ടില്ല.

ഞങ്ങൾ എത്രയോ പ്രാവശ്യം സ്വർണ്ണ വ്യാപാരമേഖലയിലെ നികുതി വെട്ടിപ്പിനെക്കുറിച്ച് പറഞ്ഞു. അതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറായോ? സർക്കാരിന് ഇപ്പോൾ ആ മേഖലയിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി എത്രയാണ്? 2016-17-ൽ വാറ്റ് നിയമം നിലവിലുണ്ടായിരുന്നപ്പോൾ 629 കോടി രൂപ ലഭിക്കുമായിരുന്നു. അതുകഴിഞ്ഞ് ജി.എസ്.ടി.-യിലേയ്ക്ക് മാറിയപ്പോൾ നമുക്ക് ലഭിക്കുന്നത് 560.91 കോടി രൂപയാണ്. 2017-ൽ ഒരുഗ്രാം സ്വർണ്ണത്തിന്റെ വില 2500 രൂപയായിരുന്നു. ഇപ്പോൾ ഒരു ഗ്രാമിന്റെ വില 5500 രൂപയാണ്. സ്വർണ്ണവില ഇരട്ടിയായപ്പോൾ നികുതി വരുമാനവും വർദ്ധിക്കേണ്ടതാണ്. 2000 കാലഘട്ടത്തിൽ സ്വർണ്ണത്തിന് ഒരു ഗ്രാമിന് 500 രൂപയായിരുന്നു. ഇപ്പോൾ ഒരു ഗ്രാം സ്വർണ്ണത്തിന്റെ വില 5500 രൂപയാണ്. സ്വർണ്ണ വിലയിൽ 11 ശതമാനം വർദ്ധനവുണ്ടായി. പണിക്കൂലിയും കൂടിയാകുമ്പോൾ ഒരു പവന് 50,000 രൂപയാകും. എന്നാൽ ഗ്രാമിന് 500 രൂപ വിലയുണ്ടായിരുന്ന സമയത്തെ അതേ നികുതി വരുമാനമാണ് സംസ്ഥാനത്തിന് ഇപ്പോഴും ലഭിക്കുന്നത്. സ്വർണ്ണവ്യാപാര

മേഖലയിൽനിന്നും നികുതി പിരിക്കാൻ നിങ്ങൾ എന്തുചെയ്തു? ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണ്ണം വിൽക്കുന്ന സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്ന സ്വർണ്ണത്തിന്റെ 28 ശതമാനവും കേരളത്തിലാണ് വിൽക്കുന്നത്. ബ്ലാക്ക് ബിസിനസ്സിലൂടെ ഇത്രമാത്രം സ്വർണ്ണക്കച്ചവടം നടക്കുന്ന ഈ മേഖലയെ നിയന്ത്രിക്കാൻ നിങ്ങൾ ചെറുവിരൽ അനക്കിയോ? നിങ്ങൾ ഒന്നും ചെയ്തില്ല. നിങ്ങൾക്ക് 5000 കോടി രൂപ മുതൽ 10000 കോടി രൂപ വരെ മിനിമം ലഭിക്കുമായിരുന്നു. മറ്റൊരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കേരളത്തിന് 18,000 കോടി രൂപ ലഭിക്കുമെന്നാണ്. അത്രമാത്രം സ്വർണ്ണമാണ് ഇവിടെ വിൽക്കുന്നത്. നിങ്ങളുടെ ടാക്സ് അഡ്മിനിസ്ട്രേഷൻ, നികുതി പിരിവ് എങ്ങനെയാണ്? ടാക്സ് കളക്ഷൻ എന്നുപറയുന്നത് ഒരു ഗവൺമെന്റിന്റെ prime duty ആണ്. കാരണം നികുതി പിരിച്ചിട്ടുവേണം ജനക്ഷേമ പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കേണ്ടത്. Mr. Finance Minister, you have miserably failed. താങ്കൾ ഇനിയെങ്കിലും അത് ഇംപ്രൂവ് ചെയ്യാൻ ശ്രമിക്കണം. ഞങ്ങൾ പോസിറ്റീവായിട്ടല്ലേ ഓരോ കാര്യത്തെക്കുറിച്ചും പറയുന്നത്. ഞാൻ ഈ

നിയമസഭയിൽ ഐ.ജി.എസ്.ടി.-യെക്കുറിച്ച് പറഞ്ഞതാണ്. നിങ്ങൾ എല്ലാവർഷവും 5000 കോടി രൂപ ആ ഇനത്തിൽ നഷ്ടപ്പെടുത്തുന്നുണ്ട്. 25,000 കോടി രൂപ നിങ്ങൾ നഷ്ടപ്പെടുത്തി. ഇപ്പോൾ 30,000/- കോടി രൂപയാകും. 5000 കോടി രൂപയോ എന്ന് ചോദിച്ച് അന്ന് എന്നെ പരിഹസിച്ചു. മൂന്നുമാസം കഴിഞ്ഞപ്പോൾ അത് ശരിവച്ചുകൊണ്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് വന്നു. എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിലും അതുസംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് നിങ്ങൾ പൂഴ്ത്തിവച്ചിരിക്കുകയാണോ? നിങ്ങളുടെ പാനൽ ഡിസ്കഷനിൽ കേരള ബഡ്ജറ്റിനെക്കുറിച്ച് ഇടതുപക്ഷ സഹയാത്രികനായ ഡോ. എം. എ. ഉമ്മൻ സംസാരിച്ചതു കണ്ടല്ലോ? 'One of the Expenditure Committees had recommended that Rs.25,000 crore were lost because of not following IGST'. എന്നാൽ ഐ.ജി.എസ്.ടി.-യിൽ നിന്നും ഒരൊറ്റ പൈസപോലും കിട്ടാനില്ലെന്നാണ് മറ്റൊരംഗം ഇവിടെ പ്രസംഗിച്ചത്. ഐ.ജി.എസ്.ടി. എന്താണെന്ന് പ്രതിപക്ഷത്തിന് അറിയില്ലെന്നാണ് പറയുന്നത്. എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും

റിപ്പോർട്ടുകൾ പരിശോധിച്ചുനോക്കൂ. ഞങ്ങൾ പറയുന്നത് വിലയ്ക്കെടുക്കണ്ടേ; ഞങ്ങൾ ഇതൊക്കെ പോസിറ്റീവായിട്ടല്ലേ പറഞ്ഞത്. ഒരു ഗവൺമെന്റിനെ കറക്ട് ചെയ്യുകയെന്നതല്ലേ പ്രതിപക്ഷത്തിന്റെ ജോലി. നിങ്ങൾ ചെയ്യാതിരുന്നപ്പോൾ അതുചെയ്യണം എന്നല്ലേ ഞങ്ങൾ പറഞ്ഞത്. എത്ര കോടി രൂപയാണ് നഷ്ടപ്പെടുത്തിയത്? അത് വാങ്ങിയെടുത്തിരുന്നുവെങ്കിൽ സാമൂഹികക്ഷേമ പെൻഷനും സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന്റെ തുകയും കൊടുക്കാമായിരുന്നല്ലോ. അത് വാങ്ങിയെടുക്കാൻ എന്തുനടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്നത് ഇന്റർസ്റ്റേറ്റ് ട്രാൻസ്ഫറാണ്. അവർ ഇവിടെ റിട്ടേൺ കൊടുക്കുന്ന സമയത്ത് അതിന്റെകൂടെ ഒരു സെപ്പറേറ്റ് ഫോം ഫിൽ ചെയ്ത് അക്കൗണ്ട് സബ്മിറ്റ് ചെയ്താൽ സെൻട്രൽ പൂളിൽ കിടക്കുന്ന ഐ.ജി.എസ്.ടി.-യുടെ കേരളത്തിന് ലഭിക്കേണ്ട ഷെയർ ലഭിക്കും. ഇല്ലെങ്കിൽ അവർ ഓരോവർഷം കഴിയുമ്പോഴും ബാക്കിവരുന്ന തുക ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കുമായി വീതിച്ചുകൊടുക്കും. അഞ്ചുവർഷമായി ഇത്രവലിയ തുക നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്ന്

ഞങ്ങൾ പറഞ്ഞാൽ തെറ്റാകുന്നതെങ്ങനെയാണ്? ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലത്ത് മുണ്ടുമുറുക്കിയുടക്കണമെന്ന് പറഞ്ഞുവെന്ന് ഇവിടെ പരാമർശിച്ചു. എപ്പോഴാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്? 2001-ൽ ഞാൻ ആദ്യമായി എം.എൽ.എ. ആയി വന്ന സമയത്തായിരുന്നു. 1996 മുതൽ 2001 വരെ ഇ. കെ. നായനാർ മുഖ്യമന്ത്രിയും ടി. ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രിയുമായ നിങ്ങളുടെ സർക്കാർ ഉണ്ടായിരുന്നു. നിങ്ങൾ അധികാരത്തിൽനിന്നും ഒഴിയുമ്പോൾ ഇപ്പോഴുള്ളതിന്റെയത്ര സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിലും ഏകദേശം ഇതിന്റെ അടുത്തെത്തിയിരുന്നു. തുടർന്ന് 2001-ൽ ഞങ്ങൾ അധികാരത്തിൽ വന്നപ്പോഴാണ് മുണ്ടുമുറുക്കിയുടുക്കാനും കുറച്ചുനാളത്തേയ്ക്ക് ജീവനക്കാർ സഹിക്കണമെന്നും ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. അന്ന് എന്ത് സമരമായിരുന്നു നിങ്ങൾ നടത്തിയത്? എന്നാൽ ഇപ്പോൾ ജീവനക്കാരോട് നിങ്ങൾ എന്താണ് പറയുന്നത്? 6 ഗഡു ഡി.എ. കുടിശ്ശിക, ലീവ് സറണ്ടർ, മെഡിസെപ് തുടങ്ങിയവയെക്കുറിച്ച് നിങ്ങൾക്ക് ജീവനക്കാരോട് എന്തെങ്കിലും പറയാനുണ്ടോ? നിങ്ങൾ ആ വാക്കുകളൊന്നും ഉപയോഗിക്കുന്നില്ലെന്ന് മാത്രമേയുള്ളൂ. ശ്രീ. എ. കെ. ആന്റണി ഏത്

സാഹചര്യത്തിലാണത് പറഞ്ഞതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളുടെ കാലത്തെ ഓരോന്നിന്റെയും കണക്ക് വ്യക്തമാക്കിത്തരാം. എല്ലാം കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഇപ്പോൾ പറഞ്ഞല്ലോ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടി വായിക്കാം. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കുടിശ്ശിക - 1128 കോടി രൂപ, കാരുണ്യ ബെനവലന്റ് പദ്ധതി, കുടിശ്ശിക - 189 കോടി രൂപ, ആരോഗ്യ കിരണം, അമ്മയും കുഞ്ഞും, സുകൃതം തുടങ്ങി പാവപ്പെട്ടവർക്കുള്ള എല്ലാ ഹെൽത്ത് സ്കീമുകളും കുടിശ്ശികയാണ്. അതിനാൽ കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി)-ന്റെ കാർഡുകളൊന്നും എടുക്കണ്ടെന്ന് സ്വകാര്യ ആശുപത്രികളുടെ മാനേജുമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കോടിക്കണക്കിന് രൂപയാണ് അവർക്ക് കൊടുക്കാനുള്ളത്. നിങ്ങൾ കേരളത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്; ഈ തറവാട് നിങ്ങൾ മുടിപ്പിക്കുകയാണോ? ബാറിൽനിന്നും ലഭിക്കുന്ന ടാക്സിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞു. ബാറുകളുടെ എണ്ണവും മദ്യഉപഭോഗവും വർദ്ധിച്ചിട്ടും ഇതിൽനിന്നുള്ള വരുമാനം താഴോട്ടുപോകുന്നതിന്റെ കാരണമെന്താണ്? ഇതു പരിശോധിക്കാൻ നിങ്ങൾ എന്തുസംവിധാനമാണ്

ചെയ്യുത്. ബിവറേജസ് കോർപ്പറേഷനിൽനിന്നും മദ്യം വാങ്ങി ബാറിലേയ്ക്ക് കൊണ്ടുപോയി ലൂസായിട്ടല്ലേ വിൽക്കുന്നത്? അവർക്ക് 50/- രൂപ ചെലവാകുന്ന ഒരു പെഗ് 200/- രൂപയ്ക്ക് വിൽക്കുമ്പോൾ 150/- രൂപയാണ് കൂടുതൽ ലഭിക്കുന്നത്. അവരുടെ ടേണോവർ കൂടുകയാണ്. ആ ടേണോവർ കണക്കാക്കാതെ അവർ വെറുതെ ഒരു കണക്കുതരികയാണ്. പല ബാറുകളും അതുപോലും തരുന്നില്ല. ഇതുമൂലം സർക്കാരിന് നികുതി ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് എന്ത് പരിശോധനയാണ് നടത്തുന്നത്? ഇവിടെ അക്ഷരാർത്ഥത്തിൽ ജി.എസ്.ടി. അഡ്മിനിസ്ട്രേഷൻ സംവിധാനമില്ല. ഏറ്റവും കൂടുതൽ സ്പോൺസർഷിപ്പ് പിരിച്ചുനൽകിയതിന് മുഖ്യമന്ത്രി ഒരു ഉദ്യോഗസ്ഥന് സ്വീകരണം നൽകിയിരിക്കുകയാണ്. ജി.എസ്.ടി. അഡീഷണൽ കമ്മീഷണർ (ഇന്റലിജൻസ്)-നെയാണ് സ്പോൺസർഷിപ്പ് പിരിക്കാൻ ഏൽപ്പിക്കുന്നത്. നികുതി വെട്ടിപ്പ് തടയുകയെന്നതാണ് അദ്ദേഹത്തിന്റെ ജോലി. നികുതി വെട്ടിപ്പ് തടയാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് പണപ്പിരിവ് നടത്തിയിട്ട് അയാൾക്ക് സമ്മാനം കൊടുക്കാൻ നിങ്ങൾക്കല്ലാതെ വേറെ ആർക്കാണ് സാധിക്കുന്നത്? ഈ

സർക്കാർ സാമൂഹിക സുരക്ഷ പദ്ധതികളും വികസന പദ്ധതികളുമെല്ലാം തകർന്നുപോകുന്ന തരത്തിൽ ഗുരുതരമായ ധനപ്രതിസന്ധിയിലൂടെ കേരളത്തെ പിന്നോട്ടുകൊണ്ടുപോകുകയാണ്. ഈ അപകടകരമായ സ്ഥിതിവിശേഷമാണ് ഞങ്ങൾ സഭയിൽ കൊണ്ടുവരാൻ ശ്രമിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് ഇത്തരമൊരു ചർച്ച ഇവിടെ നടക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായം ഞങ്ങൾ രാവിലെ പറഞ്ഞത്. കേരളത്തെ സംബന്ധിച്ച് നടക്കുന്ന ചർച്ചയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെക്കുറിച്ച് കുറ്റപ്പെടുത്തി സംസാരിക്കുകയെന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകണ്ടത്. എന്നാൽ ഇന്ത്യയിലെ രാഷ്ട്രീയ/ഭരണരംഗങ്ങളിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കാവുന്നതും ജനാധിപത്യ സംവിധാനങ്ങളുടെയും ഭരണഘടനാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ അവസാനത്തിലേയ്ക്കുവരെ കൊണ്ടുവരാവുന്നതുമായ തീരുമാനങ്ങളും പ്രവർത്തനങ്ങളുമായിപ്പോകുന്ന കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റുകളോടും ഇന്ത്യയിലെ സാധാരണക്കാരോടും

കാണിക്കുന്ന അങ്ങേയറ്റം നിഷേധാത്മകവും ജനാധിപത്യവിരുദ്ധവുമായ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയെന്ന ഉദ്ദേശ്യമാണ് സർക്കാരിനുള്ളത്. ചെറിയൊരു പരിധിക്കകത്തുനിന്നുകൊണ്ട് പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ഇവിടെപ്പറഞ്ഞത് തെരഞ്ഞെടുപ്പിന് അങ്ങോട്ടുമിങ്ങോട്ടും വാദമുന്നയിക്കുന്ന തരത്തിലായിപ്പോയിയെന്നുള്ളത് ദൗർഭാഗ്യകരവും വിഷമകരവുമാണ്. പ്രതിപക്ഷ ഉപനേതാവ് ഇവിടെ സത്യം പറഞ്ഞു. അൽപ്പംകൂടി നേരത്തെ ആയിരുന്നുവെങ്കിൽ ഞങ്ങളുംകൂടി ഡൽഹിയിലെ സമരത്തിൽ സഹകരിക്കുമായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ തെരഞ്ഞെടുപ്പ് വരാറായി, സ്ഥാനാർത്ഥികളെ തീരുമാനിക്കുന്ന സമയമാകുമ്പോൾ ഒരുമിച്ച് സമരത്തിന് പോകുന്നതിൽ കാര്യമുണ്ടോ എന്നാണ് ചോദിക്കുന്നത്; അക്കാര്യം ഞങ്ങൾ അംഗീകരിക്കുന്നു. നമ്മുടെ രാജ്യത്ത് സംസ്ഥാനങ്ങളുടെ അവകാശങ്ങൾ തീർത്തും ഇല്ലാതാക്കുന്ന തരത്തിലേയ്ക്ക് കേന്ദ്രസർക്കാർ എല്ലാ വിധത്തിലും നിയമം ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നത് ഈ സഭയിൽ ചർച്ച ചെയ്യുമ്പോൾ കാണാതിരിക്കേണ്ട കാര്യമാണോ; ഇന്ത്യയിലെ ഇത്തരം

നിയമ/ജനപ്രതിനിധി സഭകളുടെ ആദ്യ തലമുറ സഭകൾ വന്നൊരു സംസ്ഥാനമാണ് കേരളം. ഇങ്ങനെയായാൽ ഭാവിയിൽ ഇത്തരം സഭകളുണ്ടാകുമോ; തെരഞ്ഞെടുപ്പുകളുടെ രീതി ഇതായിരിക്കുമോ; 'One Nation, One Election' എന്നെല്ലാം പറയുന്ന തരത്തിലേയ്ക്ക് അതിദ്രുതം നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എന്തായിരിക്കും രാജ്യത്തിന്റെ അവസ്ഥയെന്നതുൾപ്പെടെ ചർച്ച ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഫെഡറലിസത്തിന്റെ പ്രധാനപ്പെട്ട വശമായ ഫിസ്കൽ ഫെഡറലിസം ഏതൊരു രാജ്യത്തിന്റെയും നിലനിൽപ്പിന് അത്യാവശ്യമാണ്. ചെറിയ നാട്ടുരാജ്യങ്ങളുടെ കാലത്തും നികുതി അവകാശമായിരുന്നു ഒന്നാമത്തെ അവകാശം. ആ നികുതി സംരക്ഷണം എന്നുപറയുന്നത് സാമ്പത്തിക രംഗത്തെ സംരക്ഷിക്കുന്നതുവഴി അധികാരം സംരക്ഷിക്കലുമാണ്. അതിന്റെ ഭാഗമായാണ് പോലീസും പട്ടാളവുമൊക്കെ വരുന്നത്. പണ്ടകശാലകളും ചെറിയ ചുങ്കം പിരിവ് സ്ഥലങ്ങളുമുൾപ്പെടെ നാട്ടുരാജ്യങ്ങളുണ്ടായിരുന്ന കാലം മുതൽ നമ്മുടെ അവകാശമായിരുന്നു നികുതി വിഹിതം. അഞ്ഞൂറിലധികം നാട്ടുരാജ്യങ്ങൾ ചേർന്ന് വിവിധ ഭാഷാ

സംസ്ഥാനങ്ങളുണ്ടാകുകയും അതൊരു രാജ്യമായി വളർന്ന് ഇന്ത്യയെന്ന രാജ്യമുണ്ടാകുകയും അതിന്റെ ഭാഗമായി ഭരണഘടനയുണ്ടാകുകയും ചെയ്തു. എന്നാൽ ഇന്ന് ഭരണഘടനയെയും ആശയങ്ങളെയുമൊക്കെ വെല്ലുവിളിച്ചുകൊണ്ട് ഭരണഘടനാപ്രകാരമുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങളെയും അടിസ്ഥാനപരമായ കാര്യങ്ങളെയും നിഷേധിക്കുന്ന സമയത്ത് ഇന്ത്യയിലാകെ ഈ പ്രശ്നം ഉന്നയിക്കാൻ ഒരു വേദിയെന്ന നിലയിൽ ഡൽഹിയിലേയ്ക്ക് സമരം ചെയ്യാൻ കേരളത്തിൽനിന്ന് നമ്മൾ പോകുകയാണ്. ഇവിടെയും അക്കാര്യം ചർച്ച ചെയ്യുന്നുവെന്ന നിലയിലാണ് ഞങ്ങൾ അടിയന്തരപ്രമേയത്തെ കണ്ടത്.

സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്തെ കണക്കുകൾ സംബന്ധിച്ച് കുറഞ്ഞസമയത്തിനുള്ളിൽ പറയാൻ കഴിയില്ല. കേരളം അങ്ങേയറ്റം ധനകാര്യ പ്രതിസന്ധിയിലാണ്, ഭരണസ്തംഭനമുണ്ടാകും എന്നൊരു അവസ്ഥയുണ്ടോ? ഇല്ലെന്നാണ് ഞങ്ങളെല്ലാവരും പറഞ്ഞത്. അങ്ങനെയൊരു അവസ്ഥയില്ലെന്ന് പറയുമ്പോൾ അർഹമായ തുക കേന്ദ്രസർക്കാരിൽനിന്നും കിട്ടണമെന്നുള്ളതിനെക്കുറിച്ച്

പറയാതിരിക്കണോ? സംസ്ഥാനത്തിന്റെ ചെലവിന്റെ കാര്യം പരിശോധിച്ചാൽ, കോവിഡ് സമയത്ത് ചെലവ് വളരെ കുറവായിരുന്നുവെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അന്ന് 120000, 110000 കോടി രൂപ ചെലവ് വന്നതിനുശേഷം 2021 മാർച്ച് മാസത്തിൽ 1,38,000 കോടി രൂപയായി. ആ സ്ഥാനത്തുനിന്ന് 1,58,000 കോടി രൂപയായി ഉയർന്നു. ഇപ്പോൾ 1,68,000-1,70,000 കോടി രൂപയിലേയ്ക്ക് പോകുകയാണ്. ഈ വർഷത്തെ കണക്കെടുക്കാം. ഒരു കാര്യത്തിനും തുക കൊടുക്കാനില്ല, എല്ലാം സ്തംഭിച്ചു എന്നാണ് നിങ്ങൾ പറയുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2023 ഡിസംബർ മാസം വരെ ട്രഷറിയിൽനിന്നും നൽകിയത് 1,21,473 കോടി രൂപയാണെങ്കിൽ ഈ വർഷം അത് 1,26,182 കോടി രൂപയാണ്. അതായത് കഴിഞ്ഞവർഷവും ഈ വർഷവുമായി വരുമാനത്തിന്റെ കാര്യത്തിൽ വലിയ വെട്ടിക്കുറവ് വന്നിട്ടും ചെലവിന്റെ കാര്യത്തിൽ കുറവുവന്നില്ല. നാലായിരം കോടി രൂപ അധികമായി ചെലവായി. ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുകയാണ്, അവിടെയുള്ള ഉദ്യോഗസ്ഥർക്ക് ഒരു ജോലിയുമില്ല എന്നൊക്കെ നിങ്ങൾ പറയുന്നുണ്ടെങ്കിലും വസ്തുത ഇതാണ്.

**3.00 p.m]**

സംസ്ഥാനത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച കണക്കുകളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംശയമാണല്ലോ? മുൻ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് 5,000 കോടി രൂപയാണെന്നും ഞാൻ പറഞ്ഞത് 4,000 കോടി രൂപയാണെന്നും വേറൊരു കണക്ക് പ്രകാരം 57,000 കോടി രൂപയാണെന്നും പറഞ്ഞല്ലോ. ഇതിൽ രണ്ട് കണക്കുകളുണ്ട്. നിങ്ങൾ എല്ലാവരും അംഗീകരിച്ച ധനകാര്യ കമ്മീഷന്റെ കണക്കനുസരിച്ച് കേരളത്തിന് ഡിവിസിബിൾ പൂളിൽനിന്നും നിലവിലെ 1.92 ശതമാനത്തിനുപകരം 3.8 ശതമാനം വിഹിതമായിരുന്നു ലഭിക്കേണ്ടതെന്നതിൽ ആർക്കും തർക്കമുണ്ടാകില്ല. 1.92 ശതമാനം വിഹിതമായി ഈ വർഷം ലഭിക്കുന്നത് 21,000 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ 18,000 കോടി രൂപയാണ് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള തുകയായ 57,000 കോടി രൂപയുടെ കണക്കിൽ ഉൾപ്പെടുത്തിയത്. അടുത്ത വർഷം പ്രതീക്ഷിക്കുന്നത് 24,000 കോടി രൂപയാണ്. ഇതിന്റെയൊക്കെ കണക്ക് വച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്. ഈ വർഷത്തെ 1.92 ശതമാനം വിഹിതമായ 21,000 കോടി രൂപയുടെ സ്ഥാനത്ത് 3.8

ശതമാനമായിരുന്നെങ്കിൽ എത്രയായിരിക്കുമെന്നുള്ളതിൽ തർക്കമില്ലല്ലോ? കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമ്മല സീതാരാമന് കത്ത് നൽകുമ്പോൾ ധനകാര്യ കമ്മീഷൻ അനുവദിച്ച 21,000 കോടി രൂപ കൂടി ഇപ്പോൾ നൽകണമെന്ന് പറയാൻ സാധിക്കില്ലല്ലോ? അത് നോഷണലായുള്ള വരുമാനവുമല്ല. സാധാരണഗതിയിൽ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിന് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശമാണ്. ഇത്തരം കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കത്തെഴുതിയത്. 1.9 ശതമാനവും 3.8 ശതമാനവും തമ്മിലുള്ള വ്യത്യാസം മാത്രമാണ് ഞങ്ങൾ പറഞ്ഞത്.

ഡോ. മാത്യു കുഴൽനാടൻ: സർ,

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വഴങ്ങാൻ തയ്യാറല്ല. മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ഇക്കാര്യം പറയുമ്പോൾ, ബഹുമാനപ്പെട്ട സിദ്ധരാമയ്യ അല്ലേ ഇപ്പോൾ 'എക്സ്' എന്നുപറയുന്ന പഴയ

ട്വിറ്ററിൽ ട്വീറ്റ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് പതിനാലാം ധനകാര്യ കമ്മീഷന്റെ വേളയിൽ, ഗ്രാന്റ് 42 ശതമാനം ആക്കാൻ തീരുമാനിച്ചപ്പോൾ അത് 32 ശതമാനമാക്കണമെന്ന് പറഞ്ഞുവെന്നുള്ളത് റിപ്പോർട്ടേഴ്സ് കളക്ടീവ് മീഡിയയിൽ വന്നതല്ലേ; നീതി ആയോഗിന്റെ ഇപ്പോഴത്തെ സി.ഇ.ഒ. ആണ് ഇക്കാര്യം പറഞ്ഞത്. കർണ്ണാടക മുഖ്യമന്ത്രി പറഞ്ഞതെങ്കിലും കോൺഗ്രസ്സുകാർക്ക് മനസ്സിലാകും എന്നുകരുതി സൂചിപ്പിച്ചെന്നേയുള്ളൂ. ഇതുസംബന്ധിച്ച് ശ്രീ പി. ചിദംബരം ഉൾപ്പെടെയുള്ളവർ പറയുകയുണ്ടായി. ഇത് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ധനകാര്യ രംഗത്തേയ്ക്കുള്ള കടന്നുകയറ്റമോ പടിച്ചുപറിയോ ആണെന്ന് പറയേണ്ടതല്ലേ. ഗ്രാന്റ് കുറഞ്ഞതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എൽ.ഡി.എഫ്.-ന്റെ റിപ്പോർട്ടിൽ പറഞ്ഞാൽ അങ്ങ് ചിലപ്പോൾ തർക്കിക്കുമെന്നുള്ളതുകൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫിനാൻസസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പരിശോധിക്കാം. കേന്ദ്രത്തിൽനിന്നും കേരളത്തിന് കിട്ടുന്ന ഗ്രാന്റ് 30,000 കോടി രൂപയിൽനിന്ന് 15,000 കോടി രൂപയായി ഈ വർഷം കുറയുകയാണ്. ഇത് ആർ.ബി.ഐ.-യുടെ റിപ്പോർട്ടാണ്.

മധ്യപ്രദേശിൽ 34,000 കോടി രൂപയിൽനിന്നും 44,000 കോടി രൂപയായി വർദ്ധിച്ചു. മറ്റ് സംസ്ഥാനങ്ങളുടെ കാര്യത്തിൽ 10,000 കോടി രൂപയോ 20,000 കോടി രൂപയോ ഒന്നുമല്ല വർദ്ധനവ്. നമ്മുടെ സംസ്ഥാനത്തോട് ഇങ്ങനെയോരോ കാര്യങ്ങൾ ചെയ്യുമ്പോൾ അത് ശരിയാണെന്ന പ്രതിപക്ഷത്തിന്റെ വാദം അംഗീകരിക്കാൻ സാധിക്കുമോ? ധനകാര്യ കമ്മീഷൻ ഗ്രാന്റ് കുറച്ചുവെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ, ജി.എസ്.ടി. തുടങ്ങി മറ്റ് കണക്കുകളെക്കുറിച്ച് പലതവണ ചർച്ച ചെയ്തതുകൊണ്ട് അതിലേയ്ക്കൊന്നും പോകുന്നില്ല. സംസ്ഥാനത്തിന് ഇത്തരത്തിലുള്ള വലിയ ഫണ്ട് ലഭിക്കാനുണ്ടെന്ന പ്രശ്നം നമുക്ക് ഉന്നയിക്കണ്ടേ? ഇ. കെ. നായനാർ, വി. എസ്. അച്ചുതാനന്ദൻ, ഉമ്മൻ ചാണ്ടി ഗവൺമെന്റുകളുടെ കാലത്ത് ട്രഷറിയിൽനിന്നും കടമെടുക്കുന്ന തുക സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുകയില്ലായിരുന്നു. എന്നാൽ 2017 മുതൽ ട്രഷറിയിലുള്ള പണം ഓരോ വർഷവും സംസ്ഥാനം കടമായി എടുക്കുമെന്ന് കേന്ദ്രസർക്കാർ കണക്കാക്കിയതിലൂടെ നമുക്ക് നഷ്ടമായത് 1,07,000 കോടി രൂപയാണ്. സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ

നൽകിയിരിക്കുന്ന കേസിൽ ഇതെല്ലാം പറഞ്ഞിട്ടുണ്ട്. ഇത് ലീഗൽ ഫൈറ്റിന്റെ ഭാഗംകൂടിയാണ്. ഈ വർഷം 13,000 കോടി രൂപ ട്രഷറിയിൽനിന്ന് എടുക്കുമെന്ന് കണക്കാക്കിയിരുന്നെങ്കിലും 6,000 കോടി രൂപ മാത്രമേ എടുത്തിട്ടുള്ളൂ. കഴിഞ്ഞ വർഷം 9,000 കോടി രൂപയാണ് എടുത്തത്. അതുസംബന്ധിച്ച് എ.ജി.-യുടെ സർട്ടിഫിക്കറ്റുണ്ട്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ വർഷത്തെ 4,000 കോടി രൂപയും ഈ വർഷത്തെ 7,000 കോടി രൂപയുമുൾപ്പെടെയുള്ള തുക വായ്പയെടുക്കുന്നതിന് അനുമതി നൽകേണ്ടതായിരുന്നു, എന്നാൽ അത് ലഭ്യമാകുന്നില്ല. നേരത്തെ ട്രഷറിയിൽനിന്നുമെടുക്കുന്ന തുകയെ കടത്തിന്റെ പരിധിയിൽ കൊണ്ടുവരില്ലായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ ഇപ്പോൾ 13,000 കോടി രൂപ കൂടി കടമെടുക്കാമായിരുന്നു. സംസ്ഥാനത്തിനിപ്പോൾ 13,000 കോടി രൂപയിൽ താഴെ മാത്രമെ ബാധ്യതയുള്ളൂ. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് 15,000 കോടി രൂപ നൽകാനുണ്ടെന്ന് രാവിലെ നിങ്ങൾ പറഞ്ഞു; എന്നാൽ 1021 കോടി രൂപയേ കൊടുക്കാനുള്ളൂവെന്ന് ഞാൻ പറഞ്ഞത് ട്രഷറിയിലെ കൃത്യമായ കണക്കുപ്രകാരമാണ്. സർക്കാരിന്

കടമില്ലെന്നല്ല, കുറച്ച് കടമുണ്ട്. നവംബർ മാസം വരെയുള്ള ബില്ലിന്മേൽ പണമൊന്നും നൽകാനില്ല. അതുപോലെ സംസ്ഥാനത്തിന് വിവിധ ഇനത്തിൽ ലഭിക്കാനുള്ള 57,000 കോടി രൂപ വെട്ടിക്കുറച്ചിരിക്കുകയാണ്. അതിന്റെ ഫലമെന്താണ്? സാധാരണഗതിയിൽ 57,000 കോടി രൂപ നമ്മുടെ നാട്ടിലേയ്ക്ക് വന്നാൽ പലതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും ശമ്പളത്തിനുമൊക്കെയായി ചെലവഴിക്കപ്പെടും. ഒരു രൂപ നാട്ടിലേയ്ക്ക് വന്നാൽപ്പോലും അത് നാല് മടങ്ങ് റൊട്ടേറ്റ് ചെയ്യുമെന്നാണ് കണക്കാക്കപ്പെടുന്നത്. അതായത് 50,000 കോടി രൂപ സംസ്ഥാനത്തേയ്ക്ക് വന്നാൽ രണ്ട് ലക്ഷം കോടി രൂപയുടെയെങ്കിലും ഇക്കണോമിക് ആക്ടിവിറ്റി നമ്മുടെ സമൂഹത്തിലുണ്ടാകുകയും അതുവഴി ധാരാളം പേർക്ക് ജോലി ലഭിക്കുകയും  വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇതാണ് സാധാരണ കണക്ക്. അതുപോലെ സംസ്ഥാനത്തിന് അർഹമായ തുകയിൽ 10,000 കോടി രൂപ ലഭിച്ചില്ലെങ്കിൽ അതിന്റെ പ്രതിഫലനം സാധാരണഗതിയിൽ വരുമെന്ന് അറിയാവുന്നതാണ്. ഇങ്ങനെ കേരളത്തിന് അർഹമായ പണം നൽകാതെ നമ്മളെ സാമ്പത്തികമായി വലിയ തോതിൽ ഞെരുക്കുന്നു. മറ്റ്

സംസ്ഥാനങ്ങൾക്ക് അർഹമായതിനേക്കാൾ കൂടുതൽ തുക ലഭിക്കുകയും ചെയ്യുന്നുണ്ട്. (...ബഹളം....)

മി. സ്പീക്കർ: പ്ലീസ്....... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷം മിണ്ടിയില്ലല്ലോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആർ.ബി.ഐ.-യുടെ റിപ്പോർട്ടിനെപ്പറ്റി ഇന്ത്യൻ എക്സ്പ്രസ്സ് ദിനപത്രത്തിൽ ഇന്നലെ വാർത്തയുണ്ടായിരുന്നു. സംസ്ഥാനത്തിന് ലഭിക്കാനുള്ള വരുമാനത്തിൽ ഒന്ന് നികുതിയാണ്. (....... ബഹളം......)

മി. സ്പീക്കർ: പ്ലീസ്.... ഡോ. മാത്യു കുഴൽനാടൻ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷം മിണ്ടാതെയിരുന്നു. ഇങ്ങനെ ഇടപെടുന്നത് ശരിയല്ല. ശ്രീ. അൻവർ സാദത്ത് അവിടെ ഇരിക്കണം. മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെ വ്യക്തിപരമായ വിശദീകരണം നൽകാൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി എഴുന്നേറ്റപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

വഴങ്ങിയില്ല. അതുകൊണ്ട് ഞാനും വഴങ്ങുന്നില്ല. ഞാൻ സംസാരിച്ചുകഴിഞ്ഞ് പറയാം. സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫിനാൻസസിൽ പറയുന്ന ഒരു കണക്കുണ്ട്. സംസ്ഥാനങ്ങളുടെ വരുമാനമെന്നത് സംസ്ഥാനത്തിനകത്തുനിന്ന് പിരിക്കുന്ന നികുതിയും കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള അർഹമായ നികുതി വിഹിതവും സംസ്ഥാനത്തിന്റെ കടമെടുപ്പുമാണ്. സംസ്ഥാനം നികുതി വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നല്ല രീതിയിൽ വാദിക്കുന്ന ആളാണ്, അതിലൊന്നും യാതൊരു തർക്കവുമില്ല, എന്നാൽ കേരളം യാതൊരു പെർഫോമൻസുമുണ്ടാക്കിയിട്ടില്ലെന്ന് പറയുന്നത് ശരിയാണോ? 1956 മുതലുള്ള ഗവൺമെന്റുകളുടെ കണക്ക് പരിശോധിക്കുമ്പോൾ 47,000-ത്തിൽപ്പരം കോടി രൂപയുടെ വരുമാനമാണ് 2021 മാർച്ചിൽ വന്നത്. കോവിഡ് സമയത്ത് സാമ്പത്തിക രംഗം സജീവമല്ലായിരുന്നു. എന്നാൽ രണ്ടുവർഷം കൊണ്ട് സംസ്ഥാനത്തിന്റെ വരുമാനം 71,000 കോടി രൂപയായി. ഇന്ത്യയിലാകെ സാമ്പത്തിക പ്രശ്നമുണ്ട്. ഒന്നോ രണ്ടോ സംസ്ഥാനങ്ങളുടെ കണക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അന്തർദേശീയ

കണക്ക് പരിശോധിച്ചാൽ വളർച്ചാനിരക്ക് ഒരു ശതമാനം പോലുമില്ല. ഇന്ത്യയിലും വളർച്ചാനിരക്കിന്റെ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയിരിക്കുകയാണ്. ആ വർദ്ധനവ് എന്നും അതുപോലെ വരുമെന്നല്ല. രണ്ട് വർഷം കൊണ്ട് 47,000 കോടി രൂപയിൽനിന്ന് 71,000 കോടി രൂപയായി വർദ്ധിച്ചു. 50 ശതമാനം വർദ്ധിച്ചുവെന്നുള്ളത് സന്തോഷമുള്ള കാര്യമല്ലേ. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നത്, 'A study of Budgets of 2023-24 Report highlights that the contribution of State Own Tax Revenue (SOTR) to Kerala's Overall Tax Revenue increases by 78.74 percent for the Post-Covid period 2021-22 to 2022-23. On a comparison, the average of all the States were 65.4 percent' എന്നാണ്. മറ്റ് സംസ്ഥാനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ശതമാനം, ഉത്തർപ്രദേശ് - 54, മദ്ധ്യപ്രദേശ് - 51, ഒഡീഷ – 53.5, ബീഹാർ - 29.4, പശ്ചിമബംഗാൾ - 54.2 എന്നിങ്ങനെയാണ്. ഇങ്ങനെ ഓരോ സംസ്ഥാനങ്ങളുടെയും വളർച്ചാനിരക്കിന്റെ കണക്കുണ്ട്. നമ്മൾ നല്ല കാര്യം ചെയ്താൽ അതൊക്കെ അംഗീകരിച്ചുകൂടേ?

കഴിഞ്ഞ ദിവസം പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാൽ 'മലൈക്കോട്ടൈ വാലിബൻ' എന്ന സിനിമയുടെ ഷൂട്ടിംഗുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ പോയതിന്റെ അനുഭവം പറയുകയുണ്ടായി. കാലാവസ്ഥാ പ്രശ്നങ്ങളും മറ്റുപല കാര്യങ്ങളാലും ചില ആരോഗ്യപ്രശ്നങ്ങളുണ്ടാകുകയും അദ്ദേഹം ഉൾഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഒരു ആശുപത്രിയിൽ പോകുകയുമുണ്ടായി. അവിടെ സൗകര്യങ്ങൾ വളരെ കുറവായിരുന്നു. ഒരു മലയാളി നഴ്സ് അവിടെ ജോലി ചെയ്യുന്നുണ്ടായിരുന്നു. അവർക്ക് വിദേശത്തേയ്ക്ക് ജോലിക്ക് പോകാനുള്ള വിസ ശരിയായിട്ടും അവിടെനിന്നും പോയാൽ ചികിത്സിക്കാൻ മറ്റാരും ഉണ്ടാകില്ലെന്ന് പറഞ്ഞ് അവിടത്തെ നാട്ടുകാർ അവരെ പോകാൻ അനുവദിച്ചില്ല. ആ നഴ്സ് ഉണ്ടായിരുന്നതുകൊണ്ടാണ് ശ്രീ. മോഹൻലാലിനും ചികിത്സ ലഭിച്ചത്. നമ്മുടെ നാട്ടിൽ നിന്ന് മറ്റൊരു സ്ഥലത്തെത്തുമ്പോഴാണ് നാടിന്റെ ഗുണം മനസ്സിലാകുന്നത്. നമ്മുടെ നാട്ടിൽ നല്ല റോഡുകൾ, ആശുപത്രികൾ, സ്കൂളുകൾ, ആവശ്യത്തിന് വെള്ളം തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും നമുക്ക് പരസ്പരം യോജിപ്പില്ലെന്ന് ശ്രീ. മോഹൻലാൽ പറഞ്ഞത് ഈ അടുത്ത ദിവസങ്ങളിൽ

പത്രങ്ങളിൽ വാർത്ത വന്നിരുന്നു. കേരളത്തിനകത്ത് ഇത്തരത്തിലുള്ള നന്മയുണ്ടെന്നത് നമ്മൾ അംഗീകരിക്കണം. അതുകൊണ്ടാണ് ഇന്ത്യയിൽ 24 ഇനങ്ങളിൽ നമുക്ക് ഒന്നാം സ്ഥാനം ലഭിച്ചത്. നീതി ആയോഗിന്റെ പരിശോധനയിൽ സംസ്ഥാനത്തെ അതിദരിദ്രരുടെ കണക്ക് 0.55 ശതമാനത്തിൽനിന്നും 0.48 ശതമാനമായി കുറഞ്ഞു. 5 ലക്ഷം പേർക്ക് സ്വന്തമായി വീട് നൽകുന്ന സമ്പ്രദായം കേരളത്തിലല്ലാതെ ഈ ലോകത്ത് മറ്റെവിടെയാണ് കാണാൻ കഴിയുന്നത്. വിഴിഞ്ഞം മുതൽ കാസർഗോഡ് വരെയുള്ള വികസന പ്രവർത്തനങ്ങൾ കാണേണ്ടതാണ്. ഞങ്ങൾ മന്ത്രിസഭയിലേയ്ക്ക് വന്ന ആദ്യഘട്ടത്തിൽ സംസാരിക്കുന്നതുപോലെയല്ല ഇപ്പോൾ കാസർഗോഡിന്റെയും മഞ്ചേശ്വരത്തെയും ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിക്കുന്നത്. വലിയ മാറ്റങ്ങളും പുരോഗതികളും അവിടെയുണ്ടായിട്ടുണ്ട്. ഓരോ പ്രദേശത്തുമുണ്ടാകുന്ന വികസനപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് പണം ലഭിക്കുന്നത്. അതായത് വികസനം ഉണ്ടാകുന്നുണ്ട്. സ്കൂളുകളും ആശുപത്രികളും പാലങ്ങളും റോഡുകളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ്

സംസ്ഥാനത്തിനെക്കുറിച്ച് നല്ല റിപ്പോർട്ടുകൾ ലഭിക്കുന്നത്. കഴിഞ്ഞ ദിവസം ലഭിച്ച ഒരു റിപ്പോർട്ടിനെക്കുറിച്ച് സൂചിപ്പിക്കാം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആകെ പ്ലാനിൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിൽ വലിയ വർദ്ധനവുണ്ടായത് കേരളത്തിലാണ്. പ്ലാനും നോൺപ്ലാനും ഒരുമിച്ച് ചെലവഴിക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. ഇതുപോലെ പല മേഖലകളിലേയും കണക്കുകൾ വരുന്നുണ്ട്. കൂടാതെ സ്റ്റേറ്റിന്റെ ഓൺ ടാക്സ് പിരിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. അങ്ങനെ വരുമ്പോൾ കേന്ദ്രത്തിൽ നിന്ന് നമുക്ക് ലഭിക്കേണ്ട തുക താരതമ്യേന കുറയുന്നുവെന്നതാണ് പ്രശ്നം. മൂന്നു-നാല് വർഷം മുമ്പുവരെ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന തുകയ്ക്ക് വ്യത്യാസമുണ്ടായിരുന്നു. ആകെ റവന്യൂ റെസീപ്റ്റ്സിന്റെ 54 ശതമാനം സംസ്ഥാനവും 46 ശതമാനം കേന്ദ്രസർക്കാരുമാണ് വഹിക്കുന്നതെങ്കിൽ ഈ വർഷം 29 ശതമാനം മാത്രമേ കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നുള്ളൂ. ഈയൊരു രീതിയിൽ കുറച്ചുകൊണ്ട് കേരളത്തോട് ഒരുതരം ചിറ്റമ്മ നയമാണ് കേന്ദ്രം കാണിക്കുന്നത്. ഇത് കേരളത്തിന്റെ അടുത്ത തലമുറയെ ബാധിക്കും. കൂടാതെ കേരളത്തിന്റെ സാമ്പത്തികഘടനയെ ആകെ ബാധിക്കുമെന്ന വലിയ പ്രശ്നമാണ് സർക്കാരും ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ

അടിസ്ഥാനരംഗങ്ങളിലുള്ള നിലവിലെ പുരോഗതിയുടെ അടിസ്ഥാനത്തിൽ 2027 ആകുമ്പോഴേയ്ക്കും എല്ലാ മേഖലകളിലും നല്ലരീതിയിലുള്ള വികസനമുണ്ടാകുമെന്നും കടബാധ്യതകൾ കുറയുമെന്നും Fitch എന്ന റേറ്റിംഗ് ഏജൻസിയുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ബഹുമാനപ്പെട്ട ഒരംഗം ജി.എസ്.ഡി.പി.-ഡെബ്റ്റ് റേഷ്യോ 39 ശതമാനമാണെന്ന് പറയുകയുണ്ടായി. 39 ശതമാനത്തിൽനിന്ന് രണ്ട് തവണയായി കുറഞ്ഞുവരികയാണെന്ന് തന്നെയാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നിലവിൽ 35 ശതമാനത്തിന് അടുത്തേയ്ക്ക് എത്തുകയാണ്. കേന്ദ്രസർക്കാരിന്റെ ഡെബ്റ്റ് റേഷ്യോ 50 ശതമാനത്തിലും കൂടുതലാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പാർലമെന്റിൽ നൽകിയ മറുപടി അനുസരിച്ച് 40 ശതമാനമാണ് അവരുടെ കടം. ആ മറുപടിയിൽ പറയുന്നത്, “.......Rs.17.99 lakhs crores from various sources in financial year 2023-24, mainly to finance its fiscal deficit. This amount is about 40% of the total net size of the Union Budget 2023-24 of Rs. 45.39 lakh crore” എന്നാണ്. 45.39 ലക്ഷം കോടി രൂപയുടെ 40 ശതമാനവും കടമാണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് 20 ശതമാനത്തിനടുത്തെ കടമുള്ളൂ. ഈ കണക്കുകളെല്ലാം

ബഡ്ജറ്റ് രേഖയിലുള്ളതാണ്. (......ബഹളം...) ഇത് കള്ളക്കണക്കല്ല. ഞാൻ ഇക്കാര്യങ്ങൾ സംബന്ധിച്ച് നേരത്തേയും സൂചിപ്പിച്ചിരുന്നു. നമുക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട നികുതി വിഹിതം 3.89 ശതമാനമെന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 1.9 ആയി കുറവുചെയ്തു. ഈ വർഷം 21,000 കോടി രൂപയുടെ കുറവുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 18,000 കോടി രൂപയുടെ കുറവുണ്ടായിരുന്നു. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയ വകയിൽ 12,000 കോടി രൂപയുടെ കുറവുണ്ട്. നഷ്ടപരിഹാരം നേരത്തേ നിർത്തേണ്ടതായിരുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. റവന്യൂ കമ്മി ഗ്രാന്റിൽ കഴിഞ്ഞ വർഷവും ഈ വർഷവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ 8400 കോടി രൂപയുടെ കുറവുണ്ട്. അതുപോലെ പലതരത്തിലുള്ള വായ്പാ അനുമതികൾ നിഷേധിച്ചതുവഴി 19,600 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്. ഇത് അടിസ്ഥാനമാക്കിയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും മറ്റും വാദത്തിന് പോകുന്നത്. ഒരു കാരണവശാലും തുക കൂട്ടിക്കൊടുക്കാൻ പാടില്ലെന്നും കേന്ദ്രസർക്കാർ ചെയ്തത്

ന്യായമാണെന്നുമാണ് പണ്ഡിതോചിതമായി കാര്യങ്ങൾ സംസാരിക്കുന്ന ഒരംഗം ഇവിടെ പറഞ്ഞത്. അദ്ദേഹം കിഫ്ബിക്കെതിരെ കേസ് കൊടുത്തു. കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും കാര്യത്തിൽ കേരളത്തിലെ ജനങ്ങളെയും സർക്കാരിനെയും ഇന്നത്തെ സാഹചര്യത്തിലേയ്ക്ക് എത്തിച്ച ഒരു വ്യക്തിയാണ്. പക്ഷേ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 450 കോടി രൂപയുടെ ഒരു വലിയ പദ്ധതി കിഫ്ബിയിലൂടെ നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയെ ചരിത്രനേട്ടമായാണ് പറയുന്നത്. അവിടെ വന്ന പത്രവാർത്തയാണ് ഞാനിപ്പോൾ സഭയിൽ ചൂണ്ടിക്കാണിക്കുന്നത്. മറ്റൊന്നുമല്ല, ഇത് മൂവാറ്റുപുഴ ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടമാണെന്ന് സോഷ്യൽ മീഡിയ വാർത്തകളുമുണ്ട്. ഇത്തരത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ ഒരു കുഴപ്പവുമില്ല. ഇതെല്ലാം അവകാശങ്ങളുടെ ഭാഗമാണ്. പക്ഷേ, കിഫ്ബി പ്രശ്നമാണെന്ന് സൂചിപ്പിച്ച് കേസിന് പോകുകയും അതിനുശേഷം ഇത്തരത്തിലുള്ള കാര്യങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. എൽ.ഡി.എഫ്. എന്നാൽ യു.ഡി.എഫ്. അല്ലെന്നത് ആദ്യം മനസ്സിലാക്കണം. യു.ഡി.എഫ്. അംഗങ്ങളുടെ നിയമസഭാ

മണ്ഡലങ്ങളിൽ ഉൾപ്പെടെ തുക അനുവദിക്കുന്നതിന് ഞങ്ങൾക്ക് ഒരു തടസ്സവുമില്ല. ഇത്രയൊക്കെയായിട്ടും ഇതൊന്നും നൽകേണ്ടതില്ലെന്ന് വീണ്ടും വാദിക്കുന്ന ഒരു സമീപനമാണ് യു.ഡി.എഫ്. അംഗങ്ങൾ സ്വീകരിക്കുന്നത്. അതുകൊണ്ടാണ് അക്കാര്യം ഇവിടെ എടുത്തുപറഞ്ഞത്.

പി.എസ്.സി. നിയമനങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം മലയാള മനോരമ ദിനപത്രത്തിൽ അച്ചടിച്ചുവന്ന ഒരു വാർത്ത ഞാൻ ശ്രദ്ധയിൽപ്പെടുത്താം. ഇന്ത്യയിലാകെ കഴിഞ്ഞ ഒരു വർഷക്കാലം 62000 പേരെ മാത്രമാണ് പി.എസ്.സി. വഴി നിയമിച്ചത്. അതിൽ 42 ശതമാനത്തിലധികവും കേരളത്തിലാണ്. ആകെയുള്ളതിന്റെ മൂന്ന് ശതമാനത്തിൽ താഴെമാത്രം ജനസംഖ്യയുള്ള കേരളത്തിൽ 42 ശതമാനംപേർക്ക് നിയമനം നൽകി. ഇതിൽ എവിടെയാണ് നിയമന നിരോധനമുള്ളത്; എവിടെയാണ് പോലീസ് ജീപ്പിന് പെട്രോൾ അടിക്കാൻ കാശ് നൽകാതിരിക്കുന്നത്? ഇത്രയും പേരെ നിയമിക്കുന്ന അവസരത്തിൽ പോലീസ് ജീപ്പിന് പെട്രോൾ അടിക്കാൻ കാശ് നൽകാനില്ലാതെ വരുമോ? ഞങ്ങൾ ഇതൊന്നും നിർത്തലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. മുണ്ട് മുറുക്കി ഉടുക്കണമെന്ന് പറഞ്ഞ് ജോലിയും ശമ്പളവും ഇല്ലാതാക്കാനല്ല

സർക്കാർ ശ്രമിക്കുന്നത്. അറുപതിനായിരത്തിലധികം വരുന്ന അങ്കണവാടി ജീവനക്കാർക്ക് കഴിഞ്ഞദിവസമാണ് 1000 രൂപ വീതം ശമ്പള വർദ്ധനവ് നൽകിയത്. ആശാ വർക്കർമാരുടെയും നെയ്ത്തുതൊഴിലാളികളുടേയും ശമ്പളത്തിന്റെ കാര്യത്തിൽ നേരത്തേ തീരുമാനമെടുത്തിട്ടുണ്ട്. ഇതുപോലുള്ള ഒട്ടേറെ മാറ്റങ്ങൾ വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. പൊളിഞ്ഞു കിടക്കുന്നെന്ന് പറഞ്ഞത് എവിടെയാണ്; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5 വർഷത്തിനിടയിൽ ആകെ നൽകിയത് 1530 കോടി രൂപയാണ്. ഒന്നാം പിണറായി വിജയൻ സർക്കാർ 5000 കോടി രൂപയിലധികം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ സർക്കാർ 4800 കോടിയോളം രൂപ നൽകി. ഇതെല്ലാം ബഡ്ജറ്റ് കണക്കുകളാണ്. കെ.എസ്.ആർ.ടി.സി. ഗുണമില്ലെന്ന് പറയുന്നതിൽ വസ്തുതയില്ല. അവിടെയും യൂണിയൻ നേതാക്കളൊക്കെയുണ്ടല്ലോ; കൊടുക്കേണ്ടതില്ലെന്ന് അവരും പറയട്ടെ. ഞങ്ങൾ ഇക്കാര്യങ്ങളൊക്കെ വളരെ പോസിറ്റീവായാണ് കാണുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഗവൺമെന്റിനെക്കുറിച്ച് തീവെട്ടിക്കൊള്ളക്കാരാണെന്ന് പറഞ്ഞത് പഴയ പ്രസംഗത്തിലുള്ളത് ഞാൻ

ഇവിടെ ഓർമ്മിപ്പിക്കുകയാണ്. എന്തായാലും അങ്ങനെയുള്ളവരും അത്തരത്തിലുള്ള സമീപനവും ഇവിടെയില്ല. ഇന്നത്തെ സാഹചര്യത്തിൽ കാര്യങ്ങൾ നന്നായി കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. സാമ്പത്തിക രംഗത്ത് നമുക്ക് ബുദ്ധിമുട്ടുണ്ട്. എന്നാൽ വികസന പ്രവർത്തനങ്ങളാകെ നിന്നുപോകുന്ന ഒരു അവസ്ഥയല്ല. ഇത് മറികടക്കാൻ കേന്ദ്രത്തിൽനിന്നും പണം ലഭ്യമായാൽ മാത്രമേ പറ്റുള്ളൂ എന്ന് പറഞ്ഞിരിക്കാനും കഴിയില്ല. അക്കാര്യത്തിൽ സംശയമില്ല.

ഐ.ജി.എസ്.ടി. നിലവിൽ നിയതമായൊരു നിയമം അനുസരിച്ചല്ല മുന്നോട്ടുപോകുന്നത്. അതിൽ എന്തൊക്കെ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ ഞാൻ നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം ഐ.ജി.എസ്.ടി. ഇനത്തിൽ നമുക്ക് ലഭിക്കേണ്ട തുകയിൽ 320 കോടിയോളം രൂപ വെട്ടിക്കുറച്ചു. അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. കർണ്ണാടക സംസ്ഥാനത്തിന് 600 കോടിയോളം രൂപയാണ് കുറച്ചത്. ഇതിനെതിരെ ധനകാര്യ വകുപ്പുമന്ത്രികൂടിയായ കർണ്ണാടക മുഖ്യമന്ത്രി ശക്തമായ വിമർശനം ഉന്നയിച്ചു. എന്തുകൊണ്ടാണ് തുക വെട്ടിക്കുറച്ചതെന്ന് അറിയില്ല. അടുത്ത മാസവും തുകയിൽ കുറവ് വരുമെന്നാണ് പറയുന്നത്. അങ്ങനെ

അനുവദിക്കാതിരിക്കാൻ കഴിയില്ല. ഇത്തരത്തിൽ ഏകപക്ഷീയമായ പല കാര്യങ്ങളും കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഐ.ജി.എസ്.ടി.-യുടെ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിൽ പരിമിതിയുണ്ടെങ്കിലും നടപ്പാക്കിയ സമയത്തേക്കാളും വലിയ മുന്നേറ്റം വന്നിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ജി.എസ്.ടി. സിസ്റ്റത്തിനകത്ത് പ്രശ്നങ്ങളുണ്ട്. ഇപ്പോഴും വ്യക്തമായ കണക്കുകളില്ല. ജി.എസ്.ടി. നിയമപ്രകാരമുള്ള അപ്പലേറ്റ് ട്രിബ്യൂണലുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ജി.എസ്.ടി. സിസ്റ്റമാറ്റിക് ആകുന്നതുവരെ കോമ്പൻസേഷൻ നീട്ടണമെന്ന് ഞങ്ങൾ പറഞ്ഞത്. ഇത് കേരളത്തിന്റെ പ്രശ്നം കൊണ്ടല്ല; ജി.എസ്.ടി. സമ്പ്രദായത്തിനകത്തെ ഐ.ടി. സിസ്റ്റത്തിൽ പ്രശ്നമുണ്ട്. കോമ്പൻസേഷൻ നീട്ടണമെന്ന അഭിപ്രായം സ്റ്റേറ്റ് മുന്നോട്ടുവച്ചതിന് കാരണവും അതാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് അതിന് തയ്യാറായില്ല.

കേരളത്തിന് അർഹമായ തുക കേന്ദ്രത്തിൽനിന്നും ലഭിക്കുന്നില്ലെന്നതിന് ആർക്കും തർക്കമില്ല. കേരളത്തിലെ നികുതി വരുമാനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. ഇനിയും പുരോഗതിയുണ്ടാകുമെന്ന

കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനായി നാം പ്രവർത്തിക്കണം. എന്നാൽ അതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ധൂർത്തിനെക്കുറിച്ചാണ് പറയുന്നത്. എന്ത് ധൂർത്താണ് കേരളത്തിൽ നടക്കുന്നത്? നമ്മൾ തമ്മിൽ ഒരു വ്യത്യാസമുണ്ട്. കേരളത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി ഒരു വാഹനത്തിൽ ഞങ്ങളെല്ലാവരും സഞ്ചരിച്ചിരുന്നു. ആ വാഹനത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ പറഞ്ഞുണ്ടാക്കിയത്. കേരളത്തിന് പുറത്തുള്ള ടെലിവിഷൻ ചാനൽ വരെ ഈ വ്യത്യസ്ത വാഹനത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്തു. ചില ഘട്ടങ്ങളിൽ പറക്കാൻ വരെ സാധിക്കുന്ന ബസ്സാണെന്ന് പറഞ്ഞ് കാസർഗോഡ് ആളുകൾ കാണാൻ വന്നിരുന്നു. വാഹനം വന്നുകഴിഞ്ഞപ്പോഴാണ് കെ.എസ്.ആർ.ടി.സി. ബസ് ആണെന്ന് മനസ്സിലായത്. സാധാരണ ഒരു ടൂറിസ്റ്റ് ബസ്സിൽ പോകുന്ന സൗകര്യമുണ്ടായിരുന്നോ ആ ബസ്സിന്; ഭാരത് ബെൻസിന്റെ ഒരു സാധാരണ ബസ്സായിരുന്നു അത്. കേരളത്തിനകത്ത് ഇക്കാര്യം പറഞ്ഞ് ബഹളമുണ്ടാക്കിയപ്പോൾ ഞങ്ങൾ പത്രപ്രവർത്തകരെയുൾപ്പെടെ ബസ്സിൽ കയറ്റി അത് മനസ്സിലാക്കികൊടുത്തു. കോൺഗ്രസ്സിന്റെ ബഹുമാന്യനായ

നേതാവ് ശ്രീ. രാഹുൽഗാന്ധി യാത്ര ചെയ്യുന്ന ബസ്സും ഇതേ മോഡലാണെങ്കിലും അതിൽ ലിഫ്റ്റും കോൺഫറൻസ് ഹാളും എ.സി. മുറികളുമൊക്കെയുണ്ട്. ഞങ്ങൾ അതൊന്നും തെറ്റാണെന്ന് പറയുന്നില്ല, കാരണം പ്രധാനപ്പെട്ടൊരു നേതാവും മറ്റ് നേതാക്കളും യാത്ര ചെയ്യുമ്പോൾ അത്രയും സൗകര്യത്തോടുകൂടി പോകട്ടെ എന്നേ കരുതുന്നുള്ളൂ. ആ ബസ്സിൽ കയറണമെങ്കിൽ ടിക്കറ്റ് വേണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുന്നത്, അതെനിക്കറിയില്ല. (.....ബഹളം...) എന്തായാലും ഞങ്ങൾ നടത്തിയത് ഗവൺമെന്റ് പരിപാടിയാണെന്ന് ആത്മാർത്ഥമായി പറയാൻ കഴിയും. ജനാധിപത്യരാജ്യത്തിൽ ഇലക്ഷൻ കഴിഞ്ഞ് പാർലമെന്റിലെയോ നിയമസഭയിലെയോ മന്ത്രിയോ എം.എൽ.എ.-യോ എം.പി.-യോ ഒക്കെയായികഴിഞ്ഞാൽ ജനങ്ങളുടെ അടുത്തേയ്ക്ക് പോകുന്ന സംവിധാനമെന്ന നിലയിൽ ലോകത്ത് ആദ്യമായി നടപ്പാക്കിയ പരിപാടിയാണ് നവകേരള സദസ്സ്. ഞങ്ങൾ ജനങ്ങളുടെ അടുത്തുപോയി അവരുടെ നിർദ്ദേശങ്ങൾ കേൾക്കുകയും അവിടെവച്ച് നിവേദനങ്ങൾ വാങ്ങുകയും ചെയ്തു. വയറുവേദന വന്നയാൾക്ക് വേറെ മരുന്ന് കൊടുക്കുകയോ ട്രാൻസ്ഫറിന് അപേക്ഷ നൽകിയ

ആളിന് ചികിത്സാ സഹായം നൽകുകയോ ചെയ്തിട്ടില്ല. നവകേരള സദസ്സ് എന്ന പരിപാടിയിലൂടെ ജനങ്ങളുടെ മനസ്സിൽനിന്നുള്ള അഭിപ്രായങ്ങൾ ഞങ്ങൾ കേൾക്കുകയാണ് ചെയ്തത്. അല്ലാതെ അവിടെ പണം വിതരണം ചെയ്യാൻ പോയതല്ല. അതിനെ നിങ്ങൾ അങ്ങനെ വിലകുറച്ച് കാണേണ്ട. ആ ബസ്സിൽ മുഖ്യമന്ത്രിയും മന്ത്രിമാരും എല്ലാവരുമുണ്ടായിരുന്നു. ഇതുപോലെ എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ പറയുന്നത്? ഇവിടെ ഒരു 'കിയ' കാർ വാങ്ങിച്ചു. ബഹുമാനപ്പെട്ട സ്പീക്കർക്കുമറിയാം, അത് ഇന്റർനാഷണൽ ബ്രാൻഡുള്ള ഒരു കാറാണ്. ആ കമ്പനിയെ മോശപ്പെടുത്തിയോ നന്നാക്കിയോ പറയുന്നതല്ല, അത് വളരെ പരിഷ്കൃതവും വിലകൂടിയതുമായ ലക്ഷ്വറി കാറായി കരുതുന്നുണ്ടോ; 'കിയ' എങ്ങനെയാണ് മറ്റ് സ്ഥലത്ത് ഉപയോഗിക്കുന്നത്; കേരളത്തിലെ മുഖ്യമന്ത്രി 'കിയ' കാർ വാങ്ങിയപ്പോൾ മുപ്പത്തിയഞ്ച് ലക്ഷത്തിന്റെ ലക്ഷ്വറി കാർ വാങ്ങിയെന്നുപറഞ്ഞ് വിമർശിച്ചു. ഇവിടെ എന്തൊക്കെ കാര്യങ്ങൾക്കാണ് വിമർശനമുണ്ടാകുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വസതിയിൽ കാലിത്തൊഴുത്ത് പണിയാൻ ലക്ഷക്കണക്കിന് രൂപ ചെലവായെന്ന് പറഞ്ഞു. മുഖ്യമന്ത്രിയാണോ

കാലിത്തൊഴുത്ത് പണിയുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്; എനിക്ക് ഇന്ന തരത്തിലുള്ള കാലിത്തൊഴുത്ത് വേണമെന്ന് മുഖ്യമന്ത്രിയാണോ പറയുന്നത്; ബഹുമാനപ്പെട്ട പി. ജെ. ജോസഫ് എപ്പോഴും പശുക്കളെ വളർത്തുന്നതിനെക്കുറിച്ച് വളരെ താൽപര്യപൂർവ്വം പറയുന്നത് എല്ലാവരും ശ്രദ്ധയോടെ കേൾക്കാറുണ്ട്. അദ്ദേഹം നല്ലൊരു കൃഷിക്കാരനാണ്. റോസ് ഹൗസിൽ അദ്ദേഹം പശുവിനെ വളർത്തിയിരുന്നു. കാലിത്തൊഴുത്തിന്റെ വിഷയം കഴിഞ്ഞപ്പോൾ അഞ്ചുലക്ഷം രൂപയുടെ വാട്ടർ ടാങ്ക് നിർമ്മാണത്തെക്കുറിച്ച് പറയാൻ തുടങ്ങി. ഒരു സ്കൂളിലെ കെട്ടിടം പണിയുമ്പോൾ നിങ്ങൾ പറയുന്ന രീതിയിലാണോ അവിടെ ടാങ്ക് വയ്ക്കുന്നത്; ഒരു ജഡ്ജിയുടെ വീട്ടിൽ സ്ഥാപിക്കുന്ന ടാങ്കിന്റെ കാര്യങ്ങൾ നിങ്ങളാണോ നോക്കുന്നത്? താഴെത്തട്ടിലേയ്ക്ക് പോകുമ്പോൾ കണ്ടില്ലേ, കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ അഞ്ചുലക്ഷം രൂപയുടെ വലിയ ടാങ്ക് സ്ഥാപിക്കുന്നുവെന്നൊക്കെ പറയാം. ഒരു ലക്ഷം രൂപയുടെ ടാങ്ക് വാങ്ങിയാൽ അഞ്ചര ലക്ഷം രൂപയുടെ ടാങ്കാണെന്ന് നിങ്ങൾ പറയും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വസതിയായ കന്റോൺമെന്റ് ഹൗസ് വളരെ

പഴക്കമുള്ളതായതുകാരണം അവിടെ പലപ്പോഴും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരില്ലേ? കേരളം പോലുള്ള സംസ്ഥാനത്ത് കാര്യങ്ങൾ പറയുമ്പോൾ കൃത്യമായിരിക്കാൻ ശ്രദ്ധിക്കണം. അതുപോലെ കേരളീയം പരിപാടിയെക്കുറിച്ച് പറഞ്ഞു. ഇന്ത്യയെ മാർക്കറ്റ് ചെയ്യാൻ പ്രഗതി മൈതാനിൽ എല്ലാവർഷവും പരിപാടി സംഘടിപ്പിക്കുന്നതുപോലെ കേരളത്തെ ബ്രാൻഡ് ചെയ്യാൻ എല്ലാവർഷവും കേരളീയം പരിപാടി ഞങ്ങളും നടത്തും. കേരളത്തിനകത്തെ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ, ഇൻഡസ്ട്രി, ടൂറിസം തുടങ്ങി എല്ലാ മേഖലകളിലേയ്ക്കും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ളവർക്ക് വരാൻ കഴിയുന്ന രീതിയിൽ സൗകര്യം ഏർപ്പെടുത്തും. അതൊക്കെ നടത്താതിരിക്കാൻ പറ്റുമോ? അതുപോലെ ഏത് കാര്യത്തിലാണ് സർക്കാർ പണം നൽകാതെയിരിക്കുന്നത്? കേന്ദ്രസർക്കാർ ഇത്രയും വെട്ടിക്കുറവുകൾ നടത്തി ബുദ്ധിമുട്ടുണ്ടാക്കിയിട്ടും ഈ സാമ്പത്തിക വർഷത്തിൽ 4000 കോടി രൂപ ഇതുവരെ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ട്രഷറിയിൽനിന്നും 13,000 കോടി രൂപ എടുക്കാമായിരുന്നിട്ടും 6000 കോടി രൂപ മാത്രമേ എടുത്തിട്ടുള്ളൂ. ബാക്കി തുക എടുക്കാൻ സമ്മതിക്കുന്നില്ല.

ഇക്കാര്യം കേന്ദ്രത്തോട് ചോദിക്കാൻ നമുക്ക് ഒരുമിച്ച് പോകണ്ടേ; ഒരുമിച്ച് പോകണമെന്നാണ് എന്റെ അഭിപ്രായം. ഫെബ്രുവരി ഒന്നാം തീയതി മുതൽ ഇന്ത്യൻ പാർലമെന്റ് ചേരുന്നുണ്ട്. അവിടെ എന്തൊക്കെ നിയമങ്ങളാണ് പാസ്സാക്കുന്നതെന്നും എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്നും എനിക്കറിയില്ല. കഴിഞ്ഞ സമ്മേളനത്തിൽ നൂറ്റി അൻപതോളം അംഗങ്ങളെ സസ്പെൻഡ് ചെയ്തതാണ്. പക്ഷേ പുതിയ പല നിയമങ്ങൾ വരുമെന്നും പൗരത്വ നിയമം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമെന്നുമുള്ള വാർത്തകൾ വരുന്നുണ്ട്. ലോകസഭയിൽ നിങ്ങളുടെ പതിനെട്ട് എം.പി.-മാരുണ്ടല്ലോ; അവിടെ കേരളത്തിന്റെ പ്രശ്നം ഉന്നയിക്കണ്ടേ? നിങ്ങൾ ഞങ്ങൾ നടത്തുന്ന സമരത്തിൽ പങ്കെടുക്കുന്നില്ലെങ്കിലും നിങ്ങൾക്ക് ഈ പ്രശ്നങ്ങൾ ഉന്നയിക്കാമല്ലോ, ഗാന്ധി പ്രതിമയുടെ മുന്നിൽ സമരമിരിക്കാമല്ലോ? അവിടെ ചെന്ന് കേരളത്തിലെ മന്ത്രിസഭ ആകെ കുഴപ്പമാണെന്നും അതുകൊണ്ട് നിങ്ങൾ ഇടപെടണമെന്നും പറഞ്ഞല്ല സമരം ചെയ്യേണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണല്ലോ ഈ പ്രമേയത്തിലൊക്കെ ഇടപെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെ പറഞ്ഞ് ഗാന്ധി പ്രതിമയുടെ മുന്നിൽ

ഇരുന്നിട്ട് കാര്യമില്ല. യഥാർത്ഥത്തിൽ നിങ്ങൾ ഇന്ത്യൻ ജനാധിപത്യം ശക്തിപ്പെടണമെന്ന് വിശ്വസിക്കുന്നുവെങ്കിൽ ഈ സമരത്തിൽ പങ്കെടുക്കാം. അതേസമയം കേരളത്തിന് പണം നൽകരുതെന്ന് ഇവിടെ വാദിച്ചില്ലേ, അത്തരത്തിൽ പറയരുത്.

മദ്യം, സ്വർണ്ണം എന്നിവയിൽനിന്നും ലഭിക്കുന്ന നികുതിയെക്കുറിച്ച് പറഞ്ഞു. മദ്യത്തിന്റെ വിഷയത്തിൽ ബാറുകളിൽനിന്നുള്ള വരുമാനം 210 കോടി രൂപയായിരുന്നത് 2021 മാർച്ച് മാസം ആയപ്പോൾ 617 കോടി രൂപയായി വർദ്ധിച്ചു. കൃത്യമായ കണക്കുകൾ പിന്നീട് പറയാം. സ്വർണ്ണത്തിന്റെ ടാക്സ് കുറച്ചതിനാൽ നമുക്ക് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. നേരത്തെ അഞ്ച് ശതമാനമുണ്ടായിരുന്നത് മൂന്ന് ശതമാനമായി; അതിൽ ഒന്നര ശതമാനം മാത്രമേ സംസ്ഥാനത്തിന് കിട്ടുകയുള്ളൂ. സ്വർണ്ണ വ്യാപാര മേഖലയിലെ കണക്കുകൾ കൃത്യമായി ലഭ്യമാക്കുന്നതിൽ പ്രശ്നങ്ങളുണ്ട്. സെൻട്രൽ ജി.എസ്.ടി. കമ്മീഷൻ കേരള കമ്മീഷനുമായി സംസാരിച്ചു കഴിഞ്ഞു. അതിൽ ഇനിയും മുന്നോട്ടുപോകാനുണ്ടെന്നാണ് എന്റെ അഭിപ്രായം. സോഫ്റ്റ്വെയറിൽ തിരിമറി കാണിച്ച മുപ്പതുപേരെ പിടികൂടാൻ

സാധിച്ചതുകൊണ്ടാണ് നമുക്ക് ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞത്. ആധുനിക ടെക്നോളജി ഉപയോഗിച്ച് വലിയ തോതിൽ തിരിമറികൾ സംഭവിക്കുന്നുണ്ട്. അതുപോലെ സംസ്ഥാനങ്ങൾ തമ്മിൽ കച്ചവടം ചെയ്യുന്നതിന്റെ ചില പ്രശ്നങ്ങളുമുണ്ട്. അക്കാര്യത്തിൽ നമ്മൾ വളരെ സജീവമായി എല്ലായിടത്തും ഇടപെടുന്നുണ്ട്. ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിനെ പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സലിലൂടെ ഒരു മാസം 75 കോടി രൂപ ലഭിക്കുന്നുണ്ട്. ഉദാഹരണമായി ഇലക്ട്രിസിറ്റി ബോർഡ്, വി.എസ്.എസ്.സി. **തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ വാങ്ങുമ്പോൾ അവിടെ നൽകുന്ന ടാക്സ് നമുക്ക് ലഭിക്കണമെങ്കിൽ അത് റിപ്പോർട്ട് ചെയ്യുകയും** റിട്ടേൺ കൊടുക്കുകയും ചെയ്താൽ മാത്രമേ സാധിക്കുകയുള്ളൂ. അതിനെയാണ് റിവേഴ്സൽ എന്ന് പറയുന്നത്. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം 1500 കോടി രൂപയാണ് പിരിക്കാൻ കഴിഞ്ഞത്. ഒന്നും ചെയ്യുന്നില്ല എന്നല്ല, കാര്യങ്ങൾ ചെയ്യുന്നുണ്ട്, എന്നാൽ അതിനെയും മറികടന്ന് കാര്യങ്ങൾ ചെയ്യാനാണ് തട്ടിപ്പുകാർ ശ്രമിക്കുന്നത്. നികുതി പിരിവിൽ വർദ്ധനവ്

വന്നിട്ടുണ്ട്. പക്ഷേ ഇന്ത്യയിലും കേരളത്തിലും സാമ്പത്തിക രംഗത്ത് ചെറിയ മാന്ദ്യതയുണ്ടെന്നത് നമ്മൾ കാണണം. ഇതെല്ലാം നിർമ്മാണ മേഖലയെയുൾപ്പെടെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കോണമിയെ ബൂസ്റ്റ് ചെയ്യാനാവശ്യമായവയെല്ലാം ചെയ്യുന്നതാണ്. ഈ വിഷയം ആത്മാർത്ഥമായി ചർച്ച ചെയ്തതിൽ സന്തോഷമുണ്ട്. ഇതുമായി ബന്ധപ്പെട്ട് സഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭ്യർത്ഥന. ഇക്കാര്യത്തെക്കുറിച്ച് കേരള നിയമസഭയുടെ അഭിപ്രായം ഒരിക്കൽക്കൂടി കേന്ദ്രത്തെ അറിയിക്കണം. ബാക്കി കാര്യങ്ങൾ ഇന്റേണലായി നമുക്ക് ചർച്ച ചെയ്യാം. അവിടെ ചെയ്യേണ്ട സമരങ്ങൾ അവിടെ ചെയ്യണം. ഇലക്ഷനുമുമ്പ് പാർലമെന്റിൽ ഇക്കാര്യങ്ങൾ ഉന്നയിക്കണം. ബി.ജെ.പി.-ക്കെതിരെ പറയേണ്ടത് പാർലമെന്റ് ഇലക്ഷനുമുമ്പാണ്. ഇവിടെ വാദിക്കുന്നതുപോലെ കേന്ദ്രത്തിൽനിന്നും ഇത്രയും തുക മതിയെന്ന് പറഞ്ഞാൽ നാം ആവശ്യപ്പെടുന്നതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടാകുമോ? ഡൽഹിയിൽ നമ്മൾ ചെയ്യുന്നത് സമരംതന്നെയാണെന്നതിന് യാതൊരു തർക്കവുമില്ല. അത് പലതവണ

പറഞ്ഞതുമാണ്. സുപ്രീംകോടതിയിൽ ഇക്കാര്യത്തിൽ കേസ് ഫയൽ ചെയ്തതും എട്ടാം തീയതി അവിടെ പോകുന്നതും ഇന്ത്യയിലെ പ്രമുഖരായവർ സമരത്തിൽ പങ്കെടുക്കുന്നതുമൊക്കെ കേന്ദ്ര അവഗണനയ്ക്കെതിരെയുള്ള ശക്തമായ അഭിപ്രായമാണ്. കേരളം ഈ രീതിയിൽ ഒരു സമരത്തിന് തീരുമാനമെടുത്തപ്പോൾത്തന്നെ ബംഗാൾ ഉൾപ്പെടെ നോർത്ത് ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിൽനിന്നും ശബ്ദമുയരുന്നത് നമ്മൾ കണ്ടതാണ്. കേരളം ഇക്കാര്യം ഉന്നയിക്കുന്നുണ്ട്, നമുക്കെല്ലാം ഇതേ പ്രശ്നമുണ്ടെന്ന നിലയിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നും പ്രതിഷേധം വരുന്നുണ്ട്. അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഈ വിഷയം ചർച്ച ചെയ്തപ്പോൾ, സംസ്ഥാനത്ത് ആശങ്കാജനകമായ സ്ഥിതിയില്ല, പക്ഷേ അർഹമായത് കിട്ടിയില്ലെങ്കിൽ, ഓക്സിജൻ ലഭിക്കാതിരുന്നാൽ ശ്വാസംമുട്ടുമെന്ന് പറയുന്നതുപോലെയുള്ള സ്ഥിതിയുണ്ടാകും. നമുക്ക് അർഹമായ പണം ലഭിക്കുന്നതിനുവേണ്ടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സംയുക്തമായി നിൽക്കണം. കേരളത്തിന് ചെയ്യാൻ സാധിക്കുന്നവ നമ്മൾ ചെയ്യുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലുള്ള പ്രയാസമില്ല. ഞാൻ ചരിത്രമൊന്നും പറയുന്നില്ല.

മുമ്പ് ഡി.എ. കൊടുക്കാത്ത അനുഭവങ്ങളുണ്ട്. ഡി.എ. കൊടുക്കില്ല, ഇനി അതൊന്നുംവേണ്ട, അദ്ധ്യാപകർ പഠിപ്പിച്ചില്ലെങ്കിൽ നാട് മുടിഞ്ഞുപോകുമോ, അദ്ധ്യാപകർ കുറച്ചുദിവസം വീട്ടിലിരുന്നാൽ എന്തെങ്കിലും കുഴപ്പമുണ്ടോയെന്നൊക്കെ കോൺഗ്രസ്സിന്റെ ഒരു മുഖ്യമന്ത്രി പറഞ്ഞതുപോലെയൊന്നും ഞങ്ങൾ പറയില്ല. വളരെ സീനിയറായവർ പറഞ്ഞതിനെ ഞാൻ എടുത്തുകാണിക്കുന്നില്ല. ആ പത്രകട്ടിംഗ് എന്റെ കൈവശമുണ്ട്. വേണമെങ്കിൽ അത് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ലഭ്യമാക്കാം. സഭയിൽ ഞാനത് പ്രദർശിപ്പിക്കില്ല. അത്തരത്തിലൊരു സമീപനമല്ല ഞങ്ങളുടേത്. ആ മുഖ്യമന്ത്രിയുടെ പേര് ഞാനിവിടെ പറയണമെന്ന് പ്രതിപക്ഷനേതാവിന് ആഗ്രഹം കാണുമെങ്കിലും പറയുന്നില്ല. മറ്റ് പ്രതിപക്ഷാംഗങ്ങൾക്ക് ഞാൻ ആ പത്രകട്ടിംഗ് അയച്ചുതരില്ല. അദ്ദേഹത്തിന്റെ പേര് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത്തരത്തിലൊരു സമീപനമല്ല ഞങ്ങൾ സ്വീകരിക്കുന്നത്. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകും, ഇതൊന്നും കൊടുക്കാതെ ഞങ്ങൾ പോയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ സമയത്തും ഇതെല്ലാം കൊടുത്തു. എല്ലാ

ജീവനക്കാരുടെയും ശമ്പളകുടിശ്ശിക അവരുടെ പി.എഫ്.-ൽ ലയിപ്പിച്ചു, അതൊന്നും കൊടുക്കാതിരുന്നിട്ടില്ല. ഇവിടെ പറയുന്ന തരത്തിലുള്ള ഒരു കുടിശ്ശികയും നിലവിലില്ല. എന്നാൽ കേന്ദ്രം വലിയതോതിൽ കേരളത്തെ ശ്വാസംമുട്ടിക്കുകയാണ്. ശമ്പളവും മറ്റുള്ള അത്യാവശ്യകാര്യങ്ങളും മാത്രം ചെയ്താൽ പോര, നാട്ടിൽ നല്ല രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് വരണം. 450 കോടി രൂപയ്ക്കുപകരം 1000 കോടി രൂപ മുടക്കി റോഡ് നന്നാക്കണ്ടേ; പുതിയ ഫാക്ടറിയും കോളേജും മെഡിക്കൽ കോളേജും നിർമ്മിക്കണ്ടേ; 600 കോടി രൂപയ്ക്ക് സ്ഥലമെടുക്കണ്ടേ; വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് പദ്ധതികൾ നടപ്പാക്കണ്ടേ? ഇതൊക്കെ ചെയ്യണമെങ്കിൽ അർഹതപ്പെട്ടതെല്ലാം കേന്ദ്രഗവൺമെന്റിൽനിന്നും വാങ്ങിച്ചെടുക്കണം. അതിന് എല്ലാവരുടെയും സഹായമുണ്ടാകണമെന്നുമാത്രം പറഞ്ഞുകൊണ്ടും ഈ ചർച്ചയ്ക്ക് നന്ദിപറഞ്ഞുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വസ്തുതാവിരുദ്ധമായ ഒരു കാര്യം പറഞ്ഞു. ഞാൻ ആവശ്യപ്പെട്ടിട്ടും അദ്ദേഹം വഴങ്ങിയില്ല. ലൈഫ്

പദ്ധതിക്ക് ആകെ 18 കോടി രൂപ ചെലവഴിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ആധികാരികമായാണ് പറഞ്ഞതെന്നും തെറ്റാണെന്ന് തെളിയിച്ചാൽ മാപ്പ് പറയാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. മാപ്പ് പറയണമെന്നൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ലൈഫ് പദ്ധതിക്ക് ഈ വർഷം ഇതുവരെ ആകെ ചെലവഴിച്ചത് 1628.49 കോടി രൂപയാണ്. ഇതിന്റെ ബ്രേക് അപ് വേണമെങ്കിൽ പറയാം, ഇന്നലെ ഈ സഭയിൽ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടി പ്രകാരം 2017-18 മുതൽ 2023-24 വരെ ലൈഫ് പദ്ധതിക്ക് ആകെ ചെലവഴിച്ചത് 17,104.87 കോടി രൂപയാണ്. അതിൽ 2081 കോടി രൂപയാണ് കേന്ദ്ര വിഹിതം. ബാക്കി 15,023.18 കോടി രൂപ സംസ്ഥാന ഗവൺമെന്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി ചെലവഴിച്ചതാണ്. അതിൽ സംസ്ഥാനം ചെലവഴിച്ചത് 5087.77 കോടി രൂപയാണ്. (....ബഹളം...)

മി. സ്പീക്കർ: അദ്ദേഹം അത് പൂർത്തിയാക്കട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്നലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടിയാണിത്. ഇതൊന്നും വായിക്കാത്തതിന് എനിക്കെന്ത്

ചെയ്യാൻ സാധിക്കും? 4445.38 കോടി രൂപ ഹഡ്കോ ലോണും 425 കോടി രൂപ ബാങ്ക് ലോണുമാണ്. സംസ്ഥാന ഗവൺമെന്റാണ് ലോണടയ്ക്കുന്നത്. പ്ലാൻ ഫണ്ട് സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. (.....ബഹളം.....)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ വളരെ കൃത്യമായാണ് പറഞ്ഞത്. ഈ പ്രാവശ്യത്തെ നമ്മുടെ പ്ലാൻ അലോക്കേഷൻ 717 കോടി രൂപയാണ്. ഇതുവരെയുള്ള ഫിനാൻഷ്യൽ പ്രോഗ്രസ് 3.76 ശതമാനമാണ്. പ്ലാൻ തുകയുടെ 3.76 ശതമാനം എത്രയാണ്? വേറെ കാശ് കൊടുത്തുവെന്നല്ല ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് പോയിന്റുമാത്രം പറയണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ പ്രമേയത്തിന് ഇവിടെ നോട്ടീസ് നൽകിയത് കേരളത്തിന്റെ ഗൗരവതരമായ ധനപ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്ത് സർക്കാർ അതിനുള്ള മറുപടി പറയുമെന്ന് കരുതിയാണ്. ഈ വിഷയം ചർച്ചയ്ക്കെടുത്തപ്പോൾ ഞങ്ങൾ സന്തോഷിച്ചു, കാരണം സർക്കാർ ഇതുസംബന്ധിച്ച് ചർച്ച ചെയ്ത് വിശദമായ മറുപടി നൽകുമെന്നും ഭാവിയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചൊരു പ്ലാൻ ഉണ്ടാകുമെന്നുമാണ് കരുതിയത്.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞങ്ങൾ ഈ ധനപ്രതിസന്ധിയെക്കുറിച്ച് സംസാരിച്ചപ്പോൾ നൽകിയ അതേ മറുപടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴും പറഞ്ഞത്. ധൂർത്തും ചെലവും നിയന്ത്രിക്കുന്നതിനോ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനോ ആവശ്യമായ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കേരളം പരിതാപകരമായ ഒരവസ്ഥയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. സർക്കാർ ലാഘവത്തോടുകൂടിയാണ് ഈ വിഷയത്തെ കാണുന്നത്. അതിൽ ശക്തിയായി പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, .... not in the seat.

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

**ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കേരളത്തിന്റെ വികസന കുതിപ്പിൽ നിർണ്ണായക ഇടപെടൽ നടത്തി മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പുതിയ കാലത്തെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനങ്ങളും പദ്ധതികളുമാണ് നയപ്രഖ്യാപനത്തിൽ നാം കണ്ടത്. നമ്മുടെ രാജ്യത്ത് ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള വർഗ്ഗീയശക്തികൾ എല്ലാതലങ്ങളിലും വർഗ്ഗീയവത്കരണം, കാവിവത്കരണം, ജന-തൊഴിലാളി-കർഷകവിരുദ്ധ നയങ്ങൾ എന്നിവ നടപ്പാക്കിയും ഭരണഘടനാ മൂല്യങ്ങളും ജനാധിപത്യ അവകാശങ്ങളും കാറ്റിൽ പറത്തിയും മുന്നോട്ടുപോകുകയാണ്. ഇങ്ങനെയൊരു

ഘട്ടത്തിൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം സ്വീകരിക്കേണ്ട ഉത്തരവാദിത്വങ്ങളാണോ ഈ രാജ്യത്ത് നിർവ്വഹിക്കുന്നതെന്ന് നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. വിവിധ ഘട്ടങ്ങളിൽ കോൺഗ്രസ് സ്വീകരിച്ച സമീപനങ്ങളാണ് ഇന്ന് നമ്മുടെ രാജ്യത്ത് വർഗ്ഗീയശക്തികൾക്ക് ഈ അവസ്ഥയിലേയ്ക്ക് വളർന്നുവരാനിടയായ സാഹചര്യമൊരുക്കിയത്. ഓരോ ഘട്ടത്തിലും വോട്ട് ബാങ്കിനെ ലക്ഷ്യമാക്കി പ്രീണനങ്ങൾ നടത്തി ഓരോ വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവന്ന പല കാഴ്ചകളും നാം കണ്ടിട്ടുണ്ട്. പ്രത്യേകിച്ച് 1984-85 വർഷങ്ങളിൽ ആരംഭിച്ച മതപ്രീണനനയം. വിവിധ വിഭാഗങ്ങളോടുള്ള പ്രത്യേക പ്രീണനനയങ്ങൾ, വോട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ള നയങ്ങൾ എന്നിവയുടെയൊക്കെ ഭാഗമായി സംഘടിക്കലും അതിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളും രാജ്യത്തിന്റെ പലമേഖലകളിലും ഉയർന്നുവന്നു. ഒരു നിലയിലും മുന്നോട്ടുവരാൻ കഴിയാതിരുന്ന സംഘ്പരിവാർ സംഘടനകൾ ഇങ്ങനെയുള്ള പ്രശ്നങ്ങളുയർത്തി മുന്നോട്ടുവരാൻ കഴിയുമെന്ന് മനസ്സിലാക്കുകയും അതിനെ അടിസ്ഥാനമാക്കി ഇവിടെ രഥയാത്രയും അതിനോടനുബന്ധിച്ചുള്ള

പ്രശ്നങ്ങളും അവസാനം ബാബ്റി മസ്ജിദ് തകർക്കുന്നതിനിടയാക്കിയ സാഹചര്യങ്ങളുമൊക്കെ അരങ്ങേറുകയും ചെയ്തു. അതിനെല്ലാം കോൺഗ്രസ് അവരെ പിന്തുണയ്ക്കുകയായിരുന്നു. മതനിരപേക്ഷത സംരക്ഷിക്കുന്നതിനുവേണ്ടി കോൺഗ്രസ് ഒരു തരത്തിലുള്ള ഇടപെടലും നടത്താത്തതുകൊണ്ടാണ് രാജ്യം ഇന്ന് ഈ അവസ്ഥയിലേയ്ക്ക് എത്തിയത്. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ട ഒരു ഗവൺമെന്റ് ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രമായി ചുരുങ്ങിപ്പോകുന്ന അവസ്ഥ നാം കാണുകയാണ്. ആരാധനാലയങ്ങൾ നിർമ്മിക്കേണ്ടത് അതുമായി ബന്ധപ്പെട്ട സംവിധാനങ്ങളും കമ്മിറ്റികളുമാണ്. അവർ നിർമ്മിച്ചുകൊള്ളട്ടെ, അതിന് വ്യക്തിപരമായ സഹായങ്ങളോ സൗകര്യങ്ങളോ ആരെങ്കിലും നൽകുന്നുണ്ടെങ്കിൽ നൽകിക്കൊള്ളട്ടെ. പക്ഷേ ഒരു കേന്ദ്രഗവൺമെന്റിന്റെ ഉത്തരവാദിത്വമെന്താണ്? ഈ രാജ്യത്തെ ജനങ്ങളെ ഒന്നായി കാണുകയും എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളെ ഐക്യത്തോടെ കൊണ്ടുപോകുകയെന്നതാണ് ഒരു കേന്ദ്രഗവൺമെന്റിന്റെ ഉത്തരവാദിത്വം. രാജ്യത്തെ ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളാണ്

കൈകാര്യം ചെയ്യേണ്ടത്. തൊഴിലില്ലായ്മയും കർഷകരുടെയും തൊഴിലാളികളുടെയും സ്ത്രീകളുടെയും പ്രശ്നങ്ങളുൾപ്പെടെ നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ട കേന്ദ്ര ഗവൺമെന്റ് തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്ന് മാറി മുന്നോട്ടുപോകുകയാണ്. ഈ ഘട്ടത്തിൽ കോൺഗ്രസ് എന്ത് സമീപനമാണ് സ്വീകരിച്ചത്? അസമിൽ ജോഡോയാത്രയുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് ശ്രീരാമ ക്ഷേത്രം അന്വേഷിച്ച് നടക്കുകയും അവസാനം ഹനുമാന്റെ പ്രച്ഛന്ന വേഷം കെട്ടുകയും ചെയ്തത് നാം എല്ലാവരും കണ്ടതാണ്. ഇന്ത്യയിലെ പ്രതിപക്ഷ കക്ഷികളെയെല്ലാം യോജിപ്പിച്ച് ഓരോ സംസ്ഥാനത്തിന്റെയും സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് ഈ വർഗ്ഗീയ ശക്തികളെ തുരത്തുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്യുന്നില്ല. ശരിയായ രീതിയിലുള്ള കാഴ്ചപ്പാടില്ലാത്തതിന്റെ പ്രശ്നങ്ങൾ വലിയ തോതിൽ ഉയർന്നുവരികയാണ്. ഈ രാജ്യത്തെ ദയനീയാവസ്ഥയിലേയ്ക്കാണ് കോൺഗ്രസ് തള്ളിവിട്ടത്. കോൺഗ്രസ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്? എത്രയോ

സന്ദർഭങ്ങളുണ്ടായിട്ടും ബി.ജെ.പി.-ക്കെതിരെ ഒരു വരിപോലും ഇവിടെ പറയാൻ അവർ തയ്യാറല്ല. നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയപ്പോൾ എന്താണ് നിങ്ങൾ പറഞ്ഞത്? കേന്ദ്ര ഗവൺമെന്റിനെയോ അവരുടെ നയങ്ങളെയോ വിമർശിക്കാൻ പ്രതിപക്ഷം തയ്യാറല്ല. മറിച്ച് കേരളത്തിലെ ഗവൺമെന്റിനെ എങ്ങനെയെല്ലാം ഇകഴ്ത്തികാണിക്കാനും മോശമായി ചിത്രീകരിക്കാനും സാധിക്കുമെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് അവർ ചർച്ചകളിലെല്ലാം പങ്കെടുക്കുന്നത്. ഓരോ ഘട്ടത്തിലും കോൺഗ്രസ് പറഞ്ഞുകൊണ്ടിരുന്നത് ഞങ്ങൾ ഇതൊന്നും അനുവദിക്കില്ലെന്നും ശക്തമായി എതിർക്കുമെന്നുമാണ്. എന്നാൽ അവർ ശക്തമായി എതിർത്തിട്ടും ഒരുപാട് കാര്യങ്ങളുമായി നമ്മുടെ സംസ്ഥാനം മുന്നോട്ടുപോയി. ഈ അടുത്ത കാലത്ത് നടന്ന നവകേരള സദസ്സ് ഒരു ഘട്ടത്തിൽ പെട്ടെന്ന് തീരുമാനിച്ചതല്ല. ഈ ഗവൺമെന്റിന്റെ ആദ്യ കാലഘട്ടത്തിൽ നിരവധി ഇടപെടലുകളുണ്ടായിരുന്നു. അദാലത്തുകൾ, 'കരുതലും കൈത്താങ്ങും' എന്ന നിലയിൽ ജില്ലകളിൽ പ്രത്യേക ക്യാമ്പയിൻ, തീരദേശ സദസ്സുകൾ, വനമേഖല സദസ്സുകൾ തുടങ്ങി ജനങ്ങളുടെ പ്രശ്നങ്ങൾ

പരിഹരിക്കാനായി ബഹുമാനപ്പെട്ട മന്ത്രിമാരും വകുപ്പുദ്യോഗസ്ഥരും ചേർന്ന് നടത്തിയ നിരന്തര ഇടപെടലുകളിലെ ഒരു പ്രത്യേക ഇടപെടലാണ് നവകേരള സദസ്സ് എന്ന് നമുക്ക് ആർക്കാണ് അറിയാത്തത്. അന്ന് നടന്ന പരിപാടികളിൽ ഇവരെല്ലാം പങ്കെടുത്തല്ലോ. ഉദ്യോഗസ്ഥരെയെല്ലാം വിളിച്ചുചേർത്ത് നിരവധി ഫയലുകൾക്ക് തീർപ്പ് കൽപ്പിക്കുകയും അവിടെ ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദേശങ്ങളും തീരുമാനങ്ങളുമുണ്ടാകുകയും ചെയ്തു. അങ്ങനെ ഒരുപാട് നേട്ടങ്ങളുണ്ടായി. അങ്ങനെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് നവകേരള സദസ്സ് ലോകത്തിൽ ആദ്യമായി താഴെ തലങ്ങളിലുള്ളവരുമായി സംവദിക്കാൻവേണ്ടി ചേർന്നത്. എന്നാൽ നിങ്ങൾ അതിനെയും എതിർത്തു. ഈ ഗവൺമെന്റ് തുടർന്ന് ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ പ്രാഥമിക വിവരങ്ങൾ പുറത്ത് വന്നിരിക്കുകയാണ്. ഭിന്നശേഷിക്കാർ, സ്ത്രീകൾ, വിദ്യാർത്ഥികൾ, കലാകാരൻമാർ തുടങ്ങി വിവിധ മേഖലകളിൽ പ്രത്യേകം ചർച്ച നടത്തി നവകേരളം സൃഷ്ടിക്കാനുള്ള നടപടികളുമായി കേരളത്തിലെ ഗവൺമെന്റ് മുന്നോട്ട് പോകുകതന്നെ ചെയ്യുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു.

അതിനെയെല്ലാം ഇവർക്ക് എതിർക്കാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. കേരളീയരെ വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതരീതിയിലേയ്ക്കും വളർച്ചയിലേയ്ക്കും സൂചികയിലേയ്ക്കും എത്തിക്കാനുള്ള ഇടപെടലുകളാണ് ഗവൺമെന്റ് നടത്തുന്നത്. പുതിയ കാലത്തിനനുസരിച്ചുള്ള ആശയങ്ങൾ ഉൾക്കൊള്ളാനും പദ്ധതികൾ ആവിഷ്കരിക്കാനും വിവിധ വിഭാഗക്കാരുമായി ചർച്ച ചെയ്ത് അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാനുമുള്ള മാർഗ്ഗങ്ങൾ തേടി എല്ലാ നിലയിലും കേരളത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള പരിശ്രമത്തിലാണ് നമ്മുടെ സർക്കാർ. വർഗ്ഗീയ, വിഘടനവാദ, ശിഥിലീകരണ പ്രവണതകൾക്കൊന്നും സ്ഥാനം നൽകാതെ മതനിരപേക്ഷത ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ ആത്മാർത്ഥമായി ഇടപെടുന്ന ഇന്ത്യയിൽ അവശേഷിക്കുന്ന ഏക ഗവൺമെന്റാണ് കേരളത്തിന്റേതെന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ച് വർഗ്ഗീയവാദികൾക്ക് ഇടം നൽകാത്ത കേരളത്തെ സംരക്ഷിക്കാൻ അതിശക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എല്ലാ വിഭാഗം ജനങ്ങളും

പിന്തുണയ്ക്കണമെന്ന് ഈ ഘട്ടത്തിൽ വിനീതമായി അഭ്യർത്ഥിക്കുന്നു. കേരള ഗവൺമെന്റിനോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഫെബ്രുവരി മാസം എട്ടാം തീയതി ഡൽഹിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ജനപ്രതിനിധികളും കൂടി നടത്തുന്ന പ്രക്ഷോഭത്തിൽ ഏറെ സന്തോഷത്തോടെ അഭിമാനപൂർവ്വം ഞാനും അണിനിരക്കുമെന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗവും മുൻമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ഗവർണ്ണർ 63 പേജുകളുള്ള നയപ്രഖ്യാപനത്തിലെ 136 പാരഗ്രാഫുകൾ രണ്ട് മിനിറ്റ് കൊണ്ട് അവതരിപ്പിച്ചത്. നാം ഇവിടെ ചർച്ച ചെയ്യുന്നത് കേരളത്തിലെ മുഴുവൻ ജനങ്ങളും വീക്ഷിക്കുന്നുണ്ടെന്ന് മനസ്സിലാക്കണം. ഇവിടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് ഇന്നും ട്രഷറി അടഞ്ഞുകിടക്കുകയാണ്. കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറിക്കൊടുക്കാത്തതിനാൽ അവർ പുതിയ

വർക്കുകളൊന്നും ഏറ്റെടുക്കുന്നില്ല. മാത്രമല്ല, ഫണ്ട് യഥാസമയം ചെലവാക്കാനും സാധിക്കുന്നില്ല. ഈ ഘട്ടത്തിലാണ് തിരുവനന്തപുരത്ത് നവകേരള സൃഷ്ടിയുമായി ബന്ധപ്പെട്ട് വൻതുക ധൂർത്തടിച്ച് 'കേരളീയം' പരിപാടി സംഘടിപ്പിച്ചത്. അതിനെ വലിയ ആഘോഷമാക്കിയിരിക്കുകയാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ നവകേരള സദസ്സിനായി വലിയ പന്തലും സ്റ്റേജും നിർമ്മിച്ചും സ്കൂൾ മതിലുകൾ പൊളിച്ചും മരങ്ങൾ മുറിച്ചുമാറ്റിയും എത്ര കോടി രൂപയാണ് ചെലവഴിച്ചത്. ആകെ ഒന്നോ ഒന്നര മണിക്കൂറാണ് ഇവ ഉപയോഗപ്പെടുത്തിയത്. സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലും 300-400 കുടുംബശ്രീ യൂണിറ്റുകളുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജനസദസ്സിൽ അറുപതിനായിരത്തോളം പേരെ പങ്കെടുപ്പിക്കുമെന്ന് പറഞ്ഞെങ്കിലും രണ്ടായിരം മുതൽ നാലായിരം പേരെമാത്രം പങ്കെടുപ്പിച്ച് കേരളത്തെ അപമാനിച്ചിരിക്കുകയാണ്. മാത്രമല്ല, കേരളത്തിൽ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയില്ലെന്ന് നിങ്ങൾ പറയുമ്പോഴും ചോദ്യപേപ്പർ അച്ചടിക്കാൻ കുട്ടികളിൽനിന്നും ഫീസ് വാങ്ങുന്ന സാഹചര്യത്തിലേയ്ക്ക്

കേരളത്തിലെ ഗവൺമെന്റ് എത്തിയിരിക്കുകയാണ്. ഇന്ന് മാവേലി സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങളില്ല. നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില വർദ്ധനവുകാരണം മാർക്കറ്റിൽ പോയി അവ വാങ്ങാൻ സാധിക്കുന്നില്ല. ഇതൊന്നും നിയന്ത്രിക്കാൻ സാധിക്കാതെ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇവിടെയുണ്ട്. കേരളത്തിൽ വന്യമൃഗശല്യം രൂക്ഷമായിക്കൊണ്ടിരിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ കഴിഞ്ഞ ദിവസങ്ങളിലെ ദിനപത്രങ്ങളിൽ വന്നിരുന്നു. വയനാട് ജില്ലയിൽ 7 പേരെയാണ് കടുവ കൊന്നത്. കേരളത്തിന്റെ കണക്കനുസരിച്ച് ഏതാണ്ട് 214 മുതൽ 217 വരെ കടുവകളാണ് കേരളത്തിലെ വനാന്തരങ്ങളിലുള്ളത്. 8.809 സ്ക്വയർ കിലോമീറ്ററുള്ള വയനാട്ടിലെ വനഭൂമിയിൽ 84 കടുവകളാണുള്ളത്. നിങ്ങളുടെ ജനസദസ്സുകൾ നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ അവിടെ കടുവയുടെ ആക്രമണത്തിൽ അവസാനം മരിച്ചയാളാണ് മരോട്ടിത്തറപ്പിൽ പ്രജീഷ്. 36 വയസ്സുള്ള ആ ചെറുപ്പക്കാരനെ പ്രൈവറ്റ് ലാൻഡിൽ വച്ച് കടുവ കടിച്ചുകൊല്ലുകയുണ്ടായി.

ക്ഷീരകർഷകനായ പ്രജീഷ് പുല്ല് ചെത്താൻ പോയപ്പോൾ കടുവ കൊലപ്പെടുത്തി ഭക്ഷിച്ച വാർത്ത എല്ലാ മാധ്യമങ്ങളിലൂടെയും വരികയുണ്ടായി. 20 മന്ത്രിമാർ കേരളത്തിലുണ്ടായിരുന്നിട്ട് ഒരു മന്ത്രിക്കുപോലും അദ്ദേഹത്തിന്റെ വീട് സന്ദർശിക്കാനായില്ല. ശ്രീ. ശശി തരൂർ എം.പി., എം.എൽ.എ.-മാരായ ശ്രീ. രമേശ് ചെന്നിത്തല, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവർ ആ വീട് സന്ദർശിച്ചു. എന്നാൽ വയനാട് ജില്ലയുടെ ചാർജ്ജുള്ള വനം വകുപ്പുമന്ത്രി ആ ജില്ലയിൽ വന്നിട്ടുപോലും ആ വീട് സന്ദർശിക്കാൻ തയ്യാറായില്ല. വയനാട് ജില്ലയിൽ 10 വർഷംകൊണ്ട് 7 പേരെ കടുവ ഭക്ഷിച്ചു. ഇതിൽ നമ്മുടെ മന്ത്രിമാരോ ഗവൺമെന്റോ ആവശ്യമായ നിലപാടുകൾ സ്വീകരിച്ചിട്ടില്ല. നാട്ടിൽ പലയിടങ്ങളിലും വന്യമൃഗാക്രമണങ്ങളുണ്ടാകുമ്പോഴും ആളുകൾ മരണപ്പെടുമ്പോഴും അത്തരം സ്ഥലങ്ങൾ സന്ദർശിക്കാതെ മന്ത്രിമാർ ജനങ്ങളെ അവഗണിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഞങ്ങൾ വനം-വന്യജീവി വകുപ്പുമന്ത്രിയെ ആവർത്തിച്ച് വിളിച്ചിട്ടും അദ്ദേഹം തിരിഞ്ഞുനോക്കിയില്ല. പശുവിനെ ആക്രമിച്ച് കൊലപ്പെടുത്തിയ കടുവയെ കൂടുവച്ച് പിടിച്ചുവെങ്കിലും അതിനെ

എവിടേയ്ക്ക് നീക്കം ചെയ്യണമെന്നതിനുപോലും നിലപാടെടുക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. ചരിത്രത്തിലാദ്യമായിട്ടാണ് 7 പേരെ കടുവ ഭക്ഷിക്കുന്നത്. ഇന്ന് ആ കുടുംബങ്ങളുടെ സാഹചര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കണം. കുടുംബനാഥന്മാരെയാണ് കടുവ ഭക്ഷിച്ചത്. ഇതിന് ഗവൺമെന്റ് 10 ലക്ഷം രൂപയാണ് കോമ്പൻസേഷൻ കൊടുക്കുന്നത്. അവസാനമായി കൊലപ്പെടുത്തിയ പ്രജീഷ് ഒരു കുടുംബത്തിന്റെ അത്താണിയായിരുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന് ഇക്കാര്യം പറയാൻ ശ്രദ്ധക്ഷണിക്കലിന് അവസരം കൊടുത്തതായിരുന്നു. ദൗർഭാഗ്യവശാൽ അത് ഉപയോഗപ്പെടുത്താതെ മറ്റ് കാര്യങ്ങൾ ചർച്ച ചെയ്യേണ്ട സമയത്ത് ഇങ്ങനെ പറയുന്നത് അങ്ങേയറ്റം ഖേദകരമാണ്. നാളെ അങ്ങ് ഈ വിഷയം ഉന്നയിക്കുമെങ്കിൽ വിശദീകരണം നൽകാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ സഭയിലല്ലാതെ വേറെ എവിടെയാണ് പറയേണ്ടത്; എന്ത് ഖേദകരമാണിത്? 7 പേരെ കടുവ

കൊലപ്പെടുത്തിയിട്ടും ഒരു മന്ത്രിയോ, ഉത്തരവാദപ്പെട്ടവരോ ഗവൺമെന്റിന്റെ ഭാഗമായി ആ വീടുകൾ സന്ദർശിച്ചിട്ടുണ്ടോ; പാവപ്പെട്ട ഒരു യുവാവിനെ കടുവ ആക്രമിച്ച് കൊലപ്പെടുത്തി ഭക്ഷിച്ച വിഷയം സഭയിലല്ലാതെ വേറെയെവിടെയാണ് ഞാൻ പറയേണ്ടത്? 2012-ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ സുൽത്താൻബത്തേരിയിലെ നായ്ക്കെട്ടിയിൽ 17 വളർത്തുമൃഗങ്ങളെ കടുവ പിടിച്ചു. നരഭോജിയാണെങ്കിൽ കടുവയെ വെടിവച്ചുകൊല്ലുമെന്ന് അന്ന് ഗവൺമെന്റ് പറഞ്ഞു, വെടിവച്ചുകൊന്ന ചരിത്രവുമുണ്ട്. ഇപ്പോൾ വയനാട്ടിൽ യുവാവിനെ കൊന്ന കടുവ നരഭോജി എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയും എല്ലാ പത്ര-ദൃശ്യമാധ്യമങ്ങളും പറഞ്ഞിട്ടും വെടിവച്ചുകൊല്ലാൻ കഴിഞ്ഞോ; 10 ദിവസം കഴിഞ്ഞതിനുശേഷമാണ് ആ കടുവയെ കൂട്ടിൽ കയറ്റി സുരക്ഷിത സ്ഥലത്ത് എത്തിച്ചത്. ഈ നിലപാടല്ലേ ഗവൺമെന്റ് സ്വീകരിക്കുന്നത്? മനുഷ്യന് ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് ഇന്ന് കേരളം മാറിയിരിക്കുകയാണ്. വനത്തിൽനിന്നും പുറത്തിറങ്ങുന്ന കടുവകളെ കൂട്ടവച്ച് പിടിക്കാനുള്ള ഓർഡറുകൾ സമയബന്ധിതമായി ഇറങ്ങുന്നില്ല.

ഇതുസംബന്ധിച്ച് ഈ സഭാസമ്മേളനത്തിൽത്തന്നെ സബ്മിഷൻ അവതരിപ്പിക്കുന്നതിന് ഞങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്; അടിയന്തരപ്രമേയത്തിനും നോട്ടീസ് കൊടുക്കുന്നതാണ്. ഇതിലെല്ലാം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ മറുപടി കേൾക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. വന്യമൃഗാക്രമണത്താൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നത് 50 ലക്ഷം രൂപയാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂടിയാലോചിച്ച് തീരുമാനമെടുക്കണമെന്നാണ് ഞങ്ങളുടെ ആവശ്യം. ആ കുടുംബങ്ങൾ രക്ഷപ്പെടണ്ടേ?

കാർഷിക മേഖല വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. 3500-ആളുകളുടെ പേരിൽ ജപ്തിനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളെ കൊള്ളയടിക്കുകയാണ്. കർഷകർ വലിയ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധികളൊക്കെ നിലനിൽക്കുമ്പോൾ ഇന്ന് കേരളത്തിലെ സാമ്പത്തിക സ്ഥിതി വളരെ മെച്ചപ്പെട്ടുപോകുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള

ചില പ്രസ്താവനകളും പ്രസംഗങ്ങളും ആർഭാടമായി നടത്തുമ്പോൾ മന്ത്രിമാർ ജനസദസ്സിൽനിന്നും സാധാരണക്കാരുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. ഇവിടെ ഉമ്മൻ ചാണ്ടിയെ ക്വാട്ട് ചെയ്ത് പറഞ്ഞു. ജനസമ്പർക്ക പരിപാടിക്കായി വലിയ പന്തലും സ്റ്റേജും കെട്ടിയിട്ടുണ്ടെങ്കിൽ അദ്ദേഹം 24 മണിക്കൂറും അവിടെയിരുന്ന് സാധാരണക്കാരുടെ പ്രശ്നങ്ങൾ കേട്ട് 145 ഓർഡറുകൾ ഇറക്കി. അന്ന് മുഖ്യമന്ത്രിക്ക് ഒരു മണിക്കൂർ നേരം പ്രസംഗിക്കുന്നതിനുവേണ്ടിയല്ല ലക്ഷങ്ങൾ മുടക്കി പന്തൽ കെട്ടിയത്; പതിനായിരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ്. അങ്ങനെയൊരു ഗവൺമെന്റ് ഇവിടെയുണ്ടായിരുന്നു. എന്നാൽ ഒരു മണിക്കൂർ പ്രസംഗിക്കാൻ വലിയ പന്തൽ കെട്ടി കേരളത്തിലെ ജനങ്ങളെ അപമാനിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. അതുകൊണ്ടാണ് ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുന്നത്.

ശ്രീ. കെ. പ്രേംകുമാർ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സർക്കാരിന്റെ നയമാണ് ഗവർണ്ണർ പ്രഖ്യാപിക്കുന്നത്.

ഇന്ത്യ സ്വാതന്ത്ര്യം നേടി 10 വർഷത്തിനുശേഷം, 1957-ൽ കേരളത്തിലാദ്യമായി ഒരു ഗവൺമെന്റ് അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷിതത്വം എന്നീ മേഖലകളിൽ ഏറ്റവും പുറകിൽ നിന്നിരുന്ന സംസ്ഥാനമായിരുന്നു കേരളം. എന്നാൽ ഇന്ത്യ എഴുപത്തിയഞ്ചാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്ന സന്ദർഭമാകുമ്പോഴേയ്ക്കും പ്രസ്തുത മേഖലകളിലെല്ലാം രാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറി. വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ച നേട്ടം പോലെ പ്രധാനപ്പെട്ടതാണ് സാമൂഹിക സുരക്ഷിതത്വ മേഖലയിൽ കൈവരിച്ചതും. പണമുള്ളവർക്ക് മാത്രമായി വിദ്യാഭ്യാസവും ആരോഗ്യവും സാമൂഹിക സുരക്ഷിതത്വവും പരിമിതപ്പെടുത്തുന്ന ഇന്ത്യൻ സാഹചര്യത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബദൽ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകുകയാണ്. ഇന്ത്യയിൽ വിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ സംരക്ഷണത്തിനും കൂടുതൽ പണം നീക്കിവയ്ക്കുന്ന സംസ്ഥാനം കേരളമാണ്. ഈ സർക്കാരിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാരണം ഇന്ത്യയിൽ

മികച്ച നിലയിൽ സാമൂഹിക സുരക്ഷാ സംവിധാനമുള്ള സംസ്ഥാനം കേരളമാണെന്ന് കേന്ദ്ര സർക്കാരിന് പറയേണ്ടി വരുന്നു. ഇന്ത്യയിൽ ഏറ്റവും കുറവ് അതിദരിദ്രരുള്ള സംസ്ഥാനം കേരളമാണെന്ന് കേന്ദ്ര സർക്കാരിന്റെ പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. അതായത് അര ശതമാനത്തിൽ താഴെ. ലോകത്ത് ഏറ്റവും കൂടുതൽ പട്ടിണിക്കാരുള്ള രാജ്യമായി ഇന്ത്യ നിലനിൽക്കുമ്പോഴാണ് ഏറ്റവും കുറവ് അതിദരിദ്രരുള്ള സംസ്ഥാനമായി കേരളം നിലകൊള്ളുന്നത്. എല്ലാ അതിദരിദ്രരേയും പ്രസ്തുത പട്ടികയിൽനിന്നും മോചിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്കാണ് കേരള സർക്കാർ നേതൃത്വം കൊടുക്കുന്നത്. ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷനേതാവായി തെരഞ്ഞെടുക്കപ്പെട്ടശേഷം കോട്ടയം പ്രസ് ക്ലബിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സർഗാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുമെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്. എന്താണ് സർഗാത്മക പ്രതിപക്ഷമെന്ന് നാം കാണുന്നുണ്ട്. ഇപ്പോൾ ഏറ്റവുമൊടുവിൽ കെ-ഫോണിനെതിരെ അന്വേഷണമാവശ്യപ്പെട്ട് അദ്ദേഹം കോടതിയെ സമീപിച്ചു. കാര്യങ്ങളെല്ലാം

വസ്തുതാപരമായി മാത്രം പറയുന്ന അദ്ദേഹത്തെ കോടതി വിമർശിച്ചുവെന്ന് മാത്രമല്ല പബ്ലിക് ഇന്ററസ്റ്റല്ല, പബ്ലിസിറ്റി ഇന്ററസ്റ്റാണ് കേരളത്തിന്റെ പ്രതിപക്ഷനേതാവിനെന്ന് കോടതിക്ക് പറയേണ്ടതായും വന്നു. ഇതാണ് കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന സർഗാത്മക പ്രതിപക്ഷമെന്ന് നമ്മുടെ നാട് കൃത്യമായി കാണുന്നുണ്ട്. പ്രതിപക്ഷനേതാവിന് 'അമ്പട ഞാനേ' എന്ന ഭാവമാണ്; എനിക്കറിയാത്തതായി ഒന്നുമില്ല എന്ന ധാർഷ്ട്യമാണ്. വിഷയങ്ങൾ പഠിച്ച് അവതരിപ്പിക്കുന്നുവെന്ന നിലപാടിൽ നിന്നുമാറി ആളുകളെ വ്യക്തിഹത്യ ചെയ്യുന്ന സമീപനമാണ് അദ്ദേഹം സ്വീകരിക്കുന്നത്. നേരത്തെ മുഖ്യമന്ത്രിയെ 'ക്രിമിനൽ', 'അയാൾ' എന്നൊക്കെ വിളിക്കുകയുണ്ടായി. സർക്കാരിന്റെ എല്ലാ വികസന നേട്ടങ്ങളെയും വക്രീകരിക്കാനാണ് അദ്ദേഹം പ്രതിപക്ഷം എന്ന നിലയിലുള്ള താൽപര്യം പ്രകടിപ്പിക്കുന്നതെന്ന് നാം കാണുകയാണ്. നമ്മുടെ രാജ്യത്ത് ഉയർത്തിപ്പിടിക്കേണ്ട ഭരണഘടനാമൂല്യങ്ങളായ മതനിരപേക്ഷത, ജനാധിപത്യം, ഫെഡറലിസം എന്നിവ തകർക്കപ്പെടുന്ന സാഹചര്യത്തിലും കേരളത്തോട് സാമ്പത്തികമായി കടുത്ത വിവേചനം കാണിക്കുന്ന

അന്തരീക്ഷത്തിലും ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾക്ക് കൂടുതൽ ശക്തിയുള്ളതും വേരുള്ളതുമായ കേരളത്തിൽ ഈ ധനപരമായ ഫെഡറലിസത്തെ ഞെരുക്കുന്ന നയത്തിനെതിരായി ഒറ്റക്കെട്ടായി നിൽക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറല്ല.

**4.00 p.m]**

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കണക്ക് പ്രകാരം രാജ്യത്തിന്റെ ആകെ ദേശീയ ചെലവിന്റെ 62 ശതമാനം വഹിക്കുന്നത് സംസ്ഥാന സർക്കാരുകളാണ്. എന്നാൽ ആകെ റവന്യൂ വരുമാനത്തിന്റെ 37 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് വിഹിതമായി ലഭിക്കുന്നത്. ബാക്കി 63 ശതമാനമെത്തുന്നത് കേന്ദ്രസർക്കാരിനാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേന്ദ്രം കൂടുതൽ വരുമാനം എടുക്കുകയും സംസ്ഥാനങ്ങൾ ചെലവ് കൂടുതൽ വഹിക്കുകയുമെന്ന സമീപനമാണ്. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതയും സവിശേഷതയും കണക്കിലെടുത്ത് വിഭവങ്ങൾ കൈമാറ്റം ചെയ്യാനുള്ള ധാരണയാണ് ഫെഡറലിസം എന്നുപറയുന്നത്. അതിനെ പൂർണ്ണമായും അട്ടിമറിക്കുകയാണ്. കഴിഞ്ഞ വർഷം 43,000 കോടി രൂപ

കടമെടുക്കാനുള്ള അനുമതി കേരളത്തിന് നൽകി. വ്യക്തികൾ തമ്മിൽ വായ്പ വാങ്ങുന്നതുപോലെയല്ല ഒരു സംസ്ഥാനം കടമെടുക്കുന്നത്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ഒരു സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയൂ. 43,000 കോടി രൂപ വായ്പയെടുത്തിരുന്ന കേരളത്തിന്റെ വായ്പാ പരിധി ഈ വർഷം 22,000 കോടി രൂപയാക്കി ചുരുക്കിയതുമൂലം സാമ്പത്തികരംഗത്ത് കേരളം പ്രയാസം അഭിമുഖീകരിക്കുകയാണ്. സാമ്പത്തികമായി ഞെരുക്കിയും അർഹതപ്പെട്ടത് തടഞ്ഞുവച്ചും കേരളത്തിന് ഒരുനിലയിലും മുന്നോട്ട് പോകാൻ കഴിയാത്ത അന്തരീക്ഷം ബോധപൂർവ്വം സൃഷ്ടിക്കുന്ന ഈ നയത്തിനെതിരെയുള്ള പ്രതിഷേധത്തിൽ പങ്കെടുക്കുന്നുണ്ടോയെന്ന് കേരളത്തിലെ ജനങ്ങൾ പ്രതിപക്ഷമായ യു.ഡി.എഫ്.-നോട് ചോദിക്കുമ്പോൾ ഇലക്ഷനായതുകൊണ്ട് ഞങ്ങളില്ല എന്നാണ് അവർ പറയുന്നത്. അതുകൊണ്ടുമാത്രമാണോ, കേരളത്തിന് അർഹതപ്പെട്ടത് ഏതെങ്കിലും നിലയിൽ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇതിനുമുമ്പ് എപ്പോഴെങ്കിലും കേരളത്തിലെ എം.പി.-മാർ ശബ്ദമുയർത്താൻ തയ്യാറായിട്ടുണ്ടോ? വ്യത്യസ്ത

മേഖലകളിൽ നമ്മുടെ രാജ്യം അതിദാരുണമായ നിലയിൽ പിറകോട്ട് പോകുകയാണ്. ഏറ്റവും കൂടുതൽ അതിദരിദ്രരും പട്ടിണിക്കാരും നിരക്ഷരരും വിലക്കയറ്റവും തൊഴിലില്ലായ്മയുമുള്ള ഇന്ത്യാ രാജ്യത്താണ് കേരളം ബദലുയർത്തി മുമ്പോട്ടുപോകുന്നത്. എന്നാൽ അതിനെ തകർക്കാനുള്ള കേന്ദ്രസർക്കാരിന്റെ ബോധപൂർവ്വമായ ശ്രമങ്ങൾക്ക് കുടപിടിക്കുന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇപ്പോൾ കേരളത്തിൽ സാമൂഹിക സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട് വസ്തുതാവിരുദ്ധമായ പ്രചാരണങ്ങൾ സാമൂഹികമാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ 18 മാസത്തെ പെൻഷൻ കുടിശ്ശികയാക്കി വച്ചു. തുടർന്ന് അധികാരത്തിൽ വന്ന ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്, ഇപ്പോൾ 15,000/- രൂപ വരെയുള്ള പെൻഷൻ കുടിശ്ശിക കൊടുക്കുമെന്നും ബാക്കി തുക പിന്നീട് കൊടുക്കുമെന്നുമാണ്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽനിന്നും ഇറങ്ങുമ്പോൾ പെൻഷൻ തുക 600/- രൂപയായിരുന്നു. ഒരാൾക്ക് 15,000/- രൂപ വരെയുള്ള കുടിശ്ശിക

നൽകണമെങ്കിൽ എത്ര തുക വേണം? ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഓണത്തിന് അഡ്വാൻസ് ഉൾപ്പെടെ 15,000/- രൂപ പെൻഷൻ ലഭിച്ചവരാണ് കേരളത്തിലുള്ളവരെന്ന് നമുക്ക് നിശ്ചയമായും മനസ്സിലാക്കാൻ സാധിക്കും. മുൻകാലങ്ങളിൽ പല പെൻഷനുകളും 25 മാസം വരെ കുടിശ്ശികയായിട്ടുണ്ട്. കേരളത്തിൽ അധികാരത്തിൽ വന്ന സന്ദർഭങ്ങളിലെല്ലാം സാമൂഹിക സുരക്ഷ പെൻഷനുകളെ തകർത്തവർ ഇപ്പോൾ അതിന്റെ പേരിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ വരുത്തിവച്ച കുടിശ്ശികയുൾപ്പെടെ 1473 കോടി രൂപയാണ് കേരളത്തിലെ ഒന്നാം പിണറായി വിജയൻ സർക്കാർ വിതരണം ചെയ്തത്. 03-03-2020-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 425-ന് ശ്രീ. രാജു എബ്രഹാമിന് നൽകിയ മറുപടിയിൽ കൃത്യമായി അതുസംബന്ധിച്ച് സൂചിപ്പിക്കുന്നുമുണ്ട്. വസ്തുത ഇതായിരിക്കെ ഇവർ കള്ളപ്രചാരണം നടത്തുകയാണ്. ഇന്നുകാണുന്ന നിലയിൽ ജനാധിപത്യ മതനിരപേക്ഷ ഫെഡറൽ തത്വങ്ങൾക്ക് സ്വാധീനമുള്ള ഒരു സമൂഹമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിൽ രാജ്യത്തിന് മാതൃകയായി പ്രവർത്തിക്കുന്ന

കേരളത്തെ കൂടുതൽ കരുത്തോടെ മുന്നോട്ട് നയിക്കാനും നമുക്ക് അർഹതപ്പെട്ട വിഹിതം നേടിയെടുക്കാനും ജനങ്ങളുടെ താൽപര്യം സാമൂഹിക സുരക്ഷാ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്നിവ സംരക്ഷിക്കാനും മധ്യകാല യൂറോപ്പിലെ മധ്യവരുമാന രാജ്യങ്ങൾക്ക് സമാനമായ നിലയിൽ ഉയർത്തിക്കൊണ്ടുവരാനുമുള്ള പരിശ്രമവുമായി കേരളം മുന്നോട്ടുപോകുകയാണ്. എന്നാൽ സംസ്ഥാനത്തെ തകർക്കാനുള്ള ലക്ഷ്യവുമായി ബി.ജെ.പി.-ക്ക് കുടപിടിക്കുന്ന സമീപനം സ്വീകരിക്കുന്ന കേരളത്തിലെ പ്രതിപക്ഷത്തെ ഒറ്റപ്പെടുത്താനുള്ള ശ്രമം കേരളത്തിലെ പ്രബുദ്ധരായ ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന ശുഭപ്രതീക്ഷയോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സർവ്വമേഖലകളിലും സമാനതകളില്ലാത്ത വികസനവും ക്ഷേമപ്രവർത്തനങ്ങളും നടത്തി മുന്നേറുന്ന ഒരു സർക്കാരാണ് നമ്മുടേതെന്ന് ഈ നയപ്രഖ്യാപനപ്രസംഗം വായിക്കുന്ന ഏതുവ്യക്തിക്കും മനസ്സിലാക്കാൻ

സാധിക്കും. 'മണൽ കൊണ്ടു കയർ പിരിക്കുക' എന്ന് നമ്മുടെ നാട്ടിൽ പണ്ടുള്ളവർ പറയുമായിരുന്നു. എന്നുപറഞ്ഞാൽ മണൽകൊണ്ട് ഒരു കാരണവശാലും കയർ പിരിക്കാൻ സാധിക്കില്ല, അത് അസാധ്യമാണ്. അതുപോലെയുള്ള ഒരു പ്രത്യേക സാഹചര്യത്തിലാണ് നമ്മുടെ ഗവൺമെന്റ് ഓരോ കാര്യവും ചെയ്തുമുന്നോട്ടു പോകുന്നത്. ഈ ഗവൺമെന്റിനെ എല്ലാ രീതിയിലും തകർക്കാനായി കേന്ദ്രഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആദരണീയനായ ഗവർണ്ണർ പ്രസംഗിക്കുമ്പോൾ, 'My Government' – 'എന്റെ ഗവൺമെന്റ്' എന്നാണ് പറയുന്നതെന്ന് നമുക്കറിയാം. അദ്ദേഹം ഈ കഴിഞ്ഞ കാലങ്ങളിൽ ഇവിടെ കാണിച്ചുകൂട്ടിയ കോമാളിത്തരങ്ങളും റോഡിൽക്കൂടിയുള്ള ഓട്ടവുമെല്ലാം കണ്ടിട്ട് അദ്ദേഹത്തിന് എന്താണ് സംഭവിച്ചതെന്ന് ജനങ്ങളെല്ലാം ചിന്തിക്കുകയാണ്. ഗവർണ്ണർ തെരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയല്ല, സംസ്ഥാനത്തിന്റെ കാര്യങ്ങൾ നോക്കുന്നതിനും ഗവൺമെന്റിനെ സഹായിക്കുന്നതിനും അതിനാവശ്യമായ കൈത്താങ്ങ് നൽകുന്നതിനുമുള്ള കേന്ദ്രഗവൺമെന്റിന്റെ നോമിനേറ്റഡ് വ്യക്തിയാണ്. അങ്ങനെയൊരു വ്യക്തി ഇവിടെ വരുമ്പോൾ കാര്യങ്ങൾ

ചെയ്യേണ്ട രീതിയിൽ ചെയ്യേ മതിയാകൂ. അത് ചെയ്യാതെ ഏതൊക്കെ രീതിയിൽ നമ്മുടെ ഗവൺമെന്റിനെ കഷ്ടപ്പെടുത്തണമെന്നും അപഹാസ്യപ്പെടുത്തണമെന്നും ചിന്തിച്ചുകൊണ്ട് ഓരോ കോമാളിത്തരങ്ങൾ കാണിക്കുമ്പോൾ അതിന് കുടപിടിക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഉൾപ്പെടെയുള്ളവർ സ്വീകരിക്കുന്നത്. നവകേരള സദസ്സിൽ വലിയ പന്തൽ കെട്ടി സംവിധാനങ്ങളൊരുക്കിയത് ഒരു മണിക്കൂർ പ്രസംഗിക്കാനാണെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞു. കുട്ടനാട്ടിൽ നല്ലൊരു സ്റ്റേഡിയമില്ലാത്തതിനാൽ ഞങ്ങൾ അവിടെയൊരു പന്തൽ കെട്ടി. നവകേരള സദസ്സിൽ 5000 ആളുകൾ പങ്കെടുക്കുമെന്ന് കരുതി അത്തരത്തിലൊരു പന്തലാണ് ഞങ്ങൾ ആദ്യം ക്രമീകരിച്ചത്. എന്നാൽ ആളുകളുടെ എണ്ണം പതിനായിരവും പതിനയ്യായിരവും കടന്ന് അവസാനം ഇരുപതിനായിരമായപ്പോൾ മൂന്ന് പന്തൽ കെട്ടി. കുട്ടനാട്ടിലെ നവകേരള സദസ്സിൽ 9000 അപേക്ഷകളാണ് ലഭിച്ചത്, എന്നുപറഞ്ഞാൽ അത്രയും ആളുകൾ അപേക്ഷ നൽകാൻ എത്തിച്ചേർന്നുവെന്നാണ്. 1400 അപേക്ഷകൾ എന്റെ ഓഫീസിൽ കൊണ്ടുതന്നു, കാരണം രാവിലെ 9 മണി മുതൽ ആളുകൾ

അവിടെ ക്യൂ നിൽക്കുകയാണ്. നവകേരള സദസ്സിൽ പങ്കെടുത്ത് ആവശ്യങ്ങൾ പറയാനാണ് അവർ വന്നത്. അപേക്ഷ നൽകാനായി നവകേരള സദസ്സിൽ എത്തിച്ചേർന്ന പതിനായിരത്തിലധികം ജനങ്ങളെ കണ്ട് ഞങ്ങൾപോലും അത്ഭുതപ്പെട്ടു. ബഹുമാന്യരായ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും നേരിൽ കണ്ട് പരാതികളും പ്രയാസങ്ങളും പറയാൻവേണ്ടി ഇത്രയധികം ജനങ്ങൾ വന്നപ്പോൾ എന്റെ പ്രിയങ്കരനായ സഹോദരൻ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറയുന്നത്, ഒരു മണിക്കൂർ പ്രസംഗിക്കുന്നതിനാണ് ഇതെല്ലാം അവിടെ ചെയ്തുകൂട്ടിയതെന്നാണ്. അവിടെ ലഭിച്ച അപേക്ഷകളെല്ലാം പരിഗണിച്ചിട്ടുണ്ട്. എല്ലാ കാര്യങ്ങൾക്കും ഉടൻ പരിഹാരമുണ്ടാക്കാൻ സാധിക്കില്ല; ഇത് ഇൻസ്റ്റന്റ് അല്ലല്ലോ; 'ഇട് കുടുക്കേ ചോറും കറിയും' എന്നുപറയുന്നത് പോലെയല്ലല്ലോ? ഒരു അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അത് ബന്ധപ്പെട്ട ഓഫീസുകളിലെത്തിച്ച് നടപടി സ്വീകരിക്കും. മറുപടി ലഭിച്ച അനേകം പേർ എന്നെ വന്ന് കാണുകയും അടുത്ത നടപടിയെന്താണെന്ന് അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഞങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേരളീയം പരിപാടി

നടത്തിയത് മണ്ടത്തരമായെന്നും അതിന്റെയൊന്നും ആവശ്യമില്ലായിരുന്നുവെന്നും ഇത്രയും തുകയുണ്ടായിരുന്നെങ്കിൽ വേറെ എന്തെല്ലാം കാര്യങ്ങൾ ചെയ്യാമായിരുന്നുവെന്നും ഇവിടെ ചില അംഗങ്ങൾ പ്രസംഗിക്കുന്നതുകേട്ടു. എന്തറിഞ്ഞിട്ടാണ് ഇവർ ഇത്തരത്തിൽ പറയുന്നത്; എന്താണ് ഇവർക്ക് അറിയാവുന്ന കാര്യം; കേരളീയം  പരിപാടി നടത്തിയ പണമെടുത്ത് വേറെ കാര്യങ്ങൾക്ക് കൊടുക്കാൻ കഴിയുമോ? അത് ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനും അനേകം ആളുകളിലേയ്ക്ക് പകരുന്നതിനുമാണ്. നല്ലരീതിയിൽ പ്രവർത്തിക്കുന്നവരെയൊക്കെ സംഘടിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇങ്ങനെയുള്ള പരിപാടികൾ നടത്തിയാലേ മതിയാകൂ. അതൊന്നും നടത്തരുതെന്നും അതെല്ലാം വേറെ കാര്യങ്ങൾക്കായി മാറ്റിവയ്ക്കണമെന്നും നിങ്ങൾ ചെയ്യുന്ന കാര്യങ്ങളെല്ലാം മണ്ടത്തരങ്ങളാണെന്നും ഞങ്ങൾക്കുമാത്രമേ കാര്യങ്ങളൊക്കെ അറിയാവൂവെന്നും പറയുന്നത് തെറ്റാണ്. അങ്ങനെയല്ല.  ഓരോ കാര്യവും നല്ല രീതിയിൽ ചെയ്യേണ്ടതായിട്ടുണ്ട്.

**[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]**

ഒരു വോളിബോൾ/ക്രിക്കറ്റ് ടൂർണമെന്റ് നടത്തുന്നത് നഷ്ടമാണോ; അല്ല. അതിനോട് ബന്ധപ്പെട്ട ഒരുപാട് ജീവിതങ്ങൾ വരുന്നുണ്ട്. അത് ഇവരെയെല്ലാം സന്തോഷിപ്പിക്കുകയും അവർക്കാവശ്യമായ കൈത്താങ്ങുകൾ കൊടുക്കുകയും ചെയ്യുന്നു. കളിക്കുന്നവർക്ക് ജോലി കിട്ടാനുള്ള സംവിധാനമുണ്ട്. ജില്ലാ/സംസ്ഥാന/അന്തർദേശീയ തലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുന്നത് നഷ്ടമാണോ? ഇവർ എന്തുകൊണ്ടാണ് ഇങ്ങനെ സംസാരിക്കുന്നതെന്ന് എനിക്കറിയില്ല. നവകേരള സദസ്സ് പ്ലാൻ ചെയ്യുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ എല്ലാ എം.എൽ.എ.-മാരെയും ആദരണീയനായ മുഖ്യമന്ത്രി എ.കെ.ജി. സെന്ററിൽ വിളിച്ചുവരുത്തി വിശദീകരിക്കുകയും ചെയ്തു. അതനുസരിച്ച് ജില്ലയിൽനിന്നും 6 എം.എൽ.എ.-മാരും 2 മന്ത്രിമാരും കളക്ടറേറ്റിൽ പോകുകയും എല്ലാ ഉദ്യോഗസ്ഥരെയും വിളിച്ചുവരുത്തി ചർച്ച നടത്തുകയും ചെയ്തു. ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരിൽ ശ്രീ. രമേശ് ചെന്നിത്തല മാത്രമേ പങ്കെടുക്കാതെയുള്ളൂ. മീറ്റിംഗ് പടിപടിയായി മുന്നേറിക്കൊണ്ടിരുന്നു. കുട്ടനാട് നിയോജകമണ്ഡലത്തിലെ 13 പഞ്ചായത്തുകളും സന്ദർശിച്ച് കാര്യങ്ങൾ

സംസാരിക്കുകയും എങ്ങനെ മുന്നോട്ടുകൊണ്ടുപോകണമെന്ന് മനസ്സിലാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മീറ്റിംഗ് കൂടുകയും ചെയ്തു. ഈ സംവിധാനം വളരെ നല്ലതാണെന്ന് ഒരു എം.എൽ.എ. ആയ എനിക്ക് ബോദ്ധ്യമായി. രണ്ടാഴ്ചയ്ക്കുശേഷം ആദരണീയനായ മുഖ്യമന്ത്രിയെ അദ്ദേഹത്തിന്റെ ഓഫീസിൽ പോയി ഞാൻ കാണുകയുണ്ടായി. ഈ ഒരു സംവിധാനം വളരെ അത്ഭുതകരമായി തോന്നുന്നുവെന്നും ഇത് അങ്ങയുടെ ബുദ്ധിയിൽനിന്നും ഉയർന്നുവന്നതാണോയെന്നും എങ്ങനെയാണ് ഈ നവകേരള സദസ്സ് എന്നുള്ള സംവിധാനം ഉടലെടുത്തതെന്നും ചോദിച്ചപ്പോൾ ഇത് എന്റെ ഐഡിയയാണെന്നും ഞാനാണ് ഇത് രൂപകൽപ്പന ചെയ്തതെന്നുമാണ് അദ്ദേഹം ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞത്. ഇത് വെറുതെ പറയുന്നതല്ല, കുട്ടനാട്ടിൽ നവകേരള സദസ്സ് നടക്കുമ്പോൾ ആദരണീയനായ മുഖ്യമന്ത്രിയെ സ്റ്റേജിൽ ഇരുത്തിക്കൊണ്ടുതന്നെ ഇക്കാര്യം ഞാൻ പ്രസംഗിച്ചതാണ്. അന്ന് കേട്ടുകൊണ്ടിരുന്ന മന്ത്രിമാരൊക്കെ ഇവിടെ ഇരിപ്പുണ്ട്. പ്രത്യേകതയുള്ള പരിപാടിയായതിനാൽ ഇത് വൻ വിജയമായിരിക്കുമെന്നും ഞാൻ പറഞ്ഞു. ഞങ്ങളൊക്കെ പാവപ്പെട്ടവരും

കഷ്ടതയുടെ നടുവിൽ ജീവിക്കുന്നവരും ഒരുപാട് പ്രശ്നങ്ങളുള്ളവരുമാണ്. ഞങ്ങൾക്കൊക്കെ ചേറിന്റെ മണമാണ്. ഞങ്ങൾക്ക് നല്ല പാലങ്ങളും റോഡുകളും ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും ലഭിക്കാൻ തുടങ്ങിയത് രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. ഒന്നാം പിണറായി വിജയൻ സർക്കാർ ഇതിനെല്ലാം അടിത്തറയിട്ടു. രണ്ടാം പിണറായി വിജയൻ സർക്കാർ വന്നതിനുശേഷമാണ് പുരോഗതിയുണ്ടായത്. കെ.സി. പാലത്തെക്കുറിച്ച് ശ്രീ. ജോബ് മൈക്കിളിന് അറിയാവുന്നതാണ്. ചങ്ങനാശ്ശേരിക്കാർക്ക് ഒരുപാട് കഷ്ടതകൾ നൽകുന്നൊരു പാലമാണത്. എപ്പോൾ വെള്ളം പൊങ്ങിയാലും അവിടെ ഭയങ്കര ബുദ്ധിമുട്ടാണ്. ആ പാലത്തിനായി 46 കോടി രൂപ അനുവദിച്ചു. അതിനുള്ള എല്ലാ നടപടികളും ചെയ്തു. ഇതൊക്കെ നിർമ്മിക്കണമെങ്കിൽ പണം വേണ്ടേ; അതില്ലാതെ എങ്ങനെയാണ് ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുന്നത്? നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റിനെ താറടിക്കാനായി പ്രതിപക്ഷാംഗങ്ങൾ മുതിരാതെ ഞങ്ങളെ സപ്പോർട്ട് ചെയ്യുകയും ഡൽഹിയിൽ നടത്തുന്ന സമരത്തിൽ പങ്കെടുത്ത്

കുറച്ച് ബഹളമൊക്കെ ഉണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുകയും കുറച്ചുകൂടി നല്ല രീതിയിൽ നമ്മുടെ ഗവൺമെന്റ് മുന്നോട്ടുപോകുകയും ചെയ്യും. അതിന് പകരം അവിടെയിരുന്ന് കുറ്റം പറയുകയും നവകേരള സദസ്സിന്റെ ആവശ്യമുണ്ടോയെന്നൊക്കെ ചോദിച്ച് പുറകോട്ട് പോകുന്ന രീതിയൊക്കെ മാറ്റണം. കഷ്ടപ്പെടുന്ന സകല ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഗവൺമെന്റാണിത്. അതുകൊണ്ട് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഈ ഗവൺമെന്റിനാവശ്യമായ എല്ലാ പിന്തുണയും കൊടുക്കാനുള്ള സംവിധാനമൊരുക്കേണ്ട ചുമതല നിങ്ങൾക്കുണ്ട്. രാവിലെ അടിയന്തരപ്രമേയം കൊണ്ടുവന്നിട്ട് നിങ്ങൾ പമ്മിയിരുന്നു. എല്ലാം കഴിഞ്ഞ് വാക്കൗട്ട് ചെയ്ത് പുറത്തേയ്ക്ക് പോയി. പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ നിങ്ങൾക്ക് സന്തോഷമായി. നിങ്ങൾക്ക് പറയാൻവേണ്ടി മാത്രമാണ് അടിയന്തരപ്രമേയം കൊണ്ടുവരുന്നത്. നിങ്ങൾ കൊണ്ടുവരുന്ന അടിയന്തരപ്രമേയം കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിലുള്ളതായിരിക്കണം. അല്ലാതെ നിങ്ങൾക്ക്

ഷൈൻ ചെയ്യാൻവേണ്ടി കൊണ്ടുവരരുത് എന്നത് എന്റെ അപേക്ഷയാണ്. അതുകൊണ്ട് നല്ല രീതിയിൽ നിങ്ങൾ പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രതിസന്ധിയിലൂടെ പോകുന്ന ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്ന ഗവൺമെന്റാണിത്. ആദരണീയനായ മുഖ്യമന്ത്രിയോട് നിങ്ങൾക്ക് ദേഷ്യമുണ്ടെന്ന് ഞങ്ങൾക്കറിയാം. കാരണം, ഞങ്ങളുടെ നെടുംതൂണ് അദ്ദേഹമാണല്ലോ; അദ്ദേഹത്തെ എല്ലാ രീതിയിലും തകർക്കാനുള്ള ലക്ഷ്യം മാത്രമെ നിങ്ങൾക്കുള്ളൂ. അതുകൊണ്ട് അതിനൊന്നും പോകാതെ ഈ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുന്ന രീതിയിൽ നിങ്ങൾ വരണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഭരണഘടനാ ബാദ്ധ്യതയാണ് ഗവർണ്ണർ നിർവ്വഹിക്കുന്നത്. അല്ലാതെ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ എന്ന വ്യക്തിയുടെ പ്രത്യേക പദവിയോ യോഗ്യതയോ ഭൂമുഖത്ത് ഇത് അവതരിപ്പിക്കാൻ മറ്റാരും ഇല്ലാത്തതുകൊണ്ടോ അല്ല; കേരളത്തിന്റെ ഗവർണ്ണർ ആയതുകൊണ്ടാണ്. ഭരണഘടന പ്രകാരം അദ്ദേഹം നിർവ്വഹിക്കേണ്ട

ഉത്തരവാദിത്വം രേഖപ്പെടുത്തുന്നതിന് ഇവിടെ എത്തിയെന്ന് മാത്രമേയുള്ളൂ. അദ്ദേഹത്തിന് ഒരുപക്ഷേ ഭരണഘടന കുട്ടിക്കളിയായിരിക്കാം. അദ്ദേഹം കാണിച്ചുകൊണ്ടിരിക്കുന്ന വിക്രിയകളും അതുതന്നെയാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ നാടിനെ ബോധപൂർവ്വം ഇകഴ്ത്തിക്കാട്ടുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഗവർണ്ണർക്ക് എങ്ങനെയാണ് കേരളത്തിന്റെ വികസന നേട്ടങ്ങളെ സംബന്ധിച്ച് ഉറക്കെ വായിക്കാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ ജാള്യതകൊണ്ടായിരിക്കാം പെട്ടെന്ന് വായന അവസാനിപ്പിച്ച് പോയതെങ്കിലും 63 പേജ് വരുന്ന നയപ്രഖ്യാപന പ്രസംഗം കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ നയം കൃത്യമായി രേഖപ്പെടുത്തുന്നതാണ്. ഇന്ന് 2 മണിക്കൂർ അടിയന്തരപ്രമേയ ചർച്ച നടത്തി. സത്യത്തിൽ ആ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്തത് നന്നായി എന്നാണ് എന്റെ അഭിപ്രായം. കാരണം, പ്രതിപക്ഷം എവിടെ നിൽക്കുന്നുവെന്നത് മനസ്സിലാക്കാൻ സാധിച്ചു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആലോചിക്കാമെന്നാണ് ചർച്ചയുടെ അവസാനം പറഞ്ഞത്. പാർലമെന്റ് തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടാണ്

നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അല്ലാതെ നിങ്ങൾക്ക് മറ്റൊരു ആത്മാർത്ഥതയുമില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. നിങ്ങൾ ഇനി ഒരിക്കലും കേരളത്തിൽ അധികാരത്തിൽ വരില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. കാരണം, സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ചുകൊണ്ടും നിത്യനിദാന ചെലവുകൾ തടയാനും ട്രഷറി പ്രവർത്തിപ്പിക്കാതിരിക്കാനുമായി കേന്ദ്രഗവൺമെന്റ് എല്ലാ അടവുകളും പയറ്റിക്കൊണ്ടിരിക്കുമ്പോൾ നിങ്ങൾ അവരോടൊപ്പം നിൽക്കുകയല്ലേ ചെയ്യുന്നത്; അങ്ങനെയല്ലെന്ന് കോൺഗ്രസ്സിന് പറയാൻ സാധിക്കുമോ? ശ്രീ. നരേന്ദ്ര മോദി ഇവിടെ വന്ന് 'മോദി ഗ്യാരണ്ടി' പ്രഖ്യാപിച്ചതിനെതിരെ നിങ്ങൾ ഒരക്ഷരം ഉരിയാടിയോ? നിങ്ങൾ കേരളത്തിൽ മിണ്ടില്ല. അത് നിങ്ങളുടെ കുഴപ്പമല്ല. നിങ്ങളുടെ പാർട്ടിയുടെ കേരളത്തിന്റെ അദ്ധ്യക്ഷൻ പറഞ്ഞത് എന്താണ്? ഉന്നത വിദ്യാഭ്യാസരംഗത്ത് സംഘ്പരിവാറുകാരെ തിരുകിക്കയറ്റാൻ ബോധപൂർവ്വം കേന്ദ്ര ഗവൺമെന്റ് നടത്തുന്ന നീക്കത്തിനെതിരെ ആശങ്കയോടെ നിൽക്കുമ്പോഴും കേരളത്തിന്റെ മഹനീയ പാരമ്പര്യത്തെ മുഴുവൻ കളഞ്ഞുകുളിച്ചുകൊണ്ട് ഇവിടുത്തെ ഗവർണ്ണർ

സംഘ്പരിവാറുകാരെ സെനറ്റിലേയ്ക്ക് നോമിനേറ്റ് ചെയ്തപ്പോഴും യാതൊരു ഉളുപ്പുമില്ലാതെ കെ.പി.സി.സി. പ്രസിഡന്റ് പറയുന്നത്, 'എന്താ അവർ യോഗ്യരല്ലേ' എന്നാണ്. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രനോ മറ്റേതെങ്കിലും നേതാക്കളോ അങ്ങനെ പറഞ്ഞാൽ നമുക്ക് മനസ്സിലാകും. അദ്ദേഹത്തെ സംബന്ധിച്ച് അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ നമുക്കറിയാം. 'ഞാൻ ശാഖയ്ക്ക് കാവലിരുന്നിട്ടുണ്ട്, പിന്നെ അതിനകത്ത് പോയി ബി.ജെ.പി.-യിൽ ചേർന്നാൽ എന്താണ് കുറ്റം' എന്നിങ്ങനെയൊക്കെ പറഞ്ഞിട്ടുള്ളയാൾ നയിക്കുന്ന കേരളത്തിലെ കോൺഗ്രസ് എവിടെയാണ് ബി.ജെ.പി. വിരുദ്ധ മനോഭാവം പ്രകടിപ്പിക്കാൻ പോകുന്നത്? നിങ്ങൾ രാവിലെ എഴുന്നേൽക്കുന്നതുതന്നെ ഈ നാട് മുടിഞ്ഞുപോകണമെന്ന് പ്രാർത്ഥിച്ചുകൊണ്ടാണ്. ബി.ജെ.പി.-ക്കാർ അങ്ങനെ പറഞ്ഞാൽ അവരെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. ഇവിടത്തെ തെരഞ്ഞെടുക്കപ്പെട്ട ഒരു സഭയിൽപ്പോലും അവരുടെ ഒരാളുമില്ല, നിയമസഭയിലും പാർലമെന്റിലുമില്ല. അതുകൊണ്ട് കേരളത്തിലെ മൂന്നരക്കോടി മലയാളികളോട് അവർക്ക്

തീരാത്ത പകയുണ്ട്. എന്നാൽ നിങ്ങൾ അങ്ങനെയാകാമോ; നിങ്ങൾ അങ്ങനെയാണോ ചെയ്യേണ്ടത്; നിങ്ങൾക്ക് ഒരു ഉത്തരവാദിത്വമില്ലേ; അതാണോ നിങ്ങൾ ഇവിടെ നിറവേറ്റിക്കൊണ്ടിരിക്കുന്നത്? ഇവിടെ ഈ പ്രതിസന്ധികളെല്ലാം സൃഷ്ടിച്ച് സാമ്പത്തികമായി ശ്വാസംമുട്ടിച്ച് കേരളത്തെ തകർക്കാൻ ശ്രമിക്കുമ്പോഴും ട്രഷറി അടയ്ക്കാതെയും വികസന പ്രവർത്തനങ്ങൾ മുടക്കാതെയും ജനങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകിയും മുന്നോട്ടുപോകാൻ ശ്രമിക്കുന്ന ഗവൺമെന്റാണിത്. അതിന് ഞാൻ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ സമയത്ത് ബിഗ് സല്യൂട്ട് കൊടുക്കുകയാണ്.

രണ്ടുദിവസം മുൻപ് അദ്ദേഹം പറഞ്ഞ ഒരു കാര്യം പത്രത്തിൽ വന്നിരുന്നു. കേന്ദ്രസർക്കാരിന്റെ ശ്വാസംമുട്ടിക്കലിന്റെ ഫലമായി ഒരു ധനകാര്യ മന്ത്രിക്കും നേരിടേണ്ടി വരാത്ത സാമ്പത്തിക പ്രതിസന്ധിയാണ് കേരളത്തിൽ അനുഭവിക്കേണ്ടി വന്നത് എന്ന്. അത് അദ്ദേഹം മനസ്സിൽത്തട്ടി പറഞ്ഞതാണ്. അതുകൊണ്ട് അദ്ദേഹത്തെ അഭിനന്ദിക്കാതെ മുന്നോട്ടുപോകാൻ കഴിയില്ല. പെൻഷൻ കുടിശ്ശിക ഒരിക്കലും വരരുതെന്ന്

ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. എന്നുമുതലാണ് കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം തുടങ്ങിയത്; എന്തായിരുന്ന കേരളത്തിന്റെ ചരിത്രം; കേരളത്തിലെ ജനങ്ങളെല്ലാം മറവിരോഗം പിടിപെട്ടവരാണോ; ജനങ്ങൾക്ക് യാഥാർത്ഥ്യമറിയില്ലേ? ഒരുമാസത്തെ പെൻഷൻ പോലും കുടിശ്ശികയാകരുതെന്ന് ആഗ്രഹിച്ചതുകൊണ്ടാണ് 2016-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിക്ക് രൂപം കൊടുത്തത്. അതിനെ കേന്ദ്രം തകർക്കുകയും സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള അവസരത്തെ ഇല്ലാതാക്കുകയും ചെയ്തു. അതിനോടൊപ്പം നിന്നുകൊണ്ടാണ് യു.ഡി.എഫ്. മറിയക്കുട്ടി ചേച്ചിയെയും അന്നക്കുട്ടി ചേച്ചിയെയും ജോസഫ് ചേട്ടനെക്കുറിച്ചുമൊക്കെ പറയുന്നത്. നിങ്ങൾക്കിങ്ങനെ ഏതെങ്കിലുമൊക്കെ പേര് വേണം. ഞങ്ങളുടെ സങ്കടം എന്താണെന്ന് അറിയാമോ; നിങ്ങളുടെ കൈവശം തന്നെ ആ ചേച്ചി ഇരുന്നാൽ മതിയായിരുന്നു. പക്ഷേ ചേച്ചിയെയും തട്ടിക്കൊണ്ട് ബി.ജെ.പി. പോയി.

ശ്രീ. എൻ. കെ. അക്ബർ: സർ, കാസർഗോഡ് നിന്ന് ഒരു കെ.പി.സി.സി. അംഗം ബി.ജെ.പി.-യിൽ ചേർന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, എനിക്കതിൽ പുതുമയില്ല. ശ്രീ. സണ്ണി ജോസഫിന്റെ നാട്ടിലുള്ള ആളാണ് ബി.ജെ.പി.-യിൽ ചേർന്നത്. ഇവിടെ പാർട്ടിയിലെ ചെറിയ പദവിയിലുള്ളവരാണ് ബി.ജെ.പി.യിലേയ്ക്ക് പോയത്. മറ്റ് സംസ്ഥാനങ്ങളിൽ വലിയ പദവിയിലിരിക്കുന്നവരാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇന്ന് ഇന്ത്യയിലെ ബി.ജെ.പി. നേതാക്കളിലെ മുഖ്യമന്ത്രിമാരും കേന്ദ്ര മന്ത്രിമാരുമെല്ലാം പഴയ കോൺഗ്രസുകാരാണ്. വളർത്തിക്കൊടുക്കുന്ന പണിയാണ് കോൺഗ്രസിനുള്ളത്, അനുഭവിക്കാനുള്ള വിധി മറ്റ് പലർക്കുമാണ്. നമ്മുടെ ഗവർണ്ണർ ഇപ്പോൾ ഒൻപതാമത്തെ പാർട്ടിയിലാണുള്ളത്. ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത മിക്കവാറും പാർട്ടിയിൽ ചേർന്നതുകൊണ്ട് ഗവർണ്ണറെക്കുറിച്ച് ഞാൻ ഒറ്റ പാർട്ടിയെന്ന് പറയുന്നില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ബി.ജെ.പി.-യുടെ ദേശീയ മുന്നണിയിൽ അംഗമായിട്ടുള്ള ശ്രീ. എച്ച്. ഡി. ദേവഗൗഡയുടെ പാർട്ടി നിങ്ങളുടെ

മുന്നണിക്കകത്തുണ്ട്. നിങ്ങൾ കോൺഗ്രസിനെ ബി.ജെ.പി. വിരോധം പഠിപ്പിക്കരുത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന ജനതാദൾ (എസ്) എന്ന പാർട്ടിയുടെ പ്രസിഡന്റ് ശ്രീ. മാത്യു ടി. തോമസ് ഈ സഭയിലുണ്ട്. ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമാണ്, ശ്രീ. എച്ച്. ഡി. ദേവഗൗഡ പാർട്ടിയുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് അദ്ദേഹം കൃത്യമായി പറഞ്ഞിട്ടുണ്ട്. കേരളത്തിൽ പാർട്ടി യോഗംകൂടി വ്യക്തമായി തീരുമാനിച്ചിട്ടുണ്ട്. ആ നയത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്.

പെൻഷനുമായി ബന്ധപ്പെട്ട് കേരളത്തിൽ പല വിവാദങ്ങളുമുണ്ടാക്കുന്ന സാഹചര്യത്തിൽ ബോധപൂർവ്വം കള്ളക്കണക്കുകൾ പ്രചരിപ്പിച്ചുകൊണ്ടാണ് രണ്ടുമൂന്ന് വർഷക്കാലമായി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയായ 1437 കോടി രൂപ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം വിതരണം ചെയ്തു എന്നതിനെ സംബന്ധിച്ച് നിയമസഭയിൽ കൊടുത്ത രേഖകളിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

600 രൂപ വീതം എത്രമാസത്തെ കുടിശ്ശികയുണ്ടായിരുന്നു; ആരാണ് കൊടുത്തത്; പെൻഷനുമായി ബന്ധപ്പെട്ട് ഈ കോപ്രായങ്ങൾ കാണിക്കാനുള്ള എന്തെങ്കിലും ധാർമ്മികാവകാശം നിങ്ങൾക്കുണ്ടോ? ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ കാലത്ത് 110 രൂപയായിരുന്ന പെൻഷൻ 28 മാസം വരെ കുടിശ്ശികയായിട്ടുണ്ട്. ഉമ്മൻ ചാണ്ടിയുടെ കാലത്ത് 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. അന്നൊന്നും ഈ നാട്ടിലെ ജനങ്ങളുടെ വേദനകൾ മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. എന്നിട്ട് ഇപ്പോൾ മുതലക്കണ്ണീരൊഴുക്കുകയാണ്. ഈ കോപ്രായങ്ങളൊന്നും കേരളത്തിന്റെ മണ്ണിൽ ചെലവാകില്ല. കേന്ദ്രം സാമ്പത്തികമായി എത്ര ഞെരുക്കാൻ ശ്രമിച്ചാലും ബി.ജെ.പി.-യുടെ മുന്നിൽ ഞങ്ങൾ അടിയറവ് പറയില്ല. കേരളീയർ ഒന്നിച്ചുനിൽക്കും. കേരളത്തോടൊപ്പം നിൽക്കാൻ കഴിയണമെന്നാണ് കോൺഗ്രസിനോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. പാർട്ടികൾ മാറിമാറി ഭരിക്കുമായിരിക്കാം. പക്ഷേ നിങ്ങൾ ഒരിക്കലും ഭരിക്കില്ലെന്ന ധാരണയോടുകൂടി കേരളവിരുദ്ധ മനോഭാവം ഉപേക്ഷിക്കാൻ തയ്യാറാകണം. മൂന്നരക്കോടി വരുന്ന മലയാളികൾ ഒന്നിച്ചുനിന്ന് ഈ

നാടിന്റെ താൽപര്യങ്ങളെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപനം നടത്തിയില്ല. വാണം വിട്ടതുപോലെ നിയമസഭയിൽ വന്നിട്ട് തിരിച്ചുപോകുകാണ് ചെയ്തത്. നിങ്ങളുടെ നയരേഖയിൽ നയമോ കഴമ്പോ ഇല്ലെന്ന തിരിച്ചറിവാണോ, നിങ്ങളുണ്ടാക്കിയ അന്തർധാരയുടെ ഫലമായാണോ ഗവർണ്ണർ വന്നയുടൻ തിരിച്ചുപോയത് എന്നതിനെക്കുറിച്ച് വ്യക്തമാക്കേണ്ടത് നിങ്ങളാണ് . നിങ്ങൾക്ക് എന്ത് നയമാണുള്ളത്; എന്നിട്ടുപോരേ അതിനെക്കുറിച്ച് ഗീർവാണങ്ങൾ പറയുന്നത്. കേന്ദ്രസർക്കാരിനെതിരെ പറഞ്ഞാൽ വേദനിക്കുമോയെന്ന് ഭയന്നിട്ടാണോ ഇപ്രാവശ്യം വിമർശനങ്ങൾ ഒന്നുകൂടി ലഘൂകരിച്ചത്. കഴിഞ്ഞ പ്രാവശ്യം പറഞ്ഞ പദങ്ങൾപോലും ഇത്തവണ ഉപയോഗിക്കാൻ നിങ്ങൾ സന്നദ്ധമായിട്ടില്ല. അങ്ങനെ കേന്ദ്രത്തെ പാലൂട്ടുന്ന ഒരു നയമല്ലേ നിങ്ങൾക്കുള്ളത്. ബി.ജെ.പി.-യുമായുള്ള അന്തർധാരയുടെ ഏറ്റവും വലിയ ഉദാഹരണമാണ് മഞ്ചേശ്വരത്ത് അവസാനം നടന്നത്. ഈ

സഭയിലെ അംഗമായ ശ്രീ. എ. കെ. എം. അഷ്റഫിനെതിരായി മത്സരിച്ച ശ്രീ. കെ. സുരേന്ദ്രന് കോഴക്കേസിൽ ജാമ്യം കിട്ടാൻ സർക്കാർ വക്കീൽ എതിർക്കാതെ മാറിനിന്ന സാഹചര്യമുണ്ടായി. ശക്തമായി എതിർത്തിരുന്നുവെങ്കിൽ ജാമ്യം കിട്ടില്ലായിരുന്നു. ഇതിൽനിന്നും നിങ്ങളുടെ യഥാർത്ഥ അന്തർരേഖ വ്യക്തമാകുകയാണ്. ഇവിടെ ഒന്നും നടക്കുന്നില്ലെന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ടാണ് മന്ത്രിമാരെല്ലാവരുംകൂടി തെരുവിലേയ്ക്കിറങ്ങിയത്. അതിനെ നവകേരള സദസ്സ് എന്ന് പേരിട്ടുകൊണ്ട് നിങ്ങൾ നാട്ടിലാകെ ചുറ്റിനടന്നു. അതിൽനിന്നും ചെറിയ ഒരു ആനുകൂല്യം ലഭിച്ചു. xxxxxxxx+ അങ്ങനെ ഒരു ആശ്വാസം കിട്ടി എന്നല്ലാതെ നിങ്ങളുടെ ഈ തെരുവുനാടകംകൊണ്ട് കേരളത്തിന് എന്ത് നേട്ടമാണുണ്ടായത്? ഇവിടെ ഒന്നും നടക്കില്ലെന്ന തിരിച്ചറിവ് യു.ഡി.എഫ്.-നുണ്ടായതുകൊണ്ടാണ് ഞങ്ങൾ ഇതിനെ ബഹിഷ്കരിക്കാൻ ആദ്യംതന്നെ തീരുമാനിച്ചത്.

**(....ബഹളം....)**

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നം.1806/ഇ.ബി/2024/നി.സെ. തീയതി 31-01-2024) രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പോയിന്റ് ഓഫ് ഓർഡർ. സഭയ്ക്ക് അനുയോജ്യമല്ലാത്ത നിലയിലുള്ള ഒരു പരാമർശമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. xxxxxx+ മന്ത്രിമാരെക്കുറിച്ചും എൽ.ഡി.എഫ്.-നെക്കുറിച്ചും ആ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രസ്തുത പരാമർശം സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: സഭാരേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം പരിശോധിച്ചാലറിയാം, xxxxxxx+ നിങ്ങൾ വായിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല, അത് നിങ്ങളാണ് പറയേണ്ടത്; നിങ്ങൾ വായിച്ചുവെങ്കിൽ പറഞ്ഞാൽ മതി. നവകേരള സദസ്സ് തിരൂരിൽ വന്നപ്പോൾ, ബഹുമാനപ്പെട്ട മന്ത്രിമാർ അങ്ങാടിയിലൂടെയുള്ള പ്രഭാത സവാരിക്കിടയിൽ നാട്ടുകാരോട് ചില കാര്യങ്ങളെല്ലാം പറയുകയുണ്ടായി. അതുകഴിഞ്ഞ് ബഹുമാന്യനായ മന്ത്രി ശ്രീ. പി. രാജീവ് താനൂരിലെത്തി അതിനെക്കുറിച്ച് പ്രസംഗിച്ചു.

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നം.1806/ഇ.ബി/2024/നി.സെ. തീയതി 31-01-2024) രേഖയിൽ നിന്നും നീക്കം ചെയ്തു.

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നം.1806/ഇ.ബി/2024/നി.സെ. തീയതി 31-01-2024) രേഖയിൽ നിന്നും നീക്കം ചെയ്തു.

തിരൂരിലെ എം.എൽ.എ. നവകേരള സദസ്സിൽ പങ്കെടുത്ത് ഒരു ഉപക്രമപ്രസംഗം നടത്തിയിരുന്നെങ്കിൽ നിങ്ങളുടെ കാര്യങ്ങളെല്ലാം പറയാൻ അവസരമുണ്ടാകുമായിരുന്നു. എന്നാൽ അദ്ദേഹം അതിന് തയ്യാറായില്ലെന്നും കാര്യങ്ങൾ നേടിയെടുക്കാൻ എത്ര എളുപ്പമായിരുന്നുവെന്നും താനൂരിൽ പോയി മന്ത്രി പ്രസംഗിച്ചു. തിരൂരിലെ ഒരു സ്റ്റേഡിയത്തിന്റെ കാര്യമാണ് അദ്ദേഹം എടുത്തുപറഞ്ഞത്. സ്റ്റേഡിയത്തിന്റെ യഥാർത്ഥ വസ്തുത എന്താണെന്ന് അറിയണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് കായിക വകുപ്പുമന്ത്രികൂടിയായ ശ്രീ. വി. അബ്ദുറഹിമാനോട് അന്വേഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് തിരൂർ മുനിസിപ്പാലിറ്റിയിലുണ്ടായിരുന്നത്. അന്ന് സംസ്ഥാനത്ത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണമായിരുന്നു. അതുകൊണ്ടുതന്നെ അവിടെ സ്റ്റേഡിയം വേണ്ടെന്ന് തീരുമാനിച്ചതും തിരൂർ മുനിസിപ്പാലിറ്റിയിലെ ഇടതുപക്ഷ നേതൃത്വത്തിലുള്ള ഭരണസമിതിയാണ്. അതിനുശേഷം കോൺഗ്രസിന്റെ

നേതൃത്വത്തിൽ അധികാരത്തിൽവന്ന ശ്രീമതി എ. പി. നസീമ ചെയർപേഴ്സണായ കൗൺസിലും ആ തീരുമാനം അംഗീകരിച്ചു. സ്റ്റേഡിയം നിർമ്മാണത്തിനുള്ള പണം നൽകാത്തത് എന്തുകൊണ്ടാണെന്ന കാര്യം എല്ലാവരും മനസ്സിലാക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗതീരുമാനങ്ങളും തദവസരത്തിൽ അദ്ദേഹം മുന്നോട്ടുവച്ച നിർദ്ദേശങ്ങളും ഞങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. മുനിസിപ്പാലിറ്റിയും എം.എൽ.എ.യും ആ തീരുമാനങ്ങളെ അംഗീകരിക്കുകയും നാട്ടുകാരെ അക്കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, എന്നിട്ടും ഫണ്ട് അനുവദിക്കാത്തതിനുള്ള കാരണമെന്താണെന്നത് സംബന്ധിച്ച് മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവാണ് എന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. 'തിരൂരിൽ നവകേരള സദസ്സ് വന്നു; വലിയ നേട്ടങ്ങളുണ്ടായി' എന്നൊരു പത്രവാർത്ത വായിക്കാനിടയായി. അത് എന്താണെന്ന് പരിശോധിച്ചപ്പോഴാണ് 'നവകേരള സദസ്സ്-ആവശ്യങ്ങൾ അംഗീകരിച്ചു' എന്ന വാർത്ത കാണാനിടയായത്. തിരൂർ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്ത് വില്ലേജ് ഓഫീസിന് സ്ഥലമനുവദിച്ചതുമായി

ബന്ധപ്പെട്ട വിവരങ്ങളായിരുന്നു അതെന്ന് പത്രത്തിന്റെ ഉൾപേജിലെ വാർത്തയുടെ വിശദാംശം വായിച്ചപ്പോൾ മനസ്സിലായി. ഇക്കാര്യം ഞാൻ റവന്യൂ അസംബ്ലിയിൽ അവതരിപ്പിച്ചതും അവിടത്തെ ഭരണകൂടം സർക്കാരിനോട് പറഞ്ഞതുമാണ്. പത്രങ്ങളെല്ലാം വർഷങ്ങളായി എഴുതുന്ന കാര്യങ്ങളാണിവയൊക്കെ. റവന്യൂ വകുപ്പിന്റെ കീഴിലുള്ള താലൂക്ക് ഓഫീസിന്റെ കൈവശമുള്ള സ്ഥലം വില്ലേജ് ഓഫീസിന് അനുവദിക്കുന്നതിനായി ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള 20 മന്ത്രിമാർക്ക് തിരൂർ അങ്ങാടിയിൽ വരേണ്ടിവന്നു. ഈ ഭരണത്തിലൂടെ കൈവരിച്ച നേട്ടം എന്താണെന്നും എന്തൊക്കെയാണ് സർക്കാർ ചെയ്യുന്നതെന്നതിനുമുള്ള ഏറ്റവും വലിയ ഉദാഹരണമാണിത്. പത്രവാർത്തയിലൂടെ മറ്റൊരു കാര്യവും വായിക്കാനിടയായി. പത്തുലക്ഷം രൂപ വായ്പയെടുത്ത് കടബാദ്ധ്യതയുണ്ടായിരുന്ന ഒരാൾക്ക് 500 രൂപ ഇളവുചെയ്ത് കൊടുത്തുവെന്നായിരുന്നു ആ വാർത്ത. പത്തുലക്ഷം രൂപയുടെ കടബാദ്ധ്യതയുള്ള ആൾക്ക് 500 രൂപയാണ് ആകെ ഇളവനുവദിച്ചത്. അദ്ദേഹത്തിന് വായ്പ അനുവദിച്ച ബാങ്കിന്റെ പ്രസിഡന്റിന് അപേക്ഷ

കൊടുത്തിരുന്നുവെങ്കിൽ ഇതിന്റെ മൂന്നിരട്ടി തുകയെങ്കിലും ഇളവ് ലഭിക്കുമായിരുന്നു. ഇതേ സാഹചര്യം തന്നെയാണ് ഇടതുപക്ഷം ഭരിക്കുന്ന 'റബ്കോ' എന്ന സ്ഥാപനത്തിനുമുള്ളത്. റബ്കോയുടെ ബെഡ് നിർമ്മാണ കമ്പനിയിലെ സി.ഐ.ടി.യു. തൊഴിലാളികൾ സമരത്തിലാണ്. നാല് മാസത്തോളമായി ശമ്പളം ലഭിക്കാത്തതുസംബന്ധിച്ച് നവകേരള സദസ്സിൽ നിവേദനം നൽകിയിട്ടും പരിഹാരം കാണാത്തതുകൊണ്ടാണ് സമരത്തിനിറങ്ങാൻ തീരുമാനിച്ചതെന്നാണ് അവർ പറയുന്നത്. ഇടതുപക്ഷ തൊഴിലാളി യൂണിയൻ അംഗങ്ങളാണ് ഇക്കാര്യം പറയുന്നത്. അല്ലാതെ ഞങ്ങളുടെ നേതൃത്വത്തിലുള്ള യൂണിയൻ തൊഴിലാളികളല്ല. ക്ഷേമ പെൻഷനുൾപ്പെടെയുള്ള നിരവധി കാര്യങ്ങളെപ്പറ്റി ശ്രീ. പി. പി. ചിത്തരഞ്ജൻ ഇവിടെ പറയുകയുണ്ടായി. ക്ഷേമ പെൻഷനുകൾ കൊടുക്കണമെന്ന് കഴിഞ്ഞയാഴ്ച കൂടിയ സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി യോഗത്തിൽ പറഞ്ഞതായുള്ള വാർത്ത പത്രങ്ങളിലൂടെ വായിച്ചതാണ്. സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റിയാണ് ഇക്കാര്യം പറഞ്ഞിരിക്കുന്നത്. ഞങ്ങളോട് മറുപടി പറയുന്നതിനുമുമ്പ് അവരെയാണ്

ഇക്കാര്യങ്ങളൊക്കെ ബോദ്ധ്യപ്പെടുത്തേണ്ടത്. ഇവിടെ സാമ്പത്തിക മാന്ദ്യമുണ്ടെന്ന് നമുക്കെല്ലാമറിയാവുന്നതുപോലെ തന്നെ ഈ സർക്കാരിന് ബുദ്ധിമാന്ദ്യവുമുണ്ടെന്നുള്ളതാണ് നവകേരള സദസ്സുമായി രംഗത്ത് വരാൻ നിങ്ങളെ പ്രേരിപ്പിച്ചത്. കാരണം, ജനങ്ങളെ പൊട്ടന്മാരാക്കാൻ കഴിയുമെന്നാണ് നിങ്ങളുടെ ധാരണ. നിങ്ങളുടെ അണികളെപ്പോലും തൃപ്തിപ്പെടുത്താൻ കഴിയാത്തൊരു സാഹചര്യമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. ഈയൊരു സന്ദർഭത്തിലാണ് നിങ്ങൾ നവകേരള സദസ് എന്ന വീമ്പുംപറഞ്ഞ് നടക്കുന്നത്. നിങ്ങൾക്ക് നല്ലൊരു കൊട്ടാണ് ശ്രീ. എം. ടി. വാസുദേവൻ നായർ നൽകിയത്. എന്നാൽ അത് ഞങ്ങളെയല്ല ബി.ജെ.പി.ക്കാരെക്കുറിച്ചാണെന്ന് പറഞ്ഞ് തർക്കിക്കാനാണ് നിങ്ങളിപ്പോൾ ശ്രമിക്കുന്നത്. ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ ഉദാഹരിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ഒന്നുകൂടി വായിച്ചുനോക്കണമെന്ന് മാത്രം ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇടതുപക്ഷാംഗങ്ങൾ നയം തിരുത്താനും യഥാർത്ഥ വഴിയിലേയ്ക്ക് വരാനും തയ്യാറാകണം. ബഹുമാനപ്പെട്ട

മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ പാർട്ടി കേന്ദ്രത്തിൽ ബി.ജെ.പി. മുന്നണിയിലും ഇവിടെ ഇടതുപക്ഷ മുന്നണിയിലുമാണ് നിൽക്കുന്നത്. ഇവിടെ എൻ.സി.പി.-യുടെ പ്രതിനിധിയായ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനുണ്ട്. അദ്ദേഹത്തിന്റെ പാർട്ടി മുമ്പ് കേരളത്തിൽ ഇടതുപക്ഷത്തോടൊപ്പവും മഹാരാഷ്ട്രയിൽ കോൺഗ്രസിനൊപ്പവും ഹിമാചൽപ്രദേശിൽ ബി.ജെ.പി. മുന്നണിയിലുമായിരുന്നു. അന്ന് എൻ.സി.പി.-യുടെ കാൽ മൂന്ന് തോണിയിലായിരുന്നു. അന്നും ആരേയും നിങ്ങൾ മാറ്റിയിട്ടില്ല. ഇപ്പോൾ സി.പി.ഐ.(എം.)-ന്റെ സ്ഥിതിയെന്താണ്? മൂന്നോ നാലോ തോണിയിലാണ് കാൽ വച്ചിരിക്കുന്നത്. കേരളത്തിലും ബംഗാളിലും കോൺഗ്രസ് പാർട്ടിയെ നിങ്ങൾക്ക് ആവശ്യമില്ലെങ്കിൽ തമിഴ്നാട്ടിലും കർണ്ണാടകയിലും അവരെ ആവശ്യമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ സീറ്റ് തരുമോയെന്ന് യാചിക്കുകയാണ്. കഴിഞ്ഞ സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പിൽ ബംഗാളിൽ ബി.ജെ.പി.-യുമായി ചേർന്ന് സഹകരണ മുന്നണിയുണ്ടാക്കിയവരാണ് മാർക്സിസ്റ്റ് പാർട്ടി. ഇതേ സി.പി.ഐ.(എം.)

ആണ് വലിയ പ്രഖ്യാപനങ്ങളുമായി രംഗത്ത് വരുന്നതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി സി. കെ. ആശ:</u> സർ, ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഇന്ന് ജനുവരി 30, ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ മതഭ്രാന്തൻമാർ കൊലപ്പെടുത്തിയതിന്റെ 76-ാം രക്തസാക്ഷിത്വദിനത്തിൽ അദ്ദേഹത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്കുമുമ്പിൽ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. കുറുക്കോളി മൊയ്തീൻ നവകേരള സദസ്സിന്റെ പര്യടന സമയത്ത് ആരെയൊക്കെയോ തെരുവിൽ കണ്ടില്ലെന്ന് പറയുകയുണ്ടായി. പക്ഷേ, ആ സമയത്ത് യു.ഡി.എഫ്.-കാർ ആരുംതന്നെ ഉണ്ടായിരുന്നില്ല, എല്ലാവരും മാളത്തിൽ ഒളിച്ചെന്നാണ് നാട്ടുകാർ പറയുന്നത്. അക്കാര്യം ഓർത്തിട്ടാണോ അദ്ദേഹം സഭയിൽ അത്തരമൊരു പരാമർശം നടത്തിയതെന്നൊരു സംശയമുണ്ട്. ആ വിഷയത്തിൽ അതുമാത്രമെ ഞാനിപ്പോൾ പറയാനാഗ്രഹിക്കുന്നുള്ളൂ. ഒരു ജനാധിപത്യ രാജ്യത്ത് സംസ്ഥാനത്തിന്റെ ഭരണഘടനാ

പദവിയിലിരിക്കുന്ന ഒരാളുടെ പെരുമാറ്റം അത്യന്തം പ്രതിഷേധാത്മകമായി മാറുന്ന സന്ദർഭത്തിലാണ് നാം ഇവിടെ നന്ദിപ്രമേയ ചർച്ച നടത്തുന്നത്. ഒരു ഗവർണ്ണർ എങ്ങനെയാവരുതെന്നതിന്റെ ഉദാഹരണമായി കേരള ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാന്റെ പ്രവർത്തനങ്ങൾ ഭാവിയിൽ ജനാധിപത്യത്തിന്റെ റഫറൻസ് ആക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടൊരു സംസ്ഥാന ഭരണകൂടത്തോട് നിഷേധാത്മക സമീപനമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസത്തെ നിലമേൽ സമരാഭ്യാസത്തിന്റെ പശ്ചാത്തലത്തിൽ ഗവർണ്ണറുടെ പ്രവർത്തനങ്ങൾ 'ജൂനിയർ മാൻഡ്രേക്ക്' എന്ന സിനിമയിലെ ശ്രീ. ജഗതി ശ്രീകുമാറിന്റെ കഥാപാത്രത്തോട് ചില സഹപ്രവർത്തകർ ഉപമിക്കുകയുണ്ടായി. എന്നാൽ എനിക്ക് സാദൃശ്യം തോന്നിയത് തുപ്പൽ കോളാമ്പി തട്ടിമറിച്ച നാരായണനോടാണ്. ശ്രീമൂലം പ്രജാസഭയിൽ തന്നെ ആരും ശ്രദ്ധിക്കുന്നില്ലെന്ന് തോന്നിയ നാരായണൻ തുപ്പൽ കോളാമ്പി തട്ടിമറിച്ച് എല്ലാവരുടെയും ദേഹത്ത് തെറിപ്പിച്ചു. പിന്നെ പറയേണ്ടതില്ലല്ലോ; എല്ലാവരും നാരായണനെ ശ്രദ്ധിച്ചു. അതുപോലെയാണ് കേരള ഗവർണ്ണറും.

എന്ത് കോമാളി വേഷവും കെട്ടി തന്റെയും താൻ വിശ്വസിക്കുന്ന ഫാസിസ്റ്റ് ആശയത്തിന്റെ സാന്നിദ്ധ്യവും ഉറപ്പിക്കാൻ അദ്ദേഹം ശ്രമിക്കുകയാണ്. പക്ഷേ, ഇത് കേരളമാണെന്നും വാരിക്കുന്തം കൊണ്ട് സർ സി.പി. രാമസ്വാമി അയ്യരെ ഓടിച്ച സമരചരിത്രമുള്ള മണ്ണിന്റെ മക്കളായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് കേരളം ഭരിക്കുന്നതെന്നും മാപ്പിരന്ന് ചെരുപ്പ് നക്കിയവരുടെ ചരിത്രമല്ല കേരളത്തിനുള്ളതെന്നും ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഓർക്കുന്നത് നന്നായിരിക്കും. സംസ്ഥാനം രൂപീകൃതമായി 67 വർഷം പൂർത്തിയായിരിക്കുകയാണ്. കഴിഞ്ഞ ആറേമുക്കാൽ ദശകങ്ങൾ കൊണ്ട് കേരള സമൂഹത്തിൽ അഭൂതപൂർവ്വമായ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. മാനവവിഭവ സൂചികയിൽ സംസ്ഥാനം രാജ്യത്ത് ഒന്നാമതാണ്. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ നമ്മൾ വികസിത രാജ്യങ്ങൾക്കൊപ്പമാണ്. സാക്ഷരത, ജനകീയാസൂത്രണം, അധികാര വികേന്ദ്രീകരണം, സ്ത്രീശാക്തീകരണം എന്നിവയിലെല്ലാം കേരളം രാജ്യത്തിന് മാതൃകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും നാം ബഹുദൂരം മുന്നിലാണ്. കേരളത്തിന്റെ ദാരിദ്ര്യനിരക്ക് 40

ശതമാനത്തിൽനിന്നും 0.6 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നുള്ളതും ഒരു വസ്തുതയാണ്. ഈ നേട്ടങ്ങൾ രാജ്യത്ത് മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനില്ലെന്നതും എടുത്തുപറയേണ്ടതാണ്. കേരളത്തിന്റെ വികസന പാത ക്ലേശകരമായിരുന്നെന്ന വസ്തുത ഈ അവസരത്തിൽ നാം ഓർക്കേണ്ടതുണ്ട്. ഉച്ചനീചത്വങ്ങൾക്കെതിരെ ഉയർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങൾ നടത്തിയ ഇടപെടലുകൾ, മണ്ണിലും തൊഴിൽശാലകളിലും പണിയെടുത്തവർ അവകാശങ്ങൾക്കായി നടത്തിയ പോരാട്ടങ്ങൾ, നാടുവാഴി സമ്പ്രദായത്തിനെതിരെയും ദിവാൻ ഭരണത്തിനെതിരെയും നടന്ന പ്രക്ഷോഭങ്ങൾ, വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ പുരോഗതിക്കുവേണ്ടി നടത്തപ്പെട്ട ജനകീയ ഇടപെടലുകൾ തുടങ്ങിയവയെല്ലാം ചേർന്ന് സൃഷ്ടിച്ച മാറ്റങ്ങളാണ് നമ്മുടെ പുരോഗതിക്ക് അടിത്തറ പാകിയിട്ടുള്ളത്. ഇതിന്റെയെല്ലാം ഫലമായാണ് ലോകം അംഗീകരിക്കുന്ന നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചത്. എന്നാൽ ഇതിനെയെല്ലാം തകർക്കാൻ കേന്ദ്ര ഗവൺമെന്റും അവരുടെ പ്രതിനിധിയായ കേരള ഗവർണ്ണറും നടത്തുന്ന രാഷ്ട്രീയ പൊറാട്ട് നാടകം നാം തിരിച്ചറിയേണ്ടതുണ്ട്. നാരീശക്തിയും മോദി

ഗ്യാരണ്ടിയുമാണല്ലോ ബി.ജെ.പി.-യുടെയും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെയും രാഷ്ട്രീയ അടവുനയത്തിന്റെ രണ്ട് വാക്കുകൾ. എന്നാൽ ഇതിന്റെ വസ്തുത എന്താണെന്ന് താരതമ്യം ചെയ്തുകൊണ്ട് വിശകലനം ചെയ്യാവുന്നതാണ്. നരേന്ദ്ര മോദി ഭരണത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ രാജ്യത്ത്, വിശിഷ്യാ ബി.ജെ.പി.-യുടെ ഇരട്ട എഞ്ചിൻ ഭരണം നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ പ്രതിവർഷം വർദ്ധിക്കുന്നതായാണ് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2022 ഡിസംബറിൽ പുറത്തുവന്ന റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. 2022-ൽ സ്ത്രീകൾക്കെതിരെ 445256 കുറ്റകൃത്യങ്ങൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-ൽ 371503-ഉം 2021-ൽ 428278-ഉം കേസുകൾ രജിസ്റ്റർ ചെയ്തിരുന്ന സ്ഥാനത്താണ് 2022-ൽ പതിനേഴായിരത്തോളം കേസുകളുടെ വർദ്ധനവുണ്ടായിരിക്കുന്നത്. ബി.ജെ.പി. ഭരണത്തിൽ ഇന്ത്യൻ സ്ത്രീ ജീവിതങ്ങൾ നേരിടുന്ന അരക്ഷിതാവസ്ഥയിലേയ്ക്കാണ് കേന്ദ്രസർക്കാർ ഏജൻസിയുടെ ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്. നാരീശക്തിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മേനിനടിക്കൽ രാജ്യത്തെ സ്ത്രീകളുടെ

യഥാർത്ഥ അവസ്ഥ മറച്ചുവച്ചുകൊണ്ടാണ് എന്നതിന് ഇതിൽപ്പരമൊരു തെളിവിന്റെ ആവശ്യമില്ല. ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിലെ സ്ത്രീ പദവി നിർണ്ണയിക്കുന്ന ഗ്ലോബൽ ജെൻഡർ ഗ്യാപ് ഇൻഡക്സിൽ ലോകത്തിലെ 146 രാജ്യങ്ങളിൽ 127-ാം സ്ഥാനത്താണ് ഇന്ത്യ. മണിപ്പൂരിൽ സ്ത്രീകളെ നഗ്നരാക്കി ആക്രമിച്ചപ്പോഴും വനിതാ ഗുസ്തി താരങ്ങൾ അപമാനിതരായപ്പോഴും ഒരക്ഷരം മിണ്ടാതിരുന്ന ശ്രീ. നരേന്ദ്ര മോദിയാണ് നാരീശക്തിയെക്കുറിച്ച് അഭിമാനിക്കുന്നത്. സ്ത്രീ പദവിയുടെ കാര്യത്തിൽ രാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം 1040:1000 ആണ്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 940:1000 ആണ്. സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ കേരളത്തിൽ 22 ശതമാനവും രാജ്യത്ത് 11 ശതമാനവുമാണ്. 2020-ലെ കണക്കനുസരിച്ച് 10-നും 49-നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ സാക്ഷരത കേരളത്തിൽ 98.3-ഉം രാജ്യത്ത് 71.5-ഉം ആണ്. സ്ഥിരം വേതനമുള്ള സ്ത്രീകൾ രാജ്യത്ത് 22.6 ശതമാനമെങ്കിൽ കേരളത്തിലേത് 44.3 ശതമാനമാണ്. കൗമാരക്കാരിലെ ഗർഭധാരണ നിരക്ക്

രാജ്യത്ത് 6.5 ശതമാനമെങ്കിൽ കേരളത്തിൽ 2.4% മാത്രമാണ്. രാജ്യത്തെ പ്രത്യുല്പാദന പ്രക്രിയാ പരിധിയിൽ വരുന്ന സ്ത്രീകളിൽ 54% പേരും വിളർച്ചരോഗം ബാധിച്ചവരാണെന്നുള്ളതും നാം നോക്കിക്കാണേണ്ടൊരു കാര്യമാണ്. സ്ത്രീകളുടെ ആയുർദൈർഘ്യം കേരളത്തിൽ 77.9-ഉം രാജ്യത്ത് 70.7-ഉം ആണ്. ഇത്രമേൽ സ്ത്രീകൾ മുഖ്യധാരയിലേയ്ക്ക് എത്തിയ ഒരു സംസ്ഥാനത്ത് വന്നാണ് 'സ്ത്രീശക്തി മോദിക്കൊപ്പം' എന്ന മുദ്രാവാക്യമുയർത്തി തെരഞ്ഞെടുപ്പ് പ്രചരണത്തിന് അദ്ദേഹം തുടക്കം കുറിച്ചിരിക്കുന്നത്. ഇതിനെ മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നം എന്നല്ലാതെ എന്തുപറയാനാണ്? ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന് ഈപറഞ്ഞത് സഹിക്കില്ല. കാരണം, നിങ്ങളൊക്കെ കൂട്ടത്തോടെ അങ്ങോട്ട് പോകാൻ നിൽക്കുന്നവരാണല്ലോ. 'മോദി ഗ്യാരണ്ടി' എന്താണെന്ന് പരിശോധിക്കാം. സ്ത്രീകൾ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയും തൊഴിലില്ലായ്മ വർദ്ധനയും വിലക്കയറ്റവും പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതുമാണോ ഈ രാജ്യത്ത് ശ്രീ. നരേന്ദ്ര മോദി നൽകുന്ന ഗ്യാരണ്ടി. പാർലമെന്റിൽ ജനാധിപത്യപരമായ ചർച്ചകൾക്ക് അവസരം നൽകാതെ ഏകാധിപത്യം

സ്ഥാപിക്കാനുള്ള ശ്രമങ്ങളാണോ മോദി ഗ്യാരണ്ടിയായി അദ്ദേഹം സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ബോഫോഴ്സ് അഴിമതിക്കേസ് നടന്നൊരു കാലഘട്ടം നമുക്കെല്ലാവർക്കുമറിയാം. ഞാൻ പ്രതിപക്ഷത്തെ കുറ്റം പറയുകയല്ല. ആ കാലഘട്ടത്തിൽ അടിയന്തരപ്രമേയത്തിന്മേൽ മൂന്ന് പ്രാവശ്യമാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച നടത്തിയത്. പാർലമെന്റിൽ ചർച്ചകൾ അനുവദനീയമായിരുന്ന ഒരു കാലഘട്ടത്തെയാണ് ഞാൻ സൂചിപ്പിച്ചത്. കെ. സി. പന്ത്-നെ ശ്രീ. കെ. പി. ഉണ്ണികൃഷ്ണനും മധു ദണ്ഡവതേയും സോമനാഥ് ചാറ്റർജിയുമൊക്കെ നിർത്തിപ്പൊരിച്ച കഥകൾ എന്റെ ചെറുപ്പത്തിൽ പത്രത്തിലൂടെ വായിച്ചതായി നല്ല ഓർമ്മയുണ്ട്. അങ്ങനെയൊരു കാലം നമ്മുടെ പാർലമെന്റിലുണ്ടായിരുന്നു. പക്ഷേ, ഇന്ന് എങ്ങനെയാണ്; അവിടെ ഒരുവിധത്തിലുമുള്ള ചർച്ചകൾ നടക്കുന്നില്ല. നോട്ട് നിരോധനത്തിന്മേൽ ചർച്ച വേണമെന്ന് ആവശ്യപ്പെടുന്ന പ്രതിപക്ഷത്തെ ഉടൻതന്നെ സസ്പെന്റ് ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു. പെഗാസസ് ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാക്കളുടെയും പത്രപ്രവർത്തകരുടെയും ഫോൺ ചോർത്തുന്നതിന്മേൽ ചർച്ച വേണമെന്ന്

ആവശ്യപ്പെട്ടപ്പോൾ അവരെ അപ്പോൾത്തന്നെ സസ്പെന്റ് ചെയ്യുകയാണ്. അമേരിക്കയിൽ ഒരു പ്രസിഡന്റിനെ ഇംപീച്ച് ചെയ്തത് ഇതേ രീതിയിലുള്ള നടപടിക്രമത്തിലൂടെയാണ്. പക്ഷേ, വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ പാർലമെന്റിൽ അത്തരത്തിലൊരു വിഷയം വന്നപ്പോൾ അത് ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്തൊരു ഭരണകൂടമാണ് ഇന്ന് രാജ്യം ഭരിക്കുന്നതെന്നത് എത്രമേൽ അപമാനകരമാണെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം നമ്മളെല്ലാം കണ്ടതാണല്ലോ. ഭയങ്കര മോടിയോടുകൂടിയ ആ പാർലമെന്റിനെക്കുറിച്ച് ഇനി വർണ്ണിക്കേണ്ട ആവശ്യമില്ല. അതിന്റെ രൂപവും സാദൃശ്യവുമെല്ലാം നമ്മളെല്ലാം പത്രമാധ്യമങ്ങളിലൂടെ കണ്ടതാണ്. ഇന്ത്യയുടെ ഭരണഘടനാ തലവനായ രാഷ്ട്രപതിക്ക് അതിലേയ്ക്ക് ക്ഷണമുണ്ടായിരുന്നില്ല. അതിന്റെ ഉദ്ഘാടനം നടത്തിയത് ആരാണെന്ന് നമുക്കറിയാം. കോടിക്കണക്കിന് രൂപ വിനിയോഗിച്ചാണ് ഇന്ത്യൻ പാർലമെന്റിന്റെ പുതിയ മന്ദിരം നിർമ്മിച്ചിരിക്കുന്നത്. എന്നാൽ അവിടത്തെ സെക്യൂരിറ്റിയെക്കുറിച്ച് എന്താണ് ചിന്തിക്കാനുള്ളത്? അത്രയൊക്കെ സെക്യൂരിറ്റി മതി, ഞങ്ങൾ ഈ

വർഷം പോകും, അടുത്തതായി വരുന്നവർക്ക് സെക്യൂരിറ്റി വേണ്ടെന്നുള്ള രീതിയിലാണോ അത്തരത്തിൽ കാര്യമായ സെക്യൂരിറ്റിയില്ലാതെ ഇന്ത്യൻ പാർലമെന്റ് മന്ദിരം നിർമ്മിച്ചതെന്നൊരു സംശയമുണ്ട്. ആ പാർലമെന്റിനകത്തേയ്ക്ക് രണ്ടോ മൂന്നോ യുവാക്കൾ ചാടി വീഴുന്നതും പുക വമിപ്പിച്ചുകൊണ്ട് കലാപങ്ങൾ സൃഷ്ടിക്കുന്നതുമെല്ലാം നമ്മളെല്ലാം പത്രമാധ്യമങ്ങളിലൂടെ കണ്ടതാണ്. അതിനെക്കുറിച്ച് ഒരു ചർച്ച വേണമെന്ന് ആവശ്യപ്പെട്ടതിന്റെ പേരിൽ പ്രതിപക്ഷാംഗങ്ങളെ മുഴുവൻ സസ്പെന്റ് ചെയ്യുന്നൊരു രീതിയിലേയ്ക്ക് ഇന്ത്യൻ ഭരണകൂടം മാറിയിരിക്കുകയാണ്. കോൺഗ്രസ് എം.പി.-മാർ ഉൾപ്പെടെയുള്ളവരുടെ കാര്യംകൂടിയാണ് ഞാനിവിടെ പറയുന്നത്. അതുസംബന്ധിച്ച് ചർച്ച വേണ്ട. പക്ഷേ ഒരു സ്റ്റേറ്റ്മെന്റെങ്കിലും ബി.ജെ.പി. ഭരണകൂടത്തിന് പുറപ്പെടുവിക്കാൻ സാധിച്ചില്ലെങ്കിൽ ഇന്ത്യൻ പാർലമെന്റിന്റെ, ജനാധിപത്യത്തിന്റെ കശാപ്പുകാരായി ഇവരെ ചരിത്രം രേഖപ്പെടുത്തുമെന്നതിൽ യാതൊരു സംശയവുമില്ല. അത്രമേൽ പ്രശ്നകലുഷിതമായൊരു അന്തരീക്ഷത്തിലാണ്

നമ്മളെല്ലാം നിൽക്കുന്നതെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒട്ടേറെ വിഷയങ്ങൾ ഇനിയും പറയാനുണ്ട്. സമയം അനുവദിക്കാത്തതുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുകയാണ്. ജനാധിപത്യവും മതനിരപേക്ഷതയും ഭരണഘടനാ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന രാജ്യത്തെ പ്രമുഖ ഇടതുപക്ഷ പുരോഗമന ശക്തിയാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. ഈ സർക്കാർ അധികാരത്തിൽ വന്നതും തുടരുന്നതും അനിഷേധ്യമായ ജനപിന്തുണയോടെയാണ്. ശ്രീ. നരേന്ദ്ര മോദിയുടെ ഏത് ഗ്യാരണ്ടിയെയും പ്രതിരോധിക്കാനുള്ള കരുത്തും ജനപിന്തുണയും ഈ സർക്കാരിനും അതിനെ പിന്തുണയ്ക്കുന്ന ജനങ്ങൾക്കുമുണ്ട് എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പത്താമത്തെ നയപ്രഖ്യാപന പ്രസംഗമാണ് പിണറായി വിജയൻ ഗവൺമെന്റ് ഇവിടെ

നടത്തിയിരിക്കുന്നത്. ഒരു നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾക്കൊള്ളേണ്ടതായ ഒന്നുംതന്നെ ഇല്ലാത്ത ദുർബ്ബലമായ നയപ്രഖ്യാപനമാണിതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. മന്ത്രിമാർപോലും ഗൗരവമായി കാണാതെ ഉദ്യോഗസ്ഥർ കുറിച്ചുകൊടുത്ത ഏതാനും കാര്യങ്ങൾ ഉൾപ്പെടുത്തിയെന്നതിനപ്പുറത്ത് മജ്ജയും മാംസവുമില്ലാത്ത ഒരു അസ്ഥിപഞ്ജരമാണ് ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗമെന്നുള്ള കാര്യത്തിൽ സംശയമില്ല. വികസന പ്രവർത്തനങ്ങളെയും നാടിന്റെ ഭാവികാര്യങ്ങളെയും രാജ്യം നേരിടുന്ന വർത്തമാനകാല രാഷ്ട്രീയത്തെയുംകുറിച്ചുള്ള ഒരു ഗവൺമെന്റിന്റെ സമീപനമാണ് നയപ്രഖ്യാപന പ്രസംഗത്തിലുണ്ടാകുന്നത്. അത് ബഡ്ജറ്റ് പോലെയല്ല. ഇന്ത്യാരാജ്യം ഏറ്റവും കൂടുതൽ വെല്ലുവിളി നേരിടുന്നൊരു കാലഘട്ടമാണിത്. മതേതര രാജ്യമായ ഇന്ത്യയിൽ ഒരു മതത്തെ ഉപയോഗിച്ച് രാഷ്ട്രീയനേട്ടത്തിനുവേണ്ടി പ്രകടമായ വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനുള്ള നമ്മുടെ പ്രധാനമന്ത്രിയുടെ ശ്രമങ്ങളെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു വാക്ക് നിങ്ങൾ എഴുതിയോ? കഴിഞ്ഞ

നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്ര ഗവൺമെന്റിനെതിരായ കുറച്ച് കാര്യങ്ങളൊക്കെയുണ്ടായിരുന്നു. പക്ഷേ, ഇപ്രാവശ്യത്തേതിൽ അതൊന്നും കാണുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക അവഗണനയെക്കുറിച്ച് ഇന്നും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഫെഡറലിസത്തിനുവേണ്ടി ശക്തമായി വാദിച്ചുകൊണ്ട്, സംസ്ഥാനങ്ങളെ ദുർബ്ബലപ്പെടുത്തുന്ന കേന്ദ്ര ഗവൺമെന്റ് നടപടിയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു വാക്കുപോലും പറയാത്തത് എന്തുകൊണ്ടാണ്? നയപ്രഖ്യാപനം എന്നുപറഞ്ഞാൽ ഇതൊക്കെയല്ലേ; ഇന്ത്യ നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങളിൽ ഇടതുപക്ഷ ഗവൺമെന്റിന്റെ കാഴ്ചപ്പാടിനെ സംബന്ധിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? എന്നിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി കേന്ദ്ര ഗവൺമെന്റിന് എതിരാണെന്നൊക്കെ പറയുന്നത്. ഞാൻ ഈ നയപ്രഖ്യാനപ്രസംഗം വായിച്ചുനോക്കിയപ്പോൾ യഥാർത്ഥത്തിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ, മുഖ്യമന്ത്രിയുടെ ദയനീയ ഭാവവും മുഖചിത്രവുമാണ് എന്റെ മനസ്സിൽ വന്നത്. ദേശീയതലത്തിൽ കോൺഗ്രസിതര പ്രതിപക്ഷങ്ങളെ ഇന്ന് ബി.ജെ.പി.

ഏതെല്ലാം തരത്തിൽ വേട്ടയാടുന്നുവെന്നുള്ളത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. ഡെമോക്ലീസിന്റെ വാളുപോലെ ഇന്ന് കേന്ദ്ര ഗവൺമെന്റ് അവരുടെ ഏജൻസികളെ ഉപയോഗിച്ച് ഓരോ ഗവൺമെന്റിനെയും ഭീഷണിപ്പെടുത്തുകയാണ്. ആം ആദ്മി പാർട്ടിപോലും ഇന്ന് കോൺഗ്രസ്സിനെ എതിർക്കുന്നത് അവർക്ക് ഉള്ളിൽ താൽപര്യമുള്ളതുകൊണ്ടല്ല, മറിച്ച് 'ഇന്ത്യ' മുന്നണിയുടെ ഭാഗമാണെങ്കിലും ഇടയ്ക്കിടയ്ക്ക് എന്തെങ്കിലുമൊന്ന് പറയുന്നത് ബി.ജെ.പി.-യെ സുഖിപ്പിക്കാൻ കഴിയുമെങ്കിൽ ആകട്ടെയെന്ന് കരുതിയാണ്. കേന്ദ്രഗവൺമെന്റ് ഏജൻസികളെ ഉപയോഗിച്ച് നടത്തുന്ന ഭയപ്പെടുത്തലിന്റെ നിഴലിലാണ് ശ്രീമതി മമത ബാനർജിയും. നിർഭാഗ്യമെന്ന് പറയട്ടെ, കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റിനും ഇന്ന് ബി.ജെ.പി. സർക്കാരിന്റെ കേന്ദ്ര അന്വേഷണ ഏജൻസികളുടെ വാൾമുന മുകളിലുണ്ടെന്ന ഭയപ്പാടുണ്ടെന്ന് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാണാൻ കഴിയും. (...ബഹളം...) കേന്ദ്രഗവൺമെന്റിനെതിരെ നിങ്ങൾ നടത്തുന്ന സമരത്തെക്കുറിച്ച് പറഞ്ഞല്ലോ; എന്നാൽ കേന്ദ്രഗവൺമെന്റിനെതിരെ

നയപ്രഖ്യാപന പ്രസംഗത്തിൽ പറയാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ എത്ര പുറകോട്ടുപോയി. അതാണോ സമരം; ഇവിടെ മുമ്പും സമരം നടത്തിയിട്ടില്ലേ? ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുമ്പ് കേന്ദ്രത്തിൽപ്പോയി സമരം നടത്തിയിട്ടുണ്ട്. പക്ഷേ നിങ്ങളിന്ന് ശ്രീ. നരേന്ദ്ര മോദിയെ ഭയപ്പെടുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വരുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ മുന്നിൽ കൈകൂപ്പണമെന്നുണ്ട്. നമ്മൾ പരസ്പരം ബഹുമാനിക്കണം. പക്ഷേ, കൈകൂപ്പലിന്റെ ദൈന്യത ആ മുഖത്ത് നമുക്ക് കാണാൻ കഴിയും. അതാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലും കാണാൻ കഴിയുന്നത്. കേരളത്തിലെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ നേരിടാൻ കാണിക്കുന്ന ധിക്കാരവും തന്റേടവും അഹങ്കാരവുമൊന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സ്വീകരിക്കുന്ന സമയത്ത് മുഖ്യമന്ത്രിയുടെ മുഖത്ത് കണ്ടില്ലല്ലോ. ഇന്നത്തെ ചർച്ചയ്ക്കിടയിൽ കേരളത്തിലെ മന്ത്രിമാരിലാരെങ്കിലും ശ്രീ. നരേന്ദ്ര മോദിക്കെതിരെ പറഞ്ഞോ; കേരളത്തിന്റെ മുഖ്യമന്ത്രി എന്നെങ്കിലും ശ്രീ. നരേന്ദ്ര മോദിക്കെതിരെ പറഞ്ഞോ? (....ബഹളം....)

മി. ചെയർമാൻ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, പ്ലീസ്....

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ സമയം പൊയ്ക്കൊണ്ടിരിക്കുകയാണ്. (......ബഹളം....) നയപ്രഖ്യാപനത്തിൽ എന്തുകൊണ്ട് ഇതൊന്നും വന്നില്ല. ഞാൻ വായിച്ചിട്ടാണ് പറയുന്നത്. പക്ഷേ നിങ്ങൾ വായിച്ചിട്ടില്ല. (......ബഹളം....)

മി. ചെയർമാൻ: ചെയറിനെ നോക്കി സംസാരിക്കു. പ്ലീസ്... അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തരുത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കും. (......ബഹളം....) ഇങ്ങനെ ബഹളം വച്ചാൽ എങ്ങനെയാണ് സംസാരിക്കുന്നത്? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവൺമെന്റ് പറയേണ്ട കാര്യങ്ങൾ പറഞ്ഞിട്ടില്ലെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അങ്ങനെയെന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ നിങ്ങൾക്ക് പറയാമല്ലോ. ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾ ഇനിയും പ്രസംഗിക്കാനുണ്ടല്ലോ; അതിന് ഇങ്ങനെ ബഹളം വയ്ക്കുകയാണോ വേണ്ടത്?

നിങ്ങൾ നിങ്ങളുടെ മനസ്സിലേയ്ക്ക് നോക്കണം. യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിട്ടുണ്ടോയെന്ന് ഓരോ അംഗവും പരിശോധിക്കുന്നത് നല്ലതാണ്. ഇന്നത്തെ സാഹചര്യത്തിൽ ബി.ജെ.പി.-ക്കെതിരെയും ശ്രീ. നരേന്ദ്ര മോദിക്കെതിരെയും തന്റേടത്തോടുകൂടി പറയാൻ കഴിയുകയെന്നുള്ളതാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അതാണ് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടെ ശ്രീ. പിണറായി വിജയൻ പറയാതെ പോകുന്ന കാര്യങ്ങളാണ് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. ജോഡോ യാത്രയുമായി ബന്ധപ്പെട്ട് ആസാമിലൂടെ ശ്രീ. രാഹുൽ ഗാന്ധി കടന്നുപോയതിനെ ബി.ജെ.പി. എതിർക്കുമ്പോൾ അവിടത്തെ സി.പി.ഐ.(എം.) അദ്ദേഹത്തിന് പിന്തുണ കൊടുക്കുന്നത് നിങ്ങൾ കാണുന്നുണ്ടല്ലോ. ആ മാതൃക നിങ്ങൾ കേരളത്തിൽ പിന്തുടരണമെന്നേ പറഞ്ഞിട്ടുള്ളൂ. മുഖ്യമന്ത്രിക്ക് എല്ലാ കാര്യത്തിലും തന്റേടമുണ്ട്, ഇരട്ട ചങ്കുണ്ട്. കേരളത്തിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ തല്ലിച്ചതയ്ക്കാനുള്ള തന്റേടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ട്. എന്നാൽ ആ

മുഖ്യമന്ത്രിക്കുനേരെ കരിങ്കൊടി കാണിച്ചാലോ മുദ്രാവാക്യം വിളിച്ചാലോ അദ്ദേഹത്തിന് എന്തെങ്കിലും സംഭവിക്കുമോ? കരിങ്കൊടി കാണിച്ചിട്ട് ആർക്കെങ്കിലും ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടോ? കരിങ്കൊടി കാണിക്കുന്ന യൂത്ത് കോൺഗ്രസ്സുകാരെ തല്ലിച്ചതയ്ക്കുമ്പോഴുണ്ടായിരുന്ന ധിക്കാരം പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇവിടെ വന്നപ്പോൾ മുഖ്യമന്ത്രിയുടെ മുഖത്ത് കണ്ടില്ലെന്നാണ് പറഞ്ഞത്. എന്താണ് നിങ്ങൾ ചെയ്തത്? പോലീസിനെക്കൊണ്ട് തല്ലിപ്പിക്കുന്നതൊക്കെ സാധാരണയാണ്. പോലീസിന്റെ ലാത്തിയടിയൊക്കെ മുൻകാല യൂത്ത് കോൺഗ്രസ് പ്രവർത്തകർ ധാരാളം ഏറ്റുവാങ്ങിയിട്ടുണ്ട്. എന്നാൽ നിലവിലെ സ്ഥിതിയെന്താണ്? പോലീസുകാരുടെ ലാത്തിയടിക്കു പുറമെ എസ്.എഫ്.ഐ./ഡി.വൈ.എഫ്.ഐ. ഗുണ്ടകളുടെയും അതുംപോരാഞ്ഞ് മുഖ്യമന്ത്രിയുടെ ഗൺമാന്റെയും അടി ഏറ്റുവാങ്ങണം. ഇതൊക്കെ രക്ഷാപ്രവർത്തനമെന്നാണ് പറയുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രി എങ്ങോട്ടാണ് പോകുന്നത്? അസഹിഷ്ണുതയുടെ ഒരു മുഖമായി കേരളത്തിന്റെ മുഖ്യമന്ത്രി ഇന്ന് മാറിക്കഴിഞ്ഞിരിക്കുകയാണ്. ഞങ്ങൾക്ക് നേരെയും മുമ്പ്

കരിങ്കൊടി കാണിച്ചിട്ടുണ്ട്. ആരെങ്കിലും അതിനെ ഇങ്ങനെയാണോ നേരിട്ടത്? കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖ്യമന്ത്രിയാണെന്ന് അദ്ദേഹം മറന്നുപോകുകയാണ്. കമ്മ്യൂണിസ്റ്റുകാർ മുഖസ്തുതിക്ക് വിധേയരാകരുതെന്നാണ് ശ്രീ. കെ. സച്ചിദാനന്ദൻ പറഞ്ഞത്. പക്ഷേ, കേരളത്തിലെ മുഖ്യമന്ത്രിയുടെ സ്ഥിതിയെന്താണ്? ശ്രീ. എം. ടി. വാസുദേവൻ നായർ, ശ്രീ. എം. മുകുന്ദൻ എന്നിവർ പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയെ മുഖസ്തുതിയുടെ പേരിൽ നിങ്ങൾ എന്തൊക്കെയാണ് പറഞ്ഞത്? 'കാരണഭൂതൻ', 'തീയിൽ കുരുത്ത കുതിര', 'സൂര്യൻ' എന്നൊക്കെയാണ് പറയുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പറഞ്ഞത് സൂര്യന്റെയടുത്തുവന്നാൽ കത്തി ചാമ്പലാകുമെന്നാണ്. 'ദൈവത്തിന്റെ വരദാനം', 'കപ്പിത്താൻ' എന്നൊക്കെയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ച് മന്ത്രിമാർ പറയുന്നത്. എങ്ങോട്ടാണ് ഈ പാർട്ടി പോകുന്നത്; കേരളത്തിൽ എന്താണ് നടക്കുന്നത്? ഇ.എം.എസ്. നമ്പൂതിരിപ്പാട് മുതൽ വി. എസ്. അച്ചുതാനന്ദൻ വരെ ധാരാളം മുഖ്യമന്ത്രിമാർ

കേരളം ഭരിച്ചിട്ടുണ്ട്. എവിടെയെങ്കിലും ഇതുപോലെ വ്യക്തിപൂജ ഉണ്ടായിട്ടുണ്ടോ; ഇത് കമ്മ്യൂണിസത്തിന് ചേർന്നതാണോ? മുഖ്യമന്ത്രിയെ സ്തുതിക്കുന്നവരുടെ കൂടാരമായി നിങ്ങൾ മാറിക്കഴിഞ്ഞു. അതിനനുസരിച്ച് അദ്ദേഹം സ്വന്തം നിലപാടുമായി മുന്നോട്ടുപോകുകയാണ്. ഇത് ശരിയാണോയെന്നെങ്കിലും നിങ്ങൾ ആലോചിക്കണ്ടേ. കേരളത്തിൽ നമ്മളിന്ന് ശ്രീ. നരേന്ദ്ര മോദിയെ കുറ്റം പറയുന്നു. കേരളത്തിൽ എത്ര മാധ്യമ പ്രവർത്തകർക്കെതിരെയാണ് നിങ്ങൾ കേസെടുത്തത്. കെ.എസ്.യു. പ്രവർത്തകർ ഷൂസ് എറിഞ്ഞുവെന്ന കാരണത്താൽ ഒരു പത്രപ്രവർത്തകയ്ക്കെതിരെ ഗൂഢാലോചന കുറ്റത്തിന് നിങ്ങൾ കേസ്സെടുത്തില്ലേ? ഷൂസ് എറിയുന്നതിൽ എന്ത് ഗൂഢാലോചനയാണുള്ളത് സഖാക്കളെ? നമുക്കെങ്ങനെ ശ്രീ. നരേന്ദ്ര മോദിക്കെതിരെ പറയാൻ കഴിയും? എത്രയെത്ര മാധ്യമപ്രവർത്തകർക്കെതിരെയാണ് നിങ്ങൾ കേസെടുത്തത്? ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

**(.....ബഹളം....)**

മി. ചെയർമാൻ: പ്ലീസ്..... അദ്ദേഹത്തെ തടസ്സപ്പെടുത്തരുത്. ശ്രീ. പി. പി. ചിത്തരഞ്ജൻ ഇരിക്കു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നവകേരള സദസ്സിൽ യു.ഡി.എഫ്. എം.എൽ.എ.-മാർ വിട്ടുനിന്നതുകാരണം നിയോജകമണ്ഡലത്തിലെ കാര്യം പറയാനാകാതെ ഞങ്ങൾക്ക് വലിയ നഷ്ടമുണ്ടായിയെന്നാണ് പറഞ്ഞത്. ഞങ്ങൾക്ക് സഹതാപം തോന്നുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നിയോജകമണ്ഡലത്തിലെ ഒരു കാര്യം പറഞ്ഞതിന്റെ പേരിൽ അവർ മാത്രമല്ല അവിടത്തെ മുൻ മുനിസിപ്പൽ ചെയർമാൻ പോലും എന്തൊക്കെയാണ് കേൾക്കേണ്ടിവന്നതെന്ന് നമുക്കറിയാമല്ലോ? കോട്ടയത്ത് നവകേരള സദസ്സിൽവച്ച് കോൺഗ്രസ് എം.പി. കൂടിയായ ശ്രീ. തോമസ് ചാഴിക്കാടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി വിമർശിച്ചതും നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് നവകേരള സദസ്സിൽനിന്ന് വിട്ടുനിൽക്കാൻ ഞങ്ങളെടുത്ത തീരുമാനം എന്തുകൊണ്ടും ശരിയായി എന്ന കാര്യത്തിൽ സംശയമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങുകയാണ്. ഗവർണ്ണർ കേരള ജനതയോട് വലിയ അപമാനമാണ് ചെയ്തതെന്നാണ് എന്റെ വിലയിരുത്തൽ. അദ്ദേഹം ഒരു മിനിറ്റ് തികച്ച് പ്രസംഗിക്കാതെ വഴിപാട് ചെയ്യുന്നതുപോലെയാണ് നയപ്രഖ്യാപന പ്രസംഗം വായിച്ചത്. ആർ.എസ്.എസ്. ഭരിക്കുന്ന ഇന്ത്യാ രാജ്യത്ത് ശ്രീ. ആരിഫ് മുഹമ്മദ് ഖാന് ലഭിച്ച ഗവർണ്ണർ പദവി തുടർന്നുകൊണ്ടുപോകാനുള്ള പണിയാണ് അദ്ദേഹം ചെയ്യുന്നത്. ഗവർണ്ണർ ഏത് തരത്തിലുള്ള ആളാണെന്ന് അദ്ദേഹത്തെ ഗവർണ്ണറാക്കി നിയമിച്ചതിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ശ്രീ. നരേന്ദ്ര മോദി ഇന്ത്യ ഭരിക്കുന്ന കാലഘട്ടത്തിൽ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ കേരളത്തിന്റെ ഗവർണ്ണറായി നിയമിച്ചു. പ്രധാനമന്ത്രിക്കുവേണ്ടി ഗവർണ്ണർ ഇവിടെ വിടുപണി ചെയ്യുകയാണെന്നാണ് എന്റെ വിലയിരുത്തൽ. യഥാർത്ഥത്തിൽ കേന്ദ്ര സർക്കാർ കേരള ജനതയോട് വഞ്ചനയാണ് കാണിച്ചത്. ഗവർണ്ണർക്ക് അദ്ദേഹത്തിന്റേതായ ജോലിയും ധർമ്മവും നിറവേറ്റേണ്ട ബാധ്യതയുണ്ട്. അത് ചെയ്തില്ലെന്ന വിമർശനമാണ്

ഇക്കാര്യത്തിൽ എനിക്കുള്ളതെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഗവർണ്ണറെ നിയമിക്കുന്നത് നമ്മളല്ലല്ലോ; നിങ്ങളായിരുന്നു പണ്ട് ഗവർണ്ണർമാരെ നിയമിച്ച് ഈ സൈസ് xxxxxxxx+ അവരെക്കൊണ്ട് ചെയ്യിച്ചുകൊണ്ടിരുന്നത്. അന്നും ഞങ്ങൾ അതിനെ എതിർത്തിട്ടുള്ളവരാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പോയിന്റ് ഓഫ് ഓർഡർ. നിയമസഭയിൽ പറയാൻ പാടില്ലാത്ത കാര്യമാണ് അദ്ദേഹം ഉന്നയിച്ചത്. xxxxxxxx+ പണിയെന്ന് പറഞ്ഞ് വളരെ മ്ലേച്ഛമായ രീതിയിൽ ഈ സഭയെപോലും അപകീർത്തിപ്പെടുത്തുന്ന രീതിയിലുള്ള വാക്കുകളാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: സഭാ രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. എം. എം. മണി: സർ, xxxxx+ എന്നുപറയുന്നത് അത്ര വലിയ അബദ്ധമാണെന്ന് എനിക്ക് തോന്നിയില്ല. എങ്കിലും ഞാൻ ആ വാക്ക് പിൻവലിക്കുന്നു. ഇന്ത്യയിൽ കഴിഞ്ഞ മുക്കാൽ നൂറ്റാണ്ട് (78 വർഷം)

+ ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു.

ഗവർണ്ണർമാരെ ഉപയോഗിച്ച് ജനാധിപത്യവിരുദ്ധ പ്രവൃത്തികൾ ചെയ്ത വിദ്വാൻമാരാണ് നിങ്ങളെന്ന കാര്യം മറക്കേണ്ട. കേരളത്തിലെ ഗവർണ്ണറെയും ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിനെയും പിരിച്ചുവിട്ടതടക്കം, കോൺഗ്രസ്സിതര ഗവൺമെന്റുകളെ പിരിച്ചുവിടാൻ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ പോലെയുള്ള ഗവർണ്ണർമാരെ ഉപയോഗിച്ച് എല്ലാ വൃത്തികേടും ജനാധിപത്യവിരുദ്ധ പ്രവൃത്തികളും ചെയ്തവരാണ് കോൺഗ്രസ്സ് ഗവൺമെന്റും ഭരണാധികാരികളും. അവരിപ്പോൾ ജനാധിപത്യത്തെപ്പറ്റി വലിയ ഗീർവാണം പറയുമ്പോൾ യഥാർത്ഥത്തിൽ നാണക്കേടാണ് തോന്നുന്നത്; ഈ സഭയിൽ അംഗമായിരിക്കുന്ന എനിക്ക് അപമാനം തോന്നുകയാണ്. (...ബഹളം....)

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: പ്ലീസ്....

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട സ്പീക്കർ അവരോട് ഇരിക്കാൻ പറയണം; ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: പ്ലീസ്..... ശ്രീ. എം. എം. മണി.....ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. എം. എം. മണി: സർ, ഗവർണ്ണർ അദ്ദേഹത്തിന്റെ വർഗ്ഗസ്വഭാവം കാണിച്ചു; അദ്ദേഹത്തെ ഗവർണ്ണറായി നിയമിച്ചിരിക്കുന്നതുതന്നെ ബി.ജെ.പി. നയിക്കുന്ന കേന്ദ്ര ഗവൺമെന്റാണ്. അദ്ദേഹത്തിന്റെ പ്രവർത്തനം എന്താണെന്ന് കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഗവർണ്ണർ ഈ നിലയിൽ പ്രവർത്തിച്ചതിൽ എനിക്ക് അത്ഭുതമില്ല. നിങ്ങളും ഇതുതന്നെയാണ് 78 വർഷക്കാലയളവിൽ ചെയ്തത്; 60 വർഷം ഇന്ത്യ ഭരിച്ച നിങ്ങൾ ഗവർണ്ണർമാരെ ഉപയോഗിച്ച് സകല വൃത്തികേടുകളും ചെയ്തവരാണ്; എന്നിട്ട് ഇപ്പോൾ ഒരു സുപ്രഭാതത്തിൽ ഗിരിപ്രഭാഷണം നടത്തുമ്പോൾ എനിക്ക് ഓക്കാനവും മനംമറിച്ചിലും വരികയാണ്; ഇതിൽപ്പരം എന്ത് നാണക്കേടാണുള്ളത്? അതുകൊണ്ട് അതിനെക്കുറിച്ച് ഞങ്ങളുമായി കൂടുതൽ സംവാദം നടത്തേണ്ട. ഞങ്ങൾക്ക് വേണ്ടപ്പെട്ട ആളല്ല ഗവർണ്ണർ; പക്ഷേ അദ്ദേഹം ഗവർണ്ണറായി ഇരിക്കുമ്പോൾ അംഗീകരിക്കേണ്ട

ബാധ്യതയുള്ളതിനാൽ ആ മര്യാദ ഞങ്ങൾ കാണിച്ചു; പക്ഷേ അദ്ദേഹം മര്യാദക്കേട് കാണിച്ചുവെന്നാണ് എന്റെ വിലയിരുത്തൽ. അദ്ദേഹം മാന്യമായി നയപ്രഖ്യാപന പ്രസംഗം അവതരിപ്പിക്കേണ്ടതല്ലേ; അതിനുപകരം ഒരു മിനിറ്റ് തികച്ചെടുക്കാതെ പ്രസംഗം അവസാനിപ്പിച്ചു. ഇതുസംബന്ധിച്ച് പത്രക്കാരുമെഴുതി. എന്ത് നാണക്കേടാണിത്? വെറുതെയല്ല അദ്ദേഹം ഇവിടെ ഗവർണ്ണറായി ഇരിക്കുന്നത്. രാജാവിനെപ്പോലെ തീറ്റിപ്പോറ്റുകയാണ്, അതിനാവശ്യമായ ചെലവെല്ലാം ഈ ഖജനാവാണ് വഹിക്കുന്നതെന്ന കാര്യം ഓർക്കണം. നിങ്ങളും ഞാനുമെല്ലാം ഇവിടെ ഇരിക്കുന്നത് ടി.എ.യും ശമ്പളവും വാങ്ങിച്ചുകൊണ്ടാണ്. അതുകൊണ്ട് കൂടുതൽ വർത്തമാനമൊന്നും അതിനെപ്പറ്റി പറയേണ്ട ആവശ്യമില്ല. ഏതായാലും ഒരു കാര്യം വ്യക്തമാണ്; ഗവർണ്ണർ ചെയ്തതിനോട് ഒരിക്കലും യോജിക്കാൻ കഴിയുകയില്ല. അദ്ദേഹം കേരള ജനതയോട് കാണിച്ചത് വഞ്ചനയും തട്ടിപ്പുമാണെന്നാണ് എന്റെ വിലയിരുത്തൽ.

ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ലോകത്തും ഇന്ത്യയിലുമെല്ലാം നിരവധി മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ജവഹർലാൽ

നെഹ്റുവിന്റെയും മഹാത്മാഗാന്ധിയുടെയും നാടടക്കം, ഇന്ത്യയിൽ മറ്റേതെങ്കിലും ഒരു സംസ്ഥാനത്ത് കേരളം കൈവരിച്ചതുപോലുള്ള നേട്ടമുണ്ടായിയെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഭൂപരിഷ്കരണ നിയമം നടപ്പാക്കുകയോ, ഭൂമിക്ക് പരിധി നിശ്ചയിക്കുകയോ, കർഷകത്തൊഴിലാളി നിയമം കൊണ്ടുവരികയോ, കുടികിടപ്പുകാരന് മിച്ചഭൂമി അവകാശം കൊടുക്കുകയോ ചെയ്തോ; നിങ്ങൾ എന്ത് സാമൂഹികപരിഷ്കരണമാണ് നടപ്പാക്കിയത്? കേരളമൊഴികെ നിങ്ങളുടെ പ്രമുഖ നേതാക്കൾ ഭരിച്ച മധ്യപ്രദേശും രാജസ്ഥാനും ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലെയും പതിനായിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വച്ചുകൊണ്ട് കർഷകത്തൊഴിലാളികൾക്ക് കൂലിപോലും കൊടുക്കാതെ പണി ചെയ്യിക്കുകയല്ലേ ചെയ്തത്? അതുപോലെ ക്ഷേമപെൻഷൻ നൽകുന്നതിനായി കേരളത്തിൽ മറ്റൊരു നിയമം കൊണ്ടുവന്നു. ഇപ്പോൾ 62 ലക്ഷം പേർക്ക് 1,600 രൂപ വച്ച് പെൻഷൻ കൊടുക്കുന്നുണ്ട്. ഈ നിയമം വേറെ ഏത് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്? ഉത്തർപ്രദേശിലുണ്ടോ, ജവഹർലാൽ

നെഹ്റുവിന്റെ നാട്ടിലുണ്ടോ; കേരളം കൈവരിച്ച നേട്ടം ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്തുണ്ടോ? അതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പങ്ക് വളരെ വലുതാണ്. ഇടയ്ക്കിടയ്ക്ക് നിങ്ങളുടെ പങ്കുമുണ്ട്. പക്ഷേ ഞങ്ങൾ കൊണ്ടുവന്ന നിയമമൊക്കെ തിരുത്തി, ജന്മിമാരുടെ പാദസേവ ചെയ്ത ചരിത്രമാണ് നിങ്ങൾക്കുള്ളത്. ഇവിടെ വിമോചന- വിദ്യാഭ്യാസ സമരങ്ങൾ നടത്തിയത് ആർക്കുവേണ്ടിയാണെന്നൊക്കെ ചരിത്ര വിദ്യാർത്ഥികളായിരുന്ന ഞങ്ങൾക്കെല്ലാം അറിയാവുന്നതാണ്. അതുകൊണ്ട് അതിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തിട്ട് കാര്യമില്ല. നമ്മുടെ രാജ്യത്തിന്റെ ഭാവിയെപ്പറ്റി എന്തെങ്കിലും ഉൽക്കണ്ഠയുണ്ടെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭൂരിപക്ഷത്തിൽ അധികാരത്തിൽവന്ന ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾ ഈ ഗവൺമെന്റിനോടെടുക്കുന്ന നിലപാട് ശരിയാണോ; ഒരിക്കലുമല്ല. ഇന്ത്യാ രാജ്യം ഇന്ന് നേരിടുന്ന പ്രതിസന്ധിയിൽ ഇടതുപക്ഷത്തിന് ഒരു പങ്ക് വഹിക്കാനുണ്ട്. അത് ഇടതുപക്ഷം തനിയെ വഹിക്കുമെന്നല്ല ഞങ്ങൾ കാണുന്നത്. പക്ഷേ നിങ്ങൾ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത് രാജ്യദ്രോഹമാണെന്നാണ് എന്റെ അഭിപ്രായം.

നിങ്ങൾ രാജ്യത്തിന്റെ ഭാവിയേയും ബി.ജെ.പി. ഭരണത്തേയും വിമർശിച്ചല്ലോ; ഞങ്ങളാരും ബി.ജെ.പി.-യുടെ ആസനം താങ്ങാൻ പോകുകയില്ല; പക്ഷേ നിങ്ങൾ പോകും, നിങ്ങളുടെ ആളുകൾ മുഴുവൻ പൊയ്ക്കൊണ്ടിരിക്കുകയാണ്.

നിങ്ങൾ നവകേരള സദസ്സിനെപ്പറ്റി പരാമർശിച്ചു. നവകേരള സദസ്സ് മോശമാണോ? കേരളത്തിലെ മന്ത്രിമാരെല്ലാം ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്നത് നിസ്സാര കാര്യമല്ല; കോടിക്കണക്കിന് ആളുകളുടെ പരാതികൾ കേൾക്കുകയും പരിഹാരം കാണാനാകുന്നവയ്ക്ക് കാണുകയും ചെയ്തു. ശേഷിക്കുന്നവയ്ക്ക് പരിഹാരം കാണാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നവകേരള സദസ്സിന് പോയത് ട്രാൻസ്പോർട്ട് ബസ്സിലാണ്. ഞങ്ങൾ കൊടുത്ത ഭക്ഷണമാണ് മുഖ്യമന്ത്രിയടക്കമുള്ളവർ കഴിച്ചത്. നവകേരള സദസ്സ് വലിയ മാമാങ്കമാണെന്ന് നിങ്ങൾ പറയുന്നത് കേട്ടല്ലോ; നിങ്ങൾക്ക് അങ്ങനെയെന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഇല്ല. അതൊക്കെ ഞങ്ങൾ തീരുമാനിക്കണം എന്തുചെയ്യണമെന്ന്. അത് ഞങ്ങൾ ചെയ്യുകയും

നടപ്പാക്കുകയും ചെയ്യും. മന്ത്രിസഭ ജനങ്ങളുടെ അടുത്തേയ്ക്ക് പോയത് കേരളത്തിന്റെ ചരിത്രത്തിലാദ്യമാണ്. കേരളം ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത നേട്ടം കൈവരിച്ചിട്ടുണ്ട്; അതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സംഭാവന അതിമഹത്താണ്. അതില്ലെന്നുപറഞ്ഞ് അപ്പുറത്തിരിക്കുന്നവർ കൊഞ്ഞനം കുത്തിയിട്ട് കാര്യമില്ല. യാഥാർത്ഥ്യത്തെ അംഗീകരിച്ചേ പറ്റൂ. എല്ലാവരുംകൂടി യോജിച്ച് പോകേണ്ട ഘട്ടമാണിത്. 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് വരികയാണ്. ശ്രീ. രാഹുൽ ഗാന്ധി ജോഡോ യാത്ര നടത്തിയതുകൊണ്ട് വലിയ കാര്യമില്ല. വീണ്ടും ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നാൽ രാജ്യത്തിന്റെ കാര്യം അപകടത്തിലാകുമെന്നതിനെക്കുറിച്ച് നിങ്ങൾക്ക് ബോധമുണ്ടോ? എന്നാൽ ഞങ്ങൾക്ക് അക്കാര്യത്തിൽ വ്യക്തതയുണ്ട്. ഒരു കാര്യം ഉറപ്പാണ്, ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുന്നത് ഒഴിവാക്കാൻ നിങ്ങളുടെ ഗവൺമെന്റിനെ പിന്താങ്ങേണ്ടി വന്നാലും ഞങ്ങൾ അത് ചെയ്യും. നേരത്തെ പിന്താങ്ങിയത് ഓർമ്മിക്കുന്നില്ലേ? ഞങ്ങൾക്ക് മന്ത്രിസ്ഥാനം തരാമെന്നുപറഞ്ഞപ്പോൾ ഞങ്ങൾ വാങ്ങിച്ചില്ല. 'അടിയന് കിട്ടിയില്ലേലും

മാളോരു കഴിച്ചാൽ മതി' എന്നാണ് ഞങ്ങൾ പറഞ്ഞത്. പ്രതിപക്ഷം യഥാർത്ഥത്തിൽ നീതിബോധമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളെ വിമർശിച്ചാലും, ഇന്ത്യാ രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയാണ് ഭരിക്കുന്നതെന്നും 2024-ൽ തെരഞ്ഞെടുപ്പ് വരാൻ പോകുന്നുവെന്നും അതിൽ വീണ്ടും ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരാനിടയായാലുള്ള ദുരന്തമെന്തായിരിക്കുമെന്നും കണ്ടുകൊണ്ട് ഞങ്ങളോട് സമീപനമെടുക്കുന്നത് നല്ലതായിരിക്കുമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ഓർഡർ.....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജനുവരി മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.10-ന് പിരിഞ്ഞു.)

**അനുബന്ധം I**

## നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവിലെ ഉത്തരത്തിലെ അനുബന്ധം

| ട്രൈബ്യൂണൽ | തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം | കേസിൽ ഉൾപ്പെട്ടിരിക്കുന്ന തുക (in Crores) |
|---|---|---|
| STAT Addl. Bench, Eranakulam | 2424 | 526.52 |
| STAT Addl. Bench, Kottayam | 692 | 149 |
| STAT Addl. Bench, Kozhikode | 1207 | 169.41 |
| STAT Addl. Bench, Thiruvananthapuram | 137 | 47 |

**അനുബന്ധം II**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**വ്യവസായ നയം 2023**

5 (*35) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച വ്യവസായ നയം 2023-ന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റെയും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ സാധ്യതകളും ദൗർബല്യങ്ങളും തിരിച്ചറിഞ്ഞുകൊണ്ടും അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യബോധത്തോടെ കേരള വ്യവസായ നയം 2023, 01-04-2023-ലെ സ.ഉ. (കൈ)നം.28/2023/ഐ.ഡി. പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായി. പ്രസ്തുത വ്യവസായ നയത്തിനനുസൃതമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രാജ്യത്തെ ഏറ്റവും വികസിതമായ ആധുനിക വ്യവസായങ്ങളുടെ ഹബ്ബാക്കി സംസ്ഥാനത്തെ മാറ്റുകയെന്ന ലക്ഷ്യം മുൻനിർത്തി വ്യവസായ നയം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരിസ്ഥിതി-സാമൂഹികം-ഭരണം അഥവാ ഇ.എസ്.ജി. തത്വങ്ങളിലൂന്നിയ നിക്ഷേപങ്ങൾക്കുള്ള ഹബ്ബായി കേരളത്തെ മാറ്റുകയെന്നത് പുതിയ വ്യവസായ നയത്തിന്റെ ഒരു ലക്ഷ്യമാണ്. ഇ.എസ്.ജി. നിക്ഷേപങ്ങളുടെ പ്രാധാന്യം സംസ്ഥാനം തിരിച്ചറിയുകയും അതിലധിഷ്ഠിതമായ ഉത്തരവാദിത്ത നിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഇ.എസ്.ജി. റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന്, പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും പുതിയ വ്യവസായ നയം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ ഇ.എസ്.ജി. നയം രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സുസ്ഥിര വ്യവസായ സമ്പ്രദായങ്ങൾ

പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്കുവേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാനും നയം ലക്ഷ്യമിടുന്നു.

(സി) നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച് നവീന ആശയങ്ങൾ വളർത്തി സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ വ്യവസായ നയം 2023 പ്രകാരം മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്ത നിക്ഷേപങ്ങളെയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ

ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്ന തരത്തിൽ ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ളതും 22 മുൻഗണനാ മേഖലകൾ ഉൾപ്പെടുത്തിയുമാണ് വ്യവസായ നയം 2023 രൂപീകരിച്ചിരിക്കുന്നത്.

(ഡി) വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ ഏറ്റവും അനുയോജ്യമായത് കേരളമാണ് എന്ന യാഥാർത്ഥ്യത്തിലൂന്നി സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ്

പുതിയ വ്യവസായ വാണിജ്യ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അപ്രകാരം, 'സൺറൈസ്'/മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ/പ്രോത്സാഹനങ്ങൾ താഴെപ്പറയുന്നവയാണ്.

1. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് (4%) വായ്പകൾ ലഭ്യമാക്കൽ;
2. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ലഭ്യമാക്കൽ;
3. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കൽ;
4. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് പരമ്പരാഗത രീതിയിലുള്ള ധനസമാഹരണത്തിന് പുറമെ ഓഹരി വിപണനത്തിലൂടെ ധനസമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അത്തരം നടപടിക്രമങ്ങൾക്ക് ചെലവാകുന്ന തുകയുടെ 50% തുക, പരമാവധി 1 കോടി രൂപയിൽ കവിയാതെ തിരികെ നൽകുന്നതിനുള്ള ശിപാർശ;

5. വൻകിട, മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപവരെ) ഘട്ടംഘട്ടമായി അനുവദിക്കുക;

6. വൻകിട, മെഗാ സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് മൂലധന നിക്ഷേപത്തിന് 100% സംസ്ഥാന ജി.എസ്.ടി. റീ-ഇംബേഴ്സ്മെന്റ്;

7. വൻകിട, മെഗാ സംരംഭങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം;

8. സർക്കാർ വ്യവസായ പാർക്കുകളിലും അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ശിപാർശ;

9. സ്ത്രീ സംരംഭകർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സംരംഭകർക്കും സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും നിർമ്മാണ വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന്

എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ശിപാർശ;

10. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം;

11. എല്ലാ വിഭാഗം സംരംഭങ്ങൾക്കും വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനും ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനും ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിനും സുസ്ഥിരതയ്ക്ക് ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ;

12. ഉൽപാദന മേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനം;

13. സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്കായി ഗവേഷണ വികസന പ്രോത്സാഹനം;

14. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സി.-യിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽ അപ്പ് വായ്പകൾ ലഭ്യമാക്കൽ;

15.'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവാകുന്ന തുകയുടെ 50% റീ-ഇംബേഴ്സ്മെന്റ് നൽകൽ;

16. പി.എൽ.ഐ. നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ്.

**അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ**

6 (*36) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഫെഡറൽ സംവിധാനത്തിനെതിരാകുന്ന തരത്തിൽ സംസ്ഥാന വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തി അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾക്ക് കൂടുതൽ ഇളവുകൾ നൽകുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യൻ ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിലെ ലിസ്റ്റ് 2 എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. ഭരണഘടന പ്രകാരം

സംസ്ഥാന ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് നിയമനിർമ്മാണം നടത്താൻ കഴിയില്ല. ഭരണഘടനാ വ്യവസ്ഥ ഇപ്രകാരമായിരിക്കെയാണ് കേന്ദ്ര സർക്കാർ 2002-ൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പാസ്സാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാർ 2022-ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമന്റ്മെന്റ്) ബിൽ അംഗീകരിക്കുകയുണ്ടായി. നിയമ ഭേദഗതിയിലും സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. കേരളത്തിൽ നിലവിൽ കേരളം ആസ്ഥാനമാക്കി 45 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും മറ്റ് സംസ്ഥാനങ്ങൾ ആസ്ഥാനമായിട്ടുള്ള സൊസൈറ്റികളുടെ നൂറുകണക്കിന് ശാഖകളും പ്രവർത്തിച്ചുവരുന്നു. ഇത്തരം സഹകരണ സംഘങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ കൂടുതൽ പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന് ഇത്തരം സംഘങ്ങളുടെ മേൽ യാതൊരു നിയന്ത്രണവുമില്ല.

മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തിലെ വ്യവസ്ഥ പ്രകാരവും അതിന് നിലവിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പ്രകാരവും കൃത്യമായ ആഡിറ്റ് സംവിധാനമോ പരിശോധനയോ ഇല്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം, സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഭീഷണിയാണ്. പല മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപം തിരിച്ചുകൊടുക്കാനാവാത്തതും പ്രവർത്തനം അവസാനിപ്പിക്കുന്നതുമായ സാഹചര്യം നിലവിലുണ്ട്. കേന്ദ്ര നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ സംസ്ഥാന നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളിൽനിന്നും സാധാരണക്കാരായ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിന് കഴിയുകയില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുകയും ആയത് പൊതുവായി സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നതാണ്.

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമന്റ്മെന്റ്) നിയമത്തിലെ പതിനേഴാം വകുപ്പ് ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ, വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi state co-operative societies എന്നതിൽ ഉപവകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്യുന്ന മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധനയായി സംസ്ഥാന നിയമത്തിലെ മെർജർ സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ്

സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിന് കഴിയുന്നതാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നതിന് വഴിയൊരുക്കുന്നതാണ്.

ദേശീയതലത്തിൽ ചുവടെ പറയുന്ന 3 ദേശീയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉൽപന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സംഘങ്ങൾ മേൽപ്പറഞ്ഞ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു.

(ബി) സംസ്ഥാന സർക്കാരിന് യാതൊരു ഭരണ നിയന്ത്രണവുമില്ലാത്ത ഇത്തരം അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ വാണിജ്യ ബാങ്കുകളേക്കാൾ ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽനിന്നും നിക്ഷേപം സമാഹരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിക്ഷേപങ്ങൾക്ക് സർക്കാരുകളുടെ പരിരക്ഷ ലഭ്യമാണോ; വിശദമാക്കുമോ?

ഉയർന്ന പലിശ വാഗ്ദാനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് യാതൊരുവിധ അധികാരവും നിലവിലില്ല. നിക്ഷേപങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ യാതൊരു പരിരക്ഷയും നൽകുന്നതിന് 2002-ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിലും റൂളിലും വ്യവസ്ഥയില്ല.

(സി) രൂപീകരിച്ചതിനുശേഷം വളരെ ചുരുങ്ങിയ കാലയളവിൽത്തന്നെ 71 അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതായി സൂചിപ്പിക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രൂപീകരിച്ചതിനുശേഷം വളരെ ചുരുങ്ങിയ കാലയളവിൽത്തന്നെ 71 അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതായി സൂചിപ്പിക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ റിപ്പോർട്ട് ഔദ്യോഗികമായി കേരള സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല. കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അനുസംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംസ്ഥാനം | 2022 വരെ ലിക്വിഡേഷനിലായ സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | രാജസ്ഥാൻ | 15 |
| 2 | മഹാരാഷ്ട്ര | 13 |
| 3 | ഡൽഹി | 11 |
| 4 | ഒഡീഷ | 11 |
| 5 | ഉത്തർപ്രദേശ് | 9 |
| 6 | തമിഴ്നാട് | 3 |
| 7 | ആന്ധ്രാപ്രദേശ് | 2 |
| 8 | ഗുജറാത്ത് | 2 |
| 9 | തെലങ്കാന | 2 |
| 10 | പഞ്ചാബ് | 1 |
| 11 | ജാർഖണ്ഡ് | 1 |

| | | |
|---|---|---|
| 12 | ചണ്ഡീഗഢ് (കേന്ദ്ര ഭരണ പ്രദേശം) | 1 |
| ആകെ | | 71 |

**സംസ്ഥാനത്തിന്റെ പൊതുകടം**

7 (*37) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം നിലവിൽ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,38,000.97 കോടി രൂപയാണ്.

(ബി) പൊതുകടവും ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ അനുപാതം വർദ്ധിച്ചതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

(ബി&സി) 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,38,000.97 കോടി രൂപയാണ്. ഇത് 2022-23-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പുതുക്കിയ ജി.എസ്.ഡി.പി. തുകയായ 10,17,872.58 കോടി രൂപയുടെ 23.38 ശതമാനമാണ്. 2021-22 സാമ്പത്തിക വർഷം ഈ അനുപാതം 24.26 ശതമാനമായിരുന്നു. ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്ക് അധിക കടമെടുപ്പായി 8,323 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുപോലും കടമെടുപ്പിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങൾമൂലം ഈ അനുപാതം കുറയുകയാണുണ്ടായത്.

(ഡി) നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുകടവും ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം കുറച്ചുകൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽത്തന്നെ വിവിധ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെത്തുടർന്നാണ് 2023-24 വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി മോട്ടോർ വാഹനം, രജിസ്ട്രേഷൻ, എക്സൈസ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിൽ ഈടാക്കുന്ന നികുതി ഇനങ്ങളുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സംസ്ഥാന ബജറ്റിലൂടെ നടപടികൾ തുടങ്ങിയിട്ടുള്ളത്. ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിലവിലെ നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടന 01-01-2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സമ്പൂർണ്ണ ജി.എസ്.ടി. പുന:സംഘടനയിലൂടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനായി നികുതി-ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധയാണ് ചെലുത്തി വരുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2020-21-ൽ 47661 നിന്ന് 2022-23-ൽ 71968 ആയി ഉയർന്നു. 2022-23-ൽ മുൻവർഷത്തെ അപേക്ഷിച്ച് 23.4% വളർച്ചാനിരക്കാണ് കൈവരിച്ചിട്ടുള്ളത്.

**കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വിഹിതത്തിൽ വന്ന കുറവ്**

8 (*38) ശ്രീമതി ശാന്തകുമാരി കെ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വിഹിതം വൻതോതിൽ കുറഞ്ഞതും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വരുത്തിയ ആഘാതം കുറയ്ക്കുന്നതിനായി ചെലവുകൾ

കൃത്യമായി നിയന്ത്രിക്കുന്നതിനും തനതു വരുമാനം ഉയർത്തുന്നതിനും സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ?

നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിത നടപടികൾ 2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മൈനിംഗ് ആൻഡ് ജിയോളജി, തദ്ദേശസ്വയംഭരണം, ജലസേചനം, മോട്ടോർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ, റവന്യൂ എന്നീ വകുപ്പുകളിലേയും വാണിജ്യ, വ്യാവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, സാമൂഹിക സുരക്ഷാ സീഡ് ഫണ്ട് എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2023-24 സാമ്പത്തിക വർഷം 2955 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. അതോടൊപ്പം, നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. തനത് നികുതി വരുമാനത്തിൽ 2022-23 വർഷത്തിൽ 13627.64 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലെ ഏറ്റവുമധികം തനത്

വരുമാനം വർദ്ധിച്ച സംസ്ഥാനമായി ആർ.ബി.ഐ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തിൽ 2023 ഡിസംബർ വരെ 63507.35 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇത് ബജറ്റ് എസ്റ്റിമേറ്റിന്റെ 64.72 ശതമാനമാണ്. നിലവിലെ സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹികക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുന്നോട്ടുപോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ വിവിധയിനത്തിൽ ഏകദേശം 57,000 കോടി രൂപ വെട്ടിക്കുറച്ച നടപടി നേരിടുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കുമോ?

സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലും സാമൂഹികക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം അനാവശ്യ

ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക ഞെരുക്കത്തിനിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തും പുറത്തുമുണ്ടായ തടസ്സങ്ങളിൽ നിന്നും മോചനംനേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി, നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന

ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള ശ്രമം തുടരുന്നതാണ്.

(സി) ഇതുസംബന്ധിച്ച് സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ, സാമ്പത്തിക അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി നിയമ പോരാട്ടം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി നിയമനടപടികൾ സ്വീകരിച്ചുവരികയാണ്.

**സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

9 (*39) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 30 വർഷത്തിനുള്ളിൽ മറ്റേത് രാജ്യത്തെക്കാളും ഊർജ്ജം ആവശ്യമുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന ഇന്റർനാഷണൽ എനർജി ഏജൻസിയുടെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജം ഉൽപാദിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്.

- സൗരോർജ്ജത്തിലൂടെയുള്ള വൈദ്യുതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകൾക്കും സ്ഥാപനങ്ങൾക്കും നെറ്റ് മീറ്ററിംഗ്, ബാങ്കിംഗ്, വീലിംഗ് തുടങ്ങിയ സംവിധാനങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ വീടുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതിയുടെ പരിധിയിൽ വരുന്ന നിലയങ്ങളുടെ നിർമ്മാണത്തിന് ചെലവാകുന്ന തുകയ്ക്ക് എം.എൻ.ആർ.ഇ. അനുവദിച്ചിട്ടുള്ള

സബ്സിഡിയും നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്ന മിച്ച വൈദ്യുതിക്ക് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വിലയും ഉപഭോക്താവിന് നൽകിവരുന്നു. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ടിന്റെ 10% ധനസഹായത്തോടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവൃത്തിയായി നടപ്പിലാക്കുന്നു.

- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.
- തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.
- സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- വിദൂര ആദിവാസി കോളനികളിൽ സോളാർ/വിൻഡ് സോളാർ ഹൈബ്രിഡ് പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.
- ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ/ബി.പി.എൽ. വീടുകളിൽ/പുനർഗേഹം വീടുകളിൽ സൗജന്യമായി സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സബ്സിഡി ഉൾപ്പെടെ ഉചിതമായ ആനുകൂല്യങ്ങൾ നൽകി പുരപ്പുറ സോളാർ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് (ലൈഫ് മിഷൻ വീടുകളിൽ/BPL വീടുകളിൽ/പുനർഗേഹം) സൗജന്യമായി സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന ഹരിത വരുമാന പദ്ധതി, ഗാർഹിക മേഖലയിൽ സബ്സിഡിയോടുകൂടി സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുന്ന സൗരതേജസ് പദ്ധതി എന്നിവ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ. മുഖേന

സാമ്പത്തികശേഷിയില്ലാത്തവർക്ക് പാലക്കാട് ജില്ലയിൽ ചിറ്റൂർ മേഖലയിൽ കുഴൽമന്ദം എന്ന സ്ഥലത്ത്, സബ്സിഡിക്ക് പുറമെ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി 18 എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് 2 കിലോവാട്ട് സോളാർപ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാൻ നിലവിലുള്ള ഫോറങ്ങളിൽ സോളാർ ഉപഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കളുടെ പരാതി പരിഹാര ഫോറമായ കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറത്തിൽ ഉപഭോക്താക്കളുടെ പ്രതിനിധിയെ (കൺസ്യൂമർ/പ്രൊസ്യൂമർ) കൂടി ഉൾപ്പെടുത്തി ആകെ അംഗങ്ങളുടെ എണ്ണം നാലാക്കി കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം ആൻഡ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ റെഗുലേഷൻസ്, 2023 പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ നവംബർ 20, 2023-ൽ

കേരള ഗസറ്റിൽ ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം മെമ്പറായി സോളാർ ഉപഭോക്താവും ഉൾപ്പെടാവുന്നതാണ്.

(ഇ) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരപ്പുറ സോളാർ പദ്ധതി എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരപ്പുറ സോളാർ പദ്ധതിയിൽ, കെ.എസ്.ഇ.ബി.എൽ. മുഖേന 600 പ്ലാന്റുകളിൽനിന്നായി 11.48 മെഗാവാട്ട് ഉൽപാദനശേഷി കൈവരിച്ചിട്ടുണ്ട്. കൂടാതെ അനെർട്ട് മുഖേന ഡെപ്പോസിറ്റ്/കൺസൾട്ടൻസി/RESCO പദ്ധതിയായി 26 MW പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

**വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റം**

10 (*40) <u>ശ്രീ. എ. രാജ:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ രംഗത്ത് പുത്തനുണർവേകുന്നതിനായി സർക്കാരിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനും കൈമാറ്റ നടപടികൾ ലളിതമാക്കുന്നതിനും ലക്ഷ്യമിട്ട് ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭേദഗതികൾ നടപ്പിൽവരുന്നതോടുകൂടി ഈ മേഖലയിൽ എന്തെല്ലാം തരത്തിലുള്ള പ്രയോജനങ്ങൾ സംരംഭകർക്കുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദീകരിക്കാമോ?

(എ&ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ഏരിയകൾ/പ്ലോട്ടുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ്-2023 (G.O (P) No. 309/2023/RD dated 11-12-2023) നിലവിൽ വന്നിട്ടുണ്ട്. പുതിയ ചട്ടം നിലവിൽ വന്നതോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ ഭൂമിയുടെ കൈമാറ്റം, ഘടനമാറ്റം, ആക്റ്റിവിറ്റി മാറ്റം, ലീസ്

വ്യവസ്ഥയിൽനിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലേയ്ക്കുള്ള മാറ്റം, പട്ടയം അനുവദിക്കൽ എന്നീ പ്രക്രിയകളുടെ നടപടിക്രമം ലഘൂകരിച്ചിട്ടുണ്ട്.

(സി) കൂടുതൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

**സംരംഭകവർഷം പദ്ധതിയുടെ ലക്ഷ്യപ്രാപ്തി**

11 (*41) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സംരംഭകവർഷം പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ട്. കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം 'സംരംഭക വർഷം' ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ആരംഭിച്ച് 245 ദിവസം കൊണ്ടുതന്നെ പദ്ധതി ലക്ഷ്യം കൈവരിച്ചു. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022-23 സാമ്പത്തിക വർഷം 139840 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 300051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷത്തിന്റെ വിജയം കണക്കിലെടുത്ത്, 2023-24 സാമ്പത്തിക വർഷവും സംരംഭക വർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം സംരംഭകവർഷം 2.0 എന്ന പേരിൽ തുടരുവാൻ സർക്കാർ

തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ ജനുവരി 23, 2024 വരെ 76595 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തതുവഴി സംസ്ഥാനത്ത് 5177 കോടി രൂപയുടെ നിക്ഷേപവും 160582 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെയുള്ള ദിവസത്തെ കാലയളവിൽ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആകെ 216435 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ, 13,599 കോടി രൂപയുടെ നിക്ഷേപവും 460633 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) ലക്ഷ്യമിട്ടിരുന്ന സംരംഭങ്ങൾ നിശ്ചയിച്ച കാലയളവിനുള്ളിൽ ആരംഭിക്കുവാനുതകുന്ന തരത്തിൽ ഈ മേഖലയുടെ പുരോഗതിക്കായി സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് മറ്റ് സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (EDE) ആയി നിയമിച്ചിട്ടുണ്ട്.

2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭകത്വ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

3. ഒരു തദ്ദേശസ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ EDE-മാർക്കും ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

4. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

5. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

6. എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങൾ നടത്തി.

7. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.

8. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സണുകളെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

9. എല്ലാ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

10. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

11. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേയ്ക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുകവഴി അവർക്ക് പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി ഡിജിറ്റൽ കോമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റ്ഫോമുകളുടെ കുത്തകകൾ കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) എന്ന പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നത്. ONDC നെറ്റ്‌വർക്കിലേയ്ക്ക് പ്രോഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകുന്നു.

12. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപന്നങ്ങളുടെ പ്രോത്സഹനത്തിനും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉൽപന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമസൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉൽപാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

13. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല 2023 ജനുവരി മാസത്തിൽ നടത്തി.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഒരു ക്യാമ്പയിൻ നടത്തി.

സംസ്ഥാനത്ത് വിവിധ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഉൽപാദന, സേവന, വ്യാപാര മേഖലകളിൽ ബാങ്ക് വായ്പയെടുത്ത് പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% അധികരിച്ചുള്ള നിരക്കിന് 6% വരെ ഇളവ് ധനസഹായമായി നൽകുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന പ്രധാന പദ്ധതികൾ വഴിയും സംരംഭക വർഷം പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നവർക്ക് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദേശങ്ങൾക്കും അടിസ്ഥാനമാക്കി ആനുകൂല്യം അനുവദിക്കുന്നതാണ്.

1. സംരംഭക സഹായ പദ്ധതി
2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി
3. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി
4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

6. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

(സി) സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ സാമ്പത്തിക സുരക്ഷയും ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വ്യവസായ വകുപ്പ് പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പ് വഴി നടപ്പിലാക്കിവരുന്ന പി.എം.എഫ്.എം.ഇ. (PMFME-PM Formalisation of Micro Food Processing Enterprises), സംരംഭക സഹായ പദ്ധതി (ESS), ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ), സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾക്കുള്ള സഹായം എന്നീ പദ്ധതികളിൽ വനിതാ സംരംഭകർക്ക് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്.

സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ സാമ്പത്തിക സുരക്ഷയും ലക്ഷ്യമിട്ട് കെ.എസ്.ഐ.ഡി.സി., 'We Mission' പദ്ധതി നടപ്പിലാക്കിവരുന്നു. ഈ

പദ്ധതി പ്രകാരം നിലവിൽ 10 ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള സ്ത്രീ സംരംഭകർക്ക് പരമാവധി 50 ലക്ഷം രൂപ വരെ, 7.5% പലിശ നിരക്കിൽ 6 വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു. നാളിതുവരെ കെ.എസ്.ഐ.ഡി.സി., 35 വനിതാ സംരംഭകർക്കായി 748.43 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കിഫ്ബി പദ്ധതികൾക്കാവശ്യമായ വിഭവ സമാഹരണം**

12 (*42) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കിഫ്ബിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാർ നടത്തിവരുന്ന ഫെഡറൽ ഘടനവിരുദ്ധ നിലപാടുകൾ കാരണം നിലവിൽ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി

അനുഭവിക്കുന്നുണ്ട്. ഇത് പൂർണ്ണമായും കേന്ദ്രം കൃത്രിമമായി സൃഷ്ടിച്ച ഒരു സാമ്പത്തിക ദുരവസ്ഥയാണ്. സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ കേന്ദ്രം തങ്ങൾക്ക് തോന്നുന്ന വിധത്തിലുള്ള രീതികൾ അടിച്ചേൽപ്പിക്കുകയും ആ പരിധിയിലേയ്ക്ക് പബ്ലിക് അക്കൗണ്ട്, സംസ്ഥാനത്തിന്റെ നേരിട്ടുള്ളതല്ലാത്ത ബാധ്യതകൾ എന്നിവയെ ഉൾപ്പെടുത്തുക വഴി സംസ്ഥാനത്തിന് അർഹമായ വിഭവ സമാഹരണത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും നിയമസഭ പാസ്സാക്കിയ ബജറ്റിനെ അട്ടിമറിക്കുകയുമാണ് ചെയ്യുന്നത്.

സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കിഫ്ബിയുടെ പ്രവർത്തനത്തെ നേരിട്ട് ബാധിച്ചിട്ടില്ല. എന്നാൽ കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവന്നത് സർക്കാരിന്റെ ധനസമാഹരണ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്.

(ബി) പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും പണം അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

കിഫ്ബി നിലവിൽ അംഗീകരിച്ച പദ്ധതികൾക്ക് പണം അനുവദിക്കുന്നതിന് നിയന്ത്രണങ്ങളൊന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. ഇതിനോടകം 82,426 കോടിയിൽപ്പരം രൂപയുടെ 1073 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനും (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) അധിക ധനസഹായത്തിനും പുറമേ ധനവിപണിയിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾമാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട്

ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിന് നേരത്തെതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തിരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രമെ പുതിയതായി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കപ്പെടുന്നുള്ളൂ.

(സി) കിഫ്ബി പദ്ധതികൾക്ക് നിലവിൽ എപ്രകാരമാണ് പണം സ്വരൂപിക്കുന്നത്; പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള വിഭവ സമാഹരണം എന്തെല്ലാം മാർഗ്ഗത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നിലവിൽ വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽനിന്നും ലോണുകൾ മുഖേനയും ആഭ്യന്തര-അന്താരാഷ്ട്ര വിപണിയിൽനിന്നും ബോണ്ടുകൾ മുഖേനയുമാണ് മുഖ്യമായി കിഫ്ബി ധനസമാഹരണം നടത്തിവരുന്നത്. കൂടാതെ കെ.എസ്.എഫ്.ഇ.-യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യു.ബി.-യുടെ ഡിവിഡന്റ് സ്കീം എന്നിവയിലൂടെയും

കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾക്കായി ഇതേ രീതിയിൽ ധനസമാഹരണം തുടരാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

13 (*43) ശ്രീ. പി. വി. അൻവർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നവസംരംഭകർക്ക് കൂടുതൽ വിശ്വാസം പകർന്നുനൽകുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ

വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതി സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കി നിർമ്മിച്ച കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ്, 2018 നിലവിലുണ്ട്. ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് സോഫ്റ്റ്‌വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന (മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ സാക്ഷ്യപത്രത്തിൽ പറഞ്ഞിരിക്കുന്ന കാലയളവിലേയ്ക്ക് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ നമ്പർ താൽക്കാലിക കെട്ടിട നമ്പരായി കണക്കാക്കുന്ന തരത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS (Kerala Centralised Inspection System) നിലവിലുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന

ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതിക്ക് അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാനായി ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC)-ന്റെ നെറ്റ്‌വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം 'സംരംഭക വർഷം' ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷംകൊണ്ട് ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങുകയെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ 139840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം

തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് ചരിത്ര വിജയം കൈവരിച്ചു. ദേശീയ ശ്രദ്ധയാകർഷിച്ച സംരംഭക വർഷത്തിന്റെ വിജയം കണക്കിലെടുത്ത്, 2023-24 സാമ്പത്തിക വർഷവും സംരംഭക വർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം തുടർന്നുകൊണ്ടുപോകുന്ന സംരംഭക വർഷം 2.0 എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്കെയിൽ അപ്പ് മിഷൻ പദ്ധതി, എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

കേരളത്തിനണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും ലക്ഷ്യമിടുന്ന വ്യവസായ നയം 2023 അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി തുടങ്ങുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ വ്യവസായങ്ങൾ സുസ്ഥിര വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. എം.എസ്.എം.ഇ.-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. എം.എസ്.എം.ഇ. നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 2500 രൂപ) റീ-ഇംബേഴ്സ്മെന്റായി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ പദ്ധതിക്കായി

വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നാല് പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഈ പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്:

1. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
2. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
3. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
4. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

(സി) പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയ ഒ.എൽ.ഒ.പി. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. താത്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശ സ്ഥാപനം, ഒരു ഉൽപന്നം (One Local body One Product- OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പരമാവധി 50,000 രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്. 20-05-2023-ലെ സ.ഉ. (സാധാ) നമ്പർ 436/2023/ഐ.ഡി. ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.എൽ.ഒ.പി. പദ്ധതിക്ക് 18 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 640 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടി നടന്നുവരികയാണ്.

**കെ.എസ്.എഫ്.ഇ.-യിൽ വൺടൈം സെറ്റിൽമെന്റ്**

14 (*44) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിമൂലം കഷ്ടത അനുഭവിക്കുന്ന സാധാരണക്കാർക്ക് സമാശ്വാസമായി കെ.എസ്.എഫ്.ഇ.-യിൽ വൺടൈം സെറ്റിൽമെന്റ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സാധാരണക്കാർക്ക് സമാശ്വാസമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കെ.എസ്.എഫ്.ഇ. നടപ്പിലാക്കിവന്നിരുന്നു. ദീർഘകാല കുടിശ്ശിക നിലനിൽക്കുന്ന അക്കൗണ്ടുകളിൽ 'മുതൽ' തുക (Principal Amount) ഉടൻ അടയ്ക്കാൻ തയ്യാറുള്ളപക്ഷം പലിശയിൽ ഇളവ് നൽകിയാണ് ഈ പദ്ധതി നടപ്പാക്കിയത്. പ്രസ്തുത പദ്ധതി 31-08-2023-ൽ അവസാനിപ്പിച്ചു. ഇപ്പോൾ മറ്റ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ബി) കെ.എസ്.എഫ്.ഇ.-യിൽ ചിട്ടികൾ മുടങ്ങിയവർക്കും ലോൺ തിരിച്ചടവിൽ മുടക്കം വന്നവർക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകി സമാശ്വാസം നൽകുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2023 ഡിസംബർ 31-ന് മുൻപ് കുടിശ്ശികയായി മാറിയിട്ടുള്ള ചിട്ടികളിലും/വായ്പകളിലും പലിശയിൽ ഇളവ് നൽകി കുടിശ്ശിക തീർക്കുന്നതിനുള്ള പ്രത്യേക പദ്ധതി 2024 ഫെബ്രുവരി മുതൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**സ്വകാര്യ, സഹകരണ, വ്യവസായ എസ്റ്റേറ്റുകൾക്ക് സർക്കാർ ധനസഹായം**

15 (*45) ശ്രീ. ലിന്റോ ജോസഫ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു, സ്വകാര്യ, സഹകരണ മേഖലകളിൽ പരമാവധി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്ന തരത്തിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തേയ്ക്ക്

കൂടുതൽ സംരംഭകരെ ആകർഷിക്കാൻ കഴിയുന്നുണ്ട്. ഇവ പുരോഗതിയുടെ പാതയിലാണ്. സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആരംഭിച്ചശേഷം ഇതുവരെ 16 സ്ഥാപനങ്ങൾക്ക് എസ്റ്റേറ്റ് തുടങ്ങുവാൻ ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അവയെല്ലാം എസ്റ്റേറ്റ് രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവ സജീവമാകുന്നതോടെ ഉദ്ദേശം 540 കോടി രൂപയുടെ നിക്ഷേപവും 8300 തൊഴിലവസരങ്ങളും ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സഹകരണ മേഖലയിൽ വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ കൂടുതൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാഥമിക ചർച്ചകൾ നടന്നുകഴിഞ്ഞു.

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് സർക്കാർ നൽകുന്ന ധനസഹായം സഹകരണ മേഖലയിലെ എസ്റ്റേറ്റുകൾക്കും ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ വ്യവസായ പാർക്ക്, എസ്റ്റേറ്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവ സംബന്ധിച്ച മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സഹകരണ വ്യവസായ എസ്റ്റേറ്റുകൾക്ക് കൂടുതൽ ഇളവുകൾ നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(ബി-ഡി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സഹകരണ സംഘങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി**

16 (*46) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ പേരിനോടൊപ്പം ബാങ്ക് എന്ന് ചേർത്ത് പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണെന്ന ആർ.ബി.ഐ.-യുടെ നിലപാട് സംസ്ഥാനത്തെ സഹകരണ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണ

മേഖലയിലെ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും നടത്തിവരുന്ന സ്ഥാപനങ്ങളാണിവ. വിവിധ പദ്ധതികളിലൂടെ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക-സാമ്പത്തിക രംഗത്ത് പകരംവയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പാ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ. ടി സ്ഥാപനങ്ങൾ ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്ന റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിർദേശം സഹകരണ മേഖലയിലും സഹകാരികളുടെ

ഇടയിലും ആശങ്ക സൃഷ്ടിക്കുന്നതിന് സാഹചര്യമുണ്ടാക്കുന്നതാണ്. എന്നാൽ സഹകാരികളുടെ വിശ്വാസം ഉറപ്പിക്കുന്ന സമീപനങ്ങളിലൂടെ ഇത്തരം പ്രതിസന്ധി മറികടക്കുന്നതാണ്.

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

റിസർവ് ബാങ്കിന്റെ 22-11-2021-ലെ പത്രപരസ്യത്തെ തുടർന്ന് ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ് ബാങ്കിന് 01-12-2021-ൽ കത്ത് നൽകിയിരുന്നു. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സഹകരണ നിയമത്തിന്റെ ലംഘനമായതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം കേന്ദ്ര നിയമഭേദഗതികളെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

(സി) സഹകരണ മേഖലയിലുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

22-11-2021-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ് റിലീസ് പ്രകാരം, 1949-ലെ ബി.ആർ. ആക്റ്റിൽ 2020 സെപ്റ്റംബർ 29-നുവന്ന ഭേദഗതി നിർദ്ദേശപ്രകാരം (Act 39 of 2020) 1949-ലെ ബി.ആർ. ആക്റ്റ് പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ ആർ.ബി.ഐ.-യുടെ പ്രത്യേക അനുവാദമുള്ള സ്ഥാപനങ്ങളോ അല്ലാത്തവർ 'Bank', 'Bankers', 'Banking' എന്നീ പദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനൊപ്പം ഉപയോഗിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ ബി.ആർ. ആക്റ്റിലെ ഭേദഗതി വകുപ്പ് 7-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 'Bank' എന്ന പദം അവരുടെ പേരിനോടൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും അറിയിച്ചിരുന്നു. കൂടാതെ ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽനിന്നും/നോമിനൽ അംഗങ്ങളിൽനിന്നും/ അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് ബി.ആർ. ആക്റ്റിന് വിരുദ്ധമാണെന്നും

മേൽ സാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് ബി.ആർ. ആക്റ്റ് പ്രകാരമുള്ള ലൈസൻസില്ലായെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദമില്ലായെന്നും ഇത്തരം സഹകരണ സംഘങ്ങളിലുള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarantee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ഇത്തരത്തിൽ ബാങ്ക് എന്ന് അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഇടപാടുകൾ നടത്തുന്നതിന് മുമ്പായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടീസിൽ പറഞ്ഞിരുന്നു. പ്രസ്തുത നോട്ടീസ് സഹകരണ സംഘങ്ങളിലെ അംഗങ്ങളിലും പൊതുജനങ്ങളിലും ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെന്നതിനാൽ ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ് ബാങ്ക് ചീഫ് ജനറൽ മാനേജർക്ക് 01-12-2021-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് റിസർവ്

ബാങ്കിന്റെ കത്ത് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കാനും Non-members, Nominal members/Associate members എന്നിവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാതിരിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നും അറിയിച്ച് മറുപടി കത്ത് ലഭിക്കുകയും തുടർന്നും ഇതേ വിഷയത്തിൽ കത്തുകൾ ലഭിച്ചുവരുന്നു. സഹകരണം ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും തുടർന്ന് പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ

പത്രസമ്മേളനം, അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയുമുണ്ടായി. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം കേന്ദ്രനിയമ ഭേദഗതികളെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

**ഗൾഫ് നാട്ടുകളിലേയ്ക്ക് കപ്പൽ സർവീസ്**

17 (*47) ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. കെ. ടി. ജലീൽ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികൾക്ക് കുറഞ്ഞ ചെലവിൽ ഗൾഫ് നാട്ടുകളിലേയ്ക്ക് യാത്ര ചെയ്യുന്നതിനായി കപ്പൽ സർവീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംസ്ഥാനത്തെ പ്രവാസികൾക്ക് മറ്റ് ഏതെല്ലാം തരത്തിൽ ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഗൾഫിലേയ്ക്കും തിരിച്ചുമുള്ള യാത്രയ്ക്ക് വർദ്ധിച്ചുവരുന്ന വിമാനക്കൂലി നിലനിൽക്കുന്ന ഉത്സവ-വെക്കേഷൻ സീസൺപോലുള്ള സമയങ്ങളിൽ കപ്പൽ വഴിയുള്ള യാത്രയ്ക്ക് വരുന്ന മിതമായ യാത്രാനിരക്കും വിമാനയാത്രയുടെ ലിമിറ്റേഷനില്ലാതെ ലഗേജ് കൊണ്ടുവരാൻ കഴിയുമെന്നതും കുടുംബസമേതമുള്ള ഉല്ലാസയാത്രയ്ക്കും ഇത് ഗുണകരമാകും.

(സി) പ്രസ്തുത പദ്ധതി പ്രവർത്തനം തുടങ്ങുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

(ഡി) വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകി ഈ മേഖലയിലേയ്ക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

**സഹകരണ മേഖലയുടെ ശാക്തീകരണം**

18 (*48) ശ്രീ. വി. ജോയി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക രംഗത്ത് സുരക്ഷയൊരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഏത് ആപത്ഘട്ടത്തിലും സഹായഹസ്തവുമായി ജനങ്ങൾക്ക് ആശ്രയിക്കാവുന്ന മേഖലയായി മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വായ്പാ വിതരണത്തിന് പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു. സഹകരണ മേഖലയെ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടാൻ പര്യാപ്തമായ രീതിയിലുള്ള നിയമ ഭേദഗതികൾ ഇതിനകം അംഗീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ആധുനിക സംവിധാനത്തിലൂടെ പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u>

14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഗ്രാമീണചന്ത മുഖേനയോ കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ്മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം

ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾവഴിയും മറ്റ് പലവക സംഘങ്ങൾവഴിയും കൃഷി നടത്തിവരുന്നു. 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യവിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കാനും അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്കരണം നടത്താനും ഈ പദ്ധതിമൂലം സാധിക്കുകയുണ്ടായി.

PAPCOS

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കാൻ, ജില്ലയിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക, കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം. പി. 1449 (PAPCOS) നിലവിൽ വന്നിട്ടുണ്ട്.

KAPCOS

പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ

സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആയതിന് ആവശ്യമായ സംഭരണശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽകർഷകരെ സഹായിക്കുകയും നെൽകൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശ്യം. അരിയും മൂല്യവർദ്ധിത ഉൽപന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കർഷകരിൽനിന്നും അരി സംഭരിച്ച് സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബ്രാൻഡഡ് അരിയായി വിപണിയിൽ വിൽക്കുന്നതിനും പദ്ധതി തയ്യാറാക്കിവരുന്നു.

<u>സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗ്</u>

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എൺപതോളം സഹകരണ സംഘങ്ങൾ ഗുണനിലവാരമുള്ള വിവിധങ്ങളായ

450-ൽപ്പരം ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ടി ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "Branding & Marketing of Co-operative Products" പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം 14 coopmart-കൾ ആരംഭിച്ചിട്ടുള്ളതും പുതിയ 16 കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഘട്ടംഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഗുണമേന്മയുള്ള വിവിധ സഹകരണ ഉൽപന്നങ്ങൾ കോപ്കേരള (coopkerala) ബ്രാൻഡോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കെയർ ഹോം പദ്ധതി

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച്

നൽകുന്ന പദ്ധതിയായ കെയർ ഹോം പദ്ധയിയിലൂടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറി. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലെ ഭവനസമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## സാമൂഹിക ക്ഷേമ പദ്ധതികൾ

### റിസ്ക് ഫണ്ട്

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ

ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. നിലവിലെ വ്യവസ്ഥപ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000/- രൂപയും മാരകരോഗം ബാധിച്ചവർക്ക് പരമാവധി മുതലിൽ 1,25,000/- രൂപയും നിയമാവലിയുടെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച് നൽകുന്നു.

ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി

1969-ലെ കേരള സംസ്ഥാന സഹകരണസംഘ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങളെല്ലാം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

പുനർജ്ജനി പദ്ധതി

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

<u>സമഗ്ര കാർഷിക വികസന പദ്ധതി</u>

സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് പ്രാഥമിക സംഘങ്ങളുടെ പരിധിയിലുള്ള പുരയിടങ്ങളെ പ്രയോജനപ്പെടുത്തി സമഗ്ര കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി. 6 ഘടകങ്ങളായാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>നെറ്റ് സീറോ എമിഷൻ പദ്ധതി</u>

"മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ

ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ വകുപ്പിലൂടെ എന്നൊരു പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യപ്രേരിത കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ" എന്നത് വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

- സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.
- പുതിയ മേഖലയിലെ ഇടപെടൽ

- യുവജന സംഘങ്ങൾ - സഹകരണ മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി 30 യുവജന സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നൂതന ആശയങ്ങൾ സഹകരണ മേഖലയിലൂടെ വികസിപ്പിക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക, അംഗങ്ങളുടെ ഇടയിൽ കലാസാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുകയും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും ചർച്ചാപരിപാടികളും ഒരുക്കുകയും ചെയ്യുക, എല്ലാ നാടൻകലകളും അനുഷ്ഠാനങ്ങളും പാരമ്പര്യ കലകളും ഉൾപ്പെടുന്ന പൈതൃക കലാസംസ്കാരത്തെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കോട്ടയം

ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Limited No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറന്റ്ലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.
- സർക്കാരിന്റെ മൂന്നാംഘട്ട നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 'കായികം സഹകരണം-സ്പോർട്സ് മേഖലയിൽ സഹകരണ സംഘം' എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ പ്രവർത്തന

പരിധിയായി കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512 തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

- കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെയാണ് സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു.
- സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിന്

സഹായകമാകുമെന്നതിനാൽ ജില്ലാതലത്തിലും താലൂക്ക് തലത്തിലും സംഘങ്ങളെ ഉൾപ്പെടുത്തി വ്യവസായ പാർക്കുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ച് നടപ്പാക്കുന്നതാണ്.

(ബി) നിലവിൽ വനിത, യുവജന, എസ്.സി., എസ്.ടി., ട്രാൻസ്ജെൻഡർ, അസംഘടിത തൊഴിലാളി എന്നീ വിഭാഗങ്ങളുടെ സ്വാശ്രയത്വവും സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമിട്ട് ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന പരിപാടിയിലുൾപ്പെടുത്തി യുവജനങ്ങൾക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 32 യുവജന സഹകരണസംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ

തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക, അതുവഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് യുവസഹകരണ സംഘങ്ങൾ രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. യുവസഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനായി ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1233, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച് നൽകുന്ന രംഗത്ത് വേറിട്ട മാതൃക സൃഷ്ടിച്ച് മുന്നോട്ടുപോകുന്ന ഒരു യുവജന സഹകരണ സംഘമാണ്. മാലിന്യ സംസ്കരണ ഉപാധിയായ ജി-ബിൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംഘം സ്ഥാപിച്ച് നൽകിവരുന്നു.

തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2283, വൈബ് സർവ്വീസ് ഡിവിഷന്റെ ഭാഗമായി മണ്ഡലത്തിലെ വീടുകളിൽ വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. കൊല്ലം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർട്ടിസ്റ്റ് വെൽഫെയർ യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മീഡിയ പ്രൊഡക്ഷൻ മേഖലയിൽ വേറിട്ട പ്രവർത്തനങ്ങൾ നടത്തിവരുന്ന ഒരു യുവജന സഹകരണ സംഘമാണ്. ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ സ്വാശ്രയത്വവും സാമൂഹിക-സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃദ്ധിക്കും വ്യാപാര വാണിജ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ്

& കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയിൽ 2022-23 വർഷം 15 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്ക് 299.61 ലക്ഷം രൂപയും 2023-24 വർഷം ഇതുവരെ 8 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 185.17 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

കേരളത്തിലെ വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുക, അവരിൽ സ്വാശ്രയ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് മുഖേന

കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്ക് 5 ലക്ഷം രൂപവരെ സംരംഭക വായ്പകൾ അനുവദിച്ചുവരുന്നു. കൂടാതെ വനിതകൾക്ക് ഇലക്ട്രിക് ഉൾപ്പെടെയുള്ള ഇരുചക്ര വാഹനം വാങ്ങുന്നതിന് 2 ലക്ഷം രൂപ വരെയുള്ള ഷീ ടൂ വീലർ വായ്പയും നൽകിവരുന്നു. സഹജ മൈക്രോ ഫിനാൻസ് എന്ന സ്കീമിൽ വനിതകളുടെ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംരംഭകർക്കുവേണ്ടി തുടങ്ങിയ വായ്പാ പദ്ധതിയാണ് കെ.ബി. സഹജ. ഇതിലൂടെ 20 ലക്ഷം രൂപവരെ കുറഞ്ഞ പലിശ നിരക്കിൽ എസ്.എച്ച്.ജി. വായ്പയായി നൽകിവരുന്നു. കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്കുവേണ്ടി 3 ലക്ഷം രൂപവരെ പരസ്പര ജാമ്യത്തിൽ വായ്പ നൽകിവരുന്നു. യുവജനങ്ങളുടെ തൊഴിലവസരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ 35 വയസ്സിൽത്താഴെയുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി കേരള ബാങ്ക് 'യുവമിത്ര' എന്ന വായ്പാ പദ്ധതി നടപ്പിലാക്കിയിരിക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ 40 ലക്ഷം രൂപവരെ നൽകുന്ന ഈ വായ്പ ഉൽപാദന/സേവന/വ്യാപാര രംഗത്തെ ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കൾക്ക് സ്വയം

തൊഴിലിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ സഹായിക്കുന്നു. കോവിഡ് പ്രതിസന്ധിയിൽ വരുമാനം നഷ്ടപ്പെട്ട തെരുവു കച്ചവടക്കാരുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി PM SVANidhi ലോൺ നടപ്പിലാക്കി വരുന്നു. ആദിവാസി മേഖലയുടെ വികസനത്തിനും പ്രത്യേകിച്ച് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനും സാമൂഹിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം തുടങ്ങിയവ ലക്ഷ്യമാക്കി KB Wadi Loan നടപ്പിലാക്കി വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തികവർഷം 246.87 ലക്ഷം രൂപ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുന്നതിനായി 2023-24 സാമ്പത്തികവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തികവർഷം 89.56 ലക്ഷം രൂപ വിവിധ വനിതാസഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നതാണ് വനിതാ ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനുവേണ്ടി അംഗ സംഘങ്ങൾക്ക് വിവിധ പദ്ധതികൾക്ക് വായ്പ നൽകിവരുന്നു. യുവവനിതകളെ സഹകരണമേഖലയിൽ മുന്നോട്ടുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ മൂന്ന് യുവവനിതാ സഹകരണ സംഘം കോട്ടയം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പുമായി സഹകരിച്ച് വനിതാ

സഹകരണ സംഘങ്ങളെ ഉൽപാദന യൂണിറ്റുകളാക്കി മാറ്റുക എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപവരെ വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) സഹകരണമേഖല ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ആഡിറ്റ് വിഭാഗത്തെ നവീകരിക്കുന്നതിനും നൂതന സമ്പ്രദായങ്ങൾ ഏർപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. സംസ്ഥാനത്തൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ആഡിറ്റ് പൈലറ്റ്

പദ്ധതിയായി ആരംഭിച്ചു. തുടർന്ന് കോട്ടയം ജില്ലയിലും നടപ്പിലാക്കി. മറ്റ് ജില്ലകളിൽ ടീം ആഡിറ്റ് ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനം/ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്. ആഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗനിർദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**മിഷൻ 1000 പദ്ധതി**

19 (*49) ശ്രീമതി ദെലീമ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ് മിഷൻ പദ്ധതിയായ 'മിഷൻ 1000' വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ.-കളെ സ്കെയിൽ അപ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:

1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ)
2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)
3. സ്കെയിൽ അപ് ചെയ്യുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ)

4. തിരഞ്ഞെടുക്കുന്ന ഓരോ സംരംഭത്തിനും അവരുടെ വിവിധ സ്കെയിലിംഗ്-അപ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിൽനിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും.

<u>സ്കെയിൽ അപ് മിഷനിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് എം.എസ്.എം.ഇ.-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:</u>

I. ഉദ്യം രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം;
II. 31-03-2023 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം;
III. നിർമ്മാണ മേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം.

ആദ്യ ഘട്ടത്തിൽ ലഭിച്ച അപേക്ഷകൾ കൃത്യമായ പരിശോധനകൾക്കുശേഷം 152 അപേക്ഷകൾ 2023 ഡിസംബർ 21-ന് ചേർന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റി (എസ്.എൽ.എ.സി.) പരിഗണിച്ചു. തുടർന്ന് 152 അപേക്ഷകളിൽ, 60 മാർക്കോ അതിന് മുകളിലോ മാർക്ക്

ലഭിച്ച 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി. മിഷൻ 1000 പദ്ധതിയിലേയ്ക്ക് അംഗീകാരം നൽകി.

(ബി) സംസ്ഥാന വ്യവസായ നയത്തിൽ ഉൾപ്പെട്ട ഏതൊക്കെ മേഖലകൾക്ക് ഈ പദ്ധതി പ്രകാരം മുൻഗണന നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

2023-ലെ കേരള വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള മുൻഗണനാ മേഖലകളിൽ എയ്റോസ്പേസ് & ഡിഫൻസ്, നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതികവിദ്യകൾ, ആയുർവേദം, ബയോടെക്നോളജി & ലൈഫ് സയൻസസ്, രൂപകല്പന, ഇലക്ട്രിക് വാഹനങ്ങൾ, എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും, ഇലക്ട്രോണിക് സിസ്റ്റം രൂപകല്പനയും ഉൽപാദനവും, ഭക്ഷ്യ സാങ്കേതികവിദ്യകൾ, ഗ്രാഫീൻ, ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപന്നങ്ങൾ, ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും, ലോജിസ്റ്റിക്സ് & പാക്കേജിംഗ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിംഗും മാലിന്യ സംസ്കരണവും, പുനരുപയോഗ

ഊർജ്ജം, വിനോദസഞ്ചാരവും ആതിഥേയത്വവും, 3D പ്രിന്റിംഗ് എന്നീ 21 മേഖലകൾ 'മിഷൻ 1000'-ന്റെ മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

(സി) കൂടുതൽ സംരംഭങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 'മിഷൻ 1000' സ്കീമിന്റെ ഒന്നാംഘട്ട സെലക്ഷന്റെ ഔപചാരികമായ ഉദ്ഘാടനം 2024 ജനുവരി 4-ന് നിർവ്വഹിച്ചു. മിഷൻ 1000 സ്കീമിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള സബ്സിഡികൾക്കുവേണ്ടി അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, അടുത്ത ബാച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനുവേണ്ടി മിഷൻ 1000 ഓൺലൈൻ പോർട്ടൽ 2024 ജനുവരി 4-ന് വീണ്ടും തുറന്ന് നൽകിയിട്ടുണ്ട്.

**സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിലെ പദ്ധതികൾ**

20 (*50) ശ്രീ. എം. എം. മണി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:

<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കർഷകരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടും നടപ്പാക്കുന്ന സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതി ഘടകങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

ഉണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് അനുസരിച്ച് കൃഷിയുടെയും അനുബന്ധ മേഖലകളുടെയും മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന് സാങ്കേതികവിദ്യാ പ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് കർഷകരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടും 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന

പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA).

സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക മേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും ടി പദ്ധതിയിലൂടെ സാധിക്കും. ഉൽപാദനത്തിലും സംഭരണത്തിലും വിപണനത്തിലുമുള്ള ഇടപെടലിനൊപ്പം കൃഷി ചെയ്യുന്നത് മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളെയും ടി പദ്ധതിയിലൂടെ പരിപോഷിപ്പിക്കുന്നുണ്ട്. പദ്ധതി ഉപഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- കാർഷിക ഉൽപാദനത്തിന് മുൻപും ഉൽപാദന സമയത്തുമുള്ള സഹായങ്ങൾ
- സംഭരണം, സംസ്കരണം, വിപണനം
- മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും

- കാർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണവും സഹായവും
- പ്രോജക്ട് രൂപപ്പെടുത്തൽ, മൂല്യനിർണ്ണയം, നിരീക്ഷണം, പ്രമാണീകരണം

ടി പദ്ധതി നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽനിന്നും 20 സഹകരണ സംഘങ്ങൾക്കായി 743.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 3450 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ കൃഷി നടത്തുന്ന പദ്ധതി വിജയകരമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംഘംവക സ്ഥലത്തും മറ്റ് സ്ഥലങ്ങളിലുമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുവാൻ ഒരു പദ്ധതി രൂപീകരിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ 608.24 ഏക്കർ സ്ഥലത്ത്

കൃഷി ആരംഭിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ടത്തിൽ "ഒരു ജില്ലയ്ക്ക് ഒരു വിള" എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശ്ശുഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. നാളിതുവരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് ടി പദ്ധതിയിലൂടെ കൃഷി ആരംഭിച്ചിട്ടുണ്ട്.

(സി) കാർഷികോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സഹകരണ ഗ്രാമീണ മാർക്കറ്റുകൾ ആരംഭിച്ചിരുന്നോ; വ്യക്തമാക്കുമോ?

സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA)-യിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ചുവടെപ്പറയുന്ന 11 സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | സംഘത്തിന്റെ പേര് | ജില്ല | അനുവദിക്കുന്ന തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | കരകുളം സർവ്വീസ് സഹകരണ | തിരുവനന്തപുരം | 10.00 |

| | | | |
|---|---|---|---|
| | ബാങ്ക് ലിമിറ്റഡ് നമ്പർ 3064 | | |
| 2 | പൂവറ്റൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3503 | കൊല്ലം | 10.00 |
| 3 | പുതുപ്പള്ളി എസ്.സി.ബി. 2730 | ആലപ്പുഴ | 10.00 |
| 4 | മാടപ്പള്ളി എസ്.സി.ബി. 160 | കോട്ടയം | 10.00 |
| 5 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015 | എറണാകുളം | 10.00 |
| 6 | കൊരട്ടി എസ്.സി.ബി. 590 | തൃശ്ശൂർ | 10.00 |
| 7 | മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് | പാലക്കാട് | 10.00 |
| 8 | മറയൂർ എസ്.സി.ബി. 2022 | ഇടുക്കി | 10.00 |
| 9 | ഉള്ള്യേരി എസ്.സി.ബി. ലിമിറ്റഡ് നം. ഡി. 2033 | കോഴിക്കോട് | 10.00 |
| 10 | മീനങ്ങാടി എസ്.സി.ബി. | വയനാട് | 10.00 |
| 11 | കാസർഗോഡ് എസ്.സി.ബി. | കാസർഗോഡ് | 10.00 |
| **ആകെ തുക** | | | **110.00** |

(ഡി) കാപ്കോസ്, പാപ്കോസ് സംഘങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണവും സംസ്കരണവും പ്രധാന

പ്രവർത്തനോദ്ദേശ്യമായി 27-08-2021-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള സംഘമാണ് 4505 -ാം നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്കോസ്). കോട്ടയം ജില്ലയിലെ 43 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ അംഗങ്ങളാണ്. കോട്ടയം ജില്ലയിലെ മുഴവൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളേയും കാപ്കോസിൽ അംഗങ്ങളാക്കി 10 കോടി രൂപ ഓഹരി മൂലധനമായി സ്വരൂപിക്കുന്നതിന്റെ ഭാഗമായി കാപ്കോസിൽ അംഗത്വം എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 310 കോടി രൂപയാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വരൂപിച്ച ഓഹരി മൂലധനം ഉൾപ്പെടെയുള്ള തുക ഉപയോഗിച്ച് 23-08-2023-ൽ സംഘത്തിന്റെ പേരിൽ 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങിച്ചിട്ടുണ്ട്.

അരിമില്ല് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും താത്പര്യപത്രം ക്ഷണിക്കുന്നതിനും

സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംഘത്തിന് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചേർന്ന് 08-11-2023-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും 2021-2022 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നത് ഉൾപ്പടെയുള്ള പ്രാഥമിക ചെലവുകൾക്കുവേണ്ടി ഓഹരി മൂലധനമായി 20 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുമുണ്ട്.

പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വന്തം ബ്രാൻഡിൽ സഹകരണ സംഘങ്ങൾവഴി വിപണന സ്റ്റാളുകൾ കണ്ടെത്തി വിപണനം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മോഡേൺ റൈസ് മില്ല് സ്ഥാപിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് പാലക്കാട് ജില്ല പ്രവർത്തനപരിധിയായി 'പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ പി-1449 (പാപ്കോസ്)' എന്ന സഹകരണ

സംഘം 29-01-2019-ൽ രജിസ്റ്റർ ചെയ്ത് 06-02-2019-ൽ പ്രവർത്തനം ആരംഭിച്ചു.

സംഘത്തിൽ നിലവിൽ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനം ഒരു കോടി രൂപയും സബ്സിഡിയായി ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 16-07-2019-ന് മോഡേൺ റൈസ് മിൽ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിയുടെ സാങ്കേതികപരമായ കാര്യങ്ങളെക്കുറിച്ച് അവലോകനം ചെയ്യുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന 11 അംഗ ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 16-07-2020-ന് ഓൺലൈനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി

സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**യു.എ.ഇ.-യിലേയ്ക്ക് കപ്പൽ സർവ്വീസ്**

21 (*51) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും യു.എ.ഇ.-യിലേക്ക് യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കേരളവും ഗൾഫ് തീരവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്രാകപ്പൽ സർവീസ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) ഇതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇല്ല.

(സി) യാത്രാക്കപ്പൽ സർവ്വീസ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രാരംഭഘട്ട നടപടികൾ നടന്നുവരുന്നു. എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമാക്കുവാൻ സാധിക്കില്ല.

**തുറമുഖങ്ങളുടെ സമഗ്ര വികസനം**

22 (*52) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന ഐ.എസ്.പി.എസ്. കോഡ് ലഭ്യമായിട്ടുള്ള തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള 4 നോൺ മേജർ തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്.

കോഡ് അംഗീകാരം ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നടപ്പിലാകുന്നതോടുകൂടി ഇവിടങ്ങളിൽ കൂടുതൽ കാർഗോ-യാത്രാ കപ്പലുകൾ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ തുറമുഖങ്ങൾ ആഴംകൂട്ടി അഡീഷണൽ ബർത്തുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് കേരള മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ തുറമുഖങ്ങളുടെ സമഗ്രവികസനത്തിനായുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അഴീക്കൽ

തുറമുഖത്തിന്റെ ഗേറ്റ്, ഗേറ്റ് ഹൗസ്, മറ്റ് അനുബന്ധ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഷിപ്പിംഗ് ഓപ്പറേഷന്റെ ഭാഗമായി വരുന്ന ചരക്ക് കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനും കസ്റ്റംസ് & ഇ.ഡി.ഐ. സൗകര്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ്‌ലൈൻ

സ്ഥാപിക്കുന്നതിനും തുറമുഖ വാർഫിൽ വാച്ച് ടവർ സ്ഥാപിക്കുന്ന പ്രവൃത്തിക്കുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ബേപ്പൂർ

ബേപ്പൂർ കപ്പൽ ചാനലിന്റേയും ബേസിന്റേയും ആഴം വർദ്ധിപ്പിക്കുന്നതിനും അഡീഷണൽ ബെർത്ത് സ്ഥാപിക്കുന്നതിനുമായുള്ള 150 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കൊല്ലം

കപ്പലുകളുടെ സുഗമമായ ബർത്തിംഗിന് തുറമുഖ വാർഫിൽ 51 മറൈൻ ആർച്ച് ഫെൻഡറുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗുകളുടെയും കെ.ഐ.വി. ബിൽഡിംഗിന്റേയും പണി പൂർത്തിയായിട്ടുണ്ട്. കൊല്ലം തുറമുഖത്തിന്റെ ആഴം കൂട്ടുന്നതിനായുള്ള ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്കും അഡീഷണൽ വാർഫ്

നിർമ്മിക്കുന്നതിനുമായുള്ള പദ്ധതിയും കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖത്ത് അന്താരാഷ്ട്ര ക്രൂ ചേഞ്ചിംഗ്, മാലി ദ്വീപിലേയ്ക്കുള്ള ചരക്ക് ഗതാഗതം എന്നിവ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി 50 മീറ്റർ വാർഫ് എക്സ്റ്റൻഷൻ, ട്രാൻസിറ്റ് ഷെഡ്ഡിൽ അറ്റകുറ്റപ്പണികൾ, ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ, ഡ്രഡ്ജിംഗ് എന്നിവയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അന്താരാഷ്ട്ര കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനായി കൊല്ലം തുറമുഖത്തിന് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസ് നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും ഷിപ്പിംഗ് മന്ത്രാലയത്തിനും കത്തയച്ചിട്ടുണ്ട്. അതിൻപ്രകാരം കേന്ദ്ര

ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടിയ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പൂർത്തീകരണ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) നോൺ മേജർ തുറമുഖങ്ങളുടെ പരിധിയിൽ വരുന്ന ഭൂമിയും മറ്റ് ആസ്തികളും വരുമാനദായകമായ രീതിയിൽ ഉപയോഗപ്രദമാക്കുന്നതിന് പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തി അതിർത്തികൾ രേഖപ്പെടുത്തുവാൻ കേരള മാരിടൈം ബോർഡിന് കീഴിൽ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. സർവേ കഴിയുന്ന മുറയ്ക്ക് അതാത് ഭൂമികളിന്മേലും മറ്റ് ആസ്തികളിന്മേലും താത്പര്യപത്രം ക്ഷണിച്ചുകൊണ്ട് വിവിധതരം ടൂറിസം പദ്ധതികളും സമുദ്രാധിഷ്ഠിത വ്യവസായങ്ങളും പി.പി.പി. മാതൃകയിൽ നടത്തത്തക്ക തരത്തിൽ ഫലപ്രദമായി വിനിയോഗിച്ച് വികസനം നടപ്പിലാക്കുക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**പൊതുചെലവുകൾ മുടങ്ങാതെയിരിക്കുന്നതിനുള്ള ഇടപെടലുകൾ**

23 (*53) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഘടനാപരമായി ലഭിക്കേണ്ട നികുതി വിഹിതം കേന്ദ്രം വെട്ടിക്കുറച്ചതിലൂടെയും കടമെടുപ്പ് പരിധിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിലൂടെയും നേരിടുന്ന പ്രതിസന്ധിക്കിടയിലും പൊതു ചെലവുകൾ മുടങ്ങാതെ നടത്തുന്നതിന് സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

സംസ്ഥാനം മുൻപ് അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ആകെ

കടമെടുപ്പിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലും സാമൂഹികക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. അതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സാമ്പത്തിക ഞെരുക്കത്തിനിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തും പുറത്തുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും

ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തികമാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

(ബി) സംസ്ഥാനത്തുനിന്നും പിരിച്ചെടുക്കുന്ന വരുമാനത്തിന്റെ 63 ശതമാനം കേന്ദ്ര സർക്കാരിലേയ്ക്ക് നൽകുമ്പോഴും ചെലവിന്റെ 62 ശതമാനം സംസ്ഥാനം വഹിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2021-26 വർഷങ്ങളിലേയ്ക്കുള്ള റിപ്പോർട്ട് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ആകെ വരുമാനത്തിന്റെ 62.7 ശതമാനം തുകയും കേന്ദ്ര സർക്കാരിന്റെ പക്കലാണെങ്കിലും ആകെ ചെലവുകളുടെ 62.4 ശതമാനം

തുകയും വഹിക്കുന്നത് സംസ്ഥാനങ്ങളാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ബ്രാൻഡിംഗിന്റെ പേരിൽ ആരോഗ്യ മേഖലയിൽ ലഭിക്കേണ്ട തുക കേന്ദ്രസർക്കാർ അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. കേന്ദ്രസർക്കാർ Branding മാർഗനിർദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും മറ്റ് ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽപ്പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽനിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം മുൻകൂറായി ചെലവഴിക്കുകയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ**

24 (*54) ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിസിനസ് ആവശ്യങ്ങൾക്കുള്ള ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ എടുക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ?

50-ാമത് ജി.എസ്.ടി. കൗൺസിലിന്റെ റെക്കമെൻഡേഷൻ അനുസരിച്ച് എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽവരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന് ചട്ടം 138 F ഉൾപ്പെടുത്തിക്കൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4-ലെ നോട്ടിഫിക്കേഷൻ നം.38/2023-സെൻട്രൽ ടാക്സ് പ്രകാരം സി.ജി.എസ്.ടി. റൂളിലും 30-09-2023-ലെ എസ്.ആർ.ഒ. 1062/2023 പ്രകാരം

എസ്.ജി.എസ്.ടി. റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽവരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ട് ലക്ഷമോ അല്ലെങ്കിൽ രണ്ട് ലക്ഷത്തിന് മുകളിൽ അതാത് സംസ്ഥാനങ്ങളിലെ സെൻട്രലിന്റെയും സ്റ്റേറ്റിന്റെയും നികുതി ഡിപ്പാർട്ട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ അതിനുമുകളിൽ മൂല്യംവരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി.എസ്.ടി. ചട്ടം 138 എഫ് പ്രകാരം ഇ-വേ ബിൽ ബാധകമാകുന്ന രണ്ട് ലക്ഷത്തിന് മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സംസ്ഥാനത്ത് ടി കാര്യത്തിൽ ഇ-വേ ബിൽ ബാധകമാകുന്നതാണ്.

(ബി) എങ്കിൽ ആയതിന്റെ പരിധി എത്രയാണെന്നും സ്വർണ്ണത്തിന് ഇ-വേ ബിൽ വേണമെന്ന ആവശ്യം സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നോയെന്നും വ്യക്തമാക്കാമോ?

നികുതി വെട്ടിപ്പ് സാധ്യത മുൻനിർത്തി സ്വർണ്ണത്തിന്റെ ചരക്കുനീക്കത്തിന് ഇ-വേ ബിൽ ബാധകമാക്കണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ, 50-ാം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽവരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന് ചട്ടം 138 F ഉൾപ്പെടുത്തിക്കൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4-ലെ നോട്ടിഫിക്കേഷൻ നം.38/2023-സെൻട്രൽ ടാക്സ് പ്രകാരം സി.ജി.എസ്.ടി. റൂളിലും 30-09-2023-ലെ എസ്.ആർ.ഒ. 1062/2023 പ്രകാരം എസ്.ജി.എസ്.ടി. റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽവരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടുലക്ഷമോ അല്ലെങ്കിൽ ടി തുകയ്ക്ക് മുകളിൽ അതാതു സംസ്ഥാനങ്ങളിലെ, സെൻട്രലിന്റെയും സ്റ്റേറ്റിന്റെയും നികുതി ഡിപ്പാർട്ട്മെന്റ് അതോറിറ്റികൾ സംയുക്തമായി

തീരുമാനിക്കുന്ന തുകയ്ക്കോ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്.

(സി) ജി.എസ്.ടി. കൗൺസിൽ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതിയുടെ നിർദേശാനുസരണം സംസ്ഥാനത്തിനകത്തുള്ള ബിസിനസ് ആവശ്യത്തിന് രണ്ട് ലക്ഷം രൂപവരെ വരുന്ന സ്വർണ്ണ ഇടപാടുകൾക്ക് ഇ-വേ ബിൽ നിഷ്കർഷിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽവരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം ജി.എസ്.ടി. കൗൺസിൽ അതിന്റെ അൻപതാമത് യോഗത്തിൽ ശിപാർശ ചെയ്യുകയും അതനുസരിച്ച് കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4-ലെ നോട്ടിഫിക്കേഷൻ നം. 38/2023-സെൻട്രൽ ടാക്സ് പ്രകാരം ജി.എസ്.ടി. ചട്ടം 138 എഫ് രൂപീകരിക്കുകയും ചെയ്തു. അതിനനുസൃതമായ ചട്ട ഭേദഗതി സംസ്ഥാന ചരക്ക സേവന നികുതി ചട്ടങ്ങളിലും 30-09-2023-ലെ എസ്.ആർ.ഒ.

1062/2023 പ്രകാരം വരുത്തിയിട്ടുണ്ട്. ഈ ഭേദഗതിയനുസരിച്ച് എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽവരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അതിൽ കൂടുതലോ വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി.എസ്.ടി. ചട്ടം 138 എഫ് പ്രകാരം ഇ-വേ ബിൽ ബാധകമായ തുകയുടെ രണ്ട് ലക്ഷത്തിന് മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രസ്തുത വിജ്ഞാപനം ഇറക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കാമോ?

30-09-2023-ലെ എസ്.ആർ.ഒ. 1062/2023 പ്രകാരം കേരള സർക്കാർ പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തിനുള്ളിലോ കേന്ദ്രഭരണ പ്രദേശത്തിനുള്ളിലോ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ ടി തുകയ്ക്ക് മുകളിൽ സംസ്ഥാനത്തിലെ സ്റ്റേറ്റ് ടാക്സിന്റെയും സെന്റർ ടാക്സിന്റെയും അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മുകളിൽ

വരുന്ന ചരക്കുനീക്കത്തിന് ഇ-വേ ബില്ലുകൾ ബാധകമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ബാധകമാക്കുന്നതിനുള്ള രണ്ടുലക്ഷം രൂപയ്ക്ക് മുകളിലുള്ള കുറഞ്ഞ പരിധി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**വൈദ്യുത വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി**

25 (*55) ശ്രീ. എം. മുകേഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിനായി സംസ്ഥാനത്തിന് ആവശ്യമുള്ള മുഴുവൻ വൈദ്യുതിയും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും കണ്ടെത്തുകയെന്ന ലക്ഷ്യം മുൻനിർത്തി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിൽ ജലവൈദ്യുത പദ്ധതികൾ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. ചെറുതും വലുതുമായ ഒട്ടനവധി

പദ്ധതികൾക്ക് കേരളത്തിൽ സാധ്യതയുണ്ട്. 203.50 MW സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ 100 MW സ്ഥാപിതശേഷിയുള്ള 2 ജലവൈദ്യുത പദ്ധതികളുടെ [പള്ളിവാസൽ വിപുലീകരണ പദ്ധതി (60MW/153.90Mu); തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 Mu)] നിർമ്മാണ പ്രവർത്തനങ്ങൾ 2024-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മരിപ്പുഴ (6 MW/14.84 Mu) പദ്ധതിയുടെ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW/22.13 Mu) നടപ്പിലാക്കാൻ ആവശ്യമായ വനഭൂമിയുടെ അനുമതി കാലഹരണപ്പെട്ടതിനാൽ കാലാവധി നീട്ടിത്തരാൻ അപേക്ഷിച്ചിട്ടുണ്ട്. 12 ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള)

വിവിധ ഘട്ടങ്ങളിലാണ്. വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി (240 MW/ 347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽനിന്നും ഇടുക്കി, പള്ളിവാസൽ എന്നീ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജം മുഖേനയുള്ള വൈദ്യുതി ഉൽപാദനം അത്യന്താപേക്ഷിതമാണ്. പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള

വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും ഭൂമിയിലുമായി പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്റ്റുകൾ, വീടുകളുടെ പുരപ്പുറയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം. കുസും, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പി തുടങ്ങിയ സൗരോർജ്ജ പദ്ധതികളും കാറ്റാടി പദ്ധതികളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നുണ്ട്. സ്വകാര്യ മേഖലയിലും സോളാർ/കാറ്റാടി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നിലവിലെ കണക്കുകൾ പ്രകാരം കേരളത്തിന്റെ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി 938 MW ആയിട്ടുണ്ട്. ഇതിൽ കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള 50 MW-ന്റെ രണ്ട് സോളാർ പാർക്കുകൾ, 92.51 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ, അടുത്ത കാലത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച അഗളി - 1 MW, കഞ്ചിക്കോട് - 3 MW, ബ്രഹ്മപുരം - 2.75 MW

എന്നിവിടങ്ങളിലെ സൗരോർജ്ജ നിലയങ്ങൾ, പി.എം. കുസും പദ്ധതിയുടെ കീഴിൽ 6 സൈറ്റുകളിലായി 0.8 MW, സൗര പദ്ധതി പ്രകാരം 185 MW എന്നിവ ഉൾപ്പെടുന്നു.

നിക്ഷേപകർ മുതൽ മുടക്കി താരിഫ് അധിഷ്ഠിത ബിൽഡിംഗിലൂടെ കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന 14 MW സ്ഥാപിതശേഷിയുള്ള കാറ്റാടി നിലയങ്ങൾക്കുള്ള ലെറ്റർ ഓഫ് അവാർഡ് കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിലെ പാപ്പൻപാറയിൽ മൈക്രോഗ്രിഡ് പദ്ധതിയുടെ ഭാഗമായി 250 KW-ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ടിന്റെ 10% ധനസഹായത്തോടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവൃത്തിയായി നടപ്പിലാക്കുന്നു.

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ സോളാർ/വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ/ബി.പി.എൽ. വീടുകളിൽ/പുനർഗേഹം വീടുകളിൽ സൗജന്യമായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ

സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പരമാവധി 50 KW സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ കിലോവാട്ടിന് 20,000/- നിരക്കിൽ 10 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്.

(ബി) കാർബൺ ന്യൂട്രാലിറ്റിയുമായി ബന്ധപ്പെട്ട് ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഹൈഡ്രജൻ വാലിയും ഹൈഡ്രജൻ ഹബ്ബും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ പൈലറ്റ് പദ്ധതികളും തുടർന്ന് വലിയ തോതിലുള്ള ഗ്രീൻ ഹൈഡ്രജൻ ഉൽപാദനവുമാണ് ലക്ഷ്യമിടുന്നത്. പല സ്വകാര്യ സംരംഭകരിൽനിന്നും പദ്ധതി നിക്ഷേപത്തിന് നിർദേശം ലഭിച്ചിട്ടുണ്ട്. ആഭ്യന്തര

ഉപയോഗത്തോടൊപ്പം കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങളിലൂടെ കയറ്റുമതിക്കും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) കാർബൺ എമിഷൻ കുറയ്ക്കുന്നതിനായി വൈദ്യുത വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയെന്ന നയത്തിന് ഊർജ്ജം പകരുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളുടെ കവറേജ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഇ.വി. ചാർജ്ജിംഗ് സ്റ്റേഷൻ നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. കേരളത്തിലുടനീളം 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. അനെർട്ട് മുഖേന 15 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വളരെയധികം ചാർജ്ജിംഗ് സ്റ്റേഷനുകൾ പുതുതായി വരികയും ചാർജ്ജിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഒരേസമയം 20 വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് സൗകര്യമുള്ള ഒരു സോളറൈഡ്സ് ഇ.വി. ചാർജ്ജിംഗ് ഹബ്ബ് പദ്ധതി ഇദംപ്രഥമമായി കലൂർ സബ്സ്റ്റേഷൻ പരിസരത്ത്

സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇലക്ട്രിക് കാറുകളുടെ വ്യാപനം കൂടിയതോടുകൂടി ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തുടങ്ങിക്കഴിഞ്ഞു.

ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് 30-60 മിനിറ്റ് സമയം വേണ്ടിവരുന്നതിനാൽ കഫറ്റീരിയ, വാഷ് റൂം മുതലായ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് അനുയോജ്യമായിട്ടുള്ളത്. കുറഞ്ഞത് 25/30 KW ശേഷി മുതലുള്ള ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ നിഴൽരഹിതമായി നേരിട്ട്

വെയിൽ ലഭ്യതയുള്ള സ്ഥലങ്ങളുള്ള ഹോട്ടലുകളിൽ ചാർജ്ജിംഗ് സ്റ്റേഷനോടൊപ്പം സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോവാട്ടിന് Rs.20,000/- എന്ന കണക്കിൽ പരമാവധി 50 KW സൗരോർജ്ജ സംവിധാനത്തിന് 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

14 ജില്ലകളിലെ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകൾ, തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ 30 KW ശേഷിയുള്ള ഡി.സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയായിവരുന്നു. അടുത്ത സാമ്പത്തിക വർഷം ദേശീയപാത, എം.സി. റോഡ്, മറ്റ് സ്റ്റേറ്റ് ഹൈവേ എന്നിവിടങ്ങളിലെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാർ ധനസഹായത്തോടെ സൗരോർജ്ജ ഇ.വി. ചാർജ്ജിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പദ്ധതിയായിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നത് ഒഴിവാക്കാൻ നടപടി**

26 (*56) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിൽ ഇന്ത്യ ലിമിറ്റഡിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാൻ താല്പര്യപ്പെടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരെയും അടച്ചുപൂട്ടലിലൂടെയുണ്ടാകുന്ന തൊഴിൽനഷ്ടം പരിഹരിക്കുന്നതിനായും സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) തീരുമാനമെടുത്തിട്ടുണ്ട്. കേന്ദ്ര കെമിക്കൽസ് ആൻഡ് പെട്രോളിയം മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ

ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് [HIL (India) Limited] എന്ന സ്ഥാപനത്തിന് മൂന്ന് യൂണിറ്റുകളാണ് നിലവിലുള്ളത്.

1. ഉദ്യോഗമണ്ഡൽ യൂണിറ്റ്, കൊച്ചി, കേരളം
2. രാസായനി യൂണിറ്റ്, മഹാരാഷ്ട്ര
3. ബാതിണ്ട യൂണിറ്റ്, പഞ്ചാബ്.

അതിൽ ഉദ്യോഗമണ്ഡൽ കൊച്ചി യൂണിറ്റും ബാതിണ്ട യൂണിറ്റും അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റ് (DIPAM) വകുപ്പിന്റെ 10-03-2023-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത്

പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും വളരെയധികം പ്രതികൂലമായി ബാധിക്കും. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം, കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിക്കുകയും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽത്തന്നെ നിലനിർത്തുകയെന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനഃനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ചുവരികയാണ്. ഇതോടൊപ്പംതന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച

കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികൾ കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന പേരിൽ പുനഃനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു.

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്താണ് കമ്പനി സ്ഥിതി ചെയ്യുന്നത്. എന്നാൽ ഭൂമിയുടെ കരം അടച്ചുകൊണ്ടിരുന്നത് കമ്പനിയായതിനാൽ ആ സ്ഥലത്തിന്റെ വിലകൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂയെന്ന കേന്ദ്രത്തിന്റെ പുതുക്കിയ നിർദേശം കൈമാറ്റ നടപടികൾ

വൈകുന്നതിന് കാരണമായി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ പുരോഗമിക്കുന്നു.

കേന്ദ്ര സർക്കാർ വിറ്റൊഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. കേന്ദ്ര സർക്കാർ നിർദേശിച്ച സമയപരിധിക്കുള്ളിൽത്തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട EOI (Expression of Interest) സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേയ്ക്ക് കേന്ദ്ര സർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**സാമ്പത്തിക അവകാശങ്ങളുടെ സംരക്ഷണം**

27 (*57) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ സംസ്ഥാനം നേട്ടങ്ങൾ കൈവരിച്ചിട്ടും പ്രസ്തുത മേഖലകളിലെ വികസനത്തിനായി സംസ്ഥാനത്തിന് ലഭിക്കേണ്ട ഭരണഘടനാപരമായ സാമ്പത്തിക അവകാശങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക

വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുകണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണത്തിന്റെ ലഭ്യതയിലും ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും സംസ്ഥാനം വെല്ലുവിളികൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding മാർഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കാത്തതും ഇതേ വിഷയമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതിക്ക് കേന്ദ്രം തുക

അനുവദിക്കാത്തതും സംസ്ഥാനത്ത് നടപ്പിലാക്കേണ്ട വികസന പദ്ധതികളെയാണ് താളം തെറ്റിക്കുന്നത്. കേന്ദ്ര സർക്കാർ Branding മാർഗനിർദേശങ്ങൾ അനുശാസിക്കുന്ന പദ്ധതികളിൽ ചില പദ്ധതികളിൽ സിംഹഭാഗവും മറ്റ് ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. കേന്ദ്രവിഹിതം ലഭ്യമാകാതിരുന്നിട്ടുപോലും എൻ.എച്ച്.എം. പോലുള്ള പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന വിഹിതവും അധിക വിഹിതവും പ്രസ്തുത പദ്ധികൾക്ക് മുൻകൂറായി സംസ്ഥാനം നൽകിവരുന്നുണ്ട്.

(സി) സാമ്പത്തിക അവകാശങ്ങളുടെ സംരക്ഷണത്തിനും ആയവ നേടിയെടുക്കുന്നതിനുമായി സംസ്ഥാനം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; ആയത് നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റംഗങ്ങൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി

സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ വകുപ്പുകളിൽനിന്ന് ലഭ്യമാക്കി എം.പി.-മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുമുണ്ട്.

**കേരളീയത്തിന്റെ ഭാഗമായി നടന്ന ധനകാര്യ സെമിനാർ**

28 (*58) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക അടിയന്തരാവസ്ഥയുൾപ്പെടെയുള്ള നീക്കങ്ങൾ ഫെഡറലിസത്തിന് എതിരാണെന്ന് കേരളീയത്തിന്റെ ഭാഗമായി നടന്ന ധനകാര്യ സെമിനാറിൽ സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

ജി.എസ്.ടി. വന്നതുമൂലം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം, കടമെടുപ്പ് പരിധി വെട്ടിക്കുറച്ച കേന്ദ്രനയം എന്നിവ കേരളീയത്തിന്റെ ഭാഗമായി നടന്ന ധനകാര്യ സെമിനാറിൽ പരാമർശിക്കുകയുണ്ടായി.

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങൾ പതിനാറാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ ഉന്നയിക്കണമെന്ന നിർദേശങ്ങളാണ് സെമിനാറിൽ ഉയർന്നുവന്നതെന്ന് വിശദമാക്കാമോ?

പതിനാറാം ധനകാര്യ കമ്മീഷന്റെ പരാമീറ്ററുകൾ നിശ്ചയിക്കുമ്പോൾ ആവശ്യമായ മാറ്റങ്ങൾ വരുത്തിയെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സെമിനാറിൽ അഭിപ്രായമുയർന്നു. അധികാരവികേന്ദ്രീകരണത്തിനുള്ള മാനദണ്ഡങ്ങളിലും അവയ്ക്ക് നൽകിയിരിക്കുന്ന വെയിറ്റേജിലും ആവശ്യമായ മാറ്റങ്ങളെക്കുറിച്ചുള്ള

ആശയങ്ങൾ ഏകീകരിക്കാനും ഇക്കാര്യങ്ങൾ നന്നായി പഠിച്ച് ഒരു നിർദേശം തയ്യാറാക്കി പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനും കേരളം ഉടൻ ശ്രമിക്കണമെന്നും നിർദ്ദേശമുണ്ടായിട്ടുണ്ട്. കൂടാതെ, അടിസ്ഥാന സൗകര്യങ്ങളുടെ ഗണ്യമായ കുറവ്, വയോജനങ്ങളുടെ ജനസംഖ്യയിലുള്ള വർദ്ധനവ്, വനസംരക്ഷണം, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം, റവന്യൂ കമ്മി എന്നിവ ഉയർന്ന കേന്ദ്രവിഹിതം അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കണമെന്ന് കേരളത്തിന് ആവശ്യപ്പെടാവുന്നതാണെന്നും നിർദേശം ഉന്നയിച്ചിട്ടുണ്ട്.

(സി) പ്രതികൂല സാഹചര്യത്തിലും കേരള വികസന മാതൃകയുടെ അടിത്തറയിൽനിന്നുകൊണ്ട് വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലുള്ള പരിവർത്തന നടപടികൾക്ക് തുടക്കമിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാഥമിക ഏജൻസിയാണ് കെ-ഡിസ്ക്. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്കുള്ള കേരളത്തിന്റെ പരിവർത്തനം

സുഗമമാക്കുന്നതിനുള്ള അധിക ചുമതലയും കെ-ഡിസ്കിന് നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും കെ-ഡിസ്കിന്റെ മുൻഗണനാ വിഷയങ്ങളാണ്.

**തുറമുഖങ്ങളുടെ വികസനം**

29 (*59) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിശ്ചയിച്ച സമയത്തിനുമുമ്പ് തുറമുഖം കമ്മീഷൻ ചെയ്യുവാൻ സാധിക്കുമോ; തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മദർഷിപ്പ് അടക്കം എത്ര കപ്പലുകൾ നങ്കൂരമിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി സംസ്ഥാന സർക്കാർ അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി (AVPPL) ഏർപ്പെട്ട കൺസഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യേണ്ടിയിരുന്നത് 3-12-2019-നായിരുന്നു. എന്നാൽ, തുറമുഖ നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പുലിമുട്ട് (Breakwater) നിർമ്മിക്കുന്നതിനുള്ള കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കുവാൻ AVPPL-ന് സാധിക്കാതെവന്ന സാഹചര്യത്തിൽ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ (December 3, 2019) പൂർത്തീകരിക്കാൻ കഴിയാതെവരികയും ഇത് പദ്ധതി നീണ്ടുപോകാനും ഇടയായി. AVPPL സമർപ്പിച്ച പുതുക്കിയ നിർമ്മാണ പൂർത്തീകരണ ഷെഡ്യൂൾ പ്രകാരം ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 3-12-2024-ന്

പൂർത്തിയാക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി നിലവിൽ നാല് കപ്പലുകളാണ് ചൈനയിൽനിന്നും തുറമുഖത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള ക്രെയിനുകളുമായി എത്തിച്ചേർന്നിട്ടുള്ളത്. ഈ കപ്പലുകൾ ഒന്നുംതന്നെ മദർഷിപ്പ് വിഭാഗത്തിൽപ്പെട്ടവയല്ല. തുറമുഖം കമ്മീഷൻ ചെയ്ത് പ്രവർത്തനസജ്ജമാക്കുന്ന മുറയ്ക്കായിരിക്കും മദർഷിപ്പുകൾ തുറമുഖത്ത് എത്തിച്ചേരുന്നത്.

(സി) തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും തൊഴിൽ മേഖലയിലും ഉണ്ടാകുന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ കുതിച്ചുചാട്ടത്തിന് സാധ്യതയുള്ള ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. വിഴിഞ്ഞം തുറമുഖം നിലവിൽവരുന്നതോടുകൂടി

കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ നിരവധി പുരോഗതികളുണ്ടാകും. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർത്തിരിക്കുന്നു.

1. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ വഴിയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ സാധ്യമാകും.
2. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാവുന്നതും, അങ്ങനെ വിവിധ ഘട്ടങ്ങളിലായി 3-4 ദശലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നതുമാണ്.
3. അന്താരാഷ്ട്ര കപ്പൽപാതയ്ക്ക് ഏറ്റവും അടുത്ത് കേവലം 10 നോട്ടിക്കൽ മൈൽ അകലെയാണ് വിഴിഞ്ഞത്തിന്റെ സ്ഥാനം. ആയതിനാൽ, ഈ പാതയിലൂടെ ഇന്ന് സഞ്ചരിക്കുന്ന ഏറ്റവും വലിയ കപ്പലുകൾക്ക് വളരെ ചുരുങ്ങിയ സമയത്ത് ഇവിടെ എത്തിച്ചേരാൻ സാധിക്കും. ഇതിലൂടെ ഇന്ത്യയുടെ ചരക്ക് കൈകാര്യം ചെയ്യുന്ന മറ്റ് തുറമുഖങ്ങളായ കൊളംബോ, സിംഗപ്പൂർ, സലാല, ദുബായ് തുറമുഖങ്ങൾക്ക്

ലഭിച്ചുകൊണ്ടിരുന്ന വിദേശവിനിമയ വരുമാനം ഇന്ത്യയിലെത്തുന്നത് സാധ്യമാകും. ഇത് ഏകദേശം 2500 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

4. കയറ്റുമതി - ഇറക്കുമതി വ്യാപാരത്തിൽ കണ്ടെയ്നർ ഒന്നിന് 6,000 മുതൽ 8,000 രൂപ വരെ ലാഭിക്കാൻ കഴിയും.
5. വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ ചരക്ക് നീക്കത്തിനുള്ള കൂലി ഗണ്യമായി കുറയുന്നതോടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനാകും.
6. വിഴിഞ്ഞം തുറമുഖത്തിലൂടെ കയറ്റുമതിയും ഇറക്കുമതിയും വർദ്ധിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ മേഖലയിൽ വൻകുതിച്ചുചാട്ടമുണ്ടാകും.
7. തുറമുഖം വഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും പ്രത്യക്ഷമായോ പരോക്ഷമായോ ശരാശരി 6 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.

തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ, തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിതമാകുവാനും അതുവഴി പ്രാദേശിക വികസനവും നിരവധി തൊഴിലവസരങ്ങളും വന്നുചേരുമെന്നും പ്രതീക്ഷിക്കുന്നു.

പശ്ചാത്തല അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി, റെയിൽ കണക്ടിവിറ്റി എന്നിവയും തുറമുഖ നിർമ്മാണത്തോടൊപ്പം സ്ഥാപിക്കുന്നുണ്ട്. ഇതുവഴി കണ്ടെയ്നർ ചരക്ക് ഗതാഗതം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കും.

വിഴിഞ്ഞത്ത് ഒരു സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഇതുവഴി തുറമുഖാധിഷ്ഠിത കോഴ്സുകൾ മുഖേന തുറമുഖ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ മാനവശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ, വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ സജ്ജമാകുന്നതോടുകൂടി എത്തിച്ചേരാൻ സാധ്യതയുള്ള അവസരങ്ങളെ വിനിയോഗിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഒരു വികസന ഇടനാഴി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ

ഭാഗമായുള്ള 80 കി.മീ. നീളമുള്ള ഔട്ടർ റിംഗ് റോഡിന്റെ ടെൻഡർ നടപടികൾ എൻ.എച്ച്.എ.ഐ. ആരംഭിച്ചിട്ടുണ്ട്. വികസന ഇടനാഴിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

(ഡി) സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്. അംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്. അംഗീകാരം ലഭിച്ചിട്ടുണ്ട്.

**നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ**

30 (*60) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങൾക്കുമുമ്പ് പ്രവൃത്തി ആരംഭിച്ച് ഇനിയും പൂർത്തീകരിക്കാത്ത വൈദ്യുത പദ്ധതികളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വർഷങ്ങൾക്ക് മുമ്പ് പ്രവൃത്തി ആരംഭിച്ച് നിന്നുപോകുകയും ഇനിയും പൂർത്തിയാക്കാത്ത വൈദ്യുത പദ്ധതികളെക്കുറിച്ച് വിലയിരുത്തി തുടർപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുകയും വിശദമായ പഠനത്തിനുശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുകയും ദർഘാസുകൾ ക്ഷണിക്കുകയും ചെയ്തു. ദർഘാസുകളുടെ വിശദമായ മൂല്യനിർണ്ണയത്തിനുശേഷം വർക്ക് അവാർഡ് ചെയ്ത് നൽകി. കുറവുകൾ പരിഹരിച്ച് ജോലികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്.

1. 2007-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പള്ളിവാസൽ വിപുലീകരണ പദ്ധതിയെപ്പറ്റി സാങ്കേതിക പഠനങ്ങൾ നടത്തുകയും ആ പഠനങ്ങളുടെ വെളിച്ചത്തിൽ വേണ്ട തിരുത്തലുകളോടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്നു.

2. 2008-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച തോട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിനാൽ പ്രസ്തുത കരാർ അവസാനിപ്പിച്ച് ബാക്കി

പണികൾക്ക് പുതിയ കരാർ നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുണ്ട്.

3. 2009-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെ ടണൽ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി M/s NIRM-നെക്കൊണ്ട് ജിയോഫിസിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള ജിയോളജിക്കൽ ഇൻവെസ്റ്റിഗേഷൻ M/s NIRM മുഖേന ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. പഠന റിപ്പോർട്ട് അനുസരിച്ച് ടണൽ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

4. 2013-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ 99.5% പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 86.61%.

5. 26-10-2017-ന് കരാർ നൽകിയ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി (7.5 MW), വിവിധ അനുമതികൾ ലഭിക്കാനുണ്ടായ കാലതാമസം, പൊതുജന

എതിർപ്പിനെ തുടർന്ന് റവന്യൂ അധികാരികൾ നല്കിയ സ്റ്റോപ് മെമ്മോ, നിരക്കുവർദ്ധന ആവശ്യപ്പെട്ട് കോൺട്രാക്ടർ കോടതിയെ സമീപിച്ചത് തുടങ്ങിയ കാരണങ്ങളാൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

സ്വകാര്യ സംരംഭകർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനെപ്പറ്റിയുള്ള വിശദമായ പഠനം എനർജി മാനേജ്മെന്റ് സെന്റർ നടത്തുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉണ്ട്.

| നം. | പദ്ധതി | പുതുക്കിയ അടങ്കൽ തുക (Rs.Cr.) | ഇതുവരെയുള്ള പദ്ധതി ചെലവ് (20-01-2024) Rs.Cr.) | പദ്ധതി പൂർത്തിയാക്കുവാൻ ഇനി ആവശ്യമായ തുക (Rs.Cr.) |
|---|---|---|---|---|
| 1. | പള്ളിവാസൽ വിപുലീകരണ പദ്ധതി | 434.76 | 397.93 | 36.83 |
| 2. | ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി | 232.26 | 110.08 | 112.18 |

| | | | | |
|---|---|---|---|---|
| 3. | ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി | 189.84 | 178.12 | 11.72 |
| 4. | തോട്ടിയാർ ജലവൈദ്യുത പദ്ധതി | 198.89 | 162.64 | 36.25 |
| 5. | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | 82.50 | 55.21 | 27.29 |
| 6. | പഴശ്ശിസാഗർ | 94.68 | 12.88 | 90 |
| 7. | മാങ്കുളം ജലവൈദ്യുത പദ്ധതി | 295.25 | 21.38 | 273.89 |
| 8. | ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി | 42.55 | 6.43 | 36.12 |
| 9. | പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി | 41.33 | 3.68 | 37.6 |

(സി) ഇവയുടെ പണി പൂർത്തിയാക്കിയാൽ പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കാമെന്നത് പരിഗണിച്ച് അടിയന്തരമായി പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ മേൽനോട്ടത്തിന് പ്രോജക്ട് മാനേജറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുകയും പുരോഗതി പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി മുഖേന നിശ്ചിത ഇടവേളകളിൽ വിലയിരുത്തുകയും തദ്വാര ത്വരിതഗതിയിലാക്കുകയും ചെയ്തുവരുന്നു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**സർക്കാർ സ്ഥാപനങ്ങളുടെ വാടക ബാധ്യത**

1(397) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വാടക ബാധ്യത ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വാടക ബാദ്ധ്യത ഒഴിവാക്കുന്നതിന് വിഭവലഭ്യതയ്ക്കനുസരിച്ച് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി**

2(398) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര ഉൽപാദനത്തിന്റെ മൂന്ന് ശതമാനമായി നിശ്ചയിച്ചതനുസരിച്ച് ഇതുവരെ എത്ര തുകയാണ് കടമെടുത്തതെന്ന് വ്യകതമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തികവർഷം 2023 ഡിസംബർ 31 വരെ സംസ്ഥാനം പൊതുകടമിനത്തിൽ (തനി) 17,988.21 കോടി രൂപ കടമെടുത്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ കടമെടുക്കാവുന്ന തുക എത്രയാണ്; ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തികവർഷം അവസാന പാദത്തിലേയ്ക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ കടമെടുക്കുന്നതിനായി 7437.61 കോടി രൂപയുടെ അനുമതി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അവസാന പാദത്തേയ്ക്ക്

മുൻകൂറായി ലഭിച്ച 2000 കോടി രൂപയ്ക്കുപുറമെ, 1838 കോടി രൂപ മാത്രമെ കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ഇതിനുപുറമെ ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായി ജി.എസ്.ഡി.പി.-യുടെ 0.5% വരെ നടപ്പ് സാമ്പത്തികവർഷം അധിക കടമെടുപ്പിനായി കേന്ദ്ര സർക്കാരിനോട് അനുമതി തേടിയിരുന്നെങ്കിലും പ്രസ്തുത അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല.

(സി) ഈ വർഷത്തെ വിവിധ ചെലവുകൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ

പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്.

**വിവിധ സ്കോളർഷിപ്പുകൾക്കായി വകയിരുത്തിയിട്ടുള്ള തുക**

3 (399) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഉൾപ്പെടെ വിവിധ സ്കോളർഷിപ്പുകൾക്കായി വകയിരുത്തിയിട്ടുള്ള തുകയും ഓരോ ഇനത്തിലും നാളിതുവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക/ന്യൂനപക്ഷ വിഭാഗത്തിലുൾപ്പെടുന്ന വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പുകൾക്കായി വകയിരുത്തിയിട്ടുള്ള തുകയും ഓരോ ഇനത്തിലും നാളിതുവരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | തുക കോടിയിൽ |
|---|---|---|---|
| ക്രമ നം. | സ്കോളർഷിപ്പ് | ബജറ്റ് വിഹിതം | ചെലവ് (30-01-2024 വരെ) |
| | **പട്ടികജാതി വിഭാഗം** | | |
| 1 | പ്രീ-മെട്രിക് സ്കോളർഷിപ്പ് | 33 | 32.2 |
| 2 | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് | 18 | 14.32 |
| 3 | പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്കുള്ള അധിക സംസ്ഥാന സഹായം | 161 (103 കോടി രൂപ ബജറ്റ് വിഹിതം+ 58 കോടി രൂപ അധികധനമായി അനുവദിച്ചു) | 145.19 |
| 4 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (60:40 കേന്ദ്ര സംസ്ഥാന വിഹിതം) | 65 | 65 |
| 5 | IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (60:40) കേന്ദ്ര സംസ്ഥാന വിഹിതം) | 18 | 0 |
| 6 | ശുചീകരണവും ആരോഗ്യ അപകടങ്ങൾക്ക് സാധ്യതയുള്ളതുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (60:40 കേന്ദ്ര സംസ്ഥാന വിഹിതം) | 0.30 | 0 |
| 7 | പട്ടികജാതി വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ സഹായം | 130 | 101.36 |
| | **ആകെ** | **425.30** | **358.07** |
| | **പട്ടിക വർഗ്ഗ വിഭാഗം** | | |
| 1 | പ്രീ-മെട്രിക് സ്കോളർഷിപ്പ് | 16.5 | 14.89 |

| തുക കോടിയിൽ | | | |
|---|---|---|---|
| **ക്രമ നം.** | **സ്കോളർഷിപ്പ്** | **ബജറ്റ് വിഹിതം** | **ചെലവ് (30-01-2024 വരെ)** |
| 2 | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് | 6.3 | 2.45 |
| 3 | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (75:25 കേന്ദ്ര സംസ്ഥാന വിഹിതം) | 35 | 29 |
| 4 | IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് (75:25 കേന്ദ്ര സംസ്ഥാന വിഹിതം) | 3.75 | 0 |
| | **ആകെ** | **61.55** | **46.34** |
| **പിന്നാക്ക വിഭാഗം** | | | |
| 1 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 265.33 (222 കോടി ബജറ്റ് വിഹിതം +43.33 കോടി അധികധനമായി അനുവദിച്ചിട്ടുണ്ട്) | 221.73 |
| 2 | പ്രീ-മെട്രിക് സ്കോളർഷിപ്പ് | 25 | 23.34 |
| 3 | വിദേശ പഠനത്തിനുള്ള ധനസഹായം | 2 | 0.94 |
| 4 | മാതാപിതാക്കൾ നഷ്ടപ്പെട്ട പിന്നാക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ് | 0.5 | 0.008 |
| 5 | 'കെടാവിളക്ക്' മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന ഒന്ന് മുതൽ 8 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | 25 | 0 |

| തുക കോടിയിൽ | | | |
|---|---|---|---|
| ക്രമ നം. | സ്കോളർഷിപ്പ് | ബജറ്റ് വിഹിതം | ചെലവ് (30-01-2024 വരെ) |
| 6 | ഒ.ബി.സി., ഇ.ബി.സി., ഡി.എൻ.ടി വിഭാഗത്തിലുള്ള വിദ്യാർഥികൾക്കുള്ള PM YASASVI പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (60:40 കേന്ദ്ര സംസ്ഥാന വിഹിതം) | 20 | 2.24 |
| 7 | ഒ.ബി.സി., ഇ.ബി.സി., ഡി.എൻ.ടി. വിഭാഗത്തിലുള്ള വിദ്യാർഥികൾക്കുള്ള PM YASASVI പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (60:40 കേന്ദ്ര സംസ്ഥാന വിഹിതം) | 60 ( 20 കോടി ബജറ്റ് വിഹിതം + 40 കോടി അധിക ധനമായി അനുവദിച്ചു) | 60 |
| | **ആകെ** | **397.83** | **308.258** |
| **ന്യൂനപക്ഷ വിഭാഗം** | | | |
| 1 | ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 8 | 0.01 |
| 2 | സി.എ./ ഐ.സി. ഡബ്ല്യു. എ/ സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് | 0.97 | 0.16 |
| 3 | സമർത്ഥരായ ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 6.52 | 4.72 |
| 4 | നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ് | 0.68 | 0.67 |
| 5 | 3 വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ് | 0.82 | 0.7 |
| | **ആകെ** | **16.99** | **6.26** |
| **മറ്റ് വിഭാഗങ്ങൾ** | | | |

| തുക കോടിയിൽ | | | |
|---|---|---|---|
| ക്രമ നം. | സ്കോളർഷിപ്പ് | ബജറ്റ് വിഹിതം | ചെലവ് (30-01-2024 വരെ) |
| 1 | മറ്റു സമുദായങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ | 16 | 16 |

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയും നടപടികളും

4(400) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി തളർത്തുന്നതിന് കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികളും ഇതിനെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ബി) ധനകാര്യ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അടിയന്തര സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് നടപ്പാക്കിയ ട്രഷറി നിയന്ത്രണം പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബിയും കെ.എസ്.എസ്.പി.-യും എടുത്ത കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത

തുക നാല് തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽനിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. നികുതി- നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് കോട്ടം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്. സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന വേളയിലും അടിയന്തര പ്രാധാന്യമുള്ളതും പ്രതിജ്ഞാബദ്ധമായതുമായ ചെലവുകൾക്ക് ട്രഷറി നിയന്ത്രണം ഏർപ്പെടുത്താതെയാണ് സർക്കാർ ഇപ്പോൾ മുന്നോട്ടുപോകുന്നത്.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ**

5(401) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി ഏറ്റവും ഒടുവിൽ റിപ്പോർട്ട് സമർപ്പിച്ചത് എന്നാണ്; ഏതെല്ലാം നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടത്; വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ഏതെല്ലാം ശിപാർശകളാണ് ബജറ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം നിർത്തിവച്ചതായുള്ള മാധ്യമ റിപ്പോർട്ടുകൾ സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഏതെല്ലാം വർഷത്തെ റിപ്പോർട്ടുകളാണ് ഇനി നിയമസഭയിൽ സമർപ്പിക്കാനുള്ളതെന്ന് വിശദമാക്കാമോ?

(എ-ഇ) 2003-ലെ കേരള ധനസംബന്ധമായ **ഉത്തരവാദിത്വം** ആക്ടിലെ (2003-ലെ 29) 6-ാം വകുപ്പ് പ്രകാരം സർക്കാർ പൊതുചെലവ് പുന:പരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന രൂപീകരിക്കേണ്ടതുണ്ട്. 16-09-2022-ലെ SRO No. 892/2022 പ്രകാരം ഡോ. ഡി. നാരായണ ചെയർമാനായി രൂപീകരിച്ച ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. 2005-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങളിലെ 8-ാം ചട്ടം 1-ാം ഉപ ചട്ടപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ

വിനിയോഗിച്ചുകൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലെ ധനലക്ഷ്യങ്ങളിലുണ്ടായിട്ടുള്ള ഓരോ ഇനത്തിന്റെയും വ്യതിയാനം സൂചിപ്പിക്കുന്ന പൂർണ്ണമായ കണക്ക് നൽകുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് എല്ലാ വർഷവും ഡിസംബർ മാസത്തിന് മുൻപായി സമർപ്പിക്കുക എന്നുള്ളതാണ് കമ്മിറ്റിയുടെ കർത്തവ്യം.

ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2019-20, 2020-21, 2021-22 വർഷങ്ങളിലെ അന്തിമ റിപ്പോർട്ട് ഇപ്പോൾ തയ്യാറാക്കി വരികയാണ്. കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ 7-ാം വകുപ്പ്, കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങൾ 2005-ലെ ചട്ടം-9 (1) എന്നിവ പ്രകാരം സംസ്ഥാനത്തിന്റെ മുൻവർഷത്തെ ചെലവിന്മേലുള്ള പുനഃപരിശോധന സംബന്ധിച്ച ഒരു റിപ്പോർട്ട് എല്ലാ വർഷവും ഡിസംബർ മാസത്തിന് മുൻപായി ഇതിനായി നിയോഗിക്കപ്പെട്ട പൊതുവ്യയ പുനഃപരിശോധന കമ്മിറ്റി സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. നിലവിലെ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും.

## സംസ്ഥാനത്തിന്റെ പൊതു കടം

6(402) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്നും നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നും വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 മാർച്ച് 31-ലെയും 2023 മാർച്ച് 31-ലെയും സംസ്ഥാനത്തിന്റെ പൊതുകടം യഥാക്രമം 109730.97 കോടി രൂപയും 2,38,000.97 കോടി രൂപയുമാണ്.

(ബി) 2016 മാർച്ച് 31-ന് സംസ്ഥാനത്തെ ആളോഹരി കടം എത്രയായിരുന്നുവെന്നും നിലവിൽ സംസ്ഥാനത്തെ ആളോഹരി കടം എത്രയാണെന്നും വ്യക്തമാക്കുമോ?

ബജറ്റ് രേഖയായ 2023-24-ലെ ബജറ്റ് ഇൻ ബ്രീഫിലെ ജനസംഖ്യയനുസരിച്ച് 2015-16, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആളോഹരി കടം യഥാക്രമം 45821.78 രൂപയും 101645.07 രൂപയുമാണ്.

(സി) ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ പൊതുകടത്തിലും ആളോഹരി കടത്തിലുമുണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടവും അവയുടെ വർദ്ധനവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പൊതു കടം (കോടി) | പൊതു കടത്തിലെ വർദ്ധനവ് (കോടി) | ആളോഹരി കടം (രൂപയിൽ) | ആളോഹരി കടത്തിലെ വർദ്ധനവ് (രൂപയിൽ) |
|---|---|---|---|---|
| 2016-17 | 125883 | 16152 | 53923 | 8101 |
| 2017-18 | 142985 | 17102 | 60632 | 6709 |
| 2018-19 | 158234 | 15250 | 67433 | 6801 |
| 2019-20 | 174640 | 16406 | 74110 | 6677 |
| 2020-21 | 199682 | 25042 | 84091 | 9981 |
| 2021-22 | 219975 | 20293 | 94576 | 10485 |
| 2022-23 | 238001 | 18026 | 101645 | 7069 |

**കേരളീയത്തിന് വിവിധ സ്ഥാപനങ്ങൾ നൽകിയ തുക**

7(403) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം പരിപാടിക്കായി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന വിവിധ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

കേരളീയം പരിപാടിക്കായി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പായി 10,00,000/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ, കേരളീയത്തിന്റെ ഭാഗമായി 'കേരള ഇക്കോണമി' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിലെ ചെലവുകൾക്കായി 1,95,575/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിനുകീഴിലുള്ള കിഫ്ബിയിൽനിന്നും 13-10-2023-ലെ സ.ഉ.(കൈ) നം.153/2023/ധന ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരളീയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി 15

കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നുവെങ്കിലും ആ ഇനത്തിൽ നാളിതുവരെ കിഫ്ബി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ, കേരളീയം പരിപാടിയുടെ ഭാഗമായി മോഡ്യൂളുകൾ തയ്യാറാക്കുന്നതിനായി 1,77,000/- രൂപയും സെമിനാറുകൾ സംഘടിപ്പിച്ച ഇനത്തിൽ 1,20,793/- രൂപയും സ്റ്റാളുകൾ സ്ഥാപിക്കാൻ 61,19,193.26/- രൂപയും മീഡിയ ഇനത്തിൽ 2,32,36,052.36/- രൂപയും വാടക, വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിൽ 1,33,457/- രൂപയും ചേർത്ത് ആകെ 2,97,86,495.62/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ക്ഷേമ പെൻഷനുകൾക്കുള്ള തുക കണ്ടെത്തുന്നതിന് നടപടി**

8(404) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തിക വർഷത്തിന്റെ അവസാനപാദം എത്ര കോടി രൂപ കടമെടുക്കാനാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; എത്ര കോടി രൂപ കടമെടുക്കാനാണ് കേന്ദ്രാനുമതി ലഭിച്ചത്; വിശദമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം അവസാന പാദത്തിലേയ്ക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗിലൂടെ 7437.61 കോടി രൂപ എടുക്കുന്നതിനായിട്ടുള്ള അനുമതിക്ക് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അവസാന പാദത്തേയ്ക്ക് മുൻകൂറായി ലഭിച്ച 2000 കോടി രൂപയ്ക്ക് പുറമെ, 1838 കോടി രൂപ കടമെടുക്കുന്നതിന് മാത്രമേ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ഇതിനുപുറമെ ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായി ജി.എസ്.ഡി.പി.-യുടെ 0.5% വരെ നടപ്പ് സാമ്പത്തിക വർഷം അധികകടമെടുപ്പിനായി കേന്ദ്ര സർക്കാരിനോട് അനുമതി തേടിയിരുന്നെങ്കിലും പ്രസ്തുത അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) ഇത് വാർഷിക പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി നടത്തിപ്പിനായി എപ്രകാരം തുക കണ്ടെത്താനാകുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും

അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്.

(സി) വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനും കരാറുകാർക്കുള്ള തുക നൽകാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി നൽകുന്നതാണ്. കരാറുകാരുടെ ബില്ലുകൾക്ക്

ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. 2020 സെപ്തംബർ മാസം മുതൽ പരമാവധി അതത് മാസംതന്നെ സാമൂഹിക സുരക്ഷ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. പെൻഷൻ മുടക്കംകൂടാതെ നൽകുന്നതിനായി സർക്കാർ ഇതിനോടകംതന്നെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നൊരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചതും, സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിനായി പെട്രോൾ, ഡീസൽ സെസ്സ് ഏർപ്പെടുത്തിയതും ഈ നടപടികളുടെ ഭാഗമാണ്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹിക സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തി വരുന്നത്.

**രാജ്ഭവന്റെ ചെലവുകൾക്കായി അനുവദിച്ച തുക**

9(405) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്ഭവന്റെ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ?

രാജ്ഭവന്റെ ചെലവുകൾക്കായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2012 എന്ന മേജർ ശീർഷകത്തിൽ 1252.76 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) ബജറ്റ് വിഹിതത്തിന് പുറമെ എത്ര തുക അധികമായി അനുവദിച്ച് നൽകി; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ബജറ്റ് വിഹിതത്തിന് പുറമെ 258.47 ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകി; വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക (ലക്ഷത്തിൽ) |
|---|---|
| മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 9.25 |
| യാത്രാ ചെലവുകൾ | 118.24 |
| വെള്ളക്കരം | 10.50 |
| വൈദ്യുതി ചെലവ് | 10.48 |
| ടെലിഫോൺ ചെലവ് | 2.34 |
| മറ്റു ചെലവുകൾ | 76.66 |

| | |
|---|---|
| വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.00 |
| ഇന്ധന ചെലവുകൾ | 9.00 |
| അതിഥി സൽക്കാര ചെലവുകൾ | 20.00 |

**ലൈഫ് മിഷൻ പദ്ധതിക്കായി വകയിരുത്തിയ തുക**

10(406) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ലൈഫ് മിഷൻ പദ്ധതിക്കായി വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ ഈ ഇനത്തിൽ അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ലൈഫ് പദ്ധതിക്കുള്ളിൽ വരുന്ന വിവിധ പദ്ധതികൾക്ക് നടപ്പ് സാമ്പത്തികവർഷം (2023-24) ബജറ്റ് വിഹിതമായി 1894.76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, അതിൽനിന്നും നാളിതുവരെ 691.94 കോടി രൂപ

ചെലവായിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ചലഞ്ച് ഫണ്ട് മുഖേനയുള്ള കെട്ടിടനിർമ്മാണം**

11(408) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ചലഞ്ച് ഫണ്ട് സൗകര്യം ഏതൊക്കെ സ്കൂളുകളിൽ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ ചലഞ്ച് ഫണ്ട് സൗകര്യത്തിനായി ദേവർകോവിൽ വെസ്റ്റ് എൽ.പി. സ്കൂളിന് 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കുന്നുമ്മൽ സബ് ജില്ലയിലെ ദേവർ കോവിൽ വെസ്റ്റ് എൽ.പി. സ്കൂളിന് ചലഞ്ച് ഫണ്ട് പ്രകാരം ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടും ഫണ്ട് ലഭ്യമാക്കാനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവർകോവിൽ വെസ്റ്റ് എൽ.പി. സ്കൂളിന് 10 ലക്ഷം രൂപ ചലഞ്ച് ഫണ്ടിൽ അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും സ്കൂൾ പ്രധാനാധ്യാപിക 16-11-2021-നാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നത്. പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ സാമ്പത്തികവർഷം കഴിഞ്ഞുപോയിരുന്നതിനാൽ അനുവദിച്ച ചലഞ്ച് ഫണ്ട് തുക നഷ്ടപ്പെടാതിരിക്കാൻ ഈ തുക വിദ്യാഭ്യാസ ഉപഡയറക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത തുക പിൻവലിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേരളത്തിന്റെ കടമെടുപ്പ് പരിധി**

12(409) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ കേരളത്തിന്റെ കടമെടുപ്പ് പരിധി എത്ര ശതമാനമായിരുന്നുവെന്നത് വ്യക്തമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയ്ക്കനുസൃതമായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ്

സംസ്ഥാനം കടമെടുക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനമായിരുന്നു. എന്നാൽ പി.എഫ്. ഉൾപ്പെടെയുള്ള പൊതുകണക്ക്, എസ്.പി.വി.-യുടെ കടമെടുക്കൽ മുതലായവ ഈ പരിധിക്ക് പുറമെയായിരുന്നു.

(ബി) നിലവിൽ കേരളത്തിന്റെ കടമെടുപ്പ് പരിധി എത്ര ശതമാനമാണ് എന്നത് വിശദമാക്കാമോ?

നടപ്പ് സാമ്പത്തികവർഷം (2023-24) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനമാണ്. ഇതിനുപുറമെ ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായി ജി.എസ്.ഡി.പി.-യുടെ 0.5% വരെ അധിക കടമെടുപ്പുകൂടി കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

**പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

13(410) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ എത്ര പ്രൊപ്പോസൽ ലഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ധനകാര്യ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അതിൽ പ്രവൃത്തികൾ പൂർത്തിയായവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) മറ്റ് പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും വ്യക്തമാക്കുമോ?

(എ-സി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ നാളിതുവരെ ലഭിച്ച പ്രൊപ്പോസലുകളും ധനാനുമതി ലഭിച്ച പ്രവൃത്തികളും എല്ലാ പദ്ധതികളുടെയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

**കിഫ്ബി ഫണ്ടുപയോഗിച്ച് ആറ്റിങ്ങൽ യു.പി.എസ്. കെട്ടിടനിർമ്മാണം**

14(411) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് കിലയെ നിർവഹണ ഏജൻസിയാക്കി നടപ്പാക്കുന്ന ആറ്റിങ്ങൽ ടൗൺ യു.പി.എസ്. കെട്ടിട നിർമ്മാണം, നഗരൂർ നെടുമ്പറമ്പ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം, തട്ടത്തുമല എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളിൽ കിഫ്ബി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**(എ) ടൗൺ യു.പി.എസ്. ആറ്റിങ്ങൽ**

പ്രസ്തുത സ്കൂളിന് 04-11-2020-ന് കിഫ്ബി 99,61,259/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് ഡി.എസ്.ആർ. & ജി.എസ്.ടി. നിരക്കുകളിലെ മാറ്റം പരിഗണിച്ച് 21-10-2023-ൽ 1,29,98,930/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ ടി.എസ്. ഫയൽ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. 22-01-2024-ന് കിഫ്ബി ടി.എസ്. ഫയലിന് അംഗീകാരം നൽകിയിട്ടുണ്ട്.

**നഗരൂർ നെടുമ്പറമ്പ് എച്ച്.എസ്.എസ്.**

പ്രസ്തുത സ്കൂളിന് 04-11-2020-ന് കിഫ്ബി 99,99,163/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ ടെക്നിക്കൽ ഇഷ്യൂ കാരണം ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി കിഫ്ബിയിൽ സമർപ്പിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് കഴിഞ്ഞിട്ടില്ല. ടി സാങ്കേതികാനുമതി കിഫ്ബിയിൽ സമർപ്പിക്കാൻ പദ്ധതി നിർവഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തട്ടത്തുമല എച്ച്.എസ്.എസ്.**

പ്രസ്തുത സ്കൂളിന് 04-11-2020-ന് കിഫ്ബി 99,99,864/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ ടെക്നിക്കൽ ഇഷ്യൂ കാരണം ഈ പ്രവൃത്തിയുടെ പുതുക്കിയ സാങ്കേതികാനുമതി കിഫ്ബിയിൽ സമർപ്പിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് കഴിഞ്ഞിട്ടില്ല. ടി സാങ്കേതികാനുമതി കിഫ്ബിയിൽ സമർപ്പിക്കാൻ പദ്ധതി നിർവഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നിലനിൽക്കുന്ന തടസ്സങ്ങൾ വിശദമാക്കുമോ?

**ടൗൺ യു.പി.എസ്. ആറ്റിങ്ങൽ**

പദ്ധതി നിർവഹണ ഏജൻസി പി.ഇ.ഡി. (പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടണം. പി.ഇ.ഡി. അംഗീകാരം ലഭിച്ചതിനുശേഷം പദ്ധതി നിർവഹണ ഏജൻസിക്ക് ടെൻഡർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്.

**തട്ടത്തുമല എച്ച്.എസ്.എസ്., നഗരൂർ നെടുമ്പറമ്പ് എച്ച്.എസ്.എസ്.**

പ്രൈസ് സോഫ്റ്റ്‌വെയർ ടെക്നിക്കൽ ഇഷ്യൂ കാരണം പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി കിഫ്ബിയിൽ സമർപ്പിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് കഴിഞ്ഞിട്ടില്ല. ഈ സാങ്കേതികാനുമതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കണം. അതിനുശേഷം പദ്ധതിയുടെ പി.ഇ.ഡി. (പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടണം. അതിനുശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെൻഡർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്.

## കിഫ്ബി ഫണ്ട് വഴി സ്കൂൾ കെട്ടിടനിർമ്മാണം

15(412) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖാന്തരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൂതൃക്ക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെയും പഴന്തോട്ടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) പൂതൃക്ക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചു. ഫൗണ്ടേഷൻ പണികൾ പുരോഗമിച്ചുവരികയാണ്. പഴന്തോട്ടം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിയിൽ 30-03-2023-ൽ പദ്ധതി നിർവഹണ ഏജൻസി

സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ സ്ഥലപരിശോധനയ്ക്കുശേഷം വിശദമായ മണ്ണുപരിശോധന റിപ്പോർട്ട് സമർപ്പിക്കാൻ പദ്ധതി നിർവഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കിഫ്ബി സഹായത്തോടെ സ്കൂൾ നിർമ്മാണം**

16(413) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന തൃശ്ശൂർ ജില്ലയിലെ തിരുവത്ര ജി.എം.എൽ.പി.എസ്. സ്കൂളിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണമെന്താണെന്നും പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളെന്താണെന്നും വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ തിരുവത്ര ജി.എം.എൽ.പി.എസ്. സ്കൂളിന്റെ ഡി.പി.ആർ. പദ്ധതി നിർവഹണ ഏജൻസി GED003-29 എന്ന സബ് പ്രോജക്റ്റിൽ 01-01-2023-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിക്കുകയും ചില ഭേദഗതികൾ വരുത്തി പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ട് 13-07-2023-ന് ടി.എ.ആർ.-1

(ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്) പദ്ധതി നിർവഹണ ഏജൻസിക്ക് നൽകിയിരുന്നു. പദ്ധതി നിർവഹണ ഏജൻസി വീണ്ടും സമർപ്പിച്ച ഡി.പി.ആർ.-ൽ ഭേദഗതികൾ പൂർണ്ണമായും വരുത്താത്തതിനാൽ 20-11-2023-ന് ടി.എ.ആർ.-2 നൽകിയിരുന്നു. വീണ്ടും പദ്ധതി നിർവഹണ ഏജൻസി സമർപ്പിച്ച പരിഷ്കരിച്ച ഡി.പി.ആർ. 11-01-2024-ന് പദ്ധതി നിർവഹണ ഏജൻസിക്ക് ടി.എ.ആർ.-3 സഹിതം അയച്ച് നൽകിയിരുന്നു. ഇപ്രകാരം പൂർണ്ണമായും പരിഷ്കരിച്ച ഡി.പി.ആർ. കിഫ്ബിയുടെ നിർദേശ പ്രകാരം GED003-30 എന്ന മറ്റൊരു സബ് പ്രോജക്റ്റിൽ 18-01-2024-ന് പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിന്റെ വിശദാംശം ലഭ്യമാക്കാമോ?

GED003-29, GED003-30 എന്നീ ഫയലുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് നിർമ്മാണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17(414) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-മൂപ്പൻ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും ഇനിയും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ?

(എ&ബി) മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡിന് 09-11-2018-ലെ PWD006-30-PA-01 നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം 20.27 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. തുടർന്ന് 22-10-2022-ന് 25.445 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നെങ്കിലും, സാങ്കേതികാനുമതി തുക ധനാനുമതി തുകയെക്കാൾ 25 ശതമാനത്തോളം അധികരിച്ചതിനാൽ ധനാനുമതി പുതുക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ എസ്.പി.വി. 19-01-2023-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ട്രാഫിക് സർവെ

റിപ്പോർട്ടിലെ അപാകതകൾ സംബന്ധിച്ച് കിഫ്ബി സ്ഥലപരിശോധന നടത്തുകയും ട്രാഫിക് പുനഃപരിശോധിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി തുടർന്നുവന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ 11-10-2023-ന് പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം ധനാനുമതി പുതുക്കി, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്സ് (പി.ഇ.ഡി.) കിഫ്ബി അംഗീകരിച്ചതിനുശേഷം മാത്രമെ പ്രവൃത്തി ടെൻഡർ ചെയ്യാവൂ എന്നിരിക്കെ, അത് ലഭിക്കുന്നതിന് മുമ്പുതന്നെ നിർവഹണ ഏജൻസി ടെൻഡർ ക്ഷണിക്കുകയും 13-03-2023-ലെ 41-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും 04-04-2023-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തതായി എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ശേഷം 13-11-2023-ന് എസ്.പി.വി. സമർപ്പിച്ച പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിന് കിഫ്ബി 02-12-2023-ന് അംഗീകാരം നൽകിയതിനെ തുടർന്ന് 07-12-2023-ന് എസ്.പി.വി. കരാറുകാരന് Letter of Acceptance (LoA) നൽകിയിട്ടുണ്ട്. എന്നാൽ കരാർ ഉടമ്പടി വയ്ക്കുന്നതിനായി

31-01-2024 വരെ സമയം നീട്ടി നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നാണ് എസ്.പി.വി. അറിയിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിർദേശങ്ങളും പാലിക്കാതെ എസ്.പി.വി. ടെൻഡർ നടപടികളിലേയ്ക്ക് കടന്നതുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരുന്നത്.

**അരിനല്ലൂർ-പെരിങ്ങാലം പാലം നിർമ്മാണം**

18(415) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിരുന്ന ചവറ നിയോജകമണ്ഡലത്തിലെ അരിനല്ലൂർ-പെരിങ്ങാലം പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

ചവറ നിയോജകമണ്ഡലത്തിലെ അരിനല്ലൂർ - പെരിങ്ങാലം പാലം പ്രവൃത്തിയുടെ ഡി.പി.ആർ. നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.

23-12-2022-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 03-06-2023-ന് സാങ്കേതിക അവലോകന റിപ്പോർട്ട് കെ.ആർ.എഫ്.ബി.-ക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൻ പ്രകാരം കിഫ്ബി നിർദേശിച്ച ഭേദഗതികളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തിരുത്തൽ വരുത്തി പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

19(416) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

(എ-സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദ വിവരങ്ങളും നിലവിലെ സ്ഥിതിയും കാലതാമസമുണ്ടെങ്കിൽ അതിനുള്ള കാരണവും അനുബന്ധമായി ചേർക്കുന്നു.+

**കായപ്പനച്ചി -കുന്നംചിറ -എടച്ചേരി (പുതിയങ്ങാടി ) റോഡ് നിർമ്മാണം**

20(417) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന നാദാപുരം നിയോജകമണ്ഡലത്തിലെ കായപ്പനച്ചി-കുന്നംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം പ്രഖ്യാപിച്ച്, 10-07-2017-ലെ സ.ഉ (സാധാ) നം. 942/2017/പി.ഡബ്ല്യൂ.ഡി. ഉത്തരവുപ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്ന "കയപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ്" എന്ന പ്രവൃത്തി "കായപ്പനച്ചി-കുന്നംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡ്" എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് 16-04-2022-ലെ സ.ഉ (സാധാ) നം.449/2022/പി.ഡബ്ല്യൂ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് കിഫ്ബിയിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ടെന്നും കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്. ഡിസൈൻ വിംഗിൽനിന്നും ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ഇതിനായി അധിക ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനായി

കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിലേയ്ക്ക് 26-09-2023-ൽ ഡിസൈൻ വിംഗിൽനിന്നും കത്ത് നൽകുകയും ചെയ്തിരുന്നു. നിലവിൽ കോഴിക്കോട് ആർ.ഐ.ക്യു.സി. വിംഗിൽ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണെന്നും ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കി പൊതുമരാമത്ത് ഡിസൈൻ വിംഗിൽനിന്നും എസ്.പി.വി.-ക്ക് ലഭ്യമാകുന്നമുറയ്ക്ക് അത് കിഫ്ബിക്ക് സമർപ്പിക്കുന്നതാണെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി നിർവഹണ ഏജൻസി ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് അത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## കിഫ്ബി മുഖേന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

21(418) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന അക്രെഡിറ്റഡ് ഏജൻസികളായ ഇൻകൽ, കിറ്റ്കോ, വാപ്ക്കോസ്, റ്റി.ഡി.എൽ.സി., കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്രം, കെ.ആർ.എഫ്.ബി., കെ.എസ്.റ്റി.പി. തുടങ്ങിയവ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം, ആരംഭിച്ച തീയതി, നിലവിലെ സ്ഥിതി എന്നിവ ഏജൻസി തിരിച്ച് പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി, നിർമ്മാണം ആരംഭിച്ച തീയതി, പദ്ധതി നിർവഹണ ഏജൻസി എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

22(419) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന നടപ്പാക്കുന്നതും കിറ്റ്കോ നിർവഹണ ഏജൻസിയായിട്ടുമുള്ള കോങ്ങാട് നിയോജകമണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി 28-04-2018-ലെ സ.ഉ. (സാധാ) നം.847/2018/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നിർവഹണ ഏജൻസിയായി (എസ്.പി.വി.) കൈറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പിന്നീട്, കൈറ്റിനുപകരം കിറ്റ്കോ-യെ എസ്.പി.വി. ആക്കിക്കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ

കിഫ്ബി പരിശോധിക്കുകയും 30-10-2020-ലെ HED007-36/APR-6/2020/KIIFB ഉത്തരവുപ്രകാരം 10,15,53,109/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. അതിനുശേഷം ഡി.എസ്.ആർ., GRIHA, കെ.എം.ബി.ആർ 2019 എന്നിവ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് എസ്.പി.വി. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും അത് പരിശോധിച്ച് 30-03-2023-ലെ HED007-36/APR-4/2023/KIIFB നമ്പർ ഉത്തരവുപ്രകാരം 13,56,28,769/- രൂപയുടെ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്കായി എസ്.പി.വി. ആയ കിറ്റ്കോ നിലവിൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിഫ്ബി നൽകുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള സാങ്കേതികാനുമതി നൽകുക, ടെൻഡർ ക്ഷണിക്കുക, പ്രവൃത്തി അവാർഡ് ചെയ്യുക തുടങ്ങി പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ

സ്വീകരിക്കേണ്ടത് എസ്.പി.വി. ആയ കിറ്റ്കോ ആണ്. ഇതിലേയ്ക്കാവശ്യമായ നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു.

(സി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി നൽകുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ പദ്ധതിക്കായി 11,41,83,083.97 രൂപയുടെ സാങ്കേതികാനുമതി എസ്.പി.വി. നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. തദനുസരണം ലഭ്യമാകുന്ന പ്രൈസ് ബിഡ്സ് പരിശോധിച്ചതിനുശേഷം സാങ്കേതികാനുമതി നൽകുന്ന കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് കോൺട്രാക്ടർക്ക് പ്രവൃത്തി അവാർഡ് ചെയ്ത് പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-ക്ക് സ്വീകരിക്കാവുന്നതാണ്.

**കിഫ്ബി ഫണ്ടുപയോഗിച്ച് മാർക്കറ്റുകളുടെ നവീകരണം**

23(420) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ടുപയോഗിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവഹണ ഏജൻസിയാക്കി നടപ്പാക്കുന്ന വക്കം, മാങ്കുഴി, നിലയ്ക്കാമുക്ക്, കിളിമാനൂർ (പഴയകുന്നുമ്മേൽ) മാർക്കറ്റുകളുടെ നവീകരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന വക്കം, മാങ്കുഴി, നിലയ്ക്കാമുക്ക്, കിളിമാനൂർ (പഴയകുന്നുമ്മേൽ) മൽസ്യമാർക്കറ്റുകളുടെ നവീകരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**തങ്കളം-കാക്കനാട് നാലുവരിപ്പാത**

24(421) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന എറണാകുളം ജില്ലയിലെ തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

01-11-2016-ലെ സ.ഉ. (ആർ.ടി.) നം.1502/2016/പി.ഡബ്ല്യു.ഡി. പ്രകാരം 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച തങ്കളം - കാക്കനാട് നാലുവരി പാതയുടെ 20/000 കി.മീ. മുതൽ 27/324 കി.മീ. വരെയുള്ള ചെയിനേജിന്റെ ഡി.പി.ആർ. പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രാഥമിക സാങ്കേതിക അവലോകന റിപ്പോർട്ടും 13-07-2021-ന് നടത്തിയ സ്ഥലപരിശോധനയുടെ റിപ്പോർട്ടും തുടർനടപടികൾക്കായി കിഫ്ബിയിൽനിന്നും കെ.ആർ.എഫ്.ബി.-ക്ക് നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ കോതമംഗലം നിയോജകമണ്ഡലത്തിൽ വരുന്ന 20/000 മുതൽ 27/324 കി.മീ. വരെയുള്ള ചെയിനേജിൽ ഗ്രേഡിയന്റ് 18% മുതൽ 34% വരെ ആയതിനാൽ ഈ പാത ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസൈൻ ചെയ്യാൻ സാധ്യമല്ലെന്ന് പൊതുമരാമത്ത് ഡിസൈൻ

വിഭാഗത്തിൽനിന്നും വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഉന്നതതല തീരുമാനമെടുക്കുന്നതിനായി കെ.ആർ.എഫ്.ബി. കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12-05-2023-ന് കിഫ്ബിയിലെ ഉന്നതതല ഉദ്യോഗസ്ഥർ നടത്തിയ സ്ഥലപരിശോധനയിൽ കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെയുള്ള (ചെയിനേജ് 0/000 മുതൽ 27/324 വരെ) ഇപ്പോഴത്തെ അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത വിവരം കെ.ആർ.എഫ്.ബി.-യെ അറിയിക്കുകയും ചെയ്തിരുന്നു. ഈ അലൈൻമെന്റിൽ ഉൾപ്പെടുന്ന ഭൂമിയേറ്റെടുക്കൽ പുരോഗമിക്കുന്ന 24/600 മുതൽ 26/057 വരെയുള്ള ഭാഗം സ്റ്റേറ്റ് ബജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ തുടർനടപടികൾക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നാണ് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുള്ളത്.

(ബി) അലൈൻമെന്റിൽ മാറ്റം വരുത്താതെ കിഫ്ബി പദ്ധതിയായി തന്നെ പ്രസ്തുത പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

12-05-2023-ന് കിഫ്ബിയിലെ ഉന്നതതല ഉദ്യോഗസ്ഥർ നടത്തിയ സ്ഥലപരിശോധനയിൽ കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെയുള്ള (ചെയിനേജ് 0/000 മുതൽ 27/324 വരെ) ഇപ്പോഴത്തെ അലൈൻമെന്റ് ഐ.ആർ.സി. മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടതിനാൽ ഐ.ആർ.സി. മാനദണ്ഡപ്രകാരം നടപ്പാക്കാൻ കഴിയുന്ന ബദൽ അലൈൻമെന്റിനുള്ള സാധ്യത പരിശോധിച്ച് കിഫ്ബിക്ക് സമർപ്പിക്കാൻ എസ്.പി.വി. ആയ കെ.ആർ.എഫ്.ബി.-ക്ക് നിർദേശം നൽകിയിട്ടുണ്ട്.

**തരൂർ നിയോജകമണ്ഡലത്തിലെ കല്ലിങ്കൽ പാടം ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

25(422) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ലിങ്കൽ പാടം ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ

പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്നും നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കല്ലിങ്കൽ പാടം ജി.എച്ച്.എസ്.എസ്. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പദ്ധതി നിർവഹണ ഏജൻസിയായ (എസ്.പി.വി.) കില സാങ്കേതികാനുമതി നൽകി കിഫ്ബിയിൽ സമർപ്പിച്ചിരുന്ന 2018 ഡി.എസ്.ആർ. നിരക്കിലുള്ള 1.30 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 22-01-2024-ൽ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റസ് (പി.ഇ.ഡി.) കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി നിർവഹണ ഏജൻസിയായ കില ഇത് സമർപ്പിക്കുന്നമുറയ്ക്ക് എത്രയും പെട്ടെന്ന് കിഫ്ബിയിൽനിന്നും അംഗീകാരം നൽകുന്നതാണ്. അതിനുശേഷം എസ്.പി.വി. ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

**മണലൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതികൾ**

26(423) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം നൽകിയ ശിപാർശകളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വർഷത്തെ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകാനുണ്ടെന്നും ഭരണാനുമതി നൽകാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ആസ്തിവികസന ഫണ്ട് സംബന്ധിച്ച ഗൈഡ് ലൈൻ പരിഷ്കരിക്കുന്ന നടപടി**

27(424) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രിത ഓട്ടോണമസ് സ്ഥാപനങ്ങളായ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ എന്നിവയ്ക്ക് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ചെലവഴിച്ച് അക്കാദമിക് ബ്ലോക്കുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് നൽകിയ 21-02-2022-ലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിനുകൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകാൻ നിർവാഹമില്ലെന്ന വിവരം 23-06-2022-ലെ 2077453/എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് നൽകിയ 12-10-2022-ലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്.

(ബി) ആസ്തിവികസന ഫണ്ട് സംബന്ധിച്ച് ഗൈഡ് ലൈൻ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത ഗൈഡ്‌ലൈൻ പരിഷ്കരിക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ നിർദേശം ഒരു വർഷത്തോളമായിട്ടും തീരുമാനമാകാതെ നീളുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തര ഇടപെടൽ നടത്തി പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(ബി&സി) ആസ്തിവികസന ഫണ്ടിന്റെയും പ്രത്യേക വികസന ഫണ്ടിന്റെയും മാർഗ്ഗനിർദേശങ്ങൾ ഭേദഗതിചെയ്യുന്നതിനുള്ള നടപടികൾ 2318523/NC-B3/10/2023/FIN എന്ന ഫയലിൽ പുരോഗമിച്ചുവരികയാണ്. 20-09-2023-ന് നിയമസഭാ സെക്രട്ടേറിയറ്റ് സംഘടിപ്പിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കുള്ള പരിശീലന പരിപാടിയിൽ, 'ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും ബജറ്റ് നടപടിക്രമവും' എന്ന സെഷനിൽ ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന ഫണ്ട് എന്നിവയുടെ മാർഗ്ഗനിർദേശങ്ങൾ പുതുക്കുന്നത് സംബന്ധിച്ച് കൂടുതൽ നിർദേശങ്ങൾ

ലഭ്യമാക്കാൻ താല്പര്യപ്പെടുന്നുവെങ്കിൽ അത് ലഭ്യമാക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിനോട് അത് ക്രോഡീകരിച്ച് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ ഭേദഗതി നിർദേശങ്ങൾ സംബന്ധിച്ച് പ്രസ്തുത ഫണ്ടുകളുടെ നിർവഹണ ചുമതലയുള്ള ജില്ലാ നോഡൽ ഓഫീസുകൾ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി അഡീഷണൽ സെക്രട്ടറി തലത്തിൽ ഓൺലൈൻ മീറ്റിംഗ് നടത്തുകയും മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിക്കുന്നതിൽ അഭിപ്രായം രേഖപ്പെടുത്താനുണ്ടെങ്കിൽ ഉചിതതലത്തിൽ സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുമുണ്ട്. നിർദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

28(425) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും നിലവിലെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി**

29(426) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പഞ്ചായത്ത് ആസ്തികളിൽ രേഖപ്പെടുത്തിയിട്ടുള്ളതും ഉപയോഗയോഗ്യമല്ലാത്ത രീതിയിൽ തകർന്ന് കിടക്കുന്നതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ റോഡുകൾ ടാറിംഗ് ചെയ്തും ഇന്റർലോക്കിംഗ് ടൈൽ വിരിച്ചും സംരക്ഷിക്കുന്നതിനായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും തുക വിനിയോഗിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിന്റെ നിർദേശം കാരണം അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥയും റോഡുകൾ പുനരുദ്ധരിക്കാൻ മറ്റ് ഫണ്ടുകൾ അനുവദിക്കപ്പെടാത്ത സാഹചര്യവും കണക്കിലെടുത്ത് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾക്ക് പ്രത്യേക അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 2023-24 നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും തുക വിനിയോഗിച്ച് വൈപ്പിൻ നിയോജകമണ്ഡലത്തിലെ തകർന്നുകിടക്കുന്ന വിവിധ റോഡുകളുടെ

പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ പ്രത്യേക അനുമതിക്കായി ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ. ലഭ്യമാക്കിയ ശിപാർശ പരിഗണിച്ചുകൊണ്ട് 07-12-2023-ലെ സ.ഉ.(സാധാ) നം.8638/2023/ധന. പ്രകാരം ഒരു കോടി രൂപയുടെ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.+

**എടച്ചേരി ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മാണം**

30(427) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എടച്ചേരി ഗ്രാമ പഞ്ചായത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ സേവിംഗ്സിൽനിന്നും ഫണ്ട് അനുവദിക്കാൻ എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എടച്ചേരി ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിലെ സേവിംഗ്സിൽനിന്നും ഫണ്ട് അനുവദിക്കാൻ എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതിക്കായി നം. E2564224 NC-C2/43/2023-FIN ഫയലിൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും അതിന്മേൽ കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ജില്ലാ കളക്ടറുടെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. നിർദേശിച്ച പ്രത്യേകാനുമതി ആവശ്യം ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ 2017-18 മുതൽ 2023-24 വരെയുള്ള ടെൻഡർ സേവിംഗ്സ് തുക**

31(428) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തിവികസന ഫണ്ട്/എസ്.ഡി.എഫ്. പദ്ധതികളിൽനിന്നും 2017-18

മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതികളിൽനിന്നും 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. പ്രത്യേക വികസന നിധിയിൽ ടെൻഡർ സേവിംഗ്സ് അനുവദനീയമല്ല.

| **സാമ്പത്തിക വർഷം** | **ടെൻഡർ സേവിംഗ്സ് തുക(ലക്ഷത്തിൽ)** |
|---|---|
| 2017-18 | 31.66 |
| 2018-19 | 14.54 |
| 2019-20 | 6.67 |
| 2020-21 | 0.30 |
| 2021-22 | 0 |
| 2022-23 | 22.09 |
| 2023-24 | 0 |

(ബി) പ്രസ്തുത സേവിംഗ്സ് തുകകൾ ഉപയോഗിച്ച് പുതുതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത സേവിംഗ്സ് തുക ഉപയോഗിച്ച് പുതുതായി നടപ്പാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചാലക്കുടി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗം**

32(429) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും ഭരണാനുമതി നൽകിയ തുകയും ടെൻഡർ ചെയ്ത തുകയും എത്രയെന്നും അറിയിക്കുമോ;

(ഡി) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയ്ക്ക് ഭരണാനുമതി നൽകിയ തുക എത്രയെന്നും ടെൻഡർ ചെയ്ത തുക എത്രയെന്നും അറിയിക്കാമോ;

(ഇ) 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഏതൊക്കെ സാമ്പത്തികവർഷത്തെ ടെൻഡർ സേവിംഗ്സ് തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ വിശദാംശവും നൽകാമോ;

(എഫ്) സാമ്പത്തികവർഷത്തെ ടെൻഡർ സേവിംഗ്സ് തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

(എ-എഫ്) ഉത്തരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

33(430) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2018-19 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെൻഡർ സേവിംഗ്സ് തുക താഴെച്ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2018-19 | 18,93,829/- |
| 2019-20 | 29,00,249/- |
| 2020-21 | 2,68,425/- |

(ബി) പ്രസ്തുത തുകയുപയോഗിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പാക്കുന്നതിന് അനുവാദമുണ്ടോ; വിശദമാക്കാമോ?

അനുവാദമുണ്ട്. 17-12-2022-ലെ 145/2022/ധന. ഉത്തരവുപ്രകാരം ഏത് സാമ്പത്തിക വർഷത്തിലാണോ ടെൻഡർ സേവിംഗ്സ് തിട്ടപ്പെടുത്താൻ സാധിക്കുന്നത്, ആ സാമ്പത്തിക വർഷത്തിലോ തൊട്ടടുത്ത സാമ്പത്തിക വർഷത്തിലോ ഉള്ള പുതിയ പദ്ധതികൾക്കോ ടെൻഡർ എക്സസ്സിനുവേണ്ടിയോ തുക വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെൻഡർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതുമില്ല.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രത്യേക വികസന നിധി എന്നിവയുടെ വിനിയോഗം**

34(431) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2021-22, 2022-23 വർഷങ്ങളിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ

വിശദവിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പാറശാല നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

35(432) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദേശമായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടനിർമ്മാണം അനുവദനീയമാണ്. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഇതുവരെയുള്ള ടെൻഡർ സേവിംഗ്സ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെൻഡർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| സാമ്പത്തിക വർഷം | ടെൻഡർ സേവിംഗ്സ് തുക |
|---|---|
| 2021-22 | 61,00,939/- |
| 2022-23 | 49,14,666/- |
| 2023-24 | 1,27,632/- |

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വയനാട് മെഡിക്കൽ കോളേജിൽ നടപ്പാക്കുന്ന പദ്ധതി**

36(433) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ നാളിതുവരെ എം.എൽ.എ. - എ.ഡി.എഫ്., എം.എൽ.എ. - എസ്.ഡി.എഫ്.

പദ്ധതികളിൽ ഉൾപ്പെടുത്തി വയനാട് മെഡിക്കൽ കോളേജിന് അനുവദിച്ച പദ്ധതികളുടെ പേരും തുകയും വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ നാളിതുവരെ വരെ എം.എൽ.എ.-എ.ഡി.എഫ്., എം.എൽ.എ. - എസ്.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി വയനാട് മെഡിക്കൽ കോളേജിന് അനുവദിച്ച പദ്ധതികളുടെ പേരും തുകയും നിലവിലെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എൽ.എ.സി.-എ.ഡി.എസ്., എസ്.ഡി.എഫ്. പ്രവൃത്തികൾ**

37(434) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിലെ എൽ.എ.സി.-എ.ഡി.എസ്., എസ്.ഡി.എഫ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളുടെ നിർവഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിലെ എൽ.എ.സി.-എ.ഡി.എസ്., എസ്.ഡി.എഫ്. പ്രവൃത്തികളുടെ നിർവഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആസ്തി വികസന ഫണ്ട്**

38(435) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014-15 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ചതും വിവിധ കാരണങ്ങളാൽ ആരംഭിക്കാൻ സാധിക്കാത്തതുമായ പ്രവൃത്തികൾക്ക് പകരം എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

(എ&ബി) ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014-15 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എം.എൽ.എ. ആസ്തിവികസന ഫണ്ടിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ചതും വിവിധ കാരണങ്ങളാൽ ആരംഭിക്കാൻ സാധിക്കാത്തതുമായ പ്രവൃത്തികൾക്ക് പകരം എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

**മണലൂർ നിയോജകമണ്ഡലത്തിൽനിന്നും ശിപാർശ ചെയ്ത പ്രവൃത്തികൾ**

39(436) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽനിന്നും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ടിലേയ്ക്ക് ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്നും ഭരണാനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

നിർവഹണോദ്യോഗസ്ഥരിൽനിന്നും എസ്റ്റിമേറ്റും അനുബന്ധരേഖകളും ലഭ്യമാകാത്തതിനാലാണ് ഭരണാനുമതി നൽകാൻ കഴിയാത്തത്. ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് നിർവഹണോദ്യോഗസ്ഥർക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ത്വരിതഗതിയിൽ ഭരണാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭരണാനുമതി നൽകുന്നത് ത്വരിതഗതിയിലാക്കുന്നതിന് ആവശ്യമുള്ള രേഖകൾ സമർപ്പിക്കാൻ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

**കേന്ദ്രസർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തിലെ കുറവ്**

40(437) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിൽ ഏതെല്ലാം ഇനത്തിൽ എത്ര കോടി രൂപയുടെ കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം

ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷന്തോറുമുണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്ന കേന്ദ്ര സഹായം 9217.79 കോടി രൂപയായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ലഭിച്ചത് 4587.79 കോടി രൂപ മാത്രമാണ്. ചരക്കുസേവന നികുതി നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12,000 കോടി രൂപയുടെ വരുമാനകുറവാണ് സംസ്ഥാനത്തിനുണ്ടാകുക. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് 8,400 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ബ്രാൻഡിംഗ്/നെയിമിംഗ് മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതികളിൽ 2023-24-ൽ പാർട്ട് 1-നുകീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 1925 കോടി രൂപയുടെ വായ്പാ സഹായം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. കൂടാതെ, ഇതേ കാരണമുയർത്തി എൻ.എച്ച്.എം.

പദ്ധതിയുടെ കേന്ദ്ര സഹായവും സംസ്ഥാനത്തിന് നാളിതുവരെ അനുവദിച്ചിട്ടില്ല.

**കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

41(438) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സ്വീകരിച്ച നിയമപരവും ഭരണഘടനാപരവുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്ര സഹായം

ലഭ്യമായിട്ടില്ല. ഇതിനുപുറമെ, 2021 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച എസ്.എൻ.എ. സംവിധാനത്തിൽ കേന്ദ്രസർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ടുണ്ടാകുകയും അവ പദ്ധതി നിർവഹണത്തെ ഒരളവുവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകി കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവഹണം നടത്തുന്ന എല്ലാ വകുപ്പുസെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക്

വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങളും അർഹമായ കടമെടുപ്പ് അനുമതിയും കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരികയാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക**

42(439) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പണം ലഭിക്കാത്തത് എന്തുകൊണ്ടാണെന്നും ഇതുമൂലമുള്ള പ്രതിസന്ധികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

(എ&ബി) നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന

തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ്/നെയിമിംഗ് മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി എൻ.എച്ച്.എം., ശുചിത്വ മിഷൻ, PMABHIM, Poshan Abhiyan എന്നീ പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. കേന്ദ്രസർക്കാർ ബ്രാൻഡിംഗ് മാർഗ്ഗനിർദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും മറ്റ് ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. സംസ്ഥാന വിഹിതംകൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിന് പകരം സംസ്ഥാനത്തെക്കൂടി പരിഗണിക്കുന്ന കോ-ബ്രാൻഡിംഗാണ് യഥാർത്ഥത്തിൽ നിലവിൽ വരേണ്ടത്. എൻ.എച്ച്.എം. പോലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽപോലും സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബുദ്ധിമുട്ടുകൾക്കിടയിൽനിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിക്കുകയാണ്.

ഇതിനുപുറമെ, 2021 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച എസ്.എൻ.എ. സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ടുണ്ടാകുകയും അവ പദ്ധതി നിർവഹണത്തെ ഒരളവുവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകികൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**സാമ്പത്തിക പ്രവർത്തനങ്ങളെ തടയുന്ന കേന്ദ്രത്തിന്റെ നടപടി**

43(440) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയും കെ.എസ്.എസ്.പി.എൽ.-ഉം (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്) അടക്കമുള്ള സംസ്ഥാന ഉടമസ്ഥതയിലുള്ള സംരംഭങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളെ തടയുന്നതിൽ കേന്ദ്രസർക്കാർ വിവേചനപരമായ നീക്കം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംഭരണാവകാശത്തിന്മേലുള്ള കൈകടത്തൽ സംസ്ഥാനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ വിനാശകരമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്

കാരണമായിട്ടുണ്ട്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറഞ്ഞതും റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളെടുത്തിട്ടുള്ള വായ്പ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽനിന്നും കേന്ദ്ര സർക്കാർ കുറച്ചുവരികയാണ്.

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി എം.പി.-മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുണ്ട്.

(സി) പുതിയ ജി.എസ്.ടി. സംവിധാനമനുസരിച്ച് ജി.എസ്.ടി. വകുപ്പിനെ അടിമുടി പുന:സംഘടിപ്പിച്ചതിന്റെ ഫലമായി 2020-21 മുതലുള്ള

സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വളർച്ചയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ജി.എസ്.ടി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിലവിലെ നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന 01-01-2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2020-21-ൽ 47,661 കോടി രൂപയായിരുന്നത് 2022-23-ൽ 71,968 കോടി രൂപയായി ഉയർന്നു. 2022-23-ൽ മുൻവർഷത്തെ അപേക്ഷിച്ച് 23.4% വളർച്ചാനിരക്കാണ് കൈവരിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്രം വരുത്തിയ വീഴ്ച, റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം വരുത്തിയ കുറവ്

തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തെ എത്രത്തോളം സാമ്പത്തികമായി ഞെരുക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറഞ്ഞതും റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകളും സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-

22 സാമ്പത്തിക വർഷം പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളെടുത്തിട്ടുള്ള വായ്പ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽനിന്നും കേന്ദ്ര സർക്കാർ കുറച്ചുവരികയാണ്.

സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി എം.പി.-മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുണ്ട്.

(ഇ) കേന്ദ്രം അടിച്ചേൽപ്പിച്ച വായ്പാ നിയന്ത്രണങ്ങൾമൂലം 2016-17 മുതൽ ഇതുവരെ സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പാ സമാഹരണത്തിൽ ആകെയുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ നടപ്പ് സാമ്പത്തികവർഷം വരെ പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാണിച്ച് 95,591.51 കോടി രൂപ കേന്ദ്രസർക്കാർ കുറവുവരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുത്ത വായ്പ സർക്കാരിന്റെ കടമായി കണക്കാക്കി 2022-23 മുതൽ 11,938.8 (8798.10+3140.70) കോടി രൂപയും ഇതുവരെ കുറവുവരുത്തിയിട്ടുണ്ട്.

**കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക**

44(441) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം, നികുതി വിഹിതം എന്നിങ്ങനെ വിവിധ ഇനങ്ങളിലായി സംസ്ഥാന സർക്കാരിന്

കേന്ദ്രസർക്കാരിൽനിന്നും നിലവിൽ ലഭിക്കാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകളായ എസ്.ഡി.ആർ.എഫ്., എസ്.ഡി.എം.എഫ്., ലോക്കൽ ബോഡി ഗ്രാന്റ് എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. യു.ജി.സി. ഗ്രാന്റ് ഇനത്തിൽ 750 കോടി രൂപയും നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപയും കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്.

ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിച്ചതുമൂലം സംസ്ഥാനത്തിന് ഒരു വർഷത്തിൽ ശരാശരി 8500 മുതൽ 12,000 കോടിയോളം രൂപ നഷ്ടമാകും. ഫൈനൽ അക്കൗണ്ട് സി&എ.ജി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് ജി.എസ്.ടി. കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലൈ മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽനിന്നും കുടിശ്ശിക തുക ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം

സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ വാറ്റ് (VAT)-ന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം നഷ്ടപരിഹാരത്തുക അന്തിമമായി കണക്കാക്കാനും പ്രസ്തുത നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ നിയമപ്രകാരം ഫൈനൽ അക്കൗണ്ട് സി.&എ.ജി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലൈ മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി

വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

**കേന്ദ്രസർക്കാരിൽനിന്നും വിവിധ ഇനങ്ങളിലായി ലഭിക്കാനുള്ള കുടിശ്ശിക**

45(442) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽനിന്നും കുടിശ്ശിക തുക ലഭിക്കാനുള്ള വിവിധ ഇനങ്ങൾ ഏതൊക്കെയാണെന്നും ഓരോ ഇനത്തിലും എത്ര തുക വീതം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതുമൂലവും കേന്ദ്ര ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ നൽകാത്തതുമൂലവും തുക അനുവദിച്ച് ലഭിക്കാത്ത ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഇനങ്ങളാണെന്നും എത്ര തുകയാണ് ഈ ഇനത്തിൽ ലഭിക്കാനുള്ളതെന്നും വ്യക്തമാക്കുമോ? (എ&ബി) ആർ.ഡി. ഗ്രാന്റിലെ കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, കേന്ദ്രനികുതി വിഹിതത്തിലെ

കുറയ്ക്കൽ മുതലായ ഇനങ്ങളിലായി 2023-24-ൽ 57,400 കോടി രൂപയുടെ കുറവുണ്ടായി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലേയ്ക്കായി സംസ്ഥാനത്തിന് ലഭിക്കേണ്ട തുകകളിൽ 1239.09 കോടി രൂപകൂടി ലഭിക്കാനുണ്ട്. 2023-24 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുക 8212 കോടി രൂപയായിരുന്നു. എന്നാൽ ലഭിച്ചത് 3928.41 കോടി രൂപ മാത്രമാണ്. ബ്രാൻഡിംഗ്/നെയിമിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതികളിൽ 2023-24-ൽ പാർട്ട് I-ന് കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 1925 കോടി രൂപയുടെ വായ്പാ സഹായം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. പാർട്ട് I-ന് കീഴിൽ 2022-23 സാമ്പത്തിക വർഷം വിനിയോഗിക്കാൻ അവശേഷിച്ച 971.52 കോടി രൂപയിൽ 770.9 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള പാർട്ട് II മുതൽ പാർട്ട് VI വരെയുള്ള പദ്ധതികൾക്കായി വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബ്രാൻഡിംഗ്/നെയിമിംഗ് മാർഗ്ഗനിർദേശങ്ങൾ

പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി എൻ.എച്ച്.എം. പദ്ധതിയുടെ കേന്ദ്ര സഹായവും സംസ്ഥാനത്തിന് നാളിതുവരെ അനുവദിച്ചിട്ടില്ല. ഇതിനുപുറമെ, 2021 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച എസ്.എൻ.എ. സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ടുണ്ടാകുകയും, അവ പദ്ധതി നിർവഹണത്തെ ഒരളവുവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗസാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി പദ്ധതി നിർവഹണം നടത്തുന്ന എല്ലാ വകുപ്പുസെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്രവിഹിതം കുറയുന്നത് പരിഹരിക്കാനുള്ള ബദലുകൾ**

46(443) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽനിന്നുള്ള വിഹിതം കുറയുന്നതുമൂലം സംസ്ഥാനം കടക്കെണിയിലാകുന്ന അവസ്ഥ നേരിടാൻ എന്തെല്ലാം ബദലുകൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ?

നികുതി-നികുതിയേതര വരുമാനമുയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തികമാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് വിഘ്നം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രയെന്നു വിശദമാക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തികനഷ്ടം കണക്കിലെടുത്ത് 2015-16-ലെ മൂല്യവർദ്ധിതനികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. ചരക്കുസേവന നികുതി നഷ്ടപരിഹാരം നടപ്പാക്കിയ 2017 ജൂൺ മാസം മുതലുള്ള 5 വർഷക്കാലയളവിൽ 42559.25 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപരിഹാരമായി ലഭ്യമായിരുന്നു. ഇതനുസരിച്ചുള്ള ഒരു വർഷത്തെ ശരാശരി നഷ്ടപരിഹാരം 8500 കോടിയോളം രൂപയാണ്. ചരക്കുസേവന നികുതി സമാഹരണത്തിൽ ഉയർന്ന വളർച്ച കൈവരിക്കുന്നതിലൂടെ മാത്രമെ പ്രസ്തുത നഷ്ടം നികത്താനാകൂ.

## സംസ്ഥാനത്തെ ധനകാര്യ രംഗത്ത് നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ

47(444) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ രംഗത്തെ നിലവിലെ സ്ഥിതിഗതികൾ പരിഗണിച്ച് സംസ്ഥാനത്തിന്റെ താൽപര്യവും ഭാവിയും മുൻനിർത്തിയുള്ള വികസന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സർക്കാർ നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും റവന്യൂ കമ്മി ഗ്രാന്റ് ഒരോ സാമ്പത്തിക വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ

പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.

നികുതി-നികുതിയേതര വരുമാനമുയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് കോട്ടം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്.

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. വിഹിതവും മറ്റ് കേന്ദ്ര വിഹിതവുമടക്കം എത്ര തുകയാണ് ഈ സാമ്പത്തിക വർഷം തടഞ്ഞുവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിച്ചതുമൂലം സംസ്ഥാനത്തിന് ഒരു വർഷത്തിൽ ശരാശരി 8500 മുതൽ 12,000 കോടിയോളം രൂപ നഷ്ടമാകും. ഫൈനൽ അക്കൗണ്ട് സി.&എ.ജി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് ജി.എസ്.ടി. കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലൈ മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകളായ എസ്.ഡി.ആർ.എഫ്., എസ്.ഡി.എം.എഫ്., ലോക്കൽ ബോഡി ഗ്രാന്റ്

എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. യു.ജി.സി. ഗ്രാന്റ് ഇനത്തിൽ 750 കോടി രൂപയും നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപയും കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്രം സഹായം ലഭ്യമായിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്.

(സി) സാമ്പത്തികമായ ഈ അവസ്ഥയെ അതിജീവിച്ച് സംസ്ഥാനത്തെ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുകണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവുവരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.

നികുതി-നികുതിയേതര വരുമാനമുയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും

കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് കോട്ടം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്

**കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വരുമാന വിഹിതത്തിലെ കുറവ്**

48(445) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. കെ. പ്രേംകുമാർ:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. ആന്റണി ജോൺ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനത്തിന്റെ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷംതോറും വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്നത് 9217.79 കോടി രൂപയായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ലഭിച്ചത് 4587.79 കോടി രൂപ മാത്രമാണ്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12,000 കോടി രൂപയുടെ വരുമാന കുറവാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി

ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് 8,400 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കേന്ദ്ര വിഹിതത്തിൽ വന്നിട്ടുള്ള കുറവ് വികസന, ക്ഷേമ പദ്ധതികളെ കാര്യമായി ബാധിക്കാത്ത തരത്തിൽ ചെലവുകൾ മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര വിഹിതത്തിലുണ്ടായ കുറവ് കാരണം സംഭവിച്ച സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ തനത് വരുമാനത്തിൽ വർദ്ധനയുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയതുവഴി ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ, 2021-22 സാമ്പത്തിക വർഷത്തിൽ 25.12 ശതമാനത്തിന്റെ വർദ്ധനവും 2022-23 സാമ്പത്തിക വർഷത്തിൽ 26.57 ശതമാനത്തിന്റെ വർദ്ധനവുമുണ്ടായിട്ടുണ്ട്.

**കേന്ദ്രം വിഹിതം**

49(446) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള വായ്പാ പരിധിയിൽ എത്ര കുറവ് വരുത്തിയെന്നും അത് പരിഹരിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കെടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 16,000/- കോടിയോളം രൂപ ഈയിനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിനുശേഷം പിന്നീട് കടമെടുപ്പിൽ കുറവുവരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന

മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്.

(ബി) നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; മറ്റേതെല്ലാം മേഖലകളിലാണ് കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ജി.എസ്.ടി ഉൾപ്പെടെ വിവിധയിനങ്ങളിലായി ലഭിക്കേണ്ട കുടിശ്ശികയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ?

(ബി&സി) നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതയിനത്തിൽ 2023-24 സീസണിൽ ഏപ്രിൽ 2023 മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 731.2 കോടി രൂപ ക്ലെയിം ചെയ്തതിൽ 388.81 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 342.39 കോടി രൂപ കേന്ദ്ര

സർക്കാരിൽനിന്നും ഇനിയും ലഭിക്കാനുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പി.എച്ച്.എച്ച്. കാറ്റഗറിയിൽ 82,202.19 മെട്രിക് ടൺ അരിയുടെ വിതരണം മാപ്പർ (Mapper) റിപ്പോർട്ടുമായി വ്യത്യാസപ്പെട്ടതുമൂലം 276.64 കോടി രൂപയും പൊതുവിതരണ സംവിധാനത്തിലൂടെ ടൈഡ് ഓവർ കാറ്റഗറിയിൽ 1 കിലോ ഗ്രാം അരി 8.30 രൂപയ്ക്ക് പകരം 10.90 രൂപയ്ക്ക് വിതരണം ചെയ്യുവെന്നതിനാൽ ഈ ഇനത്തിൽ 21.17 കോടി രൂപയും തടഞ്ഞുവച്ചിട്ടുണ്ട്. ഇതുൾപ്പെടെ 2017-18 മുതൽ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിച്ചതുമൂലം സംസ്ഥാനത്തിന് ഒരു വർഷത്തിൽ ശരാശരി 8500 മുതൽ 12,000 കോടിയോളം രൂപ നഷ്ടമാകും. ഫൈനൽ അക്കൗണ്ട് സി.&എ.ജി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്കാണ് ജി.എസ്.ടി. കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലൈ മുതൽ

2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകളായ എസ്.ഡി.ആർ.എഫ്., എസ്.ഡി.എം.എഫ്., ലോക്കൽ ബോഡി ഗ്രാന്റ് എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. യു.ജി.സി. ഗ്രാന്റ് ഇനത്തിൽ 750 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്ര സഹായം

ലഭ്യമായിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്.

**കേന്ദ്രവിഹിതം വെട്ടിക്കുറച്ചതിന്റെ വിശദാംശം**

50(447) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം ഓരോ സാമ്പത്തിക വർഷവും വെട്ടിക്കുറച്ചത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽനിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷംതോറും കേന്ദ്രം വരുത്തുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്നത് 9217.79 കോടി രൂപയായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ലഭിച്ചത് 4587.79 കോടി രൂപ മാത്രമാണ്. ചരക്കുസേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12,000 കോടി രൂപയുടെ വരുമാനക്കുറവാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് 8,400 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള വായ്പാപരിധി വെട്ടിക്കുറച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ

സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ചും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബിയും കെ.എസ്.എസ്.പി.എൽ.-ഉം എടുത്ത കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷമെടുത്ത തുക നാല് തവണകളായി 2022-23 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽനിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. എന്നാൽ 2023-24-ലെ തവണ അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിലായി രണ്ട് തവണകളായി തിരിച്ച് പിടിക്കുമെന്നറിയിച്ചിട്ടുണ്ട്.

**നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലെ നിയമനം**

51(448) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ നിയമനം

നടത്തുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് നൽകിയ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ട്സ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് ടി തസ്തികകളുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ച് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുള്ള ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

(ബി) നഗരസഭകളിൽ മേൽപ്രകാരം തസ്തികകൾ സൃഷ്ടിച്ചതുവഴി സർക്കാരിന് അധിക ബാധ്യതകൾ വരുന്നുണ്ടോ; വിശദമാക്കാമോ?

നഗരസഭകളിൽ മേൽപ്രകാരം തസ്തികകൾ സൃഷ്ടിച്ചതുവഴി സർക്കാരിന് അധിക ബാധ്യതകൾ വരുന്നുണ്ടോ എന്ന വിഷയം പ്രസ്തുത ഫയലിൽ ടി തസ്തികകളുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ച് അന്തിമ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

**മെഡിസെപ് ചികിത്സാ പദ്ധതിയുടെ അപാകതകൾ**

52(449) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ് പദ്ധതി പ്രകാരം ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഈടാക്കിവരുന്ന പ്രീമിയം വർദ്ധിപ്പിക്കണമെന്ന നിർദേശമുണ്ടായിട്ടുണ്ടോ?

ഇല്ല.

(ബി) മെഡിസെപ് ആനുകൂല്യം നൽകിവന്നിരുന്ന പല ആശുപത്രികളും ഇപ്പോൾ ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; അത്തരത്തിലുള്ള ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; മെഡിസെപ് പദ്ധതി പ്രകാരമുള്ള ചികിത്സാ അനുകൂല്യങ്ങൾ നൽകുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ എംപാനൽഡ് ആശുപത്രികൾക്ക് നിർദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾ പാലിക്കാതെ ഇൻഷ്വറൻസ് പദ്ധതി ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുള്ള

സ്വകാര്യ ആശുപത്രികൾക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 11-09-2023-ലെ സ.ഉ.(പി) നം.97/2023/ധന പ്രകാരം സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിസെപ് പദ്ധതി പ്രകാരമുള്ള ചികിത്സാ അനുകൂല്യങ്ങൾ നൽകുന്നത് നിർത്തിവയ്ക്കാൻ എംപാനൽഡ് ആശുപത്രികൾക്ക് സർക്കാർ നിർദേശം നൽകിയിട്ടില്ല.

(സി) പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏതെങ്കിലും ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പദ്ധതിയിൽനിന്നും ഒഴിവാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏഴ് ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ 11-09-2023-ലെ സ.ഉ.(പി)നം. 97/2023/ധന ഉത്തരവുപ്രകാരം ആശുപത്രികളെ സസ്പെന്റ് ചെയ്യുന്നതുമായിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തീരുമാനം കൈക്കൊള്ളുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) മെഡിസെപ് എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് അർഹമായ മുഴുവൻ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടയ്ക്കേണ്ട സാഹചര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിസെപ് എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് അർഹമായ മുഴുവൻ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടയ്ക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ ഇൻഷ്വറൻസ് കമ്പനിക്കും സർക്കാർ തലത്തിലെ ത്രിതല സംവിധാനത്തിലും പരാതി സമർപ്പിക്കാവുന്നതും ആയത് പരിശോധിച്ച് വിദഗ്ദ്ധ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ?

മെഡിസെപ് പദ്ധതിയുടെ പാക്കേജ് പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി പരമാവധി 22500/- രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നത്.

(എഫ്) ഒ.പി.-യിലെ പരിശോധനയെത്തുടർന്ന് അഡ്മിറ്റാകേണ്ടി വരുന്ന ആളിന് അഡ്മിറ്റാകുന്നതിന് മുന്നേ വരെ ഒ.പി.-യിൽ നടത്തിയ ചികിത്സയ്ക്ക് മെഡിസെപ് ആനുകൂല്യം ലഭ്യമാണോ; വിശദമാക്കുമോ; അഡ്മിറ്റാകുന്ന ആളിന് ഡിസ്ചാർജിനുശേഷം ചികിത്സക്കായി ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും മെഡിസെപ് സ്കീമിൽ ഉൾപ്പെടുത്തി ലഭിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ നിലവിൽ ഐ.പി. ചികിത്സ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സ കഴിഞ്ഞ് ഡിസ്ചാർജായ ശേഷം രണ്ടാഴ്ച കാലയളവിലേയ്ക്ക് ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാകുന്നതാണ്.

**തദ്ദേശസ്വയംഭരണ ഏകീകൃതസർവ്വീസിൽ സ്പാർക്ക് പ്രാവർത്തികമാക്കുന്നത്**

53(450) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ ഏകീകൃത സർവ്വീസിൽ സ്പാർക്ക് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയിട്ടുള്ള ശിപാർശയിന്മേൽ/ഫയലിന്മേൽ എന്ത് തുടർനടപടിയാണ് ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിന്മേൽ ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകമായി എന്തെങ്കിലും ഉത്തരവോ നിർദേശമോ നൽകിയിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത നിർദേശത്തിന്റെ/ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളും തീരുമാനങ്ങളും ധനകാര്യ

വകുപ്പിൽനിന്നും കൈക്കൊണ്ടിട്ടുണ്ടോയെന്നതും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ഡാറ്റ സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അനുകൂല തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശിപാർശ സഹിതം ലഭ്യമാക്കിയ ഫയലിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി "examine the inter-transferability of SPARK and G-SPARK urgently" എന്ന് ഉത്തരവായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്കീംലൈനിങ്, സ്പാർക്ക്, ബജറ്റ്-ജെ എന്നീ വകുപ്പുകൾ 17-08-2023-ന് യോഗം ചേരുകയും ജീവനക്കാർക്ക് പരസ്പര സ്ഥലംമാറ്റത്തിനുള്ള (inter-transferability) നിരവധി ശിപാർശകൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തെതുടർന്ന് സ്പാർക്ക് നിലവിലുണ്ടായിരുന്ന ഓഫീസുകളിൽനിന്നും പഞ്ചായത്തുകളിലേയ്ക്കും

നഗരസഭകളിലേയ്ക്കും സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ നേരിടുന്ന പ്രതിസന്ധിയും സർവ്വീസ് സംബന്ധമായ പ്രശ്നങ്ങളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂലമായ ഉത്തരവ് ധനകാര്യ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തെ തുടർന്ന് സ്പാർക്ക് നിലവിലുണ്ടായിരുന്ന ഓഫീസുകളിൽനിന്നും പഞ്ചായത്തുകളിലേയ്ക്കും നഗരസഭകളിലേയ്ക്കും സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ നേരിടുന്ന പ്രതിസന്ധിയും സർവ്വീസ് സംബന്ധമായ പ്രശ്നങ്ങളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുന്നതാണ്.

**മെഡിസെപ് പദ്ധതി പ്രകാരം ചികിത്സാ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി**

54(451) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് എന്തെല്ലാം തരത്തിലുള്ള ചികിത്സാ ചെലവുകളാണ് ലഭിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

മെഡിസെപ് പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് പദ്ധതിയുടെ പാക്കേജ് പ്രകാരമുള്ള ചികിത്സകൾ അടിസ്ഥാന പരിരക്ഷയിൽനിന്നും വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് കോർപ്പസ് ഫണ്ടിൽനിന്നും പാക്കേജ് പ്രകാരമുള്ള തുക അനുവദിക്കുന്നതാണ്. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ 23-06-2022 സ.ഉ.(പി)നം. 70/2022/ധന ഉത്തരവിലെ അനുബന്ധത്തിലും മെഡിസെപ്പിന്റെ വെബ്സൈറ്റിലെ 'പാക്കേജസ്' മെനുവിലും ലഭ്യമാണ്.

(ബി) ഈ പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് ചാർജ് മാത്രമേ ലഭിക്കുന്നുള്ളൂവെന്നും ഡയലൈസർ, ബ്ലഡ് ട്യൂബിംഗ് സെറ്റ്, മറ്റ് അനുബന്ധ ചികിത്സാചെലവുകൾ എന്നിവ ലഭിക്കാറില്ലെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം രോഗികളായ ജീവനക്കാരും പെൻഷനായവരും വളരെ പ്രയാസമനുഭവിക്കേണ്ടി വരുന്നുണ്ടെന്നത് അനുഭാവപൂർവ്വം പരിശോധിക്കുമോ; വിശദമാക്കുമോ?

ഇല്ല.

(സി) വിവിധ രോഗങ്ങളാൽ പ്രയാസമനുഭവിക്കുന്ന ജീവനക്കാരും പെൻഷനായവരും സമാനമായ രീതിയിൽ ഉന്നയിച്ചിട്ടുള്ള പരാതികളിന്മേൽ പരിശോധന നടത്തി പരമാവധി ചികിത്സാ ആനുകൂല്യങ്ങൾ മെഡിസെപ് പദ്ധതി പ്രകാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇപ്രകാരം പരാതികൾ ലഭ്യമാകുന്നമുറയ്ക്ക് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തിവരാറുള്ള ദ്വൈവാര അവലോകനയോഗത്തിൽ ചർച്ച ചെയ്ത് നടപടി ശിപാർശ ചെയ്ത് ആയത് കൈക്കൊള്ളാൻ കമ്പനിക്ക് നിർദ്ദേശം നൽകി വരാറുണ്ട്.

**മെഡിസെപ് പദ്ധതിക്ക് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായുള്ള ധാരണാപത്രം**

55(452) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായുള്ള ധാരണാപത്രം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ധാരണാപത്രം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ധാരണാപത്രം ഇല്ലാതെ മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ സർക്കാർ എന്തടിസ്ഥാനത്തിലാണ് ഏൽപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായുള്ള ധാരണാപത്രം (MoU) ഒപ്പുവച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി**

56(453) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്നും അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി 30-04-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 01-11-2023-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി 02-11-2023-ൽ സ.ഉ.(അ)നം.110/2023/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും അധിക കാലതാമസം കൂടാതെ സമിതി റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അന്തിമ റിപ്പോർട്ട് മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ പ്രസ്തുത സമിതിയോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നിയുക്ത സമിതി റിപ്പോർട്ട്

സമർപ്പിക്കുന്നമുറയ്ക്ക് ടി വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പുനഃപരിശോധനാ സമിതിക്കായി എത്ര തുകയാണ് ചെലവഴിച്ചതെന്നും അത് ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും വിശദമാക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനത്തിനായി ആകെ 70,60,098/- (എഴുപത് ലക്ഷത്തി അറുപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| **ഇനം** | **തുക** |
|---|---|
| ഓണറേറിയം - ചെയർമാൻ & അംഗങ്ങൾ | 45,82,500/- |
| വാഹന വാടക | 15,59,206/- |
| വേതനം - ഓഫീസ് അറ്റൻഡന്റ് | 1,68,190/- |
| വേതനം - കുടുംബശ്രീ - പി.ടി.എസ്. | 98,240/- |
| വാടക - ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് | 5,89,050/- |
| പലവക/ഓഫീസ് | 62,912/- |

| | |
|---|---|
| ചെലവുകൾ | |
| **ആകെ** | **70,60,098/-** |

**മെഡിസെപ് പദ്ധതി നടത്തിപ്പിലെ പരാതികൾ**

57(454) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ, പ്രസ്തുത ആശുപത്രികളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ചികിത്സകൾ/പരിശോധനകൾ എന്നിവ ജില്ലതിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ, പ്രസ്തുത ആശുപത്രികളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ചികിത്സകൾ/പരിശോധനകൾ എന്നിവയുടെ

ജില്ലതിരിച്ചുള്ള വിശദാംശം മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.

(ബി) മെഡിസെപ് വിഹിതമായി നാളിതുവരെ സർക്കാരിന് എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര രൂപ ഇൻഷ്വറൻസ് കമ്പനിക്ക് വിഹിതമായി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

മെഡിസെപ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ പ്രതിമാസ പ്രീമിയം തുക ഇവരുടെ മെഡിസെപ് കാർഡുകളുടെ എണ്ണം കണക്കാക്കി 3 മാസം കൂടുമ്പോൾ അഡ്വാൻസായി സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയും ആയത് തുടർന്നുള്ള മൂന്ന് മാസങ്ങളിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ തുകയിൽനിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം നാളിതുവരെ 1144.26 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് പദ്ധതി നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. നിലവിൽ 1130467 പേരെ പദ്ധതിയിൽ എൻറോൾ ചെയ്യിപ്പിച്ചിട്ടുണ്ട്.

(സി) മെഡിസെപ്പിൽ ഉൾപ്പെട്ട പല ആശുപത്രികളും ആയതിന്റെ സേവനം ഇപ്പോൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയും അറിയിക്കാമോ?

ഇല്ല.

(ഡി) മെഡിസെപ് പരിരക്ഷ ആശുപത്രികൾ നിഷേധിക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം നൽകാമോ?

മെഡിസെപ് പരിരക്ഷ ആശുപത്രികൾ നിഷേധിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ ഇൻഷ്വറൻസ് കമ്പനിക്കും സർക്കാർ തലത്തിലെ ത്രിതല സംവിധാനത്തിലും പരാതി സമർപ്പിക്കാവുന്നതും ആയത് പരിശോധിച്ച് വിദഗ്ധ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്.

**ജനപ്രതിനിധികളായിരുന്ന കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമായി പരിഗണിക്കൽ**

58(455) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് കോളേജുകളിലെ ജീവനക്കാർ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടാൽ അവർ ജനപ്രതിനിധികളായി പ്രവർത്തിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമായി പരിഗണിക്കുന്നത് സംബന്ധിച്ച എഡ്യൂ. സി5/17/2023/ഫിൻ നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ?

എയ്ഡഡ് കോളേജുകളിലെ ജീവനക്കാർ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടാൽ അവർ ജനപ്രതിനിധികളായി പ്രവർത്തിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമായി പരിഗണിക്കുന്നത് സംബന്ധിച്ച എഡ്യൂ. സി5/17/2023/ഫിൻ നമ്പർ ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്.

**സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ഡി.എ. കുടിശ്ശിക**

59(456) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ഡി.എ.-യാണ് നൽകുന്നത്?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ 7 ശതമാനം ക്ഷാമബത്ത/ക്ഷാമാശ്വാസമാണ് നൽകുന്നത്. (ഇത് 2024 ഏപ്രിൽ മാസം മുതൽ 9 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്).

(ബി) കേന്ദ്രസർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അതിന് ആനുപാതികമായി നൽകാത്തതുമായ ഡി.എ. കുടിശികയുടെ ശതമാന കണക്ക് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01-07-2021 മുതലുള്ള ക്ഷാമബത്ത കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ഡി.എ. കുടിശ്ശിക എന്നത്തേയ്ക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാർ യഥാസമയം പരിശോധിക്കുന്നതാണ്.

(ഡി) ഡി.എ. കുടിശ്ശിക നൽകാത്തതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി.എ. കുടിശ്ശിക നൽകാത്തതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 6 കേസുകളും ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ 3 കേസുകളും നിലവിലുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ഗോപാലപിള്ള ഫയൽ ചെയ്ത WP(C) No.19612/2021
2. സ്റ്റേറ്റ് ജുഡീഷ്യൽ ഓഫീസേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No. 24004/2022
3. ഡോ. ഷിബിന എസ്.-ഉം മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 2473/2023
4. കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No. 27618/2023
5. ശ്രീ. അനൂപ് ശങ്കരപിള്ളയും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 33705/2023
6. കേരള റിട്ടയേർഡ് ജഡ്ജസ് അസോസിയേഷനും മറ്റൊരാളും ഫയൽ ചെയ്ത WP(C) No. 42971/2023

7. ശ്രീ. അബ്ദുൾ ജലീൽ പി.-യും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1123/2023

8. ശ്രീ. ചവറ ജയകുമാറും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1140/2023

9. കേരള എൻ.ജി.ഒ. സംഘും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1724/2023

(ഇ) കോടതിയിൽ പ്രസ്തുത കേസിൽ എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

**ജീവനക്കാർക്കുള്ള ലീവ് ട്രാവൽ കൺസെഷൻ**

60(457) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

02-01-2013-ലെ സ.ഉ(പി) നം. 5/2013/ധന ഉത്തരവ് അനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അവധി യാത്രാ ആനുകൂല്യം (Leave Travel Concession-LTC) അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 5-ൽ "Admissibility of Leave Travel Concession" സംബന്ധിച്ച് വിശദമാക്കിയിട്ടുണ്ട്. അതനുസരിച്ച് താഴെപ്പറയുന്ന വ്യവസ്ഥകളാണ് അവധി യാത്രാ ആനുകൂല്യം അനുവദിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ.

1. ഈ ഉത്തരവിന്റെ ഖണ്ഡിക 2 (i), (ii), (iii) -ൽ രേഖപ്പെടുത്തിയിട്ടുള്ള കാറ്റഗറിയിലെ ജീവനക്കാർക്ക് അവരുടെ കുടുംബത്തോടൊപ്പം എൽ.ടി.സി. പ്രയോജനപ്പെടുത്തി യാത്ര നടത്താവുന്നതാണ്. എൽ.ടി.സി. മുഖേന യാത്ര നടത്തുന്ന ജീവനക്കാർക്ക് യാത്ര നടത്തുന്ന തീയതിയിൽ സംസ്ഥാന സർക്കാരിന് കീഴിലോ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ രണ്ട് കാലയളവുംകൂടി ചേർന്നോ 15 വർഷത്തെ റെഗുലർ continuous സർവീസ്

പൂർത്തിയായിരിക്കേണ്ടതാണ്. ഈ കാലയളവ് കണക്കാക്കുന്നതിനായി സർക്കാർ ജീവനക്കാരന് പെൻഷനുവേണ്ടി കണക്കുകൂട്ടുന്ന സേവന കാലയളവ് കണക്കാക്കിയാൽ മതിയാകും. മുഴുവൻ സേവനകാലയളവിൽ ഒരൊറ്റത്തവണ മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്.

2. യോഗ്യരായ എല്ലാ ജീവനക്കാർക്കും അവധി ദിവസങ്ങൾ ഉൾപ്പെടെ പരമാവധി 15 ദിവസത്തേയ്ക്കാണ് എൽ.ടി.സി. അനുവദിക്കുന്നത്.

3. കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ്, മെറ്റേർണിറ്റി ലീവ് എന്നിവ ഒഴികെ മറ്റേത് അവധിക്കാലയളവിലും സ്ഥിരം ജീവനക്കാർക്ക് എൽ.ടി.സി. അനുവദനീയമാണ്. എൽ.ടി.സി. പ്രയോജനപ്പെടുത്തുന്നതിനായി എടുക്കുന്ന കാലയളവ് earned leave, half pay leave, commuted leave അല്ലെങ്കിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരമുള്ള leave without allowance എന്നീ അവധികൾ നൽകി ക്രമീകരിക്കാവുന്നതാണ്.

4. സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപകർക്ക് വെക്കേഷൻ കാലയളവിൽ എൽ.ടി.സി. അനുവദിക്കും.

5. വിരമിക്കുന്നതിന് മുന്നോടിയായി എടുക്കുന്ന അവധി കാലയളവിലും എൽ.ടി.സി. അനുവദിക്കും.

6. ട്രെയിൻ ടിക്കറ്റ്/ബസ് ടിക്കറ്റ്/വിമാന ടിക്കറ്റ് തുടങ്ങി യഥാർത്ഥ ടിക്കറ്റുകൾ ക്ലെയിമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ അനുവദിക്കേണ്ടത് സേവനം ചെയ്യുന്ന വകുപ്പിൽ നിന്നാണോ അതോ മാതൃവകുപ്പിൽ നിന്നാണോ എന്ന് വ്യക്തമാക്കാമോ?

02-01-2013-ലെ സ.ഉ(പി) നം. 5/2013/ധന ഉത്തരവിലെ ഖണ്ഡിക II അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ബോർഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ/ഫോറിൻ സർവ്വീസിലുള്ള സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ലീവ് ട്രാവൽ കൺസഷനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ ഈ

ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ ലീവ് ട്രാവൽ കൺസഷൻ സംബന്ധിച്ച ചെലവ് ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോകുന്ന സ്ഥാപനങ്ങൾതന്നെ വഹിക്കേണ്ടതുമാണ്.

**ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് നടപടി**

61(458) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഔദ്യോഗിക വാഹനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ ഔദ്യോഗിക വാഹനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് 87 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിൽ പരിശോധന നടത്തിയെന്നും അതിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; പിഴ ഇനത്തിൽ എത്ര രൂപ സർക്കാർ ഖജനാവിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സർക്കാരിന്റെ ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് ലഭിച്ച 87 പരാതികളിൽ ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ള 33 എണ്ണത്തിൽ ധനകാര്യ പരിശോധനാ വിഭാഗം നേരിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ശേഷിച്ച പരാതികൾ ഔദ്യോഗിക വാഹന ദുരുപയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിലെ

ശിപാർശകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് സ്വീകരിക്കുന്നത്.

(സി) ഔദ്യോഗിക വാഹനം ദുരുപയോഗം സംബന്ധിച്ച നിലവിലുള്ള ചട്ടപ്രകാരം തുച്ഛമായ പിഴ മാത്രമേ ഈടാക്കാൻ കഴിയൂവെന്ന പരിമിതി മറികടക്കാൻ ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച നിലവിലെ ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയിലെ നിർദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തി സമഗ്രമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് ധനകാര്യ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഗതാഗത ചട്ട ലംഘനങ്ങൾ അറിയിക്കാനുള്ള സംവിധാനത്തിന്റെ മാതൃകയിൽ പൊതുജനങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് ധനകാര്യ പരിശോധന (നോൺ -ടെക്നിക്കൽ) വിഭാഗത്തിനോ അതിന് കീഴിൽ ജില്ലാ കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ധനകാര്യ പരിശോധനാ സ്ക്വാഡുകൾക്കോ രേഖാമൂലം പരാതികൾ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**പദ്ധതി പ്രവർത്തനങ്ങൾക്കുള്ള തുക മാറി കിട്ടാൻ നടപടി**

62(461) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ ട്രഷറികളിൽ മാറാൻ പറ്റാത്ത നിലവിലെ സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി

ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കോൺട്രാക്ടർ പേമെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബജറ്റ് വിഹിതം മുഴുവനായും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?**

ബജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും അതത് സാമ്പത്തിക വർഷംതന്നെ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി വിഹിതം ഓരോ സാമ്പത്തിക വർഷവും 3 ഗഡുക്കളായാണ് അനുവദിച്ച് വരുന്നത് (വികസന ഫണ്ട്). നടപ്പ്

സാമ്പത്തികവർഷം പദ്ധതി വിഹിത ഇനത്തിൽ രണ്ട് ഗഡു ഇതിനോടകം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മൂന്നാമത്തെ ഗഡു അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി വകയിരുത്തിയിട്ടുള്ള തുകയിൽ കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാനത്തിന് ആയത് ലഭ്യമാകുന്നമുറയ്ക്കാണ് അനുവദിച്ചുപോരുന്നത്.

**കേന്ദ്ര വിഹിതം**

63(464) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 (2023 ഡിസംബർ 31) വരെയുള്ള കാലയളവിലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം എത്ര രൂപയാണ്; വർഷം തിരിച്ചുള്ള തുക അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിലെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ കേന്ദ്ര വിഹിതം എത്ര രൂപയാണ്; വർഷം തിരിച്ചുള്ള തുക അറിയിക്കാമോ; പ്രസ്തുത കാലയളവിൽ ലഭിച്ച കേന്ദ്ര വിഹിതം എത്ര രൂപയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിലെ നികുതി/നികുതിയേതര വരുമാനം, എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ലഭിച്ച തുക എന്നിവയുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ-സി) 2016-17 സാമ്പത്തിക വർഷം മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം, കേന്ദ്ര വിഹിതം എന്നീ ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുക, പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയ തുക, പ്രസ്തുത കാലയളവിൽ ഈ ഇനങ്ങളിൽ ലഭ്യമായ തുക എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## 2023-24 വർഷത്തിൽ വകുപ്പുകൾക്ക് വകയിരുത്തിയതും ചെലവാക്കിയതുമായ തുക

64(465) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ ഓരോ വകുപ്പുകൾക്കും പദ്ധതിയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; വകുപ്പ്, പദ്ധതി എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വകയിരുത്തപ്പെട്ട തുകയിൽ 2024 ജനുവരി 15 വരെ എത്ര തുക ചെലവഴിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പും എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ-സി) 2023-24 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കുകീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും ചെലവിന്റെ ശതമാനവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) അൻപത് ശതമാനത്തിൽ താഴെ പദ്ധതി വിഹിതം ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം; വിശദമാക്കാമോ?

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും, ഭവന നിർമ്മാണം, സഹകരണം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനാഭ്യർത്ഥനകളുടെ കീഴിൽ 50 ശമതാനത്തിൽ താഴെയാണ് പദ്ധതി വിഹിതം ചെലവായിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

65(470) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര ഗഡു നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്; എത്ര തുകയാണ് ഈ ഇനത്തിൽ ലഭ്യമാക്കിയിട്ടുള്ളത്; ഓരോ ഗഡുവും അനുവദിച്ച തീയതിയും തുകയും അറിയിക്കുമോ?

സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി 8258 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതമായി പദ്ധതി ഇനത്തിൽ 2 ഗഡു നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി ഫണ്ടിനത്തിൽ

ആകെ 4088.7233/- കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

<u>സംസ്ഥാന വിഹിതം</u>

1-ാം ഗഡു - 1850,68,35,000/- രൂപ (19.04.2023 -ലെ സ.ഉ.(സാധാ) നം.3113/2023/ധന പ്രകാരം)

2-ാം ഗഡു - 1850,68,35,000/- രൂപ ( 29.07.2023 -ലെ സ.ഉ. (സാധാ) നം.5637/2023/ധന പ്രകാരം)

<u>കേന്ദ്ര വിഹിതം</u>

•252 കോടി രൂപ (29.11.2023 -ലെ സ.ഉ. (സാധാ) നം. 8385/2023/ധന പ്രകാരം) (RLB Basic Grant)

•135.3563 കോടി രൂപ (23.01.2024 -ലെ സ.ഉ. (സാധാ) നം.664/2024/ധന പ്രകാരം) (ULB Non- Million Plus Cities Basic Grant)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം ഇനത്തിൽ വകയിരുത്തിയ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച തുകയും വ്യക്തമാക്കുമോ?

i. 2021-22 സാമ്പത്തികവർഷം പദ്ധതി വിഹിതം ഇനത്തിൽ, ബജറ്റ് വിഹിതമായി 7280 കോടി രൂപയും ഉപധനാഭ്യർത്ഥനയായി 1056.75

കോടി രൂപയും ചേർത്ത് ആകെ 8336.75 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 8062.23 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ii. 2022-23 സാമ്പത്തിക വർഷം പദ്ധതി വിഹിതം ഇനത്തിൽ ആകെ 8048 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 7974.92 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

iii. 2023-24 സാമ്പത്തിക വർഷം പദ്ധതി വിഹിതം ഇനത്തിൽ ആകെ 8258 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 25-01-2024 വരെ ആകെ 4088.7233 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) മുൻ സാമ്പത്തിക വർഷം വകയിരുത്തിയതിൽനിന്നും അനുവദിക്കാതിരുന്ന തുക കൂടി കൂട്ടുതലായി ഉൾപ്പെടുത്തിയാണോ നടപ്പ് സാമ്പത്തികവർഷം പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

അല്ല. ബജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും അതത് സാമ്പത്തിക വർഷംതന്നെ പ്രാദേശിക സർക്കാരുകൾക്ക്

അനുവദിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് വർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുക, ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുസരിച്ച് 20% വരെ ക്യാരി ഓവറായി അടുത്ത സാമ്പത്തികവർഷം അനുവദിക്കാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി വകയിരുത്തിയിട്ടുള്ള തുകയിൽ കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാനത്തിന് ആയത് ലഭ്യമാകുന്നമുറയ്ക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

(ഡി) അല്ലെങ്കിൽ ഇപ്രകാരം പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടയായത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചോ എന്നറിയിക്കാമോ; വിശദാംശം വ്യക്തമാക്കുമോ?

ബാധകമല്ല.

**ക്ഷേമ പെൻഷന്റെ കേന്ദ്ര വിഹിതം**

66(474) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വിതരണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെല്ലാം ധനസഹായങ്ങളാണ് ലഭ്യമായിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹിക സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ക്ഷേമ പെൻഷൻ വിതരണത്തിനായുള്ള കേന്ദ്ര വിഹിതം സമയബന്ധിതമായി സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രവിഹിതവും ഇപ്പോൾ സംസ്ഥാനം മുൻകൂറായാണ് വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്. നിരവധി തവണ ആവശ്യപ്പെട്ടതിന്റെ ഫലമായി 2021 ജനവരി മുതൽ 2023 ജൂൺ വരെയുള്ള കേന്ദ്ര വിഹിതമായ 602.14 കോടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ 2023 ഒക്ടോബർ മാസം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർതന്നെ ഗുണഭോക്താക്കൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.

(സി) കേന്ദ്ര വിഹിതം വാങ്ങിയെടുക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിനായി കേന്ദ്ര സർക്കാരിന് അയച്ച കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം ലഭിച്ചിരുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ ഈ കേന്ദ്രവിഹിതം മുൻകൂറായി വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ സംസ്ഥാന സർക്കാർ മുൻകൂറായി വിതരണം ചെയ്ത കേന്ദ്രവിഹിതം തിരികെ ലഭിക്കുന്നതിലേയ്ക്കായി 23-03-2021, 02-09-2021, 11-01-2022, 10-05-2023, 25-09-2023 എന്നീ തീയതികളിൽ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ച നൽകിയ

വിനിയോഗ സാക്ഷ്യപത്രം, പ്രൊപ്പോസലുകൾ എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽനിന്ന് നാളിതുവരെ ലഭിച്ച കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽനിന്ന് നാളിതുവരെ ലഭിച്ച കത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള തുക സംബന്ധിച്ച്**

67(475) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകിവരുന്ന വിവിധ സാമൂഹിക സുരക്ഷ പെൻഷനുകൾ/വിവിധ ക്ഷേമ പെൻഷനുകൾ എന്നിവയ്ക്ക് ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പാക്കിയിരിക്കുന്ന സാമൂഹിക സുരക്ഷ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ടുപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹിക സുരക്ഷ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. ഇതിൽ തദ്ദേശസ്വയംഭരണ സർക്കാർ വഴി വിതരണം ചെയ്യുന്ന സാമൂഹിക സുരക്ഷ പെൻഷനുകൾക്ക് ഈ സാമ്പത്തിക വർഷം (2023-24) 10537,13,14,600/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾക്ക് ഈ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷം (2023-24) 1437,73,52,200/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2023-24 സാമ്പത്തിക വർഷം, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ നൽകുന്നതിന് 5,40,00,000/- രൂപയും അവശകലാകാര പെൻഷൻ നൽകുന്നതിന് 24,96,000/- രൂപയും തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ നൽകുന്നതിനായി 4,04,01,600/- രൂപയും ചെലവ് വരുന്നതാണ്.

കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷൻ 1044 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2023-24 സാമ്പത്തിക വർഷം 1,66,10,400/- രൂപയും അവശ കായികതാര പെൻഷൻ അനുവദിക്കുന്നതിനായി 17,60,300/- രൂപയും ചെലവ് വരുന്നതാണ്. പിന്നാക്ക വിഭാഗം വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം 53,38,400/- രൂപ ചെലവ് വരുന്നതാണ്. കൂടാതെ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 13 ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെൻഷൻ അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ചെലവുവരുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2023 ഡിസംബർ വരെ പ്രസ്തുത പെൻഷനുകൾക്കായി കേന്ദ്രസർക്കാർ സഹായമായി എത്ര രൂപ ലഭിച്ചു; ഇനി കിട്ടാനുള്ള കേന്ദ്ര വിഹിതം എത്ര; വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിൽ മാത്രമാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹിക സുരക്ഷ പെൻഷൻ കേന്ദ്രവിഹിതമുൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. അതിൽ മുൻകൂറായി വിതരണം ചെയ്ത 48,61,79,600/-രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്?

നിലവിൽ 2023-24 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച് 2023 നവംബർ മാസം വരെയുള്ള സാമൂഹിക സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) 2023-24-ൽ മദ്യത്തിനും പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. ഇത് ഒരു മാസത്തെ പെൻഷൻ നൽകുന്നതിന് പര്യാപ്തമല്ല.

**ക്ഷേമ പെൻഷൻ**

68(476) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>

<u>ശ്രീമതി ദെലീമ:</u>

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിലെ സർക്കാർ അധികാരമൊഴിയുമ്പോൾ ക്ഷേമ പെൻഷനുകളിൽ ഓരോ വിഭാഗത്തിലും കുടിശ്ശികയുണ്ടായിരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) തുടർന്ന് അധികാരത്തിലെത്തിയ സർക്കാർ പുറത്തിറക്കിയ ധവളപത്രപ്രകാരം ക്ഷേമപെൻഷൻ ഇനത്തിൽ മുൻസർക്കാർ വരുത്തിയ കുടിശ്ശിക എത്രയാണ്; ഈ കുടിശ്ശിക തുടർന്നുവന്ന സർക്കാർ കൊടുത്തുതീർത്തിരുന്നോ?

(എ&ബി) സി&എ.ജി. നടത്തിയ 2011-12 മുതൽ 2014-15 വരെയുള്ള സാമൂഹിക സുരക്ഷാ പെൻഷൻ നടത്തിപ്പിന്റെ കാര്യക്ഷമത ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത കാലഘട്ടത്തിൽ പെൻഷൻ വിതരണം തടസ്സപ്പെട്ടിരുന്നുവെന്നും വിതരണത്തിന് മേൽനോട്ട സംവിധാനമില്ലായിരുന്നുവെന്നുമുള്ള ഗൗരവതരമായ കണ്ടെത്തലുകളുണ്ട്. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത

രീതിയിലായതിനാൽ ആകെ കുടിശ്ശികയുടെ കാലയളവ് സംബന്ധിച്ച് ഒരു തീരുമാനത്തിലെത്തുകയെന്നത് വളരെയധികം പ്രയാസം സൃഷ്ടിച്ചിരുന്നുവെന്ന് ഇൻഫർമേഷൻ കേരള മിഷൻ 2016-ൽ സർക്കാരിനെ അറിയിക്കുകയും എന്നിരുന്നാലും നിരാംലംബരായ ജനങ്ങൾക്ക് കുടിശ്ശിക താമസംവിനാ ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ 18-08-2016-ലെ സ.ഉ. (സാധാ) നം. 6818/2016 പ്രകാരം, ഒരു ഗുണഭോക്താവിന് കുടിശ്ശിക തുകയുൾപ്പെടെ പരമാവധി 15,000 രൂപയിൽ പരിമിതപ്പെടുത്തി ലഭ്യമാക്കുക എന്ന നിർദേശത്തോടെ കുടിശ്ശികയനുവദിച്ചു. സാമൂഹിക സുരക്ഷാപെൻഷനുകൾ അക്കാലത്ത് ഏകീകരിച്ച നിരക്കിലായിരുന്നില്ല വിതരണം ചെയ്തിരുന്നത്. വ്യത്യസ്ത പെൻഷനുകൾക്ക് വിവിധ നിരക്കുകളായിരുന്നു. 2014-15 കാലയളവിൽ വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രം വരുന്ന ഗ്രൂപ്പായ 80 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ മാത്രമാണ് 1200 രൂപ നിരക്കിൽ നൽകിയിരുന്നത്. എന്നാൽ അതിനുതാഴെ പ്രായമുള്ള മഹാഭൂരിപക്ഷം ഗുണഭോക്താക്കൾക്കും 600 രൂപ മാത്രമായിരുന്നു പ്രതിമാസ നിരക്ക്.

അതുപോലെ ശാരീരിക വൈകല്യം 80 ശതമാനത്തിൽ കൂടുതൽവരുന്ന ഭിന്നശേഷിക്കാർക്ക് മാത്രം നിരക്ക് 1100 രൂപയാക്കിയപ്പോൾ അതിനുതാഴെയുള്ള മഹാഭൂരിപക്ഷംപേർക്കും നിരക്ക് 800 രൂപ മാത്രമായിരുന്നു. കൂടാതെ അക്കാലത്ത് കർഷക തൊഴിലാളി പെൻഷൻ 600 രൂപയും അവിവാഹിത പെൻഷനും വിധവാ പെൻഷനും 800 രൂപയും മാത്രമായിരുന്നു.

18-08-2016-ലെ സ.ഉ.(സാധാ) നം. 6818/2016 പ്രകാരം ഒരു ഗുണഭോക്താവിന് കുടിശ്ശിക തുകയുൾപ്പെടെ പരമാവധി 15,000 രൂപ വരെ ലഭ്യമാക്കാമെന്ന ഉത്തരവനുസരിച്ച് അന്ന് 600 രൂപ നിരക്കിൽ പെൻഷൻ വാങ്ങിയിരുന്നവരിൽ ബഹുഭൂരിപക്ഷംപേർക്കും 25 തവണ സാമൂഹിക സുരക്ഷാ പെൻഷൻ മുടക്കമുണ്ടായിരുന്നിരിക്കണം (15000 / 600 ). 1200 രൂപ നിരക്കിൽ വാങ്ങിയിരുന്നവർക്ക് 12 തവണ, 1100 രൂപ വാങ്ങിയിരുന്നവർക്ക് 13 തവണ, 800 രൂപ വാങ്ങിയിരുന്നവർക്ക് 18 തവണ എന്നിങ്ങനെ കുടിശ്ശിക തീർക്കാനാണ് ഈ തുക തികയുക. അതായത് ചില ഗുണഭോക്താക്കൾക്ക് 18-ൽ കൂടുതൽ തവണകളും മറ്റുചിലർക്ക് അതിൽ കുറവും

മുടക്കമുണ്ടായിരുന്നതായും അനുമാനിക്കാം. പ്രാദേശിക സർക്കാരുകൾ വഴി പെൻഷൻ വിതരണം ചെയ്തിരുന്ന അക്കാലത്ത്, മേൽനോട്ട സംവിധാനത്തിന്റെയും രേഖകളുടെയും അഭാവമുണ്ടായിരുന്നതിനാൽ (ഓഡിറ്റ് റിപ്പോർട്ടിൽ നിരീക്ഷിച്ചപോലെ) വ്യത്യസ്ത പ്രാദേശിക സർക്കാരുകളിലും വ്യത്യസ്ത ഗുണഭോക്താക്കൾക്കും വിഭിന്ന രീതിയിലാണ് കുടിശ്ശികയുണ്ടായിരുന്നത്. അതായത് ആകെ സങ്കീർണ്ണമായ അവസ്ഥയാണ് അന്ന് നിലനിന്നിരുന്നത്. 2016 ജൂൺ മാസത്തിൽ പുറത്തിറക്കിയ ധവളപത്രം പ്രകാരം ക്ഷേമപെൻഷൻ കുടിശ്ശിക 806 കോടിയോളം രൂപയെന്ന് കണക്കാക്കുന്നതിനും പിന്നീട് 1473.67 കോടി രൂപ കുടിശ്ശിക വിതരണത്തിന് അനുവദിക്കേണ്ടിവന്നതും മുകളിൽ വിശദീകരിച്ച പശ്ചാത്തലത്തിലാണ്.

(സി) 2016-ൽ നിലവിൽ വന്ന സർക്കാർ ക്ഷേമപെൻഷനുകൾ പരിഷ്കരിച്ചിരുന്നോ; വിശദമാക്കാമോ?

2016-ൽ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള സാമൂഹിക സുരക്ഷാ പെൻഷൻ തുകകളുടെ വർധനവ് ചുവടെ ചേർക്കുന്നു.

| നം. | പെൻഷൻ തരം | കാലയളവ് | തുക (രൂപ) |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 01-04-2010<br>01-04-2011 | 300<br>400 |
| | | 01-04-2013 | 500 |
| | | 01-04-2014 | 600 |
| | | 01-06-2016 | 1000 |
| | | 01-04-2017 | 1100 |
| | | 01-04-2019 | 1200 |
| | | 01-04-2020 | 1300 |
| | | 01-09-2020 | 1400 |
| | | 01/01/2021 | 1500 |
| | | 01/04/2021 | 1600 |

| നം. | പെൻഷൻ തരം | കാലയളവ് | തുക (രൂപ) | 75 വയസ്സിൽ കൂടുതൽ |
|---|---|---|---|---|
| 2. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01-04-2010<br>01-04-2011 | 300<br>400 | 300<br>400 |
| | | 01-04-2012 | 400 | 900 (80 വയസ്സിനു മുകളിൽ) |
| | | 01-04-2013 | 500 | 1100 (80 വയസ്സിനു മുകളിൽ) |

| | | | | |
|---|---|---|---|---|
| | | 01-04-2014 | 600 | 1200 (80 വയസ്സിനു മുകളിൽ) |
| | | 01-04-2016 | 600 | 1500 |
| | | 01-06-2016 | 1000 | 1500 |
| | | 01-04-2017 | 1100 | 1500 |
| | | 01-04-2019 | 1200 | 1500 |
| | | 01-04-2020 | 1300 | 1500 |
| | | 01-09-2020 | 1400 | 1500 |
| | | 01-01-2021 | 1500 | 1500 |
| | | 01-04-2021 | 1600 | 1600 |

| നം. | പെൻഷൻ തരം | കാലയളവ് | തുക (രൂപ) | അവശത 80% കൂടുതൽ |
|---|---|---|---|---|
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/ മാനസികമായി വെല്ലുവിളി നേരിടുന്നവർ | 01-04-2010 | 300 | 300 |
| | | 01-04-2011 | 400 | 400 |
| | | 01-04-2012 | 525 | 700 |
| | | 01-04-2013 | 700 | 1000 |
| | | 01-04-2014 | 800 | 1100 |
| | | 01-06-2016 | 1000 | 1100 |
| | | 01-04-2017 | 1100 | 1100 |
| | | 21-02-2018 | 1100 | 1300 |
| | | 01-04-2019 | 1200 | 1300 |
| | | 01-04-2020 | 1300 | 1300 |

| | | | | |
|---|---|---|---|---|
| | | 01-09-2020 | 1400 | 1400 |
| | | 01-01-2021 | 1500 | 1500 |
| | | 01-04-2021 | 1600 | 1600 |

| നം. | പെൻഷൻ തരം | കാലയളവ് | തുക (രൂപ) |
|---|---|---|---|
| 4. | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 01-04-2010<br>01-04-2011 | 300<br>400 |
| | | 01-04-2012 | 525 |
| | | 01-04-2013 | 700 |
| | | 01-04-2014 | 800 |
| | | 01-06-2016 | 1000 |
| | | 01-04-2017 | 1100 |
| | | 01-04-2019 | 1200 |
| | | 01-04-2020 | 1300 |
| | | 01-09-2020 | 1400 |
| | | 01-01-2021 | 1500 |
| | | 01-04-2021 | 1600 |

| നം. | പെൻഷൻ തരം | കാലയളവ് | തുക (രൂപ) |
|---|---|---|---|
| 5. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 01-04-2010<br>01-04-2011 | 300<br>400 |
| | | 01-04-2012 | 525 |
| | | 01-04-2013 | 700 |

| | | | |
|---|---|---|---|
| | | 01-04-2014 | 800 |
| | | 01-06-2016 | 1000 |
| | | 01-04-2017 | 1100 |
| | | 01-04-2019 | 1200 |
| | | 01-04-2020 | 1300 |
| | | 01-09-2020 | 1400 |
| | | 01-01-2021 | 1500 |
| | | 01-04-2021 | 1600 |

(ഡി) 2011-2016, 2016-2021, 2021-2023 കാലയളവിൽ വിതരണം ചെയ്ത ക്ഷേമ പെൻഷനുകളുടെ തുകയെത്രയെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പാക്കിയിരിക്കുന്ന സാമൂഹിക സുരക്ഷാ പെൻഷനുകളായ കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ (വിവിധ വകുപ്പുകൾ മുഖേന വിതരണം ചെയ്യുന്ന

പെൻഷനുകൾ, തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവ ഒഴികെ) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വിവിധ ക്ഷേമനിധി ബോർഡുകളിലായി 2011-16-ലെ സർക്കാർ കാലയളവിൽ 867110 പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 1997.93 കോടി രൂപയും 2016-21 സർക്കാർ കാലയളവിൽ 1017169 പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 7038.83 കോടി രൂപയും ചെലവഴിച്ചു. 2021-23 കാലയളവിൽ സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾക്ക് 2896.56 കോടിയോളം രൂപയും അനുവദിച്ചിട്ടുണ്ട്.

**സാമൂഹിക സുരക്ഷ പെൻഷൻ**

69(477) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാമൂഹിക സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പാക്കിയിരിക്കുന്ന സാമൂഹിക സുരക്ഷ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമപെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ടുപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന ക്ഷേമനിധി പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹിക സുരക്ഷ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. ഇതിൽ 2023 ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം തദ്ദേശസ്വയംഭരണ സർക്കാർ വഴി വിതരണം ചെയ്യുന്ന സാമൂഹിക സുരക്ഷ പെൻഷനുകൾ 4511117 ഗുണഭോക്താക്കൾക്കും സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി

ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ 566941 ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് മുഖേന 2243 പേർക്ക് കലാകാര പെൻഷനും 208 പേർക്ക് അവശകലാകാര പെൻഷനും തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന 1313 പേർക്ക് മരംകയറ്റ തൊഴിലാളി ക്ഷേമപെൻഷനും നൽകുന്നുണ്ട്.

കായിക യുവജനക്ഷേമ വകുപ്പ് മുഖേന 1323 പേർക്ക് സർക്കസ് പെൻഷനും 102 പേർക്ക് അവശ കായികതാര പെൻഷനും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 311 പേർക്ക് വിശ്വകർമ്മ പെൻഷനും നൽകി വരുന്നു.

തനത് ഫണ്ടുപയോഗിച്ച് 13 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി പെൻഷനുകൾ 482615 ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാമൂഹിക സുരക്ഷ പെൻഷൻ കേന്ദ്രവിഹിതം ഓരോ വിഭാഗത്തിലും എത്ര രൂപയാണ്; അത് കേന്ദ്രം നേരിട്ട് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹിക സുരക്ഷ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കേന്ദ്രവിഹിതവും ഇപ്പോൾ സംസ്ഥാനം തന്നെയാണ് മുൻകൂറായി വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്.

(സി) കേന്ദ്ര വിഹിതം ഏത് മാസം വരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്; എത്ര പേർക്കാണ് കേന്ദ്ര വിഹിതം വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിൽ മാത്രമാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർതന്നെ ഗുണഭോക്താക്കൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കേന്ദ്രവിഹിത കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പെൻഷൻ ഇനം | കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര വിഹിത പെൻഷൻ തുക (രൂപയിൽ ) |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 342032 | 13,68,12,800/- |
| | | 116781 | 11,67,81,000/- |
| 2. | ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 66928 | 4,01,56,800/- |
| 3. | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 320715 | 19,24,29,000/- |

| | | | |
|---|---|---|---|
| | **ആകെ** | 8,46,456 | 48,61,79,600/- |

**സാമൂഹിക സുരക്ഷ പെൻഷൻ നൽകുന്നതിനുള്ള ചെലവ്**

70(478) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മാസം സാമൂഹിക സുരക്ഷ പെൻഷൻ നല്കുന്നതിന് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ട്; എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹിക സുരക്ഷ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ,

പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത്ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹിക സുരക്ഷ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. സാമൂഹിക സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കായി പ്രതിമാസം ശരാശരി 900 കോടി രൂപ ചെലവഴിക്കുന്നു.

സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ 2243 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 40,04,277/- രൂപയും അവശകലാകാര പെൻഷൻ 208 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2,08,000/- രൂപയും തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ 1313 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 21,00,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷൻ 1154 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഒരു മാസം 13,84,600/- രൂപയും അവശ കായികതാര പെൻഷൻ 102 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 1,32,600/- രൂപയും ചെലവാകുന്നുണ്ട്. പിന്നാക്കവിഭാഗ

വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ 311 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 4,84,600/- രൂപയും ചെലവാകുന്നു. കൂടാതെ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 13 ക്ഷേമനിധി ബോർഡുകളിലെ 484700 ഗുണഭോക്താക്കൾക്കായി 97,67,99,641/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സാമൂഹിക സുരക്ഷ പെൻഷൻ പദ്ധതി ഇനത്തിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽനിന്നും എത്ര കോടി രൂപ കുടിശ്ശികയായിട്ടുണ്ട്; വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിൽ മാത്രമാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെപ്റ്റംബർ മാസങ്ങളിലെ സാമൂഹിക സുരക്ഷ പെൻഷൻ കേന്ദ്രവിഹിതം ഉൾപ്പടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിതരണത്തിലെ കേന്ദ്രവിഹിതമായ 48,61,79,600/- രൂപ കുടിശ്ശികയുണ്ട്. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ ക്ഷേമപെൻഷനുകളിൽ നാമമാത്രമായ ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്.

**വാമനപുരം മണ്ഡലത്തിൽ ക്ഷേമനിധി പെൻഷൻ വാങ്ങുന്നവരുടെ എണ്ണം, ചെലവാക്കുന്ന തുക**

71 (479) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ വിവിധ ക്ഷേമനിധി പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണവും അതിനുവേണ്ടി പ്രതിമാസം ചെലവാക്കുന്ന തുകയും എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ വിതരണം ചെയ്യുന്ന വിവിധ ക്ഷേമനിധി പെൻഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നം. | ക്ഷേമനിധി ബോർഡുകൾ | മറുപടി |
|---|---|---|
| 1. | കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ് | നിലവിൽ പഞ്ചായത്ത് തിരിച്ചോ നിയമസഭാമണ്ഡലം തിരിച്ചോ പെൻഷൻ ഗുണഭോക്താക്കളുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. ജില്ല തിരിച്ചുള്ള വിവരങ്ങളാണ് സൂക്ഷിക്കുന്നത്. |
| 2. | കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ 369 കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. പ്രതിമാസം 590400/- രൂപ പെൻഷൻ വിതരണയിനത്തിൽ ചെലവാകുന്നുണ്ട്. |
| 3. | കേരള ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 31 ആണ്. ഇതിനായി പ്രതിമാസം 1600/- രൂപ നിരക്കിൽ 49600/- രൂപ ചെലവാകുന്നുണ്ട്. |
| 4. | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ 13 |

| | | |
|---|---|---|
| | ബോർഡ് | പേർക്ക് പ്രതിമാസം 1600/- രൂപ നിരക്കിൽ ആകെ 20800/- രൂപ ചെലവാക്കുന്നു. |
| 5. | കേരള വ്യാപാരി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ ആരും തന്നെ വ്യാപാരി ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ വാങ്ങുന്നില്ല. |
| 6. | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ ആരും തന്നെ ഖാദി ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ വാങ്ങുന്നില്ല. |
| 7. | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി 123 പേർക്ക് 2023 ആഗസ്റ്റ് മാസം 1600/- രൂപ നിരക്കിൽ 196800/- രൂപ ചെലവായിട്ടുണ്ട്. |
| 8. | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി 74 പേർക്ക് പ്രതിമാസം 118400 /- രൂപ ചെലവാകുന്നുണ്ട്. |
| 9. | കേരള ക്ഷീര കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2023 ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി 333 പേർക്ക് 408000/- രൂപ അനുവദിച്ചിട്ടുണ്ട്. (മസ്റ്ററിംഗ് ചെയ്യാത്തവരുടെ പെൻഷൻ തുക കുറവ് ചെയ്തതിനു ശേഷം) |

| | | |
|---|---|---|
| 10. | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ 12 പേർക്ക് തൊഴിലാളി പെൻഷൻ നൽകുന്നതിനായി 42500/- രൂപ, 2 പേർക്ക് കുടുംബ പെൻഷൻ നൽകുന്നതിനായി 2300/- രൂപ ഉൾപ്പെടെ പ്രതിമാസം 44800/- രൂപ അനുവദിച്ചു വരുന്നു. |
| 11. | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി നിലവിൽ 3 തൊഴിലാളികൾ പെൻഷൻ വാങ്ങി വരുന്നുണ്ട്. ടി തൊഴിലാളികൾക്ക് പ്രതിമാസം പെൻഷൻ നൽകുന്നതിനായി ആകെ 9500/- രൂപ ചെലവാകുന്നുണ്ട്. |
| 12. | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി നിലവിൽ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിക്കുന്ന 12 പെൻഷനേഴ്സ് ഉണ്ട്. പ്രതിമാസം 1500/- രൂപ നിരക്കിൽ ത്രൈമാസികമായി 4500/- രൂപ പെൻഷൻ അനുവദിച്ചു വരുന്നു. വാമനപുരം മണ്ഡലത്തിലെ 12 പെൻഷനേഴ്സിനും പ്രതിമാസം 18000/- രൂപ വീതം മൂന്നു മാസത്തേയ്ക്ക് 54000/- രൂപ ചെലവ് വരുന്നുണ്ട്. |
| 13. | കേരള സ്റ്റേറ്റ് കൾച്ചറൽ | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് |

| | | |
|---|---|---|
| | ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | വെൽഫെയർ ഫണ്ട് ബോർഡിൽ പെൻഷൻ വാങ്ങുന്നവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. വാമനപുരം മണ്ഡലം ഉൾപ്പെടുന്ന നെടുമങ്ങാട് താലൂക്കിലെ 61 കലാകാരന്മാർക്ക് നിലവിൽ ബോർഡിൽ നിന്നും പെൻഷൻ അനുവദിക്കുന്നുണ്ട്. ഈ 61 കലാകാരന്മാർക്ക് പെൻഷൻ നൽകുന്നതിനായി 244000/- രൂപ പ്രതിമാസം ചെലവാകുന്നുണ്ട്. |
| 14. | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് | നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ബോർഡിൽ ലഭ്യമല്ല. |
| 15. | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി നിലവിൽ 2 പേർക്ക് പെൻഷൻ നൽകുന്നതിനായി പ്രതിമാസം 3200/- രൂപ ചെലവാകുന്നുണ്ട്. |
| 16. | കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി നിലവിൽ 22 പേർക്ക് പെൻഷൻ നൽകുന്നതിനായി 2023 ഡിസംബർ മാസം 42750/- രൂപ ചെലവായിട്ടുണ്ട്. |
| 17. | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | നിലവിൽ പഞ്ചായത്ത് തിരിച്ചോ മറ്റ് മേഖലകൾ തിരിച്ചോ പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളില്ല. |

| | | |
|---|---|---|
| | ബോർഡ് | |
| 18. | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | നിലവിൽ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. |
| 19. | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി നിലവിൽ 35 പേർക്ക് പെൻഷൻ നൽകുന്നതിനായി മാസം 108375/- രൂപ ചെലവായിട്ടുണ്ട്. |
| 20. | കർഷക പെൻഷൻ | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി നിലവിൽ 684 പേർക്ക് പെൻഷൻ നൽകുന്നതിനായി മാസം 10.944 ലക്ഷം ചെലവാകുന്നുണ്ട്. |
| 21. | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആൻഡ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി 82 വർക്കർമാർക്ക് 2,05,000/- രൂപയും 98 ഹെൽപ്പർമാർക്ക് 1,47,000/- രൂപയും പ്രതിമാസം പെൻഷനായി നൽകി വരുന്നു. |
| 22. | കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് ആൻഡ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | വാമനപുരം മണ്ഡലത്തിലെ 3 പേർക്ക് പെൻഷൻ നൽകുന്നതിനായി പ്രതിമാസം 6000/- രൂപയും ഒരാൾക്ക് കുടുംബ പെൻഷൻ നൽകുന്നതിനായി പ്രതിമാസം 1000/- രൂപയും ചെലവഴിക്കുന്നു. |
| 23. | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിൽ കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന |

| | | |
|---|---|---|
| | | ഗുണഭോക്താക്കൾ ആരുമില്ല. |
| 24. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനമാക്കി തരം തിരിച്ചിട്ടില്ലാത്തതാണ്. അപേക്ഷകർ അവരുടെ നിലവിലെ തദ്ദേശസ്ഥാപനം, താലൂക്ക് എന്നിവ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും ബോർഡ് പെൻഷൻ വാങ്ങി വരുന്ന ഗുണഭോക്താക്കൾ ഏകദേശം 111 പേരാണ്. ടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി പ്രതിമാസം 1,77,600/- രൂപ ചെലവഴിക്കുന്നു. |
| 25 | ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ആരും ഇല്ല. |
| 26. | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) | സ്കാറ്റേർഡ് വിഭാഗത്തിൽ 54 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിലേയ്ക്ക് പ്രതിമാസം 86,400/- രൂപ ചെലവഴിക്കുന്നുണ്ട്. |
| 27. | അൺ അറ്റാച്ച്ഡ് വിഭാഗം | വാമനപുരം മണ്ഡലത്തിൽ നിലവിൽ |

| | | |
|---|---|---|
| | | 84 പെൻഷൻ ഗുണഭോക്താക്കളുണ്ട്. ടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിലേയ്ക്ക് പ്രതിമാസം 1,77,510/- രൂപ ചെലവഴിക്കുന്നുണ്ട്. |
| 28. | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ആരും ഇല്ല. |
| 29. | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | വാമനപുരം മണ്ഡലത്തിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ആരും ഇല്ല. |

**ക്ഷേമ പെൻഷൻ വിതരണം**

72(480) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം എത്രയെന്നും ആയതിലേക്ക് പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹിക സുരക്ഷ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളിക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹിക സുരക്ഷ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. പെൻഷൻ ഡാറ്റാബേസിൽ ഉൾപ്പെട്ട എല്ലാവർക്കും മറ്റ് നിബന്ധനകൾ പാലിക്കുകയാണെങ്കിൽ പെൻഷൻ നൽകുന്നതാണ്. പ്രതിവർഷം ശരാശരി 10,800 കോടി രൂപയോളം പെൻഷൻ നൽകുന്നതിന് ആവശ്യമാണ്.

**ക്ഷേമ പെൻഷനുകളുടെ കേന്ദ്രവിഹിത കുടിശ്ശിക**

73(481) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേമ പെൻഷൻ വിതരണത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട തുക കുടിശ്ശിക വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക, ഏതെല്ലാം ക്ഷേമ പെൻഷനുകളിൽ കുടിശ്ശികയായിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിലാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹിക സുരക്ഷ പെൻഷൻ കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വിതരണത്തിലെ കേന്ദ്രവിഹിതമായ 48,61,79,600/- രൂപ കുടിശ്ശികയുണ്ട്. ഇന്ദിരാഗാന്ധി

ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ ക്ഷേമപെൻഷനുകളിൽ 2023 ജൂലൈ മാസം മുതലുള്ള കേന്ദ്രവിഹിതം ലഭിക്കാനുണ്ട്.

**വിധവ, അവിവാഹിത പെൻഷനുകൾ**

74(482) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവ, അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾ അവിവാഹിത, പുനർവിവാഹ സർട്ടിഫിക്കറ്റുകൾ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയിട്ടും പെൻഷൻ ലഭിക്കാത്ത വിഷയം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്?

15-02-2019-ലെ സ.ഉ.(എം.എസ്.)നം. 88/2019/ധന. പ്രകാരം അവിവാഹിത പെൻഷൻ/വിധവാ പെൻഷൻ ഗുണഭോക്താക്കൾ വിവാഹം/ പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് (എല്ലാ വർഷവും ഡിസംബർ മാസത്തിൽ) ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവായിരുന്നു. തുടർന്ന് നം. 1075328/എസ്.എഫ്.സി. ബി2/2019/ധന. കത്ത് പ്രകാരം പുനർവിവാഹിത സാക്ഷ്യപത്രത്തിലെ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യേണ്ടതാണെന്നും നിർദേശം നൽകിയിരുന്നു. 23-09-2020-ലെ സ.ഉ. (എം.എസ്)നം. 97/2020/ധന. പ്രകാരം വിധവാ പെൻഷൻ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതുവരെ താൽക്കാലികമായി തടഞ്ഞുവയ്ക്കേണ്ടതും സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുനഃസ്ഥാപിച്ച് നൽകേണ്ടതുമാണെന്നാണ് നിർദേശിച്ചിരുന്നത്. 30-01-2023-ലെ

1599207/എസ്.എഫ് സി.ബി2/2020/ധന. കത്ത് പ്രകാരം, വിവാഹിത/ പുനർവിവാഹിത അല്ലായെന്ന സർട്ടിഫിക്കറ്റുകൾ സേവന സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന് 2023 ഫെബ്രുവരി 1 മുതൽ മേയ് 20 വരെ (പെൻഷൻ ബിൽ പ്രോസസ് ചെയ്യുന്ന ദിവസങ്ങളൊഴികെ) പ്രാദേശിക സർക്കാരുകൾക്ക് സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. സർട്ടിഫിക്കറ്റുകളുടെ അപ്രൂവൽ എല്ലാ മാസവും 1 മുതൽ 20 വരെ (ബിൽ പ്രോസസ്സിംഗിനായി സൈറ്റ് ക്ലോസ് ചെയ്യുന്ന തീയതി വരെ മാത്രം) നടത്തേണ്ടതാണെന്നും 2023 മേയ് 20-നുള്ളിൽ സർട്ടിഫിക്കറ്റുകൾ അപ്രൂവ് ചെയ്യാത്തവരുടെ പെൻഷൻ തടയേണ്ടതും തുടർന്നുള്ള മാസങ്ങളിൽ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നമുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി അതിന് അപ്രൂവൽ നൽകേണ്ടതാണെന്നും ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അപ്രൂവ് ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതിനേ ഗുണഭോക്താവിന് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും ഇക്കാരണത്താൽ തടയപ്പെടുന്ന പെൻഷൻ കുടിശ്ശികയ്ക്ക് ഗുണഭോക്താവിന് അർഹതയുണ്ടായിരിക്കുന്നതല്ലായെന്നും യഥാസമയം അപ്‌ലോഡ് ചെയ്ത്

അപ്രൂവ് ചെയ്യാത്തതുകാരണം ഗുണഭോക്താവിനുണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ അറിയിച്ചിരുന്നതും പ്രസ്തുത സർട്ടിഫിക്കറ്റുകൾ സേവനയിൽ സമയബന്ധിതമായി അപ്‌ലോഡ് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കർശന നിർദേശം നൽകിയിരുന്നതുമാണ്. കൂടാതെ 'പുനർവിവാഹിതയല്ല' എന്ന സാക്ഷ്യപത്രം സമർപ്പിച്ചിട്ടും ഗുണഭോക്താക്കൾക്ക് വിധവാ/50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ ലഭ്യമായിട്ടില്ലെന്ന പരാതി ലഭിച്ചതിനെത്തുടർന്ന് 2647259/SFC-B1/317/2023-FIN. എന്ന ഫയലിൽ പ്രസ്തുത വിഷയം പരിശോധിച്ച്, അതിൽ റിപ്പോർട്ട് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**റബ്ബർ വില സ്ഥിരതാഫണ്ട്**

75(483) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റബ്ബർ വില സ്ഥിരത ഫണ്ടിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; നാളിതുവരെ അനുവദിച്ച് നൽകിയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് റബ്ബർ വില സ്ഥിരത ഫണ്ടിനായി 2023-24 സാമ്പത്തിക വർഷം 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കീഴിൽ 2015-16 മുതൽ 2023 ഒക്ടോബർ മാസം വരെ ആകെ 1993.36 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

**തീരദേശ പാക്കേജ്**

76(484) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തീരദേശ പാക്കേജിനായി പ്രഖ്യാപിച്ചിരുന്ന ആയിരം കോടി രൂപയിൽ നാളിതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്;

(ബി) ഏതൊക്കെ പദ്ധതികളിലായി എത്ര രൂപ വീതമാണ് ഇതിനോടകം ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ തുക ഉപയോഗിച്ച് നടപ്പാക്കുന്നതിനായി അനുമതി നൽകുകയും നിർവ്വഹണാവസ്ഥയിൽ തുടരുകയും ചെയ്യുന്ന പദ്ധതികൾ എത്രയെണ്ണമാണ്; ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക എത്ര വീതമാണെന്ന് അറിയിക്കുമോ;

(ഡി) ഈ തുക ഉപയോഗിച്ച് ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഇന്ധനത്തിന് സെസ് ഏർപ്പെടുത്തിയ നടപടി**

77(485) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 01-04-2023 മുതൽ വിറ്റുവരുന്ന ഇന്ധനത്തിന് എത്ര രൂപയാണ് അധിക സെസ് ഏർപ്പെടുത്തിയതെന്നും ഈ ഇനത്തിൽ സർക്കാരിന് എത്ര തുകയാണ് 31-12-2023 വരെ ലഭിച്ചതെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ കണക്ക് മാസം തിരിച്ച് വ്യക്തമാക്കാമോ?

2023-24-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 563-ൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2023-ലെ ധനകാര്യ നിയമപ്രകാരം 01-04-2023 മുതൽ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിലാണ് സാമൂഹിക സുരക്ഷ സെസ് ചുമത്തിയിട്ടുള്ളത്.

2023-24 സാമ്പത്തിക വർഷം ഡിസംബർ 31 വരെ, ഈ ഇനത്തിൽ 685.79 (provisional) കോടി രൂപയാണ് സംസ്ഥാനത്ത് ലഭിച്ചത്. ആയതിന്റെ പ്രതിമാസം ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇന്ധന സെസ് വർദ്ധിപ്പിച്ചത് സാമൂഹിക സുരക്ഷ പെൻഷൻ നൽകാനാണെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

2023-24-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസമാഹരണം നടത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇന്ധന സെസ്സ് ഏർപ്പെടുത്തിയത്.

(സി) സംസ്ഥാനത്ത് സർക്കാർ അധിക സെസ്സ് പിരിച്ചിട്ടും സാമൂഹിക ക്ഷേമ പെൻഷൻ നൽകുന്നതിൽ കുടിശ്ശിക വരുത്തിയതിന്റെ കാരണവും ഏതൊക്കെ വിഭാഗത്തിൽപ്പെട്ട പെൻഷനുകൾ നൽകുന്നതിനാണ് ഈ തുക പിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഇന്ധനത്തിന് അധിക സെസ് വിവിധ ക്ഷേമ പെൻഷനുകൾ നൽകുന്നതിനാണെന്ന പേരിൽ സർക്കാർ പിരിച്ചിട്ടും സുരക്ഷ പെൻഷനുകൾ കുടിശ്ശിക വരാതെ നൽകാൻ പറ്റാത്തതിന്റെ കാരണം പിരിച്ച തുക വകമാറ്റി ചെലവഴിച്ചതുകൊണ്ടാണോയെന്ന് പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന്

സർക്കാർ ശ്രമിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹിക സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടി രൂപ ആവശ്യമാണ്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത തുക വകമാറ്റി ചെലവഴിക്കുന്നില്ല.

## സാമൂഹിക സുരക്ഷ സെസ് വഴി ലഭിച്ച തുക

78(486) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സാമൂഹിക സുരക്ഷ സെസ് ഏർപ്പെടുത്തിയതുവഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര തുക നാളിതുവരെ സമാഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹിക സുരക്ഷ സെസ് ഏർപ്പെടുത്തിയതുവഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര തുക നാളിതുവരെ സമാഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ;

(സി) സാമൂഹിക സുരക്ഷ സെസ് ഏർപ്പെടുത്തിയതിനുശേഷം സാമൂഹിക സുരക്ഷ പെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അതിന് കഴിയാത്തതെന്ന് വ്യക്തമാക്കുമോ?

(എ-സി) 2023-24 ബജറ്റ് പ്രസംഗം ഖണ്ഡിക 562 പ്രകാരം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഈടാക്കുന്ന സാമൂഹിക സുരക്ഷ സെസ്സിലൂടെ സർക്കാർ 400 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽനിന്നും ഈ ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക 157.54 കോടി രൂപയാണ് (provisional).

(ഡി) പ്രതിമാസം വിവിധ സാമൂഹിക സുരക്ഷ സെസ് വഴി സമാഹരിക്കുന്ന തുകയും സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യാൻ വേണ്ടിവരുന്ന തുകയും ഏകദേശം എത്ര വീതമാണെന്നും ഇവ തമ്മിലുള്ള അന്തരം എത്ര തുകയാണെന്നും സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യാൻ മറ്റ് ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ

പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹിക സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹിക സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് എട്ട് മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം നടത്തുന്നതിനുപോലും മതിയാകില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ **ലഭിക്കുന്ന തുകകൾ സംസ്ഥാ**നത്തിന്റെ സഞ്ചിതനിധിയിൽ വരവ് വയ്ക്കുകയും ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമ

പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ, പെൻഷൻ വിതരണത്തിന് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്.

**നികുതി വെട്ടിപ്പ് തടയാൻ നടപടി**

79(487) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:

<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിയായ പരിശോധനയില്ലാത്തതിനാൽ അന്തർസംസ്ഥാന ചരക്കു നീക്കത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെക്ക്പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയാൻ അതിർത്തികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

ജി.എസ്.ടി. സംവിധാനത്തിൽ രാജ്യമെമ്പാടും ചെക്ക്പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയാൻ ചരക്ക് വാഹനങ്ങളെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിരീക്ഷിക്കുകയും പരിശോധനാവിധേയമാക്കുകയും ചെയ്തുവരുന്നുണ്ട്. എ.എൻ.പി.ആർ. ക്യാമറ വഴിയും വാഹനങ്ങളെ നിരീക്ഷിച്ചുവരുന്നുണ്ട്. ഇതുകൂടാതെ നികുതി വെട്ടിച്ച ഏതെങ്കിലും ചരക്ക് കേരളത്തിൽ വിറ്റാൽ അത് കണ്ടെത്തി നികുതിയും

പിഴയും പലിശയും ഈടാക്കാനുള്ള ഇന്റലിജൻസ് സംവിധാനവും കേരളത്തിലുടനീളം പ്രവർത്തിക്കുന്നു. വ്യാപാരികളുടെ കണക്ക് ഓഡിറ്റ് ചെയ്ത് നികുതി ചോർച്ച കണ്ടെത്താനുള്ള സംവിധാനവും നികുതി വകുപ്പിന്റെ പുന:സംഘടനയിലൂടെ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ സമ്പ്രദായത്തിന്റെ നിലവിലെ പുരോഗതി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

50000 രൂപയ്ക്കു മുകളിൽ മൂല്യമുള്ള ചരക്കുകളുടെ നീക്കം വാഹനങ്ങളിലൂടെ നടത്തുമ്പോൾ ഇ-വേ ബിൽ നിർബന്ധമായും എടുത്തിരിക്കണം. ഇത്തരത്തിൽ ഇ-വേ ബിൽ എടുക്കാതെ ചരക്കുനീക്കം നടത്തുന്നതായി കണ്ടെത്തപ്പെടുന്നവർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നടപടികൾ സ്വീകരിച്ചുപോരുന്നു. ഇത്തരം ഇ-വേ ബില്ലുകളിൽനിന്നും സൃഷ്ടിക്കപ്പെടുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ട് ഇന്റലിജൻസ് നടപടികളും നടത്തിപ്പോരുന്നുണ്ട്.

**സ്വർണ്ണത്തിൽ നിന്നുമുള്ള നികുതി കുറയുന്നതിന്റെ കാരണം**

80(488) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായതിനുശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെ സ്വർണ്ണകള്ളക്കടത്ത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ഏറ്റവുമധികം കള്ളക്കടത്ത് സ്വർണ്ണം പിടികൂടിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മുൻപന്തിയിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായതിനുശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ

മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണകള്ളക്കടത്ത് നടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ പോലീസ് വളരെ ഗൗരവമായി കണ്ടുകൊണ്ട് പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കിയിരിക്കുന്നതിനാൽ വിമാനത്താവളങ്ങളിൽനിന്ന് സുരക്ഷാ പരിശോധനകളെ മറികടന്ന് പുറത്തുവരുന്ന വ്യക്തികളിൽ നിന്നുപോലും കേരള പോലീസ് സ്വർണ്ണം പിടികൂടിയ സംഭവങ്ങളുണ്ടായിട്ടുണ്ട്. പോലീസ് മികവുറ്റ രീതിയിൽ പരിശോധനകളും മറ്റും നടത്തുന്നതിനാലാണ് ഇത്തരം കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ കാരണമാകുന്നത്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

സ്വർണ്ണത്തിൽ നിന്നുള്ള നികുതി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി. ഐ.ടി. സംവിധാനത്തിൽ ഒരു ചരക്കിൽ നിന്നോ സേവനത്തിൽ നിന്നോ കേരളത്തിൽ എത്ര വരുമാനം ലഭിച്ചു എന്നറിയാൻ കഴിയുന്ന സംവിധാനം നിലവിലില്ല.

സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനം നികുതി നിരക്കായിരുന്നു. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനമായിട്ടാണ് നിർണ്ണയിച്ചത്. പ്രസ്തുത നികുതിയിൽ 1.5% മാത്രമാണ് സംസ്ഥാനത്തിന് അവകാശപ്പെട്ടത്.

(ഡി) ഈ മേഖലയിലെ നികുതിശോഷണം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ജി.എസ്.ടി. ഐ.ടി. സംവിധാനത്തിൽ ഒരു ചരക്കിൽ നിന്നോ സേവനത്തിൽ നിന്നോ കേരളത്തിൽ എത്ര വരുമാനം ലഭിച്ചു എന്നറിയാൻ കഴിയുന്ന സംവിധാനം നിലവിലില്ല. സ്വർണ്ണ വ്യാപാര മേഖലയിലെ വെട്ടിപ്പ് തടയുന്നതിനാവശ്യമായ ഇന്റലിജൻസ് വികസിപ്പിച്ച് സെർച്ച് നടത്തി നികുതി വെട്ടിപ്പ് തടയുന്നുണ്ട്. ഇതിനായി നിതാന്ത വാഹന പരിശോധനയും ജ്വലറികൾ, ഹാൾമാർക്കിംഗ് സ്ഥാപനങ്ങൾ, സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ മുതലായവയ്ക്ക് സമീപമുള്ള

രഹസ്യ നിരീക്ഷണവും ഊർജ്ജിതമാക്കി വകുപ്പിലെ ഇന്റലിജൻസ്/എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നടപടികൾ എടുത്തുവരുന്നു.

**സ്വർണ്ണ കച്ചവടത്തിലെ നികുതി വെട്ടിപ്പ് തടയുവാൻ നടപടി**

81(489) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായതിനുശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണകള്ളക്കടത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷം ഏറ്റവുമധികം കള്ളക്കടത്ത് സ്വർണ്ണം പിടികൂടിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മുൻപന്തിയിലാണെന്ന് 2023 ഡിസംബർ-12 ന് കേന്ദ്ര ധനമന്ത്രാലയം രാജ്യസഭയിൽ നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണകള്ളക്കടത്ത് നടത്തുന്ന സംഭവങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ പോലീസ് വളരെ ഗൗരവമായി കണ്ടുകൊണ്ട് പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കിയിരിക്കുന്നതിനാൽ വിമാനത്താവളങ്ങളിൽനിന്ന് സുരക്ഷാ പരിശോധനകളെ മറികടന്ന് പുറത്തുവരുന്ന വ്യക്തികളിൽ നിന്നുപോലും കേരള പോലീസ് സ്വർണ്ണം പിടികൂടിയ സംഭവങ്ങളുണ്ടായിട്ടുണ്ട്. പോലീസ് മികവുറ്റ രീതിയിൽ പരിശോധനകളും മറ്റും നടത്തുന്നതിനാലാണ് ഇത്തരം കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ കാരണമാകുന്നത്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സ്വർണ്ണ കച്ചവടത്തിൽ നിന്നുള്ള നികുതി കുറഞ്ഞ് വരുന്നത് പരിശോധിച്ചിട്ടുണ്ടോ; ഈ മേഖലയിൽ നിന്നുള്ള നികുതി ശോഷണം തടയുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയശേഷം സ്വർണ്ണ കച്ചവടത്തിൽ നിന്നുള്ള നികുതി കുറഞ്ഞ വരുന്നതായി ശ്രദ്ധിൽപ്പെട്ടിട്ടില്ല. വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനമായിരുന്നു നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി

നിരക്ക് 3 ശതമാനമായിട്ടാണ് നിർണ്ണയിച്ചത്. പ്രസ്തുത നികുതിയിൽനിന്നും 1.5% മാത്രമാണ് സംസ്ഥാനത്തിന് അവകാശപ്പെട്ടത്.

(സി) 2020-ൽ സംസ്ഥാനത്തെ പ്രധാന സ്വർണ്ണക്കടകളിൽ ഒരേ ദിവസം പരിശോധന നടത്തി അവിടെനിന്നും ശേഖരിച്ച ഡാറ്റ സി-ഡാക്കിനെ വിശകലനം ചെയ്യുവാൻ ഏൽപ്പിച്ചതിൻ പ്രകാരം സി-ഡാക്കിൽനിന്ന് റിപ്പോർട്ട് ലഭിച്ചോ; എങ്കിൽ ആ ഡാറ്റ ഉപയോഗിച്ച് കണ്ടെത്തിയ അധിക നികുതി വരുമാനം എത്രയെന്ന് അറിയിക്കാമോ?

2020-ൽ സംസ്ഥാനത്തെ സ്വർണ്ണക്കടകളിൽ നടത്തിയ പരിശോധനയിൽ ശേഖരിച്ച ഡാറ്റ വിശകലനം ചെയ്യുവാൻ സി-ഡാക്കിനെ ഏൽപ്പിച്ചിട്ടില്ല.

(ഡി) സ്വർണ്ണ കച്ചവടത്തിലെ നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്വർണ്ണ വ്യാപാര മേഖലയിലെ നികുതിശോഷണം തടയുന്നതിന് ആവശ്യമായ ഇന്റലിജൻസ് വികസിപ്പിച്ച് സെർച്ച് നടത്തി നികുതി വെട്ടിപ്പ് തടയുന്നുണ്ട്. ഇതിനായി നിതാന്ത വാഹന പരിശോധന, ജ്വവലറികൾ,

ഹാൾ മാർക്കിംഗ് സ്ഥാപനങ്ങൾ, സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ മുതലായവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണം ഊർജ്ജിതമാക്കി, വകുപ്പിലെ ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നടപടിയെടുത്തുവരുന്നു. ഇതുകൂടാതെ കേരളത്തിനകത്തുള്ള സ്വർണ്ണത്തിന്റെ ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കാനുള്ള നടപടികൾ കേരളത്തിന്റെ നേതൃത്വത്തിൽ ജി.എസ്.ടി. കൗൺസിൽ എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-വേ ബിൽ കേരളത്തിനകത്ത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

82(490) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇക്കണോമിക് അസോസിയേഷനും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും ചേർന്ന് സംഘടിപ്പിച്ച സംസ്ഥാന സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള പാനൽ ചർച്ചയിൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. അനുബന്ധമായി ചേർക്കുന്നു+.

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റ് രംഗത്തെ കെടുകാര്യസ്ഥതയെക്കുറിച്ചും സംസ്ഥാന, കേന്ദ്ര ബന്ധത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയെക്കുറിച്ചും സാമ്പത്തിക വിദഗ്ദ്ധർ നടത്തിയിട്ടുള്ള അഭിപ്രായങ്ങൾ വിശദമാക്കാമോ?

സി.എസ്.എസ്. സ്കീംസ് വഴി കിട്ടേണ്ട തുക, പ്രത്യേകിച്ച് ആരോഗ്യ മേഖലയിൽ കിട്ടേണ്ട പണം കിട്ടുന്നില്ല, പണം കിട്ടണമെങ്കിൽ എല്ലാ ഹോസ്പിറ്റലിന്റെയും പേര് മാറ്റണം, കളർ മാറ്റണം, തുടങ്ങിയ സി.എസ്.എസ്.-ന്റെ പല ബ്രാൻഡിംഗ് നിബന്ധനകളും സംസ്ഥാന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താല്പര്യത്തിനെതിരാണ്. കാര്യമായ ഫ്ലക്സിബിലിറ്റി ഇക്കാര്യത്തിൽ വേണം. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതം നിരന്തരം കുറഞ്ഞുകൊണ്ടിരിക്കുന്നു. പത്താം ധനകാര്യ കമ്മീഷനിൽ 3.8% ആയിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.9% ആയി കുറഞ്ഞു.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പല നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

83(491) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനം എത്ര ദിവസം ഓവർഡ്രാഫ്റ്റിലായിരുന്നു; ഓവർഡ്രാഫ്റ്റ് നികത്തുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്; വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2022-23 സാമ്പത്തിക വർഷാവസാനം വരെ സംസ്ഥാന ട്രഷറി 15 ദിവസം ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്. സർക്കാരിന്റെ വരവിലൂടെയാണ് ഓവർഡ്രാഫ്റ്റ് നികത്തപ്പെടുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും എത്ര തുക വീതം കടമെടുത്തിട്ടുണ്ട്; കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക വായ്പയായി ലഭിച്ചിട്ടുണ്ട്; വിദേശ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എത്ര തുക വായ്പയായി ലഭിച്ചിട്ടുണ്ട്; വിവിധ ഏജൻസികളിൽനിന്നും വായ്പയായി സർക്കാർ സ്വരൂപിച്ച തുകയുടെ പലിശ നിരക്ക്, തിരിച്ചടവ് തീയതി എന്നിവ ഉൾപ്പെടുത്തി വിശദാംശം ലഭ്യമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2022-23 സാമ്പത്തിക വർഷാവസാനം വരെയുള്ള കാലയളവിൽ ആഭ്യന്തര വിപണിയിൽനിന്നും കേന്ദ്ര സർക്കാരിന്റെ വായ്പയും മുൻകൂറും (വിദേശ വായ്പ ഉൾപ്പെടെ) അടക്കം പൊതുകടം (തനി) ഇനത്തിൽ ആകെ 47058.56 കോടി

ത്രപ സർക്കാർ സമാഹരിച്ചിട്ടുണ്ട്. ഓരോ വായ്പയുടെയും പലിശ നിരക്ക്, തിരിച്ചടവ് കാലയളവ് മുതലായവ വ്യത്യസ്തമാണ്.

(സി) സർക്കാരിന്റെ ഗ്യാരന്റിയിൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾ, പെൻഷൻ ഫണ്ടുകൾ, മറ്റുള്ളവ എന്നിവ എത്ര തുക വായ്പയെടുത്തിട്ടുണ്ട്; സ്ഥാപനങ്ങൾ, പെൻഷൻ ഫണ്ടുകൾ, മറ്റുള്ളവ ഏതെല്ലാമെന്നും എത്ര തുക ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും എത്ര പലിശ നിരക്കിൽ കൈപ്പറ്റിയെന്നും അറിയിക്കുമോ?

സർക്കാരിന്റെ ഗ്യാരന്റിയിൽ സ്ഥാപനങ്ങൾ എടുത്ത വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാം; അവയുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. നിലവിലെ സാമ്പത്തിക ഞെരുക്കത്തിനിടയിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഭംഗംകൂടാതെ നടത്തുവാൻ സാധിച്ചത് മേൽ നടപടികളുടെ ഫലപ്രാപ്തി കാരണമാണ്.

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ ബജറ്റിലെ നിയന്ത്രണങ്ങൾ**

84(492)ശ്രീ. അനൂപ് ജേക്കബ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ പുതിയ ബജറ്റ് തയ്യാറാക്കുന്നതിൽ വകുപ്പുകൾക്ക് പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾ വെട്ടിച്ചുരുക്കാനാണ് വകുപ്പുകൾക്ക് നിർദേശം നൽകിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) അടുത്ത സാമ്പത്തിക വർഷം ചെലവുകൾ ചുരുക്കുന്നതിനായി എന്തെല്ലാം കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. ഈ ഘട്ടത്തിലും സംസ്ഥാനത്തിന്റെ തനത് നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകാനാണ് സർക്കാർ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനുവേണ്ട നിർദേശങ്ങൾ പ്രതിപാദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് 77/2023/ധന നം. പ്രകാരം 31-07-2023-ൽ ഒരു പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പരിപത്രം എല്ലാ വകുപ്പ് മേധാവികൾക്കും ഇതിനോടകം അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത പരിപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. ഉൽപ്പാദനക്ഷമമല്ലാത്തതും അപ്രധാനവുമായ പദ്ധതികൾ മാറ്റിവയ്ക്കുന്നതിന് മുൻകാലങ്ങളിലേതുപോലെ ഇപ്പോഴും വകുപ്പുകൾക്ക് നിർദേശം കൊടുത്തിട്ടുണ്ട്. പ്രോഗ്രാമുകൾ/സ്കീമുകൾ/പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രക്രിയയെ യുക്തിസഹമാക്കുന്നതിലേയ്ക്കായി വകുപ്പ് മേധാവികളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൺട്രോളിംഗ് ഓഫീസർമാരും വിമർശനാത്മകമായി നിലവിലുള്ള പ്രോഗ്രാമുകൾ/സ്കീമുകൾ/വർക്കുകൾ എന്നിവയെ വിലയിരുത്തുവാനും അവയെ സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് ബജറ്റ് എസ്റ്റിമേറ്റുകൾക്കൊപ്പം അയക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. ഇത് ചില പ്രവർത്തനങ്ങളെ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ലയിപ്പിക്കുക അല്ലെങ്കിൽ അവയിലേക്ക് മാറ്റുകയോ ചെയ്യുവാൻ സഹായകരമാകും.

ഒരു സ്കീം പ്രവർത്തനം മാറ്റിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ, അവിടെ ജോലി ചെയ്തുവരുന്ന പിരിച്ചുവിടാൻ കഴിയാത്ത അധിക ജീവനക്കാരുണ്ടെങ്കിൽ അത്തരം ജീവനക്കാരുടെ ഒരു പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കുന്നതിന് വകുപ്പ് മേലധികാരികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ജീവനക്കാരെ ഭാവിയിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കാൻ ഇത് സഹായകരമാകും. ഇപ്രകാരമുള്ള നിർദേശങ്ങളാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പരിപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി

85(493)ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ആയത് തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായാണ് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് പൊടുന്നനെ ഉടലെടുത്തിട്ടുള്ളത്. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല. നികുതി പിരിവ് കാര്യക്ഷമമാക്കിയും

ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(സി) അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹികക്ഷേമ വികസന ചെലവുകൾ ഭംഗംകൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഒരു ലക്ഷം രൂപ പോലും മാറാൻ സാധിക്കാത്ത തരത്തിലുള്ള നിയന്ത്രണം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് ഒഴിവാക്കാൻ സാധിക്കുമോയെന്നും കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലെ ട്രഷറി നിയന്ത്രണങ്ങളിൽ സ്വാഭാവികമായും ഇളവുകളുണ്ടാകും.

**കേന്ദ്ര സർക്കാരിന്റെ നയങ്ങളും സാമ്പത്തിക പ്രതിസന്ധിയും**

86(494) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹികക്ഷേമ വികസന ചെലവുകൾ ഭംഗംകൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ

പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

(ബി) നോട്ട് നിരോധനവും പ്രളയവും കോവിഡും ഒഴികെ മറ്റെന്തെല്ലാം പ്രതിസന്ധികളാണ് സാമ്പത്തിക തകർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. അതാണ് നിലവിൽ സംസ്ഥാനത്ത് ഗുരുതരമായ പണഞെരുക്കത്തിന് ഇടയാക്കിയിട്ടുള്ളത്.

(സി) 2021 ഏപ്രിൽ 1 മുതൽ നാളിതുവരെ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് എത്ര തുക ലഭിക്കേണ്ടതായിട്ടുണ്ട്; അതിൽ എത്ര തുക ലഭിച്ചു; വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം കേന്ദ്ര വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

87(495) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി സംസ്ഥാനം ഗുരുതരമായ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്.

(ബി) വിവിധ വകുപ്പുകൾക്കും, കരാറുകാർക്കുമായി എത്ര തുക കുടിശ്ശികയായി ഉണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 മേയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2023 സെപ്റ്റംബർ മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

(സി) ക്ഷേമപെൻഷനുകൾ ഇപ്പോൾ എത്ര കുടിശ്ശികയുണ്ടെന്നും അവ കൊടുത്തുതീർക്കുന്നതിന് എത്ര രൂപ വേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

2023 ആഗസ്റ്റ് മാസം വരെയുള്ള സാമൂഹിക സുരക്ഷ പെൻഷനുകൾ 2023 ഡിസംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം 756.56 കോടിയോളം രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 4 മാസത്തെ സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. സാമൂഹിക സുരക്ഷ

പെൻഷനുകൾക്കുള്ള ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ തുക സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

(ഡി) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാർക്ക്/പെൻഷൻകാർക്ക് നൽകാനുള്ള ക്ഷാമബത്ത/ക്ഷാമാശ്വാസത്തിന്റെ കുടിശ്ശിക കണക്കാക്കിയിട്ടില്ല. ക്ഷാമബത്ത/ക്ഷാമാശ്വാസം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) ബജറ്റിൽ ഉൾപ്പെടുത്തിയ അധിക നികുതിയിൽനിന്നും ഡീസൽ/പെട്രോൾ സെസിൽനിന്നും എത്ര രൂപ ഈ സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്നുവെന്നും ഇതുവരെ എത്ര രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ബജറ്റിൽ ഉൾപ്പെടുത്തിയ ഡീസൽ/പെട്രോൾ സെസിൽനിന്നും നടപ്പ് സാമ്പത്തിക വർഷം 750 കോടി രൂപ സാമൂഹിക സുരക്ഷ സീഡ്

ഫണ്ടിലേക്ക് പ്രതീക്ഷിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം 31 ഡിസംബർ വരെ ലഭ്യമായ കണക്കുകൾ പ്രകാരം പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സാമൂഹിക സുരക്ഷ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞുകിട്ടിയ തുക (FINANCE ACT 2023 പ്രകാരം) 685.79* കോടി രൂപയാണ് (*provisional).

(എഫ്) ദൈനംദിന ചെലവുകൾ നടത്തുന്നതിനായി കടമെടുക്കുന്നതുമൂലം സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്നത് ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വായ്പാ പരിധിക്കുള്ളിൽനിന്നും മാത്രമേ സംസ്ഥാനം പൊതുകടം എടുക്കുന്നുള്ളൂ. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹികക്ഷേമ വികസന ചെലവുകൾ ഭംഗംകൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത

നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്.

**സാമ്പത്തിക പ്രതിസന്ധി**

88(496) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ സെസ് അടക്കം വിവിധ നികുതികൾ വർദ്ധിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിലക്കയറ്റത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പെട്രോൾ, ഡീസൽ സെസ് ഏർപ്പെടുത്തിയതുകൊണ്ട് പ്രത്യേകമായി വിലക്കയറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കഴിഞ്ഞ കുറച്ചുകാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചുപോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് എന്നീ കാരണങ്ങളാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.

കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ

വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. അതേസമയം, കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെയും ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 7,246 കോടി രൂപയുടെയും കുറവുണ്ടായിട്ടുണ്ട്.

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതി (Scheme for Special Assistance for Capital Expenditure) 2023-24-ന്റെ ഒന്നാം ഭാഗത്തിന് കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 1925 കോടിയുടെ വായ്പാ സഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അഞ്ച് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ വായ്പാസഹായം അനുവദിക്കാൻ

നിർവാഹമില്ല എന്നാണ് കേന്ദ്രം മറുപടി നൽകിയിട്ടുള്ളത്. കേന്ദ്ര സർക്കാർ Branding നിർദ്ദേശിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), ആയുഷ്മാൻ ഭാരത് - ഹെൽത്ത് & വെൽനസ് സെന്റേഴ്സ്, പ്രധാൻമന്ത്രി ആവാസ് യോജന (അർബൻ), പോഷൺ അഭിയാൻ, നാഷണൽ ഹെൽത്ത് മിഷൻ എന്നീ സ്കീമുകളിൽ ബ്രാന്റിംഗ്/നെയിമിംഗുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിദേശിച്ച മാർഗ്ഗനിർദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളെ അറിയിച്ചുവെങ്കിലും കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. മൂലധനചെലവുകൾക്കായുള്ള പ്രത്യേക സഹായ പദ്ധതിയുടെ വിവിധ ഭാഗങ്ങളിലായി അനുവദിക്കേണ്ട ഒരു തുകയും നടപ്പുവർഷം ഇതുവരെ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുമില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്. കൂടാതെ മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ പി.എം.എ.വൈ. (അർബൻ) ഒഴികെ കേന്ദ്ര വിഹിതവും കുടിശ്ശികയായിട്ടുണ്ട്.

മുൻ ഖണ്ഡികകളിൽ പരാമർശിക്കുന്ന തോതിലുള്ള സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാന വർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം.

(സി) സാമ്പത്തിക പ്രതിസന്ധിമൂലം സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങൾപോലും മുടങ്ങിയിരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

അശരണരും നിരാലംബരുമായവർക്കായി സംസ്ഥാന സർക്കാർ സാമൂഹികക്ഷേമ പെൻഷനുകൾ അനുവദിക്കുന്നു. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹിക സുരക്ഷ പെൻഷനുകളും സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശ കലാകാര

പെൻഷൻ, കായിക യുവജന ക്ഷേമ വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ എന്നിവയും 16 ക്ഷേമനിധി ബോർഡ് പെൻഷനുകളുമാണ് സംസ്ഥാന സർക്കാർ നേരിട്ട് വിതരണം ചെയ്യുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന 13 ക്ഷേമനിധി ബോർഡുകളിൽ ഭൂരിഭാഗത്തിനും സർക്കാരിൽനിന്ന് പലവിധത്തിലുള്ള ധനസഹായങ്ങൾ ലഭിക്കുന്നതുകൊണ്ടാണ് പെൻഷൻ നൽകാനാകുന്നത്.

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രാധാന കർത്തവ്യമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 41 അനുസരിച്ചാണ് സർക്കാരുകൾ ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നത്. ആർട്ടിക്കിൾ 41 ഇപ്രകാരമാണ്,

"41. Right to work, to education and to public assistance in certain cases- The State shall, within the limits of its economic capacity and development, make effective provision for securing the right to work, to education and to public assistance in cases of unemployment, old age, sickness and disablement, and in other cases undeserved want."

പ്രസ്തുത ആർട്ടിക്കിൾ പ്രകാരം സർക്കാരിന്റെ സാമ്പത്തിക ശേഷിയുടെയും വികസന ശേഷിയുടെയും പരിധിക്കുള്ളിൽ നിന്നുമാത്രം ഇത്തരം ക്ഷേമ പ്രവർത്തങ്ങൾ നടത്തിയാൽ മതിയാകും. അതുകൊണ്ടുതന്നെ ഇതിന് സ്റ്റാട്യൂട്ടറി പെൻഷന്റേത് പോലുള്ള നിർബന്ധിത സ്വഭാവവുമില്ല. കേന്ദ്ര സർക്കാർപോലും മുകളിൽ സൂചിപ്പിച്ച കേന്ദ്രസഹായമുള്ള മൂന്ന് ക്ഷേമ പെൻഷനുകൾ എല്ലാ മാസവും മുടക്കം കൂടാതെ വിതരണം ചെയ്യുന്നില്ല. എന്നാൽ കേരള സർക്കാരിന്റെ നയം അതല്ല. സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കുള്ള ക്ഷേമപെൻഷനുകൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുന്നതുപോലെ കൃത്യമായും വർദ്ധിക്കുന്ന ജീവിത ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്ന നിരക്കിൽ കൂടുതൽ ഗുണഭോക്താക്കൾക്ക്

നൽകുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് കേരള സർക്കാർ നടത്തുന്നത്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി 06-09-2020-ലെ സ.ഉ.(പി) നം.118/2020/ധന പ്രകാരം അതതുമാസത്തെ പെൻഷൻ എല്ലാമാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു. അപ്രകാരം 2020 സെപ്തംബർ മാസം മുതൽ പരമാവധി അതത് മാസംതന്നെ സാമൂഹിക സുരക്ഷ പെൻഷൻ ഉൾപ്പടെയുള്ള ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ രണ്ട് മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. ഇനി 2023 സെപ്തംബർ മുതൽ ഡിസംബർ വരെയുള്ള നാല് മാസത്തെ പെൻഷനാണ് അനുവദിക്കാനുള്ളത്. അത് കൊടുത്തുതീർക്കുന്നതിനും തുടർന്ന് മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നൽകുന്നതിനുമുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. അതിന്റെ ഭാഗമായാണ് കേരള സാമൂഹിക സുരക്ഷ പെൻഷൻ കമ്പനി രൂപീകരിച്ചും പ്രത്യേക സെസ്സ് ഏർപ്പെടുത്തിയും അധിക വിഭവ സമാഹരണത്തിനുള്ള നടപടികൾ സ്വീകരിച്ചത്. എന്നാൽ സാമൂഹിക

സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകാൻ പ്രതിമാസം 900 കോടി രൂപ വേണ്ടിടത്ത് 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. അതായത് എട്ട് മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹിക സുരക്ഷ പെൻഷനുകൾ വിതരണം നടത്തുന്നതിനുപോലും മതിയാകുകയില്ല. ഈ സാഹചര്യത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് വഴിയുള്ള ധനസമാഹരണമാണ് കാര്യക്ഷമമായ മാർഗ്ഗം. പക്ഷെ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. സെസ് ഉൾപ്പടെ വരവിനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും,

ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹിക സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

**പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

89(497) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 01-07-2011 പ്രാബല്യത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) 24-03-2023-ലെ സ.ഉ.(സാധാ) നം.255/2023/എഫ്.&പി. നമ്പർ ഉത്തരവ് പ്രകാരം കാലതാമസം പരിഹരിക്കുന്നതിന് മത്സ്യബന്ധന വകുപ്പ്

ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന പ്രസ്തുത ഫയലിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലിന് എന്നത്തേയ്ക്ക് അംഗീകാരം കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 831685/FandP-B1/160/2018-F&P നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ 862393/Dev-4/105/2018-FIN ഫയലിൽ പരിശോധിക്കുകയും പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളുടെ ശമ്പള പരിഷ്കരണം 01-4-2019 പ്രാബല്യത്തിൽ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തലത്തിൽ അംഗീകാരം നൽകിക്കൊണ്ട് 22-01-2024-ൽ ഭരണവകുപ്പിന് തിരികെ നൽകിയിട്ടുമുണ്ട്.

**ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം**

90(498) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം നടത്തിയ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ?

കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്. പരിശോധനാ വേളയിൽ നൽകിയ അന്വേഷണ കുറിപ്പുകൾക്ക് കേരള മെഡിക്കൽ സർവീസസ്

കോർപ്പറേഷൻ അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാ വേളയിൽ അന്വേഷണസംഘം ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്തുവരുന്നു.

(ബി) പ്രസ്തുത അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ 11-01-2022-ൽ ആരംഭിച്ച പരിശോധന പൂർത്തിയായിട്ടുണ്ട്.

(സി) അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി വകയിരുത്തിയ തുക**

91(500) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 642.1014 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 434.2193 കോടി രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകുകയും ഈ തുകയിൽ നിന്നും 2024 ജനുവരി മാസം വരെ 311.498 കോടി രൂപ പാചകചെലവ്, കുക്ക് ഓണറേറിയം, അരിയുടെ വില, കടത്തുകൂലി, എം.എം.ഇ എന്നീ ഇനങ്ങളിലായി ചെലവഴിച്ചിട്ടുമുണ്ട്.

(ബി) ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാനസർക്കാർ വിഹിതവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; ഉച്ചഭക്ഷണ പദ്ധതിയുടെ കേന്ദ്രസർക്കാർ വിഹിതമായി എത്ര തുക കുടിശ്ശികയായി നിലവിൽ ലഭിക്കാനുണ്ട്; വിശദാംശം നൽകുമോ?

കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിശ്ചയിക്കപ്പെടുന്ന പദ്ധതി അടങ്കൽ തുകയുടെ 60 ശതമാനമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ടി അടങ്കൽ തുകയുടെ 40 ശതമാനവും സംസ്ഥാനത്ത് പദ്ധതി നടത്തിപ്പിന് വരുന്ന അധിക ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിക്കുള്ള റെക്കറിംഗ് കേന്ദ്ര വിഹിതം 284.3067 കോടി രൂപയാണ്. സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 357.7947 കോടി രൂപയാണ്. ഇതിൽ 163.1547 കോടി രൂപ സംസ്ഥാന മാൻഡേറ്ററി വിഹിതവും 194.64 കോടി രൂപ പദ്ധതിക്കുള്ള സംസ്ഥാന അധിക സഹായവുമാണ്. ഉച്ചഭക്ഷണ പദ്ധതിക്കുള്ള കേന്ദ്ര വിഹിതത്തിൽ നിലവിൽ കുടിശ്ശികയില്ല.

(സി) ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഈ ഇനത്തിൽ ലഭിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യം നിലവിലില്ല. 2022-23 വർഷം വരെയുള്ള ധനവിനിയോഗ പത്രങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ആദ്യ ഗഡുവായി ലഭിച്ച കേന്ദ്ര വിഹിതം ചെലവഴിച്ചതിന്റെ കണക്കുകളും സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഭാഗം കേന്ദ്ര സർക്കാർ റിലീസ് ചെയ്തിട്ടുണ്ട്.

**ട്രഷറികളിലെ സ്ഥിരനിക്ഷേപം**

92(501) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നിരക്ക് കൂട്ടിയതുമൂലം ട്രഷറികളിൽനിന്നും ദിനംപ്രതി കോടിക്കണക്കിന് രൂപയുടെ സ്ഥിരനിക്ഷേപം പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ ബാങ്കുകളിലെ സ്ഥിരനിക്ഷേപത്തിന്റെ പലിശനിരക്ക് കൂടിയതുമൂലം ട്രഷറികളിൽനിന്നും സ്ഥിരനിക്ഷേപം പിൻവലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ സാമ്പത്തിക സഹായം**

93(502) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര കോടി രൂപ സാമ്പത്തിക സഹായമായി ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിനിടയിൽ 3475.195 കോടി രൂപ ചുവടെ പറയുംവിധം സാമ്പത്തിക സഹായമായി അനുവദിക്കുന്നതിന് ഗതാഗത വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്:

| ക്രമ നം. | സാമ്പത്തിക വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 01 | 2021-22 | 2037.51 |
| 02 | 2022-23 | 1437.685 |
| **ആകെ** | | **3475.195** |

ഇതുൾപ്പടെ 9759.215 കോടി രൂപ 2016 ഏപ്രിൽ മുതൽ 13-02-2024 വരെയുള്ള കാലയളവിൽ നൽകിയിരുന്നു.

**ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ**

94(503) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ ഇരുപത് ശതമാനം ടോക്കൺ പ്രൊവിഷനോടുകൂടി പത്ത് കോടി അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ള ശ്രീകാര്യം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തരിശ് ഭൂമി നിർദ്ദിഷ്ട പ്രവൃത്തിക്ക് ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ

ബന്ധപ്പെട്ട വകുപ്പിന് ഭരണാനുമതി നൽകുവാൻ കഴിയുമോ എന്ന് വിശദമാക്കാമോ;

(സി) നിർദ്ദിഷ്ട പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പ്രസ്തുത സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഉദ്യോഗസ്ഥർക്ക് പ്രവേശിക്കുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട പ്രവൃത്തിക്ക് ഭരണാനുമതി നൽകാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകുവാൻ കഴിയുമോ എന്ന് വിശദമാക്കാമോ;

(ഇ) ധനകാര്യ വകുപ്പിന്റെ 18-03-2019-ലെ സ.ഉ.(പി.)നം.32/2019 ഉത്തരവിലെ ഒന്നാമത്തെ ഗൈഡ്‌ലൈൻ പ്രകാരം ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ധനകാര്യ വകുപ്പ് അനുമതി നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ;

(ജി) ഈ വിഷയത്തിൽ സർക്കാർ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

(എ-ജി) 18-03-2019-ലെ സ.ഉ.(പി) നം. 32/2019/ധന ഉത്തരവിൽ, ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിന്, ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവും മൊത്തം വിലയും വ്യക്തമാക്കുന്ന ഒരു ഭരണാനുമതി ഉണ്ടായിരിക്കണമെന്നും ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിന് ആ വർഷം മതിയായ ബജറ്റ് വിഹിതം ഉണ്ടായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച് വ്യക്തമായ ശിപാർശ ലഭ്യമായാൽ മാത്രമേ സർക്കാർ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കേണ്ടതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ. ശ്രീകാര്യം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമാണ് മിനി സിവിൽ സ്റ്റേഷൻ പോലെയുള്ള സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകുന്നത്. അതിനാൽ

ശ്രീകാര്യം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി ആദ്യം പൂർത്തിയാക്കാനും ഭൂമി ഏറ്റെടുത്തതിനുശേഷം മാത്രം മിനി സിവിൽ സ്റ്റേഷനിൽ ഏതൊക്കെ ഓഫീസ് ഉൾപ്പെടുത്തണം, മിനി സിവിൽ സ്റ്റേഷനിലെ ആവശ്യകതകൾ എന്തൊക്കെ എന്നതിൽ വ്യക്തമായ തീരുമാനമെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി ശിപാർശ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് ഭരണ വകുപ്പായ റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നു.

**നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ച്**

95(504) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പ്ലാമൂട്ട്കടയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ച് തുടങ്ങുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിന്മേലുള്ള ഫയൽ നം.6402914/2022 പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. ഉദിയൻകുളങ്ങര, കാഞ്ഞിരംകുളം, നെല്ലിമൂട്, പൂവ്വാർ എന്നിവിടങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ നിലവിലുള്ളതിനാൽ തൊട്ടടുത്ത പ്രദേശമായ പ്ലാമൂട്ട്കടയിൽ ശാഖ തുടങ്ങുന്നത് ബിസിനസ്സ് താൽപര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിന്റെ ഒ.പി.ബി.ആർ.സി. പാക്കേജിൽ സ്വീകരിച്ച നടപടി**

96(505) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഒ.പി.ബി.ആർ.സി. പാക്കേജ് IV, V എന്നിവയിൽപ്പെട്ട റോഡുകൾ റിവൈസ് ചെയ്യുന്നതിനുള്ള അനുമതിക്കായി ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

27-02-2020-ലെ ജി.ഒ.(ആർ.റ്റി.)നം.28/2020/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ കോർ റോഡ് നെറ്റ്‌വർക്കുകൾക്കായി ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് മാനേജ്മെന്റ് കരാറുകൾ (ഒ.പി.ബി.ആർ.സി.) നടപ്പാക്കുന്നതിനായി 7 വർഷത്തേയ്ക്ക് മൊത്തം 443.71 കി. മി റോഡിന് 223.15 കോടി രൂപയ്ക്ക് 5 പാക്കേജുകളിലായി ഭരണാനുമതി അനുവദിച്ചിരുന്നു. തുടർന്ന് 25-02-2022-ലെ ജി.ഒ.(ആർ.റ്റി.)നം.211/2022/പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം 443.71 കി.മീ. റോഡിന് 343.46 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും അനുവദിച്ചിരുന്നു. എന്നാൽ പാക്കേജ് IV & V എന്നിവയിലെ എസ്റ്റിമേറ്റ് കോസ്റ്റിൽ വർദ്ധനവ് വന്നതിനാൽ 443.71 കിലോമീറ്റർ റോഡിന് 359.77 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സി.റ്റി.ഇ. പരിശോധിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണങ്ങൾക്ക് വിധേയമായി 359.77 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള അനുമതി നൽകുകയും, ആയതിൻ പ്രകാരം 17-09-2022-ലെ ജി.ഒ.(ആർ.റ്റി.)നം.938/2022/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം

ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. IV&V എന്നിവയുടെ മൊത്തം എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് വന്നതിനാൽ IV & V പാക്കേജിലെ വർക്ക് ഒരുമിച്ച് ടെൻഡർ ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ വീണ്ടും ലഭ്യമാക്കുകയും ആയതിന്മേൽ സി.റ്റി.ഇ. അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതും ആയത് പരിശോധിച്ച് വരികയുമാണ്.

(ബി) ഈ ഫയലിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ നിർദേശം എന്താണെന്ന് വിശദമാക്കാമോ?

ഒ.പി.ബി.ആർ.സി. പാക്കേജിനേക്കാളും ഫലപ്രദവും സാമ്പത്തിക ലാഭവും റണ്ണിംഗ് മെയിന്റനൻസ് കോൺട്രാക്റ്റാണെന്ന് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഇൻസ്പെക്ഷനിൽ കണ്ടെത്തിയതായി വിഭാഗം അഭിപ്രായപ്പെട്ടു. ഒ.പി.ബി.ആർ.സി. I, II, III സ്കീമുകളുടെ പുരോഗതിയും ഫലവും സംയുക്ത പരിശോധനയിലൂടെ മനസിലാക്കിയതിനുശേഷം, ഒ.പി.ബി.ആർ.സി. രീതിയുമായി മുന്നോട്ട് പോകണമോ വേണ്ടയോ എന്ന് നയപരമായ തീരുമാനം എടുക്കാവുന്നതാണ്.

സർക്കാർ ഒ.പി.ബി.ആർ.സി. IV, V-മായി മുന്നോട്ട് പോകാൻ തീരുമാനിക്കുന്നപക്ഷം ഇപ്പോൾ സി.ഇ., കെ.എസ്.റ്റി.പി. ശിപാർശ ചെയ്ത പോലെ രണ്ട് പാക്കേജും സംയോജിപ്പിച്ച് ടെൻഡർ ചെയ്യാൻ ശ്രമിക്കുന്നത് അഭികാമ്യമല്ല. ഇങ്ങനെ ചെയ്യുന്നപക്ഷം കോൺട്രാക്ടർമാരുടെ പങ്കാളിത്തം കുറയാനും, അതുമൂലം നിർവ്വഹണ ചെലവ് ഉയരാനും സാധ്യതയുണ്ട്.

(സി) ഒ.പി.ബി.ആർ.സി. പാക്കേജ് ഒഴിവാക്കി, റോഡുകൾ പൂർണ്ണമായി ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ?

ഒ.പി.ബി.ആർ.സി. പാക്കേജ് ഒഴിവാക്കി റോഡുകൾ പൂർണ്ണമായി ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

**തൃക്കാരിയൂർ വടക്കുഭാഗം റോഡ്**

97(506) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ അനുമതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിൽനിന്നും സമർപ്പിച്ചിട്ടുള്ള തൃക്കാരിയൂർ വടക്കുഭാഗം റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസംമൂലം റോഡ് പൂർണ്ണമായി തകർന്ന് സഞ്ചാരയോഗ്യമല്ലാതായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) തൃക്കാരിയൂർ വടക്കുഭാഗം കോതമംഗലം ടൗൺ ബൈപാസ് റോഡുകൾ എന്ന പ്രവൃത്തിക്ക് PWD-G2/300/2023-PWD ഫയലിൽ പത്ത് കോടി രൂപയുടെ ഭരണാനുമതി 5054-04-337-99 ശീർഷകത്തിൽ പുറപ്പെടുവിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നു. ടി വിഷയത്തിൽ വ്യക്തതയ്ക്കായി വീണ്ടും ഭരണ വകുപ്പ് ഫയൽ സമർപ്പിച്ചിരിക്കുന്നു. ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

## ഡൽഹിയിലെ പ്രത്യേക പ്രതിനിധി

98(508) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ന്യൂഡൽഹിയിലെ സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിക്ക് ശമ്പളത്തിനും അലവൻസിനും പകരം പരമാവധി ഒരു ലക്ഷം രൂപ ഓണറേറിയം 25-05-2023-ലെ സ.ഉ.(കൈ) നം.66/2023/പൊ.ഭ.വ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തിക്കുന്നതിനായി കേരള ഹൗസിൽ ഒരു മുറിയും രണ്ട് അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റന്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ഒരു വാഹനവും അനുവദിച്ചിട്ടുണ്ട്. 01-01-2024-ലെ സ.ഉ.(കൈ) നം.1/2024/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഒരു പ്രൈവറ്റ് സെക്രട്ടറിയേയും അനുവദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും സൗകര്യങ്ങളും നൽകുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഓണറേറിയം ഇനത്തിലും സ്റ്റാഫുകളുടെ ശമ്പള ഇനത്തിലുമായി ഡിസംബർ 2023 വരെ 23,27,806/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാറിന് ഇന്ധനം നിറച്ച വകയിൽ 51,775/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിക്ക് പ്രൈവറ്റ് സെക്രട്ടറിയെ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് അദ്ദേഹത്തിന് നിയമനം നൽകിയത്; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത നിയമനത്തിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടെങ്കിൽ നൽകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പ്രത്യേക പ്രതിനിധി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 01-01-2024-ലെ സ.ഉ.(കൈ) നം.1/2024/പൊ.ഭ.വ. പ്രകാരം സംസ്ഥാന

സർക്കാരിന്റെ പ്രത്യേക പ്രതിനിധിക്ക് 27-01-2023 മുതൽ മുൻകാല പ്രാബല്യത്തിൽ ഒരു പ്രൈവറ്റ് സെക്രട്ടറിയെ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രൈവറ്റ് സെക്രട്ടറിക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്; മുൻകാലപ്രാബല്യത്തോടെയാണ് നിയമിച്ചതെങ്കിൽ നാളിതുവരെയുള്ള ആനുകൂല്യങ്ങളുടെ കുടിശ്ശിക അനുവദിച്ച് നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഈ ഇനത്തിൽ അനുവദിക്കേണ്ടത്; വ്യക്തമാക്കുമോ?

പ്രൈവറ്റ് സെക്രട്ടറിക്ക് കരാർ വ്യവസ്ഥയിൽ പ്രതിമാസം 44,020/- രൂപയും, 10% ന്യൂഡൽഹി അലവൻസിനും അർഹതയുണ്ട്. കുടിശ്ശിക അനുവദിച്ചുനൽകിയിട്ടില്ല. കുടിശ്ശിക 5,40,452/- രൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്.

**എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനവർദ്ധനവ് സംബന്ധിച്ച നിവേദനം**

99(509) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന് ലഭിച്ച നിവേദനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് എന്ന് മുതൽ വേതന വർധന നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ദിവസ വേതനക്കാരെക്കാൾ കുറഞ്ഞ വേതനമാണ് ഇവർക്ക് ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിച്ച് മെച്ചപ്പെട്ട വേതനം എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(എ-ഡി) വിഷയം പരിശോധിച്ച് ധനകാര്യ വകുപ്പ് അഭിപ്രായം നൽകിയിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പാർലമെന്ററികാര്യ വകുപ്പ് പരിശോധിച്ച് വരുന്നു.

**കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിനുള്ള സർക്കാർ സാമ്പത്തിക സഹായം**

100(510) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കോഴിക്കോട് നടന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന് സർക്കാർ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചു എന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ച് നൽകിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഏത് ഏജൻസിക്കാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈ വർഷം കോഴിക്കോട് നടന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടില്ല.

(സി) കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ സ്ഥിരം പുസ്തകശാലയിൽനിന്നും വിൽക്കുന്ന പുസ്തകങ്ങളുടെ ലാഭവിഹിതം സർക്കാരിലേക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാകുമോ; ഇല്ലെങ്കിൽ ലാഭവിഹിതം ആർക്കാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ സംഘടിപ്പിച്ച ഡി.സി. കിഴക്കേമുറി ഫൗണ്ടേഷൻ ഒരു സ്വകാര്യ സംരംഭമായതിനാൽ ലാഭവിഹിതം പങ്കുവയ്ക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി മെയ്ന്റനൻസ് ഗ്രാന്റ് വർധിപ്പിക്കാൻ നടപടി**

101(511) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പിന് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രാദേശിക സർക്കാരുകളുടെ റോഡ്-റോഡിതര ആസ്തികളുമായി ബന്ധപ്പെട്ട ഡാറ്റയിൽ വന്നേക്കാവുന്ന പിശകുകൾ പരിശോധിക്കുന്നതിനായി സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ധനകാര്യ സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി,

ആസൂത്രണ സാമ്പത്തികകാര്യ സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് 28-09-2022-ലെ സ.ഉ.(സാധാ)നം.168/2022/ധന പ്രകാരം ഒരു എംപവേർഡ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരിഗണിക്കേണ്ട വിഷയങ്ങൾ പരിശോധിച്ച് സമർപ്പിക്കേണ്ടത് സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകരണ വിഭാഗമാണ്. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉൾപ്പെടെ ധനകാര്യ വകുപ്പിൽ ലഭിച്ച എല്ലാ അപേക്ഷകളും ആസൂത്രണ ബോർഡിന് നൽകിയിട്ട് പൂർണ്ണമായ പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടിയാലുടൻ എംപവേർഡ് കമ്മിറ്റി യോഗം കൂടുന്നതാണ്.

(ബി) ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ഉൾപ്പെടെ നിരവധി ഘടക സ്ഥാപനങ്ങളുടെയും വ്യവസായ എസ്റ്റേറ്റുകളുടെയും പരിപാലനത്തിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കുമായി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യം ധനകാര്യ വകുപ്പിന്റെ

ശ്രദ്ധയിൽപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രദേശിക സർക്കാരുകൾക്ക് കൈമാറിയ റോഡിതര ആസ്തികളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും, കോമ്പൗണ്ട് ഭിത്തികളുടെ നിർമ്മാണം, വൈദ്യുതി ചാർജ്ജ് അടവ്, വാട്ടർ ചാർജ് അടവ്, ഫർണിച്ചറുകൾ, മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തുടങ്ങിയവ വാങ്ങുന്നതിനും റോഡിതര സംരക്ഷണ ഫണ്ടാണ് വിനിയോഗിക്കേണ്ടത്. തനതുഫണ്ട് ഉപയോഗിക്കുന്നതുപോലെ തന്നെ പ്രാദേശിക സർക്കാരുകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്.

(സി) ഇതുസംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് 2023 ജൂൺ മാസം ധനകാര്യ വകുപ്പ് അറിയിച്ചെങ്കിലും മറ്റ് തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

റോഡിതര ഗ്രാന്റ് പരിശോധിക്കുന്ന വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വികേന്ദ്രീകരണ വിഭാഗത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻതന്നെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച തുക വർദ്ധിപ്പിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ എത്രയുംവേഗം സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എംപവേർഡ് കമ്മിറ്റി തീരുമാനമനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**സി.എം.ആർ.എൽ. കമ്പനിക്കെതിരെ ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ നടപടി**

102(512) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യക്ഷ നികുതി വെട്ടിച്ചതുമായി ബന്ധപ്പെട്ട് എറണാകുളത്തുള്ള സി.എം.ആർ.എൽ. കമ്പനിക്കെതിരെ ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട്, സി.എം.ആർ.എൽ. കമ്പനി സ്വീകരിക്കാത്ത സേവനത്തിന് ജി.എസ്.ടി. ഇൻപുട്ട് ടാക്സ് എടുത്തത് തിരിച്ച് പിടിക്കുവാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്ക് പരാതി ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ-സി) പ്രസ്തുത വിഷയം ജി.എസ്.ടി. നിയമം സെക്ഷൻ 158-ന്റെ പരിധിയിൽ വരുന്നതിനാൽ വിവരം നൽകുന്നതിന് പരിമിതിയുണ്ട്.

**കെ.എസ്.എഫ്.ഇ.യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

103(513) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ദീർഘകാല കുടിശ്ശിക നിലനിൽക്കുന്ന അക്കൗണ്ടുകളിൽ 'മുതൽ തുക' (Principal Amount) ഉടൻ അടയ്ക്കുവാൻ തയ്യാറുള്ള പക്ഷം പലിശയിൽ ഇളവ് നൽകി അക്കൗണ്ട് അവസാനിപ്പിക്കുവാനുള്ള അവസരം ഇടപാടുകാർക്ക് നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കെ.എസ്.എഫ്.ഇ. നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതി 31-08-2023-ൽ അവസാനിപ്പിച്ചു. ഇപ്പോൾ മറ്റ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

**തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണ പദ്ധതികളുടെ ബില്ലുകൾ**

104(514) **ശ്രീ. ചാണ്ടി ഉമ്മൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനപ്രതിസന്ധി തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളെ ബാധിക്കാതെയിരിക്കുന്നതിന് എന്ത് നടപടികളാണ് നിലവിൽ

കൈക്കൊണ്ടിട്ടുള്ളത്; ഇതുകാരണം ആസൂത്രണ പദ്ധതികൾക്കുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രാദേശിക സർക്കാരുകൾക്കുള്ള 2023-24 സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ ഒമ്പത് ഗഡുവും സംരക്ഷണ (റോഡ് & റോഡിതര) ഫണ്ടിന്റെ രണ്ട് ഗഡുവും വികസന ഫണ്ടിന്റെ രണ്ടു ഗഡുവും ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ആസൂത്രണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതമായി സംസ്ഥാന സർക്കാർ വകയിരുത്തിയ തുകയെത്ര; ഇതിൽ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചു; മുൻ സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തുമ്പോൾ നാളിതുവരെ ചെലവഴിച്ചതിന്റെ ശതമാനക്കണക്കിൽ വന്ന വ്യത്യാസമെത്ര; വിശദമാക്കുമോ?

2023-24 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതമായി 8258 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ (25 ജനുവരി 2024 വരെ) 34.08 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തുമ്പോൾ നാളിതുവരെ ചെലവഴിച്ചതിൽ 6.62 ശതമാനം കുറവ് വന്നിട്ടുണ്ട്.

(സി) 2023 മാർച്ച് 31-നമുമ്പ് പാസ്സാക്കിയെടുക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇപ്രകാരമുള്ള പദ്ധതികളുടെ അന്തിമ ബില്ലുകൾ സമർപ്പിച്ചിട്ടും ട്രഷറികളിൽനിന്ന് ആയത് മാറി നൽകുന്നില്ലെന്ന ജനപ്രതിനിധികളുടെ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ചതും എന്നാൽ മാറിയെടുക്കാൻ കഴിയാതെ പോയതുമായ തുകകൾ സ്പിൽ ഓവറായി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നം.2415551/ എൻ സി-ബി3-/80/2023/ഫിൻ. സർക്കാർ ഉത്തരവ്**

105(515) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നം.2415551/എൻ സി- ബി3-/80/2023/ഫിൻ. തീയതി 07-07-2023 നമ്പർ ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 28-04-2023-ലെ സിവിൽ അപ്പീൽ നം.2758/2023 സ്റ്റേ ഉത്തരവ് പ്രകാരം ദേവികുളം നിയോജക മണ്ഡലത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. രാജ സമർപ്പിച്ചിട്ടുള്ള ശിപാർശകൾക്ക് ഭരണാനുമതി നൽകാമോ എന്ന വിഷയത്തിൽ ഇടുക്കി ജില്ലാ കളക്ടർ സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. സിവിൽ അപ്പീൽ നം.2758/2023 കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അന്തിമവിധി വരുന്നതുവരെ ഒരു എം.എൽ.എ. എന്ന നിലയിൽ ശ്രീ. എ. രാജ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ തത്കാലം പരിഗണിക്കേണ്ടതില്ലെന്ന ചീഫ് ഇലക്ടറൽ

ഓഫീസറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് 07-07-2023-ൽ നം.2415551/എൻ.സി.ബി3/80/2023/ഫിൻ. നമ്പർ കത്ത് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ഉത്തരവും ഉത്തരവിന് കാരണമായ ഫയലുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഫയൽ നം.2415551/എൻ.സി.ബി3/80/2023/ഫിൻ-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) മുൻകാലങ്ങളിൽ ഇത്തരം കേസുകളിൽ എ.ഡി.എഫ്., എസ്.ഡി.എഫ്. ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇത്തരം കേസുകളിൽ ധനകാര്യ വകുപ്പ് ഒരു പൊതുനിലപാട് രൂപപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട കോടതി ഉത്തരവ് പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ് തുടർ നടപടി സ്വീകരിക്കുന്നത്.

**കേരളീയം സ്പോൺസർഷിപ്പ്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

106(516) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് പരമാവധി സ്പോൺസർഷിപ്പ് നേടിയെടുത്തതിന് ലോട്ടറി ഡയറക്ടറെ സർക്കാർ ആദരിച്ചിട്ടുണ്ടോയെന്നും ഇദ്ദേഹത്തിന് ജി.എസ്.ടി. വകുപ്പിൽ ഏതൊക്കെ ചുമതലകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കാമോ?

കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് പരമാവധി സ്പോൺസർഷിപ്പ് നേടിയെടുത്തതിന് ലോട്ടറി ഡയറക്ടറെ സർക്കാർ ആദരിച്ചിട്ടില്ല. നിലവിലെ ഭാഗ്യക്കുറി ഡയറക്ടർ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സ്പെഷ്യൽ കമ്മീഷണറുടെ ചുമതല കൂടി വഹിക്കുന്നുണ്ട്.

(ബി) കേരളീയം പരിപാടിക്ക് സ്പോൺസർഷിപ്പ് നൽകിയവരിൽ നികുതി കുടിശ്ശിക നൽകാനുള്ളതും നികുതി വെട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതുമായ സ്ഥാപനങ്ങളും വ്യക്തികളും ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്രകാരം സ്പോൺസർഷിപ്പ് സമാഹരിക്കുവാൻ ധനകാര്യ വകുപ്പ് ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) ജി.എസ്.ടി. വകുപ്പിന്റെ സുപ്രധാന ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനെ ഉപയോഗിച്ച് സർക്കാർ പരിപാടിക്ക് സ്പോൺസർഷിപ്പ് സമാഹരിച്ചതിലൂടെ നികുതി കുടിശ്ശിക സമാഹരണം അട്ടിമറിക്കപ്പെട്ടതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഇത്തരത്തിലൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ്**

107(518) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം പരിപാടിയുടെ ഭാഗമായി ജി.എസ്.ടി. അഡീഷണൽ കമ്മീഷണറെ സ്പോൺസർഷിപ്പ് കമ്മിറ്റിയുടെ കൺവീനറാക്കിയത് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ആയിരുന്നോ എന്ന് വ്യക്തമാക്കാമോ?

'കേരളീയം' പരിപാടിയുടെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്നുള്ള ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പൊതുഭരണ വകുപ്പിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമായിരുന്നില്ല.

(ബി) സംസ്ഥാനത്തെ നികുതി പിരിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തന്നെ കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ് പിരിവ് ഏറ്റെടുക്കുന്നത് കോൺഫ്ലിക്ട് ഓഫ് ഇന്ററസ്റ്റിന് ഇടയാക്കില്ലേ എന്ന് വ്യക്തമാക്കാമോ?

'കേരളീയം' പരിപാടിയോടനുബന്ധിച്ച് പരസ്യങ്ങളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും നൽകിയ സേവനങ്ങൾക്കാണ് സ്പോൺസർഷിപ്പ് വഴി തുക സമാഹരിച്ചിട്ടുള്ളത്. ഇത്തരത്തിൽ സ്പോൺസർഷിപ്പ് സ്വീകരിക്കുന്ന

സ്ഥാപനങ്ങൾക്ക് മറ്റൊരു ആനുകൂല്യങ്ങളും നൽകാൻ സർക്കാർ ബാധ്യസ്ഥമല്ല. ആയതിനാൽ കോൺഫ്ലിക്ട് ഓഫ് ഇന്ററസ്റ്റ് എന്ന ആശങ്ക ഉദിക്കുന്നില്ല.

(സി) സർക്കാരുമായി നികുതി സംബന്ധിച്ച നിയമ യുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ളതോ സർക്കാരിന് നികുതി കുടിശ്ശിക നൽകാനോ ഉള്ള സ്ഥാപനങ്ങളിൽനിന്നും സ്പോൺസർഷിപ്പ് സ്വീകരിച്ചിട്ടുണ്ടോ എന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയുടെ വിശദാംശം നൽകാമോ?

ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടില്ല.

**സർക്കാരിൽനിന്നും ഗ്രാന്റ് കൈപ്പറ്റുന്ന സ്ഥാപനങ്ങളിലെ പരിശോധന**

108(519) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സർക്കാരിൽനിന്നും ഗ്രാന്റ് കൈപ്പറ്റുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് ധനകാര്യ

പരിശോധന വിഭാഗത്തെ അധികാരപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള 20-12-2021-ലെ സ.ഉ.(അച്ചടി) നം.173/2021/ധന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് നിയമസാധുത നൽകുന്നതിനായി കേരള ഫിനാൻഷ്യൽ കോഡിൽ ബന്ധപ്പെട്ട പ്രൊവിഷനിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് നിയമ സാധുത നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് നിയമ സാധുതയുള്ളതാണ്. 20-12-2021-ലെ സ.ഉ.(അച്ചടി) നം.173/2021/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി കേരള ഫിനാൻഷ്യൽ കോഡിൽ ഭേദഗതി വരുത്തുമെന്നും പ്രസ്തുത ഉത്തരവിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപ്രകാരമുള്ള ഭേദഗതി കേരള ഫിനാൻഷ്യൽ കോഡിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേക്കുള്ള പ്രവേശന പാത**

109(520) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖ വകുപ്പ് 24-07-2018-ന് 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും റവന്യൂ വകുപ്പ് സ്ഥലമെടുപ്പ് വിജ്ഞാപനത്തിന്റെ കാലാവധി 19-03-2024 വരെ മാത്രം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമായ വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേക്കുള്ള പ്രവേശന പാതയ്ക്കും പാർക്കിംഗ് ഏരിയയ്ക്കും വേണ്ടിയുള്ള സ്ഥലമെടുപ്പിനായി തുക അനുവദിക്കേണ്ടത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ബി 2/77/2022/എഫ്&പി നമ്പർ ഫയലിൽ പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് എത്രയും വേഗം തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിനുള്ള അനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിന് 12.552 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനായി 24-07-2018-ലെ സ.ഉ.(സാധാ) നം.610/2018/മതുവ പ്രകാരം 251.04 ലക്ഷം രൂപയുടെ ഭരണാനുമതി മുൻപ് നൽകുകയും സ്ഥലമേറ്റെടുപ്പിന്റെ പ്രാരംഭ നടപടികൾക്കാവശ്യമായ 12.5 ലക്ഷം രൂപ, "2405-00-800-49 (പ്ലാൻ)" എന്ന ശീർഷകത്തിൽ അധിക ധനാനുമതി മുഖേന ധനകാര്യ വകുപ്പ് അനുവദിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ 11(1) വിജ്ഞാപനത്തിന്റെ കാലാവധി 13-09-2023-ൽ അവസാനിച്ചതിനാൽ 251.04 ലക്ഷം രൂപ അനുവദിക്കുന്നതിന് കാലതാമസമുണ്ടായാൽ 12% നിരക്കിൽ തുക അധികരിക്കുന്നതാണെന്ന സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽ 12.5 ലക്ഷം രൂപ കിഴിച്ച് 237.54 ലക്ഷം രൂപ അധിക ധനാനുമതി വഴി 2405-00-800-49(പ്ലാൻ) ശീർഷകത്തിൽ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തലത്തിൽ

ഉത്തരവായിട്ടുണ്ട്. മേൽ ശീർഷകത്തിൽ അധിക ധനാനുമതി വഴി തുക വകയിരുത്തുന്നതിനുള്ള നടപടികൾ ധന(ബഡ്ജറ്റ്-ജി) വകുപ്പിൽ സ്വീകരിച്ചുവരുന്നു.

### സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

110(521) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ; സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന ധവളപത്രം ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല.

(സി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വ്യക്തമായ റോഡ്മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹികക്ഷേമ വികസന ചെലവുകൾ ഭംഗംകൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകൾ ഒഴിവാക്കിയും മുമ്പോട്ടുപോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്.

**പൂച്ചിനിപ്പാടം-ചാത്തക്കുടം റോഡ് പണിക്കുള്ള അനുമതി**

111(522) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പൂച്ചിനിപ്പാടം-ചാത്തക്കുടം റോഡിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അനുമതി ഇനിയും ലഭ്യമായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ അനുമതി നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിലെ പൂച്ചിനിപ്പാടം-ചാത്തക്കുടം റോഡിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് പ്രവൃത്തികൾക്കായി 2,54,60,666/- രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ധനകാര്യ വകുപ്പ് (1921238/PWD-G2/332/2021-PWD) 10-03-2023-ന് അനുമതി നൽകിയിട്ടുണ്ട്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേ**

112(523) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി ലഭിക്കാത്തതുമൂലം പ്രസ്തുത റോഡിൽ വർഷങ്ങളായി നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേ സംസ്ഥാന വ്യാപകമായി 12 മീറ്റർ റൈറ്റ് ഓഫ് വേയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. മലയോര ഹൈവേയിലുൾപ്പെട്ട ഭൂരിഭാഗം സ്ട്രെച്ചുകൾക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതാണ്. കിഫ്ബി ധനാനുമതി നൽകിയിട്ടും ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതും, ഗതാഗതയോഗ്യമല്ലാത്തതുമായ റോഡുകൾ അറ്റകുറ്റ പ്രവൃത്തികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് 02-02-2022, 17-04-2023 തീയതികളിലെ നടപടിക്രമ ഉത്തരവുകൾ പ്രകാരം ആകെ 100 കോടി രൂപയുടെ മെയിന്റനൻസ് ഫണ്ട് മലയോര ഹൈവേ ഉൾപ്പെടെയുള്ള കിഫ്ബി പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് സംസ്ഥാനത്തുടനീളമുള്ള

മലയോര ഹൈവേ ഉൾപ്പെടെയുള്ള കിഫ്ബി പദ്ധതിയിലുൾപ്പെട്ട വിവിധ റോഡുകളുടെ നവീകരണം കെ.ആർ.എഫ്.ബി. നടത്തിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡിന് 12 മീറ്റർ വീതി ലഭ്യമാക്കുന്നതിനുവേണ്ടി നിരവധി ഇടപെടലുകൾ നടത്തിയിട്ടും ഫ്രീ സറണ്ടറായി സ്ഥലം വിട്ടുനൽകാൻ ജനങ്ങൾ തയ്യാറാവാത്തതുകൊണ്ട് നിലവിലെ വീതിയിൽ കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേ സംസ്ഥാന വ്യാപകമായി 12 മീറ്റർ റൈറ്റ് ഓഫ് വേയിലാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നതിനാൽ ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മലയോര ഹൈവേയുടെ നവീകരണ പ്രവൃത്തികൾ നടത്താനാകൂ. കോതമംഗലം മണ്ഡലത്തിലുൾപ്പെട്ട ചെരങ്ങനാൽ-നേര്യമംഗലം റോഡിലും മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി. അറ്റകുറ്റ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

**അടിസ്ഥാന വികസന പദ്ധതികൾക്കായി അനുവദിച്ച കിഫ്ബി ഫണ്ട്**

113(524) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ 2023 ഡിസംബർ 31 വരെ അടിസ്ഥാന വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ 2023 ഡിസംബർ 31 വരെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന 82454.18 കോടി രൂപയുടെ 1073 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) കിഫ്ബി സഹായത്തോടെ 2023 ഡിസംബർ 31 വരെ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും ഭാഗികമായി പൂർത്തിയാക്കിയതുമായ പദ്ധതികൾ എത്രയെന്നും വ്യക്തമാക്കുമോ?

കിഫ്ബി മുഖേന 2023 ഡിസംബർ 31 വരെ 14830.76 കോടി രൂപയുടെ 746 പദ്ധതികൾ/പദ്ധതി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ/പദ്ധതി ഘടകങ്ങളുടെ വിശദാംശം

അനുബന്ധമായി ചേർക്കുന്നു+. നിലവിൽ 381 പദ്ധതികളാണ് നിർമ്മാണ ഘട്ടത്തിലുള്ളത് (ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളവ). നിർമ്മാണ ഘട്ടത്തിലുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ചെലവുകൾക്ക് പണം കണ്ടെത്താനായി മോട്ടോർ വാഹന സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര തുക കിഫ്ബി സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹന നികുതിയിനത്തിലും പെട്രോളിയം സെസ്സിനത്തിലും നാളിതുവരെ കിഫ്ബി സമാഹരിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

114(525)ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ എത്ര കോടി രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രഖ്യാപിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര പദ്ധതികൾ നിർമ്മാണ ഘട്ടത്തിലുണ്ട്; വ്യക്തമാക്കുമോ?

കിഫ്ബിക്ക് വിവിധ ധനസമാഹരണ സ്രോതസ്സിലൂടെ അനുമതി ലഭിച്ച 24,180.78 കോടി രൂപയിൽ 21,330.88 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നാളിതുവരെ 14830.76 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടിണ്ട്. പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+. നിലവിൽ 381 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലുണ്ട്. നിർമ്മാണം ആരഭിച്ചതും പുരോഗതിയിലുള്ളതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രഖ്യാപിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനായി അധിക വിഭവസമാഹരണം ഏത് രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

നിലവിൽ വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽനിന്നും ലോണുകൾ മുഖേനയും ആഭ്യന്തര വിപണിയിൽനിന്നും ബോണ്ടുകൾ മുഖേനയുമാണ് മുഖ്യമായി കിഫ്ബി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസമാഹരണം നടത്തിവരുന്നത്. കൂടാതെ കെ.എസ്.എഫ്.ഇ.-യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബി.-യുടെ ഡിവിഡന്റ് സ്കീം എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾക്കായി ഇതേ രീതിയിൽ ധനസമാഹരണം നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) കിഫ്ബി വഴി നടപ്പാക്കിയ വിവിധ പദ്ധതികളുടെ കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി.-കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.-കൾ വിശദമായി പരിശോധിച്ചതിനുശേഷം പണം അനുവദിച്ചുകൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ. തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയബന്ധിതമായി പണം നൽകുകയും ചെയ്തുവരുന്നുണ്ട്. പദ്ധതി

നിർവഹണ ഏജൻസികൾ സമർപ്പിക്കുന്ന ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കു. പോരായ്മകളില്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

**കിഫ്ബി വായ്പകളുടെ വിശദാംശങ്ങൾ**

115(526) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിഫ്ബി നാളിതുവരെ സമാഹരിച്ചിട്ടുള്ള മുഴുവൻ വായ്പകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; വായ്പ അനുവദിച്ച തീയതി, അനുവദിച്ച തുക, സമാഹരിച്ച തുക, അനുവദിച്ച സ്ഥാപനം, വായ്പ

സമാഹരണത്തിനായി അവലംബിച്ച മാർഗം, വായ്പയുടെ പലിശ നിരക്ക്, തിരിച്ചടവ് മാനദണ്ഡങ്ങൾ, ഓരോ വായ്പയുടെയും മൊറട്ടോറിയം പിരീഡ് എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കിഫ്ബി നാളിതുവരെ സമാഹരിച്ചിട്ടുള്ള മുഴുവൻ വായ്പകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ഓരോ വായ്പയുടെയും സമാഹരണത്തിനായി ധനവിപണിയിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചാണ് കിഫ്ബി ധനസമാഹരണം നടത്തിയിരിക്കുന്നത്. ബാങ്കുകളിൽനിന്നും മറ്റ് ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നുമുള്ള വായ്പകൾക്കായി അവർ ആവശ്യപ്പെടുന്ന നടപടികളെല്ലാം പാലിച്ചിരുന്നു. ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനായി റിസർവ് ബാങ്ക്/സെബി തുടങ്ങിയ റെഗുലേറ്റേഴ്സ് ആവശ്യപ്പെടുന്ന നടപടികൾ പൂർത്തീകരിച്ചാണ് ഫണ്ട് ലഭ്യമാക്കിയത്.

**കിഫ്ബി പദ്ധതികളുടെ വിവരങ്ങൾ**

116(527) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24-ലെ ബജറ്റ് പ്രസംഗം ഖണ്ഡിക 512-ൽ കിഫ്ബി വഴി 543 പദ്ധതികൾ ടെൻഡർ പൂർത്തീകരിച്ചിട്ടുള്ളതായും, 55 പദ്ധതികൾ ടെൻഡർ ചെയ്തവയുമാണെന്ന് പറഞ്ഞതിൽ 2023 ഡിസംബർ വരെ പൂർത്തിയാക്കിയ പദ്ധതികൾ, ഭാഗികമായി പൂർത്തീകരിച്ച പദ്ധതികൾ, ഇതുവരെയും ആരംഭിക്കാത്ത പദ്ധതികൾ എന്നിവ എത്രയെന്നും, പ്രസ്തുത പദ്ധതികൾക്കായി ആകെ ചെലവഴിച്ച തുക എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

2023-24-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 512-ൽ പരാമർശിച്ചിരുന്ന കിഫ്ബി അംഗീകാരം നൽകിയ 74,009.55 കോടി രൂപയുടെ 993 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 31-12-2023 വരെ 14,830.76 കോടി രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ നിലവിൽ 379 കിഫ്ബി പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബി അംഗീകാരം ലഭിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 268

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളാണുള്ളത്. നിർമ്മാണം പൂർത്തീകരിച്ചതും നിലവിൽ നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികൾക്കായി നാളിതുവരെ 27,522.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ, എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

117(528) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ, എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കിഫ്ബി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ, എഴുത്തോംപാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി യഥാക്രമം 11.70 കോടിയും 5.97 കോടിയും ഉൾപ്പെടെ ആകെ 17.67 കോടി രൂപയുടെ ധനാനുമതി 16-09-2019-ന് കിഫ്ബി നൽകിയിരുന്നു. ധനാനുമതി ഉത്തരവ് പ്രകാരം വിഭാവനം ചെയ്തിരുന്നത് പോലെ പ്രവൃത്തി

നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ എസ്.പി.വി. പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി കിഫ്ബി എസ്.പി.വി.-ക്ക് അവലോകന റിപ്പോർട്ടുകൾ നൽകിയിരുന്നതുമാണ്. ആയതിന് എസ്.പി.വി. ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് പദ്ധതിയുടെ വിശദമായ അവലോകന റിപ്പോർട്ട് കിഫ്ബി തയ്യാറാക്കിയിട്ടുള്ളതും ഇതിൻപ്രകാരം പുതുക്കിയ ധനാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പുതുക്കിയ ധനാനുമതി ലഭിച്ചശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**ആലപ്പുഴ ജില്ലയിൽ കിഫ്ബി വഴി അനുവദിച്ച പദ്ധതികൾ**

118(529) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ കിഫ്ബി വഴി അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും മണ്ഡലം തിരിച്ച് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ കിഫ്ബി വഴി അനുവദിച്ച പദ്ധതികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കിഫ്ബി-യിൽ നിന്നും കേരളീയം പരിപാടിക്ക് ഫണ്ട്**

119(530) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം പരിപാടിക്കായി കിഫ്ബിയിൽനിന്നും തുക നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഏതൊക്കെ ഇനത്തിലാണ് കൈമാറിയിട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ?

കേരളീയം പരിപാടിക്കായി കിഫ്ബിയിൽനിന്നും നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**കിഫ്ബി വായ്പ തിരിച്ചടവ്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

120(531) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം തിരിച്ചടയ്ക്കേണ്ട തുക, ഈ തുക കണ്ടെത്തുന്ന രീതി, നടപ്പ് സാമ്പത്തിക വർഷം തിരിച്ചടച്ചിട്ടുള്ള തുക എന്നിവയുടെ വിശദാംശം നൽകുമോ;

കിഫ്ബി മുഖേന സമാഹരിച്ച വായ്പകളുടെ തിരിച്ചടവിനായി മുതൽ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ഏകദേശം 3,479 കോടി രൂപ വേണ്ടിവരും. വിവിധ ബാങ്കുകൾ/ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ മുഖേനയുള്ള ലോണുകളായും ആഭ്യന്തര-അന്താരാഷ്ട്ര ബോണ്ടുകളിലൂടെയുമാണ് കിഫ്ബി നിലവിൽ മുഖ്യമായും ധനസമാഹരണം നടത്തിവരുന്നത്.

(ബി) കിഫ്ബി മുഖേന നാളിതുവരെ വരുമാനദായകമായ എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അവ

ഓരോന്നിൽനിന്നും നാളിതുവരെയുള്ള വരുമാനം എത്രയാണെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

കിഫ്ബി മുഖേന നാളിതുവരെ അംഗീകരിച്ച് നടപ്പാക്കിവരുന്ന വരുമാനദായകമായ പദ്ധതികളുടെ വിവരവും അവ ഓരോന്നിൽനിന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) കിഫ്ബി മുഖേന സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഇനത്തിൽ വരുന്ന അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ആവശ്യമായി വരുന്ന തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

കിഫ്ബി മുഖേന സമാഹരിച്ച വായ്പകളുടെ തിരിച്ചടവിനത്തിൽ വരുന്ന അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ആവശ്യമായി വരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

| **സാമ്പത്തിക വർഷം** | **തുക (₹ Cr.)** |
|---|---|
| FY25 | 2,175.69 |
| FY26 | 2,468.48 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| FY27 | 2,614.22 |
| FY28 | 2,614.22 |
| FY29 | 2,545.91 |

(ഡി) കിഫ്ബി വായ്പ തിരിച്ചടവിനുള്ള തുക കണ്ടെത്തുന്നതിന് നിലവിൽ പിന്തുടരുന്ന രീതി വരുംവർഷങ്ങളിലെ തിരിച്ചടവ് ബാധ്യത നിറവേറ്റുവാൻ പര്യാപ്തമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക കണ്ടെത്തുന്നതിന് എന്ത് ബദൽ മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി വായ്പ തിരിച്ചടവിനുള്ള തുക കണ്ടെത്തുന്നതിന് നിലവിൽ പിന്തുടരുന്ന രീതി വരുംവർഷങ്ങളിലെ തിരിച്ചടവ് ബാധ്യത നിറവേറ്റുവാനും പര്യാപ്തമാണ്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് സ്ഥലമേറ്റെടുപ്പ്**

121(532) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് (32.89 കോടി) സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ സ്റ്റാൻഡേർഡ്-ക്രോസ്സ് സെക്ഷനിൽ 10.5 മീറ്റർ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയശേഷം മാത്രമേ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കൂ എന്ന വിവരം അറിയിച്ചതിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തരൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡ് 13.6 മീറ്റർ റൈറ്റ് ഓഫ് വേയിൽ മെച്ചപ്പെടുത്തുന്ന പ്രവൃത്തിക്ക് 16-03-2018-ലെ നടപടിക്രമ ഉത്തരവുപ്രകാരം 32.89 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നെങ്കിലും റോഡിന്റെ പല ഭാഗങ്ങളിലും ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി 10.5 മീറ്റർ റൈറ്റ് ഓഫ് വേയിൽ നിർവ്വഹിക്കുന്നത് സംബന്ധിച്ച സാധ്യത കിഫ്ബി 19-09-2023-ന് നടന്ന മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. 10.5 മീറ്റർ റൈറ്റ് ഓഫ് വേ കിഫ്ബിയുടെ സ്റ്റാൻഡേർഡ് ക്രോസ് സെക്ഷനിൽ നിലവിലില്ലാത്തതിനാലും ആയത് ഉൾപ്പെടുത്തുന്നതിന്

കിഫ്ബി ഡയറക്ടർ ബോർഡിന്റെ അംഗീകാരം നേടേണ്ടതിനാലും ഇതിനുള്ള സാധ്യത കിഫ്ബി പരിശോധിക്കുന്നതാണെന്നും ഇപ്രകാരം കിഫ്ബിയുടെ സ്റ്റാൻഡേർഡ് ക്രോസ് സെക്ഷനിൽ 10.50 മീറ്റർ എന്ന കാറ്റഗറി ഉൾപ്പെടുത്തിയശേഷം മാത്രമേ ഈ വീതിയിൽ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം അറിയിച്ചിരുന്നതാണ്.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10.5 മീറ്റർ റൈറ്റ് ഓഫ് വേ എന്ന കാറ്റഗറി കിഫ്ബിയുടെ സ്റ്റാൻഡേർഡ് ക്രോസ് സെക്ഷനിൽ ഉൾപ്പെടുത്തുന്ന വിഷയം കിഫ്ബി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന വിഷയം കിഫ്ബിയുടെ പരിഗണനയിലാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

122(533) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കിഫ്ബി പരസ്യ ഇനത്തിൽ ചെലവഴിച്ച തുക**

123(534) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ കിഫ്ബി നാളിതുവരെ പരസ്യ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഇനംതിരിച്ച് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കൈരളി ചാനൽ, ദേശാഭിമാനി ദിനപത്രം എന്നിവയ്ക്ക് നാളിതുവരെ പരസ്യ ഇനത്തിൽ കൈമാറിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 2016 മേയ് മുതൽ കിഫ്ബി നാളിതുവരെ പരസ്യ ഇനത്തിൽ എത്ര ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കൈരളി ചാനലിന് പരസ്യ ഇനത്തിൽ തുക നൽകിയിട്ടില്ല. ദേശാഭിമാനി പത്രത്തിന് 2020-21 വർഷത്തിൽ 1,31,77,380/- രൂപയും 2021-22 വർഷത്തിൽ 16,20,619/- രൂപയും പരസ്യത്തിനായി നൽകിയിട്ടുണ്ട്.

**കിഫ്ബി മുഖേന ചെലവഴിച്ച തുക**

124(535) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷം നാളിതുവരെ കിഫ്ബി മുഖേന ചെലവഴിച്ച തുക എത്രയാണെന്നും ഇത് ആകെ ബജറ്റ് വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും അറിയിക്കാമോ?

ഈ സാമ്പത്തിക വർഷം ജനുവരി 30 വരെയുള്ള കണക്കുകൾ അനുസരിച്ച്, ആകെ 3890.40 കോടി രൂപയാണ് കിഫ്ബി മുഖേന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതികൾക്കായി ചെലവഴിക്കുന്ന പണം ബജറ്റിൽ പ്രത്യേകം പദ്ധതികൾക്കായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തുന്ന തുകയല്ല. ധനവിപണിയിൽനിന്നും വിവിധ സ്രോതസ്സുകളിലൂടെ വായ്പകളായി പണം കണ്ടെത്തി അത് പദ്ധതികൾക്കായി വിനിയോഗിക്കുകയാണ് കിഫ്ബി ചെയ്യുന്നത്. കിഫ് ആക്ട് അനുസരിച്ച് ആന്വിറ്റി മാതൃകയിൽ സർക്കാരിൽനിന്നും ലഭ്യമാക്കുന്ന മോട്ടോർ വെഹിക്കിൾ ടാക്സ്/പെട്രോളിയം സെസ്സ് എന്നിവ പ്രയോജനപ്പെടുത്തി ഈ വായ്പകളുടെ തിരിച്ചടവ് ഉൾപ്പടെയുള്ള മറ്റ് ചെലവുകൾ നടത്തിവരുന്നു. 2023-24 സമ്പത്തിക വർഷത്തിൽ ആകെ 3,230.25 കോടി രൂപ കിഫ് ആക്ട് പ്രകാരം കിഫ്ബിക്ക് സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

125(536) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ കിഫ്ബിയുടെ പദ്ധതിയായ കല്ലൂരിക്കടവ് പാലം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഡ്രോയിംഗ് പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) കിഫ്ബിയിൽ സമർപ്പിച്ചിരുന്നതും, ആയത് അവലോകനം നടത്തി കിഫ്ബിയിൽനിന്നും കെ.ആർ.എഫ്.ബി.-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതുമാണ്. ഇതിന് കെ.ആർ.എഫ്.ബി. നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചുകൊണ്ട് നിരീക്ഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും ഇതിനുള്ള മറുപടി കെ.ആർ.എഫ്.ബി. ലഭ്യമാക്കിയില്ല. പിന്നീട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 23-03-2023-ന് നടത്തിയ സൈറ്റ് വിസിറ്റിൽ പാലത്തിന്റെ അപ്രോച്ച് റോഡിനായി കെ.ആർ.എഫ്.ബി. പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധിക്കുന്നതിനായി 30-06-2023-ന്

കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തി ചില ഭേദഗതികൾ നിർദേശിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം കെ.ആർ.എഫ്.ബി. പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, സൈറ്റ് വിസിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ പൂർണ്ണമായും പാലിക്കാത്തതിനാൽ ആയത് പുതുക്കി സമർപ്പിക്കുന്നതിന് 08-11-2023-ലെ കത്ത് മുഖേന കെ.ആർ.എഫ്.ബി.-ക്ക് കിഫ്ബി നിർദേശം നൽകി. ഇതനുസരിച്ച് കെ.ആർ.എഫ്.ബി. തയ്യാറാക്കിയ അലൈൻമെന്റ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കൈമാറിയതായും, ഇതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ച് വരുന്നതായും പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

126(537) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും ഇവയ്ക്ക് അനുവദിച്ച ഫണ്ട് എത്രയാണെന്നും പദ്ധതി തിരിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി ആരംഭിക്കാത്തതും പകുതി വഴിയിൽ നിൽക്കുന്നതുമായ പദ്ധതികളും പൂർത്തീകരിച്ച പദ്ധതികളും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കാതിരിക്കാനും പകുതി വഴിയിൽ നിർത്തിവയ്ക്കാനുമുള്ള കാരണമെന്താണെന്ന വിവരം പദ്ധതി തിരിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

(എ-സി) കിഫ്ബി നിലവിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നാളിതുവരെ കിഫ്ബി മുഖാന്തരം ധനാനുമതി നൽകിയ പദ്ധതികളുടെ അനുവദിച്ച തുക, പ്രവൃത്തി ആരംഭിച്ചതും ആരംഭിക്കാനുള്ളതും പൂർത്തീകരിച്ചതും ഉൾപ്പെടെ പദ്ധതികളുടെ നിലവിലെ സ്ഥിതി, പ്രവൃത്തി പാതിവഴിയിൽ മുടങ്ങിയതും പ്രവൃത്തി തുടരാൻ തടസം നേരിടുന്ന

പദ്ധതികളിലെ കാരണങ്ങൾ എന്നിവയുൾപ്പടെയുള്ള വിശദാംശം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.+ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. എന്നിരുന്നാലും പദ്ധതികൾ നടപ്പിലാക്കുവാനായി വേണ്ടി വരുന്ന സ്ഥലമേറ്റെടുക്കുന്നതിലെ കാലതാമസമോ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ വൈകുന്നതോ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്.

**മൊകേരി ഗവ. കോളേജിലെ കിഫ്ബി പ്രവൃത്തികൾ**

127(538) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മൊകേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി മുഖേന നടത്തുന്ന ലേഡീസ് ഹോസ്റ്റൽ നിർമ്മാണം മൂന്നുവർഷമായി നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) 27-03-2018-ലെ സ.ഉ (സാധാ) നം.603/2018/ഉ.വി.വ., 19-06-2019-ലെ സ.ഉ (സാധാ) നം.173/2019/ഉ.വി.വ., 30-08-2019-ലെ സ.ഉ (സാധാ) നം.304/2019/ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മൊകേരി ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്കും ലേഡീസ് ഹോസ്റ്റലും പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) ആയ കിറ്റ്കോ മുഖേന നിർമ്മിക്കുന്നതിന് 09-03-2021-ലെ HED007-19/PE-6-PAD/2021/KIIFB നമ്പർ ഉത്തരവുപ്രകാരം ആകെ 7.699 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികളിൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. എന്നാൽ, ലേഡീസ് ഹോസ്റ്റലിന്റെ ഫൗണ്ടേഷനുമായി ബന്ധപ്പെട്ട ചില വ്യക്തതകൾ എസ്.പി.വി.-യിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. ടി ഹോസ്റ്റൽ പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള

സ്ഥലത്ത് എസ്.പി.വി. സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ, ടി സ്ഥലത്തേക്കുള്ള വഴിക്ക് ചട്ടപ്രകാരമുള്ള വീതിയില്ലാത്തതിനാൽ, ഫയർ എൻ.ഒ.സി. ലഭ്യമാകുവാൻ നിലവിൽ തടസ്സങ്ങളുണ്ട്. ആയതിനാൽ, ഇതുമായി ബന്ധപ്പെട്ട എല്ലാ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും ലഭ്യമായാൽ മാത്രമേ ടി പദ്ധതിയുമായി മുന്നോട്ടുപോകുവാൻ എസ്.പി.വി.-ക്ക് സാധിക്കുകയുള്ളൂ. വഴി വീതി കൂട്ടുന്നതിലേക്കായി കോളേജ് അധികൃതർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാക്കി ആവശ്യമായ രേഖകൾ കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക്, അവ പരിശോധിച്ച് തൃപ്തികരമാകുന്നപക്ഷം അംഗീകാരം നൽകാവുന്നതും പദ്ധതി ആരംഭിച്ച് യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-ക്ക് സ്വീകരിക്കാവുന്നതുമാണ്.

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽകോളേജിലെ ട്രോമാകെയർ പദ്ധതി**

128(539) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർക്കാർ മെഡിക്കൽകോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി മുഖേന ട്രോമാകെയർ ഒന്നാംഘട്ട പദ്ധതിക്ക് 57.69 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ചിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്രവികസന പദ്ധതിയുടെ ഭാഗമായുള്ള ഒന്നാംഘട്ട ട്രോമാകെയർ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് 24-01-2020-ലെ സ.ഉ. (സാധാ) നം.181/2020/ആ.കു.വ. നമ്പർ ഉത്തരവുപ്രകാരം 57,69,76,290.27 രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും പദ്ധതി നിർവ്വഹണ ഏജൻസിയായി (എസ്.പി.വി.) WAPCOS-നെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 118 കിടക്കകൾ ഉൾക്കൊള്ളുന്ന പുതിയ കെട്ടിട (B+G+3) നിർമ്മാണത്തിനുള്ള വിശദമായ പദ്ധതിരേഖ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ചശേഷം 03-11-2020-ലെ HFW002-27/APR-3/2020/KIIFB നമ്പർ ഉത്തരവുപ്രകാരം 51.297 കോടി രൂപയുടെ

ധനാനുമതി നൽകുകയും ചെയ്തു. എന്നാൽ ഐ.എഫ്.സി. മാനദണ്ഡപ്രകാരം റീ-ഡിസൈൻ ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടതിനെത്തുടർന്ന് എസ്.പി.വി. പുതുക്കിയ ഡിസൈൻ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബിയുടെ അഭിപ്രായം ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ഡിസൈൻ ചെന്നൈ ഐ.ഐ.റ്റി.-യുടെ പരിശോധനയ്ക്കായി എസ്.പി.വി. സമർപ്പിച്ചിരിക്കുകയുമാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി പരിശോധിച്ചശേഷം മാനദണ്ഡങ്ങൾക്കനുസൃതമായി സമർപ്പിച്ചാൽ അംഗീകാരം നൽകാവുന്നതും പദ്ധതി ആരംഭിക്കുന്നതിനായി ടെൻഡർ ഉൾപ്പെടെയുള്ള തുടർനടപടികൾ എസ്.പി.വി.-ക്ക് സ്വീകരിക്കാവുന്നതുമാണ്.

**കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

129(540) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ആയതിൽ ഓരോ പദ്ധതികളുടേയും നിലവിലെ സ്ഥിതിവിവരം അറിയിക്കുമോ?

(എ&ബി) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങളും ആയതിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

130(541) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മുഖേന ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുമ്മല്ലൂർ, പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി ഭൂമിയേറ്റെടുക്കലിനും അനുബന്ധ ചെലവുകൾക്കുമായി 1.5 കോടി രൂപയുടെ ധനാനുമതി 03-04-2023-ലെ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി നൽകിയിരുന്നു. പിന്നീട് സിവിൽ വർക്കുകൾകൂടി ഉൾപ്പെടുത്തി ധനാനുമതി തുക 12.57 കോടി രൂപയാക്കി പരിഷ്കരിച്ച് 20-10-2023-ലെ നടപടിക്രമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആദ്യഘട്ടമായി പള്ളിക്കമണ്ണടി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ഉൾപ്പെടുന്ന ഭാഗത്തിനായി സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസ്., പരവൂർ ഗവ. എച്ച്.എസ്.എസ്., ഉളിയനാട് ഗവ. എച്ച്.എസ്., നെടുങ്ങോലം ഗവ. എച്ച്.എസ്., കോയിപ്പാട് ഗവ. എൽ.പി.എസ്., പരവൂർ കോട്ടപ്പുറം എൽ.പി.എസ്. എന്നീ സ്കൂളുകളിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ

നിലവിലെ പുരോഗതിയുടെ വിവരങ്ങൾ ഓരോ സ്കൂളിന്റെയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു:

1) ചിറക്കര ഗവ. എച്ച്.എസ്. (Rs.3.90 Cr.) - കില സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ (എസ്.പി.വി.) ടി പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വെച്ച് സൈറ്റ് കരാറുകാരന് എസ്.പി.വി. കൈമാറിയിട്ടുണ്ട്. ടി സൈറ്റിൽ നിലവിലുള്ള ഒരു കെട്ടിടം പൊളിച്ചശേഷം വർക്ക് ആരംഭിക്കുന്നതാണ്.

2) പറവൂർ ഗവ. എച്ച്.എസ്.എസ്. - കില എസ്.പി.വി.-ആയ ടി സ്കൂളിൽ കവറേജ് ഇഷ്യു കാരണം ഡി.പി.ആർ. സമർപ്പിക്കാൻ കാലതാമസം നേരിട്ടുണ്ട്. ടി വിഷയത്തിൽ സർക്കാരിൽനിന്നും ഇളവ് ലഭിച്ചതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ എസ്.പി.വി. ആരംഭിക്കുന്നതാണ്.

3) ഉളിയനാട് ഗവ. എച്ച്.എസ്. (Rs.1.30 Cr.) - കില എസ്.പി.വി.ആയ ടി സ്കൂളിന്റെ PED 02-11-2023-ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

4) നെടുങ്ങോലം ഗവ. എച്ച്.എസ്. (Rs.1.30 Cr.) - കില എസ്.പി.വി.-ആയ ടി സ്കൂളിന്റെ PED 27-11-2023-ന് കിഫ്ബി അംഗീകാരം നൽകുകയും തുടർന്ന് എസ്.പി.വി. വർക്ക് ടെൻഡർ ചെയ്തിട്ടുണ്ട്.

5) കോയിപ്പാട് ഗവ. എൽ.പി.എസ്. (Rs.1.30 Cr.) - കില എസ്.പി.വി.-ആയ ടി സ്കൂളിന്റെ ഡി.പി.ആർ. 20-02-2023-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിച്ചതിൻ പ്രകാരം മണ്ണുപരിശോധന റിപ്പോർട്ട് ലഭ്യമാക്കുവാൻ എസ്.പി.വി.-യോട് ആവശ്യപ്പെട്ടത് നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് എത്രയുംപെട്ടന്ന് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

6) പറവൂർ കോട്ടപ്പുറം എൽ.പി.എസ്. - KSCADC എസ്.പി.വി.-ആയ ടി സ്കൂളിന്റെ നിർമ്മാണം നടന്നുവരികയായിരുന്നു. തുടർന്ന് ഗുണനിലവാരത്തിലെ പിഴവുമൂലം കരാറുകാരനെ റിസ്ക് & കോസ്റ്റിൽ

പിരിച്ചുവിടുകയും ബാക്കി പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി പദ്ധതി റീ-ടെൻഡർ ചെയ്യുകയും ചെയ്തു. പുതിയ ടെൻഡർ ക്വാട്ട് ചെയ്ത കരാറുകാരനുമായുള്ള നെഗോസിയേഷൻ നടന്നുവരുന്നു.

**(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകുവാനുള്ളതെന്നും ആയത് വേഗത്തിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കാമോ?**

കുമ്മല്ലൂർ, പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തികരിക്കണം. ടി വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകുന്നതാണ്.

ചിറക്കര ഗവ. എച്ച്.എസ്. - പദ്ധതി സൈറ്റിൽ നിലവിലുള്ള ഒരു കെട്ടിടം പൊളിച്ചശേഷം വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകുന്നതാണ്.

പറവൂർ ഗവ. എച്ച്.എസ്.എസ്. - ടി പദ്ധതിയുടെ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കണം. തുടർന്ന് സാങ്കേതാനുമതി, PED എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കണം. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകുന്നതാണ്.

ഉളിയനോട് ഗവ. എച്ച്.എസ്. - ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകുന്നതാണ്.

നെടുങ്ങോലം ഗവ. എച്ച്.എസ്. - ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകുന്നതാണ്.

കോയിപ്പാട് ഗവ. എൽ.പി.എസ്. - ആവശ്യപ്പെട്ട മണ്ണുപരിശോധന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് എത്രയുംപെട്ടെന്ന് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനുശേഷം സാങ്കേതാനുമതി, PED എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കണം. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്ക് നിർദേശം നൽകുന്നതാണ്.

പറവൂർ കോട്ടപ്പുറം എൽ.പി.എസ്. - പുതിയ ടെൻഡർ ക്വാട്ട് ചെയ്ത കരാറുകാരനുമായുള്ള നെഗോസിയേഷൻ നടന്നുവരുന്നു.

**കിഫ്ബി– ലോകനാർക്കാവ് പദ്ധതി പുരോഗതി**

131(542) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർക്കാവിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പദ്ധതി നടപ്പിലാക്കുന്നതുവഴി തീർത്ഥാടന ടൂറിസം രംഗത്തുണ്ടാകുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

(എ&ബി) ലോകനാർക്കാവിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ മ്യൂസിയം വർക്ക് ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ 31-12-2023-ൽ 4,46,87,242.26/- രൂപയ്ക്ക് പൂർത്തീകരിച്ചു. മ്യൂസിയം വർക്കിനായുള്ള ടെൻഡർ നടപടികൾ പദ്ധതി നിർവഹണ ഏജൻസിയായ KIIDC, കേരള മ്യൂസിയവുമായിച്ചേർന്ന് നടത്തിവരുന്നു. ടൂറിസം മേഖലയിലെ ഏറ്റവും പുതിയതും സമഗ്രവുമായ പദ്ധതിയായ സ്പൈസ് റൂട്ടിൽ ഉൾപ്പെടുന്നതാണ് ടി പ്രവൃത്തി. കൂടാതെ വടക്കൻ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെയും കെട്ടുകഥകളെയും നാടൻ കലകളെയും തുറന്നുകാട്ടാനാവും എന്ന ലക്ഷ്യത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് മുഖേനയുള്ള കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി**

132(543) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി നിർവഹണ ഏജൻസിയായി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിവരം ലഭ്യമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന "പാലക്കാട് ജില്ലയിലെ കരിമ്പയും-കോങ്ങാട് സമഗ്ര കുടിവെള്ള പദ്ധതി" കേരള ജല അതോറിറ്റിയുടെ മേൽനോട്ടത്തിലാണ് നിർവഹിക്കുന്നത്.

**പാക്കേജ് I:** പമ്പ് ഹൗസിന്റെയും കൺട്രോൾ റൂമിന്റെയും നിർമ്മാണം, 920 മീറ്റർ നീളത്തിൽ 450mm ഡയ DI K9 പൈപ്പിന്റെ RWPM വിതരണം ചെയ്യുകയും ഇടുകയും ചെയ്യുക, 12 mld WTP-യുടെ നിർമ്മാണം, ട്രയൽ റണ്ണിംഗ്, പരിപാലനം, WTP പരിസരത്ത് ഡ്രെയിനേജ്/കുളം നിർമ്മാണം, വിതരണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ്സെറ്റുകളും ട്രാൻസ്ഫോർമറും സ്ഥാപിക്കൽ മുതലായ പാക്കേജ്-1-ന്റെ പ്രവൃത്തികൾ പൂർത്തിയാക്കി.

**പാക്കേജ്** II – 13.0 LL OHSR, 450mm CWPM, 200mm CWGM എന്നിവയുടെ നിർമ്മാണം ഉൾക്കൊള്ളുന്ന (നിലവിലുള്ള OHSRS-യുമായി ഇന്റർകണക്ഷൻ ഉൾപ്പെടെ). കോൺട്രാക്ടർ 685.5m മീറ്റർ നീളത്തിൽ 450mm DI K9 പൈപ്പുകളും, 1253.5m നീളത്തിൽ 200 mm DI K9 പൈപ്പുകളും സ്ഥാപിച്ചു. അതായത് ഈ പാക്കേജിന്റെ 12% ജോലികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ശേഷം ആവശ്യമായ പുരോഗതി കൈവരിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടതിനാൽ 01-01-2022-ന് പാലക്കാട് സൂപ്രണ്ടിംഗ് എഞ്ചിനീയർ പി.എച്ച്. സർക്കിളിൽനിന്ന് പ്രവൃത്തി അവസാനിപ്പിക്കുകയും, പ്രാധാന്യമനുസരിച്ച് ഒരു ചെറിയ ഭാഗം പ്രത്യേക ജോലിയായി ക്രമീകരിക്കുകയും 30-11-2022-ന് പൂർത്തിയാക്കുകയും ചെയ്തു.

ജലഅതോറിറ്റിയിൽനിന്ന് ലഭിച്ച വിവര പ്രകാരം, പാക്കേജ് II-ന്റെ പരിധിയിൽ അവശേഷിക്കുന്ന എല്ലാ പ്രവൃത്തികളും പ്രത്യേകം പരിഗണിക്കുകയും അതിനുള്ള ഭരണാനുമതി ജൽജീവൻ മിഷന് റീ-അപ്രോപ്രിയേഷനിൽ ലഭിക്കുകയും അത് ടെൻഡർ പ്രക്രിയയിലുമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി നിർവഹണ ഏജൻസിയുടെ (കേരള ജല അതോറിറ്റി) മേൽനോട്ടത്തിന് പുറമെ വിവിധ തലങ്ങളിൽ കിഫ്ബി തുടർച്ചയായി പ്രസ്തുത പ്രവൃത്തിയുടെ അവലോകനം നടത്തി ആവശ്യമുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

133(544) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നിലവിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

**കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ പുരോഗതി**

134(545) <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച്, കിലയെ നിർവഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച്, എസ്.പി.വി.-യായ കില മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒരു കോടി രൂപയുടെ പദ്ധതികളായ ജി.യു.പി.എസ്. എടത്തറ, ജി.യു.പി.എസ്. കരിമ്പ എന്നീ പദ്ധതികൾ പൂർത്തീകരിച്ച് സ്കൂൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികൃതർക്ക് കൈമാറിയിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കണ്ടാലും.

1. ജി.യു.പി.എസ്. കോങ്ങോട് - പ്രവൃത്തി പുരോഗമിക്കുന്നു.

2. ജി.എച്ച്.എസ്. പൊട്ടശ്ശേരി - 24-01-2024-ന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. ഉടൻ പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

3. ജി.എച്ച്.എസ്. കരിമ്പ - സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസം ആദ്യംതന്നെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

4. ജി.എച്ച്.എച്ച്.എസ്. മങ്കര - കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസംതന്നെ സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനു കിഫ്ബി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കിലയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന എല്ലാ സ്കൂൾ പദ്ധതികൾക്കും കിഫ്ബിയിൽനിന്നും ധനാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നിർദേശങ്ങൾ കിഫ്ബി യഥാസമയം പദ്ധതി നിർവഹണ ഏജൻസിക്ക് നൽകുന്നുണ്ട്.

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ**

135(546) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര സ്കൂളുകൾക്ക് കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 101 സ്കൂളുകൾക്ക് കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) അവയിൽ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചവ എത്രയെന്ന് അറിയിക്കാമോ?

ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണമാരംഭിച്ച 62 സ്കൂളുകളുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി ഫണ്ട് മുഖേന നിർമ്മിക്കാൻ അനുമതി നൽകിയ എത്ര സ്കൂളുകൾ ടെൻഡർ നടപടി പൂർത്തിയാക്കുവാനുണ്ടെന്നും അത് ഏതെല്ലാം സ്കൂളുകളെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കിഫ്ബി ഫണ്ട് മുഖേന നിർമ്മിക്കുന്ന സ്കൂളുകളിൽ 27 സ്കൂളുകളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കാനുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

136(547) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ആയതിൽ അംഗീകാരം നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

(എ-സി) നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതും അംഗീകാരം നൽകാൻ കിഫ്ബിയുടെ പരിഗണനയിലുള്ളതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഒലവക്കോട് - ധോണി റോഡിന്റെ ധനാനുമതിക്കുള്ള നടപടിക്രമങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

137(548) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് - ധോണി റോഡിന്റെ പുതുക്കിയ ധനാനുമതിക്കുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

റെയിൽവേ കോളനി-ധോണി-മുട്ടികുളങ്ങര റോഡിന് പുതുക്കിയ ധനാനുമതിക്കായി നിർവഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ്, ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതിക വിദ്യയിൽ നടപ്പിലാക്കുന്നതിനായി ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിക്കുന്നതായി പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് പദ്ധതിക്ക് പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡിന് 12.66 കോടി രൂപയുടെ ധനാനുമതിയാണ് നൽകിയിരിക്കുന്നത്.

**നിലമ്പൂർ മണ്ഡലത്തിലെ പദ്ധതി പ്രവൃത്തികൾ**

138(549) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കിഫ്ബി മുഖാന്തരം നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങളും തുകയും നിലവിലെ സ്റ്റാറ്റസും വിശദമാക്കാമോ; ആകെ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നിലമ്പൂർ നിയോജകമണ്ഡലത്തിൽ മേൽ കാലയളവിൽ നടന്നതെന്നും അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കിഫ്ബി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും തുകയും നിലവിലെ സ്റ്റാറ്റസും അനുബന്ധമായി ചേർക്കുന്നു.+ ആകെ 19.65 കോടി രൂപയുടെ പ്രവൃത്തികൾ ടി മണ്ഡലത്തിൽ മേൽ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിച്ച സ്കൂളുകൾ ഏതെല്ലാമെന്നും ചെലവഴിച്ച തുക എത്രയാണെന്നും ഇനിയും ഏതെങ്കിലും സ്കൂളുകളിൽ പ്രവൃത്തി നിർവഹിക്കുവാൻ ശേഷിക്കുന്നുവെങ്കിൽ ആ വിവരവും അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിച്ച സ്കൂളുകളും ചെലവഴിച്ച തുകയും പ്രവൃത്തി നിർവഹിക്കുവാൻ ശേഷിക്കുന്ന സ്കൂളുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(സി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖാന്തരം നടപ്പാക്കാനുദ്ദേശിക്കുന്ന ഒ.പി., ഡയഗ്നോസ്റ്റിക് ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും ഇതുമായി ബന്ധപ്പെട്ട ഫയൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്നും ഉദ്യോഗസ്ഥന്റെ കോൺടാക്ട് നമ്പരും മേൽ പ്രവൃത്തിയുടെ തുക എത്രയാണെന്നും അറിയിക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രി: 05-03-2020-ലെ സ.ഉ.(സാധാ) നം.511/2020/ആ.കു.വ. നമ്പർ ഉത്തരവുപ്രകാരം നിലമ്പൂർ ജില്ലാ ആശുപത്രി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസന പദ്ധതി നടപ്പാക്കുന്നതിന് കിറ്റ്കോയെ പദ്ധതി നിർവഹണ ഏജൻസിയാക്കിക്കൊണ്ടും 07-11-2020-ലെ സ.ഉ.(സാധാ) നം.2091/2020/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം ടി പദ്ധതിക്ക് 9,38,10,549.11 രൂപ ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവായിരുന്നു. അതനുസരിച്ച് കിറ്റ്കോ സമർപ്പിച്ച 11.13 കോടി രൂപയുടെ ഒ.പി.&ഡയഗ്നോസ്റ്റിക് ബ്ലോക്ക് ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) കിഫ്ബി വിശദമായി പരിശോധിക്കുകയും സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും കിറ്റ്കോയുടെ മറുപടിക്കായി നൽകുകയും ചെയ്തിരുന്നു. തദനുസരണം കിറ്റ്കോ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് കിഫ്ബി ഡിസൈൻ റിവ്യൂ വിഭാഗം പരിശോധിക്കുകയും ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കി കിറ്റ്കോയുടെ അഭിപ്രായത്തിനായി 17-02-2023-ൽ നൽകിയിട്ടുമുണ്ട്. ആയതിനുള്ള മറുപടി നാളിതുവരെ കിഫ്ബിയിൽ തിരികെ ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി തുടർപരിശോധനയ്ക്ക് വിധേയമാക്കി നിലവിലെ ചട്ടങ്ങൾക്കും

ഉത്തരവുകൾക്കും വിധേയമായി തുടർന്നുവരുന്ന കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി പുറപ്പെടുവിക്കാവുന്നതാണ്. കിറ്റ്കോയെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറും മെയിൽ ഐഡിയും ചുവടെ ചേർക്കുന്നു:

Phone: 91-484-4129000/6129000, E-mail: mail@kitco.in

(ഡി) ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻ കടവിൽ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലുണ്ടോ; തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻ കടവിൽ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നത്തിനുള്ള പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസി ആയ KIIDC, കിഫ്ബിക്ക് സമർപ്പിക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ അപ്രൈസൽ നടത്തുകയും ഒരു ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് എസ്.പി.വി.-ക്ക് 25-10-2019-ൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ

നാളിതുവരെ എസ്.പി.വി.-യിൽനിന്ന് മറുപടി ലഭ്യമായിട്ടില്ല. ഇതുകൂടാതെ ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച തുക അധികരിക്കാത്ത വിധത്തിൽ, ഇനിയും പരിഗണിക്കേണ്ട പദ്ധതികളുടെ മുൻഗണന പട്ടിക നൽകുവാനായി എസ്.പി.വി.-ക്കും സർക്കാരിനും ഒരു കത്ത് സമർപ്പിച്ചിരുന്നെങ്കിലും ആയതിനും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.

**സംസ്ഥാനത്തെ നികുതി നികുതിയിതര വരുമാനങ്ങൾ**

139(550) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തെ നികുതി വരുമാനം, നികുതിയിതര വരുമാനം എന്നിവ എത്രയാണ്?

2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം എന്നീ ഇനങ്ങളിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ തുകയുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

**(തുക കോടിയിൽ)**

| ഇനം | 2023-24 ബഡ്ജറ്റ് എസ്റ്റിമേറ്റ് |
|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 81038.77 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 17088.62 |
| **സംസ്ഥാനത്തിന്റെ ആകെ തനത് വരുമാനം** | **98127.39** |

(ബി) 2023-24 സാമ്പത്തിക വർഷം നാളിതുവരെ നികുതി വരുമാനമായും നികുതിയിതര വരുമാനമായും ലഭിച്ച തുക എത്രയാണെന്നുള്ളതിന്റെ വിശദാംശം ഇനം തിരിച്ച് നൽകുമോ?

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ തനത് നികുതി വരുമാനമായും നികുതിയേതര വരുമാനമായും ലഭിച്ച തുക സംബന്ധിച്ച ഇനം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് നിരക്കിന്മേലുള്ള സെസ്സ്**

140(551) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് നിരക്കിന്മേൽ സെസ്സ് ഏർപ്പെടുത്തിയത് എന്നുമുതലാണ്; എത്ര കാലത്തേക്കാണ് ഇത് ഏർപ്പെടുത്തിയത്; എത്ര ശതമാനം സെസ് ഈടാക്കാനാണ് ഉത്തരവ് നൽകിയത്; വ്യക്തമാക്കാമോ?

30-03-2007-ലെ ജി.ഒ.(ആർ.ടി.)നം.103/2007/ട്രാൻസ് ഉത്തരവ് പ്രകാരം ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകളിൽ ഒരു രൂപ ഇൻഷ്വറൻസ് സെസ് 06-04-2007 മുതലാണ് നടപ്പിലാക്കിയത്.

01-01-2015-ലെ 21182/ഡി2/2014/നിയമം സർക്കാർ വിജ്ഞാപനപ്രകാരം കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹിക സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ് 01-04-2015 മുതലാണ് ഏർപ്പെടുത്തിയത്. സെസ് നിരക്ക് സംബന്ധിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+ മേൽപ്പറഞ്ഞ പ്രകാരമുള്ള സെസ് തുകകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി. നിലവിലും ഈടാക്കുന്നുണ്ട്. എന്നാൽ ടി തുക ഇതുവരെ സർക്കാർ ട്രഷറികളിൽ ഒടുക്കിയതായി കാണുന്നില്ല.

(ബി) ബൾക്ക് പർച്ചേസ് വിഭാഗത്തിൽനിന്നും കെ.എസ്.ആർ.ടി.സി.യെ ഒഴിവാക്കിയ സാഹചര്യത്തിൽ ടിക്കറ്റ് നിരക്കിന്മേൽ ഏർപ്പെടുത്തിയ സെസ് പിൻവലിച്ചുകൊണ്ട് ഉത്തരവ് നൽകുമോ?

വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. നിലവിൽ പൊതുമേഖലാ എണ്ണകമ്പനികളിൽനിന്നും ഇന്ധനം വാങ്ങുന്നുണ്ട്. (എ) പിരിവിൽ സൂചിപ്പിക്കുന്ന സെസ്സിന് ഇതുമായി യാതൊരു ബന്ധവും ഇല്ലാത്തതിനാൽ സെസ്സ് പിൻവലിക്കാൻ നിർവാഹമില്ല.

**ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതിലൂടെയുള്ള അധിക വരുമാനം**

141(552) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതിലൂടെയും രജിസ്ട്രേഷൻ വകുപ്പ് മുഖേനയുള്ള വിവിധ സേവനങ്ങൾക്ക് മുദ്രവില, ഫീസ് നിരക്കുകൾ ഉയർത്തിയതിലൂടെയും എത്ര കോടി രൂപയുടെ അധിക വരുമാനമാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത്; ഇതിൽ ഓരോ ഇനത്തിലും എത്ര കോടി രൂപയുടെ വരുമാനം നാളിതുവരെ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഭൂമിയുടെ ന്യായവില 01-04-2023 മുതൽ 20% വർദ്ധിപ്പിച്ചതിലൂടെ ആയത് 2010-ലെ അടിസ്ഥാന വിലയുടെ 264% ആയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് മുഖേനയുള്ള വിവിധ സേവനങ്ങൾക്ക് ഒടുക്കേണ്ടുന്ന മുദ്രവില, ഭൂമിയുടെ ന്യായവില എന്നിവ ഉയർത്തിയതിലൂടെയും ഗഹാൻ രജിസ്ട്രേഷനും ഗഹാൻ റിലീസിംഗിനും ഫീസ് ഏർപ്പെടുത്തിയതിലൂടെയും ലഭിക്കാവുന്ന അധിക വരുമാനം ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം ഏകദേശം 5872.45 കോടി രൂപയുടെ വരുമാനമാണ് രജിസ്ട്രേഷൻ വകുപ്പിൽ പ്രതീക്ഷിക്കുന്നത്. 2023 ഡിസംബർ 31 വരെ മേൽപ്പറഞ്ഞ വർദ്ധനവിലൂടെ ലഭിച്ച അധിക വരുമാനം

ഉൾപ്പെടെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2726.52 കോടി രൂപയും ഫീസിനത്തിൽ 1005.09 കോടി രൂപയും ചേർത്ത് ആകെ 3731.6 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് ഈടാക്കിവരുന്ന ഒറ്റത്തവണ സെസ് ഉയർത്തിയതിലൂടെ നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടത്; വിശദാംശം വ്യക്തമാക്കുമോ?

2007-ൽ നിലവിൽ വന്ന കേരള റോഡ് സുരക്ഷാ നിയമത്തിലെ 10-ാം വകുപ്പ് പ്രകാരം ഈടാക്കി വരുന്ന ഒറ്റത്തവണ സെസ് ഉയർത്തിയതിലൂടെ പ്രതിവർഷം ഏഴ് കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഡിസംബർവരെ മോട്ടോർ വാഹന വകുപ്പിൽ ഈ ഇനത്തിൽ ഏകദേശം നാല് കോടി രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട്.

**പെട്രോൾ ഡീസൽ എന്നിവയ്ക്ക് ഏർപ്പെടുത്തിയ സാമൂഹിക സുരക്ഷ സെസ്സ്**

142(553) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സാമൂഹിക സുരക്ഷ സെസ്സ് ഏർപ്പെടുത്തിയതിലൂടെ എത്ര തുക സാമൂഹിക സുരക്ഷ സീഡ് ഫണ്ടിലേക്ക് സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചത്; നാളിതുവരെ എത്ര തുക ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ?

2023-ലെ കേരള ധനകാര്യ നിയമപ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ധന വിലയിൽ സാമൂഹിക സുരക്ഷ സെസ് ഈടാക്കാൻ തുടങ്ങിയത്. ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹിക സുരക്ഷ സെസ്സ് ഇനത്തിൽ സർക്കാർ 750 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്നാണ് 2023-24-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 563-ൽ പ്രഖ്യാപിച്ചിരുന്നത്. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ പെട്രോളിയം ഉൽപന്നങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ തുക 685.79 കോടി രൂപയാണ് (provisional).

(ബി) പ്രസ്തുത തുക സാമൂഹിക സുരക്ഷ സീഡ് ഫണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

**നികുതി പിരിവിന്റെ കാര്യക്ഷമത**

143(554) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കേരളീയം പരിപാടിക്ക് സ്പോൺസർമാരെ കണ്ടെത്തി ചെലവുകൾക്കുള്ള തുക കണ്ടെത്തണമെന്ന് കാണിച്ച് സംസ്ഥാന ജി.എസ്.ടി. വകുപ്പിന് നിർദേശം ലഭിച്ചിരുന്നോ; വകുപ്പിൽ ഇതിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും

ഏൽപ്പിച്ചതാരെയൊക്കെയെന്നും ഇതിനെത്തുടർന്ന് വകുപ്പ് സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ബി) കേരളീയത്തിന് ഏറ്റവും കൂടുതൽ സ്പോൺസർമാരെ കണ്ടെത്തി തുക സംഘടിപ്പിച്ചതിന് സംസ്ഥാന ജി.എസ്.ടി വകുപ്പിനോ അല്ലെങ്കിൽ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കേരളീയം വേദിയിൽ ആദരം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ?

(എ&ബി) നിർദേശം ലഭിച്ചിരുന്നില്ല.

(സി) ധനപ്രതിസന്ധി നേരിടുന്ന സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനു പ്രധാന കർത്തവ്യം വഹിക്കേണ്ട ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥരെ ഇപ്രകാരം സ്പോൺസർമാരെ കണ്ടെത്തി തുക സംഘടിപ്പിക്കുന്നതിനുകൂടി നിയോഗിച്ചതുമൂലം നികുതി പിരിവിൽ വീഴ്ച വന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ് സ്വീകരിച്ചിരിക്കുന്നത് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് അല്ല. കേരളീയം പരിപാടിയുടെ

ഭാഗമായി യാതൊരുവിധ നികുതി ഇളവുകളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നൽകിയിട്ടില്ല.

(ഡി) നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടപ്പ് സാമ്പത്തിക വർഷം പിരിച്ചെടുത്തതും ഇനി പിരിച്ചെടുക്കാനുള്ളതുമായ നികുതി തുകയുടെ വിവരങ്ങൾ മുൻ വർഷത്തെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യം ചെയ്തു നൽകുമോ?

സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടപ്പ് സാമ്പത്തിക വർഷം പിരിച്ചെടുത്തതും ഇനി പിരിച്ചെടുക്കാൻ ഉള്ളതുമായ നികുതി തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2023-24 (തുക കോടിയിൽ)

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (2023-24) | റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് (proposed) (2023-24) | 31.12.2023 വരെയുള്ള നികുതി വരുമാനം* |
|---|---|---|---|
| ജി.എസ്.ടി. | 35982.63 | 32990.68 | 23033.63 |
| നോൺ ജി.എസ്.ടി. | 28645.99 | 28191.14 | 18498.95 |
| **ആകെ** | **64628.62** | **61181.82** | **41532.58** |

* Provisional.

സംസ്ഥാന ജി.എസ്.ടി വകുപ്പ് മുൻ സാമ്പത്തിക വർഷം ഡിസംബർ മാസം വരെ പിരിച്ചെടുത്ത നികുതി തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022-23 (തുക കോടിയിൽ)

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (2022 -23 ) | റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് (proposed) (2022-23 ) | 31.12.2022 വരെയുള്ള നികുതി വരുമാനം* (Without IGST adhoc) |
|---|---|---|---|
| ജി.എസ്.ടി. | 36818.28 | 30238 | 20918.61 |
| നോൺ ജി.എസ്.ടി. | 24965.21 | 24965.07 | 18011.11 |
| **ആകെ** | **61783.49** | **55203.07** | **38929.72** |

* Provisional.

**2022-23 സാമ്പത്തിക വർഷത്തിൽ ഐ.ജി.എസ്.ടി അഡ്ഹോക് ഇനത്തിൽ 1028.23 കോടി രൂപ ലഭിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം (2023-24) ഡിസംബർ മാസം വരെയുള്ള നികുതി വരുമാനം മുൻ വർഷത്തെ ഇതേ കാലയളവുമായി (2022-23 ഡിസംബർ മാസം വരെ) താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി. ഇനത്തിൽ 2115.02 കോടി രൂപയുടെയും നോൺ-ജി.എസ്.ടി. ഇനത്തിൽ

487.84 കോടി രൂപയുടെയും വർദ്ധനവുണ്ട്. ആകെ നികുതി ഇനത്തിൽ 2602.86 കോടി രൂപയുടെ വർദ്ധനവുണ്ട്.

പ്രീ-ജി.എസ്.ടി. ഇനത്തിൽ ലഭിച്ച കുടിശ്ശികയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

| **കുടിശ്ശിക 31.03.2023 വരെ കോടിയിൽ** | **സ്റ്റേ (തുക കോടിയിൽ)** | **റവന്യൂ റിക്കവറി (തുക കോടിയിൽ)** | **മറ്റ് നടപടികൾ (റൈറ്റ് ഓഫ്/ അപ്പീൽ/ നോട്ട് കളക്ടബിൾ/ എൻ.ആർ.സി. (തുക കോടിയിൽ)** |
|---|---|---|---|
| 13559.58 | 5059 | 6903.66 | 1596.92 |

ജി.എസ്.ടി. ഇതര നിയമങ്ങളിൽനിന്നും 31-03-2023 വരെയുള്ള കണക്കുകൾ പ്രകാരം നികുതി കുടിശ്ശിക 13559.58 കോടി രൂപയാണ്. ആയതിൽ 5059 കോടി രൂപ വിവിധ സ്റ്റേയിൽ ഉൾപ്പെട്ടതും 6903.66 കോടി രൂപ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടതും 1596.92 കോടി രൂപ മറ്റു നടപടികളിൽ ഉൾപ്പെട്ടതുമാണ്.

**ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഏർപ്പെടുത്തിയ സാമൂഹിക സുരക്ഷ സെസ്സ്**

144(555) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് സംസ്ഥാനത്ത് സാമൂഹിക സുരക്ഷ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഏതു നിരക്കിലാണ് സെസ്സ് ഏർപ്പെടുത്തിയത്; വ്യക്തമാക്കാമോ?

2023-ലെ കേരള ധനകാര്യ നിയമപ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് സാമൂഹിക സുരക്ഷ സെസ്സ് ഈടാക്കാൻ തുടങ്ങിയത്. 500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഒരു ബോട്ടിലിന് 20 രൂപ നിരക്കിലും 1000 രൂപ മുതൽ മുകളിലോട്ട് വില വരുന്ന മദ്യത്തിന് ബോട്ടിലിന് 40 രൂപ നിരക്കിലുമാണ് സാമൂഹിക സുരക്ഷ സെസ്സ് ഏർപ്പെടുത്തിയത്.

(ബി) പ്രസ്തുത ഇനത്തിൽ നടപ്പ് വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വരുമാനം എത്രയാണ്; പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തു; വിശദാംശം നൽകുമോ?

2023-24-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 562 പ്രകാരം പ്രസ്തുത ഇനത്തിൽ 400 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്ന് പ്രഖ്യാപിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ നിന്നും പിരിഞ്ഞു കിട്ടിയ തുക 157.54 കോടി രൂപയാണ് (Provisional).

(സി) പ്രസ്തുത തുക സാമൂഹിക സുരക്ഷ സീഡ് ഫണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

## ഇന്ധന സെസ്

145(556) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷവും 2023-24 (ഡിസംബർ 31 വരെ) സാമ്പത്തിക വർഷവും ഇന്ധന സെസ്സ് ബാധകമാവുന്ന എത്ര ലിറ്റർ പെട്രോൾ, ഡീസൽ വിൽപന നടന്നു; 2023-24 സാമ്പത്തിക വർഷം ഡിസംബർ 31 വരെ രണ്ട് രൂപ ഇന്ധന സെസ്സിലൂടെ എത്ര രൂപയാണ് ലഭിച്ചത്; പെട്രോളിനും ഡീസലിനും ലഭിച്ചത് പ്രത്യേകം പ്രത്യേകം പ്രതിമാസ കണക്കുകളായി ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിൽനിന്നും ലഭ്യമാക്കിയിട്ടുള്ള ഓയിൽ കമ്പനികളുടെ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷവും 2023-24 (ഡിസംബർ 31 വരെ) സാമ്പത്തിക വർഷവും പെട്രോൾ, ഡീസൽ ഉപഭോഗം (അഡീഷണൽ വിൽപന നികുതി അടിസ്ഥാനമായി കണക്കാക്കിയുള്ള) സൂചക കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+ 2023-ലെ കേരള ധനകാര്യ നിയമപ്രകാരം ചുമത്തപ്പെട്ട ഇന്ധന സെസ്സിലൂടെ (2

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ/ലിറ്റർ), 2023-24 സാമ്പത്തിക വർഷം (2023 ഡിസംബർ 31 വരെ) 685.79 കോടി രൂപയാണ് ലഭിച്ചത് (provisional). ഈ ഇനത്തിൽ പ്രതിമാസം ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ സമാന കാലയളവിൽ ഇന്ധന സെസ്സ് ബാധകമായിരുന്നെങ്കിൽ പ്രതിമാസം കിട്ടേണ്ട പെട്രോൾ, ഡീസൽ എന്നിവയുടെ തുക വെവ്വേറെ ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷം ഇന്ധന സെസ്സ് ബാധകമായിരുന്നെങ്കിൽ സമാന കാലയളവിൽ പ്രതിമാസം സെസ്സ് ഇനത്തിൽ കിട്ടേണ്ട തുക, കേരള പൊതു വിൽപന നികുതി നിയമത്തിലെ സെക്ഷൻ 5 ഡി പ്രകാരം ചുമത്തപ്പെടുന്ന അഡീഷണൽ വില്പന നികുതി അടിസ്ഥാനമായി കണക്കാക്കിയുള്ള സൂചക കണക്കുകൾ മാത്രമാണ്. ആയതിന്റെ സൂചക കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

2022-23 സാമ്പത്തിക വർഷത്തിൽ പെട്രോളിയം ഉൽപന്നങ്ങളിൽ (ഫിനാൻസ് ആക്ട്-2008 പ്രകാരം) ചുമത്തിയ സെസ്സ് പ്രകാരം 114.71 കോടി (Provisional) രൂപയാണ് ലഭിച്ചത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള വില്പന നികുതി അനുസരിച്ച് ലഭിച്ച വരുമാനം

146(557) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23, 2023-24 (ഡിസംബർ 31 വരെ) എന്നീ വർഷങ്ങളിൽ കേരള വില്പന നികുതി നിയമം അനുസരിച്ച് ലഭിച്ച വരുമാനം വർഷം തിരിച്ച് ലഭ്യമാക്കാമോ?

കേരള പൊതു വില്പന നികുതി നിയമം 1963 അനുസരിച്ച് ലഭിച്ച വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കേരള പൊതു വില്പന നികുതി വഴി ലഭിച്ച വരുമാനം (കോടിയിൽ)* |
|---|---|
| 2017-18 | 16787.03 |
| 2018-19 | 18878.83 |
| 2019-20 | 18975.81 |
| 2020-21 | 17494.35 |
| 2021-22 | 22124.02 |
| 2022-23 | 26400.06 |
| 2023-24 | 18273.38 |

| | |
|---|---|
| (31 ഡിസംബർ 2023 വരെ) | |

* Provisional

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത നിയമം അനുസരിച്ച് ലഭിച്ച ആകെ വരുമാനം അതിന്റെ പിരിവുകൾ തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത കാലയളവിൽ പ്രസ്തുത നിയമമനുസരിച്ച് ഓയിൽ കമ്പനി, സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, ബാറുകളുടെ ടേൺഓവർ ടാക്സ് എന്നിവയിൽനിന്നുള്ള വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകൾ**

147(558) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് മദ്യം വിതരണത്തിന് നൽകേണ്ട എന്ന നികുതി വകുപ്പ് തീരുമാനം ശരിവച്ച കേരള ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ ഉത്തരവ് നിലനിൽക്കേ പ്രസ്തുത കുടശ്ശികക്കാർക്ക് മദ്യം വിതരണം ചെയ്യുവാൻ അനുമതി തേടി ബിവറേജസ് കോർപ്പറേഷൻ എം.ഡി. സർക്കാരിലേക്ക് കത്ത് നൽകിയിരുന്നോ; ആ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് മദ്യം വിതരണം ചെയ്യുന്നതിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ കത്ത് സമർപ്പിച്ചിരുന്നു. ആയതിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാറുകൾക്ക് മദ്യ വിതരണം നിർത്തലാക്കുന്നത് കുറഞ്ഞത് 10 ദിവസത്തെയെങ്കിലും ദൈർഘ്യമുള്ള നോട്ടീസ് നൽകിക്കൊണ്ട് നടപ്പിലാക്കുവാൻ നിർദേശം നൽകിയിരുന്നു. ഇത് ബാധകമായ ബാറുകളുടെയും ബിയർ & വൈൻ പാർലറുകളുടെയും പട്ടിക ലഭ്യമാക്കുവാൻ

സംസ്ഥാന ജി.എസ്.ടി. കമ്മീഷണറോട് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ ലാഭ ശതമാനം കുറച്ചുകാട്ടി ടി.ഒ.ടി. (ടേൺ ഓവർ ടാക്സ്) അടയ്ക്കുന്നതിൽ കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ ലാഭ ശതമാനം കുറച്ചുകാട്ടി ടേൺ ഓവർ ടാക്സ് അടയ്ക്കുന്നതിന് കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ലാഭശതമാനം കുറച്ചുകാണിച്ച് ടി.ഒ.ടി. അടയ്ക്കുന്നതിൽ കുറവ് വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഇന്റലിജൻസ് ആക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് യഥാർത്ഥ വില്പന കണക്ക് പുറത്തുകൊണ്ടുവരുന്നതിനും നികുതി അടപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. 2017-നുശേഷമുള്ള വിവിധ കാലയളവിൽ ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയതിന്റെ ഫലമായി ഏകദേശം

1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ബാർ ഹോട്ടലുകളിൽ ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അതാത് വർഷങ്ങളിൽ പരിശോധന നടത്തി യഥാർഥ വിൽപന കണക്കിലും നികുതി റിട്ടേണുകളിലെ ടി.ഒ.ടി.യിലും കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നികുതി റിട്ടേണുകളിലെ ടേൺ ഓവർ ടാക്സിൽ കുറവ് വന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അത്തരം ബാർ ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

**വ്യാപാര സ്ഥാപനങ്ങളിലെ നികുതി പിരിവ്**

148(559) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിവിധയിനങ്ങളിലെ നികുതിയായി പ്രതിമാസം ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷം 31 ഡിസംബർ 2023 വരെ ജി.എസ്.ടി. നികുതി, ജി.എസ്.ടി. ഇതര നികുതി നിയമങ്ങൾ (കെ. ജി.എസ്.ടി. വാറ്റ്) എന്നിവയിൽ ലഭിച്ച പ്രതിമാസ നികുതി വരുമാനം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) എല്ലാ വ്യാപാര സ്ഥാപനങ്ങളിലും ബില്ലിംഗ് രീതി ഏർപ്പെടുത്തുന്നതിനും, മുഴുവൻ സ്ഥാപനങ്ങളും ബിൽ നല്കുന്നതിനും, സർക്കാരിലേക്ക് ലഭിക്കേണ്ട തുക കൃത്യമായി അടച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വ്യാപാര സ്ഥാപനങ്ങൾ ജി.എസ്.ടി. നിയമാനുസൃതമായ ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ജി.എസ്.ടി. നിയമപ്രകാരമുള്ള ടെസ്റ്റ് പർച്ചേസുകൾ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തി വരുന്നുണ്ട്. ഇതുകൂടാതെ ചരക്കു വാഹനങ്ങളുടെ പരിശോധനയിലും ഇൻവോയ്സ് വിവരങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ 5 കോടി രൂപ വരെ വിറ്റുവരവ് ഉള്ള ടാക്സ്പെയേഴ്സിന് ബി-ടു-ബി കൈമാറ്റങ്ങൾക്ക് ഇ-ഇൻവോയ്സിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇൻവോയ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരങ്ങൾ പൊതുജനങ്ങളിൽ നിന്നും നേരിട്ട് വകുപ്പിന് ലഭ്യമാക്കുന്നതിനായി 'ലക്കി ബിൽ' പോലുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതി കൃത്യമായി അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ജി.എസ്.ടി. നിയമപ്രകാരം റിട്ടേൺ സ്ക്രൂട്ടിനി, ഓഡിറ്റ് തുടങ്ങിയവ നടത്തിവരുന്നു.

(സി) നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടനയിലൂടെ തന്ത്ര പ്രധാന കേന്ദ്രങ്ങളിൽ മൂന്ന് സോണൽ ജോയിന്റ് കമ്മീഷണർ (ഐ&ഇ)-മാരുടെ കീഴിൽ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പുനർവിന്യസിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ചരക്ക് വാഹന പരിശോധന നടത്തി നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു. നികുതിവെട്ടിപ്പ് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന

നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജരേഖകൾ ഉപയോഗിച്ച് വ്യാജ രജിസ്ട്രേഷൻ നേടിക്കൊണ്ട് ചരക്ക് നീക്കം ഇല്ലാതെ വ്യാജ ബില്ലുകൾ നൽകി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് നടത്തുന്ന ദേശീയതലത്തിൽ പ്രവർത്തിക്കുന്ന കോക്കസിനെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ചുമതലകൂടി ഈ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള തട്ടിപ്പുകാരെ കണ്ടെത്തി അവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അവർ നൽകിയിട്ടുള്ള വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും അവർ നടത്തിയ വെട്ടിപ്പുമായി ബന്ധപ്പെട്ടവർക്കെതിരെ പീനൽ നടപടി സ്വീകരിക്കുന്നതിനും വേണ്ട രേഖകൾ ശേഖരിച്ച് ബന്ധപ്പെട്ട വിഭാഗത്തിന് കൈമാറി വൻ നികുതിചോർച്ച തടയുക എന്നതുമാണ് ഇതുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടുള്ള ചുമതല.

(ഡി) പർചേസ് ചെയ്യുന്നവരിൽനിന്നും കളക്ട് ചെയ്യുന്ന നികുതി വിഹിതം കൃത്യമായി സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത്

പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ വിശദീകരിക്കാമോ?

നികുതിദായകർ ജി.എസ്.ടി. സർക്കാരിലേക്ക് കൃത്യമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേൺ സ്ക്രൂട്ടിനി, ഓഡിറ്റ് എന്നിവ നടത്തി വരുന്നു. റിട്ടേൺ സ്ക്രൂട്ടിനിയിലൂടെ നികുതിദായകർ ഫയൽ ചെയ്യുന്ന ഓരോ മാസത്തേയും റിട്ടേണുകൾ പരിശോധിക്കുകയും പ്രശ്നങ്ങൾ കാണപ്പെടുന്നപക്ഷം അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുകയും ചെയ്യുന്നു. ഓഡിറ്റിംഗിലൂടെ നികുതിദായകരുടെ വാർഷിക റിട്ടേണുകളും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ഓഡിറ്റ് ചെയ്യുകയും നികുതിവെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം ജി.എസ്.ടി നിയമപ്രകാരമുള്ള പിഴയും പലിശയും ഉൾപ്പെടെ നികുതി സർക്കാരിലേക്ക് അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്ന പക്ഷം പരിശോധന നടത്തി ജി.എസ്.ടി നിയമ പ്രകാരം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ബാറുകളിൽ ഇന്റലിജൻസ് പരിശോധന**

149(561) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-നുശേഷം ബാറുകളിൽ ഇന്റലിജൻസ് പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബാറുകളിൽ നടത്തി, ബാറുകളുടെ പേര് വിവരം, പരിശോധന നടത്തിയ തീയതി, കണ്ടെത്തിയ നികുതി വെട്ടിപ്പ് എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം ലഭ്യമാക്കാമോ; സംസ്ഥാനത്ത് 2017-നുശേഷം നാളിതുവരെ എത്ര ബാർ ഹോട്ടലുകൾ കെ.ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്; സ്റ്റാർ ക്ലാസിഫിക്കേഷൻ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

സംസ്ഥാനത്ത് 2017-നുശേഷം ബാറുകളിൽ ഇന്റലിജൻസ് വിഭാഗം പരിശോധനകൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 91 ബാർ ഹോട്ടലുകളിലായി 2017-നുശേഷമുള്ള വിവിധ

കാലയളവിൽ നടത്തിയ പരിശോധനയിൽ 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് 2017-നുശേഷം നാളിതുവരെ 166 ബാർ ഹോട്ടലുകൾ കെ.ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സ്റ്റാർ ക്ലാസിഫിക്കേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+ കെ.ജി.എസ്.ടി. നിയമം 1963-ന്റെ വകുപ്പ് 54(1) പ്രകാരം വിൽപ്പന നികുതി അധികാരിയുടെ മുൻപാകെ സമർപ്പിക്കപ്പെട്ട വിശദാംശങ്ങൾ രഹസ്യ വിവരങ്ങളായി കണക്കാക്കുന്നതിനാൽ പ്രസ്തുത വിവരങ്ങളുടെ വെളിപ്പെടുത്തലിന് പരിമിതിയുണ്ട്.

(ബി) 2017-18 മുതൽ 2022-23 വരെ ബാർ ഹോട്ടലുകൾ കണക്കാക്കി സർക്കാരിലേക്ക് അടയ്ക്കുന്ന ടി.ഒ.ടി.-ക്ക് ആനുപാതികമായിട്ടുള്ള ലാഭശതമാനത്തിന്റെ ജില്ല തിരിച്ചുള്ള ശരാശരി എത്രയാണ് എന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്ത് ഏതെങ്കിലും ബാർ ഹോട്ടലുകൾ 1963-ലെ വിൽപന നികുതി നിയമം വകുപ്പ് 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ?

2017-18 മുതൽ 2022-23 വരെ ബാർ ഹോട്ടലുകൾ കണക്കാക്കി സർക്കാരിലേക്ക് അടക്കുന്ന ടി.ഒ.ടി.-ക്ക് ആനുപാതികമായിട്ടുള്ള ലാഭശതമാനത്തിന്റെ ജില്ല തിരിച്ചുള്ള ശരാശരി അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്ത് 1963-ലെ വിൽപന നികുതി നിയമം 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത ബാർ ഹോട്ടലുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+ കെ.ജി.എസ്.ടി. നിയമം 1963-ന്റെ വകുപ്പ് 54(1) പ്രകാരം വിൽപ്പന നികുതി അധികാരിയുടെ മുൻപാകെ സമർപ്പിക്കപ്പെട്ട വിശദാംശങ്ങൾ രഹസ്യ വിവരങ്ങളായി കണക്കാക്കുന്നതിനാൽ കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത ബാർ ഹോട്ടലുകളുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് പരിമിതിയുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2017-നുശേഷം നാളിതുവരെ പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾ എത്ര എന്നുള്ള ജില്ല തിരിച്ചുള്ള കണക്കും പേര് വിവരങ്ങളും വ്യക്തമാക്കാമോ; നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് ജില്ല തിരിച്ച് വിശദീകരിക്കാമോ?

2017-നുശേഷം നാളിതുവരെ പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾ എത്ര എന്നുള്ള ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+ കെ.ജി.എസ്.ടി. നിയമം 1963-ന്റെ വകുപ്പ് 54(1) പ്രകാരം വിൽപ്പന നികുതി അധികാരിയുടെ മുൻപാകെ സമർപ്പിക്കപ്പെട്ട വിശദാംശങ്ങൾ രഹസ്യ വിവരങ്ങളായി കണക്കാക്കുന്നതിനാൽ പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത ബാർ ഹോട്ടലുകളുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് പരിമിതിയുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് മദ്യം വിതരണം ചെയ്യുന്നതിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ കത്ത് സമർപ്പിച്ചിരുന്നു. ആയതിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാറുകൾക്ക് മദ്യ വിതരണം നിർത്തലാക്കുന്നത് കുറഞ്ഞത് 10 ദിവസത്തെയെങ്കിലും ദൈർഘ്യമുള്ള നോട്ടീസ് നൽകിക്കൊണ്ട് നടപ്പിലാക്കുവാൻ നിർദേശം നൽകിയിരുന്നു. ഇത് ബാധകമായ ബാറുകളുടെയും ബിയർ & വൈൻ പാർലറുകളുടെയും പട്ടിക ലഭ്യമാക്കുവാൻ സംസ്ഥാന ജി.എസ്.ടി. കമ്മീഷണറോട് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**ബാറുകളുടെ ടേൺഓവർ ടാക്സ്**

150(562) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-നുശേഷം ബാറുകളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2017-നുശേഷം ബാറുകളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന തൊണ്ണൂറ്റിയൊന്ന് ബാർ ഹോട്ടലുകളിലായി 2017-നുശേഷമുള്ള വിവിധ കാലയളവിൽ നടത്തിയ പരിശോധനയിൽ 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ 1963-ലെ വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തുകൊണ്ട് പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ചില ബാർ ഹോട്ടലുകൾ 1963-ലെ വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 7 അനുസരിച്ചുള്ള കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തുകൊണ്ട് പ്രതിമാസ റിട്ടേണുകൾ കൃത്യമായി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇത്തരത്തിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവർക്കെതിരെ പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവുകൾ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ ലാഭശതമാനം കുറച്ച് കാണിച്ച് ടേൺഓവർ ടാക്സ് അടക്കുന്നതിൽ കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ചില ബാർ ഹോട്ടലുകൾ ലാഭശതമാനം കുറച്ചുകാണിച്ച് ടേൺ ഓവർ ടാക്സ് അടയ്ക്കുന്നതിന് കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ലാഭ ശതമാനം കുറച്ചുകാണിച്ച് ടി.ഒ.ടി. അടയ്ക്കുന്നതിൽ കുറവ് വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഇന്റലിജൻസ് ആക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് യഥാർത്ഥ വില്പന കണക്ക്

പുറത്തുകൊണ്ടുവരുന്നതിനും നികുതി അടപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) ബാർ ഹോട്ടലുകളിൽ ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അതാത് വർഷങ്ങളിൽ പരിശോധന നടത്തി യഥാർഥ വില്പനക്കണക്ക് ലഭ്യമാക്കുന്നതിനും നികുതി റിട്ടേണുകളിലെ ടേൺഓവർ ടാക്സിൽ കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നികുതി റിട്ടേണുകളിലെ ടേൺ ഓവർ ടാക്സിൽ കുറവ് വന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അത്തരം ബാർ ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. 2017-നുശേഷമുള്ള വിവിധ കാലയളവിൽ ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയതിന്റെ ഫലമായി ഏകദേശം 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നികുതി കുടിശിക ഈടാക്കുവാൻ നടപടി**

151(563) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മദ്യ വിതരണവുമായി ബന്ധപ്പെട്ട് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ചന്ദ്രൻ അഥവാ മണിച്ചൻ സർക്കാരിലേക്ക് നികുതി കുടിശ്ശികയായി എത്ര തുക നൽകാനുണ്ട്; കുടിശ്ശിക ഉൾപ്പെട്ട വർഷം, നികുതി, പലിശ, പിഴ എന്നിവയുടെ വിശദാംശം നൽകാമോ; പ്രസ്തുത കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വ്യാജ മദ്യ വിതരണവുമായി ബന്ധപ്പെട്ട് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ചന്ദ്രൻ അഥവാ മണിച്ചൻ സർക്കാരിലേക്ക് നികുതി കുടിശ്ശികയായി അടയ്ക്കാനുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ മേൽപ്പറഞ്ഞ കുടിശ്ശികയും പലിശയും ഈടാക്കുന്നതിനായി ജില്ലാ കളക്ടർ മുൻപാകെ റവന്യൂ റിക്കവറി നടപടിക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി കക്ഷിക്കെതിരെ കേരള റവന്യൂ റിക്കവറി നിയമം, 1968 പ്രകാരം ആർ.ആർ. നടപടി സ്വീകരിച്ച് ടിയാന്റെ വസ്തു ജപ്തി ചെയ്തിട്ടുള്ളതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുടിശ്ശിക ഈടാക്കുവാൻ ചിറയിൻകീഴ് തഹസിൽദാർ പ്രസ്തുത വ്യക്തിയുടെ സ്ഥാവര ജംഗമ വസ്തുക്കൾ ലേലത്തിന് വച്ചിരുന്നോ; ഇതിനെതിരെ കുടിശ്ശികക്കാരൻ നൽകിയ ഹർജി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും നിരസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലേല നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കുടിശ്ശിക ഈടാക്കുന്നതിനായി കക്ഷിയുടെ പേരിലുള്ള വസ്തു ജപ്തി ചെയ്ത് ലേലം നിശ്ചയിച്ചിരുന്നതാണ്. ആയതിനെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 23479/03 നമ്പർ കേസ് 23-07-2003-നും, WP(C) 23347/04 നമ്പർ കേസ് 11-08-2004-നും, IA 6058/07 in WP(C) 23258/06 നമ്പർ കേസ് 30-10-2007-നും, WA 2727/07 നമ്പർ കേസ് 11-12-2007-നും, ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP 23978/08 നമ്പർ കേസ് 07-08-2009-നും സർക്കാരിനനുകൂലമായി തീർപ്പാക്കിയിട്ടുള്ളതിനാൽ കക്ഷിയുടെ പേരിൽ ചിറയിൻകീഴ് താലൂക്കിൽ കുന്തള്ളൂർ വില്ലേജിൽ സർവെ നം. 2046/ബി1 ൽ

ഉൾപ്പെട്ട 15 സെന്റ്, സർവെ നം. 2048/ബി 4 ൽ ഉൾപ്പെട്ട 8 സെന്റ്, സർവെ നം. 2046/ബി1 ൽ ഉൾപ്പെട്ട 5 സെന്റ്, സർവെ നം. 2048/4-17 ൽ ഉൾപ്പെട്ട 02 സെന്റ്, സർവെനം. 2046/ബി2 ൽ ഉൾപ്പെട്ട 13 സെന്റ് എന്നിവയുൾപ്പെടെ ആകെ 43 സെന്റ് ഭൂമി ലേലം ചെയ്യുകയും, ലേലം കൊള്ളാൻ ആരും തയ്യാറാകാതിരുന്നതിനാൽ ടി വസ്തു സർക്കാരിലേക്ക് ഏറ്റെടുത്ത് ബോട്ട് ഇൻ-ലാൻഡ് ആക്കി മാറ്റുകയും, ടി നടപടി 20-11-2008-ൽ Ddis/19187/08/A നമ്പർ പ്രകാരം തിരുവനന്തപുരം സബ് കളക്ടർ സ്ഥിരീകരിക്കുകയും വസ്തു ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടി വസ്തു ഭൂരഹിതർക്ക് പതിച്ചു കൊടുക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കക്ഷി ഫയൽ ചെയ്ത WP(C) 28530/13 നമ്പർ കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

(സി) നികുതി കുടിശിക ഇളവ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ട് കുടിശ്ശികക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും കുടിശ്ശിക എഴുതി തള്ളാൻ നികുതി വകുപ്പ് ശിപാർശ നൽകിയോയെന്നും വ്യക്തമാക്കാമോ?

നികുതി കുടിശ്ശിക ഇളവ് ചെയ്യണമെന്നാവശ്യപ്പെട്ട് കുടിശ്ശികക്കാരൻ സർക്കാരിൽ അപേക്ഷയൊന്നും സമർപ്പിച്ചിട്ടില്ല.

**ഇന്ധന കള്ളക്കടത്തുമൂലമുള്ള നികുതി ചോർച്ച**

152(564) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇന്ധന കള്ളക്കടത്തുമൂലം നികുതി ചോർച്ച വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2023 ഡിസംബർ 31 വരെ സംസ്ഥാന നികുതി വകുപ്പ് ഇത്തരത്തിലുള്ള എത്ര കേസ് പിടികൂടി, വെട്ടിപ്പിന്റെ വ്യാപ്തി, ഈടാക്കിയ നികുതി, പിഴ, പലിശ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഇന്ധന കള്ളക്കടത്ത് നടത്തുന്നവരെ കണ്ടെത്തി ഉചിതമായ നടപടികൾ സംസ്ഥാന ജി.എസ്.ടി. വകുപ്പ് സ്വീകരിക്കുന്നുണ്ട്. തിരുവനന്തപുരം മേഖലയിൽ നിന്ന് 2023 ഡിസംബർ 31 വരെ

എൻഫോഴ്സ്മെന്റ് സ്ക്വാഡ് 6 കേസുകൾ പിടികൂടുകയും (LPG) പിഴയായി 0.93 ലക്ഷം രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മേഖലയിൽ നിന്ന് 2023 ഡിസംബർ 31 വരെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് 24 ഇന്ധന കള്ളക്കടത്തു കേസുകൾ കണ്ടെത്തുകയും ആയതിന്മേൽ 65.68 ലക്ഷം രൂപ നികുതി, സെക്യൂരിറ്റി, ഡെപ്പോസിറ്റ് ഇനങ്ങളിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം മേഖലയിലെ ഇന്റലിജൻസ് യൂണിറ്റ് ഇന്ധനങ്ങളുടെ അനധികൃത വില്പനയുമായി ബന്ധപ്പെട്ട് 85 കേസുകളിലായി ഏകദേശം 450 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ജി.എസ്.ടി വകുപ്പ് പുനഃസംഘടന**

153(565) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പ് പുനഃസംഘടനയ്ക്കുശേഷം ലഭിച്ച പ്രതിമാസ ജി.എസ്.ടി. വരുമാനം ഐ.ജി.എസ്.ടി./എസ്. ജി.എസ്.ടി. (2023 ജനുവരി മുതൽ 2023 ഡിസംബർ 31 വരെ) പ്രത്യേകം ലഭ്യമാക്കാമോ;

ഇതിന് ആനുപാതികമായി തലേവർഷം ലഭിച്ച വരുമാനം, വ്യത്യാസം എന്നിവ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2022-23 സാമ്പത്തിക വർഷം ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലും അതിന് ആനുപാതികമായി തലേവർഷവും (2021-22) ലഭിച്ച പ്രതിമാസ ജി.എസ്.ടി വരുമാനം ഐ.ജി.എസ്.ടി./ എസ്.ജി.എസ്.ടി. ചുവടെ ചേർത്തിരിക്കുന്നു.

| **മാസം** | **2022-23 (കോടിയിൽ)** | | **2021-22 (കോടിയിൽ)** | | **വ്യത്യാസം (കോടിയിൽ)** | |
|---|---|---|---|---|---|---|
| | എസ്.ജി. എസ്.ടി. | ഐ.ജി. എസ്.ടി. (without IGST Adhoc)** | എസ്.ജി. എസ്.ടി. | ഐ.ജി. എസ്.ടി. | എസ്.ജി. എസ്.ടി. | ഐ.ജി. എസ്.ടി. |
| ജനുവരി | 1183.89 | 1326.34 | 1050.94 | 1199.76 | 132.95 | 126.58 |
| ഫെബ്രുവരി | 1050.79 | 1335.46 | 927.62 | 1196.25 | 123.17 | 139.21 |
| മാർച്ച് | 1079.36 | 1272.62 | 931.42 | 1194.89 | 147.94 | 77.73 |

* Provisional

2023-24 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലും അതിന് ആനുപാതികമായി തലേവർഷവും (2022-23) ലഭിച്ച

പ്രതിമാസ ജി.എസ്.ടി. വരുമാനം ഐ.ജി.എസ്.ടി./ എസ്.ജി.എസ്.ടി. ചുവടെ ചേർത്തിരിക്കുന്നു.

| മാസം | 2023-24 (കോടിയിൽ) | | 2022-23 (കോടിയിൽ) | | വ്യത്യാസം (കോടിയിൽ) | |
|---|---|---|---|---|---|---|
| | എസ്.ജി. എസ്.ടി. | ഐ.ജി. എസ്.ടി. | എസ്.ജി. എസ്.ടി. | ഐ.ജി. എസ്.ടി. (without IGST Adhoc)** | എസ്.ജി. എസ്.ടി. | ഐ.ജി. എസ്.ടി. |
| ഏപ്രിൽ | 1354.34 | 1620.6 | 1143.52 | 1356.68 | 210.82 | 263.92 |
| മേയ് | 1044.16 | 1347.3 | 955.1 | 1156.16 | 89.06 | 191.14 |
| ജൂൺ | 1280.43 | 1415.11 | 984.49 | 1221.72 | 295.94 | 193.39 |
| ജൂലൈ | 1098.77 | 1441.04 | 996.85 | 1227.62 | 101.92 | 213.42 |
| ആഗസ്റ്റ് | 1036.32 | 1437.02 | 910.36 | 1599.65 | 125.96 | -162.63 |
| സെപ്റ്റംബർ | 1163.98 | 1579.23 | 1014.51 | 1451.46 | 149.47 | 127.77 |
| ഒക്ടോബർ | 1095.59 | 1447.3 | 1001.9 | 1392.19 | 93.69 | 55.11 |
| നവംബർ | 1084.38 | 1163.73 | 988.7 | 1218.35 | 95.68 | -54.62 |
| ഡിസംബർ | 1121.19 | 1300.84 | 1002.27 | 1297.08 | 118.92 | 3.76 |

* Provisional

** 2022-23 സാമ്പത്തിക വർഷത്തിൽ ഐ.ജി.എസ്.ടി. അഡ്ഹോക് ഇനത്തിൽ 1028.23 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**ജി.എസ്.ടി. വരുമാനത്തിലെ വർദ്ധനവ്**

154(566) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയുമുള്ള വരുമാനത്തിന്റെ കണക്ക് വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയത്. ജി.എസ്.ടി നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനു മുകളിലോ നികുതി വിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജി.എസ്.ടി. നികുതി നിരക്ക് 28% (CGST 14%+SGST 14%) ശതമാനമായി നിശ്ചയിച്ചിരുന്നത്, ജി.എസ്.ടി. കൗൺസിൽ 18% (CGST 9%+ SGST 9%), 12%(CGST 6%+ SGST 6%) എന്നീ നികുതി നിരക്കുകളിലേക്ക് കുറവു

ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. 2019-20, 2020-21 വർഷങ്ങൾ കോവിഡ് ബാധിത കാലയളവായതിനാൽ നികുതി വർദ്ധനവിനെ ബാധിച്ചിട്ടുണ്ട്.

ജി.എസ്.ടി. നടപ്പാക്കിയതു മുതൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നികുതി വരുമാനത്തിന്റെ കണക്ക് വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

| **സാമ്പത്തിക വർഷം** | **ജി.എസ്.ടി. നികുതി വരുമാനം (കോടിയിൽ)*** | **വർദ്ധനവ്/വ്യതിയാനം (തുക കോടിയിൽ)** |
|---|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 12200.08 | |
| 2018-19 | 21119.21 | |
| 2019-20 | 20072.92 | -1046.29 |
| 2020-21 | 19276.53 | -796.29 |
| 2021-22 | 23985.29 | 4708.76 |
| 2022-23 | 29195.30 | 5210.01 |
| 2023-24**(ഡിസംബർ വരെ) | 23033.63 | 2115.02 |

*Provisional

** Without IGST Adhoc

**ജി.എസ്.ടി. ഓഡിറ്റ് വിംഗിന്റെ പ്രവർത്തനം**

155(567) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ടി. വകുപ്പ് പുന:സംഘടനയ്ക്കുശേഷം രൂപീകരിച്ച ഓഡിറ്റ് വിംഗിലെ ഉദ്യോഗസ്ഥരെ ഉൾക്കൊള്ളുന്ന വിധത്തിൽ ഓഫീസ് സംവിധാനങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; ഉദ്യോഗസ്ഥർക്ക് വേണ്ട ക്യാബിൻ, മേശ, കസേര, കമ്പ്യൂട്ടർ, ലാപ് ടോപ്പ്, ഇന്റർനെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമാണോ; ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ ജി.എസ്.ടി. വകുപ്പ് പുനഃക്രമീകരണത്തിന്റെ ഭാഗമായി പുതിയ വിഭാഗങ്ങൾ രൂപീകരിക്കപ്പെട്ടപ്പോൾ ചില ജില്ലകളിൽ കമ്പ്യൂട്ടറുകൾ കൂടുതലായി വരികയും ചില ജില്ലകളിൽ കുറവ് വരികയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറുകൾ കൂടുതലുള്ള ജില്ലകളിൽനിന്നും കുറവുള്ള ജില്ലകളിലേയ്ക്ക്

കമ്പ്യൂട്ടറുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് വഴി കമ്പ്യൂട്ടർ ലഭ്യതക്കുറവ് താത്കാലികമായി പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനത്തിലുള്ള എല്ലാ ഓഡിറ്റ് ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

ചരക്കുസേവന നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിവര വിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2024-25 വർഷത്തേക്ക് ബഡ്ജറ്റിൽ 3 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിംഗിൽ എത്ര ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്; ഉപയോഗയോഗ്യമായ എത്ര കമ്പ്യൂട്ടർ, ലാപ്ടോപ്പ് എന്നിവ നിലവിൽ ഉണ്ട്; എത്ര ചതുരശ്രയടി ഓഫീസ് സ്പേസാണ് ആവശ്യമായത്; നിലവിൽ എത്ര കൈവശം ഉണ്ട്; വ്യക്തമാക്കാമോ?

ഓഡിറ്റ് വിംഗിൽ എല്ലാ വിഭാഗത്തിലുമായി 1311 ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഓഡിറ്റ് ഡിവിഷനുകളിലുമായി 580

ഡെസ്ക്ടോപ്പുകളും 31 ലാപ്ടോപ്പുകളുമാണ് നിലവിൽ ഉപയോഗയോഗ്യമായിട്ടുള്ളത്. ആകെ 1,27,200 ചതുരശ്രയടി ഓഫീസ് സ്പേസ് ആവശ്യമായിട്ടുള്ളതിൽ 1,07,378 ചതുരശ്രയടി സ്ഥലമാണ് കൈവശമുള്ളത്.

(സി) ഓഡിറ്റുമായി ബന്ധപ്പെട്ട് ബിസിനസ് സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് സംസ്ഥാനത്തെ ഓഡിറ്റ് യൂണിറ്റുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ എത്ര ഓഡിറ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഓഡിറ്റ് വിംഗിൽ പ്രവർത്തനക്ഷമമായ എത്രവാഹനങ്ങൾ നിലവിലുണ്ട്; ലഭ്യമാക്കാമോ?

പുനഃസംഘടനയുടെ ഭാഗമായി രൂപീകരിച്ച ഓഡിറ്റ് വിംഗിൽ 66 ഓഡിറ്റ് ഡിവിഷനുകളിലായി 140 ഓഡിറ്റ് ടീമുകളാണ് പ്രവർത്തിക്കുന്നത്. വകുപ്പിലെ ഓഡിറ്റ് വിഭാഗവും ടാക്സ്പെയർ സർവീസസ് വിഭാഗവും ഉപയോഗിക്കുന്ന വാഹനങ്ങൾ, രണ്ടു വിഭാഗങ്ങൾക്കുംകൂടി ഉപയോഗിക്കത്തക്കവിധത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി കുറവ് പരിഹരിക്കാനുള്ള താൽക്കാലിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26-02-

2024-ലെ സ.ഉ.(സാധാ)നം.172/2024/നികുതി പ്രകാരം 20 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. ആയതിൽ 16 വാഹനങ്ങൾ ഇതിനകം ലഭ്യമായിട്ടുണ്ട്. 4 വാഹനങ്ങൾ താമസിയാതെ ലഭ്യമാകുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിലേക്കായി വാഹനങ്ങൾ വാങ്ങുന്നതിന് 3.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിംഗിലെ ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്വന്തം വാഹനം ഉപയോഗിക്കുവാൻ അനുമതി നൽകുമോ; ഇത്തരത്തിൽ ഉദ്യോഗസ്ഥർ സ്വന്തം വാഹനം ഉപയോഗിക്കുമ്പോൾ ആവശ്യമായ ഇന്ധന അലവൻസ് നൽകുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ജി.എസ്.ടി. പുന:സംഘടന**

156(568) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പുന:സംഘടനയ്ക്കുശേഷം എത്ര വ്യാപാരികൾക്ക് പുതിയതായി രജിസ്ട്രേഷൻ നൽകി എന്ന് വ്യക്തമാക്കാമോ?

28,488 വ്യാപാരികൾക്ക് ജി.എസ്.ടി. പുന:സംഘടനയ്ക്കുശേഷം പുതിയതായി രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(ബി) ബിനാമി/വ്യാജ രജിസ്ട്രേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ബിനാമി/വ്യാജ രജിസ്ട്രേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ രേഖകൾ ഉപയോഗിച്ച് രജിസ്ട്രേഷൻ നേടിക്കൊണ്ട് ചരക്കു നീക്കം ഇല്ലാതെ, വ്യാജ ബില്ലുകൾ നൽകി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് നടത്തുന്ന ദേശീയതലത്തിൽ പ്രവർത്തിക്കുന്ന കാർട്ടലുകൾ കേരളത്തിലുമുണ്ട്. ചില വ്യക്തികളുടെ അറിവോടെയും മറ്റ് ചില വ്യക്തികളുടെ ജി.എസ്.ടി. നിയമത്തെ സംബന്ധിക്കുന്ന അറിവില്ലായ്മയും മുതലെടുത്ത് അവരുടെ തിരിച്ചറിയൽ രേഖകൾ കൈക്കലാക്കി അത് ഉപയോഗിച്ച് രജിസ്ട്രേഷൻ എടുത്ത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴിയുള്ള വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്/ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികളിലൂടെ അവർ നടത്തിയിട്ടുള്ള തട്ടിപ്പിന്റെ വ്യാപ്തി കണ്ടെത്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴി വെട്ടിപ്പ്

നടത്തിയ നികുതി തിരിച്ച് പിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യക്തികൾക്കെതിരെ പെനാലിറ്റി ചുമത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നടത്തിയ തട്ടിപ്പിന്റെ നികുതി മൂല്യം 5 കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 69 പ്രകാരം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ, ഏതെങ്കിലും ഒരു ചരക്കിന്റെ വിനിമയം നടത്തുന്നത് ബിനാമി/വ്യാജ രജിസ്ട്രേഷൻ വഴിയാണ് എന്ന് മനസ്സിലാക്കുന്ന സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രസ്തുത സ്ഥാപനത്തിന്റെ മുഖ്യ പ്രവർത്തന സ്ഥലത്ത് അന്വേഷണം നടത്തി ടി സ്ഥാപനം ബിനാമി/വ്യാജ രജിസ്ട്രേഷൻ നേടിയാണ് പ്രവർത്തിക്കുന്നതെന്നും വിവിധ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാജ രേഖകൾ ഉപയോഗിച്ച് ഇത്തരത്തിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി വിവരം ലഭിക്കുന്ന ബിസിനസ്സ് സ്ഥലങ്ങളിൽ രഹസ്യാന്വേഷണം നടത്തി പ്രസ്തുത രജിസ്ട്രേഷൻ ബിനാമി/വ്യാജം ആണെന്നതിനുള്ള തെളിവ് ശേഖരിച്ച് അത്തരം തെളിവുകളുടെ

അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും അത്തരക്കാർ കൈമാറ്റം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ച് പിടിക്കുന്നതിനും ബിനാമി/വ്യാജ രജിസ്ട്രേഷൻ എടുത്ത വ്യക്തികൾക്കെതിരെ പെനാലിറ്റി ചുമത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) വാഹന പരിശോധന ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ചെക്ക് പോയിന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

വാഹന പരിശോധന പല സ്ഥലങ്ങളിൽ നിന്നാണ് നടത്തുന്നത്. വാഹന പരിശോധനയുടെ ഭാഗമായി പുതിയ ചെക്ക് പോയിന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ജി.എസ്.ടി. നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ചെക്ക് പോയിന്റ് സംവിധാനങ്ങൾ സ്ഥിരമായി ഒരുക്കുവാൻ സാധ്യമല്ലെങ്കിലും അന്വേഷണവുമായി ബന്ധപ്പെട്ട സാഹചര്യങ്ങളിൽ ആവശ്യാനുസരണം ഫീൽഡിൽ നിന്നുള്ള നിർദേശങ്ങളുടെയും മറ്റു ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ ചെക്ക് പോയിന്റ് സംവിധാനം ഒരുക്കി വാഹന പരിശോധന നടത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

## ജി.എസ്.ടി. നികുതി വരുമാനം

157(569) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി വകുപ്പിന്റെ പുനഃസംഘടനയ്ക്ക് മുൻപും ശേഷവും നികുതി വരുമാനത്തിലുണ്ടായ മാറ്റം വിശദമാക്കാമോ?

ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയ്ക്ക് മുൻപും ശേഷവും നികുതി വരുമാനത്തിലുണ്ടായ മാറ്റം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇന്റലിജൻസ് വിഭാഗം പുനഃസംഘടനയ്ക്കുശേഷം എത്ര പരിശോധന നടത്തി; എത്ര കോടിയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റലിജൻസ് വിഭാഗം പുന:സംഘടനയ്ക്കുശേഷം 260 പരിശോധനകൾ പൂർത്തിയാക്കിയിട്ടുണ്ട്. അതിലൂടെ 1863.38 കോടിയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി. ഇനത്തിൽ കേന്ദ്രത്തിൽനിന്ന് വിവിധ വിഭാഗങ്ങളിലായി എത്ര രൂപ ലഭിക്കുവാനുണ്ട്; വിശദമാക്കാമോ?

2017-18 ജൂലൈ മുതൽ 2022-23 വരെ സംസ്ഥാനത്തിനു ലഭിച്ച മൊത്തം ജി.എസ്.ടി. കോമ്പൻസേഷൻ തുക 42558.72 കോടി രൂപയാണ്. ജി.എസ്.ടി. നടപ്പാക്കിയതു മുതൽ സംസ്ഥാനത്തിന് ലഭിച്ച ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക് നികുതി വരുമാനത്തിന്റെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഉൽപന്നങ്ങൾ ജി.എസ്.ടി. പരിധിയിലാക്കുന്ന നടപടി**

158(570) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പായ്ക്കുചെയ്തു വിൽക്കുന്നതുൾപ്പെടെയുള്ള എല്ലാ ഉൽപന്നങ്ങളെയും ക്രമേണ ജി.എസ്.ടി. പരിധിയിലാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) പ്രസ്തുത കേന്ദ്രസർക്കാർ നയങ്ങളിൽ മാറ്റം വരുത്തുവാനും ഒപ്പം വിലക്കയറ്റം തടയുവാനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) "യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ"ക്ക് നേരത്തെ ബാധകമായിരുന്ന 5 ശതമാനം ജി.എസ്.ടി. "മുൻകൂറായി പായ്ക്ക് ചെയ്തു ലേബൽ ചെയ്തിട്ടുള്ള നിർദിഷ്ട സാധനങ്ങൾ" എന്നതാക്കി മാറ്റുവാൻ നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനമെടുത്തു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ

ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തത്. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും മുൻകാലത്തെ പോലെ തന്നെ നികുതിരഹിതമായി തുടരുകയാണ്.

സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പാക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പാക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോളും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത് ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ചു ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ

നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. ഈ നിയമത്തിലെ സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഇവർ ഉപഭോക്താക്കളിൽനിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ്

വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ അറിയിച്ചിട്ടുണ്ടായിരുന്നു. കേന്ദ്രത്തിന് അപ്രമാദിത്യമുള്ള ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണ് പ്രധാനമായും സംസ്ഥാനം ശ്രമിച്ചുവരുന്നത്.

**ഇ-വേ ബിൽ**

159(571)<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിസിനസ് ആവശ്യങ്ങൾക്കുള്ള ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ എടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പരിധി എത്ര രൂപയാണെന്ന് അറിയിക്കാമോ;

അൻപതാമത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ അനുസരിച്ച് എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പാക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന് ചട്ടം 138F ഉൾപ്പെടുത്തിക്കൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4-ലെ നോട്ടിഫിക്കേഷൻ നം. 38/2023 - സെൻട്രൽ ടാക്സ് പ്രകാരം സി. ജി.എസ്.ടി. റൂളിലും 30-09-2023 ലെ എസ്.ആർ. 1062/2023 പ്രകാരം എസ്.ജി.എസ്.ടി. റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ട് ലക്ഷമോ അല്ലെങ്കിൽ രണ്ട് ലക്ഷത്തിനു മുകളിൽ അതാതു സംസ്ഥാനങ്ങളിലെ, സെൻട്രലിന്റേയും സ്റ്റേറ്റിന്റേയും നികുതി ഡിപ്പാർട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മുകളിൽ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി.എസ്.ടി. ചട്ടം 138 എഫ് പ്രകാരം ഇ-വേ ബിൽ ബാധകമാകുന്ന രണ്ട് ലക്ഷത്തിനു മുകളിലുള്ള കുറഞ്ഞ

പരിധി എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതു വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സംസ്ഥാനത്ത് ടി കാര്യത്തിൽ ഇ-വേ ബിൽ ബാധകമാകുന്നതാണ്.

(ബി) ഇ-വേ ബിൽ വേണമെന്ന ആവശ്യം കേരളം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നോ; കേരളത്തിന്റെ കൂടി ആവശ്യ പ്രകാരം ജി.എസ്.ടി. കൗൺസിൽ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതിയുടെ തലവൻ ആരായിരുന്നുവെന്ന് അറിയിക്കുമോ?

നികുതി വെട്ടിപ്പ് സാധ്യത മുൻനിർത്തി സ്വർണ്ണത്തിന്റെ ചരക്കു നീക്കത്തിന് ഇ-വേ ബിൽ ബാധകമാക്കണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യം ഉന്നയിച്ചിരുന്നു. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രിയായിരുന്നു മന്ത്രിതല സമിതിയുടെ തലവൻ.

(സി) ആ സമിതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തിനകത്തുള്ള ബിസിനസ് ആവശ്യത്തിന് 2 ലക്ഷം രൂപ വരുന്ന സ്വർണ്ണ ഇടപാടുകൾക്ക്

ഇ-വേ ബിൽ നിഷ്കർഷിച്ച് വിജ്ഞാപനം ഇറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം ജി.എസ്.ടി. കൗൺസിൽ അതിന്റെ അൻപതാമത് യോഗത്തിൽ ശിപാർശ ചെയ്യുകയും അതനുസരിച്ച് കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4-ലെ നോട്ടിഫിക്കേഷൻ നം. 38/2023 - സെൻട്രൽ ടാക്സ് പ്രകാരം ജി.എസ്.ടി. ചട്ടം 138 എഫ് രൂപീകരിക്കുകയും ചെയ്തു. അതിനനുസൃതമായ ചട്ട ഭേദഗതി സംസ്ഥാന ചരക്ക സേവന നികുതി ചട്ടങ്ങളിലും 30-09-2023-ലെ എസ്. ആർ. 1062/2023 പ്രകാരം വരുത്തിയിട്ടുണ്ട്.

ഈ ഭേദഗതി അനുസരിച്ച് എച്ച്.എസ്.എൻ. ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ട് ലക്ഷമോ രണ്ട് ലക്ഷത്തിന് മുകളിൽ അതത് സംസ്ഥാനങ്ങളിലെ സി.ജി.എസ്.ടി., എസ്.ജി.എസ്.ടി., വകുപ്പുകൾ

സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബിൽ ബാധകമാകുന്നതാണ്. സംസ്ഥാനത്ത് ജി.എസ്.ടി. ചട്ടം 138 എഫ് പ്രകാരം ഇ-വേ ബിൽ ബാധകമായ തുകയുടെ രണ്ട് ലക്ഷത്തിനു മുകളിലുള്ള കുറഞ്ഞ പരിധി എത്രയെന്നത് തീരുമാനിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

**പ്രത്യക്ഷ നികുതി വെട്ടിച്ച കമ്പനിക്കെതിരെ നടപടി**

160(572) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകംടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ്, ഇല്ലാത്ത ചെലവുകൾ പെരുപ്പിച്ചും ലാഭം കുറച്ച് കാട്ടിയും പ്രത്യക്ഷ നികുതി വെട്ടിച്ചതുമായി ബന്ധപ്പെട്ട് എറണാകുളത്തുള്ള സി.എം.ആർ.എൽ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സി.എം.ആർ.എൽ. കമ്പനി സ്വീകരിക്കാത്ത സേവനത്തിന് ജി.എസ്.ടി. ഇൻപുട്ട് ടാക്സ് എടുത്തത് തിരിച്ച് പിടിക്കുവാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ജി.എസ്.ടി.

കമ്മീഷണർക്ക് പരാതി ലഭിച്ചിരുന്നോ; ലഭിച്ചിരുന്നു എങ്കിൽ പരാതിയുടെ ഉള്ളടക്കം വിശദമാക്കാമോ; ആ പരാതിയിൽ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

(എ&ബി) മേൽ ചോദിച്ച വിവരങ്ങൾ സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് ആക്ടിന്റെ സെക്ഷൻ 158-ന്റെ പ്രൊവിഷൻ അനുസരിച്ച് വെളിപ്പെടുത്തുന്നതിൽ പരിമിതിയുണ്ട്.

**ജി.എസ്.ടി. വകുപ്പിലെ പൊതു സ്ഥലംമാറ്റം**

161(573) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ 2024-ൽ പൊതു സ്ഥലംമാറ്റം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പൊതു സ്ഥലംമാറ്റത്തിന് 2017-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുമോ; ജി.എസ്.ടി. വകുപ്പിൽ ഓൺലൈൻ സ്ഥലം മാറ്റത്തിനുള്ള ക്രമീകരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ 02-08-2022-ലെ സ.ഉ.(കൈ)നം.55/2022/നികുതി പ്രകാരം പുനഃസംഘടിപ്പിച്ചതിനെത്തുടർന്ന് വകുപ്പിലെ മുഴുവൻ ജീവനക്കാരെയും 2023 ജനുവരി മാസത്തിൽ പുതിയ ഓഫീസുകളിലേക്ക് പുനർവിന്യസിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2023-ലെ പൊതു സ്ഥലംമാറ്റം നടത്താൻ കഴിഞ്ഞിരുന്നില്ല. വകുപ്പിലെ 2024-ലെ പൊതു സ്ഥലംമാറ്റം, SPARK-ന്റെ സഹായത്തോടുകൂടി 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ.-ന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര ഫൈനാൻസ് ആക്ട് 2023 പ്രകാരവും കേന്ദ്ര പ്രത്യക്ഷ നികുതി വകുപ്പിന്റെ 21/2023 വിജ്ഞാപന പ്രകാരവും സംസ്ഥാനത്തെ 2023-24 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ ചെലവ് പണപ്പെരുപ്പ് സൂചിക 348 ആണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2016-17-ൽ ചെലവ് പണപ്പെരുപ്പ് സൂചിക 264 ആയിരുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ആറ്

വർഷംകൊണ്ട് ചെലവ് പണപ്പെരുപ്പ് സൂചികയിൽ 84 പോയിന്റ് വർധിച്ചത് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി&സി) വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

**നികുതി കുടിശ്ശിക വരുത്തിയ സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും**

162(574) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എ.റ്റി./കെ.ജി.എസ്.ടി. തുടങ്ങിയ കാലഹരണപ്പെട്ട നിയമത്തിലും നിലവിലെ ജി.എസ്.ടി. നിയമത്തിലും നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ വകുപ്പുകളും/പൊതുമേഖല സ്ഥാപനങ്ങളും ഏതെല്ലാമാണ്; നികുതി കുടിശ്ശികയുടെ ഇനവും തുകയും കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷവും ലഭ്യമാക്കാമോ; ഈ തുക ഈടാക്കുന്നതിൽ എന്തെങ്കിലും സ്റ്റേ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വി.എ.റ്റി./കെ.ജി.എസ്.ടി. തുടങ്ങിയ കാലഹരണപ്പെട്ട നിയമത്തിലും നിലവിലെ ജി.എസ്.ടി നിയമത്തിലും നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വിവിധ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ, കുടിശ്ശിക തുക, കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷം, സ്റ്റേ എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) റിക്കവറി നടത്തുന്നതിന് തടസ്സമില്ലാത്ത കേസുകളിൽ തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റിക്കവറി നടത്തുന്നതിന് തടസ്സമില്ലാത്ത കേസുകളിൽ തുക ഈടാക്കുവാനായി എല്ലാ ജില്ലയിലും പ്രത്യേക അരിയർ റിക്കവറി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അരിയർ നോട്ടീസ് അയയ്ക്കുക, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുക, ജി.എസ്.ടി.-യുടെ കുടിശ്ശിക ആണെങ്കിൽ ലെഡ്ജറിൽ ബാലൻസുള്ള പക്ഷം സെറ്റ് ഓഫ് ചെയ്യുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റവന്യൂ റിക്കവറി വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിന് ശിപാർശ ചെയ്യുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടയിൽ ലിമിറ്റഡ് എന്ന കമ്പനി നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ കമ്പനിയുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ നിലവിൽ സ്റ്റേ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സ്റ്റേ ഇല്ലായെങ്കിൽ കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

കൊച്ചിൻ മിനറൽസ് & റൂട്ടയിൽ ലിമിറ്റഡ് കമ്പനി TIN-32150215462 എന്ന രജിസ്റ്റർ നമ്പരിൽ KVAT നിയമ പ്രകാരം, ആലുവ കൊമേഴ്സ്യൽ ടാക്സ് ഓഫീസിന്റെ അധികാര പരിധിയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ്. 01-07-2017 മുതൽ പ്രസ്തുത സ്ഥാപനം ജി.എസ്.ടി. നിയമ പ്രകാരം സെൻട്രൽ ജി.എസ്.ടി. ആലുവ ഡിവിഷൻ, ആലുവ റേഞ്ച് (GSTIN-32AABCC1950D1ZD)-ന്റെ അധികാര പരിധിയിലാണ്. ആലുവ ടാക്സ് പെയർ സർവീസ് ജോയിന്റ് കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം KVAT നിയമത്തിന്റെ പരിധിയിൽ പ്രസ്തുത കമ്പനിക്ക് നിലവിൽ നികുതി കുടിശ്ശിക ഉള്ളതായി കാണപ്പെടുന്നില്ല.

**ഹൈറിച്ച് ഓൺലൈൻ ഷോപ്പിക്കെതിരെ സ്വീകരിച്ച നടപടി**

163(576) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറിച്ച് ഓൺലൈൻ ഷോപ്പിക്കെതിരെ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇവർ നടത്തിയ നികുതി വെട്ടിപ്പ് ഏത് തരത്തിലുള്ളതാണെന്നും ഏതൊക്കെ വർഷങ്ങളിലായി എത്ര രൂപയുടെ ടേണോവർ കണക്കിൽപ്പെടാതെ പോയെന്നും ഇതിൽ ഉൾപ്പെട്ട ഐ.ജി.എസ്.ടി./സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. എത്ര രൂപയാണെന്നും ഇതിൽ എത്ര രൂപ ഈടാക്കിയെന്നും വ്യക്തമാക്കുമോ; ഏത് വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചതെന്നും തുക ഈടാക്കിയത് ഏത് വകുപ്പ് പ്രകാരമാണെന്നും അറിയിക്കുമോ;

(ബി) ഇതിൽ നികുതി/പിഴ/പലിശ എത്രയാണെന്നും ഈ നികുതി വെട്ടിപ്പിൽ പ്രതികളായ കമ്പനിയുടേയോ കമ്പനിയുടമകളുടേയോ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിരുന്നോയെന്നും കമ്പനിയുടെ രണ്ട്

ഡയറക്ടർമാരേയും അറസ്റ്റ് ചെയ്യുവാൻ നികുതി വകുപ്പ് കമ്മീഷണർ അനുമതി നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ;

(സി) അന്വേഷണ ഉദ്യോഗസ്ഥൻ ഒരു ഉടമയെ അറസ്റ്റിൽ നിന്ന് ഒഴിവാക്കിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പ്രത്യേക കാരണമുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ജി.എസ്.ടി. വെട്ടിപ്പ് സംബന്ധിച്ച മതിയായ രേഖകളൊന്നും അന്വേഷണ ഉദ്യോഗസ്ഥൻ ഹാജരാക്കാത്തതിനാൽ പ്രതിക്ക് സെഷൻസ് കോടതി ഏഴ് ദിവസത്തിനകം ജാമ്യം കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജാമ്യ വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിരുന്നോയെന്നും പ്രസ്തുത കമ്പനിയിൽനിന്നും കേരളീയത്തിനോ നവ കേരള സദസ്സിന്റെ നടത്തിപ്പിനോ സ്പോൺസർഷിപ്പ് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ-ഡി) പ്രസ്തുത വിവരം വെളിപ്പെടുത്തുന്നതിന് എസ്.ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 158 പ്രകാരം പരിമിതിയുണ്ട്. കേരളീയം സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

**ട്രഷറി നിയന്ത്രണം**

164(577) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിന് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേമെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 2022, 2023 വർഷങ്ങളിൽ ട്രഷറികളിൽനിന്ന് മാറിയ ബില്ലുകൾ എത്രയാണെന്ന് ട്രഷറി, തുക, മാസം ഇവ തിരിച്ച് വിശദമാക്കാമോ;

(സി) ഇവയിൽ ഏറ്റവും കൂടിയതും കുറഞ്ഞതുമായ തുകകളുടെ ബില്ലുകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

(ബി&സി) 2022, 2023 വർഷങ്ങളിൽ ജനുവരി മാസം മുതൽ ഡിസംബർ മാസം വരെ ട്രഷറികളിൽനിന്നും മാറിയ ബില്ലുകളുടെ ട്രഷറി, തുക, മാസം തിരിച്ചുള്ള കണക്ക് വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പൊതുമരാമത്ത് കരാറുകാർക്ക് എത്ര ബില്ലുകൾ മാറിക്കിട്ടാനുണ്ടെന്ന് ജില്ലാ ട്രഷറി, തുക എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ വിവിധ ട്രഷറികളിലായി ആകെ 2027 ബില്ലുകളിലും/ചെക്കുകളിലുമായി 73,37,59,093/- രൂപ പൊതുരാമത്ത് കരാറുകാർക്ക് നൽകാനുണ്ട്. മേൽ തുകയുടെ ജില്ലാ ട്രഷറി, തുക എന്നിവ തിരിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഈ കുടിശ്ശികയ്ക്ക് കാരണമെന്താണെന്നും ഇത് എന്നത്തേയ്ക്കു പരിഹരിക്കുമെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കമാണ് കുടിശ്ശികകൾക്ക് കാരണമായിട്ടുള്ളത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ വിഷയം പരിഹരിക്കപ്പെടുന്നതാണ്.

**ട്രഷറി നിയന്ത്രണം**

165(578) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്നും അപ്രകാരം

നിയന്ത്രണം ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്താണെന്നും വിശദമാക്കാമോ;

(ബി) എത്ര ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ മാറുന്നതിനാണ് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിന് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേമെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സർക്കാരിന്റെ അഴിമതിയും ധൂർത്തുമാണ് സാമ്പത്തിക പ്രതിസന്ധിയിലേക്കും ട്രഷറി നിയന്ത്രണത്തിലേക്കും തള്ളിവിട്ടത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹികക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**തൃക്കരിപ്പൂർ പഞ്ചായത്തിലെ വൺമാൻ ട്രഷറി**

166(579) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിൽ നേരത്തെയുണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തിവച്ച് സബ് ട്രഷറി ആരംഭിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും സബ് ട്രഷറി നാളിതുവരെ

അനുവദിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്നാണുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സബ് ട്രഷറി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും പഞ്ചായത്ത് സൗജന്യമായി നൽകാൻ തയ്യാറായിട്ടുള്ള സാഹചര്യത്തിൽ ട്രഷറി അനുവദിക്കുന്നത് എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള 10 വൺമാൻ ട്രഷറികൾ നിർത്തലാക്കിയത് പ്രസ്തുത വൺമാൻ ട്രഷറികളെ സബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നില്ല. 24-08-2011-ലെ സ.ഉ.(സാധാ) നം.6538/2011/ധന പ്രകാരം സംസ്ഥാനത്തെ മുഴുവൻ വൺമാൻ ട്രഷറികളും നിർത്തലാക്കിയിട്ടുണ്ട്. തൃക്കരിപ്പൂർ സബ് ട്രഷറി നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി ഈ വിഷയം പരിശോധിക്കുന്നതാണ്.

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

167(580) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മുണ്ടക്കയം സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PMC-യായി M/s HLL Life Care Limited-നെ നിശ്ചയിച്ചിട്ടുണ്ട്. ഇവർ തയ്യാറാക്കി സമർപ്പിച്ച പ്ലാനും ഡി.പി.ആർ.-ഉം സർക്കാർ പരിശോധിച്ചു വരുന്നു. ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതാണ്.

## ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം

168(581) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നാട്ടുകാരുടെ സഹകരണത്തോടെ സ്ഥലം വാങ്ങി വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ?

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങളിൽനിന്നും ധനസമാഹരണം നടത്തി 2.02 ares (5 സെന്റ്) സ്ഥലം വാങ്ങി ട്രഷറി വകുപ്പിന്റെ പേരിൽ 2018-ൽ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) കെട്ടിടം നിർമ്മിക്കുന്നതിന് PMC-യായി M/s HLL Life Care Limited-നെ നിശ്ചയിച്ചിട്ടുണ്ട്. ഇവർ തയ്യാറാക്കി സമർപ്പിച്ച പ്ലാനും ഡി.പി.ആർ.-ഉം സർക്കാർ പരിശോധിച്ചുവരുന്നു. ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പുതിയ ട്രഷറികളുടെ കെട്ടിട നിർമ്മാണ പുരോഗതി**

169(582) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്കും ഷൊർണ്ണൂർ സബ്ട്രഷറിക്കുമാണ് സ്വന്തമായി കെട്ടിടമില്ലാത്തത്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ പുതുതായി നിർമ്മിക്കുന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത

കെട്ടിടങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കായി നടന്നുവരികയാണ്. നിലവിൽ കെട്ടിടത്തിന്റെ ഒന്ന്, രണ്ട് നിലകളുടെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. പാർട്ടീഷൻ ജോലികൾ പുരോഗമിക്കുന്നു. സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദേശം ട്രഷറി വകുപ്പ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഷൊർണ്ണൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ ട്രഷറി നിയന്ത്രണം**

170(583) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ മാറുന്നതിനാണ് നിലവിൽ നിയന്ത്രണമുള്ളത്; വിശദമാക്കാമോ?

ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലെ ട്രഷറി നിയന്ത്രണങ്ങളിൽ സ്വാഭാവികമായും ഇളവുകളുണ്ടാകും.

(ബി) സംസ്ഥാനത്തെ വിവിധ ട്രഷറികളിലായി നിലവിൽ എത്ര രൂപയുടെ ബില്ലുകൾ മാറി നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ ട്രഷറികളിലായി നിലവിൽ 591,59,33,339/- രൂപയുടെ ബില്ലുകൾ മാറി നൽകുവാനുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സമ്പദ് വ്യവസ്ഥ എത്ര തവണ ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്; വിശദാംശം നൽകാമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 മുതൽ 2022-23 സാമ്പത്തിക വർഷാവസാനംവരെ സംസ്ഥാന ട്രഷറി 15 ദിവസം ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്.

**സ്ഥിരം അംഗപരിമിതിയുള്ളവരുടെ കുടുംബ പെൻഷൻ**

171(584) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബ പെൻഷൻ വാങ്ങുന്ന, സ്ഥിരം അംഗപരിമിതിയുള്ളവർ ഓരോ വർഷവും മെഡിക്കൽ ബോർഡിന്റെ അംഗപരിമിതി സർട്ടിഫിക്കറ്റ് ട്രഷറിയിൽ ഹാജരാക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

09-10-2003-ലെ ജി.ഒ.(പി.)നം.526/2003/ഫിൻ എന്ന ഉത്തരവിൽ സർക്കാർ ജീവനക്കാരുടെ/പെൻഷൻകാരുടെ അംഗവൈകല്യമുള്ള ആൺമക്കൾക്ക്/പെൺമക്കൾക്ക് കുടുംബ പെൻഷൻ ലഭിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് പ്രതിപാദിച്ചിട്ടുണ്ട്. കെ.എസ്.ആർ. ഭാഗം 3 ചട്ടം 90(7)-ൽ ജി.ഒ.(പി.)നം.226/2012 ഫിൻ പ്രകാരം വരുത്തിയ ഭേദഗതിയാണ് നിലവിലുള്ളത്. അതുപ്രകാരം,

ഭിന്നശേഷിക്കാർക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനായി അവർ ജീവനക്കാരനെ/പെൻഷണറെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നതെന്നും പ്രസ്തുത വൈകല്യം നിമിത്തം ജോലി ചെയ്ത് ജീവിക്കുവാൻ കഴിയില്ലെന്നും മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്യേണ്ടതുണ്ട്. കൂടാതെ 3 വർഷത്തിലൊരിക്കൽ പ്രസ്തുത വൈകല്യം തുടരുന്നു എന്ന സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട്.

(ബി) മെഡിക്കൽ ബോർഡ് നൽകുന്ന പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന് ആജീവനാന്തം സാധുത ഉള്ളതിനാൽ, സ്ഥിരം അംഗപരിമിതിയുള്ളവർക്ക് ഓരോ വർഷവും പുതിയ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മെഡിക്കൽ ബോർഡ് നൽകുന്ന പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന് ആജീവനാന്തം സാധുതയുള്ളതിനാൽ, സ്ഥിരം അംഗപരിമിതിയുള്ളവർക്ക് നിശ്ചിത കാലയളവിൽ പുതിയ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുവാൻ കഴിയുമോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ട്രഷറികളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കാൻ നടപടി**

172(585) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടത്തുന്ന പണമിടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ട്രഷറികളിൽ എ.ടി.എം. മെഷീനുകൾ സ്ഥാപിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. മെഷീനുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല. എന്നാൽ വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പാക്കാൻ സാധിച്ചിട്ടില്ല.

**കാരുണ്യ ലോട്ടറി**

173(586) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാരുണ്യ ലോട്ടറി പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ലോട്ടറി പദ്ധതി വിപുലപ്പെടുത്തിയിട്ടില്ല. 15-02-2021-ലാണ് കാരുണ്യ ലോട്ടറിയുടെ സമ്മാന ഘടന അവസാനമായി പുനഃക്രമീകരിച്ചത്; കാരുണ്യ ലോട്ടറിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

(ബി) കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം പൂർണ്ണമായും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്കായി വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എല്ലാ ഭാഗ്യക്കുറിയുടെയും വിൽപ്പനയിൽ നിന്നുള്ള വിറ്റുവരവ് സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിന് ആവശ്യമായ തുക സർക്കാർ അനുവദിക്കുന്നുണ്ട്.

(സി) ലോട്ടറിയിലൂടെ പ്രതിവർഷം ശരാശരി എന്തു തുക ലാഭം ലക്ഷ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അതനുസരിച്ച് ലോട്ടറിയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ലോട്ടറിയിൽനിന്നും പ്രതിവർഷ ശരാശരി ലാഭം ലക്ഷ്യമാക്കിയിട്ടില്ല. എന്നാൽ, ഓരോ സാമ്പത്തിക വർഷവും കൈവരിക്കേണ്ട റവന്യൂ വരുമാനം സർക്കാർ നിശ്ചയിക്കാറുണ്ട്. അത് കൈവരിക്കുന്നതിനായി അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാറുണ്ട്.

(ഡി) ലാഭത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലകൾക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ?

ഇല്ല; ലോട്ടറിയുടെ വിറ്റുവരവ് സർക്കാർ ഖജനാവിലേയ്ക്ക് നേരിട്ട് ഒടുക്കുകയാണ് വകുപ്പ് ചെയ്യുന്നത്.

**ഭാഗ്യക്കുറി വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകൾ**

174(587) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 21-10-2021-ലെ 155/2021/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലും ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം പൊതുസ്ഥലംമാറ്റം നടത്തണമെന്ന ഉത്തരവ് ഭാഗ്യക്കുറി വകുപ്പിന് ലഭ്യമായിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഓൺലൈൻ സംവിധാനത്തിലൂടെ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് നടപ്പിലാക്കിയിട്ടില്ലെന്നും എന്നുമുതൽ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവ് നൽകി രണ്ടു വർഷം കഴിഞ്ഞിട്ടും ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

(ബി&സി) ഇല്ല. ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സ്പാർക്ക് മുഖാന്തരം ഓൺലൈനാക്കി നടപ്പാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സ്പാർക്കിലെ സർവ്വീസ് ഹിസ്റ്ററിസും മറ്റ് വിവരങ്ങളും സേവന പുസ്തകവുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സ്പാർക്ക് സോഫ്റ്റ്‌വെയറിൽ

പ്രസ്തുത മൊഡ്യൂൾ ഉൾപ്പെടുത്തുന്നതിന് സ്പാർക്ക് ചീഫ് പ്രോജക്ട് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്പാർക്ക് സോഫ്റ്റ്‌വെയറിൽ 'sanctioned post' എന്ന മൊഡ്യൂൾ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ വ്യക്തി വിവരങ്ങൾ, കേഡർ സ്ട്രെങ്ത് എന്നിവ പൂർണ്ണമായി സ്പാർക്കിൽ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ സ്ഥലംമാറ്റം പൂർണ്ണമായും വകുപ്പിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ഡി) ഭാഗ്യക്കുറി വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര കേസുകളുണ്ടായിട്ടുണ്ട്; ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കാത്തതുമൂലമാണോ ഇത്തരം കേസുകൾ ഉണ്ടാകുന്നതെന്ന് പരിശോധിക്കുമോ?

ഒരു കേസ് ഉണ്ടായിട്ടുണ്ട്. ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കാത്തതും ടി കേസും തമ്മിൽ ബന്ധമില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ.-യിൽ നിന്നെടുത്ത വായ്പാ തിരിച്ചടവ്**

175(588) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽനിന്നും വായ്പയെടുത്ത വ്യക്തി മരണപ്പെട്ടാൽ വായ്പ തിരികെ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കുടുംബത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വായ്പയെടുത്ത വ്യക്തി മരണപ്പെട്ടാൽ വായ്പ തിരികെ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ നിലവിലില്ല.

(ബി) ഇപ്രകാരം വായ്പയെടുത്ത വ്യക്തി മരണപ്പെട്ടാൽ വായ്പാ ബാധ്യതയിൽ എത്രയാണ് കെ.എസ്.എഫ്.ഇ. വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വായ്പയെടുത്ത വ്യക്തി മരണപ്പെട്ടാൽ വായ്പാ ബാധ്യത ഒഴിവാക്കുന്ന പദ്ധതികൾ നിലവിലില്ല.

**കെ.എസ്.എഫ്.ഇ. പവർ ആപ്ലിക്കേഷൻ**

176(589) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച 'കെ.എസ്.എഫ്.ഇ. പവർ' എന്ന ആപ്ലിക്കേഷൻ പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ. പവർ ആപ്ലിക്കേഷൻ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി, ചിട്ടി അടയ്ക്കുന്നതിനും അതിന്റെ വിശദാംശങ്ങൾ അറിയുന്നതിനും ചിട്ടി ലേലത്തിന് പ്രോക്സി നൽകുന്നതിനുമുള്ള സംവിധാനത്തിനുപുറമെ, വായ്പകളെല്ലാംതന്നെ ഒടുക്കുന്നതിനും അതിന്റെ വിശദാംശങ്ങൾ അറിയുന്നതിനുമുള്ള സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആപ്ലിക്കേഷൻ മുഖേന കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനായി പുതിയ ചിട്ടിയുടെ ആദ്യ തവണ പണമടയ്ക്കുന്നതിനും 24 മണിക്കൂറും ഉപഭോക്താവിന്

പണമെടുക്കാവുന്ന രീതിയിൽ ഗോൾഡ് ഓവർഡ്രാഫ്റ്റ് സൗകര്യങ്ങളും ഉടൻതന്നെ ടി ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. കൂടാതെ മൊബൈൽ ആപ്ലിക്കേഷനിലുള്ള എല്ലാ സൗകര്യങ്ങളും നൽകുന്ന വെബ് പോർട്ടൽ സംവിധാനവും തയ്യാറായിവരുന്നു.

**കെ.എസ്.എഫ്.ഇ.-യിലെ ബിസിനസ്സ് ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള ശാസ്ത്രീയ മാനദണ്ഡങ്ങൾ**

177(590) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ബിസിനസ്സ് ലക്ഷ്യം പൂർത്തിയാക്കുന്നതിലേയ്ക്കായി ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ് തലത്തിലെ ഉദ്യോഗസ്ഥരിൽനിന്നും ബ്രാഞ്ചുകളിൽ ജോലി ചെയ്യുന്ന മാനേജർമാരുടെയും മറ്റ് ജീവനക്കാരുടെയും മേൽ അനാവശ്യമായ പീഡനങ്ങളും ഭീഷണികളും ഉണ്ടാകുന്നതിന്റെ ഫലമായി പ്രസ്തുത ജീവനക്കാരുടെ ഇടയിൽ ആത്മഹത്യകൾ പെരുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ വാർഷിക ബിസിനസ് ലക്ഷ്യം പൂർത്തിയാക്കുന്നതിലേയ്ക്കായി ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ് തലത്തിൽനിന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്നതും വാർഷിക ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ വീഴ്ച വന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷക്കാലയളവിൽ ഏതെല്ലാം ഉദ്യോഗസ്ഥർ ഏതൊക്കെ തരത്തിലുള്ള ശിക്ഷാനടപടികൾക്ക് വിധേയമായി എന്നതും വിശദമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച ബ്രാഞ്ചുകളിലെ ബിസിനസിന്റെ ചുമതലകൾ പ്രസ്തുത കാലയളവിൽ വഹിച്ചിരുന്ന ഹെഡ്, റീജിയണൽ ഓഫീസുകളിലെ ഉദ്യോഗസ്ഥരിൽ ആരെയൊക്കെ വീഴ്ചയുടെ ഭാഗമായി ശിക്ഷാനടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട് എന്നതും ശിക്ഷാനടപടി സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ട് എന്നതും വിശദമാക്കാമോ?

(ബി&സി) പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും പരസ്യ പ്രചാരണങ്ങൾ നടത്തുക, ചിട്ടിയിൽ ചേരുന്ന വരിക്കാർക്ക് പ്രത്യേക സമ്മാന പദ്ധതികൾ നടപ്പാക്കുക,

കെ.എസ്.എഫ്.ഇ.-യുടെ തന്നെ നാലായിരത്തോളം വരുന്ന ഏജന്റുമാരുടെ വിപുലമായ ശൃംഖല ഉപയോഗിച്ചുകൊണ്ട് ചിട്ടി ബിസിനസ്സ് ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ശാഖകളെ സഹായിക്കുക എന്നീ പ്രവർത്തനങ്ങളാണ് കെ.എസ്.എഫ്.ഇ. ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ തലങ്ങളിൽ നടത്തിവരുന്നത്. സാധാരണയായി റീജിയണുകളും സ്ഥാപനം ഒട്ടാകെയും ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിക്കുകയാണ് പതിവ്. അതിനാൽ ശിക്ഷാ നടപടികൾ ആവശ്യമായി വരാറില്ല.

(ഡി) കെ.എസ്.എഫ്.ഇ.-യിൽ പ്രവർത്തിക്കുന്ന പ്രോപ്പർട്ടി വാല്യുവർമാരുമായും പാനൽ അഡ്വക്കേറ്റുമാരുമായും ഏതൊക്കെ തരത്തിലുള്ള കരാറുകൾ നിലവിലുണ്ട് എന്നതും വസ്തുവില നിർണ്ണയത്തിലോ വസ്തു സ്വീകരിക്കുന്നതിലെ നിയമോപദേശത്തിലെയോ വീഴ്ചകൾമൂലമോ കെ.എസ്.എഫ്.ഇ.-യിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ പ്രോപ്പർട്ടി വാല്യുവർമാരിൽനിന്നും പാനൽ അഡ്വക്കേറ്റുമാരിൽനിന്നും ഈടാക്കുന്ന തരത്തിലുള്ള കരാറുകൾ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ വരുന്ന

സാമ്പത്തിക വർഷം മുതൽ അത്തരത്തിലുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുമോ എന്നതും വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ.-യിൽ പ്രവർത്തിക്കുന്ന പ്രോപ്പർട്ടി വാല്യുവർമാരുമായും പാനൽ അഡ്വക്കേറ്റുമാരുമായും കരാറുകൾ ഒന്നുംതന്നെ നിലവിലില്ല. നിയമപരമായി യോഗ്യതകളുള്ള പ്രോപ്പർട്ടി വാല്യുവർമാരുടെയും പാനൽ അഡ്വക്കേറ്റുമാരുടെയും സേവനമാണ് കെ.എസ്.എഫ്.ഇ. നിലവിൽ ഉപയോഗിക്കുന്നത്. അവർ തരുന്ന റിപ്പോർട്ടുകളിലെ വീഴ്ചകളിന്മേലുള്ള നഷ്ടം അവരിൽനിന്നും ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. പൊതുവെ ഗൗരവമുള്ള വീഴ്ചകളുണ്ടായതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ വരുന്ന സാമ്പത്തിക വർഷത്തിൽ പ്രോപ്പർട്ടി വാല്യുവർമാരും പാനൽ അഡ്വക്കേറ്റുമാരും തരുന്ന റിപ്പോർട്ടുകളിലെ വീഴ്ചകളിന്മേലുള്ള നഷ്ടം അവരിൽനിന്നും ഈടാക്കുന്ന വ്യവസ്ഥ പ്രാബല്യത്തിൽ വരുത്തി കരാറിൽ ഏർപ്പെടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സ്ഥിരമായി മോശമായ ബിസിനസ് പ്രവർത്തനങ്ങൾ നടത്തുന്ന ബ്രാഞ്ചുകളെ പ്രത്യേകമായി തരംതിരിച്ച് ആ ബ്രാഞ്ചുകളിലെ പ്രശ്നങ്ങൾ പഠിച്ച് അവ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ നടപ്പിലാക്കുന്ന തരത്തിലുള്ള നടപടികൾ വരുന്ന വർഷങ്ങളിൽ സ്വീകരിക്കാമോയെന്ന് വിശദമാക്കാമോ?

പല കാരണങ്ങളാൽ ശാഖകളുടെ പ്രവർത്തനം പ്രതീക്ഷിക്കുന്ന തരത്തിൽ ലക്ഷ്യം കാണാതെ വരുന്ന സാഹചര്യത്തിൽ അവയെക്കുറിച്ച് വിശദമായി പഠിച്ച് ആവശ്യമെങ്കിൽ തൊട്ടടുത്തുള്ള ശാഖകളുമായി ലയിപ്പിക്കുന്നതിന്റെ സാധ്യതകൾ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

(എഫ്) ബ്രാഞ്ചുകളിലെ ബിസിനസ്സ് ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള ശാസ്ത്രീയ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കാമോ; വരുന്ന സാമ്പത്തിക വർഷം മുതൽ കെ.എസ്.എഫ്.ഇ.-യിൽ ജാമ്യം വയ്ക്കുന്ന വസ്തുവിന്റെ വില നിർണ്ണയത്തിന് ശാസ്ത്രീയവും ആധികാരികവുമായ വ്യവസ്ഥകളും ക്രമീകരണങ്ങളും നടപ്പിലാക്കുമോ എന്നത് വ്യക്തമാക്കാമോ?

ശാഖ തുടങ്ങിയ കാലയളവ്, ശാഖയുടെ ബിസിനസ്സ് സംബന്ധമായ സ്ഥിതിവിവര കണക്കുകൾ എന്നിങ്ങനെ വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് ശാഖകളിലെ ബിസിനസ്സ് ലക്ഷ്യം നിലവിൽ നിശ്ചയിക്കുന്നത്. ഉദ്ദേശ്യലക്ഷ്യങ്ങൾ പലപ്പോഴും പുതുക്കി നിശ്ചയിക്കുന്നതായി വരുന്നതുകൊണ്ടും മറ്റും ഇക്കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് പ്രായോഗികമല്ല.

കെ.എസ്.എഫ്.ഇ.-യിൽ ജാമ്യം വയ്ക്കുന്ന വസ്തുവിന്റെ വിലനിർണ്ണയത്തിന് റവന്യൂ വകുപ്പിൽനിന്നും വിരമിച്ച വില്ലേജ് ഓഫീസർ റാങ്കിന് മുകളിലുള്ളവർ, സർക്കാർ വകുപ്പുകളിൽനിന്നും എഞ്ചിനീയർ റാങ്കിൽ വിരമിച്ച സിവിൽ എഞ്ചിനീയറിംഗ് ബിരുദമുള്ളവർ, സിവിൽ എഞ്ചിനീയറിംഗ് ബിരുദവും സർവെ ആൻഡ് ലാൻഡ് വാല്യുവേഷൻ എന്നിവയിൽ പ്രത്യേക പരിജ്ഞാനമുള്ളവരുമായ ഉദ്യോഗസ്ഥരൊക്കെയാണ് വാല്യുവർമാരായി ഉൾപ്പെടുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചാണ് നിലവിൽ ജാമ്യവസ്തുവിന്റെ വില നിർണ്ണയിക്കുന്നത്.

**മെഡിസെപ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം**

178(591) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെടുത്തി 2023 ഡിസംബർ വരെ എത്രപേർക്ക് എത്ര കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെടുത്തി 2023 ഡിസംബർ വരെ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് ഉൾപ്പെടെ 477291 ക്ലെയിമുകൾക്ക് 1107,33,11,560/- രൂപ ഇൻഷ്വറൻസ് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ ആശുപത്രികളെയാണ് മെഡിസെപ്പിന്റെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കണ്ണൂർ ജില്ലയിൽ മെഡിസെപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.

**മെഡിസെപ് പദ്ധതി മുഖേന സഹായം ലഭിച്ചവരുടെ എണ്ണം**

179(593) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ എത്രപേർക്ക് സഹായം ലഭിച്ചിട്ടുണ്ട്; എത്ര തുക ഇതിനായി ഇൻഷ്വറൻസ് കമ്പനി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെടുത്തി നാളിതുവരെ അവയവമാറ്റ ശസ്ത്രക്രിയകൾക്കുൾപ്പെടെ 496986 ക്ലെയിമുകൾക്ക് 1139,15,73,770/- രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ വിവരം

മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**കെ.എഫ്.സി. ലോണുകൾ ഉദാരമാക്കാൻ നടപടി**

180(595) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകുന്ന ലോണുകൾ ഉദാരമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻവഴി നൽകുന്ന ലോണുകൾ ഉദാരമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി (സി.എം.ഇ.ഡി.പി.) പ്രകാരം ചെറുകിട ഇടത്തരം സംരംഭകർക്ക് 2 കോടി രൂപ വരെ 5% പലിശ നിരക്കിൽ വായ്പ നൽകുന്നു.

2) കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രോ സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. ആരംഭിച്ച കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ. ലോൺ സ്കീമിൽ (KAMS), 3% സംസ്ഥാന സർക്കാർ സബ്സിഡിയോടെ 6% പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പയായി നൽകുന്നു.

3) സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽനിന്നും ഉൽപാദനത്തിലേയ്ക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും വിപുലീകരണത്തിന് 2 കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള പദ്ധതി. ഇത് കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ നടപ്പാക്കാൻ പ്രവർത്തന മൂലധന വായ്പ (10 കോടി വരെ), വെഞ്ച്വർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. വ്യവസായ

പാർക്കുകളിലുള്ള സംരംഭങ്ങൾക്ക് അധിക കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളതിനെ വിപുലീകരിക്കുവാനും ആവശ്യമായ നിരവധി വായ്പാ പദ്ധതികൾ കെ.എഫ്.സി. നടപ്പിലാക്കി വരുന്നു.

(ബി) മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കെ.എഫ്.സി.-യിൽ നടപ്പിലാക്കിയിട്ടുണ്ട്.

എ) <u>പലിശനിരക്ക് കുറഞ്ഞത്:</u>

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ 100 ലക്ഷം രൂപയായിരുന്ന വായ്പാ പരിധി 200 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

പ്രസ്തുത വായ്പകൾക്ക് അറ്റ പലിശ നിരക്ക് 5% ആണ്. പദ്ധതി ചെലവിന്റെ 90% വരെ വായ്പ അനുവദിക്കാവുന്നതാണ്.

കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രോസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. ആരംഭിച്ച കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ. ലോൺ സ്കീമിൽ (KAMS), 3% സംസ്ഥാന സർക്കാർ സബ്സിഡിയോടെ 6% പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പയായി നൽകുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ KAMS പദ്ധതി 2023-24 വർഷത്തേയ്ക്കുകൂടി നീട്ടിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ പദ്ധതി ചെലവിന്റെ 90% വരെ വായ്പയായി അനുവദിക്കാവുന്നതാണ്.

സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽനിന്നും ഉൽപാദനത്തിലേയ്ക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും വിപുലീകരണത്തിന് 2 കോടി രൂപയും 5.60% പലിശ നിരക്കിൽ നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക്, പർച്ചേസ് ഓർഡറുകൾ നടപ്പാക്കാൻ പ്രവർത്തന മൂലധന വായ്പ (10 കോടി

രൂപ വരെ), വെഞ്ച്വർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) 7.60% പലിശ നിരക്കിൽ നൽകുന്നുണ്ട്.

ബി) <u>നടപടിക്രമങ്ങൾ ലഘൂകരിച്ചത്:</u>

ആഴക്കടൽ മത്സ്യബന്ധനം പരിപോഷിപ്പിക്കുവാനായി യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ (DSFU) വാങ്ങുന്നതിനായി 70 ലക്ഷം രൂപ വരെ 5% പലിശ നിരക്കിൽ വായ്പ നൽകിവരുന്നു. പ്രത്യേകമായി കൊളാറ്ററൽ സെക്യൂരിറ്റി നൽകേണ്ടതില്ല. ഈടില്ലാതെ CGTMSE (Credit Guarantee Fund Trust for Micro and Small Enterprises) വഴി രണ്ടുകോടി രൂപ വരെ വായ്പ കോർപ്പറേഷൻ അനുവദിക്കുന്നു. വായ്പാ അപേക്ഷകൾ നൽകുന്നതിന് നേരിട്ട് ബ്രാഞ്ച് ഓഫീസുകളിൽ പോകേണ്ട ആവശ്യമില്ല. www.kfc.org-ൽ ഓൺലൈനായി എൻക്വയറി സമർപ്പിക്കാവുന്നതാണ്. എൻക്വയറി അപേക്ഷ നൽകി ഏഴ് ദിവസത്തിനകം തത്വത്തിൽ അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിക്കുന്നു.

**കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനം**

181(596) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കാനായി കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ ജില്ലാ നിയമസേവന അതോറിറ്റികൾ മുഖേനയും താലൂക്ക് നിയമസേവന കമ്മിറ്റികൾ വഴിയും സംസ്ഥാനത്തിന്റെ എല്ലായിടത്തും **നിയമാവബോധന** ക്ലാസുകൾ നിരന്തരമായി നടത്തിവരുന്നുണ്ട്. കൂടുതൽ **നിയമാവബോധന** ക്ലാസുകൾ സംഘടിപ്പിക്കുവാൻ പരിശ്രമിക്കുന്നതാണ്.

(ബി) കോടതി കേസുകളിൽ സൗജന്യ നിയമസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

The Legal Services Authorities Act, 1987 സെക്ഷൻ 12 പ്രകാരം മാനദണ്ഡങ്ങൾ പാലിക്കുന്ന വ്യക്തികൾക്ക് സൗജന്യ നിയമ

സഹായങ്ങൾക്ക് അർഹതയുണ്ടായിരിക്കും. സൗജന്യ നിയമ സഹായത്തിന് അർഹരായവർ താഴെ പ്രതിപാദിച്ചിരിക്കുന്നവരാണ്:

(a) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ

(b) ഭരണഘടനയുടെ 23-ാം ആർട്ടിക്കിളിൽ പരാമർശിച്ചിരിക്കുന്ന മനുഷ്യക്കടത്തിന് ഇരയായവരും ഭിക്ഷാടനം നടത്തുന്നവരും

(c) സ്ത്രീകൾ അല്ലെങ്കിൽ കുട്ടികൾ

(d) മാനസിക വൈകല്യമോ അല്ലെങ്കിൽ ശാരീരിക വൈകല്യമോ ബാധിച്ച വ്യക്തികൾ മുതലായവർ

(e) വെള്ളപ്പൊക്കം, വരൾച്ച, ഭൂകമ്പം, വംശീയ അക്രമം, ജാതി അതിക്രമങ്ങൾ അല്ലെങ്കിൽ വ്യാവസായിക ദുരന്തം എന്നിവയുടെ ഇരകൾ അല്ലെങ്കിൽ

(f) ഇൻഡസ്ട്രിയൽ വർക്ക്മാൻ അല്ലെങ്കിൽ

(g) ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്റ്റ് 1956-ന്റെ (1956-ലെ 104) വകുപ്പ് 2 ഖണ്ഡം(ജി) പ്രകാരം പ്രൊട്ടക്റ്റീവ് ഹോമിൽ കസ്റ്റഡിയിലുള്ളവരോ; അല്ലെങ്കിൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 1986 (1986-ലെ 53) വകുപ്പ് 2

ഖണ്ഡം(ജെ) പ്രകാരം ജൂവനൈൽ ഹോമിൽ കസ്റ്റഡിയിലുള്ളവരോ; അല്ലെങ്കിൽ മെന്റൽ ഹെൽത്ത് ആക്റ്റ് 1987 (1987-ലെ 14) വകുപ്പ് 2 ഖണ്ഡം(ജി) പ്രകാരം സൈക്യാട്രിക് ഹോസ്പിറ്റലിലോ സൈക്യാട്രിക് നഴ്സിംഗ് ഹോമിലോ കസ്റ്റഡിയിലുള്ളവരോ; ഉൾപ്പെടെ കസ്റ്റഡിയിലുള്ളവർ.

(h) സുപ്രീംകോടതി അല്ലാത്ത മറ്റൊരു കോടതിക്ക് മുമ്പുള്ള കേസുകളിൽ 3,00,000/- രൂപയിൽത്താഴെ അല്ലെങ്കിൽ സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുള്ള ഉയർന്ന തുക വാർഷിക വരുമാനമുള്ളവർ, സുപ്രീംകോടതിക്ക് മുമ്പാകെയുള്ള കേസുകളിൽ 5,00,000/- രൂപയിൽ താഴെ അല്ലെങ്കിൽ കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള ഉയർന്ന തുക വാർഷിക വരുമാനമുള്ളവർക്കും സൗജന്യമായി നിയമസഹായം നൽകിവരുന്നു.

(സി) 2023-24 കാലഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ എത്രപേർക്ക് പ്രസ്തുത അതോറിറ്റി മുഖേന നിയമ സഹായം നൽകിയിട്ടുണ്ട്?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 15706 കേസുകളിൽ അർഹരായ ആളുകൾക്ക് സൗജന്യമായി അഭിഭാഷകരെ നിയമിച്ചുകൊടുത്തിട്ടുണ്ട്.

കൂടാതെ ഇരുപതിനായിരത്തിൽപ്പരം കേസുകളിൽ സൗജന്യമായി നിയമോപദേശം നൽകിയിട്ടുണ്ട്.

(ഡി) തർക്കങ്ങൾ കോടതിക്ക് പുറത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ അത്തരം അദാലത്തുകളിൽനിന്നും ലഭിച്ച അറിവുകൾ വിവിധ കോടതികളിൽ കെട്ടിക്കിടപ്പുള്ള ലക്ഷക്കണക്കിന് കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നാൽസയുടെ (NALSA) നിർദേശപ്രകാരം വർഷത്തിൽ നാല് തവണ നാഷണൽ ലോക് അദാലത്തുകളും കൂടാതെ ജില്ലാ നിയമസേവന അതോറിറ്റികൾ മുഖേനയും താലൂക്ക് നിയമസേവന കമ്മിറ്റികൾ മുഖേനയും ഹൈക്കോർട്ട് നിയമസേവന അതോറിറ്റി മുഖേനയും അദാലത്തുകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത അദാലത്തുകളിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ പരിഗണിച്ചുവരുന്നു.

## നിയമ പരിഷ്കരണ കമ്മീഷൻ

182(597) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിയമ പരിഷ്കരണ കമ്മീഷൻ നിയമനിർമ്മാണത്തിനായി തയ്യാറാക്കി സർക്കാരിലേയ്ക്ക് കൈമാറിയ ബില്ലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിയമ പരിഷ്കരണ കമ്മീഷൻ നിയമനിർമ്മാണത്തിനായി തയ്യാറാക്കി സർക്കാരിലേയ്ക്ക് കൈമാറിയ ബില്ലുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു.+

(ബി) നിയമ പരിഷ്കരണ കമ്മീഷന്റെ കാലാവധിയും അതിന്റെ പ്രവർത്തനവും ഘടനയും വിശദമാക്കാമോ?

കേരള നിയമ പരിഷ്കരണ കമ്മീഷന്റെ കാലാവധി നിശ്ചയിച്ചിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത് സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായാണ് 09-03-2017-ലെ സ.ഉ(എം.എസ്) നം.45/2017/നിയമം പ്രകാരം ജസ്റ്റിസ് (റിട്ട.)കെ.റ്റി. തോമസ് ചെയർമാനായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ചെയർമാൻ, വൈസ് ചെയർമാൻ, മൂന്ന് അംഗങ്ങൾ എന്നിങ്ങനെ കമ്മീഷനിൽ ആകെ അഞ്ച് അംഗങ്ങളുണ്ട്.

(സി) നിലവിൽ ചെയർമാനടക്കം എത്ര പേരാണ് കമ്മീഷനിൽ പ്രവർത്തിക്കുന്നതെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് പ്രതിമാസം സർക്കാർ ചെലവഴിക്കുന്ന തുകയും വേർതിരിച്ച് വെളിപ്പെടുത്തുമോ?

നിലവിൽ ചെയർമാനടക്കം കമ്മീഷനിൽ അഞ്ച് അംഗങ്ങളുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2023 ഡിസംബർ മാസം സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കമ്മീഷൻ തയ്യാറാക്കിയ എത്ര കരട് നിയമങ്ങൾ വിവിധ ഭരണ വകുപ്പുകൾ നിയമമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മീഷൻ തയ്യാറാക്കിയ കരട് ബില്ലുകളിൽ താഴെപ്പറയുന്നവ നിയമമായിട്ടുണ്ട്:

1. The Kerala Christian Cemeteries (Right to Burial of Corpse) Bill, 2019-The Kerala Right to Burial of Corpse in Christian (Malankara Orthodox Jacobite) Cemeteries Act, 2020 (Act 1 of 2020)

2. The Kerala Repealing and Saving Bill, 2021 – പ്രസ്തുത കരട് ബില്ലിന്റെ പട്ടികയിലുള്ള 98 ആക്ടുകൾ ഉൾപ്പെടെ 105 ആക്ടുകൾ റദ്ദ് ചെയ്തുകൊണ്ടുള്ള 2022-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്ട് (2022-ലെ 12-ാം ആക്ട്)

3. The Kerala Khadi and Village Industries Board (Amendment) Bill, 2018 - The Kerala Khadi and Village Industries Board (Amendment) Act, 2022 (Act 2 of 2023).

[The Kerala Dairy Farmers Welfare Fund (Amendment) Bill, 2023 പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ 156-ാം നമ്പർ ബിൽ ആയി പ്രസിദ്ധീകരിക്കുകയും നിയമസഭ പാസാക്കുകയും

ആയത് 27-09-2023-ന് ബഹുമാനപ്പെട്ട കേരള ഗവർണറുടെ പരിഗണനയ്ക്ക് നൽകിയിട്ടുള്ളതുമാണ്].

**ബാർ പ്രാക്ടീസ് കാലയളവ്**

183(598) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ളവരുടെ ബാർ പ്രാക്ടീസ് കാലയളവ് സൂപ്പറാനുവേഷൻ പെൻഷൻ കൂട്ടുന്നത് സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്കെതിരെ അപ്പീൽ പോകാനുള്ള സാഹചര്യം വ്യക്തമാക്കുമോ?

കേരള സർവ്വീസ് ചട്ടം 25(a)-ക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിക്കാൻ ഉത്തരവായ സാഹചര്യത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തത്.

(ബി) ഹൈക്കോടതിയിൽ അപ്പീൽ നൽകുവാനുള്ള നിയമസാധുതയില്ലെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ

നിയമോപദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്പീൽ നടപടികളുമായി മുന്നോട്ടുപോയതിന്റെ സാഹചര്യം വിശദമാക്കാമോ?

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ചലഞ്ച് ചെയ്യുന്നതിനുള്ള സാധ്യത കുറവാണെങ്കിലും അപ്പീൽ നൽകാമെന്ന അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽ ഫയൽ ചെയ്തത്.

(സി) സുപ്രീംകോടതി വിധി ഉദ്ധരിച്ച് പുറപ്പെടുവിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിക്കെതിരെ അപ്പീൽ നൽകാൻ ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**നിയമങ്ങൾ പരിഷ്കരിക്കുന്നതിന് കമ്മീഷൻ**

184(599) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽവരുന്ന വിഷയങ്ങളിന്മേലുള്ള നിയമങ്ങൾ

കാലോചിതമായി പരിഷ്കരിക്കുന്നതിന് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളിന്മേലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

**സി.എം.ആർ.എൽ. കമ്പനി നികുതി വെട്ടിപ്പ് അന്വേഷിക്കാൻ നടപടി**

185(600) ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനി നികുതി വെട്ടിപ്പ് നടത്തിയെന്ന് ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം കെ.എസ്.ഐ.ഡി.സി.-

ക്ക് ലഭിക്കേണ്ട ലാഭവിഹിതത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സി.എം.ആർ.എൽ. കമ്പനി നികുതി വെട്ടിപ്പ് നടത്തിയെന്ന് ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് കണ്ടെത്തിയ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് വ്യവസായ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിന്റെ പകർപ്പ് സർക്കാരിന് ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

**ട്രാവൻകൂർ സിമന്റ്സിന്റെ സ്ഥലം വിൽക്കുന്നതിന് അനുമതി**

186(601) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നാട്ടകം ട്രാവൻകൂർ സിമന്റ്സിന്റെ ഉടമസ്ഥതയിൽ

കാക്കനാട്ടുള്ള സ്ഥലം വിൽക്കുന്നതിന് ആഗോള ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിൽക്കുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുള്ളത്?

ഉണ്ട്. 2.79 ഏക്കർ സ്ഥലം വിൽക്കുന്നതിനുള്ള ടെൻഡറാണ് ക്ഷണിച്ചിട്ടുള്ളത്.

(ബി) വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സ്ഥലം ഏറ്റെടുക്കൽ പ്രതിസന്ധിയായി വരാറുള്ള ഇന്നത്തെ സാഹചര്യത്തിൽ എറണാകുളം പോലെ സ്ഥലലഭ്യത കുറഞ്ഞ ഒരു നഗരത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിന്റെ കൈവശമുള്ള സ്ഥലം ഇത്തരത്തിൽ വിൽക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് കമ്പനി ക്ലിങ്കർ വാങ്ങിയ ഇനത്തിലും വിരമിച്ച ജീവനക്കാരുടെ നിയമപരമായ ബാധ്യതകളായ ഗ്രാറ്റുവിറ്റി, പി.എഫ്. മുതലായവയിലുള്ള കുടിശ്ശികകളും കമ്പനിയുടെ മറ്റിനങ്ങളിലുള്ള കടങ്ങൾ, നിലവിലെ ജീവനക്കാരുടെ പി.എഫ്. കുടിശ്ശിക എന്നിവയും കൊടുത്തുതീർത്ത് നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത്

കമ്പനിയുടെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും കമ്പനിയുടെ ലാഭത്തിൽനിന്നുള്ള ഫണ്ടുപയോഗിച്ച് മുൻപ് കമ്പനി സ്വന്തമായി വാങ്ങിയതുമായ 2.79 ഏക്കർ സ്ഥലം വിൽക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനാണ് ആദ്യഘട്ടത്തിൽ സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ ആയത് വ്യാവസായികാവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയില്ല എന്നതിനാൽ സ്ഥലം വാങ്ങുന്ന നടപടികളിൽനിന്നും കിൻഫ്ര പിൻമാറുകയുണ്ടായി.

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻ പുതുപ്പള്ളി എം.എൽ.എ., ബഹുമാനപ്പെട്ട കോട്ടയം എം.എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരും ട്രേഡ് യൂണിയൻ നേതാക്കളും പങ്കെടുത്തുകൊണ്ട് ഒരു ഉന്നതതല യോഗം 27-07-2022-ന് ചേർന്നിരുന്നു. കാക്കനാടുള്ള 2.79 ഏക്കർ സ്ഥലത്തിന്റെ വില ഫെയർ വാല്യൂ അനുസരിച്ച് മുൻകാലത്തേക്കാൾ വളരെ കൂടിയിട്ടുള്ളതായി യോഗം വിലയിരുത്തുകയും ഓപ്പൺ ടെൻഡർ വഴി

വില്പനയ്ക്ക് വച്ചാൽ കൂടുതൽ തുക ലഭ്യമാകുമെന്ന പൊതു അഭിപ്രായം ഉയർന്നുവരികയും ചെയ്തു. കിൻഫ്ര സ്ഥലം ഉപയോഗപ്പെടുത്തുവാൻ തയ്യാറല്ലെങ്കിൽ ടി സ്ഥലം വിൽപ്പന നടത്തുവാനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കമ്പനി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചാണ് കമ്പനിയുടെ നിലവിലെ സാമ്പത്തിക ബാധ്യതകൾ കൊടുത്തുതീർത്ത് സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി സുതാര്യമായ ടെൻഡർ നടപടികളിലൂടെ പൊതുലേലത്തിൽ സ്ഥലം വിൽക്കുന്നതിന് അനുമതി നൽകിയത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിക്കുമെന്ന നയത്തിൽനിന്നും സർക്കാർ വ്യതിചലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സ്ഥാപനത്തിന്റെ ആസ്തി നഷ്ടപ്പെടുത്താതെ തന്നെ സ്ഥാപനത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിയമപരമായ ബാധ്യതകളുൾപ്പെടെയുള്ള വിവിധ കടങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തനമൂലധനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് തുക കണ്ടെത്തുന്നതിനും നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് കമ്പനിയുടെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും മറ്റ് പരിഹാരമാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാണ് കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ലാഭത്തിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് മുൻപ് കമ്പനി സ്വന്തമായി വാങ്ങിയതുമായ 2.79 ഏക്കർ സ്ഥലം പൊതുലേലത്തിലൂടെ വിൽക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്.

നിലവിലെ പ്രതിസന്ധി പരിഹരിച്ച് പ്രസ്തുത സ്ഥാപനത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനുവേണ്ടിയാണ് കമ്പനിക്ക് നിലവിൽ ഉപയോഗിക്കാനാകാതെ കിടക്കുന്നതും വ്യാവസായികാവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയില്ലെന്ന് കിൻഫ്ര അറിയിച്ചതുമായ കാക്കനാടുള്ള 2.79 ഏക്കർ സ്ഥലം, ഇതുമായി ബന്ധപ്പെട്ട് നടന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട തീരുമാനം കൂടി പരിഗണിച്ച് പൊതുലേലത്തിലൂടെ

വിൽക്കുന്നതിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ അനുമതി നൽകിയത്.

**കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ വികസന പ്രവർത്തനങ്ങൾ**

187(602) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ 2022-23 വർഷം വരെ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ വികസന പ്രവർത്തനങ്ങൾക്കും എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള സർക്കാരിന്റെ വാഹന നിർമ്മാണ രംഗത്തുള്ള ഏക പൊതുമേഖലാ സ്ഥാപനമായ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീ വീലർ ഓട്ടോ നിർമ്മിക്കുന്നതോടൊപ്പം ഐ.എസ്.ആർ.ഒ., വി.എസ്.എസ്.സി., ബ്രഹ്മോസ് എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ജോബ് വർക്ക് ഏറ്റെടുത്ത് നടത്തിവരുന്നു. വിവിധ

കാരണങ്ങളാൽ കമ്പനി തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഇലക്ട്രിക് വാഹന നയത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക് ഓട്ടോറിക്ഷ രൂപകല്പന ചെയ്ത് നിർമ്മാണം നടത്തി വാണിജ്യപരമായ ഉൽപാദനം ആരംഭിച്ചു. 2017-18-ൽ 7 കോടി രൂപ മുതൽമുടക്കിൽ വി.എസ്.എസ്.സി. ജോബ് വർക്കുകൾ കൃത്യമായും സൂക്ഷ്മതയോടും ചെയ്യുന്നതിന് ആധുനിക സി.എൻ.സി. മെഷീനുകൾ കമ്പനിയിൽ സ്ഥാപിച്ചിട്ടുണ്ട്.

ഇ-സ്കൂട്ടറുകൾ ഉൽപാദിപ്പിക്കുന്നതിനായി മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടു. ഇ-സ്കൂട്ടറുകളുടെ ഉൽപാദനം ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്ഥാപനത്തിന്റെ ഇ-ഓട്ടോയുടെ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിൽരഹിത യുവതീയുവാക്കൾക്ക് സബ്സിഡിയോടുകൂടി 420 ഇ-ഓട്ടോ 14 ജില്ലകളിലുമായി നൽകുന്ന ഡി.ഐ.സി.-യുടെ ഒരു പദ്ധതി

ബാങ്കുകളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം സ്മാർട്ട് സിറ്റിക്ക് 100 ഇ-ഓട്ടോ നൽകുവാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 10 ഇ-ഓട്ടോ നൽകി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കെ.എ.എൽ.-ന്റെ മെഷീൻ ഷോപ്പ് വികസനത്തിനായി 700 ലക്ഷം രൂപയും ഇ-വെഹിക്കിൾ നിർമ്മാണത്തിനായി വിവിധ ഘട്ടങ്ങളിലായി 83 ലക്ഷം രൂപ, 34 ലക്ഷം രൂപ, 200 ലക്ഷം രൂപ, 50 ലക്ഷം രൂപ, 400 ലക്ഷം രൂപ, 250 ലക്ഷം രൂപ എന്നിങ്ങനെ ധനസഹായവും സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്.

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

188(603) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു.

(ബി) പുതിയതായി എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നെന്ന് അറിയിക്കുമോ?

നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. അതേസമയം കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്ന ബദൽ നയങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ

വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി 2022 നവംബർ മുതൽ ഉൽപാദനം ആരംഭിച്ച് പ്രവർത്തന മികവ് കൈവരിച്ചുവരികയാണ്. അതോടൊപ്പം കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന സംയുക്ത സംരംഭമായിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുകയും 2022 ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റാദായത്തിൽനിന്ന് ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശം നൽകുമോ?

2020-21 സാമ്പത്തിക വർഷത്തിൽ 360165.25 ലക്ഷം രൂപയുടെയും 2021-22 സാമ്പത്തിക വർഷത്തിൽ 171894.87 ലക്ഷം രൂപയുടെയും ലാഭമാണ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരള മിനറൽസ് ആൻഡ് മെറ്റൽസ്

ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് 2022-23-ൽ 618 ലക്ഷം രൂപയും 6472.83 ലക്ഷം രൂപയും അറ്റാദായത്തിൽനിന്നും ലാഭം ലഭിച്ചു.

## സിന്തറ്റിക് റൂട്ടൈൽ നിർമ്മാണ സാങ്കേതികവിദ്യ കെ.എം.എം.എൽ.-ൽ നടപ്പിലാക്കുവാൻ നടപടി

189(604) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ആർ.എൽ. കമ്പനിയിൽനിന്നും ചവറയിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. സിന്തറ്റിക് റൂട്ടൈൽ വാങ്ങുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) ഇൽമനൈറ്റിൽനിന്നും ഇരുമ്പ് വേർതിരിച്ച് സിന്തറ്റിക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യ കെ.എം.എം.എൽ. കമ്പനിയിൽ നിലവിലുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത സാങ്കേതികവിദ്യ നിലവിലില്ലെങ്കിൽ ഇൽമനൈറ്റിൽ നിന്നും ഇരുമ്പ് വേർതിരിച്ച് സിന്തറ്റിക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യ കെ.എം.എം.എൽ.-ൽ നടപ്പിലാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം**

190(605) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് വിൽക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്; വിശദീകരിക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നത് സർക്കാർ നയമല്ല. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ

പൊതുമേഖലയിൽത്തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നയസമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

തൃശ്ശൂരിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് നിലവിൽ ലേ ഓഫ് ചെയ്തിരിക്കുകയാണ്. സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡിൽ 2016 മുതൽ ഉൽപാദനം നടക്കുന്നില്ല.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും നിലവിൽ പൂട്ടിക്കിടക്കുന്നില്ല. എന്നാൽ ഓർഡറുകളുടെ കുറവും പ്രവർത്തന മൂലധനത്തിന്റെ അഭാവവുംമൂലം ചില സ്ഥാപനങ്ങളുടെ പ്രവർത്തനശേഷിയിൽ ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവത്കരിച്ചുവെന്ന് വ്യക്തമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതിമാസ അവലോകനം (ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം), ഇന്റേണൽ/സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അവലോകനം എന്നിവ ബി.പി.റ്റി. മുഖേനയും സർക്കാർതലത്തിലും നടത്തുകയും ആവശ്യമായ നിർദേശം കമ്പനികൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ കമ്പനിയും തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പദ്ധതികൾ അടിസ്ഥാനമാക്കിയ ആധുനികവത്കരണ പദ്ധതികൾ ഓരോ വർഷത്തെയും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. വാർഷിക പദ്ധതിയിൽ അനുവദിച്ച പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ പുരോഗമിച്ചുവരുന്നു.

നടപ്പ് സാമ്പത്തിക വർഷം (2023-24) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 266.90 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ഘട്ടംഘട്ടമായി റിലീസ് ചെയ്ത് നൽകിവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേട് നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി വരുന്നുണ്ട്. അതിന്റെ ഫലമായി ചില സ്ഥാപനങ്ങളിൽ ദീർഘകാലമായി കുടിശ്ശികയായിരുന്ന ആഡിറ്റുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്റേണൽ ആഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ

തിരുത്തുന്നതിനുള്ള നടപടികൾ കമ്പനി തലത്തിലും ഓഡിറ്റ് കമ്മിറ്റി തലത്തിലും സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച പുരോഗതി വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ കമ്പനികൾക്ക് നൽകി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കമ്പനികളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനമായ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ERP) ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനമായ ടെക്സ്റ്റൈൽ കോർപ്പറേഷനെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടംഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തിവരുന്നു.

മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉൽപാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി കോർപ്പറേഷന്റെ 7 മില്ലുകൾക്കും പുതിയ വികസന പദ്ധതികൾക്കും ടെസ്റ്റിംഗ് ലാബിനും (CARDT) വേണ്ടി 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വളരെ പഴക്കംചെന്ന മൂന്ന് മില്ലുകളിലും ഭാഗീകമായി നവീകരിക്കപ്പെട്ട ഒരു മില്ലിലും പുതിയ മൂന്ന് മില്ലുകളിലും അത്യാധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളായ ഓട്ടോകോണർ, യാൺ കണ്ടീഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കൽ, യൂണിറ്റുകളെ ലാപ് ഫീഡ് ടെക്നോളജിയിൽനിന്നും ച്യൂട്ട് ഫീഡ് ടെക്നോളജിയിലേയ്ക്കുള്ള മാറ്റം, നിലവിലെ പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ എല്ലാ യന്ത്രസാമഗ്രികളും മാറ്റി സ്ഥാപിക്കൽ എന്നീ നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു. 2020 മുതൽ 2024 വരെ 13.08 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## സി.എം.ആർ.എൽ. കമ്പനി നികുതി വെട്ടിപ്പ് - കെ.എസ്.ഐ.ഡി.സി.-യിൽനിന്നും വിശദീകരണം

191(606) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനിയിൽനിന്നും മുഖ്യമന്ത്രിയുടെ മകളും മകളുടെ കമ്പനിയും ചെയ്യാത്ത സേവനങ്ങൾക്ക് പണം വാങ്ങിയ സംഭവത്തിൽ രജിസ്ട്രാർ ഓഫ് കമ്പനീസ്, എറണാകുളം, കെ.എസ്.ഐ.ഡി.സി.-യിൽനിന്നും വിശദീകരണം തേടിയിരുന്നോ;

(ബി) പ്രസ്തുത സംഭവത്തിൽ കെ.എസ്.ഐ.ഡി.സി.-യോട് വിശദീകരണം ചോദിച്ചിട്ടും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലെന്ന് രജിസ്ട്രാർ ഓഫ് കമ്പനീസ് വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) തേടിയിരുന്നു. കെ.എസ്.ഐ.ഡി.സി. ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.-ക്ക് നഷ്ടം വരുത്തിയ പ്രസ്തുത സംഭവത്തിൽ വിശദീകരണം നൽകാൻ കെ.എസ്.ഐ.ഡി.സി. തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

രജിസ്ട്രാർ ഓഫ് കമ്പനീസ്, എറണാകുളം വിശദീകരണം ആരാഞ്ഞതിന് കെ.എസ്.ഐ.ഡി.സി. 03-01-2024-ന് മറുപടി നൽകിയിട്ടുണ്ട്.

**ലാഭ-നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

192(607) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണവും അവ

എതെല്ലാമാണെന്നുമുള്ള വിവരങ്ങൾ ഓഡിറ്റിംഗ് പൂർത്തിയായ ശേഷമുള്ള വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകുമോ?

ആഡിറ്റുകൾ പൂർത്തിയായി വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നതിനാൽ കണക്കുകൾ പൂർത്തിയാക്കിയതിനുശേഷമുള്ള പ്രൊവിഷണൽ കണക്കുകൾ അനുസരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്രവർത്തന ലാഭ-നഷ്ട വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റിൽപ്പെട്ട പല കമ്പനികളും അതിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സി.എം.ആർ.എൽ. കമ്പനിയിലെ കെ.എസ്.ഐ.ഡി.സി.-യുടെ ഓഹരി**

193(608) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് എന്ന കമ്പനിയിൽ ഓഹരിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

1991 ഫെബ്രുവരി മാസം മുതൽ ഓഹരി നിക്ഷേപമുണ്ട്.

(ബി) 2017-18 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സി.എം.ആർ.എൽ. കമ്പനി മുഖ്യമന്ത്രിയുടെ മകൾക്കും മകളുടെ കമ്പനിക്കും നൽകാത്ത സേവനങ്ങൾക്ക് പണം നൽകിയ ചെലവുകൾ പെരുപ്പിച്ച് കാട്ടിയും ലാഭം കുറച്ചുകാണിച്ചും വരുമാന നികുതി വെട്ടിച്ചതായി ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവൃത്തിയിലൂടെ ലാഭം കുറഞ്ഞത് വഴി ഓഹരി ഉടമകൾക്ക് ലഭിക്കേണ്ട ലാഭവിഹിതത്തിൽ വന്ന കുറവ് കമ്പനി ഉടമകളിൽ

നിന്ന് ഈടാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

**കോട്ടയം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

194(609) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെൽട്രാക്കിന്റെ പ്രവർത്തനം

195(610) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ കെൽട്രോണിന്റെ അനുബന്ധ സ്ഥാപനമായ കെൽട്രാക്കിന്റെ മേൽനോട്ട ചുമതല വഹിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ?

കെൽട്രോണിന്റെയും വ്യവസായ വകുപ്പിന്റെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കെൽട്രാക്ക്. കെൽട്രോൺ ഐ.റ്റി.ബി.ജി.-യുടെ സി.ജി.എം. ആയ ശ്രീമതി ഉഷയാണ് ഇപ്പോൾ കെൽട്രാക്ക് ഡയറക്ടറുടെ ചുമതല വഹിക്കുന്നത്.

(ബി) സ്ഥിരം ഡയറക്ടർ ഇല്ലാത്തത് കെൽട്രാക്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. സ്ഥിരം ഡയറക്ടറെ കെ.പി.ഇ.എസ്.ആർ.ബി. മുഖേന നിയമിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 06-01-2024-ലെ

വിജ്ഞാപനപ്രകാരം ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് കെ.പി.ഇ.എസ്.ആർ.ബി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

**ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി**

196(611) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനും കമ്പനിയുടെ പുനരുദ്ധാരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അത് അവലോകനം ചെയ്യുന്നതിനും അതിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ, കമ്പനിയിലെ അംഗീകൃത ട്രേഡ് യൂണിയനുകളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട്

കമ്പനിതലത്തിലും സർക്കാർതലത്തിലും ചർച്ചകൾ നടത്തിയിട്ടുണ്ട്. കമ്പനിയുടെ ബാങ്ക് അക്കൗണ്ട് എൻ.പി.എ. സ്റ്റാറ്റസ് ആയതിനെത്തുടർന്ന് അത് റെഗുലറൈസ് ചെയ്യുവാൻവേണ്ടി സർക്കാർ 7.50 കോടി രൂപ അനുവദിക്കുകയും അതിന്റെ ഫലമായി കമ്പനിയുടെ ബാങ്ക് അക്കൗണ്ടിന്റെ എൻ.പി.എ. സ്റ്റാറ്റസ് മാറുകയും ചെയ്തു. ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുജ്ജീവനത്തിനായി ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷനുമായി കൂടിയാലോചിച്ച് ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 19-10-2023-ന് ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(സി&ഡി) 19-10-2023-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളും കൈക്കൊണ്ട നടപടികളും ചുവടെ ചേർക്കുന്നു.

1. കമ്പനിയുടെ ബാങ്ക് അക്കൗണ്ട് റെഗുലറൈസ് ചെയ്ത് എൻ.പി.എ. സ്റ്റാറ്റസ് മാറ്റിയെടുക്കുവാൻ സാധിച്ചാൽ ഒക്ടോബർ മാസം അവസാനത്തോടെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകുന്നതാണ്.

നടപടി - കമ്പനിയുടെ അക്കൗണ്ട് റെഗുലറൈസ് ചെയ്യുവാൻവേണ്ടി സർക്കാർ 7.50 കോടി രൂപ അനുവദിക്കുകയും അതിന്റെ ഫലമായി കമ്പനിയുടെ ബാങ്ക് അക്കൗണ്ടിന്റെ എൻ.പി.എ. സ്റ്റാറ്റസ് 29-11-2023-ൽ മാറുകയും തുടർന്ന് തൊഴിലാളികൾക്ക് 30-11-2023-ൽ ഒരു മാസത്തെ ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്.

2. കമ്പനി പൂർണ്ണതോതിൽ പ്രവർത്തിച്ച് തുടങ്ങുന്നതോടുകൂടി കുടിശ്ശികയുള്ള ശമ്പളം ജീവനക്കാർക്ക് നൽകുന്നതാണ്.

നടപടി - കമ്പനി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഈ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

3. പിണറായി, തിരുവല്ല യൂണിറ്റുകൾ പൂർണ്ണതോതിൽ മുഴുവൻ ഷിഫ്റ്റിലും പ്രവർത്തിപ്പിച്ച് ലാഭം നേടിയെടുക്കുന്നതിലേയ്ക്കായി ഇരുമ്പനം യൂണിറ്റിലെ തൊഴിലാളികളെ ആവശ്യകതയനുസരിച്ച്

പുനർവിന്യസിക്കാവുന്നതാണ്. അതിന് സുതാര്യമായ ഒരു മാനദണ്ഡം ബി.പി.റ്റി.-യുടെ മേൽനോട്ടത്തിൽ രൂപീകരിക്കേണ്ടതാണ്.

നടപടി - പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പിണറായി, തിരുവല്ല യൂണിറ്റുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല.

(ഇ) ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന ശമ്പളവും റിട്ടയർമെന്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; അവ എത്ര സമയത്തിനുള്ളിൽ ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലമാണ് കമ്പനിക്ക് യഥാസമയം തൊഴിലാളികൾക്ക് ശമ്പളവും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുവാൻ സാധിക്കാത്തത്. 19-10-2023-ൽ സർക്കാർ വിളിച്ചുചേർത്ത യോഗത്തിന്റെ ഫലമായി അടിയന്തരമായി ഒരു മാസത്തെ ശമ്പളം നൽകുകയുണ്ടായി. ബാക്കി

കുടിശ്ശിക കമ്പനിയുടെ പ്രവർത്തനം പൂർണ്ണതോതിലാകുന്നതോടെ മാത്രമേ നിലവിലെ സാഹചര്യത്തിൽ നൽകുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ഐ.ഡി.സി.-ക്ക് ഓഹരി**

197(612) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് എന്ന കമ്പനിയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് ഓഹരിയുണ്ടോ; ഉണ്ടെങ്കിൽ മൂല്യമെത്രയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 73 കമ്പനികളിൽ കെ.എസ്.ഐ.ഡി.സി.-ക്ക് ഓഹരി നിക്ഷേപമുള്ളതിൽ സി.എം.ആർ.എൽ. എന്ന കമ്പനിയിൽ 1991 ഫെബ്രുവരി മാസം മുതൽ ഓഹരി നിക്ഷേപമുണ്ട്. സി.എം.ആർ.എൽ.-ലെ ഓഹരി നിക്ഷേപത്തിന് ബി.എസ്.ഇ.-യുടെ 31-12-2023-ലെ വിപണിവിലപ്രകാരം ഏകദേശം 28 കോടി രൂപ മൂല്യം വരുമെന്നാണ് കണക്കാക്കുന്നത്.

(ബി) സി.എം.ആർ.എൽ. കമ്പനി 2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചെലവുകൾ പെരുപ്പിച്ച് കാട്ടി ലാഭം കുറച്ചുകാണിച്ച് വരുമാന നികുതി വെട്ടിച്ചുവെന്ന് ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് നടത്തിയ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം നടപടിയിലൂടെ ലാഭം കുറഞ്ഞത് വഴി ഓഹരി ഉടമകൾക്ക് ലഭിക്കേണ്ട ലാഭവിഹിതത്തിൽ വന്ന കുറവ് കമ്പനി ഉടമകളിൽ നിന്ന് ഈടാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിന്റെ പകർപ്പ് സർക്കാരിന് ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തിക പ്രതിസന്ധിയും**

198(613) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പൊതുമേഖലാ സ്ഥാപനങ്ങളെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സർക്കാരിന് സാമ്പത്തിക പരിമിതികളുണ്ടെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കായുള്ള ധനസഹായം ഗഡുക്കളായി നൽകുകയും നൽകിയ തുകയുടെ വിനിയോഗം ഉറപ്പുവരുത്തിക്കൊണ്ട് ബാക്കി ധനസഹായം നൽകുകയും ചെയ്തുവരുന്നു. ഇതുകൂടാതെ അത്യാവശ്യ പ്രവർത്തന മൂലധന സഹായവും സർക്കാർ നൽകിവരുന്നു. എന്നാൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ തുക സമയബന്ധിതമായി നൽകുന്നതിൽ കാലതാമസം നേരിടുന്നതുമൂലം പദ്ധതികളുടെ ചെലവ് ഉയരുന്നതിനും പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ലാഭത്തിലായിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലുണ്ടോ; ലേ ഓഫ്

ചെയ്യേണ്ടതോ ജീവനക്കാരെ പിരിച്ചുവിടേണ്ടതോ ആയ സാഹചര്യങ്ങളുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടേണ്ടതായോ ലേ ഓഫ് ചെയ്യേണ്ടതായതോ ആയ സാഹചര്യം നിലവിലില്ല.

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുവാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സർക്കാർ നയം വ്യക്തമാക്കാമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ, വിപുലീകരണ പദ്ധതികളുടെ നടത്തിപ്പിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാരിൽനിന്നുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള ബഡ്ജറ്റ് ധനസഹായത്തിന് പുറമെ ബാങ്കുകൾ/മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ മറ്റ് ഉറവിടങ്ങളിൽനിന്നോ റിവോൾവിംഗ് ഫണ്ടുപോലുള്ള ബഡ്ജറ്റ് ഇതര സഹായം കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം**

199(614) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും പ്രവർത്തനക്ഷമതയും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; 2016-17 മുതൽ 2022-23 വരെയുള്ള ഓരോ വർഷവും കോർപ്പറേഷന്റെ അറ്റാദായം എത്രയെന്നതും വിറ്റുവരവ് എത്രയെന്നതും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സമൂഹത്തിലെ താഴേത്തട്ടിലുള്ള ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ ഉന്നമനവും പുരോഗതിയും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ അധീനതയിൽ 900 ലക്ഷം രൂപ ഓഹരി മൂലധനവുമായി പ്രവർത്തനം ആരംഭിച്ചതും നിലവിൽ ഏകദേശം 120 കോടി രൂപയോളം സഞ്ചിത നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതുമായ ഒരു സ്ഥാപനമാണ്. 2023 ജനുവരി മുതൽ ഓഗസ്റ്റ്

വരെയുള്ള കാലയളവിൽ കോർപ്പറേഷന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യപ്പെട്ടതിനാലും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതമൂലവും കോർപ്പറേഷന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നിയമപരമായി അടക്കേണ്ട തുകകളും കുടിശ്ശികയാകുകയും ചെയ്തു. നാളിതുവരെ ഏകദേശം 20 കോടി രൂപയോളം കുടിശ്ശികയുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചതിനുശേഷം 2023 ഓഗസ്റ്റിൽ ഈറ്റവെട്ടും ഒക്ടോബറിൽ ബാംബൂ പ്ലൈയുടെ ഉൽപാദനവും പനമ്പ് നെയ്ത്തും പുനരാരംഭിച്ചു. കോഴിക്കോട് നല്ലളം യൂണിറ്റിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്നും ബാംബൂ ടൈൽസ് നിർമ്മാണത്തിനാവശ്യമായ ബാംബൂ റീപ്പർ വാങ്ങി ഫെബ്രുവരി അവസാനത്തോടുകൂടി ടൈൽ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2016-17 മുതൽ 2022-23 വരെയുള്ള ഓരോ വർഷത്തെയും കോർപ്പറേഷന്റെ അറ്റാദായം, വിറ്റുവരവ് എന്നിവ ചുവടെ ചേർക്കുന്നു.

| Year | Turnover | Profit / Loss |
|---|---|---|
| 2016-17 | 123,338,000.00 | (93,364,000.00) |

| | | |
|---|---|---|
| 2017-18 | 110,188,000.00 | (97,814,000.00) |
| 2018-19 | 104,803,000.00 | (114,611,000.00) |
| 2019-20 | 77,510,000.00 | (123,355,000.00) |
| 2020-21 | 52,890,000.00 | (125,972,000.00) |
| 2021-22 | 46,426,000.00 | (113,573,000.00) |
| 2022-23 | 37,131,000.00 | (134,842,632.00) |

(ബി) 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളം, ഡി.എ. കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി സർക്കാർ നൽകിയ ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകുന്നതിന് എത്ര രൂപയാണ് കുടിശ്ശികയായുള്ളതെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളം, ഡി.എ. കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി സർക്കാർ നൽകിയ ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബാംബൂ കോർപ്പറേഷനേയും ബോർഡിനേയും പുനരുദ്ധരിക്കുന്നതിന് ഏതെങ്കിലും പുതിയ പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലിയിലെ ബാംബൂ ബോർഡ് ഫാക്ടറിയുടെ നവീകരണത്തിന്റെ ഭാഗമായി " എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ക്രഷ്ഡ് ബോർഡ് ഫോർ ടൈൽസ്, ലമ്പർ ബാംബൂ പ്ലൈ " എന്നീ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**അങ്കമാലി ടെൽക്കിന്റെ പ്രവർത്തനം**

200(615) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ടെൽക്കിന്റെ 2015-16-ലെ നെറ്റ് വർത്ത് വാല്യു എത്ര കോടിയായിരുന്നെന്ന് വ്യക്തമാക്കാമോ; 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺ ഓവറും അറ്റാദായവും എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ടെൽക്കിൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ എത്ര കോടിയുടെ ഓർഡർ ലഭിച്ചിരുന്നെന്നും അതിൽ എത്രയാണ് പൂർത്തീകരിച്ചതെന്നും വ്യക്തമാക്കാമോ?

കമ്പനിയുടെ 2015-16-ലെ നെറ്റ് വർത്ത് 86.2880 കോടി രൂപയായിരുന്നു.

ടെൽക്കിന്റെ 2016-17 മുതൽ 2022-23 വർഷം വരെയുള്ള ടേൺഓവറും അറ്റാദായവും ചുവടെ ചേർത്തിരിക്കുന്നു.

(തുക ലക്ഷത്തിൽ)

| വർഷം | വിറ്റുവരവ് | പ്രോഫിറ്റ് ആഫ്റ്റർ ടാക്സ് |
|---|---|---|
| 2016-17 | 18182.34 | 488.97 |
| 2017-18 | 15615.81 | 264.14 |
| 2018-19 | 20447.29 | 384.99 |
| 2019-20 | 20313.34 | 633.83 |
| 2020-21 | 14648.35 | (2276.12) നഷ്ടം |
| 2021-22 | 13738.4 | (3968.17) നഷ്ടം |
| 2022-23 | 18310.25 | 520.73 |

ടെൽക്കിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 25312.57 ലക്ഷം രൂപയുടെ ഓർഡറുകൾ ലഭിക്കുകയും അതിൽ 7277.99 ലക്ഷം രൂപയുടെ ഓർഡറുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടെൽക്കിന് നാളിതുവരെയായി പിരിഞ്ഞുകിട്ടാനുള്ള തുകയെത്രയാണെന്ന് കണക്കുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. 33.87 കോടി രൂപയാണ് കമ്പനിക്ക് നാളിതുവരെയായി പിരിഞ്ഞുകിട്ടാനുള്ളത്. അത് പിരിച്ചെടുക്കുന്നതിന് കമ്പനി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടെൽക്കിലെ ജീവനക്കാരുടെ ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ടെൽക്കിലെ ജീവനക്കാരുടെ മാസ പ്രൊഡക്ഷൻ ഇൻസെന്റീവ്, മറ്റ് ഇൻസെന്റീവ് എന്നിവ നൽകുന്നത് തടഞ്ഞുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്. ഓഫീസർമാരുടെ പേ റിവിഷൻ, തൊഴിലാളികളുടെ ദീർഘകാല കരാർ എന്നീ ഇനങ്ങളിൽ കമ്പനിക്ക് 1784.4 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. കമ്പനിയിലെ സാമ്പത്തിക ഞെരുക്കംമൂലം മാസ പ്രൊഡക്ഷൻ ഇൻസെന്റീവ്, പി.പി.ബി.ഐ.എസ്. എന്നീ ഇനങ്ങളിൽ ഏകദേശം 60 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്.

(ഡി) ടെൽക്കിന്റെ 2016-17 മുതൽ 2022-23 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച വിവരം

പരിശോധിച്ചിരുന്നോ; നഷ്ടത്തിന് ഉത്തരവാദികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; സാമ്പത്തിക നഷ്ടം തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

കമ്പനിയിൽ 2020-21 വരെയാണ് ആഡിറ്റ് പൂർത്തീകരിച്ചത്. ടെൽക് 2016-17 മുതൽ 2019-20 വരെ ലാഭത്തിലാണ് പ്രവർത്തിച്ചത്. കോവിഡ് മഹാമാരിയെത്തുടർന്ന് വിവിധ മേഖലകളിലുണ്ടായ പ്രതിസന്ധിയെത്തുടർന്ന് ഉൽപാദനത്തിൽ വന്ന കുറവുമൂലമാണ് കമ്പനിക്ക് 2020-21-ൽ നഷ്ടം നേരിടേണ്ടിവന്നത്. ഇപ്പോൾ കമ്പനി പ്രവർത്തനലാഭത്തിന്റെ പാതയിലാണ്.

**വ്യവസായ സംരംഭകത്വം പദ്ധതി**

201(616) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭകത്വം പദ്ധതിയിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം, വ്യവസായ വകുപ്പ് നടപ്പിലാക്കിയ 'സംരംഭകവർഷം' പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്താകെ 218676 സംരംഭങ്ങൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെയുള്ള കണക്കുകൾപ്രകാരം സൂക്ഷ്മ-ചെറുകിട- ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് ആകെ 2,33,079 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംരംഭങ്ങൾ പ്രകാരം എത്ര രൂപയുടെ നിക്ഷേപം സമാഹരിച്ചുവെന്നും ഇതിന്റെയടിസ്ഥാനത്തിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

'സംരംഭകവർഷം' പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ ആരംഭിച്ച 218676 സംരംഭങ്ങളിലൂടെ 13,842 കോടി രൂപയുടെ നിക്ഷേപവും 465176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിൽ സംസ്ഥാനത്താകെ ആരംഭിച്ച 233079 സംരംഭങ്ങളിലൂടെ

15,294 കോടി രൂപയുടെ നിക്ഷേപവും 518168 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(സി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്.

3. വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ലഭ്യമാണ്. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും സേവനം ലഭ്യമാണ്.

4. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ വഴി ബാങ്കിംഗ്, ജി.എസ്.ടി., നിയമം, അനുമതികളും ലൈസൻസുകളും, മാർക്കറ്റിംഗ്, ടെക്നോളജി, എക്സ്പോർട്ട്, ഡി.പി.ആർ. തയ്യാറാക്കൽ എന്നീ മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാണ്.

കൂടാതെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി താഴെപ്പറയുന്ന പദ്ധതികൾ മുഖേന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1. സംരംഭക സഹായ പദ്ധതി
2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി
3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി
4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ, സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി
6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി
7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി
8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)
9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

(ഡി) കോവിഡ് കാലത്ത് ആരംഭിച്ച് നഷ്ടത്തിലാകുകയും പ്രവർത്തന മൂലധനമില്ലാതെ അടച്ചുപൂട്ടുകയും ചെയ്ത സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ വ്യവസായ വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പദ്ധതിയുണ്ട്. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി "തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ

പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

കോവിഡ് കാലത്ത് ആരംഭിച്ച് നഷ്ടത്തിലാകുകയും പ്രവർത്തന മൂലധനമില്ലാതെ അടച്ചുപൂട്ടുകയും ചെയ്ത സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും പദ്ധതി മാനദണ്ഡങ്ങൾക്കുവിധേയമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഈ പദ്ധതി സംരംഭകർക്ക് സഹായകരമാകും.

**വ്യാവസായികാവശ്യത്തിനുള്ള ഭൂമിയുടെ ക്രയവിക്രയം**

202(617) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ വ്യാവസായികാവശ്യത്തിനുള്ള ഭൂമിയുടെ ക്രയവിക്രയം സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ഏരിയകൾ/പ്ലോട്ടുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് - 2023 (G.O(P)No. 309/2023/RD dated 11-12-2023) നിലവിൽ വന്നിട്ടുണ്ട്. പുതിയ ചട്ടം നിലവിൽ വന്നതോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ ഭൂമിയുടെ കൈമാറ്റം ലളിതമാക്കിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന റൂൾപ്രകാരം ഭൂമിയുടെ വിലയിലുണ്ടായ വ്യത്യാസവും ഭൂമിവിലയുടെ 10% പ്രോസസിംഗ് ഫീസും സർക്കാരിൽ ഒടുക്കണമായിരുന്നു. കൂടാതെ, ഉൽപാദനപ്രവർത്തനം ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞാൽ മാത്രമേ ഭൂമിയുടെ കൈമാറ്റം നടത്താൻ കഴിയുമായിരുന്നുള്ളൂ. വ്യവസായ പട്ടയത്തിൽ ഏതുതരത്തിലുള്ള ഇൻഡസ്ട്രിയൽ ആക്ടിവിറ്റിയാണെന്ന് എടുത്തു പറയുമായിരുന്നു.

പുതിയ റൂൾപ്രകാരം വ്യവസായ ഭൂമിയുടെ കൈമാറ്റത്തിന് 25,000/- രൂപയും ആക്ടിവിറ്റി മാറ്റത്തിന് 10,000/- രൂപയും മാത്രം പ്രോസസിംഗ് ഫീ

ഇനത്തിൽ അടച്ചാൽ മതിയാകും. ഭൂമി വിലയിലുണ്ടായ വ്യത്യാസം അടയ്ക്കേണ്ടതില്ല. ഭൂമി അലോട്ട് ചെയ്ത് മൂന്ന് വർഷത്തിനുശേഷം കൈമാറ്റം നടത്താമെന്ന ഭേദഗതിയും വരുത്തിയിട്ടുണ്ട്. പട്ടയം ലഭിച്ച ഭൂമിയാണെങ്കിൽ ഏതുതരം വ്യവസായ പ്രവർത്തനമായാലും പട്ടയത്തിൽ 'Industrial activity' എന്ന് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. ഇൻഡസ്ട്രിയൽ ആക്ടിവിറ്റി മാറ്റുന്നതിനനുസരിച്ച് പട്ടയത്തിൽ മാറ്റം വരുത്തേണ്ടതില്ല.

**നിക്ഷേപ സൗഹൃദ സംസ്ഥാനം**

203(618) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനമാണ് കേരളം എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ മേഖലയിലെ മൂലധന നിക്ഷേപത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ പിന്നിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ചുവർഷത്തെ കാലയളവിനുള്ളിൽ സംസ്ഥാനം 91,575 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചതായും 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ 33,815 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടെന്നും ദേശീയതലത്തിൽ, എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനമായ "സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ്, ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ്" എന്ന പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ നിക്ഷേപ പദ്ധതികളിലൂടെ ഏകദേശം അഞ്ചുലക്ഷം തൊഴിലവസരങ്ങളാണ് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴി സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ

സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

2021-22-ൽ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചാനിരക്ക് 17.3% രേഖപ്പെടുത്തിയിട്ടുണ്ട്. വ്യവസായ മേഖലയുടെ ഉയർന്ന വളർച്ചാനിരക്ക് സംസ്ഥാനത്തിന്റെ മൊത്ത സാമ്പത്തിക വളർച്ചാനിരക്കിലും പ്രതിഫലിച്ചിട്ടുണ്ട്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ സംസ്ഥാനത്തിന്റെ റാങ്ക് 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേയ്ക്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. സംരംഭക വർഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് വ്യവസായികളിൽനിന്നുള്ള

ഫീഡ്ബാക്ക് സ്വീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവരികയും ചെയ്യുന്നുണ്ട്.

2022-23-ലെ 'സംരംഭകവർഷം', 'സംരംഭകവർഷം 2.0' എന്നീ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെയുള്ള കാലയളവിൽ, ആകെ 2,16,435 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി 13,599 കോടി രൂപയുടെ നിക്ഷേപവും 4,60,633 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. അതുകൊണ്ടുതന്നെ മൂലധന നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം ഏറെ പിന്നിലാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(സി) കേരളത്തിലേയ്ക്ക് മൂലധന നിക്ഷേപം ആകർഷിക്കുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും ഉതകുന്ന നിരവധി നടപടികൾ സർക്കാർ ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള

നിയമനിർമ്മാണങ്ങളും നിയമ ഭേദഗതികളും ഉൾപ്പെടുന്ന നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കം കുറിച്ചിരുന്നു. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതാതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ക്ലിയറൻസ് ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' നിലവിൽ വന്നു. ഈ നിയമപ്രകാരം

50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ സാക്ഷ്യപത്രത്തിൽ പറഞ്ഞിരിക്കുന്ന കാലയളവിലേയ്ക്ക് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ നമ്പർ താൽക്കാലിക കെട്ടിട നമ്പറായി കണക്കാക്കുന്ന തരത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ.-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്.

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ

ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവത്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം എക്സ്റ്റേണൽ

കമ്മിറ്റി ശിപാർശ ചെയ്ത മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കാൻ അതാതു വകുപ്പുകളിലേയ്ക്ക് പ്രത്യേകം റിപ്പോർട്ടുകൾ അയച്ചിട്ടുണ്ട്.

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിക്കുകയും ഈ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ഇതിലേയ്ക്കായി വിവിധയിനം കർമ്മപരിപാടികളും സംഘടിപ്പിച്ചിരുന്നു. ഇതിന്റെയൊക്കെ ശ്രമഫലമായി 8 മാസം കൊണ്ടുതന്നെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുകയെന്ന ലക്ഷ്യം കൈവരിക്കാൻ പദ്ധതിക്ക് കഴിഞ്ഞു.

ഇവ കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക

പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർദ്ധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാമേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ഈ

പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാക്കുവാനും പുതിയ വ്യവസായ നയം മുഖേന കഴിയും. സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് വിവിധ ആനുകൂല്യങ്ങളും വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) നാളിതുവരെയായി ഈ സർക്കാർ നടത്തിയ നിക്ഷേപക സംഗമത്തിലൂടെ എത്ര തുകയുടെ നിക്ഷേപങ്ങൾ സംസ്ഥാനത്ത് പുതുതായി വന്നിട്ടുണ്ട്; നിക്ഷേപകർ, തുക എന്നീ ക്രമത്തിൽ വിശദാംശം വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവെസ്റ്റർ, സമ്മേളനങ്ങൾ, മേഖല തിരിച്ചുള്ള നിക്ഷേപകരുടെ യോഗങ്ങൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. പ്രത്യേക നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടില്ല.

**വ്യവസായ രംഗത്ത് നിർമ്മിതബുദ്ധിയുടെ പ്രയോഗം**

204(619) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട് വ്യവസായരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2023-ലെ കേരള വ്യവസായ നയത്തിലെ ഏഴ് സുപ്രധാന നയസ്തംഭങ്ങളിൽ ഒന്നാണ് ഹൈടെക് സാങ്കേതിക വിദ്യയിലേയ്ക്കുള്ള മാറ്റം. പ്രസ്തുത നയമേഖലയുമായി ബന്ധപ്പെട്ട് നിർമ്മിതബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടുന്ന മേഖല വ്യവസായ നയത്തിലെ 22 മുൻഗണനാ മേഖലകളിൽ ഒന്നായി ഉൾപ്പെടുത്തിയിരിക്കുന്നു. നയത്തിലെ സൺറൈസ് മേഖലകളിൽ ഒന്നാണിത്. ഉൽപാദന സംവിധാനങ്ങളെയും സമ്പദ്‌വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് ഈ മേഖലയ്ക്ക് കഴിവുണ്ട്. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേയ്ക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ നിർമ്മിതബുദ്ധി മേഖലയ്ക്ക് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്നതാണ്. 2023-ലെ കേരള വ്യവസായ നയത്തിൽ ഉൽപാദനമേഖലയിലെ ഇൻഡസ്ട്രി

4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനമായി സോഫ്റ്റ്‌വെയർ (ബിഗ് ഡാറ്റ അനലിറ്റിക് ടൂൾസ്), മെഷീനറി മുതലായവയുടെ വിലയുടെ 20% റീ-ഇംബേഴ്‌സ്‌മെന്റ് (പരമാവധി 25 ലക്ഷം രൂപ വരെ) നൽകുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

വ്യവസായ വിപ്ലവം 4.0-ന് അനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും നിർവ്വഹണ ഏജൻസികൾ, പങ്കാളിത്ത ഉടമകൾ, വ്യവസായ മേഖലയിലെ ഗുണഭോക്താക്കൾ എന്നിവർക്ക് ഒരു മാർഗ്ഗരേഖയായി മേൽസൂചിപ്പിച്ച നയമേഖലകൾ വർത്തിക്കുന്നതാണ്.

വ്യവസായനയത്തിൽ പ്രസ്താവിച്ചിട്ടുള്ള ഇൻസെന്റീവുകൾ/ ആനുകൂല്യങ്ങൾ, നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ/ സംരംഭങ്ങൾ എന്നിവ തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യവസായികൾക്കും വ്യവസ്ഥകൾക്കനുസരിച്ച് ലഭ്യമാകുന്നതാണ്.

നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുന്ന 113 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിർമ്മിതബുദ്ധി ഹബ് തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഒരു നിർമ്മിതബുദ്ധി ഹബ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ ആലോചനയിലുണ്ട്. നിലവിലെ വ്യവസായ നയത്തിൽ, "നിർമ്മിതബുദ്ധി" ഉൾപ്പടെയുള്ള എല്ലാ മുൻഗണനാ മേഖലകൾക്കും പ്രത്യേകം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ "നിർമ്മിതബുദ്ധി" മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുവാനായി ഒരു "അന്താരാഷ്ട്ര എ.ഐ. കോൺക്ലേവ്" നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട് ഉച്ചകോടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

2023-ലെ കേരള വ്യവസായ നയത്തിലെ 22 മുൻഗണനാ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ വിവിധതരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, നിക്ഷേപകരുടെ യോഗങ്ങൾ, ഉച്ചകോടികൾ മുതലായ പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ടി

പദ്ധതികൾ നടപ്പാക്കുന്നതിലൂടെ വ്യവസായികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അത് പരിഹരിക്കുവാനും അവരുമായി നല്ല ബന്ധത്തിൽ ഏർപ്പെടുവാനും അത്യാധുനിക സാങ്കേതികവിദ്യകൾ കേരളത്തിൽ കൊണ്ടുവരാനും പുതിയ നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനും സാധിക്കുന്നതാണ്.

**വ്യവസായിക മേഖലയുടെ സമഗ്ര പുരോഗതി**

205(620) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ച് ഈ സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന തരത്തിൽ മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലും കോൺഫെഡറേഷൻ ഓഫ് ഓർഗാനിക് ഫുഡ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് ഏജൻസികളും സംയുക്തമായാണ് 'കേരളനിക്ഷേപം, വളർച്ച, വികസനം 2018-19 മുതൽ 2022-23 വരെ' എന്ന വിഷയത്തിൽ പഠനം നടത്തിയത്. ഈ റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിക്കുകയുണ്ടായി. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും പ്രത്യക്ഷവും പരോക്ഷവുമായ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കാലയളവിൽ മുടങ്ങിക്കിടന്നിരുന്ന 12,240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാനും സാധിച്ചു.

2021-22 സാമ്പത്തികവർഷത്തിൽ കേരളം 17.3 ശതമാനം വ്യാവസായിക വളർച്ചാനിരക്ക് രേഖപ്പെടുത്തുകയുണ്ടായി. ഇതിൽ ഉൽപാദനമേഖലയുടെ നേട്ടം കൂടുതൽ ശ്രദ്ധേയമാണ്. ഉൽപാദനമേഖലയിൽ

18.9 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തുകയുണ്ടായി. ഇത് ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. ഈ തരത്തിലുള്ള വളർച്ചമൂലം 2021-22-ൽ കേരള സംസ്ഥാനത്തിന് 12 ശതമാനത്തിലധികം സാമ്പത്തിക വളർച്ച നേടാനും സഹായിച്ചു.

(ബി) പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം ഇക്കാലയളവിൽ സംസ്ഥാനത്തേയ്ക്ക് ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഈ നേട്ടം ലക്ഷ്യമിട്ട് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിക്കുകയുണ്ടായി. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (ഇക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയുണ്ടായി.

കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് വഴി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് 3 വർഷം വരെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുവാനുള്ള സംവിധാനംകൊണ്ടുവന്നു. https://www.kswift.kerala.gov.in എന്ന പോർട്ടൽ വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് സംരംഭം തുടങ്ങാം. 19 വകുപ്പുകളുടെ 77 ലൈസൻസുകൾ കെ-സ്വിഫ്റ്റ് വഴി ഓൺലൈനായി അപേക്ഷിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം സജ്ജമാക്കി. ഇതുമൂലം സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുകളിൽപ്പോയി ലൈസൻസിനായി അപേക്ഷിക്കേണ്ട സ്ഥിതി ഒഴിവായി. കൂടാതെ, വലിയ നിക്ഷേപങ്ങൾക്ക് ഏകജാലക ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. 15 കോടി രൂപ വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് ജില്ലാ കളക്ടർ അധ്യക്ഷനായ ഏകജാലക (Single Window Clearance) ലൈസൻസ് സംവിധാനവും 15 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല ഏകജാലക (State Level Single Window Clearance)

ലൈസൻസ് സംവിധാനവും നിലവിൽവന്നു. ഇവയെല്ലാം കൂടുതൽ സംരംഭങ്ങളും നിക്ഷേപവും തൊഴിൽ സാധ്യതകളും കേരളത്തിലെത്തിക്കുവാൻ സഹായകരമായി.

2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിയായിരുന്നു സർക്കാർ നടപ്പാക്കിയത്.

'സംരംഭകവർഷം', 'സംരംഭകവർഷം 2.0' എന്നീ പദ്ധതികളുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെയുള്ള ദിവസത്തെ കാലയളവിൽ, സംസ്ഥാനത്താകെ 216435 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിലൂടെ 13,599 കോടി രൂപയുടെ നിക്ഷേപവും 460633 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

കൂടാതെ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവരുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ചു. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇവർക്ക് ഭൗതിക ലക്ഷ്യവും നൽകിയിരുന്നു.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിരുന്നു.

5. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

6. എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

7. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു.

8. വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി 2023 ജനുവരി മാസത്തിൽ ശില്പശാല നടത്തി.

(സി) വ്യാവസായിക മേഖലയിൽ സർക്കാർ നടപ്പാക്കിയ സംരംഭകവർഷം പദ്ധതി വരുംവർഷങ്ങളിൽ സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കാവുന്ന പുരോഗതി സംബന്ധിച്ച് പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലും കോൺഫെഡറേഷൻ ഓഫ് ഓർഗാനിക് ഫുഡ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് ഏജൻസികളും സംയുക്തമായി 2018-19 മുതൽ 2022-23 വരെ 'കേരള നിക്ഷേപം, വളർച്ച, വികസനം' എന്നീ വിഷയങ്ങളിലാണ് പഠനം നടത്തിയത്. പ്രസ്തുത റിപ്പോർട്ടിൽ 2022-23 സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ച സംരംഭങ്ങളുടെ കണക്കും അതുവഴി നിലവിൽവന്ന നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവയുമാണ് പഠന വിധേയമാക്കിയിട്ടുള്ളത്. റിപ്പോർട്ട് പ്രകാരം സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 1.34 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അതുവഴി 8110 കോടി രൂപയുടെ നിക്ഷേപവും 2.87 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിച്ചു. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും പ്രത്യക്ഷവും പരോക്ഷവുമായ 5 ലക്ഷം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കാലയളവിൽ, മുടങ്ങിക്കിടന്നിരുന്ന 12240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാനും സാധിച്ചു.

**പുതുവൈപ്പിനിലും മുനമ്പത്തുമുള്ള വ്യവസായ നിർമ്മാണ പ്രവർത്തനങ്ങൾ**

206(621) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പിനിലും മുനമ്പത്തും മെഗാഫുഡ് പാർക്കിന്റെ ഭാഗമായി അനുമതി ലഭിച്ച 11 കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പിനിൽ കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തലയിലുള്ള മെഗാഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മിക്കുന്ന പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലുള്ള കരാറുകാരൻ 40% നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷം 15-09-2023-ൽ കരാറിൽനിന്നും പിന്മാറുകയും കരാർ റദ്ദുചെയ്തുകൊണ്ടുള്ള എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ബാക്കി പൂർത്തീകരിക്കേണ്ട

നിർമ്മാണപ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് 7 കോടി രൂപയ്ക്ക് തയ്യാറാക്കിക്കഴിഞ്ഞു. ഈ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി മാർച്ച് 2024-ൽ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. പദ്ധതിയുടെ നിർമ്മാണം ഡിസംബർ 2024-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തലയിലുള്ള മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പം ഹാർബറിൽ 75 സെന്റ് ഭൂമിയിൽ ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ് ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ, മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭ്യമായിട്ടില്ല. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നിലവിൽ മെഗാ ഫുഡ് പാർക്ക് പദ്ധതികൾ നിർത്തലാക്കിയതിനാൽ നിർമ്മാണത്തിലുള്ള മെഗാ ഫുഡ് പാർക്കുകൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. അതിനാൽ പദ്ധതിക്കായി അനുവദിച്ച 50 കോടി രൂപ ഗ്രാന്റിൽ ബാക്കി ലഭിക്കേണ്ട തുക

നഷ്ടപ്പെടാതിരിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം മുനമ്പം പദ്ധതിക്ക് പകരമായി നിലവിൽ നിർമ്മാണത്തിലിരിക്കുന്ന മറ്റ് രണ്ട് പ്രാഥമിക മത്സ്യസംസ്കരണശാലകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ച് 2024-ൽ കെ.എസ്.ഐ.ഡി.സി. മെഗാ ഫുഡ് പാർക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പുതുവൈപ്പിനിൽ പാതിവഴിയിൽ നിലച്ചിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാനും പൂർത്തിയാക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പുതുവൈപ്പിനിൽ നിർമ്മിക്കുന്ന പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ ഇനി പൂർത്തീകരിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് 7 കോടി രൂപയ്ക്ക് തയ്യാറാക്കിക്കഴിഞ്ഞു. ഈ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി മാർച്ച് 2024-ൽ ടെൻഡർ നടപടികൾ ആരംഭിക്കും. പദ്ധതിയുടെ നിർമ്മാണം ഡിസംബർ 2024-ൽ പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) മുനമ്പത്ത് മെഗാ ഫുഡ് പാർക്കിന്റെ പദ്ധതിക്കായി 75 സെന്റ് സ്ഥലം പാട്ടത്തിന് അനുവദിക്കുന്നതിനായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തലയിലുള്ള മെഗാഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പം ഹാർബറിൽ 75 സെന്റ് ഭൂമിയിൽ ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ് ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

**ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയം**

207(622) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വഞ്ചി ക്ലേ മൈൻസിന്റെ ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വ്യവസായ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനായി വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ സിഡ്ബി ക്ലസ്റ്റർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഡി.പി.ആർ. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്.

## വ്യവസായരംഗത്തുണ്ടായ മുന്നേറ്റങ്ങൾ

208(623) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായരംഗത്തുണ്ടായ പ്രധാന മുന്നേറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലകളിൽ സംസ്ഥാനത്താകെ 233079 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 15,294 കോടി രൂപയുടെ നിക്ഷേപവും 518168 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

വ്യവസായ വകുപ്പുവഴി നടപ്പിലാക്കിയ സുപ്രധാന പദ്ധതിയായിരുന്നു 'സംരംഭക വർഷം' പദ്ധതി. 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്താകെ 218676 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ,

13,842 കോടി രൂപയുടെ നിക്ഷേപവും 465176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

'സംരംഭക വർഷം' പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.

വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സണുകളെ നിയമിക്കുകയും ചെയ്തു.

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ

പ്ലാറ്റ്ഫോമുകളിലേയ്ക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി (ONDC) എം.ഒ.യു. ഒപ്പുവച്ചു. ഒ.എൻ.ഡി.സി. നെറ്റ്‌വർക്കിലേയ്ക്ക് പ്രോഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നൽകിവരുന്നു.

സംസ്ഥാനത്തെ ഭൗമസൂചിക (ജി.ഐ.) ലഭിച്ചിട്ടുള്ള വിവിധ ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഒരു ക്യാമ്പയിൻ നടത്തുകയുണ്ടായി.

2023-24 സാമ്പത്തിക വർഷത്തിൽ എം.എസ്.എം.ഇ. മേഖലയ്ക്കായി സുസ്ഥിരത പദ്ധതി നടപ്പിലാക്കുന്നുണ്ട്. 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക,

സംസ്ഥാനത്തെ പുതിയ എം.എസ്.എം.ഇ.-കളിൽ കുറഞ്ഞത് 70% എങ്കിലും വിജയകരമായി പ്രവർത്തിക്കുമെന്ന് ഉറപ്പാക്കുക, സംസ്ഥാനത്തെ പുതിയ എം.എസ്.എം.ഇ.-കളുടെ വിറ്റുവരവിൽ 5% വളർച്ചാനിരക്ക് ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഹ്രസ്വകാല പ്രവർത്തനങ്ങളും ദീർഘകാല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിര വളർച്ച കൈവരിക്കുകയെന്ന ഉദ്ദേശ്യത്തോടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ, വ്യവസായ-വാണിജ്യ വകുപ്പ് എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 എം.എസ്.എം.ഇ.-കളെ നാലുവർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ മിഷൻ 1000 പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ, അന്തർദേശീയ വിപണികൾ

കണ്ടെത്തുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

സംരംഭങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി നടപ്പിലാക്കി.

സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ടി പദ്ധതിപ്രകാരം 16 വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി.

വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റും നടപടികൾ ലളിതമാക്കുന്നതിനായി 2023-ൽ പുതിയ ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് റൂൾ കൊണ്ടുവന്നു.

സംസ്ഥാനത്തെ വ്യവസായ മേഖലയുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്കും ഊന്നൽ നൽകി വ്യവസായ നയം 2023 രൂപീകരിച്ചു.

391 യൂണിറ്റുകൾക്ക് കെ.എസ്.ഐ.ഡി.സി.-ൽനിന്നും 1236 കോടി രൂപയുടെ വായ്പാസഹായം ലഭ്യമാക്കിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിൽ 30 വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിക്കുകയും അതുവഴി വ്യവസായ മേഖലയിൽ ഏകദേശം 9 കോടിയിൽപ്പരം നിക്ഷേപവും 246 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

(ബി) പാലക്കാട് ജില്ലയിൽ പ്രഖ്യാപിച്ച പ്രധാന പദ്ധതികൾ ഏതെല്ലാമെന്നും അവ ഏത് ഘട്ടം വരെയായെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ താഴെച്ചേർക്കുന്നു.

20327 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചതിലൂടെ 1298.75 കോടി രൂപയുടെ നിക്ഷേപവും 47846 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിൽ കോരയാർ പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 95 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഏരിയയിൽ എസ്റ്റേറ്റ് ഓഫീസർമാരുടെ കെട്ടിട നിർമ്മാണത്തിനായി 27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്; നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. റോഡ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിനായി 2023-24 സാമ്പത്തിക വർഷത്തിൽ 712 ലക്ഷം രൂപ അനുവദിക്കുകയും ഫണ്ട് പൊതുമരാമത്ത് വിഭാഗത്തിന് കൈമാറി നൽകിയിട്ടുമുണ്ട്.

പുതുശ്ശേരി ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിൽ എസ്റ്റേറ്റ് ഓഫീസർമാരുടെ കെട്ടിട നിർമ്മാണത്തിനായി 27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്; നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പുതുശ്ശേരിയിൽ ബഹുനില സമുച്ചയത്തിനായി (ഗാല) 7.5 കോടി രൂപ അനുവദിക്കുകയും അതിൽ 1.5 കോടി രൂപ സിഡ്കോയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. റോഡ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിനായി 2023-24 സാമ്പത്തിക

വർഷത്തിൽ 614 ലക്ഷം രൂപ അനുവദിക്കുകയും ഫണ്ട് പൊതുമരാമത്ത് വിഭാഗത്തിന് കൈമാറി നൽകിയിട്ടുമുണ്ട്.

കപ്പൂർ ഡെവലപ്മെന്റ് പ്ലോട്ടിൽ എസ്റ്റേറ്റ് ഓഫീസർമാരുടെ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ 27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്; നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൊപ്പം ഡെവലപ്മെന്റ് പ്ലോട്ടിൽ എസ്റ്റേറ്റ് ഓഫീസർമാരുടെ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ 27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്; നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിവരുന്നു.

ഷൊർണ്ണൂർ ഡെവലപ്മെന്റ് പ്ലോട്ടിൽ ട്രാൻസ്ഫോർമർ നിർമ്മാണത്തിനായി 14.54 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എസ്റ്റേറ്റ് ഓഫീസർമാരുടെ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ 27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു. ഷൊർണ്ണൂരിൽ ബഹുനില സമുച്ചയത്തിനായി (ഗാല) 2017-18 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ M/s. HLL Life Care എന്ന

സ്ഥാപനത്തിന് കൈമാറുകയും ആയതിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചിട്ടുമുണ്ട്. മേൽ പ്രോജക്ടിന്റെ 36.71 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. കൊച്ചി ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ

2.ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, പാലക്കാട് - നോഡ് 1

3. റൈസ് പാർക്ക്, പാലക്കാട്

**സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായങ്ങൾ**

209(624) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സർക്കാർ ലഭ്യമാക്കുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

കേരളത്തിൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)

സംരംഭക സഹായ പദ്ധതിപ്രകാരം ഉൽപാദന മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ (പരമാവധി 40 ലക്ഷം രൂപ) നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു.

പ്രാരംഭ സഹായം (Start-up Support), നിക്ഷേപ സഹായം (Investment Support), സാങ്കേതികവിദ്യാ സഹായം (Technical Support) എന്നീ മൂന്ന് ഘട്ടങ്ങളായിട്ടാണ് സഹായം നൽകുന്നത്.

അർഹതാ മാനദണ്ഡം

എം.എസ്.എം.ഇ. ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, കേരളത്തിൽ പ്രവർത്തിക്കുന്ന, പദ്ധതി മാർഗ്ഗനിർദേശത്തിൽ പറഞ്ഞിരിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത, ഉൽപാദന മേഖലയിലെ

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. യൂണിറ്റ് ഉൽപാദനം ആരംഭിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിപുലീകരണ/വൈവിധ്യവത്കരണ/ ആധുനികവത്കരണ പ്രവർത്തനം നടത്തുന്ന യൂണിറ്റുകൾക്കും ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരമുള്ള യൂണിറ്റുകൾ നിശ്ചിത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടത്തേണ്ടതും വിപുലീകരണ/വൈവിധ്യവത്കരണ/ ആധുനികവത്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

വിപുലീകരണ/വൈവിധ്യവത്കരണ/ആധുനികവത്കരണത്തിനുശേഷം പ്ലാന്റ്, മെഷിനറിയിൽ 25 ശതമാനം വർദ്ധനവ് ഉണ്ടാകേണ്ടതും വിപുലീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന യൂണിറ്റുകൾക്ക് സ്ഥാപിത കപ്പാസിറ്റിയിൽ 25 ശതമാനം വർദ്ധനവ് ഉണ്ടാകേണ്ടതുമാണ്.

2. <u>നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ്</u>

ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ളതും ഉൽപാദന മേഖല, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു.

<u>അർഹതാ മാനദണ്ഡം</u>

ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള ഉൽപാദന മേഖലയിലും ജോബ് വർക്ക്/മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖലയിലും ബാങ്ക് വായ്പയെടുത്ത് പുതുതായി ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്കാണ് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.

3. <u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u>

ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതിവഴി വിഭാവനം ചെയ്യുന്നത്.

അർഹതാ മാനദണ്ഡം

01-04-2022-നുശേഷം ഉൽപാദന, സേവന, വ്യാപാര മേഖലയിൽ ബാങ്ക് ലോൺ എടുത്ത് പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം അപേക്ഷിക്കുവാൻ യോഗ്യതയുള്ളത്. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുന്നത്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് സ്ഥാപനം പ്രവർത്തനനിരതമായിരിക്കണം. ആനുകൂല്യത്തിന് അപേക്ഷിക്കുന്ന കാലയളവിൽ ബാങ്ക് ലോൺ എൻ.പി.എ. ആകാൻ പാടില്ല. അപേക്ഷിക്കുന്ന യൂണിറ്റുകൾ ഉദ്യം രജിസ്ട്രേഷൻ എടുത്തിരിക്കണം. മറ്റ് പദ്ധതികൾപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ല.

4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

ഉൽപാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

അർഹതാ മാനദണ്ഡം

ഉൽപാദന മേഖലയിലുള്ള നൂതന ആശയങ്ങൾ സമർപ്പിക്കുന്ന പുതിയ സ്റ്റാർട്ടപ്പുകൾക്കാണ് ഈ പദ്ധതിപ്രകാരം അപേക്ഷിക്കുന്നതിന് യോഗ്യതയുള്ളത്. ജില്ലാ തലത്തിലുള്ള പ്രോജക്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിച്ച ആശയങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നത്.

5. കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ):

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു.

താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടെ, ഓൺലൈനായോ നേരിട്ടോ (ജില്ലാ വ്യവസായ കേന്ദ്രം മുഖേന) അപേക്ഷ സമർപ്പിക്കാം.

- തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

- ഒന്നിലധികം പേർ ചേർന്ന് തുടങ്ങുന്ന യൂണിറ്റുകൾക്ക് അവരുടെ യോഗ തീരുമാനത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ഉദ്യം രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ്.
- പ്രോജക്ട് റിപ്പോർട്ടിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

6. പി.എം. വിശ്വകർമ്മ പദ്ധതി:

വിശ്വകർമ്മ സമൂഹത്തിനെയും സമാനമായ ചില തൊഴിൽ മേഖലകളെയും കാലഘട്ടത്തിനനുസരിച്ച് സാമ്പത്തിക പിന്തുണയും അവർക്കാവശ്യമായ പരിശീലനവും നൽകിക്കൊണ്ട് അവരുടെ ബിസിനസ്സ് വളർത്തിയെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് പി.എം. വിശ്വകർമ്മ യോജന. ഈ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയുന്ന തൊഴിൽ വിഭാഗങ്ങൾ

1. ആശാരിമാർ
2. സ്വർണ്ണപ്പണിക്കാർ
3. കൽപ്പണിക്കാർ
4. ഇരുമ്പുപണിക്കാർ
5. ശിൽപ്പിമാർ (കരിങ്കല്ലിൽ ചിത്രപ്പണികൾ ചെയ്യുന്നവർ)
6. ബോട്ട് പണിയുന്നവർ

7. തയ്യൽക്കാർ

8. മീൻവല നിർമ്മിക്കുന്നവർ

9. മൺപാത്രം നിർമ്മിക്കുന്ന കുശവൻമാർ

10. ബാർബർമാർ

11. അലക്കുകാർ

12. കൊട്ട, പായ, ചൂല്, കയർ എന്നിവ ഉണ്ടാക്കുന്ന ജോലിക്കാർ

13. പരമ്പരാഗതമായി പാവകൾ ഉണ്ടാക്കുന്നവർ

14. മാല നിർമ്മിക്കുന്നവർ

15. തുകൽ/പാദരക്ഷാ/ലാടൻ ജോലിക്കാർ തുടർങ്ങിയവർക്കെല്ലാം ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്.

<u>ഈ പദ്ധതിയിൽ രജിസ്റ്റർ ചെയുന്നവർക്ക് ലഭ്യമാകുന്ന ഗുണങ്ങൾ</u>

1. സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ലഭിക്കുന്നു
2. ട്രെയിനിംഗ്
3. ട്രെയിനിംഗ് സമയത്ത് ദിവസം 500 രൂപ സ്റ്റൈപ്പന്റ്
4. ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് 15,000 രൂപ ടൂൾസ് വാങ്ങുന്നതിന് അഡ്വാൻസ്
5. പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു ലക്ഷം രൂപ 5% പലിശ നിരക്കിൽ വായ്പ ആദ്യഘട്ടത്തിൽ
6. രണ്ടാം ഘട്ടത്തിൽ 2 ലക്ഷം രൂപ വായ്പ 5% പലിശയ്ക്ക്.

ആർക്കൊക്കെ ഈ പദ്ധതിയിൽ അംഗങ്ങളാകാം:

1. മേൽപ്പറഞ്ഞ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരോ വ്യാപാരം നടത്തുന്നവരോ ആയിരിക്കണം;
2. അപേക്ഷകന്/അപേക്ഷകയ്ക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം;
3. രജിസ്ട്രേഷൻ സമയത്ത് അപേക്ഷകൻ/അപേക്ഷക പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തി ആയിരിക്കണം;
4. രജിസ്റ്റർ ചെയ്യുന്ന വ്യക്തി 5 വർഷത്തിനുള്ളിൽ തൊഴിൽപരമായ വായ്പയെടുത്ത വ്യക്തി ആയിരിക്കരുത്;
5. ഒരു റേഷൻ കാർഡിൽനിന്ന് ഒരാൾക്ക് രജിസ്ട്രേഷൻ;
6. സർക്കാർ സർവ്വീസിലുള്ളവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ രജിസ്റ്റർ ചെയ്യാൻ സാധ്യമല്ല.

രജിസ്ട്രേഷന് ആവശ്യമായ രേഖകൾ:

1. ആധാർ നമ്പർ
2. ആധാറുമായി ബന്ധിപ്പിച്ച മോബൈൽ നമ്പർ
3. ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ
4. റേഷൻ കാർഡ് നമ്പർ
5. കാസ്റ്റ് സർട്ടിഫിക്കറ്റ്

7. PMFME (Prime Minister's Formalization of Micro Food Processing Enterprises) പദ്ധതി

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minister's Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. പ്രസ്തുത പദ്ധതിപ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെപ്പറയുന്നു.

വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി - പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി, പരിധി 10 ലക്ഷം രൂപ.

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ് - പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി.

സ്വയംസഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) - പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ

സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതിപ്രകാരം നൽകും.

വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും - ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35% പരമാവധി തുക 10 ലക്ഷം രൂപ

പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം - എഫ്.പി.ഒ.-കൾ, സ്വാശ്രയസംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം - എഫ്.പി.ഒ.-കൾ/സ്വാശ്രയസംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ എസ്.പി.വി. എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50 ശതമാനമാണ് പരമാവധി സഹായം.

8. <u>പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)</u>

തൊഴിലും ഉൽപാദനവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽമുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനാ വിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി., ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയവർ) | 5% | 95% | 25% | 35% |

9. <u>സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി</u>

വ്യവസായ വളർച്ചയ്ക്കനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകുവാനും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗികതലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നതാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പറിന്, ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് റീ-ഇംബേഴ്സ്മെന്റായിട്ടാണ് തുക അനുവദിക്കുന്നത്.

10. <u>വി-മിഷൻ പദ്ധതി</u>

സംസ്ഥാനത്തെ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകർക്ക് വായ്പാസഹായം നൽകിവരുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി-മിഷൻ. നിലവിലുള്ള സംരംഭത്തിന്റെ വിപുലീകരണം, ആധുനികവൽക്കരണം, സർട്ടിഫിക്കേഷൻ, അക്രഡിറ്റേഷൻ, അനുബന്ധ വൈവിധ്യവൽക്കരണം മുതലായവയ്ക്കാണ് വായ്പാസഹായം നൽകിവരുന്നത്. ഈ പദ്ധതിപ്രകാരം നിലവിൽ പത്തുലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള സ്ത്രീ സംരംഭങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപവരെ 7.5% പലിശ നിരക്കിൽ ആറ് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

11. <u>സ്കെയിൽ അപ്പ് സപ്പോർട്ട്</u>

തങ്ങളുടെ ഉൽപന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു.

ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപ വരെ നിലവിൽ 7% പലിശനിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

12. സീഡ് ഫണ്ട് അസിസ്റ്റന്റ്

കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ഇരുപത്തിയഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിന് ഇരുപത്തിയഞ്ചുലക്ഷം രൂപവരെ, നിലവിൽ 6.75% പലിശ നിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

**പുതിയ സംരംഭകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

210(625) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായി വ്യവസായ വകുപ്പ് നൽകിവരുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; സബ്സിഡി നിരക്ക് എത്രയാണ്; വിശദാംശം നൽകാമോ;

(ബി) സബ്സിഡി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വിശദമാക്കുമോ?

(എ&ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായി വ്യവസായ വകുപ്പുവഴി സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്ന വിവിധ പദ്ധതികളും അവയുടെ മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാശങ്ങളും ചുവടെ ചേർക്കുന്നു.

1. <u>സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)</u>

സംരംഭക സഹായ പദ്ധതിപ്രകാരം ഉൽപാദന മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ (പരമാവധി 40 ലക്ഷം രൂപ) നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു.

എം.എസ്.എം.ഇ.ഡി. ആക്റ്റ്, 2006 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും കേരളത്തിൽ പ്രവർത്തിക്കുന്നതും പദ്ധതി മാർഗ്ഗനിർദേശത്തിൽ പറഞ്ഞിരിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ഉൽപാദന

മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. യൂണിറ്റ് ഉൽപാദനം ആരംഭിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രാരംഭ സഹായം (Start-up Support), നിക്ഷേപ സഹായം (Investment Support), സാങ്കേതികവിദ്യാ സഹായം (Technical Support) എന്നീ മൂന്ന് ഘട്ടങ്ങളായിട്ടാണ് സഹായം നൽകുന്നത്.

i) <u>പ്രാരംഭ സഹായം (Start-up Support)</u>

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% (പരമാവധി മൂന്ന് ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപായി ധനസഹായം നൽകുന്നു.

ii) <u>നിക്ഷേപ സഹായം (Investment Support)</u>

സ്ഥിരനിക്ഷേപങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.

| ക്രമ നം. | വിഭാഗം | സഹായം |
|---|---|---|
| 1 | ജനറൽ | 15% (പരമാവധി 30 ലക്ഷം രൂപ) |

| | | |
|---|---|---|
| 2 | വനിത/എസ്.സി./എസ്.ടി/ യുവസംരംഭകർ/എൻ.ആർ.കെ. | 25% (പരമാവധി 40 ലക്ഷം രൂപ) |
| 3 | മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു. |
| 4 | ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു. |

iii) സാങ്കേതികവിദ്യാ സഹായം (Technical Support)

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% അധിക സബ്സിഡി നൽകുന്നു. (പരമാവധി 10 ലക്ഷം രൂപ)

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ളതും ഉൽപാദന മേഖല, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതിപ്രകാരം ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ്, ആകെ പ്രോജക്ട് ചെലവിന്റെ 30

ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമായിരിക്കും. എസ്.സി./എസ്.ടി./വനിതകൾ/ വിമുക്ത ഭടന്മാർ/40 വയസ്സ് വരെയുള്ള യുവസംരംഭകർ/അംഗപരിമിതർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ്, ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവുമായിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. ലോൺ മുഖാന്തരം 01-04-2022-നശേഷം ഉൽപാദന, സേവന, വ്യാപാര മേഖലകളിൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് ലോണിൽ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 4 ശതമാനം

അധികരിച്ചുള്ള പലിശയിൽ 6 ശതമാനം വരെ ഇളവ് (interest subvention) ഈ പദ്ധതിവഴി നൽകുന്നു. സ്ഥിര മൂലധന വായ്പ മാത്രമായോ പ്രവർത്തന മൂലധന വായ്പ മാത്രമായോ ഇവ സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതിപ്രകാരം പലിശയിളവ് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ ഈ പദ്ധതിപ്രകാരം സബ്സിഡി ലഭിക്കുന്നു.

4. <u>മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി</u>

ഉൽപാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിപ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75 ശതമാനം (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നു. മൂന്നുഘട്ടങ്ങളായാണ് ആനുകൂല്യം നൽകുന്നത്. ആദ്യഘട്ടമായി സ്റ്റാർട്ടപ്പ് ആശയം ഡെവലപ് ചെയ്തതിനുശേഷം പ്രോജക്ടിന്റെ 30 ശതമാനം നൽകുന്നു. രണ്ടാംഘട്ടമായി പ്രോട്ടോടൈപ്പ് ഡെവലപ്മെന്റ്

ചെയ്തതിനുശേഷം പ്രോജക്ടിന്റെ 50 ശതമാനം നൽകുന്നു. മൂന്നാംഘട്ടമായി വ്യവസായടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചശേഷം അവശേഷിക്കുന്ന 20 ശതമാനം നൽകുന്നു. ഉൽപാദന മേഖലയിലുള്ള, നൂതന ആശയങ്ങൾ സമർപ്പിക്കുന്ന പുതിയ സ്റ്റാർട്ടപ്പുകൾക്കാണ് ഈ പദ്ധതിപ്രകാരം അപേക്ഷിക്കുന്നതിന് യോഗ്യതയുള്ളത്. ജില്ലാതലത്തിലുള്ള പ്രോജക്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിച്ച ആശയങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതയുള്ളത്.

5. <u>കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)</u>

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ എം.എസ്.എം.ഇ.

മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക്;

I. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40 ശതമാനവും (പരമാവധി 3 ലക്ഷം രൂപ) ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40 ശതമാനവും (പരമാവധി 2 ലക്ഷം രൂപ), അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപവരെ പൊതുവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.

II. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50 ശതമാനവും (പരമാവധി 4.5 ലക്ഷം രൂപ) ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50 ശതമാനവും (പരമാവധി 3 ലക്ഷം രൂപ), അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/യുവതീയുവാക്കൾ/

ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്നു.

താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടെ, ഓൺലൈനായോ നേരിട്ടോ (ജില്ലാ വ്യവസായ കേന്ദ്രം മുഖേന) അപേക്ഷ സമർപ്പിക്കാം.

- തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ഒന്നിലധികം പേർ ചേർന്ന് തുടങ്ങുന്ന യൂണിറ്റുകൾക്ക് അവരുടെ യോഗ തീരുമാനത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ഉദ്യം രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ്.
- പ്രോജക്ട് റിപ്പോർട്ടിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

6. <u>പി. എം. വിശ്വകർമ്മ പദ്ധതി</u>

വിശ്വകർമ്മ സമൂഹത്തിനും സമാനമായ ചില തൊഴിൽ മേഖലകൾക്കും കാലഘട്ടത്തിനനുസൃതമായി സാമ്പത്തിക പിന്തുണയും അവർക്കാവശ്യമായ പരിശീലനവും നൽകിക്കൊണ്ട് അവരുടെ ബിസിനസ്സ് വളർത്തിയെടുക്കാൻ

ആവിഷ്ക്കരിച്ച പദ്ധതിയാണ് പി.എം. വിശ്വകർമ്മ യോജന. ഈ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയുന്ന തൊഴിൽ വിഭാഗങ്ങൾ,

1. ആശാരിമാർ
2. സ്വർണ്ണപ്പണിക്കാർ
3. കൽപ്പണിക്കാർ
4. ഇരുമ്പ് പണിക്കാർ
5. ശിൽപ്പിമാർ (കരിങ്കല്ലിൽ ചിത്രപ്പണികൾ ചെയ്യുന്നവർ)
6. ബോട്ട് പണിയുന്നവർ
7. തയ്യൽക്കാർ
8. മീൻവല നിർമ്മിക്കുന്നവർ
9. മൺപാത്രം നിർമ്മിക്കുന്ന കുശവൻമാർ
10. ബാർബർമാർ
11. അലക്കുകാരൻ
12. കൊട്ട, പായ, ചൂല്, കയർ എന്നിവ ഉണ്ടാക്കുന്ന ജോലിക്കാർ
13. പരമ്പരാഗതമായി പാവകൾ ഉണ്ടാക്കുന്നവർ
14. മാല നിർമ്മിക്കുന്നവർ
15. തുകൽ/പാദരക്ഷ/ലാടൻ ജോലിക്കാർ

<u>ഈ പദ്ധതിയിൽ രജിസ്റ്റർ ചെയുന്നവർക്ക് ലഭ്യമാകുന്ന ഗുണങ്ങൾ</u>

1. സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ലഭിക്കുന്നു
2. ട്രെയിനിംഗ്

3. ട്രെയിനിംഗ് സമയത്ത് ദിവസം 500 രൂപ സ്റ്റൈപ്പന്റ്

4. ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് 15,000 രൂപ ടൂൾസ് വാങ്ങുന്നതിന് അഡ്വാൻസ്

5. പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു ലക്ഷം രൂപ 5 % പലിശ നിരക്കിൽ വായ്പ ആദ്യഘട്ടത്തിൽ

6. രണ്ടാം ഘട്ടത്തിൽ 2 ലക്ഷം രൂപ വായ്പ 5 % പലിശയ്ക്ക്.

<u>ആർക്കൊക്കെ ഈ പദ്ധതിയിൽ അംഗങ്ങളാകാം</u>

1. മേൽപ്പറഞ്ഞ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരോ വ്യാപാരം നടത്തുന്നവരോ ആയിരിക്കണം;
2. അപേക്ഷകൻ/അപേക്ഷകയ്ക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം;
3. രജിസ്ട്രേഷൻ സമയത്ത് അപേക്ഷകൻ/അപേക്ഷക പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കണം;
4. രജിസ്റ്റർ ചെയ്യുന്ന വ്യക്തി 5 വർഷത്തിനുള്ളിൽ തൊഴിൽപരമായ വായ്പയെടുത്ത ആൾ ആയിരിക്കരുത്;
5. ഒരു റേഷൻ കാർഡിൽനിന്ന് ഒരാൾക്ക് രജിസ്ട്രേഷൻ;
6. സർക്കാർ സർവ്വീസിലുള്ളവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ രജിസ്റ്റർ ചെയ്യാൻ സാധ്യമല്ല.

<u>രജിസ്ട്രേഷന് ആവശ്യമായ രേഖകൾ</u>

1. ആധാർ നമ്പർ
2. ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ
3. ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ
4. റേഷൻ കാർഡ് നമ്പർ

5. ജാതി സർട്ടിഫിക്കറ്റ്

കൂടുതൽ വിവരങ്ങൾക്ക് CSC/അക്ഷയ ഇ-കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

7. PMFME (Prime Minister's Formalization of Micro Food Processing Enterprises) പദ്ധതി

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minister's Formalization of Micro Food Processing Enterprises) പദ്ധതിവഴി, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% (പരമാവധി 10 ലക്ഷം രൂപ) വരെയാണ് സബ്സിഡി. പ്രസ്തുത പദ്ധതിപ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും നൽകിവരുന്നു.

- വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി - പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% (പരമാവധി 10 ലക്ഷം രൂപ).

- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവ്സ്- പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി
- സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ)-പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ വരെ.
- വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും-ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് 35%, പരമാവധി തുക 10 ലക്ഷം രൂപ.
- പൊതു ഇൻഫ്രാസ്ട്രക്ച്ചറിനുള്ള സഹായം-എഫ്.പി.ഒ.-കൾ, സ്വാശ്രയസംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ്, പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

- ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം- എഫ്.പി.ഒ.-കൾ/സ്വാശ്രയസംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ എസ്.പി.വി. എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50 ശതമാനമാണ് പരമാവധി സഹായം.

8. <u>പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)</u>

തൊഴിലും ഉൽപാദനവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

| ഗുണഭോക്താവിന്റെവിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനാ വിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി., ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയവർ) | 5% | 95% | 25% | 23% |

- കൂടാതെ സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്കാവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭകർക്കുള്ള ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ എന്നിവ വ്യവസായ വകുപ്പ് നടത്തിവരുന്നു. സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങളും നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന

എല്ലാ വർഷവും ജില്ലാ/താലൂക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ സംരംഭക വികസന പരിപാടികൾ, സംരംഭക ബോധവത്കരണ പരിപാടികൾ എന്നിവയും നടത്തിവരുന്നു. പ്രസ്തുത പരിശീലന പരിപാടികൾ ഇവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകളുടെ നവീകരണം**

211(626) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പ്രധാന വ്യവസായ കേന്ദ്രമായ കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകളുടെ നവീകരണത്തിന് വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കഞ്ചിക്കോട് വ്യവസായ മേഖലയിലെ ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ, പുതുശ്ശേരി വ്യവസായ വികസന ഏരിയ എന്നിവിടങ്ങളിലെ റോഡ് നവീകരണത്തിനായി യഥാക്രമം 7.12 കോടി

രൂപയും 6.14 കോടി രൂപയും അനുവദിച്ചിട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്.

**അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

212(627) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 വർഷത്തെ ബഡ്ജറ്റിൽ അരൂർ നിയോജകമണ്ഡലത്തിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനും മലിനീകരണ പ്ലാന്റിനുംവേണ്ടി അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനും മലിനീകരണ പ്ലാന്റിനും മാത്രമായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2023-24-ലെ ബഡ്ജറ്റിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ നവീകരണത്തിന് വിഭാവനം ചെയ്തിട്ടുള്ള Improving

Infrastructure in Existing DA/DP Scheme-ൽ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അരൂർ വ്യവസായ-വികസന ഏരിയയിൽ കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 100 സെന്റ് സ്ഥലം വ്യവസായ വാണിജ്യ വകുപ്പ് അനുവദിക്കാൻ തീരുമാനിച്ചിരുന്നു. അതിലേയ്ക്കായി മെ. ജിസ് ഇന്റർനാഷണൽ (പ്രൈ) ലിമിറ്റഡിന് യൂണിറ്റ് തുടങ്ങുന്നതിനായി അനുവദിച്ചിരുന്ന 185 സെന്റ് സ്ഥലത്തിൽനിന്നും 100 സെന്റ് സ്ഥലം തിരിച്ചെടുത്തിരുന്നു. സ്ഥലം തിരിച്ചെടുത്തതിനെതിരെ സ്ഥാപനമുടമയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ നേടാനായതിനാൽ ഈ പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല.

**പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്**

213(628) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ടേക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ലഭിച്ച 2 ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് ടി എസ്റ്റേറ്റിലേയ്ക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനായി RFCTLARR ആക്ട് 2013 പ്രകാരം 9.73 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രവേശനപാതയുടെ വീതി കൂട്ടുന്നതിനാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിന് 19(1)-ാം വകുപ്പുപ്രകാരമുള്ള പ്രഖ്യാപനം 10-04-2024-ന് മുൻപ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. അതിലേയ്ക്ക്

നഷ്ടപരിഹാര തുകയായ 41,18,125/- രൂപ സംഘം അടയ്ക്കേണ്ടതുണ്ട്. ആയത് അടച്ചിട്ടില്ല.

(ബി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നഷ്ടപരിഹാര തുകയായ 41,18,125/- രൂപ സംഘംതന്നെ അടച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**മിഷൻ 1000 പദ്ധതിവഴി നൽകുന്ന ആനുകൂല്യങ്ങൾ**

214(629) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 1000 പദ്ധതിയിൽ എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ്

കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ, "മിഷൻ 1000" വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.

2024 ജനുവരി 25 വരെയുള്ള കണക്കുപ്രകാരം 552 അപേക്ഷകൾ മിഷൻ 1000 പോർട്ടലിൽ രജിസ്റ്റർ 0000 ചെയ്തിട്ടുണ്ട്. ഈ അപേക്ഷകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. അനുബന്ധരേഖകളിലെ പൊരുത്തക്കേടുകൾ കാരണം അവയിൽ ചില അപേക്ഷകൾ നിരസിക്കുകയും ചില രേഖകളിലെ കൃത്യത ഉറപ്പുവരുത്തുവാൻവേണ്ടി അപേക്ഷകന് തിരിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

2023 ഡിസംബർ 21-ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ (എസ്.എൽ.എ.സി.) മുമ്പാകെ കൃത്യമായ പരിശോധനകൾക്കുശേഷം 152 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ ആദ്യബാച്ച് സംരംഭങ്ങളെ തിരഞ്ഞെടുക്കാൻവേണ്ടി സമർപ്പിക്കുകയും അതിൽ 60 മാർക്കോ അതിന്

മുകളിൽ മാർക്കോ ലഭിച്ച 88 സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

(ബി) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതാണ്:

1. മൂലധന നിക്ഷേപ സബ്സിഡി 40% (പരമാവധി 2 കോടി രൂപ വരെ)

2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (പരമാവധി 50 ലക്ഷം രൂപ വരെ)

3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ)

4. തിരഞ്ഞെടുത്ത ഓരോ സംരംഭത്തിനും വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പിൽനിന്നുമുള്ള ഒരു ഉദ്യോഗസ്ഥന്റെ മാർഗ്ഗനിർദേശം.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

215(630) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ 741 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | സംരംഭങ്ങളുടെ എണ്ണം |
|---|---|---|
| 1 | അമ്പൂരി | 74 |
| 2 | കള്ളിക്കാട് | 39 |
| 3 | കുന്നത്തുകാൽ | 52 |
| 4 | ആര്യങ്കോട് | 49 |
| 5 | വെള്ളറട | 160 |
| 6 | ഒറ്റശേഖരമംഗലം | 54 |
| 7 | കൊല്ലയിൽ | 114 |
| 8 | പെരുങ്കടവിള | 94 |
| 9 | പാറശ്ശാല | 105 |

| ആകെ | 741 |
|---|---|

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിച്ച എല്ലാ സംരംഭങ്ങളുടെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ സംരംഭങ്ങളുടെ പ്രവർത്തനം മാസത്തിലൊരിക്കൽ വ്യവസായ ഇന്റേണുകൾ മുഖേന വിലയിരുത്താനും സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. പുതിയതായി ആരംഭിച്ച എല്ലാ സംരംഭങ്ങളിലും ഇ.ഡി.ഇ. (Enterprise Development Executives)-മാർ മുഖേന ഒന്നാംവട്ട സന്ദർശനവും വിലയിരുത്തലും പൂർത്തിയാക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വനിതകൾക്കായി നാളിതുവരെ ആരംഭിച്ചതും ആരംഭിക്കാനിരിക്കുന്നതുമായ വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരംഭിച്ച പുതിയ വ്യവസായ സംരംഭങ്ങളിൽ

പൗൾട്രി, വസ്ത്ര നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മറ്റ് ഗാർഹിക സംരംഭങ്ങൾ എന്നീ വിഭാഗങ്ങളിലായി ആകെ 339 യൂണിറ്റുകൾ ആരംഭിച്ചത് വനിതാ സംരംഭകരാണ്.

**ഗ്രാമീണ മേഖലയിലെ യുവസംരംഭകർക്കായുള്ള പദ്ധതികൾ**

216(631) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള യുവജനങ്ങളുടെ തൊഴിലും വരുമാനവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പുവഴി വിവിധങ്ങളായ പ്രവർത്തനങ്ങളും പദ്ധതികളും നടത്തിവരുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്.

3. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ലഭ്യമാണ്. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാണ്.

4. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾവഴി ബാങ്കിംഗ്, ജി.എസ്.ടി., നിയമം, അനുമതികളും ലൈസൻസുകളും, മാർക്കറ്റിംഗ്,

ടെക്നോളജി, എക്സ്പോർട്ട്, ഡി.പി.ആർ. തയ്യാറാക്കൽ എന്നീ മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാണ്.

5. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>സംരംഭക സഹായ പദ്ധതി</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നു. പ്രാരംഭ

സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതിപ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ (പരമാവധി 40 ലക്ഷം രൂപ) ധനസഹായം നൽകുന്നു. കോവിഡ് 19-ന്റെ ഭാഗമായി നിലവിൽവന്ന വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിപ്രകാരം യുവാക്കൾ, വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ എൻ.ആർ.കെ.-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും

പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. വനിതകൾ, അംഗപരിമിതർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, 40 വയസ്സ് വരെയുള്ള യുവസംരംഭകർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും.

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

ഉൽപാദന, സേവന, വ്യാപാര മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതിവഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു. 01-04-2022-നുശേഷം ആരംഭിച്ച ഉൽപാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നത്. സ്ഥിര മൂലധന വായ്പ മാത്രമായോ പ്രവർത്തന മൂലധന വായ്പ മാത്രമായോ ഇവ സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതിപ്രകാരം പലിശയിളവ് ലഭിക്കുന്നതിന് അർഹത

ഉണ്ടായിരിക്കുന്നതാണ്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുന്നത്.

4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

ഉൽപാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിപ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നു. മൂന്ന് ഘട്ടങ്ങളായായാണ് ആനുകൂല്യം നൽകുന്നത്. ആദ്യഘട്ടമായി സ്റ്റാർട്ടപ്പ് ആശയം ഡെവലപ് ചെയ്തതിനുശേഷം പ്രോജക്ടിന്റെ 30% നൽകുന്നു. രണ്ടാംഘട്ടമായി പ്രോട്ടോ ടൈപ്പ് ഡെവലപ് ചെയ്തതിനുശേഷം പ്രോജക്ടിന്റെ 50% നൽകുന്നു. മൂന്നാംഘട്ടമായി വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചശേഷം അവശേഷിക്കുന്ന 20% നൽകുന്നു.

5. <u>നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായം നൽകുന്ന പദ്ധതി</u>

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

ഉൽപാദന/സേവന മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും 31-03-2023 വരെയുള്ള കാലയളവിൽ കുറഞ്ഞത് 3 വർഷം പൂർത്തീകരിച്ചതും എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷനിൽനിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷക്കാലയളവിൽ നടത്തുന്ന

പ്രവർത്തനങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്.

ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

a. വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഫീസ് പൂർണ്ണമായും റീ-ഇംബേഴ്സ് ചെയ്തുനൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.

b. പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy ആയി നൽകുന്നു.

c. പ്രവർത്തന മൂലധന സഹായമായി വിപുലീകരണ കാലയളവ് വരെയുള്ള (വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷക്കാലയളവ് വരെ) ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു.

6. <u>തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)</u>

2023-24 സാമ്പത്തിക വർഷം 31-03-2023 വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരധിവാസവും പുനരുജ്ജീവനവും", "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ.-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതിപ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Assets) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

7. <u>കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)</u>

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ എം.എസ്.എം.ഇ. മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക്;

I. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% പരമാവധി 3 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപവരെ പൊതുവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.

II. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/യുവതീയുവാക്കൾ/ ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണിത്.

8.ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം പദ്ധതി

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം (പുതിയത്)" പദ്ധതിക്കായി, "മൂലധന ഗ്രാന്റ് നവീകരണത്തിനും വർക്കിംഗ് ക്യാപിറ്റലിനും വേണ്ടിയുള്ള വായ്പകൾക്കുള്ള പലിശയിളവ് നൽകുന്നതിനുള്ള പദ്ധതി" പ്രഖ്യാപിച്ചതിലൂടെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി

യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും നഷ്ടപ്പെട്ട വരുമാനമാർഗ്ഗം തിരിച്ചുകൊണ്ടുവരുന്നതിനും സഹായകരമായിട്ടുണ്ട്.

മൂലധന ഗ്രാന്റ്: 2020 മാർച്ചിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ ചെറുകിട ഇടത്തരം കശുവണ്ടി യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനത്തിന്റെ 40% തുക ജനറൽ വിഭാഗത്തിനും 10% അധികതുക പ്രത്യേക വിഭാഗങ്ങൾക്കും പരമാവധി 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

പലിശ സബ്സിഡി: 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കശുവണ്ടി ഫാക്ടറി യൂണിറ്റുകൾ പ്രവർത്തന മൂലധനത്തിന്മേൽ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയിന്മേൽ ഒടുക്കേണ്ട പലിശയുടെ 50% തുക (പരമാവധി 10 ലക്ഷം രൂപവരെ) പലിശയിളവ് നൽകുന്നതിന് ഉത്തരവായിരുന്നു.

(ബി) ഗ്രാമീണ മേഖലയിലെ യുവസംരംഭകർക്ക് ആവശ്യമായ പരിശീലനവും മറ്റ് സഹായവും നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷിവികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭകർക്കുള്ള ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നടത്തിവരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എല്ലാ വർഷവും ജില്ലാ/താലൂക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ സംരംഭക വികസന പരിപാടികൾ, സംരംഭക ബോധവത്കരണ പരിപാടികൾ എന്നിവയും നടത്തിവരുന്നു.

സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ (Enterprise Development Executives) നിയമിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ്

മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവരുടെ ഉത്തരവാദിത്വത്തിൽ നടത്തപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് എല്ലാ സംരംഭകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

**നവ സംരംഭകരെ സൃഷ്ടിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ**

217(632) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പ് സംസ്ഥാനത്ത് നവസംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലേയ്ക്കായി പ്രത്യേകിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; തയ്യാറാക്കിയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ

പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

സംസ്ഥാനത്ത് നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ക്ലബ്ബുകൾക്ക് നൽകിവരുന്നു.

കൂടാതെ സാങ്കേതിക സർവകലാശാലയുമായി സംയോജിച്ച്, സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി

പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പായി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്.

ഗുണമേന്മയും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്വീകരിക്കുക, മലിനീകരണം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ നൽകുന്നതിനുള്ള ഗവേഷണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ ഗ്രാന്റ് നൽകുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ മിച്ചഭൂമി ഉപയോഗപ്പെടുത്തൽ**

218(633) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടേതായ മിച്ചഭൂമി ഉപയോഗപ്പെടുത്താൻ വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങൾക്കുവേണ്ടി ഉപയോഗിച്ചുവരുന്ന ഭൂമിയും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭാവിയിൽ ആവശ്യമായി വരാവുന്ന ഭൂമിയും കഴിച്ച് ബാക്കിയുള്ള കൈവശഭൂമിയുടെ ലഭ്യതയും വിലയിരുത്തിയിട്ടുണ്ട്. ടി സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത കിൻഫ്രയുടെ നേതൃത്വത്തിൽ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നായി 40.41 ഏക്കർ ഭൂമി ഒന്നാംഘട്ടത്തിൽ അടിയന്തരമായി ഉപയോഗിക്കാൻ സാധിക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന "ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ" സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ബോർഡ് തത്വത്തിൽ അംഗീകരിക്കുകയും 29-01-2023-ലെ ജി.ഒ. (ആർ.റ്റി.) നം.84/2023/ഐ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ കണ്ടെത്തിയിരിക്കുന്ന 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി നൽകിയ പദ്ധതിപ്രകാരം 86080 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) നിർമ്മിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പംതന്നെ അധികഭൂമിയിൽ കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിനകം

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയിൽ മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. അധികഭൂമിയിൽ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരികയാണ്. ഇത്തരത്തിൽ അധികഭൂമി ഉപയോഗിച്ച് സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ**

219(634) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ അധീനതയിലുള്ള വെസ്റ്റ്ഹിൽ ഇന്റഡസ്ട്രിയൽ എസ്റ്റേറ്റ്, ഒളവണ്ണയിലെ 48 സെന്റ് ഭൂമി എന്നിവിടങ്ങളിൽ വ്യവസായങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.

കട്ടിപ്പാറ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനുശേഷം സംരംഭങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരളത്തിലെ പുതിയ വ്യവസായങ്ങൾ**

220(635) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ വ്യവസായങ്ങളുടെ നിലവിലെ സ്ഥിതി, ജീവനക്കാരുടെ എണ്ണം, മുടക്കുമുതൽ തുടങ്ങിയ വിശദാംശങ്ങൾ നൽകാമോ?

മേൽപ്പറഞ്ഞ വ്യവസായങ്ങളുടെ നിലവിലെ സ്ഥിതി, ജീവനക്കാരുടെ എണ്ണം, മുടക്കുമുതൽ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായ സ്ഥാപനങ്ങളെക്കുറിച്ചും സംരംഭങ്ങളെക്കുറിച്ചും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മറ്റൊരു സ്ഥാപനമായ ഭെൽ-ഇ.എം.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് ഭെൽ-ഇ.എം.എൽ.-ൽ ഉണ്ടായിരുന്ന 51% ഓഹരികളും ഒരു രൂപ മുഖവിലയ്ക്ക് സർക്കാർ ഏറ്റെടുത്ത് കെൽ-ഇ.എം.എൽ. എന്ന നാമത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ഏതെങ്കിലും വ്യവസായ സ്ഥാപനം പൂട്ടേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ഇ) അടച്ചിടേണ്ടിവന്ന വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

(ഡി&ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടേണ്ടിവന്നിട്ടില്ല.

(എഫ്) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ജില്ല തിരിച്ച് വിശദാംശം നൽകാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

**യന്ത്രസഹായത്തോടെ കുടിവെള്ള നിർമ്മാണ സംരംഭം**

221(636) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യന്ത്രസഹായത്തോടെ ഗുണമേന്മയുള്ള കുടിവെള്ളം നിർമ്മിച്ച് ചുറ്റുവട്ടത്തുള്ളവർക്കും മറ്റ് സ്ഥാപന ഉപഭോക്താക്കൾക്കും നൽകുവാനുള്ള സംരംഭം തുടങ്ങുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത്; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യന്ത്രസഹായത്തോടെ ഗുണമേന്മയുള്ള കുടിവെള്ളം നിർമ്മിച്ച് ചുറ്റുവട്ടത്തുള്ളവർക്കും മറ്റ് സ്ഥാപന ഉപഭോക്താക്കൾക്കും നൽകുവാനുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം, 2008-ലെ തണ്ണീർത്തട നെൽവയൽ സംരംക്ഷണ നിയമത്തിന്റെ കീഴിൽ വരാത്തതോ, CEZ, കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ മാസ്റ്റർപ്ലാൻ അതത് പഞ്ചായത്ത്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർപ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമേ സംരംഭത്തിനാവശ്യമായ ലാൻഡ് കണ്ടെത്താൻ പാടുള്ളൂ. ലാൻഡ് കണ്ടെത്തിയശേഷം ഭൂജല വകുപ്പിന്റെ അനുമതി നേടേണ്ടതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് എന്നിവപ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും റോഡിന്റെ വീതി, ബിൽഡിംഗിന്റെ ഉയരം, തൊട്ടടുത്ത വീട്ടിലേയ്ക്കുള്ള ദൂരം, തൊട്ടടുത്ത ആളുടെ സ്ഥലത്തേയ്ക്കുള്ള ദൂരം എന്നിവ സംബന്ധിച്ച പരിധി/നിബന്ധനകൾ പാലിക്കുകയും

പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫയർ ആൻഡ് റെസ്ക്യൂ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് എന്നീ മറ്റ് വകുപ്പുകളുടെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. അതിനുശേഷം സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, എഫ്.എസ്.എസ്.എ.ഐ., ലീഗൽ മെട്രോളജി, ഫയർ ആൻഡ് റെസ്ക്യൂ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് എന്നീ വകുപ്പുകളുടെ/ഏജൻസികളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ സംരംഭം തുടങ്ങാൻ പാടുള്ളൂ.

(ബി) ഇത്തരം സംരംഭങ്ങൾക്ക് അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; മിനറൽ വാട്ടർ കാനുകളിലും ബോട്ടിലുകളിലും വിൽക്കാൻ നിലവിൽ അനുമതിയുണ്ടോ; വിശദമാക്കാമോ; ഇത്തരം സംരംഭത്തിന് സർക്കാർ സബ്സിഡി നിലവിലുണ്ടോ?

സംസ്ഥാന ഭൂജല വകുപ്പിന്റെ അനുമതി ലഭിക്കാൻ ചിലപ്പോൾ കാലതാമസം നേരിടുന്നുണ്ട്. വേനൽക്കാലത്ത് നടത്തുന്ന പമ്പിംഗ് ടെസ്റ്റ് വിജയിക്കുന്ന സംരംഭങ്ങളെ, ഡിസ്ട്രിക്ട് ലെവൽ ഇവാല്യുവേഷൻ

കമ്മിറ്റിയിൽ പരിഗണിക്കുകയും പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്യുന്ന അപേക്ഷകൾക്ക് സംസ്ഥാനതലത്തിൽ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമേ സംരംഭത്തിനുള്ള അനുമതി ലഭിക്കുകയുള്ളൂ.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അനുമതി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാ അനുമതികളും കരസ്ഥമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് കാനുകളിലും ബോട്ടിലുകളിലും മിനറൽ വാട്ടർ വിൽക്കുന്നതിന് നിലവിൽ തടസ്സമില്ല. കൂടാതെ ഇത്തരം സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി (ESS) ഉൾപ്പെടെയുള്ള സാമ്പത്തിക സഹായ പദ്ധതികൾ വഴിയുള്ള സബ്സിഡിക്കും അർഹതയുണ്ട്.

**മലപ്പുറം നിയോജകമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങൾ**

222(637) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി മലപ്പുറം നിയോജകമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ വിശദാംശം

ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംരംഭകവർഷം 2.0 പദ്ധതിയുടെ ഭാഗമായി മലപ്പുറം നിയോജകമണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം (Rs. in Crore) | തൊഴിൽ അവസരങ്ങൾ |
|---|---|---|---|---|
| 1 | മലപ്പുറം (M) | 124 | 13.31 | 354 |
| 2 | പൂൽപെറ്റ | 77 | 4 | 145 |
| 3 | പൂക്കോട്ടൂർ | 66 | 4.16 | 126 |
| 4 | ആനക്കയം | 61 | 6.68 | 137 |
| 5 | മൊറയൂർ | 63 | 3.39 | 135 |
| 6 | കൊട്ടൂർ | 70 | 2.79 | 152 |
| | **TOTAL** | **461** | **34.33** | **1049** |

സംരംഭകവർഷം 2.0 പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിതരായിട്ടുള്ള ഇ.ഡി.ഇ. (Enterprise Development Executive)-മാർക്ക് വേതനം നൽകിയ വകയിൽ ഈ വർഷം 13,86,000/- (പതിമൂന്ന് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം) ചെലവഴിച്ചു. നിയോജകമണ്ഡലത്തിൽ സംരഭകർക്കുള്ള ശില്പശാല നടത്തിയ വകയിൽ

30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും ലോൺ/ലൈസൻസ്/സബ്സിഡി മേളകൾ നടത്തിയ വകയിൽ 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ നടത്തിയ വകയിൽ 18,000/- (പതിനെട്ടായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിയോജകമണ്ഡലത്തിൽ ഇതുവരെ 461 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 34.33 കോടി രൂപയുടെ നിക്ഷേപവും 1049 തൊഴിലവസരങ്ങളും ഉണ്ടായി.

മലപ്പുറം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ ധനസഹായ പദ്ധതികൾ വഴി ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്.

1. <u>സംരംഭക സഹായ പദ്ധതി</u>

| ക്രമ നമ്പർ | പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് | സംരംഭങ്ങളുടെ എണ്ണം | അനുവദിച്ച സബ്സിഡി (In Rs.) |
|---|---|---|---|
| 1 | മലപ്പുറം (M) | 3 | 68,53,892 |
| 2 | പുൽപ്പെറ്റ | 1 | 1,69,022 |
| 3 | പൂക്കോട്ടൂർ | 2 | 24,24,317 |
| 4 | ആനക്കയം | 1 | 2,07,950 |
| 5 | മൊറയൂർ | 1 | 1,72,458 |
| 6 | കൊട്ടൂർ | Nil | Nil |

| | | |
|---|---|---|
| **TOTAL** | **8** | **98,27,639** |

## 2. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

| ക്രമ നമ്പർ | പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് | സംരംഭങ്ങളുടെ എണ്ണം | അനുവദിച്ച സബ്സിഡി (In Rs) |
|---|---|---|---|
| 1 | മലപ്പുറം (M) | 14 | 54,270 |
| 2 | പുൽപ്പെറ്റ | Nil | Nil |
| 3 | പൂക്കോട്ടൂർ | Nil | Nil |
| 4 | ആനക്കയം | Nil | Nil |
| 5 | മൊറയൂർ | Nil | Nil |
| 6 | കൊട്ടൂർ | Nil | Nil |
| **TOTAL** | | **14** | **54,270** |

## 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

| ക്രമ നമ്പർ | പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് | സംരംഭങ്ങളുടെ എണ്ണം | അനുവദിച്ച സബ്സിഡി (In Rs) |
|---|---|---|---|
| 1 | മലപ്പുറം (M) | 3 | 11,80,926 |
| 2 | പുൽപ്പെറ്റ | Nil | Nil |
| 3 | പൂക്കോട്ടൂർ | Nil | Nil |
| 4 | ആനക്കയം | Nil | Nil |
| 5 | മൊറയൂർ | Nil | Nil |
| 6 | കൊട്ടൂർ | Nil | Nil |
| **TOTAL** | | **3** | **11,80,926** |

(ബി) സ്വകാര്യ മേഖലയിൽ നടപ്പാക്കിവരുന്ന വ്യവസായ പാർക്കുകൾ മലപ്പുറം നിയോജകമണ്ഡലത്തിൽ എത്രയെണ്ണം ആരംഭിച്ചു; എവിടെയെല്ലാം; അവയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഇതിലൂടെ വ്യവസായ മേഖലയിലുണ്ടായിട്ടുള്ള തൊഴിലവസരങ്ങൾ വ്യക്തമാക്കാമോ?

(ബി&സി) മലപ്പുറം നിയോജകമണ്ഡലത്തിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മലപ്പുറം ജില്ലയിൽ മങ്കട, കോട്ടയ്ക്കൽ നിയോജകമണ്ഡലങ്ങളിൽ M/s. Classy Industrial Park, M/s. Malabar Enterprises എന്നീ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്.

**വ്യവസായ വകുപ്പിന്റെ പ്രധാന പദ്ധതികൾ**

223(638) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 1000 പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ "മിഷൻ 1000" വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ &ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

2. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

3. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി

4. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed assets, Defunct MSME units and cashew processing units)

5. ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം പദ്ധതി

6. Rejuvenation of Industrial Co-operative Society Support Scheme (RICSSS)

7. വിപണന മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

8. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

കൂടാതെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രവഴി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

2. കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ, പാലക്കാട് & കൊച്ചി

3. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ഘട്ടം-II), KFVP Thiruvananthapuram

4. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കൊച്ചി

5. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി

6. ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി

7. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ

8. വ്യാവസായിക ജലവിതരണം, കൊച്ചി, പാലക്കാട്

9. ബഹുനില കെട്ടിട സമുച്ചയം, അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്

10. കിൻഫ്ര മെഗാഫുഡ് പാർക്ക് (ഘട്ടം II), പാലക്കാട്

11. ലാൻഡ് ബാങ്ക്

(സി) സംസ്ഥാനത്ത് പുതിയതായി എത്ര തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇതുവരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിൽ സംസ്ഥാനത്താകെ 233079 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 518168 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്താകെ 218676 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിലൂടെ 13,842 കോടി രൂപയുടെ നിക്ഷേപവും 465176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ഡി) പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

സംരംഭക വർഷത്തിന്റെ വിജയം കണക്കിലെടുത്ത്, 2023-24 സാമ്പത്തിക വർഷവും സംരംഭകവർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന

പദ്ധതികളെല്ലാം തുടർന്നുകൊണ്ടുപോകാൻ സർക്കാർ ലക്ഷ്യം വയ്ക്കുന്നു. സംരംഭകവർഷം 2.0 എന്ന പേരിലാണ് പദ്ധതി നടത്തുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചുവടെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

1) പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, എം.എസ്.എം.ഇ. സുസ്ഥിരത പദ്ധതി നടപ്പിലാക്കാൻ സർക്കാർ പദ്ധതിയിടുന്നു.

2) കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ "മിഷൻ 1000" വിഭാവനം ചെയ്തിട്ടുണ്ട്.

3) താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം (One Local body One Product-OLOP) എന്ന

ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു.

4) കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി നടപ്പിലാക്കുന്നു.

5) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായത്തിന് ഉപയുക്തമാക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഉപയോഗശൂന്യമായ ഭൂമി വ്യവസായ വികസനത്തിനായി ഉപയോഗപ്രദമാക്കുന്നതിനായി സഹകരണ പാർക്ക് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി വ്യവസായ

ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനായി പി.പി.പി. മോഡലിലുള്ള വ്യവസായ പാർക്ക് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കുവാനും ധനസഹായം നൽകുവാനും ഉദ്ദേശിക്കുന്നു.

**സംരംഭക വർഷം പദ്ധതി**

224(639) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വർഷം പദ്ധതിവഴി സർക്കാർ ലക്ഷ്യംവച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ടെന്ന് അറിയിക്കുമോ?

സാധിച്ചിട്ടുണ്ട്. 2022-23 സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 139840 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. അതുവഴി 8422 കോടി രൂപയുടെ നിക്ഷേപവും 300051 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. അങ്ങനെ സംരംഭകവർഷം പദ്ധതിയിൽ ലക്ഷ്യംവച്ച നേട്ടം കൈവരിക്കാൻ സാധിച്ചു.

തുടർപദ്ധതിയായ സംരംഭകവർഷം 2.0-യുടെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ 2024 ജനവരി 23 വരെയുള്ള കാലയളവിൽ 76595 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും അതുവഴി സംസ്ഥാനത്ത് 5177 കോടി രൂപയുടെ നിക്ഷേപവും 160582 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

**ഗെയിൽ പൈപ്പ്ലൈൻ പദ്ധതി**

225(640) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം-കൊച്ചി പ്രകൃതിവാതക ലൈൻ പൂർത്തീകരിച്ചതിനെത്തുടർന്ന് വീടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എന്നുമുതൽ നൽകാൻ കഴിയുമെന്നും; എപ്പോൾ മുതൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ഇന്ധനമായി നൽകുവാൻ കഴിയുമെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതിപ്രകാരം മിക്കവാറും ജില്ലകളിലെ വീടുകളിൽ പാചകാവശ്യത്തിനും വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ഇന്ധനമായും പ്രകൃതിവാതകം ഇതിനകം നൽകിത്തുടങ്ങിയിട്ടുണ്ട്.

(ബി) ഗെയിൽ പൈപ്പ്ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം മുനിസിപ്പാലിറ്റി, ചോവന്നൂർ പഞ്ചായത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റി, ചാവക്കാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിൽ ഇലപ്പുള്ളി പഞ്ചായത്തിലും പുതുശ്ശേരി പഞ്ചായത്തിലും സിറ്റി ഗ്യാസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളായ കളമശ്ശേരി, തൃക്കാക്കര, മരട് എന്നിവിടങ്ങളിലും താലൂക്കുകളായ കുന്നത്തുനാട്, ആലുവ, പറവൂർ എന്നിവിടങ്ങളിലും സിറ്റി ഗ്യാസ് പദ്ധതിപ്രകാരം പ്രകൃതിവാതക കണക്ഷനുകൾ ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി എന്നിവിടങ്ങളിൽ

ഗാർഹിക കണക്ഷനുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ കോർപ്പറേഷനിലും കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലും അജാനൂർ പഞ്ചായത്തിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്, കോട്ടക്കൽ, മലപ്പുറം എന്നീ മുനിസിപ്പാലിറ്റികളിലും എടരിക്കോട് പഞ്ചായത്തിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ഉണികുളം പഞ്ചായത്തിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പനങ്ങാട്, കിഴക്കോത്ത്, നന്മണ്ട, നരിക്കുനി, ബാലുശ്ശേരി, കക്കുര് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിക്കുന്നു.

തിരുവനന്തപുരം നഗരത്തിലെ ശംഖുമുഖം, വെട്ടുകാട്, ചാക്ക, മുട്ടത്തറ, പാൽക്കുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, കമലേശ്വരം, ശ്രീവരാഹം എന്നീ വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ നൽകിത്തുടങ്ങിയിട്ടുണ്ട്. 2024 ഡിസംബർ മാസത്തോടെ തിരുവനന്തപുരം

കോർപ്പറേഷനിലെ 31 വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളത്; എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ, തൃശ്ശൂർ-കുന്നംകുളം റോഡിൽ മെയിൻ സ്റ്റീൽ പൈപ്പ്ലൈൻ ഇടുന്ന പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജൂൺ മാസത്തോടുകൂടി വീടുകളിലേയ്ക്കുള്ള ഗ്യാസ് കണക്ഷൻ നൽകിത്തുടങ്ങും.

(ഡി) തൃശ്ശൂർ ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻപോകുന്നത്; വിശദാംശം അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ നിലവിൽ 22 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ 10 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾകൂടി തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**ചെറുകിട സംരംഭങ്ങളുടെ ഉൽപന്നശേഷി ഉയർത്താൻ പദ്ധതി**

226(641) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങളുടെ ഉൽപന്നശേഷി ഉയർത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; പ്രസ്തുത പദ്ധതിപ്രകാരം സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങളുടെ ഉൽപന്നശേഷി ഉയർത്തുന്നതിനായി, നിലവിലുള്ള എം.എസ്.എം.ഇ.-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന സ്കെയിലിംഗ് അപ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഉത്പാദന/സേവനമേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും 31-03-2023 വരെയുള്ള കാലയളവിൽ കുറഞ്ഞത് 3 വർഷം പൂർത്തീകരിച്ചതും എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷൻ (MSME SCALE UP MISSION)-

ൽനിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രോജക്ട് റിപ്പോർട്ടായി തയ്യാറാക്കേണ്ടതും ആയതിന് ജില്ലാതല കമ്മിറ്റിയുടെ മുൻകൂർ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം മുൻകൂർ അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷക്കാലയളവിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. പദ്ധതി മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി ഒരു യൂണിറ്റിന് പരമാവധി രണ്ടുകോടി അമ്പത്തിയൊന്ന് ലക്ഷം രൂപവരെ ആനുകൂല്യം ലഭിക്കുന്നു. പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a. വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഫീസ് പൂർണ്ണമായും റീ-ഇംബേഴ്സ്മെന്റ് ചെയ്തുനൽകുന്നു. പരമാവധി ഒരു ലക്ഷം രൂപവരെ ഇപ്രകാരം നൽകുന്നു.

b. പദ്ധതിപ്രകാരം ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 40%, പരമാവധി 200 ലക്ഷം രൂപ വരെ, സ്ഥിര മൂലധന നിക്ഷേപ സബ്സിഡി (Fixed Capital Investment Subsidy) ആയി നൽകുന്നു. വിപുലീകരണ കാലയളവായ 4 വർഷത്തിനുള്ളിൽ പല തവണകളായോ വിപുലീകരണ കാലയളവ് കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ ഒറ്റത്തവണയായോ യൂണിറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതും പൂർത്തീകരിച്ച നിക്ഷേപത്തിനുള്ള സബ്സിഡി കൈപ്പറ്റാവുന്നതുമാണ്.

c. പ്രവർത്തന മൂലധന സഹായമായി വിപുലീകരണ കാലയളവ് വരെയുള്ള (വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷക്കാലയളവ് വരെ) ബാങ്ക് പലിശയുടെ 50%, പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു. പലിശയിളവ് റീ-ഇംബേഴ്സ്മെന്റായാണ് നൽകുന്നത്. വിപുലീകരണ കാലയളവായ 4

വർഷത്തിനുള്ളിൽ പല തവണകളായോ (6 മാസം/12 മാസക്കാലയളവിലുള്ള പലിശ സബ്സിഡിക്ക് അപേക്ഷ സമർപ്പിച്ച്) 4 വർഷം കഴിഞ്ഞ് ഒറ്റത്തവണയായോ പ്രവർത്തന മൂലധന സഹായം കൈപ്പറ്റാവുന്നതാണ്.

(ബി) എത്ര ചെറുകിട സംരംഭങ്ങൾക്ക് പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

പദ്ധതിപ്രകാരം തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷൻ വഴി 88 സംരംഭകരെ തിരഞ്ഞെടുക്കുകയും ആനുകൂല്യം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ**

227(642) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട എം.എസ്.എം.ഇ.-കളുടെ സുസ്ഥിരത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പയും മറ്റ് തരത്തിലുള്ള ധനസഹായവും ലഭ്യമാക്കുന്നതിനുള്ള പ്രോഗ്രാമുകളും സ്കീമുകളും സൃഷ്ടിക്കുക; അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുവാൻ പുതിയ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും സഹായിക്കുക; ഇ-കൊമേഴ്സ് പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുക, വിപണി ഗവേഷണം സുഗമമാക്കുകയും ബ്രാൻഡിംഗും മെച്ചപ്പെടുത്തിയ പാക്കേജിംഗും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് എം.എസ്.എം.ഇ.-യുടെ വിപണന കഴിവുകൾ മെച്ചപ്പെടുത്തുക; ബ്രാൻഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ടെക്നോളജി, ഉയർന്നുവരുന്ന വിപണി സാദ്ധ്യതകൾ മുതലായവയിൽ എം.എസ്.എം.ഇ.-കൾക്ക് സെക്ടർ സ്പെസിഫിക് പരിശീലനങ്ങൾ നൽകുക; ഗവേഷണ-വികസന സ്ഥാപനങ്ങളിൽ വികസിപ്പിക്കുന്ന സാങ്കേതികവിദ്യ എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു സംവിധാനം

സൃഷ്ടിച്ചുകൊണ്ട് എം.എസ്.എം.ഇ.-കളിൽ സാങ്കേതികവിദ്യയുടെ ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിക്കുന്നത്.

സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്ക് തലത്തിൽ എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാതലത്തിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ

ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉൽപന്നങ്ങൾക്ക് ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതുസംഭരണം നടത്താവുന്നതാണ്. എ.എസ്.എം.ഇ. സരംഭകർ GeM PORTAL-ൽ രജിസ്ട്രേഷൻ നടത്തുന്നതുവഴി അവരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GeM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ

വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ചിലതാണ്. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ സാങ്കേതികപരമായി പുരോഗതി നേടുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme) പ്രകാരം ഉൽപാദന പ്രവർത്തനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച അംഗീകൃത റിസർച്ച് ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുന്ന യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ പത്ത് ശതമാനം (പരമാവധി 10 ലക്ഷം രൂപ വരെ) ടെക്നോളജി സപ്പോർട്ട് (Technology Support) ആയി അധിക ധനസഹായം നൽകുന്നുണ്ട്.

(ബി) ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായുള്ള സഹായം, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖാന്തരം നൽകിവരുന്നുണ്ട്. ഇതുകൂടാതെ അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/രജിസ്ട്രേഷൻ ചാർജ്ജുകളുടെ 75% വരെയുള്ള (പരമാവധി രണ്ട് ലക്ഷം രൂപ) സഹായം എം.എസ്.എം.ഇ.-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. 2023-ലെ കേരള വ്യവസായ നയത്തിന്റെ ഭാഗമായി തിരഞ്ഞെടുത്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് സ്റ്റാൾ വാടകയുടെ 100% റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്ന പദ്ധതി തയ്യാറായിവരുന്നു.

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ ക്ലസ്റ്ററുകൾ വളർത്തിയെടുക്കുന്നതിന് സമയക്രമം നിശ്ചയിച്ച് പരിപാടി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ചയുറപ്പുവരുത്തുന്ന State Sponsored Cluster Development Programme (SS-

CDP) എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം എം.എസ്.എം.ഇ. ക്ലസ്റ്ററുകൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ (CFC) സ്ഥാപിക്കുന്നതിന് പദ്ധതി ചെലവിന്റെ 80% കേരള സർക്കാർ വഹിക്കും. ബാക്കി 20% ക്ലസ്റ്ററിലെ അംഗങ്ങൾ ചേർന്നുണ്ടാക്കിയ കൺസോർഷ്യം വഹിക്കണം.

വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ. (സി.ഡി.പി.) പദ്ധതിപ്രകാരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ, പദ്ധതി തുകയുടെ 70 ശതമാനം/80 ശതമാനം തുക ഗ്രാന്റായി നൽകിവരുന്നു. പദ്ധതി തുകയുടെ 15% സംസ്ഥാന സർക്കാരിന്റെ വിഹിതവും പദ്ധതി തുകയുടെ 5 ശതമാനം/15 ശതമാനം അതത് കൺസോർഷ്യം (എസ്.പി.വി.) വിഹിതവുമാണ്. നാളിതുവരെ 16 കോമൺ

ഫെസിലിറ്റി സെന്ററുകളുടെ (CFC) പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 7,522.45 ലക്ഷം രൂപയുടെ 12 CFC പ്രോജക്ടുകൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ 4997.31 ലക്ഷം രൂപയുടെ 4 കോമൺ ഫെസിലിറ്റി സെന്ററുകളുടെ പ്രോജക്ടുകൾ പൂർത്തീകരിച്ചുവരുന്നു.

ഈ സർക്കാരിന്റെ കർമ്മ പരിപാടികളുടെ ഭാഗമായി വ്യവസായ രംഗത്ത് കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതിപ്രകാരം 15.91 കോടി രൂപയുടെ കാലടി സ്റ്റീൽ കൺസോർഷ്യം കോമൺ ഫെസിലിറ്റി സെന്ററിന് എറണാകുളം പെരുമ്പാവൂരിൽ 2021 സെപ്തംബർ 26-ന് ശിലാസ്ഥാപനം നടത്തി. 21000 ചതുരശ്ര അടിയിൽ പെരുമ്പാവൂരിൽ സ്ഥാപിക്കുന്ന കോമൺ ഫെസിലിറ്റി സെന്റർ (CFC) കമ്മീഷൻ ചെയ്യുന്നതോടെ ഉൽപാദനം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരട്ടിയാക്കാനും ഉൽപാദന ചെലവ് 10% കുറയ്ക്കാനും സാധിക്കും.

(ഡി) നിലവിൽ അടഞ്ഞുകിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

നിലവിൽ അടഞ്ഞുകിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾ/ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനഃരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം "പ്രവർത്തനരഹിതമായ യൂണിറ്റുകൾ (defunct MSMEs)" പുനഃരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും " തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset)" പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു. കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ പ്രവർത്തനം വിശകലനം ചെയ്യുന്നതിനും സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (EDE)-മാർ അതത് തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശങ്ങളിലെ പുതുതായി രൂപീകരിച്ച എല്ലാ സംരംഭങ്ങളും വീണ്ടും സന്ദർശിക്കുകയും ഇതിനായി പ്രത്യേകം വികസിപ്പിച്ചെടുക്കുന്ന സുസ്ഥിരതാ പോർട്ടലിൽ അവരുടെ ഡാറ്റ രേഖപ്പെടുത്തുകയും ചെയ്യും. സംരംഭത്തിന്റെ പ്രവർത്തനനില, നേരിടുന്ന വെല്ലുവിളികൾ/പ്രശ്നങ്ങൾ, അടച്ചുപൂട്ടാനുള്ള കാരണങ്ങൾ, പ്രവർത്തനരഹിതമായ യൂണിറ്റുകൾക്കുള്ള പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ, ആവശ്യമായ സഹായം/മറ്റ് പ്രത്യേക ആവശ്യങ്ങൾ എന്നീ വിവരങ്ങൾ ഇവർ ശേഖരിച്ചുവരുന്നു.

**എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി**

228(643) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എസ്.എം.ഇ. പദ്ധതിപ്രകാരം ഏതെല്ലാം സംരംഭങ്ങൾക്കാണ് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങൾ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ, എം.എസ്.എം.ഇ.-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും മുൻകൂട്ടി കാണാൻ കഴിയാത്തതുമായ അപകട സാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് എം.എസ്.എം.ഇ.-കൾ അടയ്ക്കുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനംവരെ റീ-ഇംബേഴ്സ്മെന്റായി നൽകുന്ന എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു.

നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നീ പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നും 2023 ഏപ്രിൽ ഒന്നിനുശേഷമുള്ള കാലയളവിൽ, ഭാരത് സൂക്ഷ്മ/ലഘു ഉദ്യം സ്കീമിന് കീഴിൽ ഇൻഷ്വറൻസ് എൻറോൾ ചെയ്തിട്ടുള്ള നിർമ്മാണ, സേവന, വ്യാപാര

മേഖലയിലെ എല്ലാ എം.എസ്.എം.ഇ.-കളും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ഏത് രൂപത്തിലാണ് സംരംഭകർക്ക് നൽകുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി അടച്ച വാർഷിക പ്രീമിയത്തിന്റെ റീ-ഇംബേഴ്സ്മെന്റ് എന്ന രൂപത്തിലാണ് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്. സംരംഭകർക്ക് അവരുടെ വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% (പരമാവധി 2500 രൂപ) റീ-ഇംബേഴ്സ്മെന്റിന് അർഹതയുണ്ട്. പദ്ധതിയുടെ ഭാഗമായ 4 പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്ന് വാർഷിക പ്രീമിയം മുഴുവൻ അടച്ച് എം.എസ്.എം.ഇ. ഇൻഷ്വറൻസ് പോളിസി വാങ്ങേണ്ടതും തുടർന്ന് അതത് ജില്ലാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് ഓൺലൈൻ പോർട്ടൽവഴി റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,

ഇൻഷ്വറൻസ് പോളിസി രേഖകൾ, പ്രീമിയം അടച്ച രസീത് എന്നിവ സഹിതം സമർപ്പിക്കേണ്ടതുമാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽനിന്നും റീ-ഇംബേഴ്സ്മെന്റ് തുക (അടച്ച വാർഷിക പ്രീമിയത്തിന്റെ 50% അല്ലെങ്കിൽ 2500 രൂപയോ ഏതാണ് കുറവ് അത്) കണക്കാക്കി എം.എസ്.എം.ഇ. യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകും.

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

229(644) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ചുള്ള സർക്കാർ മാർഗ്ഗനിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദേശങ്ങളുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സർക്കാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

ഇക്കാര്യത്തിൽ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടില്ല.

**മണിമലയിലെ നാളികേര പാർക്ക്**

230(645) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണിമലയിലെ നാളികേര പാർക്കിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കുറ്റ്യാടി നാളികേര വ്യവസായ പാർക്കിനായി നടപ്പു സാമ്പത്തികവർഷത്തിൽ മൂന്ന് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾ എന്നീ നിർമ്മാണപ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുള്ളതും അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നതുമാണ്. പദ്ധതിയുടെ ഭാഗമായി നിലവിൽ ജിയോടെക്നിക്കൽ പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നാളികേര പാർക്കിൽ എന്നത്തേയ്ക്ക് വ്യവസായങ്ങളെ ക്ഷണിക്കാൻ സാധ്യമാകുമെന്ന് അറിയിക്കാമോ?

2025 മാർച്ച് മാസത്തോടെ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിന് തുടക്കം കുറിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രവൃത്തിയുടെ ശരിയായ വിധത്തിലുള്ള മേൽനോട്ടത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

പ്രവൃത്തിയുടെ ശരിയായ നടത്തിപ്പിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്.

**കഞ്ചിക്കോട് റൈസ് പാർക്ക്**

231(646) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കഞ്ചിക്കോട് റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പാലക്കാട് കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ നിർമ്മാണം പുരോഗമിക്കുന്ന റൈസ് പാർക്കിന്റെ പ്രവർത്തനം 2024 ജൂൺ മാസത്തോടുകൂടി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത റൈസ് പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് എന്തെല്ലാം നേട്ടങ്ങളുണ്ടാകുമെന്ന് അറിയിക്കാമോ?

പ്രസ്തുത പാർക്കിൽ 6000 മെട്രിക് ടൺ സൈലോ സ്റ്റോറേജും ഒരു ദിവസം 80 മെട്രിക് ടൺ നെല്ല് കുത്തി അരിയാക്കുന്നതിനുള്ള മെഷിനറികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ പദ്ധതി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതോടെ പാലക്കാട്, ചിറ്റൂർ, കൊല്ലംകോട്, കുഴൽമന്ദം, മലമ്പുഴ ബ്ലോക്കുകളിലെ നെൽകർഷകർക്ക് നേട്ടമുണ്ടാകും. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് വേഗത്തിൽ പ്ലാന്റിലെത്തിക്കുന്നതിനും പ്രീ-ക്ലീനിംഗ് കഴിഞ്ഞ് സൈലോകളിൽ സ്റ്റോർ ചെയ്യുന്നവ ഗുണനിലവാരമുള്ള അരിയാക്കി മാറ്റുന്നതിനുമുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**അനന്തപുരം വ്യവസായ പാർക്ക്**

232(647) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അനന്തപുരം വ്യവസായ പാർക്കിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ അനന്തപുരത്ത് വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിൽ വ്യവസായ ഏരിയയും വ്യവസായ പ്ലോട്ടും നിലവിലുണ്ട്. അനന്തപുരം വ്യവസായ ഏരിയയിൽ 400 ലക്ഷം രൂപ വിനിയോഗിച്ച് ആഭ്യന്തര റോഡും 157 ലക്ഷം രൂപ വിനിയോഗിച്ച് പവർ ഫീഡറും സ്ഥാപിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഇവിടെ 145 ലക്ഷം രൂപ വിനിയോഗിച്ച് ചുറ്റുമതിലും നിർമ്മിച്ചിട്ടുണ്ട്. അനന്തപുരം വ്യവസായ പ്ലോട്ടിൽ 144 ലക്ഷം രൂപ വിനിയോഗിച്ച് ആഭ്യന്തര റോഡും 86 ലക്ഷം രൂപ വിനിയോഗിച്ച് പവർ ഫീഡറും സ്ഥാപിച്ചു. ഇവിടെ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 335 ലക്ഷം രൂപ വിനിയോഗിച്ച് ചുറ്റുമതിലും നിർമ്മിച്ചിട്ടുണ്ട്. വ്യവസായ ഏരിയയിലും പ്ലോട്ടിലുമായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 258 ലക്ഷം രൂപയ്ക്ക് അപ്രോച്ച് റോഡ് നിർമ്മാണവും നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത വ്യവസായ പാർക്കിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

അനന്തപുരം വ്യവസായ ഏരിയയിലും പ്ലോട്ടിലുമായി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പാർക്കിൽ അടച്ചുപൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ടി സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

അടച്ചുപൂട്ടിയ സ്ഥാപനങ്ങളുടെ വിവരവും അടച്ചുപൂട്ടാനുണ്ടായ കാരണവും അനുബന്ധമായി ചേർക്കുന്നു.+

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം കുറ്റൂർ പുല്ലുപാറയിൽ വ്യവസായ പാർക്ക്**

233(648) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി. പാർക്കിനായി ഏറ്റെടുത്ത ഭൂമി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായ പാർക്ക് ആക്കുന്നതിനായി വ്യവസായ വകുപ്പിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ സെസ് പദവി മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി. പാർക്കിനായി ഏറ്റെടുത്ത ഭൂമി വ്യവസായ പാർക്ക് ആക്കുന്നതിനായി വ്യവസായ വകുപ്പിലേയ്ക്ക് മാറ്റുന്ന വിഷയത്തിൽ 2024 ജനുവരി 9-ന് ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ഭൂമി കൈമാറ്റം സംബന്ധിച്ച് കിൻഫ്രയും കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡും തമ്മിൽ ഒരു എം.ഒ.യു.-ൽ ഏർപ്പെടുന്നതിനും പ്രസ്തുത ഭൂമിയുടെ സെസ് പദവി മാറ്റി ഡീനോട്ടിഫൈ ചെയ്യുന്നതിനും ഡീനോട്ടിഫിക്കേഷന് ചെലവാകുന്ന തുക കിൻഫ്ര വ്യവസ്ഥകൾക്കുവിധേയമായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് നൽകുന്നതിനും തീരുമാനിക്കുകയുണ്ടായി.

**പൊതുമേഖലയിലല്ലാതെ അനുവദിച്ച വ്യവസായ പാർക്കുകൾ**

234(649) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലല്ലാതെ വ്യവസായ പാർക്കുകൾ അനുവദിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് എത്ര വ്യവസായ പാർക്കുകൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്; അവ ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 16 സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അതിൽ ഒരെണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഇവ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം എറണാകുളം, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലാണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ഇ.ടി.പി./സി.ഇ.ടി.പി. എന്നിവ

വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ധനസഹായം സർക്കാർ നൽകുന്നു. ഈ തുക റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് അനുവദിക്കുന്നത്.

(ബി) അവയിൽ എത്ര വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ; അവയിൽ എന്തൊക്കെ വ്യവസായങ്ങളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഒരു സ്വകാര്യ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ M/s. ഫെതർലൈക്ക് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതാണ് പ്രസ്തുത എസ്റ്റേറ്റ്. ഇവിടെ Polyurethane (PU) Foam, Expanded Polythene (EPE) foam, Coir Fiber എന്നീ വ്യവസായങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ഇതുവഴി എത്ര പേർക്ക് തൊഴിലും എത്ര രൂപയുടെ നിക്ഷേപവും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മേൽ സൂചിപ്പിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റിലൂടെ 3459 ലക്ഷം രൂപയുടെ നിക്ഷേപവും നേരിട്ടും അല്ലാതെയും 400 പേർക്ക് തൊഴിലവസരവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എരുമപ്പെട്ടിയിൽ വ്യവസായ പാർക്ക്**

235(650) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നൽകിയ അപേക്ഷയും അനുബന്ധ രേഖകളും

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷയിൽ സൂചിപ്പിക്കുന്ന പുറമ്പോക്ക് ഭൂമി വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുമോയെന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

**അമ്പലമുകൾ പെട്രോകെമിക്കൽ പാർക്ക്**

236(651) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഒന്നാംഘട്ട നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഒന്നാംഘട്ട നിർമ്മാണത്തിന്റെ 31% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിനകത്തെ റോഡുകൾ, അഡ്മിൻ ബിൽഡിംഗ്, ഗേറ്റ്, മഴവെള്ള ഡ്രെയിനേജ്, ഫയർ വാട്ടർ സമ്പ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി 202 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 49,63,22,035/- രൂപ ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞു.

(സി) പാർക്കിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

ഷെഡ്യൂൾ പ്രകാരം പദ്ധതിയുടെ ഒന്നാംഘട്ടം 2024 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

237(652) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എത്ര പാർക്കുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 16 സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അതിൽ ഒരെണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

(ബി) സ്വകാര്യ പാർക്ക് തുടങ്ങുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ്-പോർട്ടൽ വഴി 71 സ്ഥാപനങ്ങളുടെ അപേക്ഷ ലഭിച്ചിരുന്നു.

(സി) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ഇ.ടി.പി./സി.ഇ.ടി.പി. എന്നിവ

വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ധനസഹായം സർക്കാർ നൽകുന്നു. ഈ തുക റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് അനുവദിക്കുന്നത്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

238(653) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുമതി നൽകിയ സ്വകാര്യ വ്യവസായ പാർക്കുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 16 സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. M/s. VMPS Food Park & Ventures, Kannur

2. M/s. Malabar Enterprises, Malappuram

3. M/s. Indian Virgin Spices (P) Limited, Kottayam

4. M/s. Kadambur Industries Park, Palakkad (Standard Design Factory)

5. M/s. Jacob & Richard International (P) Limited, Kottayam

6. M/s. Sance Steriles (P) Limited, Kottayam

7. M/s. Delta Aggregates and Sand (P) Limited, Pathanamthitta

8. M/s. Pathanamthitta Industrial Promotion (P) Limited, Pathanamthitta

9. M/s. Classy Industrial Park, Malappuram

10. M/s. Featherlike (P) Limited, Palakkad

11. M/s. Hi-Tech Industrial Park, Palakkad

12. M/s. Mount Park Industrial Estates (P) Limited, Kozhikode

13. M/s. Ozone Granites, Ernakulam

14. M/s. Zehub Technopark (P) Limited, Kollam

15. M/s. Tuffoply Resins India (P) Limited, Ernakulam

16. M/s. Haritha, Kannur.

(ബി) അവയിൽ ഏതൊക്കെ പ്രവർത്തനം ആരംഭിച്ചുവെന്നും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ?

ഒരു സ്വകാര്യ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ M/s. ഫെതർലൈക്ക് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതാണ് പ്രസ്തുത എസ്റ്റേറ്റ്. ടി എസ്റ്റേറ്റിൽ നേരിട്ടും അല്ലാതെയും ഏകദേശം 400 പേർക്ക് തൊഴിലവസരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ**

239(654) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കേരളത്തിൽ വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവ തീം ബേസ്ഡ് പാർക്കുകൾ നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് മേഖലകൾ കേന്ദ്രീകരിച്ച് പ്ലഗ് & പ്ലേ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മേഖലകൾ കേന്ദ്രീകരിച്ച് പ്ലഗ് & പ്ലേ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യവസായ വാണിജ്യ വകുപ്പിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം നിലവിലുണ്ട്. ഇത്തരത്തിൽ 16 സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

240(655) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് എന്ന പേരിൽ ഒരു വ്യവസായ പാർക്ക് നിലവിലില്ല. എന്നാൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മടിക്കൈ, പുതുക്കൈ എന്ന സ്ഥലത്ത് വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിൽ മടിക്കൈ, പുതുക്കൈ വ്യവസായ വികസന പ്ലോട്ട് എന്ന പേരിൽ ഒരു വ്യവസായ പ്ലോട്ട് നിലവിലുണ്ട്. പ്ലോട്ടിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 4.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. പ്ലോട്ടിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസർഗോഡ് വികസന പാക്കേജിൽനിന്നും 273 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. വ്യവസായ ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. നിലവിൽ 7 സംരംഭകർക്ക് 15 ഏക്കർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പുരോഗതി

241(656) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനത്തിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ടേംസ് ഓഫ് റഫറൻസ് (ToR) കിൻഫ്രയിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ വനം-വന്യജീവി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു. നിയമാനുസൃതമുള്ള എല്ലാ അനുമതികളും ലഭിക്കുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) വ്യവസായ സംരംഭങ്ങൾക്കായി ഈ സ്ഥലം എന്ന് കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വ്യവസായ സംരംഭങ്ങൾക്കായി ഈ സ്ഥലം 2025 അവസാനത്തോടെ കൈമാറാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അങ്കമാലി നിയോജകമണ്ഡലത്തിലെ ഗിഫ്റ്റ് സിറ്റി പദ്ധതി**

242(657) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി അയ്യമ്പുഴ പഞ്ചായത്തിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് ഭൂമിയുടെ വില നൽകുന്നതിന് 10-08-2023-ൽ വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയ കത്ത് 09-10-2023-ലെ ഐ.എൻ.1231000052/എം. (ലോ, ഇൻഡ് ആന്റ് കയർ) നമ്പറായി കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയ വിഷയത്തിൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി അയ്യമ്പുഴ പഞ്ചായത്തിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ RFCTLARR ആക്ടിലെ വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം

പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയപരിധി 03-10-2023 മുതൽ 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് നൽകുന്നതിലേയ്ക്കുള്ള തുക കിഫ്ബിയിൽനിന്നാണ് സമാഹരിക്കുന്നത്. കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പഞ്ചായത്തിൽനിന്നും ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായ ഗിഫ്റ്റ് സിറ്റി പദ്ധതിയിൽ ബിസിനസ്സ് ഓഫീസുകൾ, ദേശീയ-അന്തർദേശീയ ബാങ്കിംഗ് കമ്പനികൾ, ക്യാപിറ്റൽ മാർക്കറ്റ്, അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ് കമ്പനികൾ, ഐ.ടി./ഐ.ടി.ഇ.എസ്. സേവനങ്ങൾ, നിയമം, അക്കൗണ്ടിംഗ്, ഓഡിറ്റ് മാനേജ്മെന്റ് ഓർഗനൈസേഷനുകൾ, ഹോസ്പിറ്റാലിറ്റി, കൺവെൻഷൻ, വിനോദം, സ്വകാര്യ ഇക്വിറ്റി ഏജൻസികൾ/കമ്പനികൾ, ഗവേഷണ-വികസന വിജ്ഞാനാധിഷ്ഠിത

ഓർഗനൈസേഷനുകൾ എന്നീ സെക്ടറുകളിലുള്ള കമ്പനികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ഗ്രാമപ്രദേശത്തെ പാവപ്പെട്ട ഭൂവുടമകളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിന് നോട്ടീസ് നൽകുകയും വർഷങ്ങൾ കഴിഞ്ഞിട്ടും ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഗ്രാമപ്രദേശത്തെ പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ എന്നിവയ്ക്ക് ഭൂമി പണയപ്പെടുത്താനോ വിൽക്കാനോ കഴിയാതെ കഷ്ടപ്പെടുന്ന ഇവർക്ക് ഭൂമിയുടെ വില എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഭൂവുടമകൾക്ക് എത്രയുംവേഗം പണം നൽകണമെന്ന് കാണിച്ച് 10-08-2023-ൽ നൽകിയ കത്തിൽ നാല് മാസം കഴിഞ്ഞിട്ടും പണം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(സി-ഇ) കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കുന്നത്. കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാലായിൽ റബ്ബർ പാർക്ക് തുടങ്ങാൻ നടപടി**

243(658) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് അനന്തസാധ്യതയുള്ള സാഹചര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

നിലവിലുള്ള പദ്ധതികളായ "സംരംഭക സഹായ പദ്ധതി", "ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി", "ഒരു കുടുംബം, ഒരു സംരംഭം പദ്ധതി" എന്നീ പദ്ധതികൾ വഴി റബ്ബറധിഷ്ഠിത സംരംഭങ്ങൾക്കും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. ഇതിൽ "സംരംഭക സഹായ പദ്ധതി (ESS)"-യിൽ, കുറഞ്ഞത് 25 ശതമാനം

എങ്കിലും സ്വാഭാവിക റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, പൊതുവിഭാഗത്തിന് നൽകുന്ന 15 ശതമാനം സബ്സിഡിക്ക് പുറമേ 10 ശതമാനം അധിക സബ്സിഡി കൂടി നൽകിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)</u>

സംരംഭക സഹായ പദ്ധതി പ്രകാരം ഉൽപാദന മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു. പദ്ധതിപ്രകാരം, കുറഞ്ഞത് 25 ശതമാനം എങ്കിലും സ്വാഭാവിക റബ്ബർ അസംസ്കൃതവസ്തുവായി ഉപയോഗപ്പെടുത്തി ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, പൊതുവിഭാഗത്തിന് നൽകുന്ന 15 ശതമാനം സബ്സിഡിക്ക് പുറമേ 10 ശതമാനം അധിക സബ്സിഡി കൂടി നൽകിവരുന്നു. സംരംഭക സഹായ പദ്ധതി പ്രകാരം ഒരു യൂണിറ്റിന്

ലഭിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപയാണ്. ആനുകൂല്യം ലഭിക്കുന്നതിന് യൂണിറ്റ് ആരംഭിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർക്കാരിന്റെ പുതിയ വ്യവസായ നയം അനുസരിച്ച് ഹൈ വാല്യൂ ആഡഡ് റബ്ബർ പ്രോഡക്ട്സ് പ്രയോറിറ്റി സെക്ടറിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അതുപ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങൾക്കും പ്രത്യേക ധനസഹായങ്ങൾക്കും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് അർഹതയുണ്ട്.

കേരള റബ്ബർ ലിമിറ്റഡ് വ്യവസായ സമുച്ചയത്തിൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഉൽപ്പന്നവും പ്രോസസ്സ് വൈവിധ്യവൽക്കരണവും സുഗമമാക്കുക, പുതിയതും നിലവിലുള്ളതുമായ യൂണിറ്റുകളെ ദേശീയമായും അന്തർദേശീയമായും മത്സരാധിഷ്ഠിതമാക്കാൻ സഹായിക്കുക, വിവിധ മേഖലകളിൽ റബ്ബറധിഷ്ഠിതമായ ഉൽപന്നങ്ങളെപ്പറ്റിയുള്ള പഠനം എന്നിവയാണ് ഇതിലൂടെ കേരള റബ്ബർ ലിമിറ്റഡ് ലക്ഷ്യമിടുന്നത്.

(ബി) റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് മികച്ച പ്രോത്സാഹനമായി റബ്ബർ പാർക്ക് സ്ഥാപിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ റബ്ബർ കർഷകർ കൂടുതലായുള്ള പാലായിൽ റബ്ബർ പാർക്ക് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് (KRL) കോട്ടയം ജില്ലയിലെ വൈക്കം വെള്ളൂർ ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുണ്ട്. കേരള റബ്ബർ ലിമിറ്റഡ് വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണവും അടിസ്ഥാനസൗകര്യമൊരുക്കലും പുരോഗമിക്കുകയാണ്. 2023-ലെ വ്യവസായ നയത്തിലും റബ്ബർ മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. പാലായിൽ റബ്ബർ പാർക്ക് തുടങ്ങുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

244(659) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച പ്രധാനമായും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴി സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിലുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് സോഫ്റ്റ്‌വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതുതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം, ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന്

വർഷമാണ് കാലാവധി. മൂന്ന് വർഷത്തിനുശേഷം ആറ് മാസത്തിനകം സംരംഭകൻ അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചു.

സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS (Kerala Centralised Inspection System) സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ/ സംരംഭകരുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിവിധ

വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-യുടെ നെറ്റ്‌വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷംകൊണ്ട് ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങുകയെന്ന ലക്ഷ്യമിട്ട് നടപ്പാക്കിയ സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി, 2022-23 സാമ്പത്തിക വർഷം 139840 പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ടും അതിലൂടെ മൂന്ന് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും ചരിത്രവിജയം കൈവരിച്ചു. സംരംഭകവർഷത്തിന്റെ വിജയം കണക്കിലെടുത്ത് 2023-24 സാമ്പത്തിക വർഷവും സംരംഭകവർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം തുടർന്ന് കൊണ്ടുപോകുന്ന സംരംഭക വർഷം 2.0 എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്കെയിൽ അപ്പ് മിഷൻ പദ്ധതി, എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

കേരളത്തിനിണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ

വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും ലക്ഷ്യമിടുന്ന കേരള വ്യവസായ നയം 2023 അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വി-മിഷൻ പദ്ധതി, സീഡ് ഫണ്ട് അസിസ്റ്റന്റ്സ്, സ്കെയിൽ അപ്പ് സപ്പോർട്ട് എന്നീ പദ്ധതികൾ വഴി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുണ്ട്.

(ബി) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിപ്രകാരം കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2023 വർഷം എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും വിശദമാക്കുമോ?

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ 1015 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 2127 തൊഴിലവസരങ്ങൾ

സൃഷ്ടിക്കുകയും ചെയ്തു. 2023-24 വർഷത്തിൽ 24-01-2024 വരെ ആകെ 456 സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ 924 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുതിയ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

ഉൽപാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽത്തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്ന 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' എന്ന ഒരു പുതിയ പദ്ധതി സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി സ്റ്റാർട്ട് അപ്പ് ആശയം ഡെവലപ് ചെയ്തതിനുശേഷം പ്രോജക്ടിന്റെ 30% നൽകുന്നു. രണ്ടാംഘട്ടമായി പ്രോട്ടോടൈപ്പ് ഡെവലപ് ചെയ്തതിനുശേഷം പ്രോജക്ടിന്റെ 50% നൽകുന്നു.

മൂന്നാംഘട്ടമായി വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചശേഷം അവശേഷിക്കുന്ന 20% നൽകുന്നു. പദ്ധതി മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ സീഡ് ഫണ്ട് അസ്സിസ്റ്റൻസ് വഴി കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. 25 ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിന് 25 ലക്ഷം രൂപവരെ നിലവിൽ 6.75% പലിശ നിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകുന്നു.

**വ്യവസായ വകുപ്പ് നേടിയ നേട്ടങ്ങളും അംഗീകാരങ്ങളും**

245(660) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം വ്യവസായ വകുപ്പ് നേടിയ നേട്ടങ്ങളും അംഗീകാരങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് ആകെ 233079 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 15,294 കോടി രൂപയുടെ നിക്ഷേപവും 518168 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇതിൽ സംരംഭക വർഷം 2022-23, സംരംഭക വർഷം 2.0 പദ്ധതികൾവഴി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്താകെ 218676 സംരംഭങ്ങൾ ആരംഭിക്കുകയും ഇതിലൂടെ 13,842 കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും 465176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

വ്യവസായ വകുപ്പിന് കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേയ്ക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) ധാരണാപത്രത്തിൽ ഏർപ്പെട്ടു. ONDC നെറ്റ്വർക്കിലേയ്ക്ക് പ്രോഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു.

സംസ്ഥാനത്ത് ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ

എത്തിക്കുന്നതിനുമായി ഭൗമസൂചികാ ഉൽപന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചു. ഭൗമസൂചിക ലഭിച്ചിട്ടുള്ള ഉൽപന്നങ്ങളുടെ കേരളത്തിൽനിന്നുള്ള ഉൽപാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.

2023-24 സാമ്പത്തിക വർഷത്തിൽ എം.എസ്.എം.ഇ. സുസ്ഥിരത പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക, സംസ്ഥാനത്തെ പുതിയ എം.എസ്.എം.ഇ.-കളിൽ കുറഞ്ഞത് 70% എങ്കിലും വിജയകരമായി പ്രവർത്തിക്കുമെന്ന് ഉറപ്പാക്കുക, സംസ്ഥാനത്തെ പുതിയ എം.എസ്.എം.ഇ.-കളുടെ വിറ്റുവരവിൽ 5% വളർച്ചാനിരക്ക് ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഹ്രസ്വകാല പ്രവർത്തനങ്ങളും ദീർഘകാല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ എം.എസ്.എം.ഇ.-കളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 എം.എസ്.എം.ഇ.-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ "മിഷൻ 1000" പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിച്ചു.

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചു.

സംരംഭങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കി.

സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ടി പദ്ധതിപ്രകാരം 16 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾക്കായി പുതിയ നിയമം ഏർപ്പെടുത്തി.

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗപ്പെടുത്താത്ത ഭൂമിയിൽ വ്യവസായ വികസനത്തിന് ഉപയോഗിക്കാനുതകുന്ന ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആവിഷ്കരിച്ചു.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ഉപയോഗപ്പെടുത്താത്ത ഭൂമിയിൽ

വ്യവസായ വികസനത്തിനായി ഉപയോഗിക്കാനായി ലക്ഷ്യമിടുന്ന സഹകരണ വ്യവസായ പാർക്ക് പദ്ധതി പ്രാഥമികഘട്ടത്തിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ രംഗത്ത് വളരെയധികം മുന്നേറ്റങ്ങളാണ് കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷക്കാലയളവിൽ കേരളത്തിലേയ്ക്ക് ഏകദേശം 91,575 കോടി രൂപയുടെ നിക്ഷേപം വന്നതായി അടുത്തിടെ ദേശീയതലത്തിൽ, എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനമായ "സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ്, ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ്" എന്ന പഠന റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. 2021-22 വർഷം കേരളത്തിന് താരതമ്യേന മികച്ച വ്യാവസായിക വളർച്ച (17.3%) കൈവരിക്കാൻ കഴിഞ്ഞതായും പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവയുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുന്നതിനുമായിട്ടാണ് ഈ സർക്കാർ കേരള

വ്യവസായ നയം 2023 രൂപീകരിച്ചത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം പ്രാവർത്തികമാക്കുക എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ.

പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 മുൻഗണന മേഖലകളിലൂന്നിയ വ്യവസായവത്കരണം ലക്ഷ്യമിട്ടുള്ളതുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥിര മൂലധനത്തിന് 10 കോടി രൂപ വരെ 10% നിക്ഷേപ സബ്സിഡി, വ്യവസായ വിപ്ലവം 4.0-ന്റെ ഭാഗമായി വേണ്ട

സംവിധാനങ്ങളൊരുക്കുന്നതിന് (നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിംഗ് ആൻഡ് അനാലിസിസ് തുടങ്ങിയവ) സംരംഭങ്ങൾ ചെലവാക്കുന്ന തുകയുടെ 20%, (പരമാവധി 25 ലക്ഷം രൂപവരെ) തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ. വ്യവസായങ്ങൾക്ക് 5 വർഷത്തേയ്ക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സംസ്ഥാന സർക്കാരിന്റെ വ്യവസായ പാർക്കുകളിലും സർക്കാരിന്റെ അംഗീകാരമുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകളിലും രജിസ്ട്രേഷൻ ചാർജ്ജിൽ 100% ഇളവ്, കൂടാതെ സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്ക് വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജ്ജിലും 100% ഇളവ്, എം.എസ്.എം.ഇ. ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന ജി.എസ്.ടി. വിഹിതം 5 വർഷത്തേയ്ക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി, 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികളെ സ്ഥിരജോലിക്കെടുക്കുന്ന വൻകിട-മെഗാ സംരംഭങ്ങളിൽ മാസവേതനത്തിന്റെ 25%, പരമാവധി 5000 രൂപ വരെ തൊഴിലുടമയ്ക്ക് ഒരു

വർഷത്തേയ്ക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി തുടങ്ങി നിരവധി ഇൻസെന്റീവ് ആനുകൂല്യങ്ങൾ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എൻവയോൺമെന്റൽ, സോഷ്യൽ ആൻഡ് ഗവേണൻസ് (ഇ.എസ്.ജി.) നിക്ഷേപങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി, അത്തരത്തിലുള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻവേണ്ട നടപടികളും വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ.എസ്.ജി.-കേന്ദ്രീകൃത എം.എസ്.എം.ഇ. വികസനം പ്രോത്സാഹിപ്പിക്കുന്നതിനും എം.എസ്.എം.ഇ.-കളുടെ ഇ.എസ്.ജി. റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള വായ്പകളും പ്രോത്സാഹനങ്ങളും നൽകുന്നതിനുമുള്ള സംസ്ഥാന ഇ.എസ്.ജി. നയം രൂപീകരിക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ നടപടി അന്തിമഘട്ടത്തിലാണ്. കൂടാതെ കയറ്റുമതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു കയറ്റുമതി പ്രോത്സാഹന നയം രൂപീകരിക്കാനുള്ള നടപടികളും നടന്നുവരുന്നു.

## കിൻഫ്രയുടെ നേട്ടങ്ങൾ 2021-23

### കിൻഫ്രയുടെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | കഴിഞ്ഞ 2 വർഷങ്ങളിലെ പ്രകടനം (2021-23) |
|---|---|---|
| 1 | അലോട്ട് ചെയ്ത ഭൂമി (ഏക്കറിൽ) | 191.01 |
| 2 | അലോട്ട് ചെയ്ത സ്പേസ് (ച.അടി) | 398834.61 |
| 3 | യൂണിറ്റുകളുടെ എണ്ണം | 352 |
| 4 | തൊഴിലവസരങ്ങൾ | 25950 |
| 5 | നിക്ഷേപം | Rs. 1974.52 Crore |

പുതിയ വ്യാവസായിക യൂണിറ്റുകൾ, വ്യാവസായിക സൈറ്റ് അനുവദിക്കൽ, സ്വകാര്യ മൂലധനനിക്ഷേപം, തൊഴിൽ സാധ്യതകൾ എന്നിവയുടെ കാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കിൻഫ്ര ഗണ്യമായ പുരോഗതി കൈവരിച്ചു. ഇതുവരെ ഏറ്റെടുത്ത 3438.23 ഏക്കറിൽ 90 ശതമാനത്തിന് മുകളിൽ ഭൂമി വിവിധ സംരംഭകർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. മൊത്തം 1407707.01 ചതുരശ്ര അടി വ്യാവസായിക സ്ഥലം നിർമ്മിക്കുകയും 1163750.42 ചതുരശ്ര അടി (82%) വൈവിധ്യമാർന്ന വ്യവസായങ്ങൾക്കായി അനുവദിക്കുകയും ചെയ്തു. ഇതിലൂടെ ഏകദേശം 5000 കോടി രൂപ മുതൽമുടക്കിൽ 70,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചു.

ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് അവതരിപ്പിച്ച ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം (IPRS 2.0) കിൻഫ്രയുടെ അഞ്ച് പാർക്കുകൾ മികച്ച 15 പാർക്കുകളിൽ (മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നത്) ഇടം നേടിയിട്ടുണ്ട്.

ലക്ഷ്യപ്രാപ്തിക്കായി സമയബന്ധിതമായ ആസൂത്രണത്തിലൂടെ നിരവധി നടപടികൾ സ്വീകരിച്ച വർഷമാണിത്. സംസ്ഥാന സർക്കാരിന്റെ കോവിഡ് പുനരധിവാസ പദ്ധതികളായ വ്യവസായ ഭദ്രത, കോവിഡ് സമാശ്വാസ പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ നേട്ടങ്ങളുണ്ടാക്കാനും കിൻഫ്രയ്ക്ക് കഴിഞ്ഞു.

ഈ സാമ്പത്തിക വർഷത്തിൽ കിൻഫ്രയുടെ മറ്റൊരു നാഴികക്കല്ല്, SEZ-ലെ ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾക്കായി ഏകദേശം 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബിൽറ്റ്-അപ് ഏരിയയിൽ ഒമ്പത് നിലകളുള്ള അത്യാധുനിക ഐ.ടി. കെട്ടിടത്തിന്റെ പൂർത്തീകരണവും അനുമതിയുമായിരുന്നു. കെട്ടിടം പൂർണ്ണമായും ടാറ്റ എൽക്സിക്കാണ്

അനുവദിച്ചിരിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചതിനാൽ 'പ്രഗതി' പോലെയുള്ള സമാനമായ മറ്റൊരു കെട്ടിടം കൈവശപ്പെടുത്താൻ അവർ താൽപ്പര്യം കാണിക്കുകയും കിൻഫ്ര

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു (കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ എസ്.ഡി.എഫ്.-II കെട്ടിടത്തിന്റെ നിർമ്മാണം).

മലപ്പുറം, കാക്കഞ്ചേരി കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ ഒരു ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ് ഏരിയയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (നിയോ സ്പേസ്-II) പൂർത്തിയായി ഐ.ടി/ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കായി പൂർണ്ണമായും അനുവദിച്ചിരിക്കുന്നു.

രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു റെഡി-ടു മൂവ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു. അലോട്ട്മെന്റ് 90 ശതമാനം പൂർത്തിയായി.

കൊച്ചി ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ (കെ.ബി.ഐ.സി.) 85% (നോഡ് I) ഭൂമി ഏറ്റെടുക്കൽ സർക്കാരിന്റെ മറ്റൊരു നാഴികക്കല്ലാണ്. കെ.ബി.ഐ.സി.-ക്ക് രണ്ട് നോഡുകളുണ്ട്. നോഡ് I- ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, പാലക്കാട്, നോഡ് II-ഗിഫ്റ്റ് സിറ്റി, കൊച്ചി. ഭൂമിയുടെ ഇത്രയും വലിയൊരു ഭാഗം വിജയകരമായി ഏറ്റെടുക്കുന്നത് പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതിയെയും പ്രതിബദ്ധതയെയും സൂചിപ്പിക്കുന്നു. വെറും 15 മാസംകൊണ്ടാണ് ഇതെല്ലാം നടപ്പിലാക്കിയിട്ടുള്ളത്. ഏകദേശം 2068.37 ഏക്കർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്.

1. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട് Kerala Minor Mineral Concession Rules-2015 (KMMC Rules-2015)-ലും Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules-2015 (KMPIMST Rules-2015)-ലും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവന്ന് ചട്ടങ്ങൾ നവീകരിച്ചു.

2. വീട് വയ്ക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി 3000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കുറഞ്ഞ വീടുകൾ വയ്ക്കുന്നതിന് മണ്ണ് നീക്കംചെയ്യുന്നതിന് അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

3. വകുപ്പിൽനിന്നും അനുവദിക്കുന്ന വിവിധ അനുമതികൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിലേയ്ക്ക് ആരംഭിച്ച കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസ് (KOMPAS) കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. ഡ്രോൺ ടെക്നോളജി ഉപയോഗിച്ച് ധാതുവിഭവങ്ങളുടെ വിന്യാസവും അളവും തിട്ടപ്പെടുത്തുന്നതിനും അനധികൃത ഖനന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനുമുള്ള സാങ്കേതികവിദ്യ കെൽട്രോണുമായി ചേർന്ന് വികസിപ്പിച്ചുവരുന്നു.

5. ധാതു പര്യവേക്ഷണത്തിനായി ആധുനിക സംവിധാനങ്ങളോട് കൂടിയ റിഗ് വാങ്ങുന്നതിന് ഭരണാനുമതി നൽകി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22-ൽ 9956.420 മെട്രിക് ടണ്ണും 2022-23 ൽ 9880.487 മെട്രിക് ടണ്ണും 2023-24-ൽ ഇതുവരെ 12112.654 മെട്രിക് ടണ്ണും തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വിതരണം ചെയ്യുകവഴി ഈ മേഖലയിലെ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുവാൻ സാധിച്ചു. കൂടാതെ ടാൻസാനിയയിൽനിന്നും 2000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കരാറിൽ ഏർപ്പെട്ടതോടുകൂടി 2023-24 സാമ്പത്തിക വർഷം 14112.654 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി സാധ്യമായിട്ടുണ്ട്. ഇതിനുപുറമെ ഘാനയിൽനിന്നും 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിലേയ്ക്ക് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി മനസ്സിലാക്കി കശുവണ്ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദേശങ്ങൾ

സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച വിദഗ്ധ സമിതി 05-01-2024-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഐവറി കോസ്റ്റുമായി ഗവൺമെന്റ് ടു ഗവൺമെന്റ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (MoU) ഒപ്പിട്ടിട്ടുമുണ്ട്.

അടഞ്ഞുകിടന്നിരുന്ന ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും ഈ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനുമായി എൻ.പി.എ. ആയ സംരംഭകരെ സഹായിക്കുന്നതിനായി One Time Settlement (OTS) സർക്കാർ മുൻകൈയെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ബാംബൂ കോർപ്പറേഷൻ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയിൽ 300 ഏക്കർ സ്ഥലത്ത് നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടുകൂടി അതിസാന്ദ്ര മുളത്തോട്ടം വച്ചുപിടിപ്പിച്ചിട്ടുണ്ട്.

**ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ**

246(661) **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും കേസ് തിരിച്ച് കോടതി തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവർ ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ CP 40/2001 എന്ന നമ്പറിലും കെൽട്രോൺ റെക്ടിഫയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ CP 31/2002 എന്ന നമ്പറിലുമാണ് ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങളുള്ളത്.

വ്യവഹാരങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2015-16 വർഷങ്ങളിൽ കമ്പനി നിയമം, 1956-ലെ ലിക്വിഡേഷൻ വ്യവസ്ഥകൾ

അനുസരിച്ച് ടി കമ്പനികളെ ലിക്വിഡേറ്റ് ചെയ്യുവാൻ ഉത്തരവായി. ടി ഉത്തരവ് അനുസരിച്ച് ഹൈക്കോടതിയുടെ ഒഫിഷ്യൽ ലിക്വിഡേറ്റർ ടി കമ്പനികളുടെ ചുമതലയും സ്ഥാവരജംഗമ വസ്തുക്കളുടെ കൈവശവും ഏറ്റെടുക്കുകയും ചെയ്തു.

കമ്പനി നിയമം 1956 പ്രകാരം ഏറ്റെടുത്ത വസ്തുക്കൾ കൈവശം കിട്ടുന്നതിനായി കെൽട്രോൺ 2017-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ടി കമ്പനികളുടെ വസ്തുവിൽ 100 MW സോളാർ പാനൽ മാനുഫാക്ചറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

കെൽട്രോൺ, വസ്തു കൈവശം കിട്ടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയും കമ്പനീസ് ആക്ട് 1956-ലെ സെക്ഷൻ 391 മുതൽ 394 വരെ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റ് പ്രകാരമുള്ള പുതിയ അപേക്ഷ നൽകാൻ അവസരം നൽകുകയും ചെയ്തിട്ടുണ്ട്.

അതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്പോഴത്തെ ഈ ഭൂമിയുടെ ബാധ്യത 13 കോടി രൂപയാണ്.

**കെട്ടിട നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ നടപടി**

247(662) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ വസ്തുക്കളായ കമ്പി, സിമന്റ്, കരിങ്കല്ല്, എം-സാൻഡ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവ് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉൽപാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴിയുണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ

ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻഡുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പനവില താരതമ്യേന കുറവാണ്. കഴിഞ്ഞ 15 വർഷമായി ഈ സ്ഥാപനം സിമന്റ് വില വർദ്ധിപ്പിച്ചിട്ടില്ല. ഏതാനും മാസങ്ങളായി സിമന്റ് വിലയിൽ ഗണ്യമായ ഇടിവ് നേരിടുകയാണ്.

(ബി) പല കമ്പനികളും കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപാദനം കുറച്ച് വില കൂട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടില്ല.

(സി) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനവ് സാധാരണക്കാരെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കേന്ദ്ര നയങ്ങൾമൂലമുണ്ടാകുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ

ന്യായവില വിപണന കേന്ദ്രമായ "കലവറ" എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറകൾ' പ്രവർത്തിക്കുന്നുണ്ട്.

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാതലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉൽപാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

**ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

248(663) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി - 28 യൂണിറ്റുകൾക്ക് 1,48,43,474/- രൂപ സബ്സിഡി അനുവദിച്ചു.
2. മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി - 40% സബ്സിഡിയോടുകൂടി 6 യൂണിറ്റുകൾ ആരംഭിച്ചു.
3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി - 22 യൂണിറ്റുകൾക്ക് 6% പലിശ ഇളവ് ലഭിച്ചു.
4. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി - 35%/25% സബ്സിഡിയോടുകൂടി 100 സംരംഭങ്ങൾ ആരംഭിച്ചു.

5. പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതി - 35% സബ്സിഡിയോടുകൂടി 18 സംരംഭങ്ങൾ ആരംഭിച്ചു.
6. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതത്തിൽ 75% സബ്സിഡിയോടുകൂടി 44 സംരംഭങ്ങൾ ആരംഭിച്ചു. കയർ മേഖലയിൽ തുടങ്ങിയ 36 സംരംഭങ്ങളും ഇതിലുൾപ്പെടുന്നു.
7. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനായും നിലവിലെ സംരംഭകർക്ക് പുത്തൻ ആശയങ്ങൾ കൊടുക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ 3 തവണ സംരംഭകത്വ ബോധവൽക്കരണ ശില്പശാലയും എല്ലാ പഞ്ചായത്തുകളിലും 2 തവണ ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗും സംഘടിപ്പിച്ചു.
8. നവസംരംഭകർക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന ബാങ്ക് വായ്പ നേടുന്നതിന് എല്ലാ പഞ്ചായത്തുകളിലും രണ്ടുതവണ ലോൺ ലൈസൻസ് സബ്സിഡിമേളയും നവകേരള സദസ്സിന്റെ ഭാഗമായി ചിറയിൻകീഴ് മണ്ഡലാടിസ്ഥാനത്തിൽ ഒരു തവണ ലോൺ ലൈസൻസ് സബ്സിഡിമേളയും നടത്തി.

9. 2022-23 സാമ്പത്തിക വർഷത്തിൽ സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്സ് മുഖേന വ്യവസായ വകുപ്പിന്റെ വിവിധ ആനുകൂല്യങ്ങൾ മണ്ഡലത്തിലെ എല്ലാ സംരംഭങ്ങളിലേയ്ക്കും എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി.

10. സംരംഭക വർഷത്തിന്റെ (2022-23) ഭാഗമായി ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 1076 സംരംഭങ്ങളാണ് ആരംഭിച്ചത്. 2023-24 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പ് നിയമിച്ച എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്സ് മുഖേന പ്രസ്തുത 1076 സംരംഭങ്ങളിൽ നേരിട്ട് പോകുകയും അവയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര നിർദേശങ്ങൾ നൽകുവാനും സാധിച്ചു.

11. <u>മിഷൻ 1000 പദ്ധതി</u>

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽനിന്ന് 7 സംരംഭങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്തു. തിരുവനന്തപുരം ജില്ലയിൽനിന്നും ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത ഏക യൂണിറ്റ് ചിറയിൻകീഴ്

നിയോജകമണ്ഡലത്തിലെ കിഴവിലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന M/s. Mukthi Pharma ആണ്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ കൈവശഭൂമി**

249(664) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ കൈവശം എത്ര ഭൂമിയാണുള്ളതെന്നും ഈ സ്ഥാപനങ്ങൾ ഏത് വില്ലേജിൽ ഉൾപ്പെട്ടതാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ അതത് സ്ഥാപനങ്ങൾക്ക് ആവശ്യമായതിന് പുറമേയുള്ള ഭൂമി സർക്കാരിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സിന്തറ്റിക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യ കെ.എം.എം.എൽ.-ൽ നടപ്പിലാക്കുവാൻ നടപടി**

250(665) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് (CMRL) കമ്പനിയിൽനിന്നും ചവറയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് സിന്തറ്റിക് റൂട്ടൈൽ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി കെ.എം.എം.എൽ. ടണ്ണിന് എത്ര രൂപയാണ് സി.എം.ആർ.എൽ. കമ്പനിക്ക് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് (CMRL) കമ്പനിയിൽനിന്നും കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് സിന്തറ്റിക് റൂട്ടൈൽ വാങ്ങുന്നില്ല.

(ബി) സി.എം.ആർ.എൽ. കമ്പനി സിന്തറ്റിക് റൂട്ടൈൽ തയ്യാറാക്കുന്നതിനുള്ള ധാതുമണലായ ഇൽമനൈറ്റ് ഇന്ത്യൻ റെയർ എർത്ത്

ലിമിറ്റഡിൽനിന്നും വാങ്ങുന്നത് ടണ്ണിന് എത്ര രൂപ നിരക്കിലാണെന്ന് അറിയിക്കാമോ?

സി.എം.ആർ.എൽ., ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് എന്നിവ സംസ്ഥാന സർക്കാരിന്റെ ഭരണനിയന്ത്രണത്തിൽവരുന്ന സ്ഥാപനങ്ങളല്ല.

(സി) ഇൽമനൈറ്റിൽനിന്നും ഇരുമ്പ് വേർതിരിച്ച് സിന്തറ്റിക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യ കെ.എം.എം.എൽ. കമ്പനിയിൽ നടപ്പിലാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഇൽമനൈറ്റിൽനിന്നും ഇരുമ്പ് വേർതിരിച്ച് സിന്തറ്റിക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യ കെ.എം.എം.എൽ.-ൽ നിലവിലുണ്ട്.

**കെൽപാം യൂണിറ്റിൽ നടത്തിയ വികസനങ്ങൾ**

251(666) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാം യൂണിറ്റിന് 2016-17 മുതൽ 2022-23 വരെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും നാളിതുവരെ എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) 2016-17 മുതൽ 2022-23 വരെ കെൽപാമിന്റെ കൊറ്റാമത്തുള്ള CFSC-ൽ നവീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ ഒരു കോടി രൂപ (25 ലക്ഷം വീതം 4 തവണ) അനുവദിച്ചിട്ടുണ്ട്. സ്റ്റോർ റൂം, ഫ്രീസർ, ചില്ലർ റൂം, ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ് എന്നിവ സ്ഥാപിച്ചു. കൂടാതെ കെൽപാം ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി 7 വ്യത്യസ്ത രുചികളിലുള്ള കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉൽപാദനം ലക്ഷ്യമാക്കി സെമി ഓട്ടോമാറ്റിക് പെറ്റ് ബോട്ടിൽ യൂണിറ്റ് സ്ഥാപിച്ച് കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉൽപാദനം ആരംഭിച്ച് കേരളത്തിലുടനീളം വിപണനം ചെയ്തുവരുന്നു. തുടർച്ചയായി വൈദ്യുതി ലഭിക്കാതെ വരുന്നതിനാൽ 100 KVA കപ്പാസിറ്റിയുള്ള ഒരു ജനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. പന ഉൽപന്നങ്ങളുടെ കരകൗശലനിർമ്മാണ യൂണിറ്റ് സജ്ജമാക്കുന്നതിന് 2022-23-ൽ 25 ലക്ഷം രൂപ ഭരണാനുമതി നൽകിയെങ്കിലും 14 ലക്ഷം രൂപ മാത്രമാണ്

അനുവദിച്ചത്. പ്രസ്തുത തുക യൂണിറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു. പ്രസ്തുത പദ്ധതി 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടില്ല. CFSC-ൽ നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയും കരകൗശലനിർമ്മാണ യൂണിറ്റിനായി 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**വ്യവസായ ഇന്റേണുകൾ**

252(667) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പുരോഗതി ഉണ്ടാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നിയമിച്ച വ്യവസായ ഇന്റേണുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവർ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും

അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനായും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ച ഇന്റേണുകളുടെ (എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്സ്) പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ തലത്തിൽ വിലയിരുത്താറുണ്ട്.

(ബി) എത്ര വർഷത്തേയ്ക്കാണ് അവർക്ക് നിയമനം നൽകിയിട്ടുള്ളത്; അവരുടെ നിയമനംമൂലം ഈ കാലയളവിൽ വ്യവസായ മേഖലയിലുണ്ടായ മാറ്റം വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തിൽ ഒരു വർഷ കരാർ വ്യവസ്ഥയിലാണ് ഇന്റേണുകളെ നിയമിച്ചിരുന്നത്. 2022-23 സംരംഭകവർഷത്തിന്റെ വിജയം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം 2023-24 സാമ്പത്തിക വർഷവും 'സംരംഭകവർഷം 2.0' എന്ന പേരിൽ തുടരാൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷം പ്രസ്തുത ഇന്റേണുകളുടെ കരാർ നിയമനം 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

2022-23 സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ 139840 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും അതുവഴി 8422 കോടി രൂപയുടെ നിക്ഷേപവും 300051 പുതിയ തൊഴിലവസരങ്ങളും സംരംഭകവർഷം 2.0-ന്റെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെ 76595 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും അതുവഴി 5177 കോടി രൂപയുടെ നിക്ഷേപവും 160582 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിച്ചു.

(സി) പ്രതിമാസം അവർക്ക് ഓണറേറിയമായി എത്ര തുകയാണ് നൽകുന്നത്; പ്രസ്തുത തുക എവിടെ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ?

22,000/- (ഇരുപത്തിരണ്ടായിരം രൂപ മാത്രം) രൂപ പ്രതിമാസ വേതനത്തിലാണ് കരാറടിസ്ഥാനത്തിൽ ഇവരെ നിയമിച്ചിട്ടുള്ളത്. 2023-2024 സാമ്പത്തിക വർഷത്തിൽ 2851-00-102-98(P) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ

സുസ്ഥിരതയും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രതിമാസ വേതനം നൽകുന്നത്.

**കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ**

253(668) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള ബ്രാൻഡ്. പദ്ധതിയുടെ പൊതുവായ മാനദണ്ഡങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി കേരളാ ബ്രാൻഡ് നൽകുന്നതിന് വെളിച്ചെണ്ണയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. കേരളാ ബ്രാൻഡ് ലഭിക്കുന്നതിനായി വെളിച്ചെണ്ണ നിർമ്മാണ സ്ഥാപനങ്ങൾ

പാലിക്കേണ്ട മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കേരളാ ബ്രാൻഡിനുവേണ്ടി ലോഗോ ഡിസൈൻ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ലോഞ്ചിംഗ് 2024 ഫെബ്രുവരിയിൽ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ഉൽപന്നങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ ഈ പദ്ധതിപ്രകാരം ഇതുവരെ ഒരു ഉൽപന്നത്തിനും കേരള ബ്രാൻഡ് നൽകിയിട്ടില്ല. മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കുന്ന ഉൽപന്നങ്ങളിൽ വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ ലോഞ്ചിംഗിന് ശേഷം മാത്രമേ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങൾ/ ഉൽപന്നങ്ങൾക്ക് കേരള ബ്രാൻഡ് നൽകുന്നത് ആരംഭിക്കുകയുള്ളൂ.

(സി) പ്രസ്തുത സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതിന് തിരഞ്ഞെടുത്തിട്ടുള്ള വെളിച്ചെണ്ണയ്ക്ക് കേരള ബ്രാൻഡ്

നൽകുന്നതിനുള്ള മാനദണ്ഡപ്രകാരം പൂർണ്ണമായും കേരളത്തിൽനിന്നും സംഭരിക്കുന്ന നാളികേരം/കൊപ്ര മാത്രം ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ തന്നെ നിർമ്മിക്കുന്നതായിരിക്കണം. വെളിച്ചെണ്ണ വിപണിയിൽ അംഗീകൃതമായ AGMARK, BIS 542 എന്നീ സർട്ടിഫിക്കേഷനുകളിൽ ഏതെങ്കിലും ഒന്നുള്ള, ഉദ്യം രജിസ്ട്രേഷൻ എടുത്തിട്ടുള്ള കേരളത്തിലെ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളെയാണ് കേരള ബ്രാൻഡ് നൽകുന്നതിനായി പരിഗണിക്കുന്നത്. മറ്റ് ഉൽപന്നങ്ങൾക്കോ സേവനങ്ങൾക്കോ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ്/വകുപ്പുകൾ നിർദേശിക്കുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഇന്റർ-ഡിസിപ്ലിനറി കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവയായിരിക്കണം. പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ

നിലവിൽ നിഷ്കർഷിക്കപ്പെടാത്ത ഉൽപന്നങ്ങളുടെ/സേവനങ്ങളുടെ കാര്യത്തിൽ, അനുയോജ്യമായ മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി നിർദ്ദേശിക്കും. മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ കേരള ബ്രാൻഡിന് അപേക്ഷിക്കുന്ന എല്ലാ യൂണിറ്റുകളും കേരള ബ്രാൻഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്കനുസൃതമായി പ്രവർത്തിക്കുന്നവയായിരിക്കണം. ഇതുസംബന്ധിച്ച് നിർമ്മാതാക്കൾ അപേക്ഷയോടൊപ്പം ഒരു സെൽഫ്-ഡിക്ലറേഷൻ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി അത് നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യും.

കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്കുതല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതത് ഉൽപന്നത്തിന്/സേവനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും.

**മാവൂർ ഗ്വാളിയർ റയോൺസ്**

254(669) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസിനുവേണ്ടി ഏറ്റെടുത്ത് നൽകിയ സ്ഥലത്ത് ഏതെങ്കിലും വ്യവസായം തുടങ്ങാനുള്ള നിർദേശം കമ്പനി സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇതുസംബന്ധിച്ച് കേരള ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ നിരവധി തവണ ഈ വിഷയം അഡ്വക്കേറ്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 17-05-2022-ൽ കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി കൂടിക്കാഴ്ച നടത്തുകയും അതുപ്രകാരം കേസ് പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിക്കുകയുമുണ്ടായി. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട

ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 10-10-2022-ൽ ജില്ലാ കളക്ടർ സമർപ്പിക്കുകയുമുണ്ടായി. കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വീണ്ടും കൊണ്ടുവന്ന് തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കമ്പനി സ്വന്തമായി വിലയ്ക്ക് വാങ്ങിയ ഭൂമി, ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(ഡി) സ്ഥലം ഏറ്റെടുക്കാൻ നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിലവിൽ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഇത്തരത്തിൽ ഒരു നിർദേശം സർക്കാരിന്റെ പരിഗണനയിലില്ല.

**എ.ഐ. ക്യാമറ സ്ഥാപിച്ചതിൽ കെൽട്രോണിന്റെ പങ്ക്**

255(670) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി കെൽട്രോണിനെ തിരഞ്ഞെടുത്തിരുന്നോ; എങ്കിൽ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കെൽട്രോണിനെ തിരഞ്ഞെടുത്തിരുന്നു. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.

1) ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം അസംബിൾ ചെയ്യുന്നതിനാവശ്യമായ വിവിധ ഘടകങ്ങൾ വാങ്ങിനൽകുന്നതിന് സുതാര്യമായ ടെൻഡർ പ്രോസസ്സിലൂടെ വെൻഡറെ കണ്ടെത്തുക.

2) മേൽപ്പറഞ്ഞ ഘടകങ്ങളുടെ ഗുണമേന്മ ഉറപ്പാക്കിയശേഷം അവ സംയോജിപ്പിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റമാക്കി മാറ്റുകയും അത് ടെസ്റ്റ് ചെയ്ത് നിരത്തുകളിൽ സ്ഥാപിക്കുന്നതിനുവേണ്ടി നൽകുകയും ചെയ്യുക.

3) ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം സ്ഥാപിക്കുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് സർവ്വേ നടത്തുക.

4) ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുക.

5) ഈ പദ്ധതിയുടെ ചെല്ലാൻ പ്രോസസ്സിംഗിന് ആവശ്യമായ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ചെയ്യുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായും MORTH-ഉം ആയുള്ള കമ്മ്യൂണിക്കേഷൻസ് നടത്തുക.

6) ഇവ കൂടാതെ ഈ പദ്ധതിയുടെ ഭാഗമായുള്ള ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് (FMS) പൂർണ്ണമായും കെൽട്രോൺ നേരിട്ടാണ് നടപ്പിലാക്കുന്നത്.

(ബി) ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന് നാളിതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും ഈയിനത്തിൽ എന്തെങ്കിലും കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കുമോ?

പ്രോജക്ട് നടപ്പിലാക്കിയതിൽ കരാർ പ്രകാരം ലഭിക്കേണ്ട ആദ്യഗഡുവായ 11,79,11,440/- രൂപയിൽനിന്നും 9,39,48,820/- രൂപ ഗതാഗത (ഡി) വകുപ്പിന്റെ 03-01-2024-ലെ സ.ഉ.(സാധാ)നം.5/2024/ട്രാൻ. പ്രകാരം കെൽട്രോണിന് അനുവദിച്ച് നൽകി ഉത്തരവായെങ്കിലും തുക റിലീസ് ചെയ്ത് കെൽട്രോണിന് ലഭിച്ചിട്ടില്ല. കരാർ പ്രകാരം ഇതുവരെ 23.58 കോടി രൂപ ലഭിക്കാനുണ്ട്.

(സി) യഥാസമയം പണം ലഭിക്കാത്ത കാരണത്താൽ കെൽട്രോണിന് ചുമതല വഹിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ?

കരാർ പ്രകാരമുള്ള തുക യഥാസമയം ലഭിക്കാത്തത് കെൽട്രോണിന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കുന്നുണ്ടെങ്കിലും ഏറ്റെടുക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിന് അതൊരു തടസ്സമാകാതെ ശ്രദ്ധിക്കുന്നുണ്ട്.

(ഡി) ഇത് ക്യാമറയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

കെൽട്രോൺ മുഖേന സ്ഥാപിക്കപ്പെട്ട ക്യാമറകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള തുക യഥാസമയം ലഭ്യമാകാത്തതുമൂലവും ചെല്ലാനുകൾ പ്രിന്റ് ചെയ്യാൻ ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതക്കുറവും മേൽവിലാസക്കാരന് ചെല്ലാനുകൾ അയയ്ക്കുന്നതിന് പോസ്റ്റ് ഓഫീസിന് ആവശ്യമായ തുക മുൻകൂറായി അടയ്ക്കേണ്ടതിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലവും കണ്ടുപിടിക്കപ്പെട്ട നിയമലംഘനങ്ങളുടെ ചെല്ലാൻ വാഹന ഉടമയുടെ മേൽവിലാസത്തിലേയ്ക്ക് അയയ്ക്കുന്നതിന് കാലതാമസം നേരിടുന്നു. കൂടാതെ ഈ പദ്ധതിയുടെ CAPEX

തുകയിനത്തിൽ കരാർ പ്രകാരം കോൺട്രാക്ടർക്ക് സമയബന്ധിതമായി തുക നൽകാത്തത് ബുദ്ധിമുട്ടേറിയ സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

256(671) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം, ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങിയ പദ്ധതികളുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; നിലമ്പൂർ നിയോജകമണ്ഡലത്തിൽ ആകെ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്നും അറിയിക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

നിലമ്പൂർ നിയോജകമണ്ഡലം (2022-23 വർഷം)

| Sl. No. | Panchayath | Achievement | Investment (Rs. in crore) | Employment Generated |
|---|---|---|---|---|
| 1 | Nilambur (M) | 209 | 20.03 | 671 |
| 2 | Vazhikadavu | 134 | 8067 | 248 |
| 3 | Moothedam | 86 | 5.03 | 173 |
| 4 | Edakkara | 129 | 12.33 | 362 |
| 5 | Pothukallu | 98 | 5.07 | 181 |
| 6 | Chungathara | 116 | 5.86 | 295 |
| 7 | Karulai | 68 | 3.05 | 148 |
| 8 | Amarambalam | 114 | 11.16 | 246 |
| **Total** | | **954** | **71.2** | **2324** |

സാമ്പത്തിക വർഷം 2023-2024 ഇതുവരെ

| Sl. No. | Panchayath | Achievement | Investment (Rs. in crore) | Employment Generated |
|---|---|---|---|---|
| 1 | Nilambur (M) | 147 | 8.12 | 286 |
| 2 | Vazhikadavu | 73 | 3.29 | 134 |
| 3 | Moothedam | 58 | 6.27 | 129 |
| 4 | Edakkara | 76 | 11.7 | 271 |
| 5 | Pothukallu | 63 | 4.22 | 125 |
| 6 | Chungathara | 73 | 3.77 | 219 |
| 7 | Karulai | 39 | 3.03 | 86 |
| 8 | Amarambalam | 66 | 4.96 | 138 |
| **Total** | | **595** | **45.36** | **1388** |

(ബി) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വ്യവസായ സംരംഭങ്ങൾക്കാണ് വ്യവസായ വകുപ്പ് മുഖേന ബാങ്കുകളിൽനിന്നും വായ്പ അനുവദിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ; ബാങ്കുകൾ ആകെ നൽകിയ വായ്പാത്തുക എത്രയെന്നും അറിയിക്കാമോ?

2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ബാങ്കുകളിൽനിന്നും വായ്പ അനുവദിച്ച വ്യവസായ സംരംഭങ്ങളുടെ പഞ്ചായത്ത് തിരിച്ച വിവരം താഴെപ്പറയുന്നു.

| Sl. No. | Panchayath | Number of Investments | Total loan given (Rupees in lakhs) |
|---|---|---|---|
| 1 | Nilambur (M) | 56 | 543.07 |
| 2 | Vazhikadavu | 11 | 112.7 |
| 3 | Pothukallu | 29 | 217.26 |
| 4 | Edakkara | 27 | 198.39 |
| 5 | Moothedam | 8 | 66.75 |
| 6 | Chungathara | 12 | 81.71 |
| 7 | Amarambalam | 31 | 184.35 |
| 8 | Karulai | 13 | 82.23 |

(സി) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജക മണ്ഡലത്തിൽ നോർക്ക റൂട്ട്സ് മുഖേന എത്ര പ്രവാസി സ്വയംതൊഴിൽ സംരംഭങ്ങൾ, വ്യവസായങ്ങൾ എന്നിവ ആരംഭിച്ചുവെന്നുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഇവയുടെ ആകെ മൂലധനം എത്രയെന്നും അറിയിക്കാമോ?

നോർക്ക വകുപ്പ് നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) മുഖാന്തരം 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 7560 പുതിയ സംരംഭങ്ങളും പ്രവാസി ഭദ്രതാ പദ്ധതി മുഖാന്തരം 2019-20 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 12371 പുതിയ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങളുടെ പഞ്ചായത്ത്/നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ നോർക്ക റൂട്ട്സ് ശേഖരിച്ചിട്ടില്ല.

(ഡി) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വനിതാ വ്യവസായ, തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവെന്ന്

പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഇവയുടെ ആകെ മൂലധനം എത്രയെന്നും അറിയിക്കാമോ?

2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച വനിതാ വ്യവസായ, തൊഴിൽ സംരംഭങ്ങളുടെ പഞ്ചായത്തുകൾ തിരിച്ച വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | സംരംഭങ്ങളുടെ എണ്ണം | ആകെ നിക്ഷേപം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | Nilambur (M) | 108 | 667.5 |
| 2 | Vazhikadavu | 43 | 155 |
| 3 | Pothukallu | 50 | 147 |
| 4 | Edakkara | 52 | 221.15 |
| 5 | Moothedam | 34 | 160 |
| 6 | Chungathara | 91 | 400.5 |
| 7 | Amarambalam | 52 | 240 |
| 8 | Karulai | 36 | 108 |

**സ്വയം സംരംഭകർക്കായി സഹായ പദ്ധതികൾ**

257(672) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്വയം സംരംഭകർക്കായി വ്യവസായ വകുപ്പ് 2016-നുശേഷം നാളിതുവരെ നൽകിയ വിവിധ സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ സ്വയം സംരംഭകർക്കായി വ്യവസായ വകുപ്പ് വഴി 2016-നുശേഷം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, വ്യവസായ ഭദ്രതാ പലിശ ഇളവ് പദ്ധതി, സംരംഭക സഹായ പദ്ധതി, സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, Revival and rehabilitation scheme for defunct MSMEs and cashew processing units, The Kerala stressed MSMEs Revival & Rehabilitation Scheme എന്നീ ധനസഹായ പദ്ധതികൾവഴി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇത്തരം സഹായങ്ങൾ നൽകിയ വകയിൽ ആകെ എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര സംരംഭകർക്ക് ഇത്തരത്തിൽ സഹായം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതിവഴി 2016-17 വർഷം മുതൽ 2022-23 വരെ 15 സംരംഭക യൂണിറ്റുകൾക്കായി ആകെ 7,54,713 രൂപയും ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി വഴി 2021-22 മുതൽ 2023-24 വരെ 57 സംരംഭക യൂണിറ്റുകൾക്കായി ആകെ 1,73,09,220 രൂപയും വ്യവസായ ഭദ്രതാ പലിശ ഇളവ് പദ്ധതിവഴി 2020-21 മുതൽ 2022-23 വരെ 90 സംരംഭക യൂണിറ്റുകൾക്കായി ആകെ 29,37,364 രൂപയും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള PFMME പദ്ധതി വഴി 2022-23 മുതൽ 2023-24 ഇതുവരെ 116 സംരംഭക യൂണിറ്റുകൾക്കായി ആകെ 3,23,22,333 രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതിവഴി 2022-23 മുതൽ 2023-24 ഇതുവരെ 130 സംരംഭക യൂണിറ്റുകൾക്കായി ആകെ 21,04,419 രൂപയും സംരംഭക സഹായ പദ്ധതി വഴി 2016-17 മുതൽ 2022-23 വരെ 278 സംരംഭക യൂണിറ്റുകൾക്കായി ആകെ 12,20,97,327 രൂപയും പ്രധാനമന്ത്രിയുടെ

തൊഴിൽദായക പദ്ധതി (PMEGP) വഴി 2016-17 മുതൽ 2023-24 ഇതുവരെ 485 സംരംഭക യൂണിറ്റുകൾക്കായി ആകെ 8,81,58,000 രൂപയും നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി വഴി 2016-17 മുതൽ 2022-23 വരെ 27 സംരംഭക യൂണിറ്റുകൾക്കായി ആകെ 4,04,368 രൂപയും The Kerala Stressed MSME's Revival & Rehabilitation Scheme പദ്ധതി വഴി 2022-23 വർഷത്തിൽ ഒരു യൂണിറ്റിന് 1,52,795 രൂപയും Revival and rehabilitation scheme for defunct MSME's and cashew processing units പദ്ധതി വഴി 2022-23 വർഷത്തിൽ 16 സംരംഭക യൂണിറ്റുകൾക്കായി ആകെ 57,06,996 രൂപയും നൽകിയിട്ടുണ്ട്.

**സംരംഭക വർഷം പദ്ധതി**

258(673) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ആകെ എത്ര സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി

രൂപയുടെ നിക്ഷേപവും തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 01-04-2022 മുതൽ 24-01-2024 വരെ 16974 സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 1062.92 കോടി രൂപയുടെ നിക്ഷേപവും 34484 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.

(ബി) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപയുടെ നിക്ഷേപവും തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ 01-04-2022 മുതൽ 24-01-2024 വരെ 1611 സംരംഭങ്ങളും 100.28 കോടി രൂപയുടെ നിക്ഷേപവും 3340 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.

## ധാതുമണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ

259(674) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയിൽ പ്രകൃതിദത്തമായി അടിഞ്ഞുകൂടുന്ന ധാതുമണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത്തരത്തിൽ ധാതുമണൽ നീക്കം ചെയ്യുന്നതിന് സർക്കാർ ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതിനായി സർക്കാർ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പൊഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ എല്ലാ വർഷവും മഴക്കാലത്തിന് മുമ്പായി നീക്കം ചെയ്യുന്നുണ്ട്. ഓരോ വർഷവും അടിഞ്ഞുകൂടുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തുകയും അതിനുശേഷം മണൽ നീക്കം ചെയ്യുകയുമാണ് ചെയ്യുന്നത്. ടി മണൽ നീക്കം ചെയ്യുന്നതിന് താൽപ്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ.-നെയാണ് പ്രസ്തുത പ്രവൃത്തി ഏല്പിച്ചിട്ടുള്ളത്. സർക്കാരിന് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെലവുണ്ടാകുന്നില്ല.

(ബി) ഈ മണൽ നീക്കം ചെയ്യുന്നതുമൂലം തീരദേശത്തിന് വരുന്ന നാശനഷ്ടം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഈ വിഷയത്തെക്കുറിച്ച് ശാസ്ത്രീയമായ എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; പാരിസ്ഥിതിക ആഘാത പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കം തടയുന്നതിനായിട്ടാണ് തോട്ടപ്പള്ളി പൊഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ നീക്കം ചെയ്യുന്നത്. എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ, ഐ.ഐ.ടി. ചെന്നൈ എന്നീ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ടി മേഖലയിലെ മണൽത്തിട്ട നീക്കം ചെയ്യേണ്ടത് ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജലസേചന വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ തീരത്ത് അടിഞ്ഞുകൂടുന്ന മണലിന്റെ അളവ് ശാസ്ത്രീയമായി കണക്കുകൂട്ടിയിട്ടാണ് ടി പ്രവൃത്തി ചെയ്തുവരുന്നത്. തീരത്തിന്റെ പ്രകൃത്യാലുള്ള അവസ്ഥയിൽ മാറ്റം വരുത്തുന്നില്ല, മറിച്ച് വെള്ളത്തിന്റെ ബഹിർഗമനത്തിന് തടസ്സം സൃഷ്ടിക്കുന്ന മണൽത്തിട്ടകൾ നീക്കം ചെയ്യുക മാത്രമാണ് പ്രസ്തുത

പ്രവൃത്തിയിലൂടെ ചെയ്തുവരുന്നത്. അതുകൊണ്ടുതന്നെ "നാശനഷ്ടം" എന്ന ആശയം ഇവിടെ ഉദിക്കുന്നില്ല. കൂടാതെ തീരത്തിന്റെ ലെവൽ പ്രകൃത്യാലുള്ള അവസ്ഥയിലേയ്ക്ക് കൊണ്ടുവരുന്നതിനാൽ തീരശോഷണമുണ്ട്.

(സി) ധാതുമണൽ ശാസ്ത്രീയമായി നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; തീരശോഷണം തടയുവാൻ കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം എന്നിവയ്ക്ക് സർക്കാർ മുൻകൈയെടുക്കുമോ?

പൊഴിമുഖത്ത് മണൽ അടിയുന്നത് തടയുന്നതിനായി പൊഴിമുഖത്തിന് ഇരുവശവും പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് ഐ.ഐ.ടി. ചെന്നൈയുടെ ഡിസൈൻ പ്രകാരം തയ്യാറാക്കിയ "Construction of groynes at the mouth of Thottappally Pozhi" എന്ന പ്രവൃത്തിക്ക് ആർ.കെ.ഐ.-ൽ ഉൾപ്പെടുത്തി 44 കോടി രൂപയ്ക്ക് 25-10-2022-ലെ ഭരണാനുമതി ജി.ഒ.(ആർ.ടി.)നം.405/2022/പി&ഇ.എ. പ്രകാരം ഉത്തരവ് ലഭിച്ചിരുന്നു. എന്നാൽ ജി.എസ്.ടി. പുതുക്കിയതുമൂലം അധികതുക വരുന്നതിനാൽ 46.4 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ

ആർ.കെ.ഐ.-യുടെ പരിഗണനയിലാണ്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി**

260(675) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനും കാർഷിക ആവശ്യത്തിനുമായി കിണറുകൾ, കുളങ്ങൾ എന്നിവ കുഴിക്കുന്നതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണോയെന്ന് അറിയിക്കുമോ?

കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമായി കിണറുകൾ, കുളങ്ങൾ എന്നിവ കുഴിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമില്ല.

(ബി) കിണർ, കുളം എന്നിവ നിർമ്മിക്കുമ്പോൾ ലഭിക്കുന്ന മണ്ണും മണലും ചെളിയും വാഹനങ്ങളിൽക്കയറ്റി പുറത്ത് കൊണ്ടുപോകുന്നതിനുള്ള പാസ് ലഭിക്കുന്നതിന് സർക്കാരിൽനിന്നുള്ള [വ്യവസായ (എ) വകുപ്പ്] പ്രത്യേകാനുമതി ലഭിക്കുന്നതിന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്,

ആർ.ഡി. ഓഫീസ്, മൈനിംഗ് ആൻഡ് ജിയോളജി ജില്ലാ ഓഫീസ്, ഡയറക്ടർ ഓഫീസ്, വ്യവസായ (എ) വകുപ്പ് എന്നിവിടങ്ങളിൽ വർഷങ്ങളോളം കയറിയിറങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടറുടെ ശിപാർശയോടെ ലഭ്യമാക്കുകയും ആയതിന് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം സർക്കാരിൽനിന്നും പ്രത്യേകാനുമതി നൽകുന്നതുമാണ്.

(സി) കുളങ്ങൾ, കിണറുകൾ എന്നിവ കുഴിക്കുമ്പോഴും വൃത്തിയാക്കുമ്പോഴും ലഭിക്കുന്ന മണ്ണും മണലും ചെളിയും വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകുന്നതിന് ആർ.ഡി.ഒ.-യുടെ എൻ.ഒ.സി.-യും സർക്കാരിൽനിന്നുള്ള പ്രത്യേകാനുമതിയും ലഭ്യമാക്കുന്നതിനുപകരം ആയതിലേയ്ക്ക് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ജില്ലാ

ഓഫീസുകളിൽനിന്നും നേരിട്ട് പാസുകൾ ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ സർക്കാർ അടിയന്തരമായി തയ്യാറാകുമോ?

നിലവിൽ ഇത്തരമൊരു നിർദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) പാലക്കാട് ജില്ലയിലെ കർഷകരുടെ ജലസേചന ആവശ്യത്തിനുള്ള കുളങ്ങൾ വൃത്തിയാക്കുമ്പോൾ ലഭിക്കുന്ന മണ്ണും മണലും ചെളിയും പുറത്തുകൊണ്ടുപോകുന്നതിനുള്ള പാസുകൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ പാലക്കാട് ജിയോളജിസ്റ്റ് മുമ്പാകെ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ കുളം പുനരുദ്ധാരണത്തിന്റെ ഭാഗമായി കൂട്ടിയിട്ടിരിക്കുന്ന സാധാരണ കളിമണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നതിന് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം നടപടി സ്വീകരിക്കുവാൻ മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർ ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിയതുപ്രകാരം റവന്യൂ ഡിവിഷണൽ

ഓഫീസറിൽനിന്നുള്ള നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ജില്ലാ ഓഫീസിൽനിന്നും സ്ഥലപരിശോധനകൾ നടത്തുകയും കുളത്തിന്റെ ബണ്ട് നിർമ്മാണം പൂർത്തിയാക്കിയശേഷം പുറത്തേയ്ക്ക് കടത്തിക്കൊണ്ട് പോകേണ്ട ധാതുവിന്റെ അളവ് അളന്ന് തിട്ടപ്പെടുത്തുന്നതിലേയ്ക്കായി ധാതുക്കൾ കുളത്തിന്റെ വശങ്ങളിലേയ്ക്ക് കൂട്ടിയിടുന്നതിനുള്ള നിർദേശം നിലവിൽ പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് നല്കിയിട്ടുള്ളതാണ്. ഈ വിഷയത്തിന്മേൽ അപേക്ഷകർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ജില്ലാ ഓഫീസിൽ അറിയിക്കുന്നമുറയ്ക്ക് ചട്ടം 104 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

**പ്രകൃതിദുരന്തങ്ങളിൽ വീടിന് മുകളിൽ ഇടിഞ്ഞുവീണ മണ്ണ് മാറ്റുന്നതിന് റോയൽറ്റി**

261(676) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങളുടെ ഭാഗമായി വാസസ്ഥലങ്ങളിലും വീടിന് മുകളിലും ഇടിഞ്ഞുവീഴുന്ന മണ്ണ് മാറ്റുന്നതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് റോയൽറ്റി ഈടാക്കുന്നുണ്ടോ?

പ്രകൃതിദുരന്തങ്ങളുടെ ഭാഗമായി വാസസ്ഥലങ്ങളിലും വീടിന് മുകളിലും ഇടിഞ്ഞുവീണ മണ്ണ് റോയൽറ്റി ഈടാക്കാതെ അടിയന്തരമായി നീക്കം ചെയ്യുന്നതിന് 31-03-2023-ൽ നിലവിൽവന്ന 2015-ലെ കെ.എം.എം.സി. (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 104 നോട്ട് 4 പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് അധികാരം നൽകിയിട്ടുണ്ട്.

(ബി) പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് വീടിന് മുകളിൽ ഇടിഞ്ഞുവീണ മണ്ണ് മാറ്റുന്നതിനായി ലഭിച്ച എത്ര അപേക്ഷകൾ വകുപ്പിൽ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് വീടിന് മുകളിൽ ഇടിഞ്ഞുവീണ മണ്ണ് മാറ്റുന്നതിനുള്ള റോയൽറ്റി ഒഴിവാക്കുന്നതിന് വ്യവസ്ഥയെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ റോയൽറ്റി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) ദുരന്തനിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രാധാന്യത്തോടുകൂടി നടത്തുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് കെ.എം.എം.സി. ചട്ടങ്ങൾപ്രകാരം റോയൽറ്റി

അടയ്ക്കേണ്ടതില്ല. തിരുവനന്തപുരം ജില്ലയിൽ തീർപ്പാക്കുന്നതിനുള്ള ഒരു അപേക്ഷ മേൽചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.

**കുളത്തൂപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് തുക അനുവദിക്കുന്നത്**

262(677) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘത്തിൽ പെയ്ഡ് സെക്രട്ടറി നിലവിലുണ്ടെങ്കിൽ മാത്രമേ പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാകൂ എന്നിരിക്കെ കുളത്തൂപ്പുഴയിലെ വില്ലുമല കോളനിയിൽ ആരംഭിച്ച പട്ടികവർഗ്ഗ നെയ്ത്തുശാല/പരിശീലന കേന്ദ്രത്തിൽ ഭരണ സമിതി നിലവിലില്ല എന്ന വിഷയത്തിൽ എന്ത് അടിയന്തര നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

കുളത്തുപ്പുഴയിലെ വില്ലുമല കോളനിയിൽ ആരംഭിച്ച പട്ടികവർഗ്ഗ നെയ്ത്തുശാല/പരിശീലന കേന്ദ്രത്തിൽ 03-01-2024-ൽ പുതിയ ഭരണസമിതി നിലവിൽ വന്നിട്ടുണ്ട്.

(ബി) കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് 18,75,000/- രൂപയുടെ പദ്ധതിക്ക് 2021-2022 സാമ്പത്തിക വർഷം എസ്.സി.-എസ്.ടി. വികസനസമിതി അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം ഈ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) പ്രസ്തുത സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് പെയ്ഡ് സെക്രട്ടറി നിലവിലില്ല. സംഘത്തിന്റെ പുനരുജ്ജീവന പദ്ധതിക്കായുള്ള പദ്ധതിരേഖ അംഗീകരിക്കുന്നതിനും ഗ്രാന്റ് ലഭിക്കുന്നതിനും പെയ്ഡ് സെക്രട്ടറി നിയമനം ഒരു മാനദണ്ഡമാണ്. പ്രസ്തുത

നിയമനം നടത്തിയതിനുശേഷം 18,75,000/- രൂപയുടെ പദ്ധതിരേഖ പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതിക്ക് സമർപ്പിച്ച് സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘം**

263(678) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം, 2021-2022, 2022-2023 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; എങ്കിൽ അത് എന്നത്തേയ്ക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കാമോ?

കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിൽ നിലവിൽ ഉൽപാദന പ്രവർത്തനങ്ങൾ നടക്കുന്നില്ല. പ്രസ്തുത സംഘത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെയും വരവ്-ചെലവ് കണക്കുകൾ ഉൾപ്പെടെയുള്ള ഓഡിറ്റ് മെമ്മോറാണ്ടത്തിന്റെയും

പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത സംഘത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

**കൈത്തറി മേഖലയിലെ ജീവനക്കാരുടെ ഉന്നമനത്തിന് നടപടി**

264(679) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ ജീവനക്കാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികളുടെ/ ജീവനക്കാരുടെ പ്രയാസങ്ങൾ/പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>അംശദാന മിതവ്യയ ഫണ്ട്</u>

കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗങ്ങളുടെ വരുമാനത്തിൽനിന്നുള്ള നിശ്ചിത വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്താണ് ഫണ്ട് തുക സമാഹരിക്കുന്നത്. വരിക്കാരന്റെയോ കുടുംബാംഗങ്ങളുടെയോ ചികിത്സാ ചെലവുകൾ, വിവാഹം, പ്രസവം, മരണാനന്തര ചടങ്ങുകൾ, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, സ്വന്തം താമസത്തിനുള്ള വീട് നിർമ്മാണം, റിപ്പയർ തുടങ്ങിയ ചെലവുകൾക്കായി താൽക്കാലിക മുൻകൂറുകൾ/വായ്പകൾ എന്നിവ ഈ പദ്ധതിപ്രകാരം അനുവദിച്ച് ലഭിക്കുന്നതാണ്. 2023-24 സാമ്പത്തിക വർഷം ഈയിനത്തിൽ 91 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

2. <u>ഇൻകം സപ്പോർട്ട് സ്കീം</u>

നെയ്ത്തുതൊഴിലാളികൾക്ക് പ്രതിദിനം മിനിമം വേതനമായി 150 രൂപ വരെ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു വർഷം 100 ദിവസങ്ങളിലേയ്ക്കാണ് ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. ഈ പദ്ധതിയിലൂടെ കൂടുതൽ തൊഴിലാളികളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം 84,97,800/- രൂപയുടെ

ധനസഹായം 1351 നെയ്ത്തുകാർക്കായി നൽകുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷം 29,57,558/- രൂപ ഈ പദ്ധതിയിൻകീഴിൽ വിതരണം ചെയ്തിട്ടുണ്ട്.

**3. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

കൈത്തറി നെയ്ത്തുമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി സംയോജിത മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന എന്നീ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംയോജിത മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന പദ്ധതികളുടെ വിഹിതം കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി വഹിക്കുന്നു.

**4. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം)**

ജോലിയുടെ ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും അംഗീകൃത മാർഗ്ഗനിർദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും

പ്രോത്സാഹനം നൽകി ഉൽപാദനക്ഷമത മെച്ചപ്പെടുത്തുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നടപ്പ് സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ 238.50 ലക്ഷം രൂപ വിവിധ ജില്ലകളിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാൻവീവിന്റെ വിവിധ സെന്ററുകൾക്കുമായി അനുവദിച്ചുനൽകിയിട്ടുണ്ട്.

5. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നിലവിൽ 6222 നെയ്ത്തുകാരും ഏകദേശം 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽദിനങ്ങളും അധിക വരുമാനവും ലഭ്യമാക്കുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കിയതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 20-07-2022-ലെ ജി.ഒ.(ആർ.ടി.)നം.730/2022/ഐ.ഡി. പ്രകാരം അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.

കൈത്തറി മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉൽപാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തന ലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർദ്ധിപ്പിക്കൽ, മേഖലയിൽ മൂല്യവർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ കൈത്തറി സംഘങ്ങളിലെ പ്രതിനിധികൾ, ഫാഷൻ ഡിസൈനേഴ്സ്, വിദഗ്ധർ എന്നിവരുമായി വിദഗ്ധ സമിതിയംഗങ്ങൾ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. പ്രസ്തുത സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയിലെ തൊഴിലാളികൾ/ജീവനക്കാർ എന്നിവരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ്**

265(680) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഹൈവേ സൈഡിലുള്ള 12 ഏക്കർ ഭൂമിയും കെട്ടിടങ്ങളും തുച്ഛമായ വിലയ്ക്ക് ലേലം ചെയ്ത് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഭൂമിയും സ്ഥാപനവുമായി നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ പലതും ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്നതും

വ്യവസായ സാധ്യതയുള്ള ഭൂമി സർക്കാരിന് ഏറ്റെടുക്കാൻ കഴിയുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ എന്താണെന്ന് അറിയിക്കാമോ?

അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു മാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹുമാനപ്പെട്ട കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ഒരു ബദൽ പദ്ധതി രൂപീകരിക്കുന്നതിന് സർക്കാരിന് താല്പര്യമുള്ളതിനാൽ സ്ഥാപനവുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ അറിയിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ അഭ്യർത്ഥിക്കുകയും അതനുസരിച്ച് പദ്ധതിയും ഫണ്ടും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറൽ നിർദേശിച്ചതനുസരിച്ച് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുന്നതുമായി

ബന്ധപ്പെട്ട് സർക്കാർതലത്തിൽ യോഗം ചേർന്നു. പ്രസ്തുത സ്ഥാപനത്തിന്റെ പേരിലുള്ള ബാധ്യതകൾ തീർപ്പാക്കുന്നമുറയ്ക്ക് സർക്കാരിന്റെ വ്യവസായ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

(സി) നിലവിൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാധ്യതകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്ഥാപനത്തിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ 04-06-2014-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പ്രകാരം സ്ഥാപനത്തിന്റെ ബാധ്യതകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

- Workment Creditors - 7,10,81,891.50 രൂപ
- Workment (Badalies) - 96,381 രൂപ
- Preferential Creditors –17,23,324 രൂപ
- Unsecured Creditors - 3,77,02,715 രൂപ
- ആകെ - 11,06,04,311.50 രൂപ

**തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക ബാധ്യത പരിഹരിക്കാൻ നടപടി**

266(681) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ നിലവിലെ സാമ്പത്തിക ബാധ്യതകൾ പരിഹരിച്ച് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ലേ-ഓഫിലായിരിക്കുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി മിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി, പ്രസ്തുത മില്ലിന്റെ ആധുനികവൽക്കരണ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 160 ലക്ഷം രൂപ അനുവദിച്ച് നൽകാത്തതിനാൽ 2023-24 സാമ്പത്തിക വർഷം പ്രസ്തുത തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും അതിൽനിന്ന് 35 ലക്ഷം രൂപ അനുവദിച്ചുനൽകുകയും ചെയ്തു. കൂടാതെ, ടെക്സ്ഫെഡിന് കീഴിലുള്ള 8 സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര

പദ്ധതിയിന്മേൽ പ്രസ്തുത മില്ലുകളുടെ ഉൽപന്ന വികസനത്തിന്റെ ഭാഗമായി കോട്ടൺ വാങ്ങുന്നതിനായി അനുവദിച്ചുനൽകിയ 350 ലക്ഷം രൂപയിൽനിന്ന് തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 52.685 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

## എടരിക്കോട് ടെക്സ്റ്റൈൽസ്

267(682) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ-ഓഫ് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക ഇനത്തിൽ 99.92 ലക്ഷം രൂപ നൽകാനുണ്ട്.

(സി) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് കുടിശ്ശികകൾ എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

1. <u>പി.എഫ്. കുടിശ്ശിക</u>

എടരിക്കോട് ടെക്സ്റ്റൈൽസിലെ പി.എഫ്. കുടിശ്ശിക 680.53 ലക്ഷം രൂപയാണ്.

2. <u>ഗ്രാറ്റുവിറ്റി കുടിശ്ശിക</u>

എടരിക്കോട് ടെക്സ്റ്റൈൽസിൽ 98 തൊഴിലാളികൾക്കായി 292.50 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകാനുണ്ട്.

(ഡി) ഈ സ്ഥാപനം പൂർണ്ണതോതിൽ എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിക്കുമെന്ന് വിശദമാക്കാമോ?

മിൽ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നത് സജീവ പരിഗണനയിലാണ്. അതിന്റെ ഭാഗമായി ജോബ് കൺവേർഷൻ മോഡലിലോ മറ്റേതെങ്കിലും രീതിയിലോ മിൽ വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ഇതിനോടകംതന്നെ ജോബ് കൺവേർഷനുള്ള ഓപ്പൺ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

**ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

268(683) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ ബീഡി വ്യവസായത്തെ ആശ്രയിച്ച് തൊഴിൽ ചെയ്യുന്ന ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ബീഡി തൊഴിലാളികളുടെ ക്ഷേമം കണക്കിലെടുത്ത് 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ക്ഷേമനിധി ബോർഡിന് 20 കോടി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ബീഡി വ്യവസായത്തെ ആശ്രയിച്ച് തൊഴിൽ ചെയ്യുന്ന ബീഡി തൊഴിലാളികൾക്ക് താഴെപ്പറയുന്ന 12 ഇന തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽവരുത്തിയിട്ടുണ്ട്.

**പദ്ധതികൾ** - മുട്ടക്കോഴി, കാടക്കോഴി, തയ്യൽ യൂണിറ്റ്, മിനി ഗോട്ട് ഫാം, ബ്യൂട്ടി പാർലർ, ട്രൈസൈക്കിൾ, വെൽഡിംഗ് യൂണിറ്റ്, ഫാൻസി ഷോപ്പ്, മൊബൈൽ ഫോൺ ആക്സസറീസ് ആൻഡ് റീചാർജിംഗ്, മിനി

ഡയറി ഫാം, മൊബൈൽ ടീ ഷോപ്പ്, ഹൗസ്ഹോൾഡ് ഫുഡ് പ്രോസസിംഗ് യൂണിറ്റ് എന്നിവയാണ് അവ.

എല്ലാ വർഷവും സാമ്പത്തിക താങ്ങൽ പദ്ധതിപ്രകാരം (ഇൻകം സപ്പോർട്ട് സ്കീം) സർക്കാരിൽനിന്ന് ഫണ്ട് നൽകുന്നമുറയ്ക്ക് തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക അയയ്ക്കുന്നു.

**ഖാദി ബോർഡിന്റെ സ്ഥലം വീണ്ടെടുക്കുന്നതിന് നടപടി**

269(684) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ വില്ലേജിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം വീണ്ടെടുക്കുന്നതിനായി ബോർഡ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

പള്ളിച്ചൽ വില്ലേജിലെ തണ്ടപേർ നം. 1204 പ്രകാരം പള്ളിച്ചൽ വില്ലേജിൽപ്പെട്ട ഇടക്കോട് ദേശത്തിലെ റീ-സർവെ നമ്പർ 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്ത് തുടങ്ങിയ സർവ്വോദയ സംഘംവക വസ്തുവായതിനാൽ ഈ സ്ഥലം ഖാദി ബോർഡ് എന്ന

പേരിലാണ് കിടക്കുന്നത്. ഈ വസ്തുവിൽ സമീപ പ്രദേശത്തുള്ള ആളുകൾ കൈയേറി താമസമാക്കിയിരിക്കുന്നതിനാൽ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽക്കൂടി ഈ വസ്തുവിന്റെ കരം ഒടുക്കി ഉടമസ്ഥാവകാശം ലഭ്യമാകേണ്ടതുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണത്തിനായുള്ള ഓംബുഡ്സ്മാൻ 61/2011-ാം നമ്പർ കേസ്സിൽ 03-09-2013-ന് പുറപ്പെടുവിച്ച വിധിപ്രകാരം ടി വസ്തു ഖാദി ബോർഡിന്റേതാണെന്നും ടി വസ്തുവിൽ താമസിക്കുന്നവർ അനധികൃതമായാണ് താമസിക്കുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സിവിൽ കോടതിയെ സമീപിച്ച് തുടർനടപടി സ്വീകരിക്കാനും നിർദേശം നൽകിയിരുന്നു. സിവിൽ കോടതിയെ സമീപിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് വില്ലേജ് ഓഫീസിൽ കരം ഒടുക്കുന്നതിനായി സമീപിച്ചു. എന്നാൽ വില്ലേജ് ഓഫീസർ ടി വിഷയം കോടതിയുടെ പരിഗണനയിലുള്ളതായതിനാൽ തഹസിൽദാറിന്റെ റിപ്പോർട്ട് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു. തുടർനടപടികൾക്കായി ഖാദി

ബോർഡിൽനിന്ന് തഹസിൽദാറെ സമീപിപ്പിച്ചപ്പോൾ ടി വിഷയം കളക്ടറുടെ ഉത്തരവിനായി നൽകിയിരിക്കുന്നതിനാൽ തുടർനടപടികൾക്ക് കളക്ടറേറ്റുമായി ബന്ധപ്പെടുന്നതിന് രസീത് നമ്പർ G1/29499/22 വഴി അറിയിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം)-ന്റെ നിർദേശാനുസരണം ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം), ലാൻഡ് റിഫോംസ്, ഡെപ്യൂട്ടി തഹസിൽദാർ നെയ്യാറ്റിൻകര, സ്പെഷ്യൽ വില്ലേജ് ഓഫീസർ, പള്ളിച്ചൽ എന്നിവർ പങ്കെടുത്ത് ഹിയറിംഗ് നടത്തുകയും ടി ഹിയറിംഗിൽ ഖാദി ബോർഡിന് പള്ളിച്ചൽ വില്ലേജിലെ ഖാദി സർവ്വോദയ സംഘം വസ്തുവിലുള്ള ക്ലെയിം സംബന്ധിച്ച് സംസാരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ വസ്തു കൈയേറി താമസിക്കുന്ന ആൾക്കാരുടെ വിലാസം കണ്ടെത്തി അവർക്ക് എങ്ങനെയാണ് ടി വസ്തു ലഭിച്ചതെന്ന് കാണിച്ച് നോട്ടീസ് നൽകാൻ ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം) പള്ളിച്ചൽ സ്പെഷ്യൽ വില്ലേജ് ഓഫീസറോടും ഭൂപരിഷ്കരണ വിഭാഗത്തിലെ സെക്ഷൻ ക്ലാർക്കിനും

നിർദേശം നൽകി. ടി വസ്തു കൈയേറി താമസിക്കുന്ന ആൾക്കാരെക്കൂടി ഹിയറിംഗ് നടത്തി വിവരം അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വസ്തു വീണ്ടെടുക്കുവാൻ ദീർഘനാളായിട്ടും സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിനായി ബോർഡ് സ്വീകരിക്കുന്ന തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

രേഖകൾ വില്ലേജ് ഓഫീസിൽനിന്നും ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് നിലവിലുള്ളത്. അത് പരിഹരിച്ച് പ്രസ്തുത സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

270(685) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിൽ കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്നതെന്ന് തരംതിരിച്ച് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ 6-ഉം സ്വകാര്യ മേഖലയിൽ 66-ഉം ഉൾപ്പെടെ ആകെ 72 ഫാക്ടറികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത ഫാക്ടറികളിൽ ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര തൊഴിൽദിനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത ഫാക്ടറികളിൽ ഈ സാമ്പത്തിക വർഷം പൊതുമേഖലയിൽ ആകെ 752 (ശരാശരി 125) തൊഴിൽദിനങ്ങളും 66 സ്വകാര്യ ഫാക്ടറികളിലായി ആകെ 11661 (ശരാശരി 177) തൊഴിൽദിനങ്ങളും ഇതുവരെ നൽകിയിട്ടുണ്ട്.

(സി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫാക്ടറികളിൽ എത്ര തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 603 (ശരാശരി 101) തൊഴിൽദിനങ്ങളും 67 സ്വകാര്യ ഫാക്ടറികളിലായി ആകെ 12074 (ശരാശരി 180) തൊഴിൽദിനങ്ങളും നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 6

പൊതുമേഖലാ ഫാക്ടറികളിലായി ആകെ 405 (ശരാശരി 68) തൊഴിൽദിനങ്ങളും 58 സ്വകാര്യ ഫാക്ടറികളിലായി ആകെ 9101 (ശരാശരി 157) തൊഴിൽദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

**കശുവണ്ടി വ്യവസായം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

271(686) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഈ മേഖലയുടെ സമഗ്ര പരിഷ്കരണത്തിലൂടെ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ധ സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനുമായി ചുമതലപ്പെടുത്തിയ വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്ന കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽദിനങ്ങളും വേതനവും സ്ത്രീ സൗഹൃദമായ തൊഴിൽ അന്തരീക്ഷവും ഉറപ്പുവരുത്തുന്നതിനായി സമിതി സമർപ്പിച്ച ശിപാർശകളിൽ തീരുമാനമെടുത്തിരുന്നോ; വിശദമാക്കുമോ?

തീരുമാനമെടുത്തിരുന്നു. സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി മാനേജ്മെന്റ്/അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13-10-2022-ലെ സ.ഉ.(സാധാ)നം.1111/2022/ഐ.ഡി. പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി,

കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് സർക്കാർ അനുമതി നൽകിയിരുന്നു.

കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽദിനങ്ങളും വേതനവും ഉറപ്പാക്കുകയും നിലവിലുള്ള സാമൂഹിക സുരക്ഷ ക്ഷേമ പരിപാടികൾ സംരക്ഷിക്കുകയും ആരോഗ്യകരവും സ്ത്രീ-സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുകയും ചെയ്യുന്നതിനായി സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് വേണ്ടി ചുവടെ ചേർക്കുന്ന പദ്ധതികൾക്കാണ് അനുമതി നൽകിയത്.

<u>Continued Operation Linked Stimulus Programme-20 കോടി രൂപ</u>

നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപാദനക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനഃസ്ഥാപിക്കുന്നതിനും പുതിയ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽദിനങ്ങളുടെ എണ്ണം, ഇ.പി.എഫ്./ഇ.എസ്.ഐ. വിഹിതം എന്നിവ അടിസ്ഥാനമാക്കി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി രൂപ ഈയിനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചു.

Women Friendly Physical infra Creation/Upgradation-5 കോടി രൂപ

ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ-സൗഹൃദ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി

രൂപയിൽ 5 കോടി രൂപ ഈയിനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചു.

Modernization/Upgradation of Shelling Units-5 കോടി രൂപ

പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിംഗ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് ആൻഡ് മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50% വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈയിനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) ഈ മേഖലയിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം എത്ര സംരംഭങ്ങൾക്ക് പ്രയോജനം കിട്ടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ബാങ്കുകൾ നിഷ്ക്രിയാസ്തി (NPA) ആയി കണക്കാക്കിയിട്ടുള്ള ഇരുന്നൂറോളം സംരംഭകർക്ക് പുനരുദ്ധാരണ പാക്കേജിന്റെ പ്രയോജനം ലഭിക്കേണ്ടതാണ്. കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷനുകൾ ലഭ്യമാക്കിയ കണക്കുപ്രകാരം നാളിതുവരെ OTS പദ്ധതിപ്രകാരം മുഴുവൻ തുക അടച്ച് സെറ്റിൽ ചെയ്തിട്ടുള്ളത് 14 സംരംഭകരും 10% തുക അടച്ച് ബാങ്കിന്റെ അനുമതിക്കായി കാത്തിരിക്കുന്നതും ഗഡുക്കളായി തുക അടച്ചതും 32 സംരംഭകരുമാണ്.

**പ്ലാന്റേഷൻ മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

272(687) ശ്രീ ഒ. ആർ. കേളു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്ത് വൈവിധ്യവത്കരണത്തെയും പുനരുദ്ധാരണത്തെയുംപറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ മേഖലയിലെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന സ്പൈസസ് പാർക്ക് പദ്ധതി വിപുലീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

സ്പൈസസ് പാർക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നുംതന്നെ നിലവിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്നില്ല. എന്നാൽ, കിൻഫ്രയുടെ നേതൃത്വത്തിൽ തൊടുപുഴയിൽ സ്പൈസസ് പാർക്ക് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(സി) തോട്ടവിളകളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രചരണത്തിനും വിപണനം കാര്യക്ഷമമാക്കുന്നതിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചശേഷം തോട്ടവിളകളിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനായി 'പ്ലാന്റേഷൻ എക്സ്പോ' സംഘടിപ്പിച്ചുവരുന്നുണ്ട്. ഒന്നാം പ്ലാന്റേഷൻ എക്സ്പോ തിരുവനന്തപുരത്തുവച്ച് 2023 ഫെബ്രുവരിയിലും രണ്ടാം പ്ലാന്റേഷൻ എക്സ്പോ എറണാകുളത്തുവച്ച് 2024 ജനുവരിയിലും സംഘടിപ്പിക്കുകയുണ്ടായി. രണ്ട് എക്സ്പോകളിലും നൂറിലധികം തോട്ടങ്ങൾ, തോട്ടവിളകളിൽനിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നവർ, തോട്ടംവിള വ്യാപാരികൾ എന്നിവർ പങ്കെടുത്ത് അറിവും ആശയങ്ങളും പങ്കുവയ്ക്കുകയുണ്ടായി. തോട്ടവിളകൾ വിപണനം ചെയ്യുന്നവർക്കായി ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നുണ്ട്.

**തോട്ടം മേഖലയിലെ സംരംഭകർക്കും തൊഴിലാളികൾക്കുമുള്ള ആനുകൂല്യങ്ങൾ**

273(688) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയിലെ സംരംഭകർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

തോട്ടം മേഖലയിലെ സംരംഭകർക്ക് നിലവിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന ആനുകൂല്യങ്ങൾ നൽകിവരുന്നില്ല. പ്ലാന്റേഷൻ മേഖലയുടെ വൈവിധ്യവത്കരണത്തെക്കുറിച്ചും മൂല്യവർദ്ധനവിനെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം മേയ് മാസത്തിൽ ലഭ്യമാകുന്ന ഈ റിപ്പോർട്ട് ആധാരമാക്കിയായിരിക്കും തോട്ടം മേഖലയ്ക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നത്. തോട്ടങ്ങളിൽ നട<u>ത്തു</u>ന്ന നിക്ഷേപത്തിന് സഹായം, വിളകൾക്കുള്ള ഇൻഷ്വറൻസ്, തോട്ടം വിളകളുടെ

വിപണനത്തിനുള്ള പദ്ധതി എന്നിവ ആവിഷ്കരിക്കുന്നതിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ട പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തോട്ടം തൊഴിലാളികളുടെ ക്ഷേമം നിലവിൽ തൊഴിൽ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമാണ്. തൊഴിൽ വകുപ്പ് ലഭ്യമാക്കിയ വിവരമനുസരിച്ച്, സംസ്ഥാനത്തെ തോട്ടം മേഖലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, ഭാഗികം/പൂർണ്ണമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. കൂടാതെ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ ഡിസ്ട്രസ് റിലീഫ് ഫണ്ട് മുഖേന ധനസഹായമായി നൽകിവരുന്നു.

തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധാരണം നടത്തുന്ന തോട്ടം ഉടമകൾക്ക് പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന സഹായം നൽകുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

**മലബാർ മേഖലയിലെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം**

274(689) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഉൽപാദനം, വിതരണം, ട്രാൻസ്മിഷൻ എന്നീ മേഖലകളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

മലബാർ മേഖലയിൽ വൈദ്യുതി ഉൽപാദന രംഗത്ത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി.എൽ. വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. ഇതിൽ 6 MW സ്ഥാപിതശേഷിയുള്ള പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത

പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് വൈദ്യുതോൽപാദനം ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രതീക്ഷിക്കുന്ന ഉൽപാദന ശേഷി (മെഗാവാട്ട്) | കുറിപ്പ് |
|---|---|---|---|
| 1 | കോഴിക്കോട് ജില്ലയിൽ ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി | 5 | നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 2 | കോഴിക്കോട് ജില്ലയിൽ പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി | 3 | നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 3 | കണ്ണൂർ ജില്ലയിൽ പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 4 | കോഴിക്കോട് ജില്ലയിൽ മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി | 6 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 5 | കോഴിക്കോട് ജില്ലയിൽ ചെമ്പുകടവ് III ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 6 | മലപ്പുറം ജില്ലയിൽ വാളാംതോട് ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | ഭൂമി ഏറ്റെടുക്കൽ നടപടികളും സാമൂഹിക ആഘാത പഠനവും പുരോഗമിക്കുന്നു. |
| 7 | കോഴിക്കോട് ജില്ലയിൽ ചാത്തൻകോട്ടുനട I ചെറുകിട ജലവൈദ്യുത പദ്ധതി | 5 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| 8 | കോഴിക്കോട് ജില്ലയിൽ പശുക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി | 4 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| 9 | കോഴിക്കോട് ജില്ലയിൽ ലോവർ പൂഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി | 5.1 | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) അംഗീകാരത്തിനായി ബോർഡ് തലത്തിൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 10 | കോഴിക്കോട് ജില്ലയിൽ ഉറുമി -3 ചെറുകിട ജലവൈദ്യുത പദ്ധതി | 3 | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കൽ ജോലികൾ നടന്നുവരുന്നു. |
| 11 | കോഴിക്കോട് ജില്ലയിൽ അപ്പർ പൂഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി | 3.6 | പ്രസ്തുത പദ്ധതിയുടെ ഡി.ഐ.ആർ. തയ്യാറാക്കിവരുന്നു. |
| 12 | കോഴിക്കോട് ജില്ലയിൽ കക്കയം പമ്പിംഗ് സ്കീം | 29.488 Mu | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

മലബാർ മേഖലയിൽ വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിതരണ വിഭാഗത്തിന്റെ കീഴിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ (group-1) ഉൾപ്പെടുത്തി ആകെ 144.34 കോടി രൂപയുടെ പ്രവൃത്തികളും കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകൾ (group-2) ഉൾപ്പെടുത്തി ആകെ 107.44 കോടി രൂപയുടെ പ്രവൃത്തികളും കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് പദ്ധതിയായ ദ്യുതി-2-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No | പ്രവൃത്തി | Group 1 | Group 2 |
|---|---|---|---|
| 1. | എച്ച്.റ്റി. ലൈൻ നിർമ്മാണം (OH/ABC/UG) | 125/43/11 km | 58/23/2.5km |
| 2. | എൽ.റ്റി. ലൈൻ നിർമ്മാണം (OH/ABC) | 103/469/km | 161/65 km |
| 3. | എച്ച്.റ്റി. & എൽ.റ്റി. റീ കണ്ടക്ടറിംഗ് | 891 km | 170km |
| 4. | എൽ.റ്റി. 3 ഫേസ് ലൈൻ കൺവേർഷൻ | 99 km | 151 km |

| | | | |
|---|---|---|---|
| 5. | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 180 No.s | 191 Nos |
| 6. | ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈസേഷൻ | 913 No.s | 400 Nos |
| 7. | സ്പെയ്സർ സ്ഥാപിക്കൽ | 399216 No.s | 691900 Nos |
| 8. | ഡി.ടി.ആർ. മീറ്റർ സ്ഥാപിക്കൽ | 19925 No.s | 48977 Nos |
| 9. | ആർ.എം.യു. സ്ഥാപിക്കൽ | 16 No.s | 0 |
| തുക | | **Rs.144.34 Crores** | **Rs.107.44 Crores** |

കൂടാതെ പുതുപ്പാടി, കുമ്പാറ, വള്ളിത്തോട് എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ നിർമ്മിച്ചിട്ടുണ്ട്. പൊന്നാനി മിനി വൈദ്യുതി ഭവനം, കാസർഗോഡ് വൈദ്യുതി ഭവനം, കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സും മങ്ങാട്ടുപറമ്പിൽ ട്രാൻസ്ഫോർമർ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള വർക്ക്ഷോപ്പും അതിനോടനുബന്ധിച്ച് ഒരു ഡിവിഷൻ ഓഫീസിന്റെ നിർമ്മാണവും പോൾകാസ്റ്റിംഗ് യാർഡിന്റെ നവീകരണവും പൂർത്തീകരിച്ചിട്ടുണ്ട്. പടിയോട്ടുചാൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവനം എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

മലബാർ മേഖലയിൽ സോളാർ പദ്ധതിയുമായി അഗളി 33 കെ.വി. സബ്സ്റ്റേഷനിൽ 1 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി 22-01-2022-ൽ

നിലവിൽവന്നു. കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷനിൽ 3 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി 19-02-2022-ൽ നിലവിൽവന്നു. കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം. കുസും വഴി മലബാർ മേഖലയ്ക്ക് 650 KW ഇതുവരെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. മലബാർ മേഖലയിൽ സൗരപദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 34824 സ്ഥലങ്ങളിലായി 183.3 മെഗാവാട്ട് ഉൽപാദനശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ സോളാർ പദ്ധതികളിലായി മലബാർ മേഖലയിൽ ആകെ 199 മെഗാവാട്ട് ഉൽപാദനശേഷി കൈവരിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ പ്രസരണ രംഗത്ത് നടപ്പാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

ട്രാൻസ്മിഷൻ സർക്കിൾ, കോഴിക്കോട്

കോഴിക്കോട്, വയനാട് ജില്ലകളിലെ പ്രസരണമേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ ജോലികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പന്തലായനി, അടിവാരം, വെള്ളമുണ്ട, മണിയൂർ, വേളാർ, പാവണ്ടൂർ, നെല്ലിക്കാപ്പറമ്പ്, കൽപ്പറ്റ, കേണിച്ചിറ മുതലായ

സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറായിവരുന്നു.

<u>പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം</u>

1. 33 കെ.വി. സബ്സ്റ്റേഷൻ NIT

<u>ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ</u>

1. 66 കെ.വി. കൈനാട്ടി-സുൽത്താൻ ബത്തേരി Tap Line 110 കെ.വി. ആയി ശേഷി ഉയർത്തൽ.

2. 66 കെ.വി. കണിയാമ്പറ്റ-മാനന്തവാടി ലൈൻ 110 കെ.വി. ആയി ശേഷി ഉയർത്തൽ.

3. നല്ലളം-കുന്ദമംഗലം ലൈൻ ഇരട്ടിപ്പിക്കൽ (മേത്തോട്ട്താഴം-കുറ്റിക്കാട്ടൂർ)

4. താമരശ്ശേരി-കുന്ദമംഗലം ലൈൻ ശേഷി ഉയർത്തൽ

5. 33 കെ.വി. സബ്സ്റ്റേഷൻ ഫറോക്ക്; 33 കെ.വി. സബ്സ്റ്റേഷൻ രാമനാട്ടുകര ലൈൻ ബന്ധിപ്പിക്കൽ

6. പെരുവണ്ണാമൂഴി പവർ ഇവാക്വേഷൻ സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ.

<u>സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ</u>

1. 66 കെ.വി. സബ്സ്റ്റേഷൻ സുൽത്താൻബത്തേരി 110 കെ.വി. ആയി ശേഷി ഉയർത്തൽ.

2. 66 കെ.വി. സബ്സ്റ്റേഷൻ കുത്തുമുണ്ട 110 കെ.വി. ആയി ശേഷി ഉയർത്തൽ.

3. 66 കെ.വി. സബ്സ്റ്റേഷൻ താമരശ്ശേരി 110 കെ.വി. ആയി ശേഷി ഉയർത്തൽ.

4. 66 കെ.വി. സബ്സ്റ്റേഷൻ മാനന്തവാടി 110 കെ.വി. ആയി ശേഷി ഉയർത്തൽ.

5. 220/66 കെ.വി. സബ്സ്റ്റേഷൻ കണിയാമ്പറ്റ 220/110 കെ.വി. ആയി ശേഷി ഉയർത്തൽ.

6. 66 കെ.വി. സബ്സ്റ്റേഷൻ അഞ്ചുകുന്ന് 110 കെ.വി. ആയി ശേഷി ഉയർത്തൽ.

7. 66 കെ.വി. സബ്സ്റ്റേഷൻ അമ്പലവയൽ 110 കെ.വി. ആയി ശേഷി ഉയർത്തൽ.

8. 66 കെ.വി. സബ്സ്റ്റേഷൻ പുതിയറ 110 കെ.വി. ആയി ശേഷി ഉയർത്തൽ.

<u>ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ</u>

1. 110 കെ.വി. സബ്സ്റ്റേഷൻ വെസ്റ്റ്ഹിൽ
2. 33 കെ.വി. സബ്സ്റ്റേഷൻ രാമനാട്ടുകര
3. 33 കെ.വി. സബ്സ്റ്റേഷൻ ബാലുശ്ശേരി
4. 110 കെ.വി. സബ്സ്റ്റേഷൻ വടകര
5. 110 കെ.വി. സബ്സ്റ്റേഷൻ മേപ്പയ്യൂർ
6. 110 കെ.വി. സബ്സ്റ്റേഷൻ കൊടുവള്ളി
7. 110 കെ.വി. സബ്സ്റ്റേഷൻ ചേവായൂർ
8. 110 കെ.വി. സബ്സ്റ്റേഷൻ കുറ്റിക്കാട്ടൂർ
9. 110 കെ.വി. സബ്സ്റ്റേഷൻ ചക്കിട്ടപ്പാറ
10. 110 കെ.വി. സബ്സ്റ്റേഷൻ കുറ്റ്യാടി
11. 220 കെ.വി. സബ്സ്റ്റേഷൻ നല്ലളം
12. 33 കെ.വി. സബ്സ്റ്റേഷൻ ഉറുമി

13. 110 കെ.വി. സബ്സ്റ്റേഷൻ മാങ്കാവ്

<u>ട്രാൻസ്മിഷൻ സർക്കിൾ, പാലക്കാട്</u>

<u>പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം</u>

1. 66 കെ.വി. പാലക്കാട് മെഡിക്കൽ കോളേജ് സബ്സ്റ്റേഷൻ പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.
2. 33 കെ.വി. സബ്സ്റ്റേഷൻ ഒലവക്കോട് - കല്ലാത്തി നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.
3. വെണ്ണക്കര 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.
4. അഗളി 33 കെ.വി. സബ്സ്റ്റേഷനിൽ 5MVA 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.
5. 220 കെ.വി. സബ്സ്റ്റേഷൻ ഷൊർണ്ണൂരിൽ 1x100MVA, 220/110kV ട്രാൻസ്ഫോർമർ 1x200MVA 220/110kV ആക്കി ശേഷി വർദ്ധിപ്പിച്ചു.

6. 220 കെ.വി. സബ്സ്റ്റേഷൻ കഞ്ചിക്കോടിൽ 160 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

7. 33 കെ.വി. സബ്സ്റ്റേഷൻ വൈദ്യുതി ഭവനം മുതൽ 33 കെ.വി. സബ്സ്റ്റേഷൻ ഒലവക്കോട് - കല്പാത്തി വരെ 33 കെ.വി. പുതിയലൈൻ നിർമ്മിച്ചു.

8. 66 കെ.വി. നെന്മാറ സബ്സ്റ്റേഷൻ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിച്ചു.

9. കൊല്ലങ്കോട് - വടക്കഞ്ചേരി 110 കെ.വി. ലൈൻ നിർമ്മിച്ചു.

10. കെ.വി. വടക്കഞ്ചേരിയിൽ 110kV ബേ നിർമ്മിച്ചു.

11. കൊല്ലങ്കോട് 110/11kV ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

12. ഷൊർണ്ണൂർ ട്രാക്ഷൻ 2 ഫീഡർ കമ്മീഷൻ ചെയ്തു.

13. തൃത്താല 33 കെ.വി. സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം നിർമ്മിച്ചു.

14. മലമ്പുഴ 33 കെ.വി. സബ്സ്റ്റേഷനിൽ 16 MVA, 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

15. മലമ്പുഴ-ഒലവക്കോട് 33 കെ.വി. ഓവർ ഹെഡ് ലൈൻ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

16. അഗളിയിൽ 1 മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

17. കഞ്ചിക്കോട് 3 മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

18. 110 കെവി. സബ്സ്റ്റേഷൻ പട്ടാമ്പിയും അനുബന്ധ 3.1 കി.മീ. 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

19. 33 കെ.വി. സബ്സ്റ്റേഷൻ മരുതൂരിൽനിന്ന് 110 കെ.വി. സബ് സ്റ്റേഷൻ പട്ടാമ്പിവരെ 3.03 കി.മീ. 33 കെ.വി. യു.ജി. കേബിൾ വലിച്ചു.

20. കുറ്റനാട് 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 16MVA, 110/33kV ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

21. ഷൊർണ്ണൂരിൽ 110 കെ.വി. GIS സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

22. വെണ്ണക്കര-നെന്മാറ 66 കെ.വി. ലൈൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ നെന്മാറ മുതൽ കണ്ണമ്പുള്ളി വരെ 66 കെ.വി. ലൈൻ 110 കെ.വി. ആയി ഉയർത്തിയിട്ടുണ്ട്.

23. 66 കെ.വി. കണ്ണമ്പുള്ളി സബ്സ്റ്റേഷൻ 110 കെ.വി. ആയി നവീകരിച്ചു.

24. 110 കെ.വി. കൊപ്പം സബ്സ്റ്റേഷനിൽ 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

ട്രാൻസ്മിഷൻ സർക്കിൾ, മലപ്പുറം

1. മലപ്പുറത്തെ ഏറ്റവും പഴയ സബ്സ്റ്റേഷനായ 110 kV മലപ്പുറം സബ്സ്റ്റേഷൻ, മെച്ചപ്പെട്ട ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ സാങ്കേതിക വിദ്യയിൽ പുതുക്കി നിർമ്മിക്കുന്ന പ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

2. മലപ്പുറം ഡിവിഷന് കീഴിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷനുകൾ - സിവിൽ സ്റ്റേഷൻ, ഇൻകെൽ (INKEL), കൊണ്ടോട്ടി, കരുവാരക്കുണ്ട് ഇൻകെൽ - സ്ഥലം പാട്ടവ്യവസ്ഥയിൽ കൈമാറി ലഭിച്ചിട്ടുണ്ട്. മലപ്പുറം സബ്സ്റ്റേഷനിൽനിന്ന് ഇൻകെൽ വരെയുള്ള ലൈൻ നിർമ്മാണം ടെൻഡർ സ്റ്റേജിലാണ്. മെറ്റീരിയലുകൾ ലഭിച്ചുതുടങ്ങി. സബ്സ്റ്റേഷൻ നിർമ്മാണ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സിവിൽ സ്റ്റേഷൻ-മലപ്പുറം സിവിൽ സ്റ്റേഷനകത്ത് റവന്യൂ സ്ഥലം ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ നടപടികൾ ആരംഭിക്കും. ഭരണ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്.

കൊണ്ടോട്ടി - കൊണ്ടോട്ടി നഗരസഭ സ്ഥലം പാട്ടവ്യവസ്ഥയിൽ വിട്ടുനൽകാമെന്ന് അറിയിച്ചതനുസരിച്ച് ഭരണ സാങ്കേതിക അനുമതികൾ ലഭിച്ചു. പാട്ടവ്യവസ്ഥകൾ നഗരസഭയിൽനിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

കരുവാരക്കുണ്ട് - സ്വകാര്യവ്യക്തി സ്ഥലം സൗജന്യമായി വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ അപ്രൂവലിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

3. 110 കെ.വി. പെരിന്തൽമണ്ണ സബ്സ്റ്റേഷനിൽ 110/33 കെ.വി. 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് താഴേക്കോട് സബ്സ്റ്റേഷനിലേയ്ക്ക് ലൈൻ നിർമ്മിക്കാൻ പദ്ധതിയുണ്ട്. കൂടാതെ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി (എ.എം.യു.)-ക്ക് സമീപം സ്ഥലം കിട്ടുന്നമുറയ്ക്ക് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാനും പദ്ധതിയുണ്ട്. പ്രസ്തുത എ.എം.യു. സബ്സ്റ്റേഷനിലേയ്ക്ക് പെരിന്തൽമണ്ണ സബ്സ്റ്റേഷനിൽനിന്ന് ലൈൻ നിർമ്മിക്കാനും ആലോചിക്കുന്നു.

4. മലപ്പുറം സബ്സ്റ്റേഷനിൽനിന്ന് മങ്കട (ഏലച്ചോല) വരെയുള്ള 66 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി വോൾട്ടേജ് 110 കെ.വി. ആക്കി ഉയർത്താനുള്ള പ്രവൃത്തി പുരോഗമിക്കുന്നു.

പ്രസ്തുത പ്രവൃത്തി പൂർത്തിയാകുമ്പോൾ മങ്കട 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് മലപ്പുറത്തുനിന്ന് കൂടി വൈദ്യുതി എത്തിക്കാൻ സാധിക്കും. കൂടാതെ മലപ്പുറം സബ്സ്റ്റേഷനിലേയ്ക്ക് 220 കെ.വി. മലാപ്പറമ്പ് സബ്സ്റ്റേഷനിൽ നിന്ന് മൂന്നാമത് ഒരു ഫീഡർ കൂടെ ഉണ്ടാകും.

5. 110 കെ.വി. നിലമ്പൂർ സബ്സ്റ്റേഷനിൽ രണ്ടാമത്തെ 110/33 കെ.വി. 16 എം.വി.എ. ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് നിലമ്പൂർ ഭാഗത്തെ 33 കെ.വി. പ്രസരണം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ട്.

6. നിർമ്മാണം ആരംഭിക്കാനിരിക്കുന്ന 110 കെ.വി. തിരുവാലി സബ്സ്റ്റേഷനിൽ 110/33 കെ.വി. 16 എം.വി.എ. ട്രാൻസ്ഫോമർ കൂടി സ്ഥാപിച്ച്, എടവണ്ണ-വണ്ടൂർ 33 കെ.വി. ലൈനിൽനിന്ന് ലൈൻ വലിച്ച് തിരുവാലി-വണ്ടൂർ-എടവണ്ണ ഭാഗത്തെ 33 കെ.വി. പ്രസരണം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ട്.

7. പരപ്പനങ്ങാടി - MAT 110 kV ഡബിൾ സർക്യൂട്ട് (DC) ലൈൻ ഇൻ ലൈൻ ഔട്ട് (LILO) ലൈൻ - 110 എടരിക്കോട്-തിരൂർ ഫീഡറിൽനിന്ന്

കരിങ്ങപ്പാറയിൽനിന്ന് 110kV സബ്സ്റ്റേഷൻ പരപ്പനങ്ങാടി വരെ പ്രവൃത്തി പുരോഗമിക്കുന്നു.

8. 220 കെ.വി. എളങ്കൂർ സബ്സ്റ്റേഷൻ, 33 കെ.വി. പോത്തുകല്ല് സബ്സ്റ്റേഷൻ എന്നിവയാണ് ജില്ലയിൽ അടുത്തായി നിർമ്മാണം പൂർത്തിയാക്കിയ പുതിയ സബ്സ്റ്റേഷനുകൾ. 66 കെ.വി. സബ്സ്റ്റേഷനുകളായ പെരിന്തൽമണ്ണ, മഞ്ചേരി, എടക്കര, നിലമ്പൂർ, മങ്കട എന്നിവ 110 കെ.വി. ആയി അപ്ഗ്രേഡ് ചെയ്യുകയും ഈ സബ്സ്റ്റേഷനുകളുടെ മൊത്തം 11kV ശേഷി 90 MVA-ൽനിന്നും 152.5 MVA ആയി വർദ്ധിപ്പിക്കുകയും ചെയ്തു. കൂടാതെ 110 കെ.വി. സബ്സ്റ്റേഷൻ തിരൂർ, 220 കെ.വി. സബ്സ്റ്റേഷൻ അരീക്കോട്, 33 കെ.വി. സബ്സ്റ്റേഷനുകളായ കൽപ്പകഞ്ചേരി, കുരിയാട് ഒതുക്കുങ്ങൽ, വള്ളുവമ്പ്രം, താഴേക്കോട്, പുലാമന്തോൾ, മക്കരപറമ്പ്, തിരുനാവായ, എടവണ്ണ, പോത്തുകല്ല്, വണ്ടൂർ എന്നീ സബ്സ്റ്റേഷനുകളുടെ മൊത്തം 11kV ശേഷി 157.5MVA-ൽനിന്നും 248.5MVA ആയി ഉയർത്തി.

9. കേരളത്തിന്റെ ഒരു അറ്റത്തുനിന്ന് മറ്റൊരു അറ്റം വരെയുള്ള 400kV പവർ ഹൈവേയുടെ ഭാഗമായി തൃശ്ശൂരിൽനിന്നും അരീക്കോട് (പവർ ഗ്രിഡ്) PGCIL സബ്സ്റ്റേഷൻ വരെ 400 kV ലൈൻ നിർമ്മാണം പൂർത്തിയായി. 110kV സബ്സ്റ്റേഷൻ തിരുവാലി-സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ തുടങ്ങി. 2025-26 വർഷത്തിൽ പൂർത്തീകരിക്കും.

10. 110kV സബ്സ്റ്റേഷൻ പുളിക്കൽ-ഭരണ സാങ്കേതിക അനുമതികൾ ലഭിച്ചു. സ്ഥലമേറ്റെടുപ്പിന് ബോർഡ് അനുമതി ലഭിച്ചു. RFCT LARR 2013 ആക്ട് അനുസരിച്ച് സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. 110 കെ.വി. സബ്സ്റ്റേഷൻ എടപ്പാൾ, 220 കെ.വി. സബ്സ്റ്റേഷൻ, മാലാപറമ്പ് എന്നിവിടങ്ങളിൽ നിലവിലുള്ള 2x12.5 എം.വി.എ. ട്രാൻസ്ഫോർമറുകൾ 2x20 എം.വി.എ. ആക്കുന്ന പ്രവൃത്തികൾ. എടപ്പാൾ ഒരു ട്രാൻസ്ഫോർമർ ലഭ്യമായി, പദ്ധതികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മറ്റ് പ്രവൃത്തികൾ ട്രാൻസ്ഫോർമറുകൾ ലഭ്യമാകുന്നമുറയ്ക്ക് പൂർത്തീകരിക്കാവുന്നതാണ്. തിരൂർ 110 കെ.വി.

സബ്സ്റ്റേഷനിൽ 1x12.5 എം.വി.എ. ട്രാൻസ്ഫോർമർ 1x20 എം.വി.എ. ആക്കുന്നതും 110 കെ.വി. പരപ്പനങ്ങാടി, പൊന്നാനി, എടരിക്കോട് എന്നീ സബ്സ്റ്റേഷനുകളിൽ 2x12.5 എം.വി.എ. ട്രാൻസ്ഫോർമറുകൾ 2x20 എം.വി.എ. ആക്കുന്ന പ്രവൃത്തികൾ ട്രാൻസ്ഫോർമറുകൾ ലഭ്യമാകുന്നമുറയ്ക്ക് പൂർത്തീകരിക്കാവുന്നതാണ്. കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും വേങ്ങര 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും ഭൂമി ഏറ്റെടുക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. കാടാമ്പുഴ സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. വേങ്ങര സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

പട്ടിക്കാട് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി പ്രദേശത്തെ സാങ്കേതിക വിവരങ്ങൾ ലോഡ് ഫ്ലോ പഠനത്തിനായി പവർ സിസ്റ്റം എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പവർ സിസ്റ്റം എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും അനുമതി ലഭിച്ചാൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികൾ തുടങ്ങുന്നതാണ്.

12. ചങ്ങരംകുളം 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളിലാണ്.

**RDSS പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

1. വൈരംകോട് മുതൽ 33 കെ.വി. കൽപ്പകഞ്ചേരി സബ്സ്റ്റേഷൻ വരെയുള്ള 9.25 കി.മീ. ലൈൻ കവേർഡ് കണ്ടക്ടറാക്കി മാറ്റുന്ന ജോലി- എഗ്രിമെന്റ് ഒപ്പുവച്ചു.

2. 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷൻ മുതൽ 33 കെ.വി. കുരിയാട് സബ്സ്റ്റേഷൻ വരെയുള്ള 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ടാക്കുന്ന പ്രവൃത്തി - ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

3. വൈരംകോട് മുതൽ 33 കെ.വി. തിരുനാവയ സബ്സ്റ്റേഷൻ വരെയുള്ള 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്ന പ്രവൃത്തി - ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

4. മക്കരപ്പറമ്പ് ബോർഡർ മുതൽ പാലച്ചോട് എ.ബി. സ്വിച്ച് വരെയുള്ള 33 kV ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് പുനർനിർമ്മിക്കൽ - 5 km- എഗ്രിമെന്റ് വച്ചു.

5. 33 kV മേലാറ്റൂർ താഴെക്കോട് 33 kV ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് പുനർനിർമ്മിക്കൽ - 10km - എഗ്രിമെന്റ് വച്ചു.

6. പുലാമന്തോൾ മുതൽ കരിങ്ങനാട് എ.ബി. സ്വിച്ച് വരെ 33 kV ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് പുനർനിർമ്മിക്കൽ- 4km- എഗ്രിമെന്റ് വെച്ചു.

7. 33 kV കിഴിശേരി വള്ളുവമ്പ്രം സിംഗിൾ സർക്യൂട്ട് ലൈൻ ഡബിളിംഗും സ്റ്റാൻഡേർഡൈസേഷനും – ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

8. മുട്ടിയാലിൽനിന്ന് ആഢ്യൻപാറയിലേയ്ക്ക് 33kV SC-യെ 33kV DC ആയി മാറ്റുകയും RMU ഉപയോഗിച്ച് ആഢ്യൻപാറയിൽ നിയന്ത്രണം നൽകുകയും ചെയ്യുന്ന - ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്

9. നിലവിലുള്ള പി.എസ്.സി. ട്ടുണുകൾ മാറ്റി 33 കെ.വി. മേലാറ്റൂർ-വണ്ടൂർ ലൈനിന്റെ സ്റ്റാൻഡേർഡൈസേഷൻ-ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. നിലവിലുള്ള പി.എസ്.സി. ട്ടുണുകൾ മാറ്റി 33 കെ.വി.

എടവണ്ണ-വണ്ടൂർ ലൈനിന്റെ സ്റ്റാൻഡേർഡൈസേഷൻ-ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

10. യു.ജി. കേബിൾ ഉപയോഗിച്ച് നിലമ്പൂർ മുതൽ അകമ്പാടം ജംഗ്ഷൻ (നിലമ്പൂർ-ആഢ്യൻപാറ ലൈൻ) വരെയുള്ള 33 കെ.വി. റീ-കണ്ടക്റ്ററിംഗ് - ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

11. 33kV SC ലൈൻ (വണ്ടൂർ-കാളികാവ്-പൂക്കോട്ടുംപാടം ടാപ്പ്) 14m A ട്ടുണുകളും ലാറ്റിസ് ട്ടുണുകളും ഉപയോഗിച്ച് 33kV DC ആയി മാറ്റുന്നു. ബോർഡിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

**ട്രാൻസ്മിഷൻ സർക്കിൾ, കണ്ണൂർ**

1. കാസർഗോഡ് ട്രാൻസ്മിഷൻ ഡിവിഷന്റെ പരിധിയിൽ മഞ്ചേശ്വരം സബ്സ്റ്റേഷൻ വക സ്ഥലത്ത് PMKUSUM പദ്ധതിയിൽപ്പെടുത്തി 400KW ശേഷിയുള്ള സോളാർ പ്ലാന്റിന്റെ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. മൈലാട്ടി സബ്സ്റ്റേഷൻ വക സ്ഥലത്ത് PMKUSUM പദ്ധതിയിൽപ്പെടുത്തി 3.5 MW ശേഷിയുള്ള സോളാർ പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. പിണറായി സബ്സ്റ്റേഷൻ മുതൽ ചൊവ്വ ടാപ്പ് പോയിന്റ് വരെയുള്ള 12.80 കി.മി. സിംഗിൾ സർക്യൂട്ട് ലൈൻ മാറ്റി ഡബിൾ സർക്യൂട്ട് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

4. ടവർ ഫൂട്ടിംഗ് എർത്ത് റസിസ്റ്റൻസ് കൂടുതലുള്ള ടവർ ലൊക്കേഷനുകളിൽ അഡീഷണൽ ഡീപ്പ് എർത്തിംഗ് ചെയ്ത് റസിസ്റ്റൻസ് മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ, ട്രാൻസ്മിഷൻ ലൈറ്റനിംഗ് എറസ്റ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവയും ട്രാൻസ്മിഷൻ സിസ്റ്റം ഇന്ററപ്ഷൻ കുറയ്ക്കുന്നതിന് പഴയ പോർസ്ലിൻ ഇൻസുലേറ്ററുകൾ മാറ്റി കോമ്പോസിറ്റ് പോളിമർ ഇൻസുലേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികളും സമയബന്ധിതമായി നടന്നുവരുന്നു.

പരിയാരം 110 കെ.വി. സബ്സ്റ്റേഷൻ ആയി ഉയർത്തുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 33 കെ.വി. തോട്ടട സബ്സ്റ്റേഷൻ, ചൊവ്വ 110 കെ.വി.

സബ്സ്റ്റേഷൻ, 33 കെ.വി. പയ്യന്നൂർ ടൗൺ, 33 കെ.വി. നാട്ടുകാണി എന്നിവയുടെ സ്ഥാപിതശേഷി വർദ്ധിപ്പിച്ചു. മുണ്ടയാട് 110 കെ.വി. സബ്സ്റ്റേഷനിൽ 110/33 കെ.വി. ട്രാൻസ്ഫോർമർ, ട്രാൻസ്ഫോർമർ ബേ, പാനൽ എന്നിവ സ്ഥാപിച്ചു. പുതിയൊരു 33 കെ.വി. സബ്സ്റ്റേഷനിൽ പുതിയ ട്രാൻസ്ഫോർമർ ബേ സ്ഥാപിച്ചു. അഴിക്കോട് 110 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 11 കെ.വി. പാനൽ, 16 എം.വി.എ. ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചു. പയ്യന്നൂർ ടൗൺ സബ്സ്റ്റേഷനിൽനിന്ന് താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് ഒരു ഡെഡിക്കേറ്റഡ് ഫീഡർ സ്ഥാപിച്ചു. 11 കെ.വി. പുത്തൂർ ഫീഡർ കമ്മീഷൻ ചെയ്തു.

5. തലശ്ശേരി ഭാഗത്ത് 220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനും മട്ടന്നൂർ ഭാഗത്ത് 110 കെ.വി. കിൻഫ്ര പാർക്ക് സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്.

മലബാർ മേഖലയിൽ വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിതരണ വിഭാഗത്തിന്റെ കീഴിൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ (group 1) ഉൾപ്പെടുത്തി ആകെ 144.34 കോടി

രൂപയുടെ പ്രവൃത്തികളും കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകൾ (group 2) ഉൾപ്പെടുത്തി ആകെ 107.44 കോടി രൂപയുടെ പ്രവൃത്തികളും കെ.എസ്.ഇ.ബി.എൽ -ന്റെ തനതു പദ്ധതിയായ ദ്യുതി-2-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ഗ്രൂപ്പ് 1 | ഗ്രൂപ്പ് 2 |
|---|---|---|---|
| 1 | എച്ച്.റ്റി. ലൈൻ നിർമ്മാണം (OH/ABC/UG) | 125/43/11 km | 58/23/2.5k m |
| 2 | എൽ.റ്റി. ലൈൻ നിർമ്മാണം (OH/ABC) | 103/469 km | 161/65km |
| 3 | എച്ച്.റ്റി.& എൽ.റ്റി. റീകണ്ടക്ടറിംഗ് | 891 km | 170 Km |
| 4 | എൽ.റ്റി. 3 ഫേസ് ലൈൻ കൺവേർഷൻ | 99 km | 151 km |
| 5 | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 180 Nos | 191 Nos |
| 6 | ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈസേഷൻ | 913 Nos | 400 Nos |
| 7 | സ്പെയ്സർ സ്ഥാപിക്കൽ | 399216 Nos | 691900 Nos |
| 8 | ഡി.ടി.ആർ. മീറ്റർ സ്ഥാപിക്കൽ | 19925 Nos | 48977 Nos |
| 9 | ആർ.എം.യു. സ്ഥാപിക്കൽ | 16 Nos | 0 |
| തുക | | Rs.144.34 Crores | Rs.107.44 Crores |

(ബി) പ്രസ്തുത മേഖലയിലെ സോളാർ പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

മലബാർ മേഖലയിൽ സോളാർ പദ്ധതിയുമായി നിലവിൽ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷനിൽ 1.25 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി നടന്നുവരുന്നു. കേന്ദ്ര സർക്കാർ പി.എം. കുസും-ൽ ശേഷിക്കുന്ന 10.2 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജനിലയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ കരാർ തുക 55 കോടി രൂപയാണ്. ഈ സ്കീമിലുള്ള നെയ്യാറ്റിൻകര 110 കെ.വി. സബ്സ്റ്റേഷന് പുറത്ത് സ്ഥാപിച്ച 50 കിലോവാട്ട് പ്ലാന്റും ബാലരാമപുരം സബ്സ്റ്റേഷന് പുറത്ത് സ്ഥാപിച്ച 100 കിലോവാട്ട് പ്ലാന്റും കരാർ തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൗര സബ്സിഡി പദ്ധതിയിലൂടെയും ഡെപ്പോസിറ്റ് സ്കീം വഴിയും (സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലയിൽ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനതുഫണ്ട് ഉപയോഗിച്ചും വിവിധ സോളാർ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**പാലക്കാട് ട്രാൻസ്മിഷൻ സർക്കിൾ**

പാലക്കാട് ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ പൂർത്തീകരിച്ച സോളാർ പദ്ധതികൾ:

1) 220 കെ.വി. സബ്സ്റ്റേഷൻ പാലക്കാട് (കഞ്ചിക്കോട്): 1 മെഗാവാട്ട് + 3 മെഗാവാട്ട്

2) 110 കെ.വി സബ്സ്റ്റേഷൻ, കൊല്ലങ്കോട്: 1 മെഗാ വാട്ട്

3) 33 കെ. വി സബ്സ്റ്റേഷൻ, അഗളി: 1 മെഗാ വാട്ട്

4) കൊഴിഞ്ഞാമ്പാറ പഴയ 66 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ട്: 0.25 മെഗാവാട്ട്

**കണ്ണൂർ ട്രാൻസ്മിഷൻ സർക്കിൾ**

1) കാഞ്ഞിരോട്, ഇരിട്ടി സബ്സ്റ്റേഷനുകളിലെ കൺട്രോൾ റൂമുകൾക്ക് മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. സിയാൽ, പയ്യന്നൂർ ഏറ്റുകുടുക്കയിൽ സ്ഥാപിച്ച 10 MW സോളാർ പവർ പ്ലാന്റിന്റെ പവർ ഇവാക്വേഷൻ 11.5 കി.മീ. 33 കെ.വി. (UG) ഏറ്റുകുടുക്കയിൽനിന്നും പയ്യന്നൂർ 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് പുതിയ 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഗ്രിഡിലേയ്ക്ക് നൽകി.

3. പി.എം. കുസും സ്കീമിന്റെ ഭാഗമായി 100 KWP സോളാർ പ്രോജക്ട് കമ്മീഷൻ ചെയ്തു.

കാസർഗോഡ് ജില്ലയിൽ 105 MW-ന്റെ ഒരു സോളാർ പാർക്കാണ് നിലവിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത പാർക്കിൽ അമ്പലത്തറയിലും പൈവെളികയിലും 50 MW-ന്റെ ഓരോ സോളാർ പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. അമ്പലത്തറയുടെ സമീപത്തുള്ള 5 MW നെല്ലിത്തടം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. 31-03-2024-ന് മുൻപായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളിൽനിന്നും 100 MW വൈദ്യുതി ഉൽപാദിപ്പിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ 500 ഏക്കർ സ്ഥലം പാട്ടത്തിന് നൽകിയിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവിനത്തിൽ 66 കോടി രൂപ വിലയിരുത്തിയതിൽ 21 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവും ബാക്കി സംരംഭകരുമാണ് വഹിക്കുന്നത്. സംരംഭകരുടെ ഭാഗത്തുനിന്നും 577 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, വേറൊരു 100 MW സോളാർ പാർക്ക്

സ്ഥാപിക്കുന്നതിനായി ചീമേനിയിൽ 450 ഏക്കർ ഭൂമി സർക്കാർ പാട്ടവ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. 45.48 കോടി രൂപ പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ഡി.പി.ആർ.-ൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

**ട്രാൻസ്മിഷൻ സർക്കിൾ, മലപ്പുറം**

താഴെപ്പറയുന്ന സോളാർ പ്ലാന്റ് സ്ഥാപിച്ച് ഉൽപാദനം ആരംഭിച്ചു

| | |
|---|---|
| 220 കെ.വി. മാലാപ്പറമ്പ് | 20KW റൂഫ് ടോപ്പ് |
| 110 കെ.വി. കുറ്റിപ്പുറം | 0.5MW |
| 110 കെ.വി. പൊന്നാനി | 0.5MW |
| 33 കെ.വി. കല്പകഞ്ചേരി | 20KW റൂഫ് ടോപ്പ് |
| 220 കെ.വി. സബ്സ്റ്റേഷൻ അരീക്കോട് | 30KW റൂഫ് ടോപ്പ് |
| 110 കെ.വി. പെരിന്തൽമണ്ണ | 0.8 KW റൂഫ് ടോപ്പ് |

**മലപ്പുറം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ**

275(690) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പാണക്കാട് യു.പി. സ്കൂൾ പരിസരം, പുൽപ്പറ്റ പഞ്ചായത്തിലെ കല്ലച്ചാൽ, ശാന്തിപടി ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; പുരോഗതികൾ വിശദീകരിക്കാമോ?

2016 മുതൽ ഈ കാലയളവ് വരെ മലപ്പുറം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി 15 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 37.38 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. 73 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിച്ചു. അതിനായി 2 കോടി 26 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. 143.5 കിലോമീറ്റർ LT SP-3P കൺവെർഷൻ ചെയ്യുന്നതിനായി 3 കോടി 20 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. പാണക്കാട് യു.പി. സ്കൂൾ പരിസരത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായുള്ള ഒരു പ്രവൃത്തി 2025-26 വർഷത്തെ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുൽപ്പറ്റ പഞ്ചായത്തിലെ കല്ലച്ചാൻ, ശാന്തിപടി ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം

പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ RDSS അഡീഷണൽ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മലപ്പുറം നഗരസഭയിലെ പൈത്തിനിപ്പറമ്പ് കുറേക്കുഴി, ആനക്കയം പഞ്ചായത്തിലെ വടക്കെനാൾമുക്ക്, മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക് - വട്ടപ്പൊലി റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

മലപ്പുറം നഗരസഭയിലെ പൈത്തിനിപ്പറമ്പ് കുറേക്കുഴി ഭാഗത്ത് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി മുനിസിപ്പാലിറ്റിയുടെ ഡെപ്പോസിറ്റ് വർക്കായിട്ടാണ് ചെയ്തിട്ടുള്ളത്. ആനക്കയം പഞ്ചായത്തിൽ വടക്കേനാൾമുക്ക് ഭാഗത്തെ 90 മീറ്ററോളം വരുന്ന 3 ഫേസ് 4 വയർലൈൻ മാറ്റുമ്പോൾ നിലവിലുള്ള വൈദ്യുതി വിതരണം നിലനിർത്തുന്നതിനായി റോഡിലൂടെയുള്ള 250 മീറ്റർ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആക്കി മാറ്റുകയും ലൈനില്ലാത്ത ഭാഗത്ത് 130 മീറ്റർ 3 ഫേസ് ലൈൻ പുതുതായി നിർമ്മിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

ഇങ്ങനെ ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് 1,93,808/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുക അടവാക്കുന്നമുറയ്ക്ക് പ്രവൃത്തി ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക് വട്ടപ്പൊലി റോഡിൽ 376 മീറ്റർ സിംഗിൾ ഫേസ് ലൈൻ മാറ്റുന്നതിന് വ്യക്തികളിൽനിന്നും അപേക്ഷ ലഭിച്ചതിനാൽ 2,10,560/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. പണം അടവാക്കുന്നമുറയ്ക്ക് ഡെപ്പോസിറ്റ് സ്കീമിൽ പ്രവൃത്തി നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന നിവേദനം**

276(691) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ നിരക്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ശ്രീമതി സൗധ നെല്ലിക്കണ്ടി, മുഴപ്പാല എന്ന വ്യക്തി പയ്യന്നൂർ എം.എൽ.എ.-യുടെ കവറിംഗ് ലെറ്ററോടുകൂടി (പി.എൻ.ആർ.എം.എൽ.എ/4/23) 09-01-2023-ൽ നിവേദനം

നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്. പരാതിയിൽ പറഞ്ഞ സ്ഥലം പരിശോധിച്ച് 640 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കുന്നതിലേയ്ക്ക് 18-12-2023-ന് 2,56,768/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ലൈസൻസി എന്ന നിലയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നത് കെ.എസ്.ഇ.ആർ.സി. പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡ് 2014 അനുസരിച്ചാണ്. സപ്ലൈ കോഡ് റെഗുലേഷൻ 32, 37 പ്രകാരം, വൈദ്യുതി ലൈനുകൾ വലിക്കേണ്ടിവരുന്ന ചെലവ് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി അടയ്ക്കേണ്ടതാണ്. എന്നാൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും

സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകിവരുന്നുണ്ട്. എന്നാൽ ശ്രീമതി സൗദ മുഴപ്പാലയ്ക്ക് കണക്ഷനുവേണ്ടി 640 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കേണ്ടതിനാൽ ഇതിനാവശ്യമായ ചെലവ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ നമ്പറും നിലവിൽ ഈ ഫയൽ ഏത് ഓഫീസിലാണുള്ളതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഡയറക്ടർ (വിതരണം, എസ്.സി.എം. & സുരക്ഷ)-യുടെ കാര്യാലയത്തിലുണ്ട്. ഫയൽ നമ്പർ DIRDIT-AE3/2023/561 ആണ്.

(സി) പ്രസ്തുത അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീമതി സൗദ മുഴപ്പാല പി.ഒ. എന്ന വ്യക്തി ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം 640 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നിയമപ്രകാരം 250 മീറ്ററിന് മുകളിൽ സിംഗിൾ ഫേസ് ലൈൻ വലിക്കേണ്ടതിനാൽ ലൈൻ

ECLE (Estimate Cost for Line Extension) സ്കീമിൽ പണമടയ്ക്കേണ്ടതാണ്. പണം ലഭ്യമാകുന്നമുറയ്ക്ക് ജോലി പൂർത്തീകരിച്ച് നൽകുന്നതാണ്.

**കർഷകർക്കുള്ള സൗജന്യ വൈദ്യുതി**

277(692) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. എ. കെ. എം. അഷ്‌റഫ്:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിനുള്ള തുക കൃഷി വകുപ്പിൽനിന്നും ലഭിക്കാനുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിന് കൃഷി വകുപ്പിൽനിന്ന് ഇലക്ട്രിസിറ്റി ബോർഡിന് 31-12-2023 വരെ മുതലും OTS പലിശയും ചേർത്ത് 220.69 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. 21-07-2021-ന് മുൻപുള്ള കുടിശ്ശിക തുകയ്ക്ക് നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-12-2023 വരെ ഉണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷന്റെ നിർദേശപ്രകാരം ഇപ്പോൾ

ഗവൺമെന്റ് സ്ഥാപനങ്ങൾക്കും അർഹതപ്പെട്ട ഉപഭോക്താക്കൾക്കും മാത്രമായി ആയത് 31-03-2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. കർഷകർക്ക് നോട്ടീസ് നൽകിയിരുന്നോ?

കർഷകർക്കുള്ള സൗജന്യ വൈദ്യുതിക്കുള്ള തുക കൃഷി വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചിലയിടങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി കുടിശ്ശികയുടെ വിവരം നോട്ടീസായി കർഷകർക്ക് നൽകിയിട്ടുണ്ട്; എന്നാൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക തീർപ്പാക്കാത്തതിനാൽ കണക്ഷൻ വിച്ഛേദിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. ചില ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയെങ്കിലും കൃഷി വകുപ്പിൽനിന്നും ഏതെങ്കിലും കാരണവശാൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി

കണക്ഷനുകൾ വിച്ഛേദിക്കുവാൻ പാടില്ലെന്ന് കെ.എസ്.ഇ.ബി.എൽ.-ന് നിർദേശം നൽകിയിട്ടുണ്ട്.

(സി) കർഷകരെ പ്രതിസന്ധിയിലാക്കുന്ന ഈ വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കർഷകർക്കുള്ള സൗജന്യ വൈദ്യുതിയുടെ കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

278(693) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച്, പോസ്റ്റ് നമ്പർ സഹിതം വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രകാരം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നം. | പഞ്ചായത്ത് | എണ്ണം | പ്രവൃത്തി | പോസ്റ്റ് നമ്പർ |
|---|---|---|---|---|
| 1. | കുണ്ടറ | 2 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | HM-18, PK 65/1 |
| 2. | ഇളമ്പള്ളൂർ | 1 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | TH 86 |
| 3. | പേരയം | 1 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | EK III |
| 4. | പേരിനാട് | 1 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | EA 159/1 |
| 5. | കുണ്ടറ | 1 | ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ | കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷൻ പരിസരം |

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

എല്ലാ ജില്ലാ കളക്ടർമാർക്കും അതത് ജില്ലകളിലെ ഗവൺമെന്റ് സ്ഥാപന പരിസരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തും റിപ്പോർട്ടും കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിട്ടുണ്ട്.

കുണ്ടറ നിയോജകമണ്ഡലത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിന് നിലവിലില്ല. എന്നാൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പരമാവധി 50kW സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ കിലോവാട്ടിന് 20,000/-രൂപ നിരക്കിൽ 10 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. താത്പര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ മുന്നോട്ടുവന്നാൽ ഹൈവേകളുടെ സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുനൽകാൻ അനെർട്ടിന് കഴിയുന്നതാണ്.

**ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണം**

279(694) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ, ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈൻ എന്നിവയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് TBCB (Tarrif Based Competitive Bidding) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെ.വി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കിയ വിവരങ്ങൾപ്രകാരം 400 കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈനിന്റെ ജോലികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം | 115 കി.മീ. (കേരളം - 47 കി.മീ., കർണ്ണാടകം– 68 കി.മീ.) |
| ആകെ ടവറുകളുടെ എണ്ണം | 283 (കേരളം - 101, കർണ്ണാടകം – 182) |

| | |
|---|---|
| ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് (കേരളം) | 93 എണ്ണം |
| ടവർ നിർമ്മാണം പൂർത്തിയായത് (കേരളം) | 80 എണ്ണം |
| ലൈൻ നിർമ്മാണം പൂർത്തിയായത് (കേരളം) | 840 മീറ്റർ |
| സബ്സ്റ്റേഷൻ നിർമ്മാണം | 95% പൂർത്തീകരിച്ചു. |

പ്രസ്തുത പദ്ധതിയുടെ, കർണ്ണാടക പ്രദേശത്ത് 68 കി.മീ. ലൈൻ നിർമ്മാണം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ തീരെ മന്ദഗതിയിലാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഒരു കേസും ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകൾക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത് UKTL കമ്പനിയാണ്. UKTL കമ്പനിയിൽനിന്നും കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, വൃക്ഷവിള നഷ്ടപരിഹാരം നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർ നിശ്ചയിച്ചപ്രകാരം അന്തിമവില തീരുമാനമായിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന

ഭൂമിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുന്നതിനുള്ള നിർദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**സൗജന്യമായി വൈദ്യുതി നൽകുന്നതിന് നടപടി**

280(695) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗക്കാർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ, റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവർ എന്നിവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റ് പദ്ധതികൾ നിലവിലില്ലാത്തതിനാൽ 1000 വാട്ട് വരെ

കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർവരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് 2018 മുതൽ നൽകിവന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നത് കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31-03-2022-ലെ ബോർഡ് ഉത്തരവുപ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ 2022-27 അഞ്ചുവർഷ പദ്ധതിയിൽ 100 കോടി രൂപ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുതി എത്തിക്കാൻ വകയിരുത്തിയിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്ന ഭിന്നശേഷി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും മേൽപദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്.

**ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി**

281(696) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര ഉപഭോക്താക്കൾക്കാണ് സബ്സിഡി നൽകുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 72,25,313 ഗാർഹിക ഉപഭോക്താക്കൾക്കാണ് ഗവൺമെന്റ് സബ്സിഡി ലഭിച്ചത്.

(ബി) പ്രസ്തുത സബ്സിഡി ഏതെല്ലാം വിഭാഗക്കാർക്കാണ് നൽകുന്നതെന്നും അതിന്റെ മാനദണ്ഡം എന്താണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത്, താഴെപ്പറയുന്ന സബ്സിഡി ആനുകൂല്യങ്ങളാണ് ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിവരുന്നത്.

i) പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്. ടി ആനുകൂല്യം 11,223 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

ii) കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകിവരുന്നു. ടി ആനുകൂല്യം 3200 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

iii) ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി സൗജന്യമായി നൽകിവരുന്നു. ടി ആനുകൂല്യം 3090 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

iv) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കളെ, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25-07-2012-ലെ ഉത്തരവുപ്രകാരമുള്ള

താരിഫ് വർദ്ധനവിൽനിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകിത്തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയുമാണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ്ജ് ഇനത്തിൽ സബ്സിഡി നൽകിവരുന്നുണ്ട്. ടി ആനുകൂല്യം 72,07,800 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

**വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് നടപടി**

282(697) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കോട്ടക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി ടൗണുകളിൽ ഉണ്ടാകാറുള്ള വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

110 കെ.വി. കാടാമ്പുഴ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. കോട്ടയ്ക്കൽ ഇലക്ട്രിക്കൽ

സെക്ഷൻ പരിധിയിൽ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് 2022-23 കാലയളവിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

1. തോക്കാംപാറ മുതൽ കൊല്ലപ്പടി വരെയുള്ള 900m HT ലൈൻ നിർമ്മാണം.

2. നിലവിലുള്ള 11kV ലൈനുകളിൽ സുഗമമായ വൈദ്യുതി വിതരണത്തിന് AB-സ്വിച്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. 2023-24 കാലയളവിൽ AB കേബിൾ വലിച്ച് നെല്ലിക്കാപ്പറമ്പിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി വിഭാവനം ചെയ്തിട്ടുണ്ട്.

കുറ്റിപ്പുറം, വളാഞ്ചേരി ടൗണുകളിൽ ഉണ്ടാകാറുള്ള വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനായി നിലവിലെ പദ്ധതിയായ ദ്യുതി-2 പ്രകാരം 1.6 km HT ABC കേബിൾ വലിക്കുകയും 100 kVA-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൂന്ന് ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് നിലവിലുള്ള ഫീഡറുകൾ അപര്യാപ്തമായതിനാൽ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) ഉൾപ്പെടുത്തി പുതിയ ഫീഡറുകൾ സ്ഥാപിച്ചും യു.ജി. (അണ്ടർഗ്രൗണ്ട്)/എ.ബി. (ഏരിയൽ ബഞ്ച്ഡ്) കേബിൾ ഉപയോഗിച്ച് ഒരു റിംഗ് മെയിൻ നെറ്റ്‌വർക്ക് ഫോം ചെയ്തും ആർ.എം.യു. (റിംഗ് മെയിൻ യൂണിറ്റ്)-കൾ സ്ഥാപിച്ചും വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം പദ്ധതിപ്രകാരം എടരിക്കോട് 110kV സബ്സ്റ്റേഷനിൽനിന്നും കോട്ടയ്ക്കൽ, എടരിക്കോട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലേയ്ക്ക് ഒരു പുതിയ 11kV (3.6 km) ഫീഡർ വിഭാവനം ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം, വളാഞ്ചേരി സെക്ഷൻ പരിധികളിൽ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് എടപ്പാൾ സബ്സ്റ്റേഷനിൽനിന്നും കുറ്റിപ്പുറം ഭാഗത്തേയ്ക്ക് ഒരു പുതിയ ഫീഡർ വലിക്കുന്നതിനുള്ള പ്രവൃത്തിയും 7.2 km HT ABC കേബിൾ വലിക്കുന്ന പ്രവൃത്തിയും വിഭാവനം ചെയ്തിട്ടുണ്ട്.

മേൽപ്രവൃത്തികളുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. റിംഗ് മെയിൻ നെറ്റ്വർക്ക് വയ്ക്കുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല.

(സി) കോട്ടയ്ക്കൽ നഗരത്തിലെ പ്രസരണശൃംഖല മെച്ചപ്പെടുത്തുന്നതിന് പുത്തൂരിൽ ആർ.ഡി.എസ്.എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 33 കെ.വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം രണ്ടാം ഘട്ടത്തിലാണ് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളുടെ FY 2021-22 കാലയളവിലുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശിക നിവാരണം പൂർണ്ണമാകാത്തതിനാൽ രണ്ടാംഘട്ട പ്രവൃത്തികൾ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.എൽ. പ്രീ-ക്വാളിഫിക്കേഷൻ നേടിയിട്ടില്ല. ടി വൈദ്യുത ചാർജ്ജ് കുടിശ്ശിക നിവാരണത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. രണ്ടാംഘട്ട പ്രവൃത്തികൾക്ക് ആർ.ഡി.എസ്.എസ്. മാനദണ്ഡങ്ങൾ പ്രകാരം

പ്രീ-ക്വാളിഫിക്കേഷൻ നേടുന്നമുറയ്ക്ക് മാത്രമേ പ്രസരണമേഖലയിലുള്ള പ്രവൃത്തികൾക്കുള്ള ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.)-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുകയുള്ളൂ.

കോട്ടയ്ക്കൽ നഗരത്തിലെ പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ഒരു യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്കും കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്കും പദ്ധതി നടപ്പിലാക്കുന്നതാണ്.

**ഉഴവൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം**

283(698) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ഉഴവൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് നെല്ലാമറ്റം ഭാഗം മുതൽ കടവുങ്കൽ ഭാഗം വരെയുള്ള പ്രദേശങ്ങളിലെ

ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉഴവൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒരു കിലോമീറ്റർ എച്ച്.ടി. ലൈനും 100 കെ.വി.എ. ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തി മരങ്ങാട്ടുപള്ളി സെക്ഷനുകീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ഉഴവൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് നെല്ലാമറ്റം ഭാഗത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉഴവൂർ കേന്ദ്രമായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് പ്രദേശവാസികൾ നൽകിയിരുന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി 2024-25 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നൽകിയിരുന്ന പെറ്റീഷൻ നമ്പർ 847/2023-ൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വകുപ്പുമന്ത്രിക്ക് നൽകിയിരുന്ന പെറ്റീഷൻ നമ്പർ 847/2023-ന്റെ അടിസ്ഥാനത്തിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒരു കിലോമീറ്റർ എച്ച്.ടി. ലൈനും 100 കെ.വി.എ. ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തി മരങ്ങാട്ടുപള്ളി സെക്ഷനുകീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

284(699) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2016 ജൂൺ ഒന്നിനുശേഷം നാളിതുവരെ പട്ടികവർഗ്ഗക്കാരായ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 438 പട്ടികവർഗ്ഗ കോളനികളും ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തി രണ്ട് കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ 440 കോളനികളിൽ ഉൾപ്പെട്ട 2032 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 20 കോളനികളിൽ പുനരധിവാസം തീരുമാനിച്ചതായി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചതിനാൽ 20 കോളനികളിലെ വൈദ്യുതീകരണ പ്രവൃത്തി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടില്ല. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ ബി.പി.എൽ. വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2018 മുതൽ നാളിതുവരെ 1505 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. ആകയാൽ 2016 മുതൽ നാളിതുവരെ 425 ലക്ഷം രൂപ ചെലവഴിച്ച് ആകെ 3537 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി എത്തിച്ചിട്ടുണ്ട്.

(ബി) നിലവിൽ വയനാട് ജില്ലയിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയിട്ടും കണക്ഷൻ ലഭിക്കാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും അവർക്ക് കണക്ഷൻ നൽകാൻ കഴിയാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

നിലവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടതും കെ.എസ്.ഇ.ബി.എൽ.-ൽ അപേക്ഷ ലഭ്യമായതുമായ എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

285(700) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മിനി വൈദ്യുതി ഭവനം കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. ഇതിന്റെ 85% പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പ്രസരണ വിഭാഗത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ചുവടെച്ചേർക്കുന്നു.

1) 220 കെ.വി. അമ്പലത്തറ സബ്സ്റ്റേഷനിൽ 220/110 കെ.വി.-യുടെ ഒരു 100 എം.വി.എ. ട്രാൻസ്ഫോർമറും നിലവിലുണ്ടായിരുന്ന 110 കെ.വി. അമ്പലത്തറ-ചെറുവത്തൂർ ഫീഡറിനെ കൂടാതെ മൂന്ന് 110 കെ.വി. ഫീഡർ ബേയുടെ നിർമ്മാണവും പൂർത്തീകരിച്ചു.

2) 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിൽ 33/11 കെ.വി.-യുടെ രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 33/11 കെ.വി. 8 എം.വി.എ. ആക്കി ഉയർത്തി.

3) 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ – 110/11 കെ.വി.-യുടെ രണ്ട് 12.5 എം.വി.എ. ട്രാൻസ്ഫോർമറിന്റ ശേഷി വർദ്ധിപ്പിച്ച് രണ്ട് 110/11 KV 20 MVA ആക്കി ഉയർത്തൽ.

4) 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിൽ പുതിയ 11 കെ.വി. 9 പാനൽ സെറ്റ് സ്ഥാപിച്ച പ്രവൃത്തി.

5) 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചു.

6) ബേളൂർ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും നിലവിലുള്ള മൂന്ന് 11 കെ.വി. ഫീഡറുകളെ കൂടാതെ പുതിയതായി രണ്ട് 11 കെ.വി. ഫീഡറുകൾകൂടി സ്ഥാപിച്ചു.

7) കാഞ്ഞങ്ങാട് ടൗൺ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും നിലവിലുള്ള മൂന്ന് 11 കെ.വി. ഫീഡറുകളെ കൂടാതെ പുതുതായി രണ്ട് 11 കെ.വി. ഫീഡറുകൾകൂടി സ്ഥാപിച്ചു.

കൂടാതെ കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് സ്ഥാപിക്കുന്ന 400

കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനിൽനിന്നും വയനാട് ജില്ലയിലെ പയ്യമ്പിള്ളിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണം ട്രാൻസ്ഗ്രിഡിന്റെ കീഴിൽ നടപ്പിലാക്കിവരുന്നു. ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ടി ലൈനിന്റെ നിർമ്മാണച്ചുമതല എൽ. & റ്റി. കമ്പനിക്കാണ്. ഉത്തര ഹരിതോർജ്ജ ഇടനാഴി പദ്ധതിയിൽ (NGC) ഉൾപ്പെടുത്തിയാണ് ടി ലൈൻ നിർമ്മിക്കുന്നത്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2022-ൽ ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും കാഞ്ഞങ്ങാട് സബ്സ്റ്റേഷനിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനും സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി വകുപ്പിന്റെ റിന്യൂവബിൾ എനർജി കാര്യാലയം മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് ആയുർവേദ ആശുപത്രിയിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് 35 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ചു. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ

സൗരോർജ്ജ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 7 നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ സ്ഥാപിത ശേഷി 138 KW ആണ്.

1) ദ്യുതി 2 പദ്ധതി: ഈ പദ്ധതി പ്രകാരം വൈദ്യുതി ലൈനുകളുടെ നവീകരണം, പഴയ അലൂമിനിയം കമ്പി മാറ്റി പുതിയ കമ്പി സ്ഥാപിക്കൽ (ACSR), ലൈനുകൾക്ക് പകരം ABC കേബിളുകൾ, കവേർഡ് കണ്ടക്ടർ എന്നിവ സ്ഥാപിക്കൽ, വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ സിംഗിൾ ഫേസ് ലൈനിന് പകരം ത്രീഫേസ് ലൈനുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ ശേഷിവർദ്ധിപ്പിക്കൽ, 11 കെ.വി. ഓവർഹെഡ് ലൈനിനുപകരം എ.ബി.സി., യു.ജി. കേബിളുകൾ സ്ഥാപിക്കൽ, വൈദ്യുതി തടസ്സമൊഴിവാക്കുന്നതിന് ലൈനുകളിൽ സ്പേസർ സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ, പുതിയ ലൈൻ വലിക്കൽ, പഴയ പോസ്റ്റുകൾ മാറ്റി പുതിയ പോസ്റ്റുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകൾക്ക് ഫെൻസിംഗ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതി പ്രകാരം നടത്തി. ഈ പദ്ധതി കാഞ്ഞങ്ങാട്

നിയോജകമണ്ഡലത്തിൽ 100% ലക്ഷ്യം കൈവരിച്ചു. താഴെപ്പറയുന്ന രീതിയിൽ പദ്ധതികൾ പൂർത്തിയായി.

| സെക്ഷൻ | പൂർത്തിയായ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| മാവുങ്കൽ | 25 | 196.33 |
| രാജപുരം | 13 | 124.51 |
| ബളാംതോട് | 32 | 173.25 |
| ചോയ്യംകോട് | 26 | 189.78 |
| പടന്നക്കാട് | 16 | 70.49 |
| കാഞ്ഞങ്ങാട് | 28 | 152.33 |
| ആകെ | 140 | 906.69 |

താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

<u>മാവുങ്കൽ സെക്ഷൻ</u>

(എ) സ്പേസർ സ്ഥാപിച്ചത് -5500 എണ്ണം

(ബി) CFPD സ്ഥാപിച്ചത് - 5 എണ്ണം

(സി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 1680 എണ്ണം

(ഡി) പുതിയ എൽ.ടി. ലൈൻ വലിച്ചത് - 2 കി.മീ.

(ഇ) പഴയ എച്ച്.ടി. പോസ്റ്റ് മാറ്റിയത് - 50 എണ്ണം

(എഫ്) പഴയ 11 കെ.വി. ലൈൻ മാറ്റിയത് - 3.15 കി.മീ.

(ജി) സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റിയത് - 1.4 കി.മീ.

ആകെ ചെലവഴിച്ച തുക - 196.33 ലക്ഷം രൂപ

<u>രാജപുരം സെക്ഷൻ</u>

(എ) സ്പേസർ സ്ഥാപിച്ചത് - 18000 എണ്ണം

(ബി) CFPD സ്ഥാപിച്ചത് - 8 എണ്ണം

(സി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിച്ചത് - 900 എണ്ണം

(ഡി) പുതിയ എൽ.ടി. ലൈൻ വലിച്ചത് - 2.8 കി.മീ.

(ഇ) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ.വി.)– 1 എണ്ണം

(എഫ്) 11 കെ.വി. യു.ജി. കേബിൾ - 0.75 കി.മീ.

(ജി) സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റിയത്- 2.5 കി.മീ.

ആകെ ചെലവഴിച്ച തുക - 124.51 ലക്ഷം രൂപ

<u>ബളാംതോട് സെക്ഷൻ</u>

(എ) സ്പേസർ സ്ഥാപിച്ചത് - 12000 എണ്ണം

(ബി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിച്ചത് - 1040 എണ്ണം

(സി) പുതിയ എൽ.ടി. ലൈൻ വലിച്ചത് - 8 കി.മീ.

(ഡി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ.വി) - 4 എണ്ണം.

(ഇ) പഴയ എച്ച്.ടി. പോസ്റ്റ് മാറ്റിയത് - 20 എണ്ണം

(എഫ്) പഴയ 11 കെ.വി. ലൈൻ മാറ്റിയത് - 4 കി.മീ.

(ജി) ട്രാൻസ്ഫോർമറിന് കപ്പാസിറ്റി കൂട്ടിയത് - 3 എണ്ണം

ആകെ ചെലവഴിച്ച തുക - 173.25 ലക്ഷം രൂപ

ചോയ്യംകോട് സെക്ഷൻ

(എ) സ്പേസർ സ്ഥാപിച്ചത് - 13000 എണ്ണം

(ബി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 1100 എണ്ണം

(സി) പുതിയ എൽ.ടി. ലൈൻ വലിച്ചത് - 0.3 കി.മീ.

(ഡി) പഴയ എൽ.ടി. പോസ്റ്റ് മാറ്റിയത് - 40 എണ്ണം

(ഇ) പഴയ എൽ.ടി. കമ്പി മാറ്റിയത് - 3.2 കി.മീ.

(എഫ്) 11 കെ.വി. എ.ബി.സി. വലിച്ചത് - 2.8 കി.മീ.

(ജി) പഴയ എച്ച്.ടി. പോസ്റ്റ് മാറ്റിയത് - 24 എണ്ണം

ആകെ ചെലവഴിച്ച തുക - 189.78 ലക്ഷം രൂപ

<u>പടന്നക്കാട് സെക്ഷൻ</u>

(എ) സ്പേസർ സ്ഥാപിച്ചത് - 8500 എണ്ണം

(ബി) CFPD സ്ഥാപിച്ചത് - 10 എണ്ണം

(സി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിച്ചത് - 400 എണ്ണം

(ഡി) പഴയ എൽ.ടി. ലൈൻ മാറ്റിയത് - 10.56 കി.മീ.

(ഇ) പുതിയ എൽ.ടി. ലൈൻ സ്ഥാപിച്ചത് - 1.25 കി.മീ.

(എഫ്) എൽ.ടി. എ.ബി.സി. വലിച്ചത് - 1.22 കി.മീ.

(ജി) 100 കെ.വി.എ. ട്രാൻസ്ഫോർമർ - 1 എണ്ണം

(എച്ച്) പഴയ 11 കെ.വി. പോസ്റ്റുകൾ മാറ്റിയത് - 32 എണ്ണം

(ഐ) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ.വി.) - 1 എണ്ണം

(ജെ) സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റിയത് - 0.22 കി.മീ.

(കെ) 11 കെ.വി. സ്റ്റാൻഡേർഡൈസേഷൻ – 20 എണ്ണം

(എൽ) മറ്റ് നിർമ്മാണ പ്രവൃത്തികൾ - 90 എണ്ണം

ആകെ ചെലവഴിച്ച തുക - 70.49 ലക്ഷം രൂപ

<u>കാഞ്ഞങ്ങാട് സെക്ഷൻ</u>

(എ) സ്പേസർ സ്ഥാപിച്ചത് - 10000 എണ്ണം

(ബി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിച്ചത് - 1000 എണ്ണം

(സി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ.വി.) - 3 എണ്ണം

(ഡി) പഴയ എച്ച്.ടി. പോസ്റ്റ് മാറ്റിയത് - 10 എണ്ണം

(ഇ) പഴയ എൽ.ടി. പോസ്റ്റ് മാറ്റിയത് - 18 എണ്ണം

(എഫ്) 11 കെ.വി. എ.ബി.സി. വലിച്ചത് - 1.95 കി.മി.

(ജി) പഴയ ലൈനുകൾ മാറ്റി എ.ബി.സി. സ്ഥാപിച്ചത് - 3.4 കി.മീ. (എൽ.ടി.)

(എച്ച്) പുതിയ എൽ.ടി. ലൈൻ വലിച്ചത് - 1.35 കി.മീ.

(ഐ) എ.ബി. സ്വിച്ചുകൾ സ്ഥാപിച്ചത് - 8 എണ്ണം

ആകെ ചെലവഴിച്ച തുക - 152.33 ലക്ഷം രൂപ

സൗരോർജ്ജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കിവരുന്ന തുക (സംസ്ഥാന വിഹിതം

+ കർഷക വിഹിതം) നബാർഡ് (RIDF) ലോൺവഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നബാർഡിൽനിന്നും അനുമതി ലഭിച്ച 5955 പമ്പുകളാണ് ആദ്യഘട്ടത്തിൽ സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്താൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോമിയോ ഹോസ്പിറ്റൽ കാഞ്ഞങ്ങാടിൽ 8 KW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു. മടിക്കൈ ഗ്രാമപഞ്ചായത്തിൽ 18KW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു. കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 65KW സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ അനെർട്ട് ചാർജ്ജിംഗ് സ്റ്റേഷനുകൾ ഒന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം

വ്യാപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്വകാര്യ സംരംഭകർ സ്ഥാപിക്കുന്ന സൗരോർജ്ജ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് സംസ്ഥാന സർക്കാർ അനെർട്ട് വഴി സാമ്പത്തിക സഹായം നൽകിവരുന്നു.

**വിവിധ സേവനങ്ങൾക്ക് നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. നൽകിയ ശിപാർശകൾ**

286(701) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് നിരക്ക് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് 2016 മുതൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിരുന്നോ?

വൈദ്യുതി കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് നിരക്ക് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് 2016 മുതൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് രണ്ട് തവണ (22-11-2017-ലും 20-03-2023-ലും) റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിരുന്നു.

(ബി) എങ്കിൽ പ്രസ്തുത കാലയളവിൽ ഓരോ പ്രാവശ്യവും വർദ്ധിപ്പിക്കുന്നതിനാവശ്യപ്പെട്ട നിരക്കും ആ സമയത്ത് നിലനിന്നിരുന്ന

നിരക്കും എത്രയാണെന്നുള്ള വിശദാംശവും അത് ആവശ്യപ്പെട്ട തീയതിയുമുൾപ്പെടെ ലഭ്യമാക്കുമോ?

2016-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ വൈദ്യുതി കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ആവശ്യപ്പെട്ട നിരക്കും ആ സമയത്ത് നിലനിന്നിരുന്ന നിരക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്.+ 2023-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ട നിരക്കും ആ സമയത്ത് നിലനിന്നിരുന്ന നിരക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) വൈദ്യുതി സർചാർജ്ജ് ഈ കാലയളവിൽ എത്ര പ്രാവശ്യം ഏതെല്ലാം നിരക്കിൽ ഈടാക്കിവരുന്നുണ്ട്; ഇത് 2016-നുമുമ്പുള്ള നിരക്കിൽനിന്നും എത്ര വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഓരോ പാദവർഷത്തിലും ഇന്ധന വിലയിലുണ്ടായ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടായ വ്യതിയാനങ്ങൾ ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നതിന്റെ ഭാഗമായി നാലുതവണ ഇന്ധന സർചാർജ്ജ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തിയിട്ടുണ്ട്. 16-08-2018 മുതൽ 15-11-2018 വരെയുള്ള കാലയളവിൽ യൂണിറ്റൊന്നിന് 15 പൈസയും 16-02-2020 മുതൽ 31-05-2020 വരെയുള്ള കാലയളവിൽ യൂണിറ്റൊന്നിന് 10 പൈസയും 01-02-2023 മുതൽ 31-05-2023 വരെയുള്ള കാലയളവിൽ യൂണിറ്റൊന്നിന് 9 പൈസയും ഇന്ധന സർചാർജ്ജായി ഈടാക്കിയിട്ടുണ്ട്. തുടർന്ന്, 2023 ജൂൺ മുതൽ യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കിവരുന്നു. ഇതിനുപുറമേ കേന്ദ്ര ഊർജ്ജമന്ത്രാലയം 29-12-2022-ൽ പുറത്തിറക്കിയ ഇലക്ട്രിസിറ്റി (അമന്റ്മെന്റ്) റൂൾസ് 2022-ലെ വ്യവസ്ഥകളനുസരിച്ച് താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടം ഭേദഗതി ചെയ്തിരുന്നു. ഇതിൻപ്രകാരം ഓരോ മാസത്തിലും ഇന്ധനവിലയിലുണ്ടായ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടായ വ്യതിയാനം കമ്മീഷൻ നിശ്ചയിച്ച ഫോർമുല പ്രകാരം ഇന്ധന സർചാർജ്ജ് കണക്കാക്കി (പരമാവധി പത്ത് പൈസ) ഉപഭോക്താക്കളിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു. ഇപ്രകാരം 2023 ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ യൂണിറ്റൊന്നിന് 10 പൈസയും 2023 ജൂലൈ

മാസത്തിൽ യൂണിറ്റൊന്നിന് 9 പൈസയും ഇന്ധന സർചാർജ്ജായി ഈടാക്കിയിരുന്നു. ഈ മാസത്തിൽ അതായത് 2024 ജനുവരിയിൽ ഇന്ധന സർചാർജ്ജ് യൂണിറ്റൊന്നിന് 10 പൈസയാകുന്നു. 2013 ജനുവരി മുതൽ മൂന്നുമാസ കാലയളവിലേയ്ക്ക് യൂണിറ്റൊന്നിന് 10 പൈസ നിരക്കിലും 2012 ഒക്ടോബർ മുതൽ മൂന്നുമാസ കാലയളവിലേയ്ക്ക് യൂണിറ്റൊന്നിന് 20 പൈസ നിരക്കിലും 2012 ഓഗസ്റ്റ് മുതൽ ആറുമാസക്കാലയളവിലേയ്ക്ക് യൂണിറ്റൊന്നിന് 25 പൈസ നിരക്കിലും ഇന്ധന സർചാർജ്ജ് ഈടാക്കിയിരുന്നു.

(ഡി) ഉപയോഗിക്കുന്ന ലോഡ്, കിലോവാട്ട് അനുസരിച്ച് കണക്കാക്കി പുതിയ വൈദ്യുതി കണക്ഷന് ഫീസ് ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്ന സപ്ലൈ കോഡ് കരട് ചട്ടങ്ങൾ റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കളെ ഏതെല്ലാം തരത്തിൽ ബാധിക്കാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 17-01-2014-ന് പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014-നെ ഭേദഗതി ചെയ്യുന്ന കരട് ചട്ടങ്ങളിൽ കണക്കുഡ് ലോഡ്/കോൺട്രാക്ട് ഡിമാൻഡിനെ (per KVA/KW rates)

ആസ്പദമാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ ഫീസ് ഈടാക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ കരട് ചട്ടങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡുൾപ്പെടെയുള്ള ലൈസൻസികൾ അവരുടെ നിർദ്ദേശങ്ങൾ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്മേൽ അന്തിമ തീരുമാനമെടുത്തതിനുശേഷം മാത്രമേ ഇത് ഉപഭോക്താക്കളെ എപ്രകാരം ബാധിക്കുമെന്ന് പറയാൻ കഴിയുകയുള്ളൂ.

(ഇ) സപ്ലൈ കോഡ് കരട് ചട്ടങ്ങളിലേയ്ക്ക് വൈദ്യുതി ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സപ്ലൈ കോഡ് കരട് ചട്ടങ്ങളിലുള്ള അഭിപ്രായങ്ങളും എതിർപ്പുകളും ടി കരട് പ്രസിദ്ധീകരിച്ചതിനുശേഷം ഒരു മാസത്തിനുള്ളിൽ നൽകേണ്ടതാണ്. കരട് ചട്ടങ്ങൾ 17-01-2024-ൽ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ 16-02-2024-ന് മുൻപായി അഭിപ്രായങ്ങൾ നൽകേണ്ടതാണ്. നിലവിൽ

കെ.എസ്.ഇ.ബി.എൽ. കരട് ചട്ടങ്ങളിൽമേലുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

**ദ്യുതി പദ്ധതി**

287(702) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയെക്കുറിച്ചും വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പെരുമ്പാവൂർ സർക്കിളിന്റെ കീഴിലുള്ള ദ്യുതി വർക്കുകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

കുന്നത്തുനാട് നിയമസഭാ നിയോജകമണ്ഡലത്തിന്റെ കീഴിൽ പെരുമ്പാവൂർ, എറണാകുളം എന്നീ സർക്കിൾ ഓഫീസുകളാണുള്ളത്. അതിൽ പെരുമ്പാവൂർ സർക്കിളിന്റെ കീഴിൽ പെരുമ്പാവൂർ ഡിവിഷനിൽ ദ്യുതി 2022-23-ൽ എ.ബി.സി. ഉപയോഗിച്ചുള്ള 11 കെ.വി. ലൈൻ നിർമ്മാണം 150 മീറ്ററും റാക്കുൺ ഉപയോഗിച്ചുള്ള 11 കെ.വി. ലൈൻ

നിർമ്മാണം 600 മീറ്ററും കൂടാതെ 100 KVA രണ്ട് ട്രാൻസ്ഫോർമറുകളും പൂർത്തീകരിച്ചുകഴിഞ്ഞു. മാത്രമല്ല റാബിറ്റ് ഉപയോഗിച്ചുള്ള എൽ.റ്റി. ലൈൻ നിർമ്മാണം 2.97 കിലോ മീറ്ററും 1.13 കിലോ മീറ്റർ എൽ.റ്റി. ലൈൻ കൺവേർഷനും റാബിറ്റ് ഉപയോഗിച്ചുള്ള 830 മീറ്റർ എൽ.റ്റി. ലൈൻ റീ-കണ്ടക്ടറിംഗും 7 എണ്ണം 100 KVA ട്രാൻസ്ഫോർമറുകളുടെ സംസ്ഥാപനത്തിന്റെ പ്രവൃത്തികളും നടന്നുവരുന്നു. മൂവാറ്റുപുഴ ഡിവിഷന്റെ കീഴിൽ 4 വർക്കുകൾ 2022-23, 2023-24 വർഷം പൂർത്തീകരിച്ചു. 15 വർക്കുകൾ 2023-24 വർഷം ചെയ്യുന്നതിനായി പ്ലാൻ ചെയ്തിട്ടുണ്ട്. എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ തൃപ്പൂണിത്തുറ ഡിവിഷനിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം പുത്തൻകുരിശ്, കോലഞ്ചേരി, തിരുവാണിയൂർ സെക്ഷനുകളിലായി 2022–23 വർഷത്തിൽ 53 വർക്കുകളും ചെയ്യാനുദ്ദേശിച്ചിരുന്നു. അതിൽ 2022-23 വർഷത്തിൽ ഇതുവരെ 21 വർക്കുകൾ പൂർത്തീകരിക്കുകയും 21 വർക്കുകൾ പൂർത്തീകരണത്തിന്റെ അവസാന നിലയിലുമാണ്. 2023-24 വർഷത്തിൽ ആകെയുള്ളതിൽ ഒരു

വർക്ക് പൂർത്തീകരിക്കുകയും ബാക്കി 43 വർക്കുകൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 9 വർക്കുകൾ ഇനിയും തുടങ്ങാനുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

പെരുമ്പാവൂർ സർക്കിളിന്റെ കീഴിൽ ആകെ പ്ലാൻ ചെയ്ത തുക 696.82 ലക്ഷം രൂപയും ചെലവഴിച്ച തുക 196.10 ലക്ഷം രൂപയുമാണ്.

എറണാകുളം ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ പ്രസ്തുത പദ്ധതിക്കായി 2022-23-ൽ 431.54 ലക്ഷം രൂപ അനുവദിച്ചതിൽ 60.78 ലക്ഷം രൂപ വിനിയോഗിച്ചുകഴിഞ്ഞു. 370.76 ലക്ഷം രൂപയുടെ വർക്കുകൾ ഏതാണ്ട് ഒരു മാസത്തിനുള്ളിൽ എല്ലാ നിലയിലും പൂർത്തീകരിക്കും. 2023-24-ൽ 305.05 ലക്ഷത്തിന്റെ വർക്കിൽ 19.85 ലക്ഷം രൂപയുടെ വർക്ക് പൂർത്തീകരിച്ച് കഴിഞ്ഞു. 207.15 ലക്ഷം രൂപയുടെ വർക്കുകൾ പൂർത്തീകരണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. ആയത് വരുന്ന മൂന്ന് മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും. കുന്നത്തുനാട്

നിയോജകമണ്ഡലത്തിലെ ദ്യുതി പദ്ധതി തുക സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെച്ചേർക്കുന്നു.

| | |
|---|---|
| ആകെ പ്ലാൻ ചെയ്ത തുക | 1433.4 ലക്ഷം രൂപ |
| ആകെ ചെലവഴിച്ച തുക | 276.72 ലക്ഷം രൂപ |
| പുരോഗതിയിലുള്ള പ്രവൃത്തികളുടെ ആകെ തുക | 577.91 ലക്ഷം രൂപ |

**വൈദ്യുതി ലൈനുകൾ വലിക്കുമ്പോൾ അഡ്വാൻസ് ഒഴിവാക്കാൻ നടപടി**

288(703) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എസ്.ഡി.എഫ്., എം.എൽ.എ.-എ.ഡി.എഫ്. എന്നീ ഫണ്ടുകളുപയോഗിച്ച് വൈദ്യുതി ലൈനുകൾ വലിക്കുന്നതിനുള്ള പ്രൊപ്പോസലുകളിൽ അഡ്വാൻസ് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ അഡ്വാൻസ് അനുവദിക്കാതെതന്നെ അത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് കെ.എസ്.ഇ.ബി. സഹായകരമായ നിലപാട് സ്വീകരിക്കുന്നില്ലേയെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം മാത്രം തുക അനുവദിക്കുന്ന തരത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് കെ.എസ്.ഇ.ബി.-ക്ക് നിർദേശം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ. ലൈസൻസിയെന്ന നിലയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നത് കെ.എസ്.ഇ.ആർ.സി. പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡ് 2014 അനുസരിച്ചാണ്. സപ്ലൈ കോഡ് റെഗുലേഷൻ 32, 37 പ്രകാരം, വൈദ്യുതി ലൈനുകൾ വലിക്കേണ്ടിവരുന്ന ചെലവ് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി അടയ്ക്കേണ്ടതാണ്. ഏതെങ്കിലും വിഭാഗത്തിനെ ചെലവ് വഹിക്കുന്നതിൽനിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകാനും സപ്ലൈ കോഡ് 2014 വ്യവസ്ഥ ചെയ്യുന്നു.

എം.എൽ.എ-എസ്.ഡി.എഫ്, എം.എൽ.എ-എ.ഡി.എഫ്. ഫണ്ടുകളുപയോഗിച്ച് വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കും

മേൽ സപ്ലൈ കോഡ് റെഗുലേഷനുകൾ ബാധകമാണ്. അതിനാൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം മാത്രം തുക അനുവദിക്കുന്ന തരത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കെ.എസ്.ഇ.ബി.എൽ.-ന് നിലവിൽ സാധിക്കുകയില്ല. കൂടാതെ 29-12-2017-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം എം.എൽ.എ-എസ്.ഡി.എഫ് പദ്ധതികളിലുൾപ്പെട്ട ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ.-ന് മുൻകൂറായി തുക അനുവദിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**വൈദ്യുതി ബിൽ കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള പദ്ധതി**

289(704)<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ബിൽ കുടിശ്ശിക അടയ്ക്കാത്തത് കാരണം വിച്ഛേദിക്കപ്പെട്ട വൈദ്യുത കണക്ഷനുകൾ കുടിശ്ശിക അടച്ചുതീർത്ത് പുനഃസ്ഥാപിക്കാനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 20-07-2023 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ (OTS) ബഹുമാനപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി 30-12-2023 വരെയാണ് പ്രാബല്യത്തിലുണ്ടായിരുന്നത്. എന്നാൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 27-12-2023-ലെ കത്ത് പ്രകാരം ട്രഷറി മുഖാന്തരം പണമിടപാടുകൾ നടത്തുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) 31-03-2024 വരെ നീട്ടിയിട്ടുണ്ട്. കൂടാതെ അർഹതപ്പെട്ട മറ്റ് ഉപഭോക്താക്കൾക്കും ഈ പദ്ധതി 31-03-2024 വരെ നീട്ടിയിട്ടുണ്ട്. രണ്ട് വർഷത്തിന്മേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടതി വ്യവഹാരത്തിലുള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

•15 വർഷത്തിനുമുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം

•5 മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം

•2 മുതൽ 5 വർഷം പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം മാത്രം

•മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയുമുൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കാം

•വൈദ്യുതി കുടിശ്ശികകൾക്കുള്ള പലിശകൾ ആറ് തവണകളായി അടയ്ക്കാൻ അവസരമുണ്ട്.

•പലിശ ഇളവ് നൽകുന്നതിനുപുറമേ അടച്ചുപൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാൻഡിൽ അടഞ്ഞുകിടന്ന സമയത്ത് ഇളവുകൾ നൽകി തീർപ്പാക്കുന്നതാണ്.

•വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ആറുമാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറുമാസത്തേയ്ക്ക് നിജപ്പെടുത്തി

അവരുടെ കുടിശ്ശികയിൽ ഇളവ് നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിന്റെ ചട്ടപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ആവശ്യമുണ്ട്. കമ്മീഷന്റെ 19-07-2023 ഉത്തരവ് പ്രകാരം പദ്ധതിയിൽ 30-12-2023 വരെ പണമടയ്ക്കാൻ അവസരമുണ്ടായിരുന്നു. തുടർന്ന് 27-12-2023-ലെ കത്ത് പ്രകാരം ഗവൺമെന്റ് ഉപഭോക്താക്കൾക്കും മറ്റ് അർഹതപ്പെട്ട ഉപഭോക്താക്കൾക്കും ടി പദ്ധതി പ്രകാരം 31-03-2024 വരെ പണമടയ്ക്കാൻ അവസരമുണ്ട്.

കെ.എസ്.ഇ.ബി.എൽ. ലൈസൻസി എന്ന നിലയ്ക്ക് പ്രവർത്തിക്കുന്നത് കെ.എസ്.ഇ.ആർ.സി. പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡ് 2014 അനുസരിച്ചാണ്. വൈദ്യുതി ചാർജ്ജിൽ കുടിശ്ശിക വരുത്തുന്ന സന്ദർഭത്തിൽ 15 ദിവസത്തിൽ കുറയാതെയുള്ള സമയപരിധിയിൽ നോട്ടീസ് നൽകാനും അത് പാലിക്കപ്പെട്ടില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കാനും സപ്ലൈ കോഡ് 2014 ചട്ടം 139 നിഷ്കർഷിക്കുന്നു. ഇതുപ്രകാരം വൈദ്യുതി ചാർജ്ജ്

സംബന്ധിച്ച വിവരം ഡിമാൻഡ്-കം-ഡിസ്കണക്ഷൻ നോട്ടീസിലൂടെ കെ.എസ്.ഇ.ബി.എൽ. ഉപഭോക്താക്കളെ അറിയിക്കുകയും അതിൽ രേഖപ്പെടുത്തിയ സമയപരിധി പാലിക്കപ്പെട്ടില്ലെങ്കിൽ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുകയും ചെയ്യുന്നു. ഇങ്ങനെ താൽക്കാലികമായി വിച്ഛേദിക്കപ്പെട്ട ഒരു വൈദ്യുതി കണക്ഷൻ തുടർച്ചയായി 180 ദിവസം വിച്ഛേദിക്കപ്പെട്ട് കിടക്കുകയാണെങ്കിൽ 15 ദിവസത്തെ നോട്ടീസ് ഉപഭോക്താവിന് നൽകിയശേഷം വൈദ്യുതി കണക്ഷന്റെ ഉടമ്പടിയുൾപ്പെടെ അവസാനിപ്പിക്കാൻ സപ്ലൈ കോഡ് ചട്ടം 143 (4) വ്യവസ്ഥ ചെയ്യുന്നുണ്ട്. കുടിശ്ശിക അടയ്ക്കാത്തതിനാൽ താൽക്കാലികമായി വിച്ഛേദിക്കപ്പെട്ട വൈദ്യുതി കണക്ഷനുകൾ കുടിശ്ശിക അടയ്ക്കുന്നപക്ഷം 24 മണിക്കൂറിനുള്ളിൽ സപ്ലൈ കോഡ് അനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പുനഃസ്ഥാപിച്ച് നൽകുന്നുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ തുടർച്ചയായി 180 ദിവസം വിച്ഛേദിക്കപ്പെട്ട് കിടന്നതിനെത്തുടർന്ന് വൈദ്യുതി കണക്ഷന്റെ ഉടമ്പടിയുൾപ്പെടെ റദ്ദാക്കുന്ന സന്ദർഭങ്ങളിൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ സാധിക്കുകയില്ല.

പകരം പുതിയ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കണക്ഷനെടുക്കുവാൻ മാത്രമെ സാധിക്കുകയുള്ളൂ. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഈ നിയമം ബാധകമാണ്.

(ബി) പ്രസ്തുത പദ്ധതി നിലവിലുണ്ടെങ്കിൽ എവിടെയാണ് ഈ സേവനങ്ങൾ ലഭ്യമാകുകയെന്ന് വ്യക്തമാക്കാമോ?

ഈ ആനുകൂല്യം ലഭിക്കുന്നതിനും വിശദവിവരങ്ങൾക്കും എച്ച്.റ്റി/ഇ.എച്ച്.റ്റി. ഉപഭോക്താക്കൾ തിരുവനന്തപുരത്തെ സ്പെഷ്യൽ ഓഫീസർ (റവന്യൂ)–ന്റെ വൈദ്യുതി ഭവനം ഓഫീസിലും എൽ.റ്റി. ഉപഭോക്താക്കൾ അതാത് സെക്ഷൻ ഓഫീസിലുമാണ് ബന്ധപ്പെടേണ്ടത്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി**

290(705) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയ ഭൂമിയായ 5.9099 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം റവന്യൂ വകുപ്പ് പുറപ്പെടുവിക്കുകയും പാരിസ്ഥിതിക ആഘാതപഠനം പൂർത്തീകരിക്കുകയും ചെയ്തു. ഭൂമിയുടെ വിലയെ സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതും ടെൻഡർ നടപടികളിലേയ്ക്ക് കടക്കുന്നതുമാണ്.

**വൈദ്യുതി നിരക്ക് വർദ്ധന**

291(706) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് വൈദ്യുതി നിരക്ക് വർദ്ധനവുണ്ടായിട്ടുള്ളത്; ഓരോ തവണയുമുണ്ടായ വർദ്ധനവ് എത്ര രൂപ വീതമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ നാല് തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59%, 2023-ൽ 3% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. ഉപഭോക്താക്കളുടെ എനർജി ചാർജിലും ഫിക്സഡ് ചാർജിലും ഓപ്പൺ ആക്സസ് ഉപഭോക്താക്കളുടെ ക്രോസ് സബ്സിഡി സർചാർജിലും വീലിംഗ് ചാർജിലും 100 kVA-യ്ക്ക് മുകളിൽ ഉപഭോഗമുള്ള ലോടെൻഷൻ ഉപഭോക്താക്കളുടെ ലോ വോൾട്ടേജ് സപ്ലൈ സർചാർജിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2017-2018-ൽ യൂണിറ്റൊന്നിന് 30 പൈസയുടെയും 2019-2020-ൽ യൂണിറ്റൊന്നിന് 40 പൈസയുടെയും 2022-2023-ൽ യൂണിറ്റൊന്നിന് 40.63 പൈസയുടെയും വർദ്ധനവാണ് വരുത്തിയത്. 2023-24 താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന് 20 പൈസയുടെ വർദ്ധനവാണ് വരുത്തിയത്.

(ബി) വൈദ്യുതി നിരക്ക് വർദ്ധനയുടെ ഭാഗമായി ഈ കാലയളവിൽ എത്ര കോടി രൂപയുടെ അധിക വരുമാനം കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2017-18-ൽ 550 കോടി രൂപയുടെയും 2019-2020-ൽ 902.90 കോടി രൂപയുടെയും 2022-23-ൽ 760 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിരുന്നു. 2023-24-ലെ താരിഫ് പരിഷ്കരണംമൂലം 221.15 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. 2015-16 കാലഘട്ടത്തിൽ വൈദ്യുതി വില്പനയിലൂടെയുള്ള വരുമാനം 10914.43 കോടി രൂപയായിരുന്നു. 2022-23-ൽ വൈദ്യുതി വില്പനയിലൂടെ ലഭിച്ച തുക 18453.27 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. വൈദ്യുതി താരിഫിലുണ്ടായ വർദ്ധനവും വിൽക്കുന്ന വൈദ്യുതി യൂണിറ്റിലുണ്ടായ വർദ്ധനവുമാണ് തുക വർദ്ധിക്കാൻ ഇടയാക്കിയത്. 2015-16-ലെ 19325.07 Mu-ൽനിന്നും 2022-23-ൽ 26736.62 Mu ആയി വൈദ്യുതി വിൽപ്പന വർദ്ധിപ്പിക്കുകയുണ്ടായി.

## കോട്ടക്കൽ ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം

292(707) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-02-2016-ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ രൂപീകരണം എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) നിലവിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചുകൊണ്ട് 24-02-2016-ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂവെന്ന് ബോർഡ്

തീരുമാനിച്ചിരുന്നു. തുടർന്ന്, കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ അഭ്യർത്ഥന പ്രകാരം 6 വർഷത്തേയ്ക്ക് വാടകരഹിതമായി കെട്ടിടം ലഭ്യമാക്കിയാൽ സെക്ഷൻ ആരംഭിക്കാൻ ബോർഡ് ഉത്തരവ് 16-06-2021-ൽ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ മൊത്തം 6 വർഷത്തിൽ 3 വർഷത്തേയ്ക്കുള്ള വാടക കെട്ടിട ഉടമ ഒഴിവാക്കി നൽകാമെന്ന് സമ്മതിച്ചെങ്കിലും വാഗ്ദാനം ചെയ്തപോലെ തുടർന്നുള്ള 3 വർഷത്തേയ്ക്കുള്ള വാടക കെട്ടിട ഉടമയ്ക്ക് നൽകുന്നതിനെക്കുറിച്ചുള്ള അനുകൂല തീരുമാനങ്ങളൊന്നുംതന്നെ ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല. 23-09-2021-ലെ PW/16580/19 കത്ത് പ്രകാരം കോട്ടക്കൽ മുനിസിപ്പാലിറ്റി നഗരകാര്യ ഡയറക്ടർ മുഖേന ഗവൺമെന്റിലേയ്ക്ക് ഇതുസംബന്ധിച്ച അനുമതിക്കായി അപേക്ഷിച്ചിരുന്നു. ആയതിന് ഗവൺമെന്റിൽനിന്നും അനുമതി ലഭിക്കാത്തതിനാൽ പിന്നീടുള്ള 3 വർഷത്തെ വാടക നഗരസഭയ്ക്ക് നൽകാൻ കഴിയില്ലെന്നും കെ.എസ്.ഇ.ബി.എൽ. തന്നെ കെട്ടിട ഉടമയ്ക്ക് വാടക നൽകണമെന്നും കോട്ടക്കൽ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി

ബുഷ്റ ഷബീർ 11-04-2022-ൽ നൽകിയ കത്ത് പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതുകൊണ്ടാണ് ഇന്ത്യാനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനമാരംഭിക്കാൻ സാധിക്കാത്തത്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേയ്ക്കാവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകളുൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ്‌വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇവകൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള സ്ഥലം/കെട്ടിടത്തിന്റെ ചെലവുകൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള സ്ഥലം/കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇന്ത്യാനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

## കക്കയം കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.-യുടെ ഭൂമി

293(708) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.-യുടെ ഭൂമി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ കക്കയത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രവും അതുൾപ്പെടുന്ന 48.25 സെന്റ് സ്ഥലവും പ്രദേശത്ത് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാർക്കറ്റ് വിലയ്ക്ക് സർക്കാർ അനുമതിയോടെ ഒരു പരസ്പര ധാരണാപത്രത്തിന്റെയടിസ്ഥാനത്തിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്

കൈമാറുന്നതിന് 30-03-2022-ലെ ബോർഡ് ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. അതിനുശേഷം 29-11-2022-ലെ ബോർഡ് ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.എൽ.-ൽ നിലനിർത്തിക്കൊണ്ടുതന്നെ ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിനുള്ള അനുമതിയും നൽകിട്ടുണ്ട്. അതിനുശേഷം സ്ഥലത്തിന്റെ വിലയായി 5,02,467/- രൂപയും പ്രധാന കെട്ടിടത്തിന്റെ വിലയായി 1,60,074/- രൂപയും ലേബർ റൂം പ്രവർത്തിക്കുന്ന കെട്ടിടത്തിന് 36,169/- രൂപയും ഉൾപ്പെടെ ആകെ 6,98,710/- രൂപ കൈമാറ്റ വിലയായി കണക്കാക്കുകയും പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുകയുമുണ്ടായി. എന്നാൽ, 01-11-2023-ലെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ കത്ത് ലഭിച്ചതിൽ, ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് നിലവിൽ പ്രസ്തുത ഫണ്ട് ലഭ്യമല്ലാത്തതിനാൽ മാർക്കറ്റ് വിലയായ 6,98,710/- രൂപയ്ക്ക് കുടുംബാരോഗ്യ കേന്ദ്രവും സ്ഥലവും കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ യോഗതീരുമാനം അറിയിക്കുകയും

അതനുസരിച്ചുള്ള തുടർനടപടികളെടുക്കണമെന്ന് കെ.എസ്.ഇ.ബി.എൽ.-നോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ, സർക്കാർ അനുമതിയോടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിനുള്ള ബോർഡുത്തരവായതിനാൽ ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥനപ്രകാരം കുടുംബാരോഗ്യ കേന്ദ്രവും സ്ഥലവും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സമ്മതവും അനുമതിയും ലഭിക്കുന്നതിനായി 20-11-2023-ലെ കത്ത് പ്രകാരം വിവരം ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് അറിയിച്ചിരിക്കുകയാണ്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സമ്മതം ലഭിക്കുന്ന മുറയ്ക്ക് കക്കയം കുടുംബാരോഗ്യ കേന്ദ്രവും അതുൾപ്പെടുന്ന സ്ഥലവും കൈമാറുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കൽ**

294(709) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചട്ടലംഘനം നടന്നിട്ടുണ്ടെന്ന കാരണത്താൽ 2023-ൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ റദ്ദാക്കിയത് എത്ര ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളാണ്; പ്രസ്തുത കരാറുകൾ പ്രകാരം സംസ്ഥാനത്തിന് എന്നുവരെ വൈദ്യുതി ലഭിക്കുമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ചട്ടലംഘനം നടന്നിട്ടുണ്ടെന്ന കാരണത്താൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കിയിട്ടില്ല. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി ഉൽപാദകരുമായി ഒപ്പുവച്ച DBFOO പ്രകാരമുള്ള 4 വൈദ്യുതി വാങ്ങൽ കരാറുകൾക്ക് കമ്മീഷൻ 10-05-2023-ലെ ഉത്തരവിലൂടെ അന്തിമ അനുമതി നൽകാതിരിക്കുകയാണുണ്ടായത്. പ്രസ്തുത നാല് കരാറുകളിൽ 115 മെഗാവാട്ട് വൈദ്യുതി 01-12-2016 മുതലും 350 മെഗാവാട്ട് 01-10-2017 മുതലും വാങ്ങുന്നതിന് കമ്മീഷൻ താൽക്കാലിക അനുമതി നൽകിയിരുന്നു. പ്രസ്തുത തീയതി മുതൽ 25 വർഷത്തേയ്ക്കാണ് കരാർ പ്രകാരം വൈദ്യുതി ലഭിക്കേണ്ടത്.

(ബി) പ്രസ്തുത കരാറുകൾ തുടർന്നാൽ കെ.എസ്.ഇ.ബി.-ക്ക്

നഷ്ടമുണ്ടാകുമെന്ന് കമ്മീഷൻ കണ്ടെത്തുകയുണ്ടായോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് കമ്മീഷൻ കണക്കാക്കിയിരുന്നത്?

കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി ഉൽപാദന കമ്പനികളുമായി 2014-ൽ ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാറുകളിലെ ഏറ്റവും കുറഞ്ഞ (എൽ 1) നിരക്കായ 3.60 രൂപ പ്രകാരം മറ്റ് കരാറുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയാതിരുന്നതുമൂലം 25 വർഷത്തേയ്ക്ക് 5926.75 കോടി രൂപയുടെ അധികബാധ്യത വരുന്നതായി കമ്മീഷൻ 10-05-2023-ലെ ഉത്തരവിൽ കണക്കാക്കിയിരുന്നു.

(സി) പ്രസ്തുത കരാറുകൾ റദ്ദാക്കിയതുമൂലം ഇപ്പോൾ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങുന്ന തരത്തിൽ കരാറുകൾ പുനഃസ്ഥാപിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമൂലം നാളിതുവരെ കെ.എസ്.ഇ.ബി.-ക്ക് ആകെയുണ്ടായ നഷ്ടം എത്രയാണ്?

നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാറുണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-2015-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം

നൽകണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10-05-2023-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കമ്മീഷന്റെ 10-05-2023-ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് ഇന്ററിം അറേഞ്ച്മെന്റ് നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ. കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07-06-2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽനിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിക്കുകയുണ്ടായി. ആയത് 31-12-2023 വരെ കമ്മീഷൻ ദീർഘിപ്പിച്ച് നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നൽകാൻ ഉൽപാദകർ തയ്യാറായില്ല. 29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽതന്നെ വൈദ്യുതി നൽകണമെന്ന് ഉൽപാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടും

ഇതുവരെ വൈദ്യുതി നൽകാൻ ഉൽപാദകർ തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 29-12-2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതുപോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി ലീഗൽ നോട്ടീസ് പ്രസ്തുത കമ്പനികൾക്ക് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. കരാർ നിരക്കിൽത്തന്നെ വൈദ്യുതി നൽകുവാൻ ഉൽപാദകർ തയ്യാറാകാത്തതിനാൽ കൂടിയ വിലയ്ക്ക് ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ജൂൺ 2023 മുതൽ നവംബർ 2023 വരെ ഏകദേശം 209 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഈ കരാറുകൾ റദ്ദാക്കുന്നതിന് കെ.എസ്.ഇ.ബി. സർക്കാരിന്റെ അനുമതി തേടിയിരുന്നോ; എങ്കിൽ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; കൂടിയ വിലയ്ക്ക് പുനഃസ്ഥാപിച്ച കരാറുകളിൽ സംസ്ഥാനത്തിനുവേണ്ടി ഒപ്പുവച്ചത് ആരൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

ഇല്ല.

(ഇ) പഴയ കരാർ റദ്ദാക്കുന്നതിനുള്ള അന്തിമാനുമതി നൽകിയത് ആരാണ്; കരാർ റദ്ദാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ച ഉദ്യോഗസ്ഥരുടെയും അതിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥരുടെയും കമ്മീഷൻ അംഗങ്ങളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

കരാർ റദ്ദാക്കിയിട്ടില്ല.

**വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ**

295(710) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ട്രാൻസ്ഗ്രിഡ്, സോളാർ പദ്ധതികളുടെ നിലവിലെ സ്ഥിതിയും ആയതിന്റെ പദ്ധതി വിഹിതത്തിന്റെ വിശദാംശങ്ങളും പദ്ധതി ചെലവുകളും വിശദീകരിക്കാമോ?

12 സബ്സ്റ്റേഷനുകളും (400 KV-1 എണ്ണം, 220 KV-11 എണ്ണം) ഏകദേശം 1839 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും ഉൾപ്പെടുത്തിയിട്ടുള്ള ട്രാൻസ്ഗ്രിഡ് ഒന്നാംഘട്ടത്തിലെ 12 സബ്സ്റ്റേഷനുകളുടെയും (കോട്ടയം 400 KV

സബ്സ്റ്റേഷൻ, മഞ്ചേരി, കോതമംഗലം, ചാലക്കുടി, ചിത്തിരപുരം എന്നീ 220 KV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ, ആലുവ, കലൂർ, കുന്ദമംഗലം, വിഴിഞ്ഞം, ഏറ്റുമാനൂർ, തലശ്ശേരി, കുന്നംകുളം എന്നീ 220 KV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ) നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഏകദേശം 99 സർക്യൂട്ട് കിലോമീറ്റർ (220 KV & 110 KV) ലൈൻ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒന്നാംഘട്ട പ്രവൃത്തികളിൽ PSDF ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളുമുൾപ്പെടും. ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി ഏകദേശം 2266 കോടി രൂപ ഇതുവരെ ചെലവായിട്ടുണ്ട്. PSDF ഗ്രാന്റായി 391.43 കോടി രൂപ ലഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ ഹരിതോർജ്ജ ഇടനാഴി പദ്ധതിയിൽ (Green Energy Corridor Project) ഉൾപ്പെടുത്തിയ പ്രവൃത്തികളും ചേർത്ത് 14 സബ്സ്റ്റേഷനുകളും (400 KV-2 എണ്ണം, 220 KV-11 എണ്ണം, 110 KV-1 എണ്ണം) ഏകദേശം 1932 സർക്യൂട്ട് കിലോമീറ്റർ ലൈനുകളുമുൾപ്പെടുത്തിയിട്ടുള്ള

ട്രാൻസ്ഗ്രിഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു. പുരോഗമിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

ശബരി ലൈൻസ് പാക്കേജ് (പത്തനംതിട്ട, കക്കാട് 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 220/110KV മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ) - 53% പുരോഗതി.

തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് (നിർദ്ദിഷ്ട വെങ്ങാലൂർ 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 220/110KV മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനുകൾ) - 8.3% പുരോഗതി.

ട്രാവൻകൂർ ലൈൻസ് പാക്കേജ് (മെഡിക്കൽ കോളേജ്-TERLS സബ്സ്റ്റേഷനുകൾ, വിഴിഞ്ഞം-വേളി-മുട്ടത്തറ സബ്സ്റ്റേഷനുകൾ എന്നിവ ഭൂഗർഭ കേബിളുകൾ വഴി ബന്ധിപ്പിക്കൽ) -30% പുരോഗതി.

220 KV സബ്സ്റ്റേഷൻ പത്തനംതിട്ട - 22% പുരോഗതി.

220 KV സബ്സ്റ്റേഷൻ കക്കാട് – 18.8% പുരോഗതി.

400 KV വയനാട് - കാസർഗോഡ് ഡബിൾ സർക്യൂട്ട് ലൈൻ -11.5% പുരോഗതി.

സ്ഥലം ലഭ്യമായിട്ടുള്ള മറ്റ് സബ്സ്റ്റേഷനുകളുടെയും ലൈൻ നിർമ്മാണ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. രണ്ടാംഘട്ട പ്രവൃത്തികൾക്കായി ഏകദേശം 2172 കോടി രൂപയും ഹരിതോർജ്ജ ഇടനാഴി പ്രവൃത്തികൾക്കായി ഏകദേശം 1458 കോടി രൂപയും ചെലവ് കണക്കാക്കിയിട്ടുണ്ട്.

ട്രാൻസ്ഗ്രിഡ് 1, 2 ഘട്ട പദ്ധതികൾക്കായി 2413 കോടി രൂപ കിഫ്ബി ധനസഹായം (ലോൺ) അനുവദിച്ചിട്ടുള്ളതിൽ 2023 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം 1616.61 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഹരിതോർജ്ജ ഇടനാഴി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള രാമക്കൽമേട് ഹരിതോർജ്ജ ഇടനാഴി പദ്ധതി (RGC), അട്ടപ്പാടി ഹരിതോർജ്ജ ഇടനാഴി പദ്ധതി (AGC) എന്നിവയ്ക്കായി 138.71 കോടി രൂപ എം.എൻ.ആർ.ഇ. ഗ്രാന്റായി ലഭിക്കുന്നതാണ്.

കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന 8 MW (clubbed) സോളാർ പദ്ധതിയിൽ ഇതിനോടകം 6.75 MW പൂർത്തീകരിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 1.25 MW സൗരോർജ്ജ

നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഞ്ചിക്കോട് പുരോഗമിച്ചുവരികയാണ്. പ്രസ്തുത പദ്ധതിക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ടിൽനിന്നും ഇതുവരെ 37.26 കോടി രൂപ ചെലവായിട്ടുണ്ട്. കഞ്ചിക്കോട് 1.25 MWp പദ്ധതിയിൽ ഏകദേശം 7.40 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം. കുസും വഴി 800 KW ഇതുവരെ സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 10.2 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ കരാർ തുക 55 കോടി രൂപയാണ്. 1 MW-ന് 1.05 കോടി രൂപയും 0.66 ശതമാനം സർവ്വീസ് ചാർജ്ജും കേന്ദ്ര വിഹിതമായി പി.എം. കുസും സ്കീം പ്രകാരം ലഭിക്കും. ഇതിൽ 4.69 കോടി രൂപ ലഭിച്ചിട്ടുണ്ട്. സൗരോർജ്ജ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണ് സൗര. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകിയിരിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ള 200 MW സബ്സിഡി സ്കീമിൽ 158.98 MW

പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ സബ്സിഡിരഹിത പ്രോഗ്രാമായ 50 മെഗാവാട്ടിൽ 24.12 മെഗാവാട്ടും പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് 938 MW ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ എം.എൻ.ആർ.ഇ.-യുടെ സബ്സിഡി പദ്ധതിയുടെ (റൂഫ് ടോപ് സോളാർ) പൂർത്തീകരണത്തിന് നൽകിയിരിക്കുന്ന കാലാവധി 23-03-24 വരെയാണ്. പദ്ധതി വിഹിതം സോളാർ പദ്ധതിക്ക് ബാധകമല്ല.

(ബി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച പദ്ധതികളും പരിപാടികളും വിശദീകരിക്കുമോ?

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനും വൈദ്യുതി ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനും വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് സംസ്ഥാനത്തുടനീളം ഗുണമേന്മയുള്ള വൈദ്യുതി പ്രസരണ നഷ്ടം കുറച്ച്

സ്ഥിരതയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും പ്രസരണ രംഗത്ത് വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പ്രസരണ ശൃംഖലയിൽ നടപ്പിലാക്കിവരുന്ന ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തിയ വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. അടുത്ത 3 പതിറ്റാണ്ട് കാലത്തെ വൈദ്യുതി ആവശ്യകത നിറവേറ്റാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് പ്രസരണ മേഖലയിൽ പൂർത്തിയാകുന്നത്. പ്രസരണ ശൃംഖലയുടെ വികസനത്തിനായി നൂതന സാങ്കേതികവിദ്യകൾ [സബ്സ്റ്റേഷൻ ഓട്ടോമേഷൻ സിസ്റ്റം, SCADA, നാരോ ബേസ്ഡ് ടവേഴ്സ് (Narrow based towers), കൂടുതൽ പ്രസരണ ശേഷിയുള്ള ചാലകങ്ങൾ (HTLS conductors), മോണോപോൾസ് (monopoles), ഇൻസുലേറ്റഡ് ക്രോസ്സ് ആംസ് (Insulated cross arms) etc), മെച്ചപ്പെട്ട മീറ്ററിംഗ്, പ്രൊട്ടക്ഷൻ സംവിധാനങ്ങൾ തുടങ്ങിയവ) ഉപയോഗപ്പെടുത്തി പുതിയ സബ്സ്റ്റേഷനുകൾ, ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർത്തൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ

തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ കാലയളവിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും ആറ് 220 കെ.വി. സബ്സ്റ്റേഷനുകളും നിലവിലുണ്ടായിരുന്ന സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കലുൾപ്പെടെ പന്ത്രണ്ട് 110 കെ.വി. സബ്സ്റ്റേഷനുകളും ഒരു 33 കെ.വി. സബ്സ്റ്റേഷനും പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ട്. കൂടാതെ 415 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈ ടെൻഷൻ (EHT) ലൈനുകളും പൂർത്തീകരിച്ചു. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മൊത്തം 65.60 MW സ്ഥാപിതശേഷിയുള്ള 9 ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 203.50 MW മൊത്തം സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അപ്പർ ചെങ്കുളം (24 MW/53.22 Mu) പദ്ധതിക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 92.036 MW മൊത്തം സ്ഥാപിതശേഷിയുള്ള 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള)

വിവിധ ഘട്ടങ്ങളിലാണ്. വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി (240MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽനിന്നും ഇടുക്കി, പള്ളിവാസൽ എന്നീ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച പദ്ധതികൾ ചുവടെച്ചേർക്കുന്നു.

## <u>വൈദ്യുതി വിതരണ മേഖലയിൽ നടപ്പിലാക്കിയ ദ്യുതിയുൾപ്പെടെയുള്ള പ്രവൃത്തികൾ</u>

വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ ദ്യുതി 1, 2 ഉൾപ്പെടെയുള്ള പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 4519 കി.മീ. 11 കെ.വി. ലൈനും 10218 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷനുൾപ്പെടെ 6158 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 37956 km എൽ.ടി. ലൈനും 1899 km 11 കെ.വി. ഒ.എച്ച്. ലൈനും റീകണ്ടക്ടറിംഗ് നടത്തുകയും 3590 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ആദ്യ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട് ദ്യുതി പദ്ധതിയിലുൾപ്പെട്ട 175 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 191.84 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയിൽ 250 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 300 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## എൽ.ടി. വൈദ്യുതി ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതിനുള്ള കർമ്മ പദ്ധതി

വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 119 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനുള്ള കർമ്മ പദ്ധതി

വിതരണശൃംഖലയിലെ എച്ച്.ടി. ലൈനുകളിലെ തകരാറുകൾ ലൈൻ പട്രോൾ നടത്തിയും വിവിധ സ്ഥലങ്ങളിലായി ലൈൻ ഐസൊലേറ്റ് ചെയ്ത് ടെസ്റ്റ് ചാർജ്ജ് ചെയ്ത് കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന

സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർതന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാറുണ്ടാകുന്ന സമയത്ത് വിവരം എസ്.എം.എസ്. ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാറുണ്ടായ സ്ഥലം കണ്ടുപിടിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഈ സംവിധാനം വഴി തകരാർ സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാകുകയും ചെയ്യുന്നു. അടുത്ത രണ്ടര വർഷത്തിനുള്ളിൽ 2500 ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുന്നതോടുകൂടി ഉപഭോക്താക്കൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും തകരാർ സംഭവിച്ച സ്ഥലം എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും അതുവഴി വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള സമയം പരമാവധി കുറയ്ക്കുന്നതിനും സാധിക്കുന്നു. നിലവിൽ വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്താൻ ക്ലൗഡ് ടെലിഫോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പപ്പോൾതന്നെ

ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇതും പരാതി പരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

## ഹോട്ട് ലൈൻ മെയിന്റനൻസ്

സംസ്ഥാനത്തൊട്ടാകെയുള്ള 1.37 കോടി എൽ.ടി. ഉപഭോക്താക്കൾക്കും 7410 എച്ച്.ടി. ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ. വിതരണ ശൃംഖലയിലൂടെ വൈദ്യുതി നൽകിവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ 776 സെക്ഷൻ ഓഫീസുകളിലായി വ്യാപിച്ച് കിടക്കുന്ന 3 ലക്ഷം കിലോമീറ്റർ എൽ.ടി. ലൈനുകളും 69000 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 88000 ട്രാൻസ്ഫോർമറുകളും ഉപയോഗിച്ചാണ് വൈദ്യുതി വിതരണം സാധ്യമാക്കുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രദേശം വളരെ വൈവിധ്യപൂർണ്ണവും മിക്ക സ്ഥലങ്ങളിലും കനത്ത മരങ്ങളുള്ളതുമാണ്. അതിനാൽ വൃക്ഷങ്ങൾക്കിടയിലൂടെയാണ് സംസ്ഥാനത്തെ മിക്ക ലൈനുകളും കടന്നുപോകുന്നത്. കാലാവസ്ഥാ വ്യതിയാനം, ഇടയ്ക്കിടെയുള്ള ഇടിമിന്നൽ, ശക്തമായ ഇടിമിന്നലിനുള്ള സാധ്യത, റബ്ബർപോലെ പെട്ടെന്ന് മുളച്ചുവരുന്ന തോട്ടം മരങ്ങളുൾപ്പെടെയുള്ള കനത്ത മരങ്ങളുടെ വളർച്ച തുടങ്ങിയവ

വിതരണ ശൃംഖലയുടെ പരിപാലനം കൂടുതൽ സങ്കീർണ്ണമാക്കുന്നു. പരമ്പരാഗത അറ്റകുറ്റപ്പണി പ്രവർത്തനങ്ങളിൽ ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുന്നതാണ് നടപടിക്രമം. ലൈനുമായി ബന്ധിപ്പിച്ചിട്ടുള്ള ഉപഭോക്താക്കൾക്കുള്ള സേവനം അറ്റകുറ്റപ്പണികൾക്കിടയിൽ നിഷേധിക്കപ്പെടുന്ന സാഹചര്യം ഇപ്പോൾ സൃഷ്ടിക്കപ്പെടുന്നു. പുനരുപയോഗ സ്രോതസ്സുകളുടെ വർദ്ധനവ്, വർദ്ധിച്ചുവരുന്ന വൈദ്യുത വാഹനങ്ങളുടെ എണ്ണം, വൈദ്യുതിയില്ലാതെ വരുമ്പോഴുണ്ടാകുന്ന വരുമാന നഷ്ടം എന്നിവ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം തടസ്സപ്പെടുത്താതെ വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.എൽ. ഹോട്ട് ലൈൻ മെയിന്റനൻസ് എന്ന സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ വിവിധ മേഖലയിലെ 4 സെക്ഷനുകളിൽ ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും നടപടി ക്രമങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

## സേവനം വാതിൽപ്പടിയിൽ (Service at Door Steps)

പൊതുജനങ്ങൾക്ക് വൈദ്യുതി സംബന്ധമായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും. ഇതിനായി ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് നിലവിലുണ്ട്. ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാർക്ക് സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തുപോയി ആവശ്യമായ രേഖകൾ പരിശോധിക്കുവാനും സ്ഥല പരിശോധന നടത്തി

ലഭ്യമായ വിവരങ്ങളുൾപ്പെടുത്തി ഉടൻതന്നെ കേന്ദ്രീകൃത സെർവർ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇതുപയോഗിച്ച് സെക്ഷൻ ഓഫീസിൽനിന്ന് അനന്തര നടപടികളെടുക്കുവാൻ സാധിക്കും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കാവുന്നതാണ്.

വിതരണ മേഖലയിലെ ഓഫീസുകൾക്കുവേണ്ടിയുള്ള പുതിയ കെട്ടിടങ്ങൾ

പോത്താനിക്കാട്, മറയൂർ, കുമളി, ഗിരിനഗർ, കാഞ്ഞിരപ്പള്ളി, രാമപുരം, ഐെയ്മനം, മൂലമറ്റം, പുന്നയൂർക്കുളം, മുള്ളേരിയ, കണ്ണനെല്ലൂർ, നടത്തറ, പാതിരപ്പള്ളി, പുതുപ്പാടി, വള്ളിത്തോട്, അയ്യന്തോൾ, നല്ലോമ്പുഴ, തൃക്കരിപ്പൂർ, പരപ്പൂർ, കുമ്പാറ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കുവേണ്ടിയും സബ് റീജണൽ സ്റ്റോർ, ഷൊർണ്ണൂർ ഓഫീസിനുവേണ്ടിയുമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇതോടൊപ്പം മണ്ണാർക്കാട് മിനി വൈദ്യുതി ഭവനം, കാസർഗോഡ് വൈദ്യുതി ഭവനം, പട്ടാമ്പി മിനി വൈദ്യുതി ഭവനം, പൊന്നാനി മിനി വൈദ്യുതി ഭവനം, ചെങ്ങന്നൂർ വൈദ്യുതി ഭവനം, ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കെട്ടിടം, മങ്ങാട്ടുപറമ്പ് ടി.എം.ആർ. ഡിവിഷൻ ഓഫീസ് കെട്ടിടം എന്നിവയും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു.

## ഡിജിറ്റൽ പേമെന്റുകളുടെ പ്രോത്സാഹനം

ഡിജിറ്റൽ പേമെന്റുകളുടെ എണ്ണം കൂട്ടുന്നതിനും അടുത്ത രണ്ടര വർഷത്തിനുള്ളിൽ പണമടവ് 90 ശതമാനത്തിന് മുകളിൽ ഓൺലൈൻ സംവിധാനങ്ങളിലൂടെയാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ 70 ശതമാനത്തിൽ കൂടുതൽ തുകയും ഓൺലൈൻ പേമെന്റിൽ കൂടിയാണ് ലഭിക്കുന്നത്. എനർജി കൺസർവേഷന്റെ ഭാഗമായി ഊർജ്ജ കേരള മിഷന്റെ കീഴിൽ കേരള വൈദ്യുത ശൃംഖലയിലേയ്ക്ക് 1000 മെഗാവാട്ട് സൗരോർജ്ജ സ്ഥാപിത ശേഷിയെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന സൗര പദ്ധതി, കുറഞ്ഞ നിരക്കിൽ ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ഫിലമെന്റ് രഹിത കേരള പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതി, ഡെപ്പോസിറ്റ് പദ്ധതി പ്രകാരം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതി, ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന്

ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് കാർബൺ ബഹിർഗമനം നിയന്ത്രിക്കാനുള്ള പദ്ധതി തുടങ്ങിയവയാണ് ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

296(711) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വകുപ്പുമന്ത്രിക്ക് നൽകിയിരുന്ന പെറ്റീഷൻ നമ്പർ 847/2023-ന്റെ അടിസ്ഥാനത്തിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒരു കിലോമീറ്റർ എച്ച്.ടി. ലൈനും 100 കെ.വി.എ. ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തി മരങ്ങാട്ടുപള്ളി സെക്ഷനുകീഴിൽ 2024-2025 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്ടിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുമ്പോഴുണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മേൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട് ചുവടെച്ചേർക്കുന്ന പ്രശ്നങ്ങൾ പരിഹാരമാകുന്നതാണ്.

1) വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നു.
2) വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്നു.
3) വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നു.
4) വൈദ്യുത തടസ്സം കുറയ്ക്കുന്നു.
5) കെ.എസ്.ഇ.ബി.എൽ.-ന്റെ വരുമാനം

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ഹരിതോർജോൽപാദനം വർദ്ധിപ്പിക്കുവാനും അതിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും കഴിയും. പ്രസ്തുത സബ്സ്റ്റേഷനിൽനിന്നും വോർക്കാടി, മോർട്ടാന, കുഞ്ചത്തൂർ, തലപ്പാടി, ധർമ്മ എന്നീ ഭാഗങ്ങളിലേയ്ക്ക് പോകുന്ന 11 കെ.വി. ഫീഡറുകളുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾക്ക് ഉയർന്ന വോൾട്ടേജിൽ വൈദ്യുതി നൽകുന്നതിന് സാധിക്കുന്നതോടൊപ്പം കൂടുതൽ

11 കെ.വി. ലൈൻ നിർമ്മിക്കുവാനുള്ള അടിസ്ഥാനശേഷി കൈവരികയും ചെയ്യും.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

297(712) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപകമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സൗരോർജ്ജ വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കിവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവിലയുടെ 40 ശതമാനവും 3 കിലോവാട്ടിന്

മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ട് വരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. സൗരോർജ്ജ ഉൽപാദനത്തിൽ താൽപ്പര്യമുള്ളവർക്ക് ഇ-കിരൺ എന്ന പോർട്ടൽ വഴി രജിസ്റ്റർ ചെയ്യാനും തുടർന്ന് സാധ്യതാ പഠനം നടത്തി പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി 39 ഡെവലപ്പർമാരെയും ലിസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ഗാർഹികേതര സ്ഥാപനങ്ങളിൽ സൗരോർജ്ജ ഉൽപാദനം പ്രോൽസാഹിപ്പിക്കുന്നതിലേയ്ക്കായി ഫേസ്-3 ആയി കെ.എസ്.ഇ.ബി.എൽ. ഒരു ടെൻഡർ വിളിച്ചിട്ടുണ്ട്. പ്രസ്തുത ടെൻഡറിൽ 30 ഡെവലപ്പർമാർ പങ്കെടുത്തു. ടെൻഡർ നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. കൂടാതെ പൊതുജനങ്ങൾക്കിടയിൽ സൗരോർജ്ജത്തെക്കുറിച്ച് അവബോധമുണ്ടാക്കാനായി സെക്ഷൻ തലത്തിൽ സ്പോട്ട് രജിസ്ട്രേഷൻ

ക്യാമ്പ്, സോഷ്യൽ മീഡിയ ക്യാമ്പയിനിംഗ്, എസ്.എം.എസ്. അലെർട്ട് തുടങ്ങി വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ കൂടുതൽ സബ്സിഡി വിഹിതം ഈ പദ്ധതിക്ക് ആവശ്യപ്പെടുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ നിലവിലുള്ള സൗര പദ്ധതിക്ക് നൽകുന്ന സബ്സിഡി തുക 3KW വരെ 14588/- രൂപയും 3 മുതൽ 10 KW വരെ 7294/- രൂപയുമാണ്. എന്നാൽ എം.എൻ.ആർ.ഇ. മന്ത്രാലയം വഴി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന സോളാർ പദ്ധതിയുടെയും ഇനി ടെൻഡർ ചെയ്യാൻ പോകുന്ന സംസ്ഥാനത്തിന്റെ സൗര പദ്ധതിയുടെയും സബ്സിഡി തുക യഥാക്രമം Rs.18000/-, Rs.9000/- ആയി 05-01-2024 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ടെൻഡർ ചെയ്ത സംസ്ഥാനത്തിന്റെ 'സൗര' പദ്ധതികൾക്കും വർദ്ധിപ്പിച്ച സബ്സിഡി തുക നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നിലാവ് പദ്ധതി

298(713) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന നിലാവ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പദ്ധതിയുടെ നടത്തിപ്പിൽ കെ.എസ്.ഇ.ബി.-യുടെ പങ്ക് വ്യക്തമാക്കാമോ?

ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചുകൊണ്ട് ഊർജ്ജ ലാഭം നേടി കേരളത്തിലുടനീളം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് നിലാവ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂർ നിക്ഷേപം കൂടാതെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.എസ്.ഇ.ബി.എൽ. ഈ പദ്ധതിയുടെ സ്പെഷ്യൽ

പർപ്പസ് വെഹിക്കിൾ (SPV) ആണ്. എൽ.ഇ.ഡി.-കളുടെ വാങ്ങലും ഇൻസ്റ്റലേഷനുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചുമതല.

(ബി) പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരുന്ന ബൾബുകളിൽ കേടായവ മാറ്റി സ്ഥാപിക്കേണ്ടത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കാമോ?

നിലാവ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരിക്കുന്ന ബൾബുകളിൽ കേടായവ മാറ്റി സ്ഥാപിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 7 വർഷത്തെ ഗ്യാരന്റി കാലയളവിൽ വിതരണ ഏജൻസിയായ ഇ.ഇ.എസ്.എൽ. കേടാവുന്ന എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകൾ തീർത്തോ/പുതിയവ നൽകുകയോ ചെയ്ത് 5% ബഫർ സ്റ്റോക്ക് നിലനിർത്തി പോകേണ്ടതാണ്. ടി ബഫർ സ്റ്റോക്കുകളിൽനിന്നാണ് കേടായവ മാറ്റിസ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെ.എസ്.ഇ.ബി.എൽ. നൽകുന്നത്.

(സി) വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഇത്തരത്തിൽ കേടായ ബൾബുകൾ മാറ്റിസ്ഥാപിക്കാനാകാതെ കെട്ടിക്കിടക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി അവ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ഇത്തരത്തിൽ കേടായ ബൾബുകൾ മാറ്റി സ്ഥാപിക്കാനാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേടുപാടുകൾ പരിഹരിക്കുന്നതിനായി വിതരണ ഏജൻസിയായ ഇ.ഇ.എസ്.എൽ.-മായി നിരന്തരം ബന്ധപ്പെട്ടുന്നുണ്ട്. കേടായ ബൾബുകൾ ഇ.ഇ.എസ്.എൽ. തകരാർ പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി മാറ്റിസ്ഥാപിക്കുന്നതിനായി നൽകാവുന്നതാണ്.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

299(714) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിന് കൃഷി വകുപ്പിൽനിന്നും ഇലക്ട്രിസിറ്റി ബോർഡിന് വൻ തുക കുടിശ്ശികയായിട്ടുണ്ടോ;

വ്യക്തമാക്കുമോ; കുടിശ്ശികയായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ?

കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിന് കൃഷി വകുപ്പിൽനിന്ന് ഇലക്ട്രിസിറ്റി ബോർഡിന് 31-12-2023 വരെ മുതലും ഒ.റ്റി.എസ്. പലിശയും ചേർത്ത് 220.69 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. 21-07-2021-നമുമ്പുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-12-2023 വരെ നിലവിലുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും അർഹതപ്പെട്ട ഉപഭോക്താക്കൾക്കും മാത്രമായി ആയത് 31-03-2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എന്തെല്ലാം ഇളവുകളാണ് അനുവദിക്കുന്നത്; പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമുണ്ടോ; നിലവിൽ എന്നുവരെയാണ് ഈ പദ്ധതി പ്രകാരം തുക അടയ്ക്കാൻ കഴിയുകയെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ആർ.സി-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശ തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക മുതലിന് തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് 2023-ൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 20-07-2023 മുതൽ 30-12-2023 വരെ നടപ്പിലാക്കിയിരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. കൂടാതെ 2003-ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 126, 127 പ്രകാരം ബുക്ക് ചെയ്ത കേസുകൾക്കും (സെക്ഷൻ 135 ഒഴികെ) ഒ.റ്റി.എസ്. 2023 സ്കീമിന് കീഴിൽ 31-03-2024 വരെ തീർപ്പാക്കാനുള്ള അവസരം പ്രാബല്യത്തിലുണ്ട്. സെക്ഷൻ 126(6)/അപ്പീൽ ഫൈനൽ ചെയ്ത തുകയ്ക്ക് കീഴിലുള്ള മൂല്യനിർണ്ണയ

തുക അടയ്ക്കുന്നതിനുള്ള ഇൻസ്റ്റാൾമെന്റ് സൗകര്യങ്ങൾ ഒഴികെ ഇളവ് നൽകുന്നതല്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പതിനഞ്ച് വർഷത്തിനുമേൽ കാലതാമസം വന്ന വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് നാല് ശതമാനം പലിശ നിരക്കും അഞ്ച് വർഷത്തിനുമേൽ പതിനഞ്ച് വർഷത്തിനകം കാലതാമസം വന്ന വൈദ്യുത ചാർജ്ജ് കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് അഞ്ച് ശതമാനം പലിശ നിരക്കും രണ്ട് വർഷത്തിനുമേൽ അഞ്ച് വർഷത്തിനകം കാലതാമസം വന്ന കുടിശ്ശികയ്ക്ക് ആറ് ശതമാനം പലിശ നിരക്കുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. നിലവിൽ ഈ പദ്ധതി ഗവൺമെന്റ് സ്ഥാപനങ്ങൾക്കും അർഹതപ്പെട്ട ഉപഭോക്താക്കൾക്കും മാത്രമായി 31-03-2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. രണ്ട് വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ

കോടതി വ്യവഹാരത്തിലുള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. പദ്ധതിയുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

- 15 വർഷത്തിന് മുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം.
- അഞ്ച് മുതൽ 15 വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.
- രണ്ട് മുതൽ അഞ്ച് വർഷം പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം മാത്രം.
- മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കും.
- വൈദ്യുതി കുടിശ്ശികകൾക്കുള്ള പലിശകൾ ആറ് തവണകളായി അടയ്ക്കാൻ അവസരമുണ്ട്.

- പലിശ ഇളവ് നൽകുന്നതിനുപുറമേ അടച്ചുപൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാൻഡിൽ അടങ്ങുകിടന്ന സമയത്ത് ഇളവുകൾ നൽകി തീർപ്പാക്കുന്നതാണ്.
- വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ആറുമാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറുമാസത്തേയ്ക്ക് നിജപ്പെടുത്തി അവരുടെ കുടിശ്ശികയിൽ ഇളവ് നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡിന്റെ ചട്ടപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ആവശ്യമുണ്ട്. കമ്മീഷന്റെ 19-07-2023 ഉത്തരവ് പ്രകാരം പദ്ധതിയിൽ 30-12-2023 വരെ പണം അടയ്ക്കാൻ അവസരമുണ്ടായിരുന്നു. തുടർന്ന് 27-12-2023-ലെ കത്ത് പ്രകാരം ഗവൺമെന്റ് ഉപഭോക്താക്കൾക്കും മറ്റ് അർഹതപ്പെട്ട ഉപഭോക്താക്കൾക്കും ടി പദ്ധതി പ്രകാരം 31-03-2024 വരെ പണം അടയ്ക്കാൻ അവസരമുണ്ട്.

(സി) വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് നിലവിലെ കണക്കുകൾ പ്രകാരം എത്ര തുകയാണ് കുടിശ്ശികയായി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ളത്; ഇതിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര തുക ലഭിച്ചു; കുടിശ്ശികയായ തുക ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

31-12-2023-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 163.15 കോടി രൂപ വിവിധ സർക്കാർ വകുപ്പുകളിൽനിന്നായി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31-12-2023 കണക്ക് പ്രകാരം പിരിഞ്ഞുകിട്ടിയ തുക 3.42 കോടി രൂപയാണ്. കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ സ്ഥിരമായി വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ ബോർഡിന്റെ അതാത് കാര്യാലയങ്ങളിൽനിന്നും സ്വീകരിച്ചുവരുന്നു. എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് അടിസ്ഥാനപ്പെടുത്തിയുള്ള റീ-കൺസിലേഷൻ നടപടികൾ നടന്നുവരുന്നു.

കൂടാതെ ബോർഡിന്റെ ഇപ്പോൾ പ്രാബല്യത്തിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും കുടിശ്ശിക തീർപ്പാക്കാനുള്ള ശ്രമവും നടന്നുവരുന്നു. പരമാവധി ഇളവുകൾ നൽകിയിട്ടും കുടിശ്ശികത്തുക അടയ്ക്കാൻ തയ്യാറാകാത്ത ഉപഭോക്താക്കളിൽ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും കണക്ഷൻ അഴിച്ചുമാറ്റുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുക എന്നീ നിയമപരമായി സ്വീകരിക്കാവുന്ന കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

**വൈദ്യുതി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

300(715) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദന-വിതരണ മേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി ഉൽപാദന മേഖലയിൽ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് (പി.എസ്.ഡി.എഫ്.) പ്രകാരം നേരത്തെ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ഉൽപാദന നിലയങ്ങളുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള സബ്സ്റ്റേഷനുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 91.46 കോടി രൂപ പൂർണ്ണമായും ലഭിക്കുകയും ഉൽപാദന നിലയങ്ങളിലെ മറ്റ് ഉപകരണങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മാത്രം അനുവദിച്ച 22.42 കോടിയിൽ ഇനി ലഭിക്കാനുള്ള 5 കോടി രൂപകൂടി ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇതിന്റെ തുടർച്ചയായുള്ള പുതിയ പി.എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തേണ്ട ഉൽപാദന നിലയങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ക്രോഡീകരിച്ച് സമർപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേന്ദ്ര സർക്കാരിന്റെ ന്യൂ ആൻഡ് റിന്യൂവബിൾ എനർജി

മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കെ.എസ്.ഇ.ബി.എൽ. കണ്ണൂർ ജില്ലയിൽ 7.50 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി, കോഴിക്കോട് ജില്ലയിൽ 6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി, എറണാകുളം ജില്ലയിൽ 24 മെഗാവാട്ട് ശേഷിയുള്ള ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. വൈദ്യുതി വിതരണ മേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.). കേന്ദ്രസർക്കാർ പദ്ധതി പി.എം.-കുസും വഴി 11 മെഗാവാട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 800 KW കമ്മീഷൻ ചെയ്തുകഴിഞ്ഞു.

പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്ഥാൻ മഹാഭിയാൻ (പി.എം. കുസും) പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയല്ല. ഒരു സബ്സിഡി പ്രോഗ്രാമാണ്. സൗരോർജ്ജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പി.എം. കുസും പദ്ധതി.

പി.എം. കുസും കമ്പോണന്റ്-സി-ൽ കർഷകരുടെ കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്തുന്ന പദ്ധതിയാണ് ഉൾപ്പെടുന്നത്. വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 എച്ച്.പി. മുതൽ 7.5 എച്ച്.പി. വരെയുള്ള പമ്പുകൾ സൗരോർജ്ജ പമ്പുകളാക്കി മാറ്റി സ്ഥാപിക്കുന്ന ഈ പദ്ധതി അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിൻപ്രകാരം ആവശ്യമായ പദ്ധതി തുകയുടെ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയുമാകുന്നു. ബാക്കി വരുന്ന 40% ഉപഭോക്തൃ പങ്കാളിത്ത തുകയാകുന്നു. എന്നാൽ കേരളത്തിലെ ചെറുകിട നാമമാത്ര കർഷകർക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ സാധിക്കാത്തതിനാൽ സംസ്ഥാന വിഹിതവും ഗുണഭോക്തൃ വിഹിതവും നബാർഡ് (ആർ.ഐ.ഡി.എഫ്.) ലോൺവഴി കണ്ടെത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിൽവരുത്തുന്നത്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ 5 ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടത്തുന്നത്. 5955 എണ്ണം പമ്പുകൾക്കാണ് ആദ്യഘട്ടത്തിൽ നബാർഡിന്റെ അനുമതി ലഭിച്ചിട്ടുള്ളത്.

നിലവിൽ 1000 പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. അതിൽ ഏകദേശം അറുനൂറോളം പമ്പുകളുടെ സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾക്കായി ന്യൂ ആൻഡ് റിന്യൂവബിൾ എനർജി മന്ത്രാലയം അനുവദിച്ച ധനസഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | കേന്ദ്രത്തിന്റെ ധനസഹായത്തിന്റെ വിശദാംശം | | കുറിപ്പ് |
|---|---|---|---|---|---|
| | | | അനുവദിച്ചത് | ലഭിച്ചത് | |
| 1. | പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.5 മെഗാവാട്ട്) | 79.85 കോടി രൂപ | 20 കോടി രൂപ | 5 കോടി രൂപ | 42.03 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 2. | പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) | 66.76 കോടി രൂപ | 20 കോടി രൂപ | 5 കോടി രൂപ | പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉൽപാദനം ആരംഭിച്ചു. |

| | | | | | |
|---|---|---|---|---|---|
| 3. | ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24 മെഗാവാട്ട്) | 231.21 കോടി രൂപ | 20 കോടി രൂപ | 18 കോടി രൂപ | 94.06 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. |

ആർ.ഡി.എസ്.എസ്. പദ്ധതിക്കായി കേന്ദ്രസർക്കാർ ഗ്രാന്റ് തുകയുടെ 5% അഡ്വാൻസ് തുകയും പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി നിയമിച്ച പ്രോജക്ട് മാനേജ്മെന്റ് ഏജൻസി (പി.എം.എ.) ചാർജ് തുകയുമുൾപ്പെടെ 68.15 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. 1 മെഗാവാട്ടിന് 1.05 കോടി രൂപയും 0.66% സർവ്വീസ് ചാർജ്ജും കേന്ദ്രവിഹിതമായി പി.എം.-കുസും പദ്ധതി പ്രകാരം ലഭിക്കും. ഇതുവരെ 4.69 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപാദന മേഖലയിൽ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് (പി.എസ്.ഡി.എഫ്.) പ്രകാരം നേരത്തെ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ഉൽപാദന നിലയങ്ങളുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള സബ്സ്റ്റേഷനുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 91.46 കോടി രൂപ പൂർണ്ണമായും ലഭിക്കുകയും ഉൽപാദന നിലയങ്ങളിലെ മറ്റ് ഉപകരണങ്ങളുടെ

പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മാത്രം അനുവദിച്ച 22.42 കോടി രൂപയിൽ ഇനി ലഭിക്കാനുള്ള 5 കോടി രൂപകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇതിന്റെ തുടർച്ചയായുള്ള പുതിയ പി.എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തേണ്ട ഉൽപാദന നിലയങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ക്രോഡീകരിച്ച് സമർപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ കേന്ദ്ര വിഹിതത്തിന്റെ ആദ്യഗഡുവായ 23.84 കോടി രൂപ അനെർട്ടിന് നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

301(716) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 2023-24 വർഷം വൈദ്യുതി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ദ്യുതി 2023-24 പദ്ധതിയിലുൾപ്പെടുത്തി 181 പ്രവൃത്തികളാണ് 8,25,42,528/- രൂപ മുതൽമുടക്കിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു.+ പി.എം. കുസും പദ്ധതിയിലുൾപ്പെടുത്തി 500 kWp സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം, മഞ്ചേശ്വരം 110 KV സബ്സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ 2023-24 വർഷത്തിൽ മഞ്ചേശ്വരം 110 കെ.വി. സബ്സ്റ്റേഷനിൽ പുതിയതായി ഒരു 110/11 കെ.വി. 12.5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുമ്പോഴുണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മേൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട ചുവടെച്ചേർക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്.

1) വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നു.

2) വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്നു.

3) വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4) വൈദ്യുത തടസ്സം കുറയ്ക്കുന്നു.

5) കെ.എസ്.ഇ.ബി.എൽ.-ന്റെ വരുമാനം വർദ്ധിപ്പിക്കുന്നു.

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ഹരിതോർജ്ജ ഉൽപാദനം വർദ്ധിപ്പിക്കുവാനും അതിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും കഴിയും. പ്രസ്തുത സബ്സ്റ്റേഷനിൽനിന്നും വോർക്കാടി, മോർട്ടാന, കുഞ്ചത്തൂർ, തലപ്പാടി, ധർമ്മ എന്നീ ഭാഗങ്ങളിലേയ്ക്ക് പോകുന്ന 11 കെ.വി. ഫീഡറുകളുടെ കീഴിൽവരുന്ന ഉപഭോക്താക്കൾക്ക് ഉയർന്ന വോൾട്ടേജിൽ വൈദ്യുതി നൽകുന്നതിന് സാധിക്കുന്നതോടൊപ്പം കൂടുതൽ 11 കെ.വി. ലൈൻ നിർമ്മിക്കുവാനുള്ള അടിസ്ഥാനശേഷി കൈവരികയും ചെയ്യും.

**വൈദ്യുതി വാഹനങ്ങൾ വാങ്ങുന്നതിന് സബ്സിഡി**

302(717) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വാഹനങ്ങൾ വാങ്ങുന്നതിന് കർഷകർ, സ്വയംതൊഴിൽ സംരംഭകർ മുതലായവർക്ക് സബ്സിഡി നൽകുന്ന കാര്യം

പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വൈദ്യുതി വാഹനങ്ങൾ വാങ്ങുവാനായി ഊർജ്ജ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നിവ മുഖേന സബ്സിഡി നൽകുന്നില്ല. എന്നാൽ ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി സംസ്ഥാന സർക്കാർ മോട്ടോർ വാഹന വകുപ്പ് വഴി സബ്സിഡി നൽകിവരുന്നു.

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

303(718) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഫിലമെന്റ് രഹിത കേരളം' പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് എത്ര എൽ.ഇ.ഡി. ബൾബുകൾ നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

'ഫിലമെന്റ് രഹിത കേരളം' പദ്ധതി നടപ്പിലാക്കാനായി കെ.എസ്.ഇ.ബി.എൽ. ആകെ 1,17,50,000 എൽ.ഇ.ഡി. ബൾബുകൾ വാങ്ങി.

ഇതിനായി കെ.എസ്.ഇ.-ബി.എൽ. ആകെ 54,87,25,000/- രൂപ ചെലവാക്കിയിട്ടുണ്ട്. നാളിതുവരെ 1.152 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു.

(ബി) തെരുവ് വിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്ന പദ്ധതി പ്രകാരം എത്ര തെരുവ് വിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

തെരുവ് വിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്ന നിലാവ് പദ്ധതി പ്രകാരം 3,66,779 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി എൽ.ഇ.ഡി. ബൾബുകളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്ത വകയിൽ കിഫ്ബിയിൽനിന്നും ഇ.ഇ.എസ്.എൽ.-ന് 61.6439 കോടി രൂപയും ഇൻസ്റ്റലേഷൻ ചെയ്ത വകയിൽ കെ.എസ്.ഇ.ബി.എൽ.-ന് 17.701 കോടി രൂപയും നൽകിയിട്ടുണ്ട്.

**മറിപ്പുഴ ജലവൈദ്യുത പദ്ധതി**

304(719) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ടെൻഡർ നടപടികൾ കഴിഞ്ഞിട്ടും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിലെ മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6MW/14.84Mu)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിക്കാവശ്യമായ എല്ലാ വിഭാഗത്തിലുള്ള ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രം M/s ANCHOR-SSIPL-MHPP കൺസോർഷ്യത്തിന് നൽകാനുള്ള അനുമതി ബോർഡ് 30-03-2022-ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാൽ ജോലി ഇതുവരെ മേൽപ്പറഞ്ഞ കൺസോർഷ്യത്തിന് നൽകുവാൻ സാധിച്ചിട്ടില്ല. പദ്ധതിക്കാവശ്യമായ വനഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള സ്റ്റേജ് I ക്ലിയറൻസ് നേടുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉന്നതതല യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉന്നതതല യോഗം ചേരുന്നത് ആവശ്യമായി വരുന്നമുറയ്ക്ക് അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ**

305(720) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന്റെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്?

മണലൂർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി.എൽ. മുഖേന സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

| Sl.No. | Name of Institution | Capacity in kWp |
|---|---|---|
| 1 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 9.9 |
| 2 | ഗവൺമെന്റ് ഹോസ്പിറ്റൽ തൃത്തല്ലൂർ | 10 |

| | | |
|---|---|---|
| 3 | പി.എച്ച്.സി. ഏങ്ങണ്ടിയൂർ | 7 |
| 4 | വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് | 15 |
| 5 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് | 55 |
| 6 | പി.എച്ച്.സി. ചൂണ്ടൽ | 5 |
| 7 | ജി.എൽ.പി.എസ്. കേച്ചേരി | 5 |
| 8 | ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | 3 |
| 9 | കണ്ടണശ്ശേരി ഗ്രാമപഞ്ചായത്ത് | 5 |
| 10 | ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി കണ്ടണശ്ശേരി | 5 |
| 11 | ജി.എൽ.പി.സ്. അണ്ണക്കര | 3 |
| 12 | എലവള്ളി ഗ്രാമപഞ്ചായത്ത് | 11.9 |

മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ ജി.എൽ.പി. സ്കൂളിൽ 5 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്.

(ബി) അരിമ്പൂർ പഞ്ചായത്ത് ഓഫീസിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് പഞ്ചായത്തിനാവശ്യമായ വൈദ്യുതിയുടെ ഉപയോഗത്തിനുശേഷം ബാക്കിയുള്ള വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതുപോലെ മണ്ഡലത്തിലെ മറ്റ് സർക്കാർ സ്ഥാപനങ്ങളിലും പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

അരിമ്പൂർ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി 55 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ച് നൽകിയിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളും തുക വകയിരുത്തുകയാണെങ്കിൽ ഈ പദ്ധതി മണ്ഡലത്തിൽ എല്ലായിടത്തും വ്യാപിപ്പിക്കാൻ സാധിക്കും.

**അംഗൻ ജ്യോതി പദ്ധതി**

306(721) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടികളെ ഊർജ്ജ സ്വയംപര്യാപ്തമാക്കാനുള്ള അംഗൻ ജ്യോതി പദ്ധതിയിലേയ്ക്ക് സംസ്ഥാനത്തെ എത്ര അങ്കണവാടികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ

സമ്പൂർണ്ണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ "അംഗൻ ജ്യോതി" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുകയാണ്.

അംഗൻ ജ്യോതി പദ്ധതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 196 അങ്കണവാടികളിലും ചിറ്റൂർ നിയോജകമണ്ഡലത്തിലെ 226 അങ്കണവാടികളിലും പദ്ധതിയുടെ ഭാഗമായി നിലവിലെ പാചകം വൈദ്യുത പാചകത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള വിവിധ ഉപകരണങ്ങൾ ഇ.എം.സി. നൽകിക്കഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ നെറ്റ് സീറോയ്ക്കായി ഹരിതകേരളം മിഷൻ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലും ഈ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുമായി ഇ.എം.സി. മുന്നോട്ടുപോകുകയാണ്.

**സൗരജ്യോതി പദ്ധതി**

307(722) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സൗരജ്യോതി പദ്ധതിക്ക് എത്ര രൂപയാണ് വായ്പയായി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ/സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ മുഖേന വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനായി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'സൗരജ്യോതി' പദ്ധതി. ടി പദ്ധതിക്ക് സബ്സിഡി കഴിഞ്ഞ് ഉപഭോക്താവ് ചെലവഴിക്കേണ്ട ആകെ തുകയുടെ 80 ശതമാനമോ പരമാവധി മൂന്നുലക്ഷം രൂപയോയാണ് വായ്പയായി അനുവദിക്കുന്നത്.

**അംഗൻ ജ്യോതി പദ്ധതി**

308(723) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിൽ നടപ്പിലാക്കുന്ന അംഗൻ ജ്യോതി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഓരോ അങ്കണവാടിയിലും

പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ 'അംഗൻ ജ്യോതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുകയാണ്. പദ്ധതിയുടെ ആദ്യപടിയായി അങ്കണവാടികളിലെ നിലവിലെ പാചകം വൈദ്യുത പാചകമായി മാറ്റുന്നതാണ്. ഇതിലേയ്ക്കായി തിരഞ്ഞെടുത്ത അങ്കണവാടികളിൽ 2 കിലോവാട്ടിന്റെ ഇൻഡക്ഷൻ ഹോബ്, ഇൻഡക്ഷന് അനുയോജ്യമായ ഇഡലി കുക്കർ, ഉരുളി, ചായ പാത്രം, പ്രഷർ കുക്കർ, പാൽ കുക്കർ, റൈസ് പോട്ട് എന്നിവ നൽകുന്നു. രണ്ടാംഘട്ടമായി അങ്കണവാടികളിലെ പഴകിയ ഊർജ്ജക്ഷമത കുറഞ്ഞ ലൈറ്റ്, ഫാനുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ സ്റ്റാർ ലേബലുള്ള ലൈറ്റ്, ഫാൻ എന്നിവ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി എത്ര അങ്കണവാടികളിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അംഗൻ ജ്യോതി പദ്ധതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 196 അങ്കണവാടികളിലും ചിറ്റൂർ നിയോജകമണ്ഡലത്തിലെ 226 അങ്കണവാടികളിലും പദ്ധതിയുടെ ഭാഗമായി നിലവിലെ പാചകം വൈദ്യുത പാചകത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള വിവിധ ഉപകരണങ്ങൾ ഇ.എം.സി. നൽകിക്കഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ നെറ്റ് സീറോയ്ക്കായി ഹരിതകേരളം മിഷൻ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലും ഈ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുമായി ഇ.എം.സി. മുന്നോട്ടുപോകുകയാണ്.

**സേവനം വാതിൽപ്പടിയിൽ പദ്ധതി**

309(724) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. സേവനം വാതിൽപ്പടിയിൽ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. സേവനം വാതിൽപ്പടിയിലെന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ തുടക്കമിടുകയും പിന്നീട് ജൂലൈ 2021 മുതൽ പൂർണ്ണമായും നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. സേവനങ്ങൾ ലഭിക്കുന്നതിന് സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും. ഇതിനായി ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് നിലവിലുണ്ട്. ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാർക്ക് സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തുപോയി ആവശ്യമായ രേഖകൾ പരിശോധിക്കുവാനും സ്ഥലപരിശോധന നടത്തി ലഭ്യമായ വിവരങ്ങളുൾപ്പെടുത്തി ഉടൻതന്നെ കേന്ദ്രീകൃത സെർവർ

കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇതുപയോഗിച്ച് സെക്ഷൻ ഓഫീസിൽനിന്ന് അനന്തര നടപടികളെടുക്കുവാൻ സാധിക്കും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കാവുന്നതാണ്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ 14 ജില്ലകളിലും 'സേവനം വാതിൽപ്പടിയിൽ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ ഏതൊക്കെ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും ഈ സേവനം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിലൂടെ പുതിയ വൈദ്യുതി കണക്ഷൻ, ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ് മാറ്റം, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻനീട്ടൽ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്.

**ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി**

310(725) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, M/s Sree Saravana Engineering Bhavani Private Limited, M/s Hunan Zhaoyang Generating Equipment Company Limited, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27-04-2022-ൽ ഒപ്പിട്ടു. പേമെന്റ് നടത്തുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ലെറ്റർ ഓഫ് ക്രെഡിറ്റ് ഓപ്പൺ ചെയ്യേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും അനുബന്ധ നടപടികൾ സംബന്ധിച്ചും നിയമോപദേശം 14-07-2023-ൽ അഡ്വക്കേറ്റ് ജനറൽ കേരളയിൽനിന്ന് സർക്കാർ തേടിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.50 Mu)-യുടെ 99.70% സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

(ബി) ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ചൈനയിൽനിന്നും ബാക്കി യന്ത്രഭാഗങ്ങൾ ലഭ്യമാക്കാനുള്ള അനുമതി ലഭിച്ച് 9 മാസത്തിനകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നിലാവ് പദ്ധതി**

311(726) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലാവ് പദ്ധതിയിൽ ലൈറ്റുകൾ ബഫർ സ്റ്റോക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉണ്ട്. ആരംഭഘട്ടത്തിൽ നിലാവ് പദ്ധതിയിൽ എൽ.ഇ.ഡി. ബഫർ സ്റ്റോക്ക് ലഭ്യമാക്കിയിരുന്നെങ്കിലും ഇത് നിലനിർത്തുന്നില്ല. 7 വർഷത്തെ ഗ്യാരന്റി കാലയളവിൽ വിതരണ ഏജൻസിയായ ഇ.ഇ.എസ്.എൽ. കേടാവുന്ന എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകൾ തീർത്തോ/പുതിയവ നൽകുകയോ ചെയ്ത് 5% ബഫർ സ്റ്റോക്ക് നിലനിർത്തി പോകേണ്ടതാണ്. ടി ബഫർ സ്റ്റോക്കുകളിൽനിന്നാണ് കേടായവ മാറ്റിസ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെ.എസ്.ഇ.ബി.എൽ. നൽകുന്നത്. ഇ.ഇ.എസ്.എൽ. യഥാസമയം കേടായ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യാത്തതിനാൽ ബഫർ സ്റ്റോക്ക് 5% നിലനിർത്താൻ സാധിക്കുന്നില്ല. കേടുപാടുകൾ പരിഹരിക്കുന്നതിനായി വിതരണ ഏജൻസിയായ ഇ.ഇ.എസ്.എൽ.-ന് നിരന്തരം കത്തുകൾ മുഖേനയും ബന്ധപ്പെട്ടവർക്ക് നേരിട്ടും അറിയിപ്പുകൾ നൽകിവരുന്നു. തകരാർ പരിഹരിച്ചുകിട്ടുന്ന മുറയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനായി നൽകുന്നതാണ്.

**പെരുവണ്ണാമൂഴിയിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്**

312(727) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴിയിൽ ആരംഭിച്ച ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പെരുവണ്ണാമൂഴി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ സിവിൽ, ഇലക്ട്രോ, ഹൈഡ്രോ വർക്കുകൾ പൂർത്തീകരിച്ചു. 3 മെഗാവാട്ട് ശേഷിയുള്ള 2 മെഷീനുകൾ 16-07-2023, 19-07-2023 എന്നീ തീയതികളിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. പെരുവണ്ണാമൂഴിയിൽ ആരംഭിച്ച 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവൃത്തികളും 31-08-2023-ന് പൂർത്തിയായിട്ടുണ്ട്. 3 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റുകളാണുള്ളത്. 18-07-2023-ന് വൈദ്യുതി ഉൽപാദനം ആരംഭിച്ചു. ഇതുവരെ 9.941 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.

(ബി) സിവിൽ ഇറക്ഷൻ വർക്കുകൾക്കായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

സിവിൽ വർക്കുകൾക്കായി ഇതുവരെ 47,21,86,303 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇറക്ഷൻ വർക്കുകൾക്കായി ഇതുവരെ 24,00,67,104 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി പൂർത്തീകരിച്ച് 19-07-2023 മുതൽ വൈദ്യുതി ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. ഔദ്യോഗിക കമ്മീഷനിംഗിന് സജ്ജമാണ്.

**പുതിയ ജലവൈദ്യുത പദ്ധതികൾ**

313(728) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ രണ്ടാം നിലയമുൾപ്പെടെ പുതിയ ജലവൈദ്യുത പദ്ധതികളേറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ?

ഇടുക്കിയിൽ രണ്ടാം നിലയമുൾപ്പെടെ പുതിയ ജലവൈദ്യുത പദ്ധതികളേറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നുണ്ട്. പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) എങ്കിൽ ഈ പദ്ധതികൾക്കായി ചെലവഴിക്കേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

18 പദ്ധതികൾക്കായി ഏകദേശം 9292.37 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഈ പദ്ധതികൾ വഴി 1606 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

(ഡി) പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനോടൊപ്പം തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാകാലങ്ങളിൽ പുരോഗതി വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിച്ച് തുടങ്ങിവച്ച പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

314(729) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതമാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ 2021-ൽ അധികാരത്തിൽവന്നശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടേയും വിനിയോഗിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| ക്രമ | നടപ്പിലാക്കിയ പ്രവർത്തികൾ | വിനിയോഗിച്ച |
|---|---|---|

| നമ്പർ | | തുക (Rs) |
|---|---|---|
| 1 | പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 61,15,235/- |
| 2 | എൽ.റ്റി. ലൈൻ കൺവർഷൻ ചെയ്യുന്നതിനായി | 57,16,491/- |
| 3 | എൽ.റ്റി. പുതിയ ലൈനുകൾ സ്ഥാപിക്കൽ | 1,39,23,050/- |
| 4 | എച്ച്.റ്റി. പുതിയ ലൈനുകൾ സ്ഥാപിക്കൽ | 1,49,40,644/- |
| 5 | എൽ.റ്റി. റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തികൾ | 6,55,353/- |
| 6 | എൽ.റ്റി. റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തികൾ | 2,29,38,394/- |
| 7 | നിലവിലെ നെറ്റ്‌വർക്ക് ശക്തിപ്പെടുത്തുന്നതിനായി | 4,06,42,111/- |
| 8 | എച്ച്.റ്റി. UG cable സ്ഥാപിക്കുന്ന പ്രവൃത്തികൾ | 2,24,55,425/- |
| 9 | കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ | 36,93,857/- |
| | **ആകെ** | **13,10,80,560/-** |

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയും പ്രകാരം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 1 | 7 എണ്ണം – പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ | 2,30,371/-രൂപ |

## വൈദ്യുതി വിതരണ രംഗത്തെ പ്രവൃത്തികൾ

315(730) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ രംഗത്ത് ഏതൊക്കെ പ്രവൃത്തികളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് ഓരോ വർഷവും വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ രംഗത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടേയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വൈദ്യുതി പ്രസരണ വിതരണ മേഖലകളിലെ ചെലവ്

316(731) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ നാളിതുവരെ വൈദ്യുതി പ്രസരണ വിതരണ മേഖലകളിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും ലൈനുകളും അധികമായി സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ വിതരണ മേഖലയിൽ 14013 കി.മീ. 11 KV ലൈനും 29445 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും 17586 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13018 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും 6502 കി.മീ. എച്ച്.ടി. ലൈനും 122315 കി.മീ. എൽ.ടി. ലൈനും റീകണ്ടക്റ്ററിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 2016 മുതൽ നാളിതുവരെ പ്രസരണ മേഖലയിൽ 98 പുതിയ സബ്സ്റ്റേഷനുകളും 2222 സർക്യൂട്ട് കിലോ മീറ്റർ പ്രസരണ ലൈനുകളും അധികമായി സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ, വിതരണ മേഖലകളിൽ ചെലവഴിച്ച തുക ചുവടെച്ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | പ്രസരണം | വിതരണം |
|---|---|---|
| 2015-16 | 328.18 | 748.73 |

| | | |
|---|---|---|
| 2016-17 | 280.04 | 1122.80 |
| 2017-18 | 547.38 | 749.03 |
| 2018-19 | 560.43 | 1434.67 |
| 2019-20 | 899.36 | 1544.65 |
| 2020-21 | 1219.61 | 1537.86 |
| 2021-22 | 1024.19 | 1631.28 |
| 2022-23 | 1032.73 | 1577.53 |

(ബി) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ജലവൈദ്യുത പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരളത്തിൽ 2016 മുതൽ നാളിതുവരെ കെ.എസ്.ഇ.ബി.എൽ.-ന്റെ ജലവൈദ്യുത പദ്ധതികളിൽനിന്നും 50.06 മെഗാവാട്ടും സ്വകാര്യ ജലവൈദ്യുത പദ്ധതികളിൽനിന്നും 24.5 മെഗാവാട്ടും അധികമായി വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സബ്സ്റ്റേഷൻ നിർമ്മാണം**

317(732) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേലുള്ള തുടർനടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ നടത്തിയതിൻ പ്രകാരം അവിടെ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതാണ് ഉചിതമായി കാണുന്നത്. സബ്സ്റ്റേഷൻ നിർമ്മാണം, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നു. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ഇ.ബി.എൽ.-ന്റെ

പ്ലാനിലുൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിയും സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമിയും കിട്ടുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമിയേറ്റെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഒറ്റശേഖരമംഗലത്ത് മൂന്ന് സ്ഥലങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്ര ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ഒറ്റശേഖരമംഗലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക പഠനം നടത്തുകയും അവിടെ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതാണ് ഉചിതമെന്നുള്ള ശിപാർശ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി കിട്ടുന്ന മുറയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് കാട്ടാക്കട 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. ലൈൻ വലിച്ച് ഒറ്റശേഖരമംഗലത്ത് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 20.75 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**വൈദ്യുതി നിരക്ക് വർദ്ധനവ്**

318(733) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ?

2022-23-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 1023.62 കോടി രൂപയുടെ നഷ്ടത്തിലാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിക്കുന്നത്. 30-09-2023 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 468.20 കോടി രൂപ നഷ്ടത്തിലാണ്. ദീർഘകാല/ഹ്രസ്വകാല വായ്പയുൾപ്പെടെ 30-09-2023 വരെ 9206 കോടി രൂപ വായ്പയുണ്ട്.

(ബി) 2016 മേയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2016 മേയ് മാസം മുതൽ നാളിതുവരെ നാല് തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59%, 2023-ൽ 3% എന്നിങ്ങനെയായിരുന്നു വർദ്ധനവ്.

(സി) വൈദ്യുതി നിരക്ക് വർദ്ധനവിലൂടെ എത്ര തുകയാണ് അധികവരുമാനമായി ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

2017-18-ൽ 550 കോടി രൂപയുടെയും 2019-20-ൽ 902.90 കോടി രൂപയുടെയും 2022-23-ൽ 760 കോടി രൂപയുടെയും അധികവരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിരുന്നു. 2023-24-ലെ താരിഫ് പരിഷ്കരണംമൂലം 221.15 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു.

(ഡി) വൈദ്യുതി നിരക്ക് ഇനിയും വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ; വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 42, 62 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വൈദ്യുതി നിയമം 2003-ന്റെ വ്യവസ്ഥകളനുസരിച്ചും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻതന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡ്, 08-02-2023-ൽ 2023 മുതൽ 2027 വരെയുള്ള

നാല് വർഷക്കാലയളവിലേയ്ക്ക് താരിഫ് പരിഷ്കരിക്കുന്നതിനാവശ്യമായ ശിപാർശകൾ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. എന്നാൽ, 01-11-2023 മുതൽ 30-06-2024 വരെയുള്ള കാലയളവിലേയ്ക്ക് മാത്രമേ റെഗുലേറ്ററി കമ്മീഷൻ താരിഫ് റിവിഷൻ അനുവദിച്ച് നൽകിയിട്ടുള്ളൂ. വൈദ്യുതി ചാർജ്ജ് തുടർന്നും വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരുവിധ ശിപാർശകളും റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയിട്ടില്ല.

(ഇ) സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും വൈദ്യുതി നിരക്കിലെ കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് എത്ര രൂപ ലഭിക്കാനുണ്ട്; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് 31-12-2023-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 3780.05 കോടി രൂപ ലഭ്യമാകാനുണ്ട്. സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡ് സാധാരണഗതിയിൽ കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി

ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്താണ് കുടിശ്ശിക ഈടാക്കിവരുന്നത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശപ്രകാരം ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നേടിയിട്ടുണ്ട്. ഇതിനുശേഷം കോവിഡ് വ്യാപനം രൂക്ഷമായ രണ്ടാംഘട്ടത്തിലും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺമൂലം വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷണി എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാംതരംഗത്തിനെ തുടർന്ന് സംസ്ഥാന സർക്കാർ

നിർദ്ദേശങ്ങൾക്കനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകൾ അനുവദിക്കുകയും 2021 സെപ്തംബർ 30 വരെ ബില്ലടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ നടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാകുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി അതീവഗുരുതരമായ സാഹചര്യത്തിൽ 10-09-2021-ലെ ഉത്തരവ് പ്രകാരം കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്തും വൈദ്യുതിബന്ധം വിച്ഛേദിച്ചും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയും റവന്യൂ റിക്കവറിയിലൂടെയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റവന്യൂ റിക്കവറിയിലും കോടതി

കേസുകളിലും ഉൾപ്പെട്ടിട്ടുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തുടർനടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2016-ലും 2018-ലും 2019-ലും 2021-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2023-ൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 20-07-2023 മുതൽ 30-12-2023 വരെയുള്ള കാലയളവിൽ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അവസരവും 2003-ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 126, 127-ഉം പ്രകാരം ബുക്ക് ചെയ്ത കേസുകൾക്കും (സെക്ഷൻ 135 ഒഴികെ) ഒ.റ്റി.എസ്. 2023 സ്കീമിന് കീഴിൽ 31-03-2024 വരെ തീർപ്പാക്കാനുള്ള അവസരം പ്രാബല്യത്തിലുണ്ട്.

**പകൽ സമയ വൈദ്യുതി നിരക്ക് കുറയ്ക്കാൻ നടപടി**

319(734) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി പകൽ സമയ വൈദ്യുതി ഉപഭോഗ നിരക്ക് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

(എ&ബി) സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി പകൽ സമയത്ത് വൈദ്യുതി ഉപഭോഗത്തിന് നിരക്ക് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 08-02-2023-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷനിലൂടെ നൽകിയിരുന്നു. ലോ ടെൻഷൻ വിഭാഗത്തിൽപ്പെട്ട വ്യാവസായിക ഉപഭോക്താക്കളുടെയും ഹൈ ടെൻഷൻ വിഭാഗത്തിൽപ്പെട്ട വ്യാവസായിക ഉപഭോക്താക്കളുടെയും പകൽ

സമയത്തെ നിരക്ക് സാധാരണ നിരക്കിന്റെ 95 ശതമാനമാക്കണമെന്നുള്ള നിർദ്ദേശമാണ് കമ്മീഷൻ മുൻപാകെ സമർപ്പിച്ചത്. എന്നാൽ റെഗുലേറ്ററി കമ്മീഷൻ 31-10-2023-ലെ ഉത്തരവിൽ ഇക്കാര്യത്തിൽ പൊതു തെളിവെടുപ്പുൾപ്പെടെയുള്ള വിശദമായ പരിശോധന ആവശ്യമാണെന്ന് വ്യക്തമാക്കുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിനോട് പ്രത്യേകമായി എല്ലാ വിവരങ്ങളും വസ്തുതകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പെറ്റീഷൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് അടുത്ത താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളോടൊപ്പം പ്രസ്തുത വിഷയം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

320(735) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

നിലമ്പൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രകാരം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നം. | വർഷം | പ്രവൃത്തി | തുക (രൂപയിൽ) |
|---|---|---|---|
| 1 | 2021 | ഒരു പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | 32,910/- |
| 2 | 2022 | എട്ട് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ | 2,36,281/- |

നിലമ്പൂർ നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഒന്നാംഘട്ടത്തിൽ 14 നിലയങ്ങൾ (180 KW) സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 2021 | 8 എണ്ണം | 50 KW | 23,18,786/- രൂപ |
| 2022 | 4 എണ്ണം | 95 KW | 40,17,752/- രൂപ |
| 2023 | 2 എണ്ണം | 35 KW | 14,69,289/- രൂപ |

രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 25 നിലയങ്ങളും (100 KW) സ്ഥാപിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു.

| | | |
|---|---|---|
| 2022 | 8 എണ്ണം | 32 KW |
| 2023 | 17 എണ്ണം | 68 KW |

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വിതരണ രംഗത്ത് വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ

| FY | KPIS (Rs.) | Normal (Rs.) | Dyuthi (Rs.) | Deposit (incl. PPS) (Rs.) |
|---|---|---|---|---|
| 2016-17 | 14176441 | 78322808 | 0 | 24004730 |
| 2017-18 | 1445278 | 57564979 | 0 | 8983100 |
| 2018-19 | 0 | 69757840 | 0 | 14659749 |
| 2019-20 | 0 | 98514643 | 0 | 3361125 |
| 2020-21 | 0 | 87430419 | 0 | 14803035 |
| 2021-22 | 0 | 106622003 | 0 | 3160649 |
| 2022-23 | 0 | 142323835 | 10705442 | 28484015 |
| 2023-24 | 0 | 97445093 | 1783151 | 2262943 |
| ആകെ | 15621719 | 737981620 | 12488593 | 99719346 |

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ ട്രാൻസ്മിഷൻ മേഖലയിൽ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും

| ക്രമ നം. | പദ്ധതി | വിശദാംശം | നിലവിൽ വന്ന | ചെലവാക്കിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തീയതി | |
| 1 | 33 കെ.വി. ഇന്റർലിങ്കിംഗ് ലൈൻ നിർമ്മാണം– ശാന്തി നഗർ മുതൽ പൂക്കോട്ടുംപാടം വരെ | 10 km | 04/2019 | 2.493 Crore |
| 2 | 33 കെ.വി. ലൈൻ നിർമ്മാണം – ആഢ്യൻപാറ മുതൽ പോത്തുകല്ല് 33 കെ.വി. സബ്സ്റ്റേഷൻ വരെ | 9.5 km | 08/2020 | 7.368 Crore |
| 3 | ഒരു 5 എം.വി.എ. ട്രാൻസ്ഫോർമറോടുകൂടി പോത്തുകല്ല് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം | | 08/2020 | - |
| 4 | നിലമ്പൂർ സബ്സ്റ്റേഷന്റെ ശേഷി 66 കെ. വി.-യിൽനിന്ന് 110 കെ. വി. ആക്കി വർദ്ധിപ്പിക്കൽ | | 05/2021 | 17.87 Crore |
| 5 | 220 കെ. വി. എളങ്കൂർ സബ് സ്റ്റേഷനിൽനിന്ന് നിലമ്പൂർ വരെയുള്ള ഫീഡറിന്റെ സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കലും ശേഷി 66 കെ. വി.- യിൽനിന്ന് 110 കെ. വി. ആക്കി വർദ്ധിപ്പിക്കലും | Total- 24 km line | 05/2021 | 7.616 Crore |
| 6 | എടക്കര സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി.-യിൽനിന്ന് 110 കെ.വി. ആക്കി വർദ്ധിപ്പിക്കൽ, നിലമ്പൂർ സബ്സ്റ്റേഷൻ മുതൽ | 12.715 km | 05/2021 | 8.002 Crore. |

| | | | | |
|---|---|---|---|---|
| | എടക്കര സബ്സ്റ്റേഷൻ വരെയുള്ള സിംഗിൾ സർക്യൂട്ട് 66 കെ. വി. ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ടാക്കി ഉയർത്തൽ | | | |
| 7 | പൂക്കോട്ടുംപാടം 33 കെ.വി. സബ്സ്റ്റേഷനിൽ രണ്ടാമത്തെ 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | | 03/2020 | 0.82 Crore |
| 8 | പോത്തുകല്ല് 33 കെ.വി. സബ്സ്റ്റേഷനിൽ രണ്ടാമത്തെ 5 എം.വി.എ. ട്രാൻസ്ഫോർമർ + അനുബന്ധ 33 കെ.വി. & 11 കെ.വി. പാനൽ സ്ഥാപിക്കൽ | | 03/2023 | 0.2 Crore |

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പി.എം. കുസും പദ്ധതി (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കിവരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺവഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നബാർഡിൽനിന്നും അനുമതി ലഭിച്ച 5955 പമ്പുകളാണ് ആദ്യഘട്ടത്തിൽ

സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം നടത്താൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിലമ്പൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന കാളിക്കാവ് ബ്ലോക്കിൽ 7kW, കരുളായി പഞ്ചായത്ത് പരിധിയിൽ 14 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, നിലമ്പൂർ തേക്ക് മ്യൂസിയത്തിൽ 5kW ഓൺഗ്രിഡ് പ്ലാന്റ് എന്നീ സൗരോർജ്ജ പദ്ധതികൾ സ്ഥാപിച്ചു. ഏകദേശം 15 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. നൽകിയ പുതിയ വൈദ്യുതി കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **നൽകിയ വൈദ്യുതി കണക്ഷനുകൾ** |
| --- | --- |

| | |
|---|---|
| പോത്തുകല്ല് | 3844 |
| നിലമ്പൂർ | 5110 |
| എടക്കര | 4268 |
| അമരമ്പലം | 5450 |
| ചുങ്കത്തറ | 3139 |
| വഴിക്കടവ് | 4440 |
| കരുളായി | 3211 |
| മൂത്തേടം | 2553 |
| **ആകെ** | **32015** |

(സി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ ഉൾവനങ്ങളിലെ എത്ര ആദിവാസി കോളനികളിലാണ് പുതുതായി വൈദ്യുതി എത്തിച്ചതെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ ഉൾവനങ്ങളിലെ അളക്കൽ, മുണ്ടക്കടവ്, പുഞ്ചകൊല്ലി, കുമ്പളപാറ, പാട്ടക്കരിമ്പ്, വാണിയംപുഴ എന്നീ ആദിവാസി കോളനികളിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതിയെത്തിച്ചു. ഇതിനായി 541.78 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പാക്കിയതെന്ന് അറിയിക്കാമോ?

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതി നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ, അമരമ്പലം, ചുങ്കത്തറ ഗ്രാമപഞ്ചായത്തുകളിലാണ് കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയത്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

321(736) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു.

ആലത്തൂർ മണ്ഡലത്തിൽ കണ്ണമ്പുള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്നതിനോടനുബന്ധിച്ച നിർമ്മാണ പ്രവൃത്തികൾ 08-06-2022-ന് ആരംഭിച്ചു. രണ്ട് 110 കെ.വി. ബേയിൽ, ഒരു 110 കെ.വി. ബേയുടെ നിർമ്മാണം പൂർത്തിയായി. ഇതിനുവേണ്ടി ആദ്യഘട്ട

ലൈൻ വർക്ക് നെന്മാറയിൽനിന്നും കണ്ണമ്പുള്ളി വരെയുള്ള 7.3 കി.മീ. പൂർത്തീകരിച്ചു. 26-10-2023-ന് കണ്ണമ്പുള്ളി സബ്സ്റ്റേഷൻ 110 കെ.വി. ആയി നവീകരിച്ചു. രണ്ടാംഘട്ട 110 കെ.വി. ബേയുടെ ജോലികൾ പുരോഗമിക്കുന്നു. 24.90 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾക്കായി 11.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ പുരപ്പുറ സോളാർ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ മുതൽമുടക്കിൽ 11 പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട് (68 KWp). ഇതിന് വിനിയോഗിച്ച തുക 29,89,883/-ആണ്.

ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും വിനിയോഗിച്ച തുകയുടെ വിവരണവും താഴെപ്പറയുന്നു.

| 2016-2017 | Qty | (Rs. in Lakhs) |
|---|---|---|
| 11 കെ.വി. ലൈൻ വലിക്കൽ | 6.12 km | 41.004 |
| എൽ.ടി. ലൈൻ വലിക്കൽ | 28.01 km | 95.234 |
| കൺവേർഷൻ | 11.3 km | 18.645 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 6 Nos | 23.400 |
| എൽ.ടി. റീ-കണ്ടക്ടറിംഗ് | 53.15 km | 292.325 |
| **2017-2018** | **Qty** | **(Rs. in Lakhs)** |

| | | |
|---|---|---|
| 11 കെ.വി. ലൈൻ വലിക്കൽ | 6.94 km | 46.498 |
| എൽ.ടി. ലൈൻ വലിക്കൽ | 12.31 km | 41.854 |
| കൺവേർഷൻ | 2.99 km | 4.934 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 17 Nos | 66.300 |
| എൽ.ടി. റീ-കണ്ടക്ടറിംഗ് | 5.42 km | 2.981 |
| **2018-2019** | **Qty** | **(Rs. in Lakhs)** |
| 11 കെ.വി. ലൈൻ വലിക്കൽ | 4.5 km | 30.150 |
| എൽ.ടി. ലൈൻ വലിക്കൽ | 13.38 km | 95.492 |
| കൺവേർഷൻ | 2.9 km | 4.785 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 7 No.s | 27.300 |
| എൽ.ടി. റീ-കണ്ടക്ടറിംഗ് | 2.25 km | 1.238 |
| **2019-2020** | **Qty** | **(Rs. in Lakhs)** |
| 11 കെ.വി. ലൈൻ വലിക്കൽ | 3.54 km | 23.718 |
| എൽ.ടി. ലൈൻ വലിക്കൽ | 14.6 km | 49.640 |
| കൺവേർഷൻ | 5.73 km | 9.454 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 9 Nos | 35.100 |
| എൽ.ടി. റീ-കണ്ടക്ടറിംഗ് | 83.78 Km | 46.079 |
| **2020-2021** | **Qty** | **(Rs. in Lakhs)** |
| 11 കെ.വി. ലൈൻ വലിക്കൽ | 2.4 km | 16.080 |
| എൽ.ടി. ലൈൻ വലിക്കൽ | 13.5 km | 45.900 |
| കൺവേർഷൻ | 4.49 km | 7.409 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 4 No.s | 15.600 |
| എൽ.ടി. റീ-കണ്ടക്ടറിംഗ് | 98.99 km | 54.444 |
| **2021-2022** | **Qty** | **(Rs. in Lakhs)** |
| 11 കെ.വി. ലൈൻ വലിക്കൽ | 3.14 km | 20.472 |

| | | |
|---|---|---|
| എൽ.ടി. ലൈൻ വലിക്കൽ | 1.2 km | 2.355 |
| കൺവേർഷൻ | 2.7 km | 8.594 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 4 No.s | 14.532 |
| എൽ.ടി. റീ-കണ്ടക്റ്ററിംഗ് | 258.768 KM | 112.506 |
| **2022-2023** | **Qty** | **(Rs. in Lakhs)** |
| 11 കെ.വി ലൈൻ വലിക്കൽ | 9.97 km | 114.364 |
| എൽ.ടി. ലൈൻ വലിക്കൽ | 3.86 km | 15.620 |
| കൺവേർഷൻ | 12.96 km | 44.238 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 5 No.s | 18.165 |
| എൽ.ടി. റീ-കണ്ടക്റ്ററിംഗ് | 166.86 km | 288.461 |
| **2023-2024** | **Qty** | **(Rs. in Lakhs)** |
| 11 കെ.വി. ലൈൻ വലിക്കൽ | 0.56 km | 0.807 |
| എൽ.ടി. ലൈൻ വലിക്കൽ | 8.37 km | 33.871 |
| കൺവേർഷൻ | 1.71 km | 5.837 |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 5 Nos | 18.165 |
| എൽ.ടി. റീ-കണ്ടക്റ്ററിംഗ് | 57.35 km | 99.145 |

ഇതുകൂടാതെ എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് 20 ലക്ഷം രൂപ ഉപയോഗിച്ച് മേലാർകോട് പഞ്ചായത്തിൽ 380 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണത്തിലുൾപ്പെടുത്തി 1,23,77,646/- രൂപ ചെലവഴിച്ച് 1375 സർവ്വീസ് കണക്ഷൻ നൽകുകയും

ചെയ്തു. എം.എൽ.എ.-എസ്.ഡി.എഫ്. -ൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ ചെലവഴിച്ച് സ്ട്രീറ്റ് മെയിൻ വലിച്ചു. ആലത്തൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കാവശ്ശേരി പഞ്ചായത്ത് - 2 kW ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് - 2,38,786/- രൂപ.

2. ജി.എൽ.പി.എസ്. കാവശ്ശേരി- 2 kW ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് - 2,38,786/- രൂപ.

3. ഹോമിയോ ഡിസ്പെൻസറി കാവശ്ശേരി- 3 kW ഗ്രിഡ് സോളാർ പവർ പ്ലാന്റ് - 3,51,728/- രൂപ.

4. വെറ്ററിനറി ഡിസ്പെൻസറി കാവശ്ശേരി- 2 kW ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് - 2,38,786/- രൂപ.

5. പബ്ലിക് ഹെൽത്ത് സെന്റർ കാവശ്ശേരി - 5 kW ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് - 5,77,965/- രൂപ.

6. ബി.എഫ്.സി.കെ. ആലത്തൂർ - 7 kW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്- 4,59,424/- രൂപ.

7. ആലത്തൂർ നിയോജകമണ്ഡലത്തിൽ 14 വീടുകളിലായി 41 kW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു- 27,67,500/- രൂപ.

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കിവരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺവഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നബാർഡിൽനിന്നും അനുമതി ലഭിച്ച 5,955 പമ്പുകളാണ് ആദ്യഘട്ടത്തിൽ സൗരോർജ്ജവൽക്കരിക്കുന്നത്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിന്റെ കീഴിൽ ആലത്തൂർ കൃഷിഭവനിൽ 18 പമ്പുകൾ സൗരോർജ്ജവത്കരിക്കാൻ വർക്ക്

ഓർഡർ നൽകിയിട്ടുണ്ട് (77.49 ലക്ഷം രൂപ). ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഹരിത ഊർജ്ജ വരുമാന പദ്ധതി**

322(737) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത ഊർജ്ജ വരുമാന പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഹരിത ഊർജ്ജ വരുമാന പദ്ധതിവഴി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 163 |
| കൊല്ലം | 28 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 212 |
| കോട്ടയം | 28 |
| ഇടുക്കി | 30 |
| എറണാകുളം | 40 |
| തൃശ്ശൂർ | 238 |

| | |
|---|---|
| പാലക്കാട് | 118 |
| മലപ്പുറം | 22 |
| കോഴിക്കോട് | 19 |
| വയനാട് | 54 |
| കണ്ണൂർ | 71 |
| കാസർഗോഡ് | 19 |

പ്രസ്തുത പദ്ധതി വഴി സൗജന്യമായാണ് 2 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നത്. ഈ പദ്ധതി പ്രകാരം ആയിരത്തോളം വീടുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഹരിത ഊർജ്ജ വരുമാന പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം ആയിരത്തോളം ലൈഫ് മിഷൻ വീടുകളിൽ/ബി.പി.എൽ. വീടുകളിൽ സാധ്യതാപഠനം നടത്തി. ഇവയിൽനിന്നും സാധ്യമായ 500 വീടുകളിൽ 2 കിലോവാട്ട് വീതം

ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാൻ നടപടി**

323(738) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് പുരപ്പുറ, ഭൗമോപരിതല, ഫ്ലോട്ടിംഗ് സോളാർ പദ്ധതികളിൽനിന്നുള്ള പ്രതിവർഷ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ ലക്ഷ്യം നേടാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പദ്ധതി തിരിച്ച് വിശദമാക്കാമോ?

2019-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ബാണാസുര സാഗർ റിസർവോയറിൽ 500 കിലോ വാട്ടിന്റെ ഒരു ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിച്ചു. അവിടെ വൈദ്യുതി ഉൽപാദനം നടക്കുന്നു. കേരളത്തിലെ ജലാശയങ്ങളിൽ കൂടുതൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി സാധ്യതാപഠനം നടത്താൻ കേരള സർക്കാർ

അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും ഭൂമിയിലുമായി പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.-കുസും, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കിവരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ്, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി 633 MW (പുരപ്പുറ സോളാർ - 515MW,

ഫ്ലോട്ടിംഗ് സോളാറുൾപ്പെടെ ഭൗമോപരിതല സോളാർ - 118MW) വർദ്ധിച്ച് നിലവിൽ 938 MW ആയിട്ടുണ്ട്.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിവഴി അനെർട്ടിന്റെ 10% ധനസഹായത്തോടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവൃത്തിയായി വിവിധ സർക്കാർ സ്ഥാപനങ്ങളിൽ 2.5 MW സോളാർ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 516 സൈറ്റുകളിലായി 16.7 MW സോളാർ പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം പൂർത്തിയാക്കി. തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരേയ്ക്കും 500 kW സൗരോർജ്ജ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം പൂർത്തിയായിട്ടുണ്ട്. പദ്ധതി നിർവ്വഹണം തുടർന്നുകൊണ്ടിരിക്കുന്നു. റിന്യൂവബിൾ എനർജി

സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് 'റെസ്കോ (RESCO) മോഡൽ' പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് റെസ്കോ ആയി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം കണ്ണൂർ തലശ്ശേരിയിലെ റബ്കോയിൽ 350 kW സൗരോർജ്ജ പവർ പ്ലാന്റും എറണാകുളം ജില്ലയിലെ ഇരുമ്പനത്തുള്ള ട്രാക്കോ കേബിൾ കമ്പനിയിൽ 500 kW സൗരോർജ്ജ പവർ പ്ലാന്റും സ്ഥാപിച്ചു. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ 600kW സൗരോർജ്ജ പ്ലാന്റ് റെസ്കോ ആയി സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗാർഹികമേഖലയിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന സൗരതേജസ്സ് പദ്ധതിയുടെ ഭാഗമായി 1917 വീടുകളിലായി ഇതുവരെ 6 മെഗാവാട്ട് ഗാർഹിക പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം പൂർത്തിയായി.

(ബി) ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; പ്രസ്തുത ഹബ്ബുകൾ മുഖേന എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള വിശദമായ പഠനം നടത്തിവരുന്നു. അതിലേയ്ക്കായി വൈദ്യുത വിശ്ലേഷണമോ മറ്റെന്തെങ്കിലും തെളിയിക്കപ്പെട്ട രീതികളോ ഉപയോഗിച്ച് ഹൈഡ്രജൻ ഊർജ്ജം ഉൽപാദിപ്പിക്കുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.സ്.ഇ.ബി. ലിമിറ്റഡ് ഒരു താത്പര്യപത്രം ക്ഷണിച്ചിരുന്നു. ഹൈഡ്രജൻ ഇലക്ട്രോലൈസർ, ഹൈഡ്രജൻ സ്റ്റോറേജ് പ്ലാന്റ്, ഫ്യൂവൽ സെല്ലുകൾ എന്നിവയുൾപ്പെടെ പൂർണ്ണമായ എൻഡ് ടു എൻഡ് സൊല്യൂഷനോടുകൂടിയ ഹൈഡ്രജൻ പവർ പ്ലാന്റിന്റെ സമഗ്രമായ നിർദ്ദേശം ലഭിക്കുന്നതിനായാണ് താത്പര്യപത്രം ക്ഷണിച്ചിരുന്നത്. അതിൻപ്രകാരം 11 കമ്പനികൾ താത്പര്യം പ്രകടിപ്പിക്കുകയും അതിൽ 9 കമ്പനികൾ 04-09-2023, 05-09-2023 എന്നീ തീയതികളിൽ അവരുടെ പ്രൊപ്പോസൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. താത്പര്യപത്രം ഇവാലുവേറ്റ് ചെയ്യാനുള്ള കമ്മിറ്റി,

പ്രൊപ്പോസലുകൾ പഠിക്കുകയും അതുപ്രകാരമുള്ള ശിപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനക്ഷമതയും സാമ്പത്തിക ബാധ്യതയും വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നതുവഴി വ്യവസായ മേഖലകളിൽ ഹരിത ഹൈഡ്രജൻ ഇന്ധനമായി സ്വീകരിക്കുന്നതിനും അതുവഴി കാർബൺ ബഹിർഗമനം വലിയതോതിൽ കുറയ്ക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കപ്പെടുന്നു. അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും സാധ്യതകൾ നിലനിൽക്കുന്നു. ഹരിത ഹൈഡ്രജൻ ഹബ്ബിനായി സർക്കാർ അടുത്ത 4 വർഷത്തേയ്ക്കായി 200 കോടി രൂപ പദ്ധതി സഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളുൾപ്പെടുത്തി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഹൈഡ്രജൻ വാലിയും കൊച്ചി കേന്ദ്രമാക്കി ഹൈഡ്രജൻ ഹബ്ബും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ഇലക്ട്രോളിസിസിലൂടെ ഹരിത ഹൈഡ്രജൻ ഉൽപാദനം, അടിസ്ഥാന സൗകര്യങ്ങളായ സംഭരണം,

വാഹനത്തിലേയ്ക്ക് നിറയ്ക്കാനുള്ള സംവിധാനം എന്നിവയും ഹൈഡ്രജൻ ഉപയോഗപ്പെടുത്തുന്ന സംവിധാനങ്ങളായ ഇ-മൊബിലിറ്റി (കര-ജല വാഹനങ്ങൾ), സിറ്റി ഗ്യാസ് ബ്ലെൻഡിംഗ് എന്നിവയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള 'സ്കെയിലിംഗ്-അപ്പ്' ഘട്ടത്തിൽ വലിയ തോതിലുള്ള ഹൈഡ്രജൻ ഉപഭോക്താക്കളായ കൊച്ചിൻ റിഫൈനറി, അമോണിയ ഉപഭോക്താക്കളായ ഫാക്ട് എന്നിവരെക്കൂടിയുൾപ്പെടുത്തി വലിയ തോതിലുള്ള ഹരിത ഹൈഡ്രജൻ ഉൽപാദനവും ഉപയോഗവും കയറ്റുമതിയുമാണ് ലക്ഷ്യമിടുന്നത്. പല സ്വകാര്യ സംരംഭകരിൽനിന്നും ഹരിത ഹൈഡ്രജൻ, ഹരിത അമോണിയ ഉൽപാദന പദ്ധതികളിൽ നിക്ഷേപത്തിനുള്ള നിർദ്ദേശവും ലഭിച്ചിട്ടുണ്ട്. ആഭ്യന്തര ഉപയോഗത്തോടൊപ്പം കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങളിലൂടെ കയറ്റുമതിക്കും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ ഉപഭോക്താക്കൾക്കും വൈദ്യുതി ബോർഡിനുമുണ്ടാകാൻ സാധ്യതയുള്ള ലാഭനഷ്ടങ്ങളുടെ കണക്ക് താരതമ്യം ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ?

കേന്ദ്ര ഊർജ്ജ വകുപ്പ് 20-07-2021-ലെ F.No.20-09-2019-IPDS നവീകൃത വിതരണ മേഖലാ പദ്ധതിയുമായി (ആർ.ഡി.എസ്.എസ്.) ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരവും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) 19-08-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള (മീറ്ററുകളുടെ ഇൻസ്റ്റലേഷനും പ്രവർത്തനവും) (ഭേദഗതി) ചട്ടങ്ങൾ 2021 പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG-DL-E-19082021-229126 പ്രകാരവും Rights of Consumer of Consumer Rules 2020, CEA (Installation and Operation of Meters) Amendment Regulation 2019, National Tariff Policy (NTP) 2016 എന്നിവ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് നിയമപരമായ ബാധ്യതയായി മാറിയിരിക്കുന്നു.

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന് വളരെ കൂടിയ മൂലധന ചെലവ് ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ RDSS പദ്ധതി മുഖേന നൽകുന്ന സബ്സിഡി വളരെ പരിമിതമായതിനാൽ ടോട്ടക്സ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയാൽ ഉപഭോക്താവിന് അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ

25-08-2023-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഉപഭോക്താക്കൾക്ക് ബാധ്യത കുറയത്തക്കവിധത്തിൽ ആദ്യഘട്ട സ്മാർട്ട് മീറ്റർ വ്യാപനം 3 ലക്ഷത്തിൽത്താഴെയായി പരിമിതപ്പെടുത്താൻ തീരുമാനിച്ചിരുന്നു. അതിനാൽ പരമാവധി ചെലവ് കുറച്ച് ഗാർഹിക ഉപഭോക്താക്കൾ അടക്കമുള്ള ഉപഭോക്താക്കളെ ഒഴിവാക്കിയാണ് ആദ്യഘട്ടം പുരോഗമിക്കുന്നത്. ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, ഡിവിഷൻ ബോർഡറുകൾ എന്നിവിടങ്ങളിലും സർക്കാർ ഉപഭോക്താക്കൾക്കും ഹൈ ടെൻഷൻ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഉപഭോക്താക്കളെ സംബന്ധിച്ച് സ്മാർട്ട് മീറ്ററുകൾ മൂല്യവർദ്ധിത സേവനമാണ്. സ്വാഭാവികമായും ഇതിനുള്ള ചെലവും സേവനത്തിന്റെ മൂല്യവും ഓരോ ഉപഭോക്താവിനും വ്യത്യാസമായിരിക്കും. അതുകൊണ്ട് സ്മാർട്ട് മീറ്ററുകൾ എല്ലാ ഉപഭോക്താക്കൾക്കും ഇന്നത്തെ സാഹചര്യത്തിൽ ലാഭകരമാകില്ല. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ആസൂത്രണം ചെയ്യുന്നതിനും ഇത് ഉപകരിക്കും.

(ഡി) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ ലാഭകരമാകുമോയെന്ന് വിശദമാക്കാമോ?

1. ഉപഭോക്താവിനുള്ള നേട്ടങ്ങൾ

തത്സമയ വൈദ്യുതി ഉപഭോഗ നിരീക്ഷണം: ഒരു സ്മാർട്ട് മീറ്ററിന്റെ പ്രാഥമിക നേട്ടങ്ങളിലൊന്ന് തത്സമയം ഊർജ്ജ ഉപയോഗം നിരീക്ഷിക്കാനുള്ള കഴിവാണ്. അതായത് ഉപഭോക്താക്കൾക്ക് ഏത് സമയത്തും അവർ ഉപയോഗിക്കുന്ന ഊർജ്ജം കൃത്യമായി കാണാനും അതിനനുസരിച്ച് അവരുടെ ശീലങ്ങൾ ക്രമീകരിക്കാനും കഴിയും. ഇത് വൈദ്യുതി ബിൽ കുറയ്ക്കാൻ അവരെ സഹായിക്കും. ഉപഭോക്താവിന്റെ ഊർജ്ജ ഉപഭോഗം ട്രാക്ക് ചെയ്യാനും നിയന്ത്രിക്കാനും സ്മാർട്ട് മീറ്ററുകൾ ഉപയോഗിക്കുന്നത് കാർബൺ കാൽപ്പാടുകൾ കുറയ്ക്കുന്നതിനും സഹായിക്കും.

മെച്ചപ്പെട്ട കൃത്യത: സ്മാർട്ട് മീറ്ററുകൾ പരമ്പരാഗത മീറ്ററുകളേക്കാൾ വളരെ കൃത്യമാണ്. അതിനാൽ ഉപഭോക്താക്കൾക്ക് കൂടുതൽ കൃത്യമായ ബില്ലുകൾ ലഭിക്കും.

<u>വിദൂര നിയന്ത്രണം</u>: സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി.എൽ.-ന് വിദൂരമായി നിയന്ത്രിക്കാൻ കഴിയും. അതിനാൽ ഊർജ്ജ വിതരണത്തിലെ പ്രശ്നങ്ങൾ കൂടുതൽ വേഗത്തിൽ മുൻകൂട്ടി തിരിച്ചറിയാൻ കഴിയും. ഇത് വേഗത്തിലുള്ള അറ്റകുറ്റപ്പണികൾക്കും പരാതി പരിഹാരത്തിനും സഹായിക്കും.

<u>സ്മാർട്ട് മീറ്റർ ഫീച്ചറുകൾ</u>: കൂടുതൽ സൗകര്യങ്ങൾ നൽകാൻ കഴിയുന്ന അധിക ഫീച്ചറുകളുമായാണ് പല സ്മാർട്ട് മീറ്ററുകളും വരുന്നത്. ഉദാഹരണത്തിന്, ചില സ്മാർട്ട് മീറ്ററുകൾക്ക് ഹോം ഓട്ടോമേഷൻ സിസ്റ്റങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയും. മൊബൈൽ ആപ്പുകൾ വഴി ഉപഭോക്താക്കളെ അവരുടെ ഊർജ്ജ ഉപയോഗം നിയന്ത്രിക്കാനും അനുവദിക്കുന്നു.

2. <u>ഉപഭോക്താവിനുള്ള കോട്ടങ്ങൾ</u>

<u>അധിക ചെലവ്</u>: സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ്, ഇതുമൂലം വൈദ്യുതി യൂട്ടിലിറ്റിക്കുണ്ടായ നേട്ടം കുറച്ചതിനുശേഷം ആത്യന്തികമായി ഉപഭോക്താവിൽനിന്നുതന്നെ ഈടാക്കും. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച

പ്രകാരമുള്ള ടോട്ടക്സ് മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ ഉപഭോക്താവിൽനിന്ന് നിശ്ചിത വർഷത്തേയ്ക്ക് പ്രതിമാസ വാടക ഈടാക്കും. കാപെക്സ് മാതൃകയിൽ സ്ഥാപിക്കുമ്പോൾ ഈ ചെലവിന്റെ ഒരു ഭാഗം ഉപഭോക്താവിന്റെ വൈദ്യുതി നിരക്കിൽ പ്രതിഫലിക്കാം.

ഡാറ്റ ലംഘനങ്ങൾ: കണക്ടഡായ ഏതൊരു ഡിജിറ്റൽ ഉപകരണത്തെയുംപോലെ സ്മാർട്ട് മീറ്ററുകളും ഡാറ്റാ ലംഘനങ്ങൾക്ക് വിധേയമാണ്.

സ്വകാര്യതയിലുള്ള കടന്നുകയറ്റം: ഗാർഹിക ഊർജ്ജ ഉപഭോഗത്തിന്റെ നിരീക്ഷണം സ്മാർട്ട് മീറ്ററുകൾ നടത്തുന്നത് സ്വകാര്യതയിലുള്ള കടന്നുകയറ്റമായി ചിലർ വ്യാഖ്യാനിക്കുന്നുണ്ട്.

3. വൈദ്യുതി ബോർഡിനുള്ള നേട്ടങ്ങൾ

തത്സമയ വിവരങ്ങൾ: സ്മാർട്ട് മീറ്ററുകളുപയോഗിച്ച് തത്സമയ ഉപയോഗത്തെ അടിസ്ഥാനമാക്കി മാസം മുഴുവൻ ക്യാഷ് ഫ്ലോ സാഹചര്യങ്ങൾ പ്രവചിക്കാൻ കഴിയും. തത്സമയ ബില്ലിംഗ് വിവരങ്ങളും

ഡൈനാമിക് പ്രൈസിംഗും ഡിമാൻഡ് റെസ്പോൺസ് പ്രോഗ്രാമുകളും നടപ്പിലാക്കാൻ സഹായിക്കും.

സിസ്റ്റം അനാലിസിസ്: സിസ്റ്റം മീറ്ററുകൾ ഉപയോഗിച്ച് ശൃംഖലയിലെ പ്രസരണ നഷ്ടം കൃത്യമായി കണ്ടെത്താനും അതിനനുസരിച്ച് ശൃംഖല വികസിപ്പിക്കാനും പറ്റും. പീക്ക് ലോഡിനും വൈദ്യുതി മാർക്കറ്റിലെ വിലയ്ക്കും അനുസരിച്ച് കൂടുതൽ കൃത്യമായ നിയന്ത്രണങ്ങൾ സാധ്യമാകും. തകരാറുകൾ തൽക്ഷണം കണ്ടെത്തുന്നതിനും മൊത്തം വൈദ്യുതി പുനഃസ്ഥാപിക്കൽ വേഗത്തിലാക്കുന്നതിനും സ്മാർട്ട് മീറ്ററുകൾ സഹായിക്കും.

സാമ്പത്തിക ലാഭം: സ്മാർട്ട് മീറ്ററുകളുടെ പ്രവർത്തനം പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്തിരിക്കുന്നതിനാൽ റീഡിംഗ് ലഭിക്കുന്നതടക്കമുള്ള സേവനങ്ങൾക്ക് തൊഴിലാളികൾ നേരിട്ട് പോകേണ്ടതില്ല. മറ്റ് അവശ്യ ജോലികൾക്കായി ഈ മനുഷ്യവിഭവ സമ്പത്തിനെ വിന്യസിക്കാനും കഴിയും.

4. വൈദ്യുതി ബോർഡിനുള്ള നഷ്ടങ്ങൾ

ഉയർന്ന മൂലധന ചെലവ്: സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന് വളരെ കൂടിയ മൂലധന ചെലവ് ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ

RDSS പദ്ധതി മുഖേന നൽകുന്ന സബ്സിഡി വളരെ പരിമിതമായതിനാൽ ടോട്ടക്സ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയാൽ ഉപഭോക്താവിന് അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യമുണ്ട്. എന്നാൽ, സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നത് വഴി ലഭിക്കുന്ന ചെലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കുവാൻ സാധിക്കും.

(ഇ) വീടുകളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ പ്ലാന്റുകളുടെ ഭാഗമായുള്ള പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ലോ ടെൻഷൻ ഗാർഹിക ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ട്രാൻസ്ഫോർമറുകൾ, ഫീഡറുകൾ, ഡിവിഷൻ ബോർഡറുകൾ എന്നിവിടങ്ങളിലും സർക്കാർ ഉപഭോക്താക്കൾക്കും ഹൈ ടെൻഷൻ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

**സോളാർ പാനൽ**

324(739) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെ 455 KW കപ്പാസിറ്റി പ്ലാന്റുകൾ സ്ഥാപിക്കാനുള്ളതിൽ 327 KW പ്ലാന്റുകൾ 39 ഇടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളത് സ്ഥാപിക്കുന്നതിലേയ്ക്ക് അനുയോജ്യമായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക സർവ്വേ നടത്തുകയും ചെയ്തു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പദ്ധതി നടപ്പാക്കാൻ ശേഷിക്കുന്ന സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിലെ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ബാക്കി സ്ഥാപനങ്ങളിലെ ഫീസിബിലിറ്റി സ്റ്റഡി അവസാനഘട്ടത്തിലാണ്.

(സി) മേൽപ്പറഞ്ഞ മണ്ഡലത്തിൽ സോളാർ പാനൽ സ്ഥാപിച്ചതിലൂടെ ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനായിയെന്നും എത്ര ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് സാധിച്ചുവെന്നും അറിയിക്കുമോ?

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ചതിലൂടെ ഏകദേശം 79913 യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനും ഏകദേശം 68 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കാനും സാധിച്ചു.

**പാടശേഖരങ്ങളിൽ സൗരോർജ്ജ മോട്ടോറുകൾ**

325(740) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിൽ കൃഷിക്ക് വൈദ്യുതി മോട്ടോറുകൾക്കുപകരം സൗരോർജ്ജ മോട്ടോറുകൾ ഉപയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പി.എം. കുസും പദ്ധതിയിലുൾപ്പെടുത്തി പാടശേഖരങ്ങളിൽ കാർഷിക പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിനുള്ള നടപടികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ ഏകദേശം 219 കോൾ പാടങ്ങളാണ് നിലവിലുള്ളത്. ഇതിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ (Vertical Axial Flow) പമ്പുകളുപയോഗിച്ച് പ്രവർത്തിക്കുന്നവ സൗരോർജ്ജ പദ്ധതിയിലുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ഈ വർഷം അനുമതി ലഭിച്ച 5955 പമ്പുകളിൽ 59 എണ്ണം കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ്. ഇതിൽ 35 എണ്ണത്തിന്റെ സാധ്യതാ പഠനം നടത്തി. ഫീസിബിളായ സ്ഥലങ്ങളിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻവേണ്ട തുടർനടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു.

(ബി) കോൾ പടവുകളിലെ ജലസ്രോതസ്സുകളായ തോടുകളുടെ സമീപത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി

ഉൽപാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

**വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം**

326(741) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വാഴാനി ഡാമിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.എൽ.-ന്റെയും ജലസേചന വകുപ്പിന്റെയും പ്രതിനിധികൾ സംയുക്ത പരിശോധന നടത്തുകയും തുടർന്ന് കെ.എസ്.ഇ.ബി.എൽ. നടത്തിയ പ്രാഥമിക പഠനത്തിൽ പ്രസ്തുത സ്ഥലം ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. കേരളത്തിലെ

റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി സാധ്യതാ പഠനം നടത്താൻ കേരള സർക്കാർ അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

**ക്ലീൻ എനർജി**

327(742) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ എനർജിയെന്നറിയപ്പെടുന്ന ഹരിത ഹൈഡ്രജൻ ഉൽപാദനത്തിനുള്ള സംസ്ഥാനത്തിന്റെ അനുകൂല അന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2040 ആകുമ്പോഴേയ്ക്കും 100 ശതമാനം പുനരുപയോഗ ഊർജ്ജ അധിഷ്ഠിത സംസ്ഥാനമായി മാറുവാൻ സംസ്ഥാനം ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി ഹൈഡ്രജൻവാലി ഇന്നൊവേഷൻ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഹൈഡ്രജൻ ഉൽപാദനവും വിതരണവും കൂടാതെ ഈ രംഗത്ത് ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ-ഡി) ഹരിത ഹൈഡ്രജൻ ഉൽപാദനത്തിലുള്ള സംസ്ഥാനത്തിന്റെ അനുകൂല അന്തരീക്ഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം വൈദ്യുത വിശ്ലേഷണമോ മറ്റെന്തെങ്കിലും തെളിയിക്കപ്പെട്ട രീതികളോ ഉപയോഗിച്ച് ഹൈഡ്രജൻ ഊർജ്ജം ഉൽപാദിപ്പിക്കുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു താത്പര്യപത്രം ക്ഷണിച്ചിരുന്നു. ഹൈഡ്രജൻ ഇലക്ട്രോലൈസർ, ഹൈഡ്രജൻ സ്റ്റോറേജ് പ്ലാന്റ്, ഫ്യുവൽസെല്ലുകൾ എന്നിവയുൾപ്പെടെ പൂർണ്ണമായ എൻഡ് ടു എൻഡ് സൊല്യൂഷനോടുകൂടിയ ഹൈഡ്രജൻ പവർ പ്ലാന്റിന്റെ സമഗ്രമായ നിർദേശം ലഭിക്കുന്നതിനായാണ് താത്പര്യപത്രം ക്ഷണിച്ചിരുന്നത്. അതിൻപ്രകാരം 11 കമ്പനികൾ താത്പര്യം പ്രകടിപ്പിക്കുകയും അതിൽ 9 കമ്പനികൾ 04-09-2023, 05-09-

2023 എന്നീ തീയതികളിൽ അവരുടെ പ്രൊപ്പോസൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. താത്പര്യപത്രം ഇവാല്യുവേറ്റ് ചെയ്യാനുള്ള കമ്മിറ്റി പ്രൊപ്പോസലുകൾ പഠിക്കുകയും അത് പ്രകാരമുള്ള ശിപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനക്ഷമതയും സാമ്പത്തിക ബാധ്യതയും വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട് അനെർട്ട് മുഖേന താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഹരിത ഹൈഡ്രജൻ ഹബ്ബിനായി സർക്കാർ അടുത്ത 4 വർഷത്തേയ്ക്കായി 200 കോടി രൂപ പദ്ധതി സഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്.

കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളുൾപ്പെടുത്തി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഹൈഡ്രജൻ വാലിയും കൊച്ചി കേന്ദ്രമാക്കി ഹൈഡ്രജൻ ഹബ്ബും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ഇലക്ട്രോളിസിസിലൂടെ ഹരിത ഹൈഡ്രജൻ ഉൽപാദനം, അടിസ്ഥാന സൗകര്യങ്ങളായ സംഭരണം, വാഹനത്തിലേയ്ക്ക് നിറയ്ക്കാനുള്ള സംവിധാനം എന്നിവയും ഹൈഡ്രജൻ ഉപയോഗപ്പെടുത്തുന്ന

സംവിധാനങ്ങളായ ഇ-മൊബിലിറ്റി (കര-ജല വാഹനങ്ങൾ), സിറ്റി ഗ്യാസ് ബ്ലെൻഡിംഗ് എന്നിവയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളുൾപ്പെടുത്തി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഹൈഡ്രജൻ വാലി പദ്ധതിയിലേയ്ക്ക് കേരളം ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനായി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) അനെർട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വിവിധ സർക്കാർ-അർദ്ധസർക്കാർ റിസർച്ച് അക്കാഡമിക് സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർ സഹകരിക്കുന്ന കൺസോർഷ്യമായാണ് കേരളം ഡി.പി.ആർ. സമർപ്പിച്ചത്. ഫെബ്രുവരി 8-ന് നടക്കുന്ന പ്രോജക്ട് അവതരണത്തെത്തുടർന്ന് ഉടൻതന്നെ അനുമതി ലഭിക്കുമെന്ന് കരുതുന്നു. പല സ്വകാര്യ സംരംഭകരിൽനിന്നും ഹരിത ഹൈഡ്രജൻ, ഹരിത അമോണിയ ഉൽപാദന പദ്ധതികളിൽ നിക്ഷേപത്തിനുള്ള നിർദ്ദേശവും ലഭിച്ചിട്ടുണ്ട്. ആഭ്യന്തര ഉപയോഗത്തോടൊപ്പം കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങളിലൂടെ കയറ്റുമതിക്കും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നുണ്ട്. തുടർന്നുള്ള 'സ്കെയിലിംഗ്-അപ്പ്' ഘട്ടത്തിൽ വലിയ തോതിലുള്ള ഹൈഡ്രജൻ

ഉപഭോക്താക്കളായ കൊച്ചിൻ റിഫൈനറി, അമോണിയ ഉപഭോക്താക്കളായ ഫാക്ട് എന്നിവരെക്കൂടിയുൾപ്പെടുത്തി വലിയ തോതിലുള്ള ഹരിത ഹൈഡ്രജൻ ഉൽപാദനവും ഉപയോഗവും കയറ്റുമതിയുമാണ് ലക്ഷ്യമിടുന്നത്. കേരളത്തെ 100 ശതമാനം പുനരുപയോഗ ഊർജ്ജ അധിഷ്ഠിത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തിലെത്തുവാൻ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

203.50 MW മൊത്തം സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അപ്പർ ചെങ്കുളം (24 MW/53.22Mu) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16Mu), ലക്ഷ്മി (240MW/347Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. 92.036 MW മൊത്തം സ്ഥാപിതശേഷിയുള്ള 14 ചെറുകിട

ജലവൈദ്യുത പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്. വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും ഭൂമിയിലുമായി പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം. കുസും, റിസർവ്വോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി, കെ.എസ്.ഇ.ബി.എൽ. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. നിലവിലെ

കണക്കുകൾ പ്രകാരം കേരളത്തിലെ സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി 938 MW ആണ്. വൈദ്യുതിയുടെ കാര്യത്തിൽ ഈ ലക്ഷ്യത്തിലേയ്ക്കെത്താൻ പ്രധാനമായും സൗരോർജ്ജം (ഫ്ലോട്ടിംഗ് സോളാർ ഉൾപ്പെടെ), ജലവൈദ്യുത പദ്ധതികൾ (പമ്പ്ഡ് സ്റ്റോറേജ് ഉൾപ്പെടെ) എന്നിവയായിരിക്കും ഉപയോഗപ്പെടുകയെന്ന് കരുതുന്നു. ഗതാഗതമുൾപ്പെടെ മറ്റ് മേഖലകളിൽ കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ ഹരിത ഹൈഡ്രജനിലൂടെ പുനരുപയോഗ ഊർജ്ജം ഉപയോഗപ്പെടുത്താം. സി.എസ്.ഐ.ആർ.-എൻ.ഐ.ഐ.എസ്.ടി., സി-ഡാക് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങൾ, അനെർട്ട്, ഇ.എം.സി. എന്നിവരുമായി ചേർന്ന് ഹരിത ഹൈഡ്രജൻ ഉൽപാദനം, ഘടകങ്ങളുടെ നിയന്ത്രണ സംവിധാനങ്ങൾ, സംഭരണം തുടങ്ങിയ മേഖലകളിലെ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും അവയുടെ ഉപയോഗം പഠനവിധേയമാക്കി നമുക്കാവശ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിനും നൂതന ഉപയോഗങ്ങൾ കണ്ടെത്തി പൈലറ്റ് പദ്ധതികൾ നടപ്പാക്കാനുമുദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ ഐ.ഐ.റ്റി.-മദ്രാസ്, നെതർലാൻഡ്സിലെ ഗ്രോണിംഗൻ സർവകലാശാല എന്നിവരുമായി

ചേർന്നും സാങ്കേതികവിദ്യാ വികസനത്തിനുള്ള പദ്ധതികൾ പരിഗണനയിലാണ്.

**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ**

328(743) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരമുള്ള വൈദ്യുതി ഉൽപാദനത്തിന്റെ കണക്ക് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

24-01-2024-ലെ കണക്കുപ്രകാരം 111720 കൺസ്യൂമേഴ്സിന്റെ പുരപ്പുറ സോളാർ നിലയങ്ങളിൽനിന്നായി 688.877221 മെഗാവാട്ട് ഉൽപാദനശേഷി കൈവരിക്കാനും അതുവഴി 824.953568 മില്യൺ യൂണിറ്റ്സ് ഉൽപാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'സൗര' പ്രോജക്ടിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. മുഖേന 93.557/- കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അഗളി – 1 മെഗാവാട്ട് (5.62 കോടി രൂപ), കഞ്ചിക്കോട് - 3 മെഗാവാട്ട് (16.87 കോടി രൂപ), ബ്രഹ്മപുരം – 2.75 മെഗാവാട്ട് (14.77 കോടി രൂപ), പി.എം. കുസും (കേന്ദ്ര പദ്ധതി) – 0.8 മെഗാവാട്ട് (2.45 കോടി രൂപ) എന്നിവിടങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഏകദേശം 39.71 കോടി രൂപ ചെലവഴിച്ചു. ആകെ ചെലവഴിച്ചത് ഏകദേശം 133.27 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിക്കുന്നതിനായി അനെർട്ട് മുഖേന ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെച്ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2021-22 | Rs.18.60 കോടി |
| 2022-23 | Rs.18.30 കോടി |
| 2023-24 | Rs.5.87 കോടി<br>(29-01-2024 വരെ) |

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിച്ചതിലൂടെ പരിസ്ഥിതിക്കുണ്ടായ നേട്ടം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്ഥാപിച്ചതിലൂടെ പരിസ്ഥിതിക്കുണ്ടായ നേട്ടം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

**നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ**

329(744) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുത കമ്പിയിൽ തട്ടി അപകടം സംഭവിക്കുന്നവർക്ക് ബോർഡ് മുഖേന നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന് നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാ പദ്ധതി'-യുടെ

വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടിവീണ കമ്പികളിൽനിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)</u>

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ ബാധകം).

2. 2023 വർഷത്തേയ്ക്ക് ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ (ജൂലൈ 2021 മുതൽ ബാധകം) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾക്ക് അനുവദനീയമായ മരണാനന്തര നഷ്ടപരിഹാരം (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)</u>

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ ബാധകം).

2. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ചുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ

കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

**വൈദ്യുതി ലൈനുകളിൽനിന്ന് ഷോക്കേറ്റുള്ള മരണങ്ങൾ**

330(745) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളിൽനിന്ന് ഷോക്കേറ്റുണ്ടാകുന്ന മരണങ്ങളും അപകടങ്ങളും തടയാൻ വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാന്വൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാ നയവുമായി

ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിംഗ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവൃത്തിയിടങ്ങളിൽ സുരക്ഷാ പരിശോധന നടത്തിവരുന്നു.

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതിബന്ധം വിച്ഛേദിച്ചും ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളൂവെന്ന് കർശനനിർദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്).

അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടുകൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്, ഫുൾ ബോഡി

സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റാണ് നൽകിയിട്ടുള്ളത്. കാലപ്പഴക്കംമൂലം കേടാവുന്നവയ്ക്ക് പകരം ഉടനടി വാങ്ങി നൽകുന്നുമുണ്ട്. ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ എന്നിവ പാലിക്കുന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും ഫീൽഡ് സ്റ്റാഫിന്റെ ജോലിസ്ഥലത്തെ പി.പി.ഇ.-കളുടെ ഉപയോഗം വിലയിരുത്തുവാനും ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി സർക്കിൾ അടിസ്ഥാനത്തിൽ നടന്നുവരുന്നു. സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിലെത്തിക്കുന്നു. എൽ.ടി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതുവഴി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന

അപകടങ്ങൾ ഒഴിവാക്കുന്നതിനായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി 119 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ എ.എ.സി. കമ്പികൾ പൂർണ്ണമായും ഒഴിവാക്കി എ.സി.എസ്.ആർ. കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ എ.സി.എസ്.ആർ. കണ്ടക്ടർ മാറ്റി പുതിയ എ.സി.എസ്.ആർ. കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. പ്രത്യേക ശ്രദ്ധ നൽകിവരുന്നു. ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വഴിയും എ.ബി.സി. കണ്ടക്ടറുപയോഗിക്കുന്നത് വഴിയും ഗാർഡിംഗ് നിർമ്മിക്കുന്നത് വഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നത് വഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ

പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്. ഇ.ബി.എൽ തീരുമാനിച്ചിരിക്കുന്നത്. ദ്യുതി 1, ദ്യുതി 2, ആർ.ഡി.എസ്.എസ്. പദ്ധതി എന്നിവയിൽ ഇത്തരം പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ. പ്രാധാന്യം നൽകുന്നു.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് വൈദ്യുതി ലൈനുകളിൽനിന്ന് ഷോക്കേറ്റ് എത്ര മരണം സംഭവിച്ചിട്ടുണ്ട്?

വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് കഴിഞ്ഞ വർഷം 84 മരണങ്ങളുണ്ടായിട്ടുണ്ട് (18 മൃഗങ്ങളുൾപ്പെടെ).

(സി) വൈദ്യുതി ലൈനുകളിൽനിന്ന് ഷോക്കേറ്റ് അപകടമരണം സംഭവിച്ചവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള "വൈദ്യുതി സുരക്ഷാ പദ്ധതി"-യുടെ

വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടിവീണ കമ്പികളിൽനിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് “വൈദ്യുതി സുരക്ഷാ പദ്ധതി” പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് “വൈദ്യുതി സുരക്ഷാ പദ്ധതി” പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)**

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ ബാധകം).

2. 2023 വർഷത്തേയ്ക്ക് ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ (ജൂലൈ 2021 മുതൽ ബാധകം) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

**കരാർ തൊഴിലാളികൾക്ക് അനുവദനീയമായ മരണാനന്തര നഷ്ടപരിഹാരം (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)**

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ ബാധകം).

2. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികളേറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകട മരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ്

പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

**ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യൽ**

331(746) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. എം. ജി. സുരേഷ് കുമാർ കെ.എസ്.ഇ.ബി.-യുടെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈയിനത്തിലുണ്ടായ സാമ്പത്തിക നഷ്ടം പ്രസ്തുത വ്യക്തിയിൽനിന്നും ഈടാക്കുവാൻ കെ.എസ്.ഇ.ബി.-യുടെ മുൻ സി.എം.ഡി.

ഉത്തരവിട്ടിരുന്നോ; എങ്കിൽ ഈടാക്കേണ്ട തുക എത്രയാണെന്നും ഈ തുക അടച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയിൽനിന്നും ഈടാക്കുവാൻ മുൻ സി.എം.ഡി. നിശ്ചയിച്ച തുക പുതിയ സി.എം.ഡി. ഇളവ് ചെയ്ത് കൊടുക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) ബഹുമാനപ്പെട്ട മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷനിലായിരുന്ന ശ്രീ. എം. ജി. സുരേഷ് കുമാർ, കെ.എസ്.ഇ.ബി.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ No. KL01 BQ 2419 എന്ന വാഹനം 01-08-2017 മുതൽ 27-06-2020 വരെയുള്ള കാലയളവിൽ ഔദ്യോഗിക അനുമതി കൂടാതെ ശ്രീ. എം. ജി. സുരേഷ് കുമാർ കൈവശപ്പെടുത്തി

ഉപയോഗിച്ചുവന്നിരുന്നതായും ടി വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം ടിയാൻ ഔദ്യോഗിക ആസ്ഥാനമായ തിരുവനന്തപുരത്തുനിന്നും തന്റെ ജന്മദേശമായ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, പേരാമ്പ്ര, കുറ്റിയാടി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നടത്തിയിട്ടുള്ള 48640 Km അനൗദ്യോഗിക യാത്രയിലൂടെ 6,72,560/- രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നഷ്ടം വരുത്തിയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് ആരോപണ വിധേയനായ ശ്രീ. എം. ജി. സുരേഷ് കുമാർ 6,72,560/- രൂപ അടയ്ക്കണമെന്ന് കാണിച്ച് മുൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01-07-2022-ലെ നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+. ശ്രീ. എം. ജി. സുരേഷ് കുമാറിന്റെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായി തീരുമാനിച്ചതാണെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡ് മുൻ ഡയറക്ടർ (ഫിനാൻസ്) ടിയാന് വ്യക്തിഗത കൂടിക്കാഴ്ച അനുവദിക്കുകയും ആയതിൽ ടിയാൻ മുന്നോട്ടുവച്ച വാദമുഖങ്ങളുടെ അടിസ്ഥാനത്തിലും അദ്ദേഹം സർക്കാരിൽ ബഹുമാനപ്പെട്ട വൈദ്യുതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രിയുടെ കാര്യാലയത്തിൽ പ്രവർത്തിച്ചിരുന്ന സമയത്ത് നടന്ന സംഭവമാകയാൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്ന നിഗമനത്തിലും നിലവിലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 01-07-2022-ലെ നടപടിക്രമം റദ്ദാക്കിക്കൊണ്ട് 07-11-2022-ലെ നടപടിക്രമം പുറപ്പെടുവിക്കുകയും പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. അതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി വകുപ്പിന്റെ ഓഫീസുകളും സ്ഥാപനങ്ങളും**

332(747) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ അനെർട്ടിന്റെ ജില്ലാ ഓഫീസും ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയവും പ്രവർത്തിക്കുന്നു. പ്രസ്തുത ജില്ലയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ഓഫീസുകളിൽ അനുവദിച്ച തസ്തികകളും അവയുടെ എണ്ണവും ഓഫീസ്/സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം, ഓഫീസ്/സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഇതിനുള്ള കാരണമെന്താണെന്നും എപ്പോൾ നികത്തുമെന്നും ഓഫീസ്/സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

(ബി-ഡി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ജില്ലാ ഓഫീസിലെ തസ്തികകളും അവയുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത ഓഫീസിൽ രണ്ട് ഒഴിവുകളുണ്ട്.

1. ക്ലാർക്ക് (കന്നട/മലയാളം) - 01-04-2019 മുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. സ്കിൽഡ് അസിസ്റ്റന്റ് - 07-08-2022 മുതൽ.

മേൽപ്പറഞ്ഞ രണ്ട് ഒഴിവുകളും കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. അനെർട്ടിന്റെ ജില്ലാ ഓഫീസിൽ ജില്ലാ ടെക്നിക്കൽ മാനേജർ, അസിസ്റ്റന്റ് ജില്ലാ ടെക്നിക്കൽ മാനേജർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ ഓരോ തസ്തികകളാണുള്ളത്. അനെർട്ടിന്റെ കാസർഗോഡ് ജില്ലാ ഓഫീസിലെ തസ്തികകളിൽ ജില്ലാ ടെക്നിക്കൽ മാനേജർ, അസിസ്റ്റന്റ് ജില്ലാ ടെക്നിക്കൽ മാനേജർ എന്നിവരുടെ തസ്തികകൾ ആയത് സൃഷ്ടിച്ച 22-02-2021 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. അനെർട്ടിന്റെ സ്പെഷ്യൽ റൂൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമാകുന്ന മുറയ്ക്ക് കെ.പി.എസ്.സി. മുഖേന ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവദനീയമായ അംഗബലത്തെക്കാൾ കുറവായ ജീവനക്കാർ മാത്രമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജോലി ചെയ്തുവരുന്നത്. ഈ ജീവനക്കാരെ പരമാവധി എല്ലാ ജില്ലകളിലേയ്ക്കും വിന്യസിച്ചാണ് സ്ഥാപനത്തിന്റെ ദൈനംദിന ജോലികൾ ചെയ്തുവരുന്നത്. കാസർഗോഡ് ജില്ലയിലെ ഓഫീസുകളിലെ നിലവിലെ ഒഴിവുകൾ സമീപകാലത്തുണ്ടായ വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ മുഖേന പല തീയതികളായി ഉണ്ടായിട്ടുള്ളതാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പുനഃസംഘടനാ നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത പുനഃസംഘടന പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുവരുന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ പദ്ധതി**

333(748) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം സുഗമമാക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വിഭാവനം ചെയ്ത നെല്ലിക്കാപറമ്പ് 66 കെ.വി. സബ്സ്റ്റേഷൻ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ നെല്ലിക്കാപറമ്പ് പ്രദേശത്തും സമീപ പ്രദേശങ്ങളിലുമുള്ള വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നെല്ലിക്കാപറമ്പിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ 2010-ൽ ഭരണാനുമതി നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാതിരുന്നതിനാൽ സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഒരു സ്വകാര്യ വ്യവസായ സ്ഥാപനം അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിച്ചതിനെത്തുടർന്ന് സ്ഥല പരിശോധന, ലൈൻ റൂട്ട് പരിശോധന എന്നിവ നടത്തുകയും അഗസ്ത്യമൂഴി 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് 13 കിലോമീറ്റർ നീളത്തിൽ 33 കെ.വി. ലൈൻ വലിച്ച് ടി സ്ഥലത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള

പ്രാരംഭ നടപടിയായ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ ഫീൽഡ് ഓഫീസിൽ തയ്യാറാക്കിവരികയാണ്.

(സി) ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് കൈമാറ്റം ചെയ്ത് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**പട്ടിക്കാട് ഭാഗത്ത് 110 കെ.വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി**

334(749) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ, പട്ടിക്കാട് ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പട്ടിക്കാട് ഭാഗത്ത് 110 കെ.വി. സബ് സ്റ്റേഷൻ ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വൈദ്യുതി വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പട്ടിക്കാട് 110 കെ.വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പട്ടിക്കാട് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി സാങ്കേതിക പഠനം നടത്തിക്കൊണ്ടിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**താഴേക്കോട്, പുലാമന്തോൾ സെക്ഷനുകളിലെ വൈദ്യുതി തടസ്സത്തിന് പരിഹാരം**

335(750) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴേക്കോട്, പുലാമന്തോൾ സെക്ഷനുകൾക്കുകീഴിൽ നിരന്തരമുണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് പ്രശ്നങ്ങളുംമൂലം ഉപഭോക്താക്കൾ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് വൈദ്യുതി വകുപ്പിന് സ്വീകരിക്കാൻ സാധിക്കുകയെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) താഴേക്കോട്, പുലാമന്തോൾ എന്നീ സെക്ഷനുകൾക്കുള്ളിൽ നിരന്തരമായ വൈദ്യുതി തടസ്സങ്ങൾ അനുഭവപ്പെടുന്നുണ്ട്. പുലാമന്തോൾ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും മേലാറ്റൂർ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നുമുള്ള രണ്ട് ലൈനുകളിലൂടെയാണ് താഴേക്കോട് 33 കെ.വി. സബ്സ്റ്റേഷൻ ഫീഡ് ചെയ്യപ്പെടുന്നത്. കാടും മലകളുമുള്ള പ്രദേശത്തുകൂടി കടന്നുപോകുന്നതിനാലാണ് ഈ ലൈനുകളിൽ അടിക്കടി വൈദ്യുതി തടസ്സങ്ങൾ നേരിടുന്നത്. ഇതിനുപരിഹാരമായി ഏതെങ്കിലും ഒരു ലൈൻ പൂർണ്ണമായും കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് സ്റ്റാൻഡേർഡൈസ് ചെയ്യേണ്ടതുണ്ട്. മേലാറ്റൂർ സബ്സ്റ്റേഷനിൽനിന്നും താഴേക്കോട് സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. ലൈൻ ഭാഗികമായി

കവേർഡാക്കുന്നതിനായി മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ ആർ.ഡി.എസ്.എസ്. ഫേസ് I പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജോലിയുടെ വർക്ക് ഓർഡർ നൽകുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 33 കെ.വി. പുലാമന്തോൾ സബ്സ്റ്റേഷനിലേയ്ക്കും 33 കെ.വി. താഴേക്കോട് സബ്സ്റ്റേഷനിലേയ്ക്കും കൊപ്പം 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് ഒരു 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനാണ് നിലവിലുള്ളത്. ആയത് പുലാമന്തോൾ സബ്സ്റ്റേഷൻ വരെയുള്ള മൂന്നര കിലോമീറ്ററോളം ദൂരം കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഡബിൾ സർക്യൂട്ട് ലൈനാക്കിയാൽ അടിക്കടിയുള്ള ഇന്ററപ്ഷൻ പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. കൂടാതെ, 110 കെ.വി. പെരിന്തൽമണ്ണ സബ്സ്റ്റേഷനിൽനിന്നും താഴേക്കോട് 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് ഒരു പുതിയ 33 കെ.വി. ലൈൻ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർ.ഡി.എസ്.എസ്. ഫേസ് 2 പദ്ധതിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേരി വൈദ്യുതി സെക്ഷൻ വിഭജനം

336(751) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി വൈദ്യുതി സെക്ഷനെ വിഭജിച്ച് പൂക്കളത്തൂരിൽ പുതിയ സെക്ഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്. ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിന് പുറമെ സെക്ഷൻ ഓഫീസുകളെ

സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും വാട്സ്ആപ്പ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at

doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണംവഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ആയതിനാൽ മഞ്ചേരി സെക്ഷൻ വിഭജിച്ച് പൂക്കളത്തൂരിൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**താമരശ്ശേരി അടിവാരത്ത് 110 കെ.വി. സബ്സ്റ്റേഷൻ**

337(752) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ സ്ഥലമേറ്റെടുപ്പ് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

അടിവാരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി 28-10-2021-ന് കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകിയിട്ടുള്ളതാണ്. എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം 213.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും 09-04-2022-ൽ അനുമതിയും ലഭിച്ചിട്ടുണ്ട്. കണ്ടിജൻസി ചാർജ് ഇനത്തിൽ 14 ലക്ഷം രൂപ റവന്യൂ വകുപ്പിൽ അടച്ചിട്ടുണ്ട്. സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി ഗസറ്റ് വിജ്ഞാപനം 02-08-2023-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്പെഷ്യൽ തഹസിൽദാർ (ലാൻഡ് അക്വിസിഷൻ) കൊയിലാണ്ടി ഓഫീസിൽ നടന്നുവരികയാണ്.

(ബി) പ്രസ്തുത പദ്ധതി നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഭൂമി കൈമാറി ലഭിച്ചാലുടൻതന്നെ സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

**മണിയൂരിലെ സബ്സ്റ്റേഷൻ നിർമ്മാണം**

338(753) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ കീഴൽ എന്ന സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിൽ കീഴൽ പ്രദേശത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വടകര നഗരസഭയുടെ കൈവശമുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ നഗരസഭാ ഓഫീസിൽ നടന്നുവരികയാണ്. പ്രസ്തുത സ്ഥലം

കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമാകുന്ന മുറയ്ക്ക് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെയുണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പ്രസ്തുത 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ, തോടന്നൂർ, മേമുണ്ട, കീഴൽ, വടകര ടൗൺ, കരിമ്പനപാലം, പുതുപ്പന, ചെരണ്ടത്തൂർ, മന്ദാരത്തൂർ, തിരുവള്ളൂർ എന്നീ പ്രദേശങ്ങളിൽ നിലവിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാരം കാണാൻ സാധിക്കുന്നതാണ്.

## വൈദ്യുതി ബോർഡിൽ മസ്ദൂർ നിയമനം

339(754) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ മസ്ദൂർ നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സമഗ്രമായ പുനഃസംഘടന നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ കരട് സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ പരിഗണനയിലാണ്. പുനഃസംഘടന പൂർത്തിയാകുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിലുണ്ടാകാവുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ വിതരണ മേഖലയിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കൾക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ

ദ്യുതി ഉൾപ്പെടെയുള്ള പ്രവൃത്തികൾ

വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ ദ്യുതി 1, 2 ഉൾപ്പെടെയുള്ള പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 4519 കി.മീ. 11 കെ.വി. ലൈനും 10218 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷനുൾപ്പെടെ 6158 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 37956 കി.മീ. എൽ.ടി. ലൈനും 1899 കി.മീ. 11 കെ.വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 3590 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ആദ്യ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട് ദ്യുതി പദ്ധതിയിലുൾപ്പെട്ട 175 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 191.84 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയിൽ 250 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 300 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. <u>എൽ.ടി. വൈദ്യുതി ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതിനുള്ള കർമ്മ പദ്ധതി</u>

വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 119 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

3. <u>വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനുള്ള കർമ്മ പദ്ധതി</u>

വിതരണശൃംഖലയിലെ എച്ച്.ടി. ലൈനുകളിലെ തകരാറുകൾ ലൈൻ പട്രോൾ നടത്തിയും വിവിധ സ്ഥലങ്ങളിലായി ലൈൻ ഐസൊലേറ്റ് ചെയ്ത് ടെസ്റ്റ് ചാർജ് ചെയ്തും മറ്റും കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന

സംവിധാനം വളരെ ചെലവ് കുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർതന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാറുണ്ടാകുന്ന സമയത്ത് വിവരം എസ്.എം.എസ്. ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാറുണ്ടായ സ്ഥലം കണ്ടുപിടിക്കുന്നതിനുള്ള നൂതന സംവിധാനമാണിത്. ഈ സംവിധാനം വഴി തകരാർ സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാകുകയും ചെയ്യുന്നു. അടുത്ത രണ്ടര വർഷത്തിനുള്ളിൽ 2500 ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുന്നതോടുകൂടി ഉപഭോക്താക്കൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും തകരാർ സംഭവിച്ച സ്ഥലം എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും അതുവഴി വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള സമയം പരമാവധി കുറയ്ക്കുന്നതിനും സാധിക്കുന്നു.

4. ഹോട്ട് ലൈൻ മെയിന്റനൻസ്

സംസ്ഥാനത്തൊട്ടാകെയുള്ള 1.37 കോടി എൽ.ടി. ഉപഭോക്താക്കൾക്കും 7410 എച്ച്.ടി. ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ. വിതരണ

ശൃംഖലയിലൂടെ വൈദ്യുതി നൽകിവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ 776 സെക്ഷൻ ഓഫീസുകളിലായി വ്യാപിച്ച് കിടക്കുന്ന 3 ലക്ഷം കിലോമീറ്റർ എൽ.ടി. ലൈനുകളും 69000 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 88000 ട്രാൻസ്ഫോർമറുകളും ഉപയോഗിച്ചാണ് വൈദ്യുതി വിതരണം സാധ്യമാക്കുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രദേശം വളരെ വൈവിധ്യപൂർണ്ണവും മിക്ക സ്ഥലങ്ങളിലും കനത്ത മരങ്ങളുള്ളതുമാണ്. അതിനാൽ വൃക്ഷങ്ങൾക്കിടയിലൂടെയാണ് സംസ്ഥാനത്തെ മിക്ക ലൈനുകളും കടന്നുപോകുന്നത്. കാലാവസ്ഥാ വ്യതിയാനം, ഇടയ്ക്കിടെയുള്ള ഇടിമിന്നൽ, ശക്തമായ ഇടിമിന്നലിനുള്ള സാധ്യത, റബ്ബർപോലെ പെട്ടെന്ന് മുളച്ചുവരുന്ന തോട്ടം മരങ്ങൾ ഉൾപ്പെടെയുള്ള കനത്ത മരങ്ങളുടെ വളർച്ച തുടങ്ങിയവ വിതരണ ശൃംഖലയുടെ പരിപാലനം കൂടുതൽ സങ്കീർണ്ണമാക്കുന്നു. പരമ്പരാഗത അറ്റകുറ്റപ്പണി പ്രവർത്തനങ്ങളിൽ ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുന്നതാണ് നടപടിക്രമം. ലൈനുമായി ബന്ധിപ്പിച്ചിട്ടുള്ള ഉപഭോക്താക്കൾക്കുള്ള സേവനം അറ്റകുറ്റപ്പണികൾക്കിടയിൽ നിഷേധിക്കപ്പെടുന്ന സാഹചര്യം ഇപ്പോൾ സൃഷ്ടിക്കപ്പെടുന്നു. പുനരുപയോഗ

സ്രോതസ്സുകളുടെ വർദ്ധനവ്, വർദ്ധിച്ചുവരുന്ന വൈദ്യുത വാഹനങ്ങളുടെ എണ്ണം, വൈദ്യുതിയില്ലാതെ വരുമ്പോഴുണ്ടാകുന്ന വരുമാന നഷ്ടം എന്നിവ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം തടസ്സപ്പെടുത്താതെ വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കാൻ ഹോട്ട് ലൈൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞു. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ വിവിധ മേഖലയിലെ 4 സെക്ഷനുകളിൽ ഹോട്ട് ലൈൻ സംവിധാനമേർപ്പെടുത്താൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

നിലവിൽ വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്താൻ "ക്ലൗഡ് ടെലിഫോണി" ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പപ്പോൾത്തന്നെ ബന്ധപ്പെട്ട

സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇത് പരാതി പരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

1. സേവനം വാതിൽപ്പടിയിൽ (Service at Door Steps)

പൊതുജനങ്ങൾക്ക് വൈദ്യുതി സംബന്ധമായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റിസ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും. ഇതിനായി

ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് നിലവിലുണ്ട്. ഈ ആപ്പ് ഉപയോഗിച്ച് ജീവനക്കാർക്ക് സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തുപോയി ആവശ്യമായ രേഖകൾ പരിശോധിക്കുവാനും സ്ഥലപരിശോധന നടത്തി ലഭ്യമായ വിവരങ്ങളുൾപ്പെടുത്തി ഉടൻതന്നെ കേന്ദ്രീകൃത സെർവർ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇതുപയോഗിച്ച് സെക്ഷൻ ഓഫീസിൽനിന്ന് അനന്തര നടപടികളെടുക്കുവാൻ സാധിക്കും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ വൈദ്യുതി കണക്ഷൻ, ഉടമസ്ഥാവകാശം/താരിഫ് മാറ്റൽ തുടങ്ങിയവയ്ക്കുള്ള അപേക്ഷ അതത് സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമെ ഓൺലൈൻ വഴി സ്വീകരിച്ചും കണക്ഷനുകൾ നൽകാൻ പുതിയ സാങ്കേതികവിദ്യകൾ പരമാവധി കെ.എസ്.ഇ.ബി.എൽ. പ്രയോജനപ്പെടുത്തിവരുന്നു.

2. ഡിജിറ്റൽ പേമെന്റുകളുടെ പ്രോത്സാഹനം

ഏത് സെക്ഷൻ ഓഫീസുകളിലും വൈദ്യുത ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കുവാൻ നെറ്റ്

ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേമെന്റ് സിസ്റ്റം (Bbps), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് പോർട്ടൽ (SSDG), എം. കേരള മൊബൈൽ ആപ്പ്, പേ ടി.എം., NACH, ഫോൺ പേ, ഗൂഗിൾ പേ, മൊബി ക്വിക്, പേ യു, ആമസോൺ പേ തുടങ്ങിയ വിവിധങ്ങളായ സംവിധാനങ്ങളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ പേമെന്റുകളുടെ എണ്ണം കൂട്ടുന്നതിനും അടുത്ത രണ്ടര വർഷത്തിനുള്ളിൽ പണമടവ് 90 ശതമാനത്തിന് മുകളിൽ ഓൺലൈൻ സംവിധാനങ്ങളിലൂടെയാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ 70 ശതമാനത്തിൽ കൂടുതൽ തുകയും ഓൺലൈൻ പേമെന്റിൽ കൂടിയാണ് ലഭിക്കുന്നത്.

3. <u>വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ</u>

വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്തുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം തിരുവനന്തപുരം വൈദ്യുതി ഭവനം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. 1912 എന്ന ടോൾ ഫ്രീ നമ്പർ വഴിയും വെബ്സൈറ്റ് വഴിയും ഉപഭോക്താക്കളുടെ

വിവിധങ്ങളായ പരാതികൾ രജിസ്റ്റർ ചെയ്യുവാനായുള്ള നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാട്സാപ്പ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്താൻ ക്ലൗഡ് ടെലിഫോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പപ്പോൾത്തന്നെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇതും പരാതി പരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

വൈദ്യുതി തടസ്സങ്ങൾ ഉപഭോക്താക്കളെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ മുൻകൂട്ടി എസ്.എം.എസ്. ആയി അറിയിക്കുന്ന ഊർജ്ജ ദൂത്, വൈദ്യുത ബിൽ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലും ഇ-മെയിൽ ഐ.ഡി.-യിലും അറിയിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതികളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്.

4. <u>വിതരണ മേഖലയിലെ ഓഫീസുകൾക്കുവേണ്ടിയുള്ള പുതിയ കെട്ടിടങ്ങൾ</u>

പോത്താനിക്കാട്, മറയൂർ, കുമളി, ഗിരിനഗർ, കാഞ്ഞിരപ്പള്ളി, രാമപുരം, ഐയ്യനം, മൂലമറ്റം, പുന്നയൂർക്കുളം, മുള്ളേരിയ, കണ്ണനെല്ലൂർ, നടത്തറ, പാതിരപ്പള്ളി, പുതുപ്പാടി, വള്ളിത്തോട്, അയ്യന്തോൾ, നല്ലോമ്പുഴ, തൃക്കരിപ്പൂർ, പരപ്പൂർ, കുമ്പാറ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കുവേണ്ടിയും സബ് റീജിയണൽ സ്റ്റോർ, ഷൊർണ്ണൂർ ഓഫീസിനുവേണ്ടിയുമുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. ഇതോടൊപ്പം മണ്ണാർക്കാട് മിനി വൈദ്യുതി ഭവനം, കാസർഗോഡ് വൈദ്യുതി ഭവനം, പട്ടാമ്പി മിനി വൈദ്യുതി ഭവനം, പൊന്നാനി മിനി വൈദ്യുതി ഭവനം, ചെങ്ങന്നൂർ വൈദ്യുതി ഭവനം, ഇരിട്ടി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കെട്ടിടം, മങ്ങാട്ടുപറമ്പ് ടി.എം.ആർ. ഡിവിഷൻ ഓഫീസ് കെട്ടിടം എന്നിവയും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു.

വൈദ്യുത ബോർഡിന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് 203.50 MW സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ

പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ 100 MW സ്ഥാപിതശേഷിയുള്ള 2 ജലവൈദ്യുത പദ്ധതികളുടെ {പള്ളിവാസൽ വിപുലീകരണ പദ്ധതി (60MW/153.90Mu), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 Mu)} നിർമ്മാണപ്രവർത്തനങ്ങൾ 2024-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അപ്പർ ചെങ്കുളം (24 MW /53.22 Mu) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. 14 ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള

പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്. വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ ഉത്പാദന പ്രസരണ മേഖലകളിലെ കഴിഞ്ഞ 7.5 വർഷത്തിലെ നടപടികൾ ചുവടെച്ചേർക്കുന്നു.

<u>ഉൽപാദന മേഖല</u>

1. <u>ജലവൈദ്യുത പദ്ധതികൾ</u>

ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 75.1 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് പൂർത്തിയാക്കിയത്. ഇതിൽ വൈദ്യുതി ബോർഡ് നേരിട്ട് 50.6 മെഗാവാട്ടും സ്വകാര്യ സംരംഭകർ മുഖേന 24.5 മെഗാവാട്ടും പൂർത്തിയാക്കി.

2. <u>സൗരോർജ്ജ പദ്ധതികൾ</u>

സംസ്ഥാനത്ത് സൗരോർജ്ജ നിലയങ്ങളിൽനിന്നും ആകെ 938 MW സ്ഥാപിതശേഷിയാണ് നിലവിലുള്ളത്. മേയ് 2016-ൽ സൗരോർജ്ജ പദ്ധതികളിൽനിന്നുള്ള ആകെ സ്ഥാപിതശേഷി 16.499 മെഗാവാട്ടിൽനിന്നും

വിവിധ പദ്ധതികളിലൂടെ 938 MW ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. ഇപ്രകാരം 921.5 MW-ന്റെ വർദ്ധനവാണ് പ്രസ്തുത കാലഘട്ടത്തിലുണ്ടായത്.

<u>പ്രസരണ മേഖല</u>

സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ പ്രസരണ നഷ്ടം കുറയ്ക്കുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ആവശ്യാനുസരണം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രസരണശൃംഖല വികസിപ്പിക്കുന്നതിനാണ് ശ്രദ്ധ ചെലുത്തിയത്. ഈ പരിപാടിയുടെ ഭാഗമായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷിവർദ്ധിപ്പിക്കുകയും ചെയ്യുക, കാലപ്പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കുക മുതലായ പ്രവൃത്തികൾ മുൻഗണന നൽകി നടപ്പാക്കുകയുണ്ടായി.

സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രസരണശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ നഷ്ടത്തിൽ 107 MW-ന്റെ കുറവാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. ശരാശരി ഏകദേശം 250 കോടി രൂപയുടെ വരുമാന നേട്ടമാണ് ഇതിലൂടെ സംസ്ഥാനത്തിന് ലഭ്യമാകുന്നത്. തനത് പദ്ധതികളും ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പിലാക്കിയതുവഴി കഴിഞ്ഞ ഏഴര വർഷക്കാലയളവിൽ പുതുതായി 98 സബ്സ്റ്റേഷനുകളുടെയും (അപ്ഗ്രേഡ് ചെയ്തവയുൾപ്പെടെ) 2222 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. പുനരുപയോഗ/സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് നടപടിക്രമങ്ങൾ സുഗമമാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഇതിലൂടെ പുനരുപയോഗ

സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുത ഉൽപാദനം വർദ്ധിപ്പിക്കാമെന്നും കണക്കാക്കുന്നു.

സൗരോർജ്ജ ഉൽപാദനം വ്യാപിപ്പിക്കുന്നതിനും അത് ജനോപകാരപ്രദമായി നടപ്പിലാക്കുന്നതിനുംവേണ്ടി വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നവർക്ക് 3 കിലോവാട്ട് വരെ 40% സബ്സിഡിയും 3 മുതൽ 10 കിലോവാട്ട് വരെ 20% സബ്സിഡിയും ലഭ്യമാക്കുന്നുണ്ട്. സൗരോർജ ഉൽപാദനത്തിൽ താൽപര്യമുള്ളവർക്ക് രജിസ്റ്റർ ചെയ്യാനും ഗ്രിഡ് കണക്ടിവിറ്റിക്കുമായി ഇ-കിരൺ എന്ന ഓൺലൈൻ പോർട്ടലും പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി 39 ഡെവലപ്പർമാരെയും ലിസ്റ്റ് ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ സൗരോർജ്ജത്തെക്കുറിച്ച് അവബോധമുണ്ടാക്കാനായി സെക്ഷൻ തലത്തിൽ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പ്, സോഷ്യൽ മീഡിയ ക്യാമ്പയിനിംഗ്, എസ്.എം.എസ്. അലെർട്ട് തുടങ്ങി വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെയായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

**ഹൈഡൽ ടൂറിസം പദ്ധതികൾ**

340(755) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് വൈദ്യുതി വകുപ്പിന്റെ കീഴിൽ ഹൈഡൽ ടൂറിസം പദ്ധതികൾ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് 12 സെന്ററുകളിലാണ് ഹൈഡൽ ടൂറിസം പ്രവർത്തിക്കുന്നത്.

1) വയനാട് - ബാണാസുര സാഗർ ഹൈഡൽ ടൂറിസം സെന്റർ

2) മലപ്പുറം - ആഢ്യൻപാറ ക്രീം കാസ്കേഡ് ഹൈഡൽ ടൂറിസം സെന്റർ

3) കോഴിക്കോട് - കക്കയം മലബാർ ഹവൻ ഹൈഡൽ ടൂറിസം സെന്റർ

4) ഇടുക്കി - മൂന്നാർ ഹൈഡൽ പാർക്ക്, മാട്ടുപ്പെട്ടി സൺ മൂൺ വാലി ബോട്ടിംഗ് സെന്റർ, മാട്ടുപ്പെട്ടി ഡാം പെഡൽ ബോട്ടിംഗ് സെന്റർ, ഇക്കോ പോയിന്റ് ബോട്ടിംഗ് സെന്റർ, കുണ്ടള ട്രൗട്ട് ലഗൂൺ ബോട്ടിംഗ് സെന്റർ, ശെങ്കുളം ഡ്യൂവാലി ബോട്ടിംഗ് സെന്റർ, നാടുകാണി വ്യൂ പോയിന്റ്, ആനയിറങ്കൽ ബോട്ടിംഗ് സെന്റർ (നിലവിൽ ഹൈക്കോടതി ഉത്തരവിന്റെയടിസ്ഥാനത്തിൽ ബോട്ടിംഗ് പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്). ഇടുക്കി-ചെറുതോണി ഡാമിലേയ്ക്കുള്ള ഗേറ്റിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഡാമിലേയ്ക്കുള്ള പ്രവേശനം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) സംസ്ഥാനത്ത് 2016-17 മുതൽ 2022-23 വരെ ഹൈഡൽ ടൂറിസം പദ്ധതികളിലൂടെ ലഭിച്ചിട്ടുള്ള വരുമാനം വർഷം തിരിച്ച് വിശദമാക്കാമോ?

ഹൈഡൽ ടൂറിസം പദ്ധതിയിൽനിന്നും ലഭിച്ച വരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വാമനപുരം നിയോജകമണ്ഡലത്തിൽ നന്ദിയോട് ലോവർ മീൻമുട്ടിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഹൈഡൽ ടൂറിസം പ്രോജക്റ്റ് നിർത്തിവയ്ക്കാനുണ്ടായ കാരണം വിശദമാക്കാമോ?

വാമനപുരം പഞ്ചായത്തിൽ നന്ദിയോട് ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം പ്രവർത്തനം ആരംഭിച്ചത് 2006-2007 സാമ്പത്തിക വർഷത്തിലാണ്. 2006-2007 സാമ്പത്തിക വർഷം മുതൽ, പ്രവർത്തനം അവസാനിപ്പിച്ച 2022-23 സാമ്പത്തിക വർഷംവരെ (17 വർഷങ്ങളിലായി) 11,23,987/- രൂപ വരവും 1,55,63,805/- രൂപ ചെലവും 1,34,14,648/- രൂപ നഷ്ടത്തിലുമാണ് ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം സെന്റർ പ്രവർത്തിച്ചിരുന്നത്. സ്വന്തം ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമായ ഹൈഡൽ ടൂറിസത്തിലെ മറ്റ് സെന്ററുകളിലെ വരുമാനം ഉപയോഗിച്ചാണ് ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം പ്രവർത്തിച്ചുവന്നിരുന്നത്. ഇത്രയും ഭീമമായ നഷ്ടം ഹൈഡൽ ടൂറിസത്തിന് താങ്ങാൻ കഴിയാത്ത കാരണത്താലാണ് സെന്റർ താത്കാലികമായി പ്രവർത്തനം നിർത്തിവച്ചത്.

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രോജക്ടുകൾ എവിടെയെല്ലാമാണെന്നും നഷ്ടത്തിലുള്ളവ ലാഭകരമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

നിലവിൽ കോഴിക്കോട് ജില്ലയിൽ കക്കയം മലബാർ ഹവൻ ഹൈഡൽ ടൂറിസം സെന്റർ, മലപ്പുറം ജില്ലയിലെ ആഢ്യൻപാറ ക്രീം കാസ്കേഡ് ഹൈഡൽ ടൂറിസം സെന്റർ, ഇടുക്കി ജില്ലയിലെ നാടുകാണി വ്യൂ പോയിന്റ് എന്നീ സെന്ററുകളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഢ്യൻപാറ സെന്ററിൽ ഡി.റ്റി.പി.സി.-യുമായി സഹകരിച്ച് ടൂറിസം വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

341(756) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ അനെർട്ട് മുഖേന 15 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. അഞ്ഞൂറിൽപ്പരം സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കലൂർ സബ്സ്റ്റേഷൻ പരിധിയിൽ 20 വാഹനങ്ങൾ ഒരുമിച്ച് ചാർജ് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഗ്രീൻ ഇ-മൊബിലിറ്റി ഹബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. ഇലക്ട്രിക് കാറുകളുടെ വ്യാപനം കൂടിയതോടുകൂടി ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും ഡി.സി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഹോട്ടലുകൾ, റസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ

സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് തുടങ്ങിക്കഴിഞ്ഞു. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് 30-60 മിനിറ്റ് സമയം വേണ്ടിവരുന്നതിനാൽ കഫറ്റീരിയ, വാഷ് റൂം മുതലായ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് അനുയോജ്യമായിട്ടുള്ളത്. കുറഞ്ഞത് 25/30 kW ശേഷി മുതലുള്ള ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ നിഴൽരഹിതമായി സൂര്യപ്രകാശം കിട്ടുന്ന സ്ഥലം ലഭ്യമായിട്ടുള്ള ഹോട്ടലുകളിൽ ചാർജിംഗ് സ്റ്റേഷനോടൊപ്പം സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോവാട്ടിന് Rs. 20000/- എന്ന കണക്കിൽ പരമാവധി 50 kW സൗരോർജ്ജ സംവിധാനത്തിന് 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. 12 സ്ഥലങ്ങളാണ് ഈ പദ്ധതിക്കായി നിലവിൽ അനെർട്ട് തിരഞ്ഞെടുത്തത്. കൂടാതെ 14 ജില്ലകളിലെയും എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകളിലും അനെർട്ടിന്റെ നേതൃത്വത്തിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും

തിരുവനന്തപുരം നഗരപരിധിയിൽ സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി 13 എണ്ണം പബ്ലിക് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടിയും തയ്യാറായിവരുന്നു.

(ബി) ചാർജിംഗ് സ്റ്റേഷനുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഇല്ല. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 14-12-2018-ലെ ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഫോർ ഇലക്ട്രിക് വെഹിക്കിൾസ് ഗൈഡ്‌ലൈൻസ് ആൻഡ് സ്റ്റാൻഡേർഡ്സ് പ്രകാരം പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയെന്ന പ്രവൃത്തി ഒരു ഡീ-ലൈസൻസ്ഡ് ആക്ടിവിറ്റിയാണെന്നും ഏതൊരു പൗരനും സ്ഥാപനത്തിനും സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി സ്ഥാപിക്കാനുള്ള അവകാശമുണ്ടെന്നും വ്യക്തമാക്കുന്നു. അത്തരത്തിൽ സ്വകാര്യ മേഖലയ്ക്ക് സ്വയമേവ ചാർജിംഗ് സ്റ്റേഷൻ നിർമ്മാണത്തിലേർപ്പെടാൻ സാധിക്കുന്നതായിരിക്കും.

(സി) ഓരോ നിയോജകമണ്ഡലത്തിലും ചാർജിംഗ് സ്റ്റേഷനുകളാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും (എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് 5 എന്ന നിരക്കിലും കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും) സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ അനെർട്ട് മുഖേന 15 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ നിയോജകമണ്ഡലങ്ങളിലേയ്ക്കും കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. ആയതിനാൽ ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന സ്റ്റേറ്റ് ഹൈവേകൾ

എന്നിവിടങ്ങളിൽ പബ്ലിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന അനെർട്ടിന്റെ നടപടി തയ്യാറായിവരുന്നു.

**വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

342(757) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുതുതായി വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ; കുറ്റ്യാടി ടൗൺ, കക്കട്ടിൽ ടൗൺ എന്നിവിടങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുതുതായി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന് നിലവിലില്ല. എന്നാൽ എല്ലാ ജില്ലകളിലും ഗവൺമെന്റ് സ്ഥാപനത്തിലും മറ്റുമായി ചാർജിംഗ് സ്റ്റേഷനുകൾവയ്ക്കേണ്ട സ്ഥലങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടും കത്തും അതത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. അത്തരത്തിൽ

സ്ഥലവും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അനെർട്ട് നിലവിൽ ചാർജിംഗ് സ്റ്റേഷനുകൾ ഒന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ അനുയോജ്യമായ സ്ഥലങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് നൽകാൻ കഴിയുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് 30-60 മിനിറ്റ് സമയം വേണ്ടിവരുന്നതിനാൽ കഫറ്റീരിയ, വാഷ് റൂം മുതലായ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് അനുയോജ്യമായിട്ടുള്ളത്. കുറഞ്ഞത് 25/30 kW ശേഷി മുതലുള്ള ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ നിഴൽരഹിതമായി സൂര്യപ്രകാശം കിട്ടുന്ന സ്ഥലം ലഭ്യമായിട്ടുള്ള ഹോട്ടലുകളിൽ ചാർജിംഗ് സ്റ്റേഷനോടൊപ്പം സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോവാട്ടിന് 20,000 രൂപ എന്ന കണക്കിൽ പരമാവധി

50 kW സൗരോർജ്ജ സംവിധാനത്തിന് 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

**ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

343(758) <u>ശ്രീ. വി. ജോയി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് എവിടെയെല്ലാമെന്ന് വിശദമാക്കാമോ?

നിലവിൽ വർക്കല നിയോജകമണ്ഡലത്തിൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളാണുള്ളത്. കെടാകുളം ഇലക്ട്രിക്കൽ സെക്ഷൻ (ചെമ്മരുതി ഗ്രാമപഞ്ചായത്ത്), പാലച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ (ചെമ്മരുതി ഗ്രാമപഞ്ചായത്ത്), വർക്കല ഇലക്ട്രിക്കൽ സെക്ഷൻ (വർക്കല മുനിസിപ്പാലിറ്റി-2), ഇടവ ഇലക്ട്രിക്കൽ സെക്ഷൻ (ഇടവ ഗ്രാമപഞ്ചായത്ത്), പള്ളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ (നാവായിക്കുളം ഗ്രാമപഞ്ചായത്ത്).

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ടൂറിസം മേഖലകളിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ അഭാവമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കേരളത്തിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും ചുരുങ്ങിയത് അഞ്ചെണ്ണത്തിൽ കുറയാതെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ.വി. ചാർജിംഗ് സ്റ്റേഷനുകളുടെ സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ ജില്ലാ കളക്ടർമാർക്കും അതത് ജില്ലകളിലെ ഗവൺമെന്റ് സ്ഥാപന പരിസരങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തും റിപ്പോർട്ടും കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ടൂറിസം മേഖലയിൽ അനുയോജ്യമായ സ്ഥലം നിർദേശിക്കപ്പെടുകയും ഫണ്ട് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. മുഖേന ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്. കൂടാതെ വാഷ് റൂം, കഫറ്റേരിയ

എന്നീ സൗകര്യങ്ങളുള്ള സ്ഥലങ്ങൾ ലഭ്യമായാൽ ചാർജിംഗ് സ്റ്റേഷൻ അനെർട്ട് മുഖേന സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്.

**വൈദ്യുതി കരാറുകൾ നിർത്തലാക്കിയ നടപടി**

344(759) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കിയ നടപടി പിൻവലിച്ച് അതേ കമ്പനികളുമായി വീണ്ടും കരാറുണ്ടാക്കുവാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കരാർ പുതുക്കിയപ്പോൾ പഴയ നിരക്കിൽ വൈദ്യുതി നൽകാൻ കമ്പനികൾ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ കരാർ പ്രകാരമുള്ള നിരക്ക് വ്യവസ്ഥകളെന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന കരാർ റദ്ദാക്കിയതുമൂലം എത്ര കോടി രൂപയുടെ അധിക ബാധ്യതയാണുണ്ടായിട്ടുള്ളത്; ഈ ബാധ്യത ഉപഭോക്താക്കളിൽനിന്ന് ഈടാക്കുവാനാണോ ഉദ്ദേശിക്കുന്നത്; പ്രസ്തുത

ബാധ്യത പരിഹരിക്കുന്നതിന് വൈദ്യുതി നിരക്കിൽ എത്ര രൂപയുടെ വർദ്ധന വരുത്തണമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാറുണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നൽകണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10-05-2023-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കമ്മീഷന്റെ 10-05-2023-ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് ഇന്ററിം അറേഞ്ച്മെന്റ് നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ. കമ്മീഷനെ സമീപിക്കുകയും 75 ദിവസംവരെ സാവകാശം നൽകി 07-06-2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽനിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിക്കുകയുണ്ടായി. ആയത് 31-12-2023 വരെ കമ്മീഷൻ ദീർഘിപ്പിച്ച് നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി

നൽകാൻ ഉൽപാദകർ തയ്യാറായില്ല. 29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽത്തന്നെ വൈദ്യുതി നൽകണമെന്ന് ഉൽപാദകരോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നൽകാൻ ഉൽപാദകർ തയ്യാറായിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 29-12-2023-ലെ ഉത്തരവിൽ നിർദേശിക്കപ്പെട്ടതുപോലെ തുടർന്നും വൈദ്യുതി നൽകുന്നതിനായി പ്രസ്തുത കമ്പനികൾക്ക് ലീഗൽ നോട്ടീസ് നൽകിയിട്ടുണ്ട്; തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. കരാർ നിരക്കിൽത്തന്നെ വൈദ്യുതി നൽകുവാൻ ഉൽപാദകർ തയ്യാറാകാത്തതിനാൽ കൂടിയ വിലയ്ക്ക് ഹ്രസ്വകാല കരാർ പ്രകാരം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ജൂൺ 2023 മുതൽ നവംബർ 2023 വരെ ഏകദേശം 209 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പക്ഷേ

താരിഫ് വർദ്ധന സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് റെഗുലേറ്ററി കമ്മീഷനാണ്.

**പാലോട് സബ്സ്റ്റേഷനിലെ 110 കെ.വി. ലൈൻ**

345(760) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് സബ്സ്റ്റേഷനിൽ 66 കെ.വി. ലൈൻ 110 കെ.വി. ആക്കുന്നതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് സബ്സ്റ്റേഷനിലേയ്ക്കുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. 90% പ്രവൃത്തികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. പാലോട് സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തികളും 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

66 കെ.വി. പാലോട് സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും ശേഷി 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തികൾക്കായി 16.53 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്.

(സി) പദ്ധതി പൂർത്തീകരണത്തിലൂടെ പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

പദ്ധതി പൂർത്തീകരണത്തിലൂടെ നന്ദിയോട്, പെരിങ്ങമ്മല, പാങ്ങോട്, കല്ലറ, തൊളിക്കോട്, വിതുര, പനവൂർ, ആനാട് എന്നീ പഞ്ചായത്തുകളിലെ 42000 ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതിയെത്തിക്കുവാൻ സാധിക്കും.

**ജലവൈദ്യുത പദ്ധതി**

346(761) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ നിലവിലുള്ള ജലവൈദ്യുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് അധിക വൈദ്യുതി മുൻ വർഷങ്ങളെ അപേക്ഷിച്ച് ഉൽപാദിപ്പിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ 50.6 മെഗാവാട്ടിന്റെ അധിക ഉൽപാദനശേഷി കെ.എസ്.ഇ.ബി.എൽ. മുഖേനയുണ്ടായിട്ടുണ്ട്. അവ ഇപ്രകാരമാണ്.

1. അപ്പർ കല്ലാർ - 2x1 മെഗാവാട്ട്

2. പൊരിങ്ങൽകുത്ത് – 1x24 മെഗാവാട്ട്

3. പെരുന്തേനരുവി - 2x3 മെഗാവാട്ട്

4. കക്കയം -2x1.5 മെഗാവാട്ട്

5. വെള്ളത്തൂവൽ -2x1.8 മെഗാവാട്ട് പദ്ധതി

6. ചാത്തൻകോട്ടുനട സ്റ്റേജ് II-3x2 മെഗാവാട്ട്

7. പെരുവണ്ണാമൂഴി -2x3 മെഗാവാട്ട്

ഇതിനുപുറമെ 2016 മുതൽ പുതിയതായി 24.5 MW ശേഷിയുള്ള ചെറുകിട ജലവൈദ്യുത നിലയങ്ങൾ എനർജി മാനേജ്മെന്റ് സെന്ററിന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പുതുതായി എത്ര ജലവൈദ്യുത പദ്ധതികളാണ് ആരംഭിച്ചതെന്നും ഇവയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപാദിപ്പിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

| **പദ്ധതി** | **ശേഷി** |
|---|---|
| പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 മെഗാവാട്ട് |
| തോട്ടിയാർ | 40 മെഗാവാട്ട് |
| പഴശ്ശി സാഗർ | 7.5 മെഗാവാട്ട് |
| ഭൂതത്താൻകെട്ട് | 24 മെഗാവാട്ട് |
| കുറ്റ്യാടി RMU പദ്ധതി | 3x25 മെഗാവാട്ട് to 3x27.5 മെഗാവാട്ട് |
| ഒലീക്കൽ | 2x2.5 മെഗാവാട്ട് |
| പൂവരംതോട് | 2x1.5 മെഗാവാട്ട് |
| ചിന്നാർ | 2x12 മെഗാവാട്ട് |
| മാങ്കുളം | 40 മെഗാവാട്ട് |

ഈ കാലയളവിൽ മൊത്തം 87.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ 2018-ൽ ആരംഭിച്ച 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പെരുവണ്ണാമൂഴി

ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 31-08-2023-ൽ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും 23-01-2024 വരെ 9.941 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്. കൂടാതെ 2016-ൽ ആരംഭിച്ച 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവും 24 മെഗാവാട്ട് ശേഷിയുള്ള പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയും പൂർത്തിയായിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ മുഖേന നാല് ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്. വിവരങ്ങൾ താഴെക്കൊടുക്കുന്നു.

പാതങ്കയം - 8 MW

അരിപ്പാറ – 4.5 MW

മുക്കടം - 4 MW

ആനക്കാംപൊയിൽ -8 MW

ഇവയിൽ അരിപ്പാറ (4.5 MW), മുക്കടം (4MW), ആനക്കാംപോയിൽ (8MW) എന്നീ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകൾ**

347(762) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഏതെല്ലാം കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ എത്ര കിലോവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്; ആകെ എത്ര തുകയുടേയും എത്ര കിലോവാട്ടിന്റെയും പ്രവൃത്തികൾ ഇതുവരെ നടപ്പാക്കിയിട്ടുണ്ട്?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ടെൻഡർ ലഭിച്ച കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ടെൻഡർ ലഭിച്ച സ്ഥാപനം, എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിലോവാട്ട്, തുക എന്നിവ തരംതിരിച്ച് വർക്ക് ഓർഡറിന്റെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ലഭിച്ച സ്ഥാപനങ്ങൾ, കപ്പാസിറ്റി, തുക എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) അനെർട്ട് എംപാനൽ ചെയ്ത കമ്പനികളിൽനിന്നാണോ ടെൻഡർ ക്ഷണിച്ചതെന്ന് അറിയിക്കാമോ; എംപാനൽ ചെയ്ത കമ്പനികളുടെ പേര്, മുൻ പ്രവൃത്തി പരിചയം, എംപാനൽ ചെയ്ത തീയതി എന്നിവയും ലഭ്യമാക്കാമോ?

എച്ച്.എൽ.എൽ., ടൈറ്റാനിയം, ബ്രഹ്മോസ് എന്നിവയൊഴികെയുള്ള സ്ഥാപനങ്ങളിൽ അനെർട്ട് എംപാനൽ ചെയ്ത കമ്പനികളിൽനിന്നുമാണ് ടെൻഡർ ക്ഷണിച്ചത്. ടി മൂന്ന് സ്ഥാപനങ്ങളിലും ഓപ്പൺ ടെൻഡർ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കമ്പനികളുടെ പേരും പ്രവൃത്തി പരിചയവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തുടുക്കി ആദിവാസി കോളനിയിൽ സോളാർ വിൻഡ് ഹൈബ്രിഡ് സിസ്റ്റം**

348(763) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് തുടുക്കി ആദിവാസി കോളനിയിൽ എത്ര കിലോവാട്ട് സോളാർ വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കാനാണ് ടെൻഡർ ക്ഷണിച്ചത്; അതിൽ എത്ര തുകയ്ക്കുള്ള വർക്ക് ഓർഡർ നൽകി; വ്യക്തമാക്കാമോ?

താഴെത്തുടുക്കി ആദിവാസി കോളനിയിൽ 50kW സോളാർവിൻഡ് ഹൈബ്രിഡ് സിസ്റ്റവും മേലേ തുടുക്കി ആദിവാസി കോളനിയിൽ 60 kW സോളാർ/സോളാർവിൻഡ് ഹൈബ്രിഡ് സിസ്റ്റവും സ്ഥാപിക്കാനാണ് ടെൻഡർ ക്ഷണിച്ചത്. പദ്ധതി പൂർത്തീകരണത്തിനായി താഴെത്തുടുക്കി ആദിവാസി കോളനിയിൽ Rs.1,43,38,800/-രൂപയ്ക്കും മേലെ തുടുക്കി, മേലെ ഗലസ്സി, താഴെ ഗലസ്സി, ഊരാടം തുടങ്ങിയ ഇടങ്ങളിൽ 60 kW പ്ലാന്റ് സ്ഥാപിക്കുന്നതിനായി Rs.3,48,23,836/-രൂപയ്ക്കും വർക്ക് ഓർഡർ നൽകി.

(ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് എത്ര പ്രാവശ്യം ടെൻഡർ ക്ഷണിച്ചു; ഓരോ പ്രാവശ്യവും ടെൻഡറിൽ പങ്കെടുത്ത കമ്പനികളും തുകയും

ഓരോ ടെൻഡറും ക്യാൻസൽ ചെയ്യാനുണ്ടായ സാഹചര്യങ്ങളും വിശദമാക്കാമോ?

താഴെത്തുടുക്കി ആദിവാസി കോളനിയിൽ 50 kW സോളാർ വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കാൻ ഒരു പ്രാവശ്യവും മേലേ തുടുക്കി ആദിവാസി കോളനിയിൽ 60kW സോളാർ ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി മൂന്ന് പ്രാവശ്യവും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സബ്മിഷൻ തീയതി തെറ്റായി രേഖപ്പെടുത്തിയതിനെത്തുടർന്ന് മേലേ തുടുക്കി ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി.

(സി) ഏത് കമ്പനിക്കാണ് ടെൻഡർ ലഭിച്ചതെന്ന് അറിയിക്കാമോ; വർക്ക് ഓർഡറിന്റെ പകർപ്പ്, പേമെന്റ് നൽകിയ ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

വിൻഡ് സ്ട്രീം എനർജി ടെക്നോളജീസ് എന്ന കമ്പനിക്ക് താഴെത്തുടുക്കി പദ്ധതി പൂർത്തീകരണത്തിനായി Rs. 1,43,38,800/-രൂപയും മേലെ തുടുക്കി, മേലെ ഗലസ്സി, താഴെ ഗലസ്സി, ഊരാടം തുടങ്ങിയിടങ്ങളിൽ 60 kW സോളാർവിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കുന്നതിനായി Rs.

3,48,23,836/-രൂപയ്ക്കും വർക്ക് ഓർഡർ നൽകി. വർക്ക് ഓർഡറുകളുടെയും നൽകിയ പേമെന്റ് ഓർഡറുകളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എ.ജി.-യുടെ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ഭാഗത്തിന്റെ പകർപ്പ് നൽകാമോ?

എ.ജി.-യുടെ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ അനെർട്ട് മുഖേനയുള്ള പദ്ധതികൾ**

349(764) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയ്ക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ ജില്ലയിൽ അനെർട്ടിൽനിന്ന് ലഭ്യമായ ഫണ്ടുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ. മുഖേന ആലപ്പുഴ പ്ലാനിംഗ് സെക്രട്ടേറിയറ്റ് ബിൽഡിംഗിൽ 30 കിലോവാട്ട് റൂഫ് ടോപ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലായി 380 കിലോവാട്ട് സ്ഥാപിക്കാൻ 2,07,95,365/- രൂപയാണ് കോൺട്രാക്ട് നൽകിയിട്ടുള്ളത് (അനെർട്ടിന്റെ FY 2017-18 പ്ലാൻ ആക്ടിവിറ്റീസ് നടപ്പിലാക്കുവാൻ ഗവൺമെന്റ് അനുവദിച്ച ഫണ്ട്). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക മേഖലയിൽ സബ്സിഡിയോടുകൂടി സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ 40 വീടുകളിലായി ആകെ 135 kW ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചു. ഇതിനായി ആകെ 94,50,000/- രൂപ ചെലവായി.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സൗരോർജ്ജമുപയോഗിച്ച് സർക്കാർ ഓഫീസുകൾ, സർക്കാർ സ്കൂളുകൾ എന്നിവ വൈദ്യുതിവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സ്കൂളുകൾ എന്നിവയിലായി സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 10 കിലോവാട്ടിന്റെ ഒരു നിലയവും രണ്ടാംഘട്ടത്തിലായി 71 കിലോവാട്ടിന്റെ 11 നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകളുടെ വിശദാംശങ്ങളും അതിന് ചെലവായ തുകയും ചുവടെച്ചേർക്കുന്നു.

1. ആലപ്പുഴ മുനിസിപ്പാലിറ്റി- 18kW ഓഫ് ഗ്രിഡ് – 16,17,000/- രൂപ
2. മാരാരിക്കുളം പഞ്ചായത്ത് – 21 kW ഓഫ് ഗ്രിഡ്- 25,95,973/- രൂപ
3. മണ്ണഞ്ചേരി വെസ്റ്റ് മിൽമ സൊസൈറ്റി- 2kW - ഓൺ ഗ്രിഡ്-1,13,869/- രൂപ
4. മണ്ണഞ്ചേരി ജി.എച്ച്.എസ്.എസ്. – 25kW ഓൺ ഗ്രിഡ് - 14,63,000/- രൂപ
5. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്-22 kW ഓഫ് ഗ്രിഡ്-21,29,600/- രൂപ
6. ആര്യാട് ഗ്രാമപഞ്ചായത്ത് -19kW ഓഫ് ഗ്രിഡ്- 24,35,000/- രൂപ

7. ആര്യാട് ഗ്രാമപഞ്ചായത്ത്- 25 kW ഓൺ ഗ്രിഡ്- 14,90,000/- രൂപ.

**വിഴിഞ്ഞം പദ്ധതി**

350(765) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി ലാഭകരമല്ലെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; വിഴിഞ്ഞം ഹാർബർ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖ പ്രവർത്തനം സജ്ജമായതിനുശേഷമുള്ള പതിനഞ്ചാം വർഷം മുതലാണ് സർക്കാരിന് തുറമുഖ വരുമാനത്തിൽനിന്നുള്ള വിഹിതം ലഭിച്ച് തുടങ്ങുന്നത്. പതിനഞ്ചാം വർഷത്തിൽ തുറമുഖ വരുമാനത്തിന്റെ 1% വിഹിതം, പതിനാറാം വർഷത്തിൽ 2% വിഹിതം എന്നിങ്ങനെ പരമാവധി 40% വരുമാന വിഹിതം വരെയാണ് സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽനിന്നും ലഭിക്കുന്നത്. തുറമുഖ പദ്ധതിയുടെ ഭാഗമായി നടത്തിയ ഫീസിബിലിറ്റി പഠനത്തിലെ റവന്യൂ

പ്രൊജക്ഷൻസ് പ്രകാരം തുറമുഖം പ്രവർത്തനം ആരംഭിച്ചതിനുശേഷമുള്ള പതിനഞ്ചാം വർഷം സർക്കാരിന് 12.33 കോടി രൂപ, പതിനാറാം വർഷം 25.98 കോടി രൂപ, പതിനേഴാം വർഷം 40.97 കോടി രൂപ എന്നിങ്ങനെയാണ് റവന്യൂ വിഹിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത്.

(ബി) പദ്ധതി ചെലവിന്റെ മൂന്നിൽ രണ്ടുഭാഗം തുകയും സംസ്ഥാനത്തിന്റെ പൊതുഖജനാവിൽനിന്ന് ചെലവഴിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്ന് പറയുന്ന തുക നിശ്ചിത കാലയളവിനകം സംസ്ഥാനം തിരിച്ചുനൽകണമെന്ന വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

തുറമുഖത്തിന്റെ ആകെ പദ്ധതി ചെലവായി ഇപ്പോൾ കണക്കാക്കിയിട്ടുള്ളത് 8493.44 കോടി രൂപയാണ്. ഇതിൽ വിവിധ പദ്ധതി ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുകയും ഇതിൽ ഓരോ കക്ഷികളും വഹിക്കുന്ന തുകയും ചുവടെച്ചേർക്കുന്നു.

മുകളിൽ സൂചിപ്പിച്ച ആകെ പദ്ധതി ചെലവായ 8505.49 കോടി രൂപയിൽ 4,089 കോടി രൂപയാണ് കൺസഷൻ എഗ്രിമെന്റ് പ്രകാരം

നടപ്പിലാക്കുന്ന പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി.) ഘടകങ്ങൾക്ക് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 1635 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗ്രാന്റായും 2454 കോടി രൂപ കൺസഷണയർ വിഹിതമായി നിക്ഷേപിക്കണമെന്നുമാണ് കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ. ഇതുപരിഗണിച്ചാൽ പദ്ധതിയുടെ സർക്കാർ വിഹിതം 39.99 ശതമാനവും കൺസഷണയർ വിഹിതം 60.01 ശതമാനവുമാണ്. വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുക സംസ്ഥാന സർക്കാർ തിരിച്ചുനൽകേണ്ടതുണ്ട്. തുറമുഖം പ്രവർത്തനസജ്ജമായതിനുശേഷമുള്ള പതിനഞ്ചാം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ 20% വീതമാണ് കേന്ദ്ര സർക്കാരിന് തിരികെ നൽകേണ്ടത്.

(സി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഹാർബറുകളിൽനിന്നും നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് ലഭിച്ച വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള മാരിടൈം ബോർഡിനുകീഴിൽ അന്താരാഷ്ട്ര ഹാർബറുകൾ നിലവിലില്ല. കേരള മാരിടൈം ബോർഡിനുകീഴിലുള്ള തുറമുഖങ്ങളിലെ തുറമുഖ സംബന്ധമായ പ്രവർത്തനങ്ങളായ പൈലറ്റേജ് ഫീസ്, തുറമുഖ ഭൂമികളുടെ ലൈസൻസ് റെന്റ്, ഗ്രൗണ്ട് റെന്റ്, പോർട്ട് ഡ്യൂസ്, ടഗ്ഗ് ചാർജ്ജ്, മറ്റിനങ്ങൾ എന്നിവയിലായി ആകെ 4,86,35,981/- രൂപയുടെ വരുമാനം നടപ്പ് സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്.

(ഡി) വിഴിഞ്ഞം തീരത്തുനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ

പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപ വീതം 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 43 പേർക്ക് 1.81 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതിപ്രദേശം ചുറ്റിപ്പോകേണ്ടതിനാൽ മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ആയിരത്തിൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിലെ വിഴിഞ്ഞം സി.എച്ച്.സി.-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടി പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യം നിരവധി തവണ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിവരുന്നു. വൃദ്ധജനങ്ങളുടെ

സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രത്തിന്റെ (ASAP) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകളുൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിന് സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമേ കരാർ കമ്പനിയും

മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കിവരുന്നുണ്ട്.

**വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കാൻ നടപടി**

351(766) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനക്കുതിപ്പിന് ഉത്തേജനം പകരുന്ന വിഴിഞ്ഞം തുറമുഖം പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം കരാർ പ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു. എന്നാൽ, കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് യഥാസമയം ലഭ്യമാക്കുവാൻ കരാർ

കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിലാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്. ടി ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് കരിങ്കല്ല് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ്/ഏജൻസികളെ ഏകോപിപ്പിച്ചും ത്വരിതപ്പെടുത്തിക്കൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം പദ്ധതി 2024 ഡിസംബറിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുറമുഖ പ്രവർത്തനങ്ങൾക്കായുള്ള 16 ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്തിലെത്തിച്ച് കഴിഞ്ഞു. ശേഷിക്കുന്നവ മാർച്ച് മാസത്തോടുകൂടി എത്തിക്കുന്നതാണ്.

പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി സംസ്ഥാനത്തിന്റെ വികസനത്തിനുതകത്തക്ക

വിധത്തിൽ പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ പദ്ധതി പ്രദേശത്തെ ജനങ്ങളെ വിശ്വാസത്തിലെടുത്ത് പുതിയ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം തീരത്തുനിന്നും ആരെയും കുടിയൊഴിപ്പിച്ചിട്ടില്ല. തുറമുഖത്തിനായി സ്ഥലമേറ്റെടുത്ത എല്ലാവർക്കും അർഹമായ സ്ഥലവിലയും ഇതര പുനരധിവാസ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. തദ്ദേശീയരായ മത്സ്യത്തൊഴിലാളി

വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപ വീതം 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 43 പേർക്ക് 1.81 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതിപ്രദേശം ചുറ്റിപ്പോകേണ്ടതിനാൽ മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ മത്സ്യഫെഡ് മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ

നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തു കഴിഞ്ഞു. തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ആയിരത്തിൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിലെ വിഴിഞ്ഞം സി.എച്ച്.സി.-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യം നിരവധി തവണ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിവരുന്നു. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട്

സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)-ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകളുൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിന് സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമേ കരാർ കമ്പനി അവരുടെ

പൊതുനന്മ ഫണ്ടിൽനിന്നും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കിവരുന്നു.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിയുടെ പുനരധിവാസ പാക്കേജ്**

352(767) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ശിപാർശ ചെയ്യപ്പെട്ടിരുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ജീവനോപാധി നഷ്ടപരിഹാരമായി പാരിസ്ഥിതികാഘാത പഠന റിപ്പോർട്ടിൽ (EIA) 8.55 കോടി രൂപയും (മത്സ്യത്തൊഴിലാളികളും റിസോർട്ട് തൊഴിലാളികളും ഉൾപ്പെടെ) സർക്കാർ നിയോഗിച്ച LIAC റിപ്പോർട്ട് പ്രകാരം 39.34 കോടി രൂപയുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, വിവിധ വിഭാഗങ്ങളിലായി ഉപജീവനാഘാതം സംഭവിച്ച പദ്ധതിബാധിതർക്ക്

നാളിതുവരെ 106.93 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി സർക്കാർ വിതരണം ചെയ്തുകഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതിയുടെ പുനരധിവാസ പാക്കേജ് പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ ഇതുവരെ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപ വീതം 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 43 പേർക്ക് 1.81 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ

കാലയളവിൽ പദ്ധതിപ്രദേശം ചുറ്റിപ്പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയംസഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതിബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ആയിരത്തിൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിലെ വിഴിഞ്ഞം സി.എച്ച്.സി.-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക്

തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കി. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)-ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതിപ്രദേശത്തിന് സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും

തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിനുപുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതിപ്രദേശത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക വീതമാണ് വിഴിഞ്ഞം തുറമുഖത്തിനായി ഇതുവരെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തുറമുഖ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. തുറമുഖ നിർമ്മാണത്തിനും അനുബന്ധ വികസനത്തിനുമായി 2023 ഡിസംബർ 31 വരെ സംസ്ഥാന സർക്കാർ 1703.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ (PPP) നടപ്പാക്കുന്നതിനായി 2015 ആഗസ്റ്റ് 17-ന് അദാനി

വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ കൺസഷൻ കരാറിലേർപ്പെട്ടു. 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം കരാർ പ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു. വിഴിഞ്ഞം പദ്ധതി കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായകഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം പദ്ധതി 2024 ഡിസംബറിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

**തുറമുഖങ്ങളുടെ സമഗ്രവും ഫലപ്രദവുമായ വികസനം**

353(768) ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തെ ഏറ്റവും വലിപ്പമുള്ള ചരക്ക് കപ്പലുകൾക്കുപോലും നങ്കൂരമിടാൻ കഴിയുന്ന ഇന്ത്യയിലെ ആദ്യ മദർ പോർട്ടായ വിഴിഞ്ഞം സംസ്ഥാനത്തിന്റെ സാമ്പത്തിക അടിസ്ഥാന സൗകര്യ വികസന രംഗങ്ങളിൽ എത്രത്തോളം മുതൽക്കൂട്ടാകുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ വിവിധ വികസന രംഗങ്ങളിൽ കുതിച്ചുചാട്ടത്തിന് സാധ്യതയുള്ള ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. വിഴിഞ്ഞം തുറമുഖം നിലവിൽ വരുന്നതോടുകൂടി കേരളത്തിന്റെ വ്യവസായ-വാണിജ്യ-സാമ്പത്തിക മേഖലകളിൽ കാര്യമായ പുരോഗതി സാധ്യമാകും. അവയിൽ പ്രധാനപ്പെട്ടവ ചുവടെച്ചേർത്തിരിക്കുന്നു.

1. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ വഴിയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ സാധ്യമാകും.

2. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാവുന്നതും അങ്ങനെ വിവിധ

ഘട്ടങ്ങളിലായി 3-4 ദശലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നതുമാണ്.

3. അന്താരാഷ്ട്ര കപ്പൽപ്പാതയ്ക്ക് ഏറ്റവും അടുത്ത് കേവലം 10 നോട്ടിക്കൽ മൈൽ അകലെയാണ് വിഴിഞ്ഞത്തിന്റെ സ്ഥാനം. ആയതിനാൽ, ഈ പാതയിലൂടെ ഇന്ന് സഞ്ചരിക്കുന്ന ഏറ്റവും വലിയ കപ്പലുകൾക്ക് വളരെ ചുരുങ്ങിയ സമയത്ത് ഇവിടെ എത്തിച്ചേരുവാൻ സാധിക്കും. ഇതിലൂടെ ഇന്ത്യയുടെ ചരക്ക് കൈകാര്യം ചെയ്യുന്ന മറ്റ് തുറമുഖങ്ങളായ കൊളംബോ, സിംഗപ്പൂർ, സലാല, ദുബൈ തുറമുഖങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിദേശ വിനിമയ വരുമാനം ഇന്ത്യയിലെത്തുന്നത് സാധ്യമാകും. ഇത് ഏകദേശം 2500 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

4. കയറ്റുമതി-ഇറക്കുമതി വ്യാപാരത്തിൽ കണ്ടെയ്നർ ഒന്നിന് 6,000 മുതൽ 8,000 രൂപ വരെ ലാഭിക്കാൻ കഴിയും.

5. വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ ചരക്ക് നീക്കത്തിനുള്ള കൂലി ഗണ്യമായി കുറയുന്നതോടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനാകും.

6. വിഴിഞ്ഞം തുറമുഖത്തിലൂടെ കയറ്റുമതിയും ഇറക്കുമതിയും വർദ്ധിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ മേഖലയിൽ വൻ കുതിച്ചുചാട്ടമുണ്ടാകും.

7. തുറമുഖം വഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും പ്രത്യക്ഷമായോ പരോക്ഷമായോ ശരാശരി 6 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.

8. തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിതമാകുവാനും അതുവഴി പ്രാദേശിക വികസനവും നിരവധി തൊഴിലവസരങ്ങളും വന്നുചേരുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തോടൊപ്പം അനുബന്ധ വികസന പ്രവർത്തനങ്ങളും റെയിൽ, ദേശീയപാത, റിംഗ്റോഡുൾപ്പെടെയുള്ള കണക്ടിവിറ്റിക്കാവശ്യമായ സൗകര്യങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ എൻ.എച്ച്.66-മായി ബന്ധപ്പെടുത്തുന്നതിനായി 2 കിലോമീറ്റർ നീളത്തിൽ ഒരു നാലുവരിപ്പാത പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നുണ്ട്. ഇതിലുൾപ്പെട്ടുവരുന്ന 2 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി റോഡ് എൻ.എച്ച്. 66-മായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷന്റെ ഡിസൈനിന് എൻ.എച്ച്.എ.ഐ.-യുടെ അന്തിമ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തി തുറമുഖത്തിൽനിന്നും വരുന്ന അപ്രോച്ച് റോഡിനെ എൻ.എച്ച്.എ.ഐ.-യുമായി ബന്ധിപ്പിക്കുന്നതാണ്. തുറമുഖത്തിലെ ചരക്കുനീക്കം റെയിൽ മാർഗ്ഗം സുഗമമാക്കുന്നതിനായി തുറമുഖത്തിൽനിന്നും 10.7 കിലോമീറ്റർ നീളത്തിൽ റെയിൽപ്പാത നിർമ്മിച്ച് ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ടി പദ്ധതി കൊങ്കൺ റെയിൽ കോർപ്പറേഷൻ മുഖേനയാണ് നടത്തിവരുന്നത്. ടി പദ്ധതിയുടെ ഡി.പി.ആർ.-ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്. വിശദമായ എഞ്ചിനീയറിംഗ് പഠനങ്ങൾ കൊങ്കൺ റെയിൽവേ നടത്തിവരുന്നു. കൂടാതെ,

വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ സജ്ജമാകുന്നതോടുകൂടി എത്തിച്ചേരാൻ സാധ്യതയുള്ള അവസരങ്ങളെ വിനിയോഗിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഒരു വികസന ഇടനാഴി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള 80 കി.മീ. നീളമുള്ള ഔട്ടർ റിംഗ് റോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എ.ഐ ആരംഭിച്ചിട്ടുണ്ട്. വികസന ഇടനാഴിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

(സി) വിഴിഞ്ഞത്തോടൊപ്പം ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങളോടെ സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണമായും സജ്ജമാകുന്നതോടുകൂടി കടൽ വഴിയുള്ള ചരക്ക് ഗതാഗതം വർദ്ധിക്കുമെന്നും അതുവഴി കേരളാ മാരിടൈം ബോർഡിന് കീഴിലുള്ള പ്രധാനപ്പെട്ട നോൺ മേജർ തുറമുഖങ്ങൾ വഴിയും ചരക്ക് ഗതാഗതം വർദ്ധിക്കുമെന്നും സമുദ്രാധിഷ്ഠിത വ്യവസായങ്ങൾക്ക് അനുകൂല സാഹചര്യമുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

ഇത് മുന്നിൽക്കണ്ടുകൊണ്ട് തുറമുഖങ്ങളിലേയ്ക്കുള്ള കപ്പൽ ചാലുകൾക്ക് ആഴം കൂട്ടിയും അധികമായി വാർഫുകൾ നിർമ്മിച്ചും ചരക്കിറക്കിനുള്ള ഉപകരണങ്ങൾ സജ്ജമാക്കിയും കൂടുതൽ ചരക്ക്-യാത്രാ കപ്പലുകൾക്ക് അടുക്കുവാൻ കഴിയുന്ന രീതിയിൽ തുറമുഖങ്ങളെ സജ്ജമാക്കുന്ന നടപടികളാണ് കൈക്കൊള്ളുന്നത്. നിലവിൽ കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിൽ 17 നോൺ മേജർ തുറമുഖങ്ങളാണ് കേരളത്തിലുള്ളത്. ഇവയിൽ കേരളത്തിലെ 4 നോൺ മേജർ പോർട്ടുകളിലാണ് പോർട്ട് ഓപ്പറേഷൻസ് നടക്കുന്നത്. ബേപ്പൂർ, കൊല്ലം, അഴീക്കൽ, വിഴിഞ്ഞം എന്നിവയാണവ. ടി തുറമുഖങ്ങൾക്ക് അന്താരാഷ്ട്ര കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനും ഇന്റർനാഷണൽ സെയിലിംഗ് വെസ്സലുകൾക്ക് അടുക്കുന്നതിനാവശ്യമായ ഐ.എസ്.പി.എസ്. കോഡ് ലഭ്യമായിട്ടുണ്ട്. ഇവയിൽ വിഴിഞ്ഞം, ബേപ്പൂർ തുറമുഖങ്ങൾക്ക് ഐ.സി.പി. (ഇമ്മിഗ്രേഷൻ ചെക്ക് പോയിന്റ്) സ്റ്റാറ്റസ് ലഭ്യമായിട്ടുണ്ട്. കൊല്ലം തുറമുഖത്തിന് ഐ.സി.പി. സ്റ്റാറ്റസ് ലഭ്യമാകുന്നതിനുള്ള അവസാനഘട്ടത്തിലാണ്. ഇവയിൽ ബേപ്പൂർ, കൊല്ലം, അഴീക്കൽ എന്നീ

തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്‌ലിംഗ് സൗകര്യം ലഭ്യമാണ്. കൂടാതെ 2 നോൺ മേജർ പോർട്ടുകൾക്കുടി പോർട്ട് ഓപ്പറേഷൻസ് നടക്കുന്ന രീതിയിലേയ്ക്ക് വികസിപ്പിക്കുന്നുണ്ട്. പൊന്നാനി, കൊടുങ്ങല്ലൂർ എന്നിവയാണവ. പൊന്നാനി തുറമുഖത്തെ വിവിധോദ്ദേശ്യ ടെർമിനൽ നിർമ്മിച്ച് വികസിപ്പിക്കാനും ഉദ്ദേശിക്കുന്നു. ടി ഓപ്പറേഷണൽ തുറമുഖങ്ങളിൽ വലിയ കപ്പലുകൾ അടുക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സാഗർമാല പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മേൽ ഓപ്പറേഷണൽ തുറമുഖങ്ങളിലെല്ലാംതന്നെ ഡ്രാഫ്റ്റ് കൂടിയ വലിയ കപ്പലുകൾ അടുക്കുന്നതിനാവശ്യമായ സൗകര്യമൊരുക്കുന്നതിന് തുറമുഖത്തിന്റെ ഡ്രാഫ്റ്റ് വർദ്ധിപ്പിക്കാൻ ഡ്രഡ്ജിംഗ് ജോലികൾക്കായി നടപടി സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം പ്രാവർത്തികമാകുന്നതോടുകൂടി കോസ്റ്റൽ ഷിപ്പിംഗ് സർവീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ഡി) വിഴിഞ്ഞത്തെ ഒരു മാസ്റ്റർ തുറമുഖമായി പരിഗണിച്ച് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ഈ ശൃംഖലയിലുൾപ്പെടുത്തി വികസിപ്പിക്കുവാനും ചെറുകിട തുറമുഖങ്ങളോടനുബന്ധിച്ച് പുതിയ വ്യവസായങ്ങൾ വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം പ്രാവർത്തികമാകുന്നതോടുകൂടി സംസ്ഥാനത്തെ മാരിടൈം ബോർഡിന് കീഴിലുള്ള മറ്റ് നോൺ മേജർ തുറമുഖങ്ങളും വലിയതോതിൽ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. ബോർഡിന് കീഴിലുള്ള തുറമുഖ ഭൂമിയിൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പോടുകൂടി കൂടുതൽ സമുദ്രാധിഷ്ഠിത വ്യവസായങ്ങളും തുറമുഖ വികസന പദ്ധതികളും നടപ്പിലാക്കുന്നതിനും കേരള ഇൻഡസ്ട്രീസ് വകുപ്പുമായി മാരിടൈം ബോർഡ് ചർച്ചചെയ്ത് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ടൂറിസം അനുബന്ധവും വ്യാവസായിക അനുബന്ധവുമായ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നു.

കേരള മാരിടൈം ബോർഡിന് കീഴിലുള്ള ഓപ്പറേഷണൽ പോർട്ടുകളെല്ലാംതന്നെ വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖത്തുനിന്നുമുള്ള പോർട്ട് ഓപ്പറേഷൻസ് ആരംഭിച്ചുകഴിഞ്ഞാൽ ഫീഡർ സർവീസ് പോർട്ടുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. തീരദേശ ഷിപ്പിംഗ് ഓപ്പറേറ്റർമാരുമായി ചേർന്ന് വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിച്ച് ക്രൂയിസ് സർവീസ് നടത്തുവാനുള്ള സാധ്യതയും പരിശോധിച്ചുവരുന്നു. ഈ പ്രവർത്തനക്ഷമമായ തുറമുഖങ്ങളിൽ അത്യാവശ്യം ആഴം കൂട്ടുന്നതിനും പുതിയ വാർഫുകൾ പണിയാനും നിലവിലുള്ളവ എക്സ്റ്റൻഡ് ചെയ്യാനുമുള്ള നപടികൾ പുരോഗമിച്ചുവരുന്നു.

**ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം**

354(769) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന് സമീപമുള്ള പ്രദേശങ്ങൾ

ഉപയോഗപ്പെടുത്തി ഒരു വിവിധോദ്ദേശ്യ തുറമുഖം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന ജില്ലയെന്ന നിലയിൽ മംഗലാപുരം തുറമുഖത്തുനിന്ന് സംസ്ഥാന അതിർത്തിയിലേയ്ക്ക് ചരക്കുകൾ കയറ്റി അയക്കാനുതകുന്ന തരത്തിൽ ഒരു മിനി തുറമുഖത്തിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ തുറമുഖ വകുപ്പ് പദ്ധതികൾ**

355(770) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലുള്ള കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള പോർട്ട് ബംഗ്ലാവ് കെട്ടിടം വികസനങ്ങൾ വരുത്തി ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള മാരിടൈം ബോർഡിന്റെ അധീനതയിലുള്ള കോഴിക്കോട് ബീച്ചിൽ കോഴിക്കോട് കോർപ്പറേഷനുമായി ചേർന്ന് വാഹന പാർക്കിംഗ് പദ്ധതി സംയുക്ത സംരംഭമായി തുടങ്ങാൻ ധാരണയായിട്ടുണ്ട്. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലുള്ളതുൾപ്പെടെ തുറമുഖ വികസനത്തിന് ആവശ്യമുള്ളതല്ലാത്ത കേരളാ മാരിടൈം ബോർഡിന് കീഴിലുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവ പി.പി.പി. മാതൃകയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് ഉപയോഗയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) തുറമുഖ വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറുന്നത് തടയാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

കേരള മാരിടൈം ബോർഡിന്റെ പരിധിയിൽ വരുന്ന എല്ലാ വസ്തുവകകളും അളന്ന് തിട്ടപ്പെടുത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ കീഴിൽ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഹൈഡ്രോഗ്രാഫിക് സർവെ വിംഗിനുകീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രാഫിക് & അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്ഥാപനത്തെക്കൂടി ഇതിലുൾപ്പെടുത്തുന്നുണ്ട്.

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കൈവശമുള്ള സ്ഥലം**

356(771) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കൈവശം എത്ര സ്ഥലമാണുള്ളതെന്നും അവയുടെ വിശദവിവരവും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ സർവെ നമ്പർ 99/2, 99/3, 100/4, 100/7, 101/1, 101/2, 101/3, 121/2, 121/5, 121/9, 121/11-ൽപ്പെട്ട 295.72 Ares (22 Acre 70.664 Cent) ഭൂമിയും ഇതുകൂടാതെ കടൽ നികന്ന് രൂപം കൊണ്ടതും സർവെ നടത്തിയിട്ടില്ലാത്തതുമായ ഏകദേശം 19 ഏക്കർ ഭൂമിയുമുണ്ട്. ഇവ റവന്യൂ ലാൻഡ് രജിസ്റ്റർ പ്രകാരം സർക്കാർ പുറമ്പോക്കായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പിനുകീഴിൽ ഏതൊക്കെ സ്ഥാപനങ്ങളുണ്ടെന്നും അവയുടെ കൈവശം എത്ര സ്ഥലമാണുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

1. പോർട്ട് ഓഫീസ് -100/4 (36.30 Ares)

2. സ്റ്റാഫ് ക്വാർട്ടേഴ്സ്- 100/7 (07.20 Ares)

3. ട്രെയിനിംഗ് ഹാൾ -99/2 (21.275 Cent).

(സി) പ്രസ്തുത മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയ്ക്കായി ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

1. കേരള ഇൻലാൻഡ് വെസ്സൽ റൂൾസുമായി ബന്ധപ്പെട്ട് PPP Mode/Direct Execution-ലോ ഡ്രൈഡോക്ക് നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല.

2. കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് എൻഫോഴ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 20 ലക്ഷം രൂപയ്ക്ക് സ്പീഡ് ബോട്ട് വാങ്ങുന്നതിന് വർക്ക് ഓർഡർ നൽകി നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

3. ആലപ്പുഴയിൽ മുസിരിസ് പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് പുനർനിർമ്മിക്കുന്ന കടൽപ്പാലത്തോട് ചേർന്ന് ഒരു വാർഫ് നിർമ്മിക്കുന്നതിന് 18.5 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ സഹായം ലഭിക്കുവാൻ സമർപ്പിച്ചിട്ടുണ്ട്.

4. ആലപ്പുഴയിൽ തുറമുഖ ഭൂമിയിൽ മിനി മറീന പി.പി.പി. മാതൃകയിൽ വികസിപ്പിക്കുവാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തി**

357(772) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

അഴീക്കൽ തുറമുഖത്ത് രണ്ട് ബണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്ന ഡ്രെഡ്ജിംഗ് മെറ്റീരിയൽ ലേലം കൊള്ളുവാൻ 4 തവണ ടെൻഡർ വിളിച്ചിട്ടും സർക്കാർ നിശ്ചയിച്ച തുകയിൽ ലേലം കൊള്ളുവാൻ ആരുംതന്നെ തയ്യാറായി വന്നിട്ടില്ല. ഇവയിൽ കുറച്ച് മെറ്റീരിയൽ തുറമുഖത്തിന്റെ ലാൻഡ് ഫില്ലിംഗ് പോലുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

അഴീക്കൽ തുറമുഖത്തെ കടവുകളിൽനിന്നുള്ള ഡ്രെഡ്ജിംഗ് മെറ്റീരിയൽ ശുദ്ധീകരിച്ച് വില്പന നടത്തുന്നതിനായി പൊന്നാനി മാതൃകയിൽ മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്ലാന്റ് സ്ഥാപിക്കുമ്പോൾ അഴീക്കലിൽ 2 ബണ്ടുകളിലായി ശേഖരിച്ച് വച്ചിട്ടുള്ള മണൽ ഇതിലൂടെ ശുദ്ധീകരിച്ച് വില്പന നടത്താനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**അഴീക്കൽ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

358(773) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ സംസ്ഥാന ബഡ്ജറ്റിൽ അഴീക്കൽ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കിവച്ച തുക ഉപയോഗിച്ച് ഏതെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2022-23 സാമ്പത്തിക വർഷത്തിൽ നാല് കോടി രൂപയുടെ ഭരണാനുമതി അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ചുവടെച്ചേർത്തിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. അഴീക്കൽ തുറമുഖത്ത് ISPS Code നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 160 KVA ജനറേറ്റർ, ജനറേറ്റർ റൂം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് (തുക -25,36,663/-).

2. അഴീക്കൽ തുറമുഖ വാർഫിലും പരിസരങ്ങളിലും ISPS Code നടപ്പിലാക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി. സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് (തുക 12,74,631/-).

3. അഴീക്കൽ തുറമുഖത്ത് ISPS Code നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതുതായി 2 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് (തുക - 14,30,570/-).

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അഴീക്കൽ തുറമുഖത്ത് അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ:

1. അഴീക്കൽ കപ്പൽ ചാനലിന്റെ ആഴം അഴിമുഖം വരെ 4 മീറ്റർ സ്ഥിരമായി നിലനിർത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

2. അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഗേറ്റ് ഹൗസ്, ഗേറ്റ് അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

3. അഴീക്കൽ തുറമുഖത്ത് ഷിപ്പിംഗ് ഓപ്പറേഷന്റെ ഭാഗമായി എത്തിച്ചേരുന്ന ചരക്ക് കണ്ടെയ്നർ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും കസ്റ്റംസ് & ഇ.ഡി.ഐ. ടെർമിനൽ യാഥാർത്ഥ്യമാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

4. അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

5. അഴീക്കൽ തുറമുഖത്ത് ഷിപ്പിംഗ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് തുറമുഖത്ത് എത്തിച്ചേരുന്ന യാനങ്ങൾ നിരീക്ഷിക്കുന്നതിന് വാർഫിന് സമീപം വാച്ച് ടവർ നിർമ്മിക്കുന്നതിനുദ്ദേശിക്കുന്നു.

6. അഴീക്കൽ തുറമുഖത്ത് ചുറ്റുമതിൽ, പട്രോളിംഗ്, പാത്ത് വേ എന്നിവയുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

7. അഴീക്കൽ തുറമുഖ വാർഫിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

8. അഴീക്കൽ തുറമുഖ ഓഫീസിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

9. അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**അഴീക്കൽ പോർട്ടിലെ ശുദ്ധജല കുടിവെള്ള പദ്ധതി**

359(774) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയാരംഭിച്ചിട്ടുണ്ടോ; പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ?

പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഫണ്ട് ലഭ്യമാക്കി കേരള വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ ഡിവിഷൻ, കണ്ണൂരിന്റെ PSTSB അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിരുന്ന 2 കോടി രൂപയിൽനിന്നും 31-3-2021-ൽ 1.90 കോടി രൂപ

പിൻവലിച്ചതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് അഴീക്കൽ തുറമുഖ കാര്യാലയത്തിന് സമീപംവരെ എത്തുന്ന പൈപ്പ് ലൈൻവഴി മേൽ പദ്ധതി പൂർത്തിയാക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയിൽ കുറവുവരാമെന്നും ലഭ്യമായ ഭരണാനുമതി തുകയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാമെന്നും കേരള വാട്ടർ അതോറിറ്റി അറിയിക്കുകയുണ്ടായി. അതിൻപ്രകാരം ഫണ്ട് അനുവദിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**സഹകരണ മേഖലയിലെ നിക്ഷേപം**

360(775) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെയും പ്രസ്തുത നിക്ഷേപം കേരള വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെയും പ്രസ്തുത നിക്ഷേപം കേരള വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതിന്റെയും ആവശ്യകത മുന്നിൽക്കണ്ട് "സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ 2024 ജനവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. പ്രാഥമിക സഹകരണ കാർഷിക വായ്പാസംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിനിൽ പങ്കെടുക്കുന്നു. ഇന്ന് സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടേയും വികസനത്തിന് സഹകരണ പ്രസ്ഥാനം വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. സംസ്ഥാനത്തെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ സഹകരണ മേഖലയുടെ പങ്ക് വളരെ വലുതാണ്. കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളുമായി

താരതമ്യം ചെയ്യുമ്പോൾ സഹകരണ സംഘങ്ങളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ കൂടുതലാണ്. കേരളത്തിലെ സഹകരണ സംഘങ്ങളിൽനിന്നുള്ള നിക്ഷേപങ്ങൾ പൂർണ്ണമായും സംസ്ഥാനത്തിനുള്ളിൽത്തന്നെയാണ് വിനിയോഗിച്ചു വരുന്നത്. കൂടാതെ ടി നിക്ഷേപങ്ങളിൽനിന്നുള്ള തുകയിൽനിന്നും വായ്പ സ്വീകരിച്ചാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള പെൻഷൻ എന്നിവ വിതരണം ചെയ്യുന്നത്. മുൻകാലങ്ങളിൽ സിയാൽ, കൊച്ചിൻ മെട്രോ എന്നിവപോലുള്ള കേരളത്തിന്റെ വികസന പദ്ധതികൾക്ക് സഹകരണ മേഖലയിൽനിന്നും ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

(ബി) സഹകരണ വായ്പാ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുന്നതിനുമായി പ്രത്യേക സഹകരണ നിക്ഷേപ സമാഹരണ യജ്ഞം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി

ആകർഷിക്കുക, സഹകരണ വായ്പ മേഖലയിലെ നിക്ഷേപ തോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽനിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ 44-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു. 44-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്.

(സി) സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി ഒരു വീട്ടിൽ ഒരു സഹകരണ ബാങ്ക് അക്കൗണ്ട് എന്ന ലക്ഷ്യം സാധ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ 2024 ജനവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നടത്തിവരുന്ന 44-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിന്റേയും അംഗത്വ ക്യാമ്പയിന്റേയും പ്രധാന ലക്ഷ്യങ്ങളിലൊന്ന് "ഒരു വീട്ടിൽ ഒരു സഹകരണ ബാങ്ക് അക്കൗണ്ട്" എന്നതാണ്. സംസ്ഥാനത്തെ എല്ലാ വീടുകളിലും അക്കൗണ്ട് തുടങ്ങുന്നതുവഴി കുട്ടികളും യുവജനങ്ങളുമുൾപ്പെടെ എല്ലാവരേയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഭാഗഭാക്കാക്കുന്നതിനും അതുവഴി അവരുടെ ചെറിയ നിക്ഷേപങ്ങൾ സമാഹരിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും സാധിക്കുന്നു. ഇത് പൊതുജനങ്ങളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും സഹകരണ

മേഖലയുടെ നിലനിൽപ്പ് നാടിന്റെ വികസനത്തിന് അനിവാര്യമാണെന്നുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

(ഡി) സഹകരണ മേഖലയിൽ നിലവിലുള്ള നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 03-01-2024-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതി സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും 10-01-2024 മുതൽ നിക്ഷേപ പലിശ നിരക്ക് പരിഷ്കരിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി സർക്കുലർ നിർദ്ദേശാനുസരണം നിലവിലുള്ള പലിശ നിരക്ക് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ദേശസാൽകൃത ബാങ്കുകളെക്കാളും ഇതര ബാങ്കുകളെക്കാളും ഉയർന്ന പലിശ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 03-01-2024-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പലിശ നിർണ്ണയ ഉന്നതതല സമിതി യോഗം ചേരുകയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും കെ.എസ്.എഫ്.ഇ.-യും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കുകൾ വിലയിരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് മികച്ച പലിശ നിരക്ക് ഉറപ്പുവരുത്തി പലിശ നിരക്ക് ഉയർത്തുന്നതിന് തീരുമാനിക്കുകയും 10-01-2024 മുതൽ നിക്ഷേപ പലിശ നിരക്ക് പരിഷ്കരിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**സഹകരണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ**

361(776) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികൾ സഹകരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കണമെന്ന ആവശ്യമുന്നയിച്ച് കേന്ദ്ര സഹകരണ വകുപ്പിൽനിന്ന് സംസ്ഥാനത്തിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കണമെന്നാണ് നിഷ്കർച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെച്ചേർക്കുന്നു.

1. <u>സഹകരണ മേഖലയിലെ ധാന്യ സംഭരണ പദ്ധതി</u>:

കേന്ദ്ര സഹകരണ മന്ത്രാലയം, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.) മുഖേന NABCONS-ന്റെ സഹായത്തോടെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സഹകരണ മേഖലയിലെ ധാന്യ സംഭരണ പദ്ധതി'. പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി പാലക്കാട്

ജില്ലയിലെ കണ്ണമ്പ്ര എസ്.സി.ബി.-യുടെ പേര് കേന്ദ്ര സഹകരണ മന്ത്രാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ജില്ലയിൽനിന്നും 5 സഹകരണ സംഘങ്ങളെ വീതം തിരഞ്ഞെടുത്ത് നൽകുന്നതിന് ആവശ്യപ്പെടുകയുണ്ടായി. ഇതേത്തുടർന്ന് പദ്ധതിക്കായുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന താൽപര്യമുള്ള 5 സംഘങ്ങളെ വീതം ജില്ലകളിൽനിന്നും കണ്ടെത്തി നൽകുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2.25 കോടി രൂപയാണ് ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്ക് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന അർഹതയുള്ള ഇതര പദ്ധതികളുടെ സബ്സിഡി ലഭിക്കുന്നതാണ്.

2. <u>അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി:</u>

കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയാണ് "കാർഷികാടിസ്ഥാന സൗകര്യ വികസന നിധി" (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്). ടി പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങിയ

കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് നിർദ്ദേശം ലഭ്യമായിട്ടുണ്ട്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് 3% പലിശയിളവ് ലഭിക്കുന്നു. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷം കാലാവധി ലഭിക്കുന്നു. 2020-21 മുതൽ 2032-33 വരെ പദ്ധതി പ്രവർത്തനക്ഷമമായിരിക്കും. ഒരു അപേക്ഷകന് വ്യത്യസ്ത സ്ഥലങ്ങളിൽ 25 പ്രോജക്റ്റുകൾ വരെ സ്ഥാപിക്കാൻ കഴിയും.

3. പെട്രോൾ/ഡീസൽ ഔട്ട്ലെറ്റുകൾ, എൽ.പി.ജി. ഡീലർഷിപ്പ് എന്നിവ ആരംഭിക്കുന്ന പദ്ധതി:

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സി.സി.2 കാറ്റഗറിയിൽ പെട്രോളിയം വിതരണ കമ്പനി നിശ്ചയിച്ചിരിക്കുന്ന 17 സ്ഥലങ്ങളിൽ പെട്രോൾ/ഡീസൽ ഔട്ട്ലെറ്റുകൾ, എൽ.പി.ജി. ഡീലർഷിപ്പ് എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. കമ്പനികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. <u>ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതി:</u>

സംസ്ഥാന സർക്കാർ അനുമതി നൽകിയ മറ്റൊരു പദ്ധതിയാണിത്. എല്ലാ ജില്ലകളിലും കുറഞ്ഞത് 5 ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതിയിൽ താത്പര്യമുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഇതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. <u>പ്രധാൻമന്ത്രി കിസാൻ സമൃദ്ധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി:</u>

"പ്രധാൻമന്ത്രി കിസാൻ സമൃദ്ധി കേന്ദ്രങ്ങൾ" ആരംഭിക്കുന്നതിനായി നിലവിൽ വളം വില്പന ഔട്ട്ലെറ്റുകൾ നടത്താത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ബന്ധപ്പെട്ട വളം വില്പന നടത്തുന്ന സ്ഥാപനത്തിന് അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം ഫെർട്ടിലൈസർ ലൈസൻസ് എടുക്കേണ്ടതുമാണ്. ഫെർട്ടിലൈസർ ലൈസൻസ് നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 2023 നവംബറിനും ഫെർട്ടിലൈസർ ലൈസൻസില്ലാത്ത പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങൾക്ക് 31-12-2023-നള്ളിലും നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

6. റൂറൽ പ്രദേശത്ത് പൈപ്പ് മുഖേന കുടിവെള്ളത്തിന്റെ വിതരണം/അറ്റകുറ്റപ്പണികൾ നടത്തുന്ന പദ്ധതി:

ഓരോ ജില്ലയിലും 5 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ റൂറൽ പ്രദേശത്ത് പൈപ്പ് മുഖേനയുള്ള കുടിവെള്ളത്തിന്റെ വിതരണം/അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണിത്. കേരളത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി ടി പ്രവൃത്തികൾ ചെയ്തുവരുന്നതിനാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. നിലവിൽ ടി പദ്ധതിയിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല.

7. കോമൺ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി:

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കീഴിൽ "കോമൺ സർവ്വീസ് സെന്ററുകൾ" ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് 2 അക്ഷയ കേന്ദ്രങ്ങളും നിരവധി സ്വകാര്യ സംരംഭകരുടെ കോമൺ സർവ്വീസ്

കേന്ദ്രങ്ങളും നിലവിലുള്ളതിനാൽ ഈ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല.

(ബി) സഹകരണ സംഘങ്ങൾക്ക് അവരുടെ മേഖലയിലുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര ഫണ്ടുകൂടി ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടും അത് നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഫണ്ടിന്റെ കുറവ് നേരിടുന്ന ഈ കാലഘട്ടത്തിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് (PACS) പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള പദ്ധതി കേരളത്തിലെ PACS-കൾക്ക് അനുയോജ്യമല്ലാത്തതിനാലും സഹകരണ സംഘങ്ങളുടെ ഡാറ്റ പൂർണ്ണമായും കേന്ദ്ര ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്നതിനാലും

PACS-കൾക്കായി കേരളം സ്വന്തം നിലയ്ക്ക് കോമൺ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടി നേരത്തെതന്നെ ആരംഭിച്ചിട്ടുള്ളതിനാലുമാണ് ടി പദ്ധതിയിൽ ചേർന്ന് കേന്ദ്ര ഫണ്ട് സ്വീകരിക്കാത്തത്.

നിലവിൽ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സി.സി.2 കാറ്റഗറിയിൽ പെട്രോൾ/ഡീസൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനും ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമായുള്ള പദ്ധതികളിൽ കേന്ദ്ര ഫണ്ട് ലഭ്യമാണോയെന്ന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനം കേന്ദ്രത്തിന്റെ പരിഗണനയ്ക്കായി എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശിക്കുന്നതിന് തീരുമാനിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സഹകരണ മന്ത്രാലയം രാജ്യത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും പൊതുവായി ഒരു മാതൃകാ നിയമാവലി തയ്യാറാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് മോഡൽ ബൈലോയിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. ഇതിന്മേൽ സംസ്ഥാന സഹകരണ നിയമത്തിന് വിരുദ്ധമായ വ്യവസ്ഥകളിൽ കേരളത്തിന്റെ അഭിപ്രായവും ഭേദഗതികളും അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത അഭിപ്രായങ്ങൾ പരിഗണിക്കാതെയാണ് മോഡൽ ബൈലോ അംഗീകരിച്ചിട്ടുള്ളത്. അതിന്റെ പകർപ്പ് സംസ്ഥാനങ്ങളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും നൽകണമെന്ന് അറിയിച്ചുകൊണ്ട് മാതൃകാ നിയമാവലിയുടെ പകർപ്പ് കേന്ദ്ര സർക്കാർ ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്.

**സഹകരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ**

362(777) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ താലൂക്കുതല അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

1. വർക്കല, 2. കാട്ടാക്കട, 3. പുനലൂർ, 4. കോന്നി, 5. ഇടുക്കി, 6. ചാലക്കുടി, 7. കുന്നംകുളം, 8. പട്ടാമ്പി, 9. കൊണ്ടോട്ടി, 10. താമരശ്ശേരി, 11. ഇരിട്ടി, 12. പയ്യന്നൂർ, 13. വെള്ളരിക്കുണ്ട്, 14. മഞ്ചേശ്വരം

(ബി) അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ ഈ ഓഫീസുകൾ തുടങ്ങുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സഹകരണ ഓഡിറ്റിന്റെ ഏറ്റവും താഴെത്തട്ടിലുള്ള താലൂക്കുതല ഓഫീസുകൾ എല്ലാ താലൂക്കുകളിലും നിലവിലില്ലാത്തത് സഹകരണ ഓഡിറ്റിംഗിനെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എല്ലാ താലൂക്കുകളിലും അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ എപ്പോഴാണ് പൂർണ്ണമായും ആരംഭിക്കുവാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

(ബി-ഡി) സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച വകുപ്പ് പുനഃസംഘടനാ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

**സഹകരണ നിക്ഷേപ സമാഹരണം**

363(778) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ സമാഹരണത്തിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വ്യക്തമാക്കാം. "സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, സഹകരണ വായ്പാ മേഖലയിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽനിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2024 ജനവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ

കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു. 44-ാം മാതൃനിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്. നിക്ഷേപ സമാഹരണത്തിന് മുന്നോടിയായി 03-01-2024-ൽ പലിശ നിർണ്ണയ ഉന്നതതല സമിതി യോഗം ചേരുകയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും കെ.എസ്.എഫ്.ഇ.-യും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കുകൾ വിലയിരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് സഹകരണ മേഖലയിലാണ് നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന പലിശ നിരക്ക്

ലഭിക്കുന്നത്. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ മുന്നോടിയായി സംസ്ഥാനത്തെ നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളിലെയും പ്രസിഡന്റുമാരുടെ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളതാണ്. സഹകരണ സംഘം രജിസ്ട്രാർ എല്ലാ ജില്ലകളിലെയും നിക്ഷേപ സമാഹരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നു. നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് പത്രങ്ങൾ, എഫ്.എം. റേഡിയോ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ എന്നിവയിൽ പരസ്യം നൽകിയിട്ടുള്ളതാണ്. കൂടാതെ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട ബാനറുകൾ, ബ്രോഷറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുകയും സഹകരണ സംഘം ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർ ഭവന സന്ദർശനം നടത്തി നാടിന്റെ വികസനത്തിനായി സഹകരണ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പ് ജീവനക്കാരും നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

(ബി) 2023-24 കാലഘട്ടത്തിൽ കുടിശ്ശിക നിവാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും വായ്പക്കാർക്ക് ആശ്വാസമാകുകയെന്ന ലക്ഷ്യത്തോടുംകൂടി സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ" പദ്ധതി നടപ്പാക്കാറുണ്ട്. 2023-24 കാലഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023 ഫെബ്രുവരി 1 മുതൽ നടപ്പാക്കിയ ടി പദ്ധതി 2023 ഏപ്രിൽ 30-ന് അവസാനിച്ചു. പദ്ധതിയുടെ രണ്ടാംഘട്ടം 2023 നവംബർ 1 മുതൽ നടപ്പാക്കുന്നതിന് സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും നിലവിൽ ടി പദ്ധതിയുടെ കാലാവധി 2024 ജനുവരി 31 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്.

(സി) സഹകരണ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

03-01-2024-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതി യോഗം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും കെ.എസ്.എഫ്.ഇ.-യും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കുകൾ വിലയിരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് മികച്ച പലിശ നിരക്ക് ഉറപ്പുവരുത്തി പലിശ നിരക്ക് ഉയർത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയും 10-01-2024 മുതൽ പുതുക്കിയ പലിശ നിരക്ക് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. നിലവിൽ വന്ന പുതുക്കിയ പലിശ നിരക്ക് അനുബന്ധമായി ചേർക്കുന്നു.+

(ഡി) നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന ഗ്യാരന്റി നൽകുന്ന കാര്യം പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്നതിനായി 1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. കൂടാതെ ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സമർപ്പിക്കുന്നമുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിതതുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥയുൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചുവരുന്നു.

**സഹകരണ ബാങ്കുകളിൽ ഭരണസമിതി**

364(779) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ തുടർച്ചയായി ഭരണസമിതി അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് പരിധി നിശ്ചയിച്ച് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ രണ്ട് ഭരണസമിതി കാലയളവിനിടയിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തിയിട്ടുണ്ടെങ്കിൽ തുടർച്ചയായ മൂന്ന് ഭരണസമിതികൾ എന്നത് കണക്കാക്കുന്നതിനുള്ള വ്യവസ്ഥ എങ്ങനെയാണ് ബാധകമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ തുടർച്ചയായി ഭരണസമിതി അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് പരിധി നിശ്ചയിച്ച് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട സഭ പാസ്സാക്കിയ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ, 2022-ലെ ഖണ്ഡം (17) -ൽ ഉപഖണ്ഡം (Vii)-ൽ വകുപ്പ് 28-ൽ ഉപവകുപ്പ് (2 എ) “Notwithstanding anything to the contrary

contained in the Act, Rules or in the bye-laws of a credit society, no member of the committee of a society shall be eligible for election to the committee for more than three consecutive terms, irrespective of whether the term is in full or in part" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി നിയമം ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ**

365(780) ശ്രീ. എൻ. എ നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, ഓഹരിയുടമകൾ, അവരുടെ ബന്ധുക്കൾ തുടങ്ങിയവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, ഓഹരിയുടമകൾ, അവരുടെ ബന്ധുക്കൾ തുടങ്ങിയവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെച്ചേർക്കുന്നു.

I **<u>സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>**

1. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നു.

2. കെ.എസ്.ആർ. പ്രകാരമുള്ള ലീവ്, റ്റി.എ., ഡി.എ. ആനുകൂല്യങ്ങൾ ലഭിക്കുന്നു.

3. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ മരണപ്പെട്ടാൽ ആശ്രിത നിയമനം നിയമാനുസൃതം നൽകുന്നു.

4. വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളായ പെൻഷൻ, ഗ്രാറ്റുവിറ്റി, ടെർമിനൽ ലീവ് സറണ്ടർ എന്നിവ അനുവദിക്കുന്നു.

5. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെച്ചേർക്കുന്നു.

എ) സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമാനുസൃത അവകാശികൾക്ക് മരണാനന്തര ധനസഹായം അനുവദിക്കുന്നു.

ബി) ജീവനക്കാർ സേവനത്തിൽനിന്നും പിരിഞ്ഞുപോകുന്ന അവസരത്തിൽ ബോർഡിലേയ്ക്കടച്ച വിഹിതം സ്ഥാപനത്തിന്റെ വിഹിതത്തോടൊപ്പം ജീവനക്കാർക്ക് തിരികെ നൽകുന്നു.

സി) ചികിത്സാ ധനസഹായമായി ജീവനക്കാരുടെ ഭാര്യ/ഭർത്താവ്, അച്ഛൻ, അമ്മ, പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവർക്ക് ധനസഹായം നൽകുന്നു.

ഡി) ഉന്നത വിജയം നേടിയ ജീവനക്കാരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

II <u>സഹകരണ സ്ഥാപനങ്ങളിലെ ഓഹരി ഉടമകൾ, അവരുടെ ബന്ധുക്കൾ തുടങ്ങിയവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

1. <u>കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.</u>

വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറുമാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന വായ്പാ ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ കടാശ്വാസ പദ്ധതി

2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008 എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2. സഹകരണാംഗ സമാശ്വാസ നിധി (മെമ്പർ റിലീഫ് ഫണ്ട്)

സഹകരണ സംഘത്തിലെ 'എ' ക്ലാസ്സ് ഓഹരിയെടുത്ത് മൂന്ന് വർഷം പൂർത്തിയായ മാരകരോഗബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്ക് നിശ്ചിത തുക അനുവദിച്ചുനൽകുന്നതിന് 'സഹകരണാംഗ സമാശ്വാസ നിധി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മേൽ പദ്ധതികൾക്ക് പുറമേ കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ കടാശ്വാസ പദ്ധതികൾ, കുറഞ്ഞ പലിശ നിരക്കിലുള്ള/പലിശരഹിത വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കൂടാതെ സഹകരണ സംഘങ്ങൾ അവരുടെ ബൈലായിൽ മറ്റാനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളപക്ഷം അതും നൽകിവരുന്നു.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ ചുവടെച്ചേർക്കുന്നു.

I <u>സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:</u>

1. സഹകരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കാണ് ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും കെ.എസ്.ആർ. പ്രകാരമുള്ള ലീവ്, റ്റി.എ., ഡി.എ. ആനുകൂല്യങ്ങളും ലഭ്യമാകുന്നത്.

2. മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർ സഹകരണ നിയമം ചട്ടപ്രകാരം ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സംഘം/ബാങ്ക് ഭരണസമിതിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഭരണ സമിതി തീരുമാനപ്രകാരം സഹകരണ നിയമത്തിലും സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക്

അനുസൃതമായും ക്രമപ്രകാരമായ അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനുള്ള ഉത്തരവ് നൽകുന്നു.

3. ജീവനക്കാർ വിരമിക്കുന്ന മുറയ്ക്ക് പെൻഷൻ ടോക്കറ്റ്, ഭരണ സമിതി തീരുമാനം, ക്രമപ്രകാരമുള്ള അപേക്ഷ എന്നിവയുൾപ്പെടെ സഹകരണ പെൻഷൻ ബോർഡിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുന്നു. ഗ്രാറ്റുവിറ്റി, ടെർമിനൽ ലീവ് സറണ്ടർ എന്നിവ സഹകരണ നിയമത്തിനും ചട്ടത്തിനും സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കനുസൃതമായി വിരമിക്കുന്ന ജീവനക്കാർക്ക് നൽകിവരുന്നു.

4. കേരള സംസ്ഥാന സഹകരണ സംഘം ജീവനക്കാരുടെ ക്ഷേമ ബോർഡ് അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉന്നത വിജയത്തിനുള്ള ക്യാഷ് അവാർഡ് നൽകുന്നു. വെൽഫെയർ വിഹിതം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നു.

II <u>സഹകരണ സ്ഥാപനങ്ങളിലെ ഓഹരി ഉടമകൾ, അവരുടെ ബന്ധുക്കൾ തുടങ്ങിയവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

## 1. കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറുമാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നൽകുന്നത് സർക്കാർ അംഗീകരിച്ച് നൽകിയ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. 11-10-2022 മുതൽ മരണപ്പെട്ടവർക്കുള്ള ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽനിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു.

വായ്പയെടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ടി.ബി. ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി നിലവിൽ പരമാവധി 1,25,000/- രൂപ നൽകിവരുന്നു.

11-10-2022-ലെ സ.ഉ(കൈ)നം.32/2022/സഹ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ ഓരോ വായ്പാ തുകയിൽനിന്നും 0.7 ശതമാനമെന്ന നിരക്കിൽ കുറഞ്ഞത് 100/- (നൂറ് രൂപ) രൂപയും പരമാവധി 2,000/- (രണ്ടായിരം രൂപ) രൂപയും ആയതിന്റെ ജി.എസ്.ടി.-യും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം വായ്പാക്കാരനിൽനിന്ന് റിസ്ക് ഫണ്ട് ഇനത്തിൽ തുക ഈടാക്കി ബോർഡിലേയ്ക്ക് അടവാക്കേണ്ടതാണ്.

2. <u>സഹകരണ അംഗ സമാശ്വാസ നിധി (മെമ്പർ റിലീഫ് ഫണ്ട്)</u>:

1969-ലെ സഹകരണ സംഘ നിയമം വകുപ്പ് 56(1) സി, ചട്ടം 53 (എ) പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. 22-6-2018-ലെ സ.ഉ.(കൈ)നം.22/2018/സഹ. പ്രകാരം സ്കീം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 02-11-2020-ലെ സ.ഉ. (കൈ)നം.23/2020/സഹ. പ്രകാരം ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരം ചുവടെച്ചേർക്കുന്നു.

അർബുദം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, ഗുരുതര ശസ്ത്രക്രിയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരകരോഗ ബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ

അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. ഈ സ്കീം പ്രകാരം അംഗം എന്നാൽ 1969-ലെ കേരള സഹകരണ സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ 'എ' ക്ലാസ്സ് ഓഹരിയുള്ള വ്യക്തിയായിരിക്കും. ടി വ്യക്തി സംഘത്തിൽ അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം.

അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല.

(സി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത വായ്പ തിരിച്ചടയ്ക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ?

ജാമ്യക്കാരിൽനിന്നോ മരണപ്പെട്ട അംഗത്തിന്റെ നാമനിർദ്ദേശകനോ അനന്തരാവകാശികളോ അല്ലെങ്കിൽ നിയമാനുസൃത പ്രതിനിധികളിൽനിന്നോ ഈടാക്കുന്നതിന് കേരള സഹകരണ സംഘ നിയമം വകുപ്പ് 69-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വായ്പയിൽ ഇളവുണ്ടെങ്കിൽ വിശദാംശം നൽകാമോ?

സഹകരണ റിസ്ക് ഫണ്ട് പ്രകാരം പരമാവധി 3,00,000/- രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സംഘത്തിന്റെ/ബാങ്കിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്.

സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ മാരക രോഗങ്ങൾ ബാധിച്ചവരോ

ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ പൂർണ്ണമായോ മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ പൂർണ്ണമായോ സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000/- രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്. 50,000/- രൂപയ്ക്ക് മുകളിൽ രണ്ട് ലക്ഷം രൂപ വരെയുള്ള മേൽ പ്രകാരമുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും സംഘതല കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്. മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളെടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾക്ക് വായ്പക്കാരന്റെ സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പാ ബാധ്യത തീർപ്പാക്കുന്നതിനുള്ള അവസരം ടി പദ്ധതി പ്രകാരം ലഭിക്കുന്നു.

**ജൂനിയർ ഇൻസ്പെക്ടർ/ ഓഡിറ്റർ നിയമനം**

366(781) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ടീം ഓഡിറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 16-08-2022-ലെ സ.ഉ.(അച്ചടി) നം.144/2022/സഹ. പ്രകാരം പത്തനംതിട്ട ജില്ലയിലും 03-11-2022-ലെ സ.ഉ.(അച്ചടി) നം.199/2022/സഹ. പ്രകാരം തൃശ്ശൂർ ജില്ലയിലും ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 16-08-2022-ലും തൃശ്ശൂർ ജില്ലയിൽ 03-12-2022-ലും ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചു.

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി നിലവിലുള്ള കെ.എസ്.ആർ. സംവിധാനം നിലനിർത്തി സംസ്ഥാനത്തിലെ എല്ലാ

ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനായി 06-05-2023-ലെ സ.ഉ.(അച്ചടി) നം.114/2023/സഹ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയതുപോലെ കെ.എസ്.ആർ. 156 സംവിധാനം നിലനിർത്തിക്കൊണ്ട് ടീം ഓഡിറ്റിന്റെ പൈലറ്റ് പദ്ധതി ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽക്കൂടി നടപ്പിലാക്കുന്നതിന് അനുമതി നൽകി 27-06-2023-ന് സ.ഉ.(അച്ചടി) നം.158/2023/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടീം ഓഡിറ്റ് സംവിധാനം നടപ്പിൽവരുത്തുമ്പോൾ നിലവിലുള്ള സംവിധാനത്തിൽനിന്നും ഉന്നത നിലവാരമുള്ള കൂടുതൽ ഫലപ്രദമായ സംവിധാനത്തിലേയ്ക്ക് മാറുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായുള്ള സ്കീം സഹകരണ നിയമത്തിന്റെ സമഗ്ര പരിഷ്കരണം പൂർത്തിയായതിനുശേഷം അംഗീകരിച്ച് പുറപ്പെടുവിക്കുന്നതാണ്.

(ബി) 21-03-2022-ലെ ജി(3) 4562/2021 നമ്പർ കത്തായി വകുപ്പ് പുനഃസംഘടനയ്ക്കും ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്/വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സഹകരണ നിയമത്തിലും ചട്ടത്തിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനും സഹകരണ വകുപ്പിന്റെ പുനഃസംഘടനയ്ക്കും ഓഡിറ്റ് സംവിധാനം അഴിച്ചുപണിയുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്.

(സി) സഹകരണ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകുമോ;

(ഡി) ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയ ജില്ലകളിൽ എത്ര ഓഡിറ്റർമാരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നിലവിൽ

വകുപ്പിലുള്ളതിനേക്കാൾ എത്ര ഓഡിറ്റർമാരെയാണ് അധികമായി വേണ്ടിവരുന്നതെന്നും വിശദമാക്കുമോ?

(സി&ഡി) നിലവിലുള്ള കെ.എസ്.ആർ. സംവിധാനം നിലനിർത്തിക്കൊണ്ടാണ് ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നത്. സഹകരണ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംവിധാനം പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) സഹകരണ വകുപ്പിൽ നിലവിൽ എത്ര ജൂനിയർ ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; നിലവിലുള്ള ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ 47 ഒഴിവുകളുണ്ട്. നേരിട്ടുള്ള നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 312 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

ഗ്രാമസേവകരിൽനിന്നും ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 150 പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട്. നിലവിലുള്ള ഒഴിവിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി**

367(782) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും എത്ര പേർക്കാണ് റിസ്ക് ഫണ്ട് അനുവദിക്കാനുള്ളതെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽനിന്നും 22-01-2024 തീയതിവരെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള 2133 അപേക്ഷകൾ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ബാക്കിനിൽപ്പുണ്ട്.

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അർഹരായ മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. കാലതാമസം ഒഴിവാക്കുന്നതിനായി ധനസഹായ അപേക്ഷകൾ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ/ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ എന്നിവർക്ക് റിസ്ക് ഫണ്ട് നിയമാവലിയുടെ അടിസ്ഥാനത്തിലുള്ള ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയം 22-01-2024-ലെ ബോർഡ് ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്. കൂടാതെ ബോർഡിലെ വൈസ് ചെയർമാൻ/ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബോർഡിന്റെ ഹെഡ് ആഫീസിലെയും മേഖലാ ആഫീസുകളിലെയും സെക്ഷൻ ജീവനക്കാരുമായി

അവലോകനയോഗം നടത്തി കുടിശ്ശിക ഫയൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന റിസ്ക് ഫണ്ട് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ അനുവദിക്കാത്തവരുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന ബോർഡിൽ ലഭ്യമായ 115 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം ലഭ്യമാക്കിയിട്ടില്ല. ആയതിൽ 36 അപേക്ഷകളിൽ ധനസഹായത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലും 11 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 22 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘത്തിന് കത്ത് നൽകിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 46 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കെയർഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി.**

368(783) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ, 2022-ൽ ചുവടെപ്പറയുന്ന ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർച്ചയായി മൂന്ന് തവണയിലധികം ഒരു അംഗം വായ്പാ സംഘങ്ങളുടെ കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെടാൻ പാടില്ല, ഒരു വ്യക്തി ഒരേതരത്തിലുള്ള ഒന്നിലധികം സംഘങ്ങളിൽ ഭരണസമിതി അംഗമാകാൻ പാടില്ലെന്ന വ്യവസ്ഥയോടൊപ്പം വ്യത്യസ്ത തരത്തിലുള്ള രണ്ടിലധികം സംഘങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാരവാഹിയാകാൻ പാടില്ല. സംഘങ്ങളുടെ വാർഷിക പൊതുയോഗത്തിൽ ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഘത്തിലുള്ള ബാധ്യതകൾ സമർപ്പിക്കണം. വ്യക്തികൾക്ക് കടം വാങ്ങാവുന്ന പരിധി ലംഘിച്ച് ഏതെങ്കിലും സംഘം വായ്പ അനുവദിച്ചാൽ പ്രസ്തുത നിയമലംഘനത്തിന് സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവും ഭരണസമിതിയും ഉത്തരവാദികളായിരിക്കുമെന്നും ആയതിന് നിയമനടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

എല്ലാ അപ്പെക്സ് സംഘങ്ങളുടെയും അർബൻ ബാങ്കുകളുടെയും സാമ്പത്തിക ആഡിറ്റ് ചുമതലപ്പെട്ട ആഡിറ്റിംഗ് ഫേം നിർവ്വഹിക്കണമെന്നും ഭരണപരമായ ആഡിറ്റ് വകുപ്പുതല ആഡിറ്റർമാർ നിർവ്വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ആഡിറ്റുകളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഹകരണ ആഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് ചെയ്യുന്ന ക്രമക്കേടുകൾ സഹകരണസംഘം രജിസ്ട്രാർ നേരിട്ടോ ആഡിറ്റ് ഡയറക്ടർ

രജിസ്ട്രാറുമായി കൂടിയാലോചിച്ചോ പരിശോധനയ്ക്കായി പോലീസിനോ വിജിലൻസ് ഓഫീസർക്കോ റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

സംഘങ്ങളുടെ ആഡിറ്റിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തന വൈകല്യം ശ്രദ്ധയിൽപ്പെട്ടാൽ ഭരണസമിതി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആഡിറ്റ് റിപ്പോർട്ടും പരിഹരണ റിപ്പോർട്ടും പൊതുയോഗത്തിന് മുമ്പാകെ സമർപ്പിക്കേണ്ടതും തുടർന്ന് ആഡിറ്റ് ഡയറക്ടർക്കും സഹകരണ സംഘം രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതുമാണ്. സംഘത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതിന് ആധുനിക അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തിയ ആഡിറ്ററോ ഏതെങ്കിലും ഒരു സംഘത്തിൽ ഏതെങ്കിലും ഒരു വ്യക്തി നിയമനടപടികളിൽനിന്ന് ഒഴിവാകുന്നതിനായി സംഘം രേഖകളിൽ കൃത്രിമം കാണിക്കുകയോ നശിപ്പിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രാറുമായോ രജിസ്ട്രാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനുമായോ കൂടിയാലോചന നടത്തി പോലീസിനോ വിജിലൻസ്

ഓഫീസർക്കോ സമർപ്പിക്കുന്നതിനായി നിയന്ത്രണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി ക്രമക്കേട് നടത്തിയ തുകയും നഷ്ടോത്തരവാദിത്വവും നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. അന്വേഷണത്തിൽ ക്രിമിനൽ നടപടിക്രമം പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കേണ്ടതും രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും രജിസ്ട്രാർ ആയത് ഉടൻതന്നെ പോലീസിനോ വിജിലൻസ് ഓഫീസർക്കോ വിശദപരിശോധനയ്ക്കായി കൈമാറേണ്ടതുമാണ്. ക്രമക്കേട്, പണാപഹരണം, ആസ്തി ബാധ്യതകൾ നഷ്ടപ്പെടുത്തൽ എന്നിവ വെളിവായാൽ ഇത്തരത്തിൽ സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് രജിസ്ട്രാറോ രജിസ്ട്രാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ നഷ്ടം തിട്ടപ്പെടുത്തി പ്രസ്തുത നഷ്ടം ഈടാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സൊസൈറ്റികളിൽ പരിശോധന നടത്തുന്നതിനായി പ്രത്യേക ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുന്നതിന്

വ്യവസ്ഥ ചെയ്യുന്നു. വായ്പാ പ്രവർത്തനം നടത്തുന്ന എല്ലാ സഹകരണ സംഘങ്ങളും അനുസംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ആയത് വീഴ്ച വരുത്തുന്നവർക്കെതിരെ 10,000 രൂപ വരെ പിഴ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമപ്രകാരമോ, 1988-ലെ അഴിമതി നിരോധന നിയമപ്രകാരമോയുള്ള കുറ്റകൃത്യങ്ങൾ സഹകരണ സംഘങ്ങളിൽ നടന്നതായി ബോധ്യപ്പെട്ടാൽ സർക്കാരിനോ രജിസ്ട്രാർക്കോ തുടരന്വേഷണം നടത്തുന്നതിനായി പോലീസിനോ വിജിലൻസിനോ നൽകാവുന്നതാണെന്നും അഴിമതി നിരോധന പ്രകാരമുള്ള കേസുകളിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ അന്വേഷണാനുമതി നൽകുന്നതിനുള്ള അധികാരം സർക്കാരിനും രജിസ്ട്രാർക്കും ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു.

(ബി) സഹകരണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കെയർഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി എന്നിവയുടെ വിവരം വിശദമാക്കാമോ?

കെയർ ഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി എന്നിവയുടെ വിവരം ചുവടെച്ചേർക്കുന്നു.

കെയർ ഹോം പദ്ധതി

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നത് ലക്ഷ്യംവച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക്

കൈമാറിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ എക്സ്പോ

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്തുവച്ച് രണ്ട് സഹകരണ എക്സ്പോകൾ വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതുസമൂഹത്തിനുമുന്നിൽ കൊണ്ടുവരിക, സഹകരണ മേഖലയിലെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുക, അന്തർദേശീയ-ദേശീയ-സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കിവരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിലെത്തിക്കുക, സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള-

ദേശീയ തലത്തിൽ പരിചയപ്പെടുത്തുക, സഹകരണ മേഖലയിലെ ഉൽപന്നങ്ങൾക്ക് സ്ഥാനം ഉറപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിക്കുക, കേരളത്തിലെ സഹകരണ ഉൽപന്നങ്ങളുടെ ഏകീകൃത ബ്രാൻഡായ coopkerala ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുക, സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതികവിദ്യയും പരിചയപ്പെടുത്തുക, കേരളത്തിലെ സഹകരണ മേഖലയിൽനിന്നുള്ള ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക, സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യമുണ്ടാക്കുക, സഹകരണ മേഖലയിലെ കാലികപ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക, തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് സഹകരണ എക്സ്പോ സംഘടിപ്പിച്ചിട്ടുള്ളത്.

## പുനർജ്ജനി പദ്ധതി

സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളേയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനും അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന പദ്ധതിയിൽനിന്നാണ് പുനർജ്ജനി പദ്ധതിക്ക് ധനസഹായം അനുവദിച്ചുനൽകുന്നത്.

## സഹകരണ വകുപ്പിൽ താലൂക്കുതല അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ

369(784) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സഹകരണ വകുപ്പിന് കീഴിൽ താലൂക്കുതല അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

1. വർക്കല, 2. കാട്ടാക്കട, 3. പുനലൂർ, 4. കോന്നി, 5. ഇടുക്കി, 6. ചാലക്കുടി, 7. കുന്നംകുളം, 8. പട്ടാമ്പി, 9. കൊണ്ടോട്ടി, 10. താമരശ്ശേരി, 11. ഇരിട്ടി, 12. പയ്യന്നൂർ, 13. വെള്ളരിക്കുണ്ട്, 14. മഞ്ചേശ്വരം എന്നിവയാണ് സഹകരണ വകുപ്പിൽ താലൂക്കുതല അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകൾ.

(ബി) പ്രസ്തുത ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ ഓഫീസ് ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇതിനോടകം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എല്ലാ താലൂക്കുകളിലും പ്രസ്തുത ഓഫീസ് എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

(ബി&സി) സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച വകുപ്പ് പുനഃസംഘടനാ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സഹകരണ ഓഡിറ്റിന്റെ ഏറ്റവും താഴെത്തട്ടിലുള്ള താലൂക്കുതല ഓഫീസുകൾ എല്ലാ താലൂക്കുകളിലും നിലവില്ലാത്തത് സഹകരണ ഓഡിറ്റിംഗിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണമേഖലയിലെ വായ്പാ കുടിശ്ശിക നിവാരണം**

370(785) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പാ കുടിശ്ശിക കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടെ നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സഹകരണ ബാങ്കുകളിൽനിന്ന് ലോണെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ചുതീർക്കാൻ ടി പദ്ധതി പ്രകാരം സാധിക്കുന്നു. ടി പദ്ധതി 2023 കാലയളവിൽ 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെ നടപ്പാക്കി.

പദ്ധതിയുടെ രണ്ടാംഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ 50 ലക്ഷം രൂപ വരെയുള്ള വായ്പകൾ ഇളവുകളോടെ അടച്ച് തീർക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ ഇളവുകളാണ് അനുവദിക്കുന്നത്; നിലവിൽ എന്നുവരെയാണ് ഒറ്റത്തവണ തീർപ്പാക്കൽ നടപടികൾ പ്രാബല്യത്തിലുള്ളത്; വ്യക്തമാക്കാമോ?

വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ചുവടെ പറയുന്ന ഇളവുകൾ അനുവദിക്കാറുണ്ട്.

1. പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.
2. സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.
3. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾ ബാക്കിനിൽപ്പ് മുതൽത്തുക മാത്രം ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.

4. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽത്തുകയും പലിശയുടെ 50% ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.
5. അഞ്ച് വർഷത്തിൽത്താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ ഇളവ് നൽകാവുന്നതാണ്.
6. അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായതും 25,000 രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 30% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
7. 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.
8. 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ

പരമാവധി 25% വരെ സംഘംതല കമ്മിറ്റിക്ക് ഇളവ് നൽകാവുന്നതാണ്.

9. സംഘം തലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

10. 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 25% വരെ ഇളവ് അനുവദിക്കാവുന്നതാണ്.

11. സംഘം തലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 40% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

12. 25,00,000/- രൂപയ്ക്ക് മുകളിൽ 50,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 15% വരെ ഇളവ് അനുവദിക്കാവുന്നതാണ്.

13. സംഘംതലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 25,00,000/- രൂപയ്ക്ക് മുകളിൽ 50,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 20% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

14. കൂടാതെ സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ കുടിശ്ശിക വായ്പകളും ഇളവുകളോടെ ടി പദ്ധതി പ്രകാരം അടച്ച് തീർക്കാവുന്നതാണ്.

15. അതിദരിദ്ര സർവേ പ്രകാരമുള്ള പട്ടികയിലുൾപ്പെട്ടവർക്ക് ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകളും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)-ൽ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കുപുറമെ കുടിശ്ശിക നിവാരണത്തിനായി റിക്കവറി മാനേജ്മെന്റ് പോളിസിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ നൽകുന്ന ഇളവുകളുടെ തോത് ഓരോ സംഘത്തിനും വ്യത്യസ്തമാണോയെന്ന് അറിയിക്കാമോ; ഇളവുകളുടെ തോത് വെളിപ്പെടുത്താമോ?

സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസിംഗ് സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കാണ് പൊതുവിൽ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദ്ദേശപ്രകാരം ടി പദ്ധതി ബാധകമാകുന്നത്. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ ടി ബാങ്കുകൾക്ക് അനുയോജ്യവും ഗുണകരവുമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രൈമറി സംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങൾക്കും അവർക്കനുയോജ്യമായ, വ്യത്യസ്തമായ ഒറ്റത്തവണ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പൊതുവിൽ നടപ്പിലാക്കിവരുന്ന

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ 50 ലക്ഷം വരെയുള്ള വായ്പകൾക്ക് ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിൽ 60 ലക്ഷം രൂപ വരെ നൽകിയിട്ടുള്ള വായ്പകൾക്കാണ് ഇളവുകൾ അനുവദിച്ചിട്ടുള്ളത്. ഒരു വർഷത്തിൽ കൂടുതൽ കുടിശ്ശികയായിട്ടുള്ള വായ്പകൾക്ക് പലിശയിൽ 5 ശതമാനം ഇളവും 6 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ സെക്യേർഡ് വായ്പകൾക്ക് പരമാവധി 50 ശതമാനം വരെയുള്ള പലിശയിളവുമാണ് നൽകിവരുന്നത്. ഒ.റ്റി.എസ്. കാലയളവിൽ കുടിശ്ശിക തീർക്കുന്ന എല്ലാ വായ്പകൾക്കും പിഴപ്പലിശയിൽ ഇളവ് അനുവദിക്കുന്നുണ്ട്.

സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ 1 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് നൽകാവുന്ന

പലിശയിളവിന് പരിധിയില്ല. 1 ലക്ഷത്തിന് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ 1,50,000 രൂപ വരെയും 3 ലക്ഷത്തിനുമുകളിൽ 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ 1,80,000/- രൂപ വരെയും 5 ലക്ഷത്തിനുമുകളിൽ 2,00,000/- രൂപ വരെയും പരമാവധി പലിശയിളവ് അനുവദിച്ചുവരുന്നു.

(ഡി) ദുർബല സംഘങ്ങളെ കണ്ടെത്തുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തി പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ദുർബല സംഘങ്ങളെ കണ്ടെത്തുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തി പുനരുജ്ജീവിപ്പിക്കുന്നതിനും സഹകരണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമെന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 800 ലക്ഷം

രൂപ വകയിരുത്തുകയും 246.87 ലക്ഷം രൂപ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ടി പദ്ധതിയിൽനിന്നും ധനസഹായമായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനും അംഗങ്ങൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമുള്ള പുനർജ്ജനി സ്കീം ടി പദ്ധതിയിലുൾപ്പെടുന്നു.

3. വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ 250 ലക്ഷം രൂപ വകയിരുത്തുകയും 89.56 ലക്ഷം രൂപ ടി

പദ്ധതിയിൽനിന്നും വിവിധ വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായമായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

4. പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിനും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരധിവാസം എന്നിവയ്ക്കായി കേരള സഹകരണ സംരക്ഷണനിധി പദ്ധതിയിലുൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം 750 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

371(786) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2023-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെ നടപ്പാക്കിയിരുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ 2024 ജനുവരി 31 വരെ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സഹകാരികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രകാരം സഹകാരികൾക്ക് ചുവടെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നു.

- പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.

- സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.
- അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപ വരെയുള്ള വായ്പകൾ ബാക്കിനിൽപ്പ് മുതൽ തുക മാത്രം ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.
- അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽത്തുകയും പലിശയുടെ 50 ശതമാനവും ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.
- അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്.
- അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായതും 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 30% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.
- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 25% വരെ സംഘംതല കമ്മിറ്റിക്ക് ഇളവ് നൽകാവുന്നതാണ്.
- സംഘം തലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 25% വരെ ഇളവ് അനുവദിക്കാവുന്നതാണ്.

- സംഘം തലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 40% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- 25,00,000/- രൂപയ്ക്ക് മുകളിൽ 50,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 15% വരെ ഇളവ് അനുവദിക്കാവുന്നതാണ്.
- സംഘം തലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 25,00,000/- രൂപയ്ക്ക് മുകളിൽ 50,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 20% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- കൂടാതെ സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ കുടിശ്ശിക

വായ്പകളും ഇളവുകളോടെ ടി പദ്ധതി പ്രകാരം അടച്ച് തീർക്കാവുന്നതാണ്.

- അതിദരിദ്ര സർവേ പ്രകാരമുള്ള പട്ടികയിലുൾപ്പെട്ടവർക്ക് ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകളും ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)-ൽ നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് പുറമെ കുടിശ്ശിക നിവാരണത്തിനായി റിക്കവറി മാനേജ്മെന്റ് പോളിസിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതിയിൽ കഴിഞ്ഞ വർഷം എത്ര സഹകാരികൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ വർഷം 3,16,462 സഹകാരികൾക്ക് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി ഇൻഷ്വറൻസ് പദ്ധതി

372(787) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് മാതൃകയിൽ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി സി.ഇ.എം.ഐ.എസ്. (കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അനുയോജ്യമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിൽവരുത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചും ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചനകൾ നടത്തി ഫൈനൽ പാക്കേജ് കോസ്റ്റ് നിലവിലുള്ള നിരക്കിനനുസരിച്ച്

പുനർനിർണ്ണയിച്ചും അതിനനുസരിച്ച് പ്രീമിയം തുക നിർണ്ണയിച്ചും ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കിയും ഗുണഭോക്തൃ വിഹിതം ആവശ്യമുണ്ടെങ്കിൽ അത് നിശ്ചയിച്ചും കരട് സ്കീം പുനഃസമർപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളെ അട്ടിമറിക്കുന്ന കേന്ദ്ര നയം**

373(788) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയ്ക്കെതിരെ ചില കേന്ദ്ര ഏജൻസികൾ നടത്തുന്നതായി പറയപ്പെടുന്ന കുപ്രചരണ സമാനമായ നടപടികൾ പ്രതിരോധിച്ചുകൊണ്ട് നിക്ഷേപം സമാഹരിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി

ആകർഷിക്കുക, സഹകരണ വായ്പ മേഖലയിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽനിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു. 44-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്. എല്ലാ ജില്ലകളിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 23-01-2024 വരെ 14 ജില്ലകളിലെ സംഘങ്ങളിൽ 1541.21

കോടി രൂപയുടെയും കേരള ബാങ്കിൽ 1007.84 കോടി രൂപയുടെയും നിക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. 23-01-2024 വരെ ലഭിച്ച ആകെ പുതിയ നിക്ഷേപം 2549.05 കോടി രൂപയാണ്.

(ബി) സഹകരണ ബാങ്കുകളെ അട്ടിമറിക്കുകയെന്ന നയത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ ബാങ്ക് എന്ന പദം ഉപയോഗിക്കുന്നതിനെതിരെ റിസർവ് ബാങ്ക് നൽകിയ പരസ്യത്തിനെതിരെ നിയമ നടപടി സ്വീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 22-11-2021-ൽ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ 'Press Release' പ്രകാരം, 1949-ലെ BR Act-ൽ 2020 സെപ്റ്റംബർ 29-ന് വന്ന ഭേദഗതി നിർദ്ദേശം പ്രകാരം (Act 39 of 2020) 1949-ലെ BR Act പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ ആർ.ബി.ഐ.-യുടെ പ്രത്യേക അനുവാദമുള്ള സ്ഥാപനങ്ങളോ അല്ലാത്തവർ 'Bank', 'Bankers', 'Banking' എന്നീ പദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനോടൊപ്പം ഉപയോഗിക്കുവാൻ

പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപറഞ്ഞ BR Act-ലെ ഭേദഗതി വകുപ്പ് 7-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 'Bank' എന്ന പദം അവരുടെ പേരിനോടൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽനിന്നും/നോമിനൽ അംഗങ്ങളിൽനിന്നും/അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് BR Act-ന് വിരുദ്ധമാണെന്നും മേൽ സാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് BR Act പ്രകാരമുള്ള ലൈസൻസില്ലായെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദമില്ലായെന്നും ഇത്തരം സഹകരണ സംഘങ്ങളിലുള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarentee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ഇത്തരത്തിൽ ബാങ്ക് എന്ന് അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും

ഇടപാടുകൾ നടത്തുന്നതിനുമുമ്പായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടീസിൽ പറഞ്ഞിരുന്നു. പ്രസ്തുത നോട്ടീസ് നിയമങ്ങൾക്കെതിരും സഹകരണ സംഘങ്ങളിലെ അംഗങ്ങളിലും പൊതുജനങ്ങളിലും ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെന്നതിനാലും അത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ് ബാങ്കിന് 01-12-2021-ൽ കത്ത് നൽകിയിരുന്നു. റിസർവ് ബാങ്ക് ജനറൽ മാനേജരുടെ 19-01-2022-ലെ കത്ത് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കാനും Non-members, Nominal members/Associate members എന്നിവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ച് മറുപടി കത്ത് ലഭിക്കുകയുണ്ടായി. കൂടാതെ ഇതേ വിഷയമുന്നയിച്ച് തുടർന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പത്രപരസ്യങ്ങൾ നൽകിവരുന്നുണ്ട്. നിയമഭേദഗതിയിലെ വ്യവസ്ഥകൾ സഹകരണ നിയമത്തിലെ

വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം കേന്ദ്രനിയമ ഭേദഗതികളെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

(സി) സഹകരണ മേഖലയിൽ ഫെഡറൽ തത്വങ്ങൾ ലംഘിച്ചുകൊണ്ട് കേന്ദ്രം നിയമ നിർമ്മാണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യൻ ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിലെ എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. ഭരണഘടന പ്രകാരം സംസ്ഥാന ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളിൽ കേന്ദ്രസർക്കാരിന് നിയമനിർമ്മാണം നടത്തുവാൻ കഴിയുകയില്ല. കേന്ദ്ര സർക്കാർ 2022-ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുതിന് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമന്റ്മെന്റ്) ബിൽ കൊണ്ടുവരികയുണ്ടായി. സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് ഭേദഗതി വ്യവസ്ഥ ചെയ്യുകയും ചെയ്തു. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

(അമന്റ്മെന്റ്) നിയമത്തിലെ 17-ാം വ്യവസ്ഥയിൽ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ Amalgamation or Transfer of assets and liabilities, or division of multistate co-operative societies എന്നതിൽ ഉപവകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്യുന്ന മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധനയായി സംസ്ഥാന നിയമത്തിലെ മെർജർ സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിന് കഴിയുന്നതാണ്.

സഹകരണ സംഘങ്ങളെ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന 3 ദേശീയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സംഘങ്ങൾ മേൽപ്പറഞ്ഞ മൾട്ടി സ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു.

**കേരള ബാങ്ക്**

374(789) <u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>

<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ ഏഷ്യയിലെ ഏറ്റവും വലിയ സാമ്പത്തിക സഹകരണ സ്ഥാപനമായി മാറ്റുന്നതിനായി ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അപ്പെക്സ് ലെവൽ സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരാണ് കേരള ബാങ്കിന്റെ പ്രധാന ഉപഭോക്താക്കൾ. കേരള ബാങ്ക് വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നബാർഡ് പുനർവായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും നൽകിയിട്ടുണ്ട്. സ്വയംസഹായ സംഘങ്ങൾക്കും (SHG) കൂട്ടുബാധ്യത

സംഘങ്ങൾക്കും (JLG) വേണ്ടി മൈക്രോ ഫിനാൻസ് സ്കീമിൽ വായ്പകൾ നൽകുന്നു. പുതിയ തൊഴിൽ സംരംഭകർക്കും വിദഗ്ധ തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾക്കും കരാർ സേവനദാതാക്കൾക്കും ടൂറിസം മേഖലയിലെ സംരംഭകർക്കും ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾക്കും ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ ഓപ്പറേറ്റർ/ഉടമകൾക്കും ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ എം.എസ്.എം.ഇ. വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കിവരുന്നു. നിലവിൽ കേരള ബാങ്കിന് 823 ശാഖകളും 'എ' ക്ലാസ് മെമ്പർമാരായി 1668 പ്രാഥമിക സഹകരണ സംഘങ്ങളുണ്ട്. 31-03-2023-ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,21,204.39 കോടി രൂപയാണ്. ബാങ്കിന്റെ നിക്ഷേപം 74,152.32 കോടി രൂപയും വായ്പ 47,052.07 കോടി രൂപയുമാണ്. കേരള ബാങ്കിന്റെ ഏകീകൃതവും ഏറ്റവും നൂതനവുമായ കോർ ബാങ്കിംഗ് സംവിധാനം 2022 ഡിസംബർ മാസത്തോടെ നിലവിൽവന്നു. ഇതോടെ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെന്നപോലെ RTGS/NEFT, IMPS, ATM, Micro ATM, NACH മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്. സംഘങ്ങൾക്കും

സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വെവ്വേറെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ നിലവിൽ ലഭ്യമാണ്. ഇതുവഴി ശാഖ സന്ദർശിക്കാതെതന്നെ വിവിധ ബാങ്കിംഗ് ഇടപാടുകൾ നടത്താൻ കഴിയും. ആവശ്യമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വിദേശനാണ്യ ഇടപാടുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ ആരംഭിക്കുന്നതാണ്.

കേരളാ ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള CASA (കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെച്ചേർക്കുന്നു.

1. KB സീനിയർ സിറ്റിസൺ സേവിംഗ്സ്
2. KB വനിതാ സേവിംഗ്സ്
3. KB യംഗ് സേവിംഗ്സ്
4. KB മൈനർ സേവിംഗ്സ്
5. KB സഹായം സേവിംഗ്സ്
6. KB പെൻഷനർ സേവിംഗ്സ്

7. KB കുടുംബം സേവിംഗ്സ്

8. KB ഫ്രീഡം സേവിംഗ്സ് (PACS)

കേരള ബാങ്ക് വായ്പാ പദ്ധതികൾ

സൂക്ഷ്മ-ചെറുകിട-ഇടത്തര വായ്പാ പദ്ധതിവഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMAGRA PACS എന്ന വായ്പാ സ്കീം നടപ്പാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും തത്തുല്യമായ സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) സ്കീമിൽനിന്നുള്ള 3% പലിശ സബ്സിഡിയോടുകൂടിയ വായ്പ നൽകിവരുന്നുണ്ട്. അത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന്

സഹായകരമാകും. ഈ പദ്ധതി പ്രകാരം 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരളാ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാഥമിക സംഘങ്ങളും ഒത്തുചേർന്ന് പ്രവർത്തിക്കുന്നതിനുമാവശ്യമായ ശിപാർശകൾ നൽകുന്നതിന് ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നൂറ് ദിന കർമ്മപരിപാടി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി മാറ്റുകയെന്ന ലക്ഷ്യത്തിലേയ്ക്ക് അതിവേഗം എത്തിക്കുന്നതിനായി 2023 നവംബർ 1 മുതൽ ഫെബ്രുവരി 8 വരെ നീണ്ടുനിൽക്കുന്ന നൂറു ദിന തീവ്രകർമ്മ പരിപാടി മിഷൻ റെയിൻബോ 2024 എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തീവ്ര കുടിശ്ശിക നിവാരണം, മികവുറ്റ എസ്.എം.എ. മാനേജ്മെന്റ്, ഊർജ്ജസ്വലമായ ഡിജിറ്റൽ ബാങ്കിംഗ് ക്യാമ്പയിൻ, CASA ക്യാമ്പയിൻ,

അതിവേഗ വായ്പാ വിതരണ ക്യാമ്പയിൻ, ഊർജ്ജിത ഗോൾഡ് ലോൺ ക്യാമ്പയിൻ, PACS/UCB-കളുമായി ബഹുതല സംയോജനം എന്നീ 7 മേഖലകൾ കേന്ദ്രീകരിച്ചാണ് നൂറുദിന കർമ്മ പദ്ധതി നടപ്പിലാക്കുന്നത്.

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ നടത്തിയ മികച്ച പ്രവർത്തനത്തിന് സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷൻ പുരസ്കാരം കേരള ബാങ്കിന് ലഭിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പുരസ്കാരം ലഭിച്ചതെന്ന് വിശദമാക്കുമോ?

സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. 2019-20, 2020-21, 2021-22 വർഷത്തെ അവാർഡുകളാണ് ലഭിച്ചത്. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്.

സഹകരണ മേഖലയിൽ നിലനിന്നിരുന്ന ത്രിതല സംവിധാനത്തിനുപകരം ഗ്രാമീണ ജനതയ്ക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെ ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ എന്നിവ പരമാവധി ഗുണഭോക്താക്കളിലേയ്ക്കെത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, വിവേകപരമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതികവിദ്യയിലും കമ്പ്യൂട്ടറൈസേഷനിലുമുണ്ടായ നേട്ടങ്ങൾ, നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള അവാർഡ് കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത്.

**കരുവന്നൂർ സഹകരണ ബാങ്ക്**

375(790) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 112-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 31-08-2019-ലെ സി.ആർ.പി. 381/19 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി 19-10-2020-ൽ റിപ്പോർട്ട് സമർപ്പിച്ചുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ നടന്നുവെന്ന് ബോധ്യപ്പെട്ടതിനാൽ ബാങ്ക് ഭരണസമിതിയെ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 22-07-2021-ലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ

നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 32(1) പ്രകാരം തൽസ്ഥാനത്തുനിന്ന് നീക്കംചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളതും ബാങ്കിന് വന്നിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും അന്വേഷണം പൂർത്തിയാക്കി 30-09-2021-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-12-2022-ലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർച്ചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി സർച്ചാർജ് ഉത്തരവിനെതിരെ ബന്ധപ്പെട്ട കക്ഷികൾ അപ്പീൽ സമർപ്പിക്കുകയും അതിൽ ഹിയറിംഗ് നടപടികൾ പൂർത്തിയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ഭരണപക്ഷ പാർട്ടിക്ക് പ്രസ്തുത ബാങ്കിൽ നിരവധി അക്കൗണ്ടുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നിയമാവലി വ്യവസ്ഥ 56 പ്രകാരം അംഗങ്ങളിൽനിന്നും അംഗങ്ങൾ അല്ലാത്തവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാവുന്നതാണ്. ആയതുപ്രകാരം 'എ' ക്ലാസ്സ് അംഗത്വമില്ലാത്ത വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവർക്ക് നിക്ഷേപ അക്കൗണ്ടുകളുണ്ട്.

(സി) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ വകുപ്പ് നടത്തിയ സഹകരണ നിയമം വകുപ്പ് 65, വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണങ്ങളിലെ പ്രധാന കണ്ടെത്തലുകൾ ചുവടെച്ചേർക്കുന്നു.

1. പ്രവർത്തന പരിധിക്ക് പുറത്തുള്ളവർക്ക് വ്യാജ മേൽവിലാസത്തിൽ അംഗത്വം നൽകുകയും അവർക്ക് തെറ്റായ രീതിയിൽ വായ്പകൾ അനുവദിക്കുകയും ചെയ്തത്.

2. നിക്ഷേപങ്ങൾക്ക് അധിക നിരക്കിൽ പലിശ നൽകിയത്.

3. നടപടിക്രമങ്ങൾ പാലിക്കാതെയും മതിയായ ഈടില്ലാതെയും വായ്പകൾ അനുവദിച്ച് ബാങ്കിന്റെ പണം നഷ്ടപ്പെടുത്തിയത്.

4. പ്രതിമാസ നിക്ഷേപ പദ്ധതി ഇടപാടിൽ നടപടിക്രമങ്ങൾ പാലിക്കാതെയും മതിയായ ഈടില്ലാതെയും തെറ്റായ രീതിയിൽ പണം അനുവദിച്ച് ബാങ്കിന് നഷ്ടം വരുത്തിയത്.

5. വ്യാപാര ഇടപാടുകളിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെ സ്റ്റോക്കിൽ തിരിമറി നടത്തിയത്.

**കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ഫണ്ട് ബോർഡ്, പെൻഷൻ ബോർഡ് എന്നിവിടങ്ങളിലെ നിക്ഷേപം**

376(791) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ് എന്നിവയിൽ എത്ര രൂപ നിക്ഷേപമുണ്ട്;

(ബി) പ്രസ്തുത നിക്ഷേപങ്ങളിൽനിന്നും നിക്ഷേപ ആവശ്യങ്ങൾക്കല്ലാതെ എത്ര രൂപ കഴിഞ്ഞ 5 വർഷമായി വകമാറ്റി ചെലവഴിച്ചിട്ടുണ്ട്;

(സി) വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ അവ എന്ത് ആവശ്യത്തിനാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിലെ നിക്ഷേപം 218.50 കോടി രൂപയും കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡിലെ നിക്ഷേപം 1516.98 കോടി രൂപയുമാണ്. പ്രസ്തുത നിക്ഷേപ തുകകൾ വകമാറ്റി ചെലവഴിച്ചിട്ടില്ല.

**സഹകരണ ബാങ്കുകളിലെ സോഫ്റ്റ്‌വെയർ ഏകീകരണം**

377(792) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏകീകരിക്കാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻതന്നെ സേവനദാതാവുമായി കരാറിലേർപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ചോദ്യം നമ്പർ 793 പിൻവലിച്ചു.)

**സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ**

378(794) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ :
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകളിൽ നടക്കുന്ന ഒറ്റപ്പെട്ട അനഭിലഷണീയ പ്രവണതകളെ ചൂണ്ടിക്കാട്ടി സഹകരണ പ്രസ്ഥാനങ്ങളെയൊന്നടങ്കം മോശപ്പെടുത്തുന്ന തരത്തിലുള്ള പ്രചാരണങ്ങളെ

ചെറുത്തുതോൽപ്പിച്ചുകൊണ്ട് ഈ സർക്കാർ നടപ്പാക്കിയ നിക്ഷേപ സമാഹരണയജ്ഞത്തിലൂടെ സഹകരണ മേഖലയിലേയ്ക്കെത്തിയ നിക്ഷേപമെത്രയാണ്; വിശദമാക്കുമോ?

"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, സഹകരണ വായ്പാ മേഖലയിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽനിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ,

അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു. 44-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്. എല്ലാ ജില്ലകളിൽനിന്നും കേരളാ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 23-01-2024 വരെ 14 ജില്ലകളിലെ സംഘങ്ങളിൽ 1541.21 കോടി രൂപയുടെയും കേരളാ ബാങ്കിൽ 1007.84 കോടി രൂപയുടെയും നിക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. 23-01-2024 വരെ ലഭിച്ച ആകെ പുതിയ നിക്ഷേപം 2549.05 കോടി രൂപയാണ്.

(ബി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിനായി സഹകരണ സംരക്ഷണനിധി രൂപീകരിച്ചതിലൂടെ ഈ മേഖലയിൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസ്യത കൂടുതൽ ദൃഢമാക്കിയത് നിക്ഷേപ സമാഹരണത്തിന് ഗുണകരമായോ; വിശദാംശം നൽകുമോ?

18-04-2023-ലെ സ.ഉ.(സാധാ)നം.234/2023/സഹ. പ്രകാരം കേരള സഹകരണ സംഘം പുനരുദ്ധാരണനിധി പദ്ധതി നടപ്പിലാക്കുന്നതിന്

തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ അന്തിമ പദ്ധതിരേഖ സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ സഹകരണ മേഖലയിൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസ്യത വർദ്ധിക്കുന്നതാണ്. വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, നല്ല നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ

പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് കേരള സഹകരണ സംഘം പുനരുദ്ധാരണനിധി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്കുള്ള പരിരക്ഷ വർദ്ധിപ്പിക്കുന്നതിന് വിശദ പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ?

1969-ലെ കേരള സംസ്ഥാന സഹകരണ സംഘ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. നിലവിൽ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 2 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് ടി തുക നൽകുന്നത്. ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക്

പോകുന്നവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥയുൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 പരിഷ്കരിക്കുന്നതിനുള്ള നടപടി പരിഗണിച്ചുവരുന്നു.

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസിലെ അന്വേഷണം**

379(795) <u>ഡോ. മാത്യു കുഴൽനാടൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ?

ഉണ്ട്. കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ്, സഹകരണ നിയമം വകുപ്പ് 65, വകുപ്പ് 68(1) പ്രകാരം നടത്തിയ അന്വേഷണങ്ങളിലെ പ്രധാന കണ്ടെത്തലുകൾ ചുവടെച്ചേർക്കുന്നു.

1. പ്രവർത്തന പരിധിക്കുപുറത്തുള്ളവർക്ക് വ്യാജ മേൽവിലാസത്തിൽ അംഗത്വം നൽകുകയും അവർക്ക് തെറ്റായ രീതിയിൽ വായ്പകൾ അനുവദിക്കുകയും ചെയ്തത്.
2. നിക്ഷേപങ്ങൾക്ക് അധിക നിരക്കിൽ പലിശ നൽകിയത്.
3. നടപടിക്രമങ്ങൾ പാലിക്കാതെയും മതിയായ ഈടില്ലാതെയും വായ്പകൾ അനുവദിച്ച് ബാങ്കിന്റെ പണം നഷ്ടപ്പെടുത്തിയത്.
4. പ്രതിമാസ നിക്ഷേപ പദ്ധതി ഇടപാടിൽ നടപടിക്രമങ്ങൾ പാലിക്കാതെയും മതിയായ ഈടില്ലാതെയും തെറ്റായ രീതിയിൽ പണം അനുവദിച്ച് ബാങ്കിന് നഷ്ടം വരുത്തിയത്.

5. വ്യാപാര ഇടപാടുകളിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെ സ്റ്റോക്കിൽ തിരിമറി നടത്തിയത്.

(ബി) പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ വിവിധ ഘടകങ്ങൾക്ക് കരുവന്നൂർ ബാങ്കിൽ വ്യാജ അക്കൗണ്ടുകളുണ്ടായിരുന്നതായി സഹകരണ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നിയമാവലി വ്യവസ്ഥ 56 പ്രകാരം അംഗങ്ങളിൽനിന്നും അംഗങ്ങളല്ലാത്തവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാവുന്നതാണ്. അതുപ്രകാരം 'എ' ക്ലാസ്സ് അംഗത്വമില്ലാത്ത വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരിൽനിന്നും നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ വ്യാജനിക്ഷേപ അക്കൗണ്ടുകളുള്ളതായി കണ്ടെത്തിയിട്ടില്ല.

(സി) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

**വയനാട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗക്കാരായ ജീവനക്കാരുടെ എണ്ണം**

380(796) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായവരുടെ എണ്ണം, തസ്തിക, സ്ഥാപനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ആകെ ജോലി ചെയ്യുന്നവരുടെ എണ്ണം, തസ്തിക, സ്ഥാപനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സഹകരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗക്കാരായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിന് സംഘങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**

381(797) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

രണ്ട് സഹകരണസംഘങ്ങൾ.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേരുവിവരം വിശദമാക്കാമോ?

1.അവണാകുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2387.

2. നെല്ലിമൂട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2639.

**സഹകരണ സംഘങ്ങളിൽ ജപ്തി നടപടി നേരിടുന്നവരെ സഹായിക്കുന്നതിന് നടപടി**

382(798) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്ന് ലോണെടുത്തവർ ജപ്തി നടപടി നേരിടുന്നതുമൂലം അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള വായ്പക്കാർക്ക് ആശ്വാസമാകുകയെന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക്

മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു. സഹകരണ സംഘങ്ങളിൽനിന്ന് ലോണെടുത്ത് ജപ്തി നടപടി നേരിടുന്നവർക്ക് ഇളവുകളോടെ കുടിശ്ശിക വായ്പ അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്നും ഒഴിവാകുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം ലഭിക്കുന്നു. കൂടാതെ സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളുമായി ബന്ധപ്പെട്ട് ജപ്തി നടപടികൾ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ സാധ്യമായ പരമാവധി ഇളവുകൾ അനുവദിച്ച് വായ്പാ ബാധ്യത അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്ത് ജപ്തി നടപടി നേരിടുന്നവരിൽ വായ്പയെടുത്ത രോഗികൾ, വൃദ്ധജനങ്ങൾ മുതലായവർ താമസിക്കുന്നതും 5 സെന്റിൽ താഴെയുള്ളതും കിടപ്പാടത്തിനായി ഭൂമിയും അതിലുള്ള വീടും അല്ലാതെയുമുള്ള വസ്തുവകകളില്ലാത്തതുമായ വായ്പക്കാരെ ജപ്തി നടപടികളിൽനിന്നും ഒഴിവാക്കുന്നതിന് ശ്രദ്ധിക്കാറുണ്ട്.

ഇത്തരം വിഭാഗങ്ങളെയും 5 ലക്ഷത്തിൽ താഴെയുള്ളതുമായ വായ്പക്കാരുടെ വായ്പാക്കണക്ക് പരമാവധി പലിശയിളവ് നൽകി അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നുണ്ട്.

(ബി) ലോൺ കുടിശ്ശികയായവരുടെ വസ്തു ജപ്തി ചെയ്യുന്നതിനുപകരം കൂട്ടുപലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി ലോൺ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന മൊറട്ടോറിയം, നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ പ്രകാരം കുടിശ്ശികയായ വായ്പാത്തുക അടച്ചുതീർക്കുന്നതിനും പരമാവധി ഇളവുകൾ ലഭിക്കുന്നതിനും പരമാവധി സാവകാശം ലഭിക്കുന്നതിനുമുള്ള അവസരം കുടിശ്ശിക വരുത്തിയ വായ്പാക്കാർക്ക് ലഭിക്കുന്നുണ്ട്. കുടിശ്ശികയായിരുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചുതീർക്കുന്ന വായ്പക്കാർക്ക് ആവശ്യമാണെങ്കിൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പുതിയ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചുതീർക്കുന്ന വായ്പക്കാർക്ക് ആവശ്യമെങ്കിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് നിലവിലുള്ള വായ്പ തുകയെക്കാൾ അധികരിക്കാത്ത തുകയ്ക്ക് വായ്പ പുതുക്കാവുന്നതാണ്. വായ്പാക്കാർക്ക് സഹായകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം, ടി പദ്ധതികൾ സംഘം/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

**കരുവന്നൂർ സഹകരണ ബാങ്ക് വായ്പ ലഭ്യമാക്കാൻ നടത്തിയ ഇടപെടലിന്മേൽ അന്വേഷണം**

383(799) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും അനധികൃതമായി വായ്പ ലഭ്യമാക്കാൻ സംസ്ഥാനത്തെ മന്ത്രിയടക്കം ഇടപെട്ടുവെന്ന് ഇ.ഡി.-ക്ക് മൊഴി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത കേസിൽ മന്ത്രിക്കെതിരെയുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ വകുപ്പ് അന്വേഷണം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, ടി ബാങ്ക് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്കെതിരെയാണ് സഹകരണ നിയമമനുസരിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുള്ളത്.

(സി) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ സഹകരണ വകുപ്പ് നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തട്ടിപ്പ് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 31-08-2019-ലെ സി.ആർ.പി. 381/19 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി 19-10-2020-ൽ റിപ്പോർട്ട്

സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ നടന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ബാങ്ക് ഭരണസമിതിയെ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 22-07-2021-ലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സഹകരണനിയമം വകുപ്പ് 32(1) പ്രകാരം തൽസ്ഥാനത്തുനിന്ന് നീക്കംചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകളുടെ ഭാഗമായി ബാങ്കിന് വന്നിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 06-07-2021-ലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണനിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും അന്വേഷണം പൂർത്തിയാക്കി 30-09-2021-ൽ റിപ്പോർട്ട് സമർപ്പിച്ചുള്ളതുമാണ്. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 29-12-2022-ലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 68 (2) പ്രകാരം സർച്ചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത

ഉത്തരവിനെതിരെ ബന്ധപ്പെട്ട കക്ഷികൾ സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കുകയും ആയതിൽ ഹിയറിംഗ് നടപടികൾ പൂർത്തിയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**യുവസഹകരണസംഘങ്ങൾ**

384(800) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ യുവസഹകരണ സംഘങ്ങൾ മുഖേന പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും അപേക്ഷകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ യുവ സഹകരണസംഘം, ഭൂമി പാട്ടത്തിനെടുത്ത് ചെടികളുടെ നഴ്സറിയും കൃഷിയും ചെയ്യുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ആലത്തൂർ യുവ സ്കിൽഡ് & അൺസ്കിൽഡ് ലേബർ സഹകരണ സംഘത്തിന് ജനസേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം

അരി, തേങ്ങ, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) യുവസഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ?

യുവസഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ വർക്കിംഗ് ഗ്രൂപ്പിലുൾപ്പെടുത്തി ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും അത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം 24 യുവസഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**യുവജന സഹകരണ സംഘങ്ങൾ**

385(801) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച പ്രകാരം എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു; വെളിപ്പെടുത്താമോ?

സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം എന്ന രീതിയിൽ 14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങളും മൂന്നാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 3 യുവ വനിതാ സഹകരണസംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പുതിയ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ?

കേരള സഹകരണ നിയമം, ചട്ടങ്ങൾ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവ പ്രകാരമുള്ള യോഗ്യതകൾ/മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകിവരുന്നു.

**ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങൾ**

386(802) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; ഓരോ സഹകരണ സംഘങ്ങളുടെയും താലൂക്കുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ 13 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തതിൽ 9 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതും 4 സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതവുമാണ്.

കോഴിക്കോട്

1. കോഴിക്കോട് ജില്ലാ ട്രാവൽ & ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി & പ്രൊഫഷണൽ എജ്യൂക്കേഷൻ ലിമിറ്റഡ് നമ്പർ ഡി.2882

2. കോഴിക്കോട് ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3020 -(പ്രവർത്തനരഹിതം)
3. കോഴിക്കോട് ജില്ലാ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2778 -(പ്രവർത്തനരഹിതം)
4. ബേപ്പൂർ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3017 -(പ്രവർത്തനരഹിതം)
5. മലബാർ ടൂറിസം ആൻഡ് ട്രാവലിംഗ് പ്രൊമോഷൻസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3226
6. കോഴിക്കോട് താലൂക്ക് ടൂറിസം വികസന സംഘം-(പ്രവർത്തനരഹിതം)
7. എലത്തൂർ സഹകരണ ട്രാവൽ ആൻഡ് ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.3280
8. ഗ്ലോബൽ ടൂറിസം സർവ്വീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ -3288

വടകര

1. കടത്തനാട് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ലോകനാർകാവ് ലിമിറ്റഡ് നമ്പർ ഡി.3361
2. സാന്റ്ബാങ്ക്സ് ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3362

കൊയിലാണ്ടി

1. കോട്ടക്കൽ കുഞ്ഞാലി മരയ്ക്കാർ ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2719
2. കോഴിക്കോട് ഡിസ്ട്രിക്ട് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.2431
3. കക്കയം വാലി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.3104

താമരശ്ശേരി :- നിലവിൽ സംഘങ്ങളില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്.

1. കടത്തനാട് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ലോകനാർകാവ് ലിമിറ്റഡ് നമ്പർ ഡി. 3361. ലോകനാർകാവ് ആസ്ഥാനമായി 12-04-2022-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചതാണ്. പയംകുറ്റിമല ടൂറിസം പ്രോജക്ടുമായി സഹകരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം വിവിധ ടൂർ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തിവരുന്നു.
2. സാന്റ്ബാങ്ക്സ് ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3362. വടകര ആസ്ഥാനമായി 28-04-2022 രജിസ്റ്റർ ചെയ്ത് 26-05-2022-ൽ പ്രവർത്തനം ആരംഭിച്ചതാണ്.

(സി) ടൂറിസം മേഖലയിൽ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് ഈ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**

387(803) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ സംഘം നിയമപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നൽകുന്നതിനേക്കാൾ കൂടുതൽ പലിശ നിക്ഷേപകർക്ക് വാഗ്ദാനം ചെയ്ത് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ

പ്രവർത്തനത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. പല മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും സംസ്ഥാന സഹകരണ സംഘങ്ങൾ നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപം തിരിച്ചുകൊടുക്കാനാവാത്തതും പ്രവർത്തനം അവസാനിപ്പിക്കുന്നതുമായ സാഹചര്യം നിലവിലുണ്ട്. കേന്ദ്ര നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ സംസ്ഥാന നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളിൽനിന്നും സാധാരണക്കാരായ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിന് കഴിയുകയില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുകയും അത് പൊതുവായി സഹകരണ മേഖലയുടെ പ്രത്യേകിച്ച് സംസ്ഥാന മേഖലയുടെ വീഴ്ചയായി ചിത്രീകരിക്കുന്നതിനും ഇടയാക്കുന്നു. 1969-ലെ കേരള സഹകരണ സംഘ നിയമപ്രകാരം പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ സംഘങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും മൾട്ടി സ്റ്റേറ്റ്

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് അത്തരത്തിലുള്ള യാതൊരുവിധ പരിരക്ഷകളുമില്ല.

(ബി) മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ നിയന്ത്രിക്കുവാൻ സംസ്ഥാന സഹകരണ വകുപ്പിന് അധികാരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എപ്രകാരമാണെന്ന് വിശദമാക്കുമോ?

2002-ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറിന് ടി സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും ടി സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുന്നതിന് യാതൊരു തരത്തിലുള്ള

അധികാരങ്ങളുമില്ലാത്തതാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾ/നിക്ഷേപകർ/പൊതുജനങ്ങൾ എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽ വിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടി സ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സംഘങ്ങൾ ഈ നിർദ്ദേശം പാലിക്കുന്നില്ല. നിർദ്ദേശം നൽകുന്നതിനല്ലാതെ തുടർനടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് യാതൊരുവിധ അധികാരവും നിലവിലില്ല.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

388(804) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; അവയുടെ പേരുവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്രവർത്തനക്ഷമമായ 72 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി സംഘങ്ങളുടെ പേര് വിവരം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ എത്രയെന്നും ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എത്രയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന 13 സഹകരണ സംഘങ്ങളുണ്ട്. അവയുടെ വിവരം ചുവടെച്ചേർക്കുന്നു.

1. ആങ്കോട് സർവ്വീസ് സഹകരണ ബാങ്ക്- പെരുങ്കടവിള പഞ്ചായത്ത്
2. ചെറുവാരക്കോണം സർവീസ് സഹകരണ ബാങ്ക്-പാറശ്ശാല പഞ്ചായത്ത്
3. കരിക്കാമൻകോട് സർവീസ് സഹകരണ ബാങ്ക്-വെള്ളറട പഞ്ചായത്ത്
4. കൊല്ലയിൽ സർവീസ് സഹകരണ ബാങ്ക്-കൊല്ലയിൽ പഞ്ചായത്ത്
5. കുന്നത്തുകാൽ സർവീസ് സഹകരണ ബാങ്ക്-കുന്നത്തുകാൽ പഞ്ചായത്ത്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6. മാരായമുട്ടം സർവീസ് സഹകരണ ബാങ്ക്-പെരുങ്കടവിള പഞ്ചായത്ത്

7. പനച്ചമൂട് സർവീസ് സഹകരണ ബാങ്ക് - വെള്ളറട പഞ്ചായത്ത്

8. പാറശ്ശാല സർവീസ് സഹകരണ ബാങ്ക് - പാറശ്ശാല പഞ്ചായത്ത്

9. പരശ്ശുവയ്ക്കൽ സർവീസ് സഹകരണ ബാങ്ക് - പാറശ്ശാല പഞ്ചായത്ത്

10.കള്ളിക്കാട് സർവീസ് സഹകരണ ബാങ്ക് - കള്ളിക്കാട് പഞ്ചായത്ത്

11. മൈലച്ചൽ സർവീസ് സഹകരണ ബാങ്ക് - ആര്യൻകോട് പഞ്ചായത്ത്

12.അമ്പൂരി സർവീസ് സഹകരണ ബാങ്ക് -അമ്പൂരി പഞ്ചായത്ത്

13.ഒറ്റശേഖരമംഗലം സർവീസ് സഹകരണ ബാങ്ക് -ഒറ്റശേഖരമംഗലം പഞ്ചായത്ത്.

കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സംഘങ്ങൾ ഒന്നുംതന്നെ മണ്ഡലത്തിൽ പ്രവർത്തിക്കുന്നില്ല.

(സി) മണ്ഡലത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

മണ്ഡലത്തിൽ 11 സഹകരണ സംഘങ്ങളുടെ കീഴിലുള്ള 13 നീതി മെഡിക്കൽ സ്റ്റോറുകളുടെ വിവരം ചുവടെച്ചേർക്കുന്നു.

1. പനച്ചമൂട് സർവീസ് സഹകരണ ബാങ്ക്- 2
2. ആങ്കോട് സർവീസ് സഹകരണ ബാങ്ക്- 1
3. കുന്നത്തുകാൽ സർവീസ് സഹകരണ ബാങ്ക് -2
4. മാരായമുട്ടം സർവീസ് സഹകരണ ബാങ്ക് -1
5. പാറശ്ശാല സർവീസ് സഹകരണ ബാങ്ക് -1
6. പരശ്ശുവയ്ക്കൽ സർവീസ് സഹകരണ ബാങ്ക് -1
7. നെയ്യാറ്റിൻകര താലൂക്ക് എംബ്രോയിഡറി വർക്കേഴ്സ് വെൽഫെയർ സഹകരണ ബാങ്ക്-1
8. പെരുങ്കടവിള റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി- 1
9. മൈലച്ചൽ സർവീസ് സഹകരണ ബാങ്ക്-1
10. അമ്പൂരി സർവീസ് സഹകരണ ബാങ്ക്-1
11. ഒറ്റശേഖരമംഗലം സർവീസ് സഹകരണ ബാങ്ക് -1

(ഡി) സഹകരണ ബാങ്ക് വഴി കാർഷിക വികസന പദ്ധതികൾക്കായി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ തുടങ്ങിയവ മുഖേന കർഷകർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ ചുവടെച്ചേർക്കുന്നു.

1. കാർഷിക ആവശ്യങ്ങൾക്കുള്ള ദീർഘകാല, മധ്യകാല, ഹ്രസ്വകാല വായ്പകൾ, സ്വർണ്ണപണയത്തിന്മേൽ മിതമായ പലിശ നിരക്കിൽ കാർഷിക വായ്പകൾ എന്നിവ നൽകിവരുന്നു.
2. ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011-12 മുതൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കിവരുന്നു.
3. കേരള ബാങ്ക് മുഖേന കാർഷിക മേഖലയിൽ നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ അനുവദിച്ചുവരുന്ന PACS as MSE സ്കീമിലുൾപ്പെടുത്തി വിള സംരംഭ ആവശ്യങ്ങൾക്കായുള്ള വായ്പകൾ വിതരണം ചെയ്തുവരുന്നുണ്ട്. പ്രസ്തുത വായ്പാ പദ്ധതി പ്രകാരം 3%

പലിശയിളവ് കൃത്യമായ വായ്പാ തിരച്ചടവിന് നബാർഡിൽനിന്നും ലഭിക്കുന്നതാണ്.

4. കാർഷിക വിളവെടുപ്പാനന്തര ആവശ്യങ്ങൾക്ക് സർക്കാരിന്റെ എ.ഐ.എഫ്. പദ്ധതിയിലുൾപ്പെടുത്തി 3% പലിശയിളവോടെ വ്യക്തികൾക്ക്/കർഷകർക്ക്, കേരള ബാങ്ക് എൽ.റ്റി. (അഗ്രികൾച്ചർ) വായ്പ അനുവദിച്ചുവരുന്നുണ്ട്.
5. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി കെ.ബി.-കിസ്സാൻ മിത്ര (വി.എഫ്.പി.സി.കെ.) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.
6. നബാർഡ് പിന്തുണയ്ക്കുന്ന വാട്ടർഷെഡ് പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക വരുമാനം കൂട്ടുന്നതിനുമായി കെ.ബി.-വാഡി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

7. കാർഷികാവശ്യങ്ങൾക്കായി കെ.ബി.-കിസാൻ മിത്ര വായ്പാ പദ്ധതിയും കെ.ബി. കിസാൻ മിത്ര (Above 3 lakh) വായ്പാ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനതല സാങ്കേതിക സമിതി നിശ്ചയിച്ചിട്ടുള്ള വായ്പാതോതിന് (Scale of Finance) അനുസൃതമായിട്ടാണ് വായ്പാ തുക നിശ്ചയിക്കുന്നത്.

8. കാർഷിക/കാർഷികാനുബന്ധ മേഖലയിലെ ഇടത്തരം/ദീർഘകാല വായ്പാ ആവശ്യങ്ങൾക്ക് നബാർഡ് ധനസഹായത്തോടെ കെ.ബി.-ദീർഘകാല കാർഷിക വായ്പ അനുവദിക്കുന്നുണ്ട്.

9. മൂല്യവർദ്ധിത ഉൽപാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കാർഷിക ഉൽപാദന സംഘടനകൾക്ക് (FPO) നൽകുന്നതിനായി KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതി ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

10. കേരള ബാങ്ക് മുഖേന കാർഷിക സംസ്കരണ മേഖലയിലും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണ സംരഭങ്ങൾക്കുമുള്ള വായ്പാ സഹായം

നൽകുന്നതിന് കെ.ബി.-മൈക്രോ ഫുഡ് പ്രോസസ്സിംഗ് വായ്പാ പദ്ധതി കേന്ദ്ര സർക്കാരിന്റെ സബ്സിഡിയോടുകൂടി നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) നിലവിലുള്ള സേവനങ്ങൾക്ക് പുറമേ പുതിയ എന്തൊക്കെ സേവനങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാർഷിക ഗ്രാമ വികസന ബാങ്കുകൾ നിലവിലുള്ള വായ്പകൾക്ക് പുറമെ പ്രതിമാസ സമ്പാദ്യ പദ്ധതി, സ്ഥിരനിക്ഷേപ പദ്ധതി, റെക്കറിംഗ് ഡെപ്പോസിറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കൂടാതെ കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ച് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വിളകൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ 100 പുതിയ എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് കേരള ബാങ്ക് രൂപം നൽകിയിട്ടുണ്ട്. കേരള ബാങ്കിന്റെ ഈ ഉദ്യമത്തിന് കേരള സർക്കാർ 2023-24-ലെ ബഡ്ജറ്റിലൂടെ 10 കോടി രൂപ വകയിരുത്തി നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിക്കുന്ന എഫ്.പി.ഒ.-കളുടെ സംഘാടനത്തിനും

ശാക്തീകരണത്തിനും വേണ്ടിയുള്ള ഗ്രാന്റായി നൽകുന്നതിന് ഈ തുക വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ മാത്തിലിൽ കൺസ്യൂമർ ഫെഡ്**

389(805) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ മാത്തിലിൽ കൺസ്യൂമർഫെഡിന് സ്വന്തമായി സ്ഥലം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി എന്തെങ്കിലും പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ മാത്തിലിൽ കൺസ്യൂമർ ഫെഡിന് സ്വന്തമായി 6.246 ഏക്കർ (2.5279 ഹെക്ടർ) സ്ഥലം നിലവിലുണ്ട്. സംസ്ഥാന കൃഷി വകുപ്പ് മുഖേന കേന്ദ്ര കൃഷി മന്ത്രാലയം നടപ്പിലാക്കുന്ന അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് സ്കീം ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് ഒരു

ബ്രോക്കൺ വീറ്റ് ഫാക്ടറി ആരംഭിക്കുന്ന പദ്ധതി കൺസ്യൂമർഫെഡിന്റെ പരിഗണനയിലുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 407, 459, 460, 462, 463, 466, 467, 468, 469, 471, 472, 473, 499, 507, 517, 560, 575, 592, 594 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

**അനുബന്ധം III**

നക്ഷത്രചിഹ്നമിടാത്ത 4337-ാം നമ്പർ ചോദ്യത്തിന് തുറമുഖ-സഹകരണ വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി

**നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണസംഘങ്ങൾ**

(4337) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാലാവധി പൂർത്തിയായിട്ടും നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണ സംഘങ്ങൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

കാലാവധി പൂർത്തിയായിട്ടും നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സഹകരണ സംഘങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം</u>

1. ചിറയിൻകീഴ് താലൂക്ക് ആട്ടോറിക്ഷാ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1669
2. കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി.197
3. ഊരൂട്ടമ്പലം ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1901
4. കാട്ടാക്കട മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1923
5. നെടുമങ്ങാട് ബ്ലോക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1219
6. തിരുവനന്തപുരം ഡിസ്ട്രിക്ട് മർച്ചന്റ് ലേബർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1315
7. നെടുമങ്ങാട് താലൂക്ക് മോട്ടാർ ആൻഡ് ആട്ടോറിക്ഷാ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1534
8. പൂങ്കുമൂട് റസിഡന്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം റ്റി.1876
9. നെടുമങ്ങാട് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1635
10. ദി റീജിയണൽ ഹൗസിംഗ് ആൻഡ് ബിൽഡിംഗ് ഡെവലപ്മെന്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4364
11. തിരുവനന്തപുരം ഡിസ്ട്രിക്ട് ഇലക്ട്രിക്കൽസ് ആൻഡ് ഇലക്ട്രോണിക്സ് ടെക്നീഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1881
12. മുരുക്കുംപുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി.292

13. വിജയമോഹിനി മിൽ എംപ്ലോയീസ് സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.390
14. തിരുവനന്തപുരം ഡിസ്ട്രിക്ട് അൺ എംപ്ലോയീസ് സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1639
15. പെരിങ്ങമ്മല ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം
16. തിരുവനന്തപുരം ഡിസ്ട്രിക്ട് അൺ എംപ്ലോയീസ് ഗ്രാഡ്യുവേറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1885
17. മണ്ണന്തല വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം
18. ഉള്ളൂർ എസ്.സി/എസ്.റ്റി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം
19. ട്രാവൽ ആൻഡ് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1574
20. മുടവൻമുഗൾ റസിഡന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1612
21. എൻ.ആർ.ഐ. ആൻഡ് ആർ.ഐ. വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4497
22. തിരുവനന്തപുരം വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1584
23. കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.777
24. കൊല്ലയിൽ പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1657
25. മുല്ലൂർ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1699
26. തിരുവനന്തപുരം ലൂഥറൻ ചർച്ച് വർക്കേഴ്സ് ആൻഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1777
27. പാറശ്ശാല റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1509

28. കാരോട് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1897
29. പഴയ ഉച്ചക്കട ട്രേഡേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1845
30. പനയറക്കുന്ന് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം
31. പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി.677
32. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി. 984
33. പള്ളിച്ചൽ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1523
34. ബാലരാമപുരം പഞ്ചായത്ത് റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1649
35. അഞ്ചാലിക്കോണം റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം
36. നെയ്യാറ്റിൻകര ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.385
37. മാന്നൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1097

കൊല്ലം

1. പുനലൂർ എസ്.സി/എസ്.റ്റി. സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.489
2. അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.808
3. ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2047
4. കൊല്ലം ജില്ലാ സ്റ്റോക്കിസ്റ്റ് & ഡിസ്ട്രിബ്യൂഷൻ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.1601
5. മൺട്രോതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3977
6. കൊല്ലം എഫ്.സി.ഐ. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 879
7. തിരുമുല്ലാവാരം വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 1094

8. കൊല്ലം ജില്ലാ ഫാർമസിസ്റ്റ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 1477
9. താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2815
10. പോരുവഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1132
11. കുന്നത്തൂർ താലൂക്ക് റസിഡൻസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 1513
12. ശൂരനാട് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ 1438

പത്തനംതിട്ട

1. കുളനട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2133
2. പുന്നക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2660
3. പമ്പാവാലി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യു.446
4. നാറാണംമൂഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3910
5. കുമ്പളാംപൊയ്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3526
6. ചെറുകോൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യു.488
7. വയലത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1041
8. ചന്ദനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2970
9. പഴകുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. റ്റി. 64
10. പുല്ലാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1375
11. ചെങ്ങരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ. 149
12. കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ.153
13. മൈലപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 639
14. സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യു. 421
15. എലിമുള്ളുംപ്ലാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

ആലപ്പുഴ

1. പള്ളിത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1252

2. പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1144
3. വയലാർ എസ്.സി.സി.എസ്. ക്ലിപ്തം നമ്പർ എ. 777
4. തകഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1832
5. കുട്ടനാട് താലൂക്ക് പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം നമ്പർ 843
6. നെടുമുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ. 87
7. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707
8. ഈരേഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 190
9. കുടശ്ശനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 443
10. പാലമേൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4013
11. നൂറനാട് നോർത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1781
12. ആലപ്പുഴ ഡിസ്ട്രിക്റ്റ് ഗവൺമെന്റ് സർവ്വന്റ്സ് ഹൗസിംഗ് സഹകരണ സംഘം എ. 715
13. പുന്നപ്ര സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 181
14. ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 499
15. പുലിയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ. 109

<u>കോട്ടയം</u>

1. കോട്ടയം മാർക്കറ്റിംഗ് സഹകരണ സംഘം കെ.363
2. കോട്ടയം എഫ്.സി.ഐ. എംപ്ലോയീസ് സഹകരണ സംഘം കെ.654
3. സർവേ & ലാൻഡ് റെക്കോർഡ്സ് എംപ്ലോയീസ് സഹകരണ സംഘം കെ. 350
4. കോട്ടയം ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് & SHG സഹകരണ സംഘം കെ. 1171
5. കോട്ടയം ജില്ല ഗ്രാമീണ കൈത്തൊഴിലാളി വനിത സഹകരണ സംഘം കെ.1013

6. തൊടനാൽ സർവ്വീസ് സഹകരണ ബാങ്ക് 1351

7. മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം (ലിക്വിഡേഷനിലാണ്)

8. എം.ആർ.എം. & പി.സി.എസ്.

9. പാലാ മാർക്കറ്റിംഗ് സഹകരണ സംഘം

10. പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് 3963

11. ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്ക് 1660

12. മൂന്നിലവ് സർവ്വീസ് സഹകരണ ബാങ്ക് 163

13. വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 785

14. കടുത്തുരുത്തി സി.ആർ.എം.പി.സി.എസ്. 1397

15. എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ സംഘം കെ.653

16. വൈക്കം താലൂക്ക് ഫാർമിംഗ് & ട്രേഡിംഗ് സഹകരണ സംഘം

17. വൈക്കം താലൂക്ക് വനിത സഹകരണ സംഘം കെ.955

18. കരിപ്പാടം വനിത സഹകരണ സംഘം കെ.902

19. തലയോലപറമ്പ് വനിത സഹകരണ സംഘം കെ.982

20. വെള്ളൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം കെ.1050

21. ഉദയനാപുരം ഗ്രാമപഞ്ചായത്ത് വനിത സഹകരണ സംഘം

22. മുണ്ടക്കയം എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം കെ.814

ഇടുക്കി

1. കേരള ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം നമ്പർ 4418

2. ദേവികുളം ബ്ലോക്ക് വനിത സഹകരണ സംഘം ഐ.266

3. മലനാട് വനിത സഹകരണ സംഘം ഐ.561

4. ദേവികുളം താലൂക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ഐ.156

എറണാകുളം

1. എറണാകുളം മിൽക്ക് പ്രോജക്ട് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 382

2. കേരള സ്റ്റേറ്റ് ഡിഫെൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4343
3. മട്ടാഞ്ചേരി എസ്.സി/എസ്.റ്റി. സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 131
4. പഞ്ചാബ് നാഷണൽ ബാങ്ക് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം 4350
5. ചെല്ലാനം എസ്.സി./എസ്.റ്റി. സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ. 692
6. ചെറായി ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 711
7. എറണാകുളം ജില്ല കോൺട്രാക്ടേഴ്സ് ആൻഡ് ലേബേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1238
8. തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസ്സസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1279

തൃശ്ശൂർ

1. പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 345
2. ഒല്ലൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം
3. പുത്തൂർ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ 1132
4. തൃശ്ശൂർ റീജിയണൽ വെഹിക്കിൾ ഓണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1474
5. തൃശ്ശൂർ ജില്ല ടൂറിസം ആയുർവേദിക് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1200
6. മാടക്കത്തറ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 745
7. ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1087
8. മാള ഗ്രാമപഞ്ചായത്ത് റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1087
9. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 112
10. ഇരിങ്ങാലക്കുട മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.

1199

11. പറപ്പൂക്കര പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1109

മലപ്പുറം

1. പൊന്നാനി താലൂക്ക് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം.342
2. താനൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1629
3. തിരൂർ താലൂക്ക് ആട്ടോ ടാക്സി സഹകരണ സംഘം ക്ലിപ്തം നമ്പർ എം.723
4. പുത്തനത്താണി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.722
5. പറപ്പൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 799
6. പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം കിപ്തം നമ്പർ എം.270
7. പെരിന്തൽമണ്ണ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.738
8. മലപ്പുറം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ & ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം.913
9. എടക്കര വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.524
10. കൊണ്ടോട്ടി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.661
11. നെടിയിരുപ്പ് അഗ്രിക്കൾച്ചറൽ പട്ടികജാതി കോളനൈസേഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്. 1659
12. മോങ്ങം വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം.716

പാലക്കാട്

1. ഒറ്റപ്പാലം താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1027
2. കുഴൽമന്ദം ബ്ലോക്ക് റൂറൽ ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ പി. 1321
3. പാലക്കാട് സഹകരണ റൂറൽ ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.

1180

4. രാജീവ് ഗാന്ധി കോ-ഓപ്പറേറ്റീവ് റൂറൽ ക്രെഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ പി. 1305

5. കർക്കിടാംകുന്ന് വനിത സഹകരണ സംഘം

കോഴിക്കോട്

1. മരുതോങ്കര അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2761
2. സ്വദേശി ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3048.
3. വെഹിക്കിൾ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2959
4. താമരശ്ശേരി റൂറൽ ഹൗസിംഗ് സഹകരണ സംഘം
5. കോഴിക്കോട് താലൂക്ക് സഹകരണ കാർഷികോൽപ്പാദക സഹകരണ വിപണന സംഘം (AGRICO) ക്ലിപ്തം നമ്പർ ഡി.3043
6. കുന്ദമംഗലം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.2760

7.കോഴിക്കോട് താലൂക്ക് ലേബർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം

വയനാട്

1. മൂപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1835
2. വൈത്തിരി എസ്.സി. സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.35

കണ്ണൂർ

1. പൂളക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക്
2. പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി
3. തൊണ്ടിയിൽ വനിത സഹകരണ സംഘം
4. ഉളിക്കൽ പഞ്ചായത്ത് ഇന്ദിരാ പ്രിയദർശനി വനിതാ സഹകരണ സംഘം

5.തലശ്ശേരി താലൂക്ക് റബ്ബർ ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

6.മട്ടന്നൂർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

7. ചെറുകുന്ന് കണ്ണപുരം വനിത സഹകരണ സംഘം

8. മുഴപ്പിലങ്ങാട് പബ്ലിക് വെൽഫെയർ സഹകരണ സംഘം

9. കുറുമാത്തൂർ അഗ്രിക്കൾച്ചറൽ വെൽഫെയർ സഹകരണ സംഘം

10. കരിവെള്ളൂർ സോഷ്യൽ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം

11. കണ്ണൂർ ജില്ല ഓട്ടോമൊബൈൽ ആൻഡ് ജനറൽ എഞ്ചിനീയറിംഗ് വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം

കാസർഗോഡ്

1. മുഗു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.33 (എഫ്.എഫ്)

2. കാസർഗോഡ് ജില്ല സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം നമ്പർ സി.325

3. ദേലമ്പാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.1368

(ബി) പ്രസ്തുത സംഘങ്ങൾക്ക് നിക്ഷേപ ഗ്യാരന്റി സ്കീമിൽനിന്നും തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 പ്രകാരം ലിക്വിഡേഷൻ ചെയ്യപ്പെട്ട സംഘങ്ങളിലെ ലിക്വിഡേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകർക്ക് പരമാവധി 2 ലക്ഷം രൂപ വരെ സുരക്ഷ

ഉറപ്പാക്കിയിട്ടുണ്ട്. ടി പരിധി 5 ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ബോർഡുകൾ കൈകാര്യം ചെയ്യുന്ന എംപ്ലോയീസ് പെൻഷൻ ഫണ്ട്, എംപ്ലോയീസ് വെൽഫെയർ ഫണ്ട്, നിക്ഷേപ ഗ്യാരന്റി ഫണ്ട്, സഹകരണ റിസ്ക് ഫണ്ട്, സഹകരണ വെൽഫെയർ ഫണ്ട് എന്നിവയിൽനിന്നും ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വായ്പ/ഗ്രാന്റ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.777
2. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 984
3. ഹെൽത്ത് അമിനിറ്റീസ് മൾട്ടിപർപ്പസ് ഡിസ്ട്രിക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2738
4. ഫറോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2467
5. രാമനാട്ടുകര വനിത സഹകരണ അർബൻ സംഘം ക്ലിപ്തം നമ്പർ ഡി.2742
6. ബേപ്പൂർ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2784
7. കുറുപ്പൻതറ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം

കെ. 954

8. കോട്ടയം ആപ്കോസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം കെ.921
9. കലനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.973
10. മുഉ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം സി.33(എഫ്.എഫ്)
11. വടക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1826
12. പുന്നപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 181
13. അത്തോളി സഹകരണ ആശുപത്രി
14. കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് ഫീഡ്സ് ആൻഡ് അഗ്രോ ഇൻഡസ്ട്രിയൽ എസ്.സി.എസ്. ക്ലിപ്തം നമ്പർ ഡി.282
15. പൊന്ന്യം എസ്.സി.ബി. ക്ലിപ്തം നമ്പർ എഫ്.1438
16. പുതുനഗരം എസ്.സി.ബി. ക്ലിപ്തം നമ്പർ പി. 1108
17. അങ്ങാടിമോഗർ എസ്.സി.ബി. ക്ലിപ്തം നമ്പർ 3373
18. ചെറുപ്പുളശ്ശേരി പഞ്ചായത്ത് വനിത കാർഷിക ഉൽപാദന സംഭരണ സംസ്കരണ വിപണന ക്രെഡിറ്റ് സംഘം ക്ലിപ്തം നമ്പർ പി.1281
19. നെല്ലയ പഞ്ചായത്ത് ഉൽപാദന എസ്.എസ്. വി.സി.സി.എസ്.
20. ചെറുപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ
21. കടങ്ങോട് പഞ്ചായത്ത് മൾട്ടി പർപ്പസ് സി.എസ്. ക്ലിപ്തം നമ്പർ ആർ.1121
22. ദ ചെറുപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം പി. 1288
23. ദ സോനാപതി എസ്.സി.ബി. ക്ലിപ്തം നമ്പർ കെ.387
24. പള്ളിത്തോട് എസ്.സി.ബി. ക്ലിപ്തം നമ്പർ 1252
25. വീരണകാവ് എസ്.സി.ബി. ക്ലിപ്തം
26. കടകംപള്ളി എസ്.സി.ബി. ക്ലിപ്തം നമ്പർ 3515
27. ദ റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ക്ലിപ്തം സി.361 (റെയ്ഡ്കോ)

(ഡി) വായ്പ നൽകിയിട്ടുണ്ടെങ്കിൽ നൽകിയ തുക, ലഭിച്ച സ്ഥാപനങ്ങൾ, പലിശനിരക്ക്, നാളിതുവരെയുള്ള തിരിച്ചടവ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.